239

THE

SUSRUTHA SAMHITA.

VOL. I.

സുശ്രുതസംഹിതാ

സൂത്രസ്ഥാനം

മൂലവും

വടക്കൊപ്പാട്ടെ നാരായണൻനായരുടെ

തർജ്ജമയും വ്യാഖ്യാനവും

അടങ്ങിയത്.

പകർപ്പവകാശം സ്വായത്തം.

ഭാരതവിലാസം അച്ചുകൂടം

തൃശിവപേരൂർ.

1088.

5.25
9 803

അവതാരിക.

ഹിന്ദുവൈദ്യശാസ്ത്രഗ്രന്ഥങ്ങളിൽ സുശ്രുതസംഹിത എത്രത്തോളം പ്രധാനമായിട്ടുള്ളതാണെന്നും മറ്റും അല്പമെങ്കിലും വൈദ്യപരിചയമുള്ളവർക്ക മനസ്സിലായിട്ടുള്ള കാര്യമാണ്. ഈ പുസ്തകത്തിൽ ചേർത്തിട്ടുള്ള പ്രസ്താവനയിൽനിന്നു് ആ സംഗതി കുറേക്കൂടി വിശദമായി ഗ്രഹിക്കുകയും ചെയ്യാം. അതുകൊണ്ടു് ഈ വിധം വലിയ ഗ്രന്ഥത്തെ മലയാളത്തിൽ തർജ്ജമചെയ്തു പ്രസിദ്ധപ്പെടുത്തണമെന്ന അല്പജ്ഞനായ ഞാനാഗ്രഹിച്ചതുചെയ്ത സാഹസകൃത്യത്തിൽ മഹാന്മാർ ക്ഷമിക്കണമെന്നുപേക്ഷിക്കയാണു് ഒന്നാമതായി ഇനിക്കു ചെയ്യാനുള്ളതു്. ഭല്ലനമിശ്രൻ തുടങ്ങിയ പല വ്യാഖ്യാതാക്കന്മാരുടേയും ഈ ഗ്രന്ഥത്തെ ഇതരഭാഷകളിൽ തർജ്ജമചെയ്തിട്ടുള്ള പണ്ഡിതന്മാരുടേയും സഹായത്താൽ ഇങ്ങിനെ ഭാഷപ്പെടുത്തുന്നതിനും പ്രസിദ്ധംചെയ്യുന്നതിനും ഇടവന്നതിൽ അവരോടു ഞാൻ കൃതജ്ഞനായിരിക്കുന്നു. ഈ ഒന്നാംഖണ്ഡ(സൂത്രസ്ഥാനം)ത്തെ ഈരണ്ടുമാസം കൂടുമ്പോൾ ഓരോഭാഗമായി അച്ചടിപ്പിച്ചു പ്രസിദ്ധപ്പെടുത്തുന്ന ഭാരമുള്ള ജോലിയിൽ ഇതിന്റെ പ്രകടനകാലത്തുടനീളം നിലയിൽ ഇനിക്കുപകരിച്ച എന്റെ ശിഷ്യന്മാരായ ഷൺമുഖൻ, മുണ്ടൂർ. എം. പി. നാരായണൻനായരോടും, പലവിധം തിരക്കുകളുള്ളതിനെ നിഷ്കർഷിച്ചു് ഈ പുസ്തകത്തെ സൂക്ഷ്മമായി ആലോചിച്ചു പരിശോധിച്ചു് തിരുത്തേണ്ടുന്ന ഭാഗങ്ങളെ കണ്ടുപിടിച്ചു് ശുദ്ധപത്രം എഴുതുന്ന കാര്യത്തിൽ ഇനിക്കു ബലമായി സഹായിക്കയും ഒടുവിലത്തെ ഭാഗം അച്ചടിക്കും മുമ്പെ പരിശോധിക്കയും ചെയ്തുതന്നിട്ടുള്ള മലിരാശി വി. എം. വൈദ്യപാഠശാലയിൽ പ്രധാനപണ്ഡിതനും എന്റെ സതീർത്ഥ്യനുമായ എൻ. വി. കൃഷ്ണവാരിയരവർകളോടും, ആയുർവൈദ്യരഹസ്യങ്ങളെ വളരെക്കാലമായി അന്വേഷണം ചെയ്യുന്നുണ്ടു് ഇംഗ്ലീഷുവൈദ്യസിദ്ധാന്തങ്ങളോടു താരതമ്യപ്പെടുത്തിയും മറ്റും പലവിധത്തിൽ തനിക്കുള്ള പരോപകാരതൽപരതയെ പ്രകാശിപ്പിച്ചുകൊണ്ടു വൈദ്യന്മാരുടെ ഇടയിൽ പ്രസിദ്ധിനേടിയ ഡാ

ക്ടർ. പി. കുഞ്ഞുവാരിയരവർകൾ എന്റെ അപേക്ഷയെ അനുസരിച്ച് ഈ പുസ്തകത്തിന്ന് ഒരു നല്ല പ്രസ്താവന എഴുതിത്തന്നതിന്ന് അദ്ദേ ഹത്തോടും, എന്റെ ആവശ്യപ്രകാരം യന്ത്രശാസ്ത്രങ്ങളുടെ ചിത്രങ്ങൾ സൌജന്യമായി അയച്ചുതന്ന കോട്ടക്കൽ ധന്വന്തരിപ്രവർത്തകന്മാരോ ടും, ഇനിയും പല വിധത്തിലും എന്റെ ഈ ആരംഭത്തിൽ സഹായി ച്ചിട്ടുള്ള എല്ലാ സുഹൃത്തുക്കളോടും ഞാൻ പ്രത്യേകം പ്രത്യേകം നന്ദിപ റയുന്നു.

ശുദ്ധപത്രം കൂടാതെ കഴിക്കണമെന്നുള്ള കായ്മും സംഗതിവശാൽ ഇവിടെ സാധിച്ചില്ല. നേരെ മറിച്ച് ശുദ്ധപത്രത്തിൽ പല കായ്മായ സംഗതികളും തിരുത്തിച്ചേർത്തുവാനിടവന്നിട്ടുണ്ട്. അച്ചടിപ്പിഴകൾ മാ ത്രമല്ല, അഭിപ്രായവ്യത്യാസങ്ങളും പ്രമാദികങ്ങളായി ചില അർത്ഥഭേദ ങ്ങളും കൂടി ശുദ്ധപത്രത്തിൽ തിരുത്തി എഴുതേണ്ടിവന്നിട്ടുണ്ട്. അതു കൊണ്ടു ഈ പുസ്തകത്തിന്റെ ഒടുവിലം ചേർത്തിട്ടുള്ള ശുദ്ധപത്രത്തെ മു ന്നേതന്നെ ഒന്നു നോക്കിട്ടുവേണം പുസ്തകം വായിക്കാൻ എന്നു വാ യനക്കാരെ അറിയിക്കേണ്ടിവന്നിരിക്കുന്നു. ഈ അർത്ഥഗൌരവമേറിയ ഗ്രന്ഥത്തിൽ— പ്രധാനമായ വൈദ്യഗ്രന്ഥത്തിൽ— എഴുതു ചെയ്യിട്ടും കഴിയുന്നതു ശുദ്ധമായ തെറ്റെത്ത പുറത്തുകൊണ്ടുവരുന്ന ത്തു് അത്യാവശ്യമാകകൊണ്ടു് വായനക്കാക്കു ശുദ്ധപത്രംകൊണ്ടുണ്ടാകു ന്ന ക്ലേശം അതു് സഹമായിരിക്കാനിടയില്ലെന്നു വിശ്വസിക്കുന്നു.

വടവന്നൂർ
കൊല്ലങ്കോടു
1088 കുംഭം 1-നു

വിനീതൻ വി. നാരായണൻ നായർ.

പ്രസ്താവന:

സുശ്രുതസംഹിതാപരിഭാഷകൻ വി. നാരായണൻനായരവർ കളെ കേട്ടറിയാത്തവർ ഇപ്പോൾ മലയാളത്തിലെ വൈദ്യന്മാരുടെ ഇ ടയിൽ കുറയുമെന്നാണ് വിചാരിക്കേണ്ടിയിരിക്കുന്നത്. അതിനാൽ അദ്ദേഹത്തെപ്പറ്റി പ്രത്യേകം വല്ലതും ഞാൻ ഇവിടെ പ്രസ്താവിക്കേ ണ്ടതുണ്ടെന്നു തോന്നുന്നില്ല. സുശ്രുതസംഹിതാഭാഷാന്തരത്തിൽ അ ദ്ദേഹം ചെയ്തിട്ടുള്ള പ്രയത്നം നാട്ടുവൈദ്യന്മാർക്കും, സംസ്കൃതത്തിൽ അ ശേഷം വ്യൽപത്തിയില്ലെങ്കിലും ആയുർവൈദ്യത്തെപ്പറ്റി കഴിയുന്നേ ടത്തോളം മനസ്സിലാക്കിയാൽ കൊള്ളാമെന്നാഗ്രഹമുള്ള എന്നെപ്പോ ലുള്ളവർക്കും എത്രത്തോളം ഉപകാരപ്രദമാണെന്നു പറഞ്ഞറിയിക്ക വാൻ പ്രയാസം. പരിഭാഷകൻ മൂലത്തിന്റെ തർജ്ജമ ശുദ്ധ മല യാളത്തിലാക്കി തരുന്നതിനുപുറമെ അഭിപ്രായഭേദങ്ങളെ ചൂണ്ടിക്കാ ണിച്ചും ഇപ്പോൾ ഈ രാജ്യത്തു പ്രചാരത്തിൽ വരുന്ന പാശ്ചാത്യ വൈദ്യസ്മൃതായത്തോടും, അഭിപ്രായങ്ങളോടും പാടുള്ളേടത്തോളം യോജിപ്പിച്ചും കൊണ്ടുവരുന്നതിന് മലയാളികൾ അദ്ദേഹത്തോട് വി റവും കൃതജ്ഞതയുള്ളവരായിരിക്കേണമെന്നു തീർച്ചതന്നെ. ഇപ്പോൾ കഴിഞ്ഞ ഈ സൂത്രസ്ഥാനത്തിന്റെ തർജ്ജമ വളരെ നന്നായിട്ടുണ്ടെ ന്നാണ് എനിക്കു തോന്നീട്ടുള്ളത്. ഇങ്ങിനെ പരോപകാരമായ കാ ര്യത്തിൽ പരിശ്രമിക്കുന്ന നായരവർകൾ ഇപ്പോൾ രോഗത്തിൽപ്പെ ട്ടു കുറച്ചു കഷ്ടത്തിലായിട്ടുണ്ടെങ്കിലും ഉടനെ അതിൽനിന്നു മുക്തനാ യിക്കാണുവാൻ ഞാൻ ദൈവത്തെ പ്രാർത്ഥിക്കുന്നു.

നാരായണൻനായരവർകൾ അദ്ദേഹത്തിന്റെ പുസ്തകത്തിനു് ഒരു പ്രസ്താവന എഴുതിക്കൊടുക്കുവാൻ എന്നോടാവശ്യപ്പെട്ടുകയും, അതിന്റെ ബാഹ്യതയും ബുദ്ധിമുട്ടും അശേഷം ആലോചിക്കാതെ ഉടനെ ഞാനതു സമ്മതിക്കുകയും ചെയ്തു. പിന്നെ എഴുതുവാൻ നോ ട്ടുകൾ കുറിച്ചുവെച്ചപ്പോഴാണ് എന്റെ സാഹസത്തെപ്പറ്റി നല്ലവണ്ണം മ [illegible] നിടയായത്. എങ്കിലും എഴുതാമെന്നു എന്റെ [illegible]

കണക്കാക്കിയിട്ടുള്ളതാകുന്നു. ഇതിനെ ഖണ്ഡിച്ചു നിഷ്കർഷിക്കേണമെങ്കിൽ ഏതു വിധമാണെന്നു വിചാരിച്ച് ഇതെഴുതുന്നതാകുന്നു.

ഈ പ്രസ്താവനയിൽ സുശ്രുതന്റെ ജീവകാലത്തെയും വൈദ്യവിശുദ്ധതയേയും കുറിച്ച് അറിവുള്ളിടത്തോളം കാണിക്കുകയുണ്ടായിട്ടുണ്ടെങ്കിലും പ്രസ്താവിക്കുന്നത് ഏതിന്റെ ബാഹ്യതയാകുന്നുവെന്നുള്ളതാകുന്നു. സുശ്രുതൻ ഏകദേശം ക്രിസ്താബ്ദത്തിനുമുമ്പ് 5-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്നുവെന്നാണ് ഊഹിക്കേണ്ടിയിരിക്കുന്നത്. അദ്ദേഹത്തിന്റെ ജീവകാലം മഹാഭാരതയുദ്ധത്തിനും മുമ്പായിരുന്നുവെന്ന് അഭിപ്രായക്കാരുണ്ടെങ്കിലും ആ കാര്യം വാടഗ്രാസ്സുമായിട്ടുള്ളതാകുന്നു. ഒരുസമയം അദ്ദേഹവും ശാക്യമുനിയും ഒരേകാലത്തായിരിക്കണം ജീവിച്ചിരുന്നത്. ഏതായാലും ആ മഹാന്റെ ജീവകാലം 2400-കൊല്ലത്തിനകുമുമ്പായിരുന്നുവെന്നുറപ്പിക്കുവാൻ പല ലക്ഷ്യങ്ങളും ഉണ്ടെങ്കിലും, സുശ്രുതൻ വിശ്വാമിത്രമഹർഷിയുടെ ഗോത്രത്തിൽ പെട്ടവനായിരുന്നു, ആ മഹർഷിയുടെ മകൻ തന്നെയായിരുന്നുവെന്ന് അഭിപ്രായപ്പെടുന്നവരുമുണ്ട്. അതെങ്ങിനെയെങ്കിലുമാകട്ടെ, ഇന്ത്യയിൽ ശസ്ത്രവൈദ്യശിരോമണി അദ്ദേഹമായിരുന്നു. "സുശ്രുതസംഹിത" എന്ന പേരിൽ സുശ്രുതൻതന്നെ എഴുതിയ മൂലഗ്രന്ഥം ഇപ്പോൾ ഇല്ലെന്നും അതു നശിച്ചുപോയിരിക്കുന്നുവെന്നും, ഇപ്പോഴുള്ള ഗ്രന്ഥം അദ്ദേഹത്തിന്റെ ശിഷ്യശിഷ്യനായിരുന്ന നാഗാർജ്ജുനൻ എന്നൊരാൾ എഴുതിയതാണെന്നും പറയപ്പെടുന്നു.

ക്രിസ്താബ്ദത്തിനുമുമ്പു നാലാം നൂറ്റാണ്ടിന്റെ ഒടുവിലായിരിക്കണമത്രേ നാഗാർജ്ജുനന്റെ ജീവകാലം. സുശ്രുതസംഹിതാമൂലഗ്രന്ഥം അദ്ദേഹത്തിന്റെ കാലത്തിനു ചുരുങ്ങിയതു രണ്ടു ശതവർഷങ്ങൾക്കുമുമ്പ് എഴുതിയതുമായിരിക്കണം. ഇപ്പോഴത്തെ സുശ്രുതസംഹിതയിലെ ഉത്തരതന്ത്രം എന്ന ഭാഗം നാഗാർജ്ജുനന്റെ സ്വന്തമാണെന്നാണ് ചിലരുടെ അഭിപ്രായം. ഡല്ഹണൻ എന്ന വ്യാഖ്യാതാവിന്റെ അഭിപ്രായം അങ്ങിനെയാണ്. എങ്കിലും അതു ശരിയല്ലെന്നാണ് അധികപക്ഷം.

പാശ്ചാത്യാഭിപ്രായം—പാശ്ചാത്യന്മാരുടെ ഇടയിൽ സംസ്കൃതപണ്ഡിത്യമുള്ളവരുണ്ടെന്നും, അവർ ഈ വക ഗ്രന്ഥങ്ങളും പ്രത്യേകം

മനസ്സിരുത്തി നോക്കീട്ടുണ്ടെന്നും ഇവിടെ പ്രത്യേകം പറയേണ്ടിയിരിക്കുന്നു. അവരുടെ അഭിപ്രായത്തിൽ സുശ്രുതൻ ബുദ്ധമുനിയുടെ കാലത്തായിരിക്കണമത്രേ ജീവിച്ചിരുന്നിട്ടുള്ളത്.

ഇന്ത്യക്കാർ വൈദ്യംപഠിച്ചതു ഗ്രീക്കുകാരുടെ അടുക്കൽ നിന്നാണെന്ന് അഭിപ്രായക്കാരും ദുർല്ലഭമുണ്ട്. അതിനു കാരണവുമില്ലെന്നില്ല. സുശ്രുതസംഹിതയിലെ സാരോപദേശങ്ങളും ഹിപ്പോക്രട്ടിസ്സ് (Hippocrates) എന്ന ഗ്രീക്കു വൈദ്യന്റെ ഉപദേശങ്ങളും തമ്മിൽ സാമ്യംകാണുന്നുണ്ട്. അതിനാൽ അവർ അങ്ങിനെ ഊഹിച്ചതായിരിക്കാം. എങ്കിലും ഗ്രീക്കുകാർ ഇന്ത്യക്കാരിൽനിന്നാണ് വൈദ്യംപഠിച്ചതെന്നതിലേക്കും ധാരാളം ദൃഷ്ടാന്തങ്ങളുണ്ട്. അവയിൽ ചിലതിനെ പറയേണ്ടതാണെങ്കിലും മുഖ്യമായ ഒന്നുമാത്രമേ ഇവിടെ പറവാൻ വിചാരിക്കുന്നുള്ളൂ. പിതഗോറസ്സ് (Pythagoras) എന്ന ഒരു ഗ്രീസുകാരൻ ക്രിസ്താബ്ദത്തിനുമുമ്പ് 582-ാം കൊല്ലത്തിൽ ജനിച്ചു. ആയാൾ ഇന്ത്യയിൽ സഞ്ചരിക്കുകയും ബുദ്ധമുനിയുടെ ശിഷ്യനായിത്തീരുകയും ചെയ്തിരുന്നു എന്നു ചരിത്രംകൊണ്ടു കാണുന്നു. ആയാൾ ഇന്ത്യയിൽ നടന്ന സമയം വൈദ്യം പഠിക്കുകയും പല ഗ്രന്ഥങ്ങളും കൊണ്ടുപോകയും ഗ്രീക്കുരാജ്യത്തിൽ വൈദ്യനായിരിക്കുകയും ചെയ്തിട്ടുണ്ട്. ഹിപ്പോക്രട്ടിസ് ക്രിസ്താബ്ദത്തിനുമുമ്പ് 460-ാംകൊല്ലത്തിലാണ് ജനിച്ചത്. ആയാൾ പിന്നീടു വൈദ്യനായിത്തീരുകയുംചെയ്തു. ആയാൾ പിതഗോറസ്സിന്റെ ശേഷമുള്ള ആളായതുകൊണ്ട് ആയാളിൽനിന്നു പഠിച്ചിരിപ്പാനും ഇടയുണ്ട്. പിതഗോറസ്സ്, ബുദ്ധമുനിയുടെ കാലത്ത് ഇന്ത്യയിൽവന്നിരുന്നുവെന്നും സുശ്രുതൻ ആ കാലത്തെ വലിയ വൈദ്യനായിരുന്നുവെന്നും ആലോചിക്കുമ്പോൾ പിതഗോറസ്സ് സുശ്രുതന്റെ അടുക്കൽ വൈദ്യംപഠിച്ചിരിപ്പാനിടയുണ്ടെന്നൂഹിക്കാം. അതുകൊണ്ടു പിതഗോറസ്സിന്റെ ശിഷ്യനായിരിപ്പാനിടയുള്ള ഹിപ്പോക്രട്ടിസ്സിന്റെ ഉപദേശങ്ങൾ സുശ്രുതന്റെ ഉപദേശങ്ങളെപ്പോലിരിപ്പാനും ന്യായമുണ്ടല്ലൊ.

പാശ്ചാത്യവൈദ്യചരിത്രത്തിൽതന്നെ ആയുർവൈദ്യശാസ്ത്രം ഇന്ത്യയിൽനിന്ന് അറബിയിലേക്കും അവിടെനിന്നു ഗ്രീസുരാജ്യത്തേക്കും അവിടെനിന്നു യൂറോപ്പിലെ മറ്റു രാജ്യങ്ങളിലേക്കും പരന്നിരി

പ്പാനിടയുണ്ടെന്നു കാണുന്നുണ്ട്. അതുകൊണ്ട് ഏതുവിധം ആലോചിക്കുന്നതായാലും ആയുർവ്വേദമാണ് വൈദ്യശാസ്ത്രങ്ങളിൽ ഏറ്റവും പുരാതനമെന്നു ഗ്രഹിക്കുന്നതിൽ ഒരുവിധത്തിലും അബദ്ധമുണ്ടാകുവാനിടയില്ല.

അതിനുംപുറമെ ബുദ്ധമുനിയുടെ കാലത്തു മതം പ്രസംഗിക്കുവാൻ ഏഷ്യാമൈനർ (Asia Minor) ഈജിപ്ത് (Egypt) മുതലായ രാജ്യങ്ങളിലേക്കു പ്രാസംഗികന്മാരെ അയച്ചിരുന്നുവെന്നതിനു തെളിവുണ്ട്. അവർ മതപ്രസംഗത്തോടുകൂടി കൂടെക്കൂടെ വൈദ്യവും (മനുഷ്യർക്കു അത്യാവശ്യമായതുകൊണ്ട്) പഠിപ്പിച്ചിരിപ്പാനിടയുണ്ട്. അങ്ങിനെ ആലോചിക്കുന്നതായാലും മേൽപ്പറഞ്ഞ അഭിപ്രായത്തെ ദൃഢീകരിക്കുകയാണ് ചെയ്യുന്നത്.

ഭൂലോകത്തിൽ സകല വൈദ്യശാസ്ത്രങ്ങളുടേയും ഉൽപത്തി, അറബി, പേഷ്യൻ, ലാറ്റിൻ ഈ ഭാഷകളിലേക്കു ചരകം, സുശ്രുതം, ഈ ഗ്രന്ഥങ്ങളുടെ ഭാഷാന്തരത്തിൽനിന്നാകുന്നുവെന്നതിനും തെളിവുണ്ടു പോൽ. അങ്ങിനെയിരിക്കെ, വൈദ്യശാസ്ത്രത്തിന്റെ ഉൽപത്തി ഹിന്തുക്കളിൽനിന്നാകുന്നുവെന്നു തെളിയുന്നുണ്ടല്ലോ. സുശ്രുതൻ ചരകന്റെ മുൻഗാമിയായിരുന്നുവെന്നൂഹിക്കുവാൻ വഴിയുണ്ട്. ചരകൻ തന്റെ ശിഷ്യരോടു ശസ്ത്രക്രിയാഭാഗംപഠിപ്പാൻ സുശ്രുതം നോക്കീ കൊൾവാനുപദേശിച്ചിട്ടുണ്ടത്രേ. എന്നാൽ സുശ്രുതൻ മുമ്പു ജീവിച്ചിരുന്ന ആളായിരിക്കേണമല്ലോ.

അഥർവ്വവേദത്തിന്റെ ഒരു ശാഖയാകുന്ന സുശ്രുതസംഹിതയെന്നു ചിലർ അഭിപ്രായപ്പെടുന്നു. എന്നാൽ ആയുർവ്വേദംകൊണ്ട് അതിന്റെ മൂലം ഋഗ്വേദമാകുന്നുവെന്നും കാണുന്നുവത്രേ. ഏതുവിധമായാലും മേൽപറഞ്ഞ വേദങ്ങളെഴുതിയ കാലത്തു സുശ്രുതന്റെ കാലം കഴിഞ്ഞിട്ടില്ലെങ്കിൽ അദ്ദേഹം ജീവിച്ചിരിക്കയെങ്കിലും ചെയ്തിരിക്കേണമെന്നു തീർച്ചതന്നെ. അതല്ലാതെ അദ്ദേഹത്തിന്റെ മതങ്ങൾ വേദങ്ങളിൽ കാണ്മാനിടയില്ലല്ലോ. പണ്ടു മരുന്നുകളുടെ ഫലങ്ങൾ അറിവാനിടവന്നാൽ ഉടനെ അതു വേദത്തിൽ ചേർത്തെഴുതുക പതിവായിരുന്നുവെന്നും, അതിനാൽ അന്നാതു മരുന്നുകളുടെ ഫലം വിവരിച്ചിരുന്നതു വേദത്തിന്റെ ഏതുഭാഗത്താണെന്നു അതിനനുസരിച്ചു കൃത്യനിർണ്ണയം ചെയ്യാവുന്നതാണെന്നും അറിയുന്നു.

മരുന്നുകളെക്കൊണ്ടുള്ള ചികിത്സ, ശസ്ത്രക്രിയാഭാഗം, ശരീരസ്വഭാവശാസ്ത്രം എന്നീ തത്വങ്ങളെപ്പറ്റിയുള്ള പദ്യങ്ങൾ നാലുവേദങ്ങളിലും അവിടവിടെ കാണാമെങ്കിലും. എന്നാൽ മരുന്നുകളെക്കൊണ്ടുള്ള ചികിത്സ അധികവും ഋഗ്വേദത്തിലും, ശസ്ത്രക്രിയാഭാഗം അഥർവ്വവേദത്തിലുമാണ് കിടക്കുന്നതെന്നു കണ്ടുന്നു. വെള്ളത്തിനും ചെടികൾക്കും രോഗശമനശക്തിയുണ്ടെന്ന് അന്നുതന്നെ ഹിന്ദുക്കൾക്കറിവുണ്ടായിരുന്നുവെന്നും കാണാം.

വൈദ്യശാസ്ത്രം നടപ്പാവുന്നതിനു മുമ്പു മന്ത്രംകൊണ്ടു രോഗശാന്തി ചെയ്യുന്ന പതിവ് ഇന്ത്യയിൽ നടപ്പുണ്ടായിരുന്നുവെന്നാണ്യുന്നു. വേദങ്ങളിൽവെച്ച് ഏറ്റവും പഴക്കമുള്ളത് ഋഗ്വേദമാകുന്നുവല്ലോ. അതിലുംകൂടി അന്നു പലേ ശസ്ത്രക്രിയകളും നടപ്പുണ്ടായിരുന്നതായി വിവരിച്ചു കാണുന്നു. കാലുകഠം മുറിക്കുകയും ലോഹങ്ങളെക്കൊണ്ടും മറ്റുമുണ്ടാക്കി വേറെ വെക്കുകയും ചെയ്തിരുന്നതായി അതിൽ കാണാം. ഒന്നാമതായി ശസ്ത്രക്രിയയ്ക്കു കത്തിയോ കുടിലോ ഉപയോഗിച്ചിട്ടുള്ളതു സുശ്രുതനായിരുന്നുവെന്നതിനു ദൃഷ്ടാന്തങ്ങളുണ്ട്. അദ്ദേഹത്തിന്റെ സമ്പ്രദായപ്രകാരമുള്ള യന്ത്രങ്ങളുടെ ഭാഷകഠം പരിഭാഷകൻ എടുത്തു കാണിച്ചതിനെ എല്ലാവരും കണ്ടറിഞ്ഞിരിക്കുമല്ലോ. സൌകര്യത്തിനുവേണ്ടി കുറച്ചു ചില വ്യത്യാസങ്ങഠം ചെയ്തിട്ടുണ്ടെന്നല്ലാതെ, അതിൽനിന്നു വളരെ വ്യത്യസ്തങ്ങളല്ലാത്ത ശസ്ത്രങ്ങളും യന്ത്രങ്ങളുമാണ് ഈക്കാലത്തുകൂടി പാശ്ചാത്യവൈദ്യന്മാർ ഉപയോഗിക്കുന്നതെന്നാലോചിക്കുമ്പോഠം സുശ്രുതന്റെ ബുദ്ധിവൈഭവം എത്രയുണ്ടെന്നു തെളിയുന്നുണ്ടല്ലോ.

പുരാതനകാലത്തു വാഹനങ്ങഠം ഉപയോഗിക്കുകയും ആനക്കുതിര മുതലായ മൃഗങ്ങളെ പോറ്റിവരികയും ചെയ്തിരുന്നതുകൊണ്ടു മൃഗചികിത്സയും അത്യാവശ്യമായിരുന്നു. അത് അന്നു നടപ്പുണ്ടായിരുന്നു.

മേൽവിവരിച്ച ശസ്ത്രക്രിയകൾക്കു പുറമെ സുശ്രുതൻ കണ്ണുചികിത്സയും നടത്തിയിരുന്നുവെന്നു കാണാം. കണ്ണിൽ തിമിരം വന്നാൽ കൊഴമെന്നു നാട്ടുവൈദ്യന്മാർ പറയുന്ന കേട്ടുവന്ന ചില്ലുപോലുള്ള സ്വച്ഛതരം തുരിശുകടുത്തി കീഴ്പ്പോട്ടു ചാടിക്കുന്നത് അന്നു പതിവുള്ളതായിരു

ണ്ണം. മൂക്കുപോയാൽ നെറ്റിമേൽനിന്നൊ കവിളത്തുനിന്നൊ കണ്ണും മുറിച്ചെടുത്തു തിരിച്ചുവെച്ചു മൂക്കുണ്ടാക്കുന്ന സമ്പ്രദായം ആദ്യം സുശ്രുതൻ കണ്ടുപിടിച്ചതും ചെയ്തിരുന്നതുമായിരുന്നു എന്നു ഈ ഗ്രന്ഥത്തിൽനിന്നറിയാമല്ലൊ.

ഇങ്ങിനെ ഓരോന്നായാലോചിച്ചാൽ സുശ്രുതന്റെ ശസ്ത്രക്രിയാനൈപുണ്യം ഇന്നും അത്ഭുതാവഹമായിട്ടുള്ളതാണെന്നു കാണാം. കമ്പാരറ്റീവ് അനാറ്റമി (Comparative Anatomy) എന്നതാണു ജീവികളിൽനിന്നു, മനുഷ്യൻവരെയുള്ള സകല ജന്തുക്കളുടെയും ശാരീരജ്ഞാനം സുശ്രുതനുണ്ടായിരുന്നുവെന്നും ഇതു പഠിപ്പാനായി ബലികൊടുക്കുന്ന മൃഗങ്ങളുടെ ശരീരം കീറിനോക്കേണമെന്ന് ഉപദേശിക്കുകയും അങ്ങിനെ അദ്ദേഹം ചെയ്കയും ചെയ്തിരുന്നുവെന്നും കാണുന്നു.

മനുഷ്യരുടെ ശാരീരത്തെപ്പറ്റിയേടത്തോളം ഒരു ന്യൂനത അദ്ദേഹത്തിനു പറ്റിയിരുന്നു. എന്തെന്നാൽ, ഹിന്തുക്കൾ മൃതശരീരം ദഹിപ്പിക്കുകയായിരുന്ന പണ്ടും പതിവ്. കുട്ടികളുടെ ദേഹം മാത്രം മറവുചെയ്കയാണ് ചെയ്തിരുന്നത്. രണ്ടുവയസ്സിനു മീതെയുള്ള കുട്ടികളുടെ ശവംകൂടി ദഹിപ്പിക്കുക പതിവായിരുന്നുപോൽ. അതിനാൽ അദ്ദേഹത്തിനു ശാരീരം പഠിപ്പാൻവേണ്ടി കീറിനോക്കുവാൻ കുട്ടികളുടെ ദേഹം മാത്രമായിരുന്നിരിക്കണം ആധാരം. അതിനെ സമ്മതിക്കുന്നപക്ഷം ആധുനികവൈദ്യശാസ്ത്രകാരന്മാരുടെ ശാരീരവും സുശ്രുതന്റെ ശാരീരവും തമ്മിൽ അല്പാല്പം വ്യത്യാസം നേരിട്ടുന്നതിനുള്ള കാരണവും തെളിയുന്നുണ്ട്. അതെന്തെന്നു താഴെ വിവരിക്കാം. കുട്ടികളുടെ എല്ലിൽ വളച്ചുകളുള്ള ഭാഗങ്ങളും നിണ്ട എല്ലുകളിൽ രണ്ടുതലക്കലും അടുത്തു മാർവുമുള്ളതായി കാണാം. പ്രായം ചെല്ലുമ്പോൾ അതു തീരെ കാണാതാകയും ചെയ്യും. അതുകൊണ്ടു കുട്ടികളുടെ അങ്ങിനെയുള്ള ഒരെല്ലെടുത്തു നോക്കുന്നതായാൽ മൂന്നോ നാലോ കഷ്ണമായി ഗണിക്കപ്പെടുവാനിടയായേക്കാം. തണ്ടെല്ലിന്റെ താഴെ അറ്റത്തെ രണ്ടെല്ലുകളും കുട്ടികളിൽ അഞ്ചും നാലും ആയി ഒമ്പതെല്ലുകളായി ഗണിക്കപ്പെടുവാനിടയായേക്കാം. കുട്ടികളുടെ നെഞ്ചിനുള്ളിൽ കാണുന്ന തൈമസ്സ് (Thymus) എന്ന കഫോച്ചയം മുതിർന്നവരിൽ കാണുന്നതല്ല. ഇങ്ങിനെ പലേ വ്യത്യാസങ്ങളും ഒരു കുട്ടിയുടേയും മുതിർന്ന ആളുടേയും

ദേഹങ്ങൾ പരിശോധിച്ചുനോക്കിയാൽ കാണാവുന്നതാണ്. അതിനാലായിരിക്കണം ശരീരത്തിൽ കഫച്ചെല്ലാം വ്യത്യാസങ്ങൾ കാണപ്പെടുന്നത്.

ഗർഭോല്പാദനത്തിന്റെ രീതി, കുട്ടിയുടെ വളർച്ചയുടെ സ്വഭാവം ഇതുകളെപ്പറ്റിയും ആ കാലത്തു വിവരമുണ്ടായിരുന്നുവെന്നതിന്നു തെളിവുകളുണ്ട്.

ശരീരശാസ്ത്രം(Physiology)ത്തിലും സുശ്രുതന്നു നല്ല വൈദഗ്ധ്യമുണ്ടായിരുന്നു. ശരീരത്തിന്റെ വാതപിത്തകഫങ്ങളാകുന്ന ത്രിദോഷങ്ങളുടെ വിചാരണം വേണ്ടപോലെ മനസ്സിലാക്കാത്തതിനാലാകുന്നു പാശ്ചാത്യവൈദ്യസിദ്ധാന്തങ്ങളോട് അവ യോജിക്കുന്നില്ലെന്നു ചിലർ വിചാരിപ്പാനിടയാവുന്നത്. രോഗകാരണത്തിന്നു മനസ്സിന്റെ പ്രേരണയാൽ വളരെ വ്യത്യാസം നേരിടുവാനിടയുണ്ടെന്നും, മനോവ്യാധികൊണ്ടു കായികവ്യാധിയുണ്ടായി തീരുമെന്നും അദ്ദേഹം ഗ്രഹിച്ചിരുന്നുവെന്നതിന്നു ദൃഷ്ടാന്തങ്ങൾ നോക്കിയാൽ കാണാനിടവരും.

ഇതിന്നെല്ലാം പുറമെ ശരീരസുഖശാസ്ത്രത്തിൽ (Hygiene) സുശ്രുതന്റെ സൂക്ഷ്മജ്ഞാനം ഒട്ടും ചില്ലറയല്ലായിരുന്നു. രോഗങ്ങൾ ജലത്തിൽക്കൂടി പകരുമെന്നും, അതിന്നു കാരണം രോഗബീജങ്ങൾ ജലത്തിൽ സ്ഥിതിചെയ്യുന്നതാണെന്നും, വൃത്തി അത്യാവശ്യമാണെന്നും മറ്റും സുശ്രുതൻ പ്രസംഗിച്ചിരുന്നുവെത്രെ. സൂക്ഷ്മദർശിനിയുടെ സഹായം കൂടാതെ ബുദ്ധിസാമർത്ഥ്യംകൊണ്ടുമാത്രം അദ്ദേഹം ഇതെല്ലാം ഗ്രഹിച്ചതായിരിക്കണമെന്ന് ആലോചിക്കുമ്പോൾ ആ മഹാന്റെ ബുദ്ധിശക്തിയെപ്പറ്റി ബഹുമാനിക്കാത്തവർ ഈ കാലത്തുകൂടി ആരെങ്കിലും ഉണ്ടാകുമെന്നു തോന്നുന്നില്ല. മൂത്രത്തിന്റെ നിറഭേദംകൊണ്ടുമാത്രം വൃക്കരോഗങ്ങൾ, വസ്തിരോഗങ്ങൾ ഇവയെ അദ്ദേഹം വ്യത്യാസപ്പെടുത്തി അറിഞ്ഞിരുന്നുവെത്രെ.

ക്ഷയരോഗത്തിന്ന് ആട്ടിൻപാൽ വിശേഷമാണെന്ന് ആയുർവൈദ്യസിദ്ധാന്തമാണല്ലൊ. എന്നാൽ അതിന്നു കാരണമെന്തെന്നു മനസ്സിലാക്കീട്ടുള്ളവർ ചുരുങ്ങുമെന്നാണ് തോന്നുന്നത്. അടുത്ത കാലത്ത് ഒരു ജർമ്മൻ ഡാക്ടർ ആട്ടിൻപാലിൽ ക്ഷയരോഗബീജം (ടൈമെക്രോബം) വർദ്ധിക്കുന്നതില്ലെന്നു കണ്ടുപിടിച്ചിരിക്കുന്നു. ഇപ്പോൾ അന്നേ

കും യന്ത്രങ്ങളുടേയും സൂക്ഷ്മദർശിനിയുടേയും സഹായത്തോടുകൂടി കണ്ടു പിടിച്ച കാര്യം കലാശം നോക്കുമ്പോൾ പണ്ടു സുശ്രുതൻ മുതലായ മഹാന്മാർ അറിഞ്ഞിരുന്ന കാര്യമാണെന്നോക്കുമ്പോൾ അവരുടെ ബുദ്ധിവൈഭവത്തെപ്പറ്റി ഏത്ര ബഹുമാനിച്ചാലും മതിയാകുന്നതല്ല.

ആയുർവൈദ്യസിദ്ധാന്തപ്രകാരം ചികിത്സയെ 'സംശോധനം' 'സംശമനം' ഇങ്ങിനെ രണ്ടാക്കി വിഭജിച്ചിട്ടുണ്ടല്ലോ. ഇതിന്റെ ഗുണം ഇപ്പോഴാണ് പാശ്ചാത്യവൈദ്യന്മാർ ധരിച്ച് ആരീതിയെ അനുകരിക്കുവാൻ തുടങ്ങുന്നത്. ചികിത്സയിങ്കൽ പഥ്യനിശ്ചയത്തിനേറയും പ്രാധാന്യം ഒട്ടും ഉപായമല്ല. ഔഷധാദികൾ സേവിക്കുമ്പോൾ പഥ്യനിശ്ചയം കൂടാതെ ഭക്ഷിക്കുന്നതായാൽ നാം കഴിക്കുന്ന ഭക്ഷണത്തിലെ അമ്ലരസങ്ങൾ മുതലായവ മരുന്നുകളുടെ ശക്തിയെ കുറയ്ക്കുന്നതിനു പുറമെ, ചിലപ്പോൾ രണ്ടു തമ്മിൽ ചേർന്നു ചില വിഷവസ്തുക്കളായിത്തിരുവാനിടവരികയും കൂടി ചെയ്യുകയാവുന്നതാണ്. ഈ തത്വവും ഇപ്പോൾ ആധുനികവൈദ്യന്മാർ മനസ്സിലാക്കി തുടങ്ങിട്ടുണ്ട്.

ഇങ്ങിനെ ആലോചിക്കുന്നതായാൽ ആയുർവൈദ്യന്മാരും മറ്റു വൈദ്യന്മാരും എന്നുമാത്രമല്ല മനുഷ്യവർഗ്ഗംതന്നെ സുശ്രുതന് ഏത്രത്തോളം നന്ദിയുള്ളവരായിരിക്കേണ്ടതാണെന്നു പറഞ്ഞറിയിപ്പാൻ പ്രയാസം. പാശ്ചാത്യവൈദ്യത്തിൽ ഇപ്പോൾ കണ്ടുവരുന്ന ശസ്ത്രക്രിയാവൈപുണ്യത്തിന് ഇയ്യിടയിൽ പരലോകപ്രാപ്തനായ ലോർഡ് ലിസ്റ്റർ (Lord Lister) ഏത്രത്തോളം കാരണഭൂതനാകുന്നുവോ അതിൽ ഏത്രയോ അധികമാകുന്ന പരിഷ്കൃതരാജ്യങ്ങളിൽ ഇപ്പോൾ കണ്ടുവരുന്ന വൈദ്യശാസ്ത്രത്തിന്നു സുശ്രുതൻ കാരണഭൂതനായിട്ടുള്ളൂ.

പി. കുഞ്ഞുവാരിയർ

എൽ. എം. എസ്സ്.

(മദിരാശി)

—:0:—

വിഷയാനുക്രമണിക.

അധ്യായം 1.

ആയുർവ്വേദോല്പത്തി:— ആയുർവ്വേദത്തിന്റെ പിട്ടംഗങ്ങളും അവയുടെ ലക്ഷണങ്ങളും— ശസ്ത്രകർമ്മത്തിന്റെ പൂർവ്വചരിത്രവും പുരാതനത്വവും— ആയുർവ്വേദത്തിന്റെ ഗുരുശിഷ്യപരംപര— പുരുഷലക്ഷണം— സ്ഥാവരജംഗമങ്ങളുടെ തരഭേദം— രോഗങ്ങളുടെ ലക്ഷണനിർവ്വചനവും വിഭാഗങ്ങളും— ഔഷധികളുടെ തരഭേദങ്ങളും— രോഗപരിശോധനയിൽ ആലോചിക്കേണ്ടുന്ന നാലു സംഗതികളും— രോഗത്തിന്റെ നാലവസ്ഥകളും. ... ... ഭാഗം 1—15.

അധ്യായം 2.

ശിഷ്യോപനയനീയം:— വൈദ്യവിദ്യാർത്ഥിക്കുണ്ടാകേണ്ടുന്ന ഗുണങ്ങളും— ശിഷ്യനുപനയനം ചെയ്യേണ്ടും ക്രമം— ശിഷ്യൻ നടക്കേണ്ടുന്ന നടവടികളെ പറഞ്ഞു ഗ്രഹിപ്പിക്കുന്ന ഉപദേശം— അനധ്യായകാലങ്ങളും. ... ... 15—20.

അധ്യായം 3.

അധ്യയനസംപ്രദാനീയം:— സുശ്രുതസംഹിതയിലുള്ള അഞ്ചുസ്ഥാനങ്ങളിൽ കൂടി 120. അധ്യായങ്ങളുടെ പേരുകളും അതിലെ അവാന്തരവിഷയങ്ങളും— നല്ല വൈദ്യന്റേയും ചീത്ത വൈദ്യന്റേയും ലക്ഷണങ്ങളും— ആയുർവ്വേദം പഠിക്കേണ്ടും ക്രമം— പഠിപ്പു കഴിഞ്ഞാൽ പിന്നെ ചെയ്യേണ്ടുന്ന മുറകളും. ... ... 20—30.

അധ്യായം 4.

പ്രഭാഷണീയം:— ആയുർവ്വേദത്തെ സ്പഷ്ടമായി ഉച്ചരിക്കുന്നതിന്റെ അവശ്യകത— ഉച്ചാരണദോഷംകൊണ്ടുള്ള ന്യൂനതകളും— ആയുർവ്വേദവിദ്യാർത്ഥിയുടെ മുറകളും. ... ... 30—36.

അധ്യായം 5.

അഗ്രോപഹരണീയം:— ശസ്ത്രക്രിയയുടെ വകഭേദങ്ങളും— ശസ്ത്രക്രിയ ചെയ്യുന്നതിനു മുമ്പെ തയ്യാറാക്കേണ്ട സാമാനങ്ങളും— ഒരു ശസ്ത്രവൈദ്യന്റെ ഗുണങ്ങളും— ഓരോ പ്രത്യേകാംഗങ്ങളിൽ കീറുകയും മുറിക്കുകയും ചെയ്യേണ്ടുന്ന പ്രത്യേകരീതികളും— ശസ്ത്രകർമ്മം

കഴിഞ്ഞാൽ ചെയ്യേണ്ടുന്ന മുറകളും — രക്ഷാകർത്താ ചെയ്യുന്നതിനുള്ള ധർമ്മം — വ്രണങ്ങളെ കെട്ടുന്നതിനും കെട്ടഴിക്കുന്നതിനും ഉള്ള രീതികൾ — സംധാന ക്രമവും — വ്രണദോഷി വർജ്ജിക്കേണ്ടതും — ശസ്ത്രവ്രണരോഗനാ രോഗനിർണ്ണയത്തിനുള്ള ഉപായങ്ങളും, ... 33—41

അദ്ധ്യായം 6.

ശസ്ത്രോപകരണം:— ശിരിദം മുതലായ ശസ്ത്രങ്ങളുടെ വിവരണം — കാലഭേദത്തിന്റെ നിയമം — കൈകണക്കുകൾ — കാലഭേദത്തെ പരീക്ഷിക്കുന്നതിനുള്ള ആദിത്യവിധാനം — വിദ്ധകർണ്ണം മുതലായ മുറകളുടെ വിവരണവും ഉപയോഗവും — ശസ്ത്രങ്ങളുടെ സൂക്ഷിപ്പും — ശസ്ത്രപ്രയോഗത്തിനുള്ള യോഗ്യത — ശസ്ത്രപ്രയോഗത്തിനുള്ള ശരിയായ ഭാവത്തിന്റെ നിർവ്വചനവും — ശസ്ത്രപ്രയോഗത്തിന്റെ ശരിയായ ഭാവത്തിനുള്ള ശിക്ഷാമുറകളും — ശരീരാവയവങ്ങളിൽ ശസ്ത്രപ്രയോഗം ചെയ്യുന്നതിനുള്ള നിയമങ്ങളും — ശസ്ത്രപ്രയോഗത്തിനുള്ള ഉപകരണങ്ങളും. ... ... 42—52.

അധ്യായം 7.

യന്ത്രവിധി:— യന്ത്രങ്ങളുടെ ഉപയോഗവും നിർമ്മാണവും — അവയുടെ സംരക്ഷണം — അവയുടെ ഗുണദോഷങ്ങളുടെ വിവരണവും ഉപയോഗവും — അവയുടെ ശ്രേഷ്ഠത്വം — ഉപയന്ത്രങ്ങളും — കുശുമ്പയന്ത്രത്തിന്റെ പ്രാധാന്യവും ... 53—61.

അധ്യായം 8.

ശസ്ത്രാവചാരണീയം:— ശസ്ത്രങ്ങളുടെ രോഗവും ഉപയോഗവും നിർമ്മാണവും — ഗർഭസ്ഥ ജന്തുക്കളുടെ ശ്രീരാമായണത്തിലുള്ള വിഭാഗങ്ങൾ — അവയുടെ നല്ല ലക്ഷണവും മോശമായ ലക്ഷണവും — അവയെ കാത്തുരക്ഷിക്കുന്നതിനുള്ള മറ്റുമുൻകരുതൽ — അനാരോഗ്യങ്ങളും — രോഗങ്ങളെ സൂക്ഷിക്കണമെന്നുള്ള ഉപദേശം. ... ... 61—68.

അധ്യായം 9.

യോഗ്യാസൂത്രീയം:— ശസ്ത്രക്രിയ ചെയ്തു പരിചയിക്കുന്ന ക്രമം — അഭ്യാസത്തിനുചിതമായ കുമ്പളങ്ങ മുതലായ കായകളിന്മേൽ മുറകൾ കീറുകയും മുറകൾ ചെയ്യുന്ന ക്രമം ശീലിക്കണമെന്നും. ... ... 68—70.

അദ്ധ്യായം 10.

വിശിഖാനുപ്രവേശനീയം:— ചികിത്സിക്കാൻ പുറപ്പെടുന്ന വൈദ്യന്റെ ലക്ഷണങ്ങളും മുറകളും — രോഗപരീക്ഷയുള്ള മാർഗ്ഗങ്ങൾ — പരീക്ഷാസമയത്തു് അവശ്യമു

ള്ള സാധനങ്ങൾ— രോഗത്തിന്റെ സാധ്യാവസ്ഥ യാപ്യാവസ്ഥ അസാധ്യാവസ്ഥ— വൈദ്യൻ വർജ്ജിക്കേണ്ടുന്ന സ്വഭാവങ്ങൾ.... ... ... 70—74.

അദ്ധ്യായം 11.

ക്ഷാരപാകവിധി:— ക്ഷാരനിർമ്മാണക്രമവും രേഖനാകിക്രിയകളിൽ അതിന്നുള്ള വിശേഷഗുണവും— അകത്തും പുറത്തും ഉപയോഗിക്കാനുള്ള ക്ഷാരഭേദങ്ങൾ— ക്ഷാരം ഉപയോഗിച്ചുകൂടാത്ത രോഗങ്ങൾ— പുറത്തു പ്രയോഗിക്കാവുള്ള ക്ഷാരത്തിന്റെ ഗുണ സ്വഭാവങ്ങൾ— ക്ഷാരത്തിന്റെ നല്ല ലക്ഷണവും മിണ്ടലക്ഷണവും— ക്ഷാരപ്രയോഗക്രമങ്ങൾ— അതി നശേഷം ചെയ്യേണ്ട ക്രമങ്ങൾ— ക്ഷാരംകൊണ്ടു പാകംവരാതെ പോയാലുള്ള ഇപ്പുങ്കിവ്വുള്ള ലക്ഷണങ്ങൾ— ക്ഷാരപ്രയോഗം പാടില്ലാത്ത അവസ്ഥകൾ— ക്ഷാരപ്രയോഗം തെറ്റിയാൽ വരുന്ന അപകടങ്ങൾ. ... 75—85.

അദ്ധ്യായം 12.

അഗ്നികർമ്മവിധി:— പൊള്ളിക്കുമ്പോൾ കയ്യേണ്ട സാധനങ്ങൾ— പൊള്ളിക്കുന്ന രീതി ചെയ്യേണ്ടതു— തോൽ, മാംസം, സിര, സന്ധി, ഇവപൊള്ളിയാലുള്ള ലക്ഷണങ്ങൾ— ഓരോ രോഗങ്ങളിലും പൊള്ളിക്കേണ്ടുന്ന സ്ഥാനഭേദങ്ങൾ— വലവിധം പൊള്ളിക്കലിന്റെ ക്രമം— തീക്കട്ടിപ്പൊള്ളിയാലും മറവുള്ള ലക്ഷണങ്ങൾ— അവയ്ക്കു ഉണ്ണുവീയ്ക്കുന്നതായ വസ്തുക്കളെക്കൊണ്ടുതന്നെ ചികിത്സ— അവയ്ക്കുള്ള ഔഷധങ്ങൾ— മുക്കിലും മറ്റും വെടി പൊന്നിട്ടുണ്ടാകുന്ന ഉപദ്രവലക്ഷണങ്ങളും ചികിത്സയും— പെയിൽ, കനവു മുതലായതിനാലുള്ള ഉപദ്രവത്തിന്റെ ചികിത്സ— ഇടിഞ്ഞീ പിണ്ണാലുള്ള ചികിത്സ. ... ... 86—95.

അദ്ധ്യായം 13.

ജലൗകാവചാരണീയം:— അട്ടകളുടെ ജാതിഭേദവും ലക്ഷണവും— അട്ടകടിപ്പിപ്പാൻ പോരകളായാനുള്ള രോഗികൾ— അതു ഘട്ടങ്ങളിൽ ദുഷിച്ച രക്തത്തെ സ്രവിപ്പിക്കാനുള്ള രീതി— അട്ട കടിപ്പിക്കേണ്ടുന്ന ക്രമം— അട്ടകളുടെ വിരോഗവും അവയെ പിടിച്ചു സൂക്ഷിക്കേണ്ടുന്ന ക്രമവും— നന്നല്ലാത്ത അട്ടകളുടെ ലക്ഷണങ്ങൾ— അട്ട കടിപ്പിച്ചതിനശേഷം ചെയ്യേണ്ടവ. ... ... 96—103.

അദ്ധ്യായം 14.

ശോണിതവർണ്ണനീയം:— രസധാതുവിന്റെ ഉൽപത്തിയും ലക്ഷണവും— അതിന്റെ സ്ഥാനവും സഞ്ചാരവും— അതു രക്തമായി പരിണമിക്കുന്നതു— അതിനവ രക്തത്തിന്റെ ലക്ഷണം— രസം മുതലായ ധാതുക്കൾ ക്രമത്തിൽ രക്തം മുതലായതി

രിണമിക്കുന്ന സംപ്രദായം— ധാതുശബ്ദത്തിന്റെ അർത്ഥം— രക്തം— രക്തം പുറത്തു
ക്കു സ്രവിപ്പിച്ചുകളയാൻ പാടില്ലാത്ത വീക്കങ്ങൾ— രക്തസ്രാവണം രണ്ടുവിധം— ദുഷ്ട
രക്തത്തെ സ്രവിപ്പിച്ചുകളയാഞ്ഞാലുള്ള അപകടങ്ങൾ— അധികം രക്തം സ്രവിക്കാ
ള്ള കാരണങ്ങളും അതുകൊണ്ടുണ്ടാകുന്ന ദോഷങ്ങളും— രക്തസ്രാവണം വേണ്ടതുപോലെ
ആയാലുള്ള ലക്ഷണവും ഫലവും— രക്തം അധികമായൊ കുറച്ചൊ സ്രവിച്ചാൽ അതി
ങ്കൽ ചെയ്യേണ്ടുന്ന ക്രമങ്ങൾ— അധികം രക്തം സ്രവിച്ചാൽ അതിനുള്ള പരുന്നകം— ര
ക്തസ്രാവണവിഷയമായ പലവിധം ഉപദേശങ്ങളും അനാചാരക്രമങ്ങളും മറവും. 104—120

അധ്യായം 15.

ദോഷധാതുമലക്ഷയവൃദ്ധിവിജ്ഞാനീയം:— ദുഷിച്ചിട്ടില്ലാത്ത വാത
പിത്തകഫങ്ങളുടെ പ്രത്യേകം ലക്ഷണവും സ്ഥാനവും പ്രവൃത്തിയും— രസം മുതലായ
ധാതുക്കളുടെയും ഓജസ്സിന്റെയും സ്വഭാവവും സ്ഥാനവും പ്രവൃത്തിയും— അവ വ
ർദ്ധിക്കയും ക്ഷയിക്കയും ചെയ്താലുണ്ടാകുന്ന ലക്ഷണങ്ങളും മറവും— വസയുടെ ലക്ഷണം
മുതലായതു— ദേഹം തടിക്കയും മെലിയുകയും ചെയ്വാനുള്ള ഹേതുവും ലക്ഷണവും ചി
കിത്സയും. ... ... 120—140.

അധ്യായം 16.

കർണ്ണവ്യധബന്ധവിധി:— കാതു കുത്തുകയും കാതു വെടുകയും ചെയ്യുന്ന
ക്രമം— കാതിലെ സിരകൾ മുറിഞ്ഞാലുണ്ടാകുന്ന ഉപദ്രവങ്ങൾ— കാതിലെ ദീനത്തിനു
ള്ള മരുന്നുകളും മറവും— കാതിന്റെ വള്ളി മുറിഞ്ഞാൽ അതു കൂട്ടിച്ചേർക്കുന്ന പലജാതി
സമ്പ്രദായങ്ങളും മറവും— മൂക്കു മുറിഞ്ഞാൽ അതു വെച്ചുണ്ടാക്കുകയും മറവും ചെയ്വാനുള്ള
വിധി— മുണ്ടുമുറിഞ്ഞാൽ ചെയ്യേണ്ട ശസ്ത്രകർമ്മം. ... ... 141—157.

അധ്യായം 17.

ആമപാകൈപുണീയം:— വാതപിത്തകഫജന്യങ്ങളായ വീക്കങ്ങളും അ
വയുടെ പ്രത്യേകലക്ഷണങ്ങളും— പാകം വരുംമുമ്പും പാകം വന്നു തുടങ്ങിയാലും പഴു
ത്താലുമുള്ള ലക്ഷണങ്ങൾ— പഴുത്ത വീക്കം കീറേണ്ടുന്ന ക്രമങ്ങൾ— നീരുവറ്റും പഴുക്കും
മുമ്പെ കീറിയാലുള്ള ദോഷങ്ങൾ— കീറുംമുമ്പെ രോഗിക്കു കൊടുക്കേണ്ടുന്ന ആഹാരക്ര
മവും മറവും— കീറുന്നതിൽ ചെയ്യേണ്ടുന്ന സംഗതികളുടെ വകഭേദം. ... 157—164.

അധ്യായം 18.

വ്രണാലേപനബന്ധവിധി:— വീക്കത്തിൽ, പൂരട്ടാനുള്ള കുഴമ്പുകളുടെ
ജാതിഭേദവും ഉപയോഗക്രമവും ഫലവും— വ്രണബന്ധനസാധനങ്ങൾ— ബന്ധനക്ര

ഭേദങ്ങളും അവയുടെ പേരുകളും— വികേശിക (Lint) ഉപയോഗിക്കേണ്ടുന്ന ക്രമം— വ്രണസമ്പാദനത്തിനനുസരിച്ചും ഓരോ ഔഷധഭേദങ്ങൾക്കനുസരിച്ചും വ്രണത്തിന്റെ കെട്ടഴിക്കേണ്ടുന്ന സമയനിർണ്ണയം— വ്രണം കെട്ടാഞ്ഞാലുള്ള ദോഷങ്ങളും— കെട്ടിയാലുള്ള ഗുണങ്ങളും— കെട്ടാൻ പാടില്ലാത്ത രോഗികളും— വികേശികയിൽ സ്നിഗ്ദ്ധതവയ്ക്കേണ്ടതിനെപ്പറ്റി— മുറിച്ചകൾ ഉടഞ്ഞാലുംമറ്റും തല്ക്കാലം ചെയ്യേണ്ടുന്ന സംഗതികളും. ... ... 164—177.

അധ്യായം 19.

വ്രണിതോപാസനീയം:— വ്രണരോഗി കിടക്കുന്ന മുറി— കിടക്കേണ്ടുന്ന ക്രമം— ആഹാരവും ആചാരവും— അപഥ്യംചെയ്താലുള്ള ദോഷങ്ങളും— വ്രണമുള്ളവൻറെ അടുത്തു രാക്ഷസന്മാരും മറ്റും വരുമെന്നും അതിനുള്ള പ്രതികാരവും— കിടക്കുന്ന സ്ഥലത്തു പുകയ്ക്കുന്നതിനെപ്പറ്റിയും. ... ... 178—186.

അധ്യായം 20.

ഹിതാഹിതീയം:— ദേഹത്തിനു ഹിതവും അഹിതവുമായ പദാർത്ഥങ്ങളെ തരംതിരിക്കൽ— ഭിന്നഭിന്നം വേറായ വസ്തുക്കളും— സംയോഗംകൊണ്ടു ദേഹത്തിൽ ദോഷമുണ്ടാക്കുന്നതുകളും— പാകംകൊണ്ടും അളവുകൊണ്ടും രസംകൊണ്ടും വിരുദ്ധങ്ങളായ വസ്തുക്കളും— കിഴക്കൻകാറ്റു മുതലായ കാറ്റുകളുടെ ഗുണദോഷങ്ങളും. 187—198.

അധ്യായം 21.

വ്രണപ്രശ്നം:— ശരീരത്തിൽ വാതം മുതലായതുകൾക്കുള്ള സ്ഥാനവും പ്രവൃത്തിയും— വാതപിത്തകഫങ്ങളുടെ വിഭാഗങ്ങളും അവയോരോന്നിന്റെ സ്ഥാനവും പ്രവൃത്തിയും— വാതാദികളെ കോപിപ്പിക്കുന്ന സംഗതികളും കാലഭേദങ്ങളും— പിത്തത്തിന്റെയും കഫത്തിന്റെയും രക്തത്തിന്റെയും കോപലക്ഷണം— വാതാദികളുടെ വ്യാപ്തിയും അവയാൽ ഓരോ സ്ഥാനങ്ങളിൽ വരുന്ന രോഗങ്ങളും— രോഗങ്ങളുടെ വൃദ്ധിയും ചികിത്സിക്കേണ്ടുന്ന ഘട്ടങ്ങളും— വാതാദികളിരണ്ടും മൂന്നുംകൂടിയും മേൻമേൽ ഉണ്ടാകുന്ന രോഗങ്ങളുടെ ചികിത്സാക്രമം. ... ... 199—223.

അധ്യായം 22.

വ്രണാസ്രാവവിജ്ഞാനീയം:— വ്രണത്തിന്റെ സ്ഥാനങ്ങളും ആകൃതികളും— ദുഷ്ടവ്രണലക്ഷണം— വ്രണത്തിൽ നിന്നൊലിക്കുന്ന സാധനങ്ങളും— ഒലിക്കുന്ന സാധനം നോക്കി വാതാദികളുടെ കോപം മനസ്സിലാക്കുന്നതും— പലവിധം വേനലുകൾ

രസന്ധിച്ചു വ്രണങ്ങളെ തരം തിരിക്കുന്നതു— വ്രണങ്ങളുടെ വർണ്ണം നോക്കിയറിയേണ്ടുന്ന ക്രമം. ... ... 224—232.

അദ്ധ്യായം 23.

കൃത്യാകൃത്യവിധി:— വേഗത്തിൽ ഭേദം വരുന്ന വ്രണങ്ങളും— അസാദ്ധ്യങ്ങളും യാപ്യങ്ങളുമായ വ്രണങ്ങളും— വ്രണം ശുദ്ധിയായാലും ഉണങ്ങിയാലുമുള്ള ലക്ഷണങ്ങളും— ഉണങ്ങിയ വ്രണം പിന്നെയും ദുഷിക്കാനുള്ള കാരണങ്ങളും. 232—240.

അദ്ധ്യായം 24.

വ്യാധിസമുദ്ദേശീയം:— ശസ്ത്രക്രിയ ചെയ്യേണ്ടുന്നതും മരുന്നു കൊടുക്കേണ്ടുന്നതുമായ രോഗങ്ങളും— വ്യാധികളും അധിദൈവികം, ആദ്ധ്യാത്മികം, അധിഭൌതികം എന്നു മൂന്നുവിധവും അവതന്നെ ആഭിബലപ്രവൃത്തം മുതലായി ഏഴുവിധവുമാണെന്നും അവയുടെ ലക്ഷണങ്ങളും— രസം മുതലായ ധാതുക്കളും ദുഷിച്ചുണ്ടാകുന്ന രോഗങ്ങളും— രോഗങ്ങൾക്കും ദോഷങ്ങൾക്കുമുള്ള സംബന്ധം. ... ... 241—249.

അദ്ധ്യായം 25.

അഷ്ടവിധശസ്ത്രകർമ്മണ്യം:— ഛേദനം ഭേദനം മുതലായ എട്ടു ക്രിയകളും ഇന്നിന്ന വ്യാധികളിൽ ചെയ്യാമെന്നും— ഇന്നിന്ന ക്രമവും ഇന്നിന്നുള്ള അവസ്ഥകളും— ശസ്ത്രക്രിയയിലുള്ള പിഴവുകളും— സിരാധമനി മുതലായതിൽ ക്ഷതമില്ലാതെ ശസ്ത്രം രുട്ടിയാലുണ്ടാകുന്ന ലക്ഷണങ്ങളും— ഏതെങ്കിലും മർമ്മത്തിൽ മുറിഞ്ഞാലുള്ള ലക്ഷണങ്ങളും. 250—261

അദ്ധ്യായം 26.

പ്രനഷ്ടശല്യവിജ്ഞാനീയം:— ശല്യമെന്നാലെന്തു?— ബാണങ്ങളുടെ തരം ഭേദങ്ങളും— ശല്യങ്ങളുടെ ഗതികളും— അവ തറച്ചുണ്ടാകുന്ന വ്രണങ്ങളുടെ ലക്ഷണങ്ങളും— അംഗങ്ങളിൽ തറച്ചു മറഞ്ഞുകിടക്കുന്ന ശല്യങ്ങളെ കണ്ടുപിടിക്കൽ— ശല്യം കിടപ്പില്ലാത്ത വ്രണത്തിന്റെ ലക്ഷണം— ശല്യപ്പെട്ടുത്തുകളയാഞ്ഞാലുള്ള ദോഷങ്ങളും. 262—270.

അദ്ധ്യായം 27.

ശല്യാപനയനീയം:—ശല്യം എടുത്തുകളവാനുള്ള പതിനഞ്ചു വഴികളും— ശല്യം പറിക്കേണ്ടുന്ന രണ്ടു മുറകളും— പറിച്ചതിനുശേഷം ചെയ്യേണ്ടുന്ന കാര്യങ്ങളും— ഞരമ്പുകളിലും മാറുമുള്ള ശല്യങ്ങളെ പറിക്കേണ്ടുന്ന രീതി— വ്രണത്തിൽനിന്നു ശല്യത്തെ കളയാഞ്ഞാലുള്ള ദോഷങ്ങളും. ... ... 271—281.

അധ്യായം 28.

വിപരീതാവിപരീതവ്രണവിജ്ഞാനീയം:— വ്രണത്തിന്റെ അസാദ്ധ്യലക്ഷണങ്ങളും— അസാദ്ധ്യലക്ഷണങ്ങളും കണ്ടാൽ രോഗിയെ ഉപേക്ഷിക്കേണമെന്നു. ... ... 282—237.

അധ്യായം 29.

വിപരീതാവിപരീതദുഃശകുനസ്വപ്നനിമിത്തീനീയം:— ദുഃനിമിത്തങ്ങളേയും നിമിത്തങ്ങളുടേയും ശകുനങ്ങളുടേയും സ്വപ്നങ്ങളുടേയും ലക്ഷണംകൊണ്ടു രോഗത്തിന്റെ സാദ്ധ്യാസാദ്ധ്യനിർണ്ണയം— സ്വപ്നദോഷത്തിനുള്ള പരിഹാരം. 237—306.

അധ്യായം 30.

പഞ്ചേന്ദ്രിയാർത്ഥവിപ്രതിപത്തി:— അരിഷ്ടങ്ങളും— ശ്രവണം, സ്പർശം, രുചി, ഗന്ധം, ദൃഷ്ടി ഇവയുടെ ലക്ഷണം നോക്കി രോഗശാന്തിയും മരണവും തീർച്ചപ്പെടുത്തുന്നതു. ... ... 307—312.

അധ്യായം 31.

ഛായാവിപ്രതിപത്തി:— ശരീരത്തിന്റെ ഛായാഭേദങ്ങളും പരീക്ഷിച്ചു മരണാവസ്ഥയെ നിശ്ചയിക്കൽ— ശ്വാസം കാസം മുതലായ രോഗങ്ങളുടെ മരണലക്ഷണങ്ങളും. ... ... 313—320.

അധ്യായം 32.

സ്വഭാവവിപ്രതിപത്തി:— ദേഹത്തിലുള്ള ഓരോ അവയവങ്ങളും അതുപോലെ സ്വഭാവത്തിനും, മാംസം മാംസം സംഭവിക്കുന്നതിനെ പരിശോധിച്ചു മരണകാലത്തെ നിർണ്ണയിക്കുക— ഗ്രഹങ്ങളുടെഗതിഭേദംകൊണ്ടു മരണനിർണ്ണയം മുതലായവ. 321—327.

അധ്യായം 33.

അവാരണീയം:— മഹാരോഗങ്ങളും— ഗോന്ദരം, അശ്മരി, മൂഢഗർഭം, ജ്വരം, അതിസാരം, ക്ഷയം, മഹോദരം, കുഷ്ഠം, പ്രമേഹം, വിദ്രധി, പാണ്ഡു, രക്തപിത്തം, ഉന്മാദം, അപസ്മാരം എന്നി രോഗങ്ങളിൽ കാണുന്ന അസാദ്ധ്യലക്ഷണങ്ങളുടെ വിവരണം. ... ... 323-334.

അധ്യായം 34.

യുക്തസേനീയം:— യുദ്ധസമയത്തു രാജാവിനേയും സൈന്യത്തേയും വൈദ്യൻ രക്ഷിക്കണം— കാലമൃത്യു അകാലമൃത്യു— സൈന്യങ്ങളുടെ ഇടയിൽ യുദ്ധസ്ഥലത്തു വൈദ്യൻ ചെന്നു താമസിക്കേണ്ടതു— ചികിത്സയ്ക്കുള്ള നാലു പാദങ്ങളും അവയുടെ ഗുണങ്ങളും ഫലവും. ... ... 334—340.

അധ്യായം 35.

ആതുരോപക്രമണീയം:— ദീർഘായുസ്സിന്റെയും അല്പായുസ്സിന്റെയും മദ്ധ്യായുസ്സിന്റെയും ലക്ഷണങ്ങളും— ദേഹപ്രകൃതികളും— അംഗങ്ങളും അളന്നുനോക്കുന്ന ക്രമം— സാദ്ധ്യാസാദ്ധ്യയാപ്യവ്യാധികളും— ഔപസർഗ്ഗികം, പ്രാക്കേവലം, അന്യലക്ഷണം എന്ന മൂന്നുജാതി വ്യാധികളും— ജഠരാഗ്നിയുടെ അവസ്ഥാഭേദങ്ങളും— ബാല്യം മുതലായ മൂന്നവസ്ഥകളും— ഓരോ അവസ്ഥകളിലും വാതപിത്തകഫങ്ങളുടെ സ്വഭാവഭേദങ്ങളും— ആതുരഭേദം മുതലായ ദേശഭേദലക്ഷണങ്ങളും.... ... 341—364.

അധ്യായം 36.

മിശ്രകം:— വീക്കത്തിനുള്ള പല ഔഷധങ്ങളും— പഴുപ്പിക്കാനുള്ള കഴുകുകയും— പൊട്ടാനുള്ളവ— വലം വാങ്ങാതെപോകുന്നതിനു— വ്രണത്തിൽ പുകയേല്പിക്ക— ഉണങ്ങാനുള്ള മരുന്നും മഠവും.... .... 364—371.

അധ്യായം 37.

ഭൂമിപ്രവിഭാഗവിജ്ഞാനീയം:— ഭൂമിയുടെ പരീക്ഷകളും— അതിന്റെ ലക്ഷണങ്ങളും— മരുന്നുകളും പറിച്ചെടുക്കുമ്പോളും അവയെ പരീക്ഷിച്ചുരിയുക— പുതിയതും പഴയതുമായി എടുക്കേണ്ടുന്ന മരുന്നുകളും— മരുന്നുകളെ എങ്ങിനെ നോക്കിപ്പാക്കാം— മരുന്നുണ്ടാക്കി സൂക്ഷിച്ചുവെക്കാനുള്ള വൈദ്യശാലയുടെ സവിസ്തരായം. 372—379.

അധ്യായം 38.

ദ്രവ്യസംഗ്രഹണീയം:— മുപ്പത്തേഴുകൂട്ടം ഔഷധഗണങ്ങളും— അവയുടെ പര്യായാഗക്രമങ്ങളും. ... ...379—394.

അധ്യായം 39.

സംശോധനസംശമനീയം:— വമനഗണം— ശോധനഗണം— വമനവും വിരേചനവും വരുത്തുന്ന ഗണങ്ങളും— നസ്യൗഷധഗണവും— വാതാദിശമനൌഷധഗണങ്ങളും— മരുന്നുകൊടുക്കുമ്പോൾ നോക്കേണ്ടും സംഗതികളും..... 394—400.

അധ്യായം 40.

ദ്രവ്യരസഗുണവീര്യവിപാകവിജ്ഞാനീയം:— രോഗശാന്തിയ്ക്കുന്നു കായ്ക്കുന്നതിൽ ദ്രവ്യമാണ മുഖ്യമെന്നതിനുള്ള ന്യായങ്ങൾ— രസമാണ പ്രധാനമെന്നുള്ള മറ്റു ചിലരുടെ വാദവും അവരുടെ ന്യായങ്ങളും— വീര്യം പ്രധാനമെന്ന വാദിക്കുന്നവരുടെ ന്യായങ്ങൾ— വിപാകമെന്നതിന്റെ സ്വഭാവങ്ങളും വിപാകമാണ പ്രധാനമെന്ന വാദവും— ദ്രവ്യരസവീര്യവിപാകങ്ങൾ നാലും പ്രധാനം തന്നെയെന്നും അതുകൊണ്ട ദ്രവ്യം പ്രധാനമെന്നുമുള്ള സിദ്ധാന്തസ്ഥാപനം— ഔഷധങ്ങളുടെ പ്രഭാവങ്ങൾ യുക്തികൊണ്ടല്ല, ശാസ്ത്രംകൊണ്ടാണ് ഉപഭിച്ചറിയേണ്ടതെന്ന ... ...401—413.

അധ്യായം 41.

ദ്രവ്യവിശേഷവിജ്ഞാനീയം:— പഞ്ചഭൂതങ്ങളുടെ സ്വഭാവസംബന്ധംപ്രമാണിച്ച് ഔഷധങ്ങൾക്കുണ്ടാകുന്ന ഗുണം നിർണ്ണയിക്കുക— പൃഥിവി, ജലം മുതലായ ഭൂതങ്ങളുടെ സംബന്ധമധികമുള്ള ദ്രവ്യങ്ങൾക്കുള്ള പ്രത്യേകലക്ഷണങ്ങൾ— കാലം, കർമ്മം, വീര്യം, അധികരണം, ഉപായം, ഫലം— വിരേചനാദിക്രിയകളെ ദ്രവ്യങ്ങളങ്ങിനെ നടത്തുന്നു— ഏതുതരം ഭൂതഗുണമുള്ള ദ്രവ്യങ്ങളാണ വാതാദികളെ ശമിപ്പിക്കയും വർദ്ധിപ്പിക്കയും കോപിപ്പിക്കയും ചെയ്യുന്നതു് എന്നു— ഔഷധവീര്യനിരൂപണം— അവയുടെ രസം അറിയാനുള്ള ലക്ഷണങ്ങൾ ... ... 413—421.

അധ്യായം 42.

രസവിശേഷവിജ്ഞാനീയം:— രസവിഭാഗങ്ങളും അതിന്റെ കാരണങ്ങളും— പഞ്ചഭൂതങ്ങൾക്കും രസങ്ങൾക്കുമുള്ള സംബന്ധം— സൌമ്യാഗ്നേയരൂപങ്ങളായ രസഭേദങ്ങൾ— വായു, പിത്തം, കഫം എന്നിവയുടെ ഗുണവും മറും— മധുരാദിരസങ്ങളുടെ ലക്ഷണവും വ്യാപാരവും അവ ഓരോന്നും തനിച്ചധികം ഉപയോഗിച്ചാലുള്ള ദോഷങ്ങളും— മധുദ്രവ്യഗണം, അമ്ലദ്രവ്യഗണം മുതലായ ഗണങ്ങൾ— രസങ്ങൾ അറുപത്തിമൂന്നുവിധമാണെന്നു് ... ... 421—434.

അധ്യായം 43.

വമനദ്രവ്യവികല്പം:— മലംകാരപ്പൂ, അതിൻകായ മുതലായതുകൊണ്ടുണ്ടാക്കുന്ന വമനൌഷധയോഗങ്ങൾ— വമനക്രിയാസമയത്തു ചൊല്ലേണ്ടും മന്ത്രം— ദോഷത്തോളികൊണ്ടുള്ള വമനയോഗങ്ങൾ— പിത്തങ്ങൾകൊണ്ടുള്ള യോഗങ്ങൾ... ...435—441.

അധ്യായം 44.

വിരേചനദ്രവ്യവികല്പം:— ത്രികോൽപാകാന്ത മുതലായ വിരേചനമുഖ്യൌഷധങ്ങൾ— വിരേചനയോഗങ്ങൾ— വിരേചനമാം സരസം— വിരേചനത്തിനുള്ള അസവങ്ങൾ, സൌവീരങ്ങൾ, തുഷോദകങ്ങൾ മുതലായവ— ത്രികോൽപാകത്തെ

ന്നപോലെ നാകരാന്തികൊണ്ടും വിരേചനയോഗമുണ്ടാക്കേണ്ടുന്ന രീതികളും— വിരേചനത്തിന്നു കായകളും, പശുകളും, മുതലായവ— മദ്യത്തിലും ഔഷധം മുതലായതുണ്ടു വിരേചനം വരുത്തുക ... ... 443—463.

അധ്യായം 45.

ദ്രവദ്രവ്യവിധി:— ജലവർഗ്ഗം— പലമാതിരി ജലങ്ങളും അവയുടെ ശുദ്ധിയെയ്യേണ്ടും ക്രമവും അവയുടെ ഗുണങ്ങളും— ക്ഷീരവർഗ്ഗം— പശുആദി പാലുകളുടെ ഗുണങ്ങളും— ദധിവർഗ്ഗം— പലമാതിരി തൈരുകളുടെ ഗുണങ്ങളും— തക്രവർഗ്ഗം— പലമാതിരി മോരുണ്ടാക്കുന്ന ക്രമവും അവയുടെ ഗുണങ്ങളും— നിലാർ മുതലായവയുടെ ഗുണങ്ങളും— പലവിധത്തിലുള്ള ഘൃതങ്ങളും— അവയുടെ ഗുണങ്ങളും— തൈലവർഗ്ഗം— പല തൈലങ്ങളുടെയും ഗുണങ്ങളും— നാട്ടിലും കാട്ടിലുമുള്ള പല മൃഗങ്ങളുടെയും കൊഴുപ്പിന്നുള്ള ഗുണങ്ങളും— മധുവർഗ്ഗം— തേനിൻറെ പലമാതിരി വിഭാഗങ്ങളും അവയുടെ ഗുണങ്ങളും— ഇക്ഷുവർഗ്ഗം— കരിമ്പിൻനീരുകൊണ്ടുണ്ടാക്കുന്ന വെല്ലം, പഞ്ചസാര മുതലായതിന്നുള്ള പ്രത്യേകഗുണങ്ങളും— മദ്യവർഗ്ഗം— പല ജന്തുക്കളുടെയും മൂത്രത്തിന്നുള്ള ഗുണങ്ങളും ... ...463—529

അധ്യായം 46.

അന്നപാനവിധി:— ശാലി, ഷഷ്ടികം, വ്രീഹി, കുധാന്യം, വൈദളം, മുൾഗം, യവം, ഗോതമ്പു, ശിംബിധാന്യം മുതലായ ധാന്യങ്ങളുടെ വിവരണങ്ങളും— ധാന്യങ്ങളുടെ മൂപ്പിന്നനുസരിച്ചു അവയുണ്ടാകുന്ന ഗുണങ്ങളും— വിരുദ്ധധാന്യങ്ങളും— മാംസവർഗ്ഗം— മാംസങ്ങളുടെ തരംതിരിക്കൽ— വിഷ്കിരവർഗ്ഗം— വിഷ്കിരമാംസങ്ങളുടെയുള്ള സാധാരണഗുണങ്ങളും— പ്രതുദശബ്ദാർത്ഥം— പ്രതുദവർഗ്ഗത്തിലെ ജന്തുക്കളും— ഗുഹയിലും രന്ധ്രങ്ങളിലും കിടക്കുന്ന ജന്തുക്കളും— പ്രസഹജന്തുവർഗ്ഗം— പ്രസഹമാംസത്തിന്നുള്ള ക്ഷയരോഗശമനശക്തി— പല ജന്തുക്കളുടെയും മാംസത്തെപ്പറ്റി വിസ്തരമായ ഗുണനിരൂപണം— ഫല വർഗ്ഗം— പല പഴങ്ങളുടേയും ഗുണനിരൂപണം— ശാകവർഗ്ഗം— ശാകങ്ങളുടെ ഗുണങ്ങൾ— കന്ദവർഗ്ഗം— ലവണവർഗ്ഗം— പലക്ഷാരം മുതലായ ക്ഷാരങ്ങളുടെ ഗുണങ്ങളും— സ്വർണ്ണം, ഇരുമ്പു, വെള്ളി മുതലായ ലോഹങ്ങളുടെ ഗുണങ്ങളും— ഇതിൽ പറഞ്ഞിട്ടില്ലാത്ത ദ്രവ്യങ്ങളുടെ ഗുണങ്ങളെ അനുമാനിച്ചറിയേണ്ടുവിധം— കൃതാന്നവർഗ്ഗം— കഞ്ഞി, യാഗു, പലമാതിരി മാംസപാകങ്ങളും, പലഹാരങ്ങളും ഇവയുടെ സ്വഭാവവും ഗുണവും— അന്നപാനങ്ങളും— അശനാശനം കഴിക്കേണ്ടുന്ന ക്രമങ്ങളും— അഗ്നിമാന്ദ്യത്തിന്നുള്ള സാധാരണകാരണങ്ങളും— അതിൻറെ ചികിത്സ— ആഹാരം അമിതവും അല്പവുമായാലുണ്ടാകുന്ന ലക്ഷണവും ചികിത്സയും— വിഷമാശനം— ദഹിക്കാത്ത സമയത്തുള്ള തുടർച്ച തോന്നുന്നതിൻറെ കാരണം— അജീർണ്ണത്തിന്നുശേഷം ചെയ്യേണ്ടുന്നതും ചെയ്യരുതാത്തതും... ... ... 530—567.

ശ്രീഗണേശായനമഃ.

സുശ്രുതസംഹിതാ

സൂത്രസ്ഥാനം.

പ്രഥമോദ്ധ്യായഃ.

അഥാതോ വേദോൽപത്തിം നാമാധ്യായം വ്യാഖ്യാസ്യാമഃ യഥോവാച ഭഗവാൻ ധന്വന്തരിഃ സുശ്രുതായ. 1.

അഥ ഖലു ഭഗവന്തമമരവരമൃഷിഗണപരിവൃതമാശ്രമസ്ഥം കാശിരാജം ദിവോദാസം ധന്വന്തരിമൗപധേനവമൗരഭ്രമൈഷ്കലാവതകരവീര്യഗോപുരരക്ഷിതസുശ്രുതപ്രഭൃതയ ഊചുഃ—"ഭഗവൻ! ശാരീരമാനസാഗന്തുസ്വാഭാവികൈർവ്യാധിഭിർവിവിധവേദനാഭിരാതുരാപദ്യമാനാൻ സനാഥാനനാഥവദുപലഭ്യമാനാൻ വിക്രോശതശ്ച മാനവാനഭിസമീക്ഷ്യ മനസി നഃ പീഡാ ഭവതി. തേഷാം സുഖൈഷിണാം രോഗോപശമമാർഗ്ഗമാത്മനശ്ച പ്രാണയാത്രാർത്ഥം പ്രജാ

ഒന്നാമദ്ധ്യായം.

* ഇവിടെ വേദോൽപത്തി എന്ന പേരായ (ആയുർവേദത്തിന്റെ ഉൽപത്തിയെപ്പറ്റി പറയുന്ന) അദ്ധ്യായത്തെ, ധന്വന്തരി ഭഗവാൻ സുശ്രുതനോടു പറഞ്ഞതിന്നനുസരിച്ചു, പറവാൻപോകുന്നു. 1.

ഒരിക്കൽ ദേവശ്രേഷ്ഠനും ധന്വന്തരിഭഗവാന്റെ അവതാരവും

---

* സുശ്രുതസംഹിത, ധന്വന്തരിഭഗവാൻ തന്റെ ശിഷ്യനായ സുശ്രുതനുപദേശിച്ചതാകുന്നു. ആ ഗ്രന്ഥമിപ്പോൾ കിട്ടുന്നില്ല. അതിനെ ഒന്നുകൂടി സംസ്കരിച്ച നാഗാർജ്ജുനനെന്നുപേരായ ഒരു പണ്ഡിതൻ എഴുതിയതാണ് ഈ സുശ്രുതസംഹിത. ഈ പക്ഷം ഭല്ലനാചാര്യൻ വ്യാഖ്യാനത്തിൽ വിവരിച്ചിരിക്കുന്നു. ചില നവീനന്മാർ സ്വകപോലകൽപിതമായ ചില യുക്തികളെക്കൊണ്ട് സുശ്രുതൻ ഇല്ലാതെന്നായാണെന്നു സ്ഥാപിക്കയും ചെയ്യുന്നു. "യഥോവാച ഭഗവാൻ ധന്വന്തരിഃ സുശ്രുതായ" എന്നതിൽ സുശ്രുതൻ തന്റെ പേരുതന്നെ എഴുതിയിരിക്കുന്നതുകൊണ്ട് അതു മറ്റാരാലോ പറഞ്ഞതായിരിക്കണമെന്നു വിചാരിക്കേണ്ടതില്ല; എന്നാണ് അവരുടെ വാദം.

ഹിതഹേതോരായുർവ്വേദം ശ്രോതുമിച്ഛാമ ഇഹോപദിശ്യമാനമ്. അത്രാ യത്തമൈഹികമാമുഷ്മികഞ്ച ശ്രേയഃ. തദ്ഭഗവന്തമുപപന്നാഃ സ്മഃ ശി ഷ്യത്വേനേതി". താനുവാച ഭഗവാൻ—"സ്വാഗതം വഃ. സുപ്രീ വാമീമാംസ്യാ അധ്യായ്യാശ്ച ഭവന്തോ വത്സാഃ! 2.

കാശിരാജാവുമായ് ദിവോദാസൻ * മഹർഷിമാരോടുകൂടി ആശ്രമ ത്തിൽ § എഴുന്നള്ളിയിരിക്കുന്ന സമയത്ത് ഔപധേനവൻ, വൈ തരണൻ, ഔരഭ്രൻ, പൌഷ്കലാവതൻ, കരവീര്യൻ, ഗോപുരരക്ഷിതൻ, സുശ്രുതൻ മുതലായവർ ചെന്ന് അദ്ദേഹത്തോട്. താഴെ പറയും പ്രകാ രം ഉണർത്തിച്ചു:—"അല്ലയോ ഭഗവാനേ! മനുഷ്യന്മാർ ശരീരത്തെസം ബന്ധിച്ചും, മനസ്സിനെസംബന്ധിച്ചും, ആഗന്തുകമായും നിജമായും ഇരിക്കുന്ന വ്യാധികൾനിമിത്തം പലവിധം വേദനകളിൽപ്പെട്ട് കഷ്ട പ്പെട്ട്, ബന്ധുക്കളുണ്ടായിരുന്നാലും അനാഥന്മാരെപ്പോലെ വലയുന്നു; ഇതു കാണുമ്പോൾ ഞങ്ങൾക്ക് വളരെ മനോദുഃഖമുണ്ടാകുന്നു; രോഗം മാറി സുഖമാകേണമെന്നാഗ്രഹിക്കുന്ന അവർക്കായിട്ടാണ്ടും, ഞങ്ങൾക്ക് ശരിയായി സൽകർമ്മങ്ങൾ ചെയ്ത് ജീവിക്കുന്നതിന്നായിക്കൊണ്ടും, പ്രജ കൾക്ക് ക്ഷേമത്തിന്നായിക്കൊണ്ടും, ആയുർവ്വേദത്തെ ഇവിടുന്ന് ഞങ്ങൾ ക്കുപദേശിക്കേണമെന്നപേക്ഷിക്കുന്നു. ഇഹപരലോകസുഖങ്ങൾക്ക് ഈ ആയുർവ്വേദമാണ് ആശ്രയമായിരിക്കുന്നത്. അതുകൊണ്ടു ഞ ങ്ങൾ ഇതാ ഇവിടുത്തെ ശിഷ്യന്മാരായി വന്നിരിക്കയാണു". ഇങ്ങി നെ ഋഷികളുടെ വാക്കുകേട്ടതിന്നുശേഷം ഭഗവാൻ അവരോടു പറഞ്ഞു. "അല്ലയോ വത്സന്മാരേ! നിങ്ങൾക്കു സ്വാഗതം ഭവിക്കട്ടെ നിങ്ങൾ എല്ലാവരും യഥാർത്ഥത്തിൽ എന്റെ ശിഷ്യന്മാരായിരിപ്പാനർഹതയുള്ള വർ തന്നെ എന്നതിന്നു സംശയമില്ല. 2.

* കാശിരാജന്റെ മകൻ ദിഗ്വതമസ്സും അവന്റെ മകൻ ധന്വന്തരിയും അവ ന്റെ മകൻ കേതുമാനും അവന്റെ മകൻ ഭീമരഥനും അവന്റെ മകൻ ദിവോദാസനും ആകുന്നു; എന്നു വിഷ്ണുപുരാണത്തിലുണ്ട്. അപ്പോൾ ദിവോദാസൻ ധന്വന്തരിയു ടെ പ്രപൌത്രനാണെന്നു വരുന്നു. ഈ ഗ്രന്ഥത്തിൽ ധന്വന്തരിയെതന്നെ ദിവോദാ സനാണെന്നു പറയുന്നതു ദിവോദാസങ്കൽ ധന്വന്തരിയുടെ മാഹാത്മ്യത്തെ അരോപി ച്ചുംകൊണ്ടാണ് എന്നു ചിലരും, ധന്വന്തരിക്കുതന്നെ ദിവോദാസനെന്നു വേറൊരു പേ രുകൂടി ഉണ്ടായിരിക്കാമെന്നു വേറെ ചിലരും പറയുന്നു. "സുശ്രുതാർത്ഥസന്ദീപനഭാ ഷ്യം" എഴുതിയ "ഹരണചന്ദ്രചക്രവർത്തി" എന്ന പണ്ഡിതൻ ഇവിടെ "ദിവോദാ ശം" എന്നു പാഠഭേദംവരുത്തി, "ദേവന്മാരാൽകൂടി പൂജ്യൻ" എന്ന് അ പദത്തിന്നർത്ഥം പറഞ്ഞ് ധന്വന്തരിയുടെ വിശേഷണമാക്കിത്തീർത്തിരിക്കുന്നു.

§ "വാനപ്രസ്ഥാശ്രമത്തിൽ" എന്നാണ് ഭല്ലനാചാര്യന്റെ അഭിപ്രായം.

ഇഹ ഖലു പുരായുർവ്വേദോ നാമ യദുപാംഗമഥർവ്വവേദസ്യാനുത്പാ
ദ്യൈവ പ്രജാഃ ശ്ലോകശതസഹസ്രമധ്യായസഹസ്രഞ്ചകൃതവാൻ സ്വ
യംഭൂഃ. തതോല്പായുഷ്ട്വമല്പമേധസ്ത്വഞ്ചാവലോക്യ നരാണാം ദ്വ്യേ
ഷ്ടധാ പ്രണീതവാൻ—

തദ്യഥാ—ശല്യം ശാലാക്യം കായചികിത്സാ ഭൂതവിദ്യാ കൌമാര
ഭൃത്യമഗദതന്ത്രം രസായനതന്ത്രം വാജീകരണതന്ത്രമിതി. 3.

അഥാസ്യ പ്രത്യംഗലക്ഷണസമാസഃ. തത്ര ശല്യം നാമ വിവി
ധതൃണകാഷ്ഠപാഷാണപാംസുലോഹലോഷ്ടാസ്ഥിബാലനഖപൂയാസ്രാ
വാന്തർഗ്ഭശല്യോദ്ധരണാർത്ഥം യന്ത്രശസ്ത്രക്ഷാരാഗ്നിപ്രണിധാനവ്രണ
വിനിശ്ചയാർത്ഥഞ്ച. 4.

ഇവിടെ ആയുർവ്വേദമെന്നതു് അഥർവ്വവേദത്തിന്റെ ഉപാംഗമാ
കുന്നു. ഇതിനെ ബ്രഹ്മാവു്, സൃഷ്ടിക്കുമുമ്പേതന്നെ ലക്ഷംശ്ലോകങ്ങള
ള്ള ആയിരം അധ്യായങ്ങളാക്കി നിർമ്മിച്ചു. പിന്നെ മനുഷ്യന്മാർ അ
ല്പായുസ്സുകളും അല്പബുദ്ധികളുമാണെന്നു കണ്ടു്, അതിനെ എട്ടു ഭാഗമാ
ക്കിച്ചമച്ചു. ശല്യം, ശാലാക്യം, കായചികിത്സാ, ഭൂതവിദ്യാ, കൌമാര
ഭൃത്യം, അഗദതന്ത്രം, രസായനതന്ത്രം, വാജീകരണതന്ത്രം, ഇവയാകു
ന്നു ആ എട്ടു ഭാഗങ്ങളും. 3.

ഇനി ഈ അംഗങ്ങളുടെ ഓരോന്നിന്റെയും ലക്ഷണങ്ങളെ ചുരു
ക്കിപ്പറയുന്നു:—

* ശല്യം—ഏതെങ്കിലുംവിധത്തിൽ അംഗങ്ങളിൽ പെട്ടിട്ടുള്ള
പുല്ലു്, വിറകു്, കല്ലു്, പൊടി, ഇരുമ്പു്, മൺകട്ട, എല്ലു്, തല
രോമം, നഖം മുതലായവയേയും ചോരകൊണ്ടു കട്ടപിടിച്ചുകിടക്കു
ന്നതിനേയും ചലം, ഗർഭം എന്നിവയേയും എടുത്തു വേർപെടുത്തുക,
ഓരോ യന്ത്രശസ്ത്രങ്ങളെ ഉപയോഗിക്കുക, പൊള്ളിക്കുക, ക്ഷാരംവെക്കു
ക എന്നീവകപ്രയോഗങ്ങളെപ്പറ്റിയും വ്രണങ്ങളുടെ ലക്ഷണങ്ങ
ളേയും ചികിത്സകളേയും സംബന്ധിച്ചും ശല്യതന്ത്രത്തിൽ വിവരി
ക്കുന്നു. 4.

---

* ദേഹത്തിൽ എവിടെയെങ്കിലും കടന്നു് വേദനയുണ്ടാക്കിക്കൊണ്ടിരിക്കുന്ന
എല്ലാ പദാർത്ഥവും ശല്യമാകുന്നു.

ശാലാക്യം നാമ ഊർദ്ധ്വജത്രുഗതാനാം ശ്രവണനയനവദനാദ്യോ ണാദിസംശ്രിതാനാം വ്യാധീനാമുപശമനാർത്ഥം. 5.

കായചികിത്സാ നാമ സർവ്വാംഗ സംശ്രിതാനാം വ്യാധീനാം ജ്വരാ തിസാരരക്തപിത്തശോഷോന്മാദാപസ്മാരകുഷ്ഠമേഹാദീനാമുപശമനാർത്ഥം. 6.

ഭൂതവിദ്യാ നാമ ദേവാസുരഗന്ധർവ്വയക്ഷരക്ഷഃപിതൃപിശാചനാഗ ഗ്രഹാദ്യുപസൃഷ്ടചേതസാം ശാന്തികർമ്മബലിഹരണാദി ഗ്രഹോപശ മനാർത്ഥം. 7.

കൌമാരഭൃത്യം നാമ കുമാരഭരണധാത്രീക്ഷീരദോഷസംശോധനാ ർത്ഥം ദുഷ്ടസൂന്യഗ്രഹസമുത്ഥാനാഞ്ച വ്യാധീനാമുപശമനാർത്ഥം. 8.

---

* ശാലാക്യം— ചെവി, കണ്ണ്, വായ, മൂക്ക് മുതലായ കഴുത്തിന് മേല്പെട്ട് അംഗങ്ങളിൽ, വന്നുകൂടുന്ന വ്യാധികളുടെ ചികിത്സാക്രമമാകുന്നു. 5.

§ കായചികിത്സാ— ജ്വരം, അതിസാരം, രക്തപിത്തം, ശോഷം, ഉന്മാദം, അപസ്മാരം, കുഷ്ഠം, പ്രമേഹം മുതലായി ദേഹത്തിലെങ്ങും സംബന്ധിച്ച് വരുന്ന രോഗങ്ങളുടെ ചികിത്സാക്രമമാകുന്നു. 6.

ഭൂതവിദ്യാ—ദേവന്മാർ, അസുരന്മാർ, ഗന്ധർവ്വന്മാർ, യക്ഷന്മാർ, രാക്ഷസന്മാർ, പ്രേതങ്ങൾ, പിശാചങ്ങൾ, നാഗങ്ങൾ എന്നിങ്ങിനെയുള്ള ഗ്രഹങ്ങൾ മുതലായവരുടെ ബാധകൊണ്ട് മനസ്സ് തകരാറായവക്കുവേണ്ടി ആ ഗ്രഹങ്ങൾക്കായി ഹോമം മുതലായതു ചെയ്യുക, ബലിവെക്കുക, ഈ വക ക്രിയകളെ ഈ തന്ത്രത്തിൽ പറയുന്നു. 7.

കൌമാരഭൃത്യം (കുട്ടികളെ വളർത്തൽ)— കുട്ടികളെ വളർത്തുക, അമ്മയുടെ മുലപ്പാലിന്റെ ദോഷം പരിശോധിച്ചു ചികിത്സിക്കുക, ആ ദോഷംകൊണ്ടുണ്ടാകുന്ന ബാലരോഗങ്ങളെ ശമിപ്പിക്കുക, എന്നി വിഷയങ്ങളാകുന്നു ഈ അംഗത്തിൽ ഉൾപ്പെട്ടിരിക്കുന്നത്. 8.

---

* "ശലാകാ" എന്ന പദത്തിൽനിന്നുണ്ടായ ഒരു പദമാകുന്നു ശാലാക്യമെന്നത്രേ. ചെവിമുതലായ (കഴുത്തിൽനിന്നു മേല്പെട്ടുള്ള) അംഗങ്ങളിലുണ്ടാകുന്ന രോഗങ്ങളിൽ ശലാകയുടെ ഉപയോഗം ചികിത്സയിൽ അധികമുള്ളതുകൊണ്ട് ഈ ആയുർവ്വേദഭാഗത്തിന്നു ശാലാക്യമെന്നു പേരുണ്ടായതാകുന്നു.

§ കായശബ്ദത്തിന്നു ജഠരാഗ്നിയെന്നർത്ഥമുണ്ട്. അഗ്നിദോഷംകൊണ്ടു സപൂധാതുക്കൾക്കും ദോഷം വരാവുന്നതാണ്. അതുകൊണ്ട് സപൂധാതുക്കളേയും സംബന്ധിച്ചുണ്ടാകുന്ന രോഗങ്ങളുടെ ചികിത്സക്ക് കായചികിത്സ എന്നു പേർ. കായം മധ്യശരീരമാണെന്നും പക്ഷമുണ്ട്. ആ പക്ഷത്തിലും താൽപര്യം മേൽപ്രകാരംതന്നെ.

അഗദതന്ത്രം നാമ സർപ്പകീടലൂതാവൃശ്ചികമൂഷികാദിഭിഷ്ടവിഷവ്യ ഞ്ജനാർത്ഥം വിവിധവിഷസംയോഗവിഷോപഹതോപശമനാർത്ഥമ്. 9

രസായനതന്ത്രം നാമ വയസ്സ്ഥാപനമായുർമ്മേധാബലകരം രോഗാപഹരണസമർത്ഥം. 10

വാജീകരണതന്ത്രം നാമ അല്പദുഷ്ടവിശുഷ്കക്ഷീണരേതസാമാപ്യായനപ്രസാദോപചയജനനനിമിത്തം പ്രഹർഷജനനാർത്ഥം. 11

ഷ്വിവമയമായുർവ്വേദോഷ്ടാംഗ ഉപദിശ്യതെ. അത്ര കതരസ്മിൻ കിമുച്യതാം" ശ്രുതി. ത ഊചുഃ "അസ്മാകം സർവ്വേഷാമേവ ശല്യജ്ഞാനം മൂലം കൃത്വോപദിശതു ഭഗവാൻ" ശ്രുതി. സ ഉവാച "ഷ്യുവമസ്തു" ശ്രുതി. ത ഊചുർഭൂയോപി ഭഗവന്തമ്. "അസ്മാകമേകമതീനാം മ

---

* അഗദതന്ത്രം—പാമ്പ്, പുഴു, എട്ടുകാലി, തേൾ, എലി മുതലായ വിഷജന്തുക്കൾ കടിച്ചുണ്ടാകുന്ന വിഷത്തിന്റെ ലക്ഷണത്തെയും പലവിധം സ്ഥാവിഷങ്ങൾ, കൃത്രിമവിഷം മുതലായതിനാൽ പീഡിതന്മാരായവർക്കുള്ള ചികിത്സയും ഇതിൽ കാണിച്ചിരിക്കുന്നു. 9

രസായനതന്ത്രം— യൗവനം, ആയുസ്സ്, ബുദ്ധി, ബലം എന്നിവയെ നിലനിർത്തുകയും രോഗത്തിൽ രോഗമില്ലാതാക്കിത്തീർക്കുകയും ചെയ്യുന്ന പ്രയോഗങ്ങൾ ഇതിൽ വിവരിക്കപ്പെടുന്നു. 10

വാജീകരണതന്ത്രം— ഇതു ശുക്ലം അല്പമാകുന്നോ വാതാദിദോഷങ്ങളാൽ ദൂഷിതമായോ വരണ്ടു പോകുകയോ ക്ഷയിക്കുകയോ ചെയ്തിട്ടുള്ള വർക്കു ശുക്ലത്തിന്നു പുഷ്ടിയും തെളിവും വർദ്ധനയും ഉണ്ടാക്കി സ്ത്രീവിഷയസുഖത്തെ വർദ്ധിപ്പിക്കുന്നതിനുള്ള പ്രയോഗങ്ങളോടുകൂടിയതാകുന്നു. 11

ഇങ്ങിനെയുള്ള എട്ടംഗങ്ങളാകുന്ന ആയുർവ്വേദത്തിന്നു പായപ്പെട്ടിരിക്കുന്നത്. ഇവയിൽ വെച്ച് ഏതംഗത്തെ ശല്യത്തോടു ഞാൻ ഉപദേശിക്കണം എന്നപായുവിൻ." എന്നിങ്ങിനെ ഗുരു പറഞ്ഞതു കേട്ടു ശിഷ്യന്മാർ, "ശല്യതന്ത്രത്തെ പ്രധാനമായി വെച്ചു ഞങ്ങൾക്കെല്ലാവർക്കും കൂടി ഉപദേശിക്കണം" എന്നപേക്ഷിച്ചു. "ആ വിധമാകട്ടെ" എന്നു പറഞ്ഞ ഗുരുവിനോട് അവർ പിന്നെയും പറഞ്ഞു.

---

* അഗദശബ്ദത്തിന്നു ഔഷധമെന്നർത്ഥമാണ്. ഈ പ്രകൃതത്തിൽ വിഷത്തിനുള്ള ഔഷധമെന്നർത്ഥമാകുന്നു.

† വിഷവീര്യമുള്ള വൃക്ഷാദികളിൽനിന്നുണ്ടാകുന്ന വിഷം.

തമഭിസമീക്ഷ്യ സുശ്രുതം ഭഗവന്തം പ്രക്ഷ്യന്തി. അതസ്മ മോപദിശ്യമാനം വയമപ്യുപധാരയിഷ്യാമഃ". സഹോവാച: "ഏവമസ്തു" ഇതി. "വത്സ! സുശ്രുത! ഇഹ ഖലു പായുർവ്വേദപ്രയോജനം വ്യാധ്യുപസൃഷ്ടാനാം വ്യാധിപരിമോക്ഷഃ സ്വസ്ഥസ്യ രക്ഷണഞ്ച. 12

"ആയുരസ്മിൻ വിദ്യതെ" "അനേന വാ ആയുർവ്വിന്ദതി" ഇത്യായുർവ്വേദഃ. തസ്യാംഗവരമാദ്യമാഗമപ്രത്യക്ഷാനുമാനോപമാനൈരുപധാര്യമാണമുപധാരയ. 13

പ്രിതദ്ധ്യാഗം പ്രഥമം പ്രാഗഭിഘ്നാതവ്രണസംരോഹാദ്ധ്യജ്ഞശിരഃസന്ധാനാച്ച. ശ്രൂയതെ ഹി ധഥാ "ദക്ഷേണ യജ്ഞസ്യ ശിരഃ പുരിനാമിതി. തതോ ദേവാ അശ്വിനാവഭിഗമ്യോചുഃ. "ഭഗവന്തൗ! നഃ ശ്രേഷ്ഠതമൗ യുവാം ഭവിഷ്യഥഃ. ഭവദ്ഭ്യാം യജ്ഞസ്യ ശിരഃ സന്ധാതവ്യമ്". താവൂചതുഃ "ഏവമസ്തു" ഇതി. അഥ തയോരർത്ഥേ

"അല്ലയോ ഭഗവൻ! ഈ കാര്യത്തിൽ ഞങ്ങൾക്കെല്ലാവർക്കും അഭിപ്രായം ഒരു വിധത്തിലുള്ളതാകയാൽ അതിനെ അറിഞ്ഞുംകൊണ്ടു സുശ്രുതൻ ഇവിടെ ചോദ്യം ചെയ്യും. ഇവനോടുമാത്രം ഉപദേശിച്ചാൽ മതി; ഞങ്ങളും കൂടെ കേട്ടു മനസ്സിലാക്കിക്കൊള്ളാം." ഇതുകേട്ട ഉടൻ, "അങ്ങിനെതന്നെ" എന്നനുവദിച്ചു ധന്വന്തരി പറഞ്ഞു. "അല്ലയോ വത്സ! സുശ്രുത! നമ്മുടെ പ്രകൃതമായ ആയുർവ്വേദത്തിനു രണ്ടു കൂട്ടം പ്രയോജനങ്ങളുണ്ട്. ഒന്നു രോഗമുള്ളവരുടെ രോഗത്തെ ശമിപ്പിക്കലും മറ്റൊന്നു, രോഗമില്ലാത്തവർക്ക് അതുവരാതെ രക്ഷിക്കുകയും ആകുന്നു. 12.

"ഇതിങ്കൽ ആയുസ്സുണ്ട്" എന്നോ "ഇതു നിമിത്തം ആയുസ്സുണ്ടാകുന്നു" എന്നോ ഉള്ള അർത്ഥത്തിനാലാണ് ആയുർവ്വേദമെന്ന സംജ്ഞ നിലനില്ക്കുന്നത്. ആ ആയുർവ്വേദത്തിന്റെ പ്രധാനാംഗവും ശബ്ദം, പ്രത്യക്ഷം, അനുമാനം, ഉപമാനം, എന്നിങ്ങിനെയുള്ള നാലു പ്രമാണങ്ങൾക്കും വിരോധം കൂടാതിരിക്കുന്നതുമായ ശല്യമെന്ന ഒന്നാമത്തെ അംഗത്തെ ഞാൻ ഉപദേശിക്കുന്നതു കേട്ടാലും. 13

പണ്ടു (ദേവാസുരയുദ്ധത്തിൽ) അംഗങ്ങൾ മുറിഞ്ഞാൽ കെട്ടിച്ചേർത്തി ഉണക്കുന്ന സമ്പ്രദായം നടന്നിട്ടുള്ളതുകൊണ്ടും യജ്ഞദേവന്റെ ശിരസ്സ് മുറിഞ്ഞതിനെ കൂട്ടിച്ചേർത്തു നന്നാക്കീട്ടുള്ളതുകൊണ്ടും മേൽപറഞ്ഞ ശല്യമെന്ന അംഗം മറവുള്ളവയിൽ വെച്ചു പ്രധാനമാ

വാ ഇന്ദ്രം യജ്ഞഭാഗേന പ്രാസാദയൻ. താഭ്യാം യജ്ഞസ്യ ശിരഃ സംഹിതം" ഇതി. 14

അഷ്ടാസപി പായുർവ്വേദതന്ത്രേഷ്വതദേവാധികമഭിമതമാശു ക്രിയാകരണാദ്യന്ത്രശസ്ത്രക്ഷാരാഗ്നിപ്രണിധാനാൽ സർവ്വതന്ത്രസമാന്യാച്ച. തദിദം ശാശ്വതം പുണ്യം സ്വർഗ്ഗ്യം യശസ്യമായുഷ്യം വൃത്തികരഞ്ചേതി. 15

ബ്രഹ്മാ പ്രോവാച തതഃ പ്രജാപതിരധിജഗേ. തസ്മാദശ്വിനൗ

ണെന്നു വരുന്നുണ്ട്. ആ കഥ താഴെ പറയാം:—

"*പണ്ടു രുദ്രൻ യജ്ഞദേവന്റെ ശിരസ്സിനെ മുറിച്ചു. അപ്പോൾ ദേവന്മാർ അശ്വിനിദേവന്മാരുടെ അടുത്തുചെന്ന്, "അല്ലയോ ഭഗവാന്മാരേ! നിങ്ങൾ യജ്ഞന്റെ ശിരസ്സു കൂട്ടിച്ചേർത്തുതരണം; നിങ്ങൾ അതു നിമിത്തം ഞങ്ങളിൽ ഏറ്റവും ശ്രേഷ്ഠന്മാരായി വരും." ഇങ്ങിനെ ആവശ്യപ്പെട്ടു. അവർ "അങ്ങിനെതന്നെ ഏന്നു പറഞ്ഞു. അപ്പോൾ ദേവന്മാർ ദേവേന്ദ്രനോടു പറഞ്ഞു, അശ്വിനിദേവന്മാക്കു രണ്ടുപക്ഷം വിഭാഗം ഏർപ്പാനുള്ള അവകാശം കൊടുപ്പിച്ചു. അശ്വിനിദേവന്മാരാകട്ടെ യജ്ഞശിരസ്സിനെ ചേർത്തി നന്നാക്കുകയും ചെയ്തു". 14

ആയുർവ്വേദത്തിന്റെ എട്ടംഗങ്ങളിൽ, ശല്യം പ്രധാനമാണെന്നുള്ളതിന്ന് ഇനിയും കാരണങ്ങളുണ്ട്. ഈ ശല്യചികിത്സാ (Surgery) സമ്പ്രദായം വേഗത്തിൽ രോഗശാന്തിവരുത്തും; യന്ത്രം, ശസ്ത്രം, ക്ഷാരം, അഗ്നി എന്നിവയാണ് ഇതിന്നുള്ള ഉപകരണങ്ങൾ. മറ്റുള്ള എട്ടംഗങ്ങളിലും ഇതുകളെക്കൊണ്ടുള്ള പ്രയോഗങ്ങളാവശ്യമായിരിക്കുന്നതാണ്. ഈ വക കാരണങ്ങളെക്കൊണ്ടു ഈ ശല്യതന്ത്രം എന്നെക്കും നിലനിൽക്കുന്നതും പുണ്യവും സ്വർഗ്ഗവും യശസ്സും സമ്പാദിപ്പാൻ ഉപയോഗമുള്ളതും ലോകത്തിൽ ജനങ്ങൾക്കു ദീർഘായുസ്സുണ്ടാകുന്നതിന്നുപകരിക്കുന്നതും സുഖമായി ഉപജീവനം കഴിക്കാൻ സഹായിക്കുന്നതുമാകുന്നു. 15

ഈ ആയുർവ്വേദത്തെ ആദ്യം ഉണ്ടാക്കിയതു ബ്രഹ്മാവാകുന്നു. പ്രജാപതി ബ്രഹ്മാവിൽ നിന്നും അശ്വിനിദേവന്മാർ പ്രജാപതിയിൽ നി

---

* ജരാദിരോഗങ്ങൾക്കുള്ള ചികിത്സകൾക്കു പ്രചാരമുണ്ടാകുംമുമ്പെത്തന്നെ ശസ്ത്രക്രിയ ഒരു പ്രതിഷ്ഠകിട്ടീട്ടുണ്ടെന്നും, ആയുർവ്വേദത്തിന്റെ ശസ്ത്രക്രിയാഭാഗം മറ്റെല്ലാവൈദ്യശാസ്ത്രങ്ങൾക്കും മുമ്പെ ഉള്ളതാണെന്നും ഈ കഥകൊണ്ടു തെളിയുന്നു.

വശപിട്ട്യാമിന്ദ്രഃ ഇന്ദ്രാദഹം മയാ തപിഹ പ്രദേയമസ്മിഭ്യഃ പ്രജാഹിതഹേതോഃ. 16

* ഭവതിചാത്ര —(പദ്യം)

അഹം ഹി ധന്വന്തരിരാദിദേവോ
ജരാരുജാമൃത്യുഹരോമരാണാമ്.
ശല്യാംഗമംഗൈരപരൈരുപേതം
പ്രാപ്തോസ്മി ഗാം ഭദ്രമ ഇഹോപദേഷ്ടുമ്. 17

(ഗദ്യം). അസ്മിൻ ശാസ്ത്രേ പഞ്ചമഹാഭൂതശരീരിസമവായഃ പുരുഷ ഇത്യുച്യതെ. തസ്മിൻ ക്രിയാ സോധിഷ്ഠാനമ്". കസ്മാൽ? ലോകസ്യ തൈപ്രധിഷ്യാൽ. ലോകോ ഹി ദ്വിവിധഃ. സ്ഥാവരശ്ച ജംഗമശ്ച.

ന്നും ഇന്ദ്രൻ അശ്വിനിദേവന്മാരിൽനിന്നും ഈ വിദ്യയെ പഠിച്ചു. ഞാൻ ഇതഭ്യസിച്ചതു ദേവേന്ദ്രങ്കൽനിന്നാകുന്നു. ഇതിനെ ഭൂലോകത്തിൽ ആരാവശ്യപ്പെട്ടാലുവോ അവക്കു ഞാൻ പ്രജാരക്ഷണമാത്രം ഉപദേശിക്കുന്നതുമാകുന്നു. 16

ഞാൻ ദേവന്മാരുടെ രോഗജരാമരണങ്ങളെ തീർത്ത, ആദിദേവനായ ആ ധന്വന്തരിയാകുന്നു. ആയുർവേദത്തിന്റെ മറവുള്ള ഏഴംഗങ്ങളോടുകൂടി മുഖ്യമായി ശല്യമെന്നുള്ള അംഗത്തെ ഭൂമിയിലുള്ളവക്കുപദേശിക്കുവാനാണ്ടുണ്ടു ഞാൻ ഇപ്പോൾ ഇവിടെ ഇങ്ങിനെ അവതരിച്ചിരിക്കയാണ് 17

പഞ്ചഭൂതാത്മകമായ ദേഹത്തെ ധരിച്ചുകൊണ്ടിരിക്കുന്ന ജീവൻ ഈ ശാസ്ത്രത്തിൽ പുരുഷനെന്നുള്ള പേരോടുകൂടി വ്യവഹരിക്കപ്പെടുന്നു. വൈദ്യസംബന്ധമായ ക്രിയകളെല്ലാം (ശസ്ത്രപ്രയോഗം മുതലായത്) പുരുഷങ്കൽ നടത്തപ്പെടുന്നതുകൊണ്ടു പുരുഷനാണ് ഈ ക്രിയ

---

* "ഭവതി ചാത്ര" എന്നതിന്, "ഇവിടെ ഒരു ശ്ലോകമുണ്ട്" എന്നർത്ഥമാണ്. പാഠിച്ചോർമ്മവെക്കാനും കായ്പത്തെ സ്ഥിരീകരിപ്പാനും വേണ്ടി തന്ത്രകാരന്മാർ ചില സംഗതികളെ ശ്ലോകംകൊണ്ടു പറയുക പതിവാണ്. ഇങ്ങിനെയുള്ള ശ്ലോകങ്ങളിലെ സാരാംശം ചില ഘട്ടങ്ങളിൽ അതിനുമുമ്പുള്ള ഗദ്യങ്ങളിൽ പ്രസ്താവിക്കപ്പെട്ടിരിക്കയും ചെയ്യും. ഈയും കായ്പസാരങ്ങളെ വെളിവാക്കുന്നതിനുതന്നെ. "ഗദ്യപദ്യകഥാ യഃ പുനഃ ശ്ലോകൈരുത്സ്രമനുഗീയതെ തദപ്യസ്യ വ്യവസായാത്മാ ദ്വിതീയസ്യ തന്ത്രഗണ്യതെ". എന്നു ചരകത്തിലുണ്ട്.

ദ്വിവിധാത്മക മിവാഗ്നേയസ്സൗമ്യശ്ച തദ്ഭേദസൂചാൽ. പഞ്ചാത്മകൊ വാ. 18

തത്ര ചതുർവ്വിധാ ഭൂതഗ്രാമഃ. സേചജാണ്ഡജോദ്ഭിജ്ജജരായുജ സംജ്ഞഃ. തത്ര പുരുഷഃ പ്രധാനം; തസ്യോപകരണമന്യൽ. തസ്മാൽ പുരുഷോധിഷ്ഠാനമ്. 19

കളുടെ * അധിഷ്ഠാനം. ഏതുകൊണ്ടെന്നാൽ പറയാം. സ്ഥാവരമെന്നും ¶ ജംഗമമെന്നും ലോകം രണ്ടു പ്രകാരത്തിലാണല്ലൊ. ഉഷ്ണസ്വഭാവമധികമുള്ളതും ശീതസ്വഭാവമധികമുള്ളതുമായി ലോകം രണ്ടു വിധത്തിലായി കാണുന്നതുകൊണ്ട് അതിനെത്തന്നെ ആഗ്നേയമെന്നും സൗമ്യമെന്നും രണ്ടു തരമായി ഭാഗിക്കാം. അഥവാ അഞ്ചു ഭൂതങ്ങളുടെ സംയോഗംകൊണ്ടുണ്ടായതാകയാൽ ഏതേതു വസ്തുക്കളിൽ ഏതേതു ഭൂതങ്ങളുടെ അംശം അധികമുണ്ടൊ അതാതു വസ്തുക്കളെ അതാതു ഭൂതങ്ങളിൽ നിന്നുണ്ടായതുകളാണെന്നുള്ള നിശ്ചയത്തിന്മേൽ ലോകം അഞ്ചു വിധത്തിലാണെന്നും § പറയാം. 18

ഇങ്ങിനെ ഇരിക്കുന്ന ലോകത്ത് സേചജം (വിയർപ്പിലുണ്ടാകുന്നത്), അണ്ഡജം (മുട്ട വിരിഞ്ഞുണ്ടാകുന്നത്), ഉദ്ഭിജ്ജം (ഭൂമിയെ പിളർന്നുണ്ടാകുന്നത്), ജരായുജം (പ്രസവിച്ചുണ്ടാവുന്നത്), എന്നിങ്ങിനെ നാലു പ്രകാരത്തിലായി പോരുവാനും തരമുണ്ടാകാം. ഇങ്ങിനെ പലവിധത്തിലായിരിക്കുന്ന ലോകത്തിൽ പ്രധാനം പുരുഷ (മനുഷ്യൻ)നാകുന്നു. പുരുഷനെ ഒഴിച്ച് ലോകത്തിലുള്ള മറ്റു ജാതികളെല്ലാം പുരുഷന്നു ജീവിച്ചിരിപ്പാനുള്ള ഉപകരണങ്ങളാകുന്നു. അതുകൊണ്ടാണ് പുരുഷൻ ക്രിയകൾക്കെല്ലാം അധിഷ്ഠാനമാണെന്നു പറഞ്ഞത്. 19

---

* പുരുഷൻ എന്നതിന്നിവിടെ മനുഷ്യൻ എന്നർത്ഥമാണ്. മനുഷ്യർ മറ്റു ജന്തുക്കളെ അപേക്ഷിച്ചു രോഗത്തിനും ആരോഗ്യത്തിനും പാത്രമായിരിക്കുന്നുണ്ട്. അതുകൊണ്ടാണ് ഈ ക്രിയകൾക്കു പുരുഷൻ അധിഷ്ഠാനമാണെന്നു പറഞ്ഞത്.

¶ സ്ഥാവരം=സ്ഥിരം സഞ്ചാരമുള്ളതായത്. ജംഗമം=ചരം മനുഷ്യൻ മുതലായത്.

§ ഭൂമി, ജലം, അഗ്നി, വായു, ആകാശം, എന്നീ അഞ്ചുഭൂതങ്ങളിൽനിന്നുണ്ടായ ലോകം എങ്ങിനെയാണ് സൗമ്യമെന്നും ആഗ്നേയമെന്നും രണ്ടു തരത്തിൽ മാത്രമായിരിക്കുന്നതെന്ന് ചോദിക്കുന്നപക്ഷം, അഞ്ചുഭൂതങ്ങളിലും ശീതവും ഉഷ്ണവും ഒഴിച്ചു മൂന്നാതൊരു സ്വഭാവം കാണാത്തതുകൊണ്ട് സൗമ്യാഗ്നേയങ്ങളെന്നു പറഞ്ഞാൽ എല്ലാം ആയിട്ടുമൊപ്പുന്നതാണ്. എന്നാകുന്നു സമാധാനം.

തദ്ദുഃഖസംയോഗാ വ്യാധയ ഇത്യുച്യന്തെ. തെ ചതുർവ്വിധാഃ, ആഗന്ത്വാഃ ശാരീരാ മാനസാഃ സ്വാഭാവികാശ്ചേതി. തേഷ്വാഗന്തവോ ഭോഭില്ലാതനിമിത്താഃ. ശാരീരാസ്തന്നപാനമൂലാ വാതപിത്തകഫശോണിതസന്നിപാതൈശ്ചേഷ്ടാനിമിത്താഃ. മാനസാസ്തു ക്രോധശോകഭയഹർഷവിഷാദേർഷ്യാഭ്യസൂയാദൈന്യമാത്സര്യലോഭകാമപ്രഭൃതയശ്ച-ച്ഛാദ്യദ്വേഷഭേദൈർഭവന്തി. സ്വാഭാവികാഃ ക്ഷുൽപിപാസാജരാമൃത്യു നിദ്രാപ്രഭൃതയഃ. ത ഏതെ മനഃശരീരാധിഷ്ഠാനാഃ. 20

പുരുഷന്തെ ദുഃഖമുണ്ടാക്കിത്തീർക്കുന്നവയാകുന്തു വ്യാധികളെന്തു * പറയപ്പെട്ടുന്നതു്. ആഗന്തുക്കളും, ശാരീരങ്ങളും, മാനസങ്ങളും, സ്വാഭാവികങ്ങളും, എന്നിങ്ങിനെ വ്യാധികളും നാലു പ്രകാരത്തിലാണു്. അവയിൽ മുറിവു്, വീഴ്ച, മുതലായ കാരണങ്ങളാൽ ഉണ്ടാകുന്ന രോഗങ്ങളെ ആഗന്തുക്കളെന്നും അന്നപാനങ്ങളുടെ ക്രമക്കേടു നിമിത്തം വാതം, പിത്തം, കഫം, † രക്തം, ഇവ ഓരോന്നോ ഇരണ്ടോ മൂന്നോ എല്ലാം കൂടിയോ ദുഷിച്ചിട്ടുണ്ടാകുന്ന വ്യാധികളെ ശാരീരങ്ങളെന്നും, ഇച്ഛാദ്വേഷങ്ങളായി കോപം, ദുഃഖം, ഭയം, സന്തോഷം, വിഷാദം, ഈർഷ്യ, അസൂയ, ദീനത, മത്സരം, കാമം, ലോഭം മുതലായ കാരണങ്ങളാൽ ഉണ്ടാവുന്ന വ്യാധികളെ മാനസങ്ങളെന്നും, വിശപ്പു്, ദാഹം, നിദ്ര, ജര, മരണം എന്നിങ്ങിനെ പ്രകൃത്യാ സംഭവിക്കുന്ന കാരണങ്ങളാലുണ്ടാവുന്ന വ്യാധികളെ സ്വാഭാവികങ്ങളെന്നും

* തിലകാലകംമുതായ രോഗങ്ങൾ വേദനയുണ്ടാക്കാത്തവയാണെങ്കിലും വ്യാധികൾതന്നെ. കാരണം അവമനോദുഃഖമുണ്ടാക്കുന്നു. ലഹരിയുള്ളപ്പോൾ മദ്യം വിലക്കിയ വ്യാധിയുടെ വേദനയറിയുന്നില്ല. അതുകൊണ്ടു വ്യാധിപ്രതികരമല്ലെന്നു പറഞ്ഞുകൂടാ. ഞെറ്റു പണിചെയ്യുകൊണ്ടിരിക്കുമ്പോൾ മാത്രമെ ചെറ്റപ്പുകാരനെന്നു പോലുള്ളവ്യന്നു വരുന്നതല്ലല്ലൊ.

† പരമാർത്ഥത്തിൽ രോഗോൽപത്തിക്കു വാതാദി മൂന്നു ദോഷങ്ങളുമാണു കാരണം. രക്തം ഒരുകളാൽ ദുഷിപ്പിക്കപ്പെടുന്നു വ്യൂഹമാകുന്നു. ഇവിടെ രക്തത്തെ ദോഷങ്ങളുടെ കൂട്ടത്തിൽ ചേർത്തു പറഞ്ഞിട്ടുള്ളതു, ധാരാളമായി മദ്യമുള്ള ദ്രവ്യങ്ങളിൽനിന്നുള്ള രക്തത്തിനു രോഗോൽപത്തിവിഷയത്തിൽ ഒരു പ്രത്യേകതയുണ്ടെന്നു കാണിപ്പാൻ വേണ്ടിയാണു്. "ശോണിതമപ്യനൈവ്മേവാദോഷദൂഷ്യസംഭവേനധിതി പ്രളയേഷ്വപ്യവിരഹിതം ശരീരം ഭവതി" എന്നും ചരകം സൂത്രത്തിൽ പറവാൻ പോകുന്നതുമുണ്ടു്. ശല്യതന്ത്രത്തിൽ പ്രധാനവിഷയമായ വ്രണത്തിനു രക്തം മുഖ്യാധിഷ്ഠാനമാണെന്നുള്ളതുകൊണ്ടും രക്തത്തെ അപായ്യൻ ദോഷങ്ങളുടെ കൂട്ടത്തിൽ ഗണിച്ചിരിക്കയാണു്.

തേഷാം സംശോധന സംശമനാഹാരാചാരാഃ സമ്യക്പ്രയുക്താ നിഗ്രഹഹേതവഃ. 21

പ്രാണിനാം പുനർമ്മൂലമാഹാരോ ബലവർണ്ണൌജസാഞ്ച സഷ്ടൃ രഃ സഷ്ടൃായത്തഃ. സഃ പുനർദ്വ്യാശ്രയാഃ. ദ്വ്യാണി പുനശ്ചൌഷധയസ്സ്യു ർദ്വിവിധാഃ സ്ഥാവരാ ജംഗമാശ്ച. താസാം സ്ഥാവരാശ്ച തുർവ്വിധാഃ. വനസ്പത്യാ വൃക്ഷാ വീരുധ ഓഷധയ ഇതി. താസാ പുഷ്പാഃ ഫലവന്തോ വനസ്പത്യഃ. പുഷ്പഫലവന്തോ വൃക്ഷാഃ. പ്ര

ന്നാം, പറയുന്നു. ഈ വ്യാധികളെല്ലാം മനസ്സിനെയും ശരീരത്തെയും ആശ്രയിച്ചിരിക്കുന്നവയാകുന്നു * 20

മേൽപറഞ്ഞ വ്യാധികളുടെ ശമനത്തിന്നായിക്കൊണ്ട് സംശോധനം (ശുദ്ധിവരുത്തൽ), സംശമനം (രോഗകാരണങ്ങളായ ദോഷങ്ങളുടെ പ്രവൃത്തി തിരുത്തുകുക), ആഹാരം (ആഹാരത്തെ പഥ്യമായ നിലയിൽ ഉപയോഗിക്കുക), ആചാരം(നടവടികൾ വേണ്ടുവാറുള്ളതാക്കുക), എന്നിങ്ങിനെയുള്ള ക്രിയകൾ മതിയാകുന്നതാണ്.$ 1

പ്രാണികൾക്ക് ആഹാരമാണ് മൂലമായിട്ടുള്ളത്. ബലം, വർണ്ണം, ഓജസ്സ് (Vitality) എന്നിവയെ പുഷ്ടിയിൽ വെക്കുന്നതും ആഹാരംതന്നെ. ആഹാരം ആറു രസങ്ങളിൽ അടങ്ങിയിരിക്കുന്നു. രസങ്ങളാകട്ടെ ദ്രവ്യങ്ങളെ ആശ്രയിച്ചിരിക്കുന്നു. ദ്രവ്യങ്ങൾ ഓഷധികളത്രെ. ഓഷധികൾ¶ സ്ഥാവരം, ജംഗമം എന്നു രണ്ടു പ്രകാരത്തി

---

* ആത്മാവിനു രോഗമില്ലെന്നും ശരീരമനസ്സുകൾക്കുമാത്രമെ അതുള്ളു എന്നും സാരം.

$ സംശോധനം ബാഹ്യമെന്നും ആഭ്യന്തരമെന്നും രണ്ടുവിധമാകുന്നു. ശസ്ത്രക്ഷാരഗ്നികർമ്മങ്ങൾ, ബഹിർപരിമാർജ്ജനവും വമനവും വിരേചനവും വസ്തിയും ആഭ്യന്തരങ്ങളുമാകുന്നു. ദോഷപ്രശമനം, വ്യാധിപ്രശമനം, സ്വസ്ഥവൃത്തികരം എന്നിങ്ങിനെ ആഹാരം മൂന്നുവിധമാണ്. ആചാരവും മനോവാക്കായ ഭേദേനമൂന്നുവിധമാകുന്നു. ഏതാതു രോഗങ്ങൾ കണ്ടുപിടിച്ചു അവക്കാരാചാരൌഷധങ്ങളെ പ്രയോഗിക്കേണ്ടതാണ്. സംശമനം, ദൈവവ്യപാശ്രയമെന്നും യുക്തിവ്യപാശ്രയമെന്നും സത്വാവജയമെന്നും മൂന്നുവിധമാണു. മന്ത്രം ബലി മുതലായതുകൊണ്ടുള്ള രോഗശമനം ദൈവവ്യപാശ്രയമാകുന്നു. ഔഷധസേവ, യുക്തിവ്യപാശ്രയവും പഥ്യാഹാരാദികളെക്കൊണ്ടു രോഗശാന്തി വരുത്തുന്നതു സത്വാവജയവുമാകുന്നു.

† ബലവും ഓജസ്സും ഒന്നുതന്നെയാണെന്നുള്ള മതത്തിൽ പറയാൻ പോകുന്നുണ്ട്. അതു സപ്തധാതുക്കളുടേയും സാരാംശമായ ഓജസ്സു ബലത്തിനു ഹേതുവാണെന്നുള്ള അഭിപ്രായത്തിന്മേൽ കാരണകായ്യങ്ങൾക്ക് അഭേദം കല്പിച്ചിട്ടാകുന്നു. ഇവിടെ ബലമെന്നുള്ളതിന് അദ്ധ്യാനിക്കാവുള്ള ശക്തി എന്നാണ് അർത്ഥം.

¶ ഓഷധിശബ്ദത്തിന്നിവിടെ ഔഷധദ്രവ്യമെന്നു മാത്രം അർത്ഥമാണു.

താനവത്യഃ സുംബിന്യശ്ച വിരുധഃ. ഫലപാകനിഷ്ഠാ ഓഷധയ ഇതി. 22

ജംഗമാസ്തുപഞ്ചവിധാഃ ജരായുജാണ്ഡജസ്വേദജോദ്ഭിജ്ജാഃ. തത്ര പശുമനുഷ്യവ്യാളാദയോ ജരായുജാഃ * ഖഗസർപ്പസരീസൃപപ്രഭൃതയോണ്ഡജാഃ. കൃമികീടപിപീലികാപ്രഭൃതയഃ സ്വേദജാഃ ഇന്ദ്രഗോപമണ്ഡൂകപ്രഭൃതയ ഉദ്ഭിജ്ജാഃ. തത്ര സ്ഥാവരേഭ്യസ്തൂപകിംപത്രവൃക്ഷഫലമൂലകന്ദനിര്യ്യാസസാരസാദയഃ പ്രയോജനാവയവത്വാ ജംഗമേഭ്യശ്ചർമ്മനഖരോമരുധിരാദയഃ. 23

ലാകുന്നു. അവയിൽ സ്ഥാവരങ്ങളും, വനസ്പതികളും, വൃക്ഷങ്ങളും, വീരുത്തുകളും, ഓഷധികളും എന്നിങ്ങിനെ നാലു വിധത്തിലാണ്. അവയിൽ പൂവിട്ടാതെ കായ്ക്കുന്നവ (അത്തി മുതലായവ)ക്കു വനസ്പതികളെന്നും, പൂത്തു കായ്ക്കുന്നവക്കു വൃക്ഷങ്ങളെന്നും, തമ്മിൽ കെട്ടിപ്പിണഞ്ഞു പടർന്നുകൊണ്ടിരിക്കുന്നവക്കു വീരുത്തുകളെന്നും, കായ പഴുത്താൽ നശിച്ചുപോകുന്നവ (വാഴ മുതലായവ)ക്കു ഓഷധികളെന്നും പേർ പറയുന്നു. 22

ജംഗമങ്ങളായ ഓഷധികളും (പ്രാണികളും) ജരായുജം, അണ്ഡജം, സ്വേദജം, ഉദ്ഭിജ്ജം എന്നിങ്ങിനെ നാലു വിധത്തിലാകുന്നു. പശു, മനുഷ്യൻ, വ്യാളങ്ങളും (വ്യാഘ്രാദികളും) മുതലായവയെ ജരായുജങ്ങളെന്നും പക്ഷി, സർപ്പം, മലമ്പാമ്പ് മുതലായവയെ അണ്ഡജങ്ങളെന്നും ഈരമ്പ്, പുഴു മുതലായവയെ സ്വേദജങ്ങളെന്നും തുമ്പികളും, * ഇന്ദ്രഗോപപ്പുഴുക്കളും (ഒരു ജാതി തേരട്ടകളും), മുതലായവയെ ഉദ്ഭിജ്ജങ്ങളെന്നും പറയാം. സ്ഥാവരങ്ങളിൽനിന്നു തൊലി, ഇല, പുഷ്പ്, കായ, വേര്, കിഴങ്ങ്, പശ, പാവ † മുതലായവയാണ് ഉപയോഗത്തിനെടുക്കാനുള്ളത്. ജംഗമങ്ങളിൽനിന്നു തൊലി, നഖം, രോമം, ചോര മുതലായവയും എടുക്കാം. 23

---

* മഴക്കാലത്തു് മുകന്നനിറത്തിൽ ഉണ്ടായിക്കാണുന്ന ചില കീടങ്ങളാണ് ഇന്ദ്രഗോപങ്ങൾ എന്നു വ്യാഖ്യാനിച്ചുകാണുന്നു.

† സ്ഥാവരങ്ങളിൽനിന്നു പാവം അവയുടെ വിത്തുകളിൽനിന്നെന്നുമാത്രം അവ പുട്ടുണ്ടാക്കുന്ന ക്ഷാരവും ഇങ്ങിനെ യഥായോഗ്യം ഔഷധങ്ങളായി എടുക്കുന്നുണ്ട്.

പാർത്ഥിവാസ്സുവർണ്ണരജതമണിമുക്താമനശ്ശിലാമൃൽകപാലാദയഃ. കാലകൃതാസ്തു പ്രവാഹനിവാതാതപഛായാജ്യോൽസ്നാതമശ്ശീതോഷ്ണവർഷാഹോരാത്രപക്ഷമാസർത്വയനാദയഃ കാലവിശേഷാഃ. ത ഏതേ സ്വഭാവത ഏവ ദോഷാണാം സമ്പ്രയപ്രകോപപ്രശമപ്രതികാരഹേതവഃ പ്രയോജനവന്തശ്ച. 24

ഭവന്തി ചാത്ര— (പ).

ശാരീരാണാം വികാരാണാമഷ്ടവഗ്ര്യശ്ചതുർവ്വിധഃ
ചതുർണ്ണാം കോപശമനൈ ചൈവ ഭാഗ്യാനുകൃതശ്ചികിത്സകൈഃ. 25
ആഗന്തവശ്ച യേ രോഗാസ്തു ദ്വിധാ നിപതന്തി ഹി
മനസ്യന്യേ ശരീരേന്യേ തേഷ്വാദ്യേ ദ്വിവിധാ ക്രിയാ-
ശരീരപതിതാനാന്തു ശാരീരവദുപക്രമഃ
മാനസാനാന്തു ശബ്ദാദിരിഷ്ടാ വഗ്ര്യഃ സുഖാവഹഃ. 26

പാർത്ഥിവങ്ങളായ പദാർത്ഥങ്ങൾ സ്വർണ്ണം, വെള്ളി, രത്നം, മുത്ത്, മനയോല, മണ്ണ്, ഓട്ടുപ്പാളി മുതലായവയാകുന്നു*. കാലം നിമിത്തമുണ്ടാകുന്ന ചികിത്സാസാമഗ്രികൾ കാറ്റ്, കാറില്ലായ്മ, വെയിൽ, നീഴൽ, ചന്ദ്രികം, ഇരുട്ട്, ശീതം, ഉഷ്ണം, വർഷം, പകൽ, രാത്രി, പക്ഷം, മാസം, ഋതു, അയനം മുതലായവയാകുന്നു. ഇതുകൾ പ്രകൃത്യാതന്നെ ദോഷങ്ങളെ വർദ്ധിപ്പിക്കയും കോപിപ്പിക്കയും ശമിപ്പിക്കയും ചെയ്യുന്നവയാകയാൽ ചികിത്സയിൽ ഇതുകളെക്കൊണ്ടു പ്രയോജനമുണ്ടാകുന്നുണ്ട്. 24

മേൽപറഞ്ഞ നാലുകൂട്ടും (അന്നം, ആചാരം, ദ്രവ്യം, കാലം) പദാർത്ഥങ്ങളാണ് ശാരീരങ്ങളായ രോഗങ്ങളെ ഉണ്ടാക്കുകയും ശമിപ്പിക്കുകയും ചെയ്യുന്നതെന്ന ചൈദ്യന്മാർ തീർച്ചപ്പെടുത്തീട്ടുണ്ട്. 25

ആഗന്തുകളായ രോഗങ്ങളാകട്ടെ രണ്ടു പ്രകാരത്തിൽ വരുന്നുണ്ട്. ചിലതു ശരീരത്തെയും ചിലതു മനസ്സിനേയും ബാധിക്കുന്നു. അവയ്ക്കു രണ്ടു വിധത്തിൽ ചികിത്സിക്കുകയും വേണം. ശരീരാശ്രിതങ്ങളായ ആഗന്തുരോഗങ്ങൾക്കു ശാരീരരോഗങ്ങൾക്കുള്ള ചികിത്സതന്നെ. മനസ്സിനെ ബാധിച്ചിട്ടുള്ള രോഗങ്ങളിൽ മനസ്സിനിഷ്ടമായ ശബ്ദം, രൂപം, രസം, ഗന്ധം മുതലായതിനെ ഉപയോഗപ്പെടുത്തുന്നതുതന്നെയാണ് ചികിത്സാ. 26

* മുതലായ വിന്നു പറഞ്ഞതുകൊണ്ട് ഇരുമ്പ്, പാഷാണം, ഉപ്പ്, കാവിമണ്ണ്, രസാഞ്ജനം മുതലായവയെ ഗ്രഹിക്കണം.

(ഗ). ഏവമേതൽപുരുഷാ വ്യാധിരൗഷധം ക്രിയാകാല ഇതി ചതു ഷ്ടയം സമാസേന വ്യാഖ്യാതമ്. തത്ര പുരുഷഗ്രഹണാൽ തത്സംഭവ ദ്രവ്യസമൂഹാ ഭൂതാദിരുക്തസ്തദ്ഗുണപ്രത്യുജ്ജീവികല്പാശ്ച തച്ഛാംസസിരാ സ്നായുപ്രഭൃതയഃ. വ്യാധിഗ്രഹണാദ്ധാതുപിത്തകഫശോണിതസന്നി പാതവൈഷമ്യനിമിത്താഃ സർവ്വ ഏവ വ്യാധയോ വ്യാഖ്യാതാഃ. ഔഷ ധിഗ്രഹണാദ്ദ്രവ്യഗുണരസവീര്യ്യവിപാകപ്രഭാവാണാമാദേശഃ. ക്രി യാഗ്രഹണാച്ഛേദ്യാദീനി സ്നേഹാദീനി ച കർമ്മാണി വ്യാഖ്യാതാനി. കാലഗ്രഹണാൽ സർവ്വക്രിയാകാലാനാമാദേശഃ. 27.

ഭവതി ചാത്ര— (ച).

"ബീജം ചികിത്സിതസ്യൈതൽ സമാസേന പ്രകീർത്തിതമ്
സവിംശമധ്യായശതമസ്യ വ്യാഖ്യാ ഭവിഷ്യതി". 28.

(ഗ). തത്ര സവിംശമധ്യായശതം പഞ്ചസു സ്ഥാനേഷു. തത്ര

ഇപ്രകാരം പുരുഷൻ, വ്യാധി, ഔഷധം, ക്രിയാകാലം (ചികി ത്സകർക്കുള്ള സമയം) എന്നീ നാലെണ്ണത്തെപ്പറ്റി പുരുഷമായി പ റഞ്ഞുകഴിഞ്ഞു. പുരുഷൻ എന്നു പറഞ്ഞതുകൊണ്ടു പുരുഷന്നു കാര ണഭൂതങ്ങളായ പഞ്ചഭൂതങ്ങളേയും, പുരുഷന്റെ അംഗങ്ങളുടേയും പ്ര ത്യംഗങ്ങളുടേയും തരഭേദങ്ങളേയും, തൊലി, മാംസം, രക്തനാഡി, സ്നാ യു മുതലായവയേയും, ഗ്രഹിച്ചുകൊള്ളണം. വ്യാധി എന്നിവിടെ പ റഞ്ഞതിൽനിന്നു് വാതം, പിത്തം, കഫം, രക്തം എന്നിവയെല്ലാംകൂ ടിയോ ഓരോന്നായോ മറേറാ കോപിച്ചുണ്ടാകുന്ന സർവ്വവ്യാധികളേയും ഗ്രഹിക്കണം. ഔഷധശബ്ദംകൊണ്ടു് ഇവിടെ ദ്രവ്യം, ഗുണം, രസം, വീര്യം, വിപാകം എന്നിവയെക്കൂടി കാണിച്ചിരിക്കുന്നു. ക്രിയ എ ന്നു മേൽപറഞ്ഞതിനു് മുറിക്കുക മുതലായതും സ്നേഹിപ്പിക്ക മുതലായ തുമായ പ്രവൃത്തി എന്നർത്ഥമാകുന്നു. കാലം എന്നു പറഞ്ഞതുകൊണ്ടു് ഏതു ചികിത്സയിലുമുള്ള ഏതുപ്രകാരത്തിലുമുള്ള സമയഭേദങ്ങളെ വി വരിച്ചിരിക്കുന്നു. 27.

"വൈദ്യശാസ്ത്രത്തിന്റെ ആദ്യമായ തന്ത്രം ഇങ്ങിനെ ചുരുക്ക ത്തിൽ പറയപ്പെട്ടു. ഇനിമേൽ നൂറിരുപതു് അദ്ധ്യായങ്ങളെക്കൊ ണ്ടു് ഇതിനെ വിസ്തരിച്ചുപറവാൻ പോകുന്നു". 28.

ആ നൂറിരുപതധ്യായങ്ങളെ അഞ്ചു സ്ഥാനങ്ങളായി ഭാഗിച്ചി ട്ടുണ്ടു്. സൂത്രം, നിദാനം, ശാരീരം, ചികിത്സിതം, കല്പം എന്നീ അ ഞ്ചു സ്ഥാനങ്ങളിൽ പ്രധാനസംഗതികളെ മുഴുവനും വിസ്തരിച്ചതിനു

സൂത്രസ്ഥാനനിദാനശാരീരചികിത്സിതകല്പോപത്ഥവശാൽ സംവിദ്ധ
ജ്യോതരെ തന്ത്രേ ശേഷാനർത്ഥാൻ വ്യാഖ്യാസ്യാമഃ. 29.

ഭവതി ചാത്ര— (ച).

സചയമ്ഭുവാ പ്രോക്തമിദം സനാതനാ
പഠേദ്ധി യഃ കാശിപതിപ്രകാശിതമ്
സ പുണ്യകർമ്മാ ഭുവി പൂജിതൊ നരൈ-
രസുക്ഷയെ ശക്രസലോകതാം വ്രജേത്. 30.

ഇതി സുശ്രുതസംഹിതായാം സൂത്രസ്ഥാനേ ഭവദോൽപത്തിർനാമ
പ്രഥമോധ്യായഃ.

ദ്വിതീയോധ്യായഃ.

അഥാതഃ ശിഷ്യോപനയനീയമധ്യായം വ്യാഖ്യാസ്യാമഃ. 1.

ശേഷം അവശിഷ്ടാംശങ്ങളെ ഉത്തരതന്ത്രം എന്ന ഒടുക്കത്തെ ഒരു സ്ഥാനത്തിൽ പറവാൻ പോകുന്നുണ്ട്. 29.

ബ്രഹ്മാവിനാൽ നിർമ്മിക്കപ്പെട്ടതും എന്നും നിലനില്ക്കുന്നതും കാശിരാജാവിനാൽ ഇങ്ങിനെ പറയപ്പെട്ടതുമായ ഈ ആയുർവ്വേദത്തെ ഏതൊരു മനുഷ്യൻ പഠിക്കുന്നുവൊ അവൻ പുണ്യവാനായി ഭൂമിയിൽ രാജാക്കന്മാരുടെ ബഹുമാനത്തിന്നു പാത്രമായി ജീവിച്ചിരിക്കയും മരണാനന്തരം ദേവേന്ദ്രലോകത്തിൽ എത്തി സുഖിക്കയും ചെയ്യുന്നതാണു്. 30.

ഇങ്ങിനെ സുശ്രുതസംഹിതയിൽ സൂത്രസ്ഥാനത്തിൽ ഭവദോൽപത്തി എന്ന ഒന്നാമധ്യായം കഴിഞ്ഞു.

രണ്ടാമദ്ധ്യായം.

"ഇനി ശിഷ്യോപനയനീയമെന്ന (ശിഷ്യനെ ഉപനയനംചെയ്യു സ്വീകരിക്കേണ്ടും ക്രമം പറയുന്ന) അദ്ധ്യായത്തെ പറയാം. 1.

ബ്രാഹ്മണക്ഷത്രിയവൈശ്യാനാമന്യതമമനപായവയഃശീലശൌ
ശൌചാചാരവിനയശക്തിബലമേധാധൃതിസ്മൃതിമതിപ്രതിപത്തിയു -
ക്തം തനുജിഹ്മപൂഷ്ണമനാഗ്രമൃജ്വക്ഷ്യക്ഷിനാസം പ്രസന്നമിത്തവാ
ക്ചേഷ്ടം ക്ലേശസഹഞ്ച ഭിഷക് ശിഷ്യമുപനയേൽ. അതോ വിപ
രീതഗുണം നോപനയേൽ. 2.

ഉപനയനീയസ്യ ബ്രാഹ്മണം പ്രശസ്തേഷു ത്രിഥികരണമുഹൂർത്ത
നക്ഷത്രേഷു പ്രശസ്തായാം ദിശി ശുചൌ സമേ ദേശേ ചതുരസ്രം ച
തുരസ്രം സ്ഥണ്ഡിലമുപലിപ്യ ഗോമയേന ദർഭൈഃ സംസ്തീര്യ പൂർവ്വേഷ്യു

ബ്രാഹ്മണൻ, ക്ഷത്രിയൻ, വൈശ്യൻ എന്ന മൂന്നു ജാതിയിലും പ്പെട്ടവനും നല്ല †വംശത്തിൽ ജനിച്ചവനും വിദ്യാഭ്യാസം ചെയ്വാൻ സൌകര്യമുള്ള വയസ്സിലെത്തിയവനും നല്ല സ്വഭാവവും നടവടിയുമു ള്ളവനും ശൌര്യം, ശുചിത്വം, വിനയം, ഉത്സാഹം, ദേഹശക്തി, ധാ രണാശക്തി, ഗ്രഹണശക്തി, ധൈര്യം, ബുദ്ധി, പഠിക്കേണമെന്നു ള്ള ആഗ്രഹം എന്നീ ഗുണങ്ങളുള്ളവനും നാവ്, ചുണ്ട്, പല്ലിൻറെ തല ഇവ ചെറുതായിട്ടുള്ളവനും മുഖം, കണ്ണ്, മൂക്ക്, എന്നിവ വ ളവുകൂടാതിരിക്കുന്നവനും മനസ്സും, വാക്കും, പ്രവൃത്തിയും തെളിവോ ടുകൂടിയിരിക്കുന്നവനും കഷ്ടങ്ങൾ സഹിക്കാൻ, ശേഷിയുള്ളവനും ആ യിരിക്കുന്ന പുരുഷനേയാണ് വൈദ്യൻ ശിഷ്യനായി സ്വീകരിക്കേണ്ട ത്. ഇങ്ങിനെയല്ലാത്തവനെ ശിഷ്യനായി എടുത്തുകൂടാ. 2.

ഉപനയനക്രമം— ഇങ്ങിനെ സ്വീകരിക്കാവുന്ന ശിഷ്യന് ചില ‡സംസ്കാരങ്ങൾ ചെയ്യണ്ടതുണ്ട്. പക്ഷം, കരണം, മുഹൂർത്തം, നക്ഷത്രം എന്നിവ നല്ലതായി നോക്കി നിശ്ചയിച്ച് നല്ല ദിക്കിലായി ശുചിയായി സമഭൂമിയായിരിക്കുന്ന ഒരു സ്ഥലത്ത് നാലുമുഴം നീളവും നാലുമുഴം വിതിയുമുള്ളതായി നാൽക്കോണത്തിൽ ഒരു മണിത്തറ ഉ ണ്ടാക്കണം; അതിൽ പശുവിൻചാണകംകൊണ്ട് മെഴുകി മേലെ ദർ ഭപുല്ലുകൊണ്ട് വിരിക്കണം. ഗണപതി മുതലായ ദേവതകളെ പൂവ്, പുല്ല്കൊണ്ടും മലരുകൊണ്ടും രത്നങ്ങൾകൊണ്ടും പൂജചെയ്യണം. അപ്ര കാരംതന്നെ ബ്രാഹ്മണരേയും പൂവ്വൈദ്യന്മാരേയും (ദക്ഷപ്രജാപതി,

† പാരമ്പര്യമായി വൈദ്യം ഉള്ള വംശമെന്നു് ഇതിനു് ചിലർ വ്യാഖ്യാ നിക്കുന്നു.

‡ ഉപനയനം മുമ്പെ കഴിഞ്ഞിട്ടുള്ളതു് വേദാധ്യയനത്തിനധികാരമുണ്ടാ കുകയാണു് ചെയ്യുന്നതു്. അതുവേദാധ്യയനത്തിനു് പ്രത്യേകം ഒരു ഉപനയനംകൂടി ചെയ്യേണമെന്നുള്ളതുകൊണ്ടാണു് ഇവിടെ വിശേഷാൽ സംസ്കരണക്രമം പറയുന്നതു്.

ല്പാജ്യഭാഗൈകൈരാജ്യേനാശ്യ ദേവതാഃ പൂജയിത്വാ വിപ്രാൻ ഭിഷജശ്ച തത്രോല്ലിഖ്യാഭ്യുക്ഷ്യ ച ദക്ഷിണതൊ *ബ്രഃഹ്മണം സ്ഥാപയിത്വാ ഗ്നിമുപ സമാധായ ഖദിരപലാശദേവദാരുവിലപാനാം സമിദ്ഭിശ്ചതുണ്ണാം വാ ക്ഷീരവൃക്ഷാണാം ന്യഗ്രോധോദുംബരാശ്വത്ഥമധൂകാനാം ദധിമധുഘൃതാക്താഭിർ†വ്യാഹൃതീഭിർ‡ഹൗമികേന വിധിനാ സ്രുവേണാജ്യാഹുതീർജ്ജുഹുയാൽ സപ്രണവാഭിർമ്മഹാവ്യാഹൃതിഭിഃ തതഃ പ്രതിദൈവതമപിധിംശ്ച സ്വാഹാകാരഞ്ച കൃത്വാൽ ശിഷ്യമഭി കാരയേൽ. ബ്രാഹ്മണ

അശ്വിനിദേവന്മാർ മുതലായവരെ) പൂജകഴിച്ചതിനുശേഷം മണിത്തറയിന്മേൽ പത്മം (ചോട്ടിൽനിന്നു മേൽപെട്ടുള്ളായി വരച്ചുകൊണ്ട് §) ഇടണം. പിന്നെ അതിന്മേൽ പുണ്യാഹംകൊണ്ട് ശുദ്ധിവരുത്തി, ഒരു ബ്രാഹ്മണനെ വലത്തുഭാഗത്തായി ഇരുത്തി, കരിങ്ങാലി, പ്ലാശ്, ദേവതാരം, വിലപം, എന്നിവയുടെയൊ അരയാലു്, പേരാലു്, അത്തി, ഇരുപ്പ എന്നീ നാലു പാലുള്ള മരങ്ങളുടേയോ വിറകു കൊണ്ടുവന്നു്, അതിനെ തെരിലും തേനിലും നെയ്യിലും മുക്കി ആചാര്യന്റെ പീഠത്തിനടുത്തായി ആ വിറകുകൊണ്ടു് അഗ്നി ജ്വലിപ്പിച്ചു്, ¶ദർവ്വീഹോമത്തിനു വേദത്തിൽ എന്തെല്ലാം ക്രമങ്ങൾ പറയപ്പെട്ടിട്ടുണ്ടോ ആ ക്രമത്തിൽ സ്രുവ (ഹോമപാത്ര)ത്തിലെടുത്തിട്ടുള്ള നെയ്യുകൊണ്ടു് ഹോമം ചെയ്യണം. ആ അവസരത്തിൽ "§മഹാവ്യാഹൃതി" എന്നു പേരായ മന്ത്രങ്ങളെ ഓങ്കാരത്തോടുകൂടി ജപിച്ചുകൊള്ളുകയും ‡ദേവതകളെയും ഋഷികളേയും ഉദ്ദേശിച്ചു് സ്വാഹാകാരം ചെയ്യുകയും മന്ത്രജപത്തോടുകൂടിയ ഈ ഹോമത്തെ ശിഷ്യനെക്കൊണ്ടു് ചെയ്യിക്ക

* ഇവിടെ "ബ്രഹ്മാണം" എന്നു ചിലർ പഠിക്കുന്നു. അതിനു കുശപ്പുല്ലുകൊണ്ടുണ്ടാക്കിയ കൂച്ചു് എന്നർത്ഥവും പറയുന്നു.

§ വരികൾ പ്രജാപതി മുതലായ ദേവതകളെ സംകല്പിച്ചുണ്ടാക്കപ്പെട്ടവയായിരിക്കണം.

¶ ദർവ്വീഹോമമെന്നതു് ലൌകികവൈദികഹോമങ്ങൾക്കു് രണ്ടിനും സാമാന്യമായി ചെയ്യപ്പെടുന്ന ഒരു ക്രിയയാകുന്നു.

§ "ഓം ഭൂഃ സ്വാഹാ ഓം ഭുവഃ സ്വാഹാ ഓം സുവഃ സ്വാഹാ ഓം ഭൂർഭുവസ്സുവഃ സ്വാഹാ". ഇതാണു് മഹാവ്യാഹൃതിമന്ത്രം.

‡ "ബ്രഹ്മണേസ്വാഹാ പ്രജാപതയേ സ്വാഹാ അശ്വിഭ്യാം സ്വാഹാ ഇന്ദ്രായ സ്വാഹാ" എന്നിങ്ങിനെയാണു് ദേവതകൾക്കുള്ള മന്ത്രം. ഋഷികളെ ഉദ്ദേശിച്ചു്, "ധന്വന്തരയെ സ്വാഹാ രുദ്രരാജായ സ്വാഹാ അത്രയേ സ്വാഹാ" എന്നവിധത്തിലാണു് മന്ത്രം "പ്രജാപതിഃ ഋഷിഃ ഗായത്രീ ഛന്ദഃ അഗ്നിർ ദേവതാ മഹാവ്യാഹൃതിഹോമേ വിനിയോഗഃ ഓം ഭൂഃ സ്വാഹാ ഓം ഭുവഃ സ്വാഹാ".....ഇങ്ങിനെയാണു് മന്ത്രജപം.

സ്യയാണാം വർണ്ണാനാമുപനയനം കർത്തുമർഹതി രാജന്യോ ദ്വയസ്യ വൈശ്യോ വൈശ്യസ്യൈവേതി. ശൂദ്രമപി കുലഗുണസംപന്നം മന്ത്രവജ്ജമനുപനീതമധ്യാപയേദിത്യേകേ. 3.

തതോഗ്നിം ത്രിഃ പരിണീയാഗ്നിസാക്ഷികം ശിഷ്യം ബ്രൂയാൽ കാമക്രോധലോഭമോഹമാനാഹങ്കാരേർഷ്യാപാരുഷ്യപൈശുന്യാനൃതാല – സ്യായശസ്യാനി ഹിതാ *നീമനഖരോമാണി ശുചിനാ കഷായവാസസാ സത്യബ്രഹ്മചര്യാഭിവാദനപരേണാവശ്യം ഭവിതവ്യം മദനമതസ്ഥാനഗമനശയനാസനഭോജനാധ്യയനപരേണ ഭൃതാ മർപ്രിയഹിതേഷു വർത്തിതവ്യമതോന്യഥാ തേ വർത്തമാനസ്യാധർമ്മോ ഭവേത്യഫലാ ച വിദ്യാ ന പ്രകാശ്യം പ്രാപ്നോതി. 4.

യും വേണം. ഈ വിധം സംസ്കാരത്തെ ബ്രാഹ്മക്ഷത്രിയവൈശ്യന്മാക്കൊക്കെയുണ്ടു് ചെയ്യുന്നതിനുള്ള അധികാരം ബ്രാഹ്മണനുണ്ടു്. ക്ഷത്രിയന്നാകട്ടെ സജാതികർക്കും വൈശ്യന്മാക്കും വേണ്ടി സംസ്കാരകർമ്മം നടത്തുവാനുള്ള അധികാരമുണ്ടു്. വൈശ്യനു് വൈശ്യജാതികർക്കുവേണ്ടി മാത്രമേ സംസ്കാരം ചെയ്യുന്നതിനു് അധികാരമുള്ളു. ചിലരുടെ പക്ഷത്തിൽ മേൽപറഞ്ഞ വിധമുള്ള മന്ത്രസംസ്കാരങ്ങളൊന്നുംകൂടാതെ നല്ല സ്വഭാവക്കാരനും നല്ല വംശത്തിൽ ജനിച്ചവനുമായ ശൂദ്രനെയും ആയുർവ്വേദം പഠിപ്പിക്കുന്നതിനു് വിരോധമില്ലെന്നുണ്ടു്. 3.

പിന്നെ ഈ ഹോമാഗ്നിയെ മൂന്നുപ്രാവശ്യം പ്രദക്ഷിണം ചെയ്തു് അഗ്നിയെ സാക്ഷിയാക്കിവെച്ചു്, ശിഷ്യനോടു് ഇങ്ങിനെപറയണം:— "കാമം, ക്രോധം, ലോഭം, മോഹം, ഡംഭം, അഹങ്കാരം, ഈർഷ്യാ, പരുഷവാക്കു്, ഘൃണി, അസത്യം, ആലസ്യം എന്നിങ്ങിനെയുള്ള ദോഷങ്ങളെ നീ ഉപേക്ഷിക്കണം; ദുഷ്ടീർത്തികിടവരുന്ന ഒന്നും ആചരിക്കരുതു്; നഖങ്ങളേയും രോമങ്ങളേയും അവസരോചിതമായിമുറിക്കണം; ശുചിയായിരിക്കയും കഷായവസ്ത്രം ധരിക്കയും സത്യത്തിങ്കൽ ഉറപ്പോടുകൂടിയിരിക്കുകയും ബ്രഹ്മചാരിയായിരിക്കയും വേണം; ഗുരുവിങ്കൽ വണക്കമുള്ളവനായിരിക്കണം; നില്ക്ക, നടക്ക, കിടക്ക, ഇരിക്ക, ഭക്ഷിക്ക, പഠിക്ക എന്നിങ്ങിനെയുള്ള കാര്യങ്ങളിലെല്ലാം എന്റെ അനുവാദം നോക്കണം; ഇനിക്കിഷ്ടവും ഹിതവുമായ കാര്യങ്ങളെമാത്രമേ സ്വീകരിച്ചുകൊൾക; ഇങ്ങിനെയല്ലാതെ നടന്നാൽ നിനക്കു് അതു് അധർമ്മമായിവരും; നിന്റെ വിദ്യ ഫലമില്ലാത്തതായും പ്രകാശമില്ലാത്തതായും വരും. 4.

---

* ഇവിടെ ഭാഷ്യകാരൻ "അനീഷ്ണനഖരോമാ" എന്നു പാഠഭേദം ചെയ്തും, നഖരോമങ്ങളെ വളർത്തുകയാണു് വേണ്ടതെന്നു് സ്ഥാപിക്കയും ചെയ്തിരിക്കുന്നു.

അഥം ഖാ തപ്യഃ സമ്യഗപത്ഥമാനെ യദ്ബ്രൂയ്ഥാശ്ചിസ്വയമേനോ ഭാഗധേയമഫലവിദ്യശ്ച. ദ്വിജഗുരുദരിദ്രമിത്രപ്രവ്രജിതോപഗതസാധുനാഥാനാമുപഗതാനാം ചാത്മബാന്ധവാനാമിവ സ്വഭേഷജൈഃ പ്രതികർത്തവ്യമേവം സാധു ഭവതി. വ്യാധശാകുനികപതിതപാപകാരിണാം ന ച പ്രതികർത്തവ്യമേവം വിദ്യാ പ്രകാശതമിസ്രയശോധർമ്മകാമാംശ്ച പ്രാപ്നോതി. 5.

(പ) കൃഷ്ണാഷ്ടമി തന്നിധനേഹനി ദ്വേ
കൃഷ്ണാന്തരേഽപ്യവമഹർദ്വി സന്ധ്യമ്
അകാലവിദ്യുൽസ്തനയിത്നുഘോഷാ
സപ്തന്ത്രരാത്രക്ഷിതിപവ്യധാസു.
ശൂരനയാനാ*ദ്യുതനാവിവേഷു
മഹാസ്വനൗരംപാരികദർശനേഷു.

ഞാൻതന്നെ ഒരു സമയം, നീ ശരിയായി നടന്നാലും നിന്നെ തെറ്റിദ്ധരിച്ച് വിനാശവചനാൽ അതിന്റെ പാപം ഇനിക്കുണ്ടാകും; എന്റെ വിദ്യ അതുനിമിത്തം നിഷ്ഫലമായിത്തീരുകയും ചെയ്യും. ബ്രാഹ്മണർക്കും, ഗുരുനാഥന്മാർക്കും, (തനിക്ക മൃത്തവർക്കും), ദരിദ്രന്മാർക്കും, സ്നേഹിതന്മാർക്കും, സന്ന്യാസിമാർക്കും, തന്നെശ്ശരണംപ്രാപിച്ചവർക്കും, സജ്ജനങ്ങൾക്കും, നാഥനില്ലാത്തവർക്കും, ദൂരത്തുനിന്നു വന്നിട്ടുള്ള അതിഥികൾക്കും നീ, തന്റെ ബന്ധുക്കളെപ്പോലെ വിചാരിച്ച് മരുന്നുകൊടുത്തു (പ്രതിഫലം കൂടാതെ) ചികിത്സിക്കണം. ഇങ്ങിനെ ചെയ്യുന്നതുകൊണ്ട് നിനക്ക് നന്മയുണ്ടാകും. നായാട്ടുകൊണ്ടുപജീവിക്കുന്ന വേട്ടക്കാർക്കും, പക്ഷികളെ പിടിച്ചുപജീവിക്കുന്നവർക്കും, സദാചാരഭ്രഷ്ടന്മാർക്കും, പാപികൾക്കും, എങ്ങിനെയും (പ്രതിഫലം തന്നാലും) മരുന്നുകൊടുത്ത് ചികിത്സിക്കരുത്. ഇങ്ങിനെ നടന്നാൽ നിന്റെ വിദ്യക്ക് പ്രകാശമുണ്ടാകും; ബന്ധുബലം, യശസ്സും, ധർമ്മാർത്ഥകാമപുരുഷാർത്ഥങ്ങളും നിനക്കു ലഭിക്കയും ചെയ്യും". 5.

അനദ്ധ്യായസമയങ്ങൾ—അഷ്ടമി, ചതുർദ്ദശീ, വാവ് എന്നീപക്ഷങ്ങളിൽ, കറുത്തപക്ഷത്തിലായാലും വെളുത്തപക്ഷത്തിലായാലും വേ

* അദ്യുതനശബ്ദത്തിനു നൂതനമെന്നർത്ഥവും അത് ആഹവത്തിന്റെ വിശേഷണവും ആകുന്നു. പുതുതായി യുദ്ധം തുടങ്ങിയ സമയത്തു് പഠിക്കരുതെന്നു് താൽപര്യം. ഇങ്ങിനേയും വ്യാഖ്യാനമുണ്ടു. തഞ്ജയിൽ ഭല്ലനാചാര്യൻ, ദേവേന്ദ്രനാഥസെൻ, കുഞ്ജലാൽ ഘോഷ്, എന്നിവരുടെ പക്ഷപ്രകാരം "വധഭൂമി" യെന്നർത്ഥമിരിക്കുന്നു

നാധ്യയനേഷു ച യേഷു വിപ്രാ
നധീയതെ നാശ്രുചിനാ ച നിത്യമ്. 6.

ഇതി സുശ്രുതസംഹിതായാം സൂത്രസ്ഥാനെ ശിഷ്യോപനയനീയോ
നാമ ദ്വിതീയോധ്യായഃ.

തൃതീയോധ്യായഃ.

അഥാതോധ്യയനസംപ്രദാനീയമധ്യായം വ്യാഖ്യാസ്യാമഃ. 1.
പ്രാഗഭിഹിതം സവിംശമധ്യായശതം പഞ്ചസു സ്ഥാനേഷു. താ
ത്ര സൂത്രസ്ഥാനമധ്യായാഃ ഷട് ചതുശ്ചത്വാരിംശച്ച. ഷോഡശ നിദാനാനി.

ണ്ടില്ല, *പഠിക്കരുത്. പുലരുന്ന സമയത്തും വൈകുന്നേരത്തും ഉള്ള രണ്ട് സന്ധ്യകളിലും പഠിക്കരുത്. ശരിയായ കാലങ്ങളിലല്ലാതെ ഇടിവെട്ടുകയും മിന്നലുണ്ടാകയും ചെയ്താൽ ആ സമയങ്ങളിലും, തന്റെ സ്വന്തം ബന്ധപ്പെട്ടവർക്കോ സ്വദേശത്തിനോ രാജാവിനോ വല്ല ആപത്തും വന്ന സമയത്തും പഠിക്കരുത്. ശ്മശാനത്തിൽ വെച്ചും, സവാരി സമയത്തും (ആന കുതിര മുതലായതിൽ കേറിപ്പോകുമ്പോൾ), യുദ്ധസ്ഥലത്തും, വധശിക്ഷയിലും, വല്ല മഹോത്സവങ്ങളും നടത്തപ്പെടുന്ന സമയങ്ങളിലും, ദുർന്നിമിത്തങ്ങൾ കണ്ടാൽ (കൊള്ളിമീൻ വീഴുക മുതലായവ) അപ്പോഴും ആയുർവ്വേദാധ്യയനം പാടുള്ളതല്ല. പിന്നെ ബ്രാഹ്മണർ മുറ്റത്തുദിവസങ്ങളിലും, വേദാധ്യയനത്തിന്ന് കൊള്ളരുതെന്ന് വെക്കുന്നുവോ ആ ദിവസങ്ങളിലാണും ഇതിന്നും കൊള്ളരുതാത്തതാകുന്നു. പാഠസമയത്തെല്ലാം ശുചിയായിരിക്കയും വേണം". 6.

ഇങ്ങിനെ സുശ്രുതസംഹിതയിൽ സൂത്രസ്ഥാനത്തിൽ ശിഷ്യോപനയനീയമെന്ന രണ്ടാമദ്ധ്യായം കഴിഞ്ഞു.

—*—

മൂന്നാമധ്യായം

ഇനി അധ്യയനസംപ്രദാനീയമെന്ന പേരായ (ആദ്യവേദത്തിന്റെ വിഷയവിശേഷനം) അധ്യായത്തെ പറയുവാൻ പോകുന്നു. 1.

അഞ്ചു സ്ഥാനങ്ങളിൽ, നൂറിരുപത് അധ്യായങ്ങളായിട്ടാണ് ഈ ഗ്രന്ഥം നിർമ്മിക്കപ്പെട്ടിരിക്കുന്നതെന്ന മുമ്പെ പറഞ്ഞിട്ടുണ്ടല്ലൊ.

---

* "തന്നിധനേഹനീ ഒഴ്" എന്നതിന്നു "കൃഷ്ണപക്ഷാവസാനദിവസമായ വാവും വാവിന്റെ പിന്നുള്ള ചതുർദ്ദശിയും ശുക്ലപക്ഷാദിയായ പ്രതിപദവും, എന്ന മൂന്നു വ്യാഖ്യാനിക്കുന്നു. ആ പക്ഷങ്ങളിൽ പ്രതിപദവും ആധ്യായദിവസങ്ങളാണ്,

ദശ ശാരീരാണി. ചതുശ്ചത്വാരിംശച്ചികിത്സിതാനി. അഷ്ടൌ കല്പാഃ. തദുത്തരം ഷട് ഷഷ്ടിഃ. 2

(ച). വേദോൽപത്തിഃ ശിഷ്യോപനയനീയമധ്യയനദാനികമ്
പ്രഭാഷണാഗ്രഹരണാവൃത്തചര്യാഥ യാന്ത്രികമ്.
ശസ്ത്രാവചാരണം യോഗ്യാ വിശിഖാ ക്ഷാരകല്പനമ്
അഗ്നികർമ്മജലൌകാവ്യുപാവധ്യായൈ രക്തവർണ്ണനമ്.
ദോഷധാതുമലാദ്യാനാം വിജ്ഞാനാധ്യായ ഏവ ച
കർണ്ണവ്യുഥാമപക്വൈഷ്യാവാഽലാപൌ വ്രണ്യുപാസനമ.
ഹിതാഹിതൌ വ്രണപ്രശ്നൌ വ്രണസ്രാവശ്ച യഃ പൃഥക്
കൃത്യാകൃത്യവിധിർവ്യാധിസമുദ്ദേശീയ ഏവ ച.
വിനിശ്ചയഃ ശസ്ത്രവിധൌ പ്രണഷ്ടജ്ഞാനികസ്തഥാ
ശല്യാഹൃതിർവ്രണജ്ഞാനം മൃതസഞ്ജനിരേവ നമ്.
പഞ്ചേന്ദ്രിയം തഥാ ച്ഛായാ സ്വഭാവാശ്ചൈകുശം തഥാ
വാരണ്യോ യുക്തസേനീയ ആതുരക്രമമിശ്രകൌ.
ഭൂമിഭാഗൌ ദ്രവ്യഗുണഃ സംശുദ്ധ്യൌ ശമന ച യഃ
ദ്വ്യാദീനാഞ്ചൈവ വിജ്ഞാനം വിശേഷശ്ചാ ദ്രവ്യഗാപരഃ.

ആത്മൽ സൂത്രസ്ഥാനം നാല്പത്താറധ്യായവും, നിദാനസ്ഥാനം പതിനേറധ്യായവും, ശാരീരസ്ഥാനം പത്തധ്യായവും, ചികിത്സിതസ്ഥാനം നാല്പതധ്യായവും, കല്പസ്ഥാനം എട്ടധ്യായവും, അതിനുശേഷമുള്ള ഉത്തരതന്ത്രം അറുപത്താറധ്യായവുമാകുന്നു. 2

കായ്ങ്ങളെ സൂചിപ്പിക്കയും ചുരുക്കി ക്രമപ്പെടുത്തുകയും സംബന്ധപ്പെടുത്തുകയും ചെയ്യിട്ടുള്ളതു് ഈ സൂത്രസ്ഥാനത്തിലാകുന്നു. അതുകൊണ്ടാണു് ഇതിനും് ഈ പേരുണ്ടായതു്. ഇതിങ്കൽ നാല്പത്താറധ്യായങ്ങളുണ്ടു്.—അവ താഴെകാണിക്കുന്നവയാകുന്നു.—

1 വേദോല്പത്തി. 2 ശിഷ്യോപനയനീയം. 3 അധ്യയനദാനം പ്രമാനീയം. 4 പ്രഭാഷണീയം. 5 അഗ്രോപഹരണീയം. 6 ഋതുചര്യാ. 7 യന്ത്രവിധി. 8 ശസ്ത്രാവചരണീയം. 9 യോഗ്യാസൂത്രീയം. 10 വിശിഖാനപ്രവേശനീയം. 11 ക്ഷാരപാകവിധി. 12 അഗ്നികർമ്മവിധി. 13 ജളൌകാവചാരണീയം 14 ശോണിതവർണ്ണനീയം. 15 ദോഷധാതുമലക്ഷയവൃദ്ധിവിജ്ഞാനീയം. 16 കർണ്ണവ്യധബന്ധവിധി. 17 ആമപക്വൈഷണീയം. 18 വ്രണാലേപനബന്ധവിധി. 19 വ്രണിതോപാസനീയം. 20 ഹിതാഹിതീയം. 21 വ്രണപ്രശ്നം. 22 വ്രണസ്രാവവിജ്ഞാനീയം. 23 കൃത്യാകൃത്യവിധി. 24 വ്യാധിസമു

രസജ്ഞാനം ദ്രവ്യാണാമഥ കർമ്മണാം
ദ്രവദ്രവ്യവിധിസ്തദ്വദന്നപാനവിധിസ്തഥാ.
സൂചനാൽ സൂത്രണാച്ചൈവ സന്ധാനാച്ചാഥസന്തതേഃ
ഷട് ചതുഷ്പാരിംശദ്ധ്യായം സൂത്രസ്ഥാനം പ്രചക്ഷതേ. 3

വാതവ്യാധികമർശാംസി സാശ്മരിശ്ച ഭഗന്ദരഃ
കുഷ്ഠപ്രമേഹോദരാ മൂഢഗർഭാശ്മര്യുപരി സപ്തമം.
ഗ്രന്ഥിവൃദ്ധിക്ഷുദ്രരുജാനാശ്ച മുഖരോഗികം
ഹേതുലക്ഷണനിദ്ദേശാന്നിദാനാനാഹ്വയാനി ഷോഡശ. 4

ഭൂതചിന്താ രജഃശുദ്ധിർഗർഭാവക്രാന്തിരേവ ച

ദ്ദേശീയം. 25 അഷ്ടവിധശസ്ത്രകർമ്മണ്യം. 26 പ്രണഷ്ടശല്യവിജ്ഞാനീയം. 27 ശല്യാഹരണീയം. 28 വിപരീതാവിപരീതവ്രണവിജ്ഞാനീയം. 29 വിപരീതാവിപരീതദുഷ്ടശകുനസ്വപ്ന നിദ്ദേശനീയം. 30 പഞ്ചേന്ദ്രിയാർത്ഥവിപ്രതിപത്തി. 31 ഛായാവിപ്രതിപത്തി. 32 സ്വഭാവവിപ്രതിപത്തി. 33 അചാരണീയം. 34 യുക്തസേനീയം. 35 ആതുരോപക്രമണീയം. 36 മിശ്രകം. 37 ഭൂമിപ്രവിഭാഗവിജ്ഞാനീയം. 38 ദ്രവ്യസംഗ്രഹണീയം. 39 സംശോധനസംശമനീയം. 40 ദ്രവ്യരസഗുണവീര്യവിപാകവിജ്ഞാനീയം. 41 ദ്രവ്യവിശേഷവിജ്ഞാനീയം. 42 രസവിശേഷവിജ്ഞാനീയം. 43 വമനദ്രവ്യവികല്പവിജ്ഞാനീയം. 44 വിരേചനദ്രവ്യവികല്പവിജ്ഞാനീയം. 45 ദ്രവദ്രവ്യവിധി 46 അന്നപാനവിധി. 3.

രോഗങ്ങളുടെ കാരണങ്ങളേയും ലക്ഷണങ്ങളേയും വിവരിക്കുന്നതായതുകൊണ്ടാണ് ഇതിനു നിദാനസ്ഥാനമെന്നു പേർ പറയുന്നതു്. ഇതിൽ പതിനാറധ്യായങ്ങളുണ്ടു്. അവ താഴെ പറയുംപ്രകാരമാകുന്നു:—

1 വാതവ്യാധിനിദാനം. 2 അർശോനിദാനം. 3 അശ്മരീണാം നിദാനം. 4 ഭഗന്ദരാണാം നിദാനം. 5 കുഷ്ഠനിദാനം. 6 പ്രമേഹനിദാനം. 7 ഉദരാണാം നിദാനം. 8 മൂഢഗർഭനിദാനം. 9 വിദ്രധീനാം നിദാനം. 10 വിസർപ്പനാഡീവ്രണരോഗനിദാനം. 11 ഗ്രന്ഥ്യപചീഗളഗണ്ഡാനാം നിദാനം. 12 വൃദ്ധ്യുപദംശഗ്ലീപദാനാം നിദാനം. 13 ക്ഷുദ്രരോഗാണാം നിദാനം. 14 ശുക്രദോഷനിദാനം. 15 ഗുഹ്യാനാം നിദാനം. 16 മുഖരോഗാണാം നിദാനം. 4.

വൈദ്യന്മാക്കും യോഗികൾക്കും അറിവാൻവേണ്ടി ശരീരത്തെപ്പറ്റി വിസ്തരിച്ചു പറയുന്ന ഭാഗത്തിനു് ശാരീരസ്ഥാനമെന്നു പേരാകുന്നു. അതിൽ പത്തധ്യായങ്ങളുണ്ടു്. അവ താഴെ കാണിക്കുന്നു:—

വ്യാകരണഞ്ച ഗർഭസ്യ ശരീരസ്യ ച യൽ സ്മൃതമ്.
പ്രത്യേകം മർമ്മനിർദ്ദേശഃ ശിരാവർണ്ണനമേവ ച
ശിരാവ്യധൊ ധമനീനാം ഗർഭിണ്യാ വ്യാകൃതം സ്മൃതാ.
നിർദ്ദിഷ്ടാനി ദശൈതാനി ശാരീരാണി മഹർഷിണാ
വിജ്ഞാനാർത്ഥം ശരീരസ്യ ഭിഷജാം യോഗിനാമപി 5
ടിപ്പണീയൊ വ്രണഃ സദ്യൊഭഗ്നാനാം വാതരോഗികമ്
മഹാവാതികമശ്മരീ സാശ്മരീഭ്യ ഭഗന്ദരഃ.
കുഷ്ഠിനാം മഹതാഞ്ചാപി മൈഹികം പൈഡികം തഥാ
മധുമേഹചികിത്സാ ച തഥാ ചോദരിണാമപി.
മൂഢഗർഭചികിത്സാ ച വിദ്രധീനാം വിസർപ്പിണാമ്
ഗ്രന്ഥിദുഷ്ട്യുപദംശാനാം തഥാ ച ക്ഷുദ്രരോഗികമ്.
ശ്ലൈഷ്മികചികിത്സാ ച തഥാ ച മുഖരോഗിണാമ്
ശോഫസ്യാനാഗതാനാഞ്ച നിഷേധൊ മിശ്രകം തഥാ.
വാജീകരണ്ച യൽ ക്ഷീണെ സർവ്വബാധശമോപി ച
മേധായുഷ്കരണഞ്ചാപി സപ്രഭാവവ്യാധിവാരണമ്.

---

1 സർവ്വത്രചിന്താശാരീരം. 2 ശുക്രശോണിതശുദ്ധി. 3 ഗർഭാവക്രാന്തി. 4 ഗർഭവ്യാകരണം. 5 ശരീരസംഖ്യാവ്യാകരണം. 6 പ്രത്യേകമർമ്മനിർദ്ദേശം. 7 സിരാവർണ്ണനവിഭക്തി. 8 സിരാവ്യധവിധി. 9 ധമനീവ്യാകരണം. 10 ഗർഭിണീവ്യാകരണം. 5.

രോഗങ്ങളുടെ ചികിത്സാക്രമം പറയുന്ന ചികിത്സിതസ്ഥാനത്തിലുള്ള നാല്പത്തൊന്നധ്യായങ്ങളെ താഴെ പറയുന്നു:—

1 ടിപ്പണീയചികിത്സിതം. 2 സദ്യോവ്രണചികിത്സിതം. 3 ഭഗന്ദരചികിത്സിതം. 4 വാതവ്യാധിചികിത്സിതം. 5 മഹാവാതവ്യാധിചികിത്സിതം. 6 അർശ്വാചികിത്സിതം. 7 അശ്മരീചികിത്സിതം. 8 ഭഗന്ദരാണാം ചികിത്സിതം. 9 കുഷ്ഠചികിത്സിതം. 10 മഹാകുഷ്ഠചികിത്സിതം. 11 പ്രമേഹചികിത്സിതം. 12 പ്രമേഹപിഡകാചികിത്സിതം. 13 മധുമേഹചികിത്സിതം. 14 ഉദരാണാം ചികിത്സിതം. 15 മൂഢഗർഭചികിത്സിതം. 16 വിദ്രധീനാം ചികിത്സിതം. 17 വിസർപ്പിനാഡിവ്രണരോഗചികിത്സിതം. 18 ഗ്രന്ഥ്യുപചീയ്വ്വുദഗളഗണ്ഡചികിത്സിതം. 19 വൃദ്ധ്യുപദംശശ്ലീപദാനാം ചികിത്സിതം. 20. ക്ഷുദ്രരോഗചികിത്സിതം. 21 ശ്ലൈകരോഗചികിത്സിതം. 22 മുഖരോഗാണാം ചികിത്സിതം. 23 ശോഫാനാം ചികിത്സിതം. 24 അനാഗതാബാധപ്രതിഷേ

നിവൃത്തസന്താപകരം കീർത്തിതഞ്ച രസായനമ്
സ്നേഹാപയൌഗികം സപ്തമൌ വമനേ സവിരേചനേ.
തൃയാവ്യാപച്ചികിത്സാ ച നേത്രവസ്തിവിധാഗികം
നേത്രവസ്തിവിധസിദ്ധിസ്ഥാ ചോത്തരവസ്തികം.
നിരൂഹക്രമസംജ്ഞശ്ച തഥൈവാത്തരസംജ്ഞകം
ധൂമനസ്യവിധിശ്ചാഗ്ര്യശ്ചതുർവിംശദിതി സ്മൃതാ.
പ്രായശ്ചിത്താ പ്രശമനം ചികിത്സാ ശാന്തികർമ്മ ച
പഞ്ചധായാസ്യ നിർദ്ദിഷ്ടാശ്ചികിത്സാസ്ഥാനമുച്യതെ. 6
അന്നസ്യ രക്ഷാ വിജ്ഞാനാ സ്ഥാവരസ്യേതരസ്യ ച
സപ്തഷ്ടവിധജ്ഞാനം തഥൈസ്യവ ച ചികിത്സിതമ്.
ദ്വന്ദ്വഭക്ഷ്യമൂഷികാണാഞ്ച കീടാനാം കല്പ ഏവ ച
അഷ്ടൌ കല്പ: സമാഖ്യാതാ വിഷഭേഷജകല്പനാൽ. 7
അദ്ധ്യായാനാം ശതം വിംശമവധേരുദ്ദിരിതമ്
അതഃ പരം സപ്തനാഡ്യാമേവ തന്ത്രമുത്തരമുച്യതെ.

ധനീയം 25മിശ്രകചികിത്സിതം. 26ക്ഷീണബലീയം. 27സർവ്വോപക്രമ തശമനീയം രസായനം. 28 മേധായുഷ്കാമീയം രസായനം 29 സ്വഭാവ വ്യാധിപ്രതീഷധനീയം രസായനം 30 നിവൃത്തസന്താപീയം രസായനം. 31സ്നേഹാപയൌഗികംചികിത്സിതം. 32 സ്വഭാവചാരണീയം ചികിത്സിതം. 33 വമനവിരേചനസാദ്ധ്യംഉദ്ദ്വചികിത്സിതം. 34 വമനവിരേചനവ്യാപച്ചികിത്സിതം. 35 നേത്രവസ്തിപ്രമാണപ്രവിഭാ ഗചികിത്സിതം. 36 നേത്രവസ്തിവ്യാപച്ചികിത്സിതം 37 അനുവാസ നോത്തരവസ്തിചികിത്സിതം. 38 നിരൂഢധാപക്രമചികിത്സിതം. 39 ആതുരോപദ്രവചികിത്സിതം. 40 ധൂമനസ്യകബളഗ്രഹചികിത്സിതം.

പ്രായശ്ചിത്തമെന്നും പ്രശമനമെന്നും ചികിത്സയെന്നും ശാന്തികർമ്മമെന്നും ഉള്ള പദങ്ങൾകൊണ്ട് ഒരേ അർത്ഥംതന്നെയാകുന്നു. ഇങ്ങിനെ ചികിത്സിതസ്ഥാനത്തിലുള്ള അദ്ധ്യായങ്ങൾ പറയപ്പെട്ടു. 6

വിഷചികിത്സയെപ്പറ്റിയാണ് കല്പസ്ഥാനത്തിൽ പറയുന്നത്. അതിൽ എട്ടദ്ധ്യായങ്ങളുണ്ട്. അവയെ താഴെ പറയുന്നു:—

1 അന്നപാനരക്ഷാകല്പം. 2 സ്ഥാവരവിഷവിജ്ഞാനീയം. 3 ജംഗമവിഷവിജ്ഞാനീയം. 4 സപ്തവിഷവിജ്ഞാനീയം. 5സപ്തവിഷചികിത്സിതം. 6 മൂഷികകല്പം. 7 ദന്ദശൂകസപനീയം. 8 കീടകല്പം. 7.

ഇങ്ങിനെ നൂറിരുപതദ്ധ്യായം പറയപ്പെട്ടു.— ഇനി പറവാൻ പോകുന്നത് ഉത്തരതന്ത്രത്തെപ്പറ്റിയാണ്. ഹേതുകൊണ്ടുതന്നെ ഇ

അധ്യർദ്ധശതം ന്യസ്മാൽ തന്ത്രം മതദുപദ്രുവാൻ
ഔപദ്രവികം ഇത്യേഷ തസ്യാഗ്ര്യതാന്നിരുച്യതെ.
സന്ധൗ വർത്മനി ശുക്ലേ ച കൃഷ്ണേ സർവ്വത്ര ദൃഷ്ടിഷു
സംവിജ്ഞാനാത്മകാധ്യായം ഗദാനാന്തു പ്രതിപ്രതി.
ചികിത്സാപ്രവിഭാഗീയോ വാതാഭിഷ്യന്ദവാരണം
പൈത്തസ്യസ്യ ശ്ലൈഷ്മികസ്യാപി രൗധിരസ്യ തഥൈവ ച.
ലേഖ്യഭേദ്യനിഷേധൗ ച ഛേദ്യാനാം വർത്മദൃഷ്ടിഷു
ക്രിയാകല്പോഭിഘാതശ്ച കൃഷ്ണോത്ഥാസൂച്ചികിത്സിതം.
ശ്ലൈഷ്മണാത്മാനാഞ്ച വിജ്ഞാനം തദ്ഗദപ്രതിഷേധനം
പ്രതിശ്യായനിഷേധശ്ച ശിരോഗദവിധിശ്ചനം.
ചികിത്സാ തദ്ഗദാനാഞ്ച ശാലാക്യാ തന്ത്രമുച്യതെ. 8
നവഗ്രഹാകൃതിജ്ഞാനം സ്കന്ദസ്യ ച നിഷേധനം
അപസ്മാരശകുന്യാശ്ച രേവത്യാശ്ച പുനഃ പൃഥക്.
പൂതനായാസ്തഥാന്ധായാ മണ്ഡികാ ശീതപൂതനാ

ഈ മറവുള്ളവയുടെ അവശിഷ്ടമാണെന്നു കാണുന്നുണ്ടെങ്കിലും. ഇതിൽ ഉപദ്രവങ്ങളെപ്പറ്റി അധികമായി പ്രസ്താവിക്കപ്പെടുന്നതുകൊണ്ട് ഒന്നാമത്തെ അദ്ധ്യായത്തിനു് ഔപദ്രവികമെന്നു് പേരിട്ടിരിക്കുന്നു. 2 സന്ധിഗതരോഗവിജ്ഞാനീയം. 3 വർത്മഗതരോഗവിജ്ഞാനീയം. 4 ശുക്ലഗതരോഗവിജ്ഞാനീയം. 5 കൃഷ്ണഗതരോഗവിജ്ഞാനീയം. 6 സർവ്വഗതരോഗവിജ്ഞാനീയം. 7 ദൃഷ്ടിഗതരോഗവിജ്ഞാനീയം. 8 ചികിത്സിതപ്രവിഭാഗവിജ്ഞാനീയം. 9 വാതാഭിഷ്യന്ദപ്രതിഷേധം. 10 പിത്താഭിഷ്യന്ദപ്രതിഷേധം. 11 ശ്ലേഷ്മാഭിഷ്യന്ദപ്രതിഷേധം. 12 രക്താഭിഷ്യന്ദപ്രതിഷേധം. 13 ലേഖ്യരോഗപ്രതിഷേധം. 14 ഭേദ്യരോഗപ്രതിഷേധം. 15 ഛേദ്യരോഗപ്രതിഷേധം. 16 പക്ഷ്മകോപപ്രതിഷേധം. 17 ദൃഷ്ടിഗതരോഗപ്രതിഷേധം. 18 ക്രിയാകല്പപ്രതിഷേധം. 19 നഖനാഭിഘാതപ്രതിഷേധം. 20 കൺപഴുപ്പുരോഗവിജ്ഞാനീയം. 21 കൺപഴുപ്പുരോഗപ്രതിഷേധം. 22 നാസാഗതരോഗവിജ്ഞാനീയം. 23 നാസാഗതരോഗപ്രതിഷേധം. 24 പ്രതിശ്യായപ്രതിഷേധം. 25 ശിരോരോഗവിജ്ഞാനീയം. 26 ശിരോരോഗപ്രതിഷേധം.—ഇങ്ങിനെയുള്ള ഇരുപത്താറദ്ധ്യായങ്ങളുകൊണ്ടു്, ഉത്തരതന്ത്രത്തിൽ ആയുർവ്വേദത്തിന്റെ എട്ടംഗങ്ങളിൽ, ശാലാക്യമെന്നുള്ള തന്ത്രം പറയപ്പെട്ടിരിക്കുന്നു. 8.

27 നവഗ്രഹാകൃതിവിജ്ഞാനീയം. 28 സ്കന്ദഗ്രഹപ്രതിഷേധം. 29 സ്കന്ദാപസ്മാരപ്രതിഷേധം. 30 ശകുനീപ്രതിഷേധം. 31 രേവ

നൈഗമേഷചികിത്സാ ച ഗ്രഹോൽപതിടി സയോനിജാ.
കൌമാരതന്ത്രമിത്യേതച്ഛാരീരേഷു ച കീർത്തിതം. 9
ജ്വരാതീസാരശോഷാണാം ഗ്രന്ഥ്യുദ്രോഗിണാമപി
പാണ്ഡുനാം രക്തപിത്തസ്യ മൂർച്ഛായാടി പാനജാത്യു യെ.
തൃഷ്ണായാശ്ഛർദ്ദികിക്കാനാം നിദ്രായടി ശ്വാസകാസയോടി
സപ്തരഭേദചികിത്സാ ച കൃമ്യുദാവർത്തിനോടി പൃഥക്.
വിഷൂചികാഃരാചകയോർമ്മൂത്രാഘാതവിക്ലിത്തയോടി
ഇതി കായചികിത്സായടി ശേഷത്രു പ്രകീർത്തിതമ്. 10
അമാനുഷനിഷേധശ്ച തഥാപസ്മാരികോപരടി
ഉന്മാദപ്രതിഷേധശ്ച ഭൂതവിദ്യാനിരുച്യതെ. 11
രസഭേദോടി സപ്തസ്മവൃത്തിയ്യുക്തയസ്സാന്ത്രികത്രു യാടി

തീപ്രതിഷേധം. 32 പൂതനാപ്രതിഷേധം. 33 അന്ധപൂതനാപ്രതിഷേധം. 34 ശീതപൂതനാപ്രതിഷേധം. 35 മുഖമണ്ഡികാപ്രതിഷേധം. 36 നൈഗമേഷപ്രതിഷേധം. 37 ഗ്രഹോൽപതി. 38 യോനിവ്യാപൽപ്രതിഷേധം. ഈ പന്ത്രണ്ടധ്യായങ്ങളെക്കൊണ്ടു പറഞ്ഞിട്ടുള്ളതെല്ലാം കൌമാരഭൃത്യമെന്നുള്ള ആയുർവ്വേദാംഗത്തെപ്പറ്റിയാകുന്നു. ശാരീരസ്ഥാനത്തിൽ ഒടുക്കത്തെ അധ്യായവും ഈ അംഗത്തെത്തന്നെയാണുപദേശിക്കുന്നത്: 9

39 ജ്വരപ്രതിഷേധം. 40 അതീസാരപ്രതിഷേധം. 41 ശോഷപ്രതിഷേധം. 42 ഗ്രന്ഥിപ്രതിഷേധം. 43 പുഷ്ടിരോഗപ്രതിഷേധം. 44 പാണ്ഡുരോഗപ്രതിഷേധം. 45 രക്തപിത്തപ്രതിഷേധം. 46 മൂർച്ഛാപ്രതിഷേധം. 47 പാനാത്യയപ്രതിഷേധം. 48 തൃഷ്ണാപ്രതിഷേധം. 49 ഛർദ്ദിപ്രതിഷേധം. 50 ഹിക്കാപ്രതിഷേധം. 51 ശ്വാസപ്രതിഷേധം. 52 കാസപ്രതിഷേധം. 53 സപ്തരഭേദപ്രതിഷേധം. 54 കൃമിരോഗപ്രതിഷേധം. 55 ഉദാവർത്തപ്രതിഷേധം. 56 വിഷൂചികാപ്രതിഷേധം. 57 അരോചകപ്രതിഷേധം. 58 മൂത്രാഘാതപ്രതിഷേധം. 59 മൂത്രദോഷപ്രതിഷേധം. ഈ ഇരുപതധ്യായങ്ങളെക്കൊണ്ടു തന്ത്രയുക്തിയുടെ മൂന്നാമത്തെ അംഗമായ കായചികിത്സയുടെ അവശേഷം പറയപ്പെട്ടിരിക്കുന്നു. 10

60 അമാനുഷപ്രതിഷേധം. 61 അപസ്മാരപ്രതിഷേധം. 62 ഉന്മാദപ്രതിഷേധം. ഈ മൂന്നധ്യായങ്ങളെക്കൊണ്ടു ആയുർവ്വേദത്തിന്റെ നാലാമത്തെ അംഗമായ ഭൂതവിദ്യയാണു പറയപ്പെടുന്നത്. 11

63 രസഭേദികല്പം. 64 സപ്തസ്മവൃത്തം. 65 തന്ത്രയുക്തി

ദോഷാദേർ ഇതി മജ്ഞാ മാ അധ്യായാസൂത്രകൃത്തിഷ്ണാഃ. 12
ശ്രേഷ്ഠുതപാദ്ധ്യായം ഹ്യേതൽ തന്ത്രമാഹുർമ്മഹർഷയഃ
ചതുർപ്പഞ്ചസംഗ്രഹാശ്ചേഷ്ടുമുത്തരത്രാപി പഠിഷ്യതേ. 13
ശാലാക്യതന്ത്രം കൌമാരം ചികിത്സാ കായികീ ചയാ.
ഭൂതവിദ്യേതി ചത്വാരി തന്ത്രേ തുത്തരസംജ്ഞിതേ.
വാജീകരം ചികിത്സാസു രസായനവിധിസ്തഥാ
വിഷതന്ത്രം പുനഃ കല്പഃ ശല്യജ്ഞാനം സമന്തതഃ.
ഇത്യഷ്ടാംഗമിദം തന്ത്രമാദിദേവപ്രകാശിതമ്
വിധിനാധീത്യ യുഞ്ജാനാ ഭവന്തി പ്രാണദാ ഭുവി. 14
(ഗ, ഏതദവശ്യമധ്യേയമധീത്യ ച കർമ്മാപ്യവശ്യമുപാസിതവ്യ
മുഭയജ്ഞാ ഹി ഭിഷ്ഗ്രാജാനഹ്രാ ഭവതി. 15
ഭവന്തി ചാത്ര—(പ).
യസ്തു കേവലശാസ്ത്രജ്ഞഃ കർമ്മസ്വപരിനിഷ്ഠിതഃ

ഈ ദോഷാദേരിക്കർപ്പും. ഈ അദ്ധ്യായങ്ങൾ ഈ ഉത്തരതന്ത്രത്തിനു് ഒരു ആഭരണത്തിന്റെ നിലയ്ക്കു് പ്രകാശിപ്പിക്കപ്പെട്ടവയാകുന്നു.

ഈ ഉത്തരതന്ത്രത്തെ രണ്ടവസ്ഥയിലാണു് മഹർഷിമാർ നിശ്ചയിച്ചിട്ടുള്ളതു്. ഉത്തരശബ്ദത്തിനു് ശ്രേഷ്ഠമെന്നും ഒടുവിലുള്ളതെന്നും രണ്ടർത്ഥമുണ്ടല്ലോ. ഈ തന്ത്രത്തിൽ അനേകം കാര്യങ്ങളെ ക്രോഡീകരിച്ചിട്ടുള്ളതുകൊണ്ടു് ഈ തന്ത്രം മറ്റുള്ള ഭാഗങ്ങളേക്കാൾ ശ്രേഷ്ഠമാകുന്നു; ഒടുവിലത്തെ തന്ത്രമാണെന്നുള്ളതു് സ്പഷ്ടവുമാണല്ലോ. 13

ശാലാക്യം, കൌമാരഭൃത്യം, കായചികിത്സാ, ഭൂതവിദ്യാ, ഏന്നീനാലംഗങ്ങളേയും ഈ ഉത്തരതന്ത്രത്തിൽ പറഞ്ഞിട്ടുണ്ടു്. വാജീകരണതന്ത്രവും രസായനതന്ത്രവും ചികിത്സിതസ്ഥാനത്തിലും അഗദതന്ത്രമെന്നുള്ള വിഷചികിത്സാക്രമത്തെ കല്പസ്ഥാനത്തിലും വിവരിച്ചിട്ടുണ്ടു്. ബാക്കിയുള്ള ശല്യതന്ത്രമെന്ന ഒന്നാമത്തെ അംശമാകട്ടെ ഈ ഗ്രന്ഥത്തിൽ സുശ്രുതപ്രസ്താവിച്ചിരിക്കുന്നു. "ഈ വിധത്തിൽ ആയുർവേദത്തിന്റെ എട്ടു ശാഖകളും ലോകോപകാരത്തിനായിട്ടുണ്ടു് ആദിദേവ(ധന്വന്തരി)നാൽ പറയപ്പെട്ടിരിക്കുന്നു". ഈ അംശങ്ങളെ വിധിപ്രകാരം അദ്ധ്യയനംചെയ്തു് ശ്രദ്ധയോടെ പ്രവൃത്തിക്കുന്നവരായ മനുഷ്യന്മാർ ലോകത്തിൽ പ്രാണനെദാനംചെയ്യുന്നവരായിത്തീരുന്നതാണു്. 14

ഈ ഗ്രന്ഥത്തെ നിശ്ചയമായും പഠിക്കണം; അതിനുശേഷം ഉചിതപ്രകാരം പ്രവൃത്തിപ്പാൻ ശീലിക്കണം. പരിപൂർണ്ണ പ്രവൃത്തിയിലും രണ്ടുമുള്ള വൈദ്യൻ രാജാവിന്റെ ബഹുമാനത്തിനു്, ആദരനായിരിക്കുന്നു. 15

ഏതൊരുത്തൻ വൈദ്യശാസ്ത്രം പഠിക്കുകമാത്രംചെയ്തു് ചികിത്സ

സ മൂഢ്യത്യാതുരം പ്രാപ്യ പ്രാപ്യ ഭീരുരിവാഹവമ്. 16
യസ്തു കർമ്മസു നിഷ്ണാതോ ധാഷ്ട്യാച്ഛാസ്ത്രമഹിംസ്രകഃ
സ സത്സു പൂജ്യാം നാപ്നോതി വധമ്പ്രാപ്നോതി രാജതഃ. 17
ഉഭാവേതാവനിപുണാവസമീക്ഷ്യ സകർമ്മണി
അശ്നുവദ്ധരാവേതാവേകപക്ഷാവിവദ്വിജൗ. 18
ഔഷധ്യാമൃതകല്പാസു ശസ്ത്രാശനിവിഷോപമാഃ
ഭവന്ത്യജ്ഞൈരുപഹൃതാസ്വസ്മാഭേതൗ വിവർജ്ജയേൽ. 19
ക്ഷേത്രാദിഷ്വനഭിജ്ഞോ യഃ സ്നേഹാദിഷു ച കർമ്മസു
സ നിഹന്തി ജനം ലോഭാൽ കുവൈദ്യോ ന പരീക്ഷിതഃ. 20
യസ്ത്വഭിജ്ഞോ മതിമാൻ സ സമ്യഗ്ഭാഷ്യസാധനേ

പരിചയിക്കാതിരിക്കുന്നവോ അവൻ ഭീരുവായ ഒരു പട്ടാളക്കാരൻ യുദ്ധഭൂമിയിൽചെന്നാലെങ്ങിനെയാണോ അങ്ങിനെ ഒരു രോഗിയുടെ അടുത്തുചെല്ലുമ്പോൾ എന്തു ചെയ്യണമെന്നു വിവരമില്ലാത്ത നിലയിലായിപ്പോകും. നേരെമറിച്ച് ശാസ്ത്രജ്ഞാനമൊട്ടുമില്ലാതെ ചികിത്സാപരിചയം മാത്രമുള്ള ഒരുവൻ അഭിമാനം നടിച്ച് ചികിത്സയെഴുറപ്പെടുന്നതായാൽ സജ്ജനങ്ങൾ അവനെ കയ്യൊഴിക്കയില്ലെന്നു മാത്രമല്ല, രാജാവിൽനിന്നും അവന്നു കഠിനമായ ശിക്ഷയനുഭവിക്കേണ്ടിവരികയുംചെയ്യും. ചികിത്സാപരിചയം പോരാത്ത കേവലശാസ്ത്രജ്ഞനും ശാസ്ത്രജ്ഞാനമില്ലാതെ പരിചയം മാത്രമുള്ളവനും ആയ ഈ രണ്ടു കൂട്ടരും നല്ലപോലെ ചികിത്സിച്ച് കാര്യം നിവ്വഹിക്കാൻ പ്രാപ്തിയുള്ളവരല്ല. ഇവർക്ക് ആയുർവ്വേദത്തിന്റെ പകുതിഭാഗംമാത്രമെ ഉള്ളു. ഇവരെ ഒരു ചിറകുമാത്രമുള്ള പക്ഷികളോടുപമിക്കാം. അമൃതത്തിന്നു തുല്യമായ മരുന്നുകളും കൂടി മേൽപറഞ്ഞ വിവരമില്ലാത്ത വൈദ്യന്മാർ എടുത്തു പ്രയോഗിച്ചുതുടങ്ങിയാൽ, ശസ്ത്രം, ഇടിത്തീ, വിഷം എന്നിവയെപ്പോലെ അപകടകരങ്ങളായി പരിണമിക്കുന്നതാണ്. അതുകൊണ്ട് മേൽ പറഞ്ഞ രണ്ടുവകക്കാരേയും കൈകൊള്ളാവുന്നതല്ല. കീറുക, മുറിക്കുക മുതലായ പ്രവൃത്തികളിലും സ്നേഹിപ്പിക്കുക, സ്വേദിപ്പിക്കുക മുതലായ ക്രിയകളിലും ഏതൊരു വൈദ്യൻ അറിവില്ലാത്തവനായിരിക്കുന്നുവോ ആ കുത്സിതനായ വൈദ്യൻ ധനത്തിങ്കലുള്ള ആഗ്രഹംനിമിത്തം ജനങ്ങളെ കൊല്ലുകയാണ് ചെയ്യുന്നത്. ഇങ്ങിനെയുള്ള വൈദ്യന്മാരുണ്ടോ

ആഹാവെ കമ്മ നിവ്വോഢും ടിചക്കൃ സ്യന്ദനൊ യഥാ. 21

(ഗ). അഥ വത്സ! തദേനദ്ധ്യേയം യഥാ തഥോപധാരയ മയാ പ്രോച്യമാനമ്. അഥ ശുചയെ കൃതാത്തരാസംഗായാവ്യാകുലായയാ പസ്ഥിതായാധ്യയനകാലെ ശിഷ്യായ യഥാശക്തി ഗുരുരുപദിശേൽ പദം പാദം ശ്ലോകം വാ. തെ ച പദപാദശ്ലോകാ ഭ്യസ് ക്രമേണാനുസന്ധയാ. ഏവമേകൈകശൊ ഘടയേദാത്മനാ ചാനുപഠേൽ. അദൃനമചിളംബിതമവിശങ്കിതമനനുനാസികം വ്യക്താക്ഷരമപീഡിതവണ്ണമക്ഷിഭ്രുവൌഷ്ഠഹനുസുരനഭിനീതം സുസംസ്കൃതം നാന്യചെച്നാതി

കാനിടവരുത്തുന്നതുതന്നെ രാജാവിന്റെ *ദോഷംകൊണ്ടാണെന്നുപറയാം ഏതൊരുവൻ ശാസ്ത്രത്തിലും പ്രയോഗത്തിലും നിപുണനായിരിക്കുന്നുവോ അവനാണ് കായ്മനിവ്വഹണത്തിനു മതിയായിട്ടുള്ളവൻ. യുഗകാലത്തിൽ രണ്ടു ചക്രമുള്ള തേരെങ്ങിനെയോ അങ്ങിനെതന്നെ ആ വൈദ്യൻ മേൽപറഞ്ഞ രണ്ടു ഗുണവുമുള്ളവനായിരിക്കകൊണ്ട് ചികിത്സയിൽ എപ്പോഴും വിജയംപ്രാപിക്കയെ ഉള്ളു. 16—21

അല്ലയൊ വത്സ! ഇനി ആയുർവ്വേദത്തെ പഠിക്കണ്ടുന്ന ക്രമത്തെപ്പറ്റി പറയാം കേട്ടുകാൾക. വിദ്യാർത്ഥിയായവൻ നിത്യകർമ്മങ്ങളും കഴിഞ്ഞതിനു ശേഷം ഉള്ളിലും പുറത്തും ശുദ്ധിയുള്ളവനായി ഉത്തരീയം ധരിച്ചുകൊണ്ട് മനസ്സിനു ഒരു വ്യാകുലതയുമില്ലാത്തവനായി ഗുരുനാഥന്റെ അടുത്തുചെന്നിരിക്കണം. അപ്പോൾ ഗുരു ഒരു ശ്ലോകത്തെയൊ ഒരുശ്ലോകപാദത്തെയൊ പദത്തെയൊ ബുദ്ധിശക്തിക്കു തക്കവണ്ണം ശിഷ്യനാവശ്യാണ്ടുപദേശിക്കണം. അവനെ ശിഷ്യൻ ക്രമത്തിൽ മനസ്സിലാക്കണം. ഗുരു ചൊല്ലിത്തരുമ്പോൾ, കൂടെ ചൊല്ലണം. ഓരൊരൊ ശിഷ്യനാരെക്കൊണ്ടും ഗുരു ഈ വിധം ചെയ്യിക്കണം. അവർ ചൊല്ലിക്കഴിഞ്ഞാൽ താൻ തന്നെ പിന്നെയും ഒരിക്കൽ ആവർത്തിച്ചു ചൊല്ലണം. ഇങ്ങിനെ ചൊല്ലുന്ന സമയത്തു് ശ്ലോകങ്ങളുടെയൊ പദങ്ങളുടെയൊ ബദ്ധപ്പെട്ടുകൊണ്ടു നാനാതാമസമായും ശങ്കയോടുകൂടിയും ഉച്ചരിക്കരുതു്. അക്ഷരങ്ങളെ എല്ലാം അനനുനാസികങ്ങളുടെ മാതിരിയിൽ മൂക്കുകൊണ്ടു പുറപ്പെടുവിക്കരുതു്. അക്ഷരങ്ങളും വ്യക്തമായും ശുദ്ധമായും ഇരിക്കണം. കണ്ണു്, പിരിയം, പുണ്ടു്,

---

* പഠിപ്പും പരിചയവുമുള്ള വൈദ്യന്മാക്കു്, നാട്ടിൽ ചികിത്സിക്കാനായി രാജാവു്, ലൈസൻസു് കൊടുക്കേണ്ടതാണെന്നും അല്ലാത്തവരെ നിയമപ്രകാരം വിരോധിതാണെന്നും പൂർവ്വാചാര്യന്മാർതന്നെ സിദ്ധാന്തിച്ചിട്ടുണ്ടു്. അതു് രാജാവിന്റെ പരിഷ്കാരത്തിന്റെ സ്വഭാവം പോലെയല്ല.

$ ശിഷ്യന്മാരുടെ ബുദ്ധിശക്തിക്കനുസരിച്ചു് ഒരു പാദമൊ പദമൊ ചിലർക്കു പഠിപ്പിക്കണമെന്നു പറഞ്ഞതുകൊണ്ടു് ഗദ്യം പഠിപ്പിക്കുമ്പോഴും ശക്തിക്കനുസരിച്ചു് ഈ വ്യവസ്ഥ ചെയ്യേണ്ടതാണെന്നു സൂചിപ്പിക്കുന്നു.

നീരചോഷ്ണ സ്വരൈഃ പഠേന്നഖാന്തരേണാ കശ്ചിദ്വ്രജേൽ തദ്യോഗ ധീയാനയോഃ. 22

ഭവതശ്ചാത്ര—(പ).

ശുചിർഗ്ഗുരുപരാ ഭക്ഷാസ്സുസ്നാനിദ്രാവിവർജ്ജിതഃ
പഠേദ്ഗുരുതനൂ വിധിനാ ശിഷ്യഃ ശാസ്ത്രാന്തമാപ്നുയാൽ. 23
വാക്സൌഷ്ഠവേ ത്വവിജ്ഞാനേ പ്രാഗതെത്യ കർമ്മണ്യനവുണ്യേ
തദ്ഭ്യാസേ ച സിദ്ധ്യേ ച യതേതാധ്യായനാന്തഗഃ. 24

ഇതി സുശ്രുതസംഹിതായാം സൂത്രസ്ഥാനേധ്യയനസംപ്രദാനീയോ നാമ
തൃതീയോധ്യായഃ.

—0—

ചതുർത്ഥോധ്യായഃ.

അഥാതഃ പ്രഭാഷ്യണീയമധ്യായം വ്യാഖ്യാസ്യാമഃ. 1

കയ്യ് ഏന്നീ അവയവങ്ങളെക്കൊണ്ട് അധ്യയനസമയത്തു് വെരുതെ ശോഷ്ടിക്കാണിക്കരുതു്. നല്ല ഭംഗിയിൽ വളരെ ഉച്ചത്തിലും നന്നെ പതുക്കയുമല്ലാതെ പൊല്ലണം. പഠിക്കുന്നസമയത്തു് ഗുരുശിഷ്യന്മാരുടെ നടുവിൽ കൂടി മാറാരേയും കടന്നു പോകാനനുവദിക്കരുതു്.

"ശിഷ്യൻ എല്ലായ്പോഴും ശുചിയായിരിക്കണം; സാമർത്ഥ്യവും ഗുരുഭക്തിയും ജാഗ്രതയും ഉള്ളവനായിരിക്കണം; പഠിക്കുമ്പോൾ കോക്കണം തുങ്ങരുതു്. മേൽപ്പറഞ്ഞ വിധിപ്രകാരം പഠിക്കുന്നവനായ ശിഷ്യൻ ശാസ്ത്രത്തിന്റെ അവസാനംവരെ പഠിച്ചു് യോഗ്യനായിത്തീരും." 23

പഠിപ്പു കഴിഞ്ഞാൽ പിന്നെ ഭംഗിയായി സംസാരിപ്പാനും താൻ പഠിച്ച സൂത്രഗതികളെ പ്രയോഗിച്ചറിവാനും ശ്രമിക്കണം. പ്രവൃത്തിക്കളിൽ സാമർത്ഥ്യവും പൊടിയും ഉണ്ടാവാൻ ശ്രദ്ധിക്കണം. ഇങ്ങിനെ പഠിച്ചതിനെ മാന്ദ്യം പോകാതെ നോക്കുകയും ആ വിധത്തിൽ തെളിപ്പിച്ച പൂർണ്ണമാക്കയുമാണ് ചെയ്യാനുള്ളതു്. 24.

ഇങ്ങിനെ സുശ്രുതസംഹിതയിൽ സൂത്രസ്ഥാനത്തിൽ അധ്യയനസംപ്രദാനീയമെന്ന മൂന്നാമധ്യായം കഴിഞ്ഞു.

—0—

നാലാമധ്യായം.

ഇനിമേൽ പ്രഭാഷ്യണീയമെന്ന (അർത്ഥം ആലോചിച്ചുകൊണ്ടു പിന്നെയും പിന്നെയും പഠിക്കുന്ന രീതിയെ പറയുന്ന) അധ്യായത്തെ പറയുന്നു. 1

അധിഗതമപ്യധ്യയനമപ്രഭാഷിതമർത്ഥതഃ ഖരസ്യ ചന്ദനഭാര ഇ
വ കേവലം പരിശ്രമകരം ഭവതി. 2

ഭവതി ചാത്ര— (പ) യഥാ ഖരശ്ചന്ദനഭാരവാഹീ
ഭാരസ്യ വേത്താ ന തു ചന്ദനസ്യ
ഏവം ഹി ശാസ്ത്രാണി ബഹ്വന്യധീത്യ
ചാർത്തേഷു മൂഢാ: ഖരവദ്വഹന്തി. 3

(ഗ). തസ്മാൽ സവിംശമധ്യായശതമനുപദപദ്യശ്ലോകശ്ലോകാർദ്ധശ്ലോകമ
നുവർണ്ണയിതവ്യമനുശ്രോതവ്യഞ്ച. കസ്മാൽ? സൂക്ഷ്മാ ഹി! ദ്രവ്യരസഗു
ണവീര്യവിപാകദോഷധാതുമലാശയമർമ്മസിരാസ്നായുസന്ധ്യസ്ഥിഗർഭ -
സംഭവദ്രവ്യസമൂഹവിഭാഗാസ്ഥാ പ്രണഷ്ടശല്യോദ്ധരണവ്രണവിനി

പഠിപ്പുണ്ടായിരുന്നാലും പഠിച്ച ഭാഗങ്ങളെ അർത്ഥം പറഞ്ഞു് മ
നസ്സിലാക്കീട്ടില്ലാത്തപക്ഷം കഴുതയുടെ ചന്ദനം ചുമക്കലുപോലെ വെ
റും പ്രയത്നം മാത്രമല്ലാതെ ഒരു ഫലവുമുണ്ടാകുന്നതല്ല. 2

ചന്ദനച്ചുമടെടുത്തു നടക്കുന്ന കഴുത ആ മരത്തിന്റെ ഘനത്ത
മാത്രമല്ലാതെ ചന്ദനത്തിനുള്ള ഗുണങ്ങളെ കുറേം അറിവാനൊ അനു
ഭവിപ്പാനൊ ശക്തിയുള്ളതായിത്തീരുന്നില്ല. അതുപ്രകാരത്തെന്നയാ
കുന്നു ശാസ്ത്രങ്ങളെ വളരെയായാക്കെ അഭ്യസിച്ചിട്ടും അവയുടെ അർത്ഥ
ത്തെ നല്ലപോലെ മനസ്സിലാക്കാത്ത മൂഢന്മാർ. 3

അതുകൊണ്ടു് ഈ ഗ്രന്ഥത്തിലുള്ള നൂറിരുപതധ്യായത്തെയും
മുള്ള ശ്ലോകങ്ങളേയും ശ്ലോകാർദ്ധങ്ങളേയും പാദങ്ങളേയും പദങ്ങളേയും
ഗുരുനാഥൻ നല്ലപോലെ വിസ്തരിച്ചു് അർത്ഥം പറഞ്ഞു മനസ്സിലാക്കി
കൊടുക്കയും ശിഷ്യൻ അങ്ങിനെ തന്നെ ധരിക്കയും വേണം. എന്തു
കൊണ്ടെന്നാൽ, ദ്രവ്യങ്ങളും, രസങ്ങളും, ഗുണങ്ങളും, വീര്യങ്ങളും, വി
പാകങ്ങളും, ദോഷങ്ങളും, ധാതുക്കളും, മലങ്ങളും, ആശയങ്ങളും, മർമ്മ
ങ്ങളും, സിരകളും, സ്നായുക്കളും, സന്ധി, അസ്ഥി, ഗർഭോല്പത്തിഹേതുക്ക
ളായ വസ്തുക്കളും എന്നിവയെ ശരിയായി ചേർത്തിരിച്ചു് മനസ്സിലാക്കേ
ണമെങ്കിൽ വളരെ പ്രയാസപ്പെടേണ്ടിവരും. ദേഹത്തിലെങ്ങുനിന്നും
കടന്നുകൂടീട്ടുള്ള ശല്യങ്ങളെ വേർപെടുത്തി എടുക്കാനും വ്രണങ്ങളുടെ
പ്രകൃതികളെ വിചാരിച്ചറിവാനും മുറികളുടെ വകഭേദങ്ങളെ തിരിച്ചറി
വാനും രോഗങ്ങളെ ചികിത്സിച്ചാൽ മാറുന്നവയെയും മരുന്നു കഴിച്ചുകൊ
ണ്ടിരുന്നാൽ ഉപശാന്തിപ്പെട്ടുകൊള്ളുന്നതൊ അതല്ലുമാറാത്ത നില
യിൽ ഉപേക്ഷിക്കേണ്ടതൊ എന്നു നിശ്ചയിപ്പാനും വിഷമപ്രമാണമെന്നു
വിചാരിച്ചുകൂടാ. മേൽപറഞ്ഞ സംഗതികൾക്കും പുറമെ ഒരു വൈ
ദ്യനറിഞ്ഞിരിക്കേണ്ടുന്ന സൂക്ഷ്മകാര്യങ്ങളധികമുണ്ടു്. അനേകായിരം വി

ശ്ച്യതഗ്നവികല്പാഃ സാധ്യയാപ്യപ്രത്യാഖ്യേയതാ ച വികാരാണാമേവ മാദ്യശ്ചാന്യവിശേഷാഃ സാധ്യാസ്തൈരൊ യെ വിചിന്ത്യമാനാ വിമലാവിപുലാമുദ്ധരപി ബുദ്ധിമാകുലീകുര്യുഃ കിം പുനരല്പബുദ്ധയഃ. തസ്മാദ വശ്യമനുപദപാദശ്ലോകാർദ്ധശ്ലോകമനവബുദ്ധ്യാ തത്ത്വമനുശ്രോതവ്യമ്. *

അന്യശാസ്ത്രവിഷയാപന്നാനാഞ്ചാത്മാനമിഹോപനിപരിതാനാമർത്ഥവശാൽ തേഷാം തദ്വിദ്ഭ്യ ഏവ വ്യാഖ്യേയമനുശ്രോതവ്യമ്. കസ്മാൽ? നഹ്യേകസ്മിൻ ശാസ്ത്രേ ശക്യാഃ സർവ്വശാസ്ത്രാഭിജ്ഞതാമവബോധയിതുമ്. 4—5

ഭേലസംഹിതാ—(പ).

പ്രിയം ശാസ്ത്രമധീയാനാ ന വിദ്യാച്ഛാസ്ത്രനിശ്ചയമ്
തസ്മാദ്ബഹുശ്രുതഃ ശാസ്ത്രം വിജാനീയാച്ചികിത്സകഃ. 6
ശാസ്ത്രം ഹ്യഗമ്യപാരീണ്യമാത്മായാപാസ്യ ചാനസകൃത്
യഃ കർമ്മ കുരുതേ തൈ ചദ്യഃ സ വൈദ്യോന്യേ തു രാസ്തരാഃ. 7

ധത്തിൽ സംശയങ്ങളും ഈ വിഷയത്തിലുണ്ടാകും. നല്ല ബുദ്ധിശക്തി സമുള്ളവർ കൂടി ഈ വിഷയത്തിൽ അസമർത്ഥന്മാരായിത്തീരുന്നതാകയാൽ അല്പബുദ്ധികളുടെ കഥ പിന്നെ പറയേണ്ടതുണ്ടോ? അതുകൊണ്ടാണ് എല്ലാ ശ്ലോകങ്ങളും ശ്ലോകാർദ്ധങ്ങളും പാദങ്ങളും പദങ്ങളും നിഷ്കൃഷ്ടമായ അർത്ഥവിവരണം ചെയ്ത് പഠിപ്പിക്കണമെന്നും ശിഷ്യൻ അങ്ങിനെ ധരിക്കേണ്ടതാണെന്നും മുമ്പേ പറഞ്ഞത്. 4

ഈ ശാസ്ത്രത്തിൽ പല ടിക്കിലും അന്യശാസ്ത്രങ്ങളിലുള്ള വിഷയങ്ങളെ പ്രസംഗവശാൽ എടുത്തുപറഞ്ഞിട്ടുണ്ടാകും. ആ സംഗതികളെ അതാതുശാസ്ത്രം പഠിച്ചിട്ടുള്ളവരിൽ നിന്ന് വിസ്തരമായി ചോദിച്ചു മനസ്സിലാക്കേണ്ടതാണ്. എന്തുകൊണ്ടെന്നാൽ ഒരു ശാസ്ത്രത്തിൽ തന്നെ സർവ്വശാസ്ത്രങ്ങളിലുമുള്ള തത്ത്വങ്ങളെ എടുത്തു വിസ്തരിക്കയെന്നത് അസാധ്യമായ കാര്യമാണല്ലൊ. 5

"ഒരു ശാസ്ത്രത്തെ മാത്രം പഠിച്ചതുകൊണ്ട് ഒരുവൻ ശാസ്ത്രജ്ഞനാകയില്ല. അതുകൊണ്ടു വൈദ്യൻ മറ്റു ശാസ്ത്രജ്ഞന്മാരിൽനിന്ന് വളരെ ശാസ്ത്രങ്ങളുടെ (വേദാന്തം, ജ്യോത്സ്യം മുതലായ) രഹസ്യങ്ങളെ ധരിച്ചിരിക്കണം. 6

ഗുരുമുഖത്തിൽനിന്ന് വിധിപ്രകാരം ശാസ്ത്രം പഠിച്ചിട്ട് അനുഭവപ്രകാരം പ്രയോഗിച്ച പരിചയം വരുത്തിയതിനുശേഷം സ്വതന്ത്രമായി ചികിത്സിക്കാൻ തുടങ്ങുന്ന വൈദ്യൻതന്നെ, വൈദ്യൻ. അങ്ങിനെ അല്ലാത്ത വൈദ്യന്മാർ, കള്ളന്മാരാകുന്നു. 7

---

* ഇതിനു പഠിപ്പുള്ള വൈദ്യന്മാർതന്നെയും അനുഭവംകൊണ്ടുപുറമേ സംദേഹനം ചെയ്ത് പരിചയം വരുത്തണമെന്നർത്ഥമാകുന്നു. എന്നും വ്യാഖ്യാനമുണ്ട്.

ഔപധേനവമൌരഭ്രം സൌശ്രുതം പൌഷ്കലാവതമ്
ശേഷാണാം ശല്യതന്ത്രാണാം മൂലാന്യേതാനി നിർദ്ദിശേൽ. 8

ഇതി സുശ്രുതസംഹിതായാം സൂത്രസ്ഥാനേ പ്രഭാഷണീയോ നാമ
ചതുർത്ഥോധ്യായഃ.

—0—

പഞ്ചമോധ്യായഃ.

—0—

അഥാതോഗ്രോപഹരണീയമധ്യായം വ്യാഖ്യാസ്യാമഃ. 1

ത്രിവിധം കർമ്മ. പൂർവ്വകർമ്മ പ്രധാനകർമ്മ പശ്ചാൽകർമ്മേതി. തദ്വ്യാധിം പ്രതി പ്രത്യുപദേക്ഷ്യാമഃ. അസ്മിൻ ശാസ്ത്രേ ശസ്ത്രകർമ്മപ്രധാന്യാച്ഛസ്ത്രകർമ്മൈവ താവൽ പൂർവ്വമുപദേക്ഷ്യാമസ്യസംഭാരാംശ്ച. 2

ഔപധേനവൻ, ഔരഭ്രൻ, സുശ്രുതൻ, പുഷ്കലാവതൻ എന്നിവരാണ് ശല്യതന്ത്രത്തെഴുതീട്ടുള്ളവർ. മാറ്റുള്ളവരുടെ (കരവീര്യൻ; ഗോപുരരക്ഷിതൻ മുതലായവരുടെ) ഗ്രന്ഥങ്ങൾക്കെല്ലാം മേൽപ്പറഞ്ഞ ഗ്രന്ഥങ്ങളാകുന്നു മൂലങ്ങൾ". 8

ഇങ്ങിനെ സുശ്രുതസംഹിതയിൽ സൂത്രസ്ഥാനത്തിൽ പ്രഭാഷണീയമെന്ന നാലാമധ്യായം കഴിഞ്ഞു.

—0—

അഞ്ചാമദ്ധ്യായം.

ഇനി അഗ്രോപഹരണീയമെന്ന (ശസ്ത്രക്രിയയ്ക്ക് ആദ്യം ശേഖരിക്കേണ്ടതിനെ വിവരിക്കുന്ന) അദ്ധ്യായത്തെ പറയാം. 1.

*പൂർവ്വകർമ്മം, പ്രധാനകർമ്മം, പശ്ചാൽകർമ്മം എന്നിങ്ങിനെ ചികിത്സയിൽ മൂന്നവിധം കർമ്മങ്ങളുണ്ട്. അവയെ ഓരോരോ വ്യാധികളിലും അതാതവസരത്തിൽ പ്രത്യേകം വിവരിക്കാം ഈ ശാസ്ത്രത്തിൽ ശസ്ത്രകർമ്മം പ്രധാനമായിരിക്കയാൽ ശസ്ത്രക്രിയയേയും അതിന്നു വേണ്ടുന്ന ഉപകരണങ്ങളേയും സംബന്ധിച്ച് ആദ്യമായി ഇവിടെ പ്രസ്താവിച്ചുകൊള്ളുന്നു. 2

* പ്രധാനകർമ്മത്തിന്റെ തരംപോലെയാണ് പൂർവ്വകർമ്മവും പശ്ചാൽകർമ്മവും ഇരിക്കുന്നത്. പാചനശമനാദികൾ പ്രധാനകർമ്മങ്ങളാകുമ്പോൾ അതിന്റെ പൂർവ്വകർമ്മം ലംഘനശോധനങ്ങളും ബ്രൂഹണം പശ്ചാൽകർമ്മവുമാകും. മിതമ്പിടെ പക്ഷം, എണ്ണുകർമ്മത്തിനും സ്നേഹസ്വേദങ്ങൾ പൂർവ്വകർമ്മവും, വമനാദിശോധനക്രിയകൾ പ്രധാനകർമ്മവും, പേയാദിക്രമം പശ്ചാൽ കർമ്മവുമാണെന്നാകുന്നു. വേറെ ചിലർ, രോഗങ്ങളുടെ പൂർവ്വരൂപം കാണുമ്പോൾ ചെയ്യുന്ന പ്രവൃത്തി പൂർവ്വകർമ്മവും, വ്യാധിസമ്പൂർണ്ണരൂപം വ്യക്തമായാൽ ചെയ്യുന്നതു പ്രധാനകർമ്മവും, വ്യാധി ശമിക്കുന്ന സമയത്തു് ദേഹബലാദികൾക്കുവേണ്ടി ചെയ്യുന്നതു് പശ്ചാൽകർമ്മവും, അതെന്നു പറയുന്നു.

തച്ച ശസ്ത്രകർമ്മാഷ്ടവിധമ്. തദ്യഥാ—ഛേദ്യം ഭേദ്യം ലേഖ്യം വേധ്യമേഷ്യമാഹാര്യം വിസ്രാവ്യം സീവ്യമിതി. അതോന്യതമം കർമ്മ ചികീഷ്താ വൈദ്യേന പൂർവ്വമേവോപകല്പയിതവ്യാനി— തദ്യഥാ— യന്ത്രശസ്ത്രക്ഷാരാഗ്നിശലാകാശൃംഗജലൗകാലാബൂജാംബവോഷ്ഠപിചു*പ്ലോത സൂത്രപത്രപടമധൂച്ഛിതവസാപായസൈസ്നുലതപ്പണകഷായാലേപനകല്ക്കവ്യഞ്ജനാശീതോഷ്ണോദകകടാഹാദിനി പരികർമ്മിണശ്ച സ്നിഗ്ധാഃ സ്ഥിരാ ബലവന്തഃ. 3

തതഃ പ്രശസ്തേഷു തിഥികരണമുഹൂർത്തനക്ഷത്രേഷു ധ്യുക്ഷതാന്നപാനരതൈരുഗ്രൈർ വിപ്രാൻ ഭിഷക്ശ്രുത്വാച്ച്യുതിതഃ കൃതസ്വസ്തിവാചനം ലാഘവമാർദ്രതാവഹം പ്രാങ്മുഖമാതുരമുപവേശ്യ യന്ത്രയിത്വാ

ആ ശസ്ത്രകർമ്മം ഛേദ്യം, ഭേദ്യം, ലേഖ്യം, വേധ്യം, ഏഷ്യം, ആഹാര്യം, വിസ്രാവ്യം, സീവ്യം എന്നിങ്ങിനെ § ഏഴു വിധത്തിലാണ്. മേൽപറഞ്ഞ കർമ്മങ്ങളിൽവെച്ച് ഏതെങ്കിലും ഒന്നിനെ പ്രയോഗിക്കാനാഗ്രഹിക്കുന്ന വൈദ്യൻ താഴെപറയുന്ന സാധനങ്ങളെ ആദ്യമതന്നെ ശേഖരിക്കണം.—യന്ത്രം, ശസ്ത്രം, ക്ഷാരം, അഗ്നി, ശലാകാ (വ്രണത്തിനുള്ളിൽ തിരുകിടനാക്കാനുള്ള ഒരുമാതിരികോൽ) ശൃംഗം (കൊമ്പു), അട്ട, ചുരക്കത്തൊണ്ടു്, ജാംബവൌഷ്ഠം (ഞാവിലിംകുരുവിന്റെ മാതിരി തലപ്പുചെത്തി വണ്ണം കുറച്ചുണ്ടാക്കിയ ഒരുമാതിരി പെൻസിൽ), പിചു (പരുത്തിത്തുണ്ടു), പ്ലോതം (പഞ്ഞിപ്പുഞ്ഞി), നൂൽ, ഇല, പീച്ചം (പട്ടു്, പഞ്ഞച്ചുവരു്), തേൻ, നെയ്യു്, വസാ (മാംസക്കൊഴുപ്പു്, പന്നിനെയ്യു്), പാൽ, എണ്ണ, തപ്പുണം (ശോതമ്പുചൊടിച്ചു വെള്ളത്തിൽകലക്കി ഉണ്ടാക്കുന്ന ഒരുജാതി പേയദ്രവ്യംമുതലായതു്), കഷായം, ആലേപനം (കുഴമ്പു്), കല്ക്കം (അരച്ചുണ്ടാക്കിയ മരുന്നു്), വിശാരി, പച്ചവെള്ളം, ചൂടുവെള്ളം, പാത്രം മുതലായ വസ്തുക്കളൊക്കുന്നു. മേൽപറഞ്ഞ ഉപകരണങ്ങൾ. സ്നേഹമുള്ളവരും സ്ഥിരതയുള്ളവരും. ദേഹബലമുള്ളവരുമായ പരിചാരകന്മാരുണ്ടായിരിക്കണം. 3

പക്ഷം, കരണം, മുഹൂർത്തം, നക്ഷത്രം എന്നിവ നല്ലതായി തിരഞ്ഞതു് തീച്ചയാടിതെരെ, കണങ്ങുള്ളതി, അന്നപാനങ്ങൾ, രത്നങ്ങൾ എന്നിവയെക്കൊണ്ടു് അഗ്നി, ബ്രാഹ്മണർ, വൈദ്യന്മാർ എന്നിവരെ

---

* പ്രോതമെന്നും പാഠമുണ്ടു്.

§ ഛേദ്യം=മുറിക്കുക, Excising. ഭേദ്യം=കീറുക, Incising. ലേഖ്യം=ചുരണ്ടുക, Scraping. വേധ്യം=തുളക്കുക, Puncturing. ഏഷ്യം=തിരയുക, Probing. ആഹാര്യം=വലിച്ചെടുക്കുക, Extracting. വിസ്രാവ്യം=സ്രവിപ്പിക്കുക, Secreting. സീവ്യം=തുന്നുക, Suturing.

തഥാ പ്രത്യങ്ഗമുഖാ വൈദ്യോ മർമ്മശിരാസ്നായുസന്ധ്യസ്ഥിധമനിഷു പരി
ഹരന്നനുലോമം ശസ്ത്രം നിദധ്യാദാപൂയദർശനാൽ. സകൃദ്വോഹരേച്ഛ
സ്ത്രമാശു ച. മഹത്സ്വചി ച പാകേഷു ദ്വ്യംഗുലം ത്ര്യംഗുലം വാ ശസ്ത്ര
പദമുച്യതേ. 4

തീക്ഷ്ണായതം വിശാലം സമം സുചിഭേദ്യം ഇതി വ്രണഗുണാഃ. 5

ഭേദശ്ചാത്ര—(പ).

ആയതശ്ച വിശാലശ്ച സുചിഭേദ്യോ നിരാശ്രയഃ
പ്രാപ്തകാലകൃതശ്ചാപി വ്രണഃ കർമ്മണി ശസ്യതേ. 6

ശൌഷ്മാത്തുക്രിയാ ശസ്ത്രതൈക്ഷ്ണ്യാദസേചദ്ഭവേച്ചിരം

പൂജിച്ചതിന്നുശേഷം വൈദ്യൻ ശസ്ത്രക്രിയക്കാരംഭിക്കണ്ണം. ആ സമയത്തു് കുലീനരായതകളെപൂജിക്കയും മംഗലകരങ്ങളായ മറ്റുകാര്യങ്ങൾ ചെയ്തുകയും ബ്രാഹ്മണരേക്കൊണ്ടു മാറ്റം അനുഗ്രഹിപ്പിക്കയും ചെയ്യണം. രോഗിയെ ലഘുവായ ആഹാരം കഴിപ്പിച്ചിട്ടു് കിഴക്കോട്ടു നോക്കിയിരുത്തി കൈകാലുകളെയും മറ്റും പിടിച്ചു് അനങ്ങാതെ കെട്ടി വൈദ്യൻ *പടിഞ്ഞാട്ടുനോക്കി നേരിട്ടിരുന്നുകൊണ്ടാണു് ശസ്ത്രക്രിയ ചെയ്യേണ്ടതു്. മർമ്മങ്ങൾ (Vitalparts), സിരകൾ (Veins), സ്നായുക്കൾ (Nerves), സന്ധികൾ, അസ്ഥികൾ, ധമനികൾ (Arteries) എന്നിവയിൽ ശസ്ത്രം തട്ടാതെ സൂക്ഷിക്കണം. കീഴ്നോക്കു് നേരെ (അനുലോമം) ആയിരിക്കണം. കൈരാറ്റപ്രയോഗംകൊണ്ടുതന്നെ ചലം പുറപ്പെടുന്നവിധത്തിൽ കീറണം. വേഗത്തിൽ ആയുധത്തെ പിൻപോക്കം എടുക്കുകയും വേണം. വളരെ പഴുപ്പുള്ള ഭിക്കിൽക്കൂടി ശസ്ത്രംകൊണ്ടു വ്രണപ്പെടുത്താമെന്നു് രണ്ടോ മൂന്നോ അംഗുലം നിളമാണെന്നു് പറയപ്പെടുന്നു. 4

വേണ്ടുംപോലെ നിളവും വീതിയും ഉള്ളതായും സമമായും വിടർന്നതായും ഇരിക്കുന്ന വ്രണം നല്ലജാതി വ്രണമാകുന്നു. 5

നിളവും വീതിയും നല്ലവണ്ണമുള്ളതും നന്നായി വിടർത്തപ്പെട്ടിരിക്കുന്നതും †മർമ്മസ്ഥാനത്തിലല്ലാത്തതും പാകംവന്ന സമയത്തുണ്ടാക്കപ്പെട്ടതുമായ വ്രണം ചികിത്സിക്കാൻ എളുപ്പമുള്ള ജാതിയാകുന്നു. 6

ചൈത്യം, ശൈകവേഗം, മനസ്സാപ്പു് എന്നീ ഗുണങ്ങളോടുകൂടിയ വ്രണം ആ സമയത്തു ദേഹത്തിൽ വിടർത്തപ്പെട്ടാ വിടയലോ ഉണ്ടാകാത്ത

---

* രോഗി കിഴക്കോട്ടും വൈദ്യൻ പടിഞ്ഞാട്ടും നോക്കി ഇരിക്കേണ്ടതു് ഉച്ചക്കു മുമ്പായാലാണു്. ഉച്ചതിരിഞ്ഞാൽ നേരെ മറിച്ചാണു് വേണ്ടതു്.

† ഈ പദത്തിന്നു് മുമ്പു "നിരാശ്രയം" എന്നാണു്. "ചലം മുതലായതിനെ പുറത്തു സാധനങ്ങളെ പിടിച്ചിടാത്തിട്ടുള്ളതു്" എന്നും ഈ പദത്തിന്നു് വ്യാഖ്യാനമുണ്ടു്.

അസമ്മോഹശ്ച വൈദ്യസ്യ ശസ്ത്രകർമ്മണി ശസ്യതെ. 7

(ഗ). ഏവംകേന വാ വ്രണനാശ്രുധ്യമനെനാനന്തരാ ബുദ്ധ്യാവേക്ഷ്യാപ രമർ കുയ്യാൽ. 8

ഭവതി ചാത്ര—(പ).

യതൊ യതൊ ഗതിം വിദ്യാ ദൃസംഗൊ യത്ര യത്ര ച
തത്ര തത്ര വ്രണം കുയ്യാദ്യഥാ ദോഷൊ ന തിഷ്ഠതി. 9

(ഗ). തത്ര ഭൃഗണ്ഡശംഖലലാടാക്ഷിവുടൌഷ്ഠനാസാവേഷ്ടകക്ഷകക്ഷിവം ക്ഷണേഷു തിര്യക്ഛ്ഛേദ ഉകൃഷ്ടെ. 10

(പ). ചന്ദ്രമണ്ഡലവച്ഛ്ലേഷ്മാൻ പാണിപാദേഷു കാര്യയേൽ
അർദ്ധചന്ദ്രാകൃതീംശ്ചാപി ഗുദെ മേഢ്രെ ച ബുദ്ധിമാൻ. 11

(ഗ). അന്യഥാ തു സിരാസ്നായുച്ഛേദനാദതിമാത്രം വേദനാ ചിരാദ്രുഢ ണസംരോഹൊ മാംസകന്ദീപ്രാദുർഭാവശ്ച്രുതി. *മൂഢഗർഭൊദരാ ശ്മരീമുഖരൊഽഗ്നിഷ്ടഭ്കതവതശ്ച കർമ്മ കുർവ്വീത. 12

വനും മൂർച്ചയുള്ള ശസ്ത്രത്തോടുകൂടിയവനുമായ വൈദ്യൻ ശസ്ത്രക്രിയയിൽ പറിയവനാകുന്നു. 7

ശുദ്ധിവരേണമെങ്കിൽ ഒരു വ്രണംകൊണ്ടു മതിയാകയില്ലെന്നു കാണുന്നതിനാൽ വൈദ്യൻ ആലോചിച്ചിട്ട് ആദ്യത്തെ വ്രണത്തിനധികം ദൂരത്തല്ലാതെ രണ്ടൊ മൂന്നൊ വ്രണങ്ങളെ കീറിയുണ്ടാക്കണം. 8

ശസ്ത്രം വെക്കുമ്പോൾ ഏവിടെവിടെ ഭാരമൊ വീക്കമൊ കാണുന്നവൊ അവിടവിടെ വ്രണപ്പെടുത്തിക്കൊള്ളണം. അങ്ങിനെയായാൽ ആകുത്തുള്ള ചീത്തസാധനങ്ങൾ പിന്നെ അവിടെ ഇരിക്കയില്ലല്ലൊ. 9

പിരിയം, കവിൾ, ചെന്നി (ശംഖം), നെറി, കൺപോളകൾ, മൂക്കുകൾ, വല്ലിന്റെ ഊന്ന്, കക്ഷം, വയറ്, ഒടി എന്നിങ്ങനെയുള്ള ഭാഗങ്ങളിൽ കീറുന്നതു വിലങ്ങത്തിലായി (Lateral)രിക്കണം. 10

മൊകകാലുകളിൽ ചന്ദ്രമണ്ഡലാകൃതിയിൽ വട്ടത്തിലായും ഗുദത്തിങ്കലും മേഢ്രത്തിങ്കലും അർദ്ധചന്ദ്രാകൃതിയിലായും കീറേണ്ടതാകുന്നു. 11

ഇങ്ങിനെയല്ലാതെ കീറിയാൽ സിരകളും സ്നായുക്കളും മുറികയും അതുനിമിത്തം വേഗനയധികരിക്കയും വ്രണം ഉണങ്ങുവാൻ താമസം വ

---

* ചിലർ ഈ ഭാഗത്തിൽ അശ്മരിയെയും ഭഗന്ദരത്തെയുംകൂടി ചേർത്തു പഠിക്കുന്നു. ചികിത്സിതത്തിൽ, 'അശ്മരിയുടെ മറവും ശസ്ത്രക്രിയയെയുമുണ്ടാവാൻ ഒരുങ്ങി കേഴണം കഴിച്ചിരിക്കണം? എന്നീ വിധിയുള്ളതുകൊണ്ട് ആ പാഠം ഇവിടെ ഉചിതമല്ല.

തതഃ ശസ്ത്രമുപാദായ ശീതാഭിരദ്ഭിരാതുരമാശ്വാസ്യ സമന്താൽ പരിപിഡ്യാംഗുല്യാ വ്രണമഭിമൃജ്യ പ്രക്ഷാല്യ കഷായേണ ക്ലോമതനോദക മാദായ തിലകല്കമധു സർപ്പിഃപ്രഗാഢാനൗഷധയുക്താം നാതിസ്നിഗ്ധാം നാതിരൂക്ഷാം വർത്തിം പ്രണിദധ്യാൽ. തതഃ കല്കേനാച്ഛാദ്യ ഘനാം *കബലികാം ഉതപാ വസ്ത്രപട്ടേന ബദ്ധ്വായഥോക്തമാരക്ഷാമഷ്ടരാത്രമഷ്ടരാത്രം കുർവ്വീത. 13

രികയും വ്രണത്തിൽ മാംസം മുഴച്ച (Comdylomatous growth) വരികയും ചെയ്യുന്നതാണ്. മൂഢഗർഭം, മഹോദരം, അശ്മരി, മുഖരോഗങ്ങൾ എന്നിവയിൽ ശസ്ത്രപ്രയോഗം ചെയ്യുമ്പോൾ രോഗിക്ക് വിശപ്പുള്ള സമയമായിരിക്കണം. 12

ശസ്ത്രപ്രയോഗം ചെയ്തതിൽപിന്നെ രോഗിയുടെ മുഖത്തു് പച്ചവെള്ളം തെളിച്ചു് ആശ്വസിപ്പിച്ചു് വ്രണത്തിന്റെ ചുറ്റും വിരലുകൊണ്ടു മർദ്ദിച്ചു് ഉള്ളിലുള്ള രക്തം മുഴുവനും പീച്ചി മധുരരസമുള്ള മരുന്നുകളിട്ടു് (വേപ്പിൻതൊലി, ത്രിഫല മുതലായതു്) ചെയ്തിട്ടുള്ള കഷായം കൊണ്ടു് കഴുകി ചണപ്പഞ്ഞികൊണ്ടു് വ്രണത്തിലെ വെള്ളം മുഴുവനും ഒപ്പിയെടുത്തു് ശോധനൌഷധങ്ങളിൽ (ആട്ടനാറി, വേള മുതലായതു്) ഭാവനചെയ്തിട്ടുള്ള (ഇട്ടുവെച്ചിട്ടുള്ള) കാഴ്ശീലയിൽ (Lint pling) എണ്ണയുരച്ചതും തേനും നെയ്യും തേച്ചു് വ്രണത്തിനുള്ളിൽ വെക്കുകയും വേണം. എന്നാൽ അതിൽ(വർത്തിയിൽ) അധികം മുഴുക്കം അധികം കാഠിന്യമുണ്ടായിരിക്കരുതു്. അതിനുമീതെ വ്രണശോധനങ്ങളായ മരുന്നുകളുരച്ചതിളപ്പിച്ചുണ്ടാക്കിയ കൂട്ടു് തേക്കണം. അതിന്മീതെ കുടുയിൽ കബളിക(അത്തിമരംമുതലായതിന്റെ ഇല, തൊലി മുതലായതുകൊണ്ടുണ്ടാക്കിയതു്) കൊണ്ടു് മൂടണം. ഒടുക്കം ബലമുള്ള വസ്ത്രംകൊണ്ടു് കെട്ടുകയും വേണം. അതിനുശേഷം വേദന ശമിക്കുന്നവയും ദുർഗ്ഗന്ധത്തെ തീർക്കുന്നവയുമായ മരുന്നുകളെക്കൊണ്ടുള്ള പുകയെ വ്രണത്തിലും $ സമീപപ്രദേശത്തിലും ഏല്പിക്കയും ദുർഗ്ഗന്ധത്തെ നശിപ്പിക്കുന്നതരത്തിലുള്ള രംജപികയും വേണം. 13

---

* "നാതിസ്നിഗ്ധാം നാതിരൂക്ഷാം ഘനാം കബളികാം" എന്നു പിലർ പഠിക്കുന്നു. അധികം മുഴുക്കും അധികം വഴുവഴുപ്പും കബളികയിലുണ്ടാകരുതു്, ഉണ്ടായാൽ വ്രണത്തിൽ അതിന്റെ സ്പർശം കൊണ്ടു് നല്ലവണ്ണം മുറിവുമുണ്ടാകും. എന്നാണു് അവരുടെ പക്ഷം. വ്രണത്തിനുമേൽ കല്കം കട്ടിയിൽ തേച്ചിട്ടു് അതിന്മീതെ വെക്കുന്ന കബളികയ്ക്കു് വ്രണസ്പർശം നേരിട്ടുണ്ടാകാത്തതുകൊണ്ടു് മേൽ പറഞ്ഞ പക്ഷം ശരിയല്ല എന്നു് ചാരുദത്തനിലുണ്ടു്. ഈ പക്ഷമാണു് തർജ്ജമയിൽ സ്വീകരിച്ചിട്ടുള്ളതു്.

$ രോഗിയുടെ വിരിപ്പിലുമാകാം. ഈ പുക ഏല്പിക്കേണ്ടതെന്തിനു്? ഈ സംഗതി രോഗങ്ങൾക്കെല്ലാം ചില അണുക്രിമികളാണു് കാരണമെന്നുള്ള പുതിയ വൈദ്യന്മാരുടെ മൈക്രോബുസിദ്ധാന്തത്തെ (Theary of microbes) സ്ഥാപിപ്പിക്കുന്നു.

തതോ ഗ്രഹൂല്വാ ഗന്ധർവ്വാ സവ്വാഗൗരസഷ്പാപ്യന്നെല്ലുവ
ണാനിംഖപാത്രുവ്യാമിശ്രരാജ്ഞയുകൈതല്ലുപൈല്ലുപയേൽ. ഗൃഹ്യ
ശേഷണ ചാസ്യ പ്രാണാൻ സമാലഭേത. ഉദകുംഭോച്ചാപാ ഗൃഹീതപാ
പ്രോക്ഷയൻ രക്ഷാകമ്മ കുയ്യാൽ തദപക്ഷ്യാമി.— 14

മന്ത്രാ— "കൃത്യാനാം പ്രതിഘ്ലാതാർത്ഥം തഥാ രക്ഷോഭയസ്യ ച
രക്ഷാകമ്മ കരിഷ്യാമി ബ്രഹ്മാ തദനുമന്യതാമ്.
നാഗാഃ പിശാചാഃ ഗന്ധവ്വാഃ പിതരോ യക്ഷരാക്ഷസാഃ
അഭിദ്രവന്തി യെ യെ ത്വാം ബ്രഹ്മാദ്യാ ഘ്നന്തു താൻ സദാ.
പൃഥിവ്യാമന്തരീക്ഷേ ച യെ ചരന്തി നിശാചരാഃ
ഭിക്ഷു വാസ്തുനിവാ സാശ്ച പാന്തു ത്വാം തെ നമസ്കൃതാഃ.
പാന്തു ത്വാം മുനയോ ബ്രഹ്മ്യാ ദിവ്യാ രാജഷ്യിസ്തഥാ
പവ്വതാശ്ചാവ നദ്യശ്ച സവ്വാഃ സവ്വപി സാഗരാഃ.
അഗ്നി രക്ഷതു തെ ജിഹ്വാം പ്രാണാൻ വായുസ്തഥൈവ ച
സോമോ വ്യാനമപാനം തെ പജ്ജന്യഃ പരിരക്ഷതു.
ഉദാനം വിദ്യുതഃ പാന്തു സമാനം സ്തനയിത്നവഃ

അതിനു ശേഷം ഗ്രൽഗ്രലു, അകിലു്, ചെഞ്ചല്യം, വയമ്പു്, ചെള്ളകടുക്കു്, വേപ്പിന്നില, ഇന്തുപ്പു് ഇവയെ നെയ്യിൽ നനച്ചു് കത്തിച്ചു് പുകയുണ്ടാക്കണം. ഇങ്ങിനെ കത്തിക്കുമ്പോൾ കാറ്റിവീഴുന്നതെയ്യിടത്തു് അയുകൊണ്ടു് രോഗിയുടെ ഹൃദയം മുതലായ ജീവസ്ഥാനങ്ങളിൽ പൊരട്ടി ആശ്വസിപ്പിക്കണം. അതിനുശേഷം ജലകുംഭത്തിൽനിന്നു് വെള്ളം എടുത്തു് ശസ്ത്രക്രിയ ചെയ്യുന്ന മുറിയിലും രോഗത്തിലും തളിക്കയും താഴെ എഴുതുന്ന മന്ത്രങ്ങളെ ഉച്ചരിച്ചു് രക്ഷാകമ്മം ചെയ്യുകയും വേണം.— 14

"കൃത്യകളെ നശിപ്പിക്കുന്നതിനും രക്ഷോഭീതി തീക്കുന്നതിനും ഞാൻ ഇതാ രക്ഷാകമ്മം ചെയ്യാൻ പോകുന്നു. ഇതിനു് ബ്രഹ്മാവിന്റെ അനുഗ്രഹമുണ്ടായിരിക്കട്ടെ. നാഗങ്ങളും, പിശാചങ്ങളും, ഗന്ധവ്വന്മാർ, പിതൃക്കളും, യക്ഷന്മാർ, രാക്ഷസന്മാർ മുതലായി ആരെല്ലാം വിനെ ഉപദ്രവിക്കുന്നവരായാ അവരെ ഒക്കെ ബ്രഹ്മാവു് മുതലായ ദേവന്മാർ എപ്പോഴും നശിപ്പിച്ചുകൊണ്ടിരിക്കട്ടെ. ഭൂമിയിലും, ആകാശത്തിലും, അഷ്ടദിക്കുകളിലും സഞ്ചരിക്കുന്നവരും ഭവനത്തിൽതന്നെ സ്ഥിരമായി താമസിക്കുന്നവരുമായ രാക്ഷസന്മാർ ഈ നമസ്കാരംകൊണ്ടു് സന്തുഷ്ടന്മാരായി, നിന്നെ രക്ഷിക്കട്ടെ. മുനിമാരും, ബ്രഹ്മാവും, ദിവ്യന്മാരായ രാജഷ്യികളും, പവ്വതങ്ങളും, സവ്വനദികളും, സവ്വസമുദ്രങ്ങളും നിന്നെ രക്ഷ

ഖ്വമിന്ദ്രോ ബലപരിഷ്കൃതമന്യ മതിം തഥാ.
കാമാംസ്തു പാന്തു ഗന്ധർവ്വാഃ സതപമിന്ദ്രോഭിരക്ഷതു
പ്രജ്ഞാം തെ വരുണോ രാജാ സമുദ്രോ നാഭിമണ്ഡലം.
ചക്ഷുഃ സൂര്യോ ദിശഃ ശ്രോത്രേ ചന്ദ്രമാഃ പാതു തെ മനഃ
നക്ഷത്രാണി സദാ രൂപം മരായാം പാന്തു നിശാസ്വിവ.
രേതസ്തു പാപ്യായയന്തപാംസവോ രോമാണ്യോഷധയസ്ഥാ
ആകാശം ഖാനി തെ പാതു ദേഹം തവ വസുന്ധരാ.
വൈശ്വാനരഃ ശിരഃ പാതു വിഷ്ണുസ്തവ പരാക്രമം
പൌരുഷം പുരുഷഃശ്രേഷ്ഠോ ബ്രഹ്മാത്മാനം ധ്രുവോ ഭുവൌ.
ഏതാ ദേവതാ വിശേഷേണ തവ നിത്യാ ഹി ദേവതാഃ
ഏതാസ്തവാം സതതം പാന്തു ഭീഷ്ടായുരവാപ്നുഹി.
സവസ്തി തെ ഭഗവാൻ ബ്രഹ്മാ സവസ്തി ദേവാശ്ച കുർവ്വന്തു
സവസ്തി തെ ചന്ദ്രസൂര്യൌ ച സവസ്തി നാരദപർവ്വതൌ.
സവസ്ത്യഗ്നിശ്ചൈവ വായുശ്ച സവസ്തി ദേവാ മഹേന്ദ്രശ്ച
പിതാമഹകൃതാ രക്ഷാ സവസ്ത്യായുർവ്വർദ്ധതാം തവ
ഈതയസ്തു പ്രശാമ്യന്തു ന ഭയം ഭവ ഗതവ്യഥഃ". ഇതിസ്മാഹാ.
ഏതൈരുദ്ദാത്തകൈർമ്മന്ത്രൈസ്തു കൃത്യാവ്യാധിവിനാശനൈഃ
മയൈവം കൃതരക്ഷസ്തു ഭീഷ്ടായുരവാപ്നുഹി. 15

ക്ഷിക്കട്ടെ. അഗ്നി നിന്റെ നാവിനെ രക്ഷിക്കട്ടെ. വായു പ്രാണങ്ങളെ രക്ഷിക്കട്ടെ. സോമൻ വ്യാനവായുവിനേയും, പർജ്ജന്യൻ അപാനനേയും, വിദ്യുത്തുകൾ ഉദാനനേയും, മേഘങ്ങൾ സമാനനേയും രക്ഷിക്കട്ടെ. ഇന്ദ്രൻ ബലത്തേയും, മനു ബുദ്ധിയേയും, ഗന്ധർവ്വന്മാർ കാമങ്ങളേയും, ഇന്ദ്രൻ വൈര്യത്തേയും, വരുണൻ പ്രജ്ഞയേയും, സമുദ്രം നാഭിയേയും രക്ഷിക്കട്ടെ. സൂര്യൻ കണ്ണിനേയും, ദിക്കുകൾ ചെവികളേയും, ചന്ദ്രൻ മനസ്സിനേയും, നക്ഷത്രങ്ങൾ നിന്റെ സ്വരൂപത്തേയും, രാത്രികൾ നിന്റെ നിഴലിനേയും രക്ഷിക്കട്ടെ. ഔഷധികൾ നിന്റെ ശുക്ലത്തെ പോഷിപ്പിക്കട്ടെ. ഓഷധികൾ രോമങ്ങളേയും, ആകാശം നിന്റെ ദ്വാരങ്ങളേയും, ഭൂമി ദേഹത്തേയും, വൈശ്വാനരൻ ശിരസ്സിനേയും, വിഷ്ണു നിന്റെ പരാക്രമത്തേയും, പുരുഷോത്തമൻ നിന്റെ പൌരുഷത്തേയും, ബ്രഹ്മാവു് ആത്മാവിനേയും, ധ്രുവൻ പിരിയങ്ങളേയും രക്ഷിക്കട്ടെ. മേല്പറഞ്ഞ ദേവതകൾ വിശേഷിച്ചും എപ്പൊഴും നിന്റെ ദേഹത്തിൽ ഉള്ളവയാണെല്ലൊ. ഈ ദേവതകൾ നിന്നെ എപ്പൊഴും രക്ഷിക്കട്ടെ. നിനക്കു് ദീർഘായുസ്സുണ്ടാകട്ടെ. ബ്രഹ്മഭഗവാനും ദേവന്മാരും നിനക്കു് നന്മ ചെയ്യട്ടെ. ചന്ദ്രസൂര്യന്മാരും, നാരദനും, പർവ്വ

തതഃ കൃതരക്ഷമാതുരമാഗാരം പ്രവേശ്യാചാരികമാദിശേൽ. തത ഇതിഃ യഹനി വിധൂപൈച്യവം ബഹ്വിയാദപസ്നുപട്ടേന ന പൈചനം തൂപ രമാണോപരേദ്യുർമ്മോക്ഷയേൽ. 16

ദ്വിതിയദിവസെ പരിമോക്ഷണം ദ്വിഗ്രഥിതൊ വ്രണശ്ചിംദ്രുപ സംരോഹതി തീവ്രരുജശ്ച ഭവതി. അത ഊർദ്ധം ദോഷകാലബലാ ദിനവേക്ഷ്യ കഷായാലേപനബന്ധാഹാരാചാരാൻ വിദധ്യാൽ. ന പൈചനം തപരമാണഃ സാന്തർദ്ദോഷം രോപയേൽ സഹ്യല്ലനാച്ച്യവ ചാരേണാഭ്യന്തരമുത്സാഗം കുനപാ ഭ്രിഃയാപി വികരോതി. 17

ഭവന്തി ചാത്ര— (പ).

തസ്മാദന്തർഗ്രഹിണ്യാശ്ച സുശ്രുദ്ധം രോപയേദ്വ്രണം

രുമഹർഷിയും, അഗ്നിയും, വായുവും, ദേവന്മാരും, ഇന്ദ്രനും നിനക്കനുഗ്ര ഹം തരട്ടെ. ബ്രഹ്മാവു് നിനക്കു് രക്ഷ ചെയ്യട്ടെ. നിന്റെ ആയുസ്സു് വർദ്ധിക്കട്ടെ. നിണ്ക്കുള്ള ഈതിദോഷങ്ങളും (അതിവൃഷ്ട്യാദി) ശമിക്ക ട്ടെ. എപ്പോഴും രോഗമില്ലാത്തവനായിരിക്കട്ടെ". ഇങ്ങിനെ മന്ത്രാ ക്ഷരങ്ങൾ ചൊല്ലി അവസാനത്തിൽ "സ്വാഹാ" എന്നുച്ചരിക്കയും വേണം. വേദസപത്രുപങ്ങളും, പിശാചങ്ങളേയും രോഗങ്ങളേയും നശിപ്പിക്കുന്ന വയുമായ ഈ മന്ത്രങ്ങളെക്കൊണ്ടു് ഞാൻ നിണക്കു് ഇപ്പോൾ രക്ഷാ കർമ്മം ചെയ്തിട്ടുള്ളതുകൊണ്ടു് നി ഭീഷ്ടായുസ്സായിരിക്കും. 15

ഇങ്ങിനെ രക്ഷാകർമ്മം അവസാനിച്ചാൽ അതിനുശേഷം രോഗി യെ സ്വന്തം ഭവനത്തിലേക്കു് കൊണ്ടുപോകി രോഗാവസ്ഥയനുസരി ച്ചു് പത്ഥ്യക്രമങ്ങളും മറ്റും ഉപദേശിക്കണം. പിന്നെ മൂന്നാം ദിവസം വ്രണത്തിന്റെ കെട്ടഴിച്ചു് രണ്ടാമതും കഴുകി വസ്ത്രം കൊണ്ടു് കെട്ടണം. ബന്ധപ്പാടു് നിത്യം പിറ്റാദിവസംതന്നെ കെട്ടഴിച്ചുപോകയുമരുതു്.

രണ്ടാംദിവസം കെട്ടഴിക്കുന്നതുകൊണ്ടു് വ്രണത്തിൽ വീക്കവും അ തിയായി വേദനയുമുണ്ടാകുമെന്നു് മാത്രമല്ല, ആ വ്രണമാറുന്നതി ക്കിട്ടാൻ താമസവുമുണ്ടാകും. അതിനുപുറമെ ദോഷം, കാലം, ബലം മുതലായവയെ നോക്കി കഷായം, തേക്കാനുള്ള കൂറവു്, കെട്ടുന്ന ക്രമം, ആഹാരക്രമം, നടക്കേണ്ടുന്ന മറ്റു സംഗതികൾ എന്നിവയെ പാകം പോലെ ഏർപ്പാടു ചെയ്തുകൊള്ളണം. വ്രണത്തിനുള്ളിൽ ദോഷാംശം കിടക്കുന്ന സമയംതന്നെ ബന്ധപ്പാടുകൊണ്ടു് വേഗം ഒണക്കരുതു്. ആ ദോഷം അകത്തുകിടന്നു് സപല്ലുകാരണത്താൽതന്നെ ദുഷിച്ചു് ഉള്ളി ലേരോഗത്തു് ഭയങ്കരമധികമുണ്ടാക്കി പിന്നീടും ഉപദ്രവമുണ്ടാക്കിത്തീർക്കു ന്നതാണു്. 17

അതുകൊണ്ടു് വ്രണത്തിന്റെ ഉള്ളും പുറവും നല്ലവണ്ണം ശുദ്ധമാ കിയതിനുശേഷമെ അതിനെ ഒണക്കാവു. വ്രണമാണെങ്കിലും

ത്രിഷ്വാപ്യജീർണ്ണവ്യായാമവ്യവായാദീൻ വിവർജ്ജയേൽ
ഹർഷം കോപം ഭയഞ്ചാപി യാവൽ സ്വസ്ഥസ്യോപസംഭവാൽ. 18

ഹേമന്തേ ശിശിരേ ചൈവ വസന്തേ ചാപി മോക്ഷയേൽ
ത്രീഹാച്ഛ്രീഹാച്ഛരദ് ഗ്രീഷ്മവർഷാസ്വപി ച ബുദ്ധിമാൻ.
ആതിപാതിഷു രോഗേഷു നേച്ഛേദ്വിധിമിമം ഭിഷക്
പ്രദീപ്താഗാരവച്ഛീഘ്രം തത്ര കുര്യ്യാൽ പ്രതിക്രിയാം. 19.

യാ വേദനാ ശസ്ത്രനിപാതജാതാ
തീവ്രാ ശരീരം പ്രസഭം നോതിജഘ്നതാം
ഘൃതേന സാ ശാന്തിമുപൈതി സിക്താ
കോഷ്ണേന യഷ്ടീമധുകാനുഗേന. 20.

ഇതി സുശ്രുതസംഹിതായാം സൂത്രസ്ഥാനേ അഗ്ര്യോപഹരണീയോ നാമ
പഞ്ചമോദ്ധ്യായഃ.

രോഗി, ഹേമന്തത്തിന്നു പ്രയാസമുള്ള ആഹാരം കഴിക്കാതേയും ഭോഗമനുഭവിക്കാതേയും സ്ത്രീസംഗം ചെയ്യാതേയുമിരിക്കണം. ഉണങ്ങി, ആ ഭാഗത്തു വേണ്ടേടത്തോളം ഉറപ്പുണ്ടായി, നിർദ്ദോഷമായിത്തീർന്നതുവരെ, ലിയ സന്തോഷമോ ക്രോധമോ ഭയമോ മനസ്സിനുണ്ടാകിക്ഷോഭം വരുത്താതെ കഴിക്കണം. 18

ഹേമന്തം, ശിശിരം, വസന്തം എന്നീ കാലങ്ങളിൽ വ്രണത്തെ *മൂന്നാംദിവസം അഴിച്ചുകെട്ടേണ്ടതാണു്. ശരൽക്കാലം, ഗ്രീഷ്മകാലം, വർഷാകാലം എന്നിവയിലാകട്ടെ രണ്ടാംദിവസം അഴിച്ചുചെയ്യാം. എന്നാൽ രോഗം കവിഞ്ഞജാതിയാണെന്നു് കാണുമ്പോൾ ഈ കാലനിയമം നോക്കേണമെന്നു നിർബ്ബന്ധമില്ല. ഭവനം തീപ്പിടിച്ചാൽ താമസിയാതെ പ്രതിക്രിയ ചെയ്യേണമെല്ലോ. അതുകൊണ്ടു് കാലതാമസംകൂടാതെ ആ വക രോഗാതിക്രമണങ്ങളിൽ പ്രവർത്തിച്ചുകൊള്ളണം. 19.

ശസ്ത്രപ്രയോഗംനിമിത്തം ദേഹത്തിൽ അതികഠിനമായിട്ടുണ്ടാകുന്ന വേദനക്കു്, ഇരട്ടിമധുരം ചതച്ചിട്ടു് കാച്ചിയ നെയ്യു് ഇളംചൂടോടെ ധാരചെയ്യുന്നതിൽ ശാന്തിയുണ്ടാകുന്നതാണു്. 20

ഇങ്ങിനെ സുശ്രുതസംഹിതയിൽ സൂത്രസ്ഥാനത്തിൽ അഗ്ര്യോപഹരണീയമെന്ന
അഞ്ചാമദ്ധ്യായം കഴിഞ്ഞു.

---

* ഇവിടെ 'മൂന്നു ദിവസം കൂടുമ്പോൾ' എന്നു മിക്കവ്യാഖ്യാതാക്കളും

ഷഷ്ഠോദ്ധ്യായം.

അഥാതഃ ഋതുചര്യ്യാധ്യായം വ്യാഖ്യാസ്യാമഃ. 1.

കാലോ ഹി നാമ ഭഗവാൻ സ്വയംഭ്രുരനാദിമധ്യനിധനോത്ര തന്ത്ര വ്യാപത്സംപതതീ ജീവിതമരണ ച മനുഷ്യാണാമായത്തം. സനൂക്ഷ്മമപി കലാം ലീയത ഇതി കാലഃ, സങ്കലയതി കാലയതി വാ ഭൂതാനീതി കാലഃ. 2.

തസ്യ സംവത്സരാത്മനോ ഭഗവാനാദിത്യോ ഗതിവിശേഷേണാനിമേഷകാഷ്ഠാകലാമുഹൂർത്താഹോരാത്രപക്ഷമാസർത്വയനാസംവത്സരയുഗപ്രവിഭാഗം കരോതി. 3.

ആറാമദ്ധ്യായം.

ഇനി ഋതുചര്യ്യയെന്ന അദ്ധ്യായത്തെ പറയാം. 1.

കാലമെന്നു പറയുന്നത് എല്ലാ ശക്തിയുമുള്ള ഒന്നാണ്. അതു താനെ ഉണ്ടായ ഒരു തത്വമാകുന്നു. അതിന്നു് ആദിയും മധ്യവും അവസാനവുമില്ല. പദാർത്ഥങ്ങളുടെ രസം പൂർണ്ണമാകുന്നതും ഹീനമായിപോകുന്നതും കാലത്തിന്നനുസരിച്ചാകുന്നു. മനുഷ്യന്മാരുടെ ജീവനവും മരണവും കാലത്തിന്റെ അധീനത്തിലാകുന്നു.

എപ്പോഴും മഴിച്ചുകൊണ്ടിരിക്കുന്നുണ്ടെങ്കിലും അതിന്റെ അല്പമായ കലപോലും (അംശം) കുറയുന്നില്ല എന്നുള്ളതുകൊണ്ടാണ് "കാലം" എന്നുള്ള പേർ ഉണ്ടായത്തു്. പ്രാണികൾ ഉണ്ടായി നശിച്ചുകൊണ്ടിരിക്കുന്നതിനെ കാലനംചെയ്യുകൊണ്ടു് (പിന്തുടർന്നുകൊണ്ടു്) താൻ നാശമില്ലാതെ ഇരിക്കുന്നു എന്നതുകൊണ്ടാണു് കാലപദമുണ്ടായതെന്നും, പ്രാണികൾക്കെല്ലാം കർമ്മാനുസാരമായി സുഖദുഃഖങ്ങളെ സങ്കലനം ചെയ്യു (കൊടുത്തു) കൊണ്ടിരിക്കുന്ന ഒന്നാകയാലാണു് കാലമെന്നുള്ള പേർ സിദ്ധമായതെന്നും, ഓരോ മഹാന്മാർ ഓരോ പ്രകാരത്തിൽ പറയുന്നുണ്ടു്. 2.

സംവത്സരരൂപമായ ആ കാലത്തിന്നു് നിമേഷം, കാഷ്ഠാ, കലാ, മുഹൂർത്തം, അഹോരാത്രം, പക്ഷം, മാസം, ഋതു, അയനം, സംവത്സരം, യുഗം എന്നിങ്ങിനെയുള്ള വിഭാഗങ്ങളുണ്ടു്. ഈ വിഭാഗങ്ങളും ഈ കാലത്തിനുണ്ടായിട്ടുള്ളതു് ആദിത്യഭഗവാന്റെ ഗതിഭേദത്തെ അനുസരിച്ചിട്ടാകുന്നു. 3.

തത്ര ലഘ്വക്ഷരോച്ചാരണമാത്രോ നിമേഷഃ. പഞ്ചദശനിമേഷാഃ കാഷ്ഠാഃ. ത്രിംശൽകാഷ്ഠാഃ കലാഃ. വിംശതികലോ മുഹൂർത്തഃ കലാദശഭാഗശ്ച ത്രിംശന്മുഹൂർത്തമഹോരാത്രഃ. പഞ്ചദശാഹോരാത്രഃ പക്ഷഃ. സ ച ദ്വിവിധഃ ശുക്ലഃ കൃഷ്ണശ്ച. തൌ മാസഃ. 4.

തത്ര മാഘാദയോ ദ്വാദശ മാസാ ദ്വിമാസികമൃതും കൃത്വാ ഷഡ്ഋതവോ ഭവന്തി. തേ ശിശിരവസന്തഗ്രീഷ്മവർഷാശരദ്ധേമന്താഃ. തേഷാം തപസ്യുപസ്യൌ ശിശിരഃ. മധുമാധവൌ വസന്തഃ. ശുചിശുക്രൌ ഗ്രീഷ്മഃ. നഭോനഭസ്യൌ വർഷാഃ. ഇഷോഽർജ്ജൌ ശരൽ. സഹസ്സഹസ്യൌ ഹേമന്ത ഇതി. 5.

ത ഏതേ ശീതോഷ്ണവർഷലക്ഷണാഃ ശുക്ലാദിത്വയോഃ കാലവിഭാഗകരത്വാദയനേ ദ്വേ ഭവതോ ദക്ഷിണമുത്തരഞ്ച. തയോർദ്ദക്ഷിണം വ

രണ്ടവയിർവെച്ച് ഒരു ലഘുവായ (ഹ്രസ്വ c=അ) അക്ഷരത്തെ ഉച്ചരിക്കേണ്ടതെങ്കിൽ ഏതു സമയം ആവശ്യമായി വരുന്നുവോ ആ അല്പസമയത്തിനു് നിമേഷം എന്നു പേരാകുന്നു. പതിനഞ്ചു നിമേഷങ്ങൾ കൂടിയാൽ കാഷ്ഠയായി. മുപ്പതു കാഷ്ഠാ ഒരു കല. ഇരുപതു കലയും മൂന്നു കാഷ്ഠയും ഒരു മുഹൂർത്തം. മുപ്പതു മുഹൂർത്തം ഒരഹോരാത്രം. പതിനഞ്ചഹോരാത്രം ഒരു പക്ഷം; അതു് ശുക്ലപക്ഷമെന്നും കൃഷ്ണപക്ഷമെന്നും രണ്ടുവിധമുണ്ടു്. ഈ രണ്ടുവിധം പക്ഷത്തിനും കൂടിയ പേർ മാസമെന്നാകുന്നു. 4.

*മാഘം മുതലായി പന്ത്രണ്ടു മാസങ്ങളുണ്ടു്. ഈരണ്ടുമാസം കൂടിയാൽ ഓരോ ഋതുക്കളായി. അങ്ങിനെ ആറ് ഋതുക്കളുണ്ടു്. അവയ്ക്കു് ശിശിരം, വസന്തം, ഗ്രീഷ്മം, വർഷം, ശരൽ, ഹേമന്തം എന്നിങ്ങിനെ പേരുകളാകുന്നു. അവയിൽവെച്ചു് മാഘം, ഫാൽഗുനം എന്നീ രണ്ടു മാസം ശിശിരം; ചൈത്രം, വൈശാഖം എന്ന രണ്ടുമാസം വസന്തം; ജ്യൈഷ്ഠം, ആഷാഢം എന്ന രണ്ടുമാസം ഗ്രീഷ്മം; ശ്രാവണം, ഭാദ്രപദം എന്ന രണ്ടുമാസം വർഷം; ആശ്വിനം, കാർത്തികം എന്ന രണ്ടുമാസം ശരത്തു്; മാർഗ്ഗശീർഷം, പൌഷം എന്ന രണ്ടുമാസം ഹേമന്തം; എന്നിങ്ങിനെയാകുന്നു ക്രമം. 5.

ശീതകാലം, ഉഷ്ണകാലം, വർഷകാലം എന്നിങ്ങിനെ മൂന്നുവിധം പ്രത്യേകലക്ഷണങ്ങളോടുകൂടിയ ആ ഋതുക്കളിൽ, പകൃതി ദക്ഷിണായനവും,

---

* മകരമാസത്തിലെ കറുത്ത വാവു കഴിഞ്ഞാൽ പ്രഥമ മുതൽ മാഘമാസാരംഭം, കുംഭത്തിലെ വെളുത്ത പ്രഥമ മുതൽ ഫാൽഗുനം, ഇങ്ങിനെ ക്രമത്തിൽ ഗ്രഹിക്കണം.

ഷ്ണാശരദ്ഭേമന്താസേഷു ഭഗവാനാപ്യായ്യതെ സോമോമ്ലലവണമധുരാശ്ച രസാ ബലവന്തോ ഭവന്ത്യുത്തരോത്തരഞ്ച സർവ്വപ്രാണിനാം ബലമഭിവർദ്ധതെ ഉത്തരഞ്ച ശിശിരവസന്തഗ്രീഷ്മാസേഷു ഭഗവാനാപ്യായ്യതേക്ഷ്വസ്ലികതകടുകകഷായാശ്ച രസാ ബലവന്തോ ഭവന്ത്യുത്തരോത്തരഞ്ച സർവ്വപ്രാണിനാം ബലമപഹീയതെ. 6

ഭവതി ചാത്ര—(ഖ)

ശീതാംശുഃ ക്ലേദയത്യുർവ്വീം രവിഃ സംശോഷയത്യപി
താവുഭാവപി സംശ്രിത്യ വായുഃ പാലയതി പ്രജാഃ. 7.

(ഗ). അഥ ഖലൂപയനെ ദ്വെ യുഗപൽ സംവത്സരൗ ഭവതി. 8.

തെ തു പഞ്ച യുഗമിതി സംജ്ഞാം ലഭന്തെ. സ ഏഷ നിമേഷാദിയുഗപര്യന്തഃ കാലശ്ചക്രവൽപരിവർത്തമാനഃ കാലചക്രമുച്യതെ ഇത്യേകെ. 9.

പകൃതി ഉത്തരായനവുമായിരിക്കുന്നു. ചന്ദ്രനും സൂര്യനുമാണ് ഇങ്ങിനെ കാലഭേദത്തെ ഉണ്ടാക്കുന്നതിന്ന് കാരണഭൂതന്മാർ. വർഷാ, ശരത്ത്, ഹേമന്തം എന്ന മൂന്ന ഋതുക്കൾ ദക്ഷിണായനമാകുന്നു. ഈ ഋതുക്കളിൽ ചന്ദ്രൻ പ്രബലനാകുന്നു; പുളി, ഉപ്പ്, മധുരം എന്നീ രസങ്ങൾ ഈ കാലത്ത് പ്രബലങ്ങളാകുന്നു; ഈ സമയത്ത് പ്രാണികൾക്കെല്ലാം മേൽക്കുമേൽ ബലം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ബാക്കിയുള്ള ശിശിരം വസന്തം, ഗ്രീഷ്മം എന്ന മൂന്ന ഋതുക്കൾ ഉത്തരായനമാകുന്നു. ഈ കാലത്ത് സൂര്യനാകുന്നു ബലവാൻ. ഉത്തരായനത്തിൽ കയ്പ്പ്, ചവർപ്പ്, എരുവ് എന്നുള്ള മൂന്ന രസങ്ങളും പ്രബലങ്ങളായിരിക്കുന്നു. ഈ കാലത്തു പ്രാണികൾക്കെല്ലാം മേൽക്കുമേൽ ബലം ക്ഷയിച്ചുപോകുന്നു. 6.

ചന്ദ്രൻ ഭൂമിയെ കുതിർത്തുകയും (ക്ലേദനം) സൂര്യൻ വരട്ടുകയും ചെയ്യുന്നു. ഈ ചന്ദ്രസൂര്യന്മാരുടെ ആശ്രയത്തോടുകൂടിയ വായു പ്രജകളെ രക്ഷണം ചെയ്യുന്നു. 7.

മേൽപറഞ്ഞ രണ്ട് അയനങ്ങളും കൂടിയതിന്ന സംവത്സരം എന്ന പേർ. 8.

സംവത്സരം അഞ്ചെണ്ണം കൂടിയതു് ഒരു യുഗമാണെന്നും ഇങ്ങിനെ മേഷാദി മുതൽക്കു് യുഗംവരെയുള്ള കാലം ചക്രംപോലെ തിരിഞ്ഞുതിരിഞ്ഞുവരുന്നതുകൊണ്ട് ഇതിന്ന് കാലചക്രമെന്നൊരു പേർ പറയുന്നുണ്ടെന്നും വേറെ ചിലർ അഭിപ്രായപ്പെടുന്നു. 9.

ഇഹ തു വഷ്ടാശരദ്ധേമന്തവസന്തഗ്രീഷ്മപ്രാവൃഷഃ ഷഡ്ഋതവൊ ഭവന്തി ദോഷാപചയപ്രകോപോപശമനിമിത്തം: തത്തു ഭാദ്രപദാദ്യൈ നഭ്രിമാസികൈന വ്യാഖ്യാതാഃ. തദ്യഥാ—ഭാദ്രപദാശ്വയുജൌ വഷ്ടാഃ. കാത്തികമാഗ്ശീഷ്യൌ ശരൽ. പൌഷമാഘൌ ഹേമന്തഃ. ഫാല്ഗുനചൈത്രൌ വസന്തഃ. വൈശാഖജ്യൈഷ്ഠൌ ഗ്രീഷ്മഃ. ആഷാഢശ്രാവണൌ പ്രാവൃഡിതി.

തത്ര വഷ്ടാഃസ്വാഭാവികസുതരാന്നാല്പവീര്യാ ആപശ്ചാപ്രസ

* ഇവിടെ വഷ്ടാ, ശരൽ, ഹേമന്തം, വസന്തം, ഗ്രീഷ്മം, പ്രാവൃട്ട് എന്നിങ്ങനെ ആറ് ഋതുക്കളാണെന്നും ആ ഋതുക്കളിൽ ത്രിദോഷങ്ങൾ ക്രമേണ വർദ്ധിക്കയും, കോപിക്കയും, ശമിക്കയും ചെയ്യുന്നുണ്ടെന്നും പറയപ്പെട്ടുന്നു. ആ ഋതുക്കളാകട്ടെ ഈരണ്ടുമാസം കൂടിയവത്തെന്നായാകുന്നു. ഭാദ്രപദം, ആശ്വയുജം എന്ന രണ്ടു മാസങ്ങൾ വഷ്ടാ, കാർത്തികം, മാർഗ്ഗശീർഷം എന്ന രണ്ടും ശരൽ, പൌഷം, മാഘം എന്ന രണ്ടുമാസങ്ങൾ ഹേമന്തം, ഫല്ഗുനം, ചൈത്രം എന്ന രണ്ടുമാസങ്ങൾ വസന്തം, വൈശാഖം, ജ്യൈഷ്ഠം എന്ന രണ്ടുമാസങ്ങൾ ഗ്രീഷ്മം, ആഷാഢം, ശ്രാവണം എന്ന രണ്ടുമാസങ്ങൾ പ്രാവൃട്ട് എന്നിങ്ങിനെയാകുന്നു ക്രമം.

അവയിൽവെച്ച് വഷ്ടാകാലത്തിൽ ഔഷധികൾ മൂപ്പുതികയാത്ത

* മുൻപറഞ്ഞ ക്രമത്തിൽനിന്നു വ്യത്യാസപ്പെടുത്തി, ഋതുക്കളെ ഇവിടെ വേറൊരു രീതിയിൽ വിഭാഗം ചെയ്യുന്നതു് ദോഷങ്ങളുടെ വർദ്ധനം, കോപം, ശമനം എന്നിവയെ ക്രമപ്പെടുത്തി വിവരിപ്പാൻ വേണ്ടിയാണു്. എന്നു് ചിലർ വ്യാഖ്യാനിച്ചിരിക്കുന്നു. എന്നാൽ ദേശഭേദം നിമിത്തം പ്രകൃതിയുടെ സ്വഭാവത്തിനു് പലവിധം വ്യത്യാസങ്ങളുണ്ടായിക്കാണുന്നതുകൊണ്ടു് ഓരോ രാജ്യങ്ങൾക്കും പ്രത്യേകം പ്രത്യേകം ഋതുവിഭാഗം ചെയ്യുന്നതു് അവശ്യമായിട്ടുള്ളതാണു്. ഈ വിഭജനപ്രവൃത്തിയെ അതാതു് ദേശങ്ങളിലുള്ള പണ്ഡിതന്മാർക്കു് പൂർവ്വാചാര്യന്മാർ വിട്ടുകൊടുത്തിരിക്കുന്നു. പൂർവ്വന്മാർ ചെയ്തിട്ടുള്ള വിഭജനം സാമാന്യമായിട്ടുള്ളതാകുന്നു. എന്നാൽ സുശ്രുതാചാര്യർ ഇന്ത്യാരാജ്യത്തെ രണ്ടായിവിഭാഗിച്ചു് രണ്ടുവിധം ഋതുവിഭാഗം ചെയ്തിരിക്കുന്നു. ഗംഗയുടെ തെക്കുഭാഗത്തു് വടക്കുഭാഗത്തുള്ളതിനെക്കാൾ മഴയധികമുള്ളതുകൊണ്ടു് ആ ഭാഗങ്ങളിൽ "പ്രാവൃട്ട്" എന്നൊരു ഋതുവിനെ കല്പിച്ചിരിക്കുന്നു. അപ്രകാരം ഗംഗയുടെ വടക്കുഭാഗത്തു് ഹിമവൽപർവ്വതമടുത്തിരിക്കകൊണ്ടു് തണുപ്പധികമുണ്ടു്. അതുകൊണ്ടു് ആ പ്രദേശത്തേക്കു് ശിശിരഋതുവിനേയും കല്പിച്ചിരിക്കുന്നു. പ്രാവൃട്ട്, വഷ്ടാ എന്ന ഋതുക്കളിലെ നാലുമാസങ്ങളും ഇവിടെ മഴക്കാലവും ഹേമന്തം, ശിശിരം, എന്ന നാലുമാസങ്ങളും അവിടെ തണുപ്പുകാലവുമായിരിക്കുന്നതാണു്. "ത്രയോ വഷ്ടർത്തവഃ പ്രാവൃഡാദയോ ഗംഗായാ ദക്ഷിണേന സദാ. തത്ര വഷ്ടാ പ്രാവൃഡാഖ്യാവൃത്തൌ തേഷാം പ്രകല്പിതൌ. തസ്യാ ഏവോത്തരേണ ഹിമവദ്ഗിരിസംകുലേ. ത്രയഃ ശീതമതസ്തേഷാം ഹേമന്തശിശിരാവൃതൌ". എന്നും, "പ്രാവൃഡിതി പ്രഥമഃ പ്രാവൃഷ്യേഷ കാലഃ തസ്യാനുബന്ധൌ വഷ്ടഃ." (ഡാകഃ) എന്നുമുള്ള വചനങ്ങളും നോക്കുക.

ന്നാഃ ക്ഷിതിമലപ്രായാസ്വാ ഉപയുജ്യമാനാ നഭസി മേഘാവൃതേ ജല പ്രക്ലിന്നായാം ഭൂമൌ ക്ലിന്നദേഹാനാം പ്രാണിനാം ശീതവാതവർഷ്ടുഷ്ണീനാം വിദഗ്ദ്ധന്തേ വിദാഹാൽ പിത്തസഞ്ചയമാപാദയന്തി. സ സഞ്ചയഃ ശരദി പ്രവിരളമേഘേ വിയത്യുപശ്ലോഷ്യതി പങ്കേക്കിരണപ്രവിലാപിതഃ സൈപത്തികാൻ വ്യാധീൻ ജനയതി. 11

താഃ ഔഷധയഃ കാലപരിണാമാൽ പരിനതവീര്യാ ബലവത്യാ ഹേമന്തേ ഭവന്ത്യുപശ്ലോഷ്യ പ്രസന്നാഃ സ്നിഗ്ധാ അത്യുഷ്ണം ഗുരു സ്നിഗ്ധമുപയുജ്യമാനാ മന്ദകിരണതാപാൽ ഭൂമൌ സന്തുഷ്ടാരപവനോപസൃഷ്ടാഭിതഃ ദേഹാനാം ദേഹിനാമവിശദ്ധാഃ ശ്ലേഷ്മാണമുത്ക്ലേശ്യാഗ്നൌരവാത്പലേപാച്ച ശ്ലേഷ്മണഃ സഞ്ചയമാപാദയന്തി സ സഞ്ചയോ വസന്തേ

വയായും വീര്യംപുതുങ്ങിയവയായും ഇരിക്കും. അപ്പോൾ ഉള്ള വെള്ളം മണ്ണും ചളിയും കലർന്ന് കലങ്ങിയിരിക്കും. ആകാശം മേഘം നിറഞ്ഞും, ഭൂമി വെള്ളംകൊണ്ടു നലഞ്ഞും, പ്രാണികളുടെ ദേഹം ജലാംശമധികമുള്ളതായും. തണുത്ത വായുനിമിത്തം അഗ്നിമാദ്യം തട്ടിയതായുമിരിക്കുക നിമിത്തം ആ കാലങ്ങളിൽ മേൽപറഞ്ഞ ഇളയസന്ധികളും ദുഷിച്ചു വെള്ളവും അകത്തേക്ക് കഴിച്ചാൽ അതു നിമിത്തം വിദാഹം (ഉൾപ്പുഴുകൽ) ഉണ്ടാകയും വിദാഹംനിമിത്തം പിത്തം വർദ്ധിക്കയും ചെയ്യും. പിന്നെ ശരൽകാലം വന്നാൽ ആകാശത്തിൽ മേഘം കുറയും; ഭൂമിയിലുള്ള ചളികളെല്ലാം ഉണങ്ങിപ്പോകും. വർഷാകാലത്തിൽ വർദ്ധിച്ചു പിത്തം ശരത്തിൽ സൂര്യകിരണങ്ങളുടെ സംസർഗ്ഗംകൊണ്ട് ഉത്കോപം ചെയ്തു, പിത്തസംബന്ധങ്ങളായ വ്യാധികളെ *ഉണ്ടാക്കിത്തീർക്കും. 11

ആ ഔഷധികൾതന്നെ ഹേമന്തകാലമെത്തിയാൽ കാലപ്പഴക്കം നിമിത്തം മൂപ്പുതികഞ്ഞവയായും വീര്യമുള്ളവയായും തീരുന്നു; അപ്പോൾ വെള്ളവും തെളിഞ്ഞു സ്നിഗ്ധമായി ഏറ്റവും ഘനമുള്ളതായി ഭവിക്കുന്നു. സൂര്യരശ്മി കുറഞ്ഞും പ്രാണികളുടെ ദേഹം മഞ്ഞുകൊണ്ടു സ്തംഭിച്ചും ഇരിക്കുന്ന ആ കാലത്ത് മേൽപറഞ്ഞ വെള്ളവും മറ്റും ഉപയോഗിച്ചാൽ പാകംപോലെ ദഹിക്കയില്ല. ഇന്നതു മാത്രമല്ല, അവ സ്നിഗ്ധതയും, തണുപ്പും, ഗുരുതവും, പശയുമുള്ളതാകയാൽ കഫം വർദ്ധിക്കും. അങ്ങിനെ വർദ്ധിച്ചിട്ടുള്ള കഫം വസന്തകാലമായാൽ ഉടനെ

---

* ഇതിൽ പിത്തകോപം.

ക്കരശ്മിപ്രവിഭാപിത ഇൗഷൽസൂഷ്മ്യുദഹനാനാം ദേഹിനാം ദൈഷ്ണി
കാൻ വ്യാധീൻ ജനയതി. 12

താ ഖ്വിവൗഷധയോ നിദാനൈല നിസ്സാരാ ത്രക്ഷാ ത്വതിഹരിത്രു
ലതൈല്വ്യാ ഖവന്ത്യാപശ്ചീതാ ഉപയുജ്യമാനാഃ സൂഷ്മപ്രതാപോപശോ
ഷിതഃദേഹാനാം ദേഹിനാം തൈക്ഷ്ണ്യാല്ലഘുതാതൈപശദ്യാച്ച വായോഃ
സഞ്ചയമാപാദയന്തി സ സഞ്ചയഃ പ്രവൃഷി പാത്യത്വം ജലോപക്ലി
ന്നായാം ഭൂമൗ ക്ലിന്നദഗ്ധാനാം പ്രാണിനാം ശീതവാതവർഷാതാപാ വാ
തികാൻ വ്യാധീൻ ജനയതി. ഖ്വിപമേവ ദോഷാണാം സഞ്ചയപ്രകോ
പഹേതുരുക്തഃ. 13

തത്ര വർഷാഹേമന്തഗ്രീഷ്മേഷു സഞ്ചിതാനാം ദോഷാണാം ശരദ്വ
സന്തപ്രാവൃട്സു ച പ്രകുപിതാനാം നിഘ്നാനാ കർത്തവ്യം. 14

തത്ര തൈപത്തികാനാം വ്യാധിനാമുപശമോ ഭവതീതി തൈഷ്ണി

സൂര്യരശ്മികൊണ്ട് ഉരുകി കുറഞ്ഞുവന്നു സ്നിഗ്ദ്ധങ്ങളായിരിക്കുന്ന ശരീരങ്ങ
ളിൽ കഫസംബന്ധങ്ങളായ വ്യാധികളെ *ഉണ്ടാക്കിത്തീർക്കുന്നു. 12

ആ ഔഷധികൾതന്നെ ഗ്രീഷ്മകാലത്തിൽ വിശ്വമില്ലാത്തവയായി
വരണ്ടു ഖ്വിരാവും കനംകുറഞ്ഞവയായിത്തീരുന്നു. വെള്ളവും മേൽപ്ര
കാരംതന്നെ ആയിത്തീരുന്നു. അങ്ങിനെയുള്ള സസ്യങ്ങളും വെള്ളവും
ഉപയോഗിക്കുകനിമിത്തം, ഗ്രീഷ്മകാലത്തിൽ സൂര്യൻറെ രശ്മികൊണ്ട്
വരണ്ടുപായിട്ടുള്ള ദേഹങ്ങളിൽ, പരുഷതയും ഖരത്വവും ലഘുതയും
ഉള്ളതുകൊണ്ട്, വാതം വർദ്ധിക്കും. പിന്നെ പ്രാവൃട്കാലമായാൽ, ഭൂമി
വെള്ളംകൊണ്ട് കുതിർന്നു പ്രാണികളുടെ ദേഹം നലത്തും ഇരിക്കുന്ന
തുകൊണ്ട്, അതിനുമുമ്പെ വർദ്ധിച്ചിരിക്കുന്ന വാതം, തണുത്തകാറ്റി
ൻറെയും മഴയുടെയും സഹായത്തോടുകൂടി, വാതസംബന്ധങ്ങളായ വ്യാ
ധികളെ §ഉണ്ടാക്കിത്തീർക്കും. ഇപ്രകാരമാണ് ദോഷങ്ങൾ
കോപശമനം വർദ്ധിക്കയും കോപിക്കയും ചെയ്യുന്നതെന്നുള്ള
തിശ്ചയിക്കപ്പെട്ടിട്ടുണ്ട്. 13

വർഷം, ഹേമന്തം, ഗ്രീഷ്മം എന്നീ ഋതുക്കളിൽ ക്രമേണ വർദ്ധിക്ക
യും ശരൽ, വസന്തം, പ്രാവൃട് എന്നീ ഋതുക്കളിൽ കോപിക്കയും ചെ
യ്യുന്ന പിത്തശ്ലേഷ്മവാതങ്ങളെ §§നശിപ്പിക്കേണ്ടതാണ്. 14

എന്നാൽ പിത്തരോഗങ്ങൾ ഹേമന്തകാലത്തിലും, കഫരോഗ
ങ്ങൾ ഗ്രീഷ്മത്തിലും, വാതരോഗങ്ങൾ ശരൽക്കാലത്തും സ്വഭാവത്തെന്നെ

---

* ഇതു കഫകോപമാകുന്നു.

§ ഇതിനെ വാതകോപമെന്നു പറയുന്നു.

§§ ഇവിടെ ശോധനമാണ് ചെയ്യേണ്ടതു്. ഈ വിധി രോഗമില്ലാത്തവരെ സം
ബന്ധിച്ചുതാണെന്നാകാം.

കാണ്ഡം നിദാനാഖ്യ വാതികാനാം ഘ്നനാത്മ്യയെ സ്വഭാവത ഏവ ത ഏ
ത സഞ്ജ്ഞയപ്രകോപോപശമാ വ്യാഖ്യാ ം.ം. 15

തത്ര പൂർവ്വണ്ഹെ വസന്തസ്യ ലിംഗം മധ്യാഹ്നെ ഗ്രീഷ്മസ്യാപരാ
ണ്ഹെ പ്രാവൃഷഃ പ്രദോഷെ വാഷികം ശാരദമർദ്ധരാത്രെ പ്രത്യൂഷസി
ഹൈമന്തമുപലക്ഷയേൽ. ഏവമഹോരാത്രമപി വഷ്ഠിവ ശീതരാണ്ണുവ
ഷ്ടവക്ഷണം ദോഷോപചയപ്രകോപപശമാനുജ്ഞാനിയാൽ. 16

തത്രാവ്യാപന്നാഷ്ടധൂഷിവ്യാപന്നാ ഒഷധയെം ഭവന്ത്യാപശ്ച
താ ഉപയുജ്യമാനാഃ പ്രാണായുർബ്ബലവീര്യൗജസ്കരീശ്ച ഭവന്തി. തെ
ഷാം പുനർവ്യാപദുഷ്കരിതാഃ ശീതാണ്ണ വാതവഷ്ടാണി ഖലു വിപ
രീതാന്യൗഷധീവ്യാപാദയന്ത്യപശ്ച താസാമുപയോഗാദാവിധരോഗ
പ്രാദുർഭാവാ മരകൊ വാ ഭവതി. തത്രാവ്യാപന്നാനാമൗഷധീനാ
മപാഞ്ചോപയോഗഃ. 17

കാലസ്വഭാവഭേദേന ദോഷം ശമിക്കുന്നതാണ്. ഈ വിധത്തിൽ മൂന്നു ദോഷങ്ങളും കാലവശാൽ വർദ്ധിക്കയും കോപിക്കയും ശമിക്കയും ചെയ്യുന്ന ക്രമം ഇവിടെ പറയപ്പെട്ടു. 15

രാവിലെയോ, വസന്തഋതുവിന്റെ ലക്ഷണവും ഉച്ചക്കു് ഗ്രീഷ്മ ഋതുവിന്റെ ലക്ഷണവും പകലിന്റെ, പ്രാവൃട്ടിന്റെ ലക്ഷണവും സന്ധ്യ സമയത്തു്, വർഷകലക്ഷണവും അർദ്ധരാത്രിയിൽ, ശരൽകാലലക്ഷണവും പ്രാതഃകാലത്തു്, ഹേമന്തലക്ഷണവും *കാണപ്പെടുന്നതാണു്. ഈ ക്രമത്തിൽ ഒരു സംവത്സരത്തിലെപ്പോലെതന്നെ ഒരഹോരാത്രത്തിലും ശീതം ഉഷ്ണവർഷലക്ഷണങ്ങൾ കാണുന്നുണ്ടെന്നും ഒരഹോരാത്രത്തിൽതന്നെ ഒരോസമയത്തായി ദോഷങ്ങൾ വർദ്ധിക്കയും കോപിക്കയും ശമിക്കയും ചെയ്യുകൊണ്ടാണ് നിൽക്കുന്നതെന്നും അറിയേണ്ടതാകുന്നു. 16

ഋതുക്കളിൽ അതാതു് ഋതുക്കൾക്കു് പറഞ്ഞ -സ്വഭാവങ്ങളെല്ലാം കാണുകയാണെങ്കിൽ നല്ല നിലയിലായിരുന്നാൽ സസ്യങ്ങളും വെള്ളവും നിർദ്ദോഷങ്ങളായിരിക്കും, അവയെ ഉപയോഗിക്കുന്നതുകൊണ്ടു് പ്രാണനും, ആയുസ്സും, ബലവും, ഓജസ്സും നന്നായി വർദ്ധിക്കുന്നതാണു്. ഋതുക്കൾക്കു് പ്രകൃതിവിരുദ്ധങ്ങളായ ലക്ഷണങ്ങളുണ്ടായി കാണുന്നതിനു കാരണം ജനങ്ങളുടെ പാപകർമ്മങ്ങളാകുന്നു. ശീതം, ഉഷ്ണം, വായു, വർഷം എന്നിവ വിപരീതങ്ങളായിത്തീർന്നാൽ അതുനിമിത്തം സസ്യങ്ങൾക്കും വെള്ളത്തിനും കേടുപാടുണ്ടാകുന്നു. അവയെ ഉപയോഗിച്ചാൽ പലവിധം രോഗങ്ങളുണ്ടാകുമെന്നു് മാത്രമല്ല, മരണംകൂടി ഭവിച്ചേക്കാം. ആ വക അവസരങ്ങളിൽ കേടുകൂടാതിരിക്കുന്ന സസ്യങ്ങളെയും വെള്ളങ്ങളെയും ഉപയോഗിപ്പാൻ ശ്രദ്ധിക്കേണ്ടതാണു്. 17

* മധ്യാഹ്നത്തിൽ പിത്തകോപമുണ്ടാകുന്നുവെന്നു് അർത്ഥമുഹിക്കേണ്ടതുണ്ടു്.

കദാചിദ്വ്യാപന്നേഷ്വപി ജ്വരാദിഷു കൃത്യാഭിശാപരക്ഷഃക്രോധാധ
ർമ്മൈത്രുപദ്രവപ്രസ്യന്തേ ജനപദാഃ. വിഷൌഷധിപുഷ്പഗന്ധനാ വാ
യുഷനാപനീതേനാക്രമ്യതേ യൌ ദേശസൂത്രദോഷപ്രകൃത്യവിരോധാ
കാസശ്വാസവമഥുപ്രതിശ്യായശിരോരുഗ്ജ്വരൈരുപതപ്യന്തേ ഗ്രഹ
നക്ഷത്രചന്ദ്രസൂര്യൈർവ്വാ ഗൃഹദാരശയനാസനയാനാവാഹനമണിരത്നാപ
കരണഗർഹിതലക്ഷണനിമിത്തപ്രാദുർഭാവൈർവ്വാ. 18

തത്ര സ്ഥാനപരിത്യാഗശാന്തികർമ്മപ്രായശ്ചിത്തമംഗലജപഹോ
മോപവാസരജ്ജുവിനാസ്ത്രാരതപോനിയമഭയാദ്ഭിഷഗുപഗമശ്ച
വതാബ്രാഹ്മണഗുരുപരൈരനുഷ്ഠേയം സാധു ഭവതി. 19

ചിലപ്പോൾ ജ്വരങ്ങളുടെ സ്വഭാവങ്ങൾക്ക് യാതൊരു പരിത്യജനമൊന്നും കണ്ടില്ലെങ്കിലും കൂടി പിശാചുക്കളുടെ ശാപം നിമിത്തമായും രാക്ഷസന്മാരുടെ കോപം നിമിത്തമായും ജനങ്ങളുടെ അധർമ്മപ്രവൃത്തികൾ നിമിത്തമായും രാജ്യത്തിന്നെല്ലാം നാശമുണ്ടാകും. വിഷവീര്യമുള്ള സസ്യങ്ങളിലും പുഷ്പങ്ങളിലുമുള്ള ഗന്ധത്തെ വഹിച്ചുംകൊണ്ടുവരുന്ന കാറ്റ് ഏതൊരു ദേശത്തിൽ അടിക്കുന്നുവോ ആ ദേശത്തിൽ, ശരീരപ്രകൃതിയും ത്രിദോഷങ്ങളുടെ സ്ഥിതിയും ഏതുവിധത്തിലായിരുന്നാലും ക്ഷയം, വിളർക്കം, ചുമ, പീനസം, തലയിടി, പനി എന്നിങ്ങിനെയുള്ള വ്യാധികൾ ഉണ്ടാവുന്നതാണ്. ഗ്രഹങ്ങൾക്കും നക്ഷത്രങ്ങൾക്കും തുല്യാബലത്തിലുണ്ടാവുന്ന സ്ഥിതിഭേദം നിമിത്തമായും മേല്പറഞ്ഞ വ്യാധികൾ നാട്ടിൽ പരക്കുന്നതാണ്. ഭവനം, *ഭാര്യാ, കിടക്ക, പീഠം, വണ്ടി, വാഹനം (കുതിര മുതലായത്), കല്ലുകടം, രത്നങ്ങൾ മുതലായി ജനങ്ങൾ ഉപയോഗിക്കുന്ന പലവിധം ഉപകരണങ്ങളിലുള്ള ദോഷങ്ങളും നിമിത്തമായും, മേല്പറഞ്ഞ രോഗങ്ങൾ നാട്ടിൽ പകരാനിടവരുന്നതാണ്. 18

ഇങ്ങിനെയുള്ള ആപത്തുകളിൽ ദേശം മാറി താമസിക്കുക, ശാന്തിക്രിയകൾ (രക്ഷാബന്ധനം മുതലായത്) നടത്തുക, പ്രായശ്ചിത്തം ചെയ്ക, മംഗലകരങ്ങളായ മന്ത്രങ്ങൾ ജപിക്കുക, ഹോമം ചെയ്ക, ദൈവാരാധന ചെയ്ക, യാഗം ചെയ്ക, ദൈവവന്ദനം, നമസ്കാരം, ഉപവാസം, വ്രതങ്ങൾ, ദാനം, ദീക്ഷാ, ദേഹത്തിൽ രത്നം മുതലായ വസ്തുക്കളുടെ ധാരണം എന്നിവയെ ആചരിക്കുക മുതലായ സൽകർമ്മങ്ങൾ ചെയ്ക

---

* ശാസ്ത്രോക്തമായ ലക്ഷണത്തിന്നു വിരുദ്ധമായി സ്ത്രീകളെ വിവാഹംചെയ്കയുകൊണ്ട് രോഗങ്ങൾ പകരാനിടയുള്ളതാണെന്നും അതിന്റെ പരീക്ഷകൂടി വിവാഹത്തിൽ അത്യാവശ്യമാണെന്നും ഹിന്ദുക്കൾ പണ്ടേതന്നെ അറിഞ്ഞുനടത്തിയ വിഷയമാണെന്നു വരുന്നു.

ഋതൂനാമത ഊർദ്ധ്വമവ്യാപന്നാനാം ലക്ഷണാന്യുപദേക്ഷ്യാമഃ. 20

(പ). വായുർവ്വാത്യുത്തരഃ ശീതോ രജോധൂമ കുലാകിലഃ
ഹരന്നംസുഷ്വനേകഃ സവിതാ ഹിമനുദ്ധാ ജലാശയാൻ.
ദുഷ്പിതാ ധ്വാങ്ക്ഷ വാധ്വാഹപ്രമഹിഷ്യാരബ്ധകുഞ്ജരാഃ
ലോധ്രപ്രിയംഗുപുന്നാഗാഃ പുഷ്പിതാ ഹിമസംക്ഷയേ. 21
ശിശിരേ ശീതമധികം വാതവൃഷ്ട്യാകുലാകിലഃ
*ശേഷം ഹേമന്തവൽ സർവ്വം വിജ്ഞേയം ലക്ഷണം ബുധൈഃ. 22
സിദ്ധവിദ്യാധരവധൂചരണാലക്തകാങ്കിതേ
മലയേ ചന്ദനലതാപരിഷ്വംഗാധിവാസിതേ.
വാതി കാമിജനാനന്ദജനനോ മാനഗർഭിണഃ
സംപ്രത്യുദ്ഗതനിർദ്ദരോ വസന്തേ ദക്ഷിണാനിലഃ.
ദിശോ വസന്തേ വിമലാഃ കാനനാനി നഭഃപ്രഭം
കിംശുകാംഭോജബകുലമൂനാശോകാദിപുഷ്പിതം.

ണം. ജനങ്ങളും പ്രാണികളിൽ ദയയുള്ളവരായും ബ്രാഹ്മണരിലും ദൈവത്തിലും ഗുരുജനങ്ങളിലും ഭക്തിയുള്ളവരായുമിരിക്കണം. ഇങ്ങിനെയായാൽ ശേഷിച്ചതന്ത്രപകർച്ചവ്യാധികളുടെ ദോഷം നാട്ടിലില്ലാതാവുന്നതാണെന്ന്. 19

ഋതുവിപരീതലക്ഷണം കാണ്ട് മുമ്പ് പറഞ്ഞിട്ടില്ലാത്ത ഋതുക്കളുടെ ലക്ഷണങ്ങളെ ഇനിമേൽ പറയുന്നു. 20

ഹേമന്തകാലത്തിൽ, വടക്കുനിന്ന് വരുന്നതായ തണുത്ത കാറ്റ് വീശുകയും, ദിക്കുകളിലെല്ലാം പൊടിയും പൊകയും വ്യാപിച്ചുപോകിയിരിക്കുകയും, സൂര്യൻ മഞ്ഞുകൊണ്ട് മറഞ്ഞിരിക്കുകയും, ജലാശയങ്ങളിലെല്ലാം മഞ്ഞുണ്ടാകുകയും, കാക്ക, കണ്ടാമൃഗം, പോത്ത്, ആട്, ആന എന്നിങ്ങനെയുള്ള ജന്തുക്കൾക്ക് വളരെ അഹങ്കാരവും സന്തോഷവുമുണ്ടായിരിക്കുകയും, പുതച്ചോറി, ഞാഴൽ, പുന്ന എന്നിവ പുഷ്പിക്കുകയും ചെയ്യും. 21

ശിശിരകാലത്തിൽ, തണുപ്പധികമുണ്ടാകുകയും കാറ്റും മഴയുംകൊണ്ട് ദിക്കുകളെല്ലാം ക്ഷോഭിച്ചിരിക്കുകയും, ബാക്കി ലക്ഷണങ്ങളെല്ലാം മിക്കതും ഹേമന്തത്തിൽ പറഞ്ഞവിധത്തിലിരിക്കയും ചെയ്യും. 22

വസന്തകാലത്തിൽ, സിദ്ധവിദ്യാധരസ്ത്രീകൾ സഞ്ചരിക്കുന്ന സമയത്ത് അവരുടെ കാലടികളിലുള്ള അരക്കുകൊഴമ്പ് ഭംഗിയായി പതിഞ്ഞുകിടക്കുന്നതും ചന്ദനവള്ളികൾ കെട്ടിപ്പുണർന്ന് വാസന പിടിച്ചിട്ടുള്ളതുമായ മലയപർവ്വതത്തിൽ തട്ടിവരുന്ന തെക്കൻകാറ്റുണ്ടാകും. ഈ

---

* ഈ ശ്ലോകപാദത്തെ വസന്താവസാനത്തിൽ ചേർത്തും ചിലർ പഠിക്കുന്നു.

*കോകിലാഷ്ഠംപദഗണൈരുപഗീതാ മനോഹരാ
ദക്ഷിണാനിലസംവീതാ സുസുഖാ പല്ലവോജ്ജ്വലാ. 23

ഗ്രീഷ്മേ തീക്ഷ്ണാംശുരാദിത്യോ മാരുതോ നൈരൃതോനുഖ
ർസൃഷ്ടാ സരിത്സുനെഷ്യാദിശഃ പ്രജ്വലിതാ ഇവ.
ഭ്രാന്തചക്രാഹവായുഗളാഃ പയഃപാനാകുലാ മൃഗാഃ
ധ്വസ്തവീരുത്തൃണലതാ വിപണ്ണാകിണപാദപാഃ. 24
പ്രാവൃഷ്യംബരമാനദ്ധം പശ്ചിമാനിലകർഷിതൈഃ
അംബുദൈർവ്വിദ്യുദുദ്യോതപ്രസ്ഫുരൈതസ്തുമുലസ്വനൈഃ.
കോമളശ്യാമസസ്യാഢ്യാ ശക്രഗോപാങ്കുലാ മഹീ
കദംബനീപകുടജസഞ്ജകേതകിഭൂഷിതാ. 25

കാറ്റ് കാമികൾക്ക് സന്തോഷത്തെ ഉണ്ടാക്കുന്നതാണ്; മന്മഥവികാരത്തെ ജനിപ്പിക്കും; ഭാര്യാഭർത്താക്കന്മാരുടെ മനസ്സിന്റെ പേച്ച്കൂടിനെ നശിപ്പിച്ച് തമ്മിൽ യോജിപ്പിക്കുന്നതുമാകുന്നു. വസന്തകാലത്തിൽ ദിക്കുകൾ നിർമ്മലങ്ങളായും കാടുകൾ ഭംഗിയായുമിരിക്കും. പലാശം, അശോകം, എരുത്തി, മാവ് മുതലായ മരങ്ങളും താമരയും പുഷ്പിച്ചിരിക്കും. കുയിലുകളും വണ്ടുകളും പാട്ടുപാടിക്കൊണ്ടിരിക്കും. ദക്ഷിണാനിലൻ (തെക്കൻകാറ്റ്) വീശിക്കൊണ്ടിരിക്കും. തളിരുകൾ ഭംഗിയായിട്ടുണ്ടാകും. 23

ഗ്രീഷ്മകാലത്തിൽ സൂര്യരശ്മി തീപ്പൊരിപോലെ അതി തീവ്രമായിരിക്കും. കാറ്റ് നിരൃതികോണിൽനിന്നാണ് അടിക്കുക. അതു കൊള്ളാൻ സുഖമായിരിക്കയില്ല. ഭൂമി ചൂടുപിടിച്ചിരിക്കും. നദികളിൽ വെള്ളം കുറഞ്ഞിരിക്കും. ദിക്കിലെങ്ങും ജ്വലിക്കുന്നപോലെ തോന്നും. ചക്രവാകപ്പക്ഷികൾ പരിഭ്രമിച്ച് നടക്കുന്നുണ്ടാകും. മാനുകൾ വെള്ളം കുടിക്കാൻ മോഹിച്ച് വലഞ്ഞുപോകും. വിരുത്തുകൾ, പുല്ലുകൾ, വള്ളികൾ എന്നിവ തീരെ ഉണ്ടാകയില്ല. മരങ്ങളുടെ ഇല മുഴുവൻ കൊഴിഞ്ഞിരിക്കും. 24

പ്രാവൃട്കാലത്തു് പടിഞ്ഞാറൻകാറിന്റെ ശക്തികൊണ്ട് ആകാശത്തിൽ മേഘങ്ങൾ വന്ന് നിറഞ്ഞിരിക്കും. ഭയങ്കരമായ ഇടിവെട്ടലും, മിന്നലുമധികമായുണ്ടാകും. ഭൂമിയിൽ ഇളയ പച്ചപ്പുല്ലുകൾ വളർന്നിരിക്കും. ഇന്ദ്രഗോപപ്പുഴുക്കൾ അധികമുണ്ടാകും. കടമ്പ്, നീപ

---

* "കൊകിലൈഃ ഷഡ്പദ" എന്നിങ്ങിനെയും പാഠമുണ്ട്.

തത്ര വർഷാസു നദ്യംഭശ്ചുന്നാൽപ്ലാതതടദ്രുമാഃ
വാച്യാഃ പ്രോൽഫുല്ലകുടനീലോല്പലവിരാജിതാഃ.
ഭ്രമ്യവ്യക്തസ്ഥലശ്വഭ്രാ ബഹ്വസ്ഥ്യാപശോഭിതാ
നാതിഗാഞ്ജ്യഃസ്രുവന്മേഘനിരുദ്ധാർക്കഗ്രഹം നഭഃ. 26
ബഭ്രുരുഷ്ണേ ശരത്യർക്കേ ശ്വേതാഭ്രവിമലം നഭഃ
തഥാ സപ്തമസ്യാമ്പുരുഷൈർഭ്രാന്തി ഹംസാംസംഘട്ടിനൈതതഃ.
പങ്കജോത്പുല്ലമാകീർണ്ണാ നിർമ്മലാനന്തസമേഘ്വ ട്ടിഃ
ബാണസപ്തച്ഛദാഭാസ്വൽകകാശസനവിരാജിതാ. 27
സപ്തച്ഛദസുരഭയോ വിപരീതേഷു വാപ്യനാഃ
വിഷ്മമഷ്ടപദിവാ ദോഷാഃ കുപ്യന്ത്യത്രാപി ദേഹിനാമ്. 28
ഹേമന്തപ്രസവന്തേ ശ്ലേഷ്മാണം ചിരതം ശരദി നിർഹരൽ

വൃക്ഷാ (ധൃഷ്ടീകദംബാ-ഭല്ലാതൻ), കുടക്കപ്പാല, പയൻ, കൈത എന്നീ വൃക്ഷങ്ങൾ, പുഷ്പിച്ചിരിക്കും. 25

വർഷകാലത്തിൽ, പുഴകളിൽ വെള്ളത്തിന്റെ ഒഴുക്കംകൊണ്ട് കരയിലെ മരങ്ങൾ പുഴങ്ങിവിണിരിക്കും; തടാകങ്ങളിൽ ആമ്പൽ, കരിങ്കുവളയം മുതലായ പൂക്കൾ വിരിഞ്ഞിരിക്കും; ഭൂമിയിൽ കുഴിയും മേടും വിവരിച്ചറിവാൻ പ്രയാസമായവിധം പൈള്ളയും നാനാവിധസസ്യങ്ങളും വ്യാപിച്ചുകാണാം; മേഘങ്ങൾ എപ്പോഴും വർഷിച്ചുകൊണ്ടിരിക്കും; അധികം ഇടിവെട്ടുകയില്ല; സൂര്യനും ഗ്രഹങ്ങളും മേഘങ്ങളിൽ മറഞ്ഞുകൊണ്ടിരിക്കയും ചെയ്യും. 26

ശരൽകാലത്തിൽ സൂര്യചന്ദ്രന്മാരും നക്ഷത്രങ്ങളും ശുഭ്രവർണ്ണമായും പൂർണ്ണമായും ഇരിക്കും. ആകാശത്തിൽ വെള്ളനിറമേഘങ്ങൾ നിർമ്മലമായി വ്യാപിച്ചിരിക്കും. നദികളിൽ അരയന്നങ്ങളും താമരപ്പൂക്കളും നിറഞ്ഞിരിക്കും. ഉയരമുള്ള ഭൂമിയിൽ പുല്ലിനെല്ലാം ഉണങ്ങിയിരിക്കും. താഴ്ചയുള്ള ഭൂമിയിൽ പച്ചപ്പുണ്ടായിരിക്കും. സമഭൂമിയിൽ വൃക്ഷങ്ങൾ വ്യാപിച്ചിരിക്കും. കൊഴിഞ്ഞിൽ, ചെവപ്പാല, ചെമ്പരത്തി, ആറാടുപച്ച, വേങ്ങ എന്നിവ പുഷ്പിച്ചിരിക്കും. 27

ഋതുക്കളിൽ മേല്പറഞ്ഞ ലക്ഷണങ്ങൾ അധികരിച്ചുകാണുകയോ, വിപരീതമായിരിക്കയോ, സമമല്ലാതെ വരികയോ ചെയ്യുമ്പോൾ ആതപിത്തശ്ലേഷ്മങ്ങൾ കോപിക്കുന്നതാണ്. 28

വസന്തകാലത്തിൽ കഫത്തേയും, ശരൽകാലത്തിൽ പിത്തത്തേ

വഷ്ടാസു ശമയേദ്വായും പ്രഗ്രഹികാരസമുച്ചയഃ. 29

ഇതി സുശ്രുതസംഹിതായാം സൂത്രസ്ഥാനെ ഉലുചയ്യാ നാമ
ഷഷ്ടോധ്യായഃ.

സപ്തമോധ്യായഃ.

അഥാതോ യന്ത്രവിധിമധ്യായം വ്യാഖ്യാസ്യാമഃ. 1

യന്ത്രശതമേകോത്തരമത്ര ഹസ്തമേവ പ്രധാനതമം യന്ത്രാണാമവഗച്ഛേ. കിം കാരണം? യസ്മാദ്ധസ്താദൃതെ യന്ത്രാണാമപ്രവൃത്തിരേവ തദ്ധീരതാദ്യന്ത്രകർമ്മണാമ്. 2

തത്ര മനുഷ്യരിഷ്ടബാധകരാണി ശല്യാനി തേഷാമാഹരണോപായൊ യന്ത്രാണി. താനി ഷഡ്പ്രകാരാണി. തദ്യഥാ—സ്വസ്തികയന്ത്രാണി. സംദംശയന്ത്രാണി. താലയന്ത്രാണി. നാഡീയന്ത്രാണി. ശലാകായന്ത്രാണി. ഉപയന്ത്രാണി ചേതി. 3

യും, *വഷ്ടാകാലത്തിൽ വാതത്തേയും, വ്യാധിയുണ്ടായി വഷ്ടിച്ചുപോകുന്നതിന്നുമുമ്പെ ചികിത്സിച്ച് ഭേദപ്പെടുത്തണം. 29

ഇങ്ങിനെ സുശ്രുതസംഹിതയിൽ സൂത്രസ്ഥാനത്തിൽ ഉലുചയ്യാ എന്നുപേരായ
ആറാമദ്ധ്യായം കഴിഞ്ഞു.

ഏഴാമധ്യായം

ഇനി യന്ത്രവിധി എന്ന അദ്ധ്യായത്തെ പറയാം. 1

ഇവിടെ (†നൂറിൽ ഒന്നു് യന്ത്രങ്ങളുണ്ടു്. എന്നാൽ യന്ത്രങ്ങളിൽവെച്ചു് കയ്യാണു് മുഖ്യമായിട്ടുള്ളതെന്നറിയണം. എന്തുകൊണ്ടെന്നാൽ കയ്യില്ലെങ്കിൽ യന്ത്രങ്ങളുടെ പ്രവൃത്തിതന്നെ ഇല്ല. യന്ത്രത്തെക്കൊണ്ടു് പ്രവൃത്തിപ്പിക്കുന്നതു് കയ്യാണെല്ലൊ. 2

മനുസ്സിനേയും ശരീരത്തേയും ഉപദ്രവിക്കുന്നവയാകുന്നു ശല്യങ്ങൾ. യന്ത്രങ്ങളാകട്ടെ ആ ശല്യങ്ങളെ വ്യുദ്ധരിക്കുന്നതിന്നുപകരിക്കുന്നു. യന്ത്രങ്ങൾ ആറുപ്രകാരത്തിലുണ്ടു്. സ്വസ്തികയന്ത്രങ്ങൾ, സന്ദംശയന്ത്രങ്ങൾ, താലയന്ത്രങ്ങൾ, നാഡീയന്ത്രങ്ങൾ, ശലാകായന്ത്രങ്ങൾ, ഉപയന്ത്രങ്ങൾ എന്നിങ്ങിനെയാകുന്നു. 3

---

* ഇവിടെ വഷ്ടാശബ്ദത്തിന്നു് പ്രാവുട്ടെന്നാണു് താല്പര്യം. ഗ്രഹണസാമ്യംകൊണ്ടു് വഷ്ടാശബ്ദം പ്രയോഗിച്ചിരിക്കയാണു്.

† ഇവിടെ "നൂറെന്നതു്" എന്നു പറഞ്ഞതിന്നു അസംഖ്യമെന്നർത്ഥമാകുമെന്നു് ചില അദ്ധ്യാപകന്മാർ അഭിപ്രായപ്പെടുന്നു.

തത്ര ചതുർവ്വിംശതിഃ സ്വസ്തികയന്ത്രാണി. ദ്വേ സംദംശയന്ത്രേ. ദ്വേ (*ഏവ താലയന്ത്രേ വിംശതിർന്നാഡ്യഃ. അഷ്ടാവിംശതിഃ ശലാകാഃ. പഞ്ചവിംശതിരുപയന്ത്രാണി. താനി പ്രായശോ ലൌഹാനി ഭവന്തി തൽപ്രതിരൂപകാണി വാ തദലാഭേ. തത്ര നാനാപ്രകാരാണാം വ്യാലാനാം മൃഗപക്ഷിണാം മുഖൈർമുഖാനി യന്ത്രാണാംപ്രായശഃ സദൃശാനി. തസ്മാൽ തത്സാരൂപ്യാദ്ഭാഗമാദൃപദേശാദന്യയന്ത്രദർശനാദ്വൃക്ഷിതശ്ച കാരയേൽ. 4

(പ) സമാഹിതാനി യന്ത്രാണി ചരല്ലക്ഷ്ണമുഖാനി ച
സുദൃഢാനി സുരൂപാണി സുഗ്രഹാണി ച കാരയേൽ. 5

അവയിൽ സ്വസ്തികയന്ത്രങ്ങൾ (ഫോർസെപ്സ്, Forceps) 24; സന്ദംശയന്ത്രങ്ങൾ (ടങ്ങ്സ് Tougs) 2; താലയന്ത്രങ്ങൾ 2; നാഡിയന്ത്രങ്ങൾ (ട്യൂബുളർ,— ~~Bougies~~ Tubular) 20; ശലാകകൾ (ബൌജീസ്, ~~Tubular~~ Bougies) 28; ഉപയന്ത്രങ്ങൾ 25; ഏതിങ്ങിനെ നൂറോളം യന്ത്രങ്ങളാകുന്നു. മിക്കതും മേൽപറഞ്ഞ യന്ത്രങ്ങൾ ലോഹങ്ങളെക്കൊണ്ടുണ്ടാക്കുന്നവയാകുന്നു. എന്നാൽ ലോഹം കിട്ടാതേടത്തു് അതിനു പകരം വേറെ +സാധനങ്ങൾകൊണ്ടും യന്ത്രങ്ങളുണ്ടാക്കുന്നുണ്ടു്. പലപ്രകാരത്തിലുള്ള ~~§~~ വ്യാളങ്ങളുടെയും, മൃഗങ്ങളുടെയും, പക്ഷികളുടെയും മുഖങ്ങൾപോലെയാണു് യന്ത്രമുഖങ്ങൾ നിർമ്മിക്കുന്നതു്. അതുപോലുവായിട്ടു് ആ ജന്തുക്കളുടെ മുഖം നോക്കി വെയ്ക്കുമ്പോഴേയും ശാസ്ത്രവിധിയുംകാരവും ഗുരുപദേശം വഴിക്കും മറ്റൊരുയന്ത്രത്തിന്റെ മാതിരി നോക്കിയും യുക്തികൊണ്ടാലോചിച്ചും യന്ത്രങ്ങളെ ഉണ്ടാക്കിക്കാം. 4

യന്ത്രങ്ങൾ വളരെ വലിപ്പമുള്ളവയായും നന്നെ ചെറിയതായും ഇരിക്കരുതു്. അവയുടെ മുഖം മൂർച്ചയുള്ളതും ഘനം കുറഞ്ഞിയതുമായിരിക്കണം. നല്ലവണ്ണം ഉറപ്പും ഭംഗിയുമുള്ളവയായിരിക്കണം. കയ്യിൽ പിടിക്കാൻ സൌകര്യമുള്ളവയുമായിരിക്കണം. ഈ വിധത്തിൽ ശുദ്ധവൈദ്യൻ യന്ത്രങ്ങളെ ഉണ്ടാക്കിക്കണം. 5

---

*— ഏവകാരത്തിന്റെ ബലംകൊണ്ടു് താലയന്ത്രങ്ങൾ രണ്ടുവിധം ഉണ്ടെന്നുള്ള വസ്തു വരുന്നു. "ദ്വേ സന്ദംശയന്ത്രേ" എന്നേടത്തു് ഏവകാരമില്ലാത്തതുകൊണ്ടു് രണ്ടിലധികം സന്ദംശയന്ത്രങ്ങളുണ്ടെന്നു് സൂചിപ്പിച്ചിരിക്കുന്നു. "ഹീരബത്സ്യവിമുക്തമുഖൗ" ഇത്യാദിവചനംകൊണ്ടു് വാഗ്ഭടൻ സന്ദംശങ്ങൾ നാലുവിധമുണ്ടെന്നു പറഞ്ഞിട്ടുണ്ടല്ലൊ.

† അതുകൊണ്ടു്, മരം മുതലായതുകൊണ്ടും ഉണ്ടാക്കാമെന്നർത്ഥം.

§ വ്യാളങ്ങൾ=ഹിംസാശീലങ്ങൾ. സിംഹം മുതലായതും, പന്നി മുതലായതും എന്നർത്ഥം.

(ഗ) തത്ര സ്വസ്തികയന്ത്രാണ്യഷ്ടാദശാംഗുലപ്രമാണാനി സിം
ഹവ്യാഘ്രവൃകതരക്ഷുഋക്ഷതീവ്രിമാർജ്ജാരശൃഗാലമൃഗൈർഭ്രാതൃകകാകക -
ങ്കകുരചാഷ്ടാസശൃഗാലാതൃലൂകചില്ലിഃശ്യനഗൃധ്രകൗഞ്ചഭാഗരാജാ-
ഞ്ജലികർണ്ണാവഭഞ്ജനനന്ദിമുഖപുക്ഷാനി മസൂരാകൃതിഭിഃ കീലൈരവബ
ദ്ധാനി മൂലേകശവടാവൃതാനി വാരംഗാണ്യസ്ഥിവിനഷ്ടശല്യോദ്ധരണാ
ർത്ഥമുപദിശ്യന്തേ. 6

സന്ദംശയന്ത്രാണി ഗ്രഹശ്ച സന്ദംശൗ ദ്വേ ദ്വേ ഷോഡശാംഗുലൗ ഭവേ
തൃ ദ്വ്യംഗുലാംസവിരാസ്ത്രായുഗതശല്യോദ്ധരണാർത്ഥമുപദിശ്യതേ. 7

അവയിൽവെച്ച് സ്വസ്തികയന്ത്രങ്ങൾ (കൊടുക്കേണ്ട) പ
രിനട്ടംഗുലം നീളമുള്ളവയായിരിക്കണം. അവയുടെ മുഖങ്ങൾ സിംഹം, വ്യാ
ഘ്രം, ചെന്നായ്, കഴുപ്പുലി, കരടി, പുള്ളിപ്പുലി, പൂച്ച, കാക്കൻ,
മാൻ, ¶ഐരാവതം, (ഒരുജാതിമാൻ), കാക്ക, കഴുകൻ, കുരുവി, ചാ
സം (ഒരുജാതി കുരുവി), കുരങ്ങ്, മുയൽ, രാജാളിപ്പക്ഷി (Falcon) കു
മൻ, അണ്ണാക്കണ്ണൻകുരുവി (ചില്ലി), പരുന്ത്, മൊയ്തലപ്പക്ഷി, കൊക്ക്,
ഭൃംഗരാജൻ (വണ്ട്), (‡അഞ്ജലികർണ്ണം, അവഭഞ്ജനം, നന്ദി, മുഖം, പുക്ഷം, എ
ന്നിങ്ങിനെയുള്ളവയാകുന്നു. ഒരു സ്വസ്തികയന്ത്രത്തിനുള്ള രണ്ടുതണ്ടു
കളേയും ചാണംപയറോളം വലിപ്പമുള്ള ആണികൾകൊണ്ട് മുറുക്കിയി
രിക്കണം. കയ്യുകൊണ്ട് പിടിക്കാനുള്ള സ്ഥലം രണ്ടംഗുലംപോലെ ഉ
ള്ളിലേക്ക് പിടിപ്പോലെ വളഞ്ഞിരിക്കണം. ഇങ്ങിനെയുണ്ടാക്കിയ സ്വ
സ്തികയന്ത്രങ്ങളെകൊണ്ട് അസ്ഥികളിൽ തറച്ചുപറ്റിയിരിക്കുന്ന ശല്യങ്ങ
ളെ പുറത്തെടുക്കുന്നതിനുപയോഗിക്കാം. 6

സന്ദംശയന്ത്രങ്ങൾ (പവണ) സനിഗ്രഹമെന്നും അനിഗ്രഹ
മെന്നും രണ്ടുവിധമാണ്. അവയുടെ നീളം പതിനാറംഗുലമായിരിക്കുന്നു.
(സനിഗ്രഹത്തിന്റെ മുന രണ്ടും, കൂടി ഒരു ശരംപോലെ കൂർത്തിരിക്കും,
അനിഗ്രഹത്തിന്റെ മുന രണ്ടും, കൂടിയിരിക്കയില്ല). ഈ സംദംശയ
ന്ത്രങ്ങളെ സിരകളിലും സ്നായുക്കളിലും തറച്ചുകിടക്കുന്ന ശല്യങ്ങളെ എടു
ക്കുന്നതിനുപയോഗിക്കാം. 7

$ വാരംഗമെന്നു പാഠം. ആ പക്ഷത്തിലും അർത്ഥം, സമം തന്നെ.

¶ ഇതു് മാനിനെപ്പോലുള്ള ഒരു ജാതി, ഹിംസാശീലമായ ജന്തുവാകുന്നു.

‡ അഞ്ജലികർണ്ണം, അവഭഞ്ജനം എന്നിവയെന്നൊരു ജന്തുക്കളെന്നറിയുന്നു
ഇതുപോലെ അറിയാൻ സാധിക്കാത്ത പേരുകളെ അങ്ങിനെതന്നെ എഴുതുവാനെ തര
മുള്ളൂ. ഇനി അങ്ങോട്ടുള്ള ഭാഗങ്ങളിലും ഈ സംഗതി ഓർമ്മിക്കേണ്ടതാണു്.

താലയന്ത്രെ പ്രദേശാംഗ്രെല മത്സ്യതാല്വവദേകതാലഛിതാലുകെ കണ്ണനാസാനാഡിശല്യാനാമാഹരണാർത്ഥം. 8

നാഡിയന്ത്രാണ്യനേകപ്രകാരാണ്യനേകപ്രയോജനാന്യനേകതാമുഖാന്യുഭയതോമുഖാനി ച താനി സ്രോതോഗതശല്യോദ്ധരണാർത്ഥം രോഗദർശനാർത്ഥമാക്ഷേപണാർത്ഥം ക്രിയാസൗകര്യാർത്ഥം ചേഷ്യന്തി. താനി സ്രോതോദ്വാരപരിണാഹാനി യഥായോഗപരിണാഹദീർഘാണി ച.

താലയന്ത്രങ്ങൾ പന്ത്രണ്ടുഗ്രന്ഥം നിളുമുള്ളവയാണ്. *മത്സ്യതാ[1]ന്റെ ആകൃതിപോലെ ഇരിക്കുന്ന ഈ ജാതിയിൽ രണ്ടെണ്ണമുണ്ട്. ഒന്ന് ഒരു അലകുമാത്രമായും മറ്റൊന്ന് രണ്ടലകുള്ളതായും ഇരിക്കുന്നു. ഈ രണ്ടും ചെവി, മൂക്ക് എന്നീ അംഗങ്ങളിലും മറ്റുദ്ദേശത്തിലുള്ള ദ്വാരങ്ങളിലും തറച്ചുകിടക്കുന്ന ശല്യങ്ങളെ എടുക്കുന്നതിനുള്ളതാകുന്നു. 8

നാഡിയന്ത്രങ്ങൾ (കുഴലുകൾ) പലപ്രകാരത്തിലാണ്. അവയ്ക്ക് പ്രത്യേകം പ്രയോജനങ്ങളും അനേകമുണ്ട്. ഒരുദിക്കിൽ മാത്രം മുഖമുള്ളതും, രണ്ടുതലക്കലും മുഖമുള്ളതുമായ ആ നാഡിയന്ത്രങ്ങൾ സ്രോതസ്സുകളിൽ കടന്നിരിക്കുന്ന ശല്യത്തെ എടുക്കുന്നതിനും അവിടെയുള്ള രോഗങ്ങളെ കണ്ടുപിടിക്കുന്നതിനും വല്ല സാധനവും വലിച്ചെടുക്കുന്നതിനും, ഉരഞ്ഞിവലിച്ചെടുക്കുന്ന (മൂക്ഷണം ചെയ്യുന്ന)തിനും മറ്റും പലപ്രയോഗങ്ങളിലും സൌകര്യമുണ്ടാക്കിത്തീർക്കുന്നതിനും ഈ പ്രയോഗപ്പെടുന്നു. ഈ നാഡിയന്ത്രങ്ങളെ ദേഹത്തിൽ എടുത്താൽ ദ്വാരത്തിലേക്ക് ത്യാഗിക്കുന്നതാവാ അതിന്റെ അവസ്ഥകളെക്കുറിച്ച് വണ്ണവും മുഖയന്ത്രത്തിനുണ്ടായിരിക്കേണ്ടതാണ്. ഭഗന്ദരം, അർശ്സ്സ്, അർബ്ബുദം, വ്രണം, മൂത്രവൃദ്ധി, ജലോദരം, നിരുദ്ധപ്രകാശം (ലിംഗത്തിന്റെ തൊലി മേലോട്ടുകേറുക, (Phimosis), നിരുദ്ധഗുദം (മലദ്വാരബന്ധം) എന്നീരോഗങ്ങളിൽ പ്രത്യേകം ഉപയോഗിക്കേണ്ടവയും വസ്തി, ഉത്തരവസ്തി, ധൂമപാനം എന്നീപ്രയോഗങ്ങൾ

---

* "മത്സ്യതാലുവൻ" എന്നും പാഠമുണ്ട്. ആ ഛേദ്യത്തിൽ മത്സ്യത്തിന്റെ നാസ്സുകൾ പോലെ അത്ര നേർമ്മയുള്ളതെന്നർത്ഥമാകുന്നു. മത്സ്യത്തിന്റെ മുഖംപോലെയാണെന്നും മിലരിവിടെ അഭിപ്രായപ്പെട്ടുന്നു.

§ അലാബുയന്ത്രം, ഗോന്ദരയന്ത്രം, അർശ്രോയന്ത്രം മുതലായതിന്ന് ഒരു തലക്കലെമുഖമുള്ളൂ. വസ്തി, ഉത്തരവസ്തി, ധൂമം എന്നീയന്ത്രങ്ങൾക്ക് രണ്ടുതലക്കലും മുഖമുണ്ട്.

† ഈ അണ്ഡം ചെവിയിലും മൂക്കിലും ഉണ്ടാവുന്ന ജാതിയാകുന്നു.

ഭാന്തരാശ്ചേതി വ്യവസ്ഥിതാവസ്ഥിതമൃതവൃദ്ധിഭിഃകാദരധൂമനിരുദ്ധ പ്രകശസന്നിരുദ്ധഹൃദയന്ത്രാണ്യുലാബുശൃംഗയന്ത്രാണി ചോപരിഷ്ടാ ദുപക്ഷ്യാമഃ. 9

ശലാകായന്ത്രാണ്യപി നാനാപ്രകാരാണി നാനാപ്രയോജനാനി യഥായോഗപരിണാഹദീഘ്രാണി ച. ശേഷാം ഗണ്ഡൂപദശരപുംഖ സപ്പ്രഫണബഡിശമുഖ ദ്വ ദ്വ ഷ്ണ്യവ്യഹനചാലനാഹര ണാത്മുപദിശ്യന്തെ. മസൂരദളമാത്രമുഖ ദ്വ കിഞ്ചിദാനതാഗ്ര ക്കാവശ്യമുള്ള വയുമായ നാഡീയന്ത്രങ്ങളെപ്പറ്റിയും അല ബു (ചോര കളയുന്നതിനുപയോഗിക്കുന്നു), കൊമ്പു (ചോര വലിച്ചെടുക്കാനുള്ള തു) എ ന്നീയന്ത്രങ്ങളെപ്പറ്റിയും മേലിൽ*പറഞ്ഞുകൊള്ളുന്നതാകുന്നു. 9

ശലാകായന്ത്രങ്ങളും പലവിധത്തിലും പലവിധംപ്രയോജനത്തോ ടുകൂടിയുമരിക്കുന്നു. അവയ്ക്കു ഓരോ ആവശ്യത്തിന്റെ തരംപോലെ നീളവും വണ്ണവും ഉണ്ടാക്കിക്കൊള്ളണം. നാലുതരത്തിൽ ഈരണ്ടു ശ ലാകായന്ത്രങ്ങളുണ്ടു്. അവയുടെ മുഖം ക്രമത്തിൽ തൊണ്ടയിന്റെ മാതിരിയിലും, അമ്പിന്റെ മുരടു(ശരപുംഖ)ംപോലെയുള്ള ആകൃതിയി ലും, സപ്പ്തിന്റെ പടംപോലേയും, മുണ്ടൽപോലേയുമാകുന്നു. ഇ വയിൽ ഒന്നാമത്തെത്തരംകൊണ്ടു് വല്ലഭാഗത്തിലും ചലനമാ മറ്റൊ നിൽക്കുന്നതിനെ തിരഞ്ഞുപിടിക്കാനായി (എഷണം) ഉപയോഗിക്കു ന്നു. രണ്ടാമത്തെ ശരപുംഖാകൃതിയായ ശലാകകൊണ്ടു ചലം മുതലാ യ ശല്യപദാർത്ഥങ്ങളെ ഒരു ഭാഗത്തു കൊണ്ടുവന്നു ചേർത്തുന്നതിനും (വ്യ ഥനം) ഉപയോഗിക്കുന്നു. മൂന്നാമത്തെ ജാതി ശലാകകളെ ശല്യത്തിന്റെ ഒരുടത്തുനിന്നു മറ്റൊരിടത്തേക്കു് ഇളക്കിക്കൊണ്ടു ചെല്ലുന്നതിനുപ

* അഷ്ടശയന്ത്രങ്ങളും 2. (സ്ത്രീകൾക്കുള്ളതും പുരുഷന്മാർക്കും); വസ്തിയന്ത്രങ്ങളും തരം – എട്ടു് – പത്തു് – പന്ത്രണ്ടു് അംഗുലം നീളമുള്ളതുകളായിട്ടു് 4. പുരുഷന്മാർക്കു ള്ള ഉത്തരവസ്തിയന്ത്രം 2. ഒന്നു് മേഢ്രത്തിന്റെ നീളത്തിനൊപ്പിച്ചുണ്ടാക്കിയതും പ റ്റൊന്നു് 14 അംഗുലപ്രമാണവുമാകുന്നു. മൂത്രമാർഗ്ഗത്തിലേക്കും യോനിമാർഗ്ഗത്തിലേ ക്കുമായി സ്ത്രീകൾക്കുള്ള ഉത്തരവസ്തിയന്ത്രം 2. പെൺകുട്ടികൾക്കുള്ള ഉത്തരവസ്തിയ ന്ത്രം 1. (വസ്തിയന്ത്രം അതാ 9.) ജലോദരയന്ത്രം 1. പ്രായൌഗികം, സ്നേഹി കം, പ്രവേഹനികം ഇങ്ങിനെ മൂന്നും, കാസത്തിനും വമനത്തിനും കൂടി രണ്ടും, വ്രണ ധൂപനത്തിനൊന്നും, കൂടി ധൂമയന്ത്രങ്ങൾ 5. നിരുദ്ധപ്രകശയന്ത്രം, അലാബുയന്ത്രം, ശൃംഗയന്ത്രം, ഇവ ഓരോന്നും ഇങ്ങിനെ നാഡീയന്ത്രങ്ങളും ഇരുപതാകുന്നു.

വായുവിടത്താരം യോനിവ്രണം നോക്കാനും മറ്റും പലവിധം യന്ത്രങ്ങളും മ റ്റു ഗ്രന്ഥങ്ങളിൽ കാണുന്നവ ഇവിടെ വിസ്തരഭയത്താൽ വിട്ടതാകുന്നു. "ഉപദേശാൽ യുക്തിർജ്ഞാതവ്യേതി" എന്നവചനംകൊണ്ടു് യന്ത്രങ്ങളുടെ സംഖ്യക്കു് നിയമമി ല്ലെന്നും തരംപോലെയെല്ലാം ഉണ്ടാക്കേണ്ടതാണെന്നും അവർക്കു സൂചിപ്പിച്ചിട്ടുണ്ടു്.

10 *

സ്രോതോഗതശല്യോദ്ധരണാർത്ഥം. ഷട് കാപ്പാസകൃതാഷ്ടിഷ്ടാണി പ്രമാജ്ജനക്രിയാസു. ത്രീണി ഭവ്യാകൃതിനി ഖല്ലുമുഖാനി ക്ഷാരൌഷധപ്രണിധാനാർത്ഥം. ത്രിണ്യന്യാനി ജാംഖവവദനാനി ത്രീണ്യൃങ്കുശവദനാനി ഷഡ്ഡ വാഗ്നികർമ്മസചിവിപ്രതാനി. നാസാബ്ദഹരണാർത്ഥമേകം കോലാസ്ഥിമാത്രമുഖം ഖല്ലതിക്ഷ്ണാഗ്രമ്, അഞ്ജനാർത്ഥമേകം കല്ലായപരിമണ്ഡലമുഭയതോ മുകുളാഗ്രം, മൂത്രമാർഗ്ഗവിശോധനാർത്ഥമേകം മാലതീപുഷ്പവൃന്താഗ്രപ്രമാണപരിമണ്ഡലമിതി. 10

യോഗപ്പെടുത്തുന്നു. പൂഴ്ത്തൽപോലെയുള്ള നാലാംതരം ശലാകകളാകട്ട ശല്യത്തെ പുറത്തേക്ക് വലിച്ചെടുക്കാനുപകരിക്കുന്നു. തൊരപ്പുതുപ്പിനോളം വലിപ്പത്തിൽ മുഖമുള്ള രണ്ടു ശലാകായന്ത്രങ്ങളുണ്ട്. അവയുടെ അറാം കൂമഞ്ഞാനാണ് കീഴ്പോട്ടു വളഞ്ഞിരിക്കും. അവയെക്കൊണ്ട് സ്രോതസ്സുകളിൽ പൊന്നിട്ടുള്ള ശല്യങ്ങളെ വലിച്ചെടുക്കുന്നതിനുപയോഗിക്കുന്നു. തലക്കൽ പഞ്ഞിക്കൊണ്ട് കെട്ടിട്ടുള്ള ശലാകകൾ ആറുതരത്തിലുണ്ട്. അവയുടെ ഉപയോഗം വ്രണങ്ങളേയും മറവും തുടക്കാനാകുന്നു. ചട്ടകത്തിന്റെ ആകൃതിയിലും പെറിയ ഉരൾക്കല്ലിന്റെ മാതിരി കുഴിഞ്ഞ മുഖത്തോടുകൂടിയും തീക്ഷ്ണമായുമിരിക്കുന്ന മൂന്നുതരം ശലാകകളുണ്ട്. ക്ഷാരങ്ങളേയും മരുന്നുകളേയും ശല്യസ്ഥാനങ്ങളിലുപയോഗിക്കയാകുന്നു ഇവയുടെ പ്രയോജനം. ഞാവിൾക്കുരുവിന്റെ മാതിരി മുഖമുള്ള മൂന്നുതരം ശലാകകളും വേറെ തോട്ടി (അങ്കുശം) പോലെമുഖമുള്ള മൂന്നു ജാതി ശലാകകളും ഉണ്ട്. ഇവ ആറും പൊള്ളിക്കുന്നതിനുപയോഗപ്പെടുന്നു. ചിലന്തക്കുരുപ്പുരുപ്പുപോലെയും നടുക്കുഴിഞ്ഞും അരുകിൽ മൂർച്ചയുള്ളതായും ഇരിക്കുന്ന മുഖമുള്ളതായ ഒരു ശലാകയുണ്ട്. തരുതകൊണ്ട് മൂക്കിനുള്ളിലെ അബ്ബുദത്തെ മുറിച്ചെടുക്കാം. കണ്ണിൽ തറഞ്ഞോ വീഴുന്നതിനുള്ളതായ വേറൊരുവിധം ശലാകയുണ്ട്. അതിന്റെ തലപ്പ് കടലക്കുപോലെ രണ്ടു ളങ്ങും കൂട്ടിമുട്ടി മൊട്ടിന്റെ മാതിരിയിലിരിക്കും. മൂത്രമാർഗ്ഗത്തെ ശോധനംചെയ്യുന്നതിനുള്ള ഒരു ജാതിശലാകയുടെ മുഖം പിച്ചകപ്പൂവിന്റെ ഞെട്ടിയുടെ തലയോളം വലിപ്പത്തിൽ *ഉരുണ്ടിരിക്കണം. 10

* ശരപുംഖാകൃതിയായ ശലാകകൊണ്ട് ഫാലനത്തിനുപയോഗിക്കണമെന്നും കാമ്പിൻപടം പോലുള്ള ശലാകകൊണ്ട് വ്യാഹനം ചെയ്യണമെന്നും അന്യഗ്രന്ഥങ്ങളിൽ കാണുന്നു. അപ്പായ്യർ ഇവിടെ ആ ക്രമത്തിനു വിപരീതമായിട്ടാണ് പറഞ്ഞിട്ടുള്ളത്. അതുകൊണ്ട് ഇവിടെ പറഞ്ഞിട്ടുള്ള ശലാകകളെ ഓരോ ആവശ്യത്തിനും തരംപോലെ ഉപയോഗിക്കാമെന്നല്ലാതെ ഇവിടെ പറഞ്ഞ ഉപയോഗത്തിനുമാത്രം ക്രമത്തിലെടുക്കണമെന്നു നിയമമില്ലെന്ന് ഗ്രഹിക്കേണ്ടതാകുന്നു.

ഉപയന്ത്രാണി അപി രജ്ജുഃവണികാപട്ടമമ്മാന്തരവ്ല്ലുചലതാവ
സ്ഥാശ്ചിലാശ്മമുദ്ഗരപാണിപാദതലാംഗുലിജിഹ്വാദന്തനഖബാലാശ്വ
കടകശാഖാശ്ചീവനപ്രവാഹണഹഷ്വായസ്ഥാനതയാനി ക്ഷാരാഗ്നിഭേഷ
ജാനി ചേതി. 11

(ച) ഏതാനി ഭേഹേ സർവ്വസ്മിൻ ഭേഹസ്യാവയവേ തഥാ
സന്ധൗ കോഷ്ഠേ ധമന്യാഞ്ച യഥായോഗം പ്രയോജയേൽ. 12

(ഗ). യന്ത്രകർമ്മാണി തു നിഷ്പീഡനപൂരണബന്ധനവ്യൂഹനവർത്തനച്യാ
ലനവിവർത്തനവിചരണപീഡനമാർഗ്ഗവിശോധനവികർഷണാഹരണാ

താഴെപറയുന്ന പദാർത്ഥങ്ങളെ ഉപയന്ത്രങ്ങളെന്നു പറയുന്നു.— *പിരിച്ചകയർ, വാൾ, ജന്തുക്കളുടെ തോൽ, മരത്തിന്റെ തോലിന്നുള്ളിലെ നാര്, വള്ളി, തുണി, കുഴിക്കല്ല്, ചുറിക (Hammer), ഉള്ളങ്കൈ, ഉള്ളങ്കാൽ, വിരൽ, നാവ്, പല്ല്, നഖം, തലരോമം, $ കുതിരയുടെ പുഞ്ഞരോമം, മരക്കൊമ്പുകൾ, അയസ്കാന്തം, ക്ഷാരം, തീയ്, മരുന്നുകൾ എന്നിങ്ങിനെയുള്ള പദാർത്ഥങ്ങൾകൊണ്ടു തുറപ്പുക, മുക്കൽ (പ്രവാഹണം), സന്താഷ്ടം ജനിപ്പിക്കുക, ഭയപ്പെടുത്തുക എന്നീവിധം പ്രവൃത്തികളും ഉപയന്ത്രങ്ങൾതന്നെയാകുന്നു. 11

മേൽപറഞ്ഞ യന്ത്രോപയന്ത്രങ്ങളെ ദേഹത്തിലല്ലാടത്തുകൂടിയൊ, ഒരു പ്രത്യേകഭാഗത്തൊ, സന്ധിയിലൊ, വയറിലൊ, ധമനിയിലൊ തരംപോലെ പ്രയോഗിച്ചുകൊള്ളുന്നതാണ്. 12

യന്ത്രകർമ്മങ്ങൾ:— 1 ഇളക്കിപ്പറിക്കുക. 2 പീച്ചിക്കയറ്റിനിറുക്കുക. 3 കെട്ടുക. 4 അവിടവിടെയുള്ളതിനെ ഒരുക്കൂട്ടുക. 5 സ്ഥാനത്തുനിർത്തുക. 6 ഇളക്കുക. 7 തിരിക്കുക. 8 വിടർത്തുക. 9 അമർത്തുക. 10 ചുഴിയിലുള്ള തടസ്ഥം തിരുത്തുക. 11 വലിക്കുക. 12 പുറത്തെടുക്കുക. 13 മേലെടുത്തുകളഞ്ഞ് കൊണ്ടുപരിക 14 പൊതിക്കുക.

---

* രജ്ജു വേറെ, വേണിക വേറെ, തയ്യിബങ്കാരളി തുന്നുകാരനായ "ദേവേന്ദ്രനാഥകസർ" രജ്ജു, സാധാരണ കയറെന്നും വേണി, മൂന്നു പിരിയുള്ള കയറെന്നും ഉള്ള അർത്ഥത്തിൽ എഴുതിയിരിക്കുന്നു. അദ്ദേഹത്തെന്നെ, ഞഷ്ടീച (കുഴവി) വേറെ, ഞശ്മ (കല്ല്) വേറെയായും തർജ്ജമ ചെയ്തിരിക്കുന്നു. അദ്ദേഹം മുഖം എന്നു മന്നിനെ കൂട്ടി ഉപയന്ത്രങ്ങളുടെ കൂട്ടത്തിൽ പറിക്കുന്നു. ഉപയന്ത്രങ്ങൾ ഇരുപത്തഞ്ചു വിധമാണെന്നുള്ളതിനും പറഞ്ഞിട്ടുള്ളതിനും ഈ തർജ്ജമ വിരുദ്ധമാണ്. എന്നതെന്നെയല്ല ഇ വിധം വേവ്വേറെയാക്കുന്നതിലും ജിഹ്വയും ദന്തങ്ങളും ഉള്ളപ്പോൾ പിന്നെ, വേറെ മുഖമെന്നാരു വസ്തുവിനെ ചേർക്കുന്നതിലും ഔചിത്യം തോന്നുന്നതുമില്ല.

$ അശ്വകടകമെന്നതിനു കുതിരയുടെ കടിവാളം എന്നു വേറെ ചിലർ വ്യാഖ്യാനിച്ചുകാണുന്നു.

ഋനോന്നമനവിനമനഞ്ജനോന്മഥനാഹൃഷ്ടണൈഷണഭാരണാജ്ജു കരണപ്രക്ഷാളനപ്രധമനപ്രമാർജ്ജനാനി ചതുർവ്വിംശതിഃ. 13

(പ). സപ്രയുജ്യാ ചാപി വിദ്യേദ്യന്ത്രകർമ്മാണി ബുദ്ധിമാൻ
അസാമ്പ്രയോഗികല്പനാപ്രാപ്ത്യ നാമിതി നിശ്ചയഃ. 14

(ഗ). തത്ര അതിസ്ഥൂലം അസുഖരമതിഗ്രഹസമഗ്രാഹി വിഷമഗ്രാഹി വക്രം ശിഥിലമത്യന്നതം മൃദുകീലം മൃദുമുഖം മൃദുപാശമിതി ദോഷാ യന്ത്രദൂഷ്യാഃ. 15

(പ). യദ്യതത്ദോഷവിനിർമ്മുക്തം യന്ത്രമഷ്ടഗുണോപേതം
പ്രശസ്യം ഭിഷജാ ജ്ഞേയം തദ്ധി കർമ്മസു യോജയേൽ. 16
ദൃശ്യം സിംഹമുഖാത്തൈസ്തു ഗൃഢം കങ്കമുഖാദിഭിഃ
നിഗൃഹ്യരുജ്യ ശനകൈഃ ശല്യം ശസ്ത്രയുക്തിവ്യപേക്ഷയാ. 17

---

15 താഴ്ത്തുക. 16 ഒന്നായിപ്പിടിച്ചോടിക്കുക. 17 തിരുമ്പിയിളക്കിനോക്കുക. 18 ഉരിയ്ക്കുക (വായകൊണ്ടോ കൊമ്പുകൊണ്ടോ) 19 തിരുത്തുംപാക്കുക. 20 പിളർക്കുക 21 വളച്ചുനീർത്തുക. 22 കഴുകുക. 23 ഊരിക്കയറുക 24 തുടയ്ക്കുക എന്നിങ്ങിനെ ഇരുപത്തിനാലുവിധം പ്രവൃത്തികളെയാണ് യന്ത്രകർമ്മങ്ങളെന്നു നിശ്ചയിച്ചിട്ടുള്ളതു്. 13

ശല്യങ്ങൾ ഇരുമ്പുതുടങ്ങിലുണ്ടെന്നു് കണക്കാക്കാൻ പ്രയാസമായതുകൊണ്ടു് അവയെ എടുക്കുന്നതിനുള്ള യന്ത്രങ്ങളുടെ കർമ്മങ്ങളെ ഇത്രയാണെന്നും ഇന്നവിധത്തിലാണെന്നും ബുദ്ധിമാനായ വൈദ്യൻ തന്നെ തീർച്ചപ്പെടുത്തുന്നതാണു് നല്ലതു്. 14

യന്ത്രങ്ങൾക്കു, വണ്ണമധികരിക്കുക, ബലമില്ലാതിരിക്കുക, നീളമധികമായിരിക്കുക, നന്നെ പൊരുതായിരിക്കുക, ശല്യത്തിൽ പിടിക്കാൻ ശക്തിയില്ലാതിരിക്ക (മുറുകാതിരിക്ക), ശല്യത്തെ വേണ്ടപോലെ പിടിച്ചുവയ്ക്കാൻ നന്നല്ലാത്തതായിരിക്ക (ശല്യത്തിന്റെ എല്ലാഭാഗത്തും മറ്റപോലെ സ്പർശിക്കാത്തതായിരിക്ക), വളഞ്ഞിരിക്കുക, അയഞ്ഞിരിക്കുക, അധികം ഉയരമുണ്ടായിരിക്കുക, മൃദുത്വം ബലമില്ലാതിരിക്കുക, രലപ്പു ദ്രവ്യലമായിരിക്ക, കയർകൊണ്ടു് മുറുക്കിക്കെട്ടാതിരിക്ക എന്നിങ്ങിനെ പന്ത്രണ്ടുവിധം ദോഷങ്ങളുണ്ടെന്നു പറയപ്പെടുന്നു. 15

മേൽപറഞ്ഞ ദോഷങ്ങളൊന്നുമില്ലാത്തതും പതിനെട്ടംഗുലം നീളമുള്ളതുമായ യന്ത്രം ശ്രേഷ്ഠമാകുന്നു. വൈദ്യൻ ആ മാതിരി യന്ത്രത്തെ വേണ്ടപോലെ യന്ത്രകർമ്മങ്ങളിൽ ഉപയോഗിച്ചുകൊള്ളണം. 16

കണ്ണുകൊണ്ടു് കാണുവാൻ കഴിയുന്ന ശല്യങ്ങളുടെ സിംഹമുഖം മുതലായ യന്ത്രങ്ങളെക്കൊണ്ടും കാണാൻ കഴിയാതെ മറഞ്ഞുകിടക്കുന്ന ശല്യങ്ങളെ കങ്കമുഖം മുതലായ യന്ത്രങ്ങളെക്കൊണ്ടും ശസ്ത്രപ്രയോഗവിധിപ്രകാരം വലിച്ചെടുക്കണമെന്നാണു്, 17

വിവൃത്തതേ സാധ്വവഗാഹതേ ച
ശല്യം നിഗൃഹ്യാശ്ശരതേ ച യസ്മാൽ
യന്ത്രേഷ്വതഃ കങ്കമുഖം പ്രധാനം
സ്ഥാനേഷു സർവ്വേഷ്വധികാരി ചൈവ. 18

ഇതി സുശ്രുതസംഹിതായാം സൂത്രസ്ഥാനേ യന്ത്രവിധിർന്നാമ
സപ്തമോഽധ്യായഃ.

അഷ്ടമോഽധ്യായഃ.

അഥാതഃ ശസ്ത്രാവചാരണീയമദ്ധ്യായം വ്യാഖ്യാസ്യാമഃ. 1

വിംശതിഃ ശസ്ത്രാണി. തദ്യഥാ— മണ്ഡലാഗ്രകരപത്രവൃദ്ധിപത്ര നഖശസ്ത്രമുദ്ഗികോല്പലപത്രകാർദ്ധാരസൂചീകുശപത്രാടീമുഖശരാരിമുഖാന്തർമ്മുഖത്രികൂർച്ചകകഠാരികാവ്രീഹിമുഖാരാവേതസപത്രകബഡിശഋഷ്യജിഹ്വർദ്ധിചന്ദ്രാണീതി. 2

കങ്കമുഖയന്ത്രങ്ങൾ അവയവങ്ങളിൽ നല്ലവണ്ണം ഉള്ളിൽ ചെല്ലുന്നതുകൊണ്ടും എങ്ങോട്ടുമ്പോകും തിരിയുന്നതുകൊണ്ടും ശല്യത്തെ പിടിച്ചു് ലഘുവായി പൊഴക്കിയെടുക്കുന്നതുകൊണ്ടും മറ്റു യന്ത്രങ്ങളിൽ വെച്ചു് ഈ ജാതി പ്രധാനമാകുന്നു. വിശേഷസ്ഥാനത്തും (സന്ധി, അസ്ഥി മുതലായതിൽ) ഈ കങ്കമുഖയന്ത്രം ഉപയോഗിക്കുന്നതുകൊണ്ടു് ദോഷമൊന്നുമുണ്ടാകയുമില്ല. 18

ഇങ്ങിനെ സുശ്രുതസംഹിതയിൽ സൂത്രസ്ഥാനത്തിൽ യന്ത്രവിധി എന്ന
ഏഴാമദ്ധ്യായം കഴിഞ്ഞു.

എട്ടാമദ്ധ്യായം.

ഇനി ശസ്ത്രാവചാരണീയമെന്ന അദ്ധ്യായത്തെ പറയാം. 1

ശസ്ത്രങ്ങൾ 20 എണ്ണമുണ്ടു— 1 മണ്ഡലാഗ്രം. 2 കരപത്രം. 3 വൃദ്ധിപത്രം. 4 നഖശസ്ത്രം. 5 മുദ്ഗികം. 6 ഉൽപലപത്രം. 7 അർദ്ധാർ. 8 സൂചി. 9 കുശപത്രം. 10 ആടിമുഖം. 11 ശരാരിമുഖം 12 അന്തർമ്മുഖം. 13 ത്രികൂർച്ചകം. 14 കഠാരിക. 15 വ്രീഹിമുഖം. 16 ആരാ. 17 വേതസപത്രം. 18 ബഡിശം. 19 ഋഷ്യജിഹ്വം. 20 അർദ്ധചന്ദ്രം എന്നിങ്ങിനെയാകുന്നു അവയുടെ*പേർ. 2

* മണ്ഡലാഗ്രം ഗോതമ്പുമണിയുടെ നീളമുള്ളതും വൃത്താകാരമായ മുഖത്തോടുകൂടിയതുമാകുന്നു. കരപത്രം, ഇപ്പോഴത്തെ നടപ്പുള്ള ഈച്ചവാളിന്റെ (knife)പ്പോലെയുള്ളതാകുന്നു. ഇതിന്റെ 12-അംഗുലം നീളമുണ്ടു. വൃദ്ധിപത്രം രണ്ടുവിധം, കണ്ടു് തെരിഞ്ഞതും

ത്തിപോലെ അഗ്രഭാഗം ഞളിഞ്ഞും മറേറതു് നിവർന്നും ഇരിക്കും. "വൃദ്ധി" യിന്നു ചാ
രുപിടിക്കു ഇലപോലെ ഇരിക്കുന്നതുകൊണ്ടാണു് ഇതിന്നു് ഈ പേരുണ്ടായതു്. ഇതി
നും പിടിക്കു് 5-അംഗുലവും നാലതിന്നു 2-അംഗുലവും വീതമുണ്ടു്. നഖശസ്ത്രം ഇപ്പോ
ൾ [illegible] എന്നു മുറിക്കുന്ന ശസ്ത്രം(Nail-clipper) തന്നെയാണു്. അതിൽ വായ്ത്തല
[illegible] രണ്ടുവിധമുണ്ടു്. വട്ടവുള്ളതിന്നു് 8-അംഗുലവും ഇല്ലാ
തതിന്നു് 6-അംഗുലവും വീതമാണു്. അതിന്റെ നാലതിനൊപ്പം വീതി അംഗുലമാക
ണം. മുടിക എന്നതു ശസ്ത്രക്രിയാപകരണം വലിപ്പം 2-അംഗുലമാകണം. ഉൽപലപത്രം
താമരഇതൾപോലിരിക്കുന്നതും 6-അംഗുലം നീളമുള്ളതുമാകണം. അദ്ധ്യാരം (Lancet) 8-
വിരൽ വീതിയും നടുവിൽ ചെറുതിരിഞ്ഞ വീതിയും തലക്കൽ 2-വിരൽ വീതിയുമുള്ളതാണു്.
സൂചി എന്നതു് ഇന്നുള്ള തുന്നൽകത്തികളിൽ ഉള്ള സൂചി (Needle) തന്നെ. കരപത്രം
മെന്നപേർ വന്നതു് കരിനെ കുരുപ്പില്ലിന്റെ തുകൽ മുറിച്ചുകൊണ്ടാകുന്നു. അതി
ന്റെ അലകു് മുക്കാലംഗുലവും പിടി 3-അംഗുലവും നീളമുള്ളതാകണം. നാടിശസ്ത്രത്തിന്റെ
പിടി 5-വിരൽ നീളവും അലകു് 2-വിരൽ നീളവുമാകുന്നു. തടി (വണ്ണാൻ) എന്നു
പക്ഷിയുടെ മുഖംപോലെയാകകൊണ്ടാണു് ഇതിന്നു തുടിമുഖമെന്നപേരുണ്ടായതു്.
ശരാരിമുഖം (Scissors) എന്നു ശസ്ത്രത്തിന്റെ അലകു് ശരാരിമുഖത്തിന്റെ (കൊച്ച നീ
ണ്ടചുണ്ടു്) കഴുത്തുപോലെ ചെറുത്തു് ഇരിക്കുന്നു. പിടി ആദിവണ്ണം) പോലിരിക്കും. ഇതിന്റെ
അകെ നീളം 12-വിരലാണു്. സാധാരണ കത്തരിയേക്കു് ഇതിന്നു വിശേഷമുണ്ടു്.
അന്തർമുഖം എന്ന ശസ്ത്രം അർശ്വാന്തർമാംസം കുന്നു. വളഞ്ഞുകൊണ്ടിരിക്കുന്ന അതിന്റെ
വായ്ത്തലക്കൽ ചെറിയ പല്ലുകളുണ്ടാകും. ഒരു ചെറിയ കൈയാൽ (Hand-saw) പോ
ലിരിക്കയും ചെയ്യും. ദ്രുതധാരം എന്നതിന്നു കൂനലകണ്ടാകും. ഇതിന്റെ ഉടയിലുള്ള
പിടിക്കു് 5-വിരൽ നീളമുണ്ടു്. തടിക നീളം 8-വിരലാണു്. കഠാരിക (Small
Blunt Axe) എന്ന ശസ്ത്രത്തിന്റെ പിടിക്കു് 7½-വിരൽ നീളവും അലകിന്നു മുരവിര
ൽ വീതിയുമുണ്ടായിരിക്കും. വൃദ്ധിപത്രംപോലെ ചൊണ്ണയായിരിക്കയും ചെയ്യും. വ്രീ
ഹിമുഖശസ്ത്രത്തിന്റെ അലകു് 4-അംഗുലവും പിടി 2-അംഗുലവും തടിക്കും. കുമുദ്വി
ഹിയോളം വലിപ്പമുണ്ടു് നാന്ത്രിന്റെ തല. അതിന്റെ നടുക്കിൽ ചെറിയ മുള്ളുകൾ
പോലുള്ള മുറികളുണ്ടായിരിക്കും. അരാശസ്ത്രം കുമുദപത്രാകൃതിയുടെ രോമമുള്ളതുപോലിരി
ക്കും. അരികുപ്പല്ലിന്റെ തടിക്കും നീളം 8-വിരലാണു്. അതിന്റെ തലക്കു് വിണ്ടനാ
യോളം വലിപ്പമുണ്ടായിരിക്കും. പുറമേ കരുകുപ്പല്ലിനോളം വണ്ണമുള്ളതുമാകുന്നു. അഷ്ടിമുഖ
പിടി പശുവിൻ വാലുപോലെ കീഴ്പോട്ടു വണ്ണം കുറഞ്ഞുവരികയും. ലേഖനപത്രം
(Knife) അരാകുവണ്ണത്തിലായിരിക്കും. അതിന്റെ അലകു് 4-വിരൽ
നീളവും കുറഞ്ഞ വീതിയും ഉള്ളതാകുന്നു. അതിന്റെ വായ്ത്തല വട്ടത്തിലുള്ളതാ
ണു്. പിടി 4-വിരൽ നീളമുള്ളതായിരിക്കും. ദന്തശങ്കുവിന്റെ മുഖം അല്പം വളഞ്ഞതായിരിക്കും.
ആരയാണുലം നീളവും ദന്തശങ്കുപോലെ വീതിയുമുണ്ടാകും. അതിൽ ചെറിയ മുള്ളുകളുണ്ടാ
യിരിക്കയും ചെയ്യും. ഏഷണി (Probe)യുടെ അളവും മുഖവും ഞാങ്ങണ്ണാഴിയുടെ
മാതിരിയിരിക്കും. "ബഡിശം ദന്തശങ്കുവാഹരണം" എന്നു മേലിൽ പറയുവാൻ പോകുന്ന
വാക്യത്തിന്നു വിശദമായി ഇവിടെ ദന്തശങ്കുവിന്റെ ഉപയോഗം ദന്തശോധനമാണെ
ന്നു മാഷ്യകാരൻ വ്യാഖ്യാനിക്കുന്നു, ശസ്ത്രം ഉണ്ടാക്കുന്നതിന്നു ശ്രദ്ധവെക്കേണ്ട ലോഹവ
ണ്ണങ്ങളെ മിക്കതും പ്രമാണമാക്കിക്കാണുന്നു. ഏതിനു തന്നെയല്ല, ശസ്ത്രങ്ങളുടെ ഇ
നത്തിൽ വളരെ പക്ഷാന്തരങ്ങളുണ്ടു്. പാരോ അവയ്ക്കുള്ളവയുടെ രൂപത്തിലോ
രുദ്ദേശത്തിലോ വന്നുകൂടീട്ടുള്ളതു് ഈ പക്ഷാന്തരങ്ങളും കൊണ്ടുമാത്രം ഒരു ഗ്രന്ഥത്തി
ലെഴുതി മനസ്സിലാക്കിയിരിക്കുന്നതിനു പ്രയാസമായി പറ
ഞ്ഞുകൂടാത്തതാണു്.

തത്ര മണ്ഡലാഗ്രകരപത്രേ സ്യാതാം ഛേദനലേഖനേ ച. വൃദ്ധിപത്രനഖശസ്ത്രമുദ്രികോല്പലപത്രകാർദ്ധാരാണി ഛേദനഭേദനേ ച. സൂചീകുശപത്രാടീമുഖശരാരിമുഖാന്തർമ്മുഖത്രികൂർച്ചകാനി വിസ്രാവണേ. കുഠാരികാവ്രീഹിമുഖാരാവേതസപത്രകാണി വ്യധനേ സൂചീ ച. ബഡിശം ഋന്തശങ്കുശ്ചാഹരണേ. ഏഷണ്യ ഏഷണേ ആനലോമ്യേ ച. സൂച്യഃ സേവനേ. ഇതി അഷ്ടവിധേ കർമ്മണി ഉപയോഗഃ ശസ്ത്രാണാം വ്യാഖ്യാതഃ. 3

തേഷാമഥ യഥായോഗഗ്രഹണസമാസോപായഃ കർമ്മസു വക്ഷ്യതേ. തത്ര വൃദ്ധിപത്രം വൃന്തഫലസാധാരണേ ഭാഗേ ഗൃഹ്ണീയാദ്ഭേദനാന്ത്യേവം സവ്വാണി. വൃദ്ധിപത്രം മണ്ഡലാഗ്രഞ്ച കിഞ്ചിദുത്താനപാണിനാ ലേഖനേ ബഹ്വംശാവചായ്യം. വൃന്താഗ്രേ വിസ്രാവണാനി. വിശേഷേണ ബാലവൃദ്ധസുകുമാരഭീരുനാരീണാം രാജ്ഞാം രാജപുത്രാണാഞ്ച ത്രികൂർച്ചകേന വിസ്രാവയേൽ. തലപ്രമാദിതവൃന്തമംഗുഷ്ഠപ്രദേശിനീ

ഇവയിൽ മണ്ഡലാഗ്രം, കരപത്രം ഇവ രണ്ടും ഛേദനത്തിനും, ലേഖനത്തിനും ഉപയോഗിക്കുന്നു. (കരപത്രം അസ്ഥിഛേദനത്തിനു മാത്രമാണു്.) വൃദ്ധിപത്രം, നഖശസ്ത്രം, മുദ്രികാ, ഉൽപലപത്രകം, അർദ്ധാരം എന്നീ ശസ്ത്രങ്ങൾ ഛേദനത്തിനും ഭേദനത്തിനും ഉപയോഗിക്കുന്നു. സൂചി, കുശപത്രം, ആടീമുഖം, ശരാരിമുഖം, അന്തർമ്മുഖം, ത്രികൂർച്ചകം എന്നീ ശസ്ത്രങ്ങളുടെ ഉപയോഗം സ്രാവണത്തിങ്കലാകുന്നു. കുഠാരികാ, വ്രീഹിമുഖം, ആരാ, വേതസപത്രം എന്നീ ശസ്ത്രങ്ങൾ വ്യധനത്തിനുപയോഗിക്കുന്നു. സൂചിയും ഈ വ്യധനകർമ്മത്തിനുപയോഗമുള്ളതാണ്. ബഡിശം, ഋന്തശംകു എന്ന രണ്ടു ശസ്ത്രങ്ങൾ ആഹരണത്തിനുപയോഗിക്കുന്നു. ഏഷണീശസ്ത്രങ്ങൾ ഏഷണകർമ്മത്തിനും ചലവും മറവും ശരിയായ വഴിക്കാക്കുന്നതിനും (Direction of the pus) ഉപയോഗിക്കുന്നു. സൂചികൾ സേവനകർമ്മത്തിനുപയുക്തങ്ങളാകുന്നു. ഇങ്ങിനെ ശസ്ത്രങ്ങൾക്കു് എട്ടുവിധം കർമ്മങ്ങളിലേക്കുമുള്ള ഉപയോഗം പറയപ്പെട്ടു. 3

മേൽപറഞ്ഞ ശസ്ത്രങ്ങളെ പ്രവൃത്തിസമയത്തു് കൈകൊണ്ടു പിടിക്കേണ്ടുന്ന ക്രമത്തെപ്പറ്റി പറവാൻ പോകുന്നു:—വൃദ്ധിപത്രത്തെ പിടിക്കേണ്ടതു് അതിന്റെ പിടിയുടെയും അലകിന്റെയും ഒത്തവണ്ണമാകുന്നു. ഭേദനക്രിയക്കുപയോഗിക്കുന്ന മറ്റെല്ലാ ശസ്ത്രങ്ങളേയും ഇങ്ങിനെതന്നെ പിടിക്കേണ്ടതാണ്. കൈപ്പടത്തെ കുറഞ്ഞൊന്നു മലർത്തിക്കൊണ്ടാണ് വൃദ്ധിപത്രത്തെയും മണ്ഡലാഗ്രത്തെയും പിടിക്കേണ്ടതു്. ആ ശസ്ത്രങ്ങളെക്കൊണ്ടു് ലേഖനം ചെയ്യുന്നതു് പലേപ്രാവശ്യവും പ്രയോ

ഭ്യാം വ്രീഹിമുഖമ്. കഠാരികാം വാമഹസ്തന്യസ്താം ഇതരഹസ്തമധ്യമാം ഗുല്യാ അ ഗ്രഷ്ഠചിഷ്ടഞ്ഞിയാ അങ്കിഹന്യാൽ. ആരാകരപതെത്രിഷ്ടന്യാ മുലെ. ശേഷാണി തു യഥായോഗം ഗൃഹ്ണീയാൽ. 4

തേഷാം നാമഭിരേവാകൃതയഃ പ്രായേണ വ്യാഖ്യാതാഃ. തത്ര നഖ ശസ്ത്രൈഷണ്യാ അഷ്ടാംഗുലെ. സുഖെന്യാ വക്ഷ്യതെ. 5

ബഡിശം ഒന്തശങ്കുശ്ചാനതാഴ്രേ തീക്ഷ്ണകണ്ടകപ്രഥമയവപത്ര മുഖെ. ഏഷണീ ഗണ്ഡുപദകാരമുഖീ. പ്രദേശിന്യഗ്രപർവ്വപ്രമാണാ മുദ്രികാ. ശരാരിമുഖി സാ കത്തരീതി കഥ്യതെ. ശേഷാണി തു ഷഡംഗുലാനി. 6

ഗിച്ചുകൊണ്ടാണ് താനും. വിസ്രാവണക്രിയക്കുള്ള ശസ്ത്രങ്ങളെ പിടിക്കേണ്ടതു് അവയുടെ പിടിയുടെ തലയ്ക്കലാണ്. വിശേഷിച്ചു് ബാലന്മാർ, വൃദ്ധന്മാർ, മൃദുശരീരക്കാർ, ഭയമുള്ളവർ, സ്ത്രീകൾ, രാജാക്കന്മാർ, രാജകുമാരന്മാർ എന്നിങ്ങിനെയുള്ളവർക്കു് വിസ്രാവണകർമ്മം ചെയ്യേണ്ടിവന്നാൽ അവിടെ ത്രികൂർച്ചശസ്ത്രത്തെയാണു് ഉപയോഗിക്കേണ്ടതു്. വ്രീഹിമുഖശസ്ത്രത്തെ, അതിന്റെ പിടിയെ കൈപ്പടത്തിൽ അടക്കിപ്പിടിച്ചു് ചൂണ്ടാണിവിരലും പെരുവിരലുംകൂടി ചേർത്തുപിടിച്ചുകൊണ്ടാണു് പ്രയോഗിക്കേണ്ടതു്. കഠാരികയെ ഇടത്തെക്കയ്യിൽവെച്ചു് വലത്തുകയ്യിന്റെ പെരുവിരലും നടുവിരലുംകൂടി അതിനെമൽ താഡനം ചെയ്യണം (മിടിക്കണം). ആരൽ, കരപത്രം, ഏഷണീ എന്നീ ശസ്ത്രങ്ങളുടെ മൂലപ്രദേശത്തിലാണു് പിടിക്കേണ്ടതു്. ബാക്കിയുള്ള ശസ്ത്രങ്ങളെ അതാതിന്റെ അവസ്ഥാപാലെയൊക്കെ പിടിച്ചുപയോഗിക്കുന്നതിനു വിരോധമില്ല. 4

ആ ശസ്ത്രങ്ങളുടെ ആകൃതികളെ മിക്കതും പേരുകൊണ്ടുതന്നെ വെളിപ്പെടുത്തിട്ടുണ്ടു്. അവയിൽവെച്ചു് നഖശസ്ത്രത്തിനും ഏഷണിക്കും എട്ടംഗുലം നീളം വേണം. സൂചികളെപ്പറ്റി മേലിൽ പറയുന്നതാണു്. 5

ബഡിശത്തിന്റെയും കന്തശങ്കുവിന്റെയും തലപ്പു വളഞ്ഞിരിക്കണം. ബഡിശത്തിന്റെ മുഖം മൂർച്ചയുള്ള മുള്ളിനപ്പോലെയും കന്തശങ്കുവിന്റെ മുഖം, മുളച്ചുവരുന്നൊഴത്തെ യവധാന്യത്തിന്റെ ഇലപോലെയും ആയിരിക്കണം. ഏഷണിയുടെ മുഖവും ആകൃതിയും ഞെഞ്ഞൊളിന്റെ മാതിരിയിരിക്കും. ഒരു സാധാരണമനുഷ്യന്റെ ചൂണ്ടാണിവിരലിന്റെ തലക്കലെ കണ്ണവിൽനിന്നു് മേൽപ്പെട്ടുള്ള അംശത്തോളം വലിപ്പമുള്ളതാണു് മുദ്രികാശസ്ത്രം. ശരാരിമുഖിക്കു് പത്തംഗുലം നീളമുണ്ടു്. അതിനെത്തന്നെ ചിലർ കത്തരിയെന്നു പേർ പറയുന്നു. മറവുള്ള ശസ്ത്രങ്ങളെല്ലാം ആറംഗുലം നീളത്തിലിരിക്കുന്നവയാണു്. 6

താനി സുഗ്രഹാണി സുഃലാഹാനി സുധൗരാണി സുത്രപാണി സു
സമാഹിതമുഖാഗ്രാണി അകരാലാനി ചേതി ശസ്ത്രസംപൽ. 7

തത്ര വക്രം കുണ്ഠം ഖണ്ഡം ഖരധാരമതിസ്ഥൂലമത്യല്പമതിദീർഘ
മതിഹ്രസ്വമിത്യഷ്ടൗ ശസ്ത്രദോഷാഃ. അതൊ വിപരീതഗുണമാദദീത
അന്യത്ര കരപത്രാൽ. തദ്ധി ഖരധാരമസ്ഥിച്ഛേദനാർത്ഥം. തത്ര ധാരാ
ഭേദനാനാം മാസ്യാദീ ലേഖനാനാമർദ്ധമാസ്യാദീ. വ്യധനാനാം വിസ്രാവ
ണാനാഞ്ച ഐകശികി. ഛേദനാനാമർദ്ധൈകശികീതി. തേഷാം പായ
നാ ത്രിവിധാ ക്ഷാരോദകതൈലേഷു. തത്ര ക്ഷാരപായിതം ശരശല്യാ
സ്ഥിച്ഛേദനേഷു. ഉദകപായിതം മാംസച്ഛേദനഭേദനപാടനേഷു. തൈ
കൈകൊണ്ടു പിടിക്കാൻ സൌകര്യമുണ്ടായിരിക്കുക, നല്ല ലോഹം
കൊണ്ടുണ്ടാക്കിയതായിരിക്കുക, നല്ലവണ്ണം മൂർച്ചയുണ്ടായിരിക്കുക, ആ
കപ്പാടെയുള്ള രൂപം നന്നായിരിക്ക, വിള്ളലൊ മറൊ ഇല്ലാതെ ഉറപ്പു
ള്ള മുഖഭാഗത്തോടുകൂടിയിരിക്ക, അനാവശ്യമായ വളവൊന്നുമില്ലാതിരിക്കുക
എന്നിങ്ങിനെയുള്ള ഗുണങ്ങളുണ്ടായാൽ ആ ശസ്ത്രം നല്ലതാണെന്നു പ
റയാവുന്നതാണു്. 7

വളവു്, രോമംമുതലായതിനെ മുറിക്കാൻതക്ക മൂർച്ചയില്ലായ്ക, വായ്
ത്തലയിലെല്ലാടത്തും ഒരുപോലെ മൂർച്ചയില്ലാതിരിക്കുക, വായ്ത്തല
തൊട്ടുനോക്കുമ്പോൾ കരപരുപ്പുണ്ടായിരിക്കുക, വേണ്ടതിലധികം കട്ടി, വേണ്ടതില
ധികം നേർമ്മ, വേണ്ടതിലധികം നീളം ഇവയുണ്ടായിരിക്ക, വേണ്ടതില
ധികം കുറുകിയിരിക്ക എന്നീ എട്ടു ലക്ഷണങ്ങളും കണ്ടാൽ ആ ശസ്ത്രം
ചിത്തയാണെന്നു പറയണം. ഈ ദോഷങ്ങളൊന്നുമില്ലാത്ത ശസ്ത്ര
ത്തെയാണു് എടുക്കേണ്ടതു്. എന്നാൽ കരപത്രശസ്ത്രങ്ങളിന്റെ കായ്മ
ത്തിൽ ഒരു ഭേദഗതിയുണ്ടു്. അതു് അസ്ഥിയെ ഛേദനം ചെയ്യാനുള്ള
താകയാൽ വായ്ത്തല പരുപരുത്തിരിക്കേണ്ടതാണു്. അതുകൊണ്ടു പ
രുപരുപ്പു് അതിനൊരു ദോഷമായിവരുന്നതല്ല.

ഭേദനക്രിയ നടത്താനുള്ള ശസ്ത്രങ്ങളുടെ വായ്ത്തല തൊമരപ്പുരു
പ്പിനോളം കട്ടിയുള്ളതായിരിക്കണം; ലേഖനക്രിയക്കുള്ള ശസ്ത്രങ്ങൾ
ക്കു് വായ്ത്തല അതിൽ പകുതിയും, വ്യധനം വിസ്രാവണം എന്നിക്രി
യകൾക്കുള്ളവയ്ക്കു് തലരോമംപോലെ അതു നേരിയതായും, ഛേദനക്രി
യക്കുള്ളവയ്ക്കു് അതിൽപകുതിയോളവുമുണ്ടായിരിക്കണം.

ശസ്ത്രങ്ങളെ ഉണ്ടാക്കിയ ഉടനെ കാച്ചിമുക്കുന്നതു് *മൂന്നുപ്രകാര
മാണു്. ക്ഷാരംകലക്കിയ വെള്ളത്തിലും, വെറുംവെള്ളത്തിലും, തൈരി

* ശസ്ത്രങ്ങളെ ഉപയോഗിക്കുന്നതിനു് കുറെ മുമ്പായി ക്ഷാരജല (Alkaline solution)ത്തിലിട്ടു് വെക്കണമെന്നു, ഈ ഭാഗത്തിലെ നവീനന്മാർ വ്യാഖ്യാനിക്കുന്നു.

ലപായിതം ചിരാവ്യുധനസ്സായുച്ഛേദനാഷ്ടം. തേഷാം നിശാനാർത്ഥം ശ്ലക്ഷ്ണശില്പാമാഷപട്ടാധാരാസംസ്ഥാപനാർത്ഥം ശാല്വലീഫലകമിതി 8

ഭവതി ചാത്ര—(പ).

യഥാ സുനിശിതം ശസ്ത്രം രോമച്ഛേദി സുസംസ്ഥിതമ്
സുഗൃഹിതം പ്രമാണേന തഥാ കർമ്മസു യോജയേൽ. 9

(ഗ). അനുശസ്ത്രാണി തു തപക്സാർസ്തടികകാമകുരുവിന്ദജലൗകാ ഗ്നിക്ഷാരനഖഗോജിഃശഫാലികാശാകപത്രകരീരബാലമംഗുലയ ഇതി. 10

ലും മുക്കണം. ദേഹത്തിൽ തറച്ചുകിടക്കുന്ന അമ്പിനേയോ എല്ലിനേയോ മറ്റോ മുറിച്ചുമാറ്റുവാനുള്ള ശസ്ത്രത്തെ മുക്കേണ്ടതു് ക്ഷാരജലത്തിലാണു്. മാംസത്തെ മേരുതിക്കയോ ഭേദിക്കയോ പിളർക്കയോ ചെയ്യാനുള്ള ശസ്ത്രങ്ങളെ വെറുംവെള്ളത്തിലും, സിരകളെ വ്യധനംചെയ്യുന്ന സ്രാവുകളെ മേരുനോചെയ്യുക എന്നീ കർമ്മങ്ങൾക്കുള്ള ശസ്ത്രങ്ങളെ തൈലത്തിലും മുക്കണം. ഈ ശസ്ത്രങ്ങളെ ഉറച്ചു മൂർച്ചവരുത്തുന്നതിനും ഉഴുന്നിന്റെ നിറത്തിലുള്ള മാണയും വായ്ത്തലയെ കേടുകൂടാതെ സൂക്ഷിക്കുന്നതിനു് നേരിയ പൂളപ്പലകകൊണ്ടുണ്ടാക്കിയ കട മാതിരി *ഉറയും ഉണ്ടായിരിക്കണം. 8

നല്ല മൂർച്ചയുള്ളതും രോമത്തിൽ പിടിക്കുന്നതും നല്ല താക്കുതിയുള്ളതും കൈകൊണ്ടു് പിടിക്കാൻ സൌകര്യമുള്ളതും ശാസ്ത്രപ്രകാരം ശരിയായ അളവിൽ ഉണ്ടാക്കപ്പെട്ടതും ആയ ശസ്ത്രത്തെയാണു് പ്രയോഗങ്ങൾക്കെടുക്കേണ്ടതു്. 9

അലകു് (മുള), സ്തടികം, ഗ്ലാസ്സിന്റെ കഷണം, ¶കുരുവിന്ദം (സ്ഫടികത്തിൽ ഒരു ജാതിഭേദം), ഉപ്പു്, തീയ്യു് ക്ഷാരം, നഖം, §കൊഴുപ്പു്, ശസ്ത്രപ്രയോഗംകൊണ്ടു് വ്രണത്തിൽ പഴുപ്പുകലർന്നു വിഷമപ്പെടാതിരിപ്പാൻ തക്കസമയത്തു് ഇംഗ്ലീഷു വൈദ്യന്മാർ കണ്ടുപിടിച്ച ഒരു പ്രത്യേകതരത്തിലുള്ള നീരുകളും ഈ പ്രാചീനഗ്രന്ഥത്തിൽ അതാതു് കർമ്മങ്ങളെ ഉദ്ദേശിച്ചിട്ടു് വെവ്വേറെ പറഞ്ഞിരിക്കുന്നു. അയുധാസ്ത്രവചനത്തിനു ഈ അത്ഭുതമല്ലാതെ വ്യുത്പന്നരായ ശസ്ത്രക്രിയാനിപുണന്മാരായ ഈ ഗ്രന്ഥകർത്താക്കന്മാർ ഈ വിഷയത്തിൽ ഇത്രയും സൂക്ഷ്മതയോടുകൂടി ഇത്രയും വിസ്തരിച്ചു പറയുമായിരുന്നില്ലെന്നു് തീർച്ചയാണു്.

* "പൂളപ്പലകയിൽ ആയുധംതേച്ചു" അതിന്റെ വായ്ത്തലയുടെ മൂർച്ചയെ നിലനിന്നിരിക്കണമെന്നും ഇവിടെ അർത്ഥം പറയുന്നു.

¶ കുരുവിന്ദം=ചുകന്ന നിറത്തിലുള്ള ഒരു ജാതി രത്നം. (കോകാ) ശസ്ത്രത്തിനു മൂർച്ചകൂട്ടാനുള്ള ഒരു മാതിരി കല്ലാണിതെന്നു ബംഗാളി തർജ്ജമയിൽ കാണുന്നു.

§ "ഗോജീ" എന്ന മൂലത്തിലെ പദത്തിനു് മരപ്പഞ്ഞിയോ ശാഖോടകവൃക്ഷനാമത്തെന്നു് ചിലർ പറയുന്നു. എന്നാൽ ഗോജീ ശബ്ദംകൊണ്ടു് ഇല പരുപരുപ്പുള്ള ഏതൊരു വൃക്ഷത്തേയും ഇവിടെ പറഞ്ഞതായി വിചാരിക്കേണമെന്നും പറയുന്നുണ്ടു്.

(പ). ശിശ്രുണാം ശസ്യശിരുണാം ശസ്യാഭാവെ ച യോജയേൽ
തച്ച സാരാദി ചതുർവ്വിധം ഛേദ്യേ ഭേദ്യേ ച ബുദ്ധിമാൻ. 11.

ആഹാര്യച്ഛേദ്യഭേദ്യേഷു നഖം ശക്ര്യേഷു യോജയേൽ
വിധിം പ്രവക്ഷ്യതേ പശ്ചാൽ ക്ഷാരവഹ്നിജലൌകസാം. 12.

യേ സ്യുർമ്മുഖഗതാ രോഗാ നേത്രവർത്മഗതാശ്ച യേ
ഗ്രാജീശഷ്ഠാലികാശാകപണർത്തുർവ്വ് സ്രാവയേത്തു താൻ. 13.

ഗ്രിഷ്യേഷ്വപക്ഷണ്യലാഭേ ച ബാലാംഗ്ലല്യുകുരാ ഹിതാ
ശസ്യാന്യേതാനി മതിമാൻ ശുശ്രൂഷക്ര്യായസാനി ച്ച.

ലു, ശേഷാലിക (ചെമരത്തി, പനമ്നിർ) യുടെ ഇല, തേക്കിന്നില, *മുള്ളയുടെ ആണ്ടാൻ, തലനാർ, വിരൽ എന്നീ പദാർത്ഥങ്ങൾ †അനുശസ്യങ്ങൾ (ശസ്ത്രത്തിനു പകരമായും സഹായമായും ഉപകരിക്കുന്നവ)ളാകുന്നു. 10

മേൽപറഞ്ഞവയിൽ തുളസി, പറങ്കി അലക്ക്, സ്ലടികം, ഗ്ലാസ്സ് കഷ്ണം, കരുവിരുക്കല്ല് എന്നിവ നാലുകൂട്ടം അനുശസ്ത്രങ്ങളുടെ കൂട്ടികലർക്കും ഭയമധികമുള്ളവർക്കും ഛേദനമൊ ഭേദനമൊ ചെയ്യേണ്ടിവന്നാൽ ഉപയോഗിക്കണം. ശസ്ത്രം തൽക്കാലം കൈവശമില്ലാതെ വന്നാൽ അപ്പോഴും അവയെ ഉപയോഗിക്കാം. 11.

ആഹരണം, ഛേദനം, ഭേദനം എന്നീ കർമ്മങ്ങളിൽ ഉചിതമാണെന്ന് തോന്നിയാൽ ശസ്ത്രങ്ങൾക്ക് പകരം നഖത്തെ ഉപയോഗിക്കാം. ക്ഷാരംകൊണ്ടും അഗ്നികൊണ്ടും ചെയ്യുന്ന പ്രയോഗങ്ങളെ പുറകിൽ പറയപ്പെടും. 12.

മുഖത്തിങ്കലും കണ്ണിന്റെ പോളകളിലും ഉണ്ടാകുന്ന രോഗങ്ങളിൽ വിസ്രാവണം (ഉരസി ചോർത്തുക അല്ലെങ്കിൽ കളക) ചെയ്യേണ്ടതിന്ന് കൊഴുപ്പ, ചെമന്തി, തേക്ക് എന്നിവയുടെ ഇലകളെ ഉപയോഗിക്കണം. 13.

ഗ്രിഷ്മകാലത്തിൽ ചെയ്യേണ്ടതിൽ ഗ്രിഷ്മണി തല്ലാലം കിട്ടാതെ വന്നാൽ അവിടെ തലനാര്, വിരൽ, മുള്ളയുടെ ആണ്ടാൻ എന്നീ പദാർത്ഥങ്ങളെക്കൊണ്ടും നിർവ്വഹിക്കാം.

---

* മരുഭൂമിയിലുണ്ടാകുന്ന ഒരു ജാതി മുള്ളുള്ള വൃക്ഷമാണ് കരീരമെന്നും അതിന്റെ മുള്ളാണ് ഇവിടെ പറയപ്പെട്ടതെന്നും ഭാഷ്യകാരൻ പറയുന്നു. ബങ്കാളി തർജ്ജമയിൽ ഇവിടെ തർജ്ജമചെയ്യുപോലെയാണ്. ഇംഗ്ലീഷിലും ഇതു തന്നെയാണ്.

† ക്ഷാരവും അഗ്നിയും മുമ്പെ ഉപയന്ത്രങ്ങളുടെ കൂട്ടത്തിലെടുത്തിട്ടുണ്ട്. അതു ശല്യങ്ങളെ എടുക്കാനുള്ള ഉപകരണത്തിന്റെ നിരയിലാണ്. ഇവിടെ അനുശസ്ത്രങ്ങളുടെ കൂട്ടത്തിൽ എടുത്തത് ഛേദനം മുതലായ ശസ്ത്രകർമ്മങ്ങളെ നടത്താനുള്ള സാധനമായിട്ടാണ്.

കാരയേൽ കരണപ്രാപ്തം കമ്മാരം കമ്മകോവിദം. 14.
പ്രയോഗജ്ഞസ്യ വൈദ്യസ്യ സിദ്ധിർഭവതി നിത്യശഃ
തസ്മാൽ പരിചയഃ കാര്യഃ ശസ്ത്രാണാം ഗ്രഹണെ സദാ. 15.

ഇതി സുശ്രുതസംഹിതായാം സൂത്രസ്ഥാനേ ശസ്ത്രാവചാരണീ നാമ അഷ്ടമോധ്യായഃ.

നവമോധ്യായഃ.

അഥാതോ യോഗ്യാസൂത്രീയമധ്യായം വ്യാഖ്യാസ്യാമഃ. 1.

ഉപദിശേത്സർവ്വശാസ്ത്രാർത്ഥമപി ശിഷ്യം യോഗ്യം കാരയേൽ. ഛേദ്യാദിഷു സ്നേഹാദിഷു ച കമ്മചതുരമുപദിശേൽ. ബഹുശ്രുതോപ്യകൃതയോഗ്യഃ കമ്മസു അയോഗ്യോ ഭവതി. 2.

മേൽപറഞ്ഞ ശസ്ത്രങ്ങളെ മൂർച്ചിമാനായ വൈദ്യൻ ശുദ്ധമായും ബലമുള്ളതായും ഇരിക്കുന്ന ഇരുമ്പുകൊണ്ട്, ശസ്ത്രമുണ്ടാക്കുന്നതിനുള്ള സാമാനങ്ങളും, സാമർത്ഥ്യവും, പരിചയവുമുള്ള കൊല്ലനെക്കൊണ്ടുണ്ടാക്കിക്കണം. 14.

പ്രയോഗിച്ചറിവുസമ്പാദിച്ചിട്ടുള്ള വൈദ്യന് എപ്പോഴും കാര്യസിദ്ധിയുണ്ടാകുന്നതാണ്; അതുകൊണ്ട് ശസ്ത്രങ്ങളെടുത്തു പ്രയോഗിക്കുന്നതിൽ, വൈദ്യൻ എപ്പോഴും പരിചയമുണ്ടാക്കിക്കൊണ്ടിരിക്കണമെന്നതാണ്. 15.

ഇങ്ങിനെ സുശ്രുതസംഹിതയിൽ സൂത്രസ്ഥാനത്തിൽ ശസ്ത്രാവചാരണീയമെന്ന എട്ടാമധ്യായം കഴിഞ്ഞു.

ദശമോധ്യായഃ.

ഇനി യോഗ്യാസൂത്രീയമെന്ന (ശസ്ത്രക്രിയയുടെ പരിചയക്രമം പറയുന്ന) അധ്യായത്തെ പറയാം. 1.

ശാസ്ത്രത്തിന്റെ താൽപര്യാർത്ഥം മുഴുവനും മനസ്സിലാക്കിക്കൊടുത്തുകഴിഞ്ഞാലും വൈദ്യൻ ശിഷ്യന്ന് ശസ്ത്രപ്രയോഗത്തിൽ പരിചയം ഉണ്ടാക്കിക്കൊടുക്കണം. ഛേദനം മുതലായ കർമ്മങ്ങളും തൈലം പിച്ചികയറാക മുതലായ ക്രിയകളും ഇന്നിന്ന സ്ഥലങ്ങളിൽ ഇന്ന ഇന്ന വിധമാണ് ചെയ്യേണ്ടതെന്ന് ശിഷ്യന്നുപദേശിക്കണം. നല്ലവണ്ണം ശാസ്ത്രം പഠിച്ചിരുന്നാലും പ്രയോഗത്തിങ്കൽ പരിചയിച്ച് പഠിച്ചിട്ടില്ലാത്തവൻ ശസ്ത്രക്രിയകളിൽ അസമർത്ഥനായിത്തീരുന്നതാണ്. 2.

തത്ര പുഷ്പഫലാലാബൂകാലിന്ദകത്രപുസൈവ്വാരുകകർക്കാരുകപ്രഭൃതിഷു ഛേദ്യവിശേഷാൻ ഛേദ്യയൽ ഉൽകൃത്തനപരികൃത്തനാനി ചോപദിശേൽ. ദ്രുതിവസ്തിപ്രദേശകപ്രഭൃതിഷു ഉദകപങ്കപൃഷ്ണിഷു ഭേദ്യയോഗ്യാമ്. സദരാമണി ചർമ്മണി ആതതൈ ലേഖ്യസ്യ. മൃതപശുസിരാസു ഉൽപലനാലേഷു ച സേവ്യസ്യ. ഘൃതനാപഥതകാഷുവേണുനളനാളീശുഷ്കാലാബൂദ്രുഖഷു ഗ്രീഷ്യസ്യ. പനസബിംബീവില്വഫലമജ്ജമൃതപശുഗാത്രേഷു ആഹാര്യസ്യ. മധുച്ഛിഷ്ടാവലിപ്തേ ശാമ്പലീഫലകേ വിസ്രാവ്യസ്യ. സൂക്ഷ്മഘന വസ്ത്രാന്തരയാമ്മൃദുചർമ്മാന്തരേഷു ച സീവ്യസ്യ. പുസ്തയപുരുഷാംഗപ്രത്യംഗവിശേഷേഷു ബന്ധ്യയോഗ്യാമ്. മൃദുമാംസപേശീഷു ഉല്ലേഖനാദിഷു ച കണ്ഡരസന്ധിബന്ധ്യയോഗ്യാമ്. മൃദുഷു

*കുമ്പളങ്ങ, ചുരങ്ങ, വത്തക്ക(തണ്ണിമത്തൻ? Water Melon), പച്ചനിറമുള്ള കക്കരിക്ക, വെള്ളരിക്ക, വെളുത്ത കക്കരിക്ക മുതലായ കായകളിൽ ഛേദനം ചെയ്യേണ്ടുന്ന സന്ദർഭമെന്ത കാണിച്ചുകൊടുക്കണം; അവയിൽതന്നെ മേൽപ്പെട്ടും കീഴ്പ്പെട്ടും കിടക്കൊണ്ടിക്കണം. വെള്ളത്തൊലി ചെറുതായി നിറച്ചിട്ടുള്ള തോൽത്തുരുത്തി, ചന്തി, തോൽകുടം മുതലായവയിൽ ഭേദനം ചെയ്യേണ്ടുന്ന സന്ദർഭമെന്ത കാണിച്ചുകൊടുക്കണം. ഈർമ്മമുള്ള വിസ്തീർണ്ണമായ തോലിൽ ലേഖനംചെയ്യേണ്ടുന്ന കാണിക്കണം. ചത്ത പശുവിന്റെ തൊലികളിലും താമരത്തണ്ടുകളിലും വേധനംചെയ്യേണ്ടുന്ന കാണിച്ചുകൊടുക്കണം. പുഴുത്തുളച്ചിട്ടുള്ള വ്രണങ്ങളിലും മറ്റുമാണ് ഗ്രീഷ്മനംചെയ്യേണ്ടത്. ചക്ക, തൊണ്ടിപ്പഴം, കുമ്പളങ്ങ മുതലായ ഏന്നിവയുടെ കുരുക്കളിലും ചത്തപശുവിന്റെ പല്ലുകളേയും വലിച്ചുടുത്തുകൊണ്ടാണ് ആഹരണപ്രയോഗം ശീലിപ്പിക്കേണ്ടത്. പൂളങ്കായിന്റെ മേലെ മെഴുകുകൊണ്ടു തേച്ചു പൊതിഞ്ഞു അതിന്മേലാണ് വിസ്രാവണക്രമം മനസ്സിലാക്കേണ്ടത്. നേരിയതും ഇടതൂർന്നതുമായ വസ്ത്രങ്ങളിലും മൃദുത്തൊലി തോലുകളിലുമാണ് സീവനകർമ്മം അഭ്യസിപ്പിക്കേണ്ടത്. മനുഷ്യാകൃതിയിലുണ്ടാക്കിട്ടുള്ള പാവകളിലാണ് അംഗങ്ങളുടെയും പ്രത്യംഗങ്ങളുടെയും ബന്ധനകർമ്മം ചെയ്യിപ്പിക്കേണ്ടത്. മൃദുതുമുള്ള മാംസപേശികളിലൊ താമരവളയത്തിലൊ ആണ് കാരിന്റെ വള്ളി കുട്ടിക്കെട്ടിടുന്ന സന്ദർഭമെന്ത കാണിച്ചുകൊടുക്കേണ്ടത്. മൃദുക്കളായ മാംസകഷ്ണങ്ങളിൽ കാരം ചെ

* ഇതിന്റെ മൂലമായ പുഷ്പഫലശബ്ദത്തിനു് കപിത്ഥ(വിളാരങ്ങ)മെന്നും കർക്കടകത്തിനു കുമ്പളങ്ങയെന്നും മാറ്റത്തിൽ കാണുന്നു.

† ലേഖനം രോമങ്ങൾക്കെതിരായിച്ചെയ്യുൽ വേദനയും രക്തംവരവും അധികമായുണ്ടാകുമെന്നുള്ളതുകൊണ്ടാണ് രോമമുള്ള തോലിൽ അതു ചെയ്യേണ്ട പ്രകാരം പറയുന്നത്.

മാംസമണ്ഡൂഷു തദ്വാനിക്ഷാരയോഗ്യാമ്. ഉടകപൂർണ്ണഘടപാർശ്വസ്രാ
തസി അലാബൂമുഖാദിഷു ച നേത്രപ്രണിധാനവസ്തിവ്രണവസ്തിപീഡ
നയോഗ്യാമിതി. 2.

ഭവതശ്ചാത്ര—(പ).

ഏവമാദിഷു മേധാവീ യോഗ്യാഽഹ്വഷു യഥാവിധി
ദ്രവ്യേഷു യോഗ്യം കുർവ്വാണോ ന പ്രമുഹ്യതി കർമ്മസു. 4.
തസ്മാൽ കൌശലമന്വിച്ഛൻ ശസ്ത്രക്ഷാരാഗ്നികർമ്മസു
യസ്യ യത്രാഹ സാധർമ്മ്യം തത്ര യോഗ്യാം സമാചരേൽ. 5.

ഇതി സുശ്രുതസംഹിതായാം സൂത്രസ്ഥാനേ യോഗ്യാസൂത്രീയോ നാമ
നവമോഽധ്യായഃ.

ദശമോധ്യായഃ.

അഥാതോ വിശിഖാനുപ്രവേശനീയമധ്യായം വ്യാഖ്യാസ്യാമഃ. 1.

കയും പൊള്ളിക്കയും ചെയ്യുന്ന വിദ്യയെ ശീലിപ്പിക്കണം. സ്രോതസ്സു
കളിലും വ്രണങ്ങളിലും മരുന്നുകൾ പിച്ചിക്കയറുകയും വസ്തിചെയ്യു
യും മറ്റും ചെയ്യാനുള്ള സന്ദർഭമായതെന്തെന്നാൽ വെള്ളം നിറച്ചിട്ടുള്ള കടന്നി
ന്റെ ഒരു ഭാഗത്തു് ദ്വാരമുണ്ടാക്കി അതിലും മൃഗങ്ങളുടെ വായിലും
കുഴൽ ചെച്ചു് പ്രയോഗിപ്പിച്ചു് ശീലിപ്പിക്കണം. 3.

മേൽപറഞ്ഞവിധം അഭ്യാസത്തിന്നുചിതങ്ങളായ മറ്റു ദ്രവ്യങ്ങ
ളിലും വേണ്ടുംപോലെ വിധിപ്രകാരം അതാതുകർമ്മങ്ങളെ ചെയ്തു് ശീ
ലം വരുത്തീട്ടുള്ള ബുദ്ധിമാനായ വൈദ്യന്നു് ശസ്ത്രക്ഷാരാഗ്നിക്രിയകളിൽ
ഒരിക്കലും തെറ്റിപ്പോയി എന്നുവരുന്നതല്ല. 4.

അതുകൊണ്ടു് ശസ്ത്രക്ഷാരാഗ്നികർമ്മങ്ങളിൽ സാമർത്ഥ്യമുണ്ടാകേണ
മെന്നു് ഏവനാഗ്രഹിക്കുന്നുവോ അവൻ അതാതു ക്രിയ (ഛേദനാദി
കനാദി)കളെ പഠിക്കാൻ പറഞ്ഞിട്ടുള്ള പദാർത്ഥങ്ങളിൽ അതാ
തു ക്രിയകളെ ചെയ്തു് പഠിച്ചശേഷമുള്ളതാണു്. 5.

ഇങ്ങിനെ സുശ്രുതസംഹിതയിൽ സൂത്രസ്ഥാനത്തിൽ യോഗ്യാസൂത്രീയം എന്ന
പന്ത്രണ്ടാമദ്ധ്യായം കഴിഞ്ഞു.

പത്താമധ്യായം.

ഇനി *വിശിഖാനുപ്രവേശനീയമെന്ന(ചികിത്സയ്ക്കുപായിത്തുട
ങ്ങേണ്ടുംക്രമം പറയുന്ന)അദ്ധ്യായത്തെ പറയാം. 1.

* വിശിഖാ=വീഥി, റോഡ്. എന്നാൽ ഇവിടെ രോഗിയുടെ അടുത്തുചെല്ലുവാനു
ള്ള വഴി എന്നർത്ഥമാണു്. ആ വഴിയിൽ പ്രവേശിക്കേണ്ടുന്നു അതായതു ചികിത്സകന്റെ
പുറപ്പെടേണ്ടുന്ന ക്രമം ഈ അദ്ധ്യായത്തിൽ പറയുന്നു.

, അധിഗതശസ്ത്രേണ ഉപാസ്തിതശസ്ത്രാത്മനാ ദുഷ്ടകർമ്മണാം കൃത
ത്യോഽന്യേന ശാസ്ത്രാത്ഥം നിഗദതാ രാജാനുജ്ഞാതേന, നിചനഖരോമ്ണാ
ശുചിനാ ശുക്ലവസ്ത്രോപരിഹിതേന ഛത്രവതാ ഉണ്ഡഹസ്തേന സോപാ
നൽകേന ഋജുഭാവതത്പരേണ സുമനസാ കല്യാണാഭിവ്യാഹാരേണ അ
കുഹകേന ചെഷ്ടിതേന ഭൃതാനാം സുസഹായവതാ വൈദ്യേന വിശി
ഖാ അനുപ്രവേഷ്ടവ്യാ. 2

തതോ ദൃതനിമിത്തശകുനമംഗലാനുലോമ്യേന ആതുരഗൃഹമഭിഗ
മ്യ ഉപവിശ്യ ആതുരമഭിപരീക്ഷേൽ സ്പൃശൽ പൃച്ഛേച്ച. ത്രിഭിരഹൈർവ്വി
ശാസ്ത്രം പഠിക്കയും, ശാസ്ത്രതാൽപര്യത്തെ നല്ലവണ്ണം ഗ്രഹിക്ക
യും, ഗ്രഹിച്ചപ്രകാരം പ്രവൃത്തിക്കുന്നതു് കണ്ടുശീലിക്കയും, താൻത
ന്നെ പ്രവൃത്തിച്ചഭ്യസിക്കയും, ആവശ്യമായി വരുന്ന സമത്തു് ശാസ്ത്ര
താൽപര്യത്തെപ്പറ്റി പ്രസംഗിക്കുന്നതിനുള്ള വീവരമുണ്ടാകയും, ചെ
യ്യുകഴിഞ്ഞാൽ പിന്നെ വൈദ്യൻ രാജാവിന്റാ (സർക്കാരിന്റെ) സമ്മ
തംവാങ്ങി ചികിത്സക്കായി പുറത്തിറങ്ങുന്നതിനു തുടങ്ങണം; വൈ
ദ്യൻ എപ്പോഴും നഖങ്ങളേയും രോമങ്ങളേയും വളർത്താതിരിക്കണം;
ഉള്ളിൽ രാഗദ്വേഷം മുതലായ കളങ്കങ്ങളൊന്നും കൂടാതേയും ദേഹ
ത്തിൽ അഴുക്കുകളൊന്നുമില്ലാതേയും ഇരിക്കണ്ടതും; എപ്പോഴും വെളുത്ത
വസ്ത്രം ധരിക്കണം; പുറത്തേക്കിറങ്ങുന്ന സമയത്തു് കുടയും വടിയും ചെ
രുപ്പും ധരിക്കണം; വലിയ ഗർവ്വിഷ്ഠന്മാരുടെ മാതിരി വലിയ വേഷങ്ങ
ളൊന്നും ധരിക്കരുതു്; എപ്പോഴും മനസ്സിന്നു ശുദ്ധിയുള്ളവനായിരിക്ക
ണം; ആരോടും സംസാരിക്കുന്നതു് ഭംഗിയായും കേൾക്കുമ്പോൾ സുഖ
കേടുതോന്നാത്ത വിധത്തിലുമായിരിക്കണം; കപടം കരുതാതിരിക്ക
ണം; പ്രിയതരക്കാർക്കും താൻ വൈദ്യനായിരിക്കണം; സന്തോഷസമയങ്ങ
ളിൽ ആരെങ്കിലും ഒരുമിച്ചുണ്ടായിരിക്കയും വേണം. ഇങ്ങിനെയാണു്
ചികിത്സക്കു നടന്നുതുടങ്ങുന്ന കാലങ്ങളിൽ വൈദ്യൻ ആചരിക്കേ
ണ്ടതു്. 2

അതിന്നുശേഷം നല്ല ലക്ഷണമുതികഞ്ഞ ദൂതൻവന്നു ക്ഷണിച്ചാൽ
പിന്നെ നല്ല നിമിത്തങ്ങളേയും ശകുനങ്ങളേയും നോക്കി രോഗിയുടെ ഭ
വനത്തിലേക്കു് ചെന്നിരുന്നു് രോഗിയെ നോക്കണം. തൊട്ടുനോക്ക
യും ചോദിച്ചുനോക്കയും വേണം. കാണുക, തൊടുക, ചോദിക്കുക എ
ന്നിങ്ങിനെയുള്ള മൂന്നുവിധം പരിക്ഷകൾകൊണ്ടു മിക്കരോഗങ്ങളും മന
സ്സിലാക്കാമെന്നാണു് ചില മഹാന്മാരുടെ അഭിപ്രായം. ആ അഭിപ്രാ
യം ശരിയല്ല. ആറുവിധത്തിലാണു് രോഗങ്ങളെ പരീക്ഷിക്കാനുള്ള മാ
ർഗ്ഗമെന്നാണു് നമ്മുടെ പക്ഷം. കണ്ണും മുതലായ അഞ്ചിന്ദ്രിയങ്ങളെക്കൊ

ജ്ഞാനോപായത്തെയ രോഗാദി പ്രായശൊ വെളിതവ്യാ ഇത്യെകെ. തത്തു ന സമ്യക്. ഷഡ്വിധൊ ഹി രൊഗാണാം വിജ്ഞാനോപായഃ. തദ്യഥാ—പഞ്ചെദിം ശ്രൊത്രാദിഭിഃ പ്രശ്നെന ചെതി. 3

തത്ര ശ്രൊത്രെന്ദ്രിയവിജ്ഞെയാ വിശെഷാ രൊഗെഷു വ്രണാസ്രാവവിജ്ഞാനീയംഭിഷു വക്ഷ്യാമന്ത. "സഫെനം രക്തമീരയന്നവിലഃ സശബ്ദൊ നിർഗ്ഗച്ഛതീ" തി വിദ്യാ പ്രമാദയഃ. സ്പർശനെന്ദ്രിയവിജ്ഞെയാഃ ശീതാഷ്ണസ്നിഗ്ദ്ധരൂക്ഷശ്ലക്ഷ്ണകഠിനതാദയഃ സ്പർശവിശെഷാ ജ്വരശൊഷാദിഷു. ചക്ഷുരിന്ദ്രിയവിജ്ഞെയാഃ ശരീരൊപചയാപചയായുർല്ലക്ഷണബലവർണ്ണവികാരാദയഃ. രസനെന്ദ്രിയവിജ്ഞെയാഃ പ്രമെഹാദിഷു രസവിശെഷാഃ. ഘ്രാണെന്ദ്രിയവിജ്ഞെയാ അരിഷ്ടലിംഗാദിഷു വ്രണാനാമവ്രണാനാഞ്ച ഗന്ധവിശെഷാഃ. പ്രശ്നന ച വിജ്ഞാനീയാദ്ദ്രശം കാലം ജാതിം സാത്മ്യമാതങ്കസമുല്പത്തിം വെദനാസമുത്ഥായം ബലം ദിനഗ്നിതാം

ണ്ട് വൈദ്യൻ മനസ്സിലാക്കുന്നതിനു പുറമെ ചോദിച്ചറികയും വെണം. ഇങ്ങിനെ രോഗപരീക്ഷ ആറുവിധമാകുന്നു. 3

അവയിൽ വെച്ച് ശ്രോത്രെന്ദ്രിയംകൊണ്ട് രോഗങ്ങളിൽ ഏതെല്ലാം വിശേഷവിധികളുറിയേണ്ടതുണ്ടൊ അവയെപ്പറ്റി വ്രണാസ്രാവവിജ്ഞാനീയാധ്യായം മുതലായ സ്ഥലങ്ങളിൽ "വായു, വ്രണത്തിൽനിന്ന് നുരയും പതയുമുള്ള രക്തത്തെ പുറത്തക്കു തള്ളിക്കൊണ്ട് ശബ്ദത്തൊടുകൂടി പുറത്തുപൊകുന്നു" എന്നും മറ്റും പറവാൻ പൊകുന്നുണ്ട്. തണുപ്പ്, ചൂട്, മിനുസം, പരുപരുപ്പ്, പതം, ഊപ്പ് എന്നിവിധത്തിലുള്ള ലക്ഷണങ്ങളെയാണ് സ്പർശനെന്ദ്രിയംകൊണ്ടറിയെണ്ടതു്; ജ്വരം, ശൊഷാദിയായ രോഗങ്ങളിലാണ് ഈ സ്പർശനെന്ദ്രിയംകൊണ്ടുള്ള ലക്ഷണങ്ങളുള്ളതു്. ശരീരം തടിച്ചിട്ടുണ്ടൊ, മെലിഞ്ഞിട്ടുണ്ടൊ, പ്രായം ഏതുതന്നെയായി, ബലമുണ്ടൊ, നിറമെങ്ങിനെയിരിക്കുന്നു എന്നിങ്ങിനെയുള്ള ലക്ഷണങ്ങളെ കണ്ണുകൊണ്ടു നൊക്കി അറിയാം. പ്രമെഹം മുതലായ രൊഗങ്ങളിൽ മൂത്രത്തിന്റെയും മറ്റും രസമെന്താണെന്നറിയുന്നതു് * നാവുകൊണ്ടാകുന്നു. മാറാൻ പ്രയാസമുള്ളതും ഇല്ലാത്തതുമായ വ്രണങ്ങളുടെയും വ്രണങ്ങളില്ലാത്ത രൊഗങ്ങളുടെയും ഗന്ധം മനസ്സിലാക്കെണ്ടതുണ്ടല്ലൊ. ആ ഗന്ധം അറിയെണ്ടതു് ഘ്രാണെന്ദ്രിയംകൊണ്ടാകുന്നു. രൊഗമുണ്ടായതെപ്പൊഴെ വെച്ചാണെന്നും, ഏതു സമയത്താണെന്നും, രൊഗി ഏതുജാതിക്കാരനാണെന്നും, ഏതെല്ലാംവിധത്തിലുള്ള ആഹാരങ്ങളാണ് ശീലിച്ച് പിടിച്ചതം കൊണ്ടിട്ടുള്ളതെന്നും, രൊഗമുണ്ടാകാൻ ആദ്യത്തെകാരണമെന്തെന്നും, ചെ

---

* മലമൂത്രാദികളുടെ രസമറിയുന്നതിന്നു്, ഉറുമ്പുകളൊ, ഈച്ചകളൊ അതിൽ ഇരുന്നുപൊകുന്നുണ്ടൊ എന്നു നൊക്കിയാൽ മതിയാകുന്നതാണു്.

വാതമൂത്രപുരീഷാണാം പ്രവൃത്ത്യപ്രവൃത്തീ കാലപ്രകൃഷ്ടാദീംശ്ച വിശേഷാൻ. *ഗൃത്തമസമ്യഗ്ദോഷേഷു വിജ്ഞാനാഭ്യുപായേഷു തൽസ്ഥാനീയമജ്ഞാനിയാൽ. 4

ഭേഷജമാത്രാ—(പ)

മിഥ്യാദിഷ്ടാ വികാരാ ഹി ദുരാഖ്യാതാസ്തഥൈവ ച
തഥാ ദുഷ്പരിമൃഷ്ടാശ്ച മോഹയേയുശ്ചികിത്സകമ്. 5

(ഗ). ഏഭിരഭിസമീക്ഷ്യ സാധ്യാൻ സാധയേൽ യാപ്യാൻ യാപയേദസാധ്യാനുപക്രമേൽ പരിസംവത്സരോത്ഥിതാംശ്ച വികാരാൻ പ്രായശോ വർജ്ജയേൽ. 6

ദോഷത്തിന്റെ ആധിക്യത്തെപ്പറ്റിയും, രോഗിയുടെ ദേഹബലത്തെപ്പറ്റിയും, ദഹനവും രുചിയുമുണ്ടോ ഏന്നതിനേയും, മലമൂത്രങ്ങളും അധോവായുവും ക്രമമായിപോകുന്നുണ്ടോ ഇല്ലയോ ഏന്നും, കാലപ്രഴക്കംകൊണ്ട് രോഗം ഏത്രമൂത്തു പശ്യമിട്ടുണ്ടെന്നും അറിയണ്ടുന്നതിക്കിൽ ചോദിച്ചു കാര്യം മനസ്സിലാക്കുകയാണ് വേണ്ടത്. മേൽപറഞ്ഞ അഞ്ചു ജ്ഞാനേന്ദ്രിയങ്ങളിൽ ഏതിനെക്കൊണ്ട് വാതാദിദോഷങ്ങൾക്കുള്ള ത്രുപംമുതലായവയിൽ ഏതു ലക്ഷണം അറിവാൻ സാധിക്കുമോ അതിനെക്കൊണ്ട് ആ ലക്ഷണത്തെ മനസ്സിലാക്കിയാലോചിക്കുണ്ടതാണ്. 4

രോഗങ്ങളെ ശരിയായിപ്രകാരത്തിൽ ഇന്നതെന്നു മനസ്സിലായും വേണ്ടുന്ന കാര്യങ്ങളായി രോഗികൾ പറഞ്ഞു മനസ്സിലാക്കാതെയും നല്ലവണ്ണം ആലോചനചെയ്യാതെയും ചികിത്സിപ്പാനാരംഭിച്ചാൽ അതുനിമിത്തം വൈദ്യന് വല്ലാതെപിഴവുകളുണ്ടാകുന്നതാണ്. 5

മേൽപറഞ്ഞപ്രകാരം രോഗങ്ങളെ പരീക്ഷിച്ചറിഞ്ഞശേഷം മാറുന്നതാണെന്നു കണ്ടാൽ ചികിത്സിച്ചു മാറുകയും മരുന്നു സേവിച്ചുകൊണ്ടിരുന്നാൽ കഴിച്ചുകൂട്ടാമെന്നുള്ളതാണെങ്കിൽ അങ്ങിനെ മരുന്നു സേവിപ്പിക്കയും അസാദ്ധ്യലക്ഷണംകണ്ടാൽ ചികിത്സിക്കാതെ വിടുകയും വേണം. ഒരുകൊല്ലത്തിലധികം പഴക്കംചെന്നിട്ടുണ്ടെന്നു കണ്ടാൽ ഭൂരിഭാഗത്തിനും മിക്കതും ചികിത്സിക്കാതെ വിടുകയാണ് നന്നും. 6

---

* "അയഥാസമ്യഗ്ദോഷേഷു" എന്നാണ് ഭാഷ്യകാരന്റെ പാഠം. അയഥാസമ്യഗ്ദോഷപാഠം സ്വീകരിച്ചിട്ടില്ലെന്നുമാത്രമേ അദ്ദേഹം പറയുന്നുള്ളൂ. തെറ്റെന്നേയുള്ളുവെങ്കിലും കുറഞ്ഞിട്ടുണ്ടെങ്കിൽ അങ്ങിനെ തനിക്ക് രോഗിയുടെ ത്രുപാധികളെമനസ്സിലാക്കാൻ സാധിക്കാത്ത ഘട്ടങ്ങളിൽ രോഗിയുടെ ബന്ധത്തിലുള്ളവരെക്കൊണ്ട് (തൽസ്ഥാനീയരെ) നോക്കിച്ചുമനസ്സിലാക്കണമെന്നാണ് എന്നത്രേ വ്യംപറഞ്ഞിരിക്കുന്നു. ഇവിടെ ഒല്ലൂർ നാരായണൻ, ബെങ്കാളി തർജ്ജമകാരൻ, ഇംഗ്ലീഷ് തർജ്ജമകാരൻ എന്നിവരുടെ പാഠങ്ങളെയും അത്രേത്തേയും സ്വീകരിച്ചിരിക്കുകയാണ്.

തത്ര സാധ്യാ അപി വ്യാധയ ഉപക്രമണ ചികിത്സാം ദൃശ്ചികിത്സ്യതമാ ഭവന്തി. തദ്യഥാ—ശ്രോത്രിയനൃപതി സ്ത്രീ ബാലവൃദ്ധഭീരുരാജസേവകകിതവദുർബ്ബല്യവൈദ്യവിദ്വേഷ്യാഭിഘാതോപഹതഗർഭിണ്യക്രോധവ്രതാമനാത്മവതാമനാഥാനാഞ്ചൈവം വിധാനാം ചികിത്സാം കുർവ്വൻ ധർമ്മാർത്ഥകാമയശാംസി പ്രാപ്നോതി. 7

ഭവതി ചാത്ര— (ഗദ്യം).

സ്ത്രീഭിഃ സഹാസ്യം സംവാസം പരിഹാസഞ്ച വർജ്ജയേൽ
ഭർത്തുശ്ച താഭ്യോ നാത്മീയമന്നാദന്യദ്ദർശയേത്. 8

ഇതി സുശ്രുതസംഹിതായാം സൂത്രസ്ഥാനേ ഭിഷഗാചാരവിധിർനാമ നവമോഽദ്ധ്യായഃ.

താഴെപറയുന്ന ആളുകൾക്കുണ്ടാകുന്ന ദീനത്വം സാധ്യങ്ങളാണെങ്കിലും *മിക്കതും ചികിത്സിക്കാൻ വളരെ വിഷമങ്ങളായിരിക്കും.— വൈദികബ്രാഹ്മണൻ, രാജാവ്, സ്ത്രീ, ബാലൻ, വൃദ്ധൻ, ഭയമുള്ളവൻ, രാജസേവകൻ, ധൂർത്തൻ, ദുർബ്ബലൻ, വൈദ്യനോടസൂയാലുവായിരിക്കുന്നവൻ, വ്യാധിയെ മറച്ചുവെക്കുന്നവൻ, രോഗിൻ, ലുബ്ധൻ, ദ്വേഷ്യക്കാരൻ, ഇന്ദ്രിയജയമില്ലാത്തവൻ, നാഥനില്ലാത്തവൻ എന്നിങ്ങിനെയുള്ളവരാണ് മേൽപറഞ്ഞവിധം ചികിത്സയ്ക്ക് വൈഷമ്യമുള്ളവർ. ഈ സംഗതികളെല്ലാം വേണ്ടുപോലെ ആലോചിച്ച് ചികിത്സചെയ്യുന്ന വൈദ്യനു് ധർമ്മവും, ധനവും, അഭീഷ്ടലാഭവും, യശസ്സും ഉണ്ടാകുന്നതാണു്. 7

വൈദ്യൻ സ്ത്രീകളോടൊരുമിച്ചിരിക്കയും അവരോടു് സപരിഹാസം പറകയും കളിച്ചുചിരിക്കയും ചെയ്യരുത്. സ്ത്രീകൾ തരുന്നതായ അന്നം ഒന്നൊഴിച്ചു് വേറെ ഒന്നും തന്നെ സ്വീകരിപ്പാൻ വൈദ്യനു് പാടുള്ളതല്ല. 8

ഇങ്ങിനെ സുശ്രുതസംഹിതയിൽ സൂത്രസ്ഥാനത്തിൽ
വിശിഷ്യാനുഷ്ഠേയശാസ്ത്രീയമെന്ന
പത്താമദ്ധ്യായം കഴിഞ്ഞു.

---

* വൈദികന്മാർ മുതലായവർ ചിലർ ശരിയായി പഠിച്ചു ഇരിക്കാൻ പാടില്ലാത്തവരും, ചിലർ വിലവിവരമില്ലാത്തവരും, ചിലർ ശസ്ത്രക്രിയക്കുതന്നെ കൊടുക്കുകയില്ലാത്തവരും, ചിലർ വേറെ ഭോഷത്തങ്ങളും ഉണ്ടാക്കിത്തീർക്കുന്നവരുമാണ്. ഇവർക്ക് കാരുണ്യത്തിൽ ചികിത്സിക്കാൻ ശരിയായി സാധിക്കയില്ല. അല്ലെങ്കിൽ ചികിത്സകൊണ്ടു വൈദ്യനു ദോഷം വരും. അതുകൊണ്ടാണിവരെ ചികിത്സിക്കാൻ പാടുകയില്ലെന്നു പറയുന്നതു്. മേൽ പറഞ്ഞ തരക്കേടുകളെല്ലാം ഏതെങ്കിലും വിധത്തിൽ നശിപ്പിച്ചാൽ പിന്നെ ചികിത്സിക്കാൻ വിരോധമില്ലെന്നു കാണിപ്പാനാണ് മിക്കതും എന്നു പ്രയോഗിച്ചിട്ടുള്ളതു്.

§ "ന കരോതി സ്ത്രീകുത്സമാധിഷ്മാരോഗ്യം അനനുജ്ഞാതശ്ച ഭർത്തൃഭാവായ്യ ക്ഷണാ ഭർത്തൃവിനേയോ അല്ലെങ്കിൽ ഭർത്തൃസ്ഥാനീയരുടെയോ സമ്മതം കൂടാതെ ഒരു

പതിനൊന്നാമദ്ധ്യായം.

ഇനി ക്ഷാരപാകവിധി എന്ന അദ്ധ്യായത്തെ പറയുന്നു. 1.

ഛേദനം, ഭേദനം, ലേഖനം എന്നുള്ള മൂന്നുവിധം ക്രിയകളേയും അടുത്തുനിന്നു ക്ഷാരം മാറിയാകുന്നു. മൂന്നു ദോഷങ്ങളേയും നശിപ്പിക്കുന്നതിനും ക്ഷാരം മതി. ശസ്ത്രക്രികളെക്കാൾ ക്ഷാരപ്രയോഗംകൊണ്ടുള്ള ഫലത്തിനു ചില *വിശേഷങ്ങളുണ്ട്. ഈ കാരണങ്ങളാൽ ക്ഷാരം ശസ്ത്രങ്ങളെയും അഗ്നികർമ്മങ്ങളെയും അപേക്ഷിച്ച് ശ്രേഷ്ഠമാണെന്നു പറയുന്നു. 2.

ദേഹത്തിലെ മാംസത്തെയോ അല്ലെങ്കിൽ ദുഷിച്ച വല്ല ഭാഗത്തെയോ ക്ഷാരണം ചെയ്യുന്നു (തിന്നിരക്കുന്നു—ദഹിപ്പിക്കുന്നു) എന്നുള്ള അർത്ഥത്തെ ആശ്രയിച്ചിട്ടാണ് ക്ഷാരമെന്നുള്ള പേർ നിശ്ചയിച്ചിട്ടുള്ളത്. പിത്തത്തിന്റെ പക്ഷത്തിൽ ക്ഷപണം ചെയ്യുന്നു (കഫത്തേയും മാംസത്തേയും നശിപ്പിക്കുന്നു) എന്നുള്ളതുകൊണ്ടാണ് ക്ഷാരമെന്നുള്ള-പേരുണ്ടായതെന്നും കാണുന്നുണ്ട്. പലപ്രകാരത്തിലുള്ള മരുന്നുകളും കൂട്ടി

സ്ത്രീ വല്ല ഭക്ഷണസാധനവും തന്നാൽ അതു സ്വീകരിക്കരുത്" എന്നുള്ള ചരക വചനവും അനാദരിച്ചു പറയുന്ന വഷളാരംഭമല്ലയതിനെ സംബന്ധിച്ചുകൊണ്ട്.

"ഗുരുവിന്റെ വീട്ടുകാര്യങ്ങളും മുള്ളുള്ള അറിയാടവനാൽ അതു പുറത്തു പറയരുത്". രോഗിക്കു കൊടുക്കുന്നതിനെപ്പറ്റി തന്നിലുണ്ടായാലും പുറത്തു പറയരുത്". തനിക്ക് വൈദ്യശാസ്ത്രത്തെപ്പറ്റിയുള്ള സംശയത്തെ കാണിക്കുവാൻവേണ്ടി ഇതു പറയരുത്" എന്നും മറ്റും ധന്വന്തരിയുടെ ഉപദേശങ്ങളിൽ ഈ വൃത്തങ്ങളിൽ അറിഞ്ഞിരിക്കണമെന്നുകൂടിയുണ്ട്.

* ക്ഷാരം ശ്രീദോഗ്നിഹരവും സൗമ്യവുമായിരുന്നിട്ടുകൂടി, വേവിക്കുക മുതലായ അഗ്നികർമ്മങ്ങളും ചെയ്യുന്നു; അഗ്നിയെക്കാൾ അധികം വേദനയുണ്ടാകുന്ന ക്ഷാരത്തെ പ്രയോഗംകൊണ്ടും രക്തത്തെ കൊണ്ടുണ്ടാകുന്ന അർശസ്സിനെ നശിപ്പിക്കുന്നു; ഈ വിധത്തിലുള്ള പ്രഭാവം ക്ഷാരത്തിനുള്ളതുകൊണ്ടാണ് ഈ വിഷയത്തിന്റെ പ്രതിപാദനാവസരത്തിൽ ശസ്ത്രാദികളെക്കാളും ഇതിനു വിശേഷമുണ്ടെന്നു പറഞ്ഞത്.

ണഭ്രയിഷ്യതപാൽ കടുക ഉഷ്ണസ്തീക്ഷ്ണഃ പാചനോ വിലയനഃ ശോധനോ രോപണഃ ശോഷണഃ സ്രംഭനോ ലേഖനഃ കൃമ്യാമകുഷ്ഠകഫവിഷമേദ സാമുപഹന്താ പുംസ്ത്വസ്യ ചാതിസേവിതഃ 3.

യുണ്ടാക്കപ്പെടുന്ന വസ്തുവാകയാൽ ക്ഷാരം മൂന്നു ദോഷങ്ങളേയും * നശിപ്പിക്കുന്നു. ക്ഷാരത്തിന്റെ നിറം വെള്ളപ്പുകകൊണ്ട് അതിനെ സൌമ്യവർഗ്ഗത്തിൽ ചേർത്തിപ്പറയുന്നു. സൌമ്യമാണെങ്കിലും ക്ഷാരത്തിന് പൊള്ളിക്കുവാനും വേവിക്കുവാനും പിളർക്കുവാനുമുള്ള ശക്തിയുണ്ട്. ഇതിനു കാരണം ക്ഷാരം ആഗ്നേയങ്ങളായ (ഉഷ്ണസ്വഭാവങ്ങളായ) ഒമ്പതു ദ്രവ്യങ്ങളധികം കൂട്ടിയുണ്ടാക്കപ്പെട്ടിരിക്കുന്നതാണ്. അപ്പോൾ ക്ഷാരം ഒരുപ്രകാരത്തിൽ സൌമ്യവും ഒരുപ്രകാരത്തിൽ ആഗ്നേയവുമാണെന്നു വന്നു. മേൽപറഞ്ഞ കാരണംകൊണ്ടു തന്നെയാണ് ക്ഷാരത്തിന്റെ രസം എരുവായും, വീര്യം ഉഷ്ണമായും, ഗുണം തീക്ഷ്ണമായും (വേഗത്തിൽ ഫലിക്കുന്നത്) ഇരിക്കുന്നത്. ക്ഷാരം വേവിക്കുന്നതായും, ദഹിപ്പിക്കുന്നതായും, ശോധനം ചെയ്യുന്നതായും, വ്രണം† കണക്കുന്നതായും, വ്രണത്തിലെ നലവുതീക്കുന്നതായും, രക്തനാഡിക്കുള്ളിൽ മുറിഞ്ഞതാൽ അതിൽ നിന്നൊലിക്കുന്ന ചോരയെ നിർത്തുന്നതായും, ആവശ്യമായി വരുമ്പോൾ ദേഹത്തിൽ വല്ല മാംസാങ്കുരത്തെയും മുറിച്ചു കളയാനുള്ള ശക്തിയുള്ളതായും കൃമികളേയും ആമദോഷത്തേയും (പാകം വരാത്ത അന്നരേതസ്സുകളേയും വിഷത്തേയും) നശിപ്പിക്കുന്നതായും ഇരിക്കുന്നു. കൂടാതെ കുഷ്ഠം വ്രണങ്ങളിലും മറവുള്ള ദുഷിച്ച കഫരോഗങ്ങളിലും കൃമിരോഗത്തിൽ അതിനു വളരെ ഫലമുണ്ട്. വിഷത്തെ നശിപ്പിക്കുന്നവയിലും ക്ഷാരം ഉൾപ്പെടുന്നു; മേദസ്സു വർദ്ധിച്ചുണ്ടാകുന്ന ദോഷം തീർക്കുന്നതിനും ഈ ക്ഷാരം വിശേഷിച്ചാണ്. എന്നാൽ ക്ഷാരത്തെ (പ്രായീയ ക്ഷാരത്തെ) അധികമായി അകത്താക്കിയാൽ അതു പുരുഷത്വത്തെ നശിപ്പിച്ചു എന്നും വരാം. 3.

---

* രക്തപിത്തത്തിനും പിത്തപ്രകൃതികൾക്കും ക്ഷാരം വിധിയ്ക്കാത്തതിനെപ്പറ്റിയാണ് ഇവിടെ ക്ഷീരം ത്രിദോഷാഹാരമാണെന്നുപറഞ്ഞത്. അല്ലായ്കിൽ പിത്തസംബന്ധമുള്ള രോഗങ്ങളെ സംബന്ധിച്ചതാണ്.

† "വിരുദ്ധഗുണസംയോഗോ ഭ്രൂയസാല്പ്യം ഹി ജീയതേ" എന്ന ന്യായത്താൽ അമ്ലരസത്തോടു കൂടിയ ക്ഷാരത്തിന് വ്രണം കൊണ്ടുപിടിപ്പിച്ചുകയില്ല, അല്പമായിരിക്കുന്ന സൌമ്യതകൊണ്ടു നശിപ്പിക്കുകയുമില്ല. അപ്പോൾ ക്ഷാരം സൌമ്യമാകുമെന്നും പിന്നെ ആഹാരമാണെന്നും വരുന്നതെങ്ങിനെ? എന്ന സംശയമുണ്ടാകാം. ഇതു ക്ഷാരത്തിന്റെ പ്രഭാവമാണെന്നുള്ള സമാധാനമുണ്ട്.

‡ ക്ഷാരം വ്രണത്തെ ശുദ്ധിവരുത്തുന്നു. അപ്പോൾ വ്രണം ഭേദമാകുന്നു.

സ ദ്വിവിധഃ പ്രതിസാരണീയഃ പാനീയശ്ച. തത്ര പ്രതിസാരണീയഃ കൃഷ്ണകിടിമദ്രുകിലാസമണ്ഡലഭഗന്ദരാർശ്ശോദുഷ്ടവ്രണനാഡീവ്രണചർമ്മകീലതിലകാലകന്യച്ഛവ്യംഗമശകബാഹ്യവിദ്രധികൃമിവിഷാദിഷു ഉപദിശ്യതേ. സപ്തസു ച മുഖരോഗേഷു ഉപജിഹ്വാധിജിഹ്വോപകുശേഷ്വേതൈരേവ ഭേഷജൈഃ രിസൃഷു ച രോഹിണീഷു. ഏതേഷ്വേവ ചൈവ അനന്തരശസ്ത്രപ്രണിധാനമുക്തമ്. പാനീയസ്തു ഗരഗ്രഹ്ല്യോദരാഗ്നിസംഗാജീർണ്ണാരോചകാനാഹശർക്കരാശ്മര്യപ്രാഭ്യന്തരവിദ്രധികൃമിവിഷാശ്മരീഷു ഉപയുജ്യതേ. 4.

പ്രതിസാരണീയ (പുറമെ ഉപയോഗിക്കുന്നതു)മെന്നും പാനീയ (അകത്തേക്കു കഴിക്കുന്നതു)മെന്നും ക്ഷാരം (ഉപയോഗഭേദനിമിത്തം) രണ്ടുപ്രകാരത്തിലാകുന്നു. കൃഷ്ണം, *കിടിമം, ദ്രു, കിലാസം, മണ്ഡലം, ഭഗന്ദരം, അർശ്ശസ്സു, ദുഷ്ടവ്രണം, നാഡീവ്രണം, ചർമ്മകീലം, തിലകാലകം, ന്യച്ഛം, വ്യംഗ, മശകം, ബാഹ്യവിദ്രധി, കൃമി, വിഷം മുതലായ രോഗങ്ങളിൽ പ്രതിസാരണീയം ഉപയോഗിക്കേണ്ടതാണു്. മൂന്നുവിധമുള്ള രോഹിണികളിലും, §ഉപജിഹ്വം, അധിജിഹ്വം, ഉപകുശം, ഭന്ദനം, ഏതീ രോഗങ്ങളിലും, ഇങ്ങിനെ ഏഴുമുഖരോഗങ്ങളിൽ മേൽപറഞ്ഞ പ്രതിസാരണീയം ഉപയോഗിക്കുന്നതു് നന്നു. ഈ കൃഷ്ണാദിരോഗങ്ങളിൽ ശസ്ത്രങ്ങളെയോ അനുശസ്ത്രങ്ങളെയോ പ്രയോഗിച്ചതിന്നുശേഷമാണു് ക്ഷാരം പ്രയോഗിക്കേണ്ടതു്. കൈവിഷം, ഗ്രന്ഥം, മഹോദരം, ഭഗനക്കേടുകൊണ്ടുള്ള രോഗങ്ങൾ, അജീർണ്ണം, അരോചകം, വയറുവീർപ്പു്, മൂത്രത്തിൽ തരികളുണ്ടാക, കല്ലടപ്പു്, അന്തർവ്വിദ്രധി, കുടലിൽ കൃമി, വിഷം, അർശ്ശസ്സു് (മൂലക്കുരു) എന്നീ രോഗങ്ങളിലാണു് പാനീയമെന്നുള്ള രണ്ടാമത്തെ ക്ഷാരം ഉപയോഗിക്കാനുള്ളതു്. 4.

* കിടിമം മുതലായതു് കുഷ്ഠരോഗാന്തർഭൂതങ്ങളാണെങ്കിലും ഇവിടെ വേറെ എടുത്തുപറഞ്ഞതു് ക്ഷാരകിടിമാദികളിൽ വിശേഷിച്ചും ഫലമുള്ളതാണെന്നുള്ള കാണിപ്പാനാണു്.

§ "ഉപജിഹ്വാദിനാലിലും മൂന്നുവിധം രോഹണിയിലും പിന്നെ വേറെ എഴുവിധം മുഖരോഗങ്ങളിലും ക്ഷാരം പ്രയോഗിക്കണം" എന്നും "അവയിൽ അനുശസ്ത്രം ഉപയോഗിക്കണമെന്നു് മുമ്പെ പറഞ്ഞിട്ടുണ്ടല്ലൊ" എന്നും വേറെ ചില വ്യാഖ്യാനങ്ങളിൽ കാണുന്നു. "ഉപജിഹ്വാദികളും നാലും രോഹിണികളും മൂന്നും കൂടി എഴുകൂട്ടം മുഖരോഗങ്ങളിൽ" എന്നുള്ള അർത്ഥം സ്പഷ്ടമാകയാലും കഠിനമായി മാംസം ഉന്തിനില്ക്കുന്ന രോഗങ്ങളിൽ അനുശസ്ത്രം ഉപയോഗിച്ചു് ലേഖനം മുതലായതു് ചെയ്തിട്ടു് ക്ഷാരം വെക്കണമെന്നുള്ളതു് പ്രസിദ്ധമാകയാലും ഇവിടെ ഭാഷ്യകാരമതത്തിനനുസരിച്ചു് തർജ്ജമചെയ്തിരിക്കുന്നു. ഈ പക്ഷത്തിൽ മൂലത്തിലെ "അനുശസ്ത്രപ്രണിധാനം" എന്നതിന്നു് ശസ്ത്രപ്രയോഗത്തിന്നുശേഷമെന്നാണു് അവയവാർത്ഥം. രക്തംകൊണ്ടും സന്നിപാതംകൊണ്ടുമുള്ള രണ്ടുരോഹിണികളും അസാധ്യങ്ങളാകയാലാണു് മൂന്നുരോഹിണികളെ മാത്രം ഇവിടെ പറഞ്ഞതു്.

അഹിതസ്യ രക്തപിത്തജ്വരിതപിത്തപ്രകൃതിബാലവൃദ്ധദുർബ്ബല ഭ്രമമദമൂർച്ഛാതിമിരപരീതേഭ്യോഽന്യേഭ്യശ്ചൈവംവിധേഭ്യഃ. ക്ഷുരധാരവദ്ദുശ്ചരാ പരം സ്രാവയേൽ തസ്യ വിസ്രാവോന്യത്രു. 5

സ ച ത്രിവിധോ മൃദുർമ്മധ്യസ്തീക്ഷ്ണശ്ച. തം ചികീർഷുഃ ശരദി ഗിരിസാനുജം ശുചിരുപോഷ്യ പ്രശസ്തേഽഹനി പ്രശസ്തദേശജാതമനുപഹതം മധ്യമവയസം മഹാന്തമസിതമുഷ്കമധിവാസ്യ അപരേദ്യുഃ പാടയിത്വാ അഭിമന്ത്ര്യാനേന മന്ത്രേണ.—

"അഗ്നിവീര്യ! മഹാവീര്യ! മഹാതേജോവീര്യം പ്രണശ്യത്തു
ഇതൈവ തിഷ്ഠ കല്യാണ! മമ കാര്യം കരിഷ്യസി.
മമ കാര്യേ കൃതേ പശ്ചാൽ സ്വർഗ്ഗലോകം ഗമിഷ്യസി."

രക്തപിത്തം, ജ്വരം എന്നീരോഗങ്ങളുള്ളവർക്കും പിത്തപ്രകൃതിക്കാർക്കും ബാലന്മാർക്കും വൃദ്ധന്മാർക്കും ബലമില്ലാത്തവർക്കും തലചുറ്റിച്ചൽ, ലഹരി, മോഹാലസ്യം, തിമിരരോഗം എന്നിവയുള്ളവർക്കും ഇങ്ങിനെ അവശന്മാരായി തിന്നിട്ടുള്ള മറേറതരക്കാർക്കും ക്ഷാരം പ്രയോഗിച്ചുകൂടാത്തതാണ്. പ്രതിസാരണീയക്ഷാരത്തിന്നുള്ളപോലെ സാമാന്യങ്ങളെ ദഹിപ്പിച്ച് ഭസ്മമാക്കി വെള്ളത്തിൽ കലക്കി തെളിയിച്ചുചേർത്തുകൊണ്ടുതന്നെയാണ് ഈ ക്ഷാരം. ക്ഷാരം ഉണ്ടാക്കുന്ന ക്രമത്തെപ്പറ്റി മേലിൽ (ഗ്രന്ഥപരികിത്സയിൽ) വിസ്തരിച്ചുപറയുന്നതാണ്. 5

മൃദു, മധ്യം, തീക്ഷ്ണം എന്നിങ്ങിനെ ക്ഷാരം (പ്രതിസാരണീയം) മൂന്നുവിധമാണ്. ക്ഷാരം ഉണ്ടാക്കാനിച്ഛിക്കുന്ന വൈദ്യൻ ഒന്നാമതു തന്റെ മനസ്സിനേയും ദേഹത്തേയും ശുദ്ധമാക്കി, ശരൽകാലത്തിൽ നല്ലദിവസം നോക്കി ഒരുദിവസത്തെ ഉപവാസവ്രതം അനുഷ്ഠിച്ച് ഒരുമലയുടെ †താഴ്വരയിൽ വെന്ത് വലിപ്പമുള്ളതും നല്ല നടുപ്രായത്തിലെത്തിയതുമായ ഒരു കവത്തമുളപ്പാശ്ത്ത് (വിടത്തൽ) മരത്തെ തെരഞ്ഞുപിടിക്കണം. ആ മരം നല്ലമണ്ണിലുണ്ടായതും മറൊരുവിധത്തിലും (കൃമികളാലൊ മറെറാ) കേടൊന്നും പറഞ്ഞിട്ടില്ലാത്തതുമായിരിക്കണം. അതിന്നുശേഷം അതിനെ വിധിപ്രകാരം ധൂപദീപങ്ങൾ കാണിക്കയും മറവു ചെയ്കയുണം. പിറെറാദിവസം വെന്ത് ആ മരത്തെ പറിക്കണം. +പറിക്കുന്ന സമയത്ത് താഴെ എഴുതുന്ന മന്ത്രം ജപിക്കയും വേണം.—

† മലയുടെ താഴ്വരയിൽ മുളച്ചുണ്ടായ മുളംപ്പാശിനെ എടുക്കണമെന്നു പറഞ്ഞതുകൊണ്ട് ആ പ്രകാരമുള്ള ജാംഗലപ്രദേശത്തിലുണ്ടായതെല്ലാം എടുക്കാമെന്നതത്പര്യമാകുന്നു.

+ മന്ത്രം ജപിക്കേണമെന്നുള്ള വിധിയും മന്ത്രവും ഹോമപ്രകാരവും ചിലപുസ്തകങ്ങളിൽ കാണുന്നില്ല.

(ഗ). ശേതപുഷ്പരക്തപുഷ്പസഹസ്രം ജുഹുയാൽ. ഖണ്ഡശർക്കരാ കല്പ്യ അവഘാട്യ നിവ്വാതെ ദേശെ നിചിതം കൃത്വാ സുധാശക്കരായ്യാ പ്രക്ഷിപ്യ തിലനാളൈരാദീപയേൽ. അഥാപശ്യേന്നെഗൊ തദ്ദസ്മ പൃഥഗ് ഗൃഹ്ണീയാദ്ഭസ്മശക്കരാശ്ച. 6

അഥ അനേനൈവ വിധാനേന കുടജപലാശാശ്വകർണ്ണപാതി ഭേകവിഭീതകാരഗ്വധതിലപാകാക്കസ്സഹ്യപാമാർഗപാടലാനക്തമാലവൃഷ

മന്ത്രാർത്ഥം:— "നിന്റെ വീര്യം അഗ്നിയുടെ വീര്യംപോലെ അതി തീക്ഷ്ണമാകുന്നു, നി വജ്രാദി ശക്തിയുള്ളതാകുന്നു; നിന്റെ ഈ വീര്യം നശിക്കാതിരിക്കട്ടെ; നി മംഗലരൂപിയായിരിക്കുന്നു; നീ ഇവിടെത്തന്നെ ഇരിക്കണം; എന്റെ കാര്യം നിവ്വഹിച്ചതരണം; അതു നിവ്വഹിച്ചതിൽപിന്നെ നിണക്കു സ്വർഗ്ഗത്തിലേക്കു പോകുന്നതിനു വിരോധമില്ല".

ഇങ്ങിനെ മന്ത്രം ജപിച്ചു് അഗ്നിബലത്തിനു വെള്ളത്തുമ്പ വുണ്ണുമായ ആയിരം പുഷ്പങ്ങളെക്കൊണ്ടു് ഹോമം കഴിച്ചു നിന്നശേഷം മേൽ പറഞ്ഞ മരത്തിന്റെ ചെറിയ ചെറിയ കഷണങ്ങളായി മുറിച്ചു് പൊളിച്ചു് കാറകൊള്ളാത്ത സ്ഥലത്തു കൊണ്ടുവന്നു വെക്കണം. പിന്നെ അതിനുമേലെ ചുണ്ണാമ്പുകല്ലുകൾ (ചുക്കാൻകല്ലുകൾ = \$സുധാശക്കരാ, Lime-stone)നിരത്തി ഒണങ്ങിയ വിറകിൻതടികളിട്ടു തീക്കത്തിക്കണം. പിന്നെ തീ കത്തി ആറിയാൽ ആ ഭസ്മത്തെയും ഭസ്മമായിത്തീർന്നിട്ടുള്ള ആ കല്ലുകളേയും (‡ഭസ്മശക്കരാ) ചേർത്തെടുത്തിട്ടു വെവ്വേറെ സൂക്ഷിക്കണം.

ഈ ക്രമപ്രകാരം (ധൂപദീപം കാണിക്കുന്നതുവരെയുള്ളതു ചെയ്തു്) തെങ്ങു കുടകപ്പാല, പ്ലാത്തു, കുതിരച്ചവിമരുതു, പേപ്പു, താന്നി, കൊന്ന, ചുകന്ന പാരച്ചാററി, എരുക്കു്, കള്ളി, വലിയകടലാടി, പാതിരി, ഇരുട്ടി, ആടലോടകം, വാഴ, കൊടിവേലി, ആവൽ, വലിയകായും വെള്ളയുമുള്ള കുടകപ്പാല, മുയലന്നങ്ങുക്കു്, കണവിരം, ഏഴിലമ്പാല, കറിമുന്ത, കുന്നി, പീരങ്ങുമൊക്കെയും (പുട്ടൽപീരം, പെരുമ്പീരം, ചുണ്ടപ്പീരം, തുള്ളക്കൊപ്പീരം) എന്നിമരുന്നുകളെ, ഇലയും, പൂവും

---

‡ ഭസ്മശക്കരയും ശക്കരകളും എന്നു വെവ്വേറെ പറയുന്നപക്ഷം കുമ്മായവും പൊടിക്കല്ലുമെന്നർത്ഥമാകുന്നു.

‡ ഭസ്മശക്കരയെന്നതിനു്, മുഷ്കത്തിൽ നിന്നു, കുഞ്ഞുമ്പോൾ ഒലിച്ചുപോയ പശുവിന്റെ പോൻ കട്ടപ്പിടിച്ചുണ്ടായ കല്ലുകളെന്നും ചിലർ അർത്ഥം പറയുന്നു.

കദലീചിത്രകവൃതീകേന്ദ്രവൃക്ഷാസ്ഥ്യാതാശ്മരീകസപ്തച്ഛദാനിഗ്രഥ
ഗ്രഞ്ജാശ്വത്ഥസ്രുശ്വ കോശാതകീഃ സമൂലഫലപത്രശാഖാ ദഹേൽ. 7

തതഃ ക്ഷാരദ്രോണമുദകദ്രോണൈഃ ഷഡ്ഭിരാലോഡ്യ മൃത്പ്രവ
യഥോക്തൈഃ പഞ്ചവിംശതിവാരാൻ വിസ്രാവ്യ മാഹതി കടാഹേ ശ
നൈർദ്ദഗ്ധ്വാ വിഘട്ടയൻ വിപചേൽ. സ യദാ ഭവത്യച്ഛഃ രക്തസ്നി
ഗ്ധഃ പിച്ഛിലശ്ച തമാദായ മാഹതി വസ്ത്രേ പരിസ്രാവ്യ ദ്വിതരം വിസ്രാ
വ്യ ച പുനരുദ്ഗാവധിശ്രയേൽ. തത പ്ലുവ ച ക്ഷാരോദകാൽ കുഡു
ബമധ്യർദ്ധം വാ ആപനയേൽ. 8

കായും, കൊമ്പും, വേരും ഒന്നുംകളയാതെ അങ്ങിനെതന്നെയെടുത്തു ഭസ്മമാക്കി വേറെ സൂക്ഷിക്കണം. 7

ഇങ്ങിനെയുണ്ടാക്കീട്ടുള്ള ഭസ്മം ഒരു ദ്രോണം (†മുഷ്ടകക്ഷാരം ര
ണ്ടുഭാഗവും കടജാദികളുടെ ക്ഷാരം ഒരുഭാഗവും ക്ലിന്നക്കൽപ്രസ്ഥം 64-പ
ലം) എടുത്തു് ആറുദ്രോണം(96-ഇടങ്ങഴി) വെള്ളത്തിൽ ഇരുപതോ
മപ്രാവശ്യം അരിച്ചു് വലിയ പാത്രത്തിലാക്കി അടുപ്പത്തുവെച്ചു് പ
ട്ടകംകൊണ്ടു് പതുക്കെ ഇളക്കിക്കൊണ്ടു് കുറുക്കണം. മേലിൽ പറയാൻ
പോകുന്നവിധം (കല്പസ്ഥാനം ദുഷ്ടഭിസപനീയാധ്യായത്തിൽ) ഗോമൂത്രം
മുതലായ മൂത്രങ്ങളിൽ കലക്കീട്ടും ഇങ്ങിനെ ക്ഷാരമുണ്ടാക്കാം. ആ ജല
ത്തിനു് ഒരു തെളിവും മുകപ്പും തൊടുമ്പോൾ കയ്പും ഒരുരീക്ഷ്ണമായ ഗ
ന്ധവും ഉണ്ടായി എന്നു കണ്ടാൽ അടുപ്പിൽനിന്നു വാങ്ങി വലിയ വ
സ്ത്രത്തിൽ വടികെട്ടി അരിച്ചു് കരടുകളഞ്ഞു് രണ്ടാമതും അടുപ്പിൽവെ
ക്കണം. ആ ക്ഷാരജലത്തിൽനിന്നു നാഴിയൊ †മുന്നാഴിയൊ വെ
ള്ളം വേറെ എടുത്തു കരുതി വെച്ചിരിക്കയും വേണം. 8

‡ മുഷ്ടകക്ഷാരം ഒരു ഭാഗവും കടകപ്രഭൃതി മുതലായവയുടെ ക്ഷാരം ഒരു ഭാഗവും കൂടിയാണു് വേണ്ടതെന്നു ചരകത്തിലുണ്ടു്. ഇവിടെ മറ്റെല്ലാവരുടെയും പക്ഷപ്രകാരം എഴുതിയതാണു്.

† മൂലത്തിൽ "കുഡുബമധ്യർദ്ധം വാ" എന്നാണല്ലൊ. സാമാന്യക്ഷാരം ഇതു് എരട്ടിക്കുട്ടാൻ പാടില്ലെങ്കിലും താഴെ പറയുന്ന വസ്തുക്കൾ കാട്ടാനു് നാഴിയൊ നാഴുരിയൊ അധികമാകാതെ വരുന്നതിലൊ കൂടുതൽ ഈ ക്ഷാരജലത്തിനെ എരട്ടിയായെടുക്കുന്നുണ്ടു്. അപ്പോൾ രണ്ടാമതു നാഴി എടുക്കണമെന്നു വരും.

തതഃ കടശക്കരാഭസ്മശക്കരാക്ഷീരപാകശംഖനാഭീരഗന്ധിവർണ്ണാഃ കൃതാ ആത്മനഃ പാത്രേ തന്മിശ്രാവ ക്ഷാരോദകേ നിപീച്യ പിഷ്ടപാതേനൈവ ചിഞ്ചാഫലസമ്മിതം ശംഖനാഭ്യാഭിനാം പ്രമാണം പ്രതിവാച്യ സതതമുപയുഞ്ജാനശ്ചുനമവാപ്നുയാൻ വിപശ്ചേൽ. സ യഥാ നാഭിസാന്ദ്രോ നഖനിർഗ്രഹശ്ച ഭവതി തഥാ പ്രയതേത. അഥൈനമാഗതപാകമവതാര്യാനുഷ്ണമായസേ കുംഭേ സംവൃതമുഖേ നിധ്യാദഷ്ട മധ്യഹ്നേ. യദ്യപ്യേവാപ്രതിവാപഃ പകഃ സംവ്യൂഹിതോ ഭവതി. 9.

അതിനുശേഷം മുമ്പ ഉണ്ടാക്കിവെച്ചിട്ടുള്ള ഭസ്മങ്ങളും, ഭസ്മമാകാത്ത ചുണ്ണാമ്പുകല്ലും (കടശക്കര), ശംഖാസ്ഥി (ശംഖിന്റെ നാഭി), ക്ഷീരപാകം (കുന്തുരുശിപ്പു) എന്നിവയും സമമായി (ഏട്ടു പലം) എടുത്തു രാത്രിയിൽ പഴപ്പിച്ചു ചുവന്നനിറമായാൽ മേൽപാഞ്ഞ (നാഴിരി) ക്ഷാരജലത്തിൽ പലപ്രാവശ്യം മുക്കി ആ ജലംകൊണ്ടുതന്നെ നല്ലവണ്ണം അരച്ചു വെക്കണം. ഇതു് ഏട്ടുപലമുണ്ടെങ്കിൽ ക്ഷാരജലം രണ്ടു ദ്രോണം (32 ഏടങ്ങഴി) ഉണ്ടായിരിക്കണം. ഈ കണക്കുകണ്ടു് അരച്ചുണ്ടാക്കിയ ഭസ്മങ്ങളെല്ലാമുതലായവയെ മേൽപ്പറഞ്ഞ ക്ഷാരജലത്തിൽ കലക്കി എല്ലാപ്പോഴും നല്ല ശ്രദ്ധയോടെ ഇളക്കിക്കൊണ്ടു് ഭോഗിക്കണം. അതു കനക്കുന്നതിനു കട്ടിയാകാതിരിക്കുകയും തീരെ കെഴുക്കാതെ നേർമ്മയായിരിക്കയും ചെയ്യുകയുമുണ്ടു്. ആ പാകത്തിലായാൽ വാങ്ങണം. പിന്നെ അതിനെ ഒരു ഇരുമ്പുകുടത്തിലാക്കി നല്ലവണ്ണം വായ അടച്ചുകെട്ടിവെക്കണം. ഇങ്ങിനെയുണ്ടാക്കിയ ഈ ക്ഷാരം ശുദ്ധമാകുന്നു. ഇതിൽ ഭസ്മങ്ങളെല്ലാമുതലായതു തരച്ചുകൂട്ടുന്നതിനു പറഞ്ഞിട്ടുണ്ടെങ്കിലും അതു കൂട്ടിച്ചേർക്കാതെ (കാച്ചിമുക്കുകമാത്രം ചെയ്തു) മേൽപ്രകാരം പാകം ചെയ്യുന്നു എങ്കിൽ അങ്ങിനെയുള്ള ക്ഷാരത്തിനു സംവ്യൂഹിതക്ഷാരം (മൃദുക്ഷാരം) എന്നു പേരാകുന്നു *

നാകരാന്തി, വലിയരന്തി, കൊടിവേലി, മേന്തോന്നിക്കിഴങ്ങു്, രുവിൽകുനന്നു്, ശതകുപ്പ (§ താലപത്രി), വിളയുപ്പു്, തുവച്ചിലക്കാരം, ചുണ്ണാമ്പു കു

* ഗുഗ്ഗുലു, ഇന്തുപ്പു്, നാൽക്കാലികളുടെയും പക്ഷികളുടെയും പിത്തം, മധു, കൂവ, പശുനെയ്, മാ-പ്ര വു് മുതലായതുകളെ കൂട്ടിയും ഇവയും കൂടാതെയും ചേർത്തു കൂട്ടുമ്പോൾ നാനാവിധമായ ക്ഷാരങ്ങൾക്കായി വിധിയുണ്ടു്.

§ താലപത്രി = കരിമ്പനയുടെ ഓല എന്നു മലയാളവ്യവഹാരം.

ഈ മൂലം "കനകക്ഷീരി" എന്നാണു്. ഇതു മലയാളദേശത്തിൽ കാണുന്നില്ല. ചിലർ ഇതിനു പകരം "കരുവിള" എന്നു പറയുന്നതു കേൾക്കുന്നുണ്ടു്. ഇതിനെ ഇംഗ്ലീഷിൽ Indian Sarsaparilla എന്നു പറയുന്നു.

പ്രവിശ്യാദിപ ചമാത്രാന്തം ഗവിത്രചൂർണിതകലാംശപാചിപൂതിക
പ്രവാലതാല പ്രതിവിധ പുചൂർണികാകനകക്ഷീരിഹിംഗ്ല പചോദിഷ്ടാഃ സ
മാഃ ശ്ലക്ഷ്ണ മൂർണ്ണാഃ ശ്ലക്ഷ്ണ പ്രതീവാപഃ ഗവ ഖിവ സപ്രതീ
വാപഃ പക പചാച്യസ്തിക്ഷ്ണാഃ. തേഷാം യഥാവ്യാധിബലമുപയോഗഃ.
ക്ഷീണബലേ തു ക്ഷാരോദകമാവപേത് ബലകരണാർത്ഥം. 10

ഭവതശ്ചാത്ര —(പ):

യെനവാതിതിക്ഷ്ണാ ന മൃദവഃ ശ്ലക്ഷ്ണാഃ ഘിച്ഛിലഃ
അവിഷ്യന്ദിശിവാഃ ശീഘ്രഃ ക്ഷാരാഢ്യവ്യാപ്തലക്ഷണാഃ സ്മൃതാഃ. 11.
അതിമാർദ്ദവമൈശത്യൗഷ്ണ്യതൈക്ഷ്ണ്യൈരപിച്ഛിലൈഃ സ്പൃഷ്ടാഃ
സാന്ദ്രതാപചപരാ ഹീനദ്രവ്യരാ ദോഷാ ഉച്യന്തേ. 12.

ള്ളി, വയമ്പ്, കായം, അതിവിഷം (* വിഷം) എന്നിവയിൽ ഒന്നിനെല്ലാം കിട്ടുന്നതോ അതെല്ലാം സമമായെടുത്തു് ഓരോരാനും തുകയുടെ പ്രമാണം (നന്നാലുവട്ടികത്തൂവം) തൂക്കിയെടുത്തു് മേൽപറഞ്ഞ ക്ഷാരജലത്തിൽ കൂട്ടിച്ചേർത്തിളപ്പാകംചെയ്യണമെന്നു കഴിയുമ്പോൾ ആ ക്ഷാരം, 'പാക്യക്ഷാരം' (പക്വക്ഷാരം) എന്ന പേരോടുകൂടിയതായിരിക്കുന്നു. ഈ മൂന്നുതരം ക്ഷാരങ്ങളിലും രോഗത്തിനും ശരീരബലത്തിനും അനുസരിച്ചുപയോഗിക്കണം. വല്ല കാരണത്താലും ക്ഷാരത്തിനു ദുർബലം പുരണ്ടിരിപ്പുണ്ടെങ്കിൽ, പിന്നെയും മേൽപ്രകാരം ഉണ്ടാക്കിയ ക്ഷാരജലം കൂട്ടിപ്പാകംചെയ്തു വീര്യമുണ്ടാക്കാവുന്നതാണു്. 10.

വളരെ തീക്ഷ്ണമല്ലാതിരിക്കുക, വളരെ മൃദുവല്ലാതിരിക്കുക, വെള്ളത്തിരിക്കുക, മിനുസമുള്ളതായിരിക്കുക, തൊട്ടാൽ ഒട്ടുന്നപോലിരിക്കുക, ഒഴിച്ചാൽ പരക്കാതെതായിരിക്കുക (‖ അവിഷ്യന്ദി), ഉപദ്രവമൊന്നുമുണ്ടാക്കാതെ ഇഷ്ടംപോലെ സാധിപ്പിക്കുന്നതായിരിക്കുക, വേഗത്തിൽ ഫലിച്ചിരുന്നതായിരിക്കുക എന്നിവ എട്ടുഗുണങ്ങളാണു് ക്ഷാരത്തിനുണ്ടായിരിക്കേണ്ടതു്. 11.

മൃദുത്വവും ഔഷ്ണ്യവും ഉഷ്ണവും തീക്ഷ്ണതയും തൊട്ടാലൊട്ടുന്ന സ്വഭാവവും വേഗവും അധികമായിരിക്കുക, പേയുടെ പരുവത്തിലിരിക്കുക, മരുന്നാകാതെ വേണ്ടെടത്തെല്ലാം പോയിരിക്കുക എന്നിവ സംഗതികം ക്ഷാരത്തിനു ദോഷമാകുന്നു. 12.

---

* 'വിഷ' എന്നു പദംകൊണ്ടു് ചിലരിതിനു വത്സനാഭി എന്നർത്ഥം പറയുന്നു.

§ കാലക്രമത്തിൽ വെള്ളം വറ്റിപ്പോകും. അപ്പോഴാണു് ക്ഷാരത്തിനു ദുർബലം.

‖ ഈ സ്ഥാനത്തു് "അഭിഷ്യന്ദി" എന്നപാഠം അധികം പുസ്തകങ്ങളിൽ കാണുന്നതു് ദോഷത്തിനനുസരിച്ചാണിവിടെ എഴുതീട്ടുള്ളതു്.

(ഗ). തത്ര ക്ഷാരസാധ്യേ വ്യാധൌ വ്യാധിതമുപവേശ്യ നിവാതേതപേ ദേ
ശേസംബാധേഗ്രാപഹരണീയമകേതന നിധായനേനോപസംഭൃതസ്യ
ഭാരം തസ്യോത്തമവകാശേ നിരീക്ഷ്യാനുപൂർവ്വമുപലഭ്യ പ്രച്ഛായിതഃ
ശലാകയാ ക്ഷാരം പാതയിതാ വാക്യമാത്രമുപേക്ഷേത. 13.

(പ). തസ്മിന്നിപതിതേ വ്യാധൌ കൃഷ്ണതാ തദ്ധലക്ഷണാമ്
തത്രാല്പവർഗ്ഗേ ശമനം സപ്പിർമ്മധുകസംയുതം. 14.

അഥ ചേൽ സ്ഥിരമൂലത്വാൽ ക്ഷാരദഗ്ധാം ന ശീര്യ്യതേ
ഇഷമാലേപനം തത്ര സമഗ്രമവചാരയേൽ. 15.

അമ്ലകാഞ്ജികബിജാനി തിലാൻ മധുകമേവ ച
പ്രഃപേഷ്യ സമഭാഗാനി തൈനമവമന്ഥലേപയേൽ. 16.

തിലകല്കേ സമധുകാൽ പ്ലക്ഷാക്ഷോ വ്രണരോപണം
രസനാമ്ലേന രിഷ്ണേന വിഡ്ഭാഷ്ണേന വ പ്രയോജയേൽ. 17.

ആഗ്നേയനാഗ്നിനാ തുല്യം കഥം ക്ഷാരഃ പ്രശാമ്യതി
ഏതദിച്ഛാമ്യഹം സ്രോതും വക്തവ്യമാനം നിബോധ മേ
അമ്ലവർഗ്ഗാൻ രസാൻ ക്ഷാരേ സർവ്വാനേവ പിതാവയേൽ. 18.

കടുകസ്യ ത്രയിഷ്വാ ലവണാനാരസസ്യുതേ
അമ്ലേന സഹ സംയുക്തഃ സ തീക്ഷ്ണലവണോ രസഃ. 19.

അനന്തരം ക്ഷാരംകൊണ്ടു ശമിപ്പിക്കാവുന്ന വ്യാധിയുള്ള രോഗി
യെ കാറ്റും വെയിലും കടക്കാത്തതും വിശാലവുമായ ഒരു സ്ഥലത്തു് (മു
റിയിൽ) കൊണ്ടുചെന്നിരുത്തണം. അവിടെ ആഗ്രോപഹരണീയ
ത്തിൽ (1-ാം അദ്ധ്യായത്തിൽ) പറഞ്ഞപ്രകാരമുള്ള സാമഗ്രികളെ ശേ
ഖരിച്ചതിനുശേഷം രോഗിൽ വ്യൂഢരാഗ്രനാണ് ക്ഷാരം പ്രയോഗിക്കേ
കേണ്ടതെന്നു യോഗ്യരീതിയാക്കണം. ആ സ്ഥലത്തെ, കത്തികൊണ്ടു
മേൽപടം സാവധാനത്തിൽ ചെരണ്ടി, വരപ്പെടുത്തി, കുത്തി ക്ഷാര
പ്പൊടിയിച്ചു് (ഇതു മൂന്നും ക്രമമെന വിധത്തവാതകഫരോഗങ്ങളിലാണ്
ചെയ്യേണ്ടതു്) ഒരു ശലാകകൊണ്ടു ക്ഷാരം എടുത്തു് അവിടെ തേച്ചു് നൂറു
ക്ഷാരം ഇച്ചിക്കാൻ വേണ്ടിവരുന്ന സമയംവരെ ഇളക്കാതെ പെച്ചുകൊ
ണ്ടിരിക്കണം. 13.

രോഗസ്ഥലത്തു ക്ഷാരം വീണ്ടിയാൽ അവിടംകരുവാളിച്ചുകണ്ടാൽ,
വേണ്ടപോലെ ദഹിച്ചു (പൊള്ളി) എന്നു വിചാരിക്കാം. ഈ രോഗ
സ്ഥലത്തുള്ള പൂട്ടുനീർ ശമിക്കേണമെങ്കിൽ പുളിരസമുള്ള മരുന്നുകളു
ടെയും എരുട്ടിമധുരവും കൂട്ടി ഉപയോഗിച്ചാൽമതി. രോഗം കുറെ അടി

മാധുര്യം ഭജതേത്യത്ഥം തീക്ഷ്ണതോവം വിപദ്യതി
മാധുര്യാച്ചമമാദ്ധ്യാതി വഹ്നിംവ്ദ്ധിരിവാപ്ലുതഃ. 20.

(ഗ). തത്ര സമ്യഗ്ദഗ്ധേ വികാരോപശമോ ലാഘവമനാസ്രാവശ്ച. ഹീനദഗ്ധേ ത്വേതേഷാമുജാഡ്യാനി വ്യാധിവൃദ്ധിശ്ച. അതിദഗ്ധേ ത്വേഷാം പാകരാഗസ്രാവാംഗവൃദ്ധ്യമപിപക്ഷാമൂർച്ഛാ സ്മൃതിഭ്രംശോ വാ. ക്ഷാരേ ദഗ്ധവ്രണസ്തു യഥാദോഷം യഥാവ്യാധി ചോപക്രമേൽ. 21.

സ്ഥാനമുള്ളതായിരുന്നാൽ ക്ഷാരംകൊണ്ടു വെന്ത സ്ഥലത്തുള്ള പുട്ടുനീർ പോലെ ശമിക്കയില്ല. ആ ഘട്ടത്തിൽ, പുളിച്ചകാടിയുടെ അടിയിൽ ഊറിക്കിടക്കുന്ന ദ്രവ്യങ്ങളും, എള്ള്, ഏരട്ടിമധുരം എന്നിവ സമമായെടുത്തരച്ചുതേയ്ക്കുണം. ഏരട്ടിമധുരവും എള്ളും അരച്ച് നെയ്യിൽ കുഴച്ച് തേക്കുന്നതുകൊണ്ടു വ്രണമൊണങ്ങുന്നതാണു്.

, അല്ലയോ വത്സ! തീക്ഷ്ണമായും ഉഷ്ണവീര്യമായും തൃഗോഷമായും ഇരിക്കുന്ന അമ്ലരസം അതേ ഗുണങ്ങളോടുകൂടിയ ക്ഷാരത്തിന്റെ വേഗത്തെ ശമിപ്പിക്കുന്നതായിരിക്കുമോ എന്നുള്ള നീ സംശയിക്കുന്നുവെങ്കിൽ പറയാം:—ക്ഷാരത്തിങ്കൽ അമ്ലരസം ഒഴിച്ചു് ബാക്കിവരുന്നതു് ഉപ്പുരസമാണു്. അതിനെ അനുരസമായിനില്ക്കുന്നതു് ഉപ്പുരസമാണു്. അതുകൊണ്ടു ക്ഷാരത്തിലുള്ള എരുവും ഉപ്പും പുളിരസത്തോടു ചേരുന്ന സമയത്തു് എരിവും മധുരമായിത്തീരും. അപ്പോൾ തീക്ഷ്ണതയില്ലാതാകയും ചെയ്യും. ഈ മധുരരസം ക്ഷാരംനിമിത്തമുണ്ടാകുന്ന പിത്തത്തെ, വെള്ളം തീയിനെ എന്നപോലെ ശമിപ്പിക്കുന്നതാണു്. 14—20.

അവിടെ ക്ഷാരംകൊണ്ടു വേണ്ടപോലെ പൊള്ളിച്ചിട്ടുണ്ടെങ്കിൽ രോഗത്തിനു് ഒരു ഉപശാന്തിയും ആ അവസ്ഥയിൽ രണ്ടുനാളും ആ വ്രണത്തിൽ വെള്ളം ഒലിക്കാതിരിയ്ക്കയും വ്രണങ്ങളാകുന്നു. പൊള്ളലു മതിയായിട്ടില്ലെങ്കിൽ കുത്തലും പൊറിച്ചിലുമുണ്ടാകും; ആ ഭാഗം മരിച്ചിരിക്കും (ജാഡ്യം); രോഗം അധികമാകയും ചെയ്യും. പൊള്ളലു കുറെ അധികമായിപ്പോയെങ്കിൽ പുണ്ണിനീരലും വേവലും അധികമായിരുന്നാലും; ആ വ്രണസ്ഥലത്തു് പുകപ്പു പണ്ടുണ്ടാകും; വെള്ളംഒലിക്കും; ദോഷത്തിൽ കുതിരനുരയുണ്ടാകും; ക്ഷീണിക്കും; വെള്ളംകെട്ടുണ്ടാകും; ദോഷാലസ്യം വന്നു മരണംകൂടി ഉണ്ടായി എന്നും വരാം. ഇങ്ങനെ ക്ഷാരം ചെയ്തു പൊള്ളിച്ചുണ്ടാക്കിയ വ്രണത്തെ ദോഷങ്ങൾക്കും രോഗത്തിനും അനുസരിച്ചുള്ള ചികിത്സചെയ്തു ഭേദപ്പെടുത്തിക്കൊള്ളണം.

അഥ നൈതേ ക്ഷാരകൃത്യാഃ. തദ്യഥാ—ദുശ്ചികിത്സ്യവ്രണിതേ ഭീരുസത്ത്വാഭ്യുപഗമേ ചിന്തിതേ ഭിന്നപ്രകൃതിപ്രവൃദ്ധജന്തുപ്രതിശ്യായേ ഹർഷക്ഷതക്ഷീണതൃഷ്ണാമൂർച്ഛോപദ്രുതക്ലീബോപവൃംഹണാദ്യേഷ്വ ഫലയോഗേഷു. 22.

തഥാ മർമ്മസിരാസ്നായുസന്ധിതരുണാസ്ഥിസേവനീധമനീഗലനാഭിനഖാന്തരശേഫഃസ്രോതഃസു അല്പമാംസേഷു ച പ്രദേശേഷ്വക്ഷ്ണോശ്ച ന ഭ്യോദന്യത്ര വർത്മരുഗാർ. 23.

തത്ര ക്ഷാരസാധ്യേഷ്വപി വ്യാധിഷു ശ്രുനഗാത്രമസ്ഥിശ്ലഥിനമന്നദ്വേഷിണം ഹൃദയസന്ധിപീഡോപദ്രുതം ക്ഷാരോ ന സാധയതി. 24.

താഴെ പറയുന്നവക്ക് ക്ഷാരപ്രയോഗം ചെയ്യരുതു്.—ദുർബ്ബലൻ, ബാലൻ, വൃദ്ധൻ, ഭയമുള്ളവൻ, ദേഹത്തിലെങ്ങും കുത്തിനോവുള്ളവൻ, മഹോദരമുള്ളവൻ, രക്തപിത്തമുള്ളവൻ, ഗർഭിണി, തീണ്ടായിരിക്കുന്നവൾ, അധികം ജ്വരമുള്ളവൻ, പ്രമേഹരോഗി, ഉരഃക്ഷതം ക്ഷയം വെള്ളം ദാഹം മോഹാലസ്യം എന്നീ രോഗങ്ങളുള്ളവൻ, നപുംസകൻ, അണ്ഡം മേൽപ്പെട്ടു പോകയോ കീഴ്പ്പോട്ടു പോകയോ ചെയ്തിട്ടുള്ളവൻ, ഗർഭപാത്രം പിന്നോക്കം തിരിയുകയോ ഉള്ളിലേക്കു വളയുകയോ ചെയ്തതിനിമിത്തം ദീനത്തിലായിട്ടുള്ള സ്ത്രീ. 22.

മർമ്മം, സിരാ, സ്നായു, സന്ധി, * തരുണാസ്ഥി, സേവനി, ധമനി (Arteries), കഴുത്തു്, നാഭി, നഖത്തിന്നുള്ളു്, സ്രോതസ്സുകൾ, മേഢ്രം എന്നിവയിലും മാംസം കുറഞ്ഞിയ പ്രദേശങ്ങളിലും കണ്ണുകളിലും ക്ഷാരപ്രയോഗം ചെയ്യരുതു്. കൺപോളകളിൽ ദീനമുണ്ടായാൽ അവിടെ ക്ഷാരം പ്രയോഗിക്കുന്നതിന്നു വിരോധമില്ലതാനും. 23.

ക്ഷാരംകൊണ്ടു മാറാവുന്ന വ്യാധിയാണെങ്കിലും അതു ദേഹത്തിൽ വേദനയെയോ എല്ലുപൊട്ടിച്ചിലോ ആഹാരം വേണ്ടായ്കയോ ഹൃദയത്തിലും സന്ധിയിലും വേദനയോ ഉള്ളവനായാൽ അതിൽ ക്ഷാരം വെക്കുന്നതുകൊണ്ടു ഫലമുണ്ടാകയില്ല. 24.

---

* മുക്കിലും മറ്റുമുണ്ടാകുന്ന അബ്ബുദങ്ങളുംമറ്റും തരുണാസ്ഥിയെ സംബന്ധിച്ചിരിക്കുന്നതാകയാൽ അവിടെ ക്ഷാരപ്രയോഗം യുക്തമല്ലെന്നു ഇതുകൊണ്ടുവരുന്നു. എന്നാൽ അല്പമായി ക്ഷാരം വെക്കുകയും അധികനേരം വെക്കാതിരിക്കയും ചെയ്താൽ അതുകളിൽ ദോഷമുണ്ടാകുന്നതല്ലെന്നു് വേറെ ശാസ്ത്രങ്ങളിലുണ്ടു്.

ഭവതി ചാത്ര—(പ).

വിഷാഗ്നിശസ്ത്രാശനിമൃത്യുകല്പൈ ക്ഷാരൈരവശ്യൈരുപപാദിതൈസ്തു
സ ധീമതാം സമ്യഗനുപ്രയുക്തൈ രോഗാന്നിഹന്യാദചിരേണ ശാലാ-

ക്യതന്ത്രം. 25.

ഇതി സുശ്രുതസംഹിതായാം സൂത്രസ്ഥാനേ ക്ഷാരപാകവിധിന്നാമ
ഏകാദശോദ്ധ്യായഃ.

ദ്വാദശോദ്ധ്യായഃ.

അഥാതോഗ്നികർമ്മവിധിമദ്ധ്യായം വ്യാഖ്യാസ്യാമഃ. 1.

ക്ഷാരാദഗ്നിർഗരീയാൻ ഇതി ഹസ്മ വ്യാഖ്യാതസൂത്രശാനാം രോഗാണാമുപദ്രവാണാഞ്ചാഭിഘാതജാനാം തത്സാധ്യതാപേക്ഷയാ ക്ഷാരാദഗ്നിരുപകരണാനി. തദ്യഥാ—പിപ്പല്യാദ്യാഗ്നികൈ ഗോദന്തശരശലാകാജാംബവൈ വൃക്ഷാദനീ ചക്രഗ്രഹഡസ്ഥാ

ക്ഷാരപ്രയോഗം ചെയ്യുന്ന വൈദ്യൻ വിചാരമില്ലാതെവന്നാൽ ആ ക്ഷാരം വിഷം പോലെയും അഗ്നി പോലെയും ശസ്ത്രം പോലെയും ഇടിവീഴ്ച പോലെയും യമദണ്ഡം പോലെയും ഭയങ്കരമായിരിക്കുന്നതാണ്. വിചാരമുള്ള വൈദ്യൻ മേല്പറഞ്ഞ പോലെ പ്രയോഗിച്ചാൽ ക്ഷാരം അതിഭയങ്കരങ്ങളായ രോഗങ്ങളെയും വേഗത്തിൽ ശമിപ്പിക്കുന്നതുമാണ്. 25.

ഇങ്ങിനെ സുശ്രുതസംഹിതയിൽ സൂത്രസ്ഥാനത്തിൽ ക്ഷാരപാകവിധി എന്ന പതിനൊന്നാമദ്ധ്യായം കഴിഞ്ഞു.

പന്ത്രണ്ടാമദ്ധ്യായം.

ഇനി അഗ്നികർമ്മവിധി എന്ന അദ്ധ്യായം പറയുന്നു. 1.

പൊള്ളിക്കുന്നതിനു ക്ഷാരത്തെക്കാളും പ്രധാനം അഗ്നിയാണെന്നു മഹാന്മാർ പറയുന്നു. കാരണം അഗ്നിയാൽ ഉണ്ടു മുറിപ്പെടുത്തിട്ടുള്ള രോഗങ്ങളും രണ്ടാമതുണ്ടാകുന്നതല്ല; മരുന്നുകളെക്കൊണ്ടും ശസ്ത്രംകൊണ്ടും ക്ഷാരംകൊണ്ടും മാറാത്ത രോഗങ്ങളും അഗ്നിപ്രയോഗംകൊണ്ടു മാറുകയും ചെയ്യും. 2.

താഴെ പറയുന്ന ഉപകരണങ്ങളെ അഗ്നികർമ്മത്തിനായി ശേഖ

ശ്ച. തത്ര പിപ്പല്യാശകൃദ് ഗോദന്തശരശലാകാസൃഗ്ഭിതാന്താം, ജാംബവൌഷ്ടതരശലാകാനാം മാംസഗ്രാനം, ക്ഷൌദ്രഗുഡസ്നേഹാഃ സിരാസ്നായുസന്ധ്യസ്ഥിഗതാന്താം. 3.

തത്രാഗ്നികർമ്മ സർവ്വർത്തുഷു കുര്യ്യാ ന്യത്ര ശരദ്ഗ്രീഷ്മാഭ്യാം, തത്രാപി ആത്യയികഗദാക്രാന്തസാധ്യേ വ്യാധൌ തൽപ്രത്യനീകം വിധിം കൃത്വാ. 4.

സർവ്വവ്യാധിഷു ജന്തുഷു ച പിപ്പലീലവണം ഭുക്തവതഃ കർമ്മ കുർവ്വീത. ഭൈന്ദരാശ്മരീമുഖരോഗേഷ്വഭുക്തവതഃ. 5.

തത്ര ദ്വിവിധമഗ്നികർമ്മോച്യതേ കേ, തപ്തശസ്ത്രം മാംസഭൃഷ്ടമിതി. ഇ

രിക്കണം.—തിപ്പലി, ആട്ടിൻകാട്ടം, ചണ്ണ യിൻപല്ല്, ശരം, ശലാകാ, ജാംബവോഷ്ടം, പെനുകൊണ്ടാ വെള്ളിലകൊണ്ടാ ഉണ്ടാക്കിയ പെനസിൽ പോലുള്ള എണ്ണകളും, തേൻ, വെല്ലം, എണ്ണ അല്ലെങ്കിൽ വീ തെങ്കിലും സ്നേഹം — അവയിൽ വെച്ച് തിപ്പലി, ആട്ടിൻകാട്ടം, ചണ്ണവൻപല്ല്, ശരം, ശലാകാ എന്നീ പദാർത്ഥങ്ങളെക്കൊണ്ട് (പഴുപ്പിച്ച്) പൊള്ളിക്കണമെപയോഗിക്കുന്നത് തൊക്കിൽ മാത്രമുണ്ടാ. രിക്കുന്ന വ്യാധികളിലാകുന്നു. ജാംബവോഷ്ടവും പെനുകൊണ്ടാ വെള്ളിലകൊണ്ടാ ഉണ്ടാക്കിയ ആ സാധനങ്ങളും മാംസരസത്തിലുള്ള ഉപദ്രവങ്ങളെ പൊള്ളിക്കുന്നതിനാണുപയോഗിക്കേണ്ടത്. തേനും വെല്ലവും തൊലിയും സിരാ, സ്നായു, സന്ധ, അസ്ഥി എന്നി അവയവങ്ങളിലുള്ള ദോഷത്തിനു പൊള്ളിക്കലാണുപയോഗം. 3.

അവയിൽ അഗ്നികർമ്മം, ശരൽക്കാലവും ഗ്രീഷ്മകാലവും ഒഴിച്ചു ബാക്കിയുള്ള എല്ലാ ഋതുക്കളിലും ചെയ്യാവുന്നതാണ്. അഗ്നികർമ്മം കൊണ്ടു മാറുന്ന ഒരു വ്യാധി മേൽപ്പറഞ്ഞ അവസരത്തിലല്ലാതെ വന്നു പോയാൽ ആ കാലസ്ഥിതിനു വിരുദ്ധം വരുവുന്ന ദൊഷങ്ങളെ തീർക്കാൻ വേണ്ടുന്ന എടുപ്പുകൂടക്കം ചെയ്തതിനുശേഷം അഗ്നികർമ്മം ചെയ്യാവുന്നതാണ്. 4.

എല്ലാ വ്യാധിയിലും എല്ലാ ഋതുവിലും അഗ്നികർമ്മം ചെയ്യുന്നതിനുമുമ്പു രോഗിയെ കൊഴുത്ത ഭക്ഷണപദാർത്ഥം കഴിപ്പിക്കണം. ഭഗന്ദരം, അർശ്സ്സ്, മുഖരോഗങ്ങളിൽ എന്നിവയിലാകട്ടെ ഭക്ഷണം കൊടുക്കാതെയാണ് അഗ്നികർമ്മം ചെയ്യേണ്ടത്. 5.

ചില ആചാര്യന്മാർ അഗ്നികർമ്മത്തെ തപ്തശസ്ത്രമെന്നും (തോക്കിന്റെ പൊള്ളിക്കുന്നത്), (മാംസഭൃഷ്ടമെന്നും (മാംസത്തെ പൊള്ളി

ഹ ത്ത സിരാസ്നായുസന്ധ്യസ്ഥിഷ്വപി ന പ്രതിഷിദ്ധോഗ്നിഃ. 6.

തത്ര ശബ്ദപ്രാദുർഭാവോ ദുർഗ്ഗന്ധതാ തപക്ഷ്മകോമപശ്ച തപാദശ്ച. കപോതവർണ്ണതാപ്പശ്ചാത്ഥവദനാ ശുഷ്കസംകുചിതവ്രണതാ ച മാംസദോഷേ കൃഷ്ണാരുണതവ്രണതാ സ്രാവസന്നിരോധശ്ച സിരാസ്നായുദോഷേ. രൂക്ഷാരുണതാ കർക്കശസ്ഥിരവ്രണതാ ച സന്ധ്യസ്ഥിദോഷേ. 7.

തത്ര ശിരോഭാഗാദിഷ്വംഗേഷ്വർദ്ധവല്ലാടശംഖപ്രദേശേഷു ദോഷൈർവർത്മരോഗേഷു ത്വക്പ്രകോപപ്രതിച്ഛന്നാം ദൃഷ്ടിം കൃത്വാ വർത്മരോമകൂപാൻ ദാഹൈർ. തപ്പക്ഷ്മസിരാസ്നായുസന്ധ്യസ്ഥിസ്ഥിതേഷ്വഗ്നിം വായുർമുച്ഛിതകഫിനസൃഗ്മാംസേ വ്രണേ ഗ്രന്ഥ്യർശോർബുദഗണ്ഡരാപ

കുന്നത്.) രണ്ടുവിധമാണെന്നു പറയുന്നു. ഈ ശാസ്ത്രത്തിലാകട്ടെ *സിര, സ്നായു, സന്ധി, അസ്ഥി എന്നീ അംഗങ്ങളിലും അഗ്നികർമ്മം ചെയ്യുന്നതിന്നു ഒരു വിരോധവുമില്ലെന്നാണ് അഭിപ്രായം. 6.

പൊള്ളിക്കുന്ന സമയത്തു ശബ്ദം ("പൊയ്" എന്നു) പുറപ്പെടുകയും ദുർഗ്ഗന്ധമുണ്ടാകയും തോലു ചുളുങ്ങിപ്പോകയും ചെയ്യൽ അതു തപദോഷത്തിന്റെ ലക്ഷണമാകുന്നു. മാടപ്രാവിന്റെ നിറംപോലുള്ള നിറം കാണുക, അല്പമായി ഒരു വീക്കവും വേദനയുമുണ്ടാവുക, വ്രണത്തിൽ വാർച്ചയും ചുളിവുമുണ്ടായിക്കാണുക എന്നീ ലക്ഷണങ്ങളും മാംസദോഷത്തിനുള്ളതാകുന്നു. വ്രണം കറുത്തു പൊന്തിയിരിക്കുക, വെള്ളം ഒലിക്കുന്നതു നിലെക്കുക എന്നീ ലക്ഷണങ്ങളും സിരാസ്നായുദോഷരക്തനാഡികളും സ്നായുക്കളും പൊള്ളിയാലുള്ളതിനുള്ളവയാകുന്നു. വ്രണത്തിനു പരുപരുപ്പും ചുവപ്പും കഠിനത്വവും ഊറ്റവും ഉണ്ടായിക്കണ്ടാൽ അതു സംധ്യസ്ഥിദോഷത്തിന്റെ(സന്ധി, എല്ലു എന്നിവയിൽ പൊള്ളിയാൽ) ലക്ഷണങ്ങളാകുന്നു. 7.

ശിരോരോഗത്തിലും അധിമന്ഥത്തിലും പിരിശം, നൊറി, പെന്നി എന്നീ പ്രദേശങ്ങളിൽ പൊള്ളിക്കണം. കൺപോളമേലുള്ള രോഗങ്ങളിൽ ആദ്യമായ തരുക്ഷകൊഴമ്പുകൊണ്ടു, ദൃഷ്ടിയെ മറച്ചു കൺപോളയിലുള്ള രോമകൂപങ്ങളിൽ പൊള്ളിക്കണം. വായു കോപിച്ചു, തൊലി, മാംസം, സിര, സ്നായു, സന്ധി, അസ്ഥി എന്നീ അംഗങ്ങളിൽ വ്യാപിച്ചു അത്യുഗ്രമായ വേദനയെ ഉണ്ടാക്കിയുണ്ടാക്കുന്നതായാൽ അവിടേയും, പൊന്തിയും കഠിനമായും തരിച്ചുകൊണ്ടുമിരിക്കുന്ന മാംസ

---

* സിരയുടെയായതിൽ അഗ്നികർമ്മം ചെയ്യുന്നതു, വേദന നിവൃത്തിയില്ലാത്ത കിക്കിളേ പോട്ടുള്ളു എന്നു ചില വ്യാഖ്യാതാക്കന്മാർ അഭിപ്രായപ്പെടുന്നു.

മീശ്ശീ പടലമ്മകീലതിലകാലകാന്ത്രവൃദ്ധിസന്ധിസിരാസ്നായുമർമ്മസു നാഡീശരാണിത്വതിപ്രവൃത്തിഷു ചാഗ്നികർമ്മ കുര്യ്യാൽ. 8.

*തത്ര രോഗാധിഷ്ഠാനമഭേദാദഗ്നികർമ്മ ചതുർദ്ധാ ഭിദ്യതേ. തദ്യഥാ— വലയവിന്ദുവിലേഖാപ്രതിസാരണാനീതി ഹേതുവിശേഷാത്. 9.

ഭവതി ചാത്ര—(ച).

രോഗസ്യ സംസ്ഥാനമഭേദം വിഭിത്വാ നരസ്യ മർമ്മാണി ബലാബലഞ്ച വ്യാധിം തഥാർത്തഞ്ച സമീക്ഷ്യ സമ്യക് തതോ വ്യവസ്യേദ്ഭിഷഗഗ്നികർ-

[മ്. 10.

(ഗ) തത്ര സമ്പ്രദിശ്യ മധുസർപ്പിർഭ്യാമഭ്യംഗഃ. അഥോമാനഗ്നി നാ പരിഷേചയേൽ. പിത്തപ്രകൃതിമനുദിശാണിതം ഭിന്നകോപുമനുദ്ധൃത ശല്യം ദുർബ്ബലം ബാലം വൃദ്ധം ഭീരുമനേകവ്രണപീഡിതമസേവ്യാം ശ്ചേതി. 11.

ത്തൊട്ടുകൂടിയതായ വ്രണത്തിങ്കലും, ഗ്രന്ഥി, അർശ്സ്സ്, ഭഗന്ദരം, അപചി, ശ്ലീപദം, ചർമ്മകീലം, തിലകാലകം, ആന്ത്രവൃദ്ധി എന്നീ രോഗങ്ങളിലും, സന്ധികൾക്കോ സിരകൾക്കോ വല്ല മുറിവും തട്ടിയാൽ അവിടേയും, നാഡികളിൽനിന്നു രക്തം അധികം സ്രവിച്ചുപോയാൽ അതിലും, പൊള്ളിക്കുന്നതു നല്ലതാണ്. 8

അഗ്നി കൊടുക്കേണ്ടുന്ന രോഗങ്ങൾ എട്ടുതരം സ്ഥലങ്ങളിലുണ്ടാകുന്നുപോരുന്നതായ സ്ഥലങ്ങളുടെ വ്യത്യാസത്തിനനുസരിച്ച് അഗ്നികർമ്മത്തിനും ഭേദം നിശ്ചയിക്കപ്പെട്ടിരിക്കുന്നു. അതു നാലുവിധത്തിരിക്കുന്നു: — 1. വലയം (വട്ടത്തിൽ), 2. ബിന്ദു (തുള്ളിയായിട്ട്), 3. വിലേഖാ (വിലങ്ങത്തിൽ വരഞ്ഞ്), 4. പ്രതിസാരണം (ഉഴിഞ്ഞ്) എന്നിവയാകുന്ന നാലു വകഭേദങ്ങൾ. 9

അതുകൊണ്ടു രോഗമിരിക്കുന്ന സ്ഥാനത്തെ ആദ്യം മനസ്സിലാക്കി, മർമ്മസ്ഥാനമോ അല്ലയോ എന്നും രോഗി ബലവാനോ ദുർബ്ബലനോ എന്നും നോക്കി, വ്യാധിസ്വഭാവത്തേയും ജീവിനേയും ആലോചിച്ചറിഞ്ഞു, പിന്നെയാണ് വൈദ്യൻ അഗ്നികർമ്മത്തിനു ശ്രമിക്കേണ്ടതു്. 10

വേണ്ടുപോലെ പൊള്ളിച്ചതിനു ശേഷം അവിടെ തേനും നെയ്യും കൂട്ടിത്തേയ്ക്കണം. പിത്തപ്രകൃതിയായിട്ടുള്ളവൻ, ദേഹത്തിനുള്ളിലെവിടെയെങ്കിലും രക്തം ദുഷിച്ചു കട്ടപിടിച്ചിരിക്കുന്നവൻ, വയറുനിറയെ മലം ആയഞ്ഞു പോകുന്നവൻ, ദേഹത്തിലെവിടെയെങ്കിലും വല്ലതും

---

* തദ്യഥാ എന്നതുവരെയുള്ള ഭാഗം ചില പുസ്തകങ്ങളിൽ കാണുന്നില്ല.

ഇനി ഉദരപ്രദേശത്തിന്റെ ദൃശ്യലക്ഷണം വക്ഷ്യാമഃ. തത്ര സ്നിഗ്ധം രൂക്ഷം വാ ശ്രുതി ഉദരമഭിദ്രവതി. അഗ്നിസന്തപ്തോ ഹി സ്നേഹഃ സൂക്ഷ്മസംസ്രാവിതാമേ തപ്തഗാത്രീനാമപ്രവിശ്യൈവ ഭവതി. തസ്മാത് സ്നേഹദൃശ്യഗ്രഹണാ ഭവതി. 12

തത്ര പ്ലീഹ്നി ദ്വിത്വം, സമ്യഗ്ദൃശ്യത്വമതിദൃശ്യത്വഞ്ചേതി ചതുർവിധം ദൃശ്യം. തത്ര യദ്വിവർണ്ണം പ്ലവ്യുഷ്ണതരതിക്തം തരൽ പ്ലീഹ്നഃ. യത്രോഷ്മണി ശ്യാവതി. സ്നേഹാസൃഗ്വിവൃദ്ധിശ്ച പ്രകാശകദാഹരാഗപാകകരമുദരാശ്രിതമാശു പ്രവർത്തതേ തത് ദ്വിദ്ധം. സമ്യഗ്ദൃശ്യമനവഗാഢം താലുഫലവർണ്ണം സുസംസ്ഥിതം പൂർവ്വലക്ഷണായുക്തഞ്ച. അതിദൃശ്യം പുനഃ സാവലംബനം ഗാഢം ദ്വിഗുണം പൂർവ്വലക്ഷണായുക്തഞ്ച. തത്രാതിദൃശ്യം ജീവിതഹരം ഛർദ്ദിപാശൂലസമൂഹരക്തപ്രസേകാദിവിദ്രധിം കരോതി. വ്രണസ്യേവ പിടകാ രോഹതി ശുഷ്കത്വ വിവർണ്ണത്വാ ഭവതി. തദേതച്ചതുർവിധം ദൃശ്യലക്ഷണമാത്രകൽപ്രസാധകം ഭവതി. 13

തറച്ചു കിടക്കുന്നതെങ്കിലും അതിനെ വിട്ടുമാറ്റാതെ കളഞ്ഞിട്ടില്ലാത്തവൻ, ബലമില്ലാത്തവൻ, ബാലൻ, വൃദ്ധൻ, ഭയമുള്ളവൻ, അനേകം വ്രണങ്ങളുടെ ഉപദ്രവങ്ങളോടുകൂടിയവൻ, ആകെക്കൊല്ലാം വിയോജിപ്പിക്കുന്നതിനു വിരോധമുണ്ടോ അവർ വിട്ടുനിന്നുകൊണ്ടുള്ള ചക്ര പൊളിക്കുന്നതുമതി. അല്ലെ. 11

വല്ല സംഗതിവശാലും യദൃച്ഛയാ രീഞ്ഞിട്ടു പൊള്ളിയ സ്ഥായങ്ങളുണ്ടാകുന്ന ലക്ഷണങ്ങളെ പറയുന്നു:— അഗ്നി, ദേഹത്തെ പൊള്ളിക്കുന്നതു സ്നിഗ്ധമോ രൂക്ഷമോ ആയ (തൈലാദികളെ വിടാതുള്ള ശരീരത്തെ) പദാർത്ഥങ്ങളെ ആശ്രയിച്ചിട്ടാകുന്നു. തൈലാദികൾ ചെറിയ സിരകളിൽ വ്യാപിക്കുന്നതാകയാൽ തോൽ മുതലായ ഭാഗങ്ങളിൽ കടന്നു വേഗത്തിൽ പൊള്ളിച്ചുകളയും. അതുകൊണ്ടു സ്നേഹദ്രവ്യംകൊണ്ടു പൊള്ളിയാൽ വേദന അധികമുണ്ടാകും*. 12

യദൃച്ഛയാ സംഭവിക്കുന്ന ഈവക [illegible] മെന്നും, ദൃശ്യമെന്നും, സമ്യഗ്ദൃശ്യമെന്നും അതിദൃശ്യമെന്നും നാലുവിധമാകുന്നു. ദൃശ്യാധികമായിവെന്തുപോകയും പൊള്ളിയ ഭാഗങ്ങൾ കരുവാളിക്കയുംചെയ്യു

---

* വൈദ്യന്റെ ചികിത്സക്കുവേണ്ടി സ്നേഹദ്രവ്യംകൊണ്ടു പൊള്ളിക്കുന്നതായാൽ അതു ഒഴിച്ചിട്ടുള്ള വല്ല സ്ഥലങ്ങളിലുമായിരിക്കുമല്ലൊ. അവിടെ ഇത്ര അധികം വേദനയുണ്ടാകുന്നതല്ല. ഒഴിച്ചിട്ടില്ലാത്ത പ്രദേശങ്ങളിൽ സ്നേഹാദികൾ നിമിത്തം യദൃച്ഛയാ പൊള്ളിപ്പോയാൽ അധികം വേദനയുണ്ടാകുന്നതാണ്.

† പ്രമാദംകൊണ്ടോ മറ്റോ വൈദ്യൻ ചെയ്യുന്ന അഗ്നികർമ്മത്തിലും പ്ലുഷ്ടം മുതലായ ദോഷങ്ങൾ വന്നുകൂടുമെന്ന് ഊഹിക്കേണ്ടതാണ്.

ഭേഷജസംഹിതാമാത്രം—(ച).

അഗ്നിനാ രാപിതം രക്തം ഭൃശം ജന്തോഃ പ്രകുപ്യതി
രക്തസ്ഥമേവ വേഗേന പിത്തമസ്യാദ്ദീര്യതേ. 14
തുല്യവീര്യൗ ഉഭൗ ഹ്യേതൗ രസതോ ദ്രവ്യതസ്തഥാ
തേനാസ്യ വേദനാസ്രുഗ്വൃദ്ധിഃ പ്രകൃത്യാ ച വിദഹ്യതേ
സ്രുതാഃ ശീതാഃ പ്രജായന്തേ ജരസ്ത്വസ്യാ ച വർദ്ധതേ. 15

വെങ്കിൽ(ചൊരുള്ളതെന്നർത്ഥം)ഉണ്ടാകാതിരിക്കയും) അതു പ്ലുഷ്ടമാകുന്നു. വലിയ ചൊരുളുകളുണ്ടാകയും വലിഞ്ഞുനോവലും പുട്ടനീറലും പുകപ്പും വേദനയും അധികമായിരിക്കയും ഈ ഉപദ്രവങ്ങൾ ശമിക്കുന്നതിനു കാലതാമസമുണ്ടായിക്കൊണ്ടുകയും ചെയ്യുകണ്ടാൽ അതിനെ ദുഷ്ട(പീഡിതമായി ചൊള്ളിയതു)മെന്നുപറയുന്നു. * സമ്യഗ്ദഗ്ധത്തിങ്കൽ (ശരിയായി ചൊള്ളിയാൽ) വേഗം അധികം അടിയിലേക്ക് എത്തിയിരിക്കയില്ലാ കരിമ്പനാരുപോലുള്ള നിറമുണ്ടാകും; ചൊള്ളിയസ്ഥലം മൃദുവായിട്ടു ചൊന്തിയിരിക്കയില്ലാ പിന്നെ മേൽപറഞ്ഞ ലക്ഷണങ്ങളൊക്കയുണ്ടാകയും ചെയ്യും. (ഈ അധ്യായത്തിലെ 7-ാം വകുപ്പിൽ തപ്തശുദ്ധലക്ഷണം നോക്കുക). അതിദഗ്ധത്തിങ്കൽ(അധികം ചൊരിച്ചാൽ) ലാകട്ടെ മാംസം തുങ്ങുക, അംഗങ്ങൾക്കു തളർച്ച, സിര, സ്നായു, സന്ധി, അസ്ഥി എന്നിവയ്ക്ക് അധികമായി കേടുണ്ടാകുക, ജ്വരം, പുട്ടനീറൽ, വെള്ളംതോയ്ക്കൽ, മോഹാലസ്യം എന്നിങ്ങിനെയുള്ള ഉപദ്രവങ്ങളുണ്ടാകുക ഈ വക ലക്ഷണങ്ങൾ കാണും. ഇങ്ങിനെ അതിദഗ്ധമായ സ്ഥാനം തന്മസിച്ചു ഉണങ്ങുകയുള്ളൂ. ഉണങ്ങിയാൽതന്നെ അവിടം നീരാ മാറിക്കിട്ടുകയും ചെയ്യും. ഈ നാലുപ്രകാരത്തിലുള്ള അതിദഗ്ധത്തിന്റെ ലക്ഷണങ്ങളിരിക്കുന്നതുകൊണ്ട് അഗ്നികർമ്മത്തിങ്കൽ വേണ്ടപോലെ ചികിത്സിക്കാൻ വൈദ്യനു വിചാരമുണ്ടാകുന്നതാണ്. 13

അഗ്നികൊണ്ടു രക്തം ഉഷ്ണിക്കയും അതു പിന്നെ കോപിക്കയും ‡ ചെയ്തു, ഉടനെ പിത്തത്തെ കോപിപ്പിക്കയും ചെയ്യും. രക്തത്തിലും പിത്തത്തിലുമുള്ള രസം, വീര്യം മുതലായതു് ഒന്നുകുന്നു; രക്തത്തിലുള്ള പ്രഭാവം പിത്തത്തിലുമുണ്ടു; അതുകൊണ്ടു രക്തവും പിത്തവും തുല്യങ്ങളാകുന്നു; പിത്തകോപത്തിന്റെ ലക്ഷണമായ പുട്ടനീറലും കഠിനമായ വേദനയും അപ്പോൾ അധികമായുണ്ടാകുന്നു; വേഗത്തിൽ

---

* യദ്യപ്യയായിട്ടാണെങ്കിലും ചിലപ്പോൾ അതു അവശ്യംപോലുള്ളതായിവരുമെല്ലോ.

‡ ഇതു പ്ലുഷ്ടത്തിങ്കലും ഒട്ടുശുദ്ധത്തിങ്കലുമാകുന്നു. അതിശുദ്ധത്തിങ്കൽ രക്തം തീരെ കഫിച്ചുപോകുന്നതുകൊണ്ടു് തീവ്രവേദന മുതലായ ലക്ഷണങ്ങളുണ്ടാകുന്നതല്ല.

ശുദ്ധഃസ്യാപശമാർത്ഥായ ചികിത്സാ സംപ്രവക്ഷ്യതേ. 16
ശ്ലിഷ്ടസ്യാഗ്നിപ്രതപനാ കാംക്ഷ്യമുഷ്ണം തഥൗഷധം
ശരീരേ സംനിനദ്ധായിഷ്ടേ സംനാം ഭവതി ശോണിതം 17
പ്രക്ലിന്നാ ഹ്യുദകം ശീതം സ്പന്ദയത്യതിശോണിതം
തസ്മാൽ സുഖയതി ഹ്യുഷ്ണാ നാ ത്രു ശീതാം കഥഞ്ചന. 18
ശീതാമുഷ്ണാഞ്ച ദുർദ്ദശ്യ ക്രിയാം കുർവ്വീത ഭിഷക് പുനഃ
ശ്ലിഷ്ടതാലേപനഃസകാംസ്തു ശീതാഃനവ സ്യ കാരയേൽ. 19
സമ്യഗ്ദശ്യച്ച ദുഗ്ധാക്ഷീരിപ്ലക്ഷപന്ദനൗശീരകൈഃ
സാമ്യതൈതൈഃ സുശ്ലിഷ്ടാസ്തു ശൈശ്ചരാലേപം കാരയേദ്ഭിഷക്. 20
ഗ്രാമ്യാനൂപൈഃ ഔദകൈശ്ചാനം പിശിതൈസ്തുല്യമാംസൈഃ പ്രലേപയേൽ

പൊള്ളിക്കുള്ളുണ്ടാകുന്നു; ജ്വരവും വെള്ളംതോഹവും വർദ്ധിച്ചുവരികയും ചെയ്യുന്നു. 14—15

ശരീരത്തിൽ നിമിത്തമുണ്ടാകുന്ന ഉപദ്രവങ്ങളുടെ ശമനത്തിനു വേണ്ടിയുള്ള ചികിത്സയെ പറയുന്നു:—സ്പൃഷ്ടരായിക്കൽ പിന്നെയും ചൂടുപിടിപ്പിക്കയും ഉഷ്ണസ്വഭാവങ്ങളായ ഔഷധങ്ങൾ തേയ്ക്കയും ആഹാരങ്ങൾ കഴിക്കയും ചെയ്യുന്നതു നന്നു*. പൊള്ളിയ ദേഹഭാഗത്തിൽ അധിക്രമായ വിയർപ്പുണ്ടാകയാൽ അവിടുത്തെ രക്തം അപ്പോൾ സേചിച്ചുകളയുന്നതുപോലെയിരിക്കുന്നു. അങ്ങിനെ ഈർപ്പമായ രക്തത്തിൽ തണുത്ത വെള്ളം തട്ടിയാൽ അതു കട്ടപിടിക്കും. അതുകൊണ്ടാണ് തണുത്ത സാധനങ്ങളെ ഒരിക്കലും ഉപയോഗിക്കരുതെന്നും ഉഷ്ണോപചാരമെന്നു സുഖമുണ്ടാകുന്നതെന്നും പറഞ്ഞിരുന്നു* 16—18

ദുർദ്ദശ്യത്തിങ്കൽ വൈദ്യൻ ആദ്യം ഉഷ്ണമായും പിന്നെ ശീതമായുമുള്ള ഉപചാരങ്ങൾ ചെയ്യണം. ദുർദ്ദശ്യം പോയിക്കഴിഞ്ഞാലുടനെയും ധാരചെയ്യാനുള്ള മരുന്നുകളും† തണുത്തതായിരുന്നെന്നിരിക്കണം. 19

സമ്യഗ്ദശ്യത്തിങ്കൽ കുവ്വരുവ്, ഇരുതിരുതാലി, രക്തചന്ദനം, കാട്ടീമണ്ണ്, പിറാമുള്ള് ഇവ അരച്ചു നെയ്യിൽ പാലിച്ചു തേക്കണം. ഗ്രാമ്യങ്ങളും (വീടുകളിൽ വളരുന്നവ) ആനൂപങ്ങളും (കരയിലും വെള്ളത്തിലും സഞ്ചരിക്കുന്നവ) ഔദകങ്ങളും (വെള്ളത്തിലുള്ളവ) ആയ ജന്തുക്കളുടെ മാംസങ്ങളരച്ചു തേക്കുന്നതും നന്നു. വീഴുപ്പുഴം ആ

---

* പൊള്ളിയ സ്ഥലത്തു ഉഷ്ണോപചാരം ചെയ്താൽ അവിടുത്തെ ഊഷ്മാവിനെ വ്യാപ്തി ശമിക്കയും ചുട്ടനീരുണ്ടാകാതിരിക്കയും ചെയ്യും.

† നന്നെ അടിയിലേക്കു വേവു് അധികം തട്ടുന്നതായാൽ ശീതോപചാരത്തിനു മേലോടം മാത്രം പൊള്ളിയാൽ ഉഷ്ണോപചാരവും അണു് നല്ലതെന്നു ചിലർ സിദ്ധാന്തിക്കുന്നു.

പിത്തവിദ്ധിവ്രണച്ഛേദനം സന്തതോഷ്ണാനമാചരേൽ. 21
അതിദഗ്ധശ്ച വിശീർണ്ണാനി മാംസാന്യുദ്ധൃത്യ ശീതളാമ്
ക്രിയാം കുര്യാദ്വിഷക്പശ്ചാൽ ശാലിതണ്ഡുലകണ്ഡനൈഃ 22
തിന്ദുകീനപക്ഷായൈർവ്വാ പ്ലക്ഷാദിത്വക്പ്രലേപനൈർ
വ്രണം ഗ്രന്ഥിവിച്ഛേദൈർവ്വാ ക്ഷാരേണോപാചരേത്തഥാ
ക്രിയാമത്ര നിഖിലാംകുര്യാൽ ഭിഷക്പിത്തവിസർപ്പവൽ. 23
മധൂച്ഛിഷ്ടാ സമധുകം ലോധ്രം സർജ്ജരസം തഥാ
മഞ്ജിഷ്ഠാം ചന്ദനം മൂർവ്വാം പിഷ്ട്വാ സർപ്പിർവ്വിപാചയേൽ
സർവ്വേഷാമഗ്നിദഗ്ധാനാമേതദ്രോപണമുത്തമമ്. 24
സ്നേഹദഗ്ധേ ക്രിയാം രൂക്ഷാം വിശേഷേണാവചാരയേൽ
അത ഊർദ്ധ്വം പ്രവക്ഷ്യാമി ധൂമോപഹതലക്ഷണമ്. 25

വിദഗ്ധോട്ട കൂടിയിരിക്കുന്ന ഈ രോഗത്തിൽ പിത്തവിദ്ധിക്കു പറഞ്ഞ ചികിത്സകളും ചെയ്തുകൊള്ളണം. 20—21

അതിദഗ്ധത്തിങ്കലാകട്ടെ ദ്രവിച്ച തുണ്ടിക്കാണുന്ന തോലിനെയും മാംസത്തെയും എടുത്തു കളഞ്ഞു വ്രണത്തിങ്കൽ ശീതോപചാരങ്ങളെ ചെയ്യണം. പിന്നെ വ്രണത്തിൽ ശാലിയരി (ഉലിപോയാൽ ചെള്ളു തിരിക്കുന്ന ജാതി അരി) പൊടിച്ച വിതറുകയും പൻച്ചിത്തൊലി കഷായം വെച്ചതിൽ നെയ്യുംകൂട്ടി (ധാരചെയ്കയാ) കുഴമ്പാക്കി തേക്കുകയോ*പ്പെയ്കയും വ്രണത്തെ ചിറാമുതിന്റെ ഇലകൊണ്ടോ താമരുതലായി വെള്ളത്തിൽ മുളച്ചുണ്ടാകുന്നവയുടെ ഇലകൊണ്ടോ മൂടുകയും വേണം. ഈ രോഗത്തിൽ പിത്തവിസർപ്പത്തിനു പറഞ്ഞപ്രകാരമുള്ള ചികിത്സകളെ ചെയ്യുന്നതു നല്ലതാണ്. 22—23

മെഴുക്, ഇരട്ടിമധുരം, പാച്ചോറിത്തൊലി, പെരുമ്പുള്ളിത്തൊലി, ചെറുപ്പുടി, രക്തചന്ദനം, പൊങ്കുരുന്ന് ഇവകളരച്ചു കൂട്ടിക്കാച്ചിയ നെയ്യ് ഏതുവിധം തീപ്പൊള്ളിയതിനും നല്ലതാണ്. ഇതു അഗ്നിവ്രണത്തെ ഉണക്കുന്നതുമാണ്. 24

തൈലാദികം തട്ടിപ്പൊള്ളിയതാണെങ്കിൽ അതിൽ വിശേഷിച്ചു രൂക്ഷമായ (മെഴുക്കുകൂടാത്ത) ഉപചാരം ചെയ്യണം.

ഇനിമേൽ ധൂമോപഹതന്റെ (മൂക്കിലും വായിലും പുകപോയതുകൊണ്ടു ഉപദ്രവത്തിലായവൻ) ലക്ഷണം പറയുന്നു:— ശ്വാസം

---

* പനമ്പഴത്തൊലി ഒന്നുക്കിപ്പൊടിച്ചതും മനുഷ്യന്റെ തലയോടു പൊടിച്ചതുകൂടി നെയ്യിൽ ചാലിച്ചു തേക്കണമെന്നും അഥവാ പനമ്പഴത്തൊലിക്കഷായംകൊണ്ടു ധാര ചെയ്യുന്നും നല്ലതാണെന്നു ചില വൃദ്ധവൈദ്യന്മാർ അഭിപ്രായപ്പെടുന്നു.

ശ്വാസിതി ക്ഷൌതി പാർശ്വരുജ്യാധമതി കാസതേ
പക്ഷ്മക്ഷോഭഃ പരിദാഹശ്ച രാഗഃക്ഷ്വേഡോപജായതേ. 26
സധൂമകം നിശ്വസിതി ശ്ലേഷ്മണന്യന്ന വേത്തി പ
തതൈവ പ രസാൻ സ്വാൻ ശ്രുതിശ്ചാസ്യോപഹന്യതേ. 27
തൃഷ്ണാദാഹജ്വരയുതഃ സീദത്യഥ പ മൂർഛതി
ധൂമോപഹത ഇത്യേവം ശൂണസ്യ ചികിത്സിതമ്. 28
സർപ്പിർക്ഷുരസം ദ്രാക്ഷാം പയോ വാ ശർക്കരാംബു വാ
മധുരാണ്ണൌ രസൌ വാപി വമനായ പ്രദാപയേൽ. 29
വമതഃ കോഷ്ഠശുദ്ധിഃ സ്യാദ്ഭക്തമഗന്ധശ്ച നശ്യതി
വിധിനാനേന ശാമ്യന്തി സദനക്ഷവഥുജ്വരാഃ. 30
ദാഹമൂർഛാതൃഡാർദ്ധ്യാനശ്വാസകാസാശ്ച ദാരുണാഃ
മധുരൈർല്വണാംബ്ലൈശ്ച കടുകൈഃ കവളഗ്രഹൈഃ. 31
സമ്യഗ്ഗൃഹ്ണാതീന്ദ്രിയാത്മാൻ മനശ്ചാസ്യ പ്രസീദതി
ശിരോവിരേചനം തദ്വൈ ഭദ്ര്യാദ്യോഗേന ശസ്യതേ. 32

വിടുന്നതു പ്രയാസത്തോടുകൂടിയും വേഗത്തിലുമായിരിക്കുക, തുമ്പൽ അധികരിക്കുക, വയർവീർക്കുക, നിരന്തരമായി മൂക്കുതിക്കുക, കുരക്കുക, കണ്ണിൽ പൂടുന്നാവുക, കണ്ണു കലങ്ങുക, ശ്വാസത്തിൽകൂടി പുക പുറപ്പെടുക, വാസനയറിയാതിരിക്കുക, നാവിന്നു രുചിയും തോന്നാതാവുക, ചെവികേൾക്കാതാവുക, വെള്ളംദാഹം, പുട്ടുനീർ, പനി, ക്ഷീണം, മോഹാലസ്യം എന്നീ ലക്ഷണങ്ങളുണ്ടാവുക, എന്നാൽ അവനെ ധൂമോപഹതനാണെന്നു പറയണം. അങ്ങിനെയുള്ള രോഗിക്കുള്ള ചികിത്സയെ കേട്ടാലും — 26—28.

നെയ്യ്, കരിമ്പിൻനീര്, മുന്തിരിങ്ങ, പാൽ, വെല്ലംകലക്കിയ വെള്ളം എന്നീ പദാർത്ഥങ്ങളിലേതെങ്കിലും സേവിപ്പിച്ച് ധൂമോപഹതനെ ഛർദ്ദിപ്പിക്കണം. ഛർദ്ദിപ്പിക്കുന്നതിന്നു, മേൽപറഞ്ഞ വസ്തുക്കളെ കൂടാതെ മധുരവും പുളിയുമായ മറ്റു പദാർത്ഥങ്ങളും(മലങ്കാരക്കുമുതലായതും)ഉപയോഗിക്കാം. ഇങ്ങിനെ ഛർദ്ദിക്കുന്നതായാൽ വയറിന്നു ശുദ്ധിയുണ്ടാകയും പൊകയുടെ ഗന്ധം നശിക്കയും ചെയ്യും. ക്ഷീണം, തുമ്പൽ, ജ്വരം, പുട്ടുനീർ, വെള്ളംദാഹം, മോഹാലസ്യം, വയറുവീർപ്പ്, ശ്വാസം, കാസം എന്നിവയെത്രയധികമുണ്ടായിരുന്നാലും മേൽപ്രകാരം ഛർദ്ദിപ്പിക്കുമ്പോൾ ശമിച്ചുപോകുന്നതാണ്. മധുരം, ഉപ്പ്, പുളി എന്നീ രസങ്ങളുള്ള മരുന്നുകളെക്കൊണ്ടു് കവിൾകൊള്ളണം (കവളഗ്രഹം). അങ്ങിനെ ചെയ്യുൽ ചെവി മുതലായ ഇന്ദ്രിയങ്ങൾക്കുണ്ടായ ശക്തി

ദിഷ്ടിവ്വിദ്ധ്യതേ ചാസ്യ ശിരോഗ്രീവഞ്ച ദേഹിനഃ
രുവിദാഹി ലഘുസ്നിഗ്ധമാഹാരം ചാസ്യ കല്പയേൽ. 33

ഉഷ്ണ പാതാതപൈർദ്ദഃശ്ച ശീതഃ കാര്യോ വിധിഃ സദാ
ശീതവഷ്ടാനിലഹത ഉഷ്ണം സ്നിഗ്ധഞ്ച ശസ്യതേ
തഥാതിഃതജ സാ ദുഃശ്ച സിദ്ധിന്നാസ്യ കഥഞ്ചന. 34

ഇന്ദ്രവജ്രാഗ്നിദഗ്ധോപി ജീവതി പ്രതികാരതഃ
സ്നേഹാദ്യൈഃപരീഷേകൈഃ പ്രദേഹൈശ്ച തഥാ ഭിഷക്. 35

ഇതി സുശ്രുതസംഹിതായാം സൂത്രസ്ഥാനേ അഗ്നികർമ്മവിധിർന്നാമ

ദ്വാദശോധ്യായഃ.

ക്ഷയം നശിക്കും; മനസ്സിന്നു തെളിവുണ്ടാകയും ചെയ്യും. ശരീരസ്നേഹനായ വൈദ്യൻ ആ രോഗിക്കു് മരുന്നുകഠകാണ്ടു് വിരേചനസ്നേഹം ചെയ്തു് തലയിലുള്ള ദോഷങ്ങളെ കളയണം. ഇങ്ങിനെ ചെയ്യാൽ കണ്ണു കണ്ണം തലയും കഴുത്തും ശ്രോത്രങ്ങളായി പൂർവ്വസ്ഥിതിയിലായിത്തീരുകയും ചെയ്യും. അതിന്നുശേഷം ഉരുപ്പുഴുക്കുണ്ടാകാത്തതായും ലഘുവായ ദഹിക്കുന്നതായും മെഴുക്കൊട്ടുകൂടിയതായും ഇരിക്കുന്ന ആഹാരത്തെ ഉപയോഗിപ്പിക്കണം. 29—33

കഠിനമായ വെയിൽകൊള്ളുകയും തീട്ടുള്ള കാറ്റേറ്റുകൊള്ളുകയും ചെയ്യുന്നിമിത്തമുണ്ടാകുന്ന ഉപദ്രവങ്ങൾക്കു ശീതോപചാരങ്ങൾകൊണ്ടു ശാന്തിയുണ്ടാകും. തണുത്ത കാറ്റും മഴയും കൊള്ളുന്നതുകൊണ്ടുള്ള പീഡകൾക്കാവട്ടെ ഉഷ്ണോപചാരങ്ങളും സ്നിഗ്ധങ്ങളായ പദാർത്ഥങ്ങളുടെ ഉപയോഗവും നല്ലതാകുന്നു. എന്നാൽ ഇടിത്തീകൊണ്ടു ദഹിച്ചിട്ടുള്ളവന്നു് ഒരു പ്രകാരത്തിലും ചികിത്സിച്ചാൽ ഫലമുണ്ടാകയില്ല. 34

ഇടിത്തീ അല്പമാത്രമായി തട്ടുകയും രോഗിക്കു് പിന്നെയും ജീവനുണ്ടെന്നു വരികയും ചെയ്യാൽ തൈലാദികളെ തേപ്പിക്കുകയും ധാര ചെയ്കയും മേൽ തടവുകയും ചെയ്കയാണു് വൈദ്യൻ പ്രവൃത്തിക്കേണ്ടതു്. 35

ഇങ്ങിനെ സുശ്രുതസംഹിതയിൽ സൂത്രസ്ഥാനത്തിൽ അഗ്നികർമ്മവിധി എന്ന

പന്ത്രണ്ടാമധ്യായം കഴിഞ്ഞു.

ത്രയോദശോധ്യായഃ.

അഥാതോ ജലൌകാവചാരണീയമധ്യായം വ്യാഖ്യാസ്യാമഃ. 1

യ പാഢ്യബാലസ്ഥവിരഭീരുഭ്ഗ്ലപനാരീസുകുമാരാണാമനുഗ്രഹാ ത്ഥം പരമസുകുമാരോയം ശോണിതാവസേചനോപായയോഭിഹിതോ ജലൌകസഃ. 2

തത്ര വാതപിത്തകഫദുഷ്ടശോണിതം യഥാസംഖ്യം ശ്യാവജലൌകാലാബുഭിരവസേചയേൽ സ്നിഗ്ധശീതത്രുക്ഷതാൽ സവ്വാണി സവൈവ്വാ. 3

ഭവന്തി ചാത്ര— (പ).

ഉഷ്ണാ സമധുരാ സ്നിഗ്ധാ ഗവാം ശ്യാവാം പ്രകീത്തിതമ്
തസ്മാദപ്യതോപസൃഷ്ടേ തു ഹിതം തദവസേചനേ. 4

പതിമൂന്നാമധ്യായം.

ഇനി ജലൌകാവചാരണീയമെന്ന അധ്യായം പറയാം. 1

രാജാക്കന്മാർ, പ്രഭുക്കന്മാർ, കുട്ടികൾ, വയസ്സന്മാർ, ഭയമധികമുള്ളവർ, ശക്തിയില്ലാത്തവർ, സ്ത്രീകൾ, മൃദുശരീരക്കാർ എന്നിവർക്കു പകാരത്തിനുവേണ്ടിമാണ് അട്ട കടിപ്പിച്ചു രക്തം കളയാമെന്നുള്ള അതിമൃദുവായ ഒരു കൌശലത്തെ ആപ്തന്മാർ പറഞ്ഞിട്ടുള്ളത്. 2

അതിൽ വാതം, പിത്തം, കഫം എന്നിവയെക്കൊണ്ടു ദുഷിച്ചിട്ടുള്ള രക്തത്തെ ക്രമത്തിൽ കൊമ്പുവെച്ചിട്ടും, അട്ട കടിപ്പിച്ചിട്ടും, ചുരങ്ങത്തൊണ്ടുചെച്ചിട്ടും പുറത്തെടുക്കളയേണ്ടതാണ്. കൊമ്പ്, സ്നിഗ്ധവും (മെഴുപ്പുള്ളത്) അട്ട, ശീതവും ചുരങ്ങത്തൊണ്ടു, രൂക്ഷവുമായിരിക്കുകനിമിത്തമാണ് മേൽപ്രകാരം ക്രമം കല്പിച്ചിട്ടുള്ളത്. അഥവാ തൽക്കാലം ഉപകരിക്കുന്നതായാലതൊന്നുവന്നുപോയാൽ ഏതുവിധം ദുഷിച്ച രക്തത്തിലും ഏതു സാധനത്തെയും ഉപയോഗിച്ചു രക്തം കളയുന്നതിനു വിരോധമില്ലതാനും. 3

ഗോക്കളുടെ കൊമ്പ് ഉഷ്ണവീര്യവും മധുരരസവുമാകുന്നു. അതു സ്നിഗ്ധമാണെന്നും പറയപ്പെട്ടിരുന്നു. അതുകൊണ്ടു വാതസംബന്ധമായ രോഗങ്ങളിൽ രക്തം പിടിച്ചെടുക്കുന്നതിനു പശുവിൻകൊമ്പു വിശേഷമാകുന്നു. വെള്ളത്തിൽ ജനിച്ചു വളരുന്നു ശീതസ്വഭാവമായി

ശീതാധിവാസാ മധുരാ ജലൌകാ വാദിസംഭവാ
തസ്മാൽ പിത്തോപസൃഷ്ടേ തു ഹിതാ സാ പ്രവസേചനേ. 5
അല്പാബ്വു കടുകം രൂക്ഷാ തീക്ഷ്ണാ ച പരികീർത്തിതം
തസ്മാൽ ശ്ലേഷ്മോപസൃഷ്ടേ തു ഹിതം തദ്വേസേചനേ. 6
(ഗ) തത്ര പ്രച്ഛിതേ തനുവസ്ത്രോപടലാവനദ്ധേന ശൃംഗേണ രോഗി
തമവസേചയേദാപൂഷ്ണാൽ സാന്തർദ്ധിപയാലാബുപാ. 7

അഥ ജലായുകാ വക്ഷ്യന്തേ.—ജലമാസാമായുരിതി ജലായുകാഃ; ജലമാസാമോക ഇതി ജലൌകസഃ. താ പ്രാദേശേ. താസാം സവിഷാഃ ഷട് താവത്യ ഏവ നിർവ്വിഷാഃ. തത്ര സവിഷാഃ—കൃഷ്ണാ കർബുരാ അലഗർദ്ദാ

ത്തീന്നും *മധുരരസവുമായിരിക്കയാൽ അട്ട, പിത്തസംബന്ധമായ വ്യാധികളിൽ രക്തമോക്ഷനം ചെയ്യുന്നതിന്നു നല്ലതാകുന്നു. ചുരണ്ട, എരുമസമായും രൂക്ഷമായും (മെഴുക്കില്ലാത്തത്) തീക്ഷ്ണമായിരിക്കുന്നതാണെന്നു പറയപ്പെട്ടിരുന്നുണ്ട്. അതുകൊണ്ടു ചുരണ്ടിയെതാണ്ടുകൊണ്ടു രക്തം കളയുന്നതു കഫസംബന്ധവ്യാധികളിൽ വിശേഷമാകുന്നു. 4-6

ഭോരകളയേണ്ടുന്ന സ്ഥലത്തെ ഒന്നാമതായി കത്തികൊണ്ടു ചുരണ്ടിക്കളഞ്ഞതിനു ശേഷം പൊട്ടിക്കണം. വളരെ നേരിയ രണ്ടുതുണികൊണ്ടു കെട്ടിയിൽ മൂടിവെക്കപ്പെട്ടിയ കൊമ്പു് അവിടെ വെച്ചു് അതിന്റെ മേലേതുല്ലുള്ള ചോരത്തിൽകൂടി വായകൊണ്ടു വലിച്ചു രക്തം പുറപ്പെടീക്കണം. ഈ വിധത്തിൽതന്നെ ചുരണ്ടത്തൊണ്ടുവെച്ചും ചോര കളയണം. എന്നാൽ ചുരണ്ടത്തൊണ്ടിന്നകത്തു $തീക്കൊള്ളിവെച്ചുംകൊണ്ടാണു് അതു ചെയ്യേണ്ടതു്. 7

ഇനി അട്ടകളെപ്പറ്റി പറയാം:— 'ജലമാണു് ഇതുകൾക്കു് ആയുസ്സു്' എന്നുള്ള അർത്ഥത്തെ ആശ്രയിച്ചാണു് "ജലായുകാ" എന്നു് അട്ടകൾക്കു പേരുവന്നതു്; 'ജലം ഇതുകൾക്കു് ഓകസ്സു് (ഗൃഹം)' ആണെന്നുള്ള അർത്ഥത്തിൽ "ജലൌകസ്സു"കളെന്നും ഇതുകൾക്കു പേരുണ്ടായതാകുന്നു. അട്ടകൾ പന്ത്രണ്ടുവിധമാണു്. ആറെണ്ണം വിഷമുള്ളതും ആറെണ്ണം വിഷമില്ലാത്തതുമാകുന്നു. അവയിൽ വെച്ചു വിഷമുള്ള അട്ട

---

* മധുരരസത്തിന്റെ കാര്യം ഇതു നിർവ്വഹിക്കുന്നതുകൊണ്ടാണു് ഇതിനെ മധുരമെന്നു പറയുന്നതു്.

$ കൊള്ളിയാൻ പിടിക്കുന്ന മദ്യസാരം (Spirit) മുതലായ വല്ല സ്രവത്തിലും ചുരക്കത്തൊണ്ടിനുള്ളിലൊഴിച്ചു് തീക്കൊള്ളിവെച്ചു, ചോര കളയേണ്ടുന്ന ഭാഗം ചിന്തുകിയതിന്മീതെ അതിവേഗത്തിൽ കമഴ്ത്തിവെച്ചുവെങ്കിൽ അതിലേക്കു രക്തം വന്നുനിറയുന്നതാണു്. മൺപാത്രമൊ മറ്റൊ ഈ ആവശ്യത്തിനുപയോഗിക്കുന്നതിനും വിരോധമില്ല.

ഇന്ദ്രായുധാ സാമുദ്രികാ ഗോപന്ദനാ ചേതി. താസു അഞ്ജനവർണ്ണാ വർണ്ണാ പൃഷ്ഠശിരാഃ കൃഷ്ണാ. വർമ്മിമത്സ്യവദായതാ ചിരിണാനാനതകൃഷ്ണാ കൃമ്യാ. ശ്യാമശാ മഹാപാർശ്വാ കൃഷ്ണമുഖീ അലഗർദ്ദാ. ഇന്ദ്രായുധവദ്വർണ്ണാകൃതിഭിശ്ചിത്രാ ഇന്ദ്രായുധാ. ഈഷദസിതപീതികാ വിചിത്രപുഷ്പാകൃതിചിത്രാ സാമുദ്രികാ. ഗോവൃഷണവദവധാരിതാഗ്രദ്വിധാഭൂതാകൃതിർണ്ണമുഖീ ഗോപന്ദനാ. താഭിർദ്ദഷ്ടേ പുരുഷേ ദംശേ ശ്വയഥുരതിമാത്രം കണ്ഡൂർമ്മർശോ ജ്വരോ ദാഹശ്ചോപജായതേ സഞ്ചനമിതി ലിംഗാന്യഭിവദന്തി. തത്ര മഹാഗദേ പാനാലേപനനസ്യകർമ്മാണ്യുപയോജ്യാനി. ഇന്ദ്രായുധാദിഷ്ടമസാധ്യമിത്യേതാഃ സവിഷാഃ സചികിത്സിതാ വ്യാഖ്യാതാഃ. ൪.

കുളീർ കൃഷ്ണ, കർബുര, അലഗർദ്ദാ, ഇന്ദ്രായുധം, സാമുദ്രികാ, ഗോപന്ദനാ എന്നിങ്ങനെയാകുന്നു ആറെണ്ണം. അവയിൽ അഞ്ജനക്കല്ലിന്റെപ്പോടിയുടെ നിറമുള്ളതും തലതടിച്ചതുമായ അട്ട, കൃഷ്ണയാകുന്നു. വർമ്മിമത്സ്യം (നല്ലകുതിയായ മത്സ്യം=മനങ്ങ്)പോലെ നീളത്തിലും വയറുപൊതിയും താണും ഇരിക്കുന്ന ജാതി, കർബുരയാകുന്നു. രോമങ്ങളോടുകൂടിയതും രണ്ടുപുറവും (പാർശ്വ) തടിച്ചതും മുഖം കറുത്തിരിക്കുന്നതുമായ അട്ട, അലഗർദ്ദയെന്നുപേരോടുകൂടിയതാകുന്നു. മഴവില്ലുപോലെ പലനിറങ്ങളിൽ പുഷ്പാകൃതിയോടുകൂടിയതായ അട്ട, ഇന്ദ്രായുധയിനത്തിൽപ്പെട്ടതാകുന്നു. കാഞ്ഞതാന്നകറുത്തമഞ്ഞൾനിറമായി പലവിധം പുഷ്പങ്ങളുടെ ആകൃതിയിൽ വരകളോടുകൂടിയതായിരിക്കുന്ന അട്ട, സാമുദ്രികയാകുന്നു. കാളയുടെ വൃഷണംപോലെ അഗ്രഭാഗം നട്ടെല്ലരണ്ടായി പൊളിഞ്ഞതുപോലെയുള്ള ആകൃതിയോടുകൂടിയതും മുഖം നന്നു ചെറുതായിരിക്കുന്നതുമായ അട്ടയ്ക്കു ഗോപന്ദനാ എന്നു പേരാകുന്നു.

മേൽപറഞ്ഞ വിഷമുള്ള അട്ടകൾ കടിച്ചാൽ മുറിവായിൽ അധികമായ വിരവും പൊറിച്ചിലുമുണ്ടാകും. കടിക്കപ്പെട്ട പുരുഷനു ശരീരസ്വേദവും ജ്വരവും പുകച്ചിലും ചൊറിച്ചിലും (ഭേദം) ക്ഷീണവും ഉണ്ടായിരിക്കുമെന്നാണ്. ആ ഉപദ്രവങ്ങൾ 'മഹാഗദ'മെന്നു പ്രസിദ്ധമായ ഔഷധത്തെ (കല്പസ്ഥാനം സപ്തദശകല്പം നോക്കുക) അകത്തു കഴിക്കയും മേൽ പിഴിച്ചിലും നസ്യം പ്രയോഗവും ചെയ്താൽ ശമനമുണ്ടാകുന്നതാണ്. ഇന്ദ്രായുധാജാതിയായ അട്ട കടിച്ചാൽ ആ രോഗം ചികിത്സിച്ചു ശമിപ്പിപ്പാൻ സാധിക്കുന്നതല്ല. ഇങ്ങിനെ വിഷമുള്ള അട്ടകളുടെ ലക്ഷണവും അവ കടിച്ചാലുള്ള ചികിത്സയും പറയപ്പെട്ടു. ൪൬

അഥ നിഷ്പീഡിതാ. കപിലാ പിംഗലാ ശംഖമുഖീ മൂഷികാ പുണ്ഡരീകമുഖീ സാവരികാ ചേതി.

തത്ര മനഃശിലാരഞ്ജിതാഭ്രാഭമിവ പാർശ്വാഭ്യാം പുഷ്പേ സ്നിഗ്ധമൃദ്വീ വർണ്ണാ കപിലാ. കിഞ്ചിദ്രക്തം വൃത്തകായാ പിംഗാക്ഷ്യാ ച പിംഗലാ. യകൃദ്വർണ്ണാ ശീഘ്രപാതിനീ ദീർഘദീർഘമുഖീ ശങ്കുമുഖീ മൂഷികാകൃതിവർണ്ണാ അനിഷ്ടഗന്ധാ ച മൂഷികാ. കൃഷ്ണവർണ്ണാ പുണ്ഡരീകതുല്യവക്ത്രാ പുണ്ഡരീകമുഖീ. സ്നിഗ്ധാ പദ്മപത്രവർണ്ണാ അഷ്ടാദശാംഗുലപ്രമാണാ സാവരികാ, സാ ച പശുപത്നീ. ഇത്യേതാ അവിഷ്കാ വ്യഖ്യാതാഃ. താസാം യവനപാണ്ഡ്യസാഹ്യപൌതനാദിനി ക്ഷേത്രാണി. തേ

കപിലാ, പിംഗലാ, ശംഖമുഖീ, മൂഷികാ, പുണ്ഡരീകമുഖീ, സാവരികാ എന്നീ ആറെണ്ണം വിഷമില്ലാത്ത അട്ടകളുടെ പേരാകുന്നു.

അവയിൽവച്ചു കപിലാ, രണ്ടുപുറത്തും (പാർശ്വങ്ങളിലും) മൺയോല അരച്ചുതേച്ചപോലെയും പൃഷ്ഠത്തിൽ ഒഴുകിപിരണ്ടപോലെയും ചെമപ്പയറിന്റെ നിറത്തോടുകൂടിയും ഇരിക്കും. കറുത്തനിറത്തോടുകൂടിയതും ദേഹം ഉരുണ്ടുകൊണ്ടിരിക്കുന്നതും സ്വർണ്ണവർണ്ണത്തോടുകൂടിയതും അരിവേഗത്തിൽ സഞ്ചരിക്കുന്നതുമായ അട്ടയ്ക്കു പിംഗലയെന്നു പേരാകുന്നു. യകൃത്തിന്റെനിറമായതിരി കരിഞ്ഞുപുവർണ്ണവും വേഗത്തിൽ രക്തം കുടിക്കുന്ന സ്വഭാവവും വീളത്തിൽ കുറുകിയുണ്ടിരിക്കുന്ന മുഖവുമുള്ള ജാതിക്കു ശംഖമുഖീ എന്നുപേർ പറയപ്പെടുന്നു. എലിവാലുപോലെ ആകൃതിയും നിറവും ഇരുണ്ടുവുള്ള അട്ട, മൂഷികയാകുന്നു. ചെമപ്പയറിന്റെ നിറംപോലുള്ള നിറവുള്ളതും വെള്ളത്താമരയുടെമാതിരി മുഖവുള്ളതുമായ അട്ടയാകുന്നു പുണ്ഡരീകമുഖീ. മെഴുക്കുപിരണ്ടപോലെയിരിക്കുന്നതും താമരയിലയുടെ നിറമുള്ളതും പതിനെട്ടുവിരൽ നീളമുള്ളതുമായ അട്ടയ്ക്കാകുന്നു സാവരികാ എന്നു പേർ. ഇതുസാവരിക എന്ന അട്ടയെ താണതരം ജന്തുക്കളിൽ (പുഴുക്കളിൽ) പോരകളയാനാണ് ഉപയോഗിക്കേണ്ടതു്. ഇങ്ങിനെ വിഷമില്ലാത്ത ആറുജാതി അട്ടകളെ പറഞ്ഞു.

ഈ ജാതി അട്ടകൾ ധാരാളം കിട്ടുന്നതു യവനദേശം(Turkistan), പാണ്ഡ്യദേശം (Deccan), സാഹ്യപർവ്വതനിര വ്യാപിച്ചുകിടക്കുന്ന പ്രദേശം, പൌതനദേശം (Modern Mathura) മുതലായ രാജ്യങ്ങളിലാകുന്നു. മേൽപറഞ്ഞ ദേശങ്ങളിലെ അട്ടകൾ വിശേഷിച്ചും വിഷമില്ലാതെയും നല്ലവലുപ്പമുള്ളവയായും ദേഹം കൊഴുപ്പുമുള്ളവയായും വേഗത്തിൽ അധികം രക്തം കുടിക്കുന്നതിനു ശീലമുള്ളവയായും ഇരിക്കുന്നു. വിഷമുള്ള

ഷു മഹാശരീരാ ബലവത്യഃ ശീഘ്രപായിന്യ്യോ മഹാശനാ നിഷ്പിഷ്ടാശ്ച വിശേഷേണ ഭവന്തി. തത്ര സവിഷമത്സ്യകീടഭൂമൂത്രപുരീഷകോഥേ ജാതാഃ കലുഷിഷ്ടപംസ്സ്വേവ സവിഷാഃ. പത്മോല്പലനളിനകുമുദസൌഗന്ധികകുവലയപുണ്ഡരീകശൈവാലകോഥജാതാ വിമലേഷ്വേവ നിഷ്വിഷാഃ. 9.

ഭവതി ചാത്ര— (ച).

ക്ഷേത്രേഷു വിഷവന്ത്യേതാഃ സലിലേഷു സുഗന്ധിഷു
ന ച സങ്കീർണ്ണചാരിണ്യോ ന ച പങ്കേശയാഃ സുഖാഃ. 10.

(ഗ). താസാം പ്രഗ്രഹണമാദ്ദ്യമ്മനാ അന്വെഷ്യ പ്രയതഃ കാര്യഃ ഗ്രഹണീയാൽ. ഉഭൈനാം നവേ മഹതി ഘടേ സരസ്യുഡുഗോപകപങ്കമാവാപ്യ നിദധ്യാൽ. ക്ഷിപ്രമേവ ചാസാമുപഹരേച്ഛൈവലം വല്ലൂരമൌദകോശീര കന്ദാംശ്ചൂർണ്ണീകൃത്യ ശയ്യാർത്ഥം തൃണമൌദകാനി ച പത്രാണി ദദ്യാദാത്രഹാച്ചാന്യജ്ജലം ക്ഷിപ്രഞ്ച ഭദ്യാൽ. സപ്തരാത്രാത്സപ്തരാത്രാച്ച ഘടമന്യം സംക്രാമയേൽ. 11.

മത്സ്യങ്ങൾ, പുഴുക്കൾ, തവളകൾ ഇവയുടെ മൂത്രത്തിലും മലത്തിലും അവയുടെ ദേഹം അഴിഞ്ഞുചേർന്ന വെള്ളത്തിലും ഉണ്ടായവയായും കലങ്ങിയവെള്ളത്തിൽ ജനിച്ചവയായുമിരിക്കുന്ന അട്ടകൾക്കു വിഷമുണ്ടായിരിക്കും. താമരപ്പൂവ്, ചെങ്കഴിനീർപ്പൂവ്, ചെന്താമരപ്പൂ, ആമ്പൽപ്പൂവ്, കരിങ്കുവളപ്പൂവ്, കഴിതാളച്ചുണ്ട (ശൈവാലം) എന്നിവയിൽ നല്ല പദാർത്ഥങ്ങൾ അഴിഞ്ഞുചേർന്നിട്ടുള്ളവയിൽനിന്നുണ്ടായവയും നിർമ്മലജലങ്ങളിലുണ്ടായവയുമായ അട്ടകൾ വിഷമില്ലാത്തവയാകുന്നു. 9.

നല്ല സുഗന്ധമുള്ളവെള്ളത്തിൽ സഞ്ചരിക്കയും വിഷവീര്യമില്ലാത്ത സാധനങ്ങളെ അനുഭവിക്കയും ദേഹത്തിൽ കിടക്കാതിരിക്കയും ചെയ്യുന്ന അട്ടകൾ വിഷമില്ലാത്തവയും ശോരകളയാനായി ദേഹത്തിൽ പിടിപ്പിക്കുന്നതിനു നല്ല സൌകര്യമുള്ളവയുമാകുന്നു. 10.

നനഞ്ഞ തോലിലാക്കിട്ടോ മറ്റു വല്ല വിധത്തിലോ ആണ് അട്ടയെ പിടിക്കേണ്ടതു്. അതിനു് ഒരു വലിയ പുതിയ കുടത്തിൽ നദീകളിലേയോ തടാകങ്ങളിലേയും വെള്ളവും കുറെ മണ്ണിയും ചേർത്തിളക്കി അതിൽ ഇട്ടു വെക്കണം. ഈ അട്ടകൾക്കു ഭക്ഷണത്തിനായി ചണ്ടിയും ഉണങ്ങിയ മാംസത്തിന്റെ പൊടിയും വെള്ളത്തിലുണ്ടാകുന്ന കിഴങ്ങുകളുടെ പൊടിയും അട്ടകൾക്കു കിടക്കുന്നതിനായി വല്ലികളും വെള്ളത്തിലുണ്ടാകുന്ന ചെടികളുടെ ഇലകളും ആ കുടത്തിൽ ഇടണം. രണ്ടും മൂന്നും ദിവസങ്ങൾ കൂടുമ്പോൾ വെള്ളവും മേൽപറഞ്ഞ ഭക്ഷണസാധനങ്ങളും മാറിയിടണം. ഏഴേഴുദിവസം കൂടുമ്പോൾ പാത്രവും മാറണം.

ഭവതി ചാത്ര—(ച).

സ്ഥൂലമല്ല്യാഃ പരിക്ലിഷ്ടാഃ പൃഥഗ്ഭൂതാ മനാവിലാഃ
അഗ്രാഹിണ്യ ല്പവായിന്യഃ സവിഷാശ്ചാ നപൂജിതാഃ. 12.

(ഗ). അഥ ജലൗകാവചാരകസാധ്യവ്യാധിമുപവേശ്യ സംവേശ്യ വാ വിത്രുക്ഷ്യ ചാസ്യ തമവകാശം മൃഗോമയചൂർണ്ണൈർവ്വ്രണം സ്യാൽ. ഗൃഹിതാശ്ചതാഃ സർഷപരജനീകല്ക്കോപ്രഭിശ്ചഗാത്രീഃ

ഇടവണ്ണം അധികമുള്ളവയും ക്ഷീണിച്ചിരിക്കുന്നവയും വള്ളരെ വലിപ്പമുള്ളവയും വേഗത്തിൽ ഇളകാൻ വയ്യാത്തവയും ദേഹത്തിൽ പിടിക്കാത്തവയും അല്പംമാത്രം രക്തം കുടിക്കുന്നവയും വിഷമുള്ളവയുമായ അട്ടകൾ ചോരകളയുന്ന ആവശ്യത്തിലേക്ക് പറഞ്ഞവയത്രെ. 12.

അട്ട പിടിപ്പിച്ച ചോരകളഞ്ഞാൽ മാറുന്ന രോഗമുള്ളവനെ ഇരുത്തുകയോ കിടത്തുകയോ ചെയ്തതിനുശേഷം അട്ടപിടിപ്പിക്കുന്ന സ്ഥലത്തു മുമ്പ് വേദനയില്ലാത്തപക്ഷം മണ്ണും (പുറവാണ്ണും) പാണകവരട്ടിയും പൊടിച്ചിട്ടു വിതറി വറുത്തുണങ്ങുകതീക്കണം* അട്ടകളെ പാത്രത്തിൽ നിന്നെടുത്തു കടുക്കുവരട്ടുമഞ്ഞളും ഇവ വെള്ളത്തിലരച്ചു മേൽതേച്ചു വേറെ ഒരു പാത്രത്തിൽ വെള്ളം നിറച്ചു കുറച്ചുനേരം അതിലിട്ടു വെച്ചു അവയുടെ ക്ഷീണം തീർന്നു എന്നുകണ്ടാൽ പിടിച്ചു രോഗസ്ഥലത്തു കടിപ്പിക്കണം. നേരിയ വെളുത്ത പഞ്ഞിയോ (പിഞ്ഞു) വസ്ത്രമോ (പ്രോതം) വെള്ളത്തിൽ നനച്ചു അട്ടയുടെ മേലെ മൂടിയിടിക്കണം. ആവശ്യമുള്ള സ്ഥലത്തു അട്ട കടിക്കുന്നില്ലെന്നുകണ്ടാൽ ആ സ്ഥലത്തു പാൽ ഒറ്റിക്കുകയോ ചോരത്തുള്ളിതൊടിക്കുകയോ ചെയ്യണം. അഥവാ ആ സ്ഥലത്തു ശസ്ത്രംകൊണ്ടു കുത്തി അല്പം ചോര പൊടിക്കുന്നതും നല്ലതാണ്. ഈ കൌശലങ്ങൾകൊണ്ടൊന്നും അട്ടകടിക്കാതെയാണിരിക്കുന്നതെങ്കിൽ ആ അട്ടയെ വിട്ടു വേറെ ഒന്നിനെക്കൊണ്ടു കടിപ്പിക്കണം.

കരിതിക്കുളുമ്പുപോലെ മുഖം വിരുത്തിക്കൊണ്ടും കഴുത്തു കുറെ ഉയർത്തിക്കൊണ്ടും അട്ട രോഗസ്ഥാനത്തിലിരിക്കുന്നു എന്നു കണ്ടാൽ ഉരുപ്പാടും, അതു കടിച്ചിരിക്കുന്നു എന്നു മനസ്സിലാക്കണം. അങ്ങിനെ കടിച്ചു തുടങ്ങിയാൽ നനഞ്ഞ വസ്ത്രംകൊണ്ടു മൂടി പിന്നെയും വെള്ളം ഒഴിച്ചു †നനച്ചുകൊണ്ടേ ഇരിക്കണം. അട്ട കടിച്ചു മുറിവായിൽ കുത്ത

---

* വേദനയുണ്ടെങ്കിൽ ശീലകൊണ്ടു തുടച്ചാൽ മതി.

† നനയ്ക്കേണ്ടതു് അട്ടയുടെ മുഖമൊഴിച്ചു് ബാക്കിയുള്ള സ്ഥലത്താകുന്നു.

സലിലസംകമധ്യേ മുക്ത്വാന്തരധിഷ്ഠിതാ വിശതക്ഷീരാ ജ്ഞാതപ്രാ താഭിഃ തരാം ഗ്രാഹയേൽ. സൂക്ഷ്മത്തുക്കുൾപ്പെടുപ്രാതഃപ്രച്ഛന്നാം കൃതപ്രാ മുഖപ്രാവുണ്ണയാൽ, അഗ്നിസന്ധുക്ഷീണബ്ലിന്നം ശോണിതപിണ്ഡം വാ ക്ഷീരത്തിൽ ശസ്ത്രപരിനിവർത്തിതം. യദ്വൈവമപിനഗൃഹ്ണീയാൽ രക്തമാംസം ഗ്രാഹയേൽ. യദാ ചനിവിശതേ ശ്രപുരവഭാസനം കൃതപ്രാ ഉന്നമ്യ. ചാ ത്ഥിസന്ധിതരുജാനീയാൽഗൃഹ്ണാതീതി ഗൃഹ്ണന്നീഞ്ചേദ്വാസ്രാവച്ഛന്നാം ധാ രയേത്സേചയേച്ച. ദ്രാക്ഷാ തോദകണ്ഡൂപ്രാദുർഭാതെപ്രജ്ഞാനീയാൽ ശ്രു ദ്ധിമിയമാതുര ഇതി ശ്രദ്ധാരുതാനാമഭിനന്ദയേൽ. അഥ ശോണിതാഗ മസന്ധനം മുഞ്ചൽ മുഖമസ്യാഃ സൈന്ധവപൂർണ്ണാന്ന അവകിരേത്. അഥ ചരിതാം തണ്ഡുലകണ്ഡനപ്രതിശ്ലഗാത്രീം തൈലലവണാഭ്യക്ത മുഖീം. ഗ്രാമഥസ്യാംഗ്രഹ്യാംഗ്രലീഭ്യാം ഗൃഹീത്വച്ച്ച്ച ദക്ഷിണഹസ്യാംഗ്രു ഷ്ഠാംഗ്രലീഭ്യാം ശനൈഃശനൈരനുലോമമനുമാജ്ജ്യാദേവ പദ്മാഭ്യാം ത്താവൽ യാവത്സമ്യഗ്വാന്തച്ഛിദ്രാനീതി. സമ്യഗ്വാന്തം സലിലസര കന്യസ്യാ തോക്തകാമാ സതീ ചരേൽ. യാ സീദതി നരേച്ഛിത സാ ത്തു

ലും ചെറിച്ചിലും ഉണ്ടായിത്തുടങ്ങിയാൽ ശുദ്ധരക്തത്തെയാണ് അ തു കുടിക്കുന്നതെന്നറിയണം*. അപ്പോൾ മറിപായിൽനിന്നു അട്ടയെ പേർപെടുത്തുകയും വേണം. രക്തത്തിന്റെ ഗന്ധത്തിലുള്ള പ്രിയം നിമിത്തം അട്ട, പേർപെടാതിരിക്കയാണെങ്കിൽ ഇന്തുപ്പു പൊടിച്ചു അതിന്റെ മുഖത്തു വിതറണം. അപ്പോൾ അട്ട പേർപെട്ടുവീഴും. അ തിന്റെശേഷം അതിന്മേൽ അരിപ്പൊടി വിതറുകയും ഇന്തുപ്പുപൊ ടിച്ചുകൂട്ടിയ തൈലംകൊണ്ട് അതിന്റെ മുഖത്തു തേക്കയും ചെയ്യുന്നു ശേഷം ഇടത്തെകയ്യിന്റെ പെരുവിരലും ചൂണ്ടുവിരലും കൂട്ടി അട്ടയുടെ വായിൽ അമർത്തു പിടിച്ചു വലതുകൈയിന്റെ പെരുവിര ലും ചൂണ്ടാണിവിരലും കൂട്ടിപ്പിടിച്ചു വയറൊട്ടെല്ലാതെ മേൽപ്പോട്ടി ക്കണം. ഇങ്ങിനെ ചെയ്യുമ്പോൾ അതു കുടിച്ച രക്തമെത്ര ചുവന്നിരിക്കും. നല്ല വണ്ണം ചുവന്നിട്ടു കഴിഞ്ഞു വിട്ടുപോരുള്ള ലക്ഷണം കാണുന്നവരെ മേൽപ്രകാരം ഉഴിയുകയും വേണം. പിന്നെ ദേഹത്തിനെ വിട്ടയക്കുന്നു ഒരു പാത്രത്തിൽ വെള്ളം കൊണ്ടുവന്നു അതിലിട്ടു നോക്കിയാൽ ശുദ്ധരക്തമെ ന്നു ആഗ്രഹിച്ചു അതു വെള്ളത്തിൽ അങ്ങുമിങ്ങും സഞ്ചരിക്കുന്നതു കണാം. ഈ ലക്ഷണം കൊണ്ടു ആ അട്ട മുമ്പു കുടിച്ചരക്തത്തെ നല്ലവണ്ണം ചുവന്നിട്ടു കളഞ്ഞിരിക്കുന്നു എന്നുമറിക്കാം. വെള്ളത്തിലിട്ടു

---

* അട്ടകൾ ഉഷിച്ച രക്തത്തെ മാത്രം വലിച്ചെടുക്കുന്ന സ്വഭാവമുള്ളവയാണെങ്കിലും അതു തിന്നാൽ പിന്നെ ശുദ്ധരക്തത്തേയും കുടിച്ചു എന്നുവരാം.

വ്രണന്താം പുനസ്സമ്യഗ്വാമയേൽ. ദുഷ്ടാന്തായാ വ്യാധിരസാധ്യ ഇതി മതോ നാമ ഭവതി അഥ സുഖാന്താം മൃഷ്ടവത്സന്നിദധ്യാൽ. 13

ശോണിതസ്യ ച മോക്ഷായോഗ സപേക്ഷ്യ, ജലൗകോവ്രണമുഖ നാവഘട്ടിശ്യ ശീത ദിരദ്ദിശ്യ പരിഷേചയേദ് ബഹ്വീത വാ വ്രണം കഷായമധുരസ്നിഗ്ധശീതൈശ്ച പ്രലേപൈഃ പ്രതിസാദിതി. 14

ഭവതി ചാത്ര — (പദ്യം).

ക്ഷേത്രാണി ഗ്രഹണം ജാതിഃ പ്രമാണം സാമുചാരണമ്
ജലൗകസാം ഞ്ച യഥാവ്രത്തി തത്സാധ്യാൻ സ ജയേദ്ഭിഷക്. 15

ഇതി സുശ്രുത സംഹിതായാം സൂത്രസ്ഥാനേ ജലൗകാവചാരണീയോ നാമ ത്രയോദശോധ്യായഃ.

ഒന്നാമതായി രക്തം കുടിച്ചുകൊണ്ടിരിക്കുന്ന അട്ടയെ കിടക്കയോടെങ്കിൽ ചർമ്മത്തോടുകൂടി അതിനെ പിടിച്ചെടുത്തു വിചാരിക്കണം. അതിനുശേഷം അട്ടയെ പിന്നെയും മുമ്പുണ്ടായിരുന്നതുപോലെ ചർമ്മിപ്പിക്കണം. വേണ്ടുംപോലെ ചർമ്മിക്കാതിരുന്നാൽ ആ അട്ടയ്ക്ക് "ഛർദ്ദിരോഗം" എന്നു പേരായ ഒരു വ്യാധിയുണ്ടാകും. ആ വ്യാധി അസാധ്യമാകുന്നു. നല്ലവണ്ണം ചർമ്മിപ്പിച്ചിട്ടുള്ള ആ അട്ടയെ മുമ്പുണ്ടായിരുന്നതുപോലെ പിന്നെയും സൂക്ഷിച്ചുവെക്കണം. 13

രോഗിയുടെ ദേഹത്തിൽ അട്ടകടിച്ചു സ്ഥലത്തുനിന്നു രക്തം വേണ്ടുവോളം ഒഴിഞ്ഞുപോയിട്ടുണ്ടോ ഇല്ലയോ എന്നു നോക്കിയതിനുശേഷം അവസ്ഥകണ്ടറിഞ്ഞു മുറിവായിൽ തേൻ പുരട്ടുകയോ പച്ചവെള്ളം ധാരചെയ്കയോ പാപ്പും ധൂരവും സ്നിഗ്ധതയും തണുപ്പുമുള്ള മരുന്നുകളെ വ്രണത്തിൽ വെച്ചുകെട്ടുകയോ ആവശ്യമുള്ളിടത്തു തിരുമ്മുകയോ ചെയ്യുകയുമാകുന്നു*. 14

അട്ടകളുടെ കുറ്റങ്ങളെ സ്ഥലങ്ങളെ പിടിയാണെന്നും അവയെ പിടിക്കേണ്ടതെങ്ങനെയാണെന്നും അവയുടെ ജാതിലക്ഷണങ്ങളെന്തെല്ലാമാണെന്നും അവയെ സൂക്ഷിച്ചു രക്ഷിക്കേണ്ടതെങ്ങനെയാണെന്നും അവയെക്കൊണ്ടു രോഗത്തിൽ പിടിപ്പിക്കേണ്ടതെങ്ങനെയാണെന്നും വിചാരമായറിഞ്ഞിട്ടുള്ള വൈദ്യനു് അട്ടകൊണ്ടു മാറാവുന്ന രോഗങ്ങളെ ജയിക്കുന്നതിനു പ്രയാസമില്ല. 15

ഇങ്ങിനെ സുശ്രുതസംഹിതയിൽ സൂത്രസ്ഥാനത്തിൽ ജലൗകോവചാരണീയമെന്ന പതിമൂന്നാമദ്ധ്യായം കഴിഞ്ഞു.

---

* രക്തസ്രാവം വേണ്ടുവോളമായാൽ മുറിവായിൽ ശതധൌതഘൃതം പുരട്ടുകയോ അതിൽ മുക്കിയ പഞ്ഞിവെച്ചു കെട്ടുകയോ ചെയ്യണം. ഘോരരോഗമുള്ളതിനായിട്ടില്ലാത്തപക്ഷം മുറിവായിൽ തേൻ പുരട്ടണം. രക്തം അധികമുണ്ടായിരിക്കുമ്പോൾ തണുത്തവെള്ളം കൊണ്ടു ധാരയിടണം. രക്തം കട്ടം പിടിയില്ലെങ്കിൽ (ഛർദ്ദ്യുപയോഗത്തിൽ) മധുരരസമുള്ളതും തണുത്തതുമായ പദാർത്ഥങ്ങൾകൊണ്ടു മുറിവായിൽ ലേപനമോ ധാരയോ ചെയ്യാം.

ചതുർദ്ദശോഽദ്ധ്യായഃ.

അഥാതഃ ശോണിതവർണ്ണനീയമദ്ധ്യായം വ്യാഖ്യാസ്യാമഃ.

തത്ര പാഞ്ചഭൗതികസ്യ ചതുർവ്വിധസ്യ ആഹാരസ്യ ഷഡ്രസസ്യ ദ്വിവിധവീര്യസ്യാഷ്ടവിധവീര്യസ്യ വാനേകഗുണസ്യോപയുക്തസ്യാഹാരസ്യ സമ്യക്പരിണതസ്യ യഃസ്നേഹജാഭ്രതസ്സാരഃ പരമസൂക്ഷ്മഃ സ രസസ്സ്മൃത്യ

പതിനാലാമദ്ധ്യായം.

ഇനി ശോണിതവർണ്ണനീയമെന്ന അദ്ധ്യായം പറയാം. 1

മനുഷ്യൻ കഴിക്കുന്ന ആഹാരം അഞ്ചു മൂലപദാർത്ഥങ്ങളുടെ ചേർന്നതായിരിക്കുന്നു. അവ—പൃഥിവീ, ജലം, അഗ്നി, വായു, ആകാശം എന്നീ അഞ്ചുഭൂതങ്ങൾ തന്നെ. ആഹാരദ്രവ്യം നാലുവിധ (ഭക്ഷ്യം, ലേഹ്യം, പേയം, ഭോജ്യം)മാണു്. അന്നത്തിന്റെ രസങ്ങൾ ആറു പ്രകാരം (മധുരം, പുളി മുതലായതു്) ആകുന്നു. അന്നത്തിന്റെ വീര്യം രണ്ടു് (ഉഷ്ണം, ശീതം) വിധമാണു്. വീര്യം എട്ടു വിധമാണെന്നും (ഉഷ്ണം, ശീതം, സ്നിഗ്ധം, രൂക്ഷം, വിശദം, പിച്ഛിലം, മൃദു, തീക്ഷ്ണം) ചിലർക്കു് അഭിപ്രായമുണ്ടു്. ആഹാരദ്രവ്യങ്ങളിൽ അനേകം ഗുണങ്ങളെ (ലഘു, ഗുരു മുതലായ ഇരുപതു്)യടങ്ങിയിരിക്കുന്നു. ഈവിധമെല്ലാമിരിക്കുന്ന ആഹാരം വിധിപ്രകാരം കഴിച്ചതിന്റെ ശേഷം അതു പ്രേണപോലെ ദഹിച്ചാൽ അതിൽനിന്നു് സത്തായ ഒരു വസ്തുവുണ്ടാകും; അതു് പാലിലും മറവും വ്യാപിച്ചുകിടക്കുന്ന നെയ്യുപോലെയിരിക്കുന്ന ഒന്നാണു്. ആ സാരവസ്തു വളരെ ¶ സൂക്ഷ്മമുള്ളതായിരിക്കും; ഇതിന്റെ പേരാണു് രസം (Lymph-chyle) എന്നതു്. രസത്തിന്റെ സ്ഥാനം †ഹൃദയമാകുന്നു. അതു ഹൃദയത്തിൽ നിന്നു പുറപ്പെട്ടുന്ന

¶ ഏറ്റവും നിർമ്മലമായിരിക്കുന്നതും ഏറ്റവും ചെറിയ അംശങ്ങളിലും കടക്കുവാൻ ശക്തിയുള്ളതും സൂക്ഷ്മദർശിനീയന്ത്രത്തിന്റെ സഹായംകൊണ്ടല്ലാതെ കാണാൻ തരമില്ലാത്തതുമെന്നുള്ള താൽപര്യം.

† ഇവിടെ ഹൃദയശബ്ദത്തിനു് രസാശയമെന്ന (Receptaculam-chyli)ത്രേ അർത്ഥം. ഇതു നാഭിയുടെ അടിയിൽ തണ്ടെല്ലിനോടു ചേർന്നിരിക്കുന്നു. ഹൃദയത്തിലേക്കു ചെല്ലുന്ന രക്തനാഡിയിലുള്ളിലേക്കു രസവാഹിനിയായ ഒരു വലിയ നാഡി ചെന്നു ചേരുന്നുണ്ടു്. ആ നാഡിയുടെ മുരടിൽ ഭേദത്തിന്റെ പല ഭിക്കിൽ നിന്നും രസധാതു ചെറിയ ഞരമ്പുകൾ വഴിയായി വന്നുകൂടുന്നു. ഇങ്ങിനെ കൂടുന്ന മുരടിനാണു് രസാശയമെന്ന പേർ. ഈ രസം ഇവിടെ നിന്നു തെൽപ്പെട്ടു പോയിട്ടു് ഒടുക്കം ഹൃദയത്തിൽ തന്നെയാണു് എത്തുന്നതു്. അവിടെ വെച്ചു് ഇതു രക്തമായി പരിണമിക്കുന്നു. ഹൃദയത്തോടുള്ള ഈ സംബന്ധം നിമിത്തമായിരിക്കാം രസാശയത്തിനും ആ പേരിവിടെ പറയപ്പെട്ടിരിക്കുന്നതു് (സുശ്രുതാർത്ഥസന്ദീപനഭാഷ്യം)

ച്യുതേ. തസ്യ ച പൂർവ്വമയം സ്ഥാനം സപുടയാൽ ചതുർവ്വിംശതിധമനീ രന്ധ്രപ്രവിഷ്ടാഭിരാപാദശിരോദേശം വ്യാപ്യാഗാമിന്യശ്ചതസ്രഃസ്നിഗ്ദ്ധഗുരുഃ കൃത്സ്നം ശരീരമഹരഹഃസ്നേഹയതി ക്ലേദയതി ധാരയതി യാപയതി ജീവയതി ചാദിഷ്ടഃഹേതുകേന കർമ്മണാ. തസ്യ ശരീരമനുധാവതോനുമാനാൽ ഗതിരുപലക്ഷയിതവ്യാ ക്ഷയവൃദ്ധിഭ്യാമിവേക്ഷുതോയസ്യ. തസ്മിൻ സർവ്വശരീരാവയവദോഷധാതുമലാശയാനനുസാരിണി രസഃ ജിജ്ഞാസാകിമയം സൌമ്യമൈന്ദ്രജസ ഇതി. അഃത്രോച്യതേ സ ഖലു ദ്രവാനുസാരീ സ്നേഹനകീ ചനതർപ്പണധാരണാദിഭിർവ്വിശേഷൈഃ സൌമ്യ ഇത്യവഗമ്യതേ. സ ഖലപാഃപ്യാ രസോ യകൃൽപ്ലീഹാനൌ പ്രാപ്യ രാഗമുപൈതി. 2.

ഇരുചത്തിനാലുധമനികളിൽക്കൂടി സഞ്ചരിക്കുന്നു. ഈ ധമനികൾവഴിക്കു സഞ്ചരിക്കുന്ന രസം ദേഹത്തിലെങ്ങും വ്യാപിച്ചു് എപ്പോഴും ദേഹത്തെ തൃപ്തിപ്പെടുത്തുകയും വളർത്തുകയും നിലനിർത്തുകയും ജീവിപ്പിക്കയും വ്യാപരിപ്പിക്കയും ചെയ്യുന്നു. ഇങ്ങിനെ ഈ രസത്തിന്നു ദേഹത്തെ നിലനിർത്തുന്നതിന്നുള്ള ശക്തിയുണ്ടായതെങ്ങിനെയാണെന്നും മറ്റും ആലോചിച്ചാൽ മനുഷ്യബുദ്ധിക്കു് അതു മനസ്സിലാകുന്നതല്ല. അതിന്നു് വാസനയെന്നോ അദൃഷ്ടമെന്നോ പറയുന്ന ഒരു ശക്തിയാണു് കാരണമെന്നേ പറവാൻ കഴിയൂ. ആഹാരത്തിന്റെ രസം വേണ്ടപോലെ ദേഹത്തിലില്ലെങ്കിൽ അംഗങ്ങൾ ക്ഷയിക്കയും ഉണ്ടെങ്കിൽ പുഷ്ടിപ്പെടുകയും ചെയ്യുന്നതായി കാണുന്നതുകൊണ്ടു് രസം അംഗങ്ങളിലെങ്ങും സഞ്ചരിക്കുന്ന ഒരു വസ്തുവാണെന്നു നമുക്കു ഗ്രഹിക്കാം*. 1.

ഇങ്ങിനെ ദേഹത്തിൽ സർവ്വാവയവങ്ങളിലും ദോഷങ്ങൾ, ധാതുക്കൾ, മലാശയങ്ങൾ എന്നിവയെല്ലാറ്റിലും സഞ്ചരിക്കുന്ന ആ രസം സൌമ്യ(ശീതം)മോ ഐന്ദ്രജസ(ഉഷ്ണ)മോ എന്നാണു് ഒരു സംശയമുണ്ടാകുന്നതു്. ഇതിനുത്തരം പറയാം.—രസം ഒരു ദ്രവദ്രവ്യംപോലുള്ളതാകൊണ്ടും ദേഹത്തിൽ സ്നേഹനം (മിഴുക്കുപിടിപ്പിക്കൽ) ചെയ്യുന്നതുകൊണ്ടും ദേഹത്തെ ജീവിപ്പിക്കുകയും നിലനിർത്തുകയും തൃപ്തിപ്പെടുത്തുകയും ചെയ്യുന്നവസ്തുവായിക്കൊണ്ടും അതു സൌമ്യപദാർത്ഥമാണെന്നു് ആചാര്യന്മാർ മനസ്സിലാക്കിയിരിക്കുന്നു. മേൽപറ

---

* ഇവിടെ രസം ക്ഷയിച്ചാലും വർദ്ധിച്ചാലുമുണ്ടാകുന്നവയായി ശാസ്ത്രത്തിൽ പറയപ്പെട്ടുന്ന ലക്ഷണങ്ങൾ പ്രത്യക്ഷമായി അംഗങ്ങളിൽ കാണുന്ന സമയം രസം ഉഷ്ണിച്ചതായി മനസ്സിലാക്കാം. മുൻപറഞ്ഞപ്രകാരമുള്ള ജീവനധാരണാദിലക്ഷണങ്ങൾ കണ്ടാൽ രസം ഉഷ്ണിച്ചിട്ടില്ലെന്നൂഹിക്കാമെന്നാണു് ഒല്ലനമിശ്രന്റെ വ്യാഖ്യാനത്തിലെ താൽപര്യം.

ഭവതശ്ചാത്ര— (പ).

രഞ്ജിതാസ്തേജസാ താപാഃ ശരീരസ്ഥേന ദേഹിനാമ്
അവ്യാപന്നാഃ പ്രസന്നേന രക്തമിത്യഭിധീയതേ. 3.
രസാദ്ഭവത്യസൃഗ് രക്തം രജസ്സംജ്ഞം പ്രവർതതേ
തദ്വഹ്നാൽ ദ്വാദശാദ്ധ്വം യാതി പഞ്ചാശതഃ ക്ഷയമ്. 4.
(ഗ). ആർത്തവം ശോണിതം താമ്രം യമാഗ്നിഷ്വാമീയതാദ്ഗുണ്യസ്യ
പ്രാഞ്ചോഭൗതികഞ്ചാപരേ ജീവരക്തമാഹുരാചാര്യാഃ. 5.

ത്തെ ജലത്രുപമായിരിക്കുന്ന രസം ദേഹത്തിൽ യകൃത്തിലും പ്ലീഹയിലു മെത്തുമ്പോൾ ആ രസത്തിന്നു് ഒരു ചുകപ്പുനിറമുണ്ടാകുന്നു*. 2.

"മേൽപറഞ്ഞവിധം ജലത്രുപമായി നിർദ്ദോഷമായിരിക്കുന്ന രസം ദേഹത്തിലുള്ള ദോഷമൊന്നുമില്ലാത്തതായ തേജസ്സിന്റെ സംബന്ധം കൊണ്ടു് നിറംപിടിച്ചതായിത്തീർന്നിരിക്കുമ്പോൾ ആ ചുകന്ന രസത്തെ യാണു് നാം രക്തമെന്നു പറയുന്നതു്. സ്ത്രീകൾക്കു് രണ്ടാഴ്ചസമയത്തു് പുറത്തുപോകുന്ന ആർത്തവമെന്നുപേരായ ആ രക്തവും രസത്തിൽനി ന്നുണ്ടാകുന്നതത്രെന്നു. അങ്ങിനെ ആർത്തവം പുറത്തുപുറപ്പെടുന്നതു് സ്ത്രീകൾക്കു് പന്ത്രണ്ടുവയസ്സിന്നുശേഷമാകുന്നു. ജീവകാലങ്ങളിൽ രക്തസ്രാവണമുണ്ടാകുന്നതു് അയ്മ്പതുവയസ്സിന്നുമേൽ നിന്നുപോകയും ചെയ്യും. 3-4.

സൌമ്യസ്വഭാവമായ രസത്തിൽനിന്നുണ്ടാകുന്നതാണെങ്കിലും ആർത്തവം ആഗ്നേയമാകുന്നു. ശുക്ലശോണിതങ്ങൾ സൌമ്യസ്വഭാവവും ആഗ്നേയസ്വഭാവവും കാണുന്നതുകൊണ്ടു് ആർത്തവത്തിങ്കൽ ആഗ്നേയാംശമുണ്ടെന്നുമാത്രമേ ഉദ്ദേശിച്ചിരിക്കുന്നുള്ളൂ. വേറെ ചില ആചാര്യന്മാരുടെ പക്ഷം, ആർത്തവരക്തം പഞ്ചഭൂതസ്വരൂപമായ ജീവരക്തംതന്നെ യാണെന്നാകുന്നു. 5.

---

* രസത്തിനു് ചുകപ്പുനിറം ഹൃദയത്തിൽ വെച്ചുണ്ടാകുന്നുണ്ടെങ്കിലും യകൃത്തിലും പ്ലീഹയിലുമെത്തുമ്പോൾ അതിലുമധികം ചുകപ്പുണ്ടാവുന്നുണ്ടെന്നു താൽപർയ്യമാണു്. യകൃൽപ്ലീഹകളിൽ രഞ്ജകമായ പിത്തമിരിക്കുന്നുണ്ടെന്നു മേലിൽ പറവാൻ പോകുന്നുണ്ടു്. രസത്തിന്റെ ഒരംശം ഹൃദയത്തിൽവെച്ചു രക്തമായി തീർന്നിട്ടു് ദേഹത്തിൽ സഞ്ചരിക്കുന്നു; ഒരംശം യകൃൽപ്ലീഹകളിൽ വെച്ചു് മേൽപ്രകാരം രക്തമായിത്തീരുന്നു എന്നും പറയപ്പെട്ടുന്നു.

§ ഇതുവാകുന്നതു പന്ത്രണ്ടു വയസ്സിന്നു മേലായുണ്ടെന്നും അയ്മ്പതു വയസ്സിന്നു മേൽ അതുനിന്നു പോകുമെന്നും പറഞ്ഞതു അധികം ഉഷ്ണവും അധികം ശീതവുമല്ലാത്ത പ്രദേശങ്ങളിൽ താമസിക്കുന്നവർക്കാണു്. ദേശത്തിന്റേയുംമറ്റും ശീതോഷ്ണസ്ഥിതിഭേദനിമിത്തം ഈ നിയമത്തിന്നു മാറ്റം വരാവുന്നതത്രെ.

|| ശുക്ലം സൌമ്യവും ആർത്തവം ആഗ്നേയവുമാകുന്നു. ശുക്ലത്തിങ്കലുള്ള സൌമ്യസ്വഭാവം (മധുരം, സ്നിഗ്ധം മുതലായ ശ്ലേഷ്മധർമ്മം) പുരുഷശുക്ലത്തിന്റെ വകയും

(പ). വിസ്രം ദ്രവം രാഗീ സ്യന്ദനം ലർത്തുരം.
ഭ്രൂമ്യാദീനാം ഗുണാ മേന്ദ്രതേ ദ്രവ്യേ ചാത്ര ശേഷം.
രസാദ്രക്തം തതോ മാംസം മാംസാന്മേദഃ പ്രജായതേ
മേദഃ സന്ധി തതോ മജ്ജാ മജ്ഞഃ ശുക്രസ്യ സംഭവഃ. 7.
(ശ). തതെതേഷാം സപ്ത ധാതൂനാമന്ന പാനരസഃ പ്രീണ യിതാ. 8.

രക്തം കിഴൽനാറ(വിസ്രം)മുള്ളതായും ദ്രവസ്വഭാവമായും ചുപ്പുള്ളതായും കവനാശകതിയുള്ളതായും *ഘനംകുറഞ്ഞവസ്തുവായുമിരിക്കുന്നു. മേൽപറഞ്ഞ ഗുണങ്ങൾ ക്രമേണ ഭൂമി, ജലം, അഗ്നി, വായു, ആകാശം എിന്നീ പഞ്ചഭൂതങ്ങൾ കൊള്ളുതാകുന്നു. 6.

രസത്തിൽനിന്നു രക്തവും അതിൽനിന്നു മാംസവും അതിൽനിന്നു മേദസ്സും മേദസ്സിൽനിന്നു് അസ്ഥിയും അസ്ഥിയിൽനിന്നു മജ്ജയും അതിൽനിന്നു് ശുക്ലവും ഉണ്ടാകുന്നു. 7.

മേൽപറഞ്ഞ ധാതുക്കൾക്കെല്ലാം ബലമുണ്ടാക്കി, നന്നാക്കിവച്ചുകൊണ്ടിരിക്കുന്നതു്, അന്നപാനങ്ങൾ ദഹിച്ചാൽ അതിൽനിന്നുണ്ടാകുന്ന ദ്രവരസമാകുന്നു. 8.

ആദ്യനായ സ്വഭാവം (ഉഷ്ണം, പ്രകാശം മുതലായ പരിത്യക്തധർമ്മം) സ്ത്രീരക്തത്തിനുമുണ്ടു് വ്യത്യാസമാകുന്നു. സാധാരണ രക്തത്തിനുള്ള ഈ പറഞ്ഞ രണ്ടുവിധം സ്വഭാവവുമുണ്ടായിരിക്കണം. ആർത്തവരക്തത്തിൽ ആദ്യത്തെ സ്വഭാവം മാത്രമേ ഉള്ളു. ഇതാണു് ഇവ രണ്ടിനുമുള്ള പ്രധാന വ്യത്യാസം. ഗർഭമുണ്ടാകുന്നതു് ഈ ആർത്തവത്തിൽ നിന്നല്ലെന്നും പുരുഷശുക്ലം പോലിരിക്കുന്ന മറ്റൊരു വസ്തുവാണു് സ്ത്രീകളുടെ ഗർഭോൽപത്തിക്കു ബീജമായിട്ടുള്ളതെന്നും മേലിൽ പറവാൻ പോകുന്നതുകൊണ്ടല്ലോ. അപ്പോൾ മേൽപറഞ്ഞപ്രകാരം ഗർഭത്തിനുള്ള ആദ്യത്തെ സ്വഭാവം കണ്ടിട്ടു് ആർത്തവം ആദ്യത്തേതാണെന്നുറപ്പിക്കുന്നതിനു് യുക്തിയില്ലെന്നുള്ള വാദമുണ്ടാകാം. ഗർഭോൽപത്തി സമയത്തെ സൂചിപ്പിക്കുന്നതാണു് ഇവിടെ പറഞ്ഞിട്ടുള്ള ആർത്തവം. ഈ ഗർഭോൽപത്തിക്കു കാരണഭൂതമായ ബീജസ്വഭാവമുള്ള ആർത്തവത്തിനുമാത്രമേ പ്രത്യേകം സംബന്ധപ്പെടുത്തി ഒന്നാണെന്നുറപ്പാക്കാം. ബീജരൂപമായ ആർത്തവത്തിനുള്ള ആദ്യത്തെ സ്വഭാവം ഇതിനുമുണ്ടെന്നു നിശ്ചയിച്ചിട്ടുള്ളതു് ഈ രണ്ടുകൊണ്ടാണു്. ദൈവ്യതയും ആദ്യത്തെയും രണ്ടുമുള്ള രസധാതുവിൽനിന്നുണ്ടാകുന്ന ആർത്തവം കേവലം ആദ്യത്തെയുമായിരിക്കുമെന്നുവെങ്കിലോയെന്നാൽ, പരിണാമശക്തിക്കു് ഒരു നിയമമില്ലെന്നും ദ്രവസ്വഭാവമായ രക്തം ഉറച്ചുള്ള മാംസമായി പരിണമിക്കുംപോലെ ഇതും സംഭവിക്കയാണെന്നും മാത്രമെ സമാധാനമുള്ളു.

* സാധാരണ ദ്രവദ്രവ്യങ്ങൾക്കുള്ളതിനെക്കാൾ രക്തത്തിനില്ലെന്നാണിവിടെ ഘനം. രക്തം ഘനം തീരെയില്ലാത്ത ഒന്നല്ല. "ശോണിതം ഗുരു വിസ്രം സ്യാൽ" എന്നുമാത്രമേ പറവാൻ പോകുന്നുള്ളു.

§ രസധാതു മുതൽക്കു് ശുക്ലംവരെയുള്ള സകലധാതുക്കളിലേയ്ക്കും പുഷ്ടിപ്പെടുത്തുന്നതു് അന്നരസമാണെന്നിവിടെ പറഞ്ഞതിൽനിന്നു് അന്നരസം രസധാതുവായിട്ടു് ലിംഫ് വൈൽ (Lymph-Cuyle) എന്നു പറയപ്പെടുന്ന അന്നരസത്തെത്തന്നെയാണെന്നു പറയുന്നതു യുക്തമല്ലെന്നും വരുന്നുണ്ടു്. ഗ്രന്ഥാൽ സൂക്ഷ്മാംശത്തിൽ ഈ

രസാദയോ ധാതവഃ തേഷാം രസഃ പ്രഥമഃ
ധാത്രീനി കലാസഹസ്രാണി പഞ്ചദശ ച കലാ വൈ കേ

"രസ്" എന്ന് ധാതുവിനു് 'പോക' വു,ന്നത്രേ. എപ്പോഴും സഞ്ചരിച്ചുകൊണ്ടേ ഇരിക്കുന്ന വസ്തുവാകയാൽ ഇതിനു രസമെന്നുള്ള പേരു് സിദ്ധിച്ചു. ഉച്ചായിരുന്നിട്ടു രണ്ടു കലാനേരം (ഇപ്പോഴത്തെ കണക്കുപ്രകാരം* അഞ്ചുദിവസം) ഈ രസം ബാധിയുള്ള ഓരോ ധാതുക്കളിലും താമസിക്കുന്നു. അങ്ങിനെ ആറു ധാതുക്കളിലും സ

രണ്ടും ഒന്നായുന്നു. ആഹാരം ചെന്നു പാകംവരുന്ന സ്ഥലമായ കുടലിൽ, കിടക്കുന്ന സമയത്തു് അന്നരസമെന്നും അതിനുശേഷം രസവാഹിനികളായ നാഡികളിൽ (Lymphatic Vessals) കൂടി സഞ്ചരിക്കുന്ന സമയത്തു് അയിനൊന്നെ രസധാതുവെന്നും പറയുകയാണു്. സർവ്വശരീരവ്യാപിയായ രസധാതുവിനു് പുഷ്ടിയുണ്ടാകണമെങ്കിൽ വേണ്ടപോലെ ആഹാരത്തിൽനിന്നു രസം ഉണ്ടായിക്കൊണ്ടിരിക്കണമല്ലൊ. "പുഷ്ണന്തി ത്വാഹാര രസാശ്രസ്ഥിരമാംസമേദോസ്ഥിമജ്ജശുക്ലൌജാംസി" എന്നുള്ള വചനവുമുണ്ടു്. അന്നരസത്തിനു ജഠരാഗ്നിസംബന്ധത്താൽ പാകമുണ്ടാകുമ്പോൾ ഖാദിൽനിന്നു കഫമുണ്ടാകുന്നു. ഇതു അന്നരസത്തിന്റെ മലമാകുന്നു. പിന്നെ ശേഷിച്ചിട്ടുള്ളതിന്റെ സാരാംശം രണ്ടായി പിരിയുന്നു. അതിൽ സ്ഥൂലമായ ഒരംശം രസധാതുവിലും സൂക്ഷ്മമായ രണ്ടുപ്രകാരം അംശം രക്തവുമായിച്ചേരുന്നു. രക്തത്തിൽനിന്നു പ്രോട്ടോപ്ലാസ്മിക് (Protoplasmic Fiber)യുടെ പാകംനിമിത്തം മേൽപ്രകാരം പിത്തമെന്നുള്ള മലമുണ്ടാകുന്നു. സാരാംശങ്ങളിൽ സ്ഥൂലഭാഗം രക്തമായും സൂക്ഷ്മഭാഗം മാംസവുമായിരിക്കുന്നു. ഇങ്ങിനെ മാംസം മുതലായ മറ്റു ധാതുക്കളിലും മലമെന്നും സാരമെന്നും ഒന്നാമതായി രണ്ടു വിഭാഗവും സാരാംശത്തിനു പിന്നെ സ്ഥൂലമെന്നും സൂക്ഷ്മമെന്നും രണ്ടുവിഭാഗവുമുണ്ടാകുന്നു. അതിൽ സൂക്ഷ്മസാരാംശം പിന്നെത്തെ ധാതുവായി പരിണമിക്കയാണു്. മാംസത്തിന്റെ മലം കണ്ണു്, മൂക്കു് മുതലായതിൽ കണ്ടുവരുന്ന മലമത്രെ. മേദസ്സിന്റെ മലം വിയർപ്പും അസ്ഥിയുടെ മലം രോമവും മജ്ജയുടെ മലം അപ്പിക്കിലുമറ്റും കാണുന്ന ചെഴുക്കുമാകുന്നു. മജ്ജയിൽ നിന്നുണ്ടാകുന്ന ശുക്ലത്തിനു മലമില്ല; അതു മുഴുവനും സാരവുമായുവരുന്നു; അതിന്റെ സ്ഥൂലഭാഗം ശുക്ലവുമെന്നു; സൂക്ഷ്മഭാഗം ഓജസ്സുമാകുന്നു. ഇങ്ങിനെയാണു അന്നരസത്തിൽനിന്നു രസാദിധാതുക്കളുടെയും മറ്റും ഉൽഭവക്രമം. ഒരു ധാതു മറ്റൊരു ധാതുവിനെ ഉണ്ടാകുന്നുവെന്നു പറഞ്ഞതിനും പുഷ്ടിപ്പെടുത്തുന്നുവെന്നുള്ള താൽപര്യമുള്ളു. ഗർഭത്തിൽതന്നെ ധാതുക്കളുടെ ഉൽഭവം കഴിഞ്ഞിട്ടുണ്ടല്ലൊ.

* "ഷഡ്ഭിഃ കേചിദഹോരാത്രൈരിച്ഛന്തി പരിവത്സരം;" എന്നും മറ്റുമുള്ള വചനത്തിൽ, ആറു ദിവസംകൊണ്ടാണു് ഒരോ ധാതുക്കളായി പരിണമിക്കുന്നതെന്നു കാണുന്നുണ്ടു്. അതഞ്ചു ദിവസം ഒരു ധാതുവിൽ ഇരിക്കയും ആറാംദിവസം മറ്റതിലേക്കു കടക്കയും ചെയ്യുന്നുവെന്നുള്ള അഭിപ്രായത്തോടു കൂടിയുവാക്യമാണെന്നു തോന്നുകയില്ല.

സ്മിൻ ധാതാവവതിഷ്ഠതേ. ഏവം മാസേന രസഃ ശുക്രീഭവതി സ്ത്രീ ണാഞ്ചാർത്തവമിതി. 9.

ഭവതി ചാത്ര—(പ).

അഷ്ടാദശ സഹസ്രാണി സംഖ്യാ യസ്മിൻ സമുച്ചയേ
കലാനാം നവതിഃ പ്രോക്താ സപ്തന്ത്രപരതന്ത്രയോഃ. 10.

(ഗ). സ ശബ്ദാച്ചിഞ്ജലസന്താനവദണുനാ വിശേഷേണാനുധാവത്യവം ശരീരം കേവലമ്. വാജീകരണ്യൈഃസൂപാഷധയഃ സപ്രബലശുക്രോപാൽ കൃഷ്ട ദിരേചനവദുപയുക്താഃ ശുക്രം ശീഘ്രം വിരേചയന്തി. 11.

ഞ്ചരിച്ച് ഒരുമാസംകൊണ്ട് ശുക്ലമായി—സ്ത്രീകൾക്കാണെങ്കിൽ *ആർത്തവമായി—പരിണമിക്കുന്നു. 9.

"ഈ ഗ്രന്ഥത്തിലും, പ്രമാണപ്പെട്ടവയായ മറ്റു ഗ്രന്ഥങ്ങളിലും, പതിനെണ്ണായിരത്തിത്തൊണ്ണൂറ് കലകൾകൂടിയാൽ ഒരു മാസമായി എന്നാണ് നിശ്ചയിക്കപ്പെട്ടിരിക്കുന്നത്". 10.

സാധാരണയായി നാം ശബ്ദിക്കുമ്പോൾ ആ ശബ്ദം മറ്റൊരു സ്ഥലത്തേക്കു വ്യാപിക്കുന്നതെങ്ങിനെയോ അങ്ങിനെയും, അഗ്നിയുടേയും മറ്റും പ്രകാശം ഒരു ദിക്കിൽനിന്നു മറ്റൊരുദിക്കിലേക്ക് വ്യാപിക്കുന്ന (മേൽപ്പെട്ട്) വിധത്തിലും, വെള്ളം ഒരേടത്തുനിന്ന് മറ്റൊരേട

---

* ഇവിടെ ആർത്തവശബ്ദത്തെ സാധാരണ ഋതുകാലങ്ങളിൽ പുറത്തു പോകുന്ന രക്തമെന്നർത്ഥമല്ല. ഈ രക്തം രസത്തിൽ നിന്നുണ്ടാകുന്നതാണെന്നു മുമ്പു പറഞ്ഞിട്ടുണ്ട്. ഇവിടെയുള്ള ആർത്തവം ഒരു മാസംകൊണ്ടുണ്ടാകുന്നതും ഗർഭധാരണയോഗ്യവുമായ ഒരു വസ്തുവാണ്. ഈ വസ്തുവിനെ ശുക്ലം എന്നുതന്നെ ചിലർ പേർ കൊടുത്തിട്ടുണ്ട്. പുരുഷശുക്ലത്തിൽനിന്നു വ്യത്യാസപ്പെടുത്തി ഗ്രഹിപ്പിക്കാൻ വേണ്ടിയാണ് ഇതിനെ ആർത്തവമെന്നു പറയുന്നത്. ഋതുകാലത്തിൽ പുറത്തു വരുന്ന രക്തത്തോടു ഈ സ്ത്രീശുക്ലത്തിനു സ്ഥാനസാദൃശ്യം മുതലായതിനെ കല്പിച്ചിട്ടും ഈ ആർത്തവസംജ്ഞയ്ക്കു ഔപചാര്യം നിർണ്ണയിക്കുന്നതിനു വിരോധമില്ല. പുതിയ ശരീരശാസ്ത്രകാരന്മാരുടെ സിദ്ധാന്തം, ആർത്തവം ഗർഭധാനത്തിനാവശ്യമുള്ള വസ്തുവല്ലെന്നാണ്. അതിനു "ഓവം" (Ovum) എന്നൊരു വസ്തു വേറെയുണ്ട്; ഈ വസ്തുവിനാണ് സ്ത്രീകളുടെ ശുക്ലമെന്നു പേരുള്ളതു്. "യദാ നാഡ്യാവുപേയാതാം വൃഷണാവന്യൊന്യ കഞ്ചന മുഞ്ചന്തൌ ശുക്ലമന്യോന്യം വിശന്തിസൂത്ര ജായതേ". ഇത്യാദിസുശ്രുതവചനം കൊണ്ടുതന്നെ സ്ത്രീകൾക്കു ശുക്ലമെന്നൊരു പദാർത്ഥമുണ്ടെന്നു തെളിയുന്നുണ്ട്. "ശുക്ലാപ്ലുതാൽ ബലാ സ്ത്രീണാമല്പം" എന്നു തന്ത്രാന്തരവചനവുമുണ്ട്. പുരുഷനാരക്കാൾ സ്ത്രീശുക്ലം അളവിൽ കുറച്ചു ഇരിക്കയുള്ളു എന്നൊരു വ്യത്യാസമുണ്ടെന്നതൊഴിച്ചാൽ സ്ത്രീകൾക്കു രസത്തിൽനിന്നു നേരിട്ടു ഋതുരക്തമുണ്ടാകുന്നു എന്നും അതുതന്നെ രക്തമായി, മാംസമായി അങ്ങിനെ ക്രമത്തിൽ പിന്നെ ശുക്ലമായി പരിണമിക്കുന്നുണ്ടെന്നും വന്നു കൂടുന്നു. രസത്തിൽ നിന്നു ഏഴാം ദിവസമാണ് ഋതുരക്തമുണ്ടാകുന്നതെന്നും പക്ഷമുണ്ട്.

യഥാ ഹി പുഷ്പേഷുകുളസ്ഥോ ഗന്ധോ ന ശക്യതിഹാസ്തീതി വക്തും നൈവ നാസ്തീത്യഥ ചാസ്തി സതാം ഭാവാനാമഭിവ്യക്തിരിതി കൃത്വാ കേവലം ഔസൗക്ഷ്മ്യാന്നാഭിവ്യജ്യതേ, സ ഏവ ഗന്ധോ വിവൃതപത്രകേസരൈഃ കാലാന്തരണാഭിവ്യക്തിം ഗച്ഛതി; ഏവം ബാലാനാമപി വയഃപരിണാമാൽ ശുക്രപ്രാദുർഭാവോ ഭവതി രോമരാജ്യാദയശ്ചാത്രാവാ

ത്തേക്ക് (കീഴ്പ്പോട്ട്) പെല്ലുന്നമാതിരിയിലും, മേൽപറഞ്ഞ രസം ഭേദത്തിലെങ്കും $ വ്യാപിക്കുന്നു.

ഒരു മാസംകൊണ്ട് മേൽപറഞ്ഞ വിധത്തിൽ രസം ശുക്ലമായിത്തീരുന്നതെങ്കിൽ പിന്നെ വാജീകരണൌഷധങ്ങളെ(ശുക്ലസ്രോതസ്സുകളെ ബലപ്പെടുത്തുന്നതു്)ക്കൊണ്ടുള്ള പ്രയോജനമെന്തെന്നാൽ, വിരേചനൌഷധങ്ങൾ വേഗത്തിൽ കുടലിലുള്ള പദാർത്ഥങ്ങളെ ഇളക്കിക്കളയുന്നതുപോലെ വാജീകരണൌഷധങ്ങൾ അവയുടെ പ്രഭാവം കൊണ്ടും വീര്യംകൊണ്ടും വേഗത്തിൽ രസത്തിൽനിന്ന് ശുക്ലത്തെ ഉണ്ടാക്കിത്തീർക്കുന്നു*.

11

കുട്ടികളുടെ ശരീരത്തിൽ ശുക്ലം കാണുന്നില്ല; അതിന്നു കാരണമെന്തെന്നു സംശയമുണ്ടാകാനിടയുണ്ടു്. എന്നാൽ ഒരു പൂമൊട്ടിലുള്ള ഗന്ധം ഒരിക്കൽ അതിലുണ്ടെന്നു പറവാനൊ അഥവാ തീരെ ഇല്ലെന്നു പറവാനൊ നമുക്കു സാധിക്കുന്നില്ല. അതു് തൽക്കാലം നമ്മുടെ ഘ്രാണേന്ദ്രിയത്തിന്നു് വിഷയമാകുന്നില്ലെന്നേ ഉള്ളൂ. എന്നാൽ അതു പുഷ്പമായിത്തീർന്നാൽ പിന്നെ അതിലെ വാസനയെ നാം അറിയു

$ ശബ്ദം അതിവേഗത്തിലും പ്രജ അതിൽ താണവേഗത്തിലും വെള്ളം അതിലും താണവേഗത്തിലും വ്യാപിക്കുന്നതെങ്ങിനെയൊ അങ്ങിനെതന്നെ രസവ്യാപ്തിയുടെ വേഗവും അല്പാല്പവ്യത്യാസത്തോടുകൂടിയിരിക്കുന്നതാണെന്നു ഗ്രഹിക്കേണ്ടതുണ്ടു്. രസം സഞ്ചരിക്കുന്നതിങ്ങിനെ വ്യത്യാസപ്പെട്ട രീതിയിലാണെങ്കിൽ അഞ്ചു ദിവസംകൊണ്ടു് ഒരോ ധാതുക്കളെക്കടക്കുന്നുവെന്നു പറഞ്ഞ കണക്കിന്നതിരുവെന്താണു്. അതു രസം സാവധാനത്തിൽ സഞ്ചരിക്കുന്നതായാലുള്ള സമയനിർണ്ണയമാണു്? വേഗത്തിലായാൽ അതിലും കുറഞ്ഞ കാലംകൊണ്ടു രസം അംഗങ്ങളിൽ സഞ്ചരിക്കും. ഈ വ്യത്യാസങ്ങൾ കാലദേശപ്രകൃതിഭേദത്താൽ സംഭവിക്കുന്നവയാണു്. ഏതു പക്വക്കെയായാലും അഞ്ചു ദിവസത്തിലധികം വേണ്ട. "ശോണിതത്വം തൃതീയേഹ്നി ചതുർത്ഥേ മാംസതാമിയാൽ" എന്നതുമറ്റുമുള്ള വചനങ്ങളിൽ മൂന്നാം ദിവസവും മറ്റും രസം മറ്റൊരു ധാതുവിലേക്കു കടക്കുന്നുവെന്നു പറഞ്ഞിട്ടുണ്ടു്.

* പ്രഭാവംകൊണ്ടും ഗുണംകൊണ്ടും ഔഷധങ്ങൾ ശുക്ലത്തെ മാത്രമല്ല, ബലത്തെ ഓജസ്സുപുഷ്ടിയെയും മറ്റും വേഗത്തിലുണ്ടാക്കിത്തീർക്കുന്നുണ്ടെന്നു കാണിക്കാനാണു്. ഔഷധയെ" എന്ന ബഹുവചനം ചെച്ചതെന്നും "വാജീകരണൌഷധം മുതലായവ" എന്നർത്ഥമാണെന്നും ഡല്ഹനമിശ്രൻ പറയുന്നു.

യശ്ച വിശേഷാഃ, നാരീണാം രജസിഷോപചീയമാനേ ശനൈശ്ച നൈഃ സുനഗർഭാശയയോന്യഭിവൃദ്ധിർഭവതി. 12

സ ഖ്വിയാനന്തരസോ വൃദ്ധാനാം ജരാപരിപക്വശരീരതയാന പ്രീണനോ ഭവതി. ത ഖ്വിമേ ശരീരധാരണാദ്ധാതവ ഇത്യുച്യന്തേ. തേഷാം ക്ഷയവൃദ്ധി ശോണിതനിമിത്തം, തസ്മാത്തദധികൃത്യവക്ഷ്യാമഃ. 13

നം. അതുകൊണ്ട് ആദ്യംതന്നെ ആ ഗന്ധം പുഷ്പമാട്ടിങ്കൽ നമുക്കറിവാൻ പാടില്ലാത്തവിധം സൂക്ഷ്മമായി ലയിച്ചിരുന്നുവെന്നൂഹിക്കണം. ഇതുപ്രകാരം യൌവനത്തിൽ വ്യക്തമായിക്കാണുന്നതായ ശുക്ലം ആ ശരീരത്തിൽ ബാല്യകാലത്തും സൂക്ഷ്മമായി ലയിച്ചുകിടന്നിരുന്നു എന്നൂഹിക്കേണ്ടതാണ്. ഇതുപോലെതന്നെ (സ്ത്രീകൾക്ക്) രോമാവലി, ആർത്തവം മുതലായവയും ബാല്യത്തിങ്കൽ ദേഹത്തിൽ ലയിച്ചുകിടക്കുന്നുണ്ട്. *സ്ത്രീകൾക്ക് ആർത്തവം വർദ്ധിക്കുന്തോറും ക്രമത്തിൽ കുചങ്ങൾ രച്ചായി സ്തനങ്ങൾ, ഗർഭാശയം, യോനി എന്നീ ഭാഗങ്ങളും വളർന്നുതുടങ്ങുന്നു. 12

ആ അന്നരസംതന്നെ വാർദ്ധക്യകാലത്തിൽ ജരകൊണ്ട് ദേഹം നന്നെ മൂത്തു പാകം വന്നുപായുന്നതുകൊണ്ട് ദേഹത്തിന്നു് അധികം ബലമുണ്ടാകിത്തീർക്കുന്നതായിരിക്കയില്ല. മേൽപറഞ്ഞ രസം മുതലായ (രക്തം, മാംസം മുതലായവ) പദാർത്ഥങ്ങൾ ദേഹത്തെ നിലനിർത്തിക്കൊണ്ട് (ധാരണം ചെയ്തു്) ഇരിക്കുന്നു; അതുനിമിത്തം അതുകൾക്ക് ധാതുക്കളെന്നുള്ള പേർ നിശ്ചയിച്ചിരിക്കുന്നു†. ഈ ധാതുക്കളുടെ ക്ഷയവും വർദ്ധനയും രക്തത്തിന്റെ ക്ഷയവൃദ്ധികളെ ആശ്രയിച്ചാണിരിക്കുന്നതു്. അതുകൊണ്ട് രക്തത്തെപ്പറ്റി ഇവിടെ പറവാൻ തുടങ്ങുന്നു:— 13

---

* ഈ വാചകം, ഭല്ലനമിശ്രൻ അവശ്യമില്ലാത്ത പാഠമാണെന്നു പറയുന്നു. മുകളിലെ രോഗംകൊണ്ടേതെന്ന ഇതിന്റെ സാരം ചെളിപ്പെട്ടിട്ടുണ്ട്.

† ധാതുക്കളെന്നുള്ള പേർ ചിലപ്പോൾ വാതാദിദോഷങ്ങൾക്കും പറയപ്പെടുന്നു. ദേഹത്തെ പുഷ്ടിപ്പെടുത്തി നിലനിർത്തുന്നതുകൊണ്ടെല്ലാം ധാതുക്കളെന്ന പേർ പറയാവുന്നതാണു്. രക്തം സഞ്ചരിക്കുന്ന ഞരമ്പുകൾക്കും മറ്റും ചിലർ ധാതുക്കളെന്നപേർ പറയാറുണ്ട്. അതു ശരിയല്ല, "സിരാസ്നായുവസാസ്നൂന്യതരചോ ഗതിവാഹിന്യഃ; ധാതുഭ്യശ്ചോപജായന്തെ തസ്മാത്താ ഉപധാതവഃ(സിരാ, സ്നായു, വസാ, മജ്ജപ്പാൽ, തുക്, ഇവ രണ്ടു ദിക്കിൽനിന്നു മറ്റൊരിടത്തേക്കു സഞ്ചരിക്കുന്നവയല്ലാത്തതുകൊണ്ടും രസാദിധാതുക്കളിൽ നിന്നുണ്ടാവുന്നവയാകകൊണ്ടും ധാതുക്കളെന്ന പേരുള്ളവയല്ല; ഇവക്കു് ഉപധാതുക്കളെന്നാണു് പേർ)" എന്നു തന്ത്രാന്തരവചനമുണ്ട്. ഉപധാതുക്കളും=ധാതുക്കളും പോലെയിരിക്കുന്നവ.

‡ രക്തം ക്ഷയിച്ചാൽ അഗ്നിമാന്ദ്യവും വാതകോപവുമുണ്ടാകും; അപ്പോൾ ആ

തത്ര ഫേനിലമതുണം കൃഷ്ണം പരുഷം തനു ശീഘ്രഗമസ്കന്ദി ച വാതേന ദുഷ്ടം. നീലം പീതം ഹരിതം ശ്യാവം വിസ്രമനിഷ്ടം പിച്ഛിലികാമക്ഷികണാമസ്കന്ദി ച പിത്തദുഷ്ടം, ശൈരികം ദ്രവപ്രതീകാശം സ്നിഗ്ധം ശീതളം ബഹളം പിച്ഛിലം ചിരസ്രാവി മാംസധാവനപ്രഭം ശ്ലേഷ്മദുഷ്ടഞ്ച. സർവ്വലക്ഷണസംയുക്തം കാഞ്ചികാഭം വിശേഷതോ ദുർഗ്ഗന്ധി ച സന്നിപാതദുഷ്ടം. പിത്തവദുഷ്ണം നാതികൃഷ്ണഞ്ച. ത്രിദോഷാലിംഗം സംസൃഷ്ടം. ജീവശോണിതമന്യത്രുവക്ഷ്യാമഃ. 14

പശ്ചിമയില്ലാതിരിക്ക, കട്ടംപുകപ്പാതെയാ കവരത്താ ഇരിക്ക, നുരച്ചുകൊണ്ടിരിക്കുക, നേത്തിരിക്കുക, വേഗത്തിൽ ഒലിക്കുന്നതായിരിക്ക, കട്ടപിടിക്കാതിരിക്ക എന്നീ ലക്ഷണങ്ങളും രക്തത്തിങ്കലുണ്ടായിക്കണ്ടാൽ അതു വാതംകൊണ്ടു ദുഷിച്ചിരിക്കുന്നു എന്നറിയണം. പിത്തംകൊണ്ടു ദുഷിച്ചതാണെങ്കിൽ നീലനിറമൊ മഞ്ഞനിറമൊ പച്ചനിറമൊ കരുവാളിച്ച നിറമൊ ആയിരിക്കും; കിഴാൽനാറാമുണ്ടാകും; ഉറവുകളും ഈച്ചകളും അതിൽ ഇഷ്ടപ്പെടുകയില്ല; കട്ടപിടിക്കാൻ പ്രയാസമായിരിക്കയും ചെയ്യും. കാവികലക്കിയ വെള്ളംപോലെയും ചെഴുക്കള്ളുപോലെയും തണുത്തും കട്ടിയുള്ളതായും വഴുവഴുപ്പുള്ളതായും വേഗത്തിൽ ഒലിക്കാത്തായും മാംസധാവനത്തിന്റെ നിറത്തിൽ കട്ടപിടിച്ചതുകണ്ടാൽ ഇരിക്കുന്ന രക്തം കഫംകൊണ്ടു ദുഷിച്ചതാണെന്നറിയണം. മേൽപറഞ്ഞ ലക്ഷണങ്ങളെല്ലാമുള്ളതും കാടിപോലെ നിറമായിരിക്കുന്നതും വിശേഷിച്ചും ദുർഗ്ഗന്ധത്തോടുകൂടിയതുമായ രക്തം സന്നിപാതത്താൽ (ത്രിദോഷങ്ങളാൽ) ദുഷിച്ചതാണെന്നറിയണം. രക്തദോഷംകൊണ്ടുതന്നെ ദുഷിച്ചതായ രക്തത്തിന്റെ ലക്ഷണം പിത്തദോഷത്തിന്നു പറഞ്ഞപ്രകാരംതന്നെയാകുന്നു; എന്നാൽ അതു കുറെ അധികം കറുത്തിരിക്കയുംചെയ്യും. ഈരണ്ടു ദോഷങ്ങളുടെ സംസർഗ്ഗത്താൽ ദുഷിച്ചിട്ടുള്ള രക്തത്തി

ന്നു വേണ്ടതുപോലെ പാകം വരികയില്ല; വരാഞ്ഞാൽ രസംതന്നെ ഉണ്ടാകയില്ല. ഇങ്ങിനെ രസം ക്ഷയിക്കുമ്പോൾ അങ്ങോട്ടുള്ള ധാതുക്കളും ക്ഷയിക്കുകയല്ലൊ. ഇങ്ങിനെയാണു രക്തത്തിന്റെ ക്ഷയവൃദ്ധികളും മറ്റുള്ള ധാതുക്കളുടെ ക്ഷയവൃദ്ധികളുംകൂടെ ഏറ്റുവായിരിക്കുന്നതു.

ഈ വാക്യം ശരിയായ പാഠമല്ലെന്നു മിക്കർ പറയുന്നു. "ജീവരക്തത്തെപ്പറ്റി ഇതൊരിടത്തു പറയുമെന്നുള്ള അഭാഗവും ശുദ്ധമായ പാഠമല്ലെന്നു കക്ഷാന്തരവും

ഇന്ദ്രഗോപപ്രതീകാശമസംഹതമവിവർണ്ണഞ്ച പ്രകൃതിസ്ഥഞ്ചാ
നീയാൽ. വിസ്രാവ്യാണ്യനൃതുവക്ഷ്യാമഃ അഥാവിസ്രാവ്യഃ സർവ്വാംഗ
ശോഫഃ ക്ഷീണസ്യ ച ബ്ലൂജനനിമിത്തഃ പാണ്ഡുരോഗശ്ചഃസാരിശോ
ഷിഗർഭിണീനാഞ്ച ശയഥവഃ. 15

തത്ര ശസ്ത്രവിസ്രാവണം ദ്വിവിധം പ്രച്ഛാനം സിരാവ്യധനഞ്ച.
തത്ര ജ്ഞപസങ്കീർണ്ണം സൂക്ഷ്മം സമമനവഗാഢമനന്തരാനുമാർഗ്ഗേ ച ശ

ന്ന രണ്ടു ലക്ഷണങ്ങളും കലർന്നുകാണാം*. ജീവരക്തത്തെപ്പറ്റി മറ്റാരാ
രേടത്തും (വ്രണാദിവ്യാപച്ചികിത്സിതത്തിൽ) പറയുന്നതാണ്. 14

നിർദ്ദുഷ്ടമായി പ്രകൃതിസ്ഥമായ രക്തം ഇന്ദ്രഗോപപ്പുഴുക്കളുടെ
മാതിരി തേജസ്സോടുകൂടിയ മുകപ്പുവർണ്ണമുള്ളതായും(*)വർണ്ണദോഷാദി
ന്നുമില്ലാതേയും വളരെ നേർമ്മയും വളരെ സച്ഛ്രതയുമില്ലാത്തതായും ഇ
രിക്കും. ഏതെല്ലാം സ്ഥിതികളിലാണ് രക്തത്തെ പുറത്തേക്ക് സ്രവി
പ്പിക്കരുതെന്നുള്ളതിനെപ്പറ്റി മേലിൽ (അഷ്ടവിധശസ്ത്രകർമ്മാദ്ധ്യാ
യത്തിൽ) പ്രസ്താവിക്കപ്പെടും. ഇപ്പോൾ, രക്തം കളയാൻ പാടില്ലാത്ത
താക്കപ്പോലുമാണെന്നും ഏതു സ്ഥിതികളിലാണെന്നും വിചാരിക്കുന്നു: —

†ക്ഷീണിച്ചിട്ടുള്ളവർക്ക്, പുളിരസമധികമുപയോഗിക്കുകൊണ്ടോ
സർവ്വാംഗങ്ങളിലും വീക്കമുണ്ടായാൽ അതിലും, പാണ്ഡുരോഗം, അർശ്സ്സ്,
മഹോദരം, ശോഫം എന്നീ രോഗങ്ങളുള്ളവർക്കും, ഗർഭിണികൾക്കുമുണ്ടാ
കുന്ന വീക്ക(ശോഫ)ത്തിലും രക്തസ്രാവണം ചെയ്യുന്നതുയുക്തമല്ല. 15

രക്തസ്രാവണം ചെയ്യുന്നത് ശസ്ത്രംകൊണ്ടു വേണ്ടിവരുമ്പോൾ
അതു കൊത്തിട്ടും (പ്രച്ഛാനം) ഞരമ്പു മുറിച്ചിട്ടും ഇങ്ങിനെ രണ്ടുവിധ
ത്തിൽ വേണ്ടതാണ്. അവിടെ ആയുധം പ്രയോഗിക്കുന്നതു വളരെ

---

*. ഒരുപിടി രക്തം, മുറിവേല്പിക്കുന്നു പരിശോധിച്ചാൽ ദോഷത്തിന്റെ സ്ഥിതി
മനസ്സിലാക്കാമെന്നിരിക്കെ കാണുന്നു. ഈ നടപ്പു പണ്ടെ ഹന്തുക്കൾ കണ്ടുപി
ടിച്ചതാണ്. ഇപ്പോൾ ചിലർ വിചാരിക്കുന്നതുപോലെ രക്തം നോക്കി പരിശോധി
ച്ചു് രോഗം നിശ്ചയിക്കുന്ന വിദ്യ അമേരിക്കക്കാരുടെയോ മറ്റോ ഒരു പുതിയ കണ്ടു
പിടുത്തമല്ല.

(*) "തപനീയേന്ദ്രഗോപാഭം പദ്മാലക്തകസന്നിഭം ഗുഞ്ജാഫലസവർണ്ണം മ വി
ശുദ്ധം വിദ്ധി ശോണിതമ്". എന്നു് ശുദ്ധരക്തത്തിന്റെ ലക്ഷണം ചരകത്തിൽ കാ
ണുന്നു. സ്വർണ്ണം, ഇന്ദ്രഗോപം, താമരപ്പൂ, അരക്കുകഷായം, കുന്നിക്കുരു ഇവയുടെ നിറ
മാണ് ശുദ്ധരക്തത്തിനുള്ളതെങ്കിൽ ഈ നിറമൊന്നുമില്ലാതിരിക്കലാണ് വർണ്ണദോഷ
മെന്നു പറയുന്നതെന്നു വരുന്നു. വസ്ത്രത്തിലായാൽ കഴുകിക്കളഞ്ഞാൽ നന്നായി പോ
യായിരിക്കണം. അങ്ങിനെയുള്ള രക്തത്തിനാണ് വർണ്ണദോഷമുണ്ടെ
ന്നുപക്ഷമുണ്ട്

† ക്ഷീണിച്ചുവർക്കുണ്ടാകുന്ന ഈ സർവ്വാംഗശോ
ഫം. എന്നാൽ ക്ഷീണാവസ്ഥയിൽ മാത്രമെ ഈ

സ്യം പരമേവമമ്മസിരാസ്നായുസന്ധീനാഞ്ചോന്നമഹാതി. തത്ര ദുഷ്ടിരാദൃഷ്ടിഃ ശീതവാതയോരസഹിഷ്ണുത്വകൃതവതഃ സ്നിഗ്ദ്ധതാച്ചോണിതം നാസ്രവത്യല്പം വാ സ്രവതി. 16

ഭവതി ചാത്ര—(പ).

മദമൂർച്ഛാശ്രമാർത്താനാം വാതപിത്തമൂത്രസംഗിനാമ്
നിദ്രാർത്തഭ്രമഭീരൂണാം ന കദാചിദസൃക് പ്രവർത്തതേ. 17

(ഗ) തദ്ദുഷ്ടം ശോണിതമനിഷ്ക്രിയമാണം കണ്ഡൂശോഫരാഗഭാഹവാകമവദാരാ ജനയതഃ. അത്യുഷ്ണാതിസ്നിഗ്ദ്ധാതിവിശ്ലേഷ്മപങ്കൈർവിസ്രാവിതമതിപ്രവർത്തതേ. രക്തപ്രവൃത്തം ശീതോഷ്ണാപമസ്യമധ്യ

ക്കൂടാതെ നേരേയായിരിക്കണം. മുറിപ്പെടുത്തിയ സ്ഥലത്തുതന്നെ മേലെക്കുമേലെ കൊത്തരുത്. കൊത്തി മുറിപ്പെടുത്തുമ്പോൾ അതു വലിയ മുറികളാകാതേയും സമമായും അധികം ആഴമില്ലാതെയും ഇരിക്കണം. മേലടത്തുള്ള തൊലി മാത്രം മുറിഞ്ഞുകിട്ടി ഉള്ളിൽ എന്നു വരരുത്. പ്രയോഗസമയത്തു കൈവേഗം നല്ലവണ്ണമുണ്ടായിരിക്കണം. മർമ്മം, സിരകൾ, സ്നായുക്കൾ, സന്ധികൾ എന്നീ ഭാഗങ്ങളിൽ മുറിപ്പെടാതിരിക്കാൻ ശ്രദ്ധവെക്കയും വേണം.

മേഘം മൂടിയ ദിവസങ്ങളിലായാൽ നല്ല ശസ്ത്രംകൊണ്ടല്ലാതേയും കാറ്റും തണുപ്പും തട്ടിച്ചുകൊണ്ടും രോഗിയെ വിയർപ്പിക്കാതേയും ആഹാരം കഴിപ്പിക്കാതേയും ഈ പ്രയോഗം ചെയ്യുന്നതു നന്നല്ല. ഇങ്ങിനെ നടത്തിയാൽ ദോഷത്തിലെ രക്തം ആ സമയത്തു് കുറെ കൂടിയുള്ളതായിരിപ്പാനിടയുള്ളതുകൊണ്ടു് തീരെ സ്രവിക്കാഞ്ഞിരിക്കയോ അല്പംമാത്രം സ്രവിക്കയോ ചെയ്വാൻ സംഗതിവരും. 16

"മദം (ലഹരി), മോഹലാസ്യം, ക്ഷീണം എന്നിവയുള്ളവർക്കും അധോവായു, മലം, മൂത്രം ഇവ തടസ്ഥപ്പെട്ടിരിക്കുന്നവർക്കും ഉറക്കം തുങ്ങിക്കൊണ്ടിരിക്കുന്നവർക്കും ഭയമധികമുള്ളവർക്കും രക്തം വേണ്ടുപോലെ പുറത്തേക്കു സ്രവിക്കയില്ല". 17

ഈ വിധത്തിൽ ദുഷിച്ചരക്തത്തെ പുറത്തു കളയാതിരുന്നാൽ പൊറിച്ചിൽ, വീക്കം, പുകപ്പു്, ചുട്ടനീറൽ, പഴുപ്പു്, വേദന എന്നീ ഉപദ്രവങ്ങളുണ്ടാകും. ദോഷത്തിൽ വളരെ ചൂടും വളരെ വിയർപ്പുമുള്ള സമയങ്ങളിൽ രക്തസ്രാവണം ചെയ്യുന്നതുകൊണ്ടും അനാവശ്യമായി ആഴത്തിൽ മുറിപ്പെടുത്തുന്നതുകൊണ്ടും പരിചയംപോരാത്ത വൈ[illegible]ത്തി ചെയ്യുന്നതുകൊണ്ടും ഒരു സമയം രക്തം കുറെ അധികം സ്രവിച്ചു എന്നുവരാം. അങ്ങിനെ അധികം രക്തം പോയതിയായ തലവേദന, കണ്ണുകാണാതാവു

മന്ഥം തിമിരപ്രാദുർഭാവം ധാതുക്ഷയമാക്ഷേപകം പക്ഷാഘാതമേകാംഗ
വികാരം തൂണ്ണീമഥ ഹിക്കാം കാസം ശ്വാസം *പാണ്ഡുരോഗം മര
ണഞ്ചോപാദധാതി. 18

ഭവന്തി ചാത്ര—(ച).

തസ്മാന്നാശീത നാത്യുഷ്ണം നാന്നിന്ദ്യം നാതിതാദിത
യവാഹം പ്രതിപീതസ്യ ശോണിതം മോക്ഷയേദ്ഭിഷക്. 19
സമ്യഗ്ഗതാ യദാ രക്തം സ്വയമേവാവതിഷ്ഠതേ
ശുദ്ധം തദാ വിജാനീയാത്സമ്യഗ്ഭ സ്രുവിതം ബുധൈഃ. 20
ലാഘവം വേദനാശാന്തിർവ്യാധേരുദ്വേഗപരിക്ഷയഃ
സമ്യഗ്വിസ്രുവിതേ ലിംഗം പ്രസാദോ മനസസ്തഥാ. 21

കു, ചെങ്കണ്ണ് (അധിമന്ഥം), തിമിരം എന്നീരോഗങ്ങളും ധാതുക്ഷ
യം, ആക്ഷേപകം, പക്ഷാഘാതം, ഏകാംഗവാതം എന്നീവ്യാ
ധികളും വെള്ളംതാഴ്ച, മുട്ടുനീർ, എക്കിട്ടം, മുമ്പ, എരിക്കം, പാണ്ഡു
രോഗം എന്നിവയുമുണ്ടാകും; മരണംകൂടി ഇതുനിമിത്തം സംഭവിപ്പാ
നിടയുണ്ട്. 18

"അതുകൊണ്ട് വൈദ്യൻ അധികം തണുപ്പും അധികം ഉഷ്ണവു
മില്ലാത്ത കാലത്താണ് രക്തസ്രാവണത്തിനൊരുങ്ങേണ്ടതു്. രക്ത
സ്രാവണം ചെയ്യുണ്ടുന്ന രോഗിയെ അധികം വിയർപ്പിക്കരുതു്; അവ
ന്റെ ദേഹത്തിൽ അധികം മൂടിപ്പുതപ്പിക്കരുതു്; ആ ക്രിയ തുടങ്ങുന്നതി
നു മുമ്പായി അവന്നു കാച്ചിയ കഞ്ഞി (എണ്ണകൂട്ടി ഉണ്ടാക്കിയതു്) കു
ടിക്കാൻ കൊടുക്കണം. രക്തം നല്ലവണ്ണം സ്രവിച്ചതിന്നശേഷം താ
നെ നില്ക്കുന്നുവെങ്കിൽ അതു നല്ല ശുദ്ധിയുള്ള രക്തത്തിന്റെ ലക്ഷ
ണമാണു്; ആ സ്രാവണം ഉചിതമായി തീർന്നിട്ടുണ്ടെന്നും നിശ്ച
യിക്കാം. 19—20

രക്തസ്രവണം വേണ്ടതുപോലെയായിട്ടുണ്ടെങ്കിൽ ദോഷത്തിന്നു
ശമനക്കുറവും വ്രണപ്പെട്ടുത്തിയ സ്ഥലത്തു് വേദനയില്ലായ്മയും വ്യാധി
യുടെ തീവ്രതക്കു് ഒരു ലഘുത്വമാശ്വാസവും മനസ്സിന്നു സന്തോഷവും ഉ
ണ്ടായിക്കാണാം. 21

---

* പാണ്ഡുരോഗത്തെ ചിലർ പഠിക്കുന്നില്ല.

† "രക്തം വേണ്ടേടത്തോളം സ്രവിച്ചതിന്നുശേഷം നല്ല തുകപ്പുനിറത്തോടുകൂടി
വരുന്നതായിക്കണ്ടാൽ അതു ശുദ്ധരക്തത്തിന്റെ ലക്ഷണമാണെന്നും രക്തസ്രാവണം നി
ർത്തുന്നതിന്നു പ്രത്യേകമൊന്നും ചെയ്യാതെതന്നെ അതു നില്ക്കുന്നതു രക്തസ്രാവണക്രിയ
വേണ്ടതുപോലെയായി എന്നുള്ളതിന്നടയാളമാണെന്നും അറിയണം" എന്നിങ്ങിനെയാ
ണ് ഡല്ലനാചാര്യൻ വ്യാഖ്യാനതാല്പര്യം.

തച്ഛോഷാ ഗ്രന്ഥയശ്ശോഫാ രോഗാശ്ശോണിതജാശ്ച യേ
രക്തമോക്ഷണശീലാനാം നൃണാം ഭവന്തി കർഹിചിത്. 22

(ഗ). അഥ ഖലു പ്രവൃത്തമാനേ രുധിരേ ഘൃതശീതശിവകക്ഷുതഗ
രപാഠഭദ്രദാരുവിഡംഗചിത്രകത്രികടുകാഗാരധൂമഹരിദ്രാക്ഷാങ്കനകക്ഷ
മാപ്രഥമൈലേയ്ഷ്വാലാഭം ത്രിഭിശ്ചതുർഭിസ്സമൈസ്സർവ്വാ മൂർണ്ണീകൃതൈഃ *സ
ർഷപതൈലലവണപ്രഗാഢൈർവ്രണമുഖമവഘൃഷ്ടമേവം സമ്യക് പ്ര.

വേണ്ട സമയത്ത് ക്രമപ്രകാരം രക്തസ്രാവണം ചെയ്തുകൊണ്ടിരിക്കുന്നവർക്ക് തച്ഛോഷങ്ങളും (കുഷ്ഠാദിരോഗങ്ങൾ), ഗ്രന്ഥികളും, (മുഴകളും), വീക്കങ്ങളും എന്നുവേണ്ട, രക്തദോഷംനിമിത്തമുണ്ടാകുന്ന ഒരു രോഗവും (രക്തഗുന്മം, വിസർപ്പം, വിദ്രധി മുതലായത്) ഒരിക്കലും ഉണ്ടാകുന്നതല്ല". 22

രക്തം ശരിക്ക് പുറത്തേക്ക് സ്രവിച്ചുപോകാതിരിക്കുന്നുവെങ്കിൽ എച്ചന്തരി, കർപ്പൂരം (ശീതശിവം), കൊട്ടം, തകരം, പാടക്കിഴങ്ങ്, ദേവതാരം, വിഴാലരി, കൊടിവേലി, വയ്യങ്ങ്, മുഞ്ഞ, തിപ്പലി, അട്ടക്കരി, വാട്ടുമഞ്ഞൾ, എരുക്കിൻതളിര്, ഉങ്ങിൻകുരു എന്നിവരുന്നകല്ലിൽ, കിട്ടുമ്പോലെ മൂന്നുകൂട്ടമൊ നാലുകൂട്ടമൊ എല്ലാംകൂടിയൊ എടുത്തു പൊടിച്ച് ഇന്തുപ്പുകലക്കിയ കടുകെണ്ണയിൽ ചാലിച്ച് കുഴമ്പാക്കി വ്രണത്തിന്റെ മുഖത്തിൽ തേക്കണം. എന്നാൽ വേണ്ടുപോലെ രക്തം സ്രവിച്ചുകൊള്ളും.

അധികമായി രക്തം സ്രവിക്കുന്നുവെങ്കിൽ അതിന്നു പാച്ചോറിത്തൊലി, എരുട്ടിമധുരം, ഞാഴൽപൂവ്, രക്തചന്ദനം, കാവിമണ്ണ്, ചെഞ്ചല്യ, രസാഞ്ജനം, പൂളപ്പൂവ്, ശംഖ്, മുത്തുശിപ്പി, ഉഴുന്ന്, യവം, ഗോതമ്പ് എന്നിവചൊടിച്ച് വ്രണമുഖത്തു് വിതറി പതുക്കെ വിരലു

---

* "സർഷപതൈലലവണ" എന്നതിന്റെ സ്ഥാനത്തു് "ലവണ തൈല" എന്നു മാത്രം ചിലർ പഠിക്കുന്നു. ഈ തൈലശബ്ദത്തിനു് എള്ളെണ്ണയെന്നതന്നെ ഭല്ലനമിശ്രൻ വ്യാഖ്യാനിക്കയും ചെയ്യുന്നു. ബങ്കാളിതർജ്ജമയിൽ "സർഷപതൈല" പാഠമനുസരിച്ചു കടുകെണ്ണയെന്നർത്ഥം പറഞ്ഞിട്ടുണ്ട്. ഇംഗ്ലീഷിലും അതുതന്നെയാണു്. രക്തസ്രാവണക്രിയയിൽ കടുകെണ്ണക്കു് കുറെ അധികം ശക്തിയുണ്ടെന്നു വൃദ്ധവൈദ്യസിദ്ധാന്തവും കാണുന്നു. അതുകൊണ്ടു് ഇവിടെ ആ പാഠം സ്വീകരിച്ചിരിക്കയാണു്.

† ശീതശിവം=ഇന്തുപ്പു് എന്നു ഭാഷ്യകാരൻ എഴുതിയിരിക്കുന്നു. ഈ യോഗത്തിൽ ഇന്തുപ്പു് കൂട്ടുന്നതിനു വേറെ പറഞ്ഞിട്ടുള്ളതുകൊണ്ടു് ഭല്ലനപക്ഷമനുസരിച്ചു് കർപ്പൂരമെന്നു തർജ്ജമചെയ്തതാണു്. ബങ്കാളിതർജ്ജമയിലും മറ്റും കർപ്പൂരംതന്നെ.

‡ മൂന്നുകൂട്ടമൊ നാലുകൂട്ടമൊ എന്നു പറഞ്ഞതുകൊണ്ടു് ഒന്നോ രണ്ടോ എണ്ണമാത്രം കിട്ടിയാൽ മതിയാകയില്ലെന്നു സൂചിപ്പിച്ചിരിക്കുന്നു.

ഖാത്തതേ. അഥാതിപ്രവൃത്തേ ലോധ്രമധുകപ്രിയംഗുപത്തംഗധൈഗരികസജ്ജരസസാജ്ജനശാല്മലീപുഷ്പശംഖശുക്തിമാഷായവഗോധൂമമൃണ്ണെന്നീ ശനൈഃ ശനൈഃ പ്രണമുഖമവമൃദ്നീയാദ്ഗുല്യഃഗ്രണാവപീഡയേൽ. സാലസജ്ജാജ്ജുനാരിമേദമേഷശൃംഗ*ധവധനപനതപശിവ്വാ ചൂർണ്ണിതാഭിഃ ക്ഷൗമേണ വാ ഭൃശാചിതേന സമുദ്ഗഥനലാക്ഷാമൃണ്ണെന്നീവ്വാ യഥോക്തേവ്രണബന്ധനദ്രവ്യൈർവ്യുഗ്ധം ബദ്ധ്വീയാൽ. ശീതാച്ഛഭോജനോ ഗാരെരഃ ശീതൈഃ പരിഷേകപ്രദേഹൈശ്ചോപശമയേൽ. ക്ഷാരേണാഗ്നിനാ വാ ദഹേൽ. യഥോക്തവ്യധനാദനന്തരം വാ താമേവാതിപ്രവൃത്താം സിരാം വിധ്യേൽ. 23

കളെക്കൊണ്ട് അമത്തണം. പയൻ (സാലം), പെഞ്ചല്യം, നീർമരുത്ത്, കരിവേലകം, ആട്ടനാറി, ഞമ, ധനപനം എന്നിവയുടെ തൊലികൾ പൊടിച്ച് വിതറുകയൊ പട്ടുതുണി കത്തിച്ച് ഭസ്മമാക്കി അതിന്റെ പൊടി വ്രണത്തിൽ വിതറുകയൊ അരക്കും കടുക്കായും പൊടിച്ചുവിതറുകയൊ ചെയ്തിട്ട് വിരലുകൊണ്ട് അമർത്തുന്നതും നല്ലതാണ്. വ്രണത്തെ കെട്ടുന്നതിനു പറയപ്പെട്ടിട്ടുള്ള പട്ട്, തുണി, പരുത്തി മുതലായ പദാർത്ഥങ്ങളെക്കൊണ്ട് വ്രണസ്ഥാനത്തെ മൂടിക്കെട്ടുകയും ചെയ്യുന്നതും യുക്തമാകുന്നു. ഗോദിയെ തണുപ്പുള്ള പൊതപ്പുകൊണ്ട് പൊതുപ്പിച്ച്, തണുത്ത ആഹാരം കൊടുത്ത്, തണുത്ത മുറിയിൽ ഇരുത്തണം. തണുത്ത സാധനങ്ങളരച്ച് തേക്കയും തണുത്തവെള്ളം മേലൊഴിക്കയും ചെയ്യുന്നതാണ്. ഇതുകൊണ്ടൊന്നും രക്തം സ്രവിക്കുന്നതു നിന്നിട്ടില്ലെങ്കിൽ അധികമായി രക്തം സ്രവിക്കുന്ന ആ ഞരമ്പിനെ (സിരയെ) ക്ഷാരംവെച്ച് പൊള്ളിക്കയൊ അഗ്നികൊണ്ടു പൊള്ളിക്കയൊ ചെയ്യണം. അതുമില്ലെങ്കിൽ ആ സിരയെ ശസ്ത്രംകൊണ്ട് മുമ്പേത്തെ വ്രണത്തിനടുത്തു താഴത്തായി മുറിക്കുന്നതും നന്ന്. 23

---

* "ധവ" ചില പുസ്തകങ്ങളിൽ കാണുന്നതില്ല.

† "രക്തം സ്രവന്തീമാകൃഷ്യ സന്ദംശേന സിരാം ഭിഷക്; ബദ്ധ്വാ സ്നായ്വാദിഭിർഗ്രന്ഥിം വ്രണം വസ്ത്രേണ വേഷ്ടയേൽ". എന്നു തന്ത്രാന്തരവചനമുണ്ട്. വലിയ രക്തക്കുഴലുകൾ മുറിഞ്ഞു അതിൽകൂടി രക്തം അധികം പുറത്തു വരുന്നു എന്നു കണ്ടാൽ - സന്ദംശ(ചവണ)യന്ത്രംകൊണ്ട് ആ രക്തനാഡിയെ പിടിച്ചു വലിച്ച് അതിന്റെ മുറിവായ്തന്നെ മൂടിക്കെട്ടി പിന്നെ മേലെ വസ്ത്രംകൊണ്ട് വ്രണത്തെ കെട്ടുകയും വേണമെന്നാണീവചനത്തിന്റെ താൽപര്യം. അതുകൊണ്ട് രക്തസ്രവമുണ്ടാകുന്ന സ്ഥാനാദികളെ അനുസരിച്ച് ബന്ധനകർമ്മത്തിൽ വേണ്ടുന്ന വ്യത്യാസങ്ങളും ചെയ്യേണ്ടതാണെന്നു വരുന്നു.

കാകോള്യാദികപ്രായം വാ ശർക്കരാമധുമധുരം പായയേൽ. ഏവ്വണ
ഹരിണാരഭ്രശശമഹിഷവരാഹാണാം വാ രുധിരം ക്ഷീരയൂഷരസൈർ
സുസ്നിഗ്ധൈശ്ചാശ്നീയാദുപരിവാംശ്ച യഥാസ്വമുപചാരാൽ. 24

ഭവന്തി ചാത്ര—(പ).

ധാതുക്ഷയാൽശ്രുതേ രക്തേ മന്ദസ്സുഞ്ജായതേനലഃ
പവനശ്ച പരം കോപം യാതി തസ്മാൽ പ്രയത്നതഃ. 25
തന്നാതിശിതൈർല്ലഘുഭിഃ സ്നിഗ്ധൈശ്ചാന്നൈർവിതർപ്പണൈർ
ഈഷദ്ഭക്തമ്മനാമ്മല്പം വാ ഭോജനൈസ്സുഖപാചകൈർ. 26
പഞ്ചവിധം യദേതദ്ധി രുധിരസ്യ നിവാരണം
സ്വേദനം സ്രുതനഞ്ചൈവ പാചനം ദഹനം തഥാ. 27

കാകോളി, ക്ഷീരകാകോളി മുതലായ ഔഷധങ്ങൾ (ജീവനീയങ്ങൾ) കൊണ്ടുണ്ടാക്കിയ കഷായത്തിൽ പഞ്ചസാരയും തേനുംകൂട്ടി കുടിപ്പിക്കണം. കുഷ്ണമൃഗം, പെമ്മാൻ, ആട്ട്, മുയൽ, പോത്ത്, പന്നി എന്നീ ജന്തുക്കളുടെ പോഠം, മേൽപറഞ്ഞ — രക്തം അധികം സ്രവിച്ചുപോയ — രോഗിക്കു് കൂടിപ്പാൻ കൊടുക്കുകയും *പാലൊ ധാന്യരസമൊ മാംസരസമൊ കൂട്ടിയ പോവ് നല്ലവണ്ണം നെയ്യ് കൂട്ടിഭക്ഷണത്തിനുപയോഗിപ്പിക്കയും ചെയ്യണം. പിന്നെ വല്ല ഉപദ്രവങ്ങളും ഉണ്ടായിരുന്നാൽ അതാതിന്റെ തക്കംപോലെയുള്ള മരുന്നും മറ്റും ഉപയോഗിപ്പിക്കയും വേണം. 24

"രക്തം അധികം സ്രവിച്ചാൽ ധാതുക്ഷയം, അഗ്നിമാന്ദ്യം, അസ്ഥിനാശം ജരാഗ്നി മന്ദമായിതീരും; വായു വർദ്ധിക്കയും കോപിക്കയും ചെയ്യും. അതുകൊണ്ടു വളരെ തണുപ്പില്ലാത്തതും ലഘുവും സ്നിഗ്ദ്ധവും രക്തത്തെ വർദ്ധിപ്പിക്കുന്നതുമായ ആഹാരങ്ങൾ കൊടുത്തു രോഗിയെ സുശ്രൂഷിക്കണം. എന്നാൽ ഈ ആഹാരങ്ങളിൽ അല്പമായിട്ടേ വൃക്ഷരസങ്ങൾ ചേർക്കാവൂ. തീരെ പുളിരസം ഉപയോഗിക്കാതിരിക്കുന്നതാണു് നല്ലതു്. 25-26.

രക്തസ്രവണത്തെ നിർത്താനായി നാലു് വിധം പ്രയോഗങ്ങളാം ചെയ്യണ്ടതുണ്ടു്. അതായതു്:— 1. സ്വേദനം (മറിവായക്കുട്ടുക), 2. സ്രുതനം

* പാലും യൂഷവും കൊടുക്കേണ്ടതു പിത്തദുഷ്ടമായ രക്തത്തിന്റെ അതിസ്രവണത്തിലാണെന്നും അഥവാ പിത്തപ്രകൃതിക്കാർക്കാണെന്നുമുള്ള പക്ഷാന്തരമുണ്ടു്. അതുപോലെ ധാന്യരസം കൂട്ടിയ പോവു് കഫദുഷ്ടരക്തത്തിനും സ്രവിച്ചാലാണെന്നും അതല്ല, കഫപ്രകൃതിക്കാർക്കാണെന്നും രണ്ടു പക്ഷമുണ്ടു്. ഇങ്ങിനെതന്നെ മാംസരസം വാതദുഷ്ടരക്തസ്രവത്തിനെന്നും വാതപ്രകൃതിക്കാർക്കെന്നും മാത്രം പറയുന്നതിനെന്നും വാദമുണ്ടു്. പിന്നീർ അനിബലമുള്ളവർക്കും അതൊന്നുവിധമെ ഉള്ളു എന്നുള്ളവർക്കും അഗ്നിമാന്ദ്യമുള്ളവർക്കും ക്രമത്തിൽ ക്ഷീരധാന്യരസമാംസരസങ്ങളെ ചേർക്കണമെന്നു പറയുന്നു. പിടിക്കുന്നതുപൊലെ എതായാലും വിരോധമില്ലെന്നാണു് പിന്നീടുള്ള പക്ഷം.

വ്രണം കഷ്ടായ സന്ധത്തേ രക്തം സ്രുന്ദയേ.
തഥാ സംപാചയേദ്ദസ്യ ദാഹസ്സ്രുങ്കാപയേത്തഥാ.
അസ്രുന്ദമാനേ രുധിരേ സന്ധാനാനി പ്രയോജയേത്.
സന്ധാനേ ഭ്രശ്യമാനേ തു പാചനൈസ്സമുപാചരേൽ.
കഫപിത്തഹരൈസ്തീക്ഷ്ണൈർവ്വ്രണേ പ്രയതേത യഥാവിധി
ആ സിദ്ധിമസ്യ നൈഷ്ടേഷു ദാഹം പരമ ഇഷ്യതേ. 30
സശേഷ്യേഽപ്യഷ്ട രുധിരേ ന വ്യാധിരതിവർത്തതേ
സാവശേഷേ തരക്ഷീണേ നാസ്ത്യ കൃച്ഛ്രാതിക്രമം. 31

ണം (മുറിയിലെ രക്തത്തെ കട്ടപ്പിടിപ്പിക്കുക), 3. പാചനം (പഴുപ്പിക്കുക), 4. രോഹണം (പൊള്ളിക്കുക) എന്നിവയാകുന്നു. ഇതിൽ §വവപ്പു സമുള്ള മരുന്നുകളുപയോഗിച്ചാൽ അതുകൊണ്ട് വ്രണത്തിന്റെ മുറിവായ ക്ലേദം. തണുത്ത പദാർത്ഥങ്ങൾ തട്ടുന്നതുകൊണ്ട് മുറിവായിലെ രക്തം കട്ടിപിടിക്കും. ക്ഷാരം (പട്ടിന്റെ ഭസ്മവും മറ്റും) കൊണ്ട് വ്രണം പഴുക്കും. പൊള്ളിക്കുന്നതുകൊണ്ട് സിരകൾക്ക് സംകോചമുണ്ടാകും. സ്രുന്ദനക്രിയ ഫലിച്ചില്ലെങ്കിൽ (തണുത്തവെള്ളം ധാരചെയ്യിട്ടും മറ്റും മേലാരകട്ടി പിടിക്കുന്നില്ലെന്നുകണ്ടാൽ) സന്ധാനത്തിനുള്ള ഔഷധങ്ങൾ പ്രയോഗിക്കണം. സന്ധാനകർമ്മംകൊണ്ട് ഫലമുണ്ടായില്ലെങ്കിൽ അവിടെ പാചനകർമ്മം ചെയ്യണം. ഈ മൂന്നുകർമ്മങ്ങളും വിധിപ്രകാരം ചെയ്തിട്ടും ഫലമുണ്ടായില്ലെങ്കിൽ പിന്നെ അംഗിയെക്കൊണ്ടു പൊള്ളിക്കുന്നതു വിശേഷമാണ്. 27-30

അല്പമായ ദോഷാംശത്തോടുകൂടി ശേഷിച്ചിരിക്കുന്ന രക്തം പുറത്തേക്കു സ്രവിക്കാത്ത വ്രണത്തിനകത്തു ബാക്കിവന്നുപോയി എന്നതുകൊണ്ട് വ്യാധിക്ക് വളരെ ആധിക്യം വരുമെന്നു വിചാരിക്കേണ്ടതില്ല. അതുകൊണ്ട് അല്പമായ ദുഷ്ടരക്തം ബാക്കിയിരിക്കത്തക്കതെന്നു രക്തസ്രുവണത്തെ നിർത്തുന്നതുകൊണ്ട് വിരോധമൊന്നുമില്ല. ആ ദോഷാംശത്തെ ശമിപ്പിക്കുന്ന ഔഷധംകൊണ്ടു ശമിപ്പിക്കാം. എന്നാൽ നേരെ മറിച്ച് ആവശ്യത്തിലധികം രക്തം പുറപ്പെടുവിക്കുന്നതു വളരെ ദോഷമാണ്. എന്തുകൊണ്ടെന്നാൽ: — 31

---

§ ഈ സവർണ്ണസമുള്ള കഷായകർമ്മം മാത്രമല്ല, ബാധകകർമ്മവും ഈ ആവശ്യത്തിനു ചിതമാണെന്നു പറഞ്ഞിട്ടുണ്ടല്ലോ

ഈ പുതിയ ശരീരശാസ്ത്രപ്രകാരം രക്തത്തിന്റെ സ്വഭാവവും സഞ്ചാരക്രമവും മറ്റും വിവരിക്കുന്നതു ഈ ഘട്ടത്തിൽ ഉചിതമായിരിക്കുമെങ്കിലും ശാരീരസന്ധാനത്തിന്റെ വ്യാഖ്യാനത്തിൽ പ്രസ്താവിക്കുന്നതിനധികം ഉചിതമായിരിക്കുമെന്നു വിചാരിച്ച് ഇവിടെ എഴുതാഞ്ഞതാണു.

.ം മൂലം രുധിരേണൈവ ധാര്യതെ
.ന സംരക്ഷ്യം രക്തം ജീവ ഇതി സ്ഥിതിഃ. 32
ക്തസ്യ സേകാദ്ധ്യേ ശീതൈഃ പ്രകൃപിതേനിലേ
ശ്ഛം സതോദം കോഷ്ണേന സപ്പിഷാ പരിഷേചയേൽ. 33

ഇതി സുശ്രുതസംഹിതായാം സൂത്രസ്ഥാനേ ശോണിതവർണ്ണനീയോ
നാമ ചതുർദ്ദശോധ്യായഃ.

പഞ്ചദശോധ്യായഃ.

രുഥാതോ ദോഷധാതുമലക്ഷയവൃദ്ധിവിജ്ഞാനീയമധ്യായം വ്യാ
ഖ്യാസ്യാമഃ.

ദോഷധാതുമലമൂലം ഹി ശരീരം, തസ്മാദേഷാം ലക്ഷണമുച്യ
മാനമുപധാരയ. 1

രക്തമാണ് ദേഹത്തിന്റെ മൂലകാരണം; രക്തമാണ് ദേഹത്തെ നിലനിത്തുന്നതു്; രക്തമാണ് നമ്മുടെ ജീവൻ; അതുകൊണ്ടു് വളരെ ശ്രദ്ധയോടുകൂടി രക്തത്തെ രക്ഷിക്കേണ്ടതാണു്. 32

രക്തസ്രാവം കഴിഞ്ഞവനു് ശീതസ്വഭാവങ്ങളായ ധാരമുതലായ കർമ്മങ്ങളാൽ വായുകോപമുണ്ടായി വഴുങ്ങിൽ വ്രണപ്രദേശത്തിങ്കൽ വീക്കവും വേദനയുമുണ്ടാകും. അതിൽ, നെയ്യു ചൂടുപിടിപ്പിച്ച പൊവക്ഷാ ന്ന ചൂടോടെ ധാരചെയ്യുന്നതു നന്നു്. 33

ഇങ്ങിനെ സുശ്രുതസംഹിതയിൽ സൂത്രസ്ഥാനത്തിൽ ശോണിതവർണ്ണനീയമെന്ന പതിനാലാമധ്യായം കഴിഞ്ഞു.

പതിനഞ്ചാമധ്യായം.

ഇനി ദോഷധാതുമലക്ഷയവൃദ്ധിവിജ്ഞാനീയമെന്ന അധ്യായം പറയാം.

ദോഷങ്ങളും ധാതുക്കളും മലവും ദേഹത്തിന്റെ ആധാരങ്ങളായിരിക്കുന്നവയാകയാൽ അവയുടെ *ലക്ഷണങ്ങളെ പറയാം കേട്ടാലും— 1

* ദോഷാദികൾക്കുള്ള രണ്ടുവിധമാണു് ലക്ഷണം. ഒന്നാമതു് അതിന്റെ സ്വഭാവലക്ഷണം; രണ്ടാമതു വ്യാപാരലക്ഷണവുമാകുന്നു. വാതത്തിന്റെ സ്വഭാവലക്ഷണവും "വാതവ്യാധിനിദാനം" അതിലും പിത്തത്തിന്റെ സ്വഭാവം "വ്രണപ്രശ്നാധ്യായ"ത്തിലും പറയും. ഇവിടെ അവയുടെ കർമ്മ (Functions)ങ്ങളെ പറഞ്ഞിയാണു പറയുന്നതു്.

തത്ര പ്രസ്വേദനാദുപചയപൂരണവിവേകധാരണാപ്രക്ഷണാ വായുഃ പഞ്ചധാ പ്രവിഭക്തഃ ശരീരം ധാരയതി. 2

രാഗപക്തിതേജോമധോഷ്മകൃൽ പിത്തം പഞ്ചധാ പ്രവിഭക്തമഗ്നികർമ്മണാനുഗ്രഹം കരോതി. 3

സംധിസംശ്ലേഷണസ്നേഹനരോപണപൂരണബ്രംഹണതർപ്പണ

ദേഹത്തിൽ ചലനശക്തിയെ ഉണ്ടാക്കിക്കൊണ്ടിരിക്കയും (പ്രസ്വേദനം) ഇന്ദ്രിയങ്ങളിൽ അതാതുകർമ്മങ്ങൾ പ്രത്യേകങ്ങളായിരിക്കുന്ന വ്യാപാരങ്ങളെ നടത്തുകയും (ഉപചയനം) ആഹാരത്തെ അതാതു പ്രദേശങ്ങളിൽ കൊണ്ടുപോയി നിറക്കുകയും (പൂരണം) ആഹാരദ്രവ്യത്തിലുള്ള സാരാംശങ്ങളേയും കിട്ടാംശങ്ങളേയും ചേർത്തിരിക്കയും (വിവേചനം) മൂത്രം, ശുക്ലം മുതലായ പദാർത്ഥങ്ങളെ വേണ്ടുപോലെ നിലനിർത്തുകയും ആവശ്യമപോലെ വിടുകയും ചെയ്തുകൊണ്ട് (ധാരണം) വായു (Nerve Force) ദേഹത്തെ നിലനിർത്തുന്നു. മേൽപറഞ്ഞ അഞ്ചുവിധം ലക്ഷണങ്ങളെക്കൊണ്ട് വായു *അഞ്ചുപ്രകാരത്തിൽ ഭാഗിക്കപ്പെട്ടിരിക്കുന്നു. 2

പിത്തവും §അഞ്ചുപ്രകാരമാകുന്നു. വർണ്ണമുണ്ടാക്കുകയും (രാഗകൃൽ) അന്നത്തെ ദഹിപ്പിക്കയും (പക്തികൃൽ) കണ്ണിനു കാഴ്ചയുണ്ടാക്കുകയും (തേജസ്കൃൽ) ദേഹത്തിൽ ചൂടുണ്ടാക്കയും അതിനെ ഒരു നിലയ്ക്കു വെച്ചുകൊണ്ടിരിക്കയും (ഊഷ്മകൃൽ) ധാരണശക്തിയെ ഉണ്ടാക്കുകയും (മേധാകൃൽ) എന്നിങ്ങിനെ അഞ്ചുവിധം കർമ്മങ്ങളാണ് പിത്തത്തിനുള്ളത്. ഈ വിധത്തിൽ പിത്തം അഗ്നിവ്യാപാരങ്ങളെ വഹിച്ചും കൊണ്ട് ദേഹത്തെ നിലനിർത്തുന്നു. 3

കഫത്തിനും †അഞ്ചുവിധം വ്യാപാരങ്ങളുണ്ട്.—1. ദേഹത്തിലു

---

* പ്രസ്വേദനം, വ്യാനന്റേയും ഉപചയനം, ഉദാനന്റേയും പൂരണം, പ്രാണന്റേയും, വിവേചനം, സമാനന്റേയും ധാരണം, അപാനന്റേയും പ്രവൃത്തികളാണ്. ചിലർ ഈ കർമ്മങ്ങളെ പ്രാണാദികർമ്മങ്ങളെ പ്രത്യേകമായിട്ടുള്ളതല്ലെന്നും പറയുന്നുണ്ട്.

§ രാഗകൃൽ=രഞ്ജകം; പക്തികൃൽ=പാചകം; തേജസ്കൃൽ=ആലോചകം; ഊഷ്മകൃൽ=ഭ്രാജകം; മേധാകൃൽ=സാധകം എന്നിങ്ങിനെയാണ് വ്യവസ്ഥ. ഇതിൽ 'തേജസ്കൃൽ' എന്നാകപിത്തത്തെത്തന്നെ ചിലർ പഠിക്കുന്നു. അതു മേധാകൃത്തിൽ അന്തർഭവിച്ചതാകുന്നു. സൗമ്യവസ്തുവായ ഓജസ്സിനെ പിണമാക്കിയുണ്ടാക്കുന്നതെന്നു വരുത്തുന്നതു യുക്തമല്ലെന്നും ചിലർ പറയുന്നു.

† സന്ധിസംശ്ലേഷണം, ശ്ലേഷകമെന്ന ശ്ലേഷ്മത്തിന്റെ കർമ്മമാകുന്നു. സ്നേഹനം, ക്ലേദകശ്ലേഷ്മത്തിന്റേയും രോപണം, ബോധകമെന്ന കഫത്തിന്റേയും പൂരണം, തർപ്പകമെന്ന കഫത്തിന്റേയും ധാതുക്കൾക്കു ബലവും ഉറപ്പുമുണ്ടാക്കിത്തീർക്കൽ, അവലംബകമെന്നുള്ള കഫത്തിന്റേയും വ്യാപാരങ്ങളാണെന്നൂഹിക്കേണ്ടതാണ്. തർപ്പണമെന്നും ബ്രംഹണമെന്നും രണ്ടു വ്യാപാരങ്ങളും വേറെ പറയുന്നതു മേൽപറഞ്ഞ അഞ്ചിലുംപ്പെടുത്താവുന്നതത്രെ.

ബലമൊഴുക്കുൽ ശ്ലേഷ്മാ പഞ്ചധാ പ്രവിഭക്ത ഉദകമ്മന്നാനുഗ്രഹം കരോതി. 4

രസഃ പ്രീണയതി രക്തപുഷ്ടിഞ്ച കരോതി. രക്തം വർണ്ണപ്രസാദം മാംസപുഷ്ടിം ജീവയതി ച. മാംസം ശരീരപുഷ്ടിം മേദസശ്ച. മേദഃ സ്നേഹസ്വപ്നൗ ദൃഢത്വം പുഷ്ടിമസ്ഥ്നാഞ്ച. അസ്ഥി ദേഹധാരണം മജ്ഞഃ പുഷ്ടിഞ്ച. മജ്ജാ പ്രീതിം സ്നേഹം ബലം ശുക്ല പുഷ്ടിം പൂരണമസ്ഥ്നാഞ്ച കരോതി. ശുക്ലം ധൈര്യ്യവ്യവനം പ്രീതിം ദേഹബലം ഹർഷം ബീജാർത്ഥഞ്ച. 5

ള്ള സന്ധികളെ വേണ്ടുപോലെ സംഘടനം ചെയ്യുക (സന്ധിസംശ്ലേഷണം), 2. ദേഹത്തിൽ മെഴുക്കുണ്ടാക്കിത്തീർക്കുക (സ്നേഹനം), 3. ദേഹത്തിലുള്ള വ്രണങ്ങളെ ഉണക്കുക (രോപണം), 4. ദേഹത്തിലുള്ള ഇട സ്ഥലങ്ങളിൽ നിറഞ്ഞുകിടക്കുക (പൂരണം), 5. ധാതുക്കൾക്ക് ബലവും ഉറപ്പും ഉണ്ടാക്കിത്തീർക്കുക എന്നിവയാകുന്നു. ഇതുകൂടാതെ ദേഹത്തിൽ തൃപ്തിയും ആശ്വാസത്തേയും ഉണ്ടാക്കുക (*തർപ്പണം), അംഗങ്ങളെ പുഷ്ടിപ്പെടുത്തുക (ബൃഹണം) ഈ കർമ്മങ്ങൾകൂടി കഫത്തിനൊന്നാതാനെന്നും പറയപ്പെടുന്നു. ഈ വിധത്തിൽ കഫം തന്നെ ജലശക്തിയെക്കൊണ്ട് ദേഹത്തെ നനാക്കിവച്ചുകൊണ്ടിരിക്കുന്നു. 4

രസം ദേഹത്തിൽ തൃപ്തിയെ ജനിപ്പിക്കുകയും രക്തത്തിനു പുഷ്ടിയുണ്ടാക്കുകയും ചെയ്യുന്നു. രക്തം വർണ്ണത്തിനു തെളിവും മാംസത്തിനു പുഷ്ടിയും ജീവശക്തിയുമുണ്ടാക്കുന്നു. മാംസം ദേഹത്തിനും മേദസ്സിനും പുഷ്ടിയെ ഉണ്ടാക്കുന്നു. മേദസ്സു് ദേഹത്തിൽ മിനുസവും വിയർപ്പും ഉറപ്പും അസ്ഥികൾക്കു പുഷ്ടിയുമുണ്ടാക്കുന്നു. അസ്ഥി ദേഹത്തു നിലനിർത്തുകയും മജ്ജക്കു് പുഷ്ടിയുണ്ടാക്കുകയും ചെയ്യുന്നു. മജ്ജ സന്തോഷത്തേയും ദേഹത്തിൽ മിനുസത്തേയും ബലത്തേയും ശുക്ലത്തിനു് പുഷ്ടിയേയും ഉണ്ടാക്കുന്നു; അസ്ഥികൾക്കുള്ളിലുള്ള ഭാരത്തെ നിറയ്ക്കുകയും ചെയ്യുന്നു. ശുക്ലം സ്ത്രീദർശനാദിസമയങ്ങളിൽ †മനസ്സുറപ്പില്ലായ്മയേയും (ധൈര്യ്യച്യവനം) സ്ത്രീകളിൽ പ്രീതിയേയും ദേഹബലത്തേയും പുരുഷലിംഗത്തിനു് ഹർഷത്തേയും ഗർഭത്തേയും ഉണ്ടാക്കുന്നു. 5

---

* തർപ്പണവും ബൃഹണവും കഫത്തിന്റെ കർമ്മങ്ങളുടെ കൂട്ടത്തിൽ ചിലർ ചേർത്തു കാണുന്നില്ല.

† ധൈര്യം, ച്യവനം എന്ന രണ്ടുപദമെടുത്തും പാഠമുണ്ടു്. ഈ പക്ഷത്തിൽ ശുക്ലം സ്ത്രീദർശനാദിയിൽ ധൈര്യത്തേയും ലിംഗത്തിൽ ശുക്ലസ്രവണത്തേയുമുണ്ടാക്കുന്നു എന്നു സാരം.

പുരീഷമുപസ്തംഭം വായുപ്രഗ്രഹധാരണഞ്ച. വസ്തിപൂരണവിക്ലേദകൃന്മൂത്രം. സേചകഃ ക്ലേദതർപകഃ സൗകുമാര്യകൃത്. രക്തലക്ഷണമാർത്തവം ഗർഭകൃച്ച. ഗർഭോഗർഭലക്ഷണം. സ്ത്രീപുംസയോരാപീനതാജനനം ക്ലീബനഞ്ചേതി. തേഷാം വിധിവൽപരിരക്ഷണം കുർവ്വീത. 6

അത ഊർദ്ധ്വമേഷാം ക്ഷീണലക്ഷണം വക്ഷ്യാമഃ. ക്ഷയഃ പുനരേഷാമതി സംശോധനാതിസംശമനവേഗവിധാരണാസാത്മ്യാന്നമനസ്വാപവ്യായാമാനശനാതിമൈഥുനാനേഭ്യതി. 7

മലം (പുരീഷം) ശരീരത്തെ നിലനിർത്തുന്നതിനുപകരിക്കുന്ന വസ്തുക്കളിലൊന്നാകുന്നു. അതു് വായുവിനെയും ജഠരാഗ്നിയെയും ക്രമപ്പെടുത്തുകയും ചെയ്യുന്നുണ്ടു്. മൂത്രം വസ്തിയെ നിറയ്ക്കുകയും ആ ഭാഗത്തെയപ്പാടെ നനയ്ക്കുകയും അവിടെയുള്ള മലിനപദാർത്ഥങ്ങളെ കഴുകിക്കളയുകയും ചെയ്യുന്നു. വിയർപ്പു് വെള്ളം തോലിന്നു മാർദ്ദവത്തെയും നനവിനെയും ഉണ്ടാക്കുന്നു. സ്ത്രീകളുടെ ആർത്തവം രക്തത്തിന്നു പറഞ്ഞ സ്വഭാവങ്ങളുള്ളതാകുന്നു; അതു ഗർഭത്തെ ഉണ്ടാക്കുകയും ചെയ്യുന്നു. ഗർഭമാകട്ടെ അതിന്നു പ്രത്യേകം പറഞ്ഞിട്ടുള്ള ലക്ഷണങ്ങളെ ഉണ്ടാക്കുന്നതായിരിക്കുന്നു. മുലപ്പാൽ (സ്തന്യം) മുലകുടിക്കുന്ന വലിപ്പവും കൂട്ടികുടിക്കുന്ന ജീവനശക്തിയുമുണ്ടാക്കുന്നതാകുന്നു. ഇങ്ങിനെ മേൽക്കൊണിച്ച വായു മുതലായ ദോഷങ്ങളും ധാതുക്കളും മലങ്ങളും ദേഹത്തിന്നു് ഓരോവിധത്തിൽ അത്യാവശ്യകങ്ങളായിരിക്കുന്നു. അതുകൊണ്ടു് അവയെ കേടുകൂടാതെ യോഗപ്രകാരം രക്ഷിച്ചുകൊണ്ടിരിക്കേണ്ടതാണു്. 6

ഇനി ഇവിടെ മേൽപറഞ്ഞവകൾ ക്ഷയിച്ചാലുണ്ടാകുന്ന ലക്ഷണങ്ങളെ പറയുവാൻ പോകുന്നു. അധികമായി സംശോധനകർമ്മം ചെയ്യുന്നതും അധികമായി ദോഷാദികളെ ശമനം ചെയ്യുന്നതും മലമൂത്രാദികളെ തടുക്കുന്നതും പരിചയിച്ചിട്ടില്ലാത്ത ആഹാരദ്രവ്യങ്ങളെ ഉപയോഗിക്കുന്നതും മനസ്സിന്നു വല്ലവിധവും താപമുണ്ടാക്കുന്നതും ദേഹേച്ഛാനോക്കാതെ അധികം പ്രവൃത്തിയെടുക്കുന്നതും പാകംപോലെ ആഹാരം കഴിക്കാതിരിക്കുന്നതും അധികമായി സ്ത്രീസംഗം ചെയ്യുന്നതും മേൽപറഞ്ഞ ദോഷാദികൾക്കു് ക്ഷയത്തിന്നു് *കാരണമാകുന്നു. 7

---

* ഈ കാരണങ്ങളെക്കൊണ്ടു പിത്തകഫാദികൾക്കുള്ള ക്ഷയം സംഭവിക്കുകയില്ലെന്നു വാതത്തിന്നു മാത്രമേ ഇവകൊണ്ടു വർദ്ധനമാണുണ്ടാകുന്നതു്. അതുകൊണ്ടു് മൂലത്തിൽ "ക്ഷയഃ പുനരേഷാം" എന്നു ഇങ്ങിനെയാണെന്നു വാക്യം ശരിയായ പാഠമല്ലെന്നു തോന്നുന്നു. വാതത്തെ ഒഴിച്ചു ബാക്കി രണ്ടുങ്ങളുടെ ക്ഷയത്തിന്നു് ഇവ കാരണങ്ങളായിരിക്കാമെന്നുള്ളതിന്നു വാദമില്ലാത്തതുകൊണ്ടു് ധാതുക്കളുടേയും മറും ക്ഷയകാരണങ്ങളെ കാണിക്കുന്ന ഈ വാക്യത്തെ ഇവിടെ സ്ഥാപിച്ചിരിക്കുന്നു.

തത്ര വാതക്ഷയേ മന്ദശ്ചഷ്ടതാ അല്പവാക്ത്വമല്പഹർഷോ മൂഢസംജ്ഞതാച്ച. പിത്തക്ഷയേ മന്ദോഷ്മാഗ്നിതാ നിഷ്പ്രഭത്വഞ്ച. ശ്ലേഷ്മക്ഷയേ രൂക്ഷതാന്ത്രാഹ ആമാശയതരാശയശിരഃസ്ഥാം ശ്ലൂന്യതാ സന്ധിശൈഥില്യതൃഷ്ണാ ദൗർബ്ബല്യം പ്രജാഗരണഞ്ച. തത്ര സപ്രയോനിവ്യസ്നദ്രവ്യാണി പ്രതികാരഃ. 8

രസക്ഷയേ ഹൃൽപീഡാ കമ്പഃ ശ്ലൂന്യതാ തൃഷ്ണാ ച. ശോണിതക്ഷയേ ത്വക്പാരുഷ്യമമ്ലശീതപ്രാർത്ഥനാ സിരാശൈഥില്യഞ്ച. മാംസ

അവയിൽവെച്ച് വാതം ക്ഷയിച്ചാൽ വേഗത്തിൽ ചേഷ്ടിക്കുന്നതിന്നു വയ്യാതാകയും സംസാരിക്കുന്നതു് ചുരുങ്ങുകയും ചെയ്യും; സന്തോഷക്കുറവും ഓർമ്മശക്തിക്കു് ക്ഷയവുമുണ്ടായിക്കാണാം. പിത്തം ക്ഷയിച്ചാൽ ദേഹത്തിൽ ചൂടു് ചുരുങ്ങും; ജഠരാഗ്നിബലം കുറയും; പ്രഭയില്ലാതാകയും ചെയ്യും. ശ്ലേഷ്മം ക്ഷയത്തിങ്കൽ ദേഹത്തിൽ വരൾച്ചയും ഉള്ളിൽ ചുട്ടുകത്തലും ആമാശയം മുതലായി ദേഹത്തിലുള്ള ശ്ലേഷ്മസ്ഥാനങ്ങളിലൊക്കയും ശിരസ്സിന്നുള്ളിലും ഒന്നുമില്ലാതായിരിക്കുന്നു എന്നുള്ള തോന്നലും സന്ധികൾക്കു് ബലക്ഷയവും വെള്ളംദാഹവും ശക്തിക്ഷയവും ഉറക്കമില്ലായ്മയും ഉണ്ടാകുന്നതാണു്* ഈ മാതിരി ദോഷങ്ങൾക്കു് ക്ഷയമുണ്ടായാൽ അതാതിന്നു കാരണീഭൂതങ്ങളും അതാതുകളെ വർദ്ധിപ്പിക്കുന്നവയുമായ പദാർത്ഥങ്ങളെ ഉപയോഗിച്ചു് സുഖപ്പെടുത്തേണ്ടതാണു്. 8

രസം ക്ഷയിച്ചാൽ ഹൃദയത്തിൽ വേദനയും വിറയലും ഹൃദയശ്ലൂന്യമായിരിക്കുന്നു എന്നുള്ള തോന്നലും വെള്ളംദാഹവുമുണ്ടാകും. രക്തക്ഷയിച്ചാൽ തോലിൽ തൊട്ടാൽ മിനുസമില്ലാതിരിക്കുകയും കുരുപ്പു

---

* ദോഷങ്ങൾ ക്ഷയിച്ചാൽ അതാതിന്റെ കർമ്മങ്ങൾക്കു വൈഷമ്യമുണ്ടാകും; അതിനവിപരീതങ്ങളായ കർമ്മങ്ങളുണ്ടാകയും ചെയ്യും. എന്നകൂടി ഗ്രഹിക്കണം.

† രക്തം ക്ഷയിച്ചാൽ വാതം കോപിക്കും; അതിന്റെ ശമനത്തിന്നുള്ളതായ പുളിരസത്തിൽ അല്പകൊണ്ടാണാഗ്രഹം വരുന്നതു്. രക്തം ദ്രവരൂപമായ വസ്തുവാകകൊണ്ടു് അതു ക്ഷയിക്കുമ്പോൾ ദേഹത്തിലെ സൗമ്യാംശത്തിന്നു് ക്ഷയം വരികയും അഗ്നേയാംശം വർദ്ധിക്കയും ചെയ്യുന്നതുകൊണ്ടു അതിന്റെ പരിഹാരത്തിന്നായി ശീതത്തിങ്കൽ അഗ്രഹം ജനിക്കുന്നു. "ദോഷധാതുമലക്ഷീണാം ബലക്ഷീണഞ്ച മനുഷ്യം; സപ്രയോനിവൃദ്ധ്യാ യത്തദന്നപാനം പ്രകാങ്ക്ഷതി" (ദോഷധാതുമലങ്ങളും ബലവും ക്ഷയിച്ചിട്ടുള്ളവക്കു അതാതുകളെ വർദ്ധിപ്പിക്കുന്നവയും ഉണ്ടാക്കുന്നവയുമായ അന്നപാനങ്ങളിൽ അതു ആശവയ്ക്കുന്നു)" എന്നു മേലിൽ പറവാൻപോകുന്നുണ്ടു്. ശരീരത്തിന്റെ നിലനിലുപ്പിന്നുപയോഗമുള്ള പദാർത്ഥങ്ങ(Elments)ളിൽ വല്ലതും കുറഞ്ഞുപൊവുന്നാൽ പ്രകൃതിതന്നെതന്നെ അതിനെ സമ്പാദിക്കാനായി പരിശ്രമിക്കുന്നതാണെന്നുള്ള തത്വം ഇതു പുതിയ സിദ്ധാന്തമല്ല.

ക്ഷയേ സ്നിഗ്ധണ്ഡഷ്ണോപസേവാശ്ച വക്ഷ്യതേ.
ശ്ലക്ഷ്ണാരൗക്ഷ്യതാരൗ ഗാത്രാണാം സദനാ
മേദോക്ഷയേ ശ്ലഥാടിവൃദ്ധിഃ സന്ധിശൂന്യതാ രൗക്ഷ്യം
പ്രാർത്ഥനാ ച. അസ്ഥിക്ഷയേ അസ്ഥിതാരുദ്ഭവനഖഭേദൗ.
ഖ്യ. മജ്ജക്ഷയേ അപ്രശ്ലക്ഷ്ണതാ പർവ്വരുജോസ്ഥിനിസ്സാരോസ്ഥി.
താ ച. ശുക്രക്ഷയേ മേഢ്രവൃഷണവേദനാ അശക്തിർമ്മൈഥുനേ ച.
രാഗോ പ്രസേകഃ പ്രസക്തേ ചാല്പരക്തശുക്രദർശനഞ്ച. തത്രാപി സപ്ര
യോനിവദ്ധ്വാനദ്രവ്യാപയോഗഃ പ്രതീകാരഃ. 9

കസത്തിലും തണുപ്പിലും ആഗ്രഹവും സിരകൾക്ക് ബലമില്ലാതിരിക്ക
യും ലക്ഷണങ്ങളാകുന്നു. മാംസം ക്ഷയിച്ചാൽ നിതംബം (സ്റ്റിക്ക്), കവിള്, ചുണ്ട്, ഉപസ്ഥം, തുട, മാറ്, കക്ഷം, കാൽവണ്ണ, വയറ്, പിൻകഴുത്ത് എന്നീഭാഗങ്ങളും ഉണ്ടായിരിക്കയും അംഗങ്ങളിൽ വാർച്ചയും കൃത്യനോവും ക്ഷീണവും ധമനികൾ(Arteries)ക്ക് ബലക്കുറവും ഉണ്ടാകുന്നതാണ്. മേദസ്സ് ക്ഷയിച്ചാൽ പ്ലീഹ വീങ്ങുകയും സന്ധികളിൽ ഒഴിഞ്ഞുപോലെ തോന്നുകയും തോലിന്ന് വാർച്ചയും നൈക്കൊഴുപ്പുകളുള്ള മാംസം തിന്നേണമെന്നുള്ള ആഗ്രഹവും ഉണ്ടാകും. അസ്ഥി ക്ഷയിച്ചാൽ അസ്ഥിയിൽ കൃത്യനോവും പല്ലുകളിലും നഖങ്ങളിലും വിള്ളലും ദേഹത്തിൽ വാർച്ചയും ഉണ്ടാകും. മജ്ജ ക്ഷയിച്ചാൽ ശുക്ലം ചുരുങ്ങുകയും സന്ധികളിൽ വേദനയും പിള്ളിപൊളിച്ചിലും പിള്ളികൾക്കുള്ളിൽ ഒന്നുമില്ലെന്നുള്ള ഒരു തോന്നലും ഉണ്ടാകും. ശുക്ലം ക്ഷയിച്ചാൽ മേഢ്രത്തിലും വൃഷണത്തിലും വേദനയും സ്ത്രീസംഭോഗത്തിൽ ശക്തിയില്ലായ്മയും ശുക്ലം സ്രവിക്കുന്നതിന്ന് കാലതാമസവും ഉണ്ടാകും. സ്രവിച്ചാൽ അല്പം രക്തവർണ്ണമായോ രക്തത്തോടുകൂടിയോ ഇരിക്കുന്നതായും കാണാം. ഈ വിധം ധാതുക്കളുടെ ക്ഷയമുണ്ടായാൽ അതിന്ന കാരണഭൂതങ്ങളും അതാതുകളെ വർദ്ധിപ്പിക്കുന്നവയുമായ *പദാർത്ഥങ്ങളെ ഉപയോഗിച്ച് ചികിത്സിക്കേണ്ടതാകുന്നു. 9

* മാംസധാതു ക്ഷയിച്ചാൽ അതിനെ വർദ്ധിപ്പിക്കുന്നായി അതിന്ന കാരണഭൂതമായരക്തത്തെ, വർദ്ധിപ്പിക്കുന്ന സാധനങ്ങളെ ഉപയോഗിക്കാം. ഈവിധമാണ് "സപ്രയോനിവദ്ധ്വാനം" എന്ന പദത്തിന്നർത്ഥമെന്ന ചിലർ പറയുന്നു. സപ്രയോനികളും സപ്രവർദ്ധകങ്ങളുമായ ദ്രവ്യങ്ങളെന്ന അർത്ഥവും ഇതും താൽപര്യംകൊണ്ട സമംതന്നെ, എല്ലാ ധാതുക്കളും പഞ്ചഭൂതമയങ്ങളാകുന്നെയെങ്കിലും രസത്തിൽ ജലാംശവും രക്തത്തിൽ അഗ്ന്യംശവും മാംസത്തിൽ ഭൂമ്യംശവും മേദസ്സിൽ ജലത്തിന്റെയും ഭൂമിയുടെയും അംശവും അസ്ഥിയിൽ ഭൂമിവായ്വാഗികളുടെ അംശവും മജ്ജയിലും ശുക്ലത്തിലും ഭൂമിജലവായുക്കളുടെ അംശവും മൂത്രത്തിൽ ജലാഗ്നികളുടെ അംശവും മലത്തിൽ ഭൂമിയുടേയും അത്തവ

ംശപീഡാ സശബ്ദസ്യ ച വായോശ്ച
ംഖരണഞ്ച. മൂത്രക്ഷയേ വസ്തിഃതാദോല്പമൂത്ര
ംപയോനിവഭ്നദ്രവ്യാണ്യേവ പ്രതീകാരഃ. സേച
ംഃരാമക്ഷപതാ തപക്ശോഷഃ സ്പർശൈപെഗുണ്യം സേച
. തത്രാഭ്യംഗഃ സേചോപയോഗശ്ച. ആത്തവക്ഷയേ യഃഥാ
ംകാലാദർശനമല്പതാ വാ യോനിഃവേദനാ ച. തത്ര സംശോധനമാ
ഗ്നേയാനാഞ്ച ദ്രവ്യാണാം വിധിവദുപയോഗഃ. സൂന്യക്ഷയേ സൂന
യോർമ്മാനതാ സൂന്യാസംഭവോല്പതാ വാ. തത്ര ശ്ലേഷ്മവഭ്നദ്രവ്യോപ

മലം ക്ഷയിച്ചാൽ നെഞ്ഞത്തും രണ്ടു വാരിപ്പുറങ്ങളിലും വേദന യും ശബ്ദത്തോടുകൂടി വായു മേൽപ്പെട്ട വരികയും വയറിൽ വായുവി ന്റെ സഞ്ചാരവുമുണ്ടാകും. മൂത്രം ക്ഷയിച്ചാൽ വസ്തിയിങ്കൽ കുത്തി നോവുകയും മൂത്രം കുറഞ്ഞുപോകയും ചെയ്യും. ഈ വിധം മലമൂത്രങ്ങൾ ക്ഷയമുണ്ടാകുമ്പോൾ മുമ്പറഞ്ഞ വിധം അതാതിന്റെ കാരണദ്രവ്യം കൊണ്ടും വർദ്ധനദ്രവ്യംകൊണ്ടും പ്രതികാരം ചെയ്യേണ്ടതാണ്. വിയർപ്പ് ക്ഷയിച്ചാൽ രോമകൂപങ്ങൾക്ക സുംഭനവും തോലിന്നു വരൾച്ചയും തൊടുമ്പോൾ സാധാരണപോലെയല്ലാത്ത സ്പർശം ഉണ്ടാകയും വിയ ർക്കാതിരിക്കയും ലക്ഷണങ്ങളാകുന്നു. ഇതിന്നു തേച്ചുകുളിയും വിയർപ്പിക്ക യും നല്ലതാണ്. ആർത്തവം ക്ഷയിച്ചാൽ ശരിയായ സമയത്തു തീ ണ്ടാരിയില്ലാതിരിക്കയും ഉള്ളപ്പോൾതന്നെ രക്തം പോകുന്നതു മുരുങ്ങി ക്കാണുകയും യോനിപ്രദേശത്തു വേദനയുമുണ്ടാകും. ഈ സ്ഥിതിയിൽ *ശോധനക്രിയകളും ശാസ്ത്രപ്രകാരം ഉണ്ണുവീഴ്ങ്ങളായ ഔഷധങ്ങളുടെ ഉപയോഗവും നല്ലതാകുന്നു. മൂലപ്പാൽ ക്ഷയിച്ചാൽ മുലകൾ വാടി യപോലിരിക്കയും മുലപ്പാലുണ്ടാകാതിരിക്കയും അഥവാ അതു കുറഞ്ഞു വരികയും ചെയ്യുന്നതാണ്. അവിടെ കഫത്തെ വർദ്ധിപ്പിക്കുന്ന ദ്രവ്യ ങ്ങളെക്കൊണ്ടു ചികിത്സിക്കണം. ഗർഭം ക്ഷയിച്ചാൽ (പുഷ്ടിയില്ലാതാ യാൽ) വയറിൽ കുട്ടിയുടെ ഇളക്കം കാണാതാകയും വയറു പൊക്ക മില്ലാതിരിക്കയും ചെയ്യും. അവിടെ വസ്തിചെയ്യേണ്ടുന്ന കാര്യം(ഏ)ട്ടാം

ത്തിൽ അഗ്നിയുടേയും വിയർപ്പിലും, മൂലപ്പാലിലും ജലത്തിന്റെ അംശവും അധികമായി രിക്കുമെന്നു പറഞ്ഞുപോന്നു. അതാതു ദ്രവ്യങ്ങളുടെ ഗുണങ്ങളുള്ള ദ്രവ്യങ്ങൾ അതാതിനെ വർദ്ധിപ്പിക്കുന്നവയാണെന്ന് ഈ യുക്തികൊണ്ടുതന്നെ ഗ്രഹിക്കാവുന്നതാണു്.

* വിരേചനംചെയ്യുമ്പോൾ ആഗ്നേയാംശം മുരുങ്ങിപ്പോകുന്നതുകൊണ്ടു് ആർത്തവക്ഷയത്തിൽ പറഞ്ഞിട്ടുള്ള ശോധനം വമനമാണെന്നു ഗ്രഹിക്കണം. അതു സൌമ്യാംശത്തെ കാക്കുന്നു ആഗ്നേയഗുണത്തെ വളർത്തുന്നതാണെല്ലോ. ഇവിടെ യോനിവിരേചനക്രിയയും ചെയ്യേണ്ടതെന്നു ചിലർ വ്യാഖ്യാനിക്കുന്നതു അയുക്തമാകുന്നു.

ഭേഷാഗദ. ഗർഭക്ഷയേ ഗർഭാസ്പന്ദനമനുന്നതകുക്ഷിതാ ച. തത്ര പ്രാപ്തവസ്തികാലായാദ ക്ഷീരവസ്തിപ്രയോഗോ മേധ്യാനോപയോഗശ്ചേതി. 10.

അത ഊർദ്ധ്വമതിവൃദ്ധാനാം ദോഷധാതുമലാനാം ലക്ഷണം വക്ഷ്യാമദ.—വൃദ്ധിം പുനരേഷാം സപ്രയോനിവൃദ്ധ്യനാഭ്യുപസേവനാദ്ഭവതി. തത്ര വാതവൃദ്ധൌ ത്വക്പാരുഷ്യം കാർശ്യം കാർഷ്ണ്യം ഗാത്രസ്ഫുരണമുഷ്ണകാമിതാ നിദ്രാനാശോ ബല്വബലതാ ഗാഢവച്ചസൂചഞ്ച. പിത്തവൃദ്ധൌ പീതാവഭാസതാ സന്താപ ശീതകാമിതാമല്പനിദ്രതാ മൂർച്ഛാ ബലഹാനിരിന്ദ്രിയൌർബ്ബല്യം പീതവിൺമൂത്രനേത്രത്വഞ്ച. ശ്ലേഷ്മണി വൃദ്ധൌ ശൌക്ല്യം ശൈത്യം സ്തൈമിത്യം ഗൌരവമവസാദസ്തന്ദ്രാ സന്ധ്യസ്ഥിവിശ്ലേഷശ്ച. രസാദിവൃദ്ധാ പുനരേഷാമേവ

മാംസം) മുതലായവ പാൽകൊണ്ടു* വസ്തിചെയ്യുകയും ഗർഭിണി സ്നിഗ്ധങ്ങളാകുന്നതിനായി (§മേധ്യ) ആഹാരങ്ങളെ കഴിക്കയും ചെയ്യുന്നതുതാണു. 10.

ഇനിമേൽ ദോഷധാതുമലങ്ങൾ അധികം വർദ്ധിച്ചാലുണ്ടാകുന്ന ലക്ഷണങ്ങളെ പറയുന്നു:— ഇവ വർദ്ധിക്കുന്നതു് അതാതിനു കാരണഭൂതങ്ങളും അതാതിനെ വർദ്ധിപ്പിക്കുന്നവയുമായ പദാർത്ഥങ്ങളെ അധികമായി ഉപയോഗിക്കയാലാണു്.

വാതം വർദ്ധിച്ചാൽ തോലു് പരുപരുത്തുപോകുക(¶ത്വക്പാരുഷ്യം)യും ദേഹം മെലികയും നിറം കറുക്കുകയും അവയവങ്ങൾ കുറഞ്ഞതാനും വിറയ്ക്കുകയും ഉണ്ണുന്നതിലാഗ്രഹമുണ്ടാകയും ഉറക്കമില്ലാതിരിക്കയും ബലം കുറയുകയും മലം ഉറച്ചുപോകയും ചെയ്യും. പിത്തം വർദ്ധിച്ചാൽ നിറം മഞ്ഞളിക്കയും ദേഹത്തിൽ വേണ്ടതിലധികം ചൂടുണ്ടാകയും തണുപ്പിൽ ആഗ്രഹമുണ്ടാകയും ഉറക്കം ചുരുങ്ങുകയും മോഹമുണ്ടാകയും ബലം (ഓജസ്സു്) ക്ഷയിക്കയും ഇന്ദ്രിയങ്ങൾക്കു തങ്ങളെ ഗ്രഹിക്കുന്നതിനു ശക്തിയില്ലാതാകയും മലവും മൂത്രവും കണ്ണും മഞ്ഞളിക്കയും ചെയ്യുന്നതാകുന്നു. ശ്ലേഷ്മം വർദ്ധിച്ചാൽ ദേഹത്തിൽ അസാധാരണയായ ഒരു വെളുത്ത നിറവും തൊടുമ്പോൾ അംഗങ്ങളിൽ തണുപ്പും അവയവങ്ങൾക്കു പതിവിൽ കവിഞ്ഞ ഒരു സ്നിഗ്ധതയും ഘനവും ക്ഷീണവും മനസ്സിനു് എപ്പോഴെങ്കിലും ഒരു മടിയും അധികം ഉറക്കവും സന്ധികൾ വേർപെട്ടുപോകുന്നുവോ എന്നുള്ള തോന്നലും ഉണ്ടാകുന്നതാണു്.

---

* ഈ വസ്തി ഗർഭാശയത്തിലേക്കാണു് ചെയ്യേണ്ടതെന്നു ചിലർ വിചാരിക്കുന്നു. അതു യുക്തമാണെന്നതു തോന്നുന്നില്ല.

§ മേധ്യമെന്നതിനു പരിശുദ്ധങ്ങളായ ക്ഷീരാദികളെന്നും യാഗോചിതങ്ങളായ മാംസാദികളെന്നും രണ്ടു പക്ഷഭേദങ്ങളുണ്ടു്.

¶ ഇവിടെ 'ത്വക്പാരുഷ്യ'മെന്നും പാഠമുണ്ടു്; ആ പക്ഷത്തിൽ 'സ്പർശനാനഭിജ്ഞത്വമില്ലായ്മ'യെന്നർത്ഥമാകുന്നു.

ഞ്ചോപാദേയതി. രക്തം രക്തതാംഗാക്ഷതാം സിരാപൂർണ്ണത്വഞ്ച. മാംസം സ്നിഗ്ധണ്ഡൗഷ്ട്യോപചയസ്ഥിരത്വബാഹുജംഘാസു വൃദ്ധിം ഗുരുഗാത്രതാഞ്ച. മേദഃ സ്നിഗ്ധതാംഗതാമുദരപാർശ്വവൃദ്ധിം കാസശ്വാസാദീൻ ദൌർഗ്ഗന്ധ്യഞ്ച. അസ്ഥി അധ്യസ്ഥീന്യധിദന്താംശ്ച. മജ്ജാ സർവ്വാംഗനേത്രഗൌരവം. ശുക്ലം ശുക്ലാശ്മരീമരിപ്രാദുർഭാവഞ്ച. പുരീഷമാടോപം കുക്ഷൌശൂലഞ്ച. മൂത്രം മൂത്രവൃദ്ധിം മൂർദ്ധ്നഃപ്രവൃത്തിം വസ്തിഗൌരവമാധ്മാനഞ്ച. സേദസ്സേദഃപ്രാ ദൌർഗ്ഗന്ധ്യം കണ്ഡൂഞ്ച. ആർത്തവമംഗമർദ്ദമരിപ്രവൃത്തിം കർത്തവ്യില്യഞ്ച. സൂനൃം സൂനായേരാപീനത്വം മൂർദ്ധ്നഃ പ്രവൃ

പം വർദ്ധിച്ചാൽ നെഞ്ഞു കലിപ്പും വായിൽനിന്നു വെള്ളം വ
പ്പും. രക്തം വർദ്ധിച്ചാൽ ദേഹവും കണ്ണും ചുകന്നിരിക്കയും
ിടങ്ങളിൽ രക്തനാഡിപം തിങ്ങിക്കാണുകയും ചെയ്യും. മാംസം
ിച്ചാൽ നിതംബം, കവിൾ, ചുണ്ട്, ഉപസ്ഥം, തുട, കയ്യ്, വണ്ണ
ൽ ഈ അംഗങ്ങൾ തടിക്കയും ദേഹത്തിന്നു ഘനമുണ്ടാകയും ചെ
്യും. മേദസ്സ് വർദ്ധിച്ചാൽ ദേഹത്തിൽ മീനസമധികമുണ്ടാകയും വയ
ം വാരിപ്പുറങ്ങളും പുഷ്ടിപ്പെടുകയും ചുമ, വിക്കം മുതലായ രോഗങ്ങ
ളുണ്ടാകയും ദേഹത്തിൽ ഒരു ദുർഗ്ഗന്ധമുണ്ടാകയും ചെയ്യും. അസ്ഥി വ
ർദ്ധിച്ചാൽ എല്ലുകൾക്കു പുഷ്ടി അധികമായി കാണുകയും പല്ലുകളധി
കമുണ്ടാകയും ചെയ്യും. മജ്ജ വർദ്ധിച്ചാൽ സർവ്വാംഗങ്ങളിലും വി
ശേഷിച്ചു കണ്ണിലും ഒരു ഘനം തോന്നും. ശുക്ലം വർദ്ധിച്ചാൽ ശുക്ലാ
ശ്മരി എന്ന രോഗമുണ്ടാകയും ശുക്ലമധികം സ്രവിക്കയും ലക്ഷണമാകു
ന്നു. മലം വർദ്ധിച്ചാൽ വയറ്റാത്തു് എരച്ചിലും വീർപ്പും വേദനയുമുണ്ടാ
കും. മൂത്രം വർദ്ധിച്ചാൽ അതു് അളവിലധികമാകയും ഇടയ്ക്കിടയ്ക്കു മൂ
പാകയും വസ്തിയിൽ കുത്തിനോവും *വയറുവീർപ്പുമുണ്ടാകുന്നതാ
. വിയർപ്പു് വർദ്ധിച്ചാൽ ദേഹത്തിൽ ദുർഗ്ഗന്ധവും ചൊറിച്ചിലുമുണ്ടാ
ും. ആർത്തവം വർദ്ധിച്ചാൽ ദേഹത്തിലൊക്ക നൊങ്ങിനോകയും അ
ധികം ആർത്തവം സ്രവിക്കയും ദേഹത്തിന്നു †ബലക്ഷയമുണ്ടാകയുംചെ
യ്യും. മലസ്രാൽ വർദ്ധിച്ചാൽ മലകഠം തടിക്കയും ഇടയ്ക്കിടയ്ക്കു മല
പ്പാൽ സ്രവിച്ചുകൊണ്ടിരിക്കയും മലകല്പിൽ കുത്തിനോവുണ്ടാകയും ചെ
യ്യും. ഗർഭം വർദ്ധിച്ചാൽ (അധികം വലുതായിത്തന്നാൽ) ദേഹത്തിലെ
ങ്ങും വീക്കം, വയറിന്നധികം വളർച്ച എന്നീലക്ഷണം കാണാം. ഇങ്ങി
നെ ദോഷാദികൾ വർദ്ധിച്ചാൽ അതാതിന്റെ അവസ്ഥപോലെ വിശേ

---

* അദ്ധ്മാനപദത്തിന്നിവിടെ വസ്തിവീർക്കുക എന്നത്രമാണു് നിബന്ധസംഗ്രഹത്തിൽ കാണുന്നതു്.

† മൂലത്തിൽ "ഒജോബ്രല്യ"മെന്നതിന്റെ സ്ഥാനത്തു "ഔർഗ്ബല്യ"മെന്നും ചിലർ പഠിക്കുന്നു.

ത്തിം തോദഞ്ച. ഗർഭോ ജഠരാഭിവൃദ്ധിം ശോഫഞ്ച. തേഷാം യഥാസ്വം സംശോധനം ക്ഷപണഞ്ച ക്ഷയാദവിരുദ്ധൈശ്ച ക്രിയാവിശേഷൈഃ പ്രതികുര്വ്വീത. 11.

(പ) പൂര്വ്വം പൂര്വ്വോതിവൃദ്ധതാദേവ്യോയേഽധി പരം പരമ്
തസ്മാദതിപ്രവൃദ്ധാനാം ധാതൂനാം ഹ്രാസനം ഹിതമ്. 12.

(ഗ). ബലലക്ഷണം ബലക്ഷയലക്ഷണമത ഊര്ദ്ധ്വം വക്ഷ്യാമഃ. തത്ര രസാദീനാം ശുക്ലാന്താനാം ധാതൂനാം യൽ പരം തേജസ്സൂരം ഖലോജസ്സുദേവ ബലമിത്യുച്യതേ സപ്രശാസ്ത്രസിദ്ധാന്തൽ. തത്ര ബലേന സ്ഥിരോപചിതമാംസതാ സർവ്വചേഷ്ടാസപ്രതിഘാതഃ§ സ്വര

ചനം മുതലായ ശോധനകർമ്മങ്ങൾ കൊണ്ടും ശമനക്രിയകൾകൊണ്ടും ഭേദപ്പെടുത്തണം. എന്നാൽ ഈ ചികിത്സകൊണ്ടു് അതുകൾ വേണ്ടതിലധികം *ക്ഷയിച്ചുപോകാതിരിപ്പാൻ ശ്രദ്ധിക്കയും ചെയ്യണം. 11

"ആദ്യമുദ്ദ്യോ പറഞ്ഞ ധാതുക്കൾ അധികം വർദ്ധിച്ചാൽ അവ തങ്ങൾക്കു ശേഷമുള്ള ധാതുക്കളേയും വർദ്ധിപ്പിക്കും. അതുഹേതുവായിട്ടു് അധികം വർദ്ധിച്ചിട്ടുള്ള ധാതുക്കളെ ചികിത്സിച്ചു ക്ഷയിപ്പിക്കുന്നതു് അത്യന്തം ആവശ്യമായ പ്രവർത്തിയാകുന്നു". 12.

ഇനിയിവിടെ ബലത്തിന്റെ ലക്ഷണവും അതു ക്ഷയിച്ചാലുള്ള ലക്ഷണവും പറയാം:— രസം തുടങ്ങി ശുക്ലംവരെയുള്ള ധാതുക്കളുടെ മുഖ്യമായ തേജസ്സിനെ (സാരമായ സത്തു്, Vital power) ഓജസ്സെന്നു പറയുന്നു. അതിന്നുതന്നെയാണു് ബലമെന്നും പേരുള്ളതു്. ഓജസ്സാണു് ബലമെന്നുള്ളതു് ഈ ശാസ്ത്രത്തിന്റെ നിയമമാകുന്നു. ഈ ബലംകൊണ്ടു് ദേഹത്തിൽ മാംസം പുഷ്ടിയോടുകൂടിയും ഉറപ്പുള്ളതായുമിരിക്കുന്നു. എല്ലാവിധം പ്രവൃത്തികളിലും തടസ്ഥംകൂടാതെയും വ്യാപരിക്കുന്നതിനും ഈ ബലം തന്നെ കാരണം. സപ്രത്തിനും നിറത്തി

---

* 'ക്ഷയാദവിരുദ്ധൈഃ' എന്ന മൂലവചനത്തിനു്, ക്ഷയിപ്പിക്കുന്നതിനുപയോഗമുള്ള എന്നു മാത്രമാണു് ചിലർ വ്യാഖ്യാനിക്കുന്നതു്. ഇവിടെ ഭട്ടാരഹരിശ്ചന്ദ്രസേനന്റെയും മഹാമഹോപാധ്യായഭാരതകാനാഥസേനന്റെയും പക്ഷപ്രകാരം തർജ്ജമചെയ്തിരിക്കുന്നു. ചിലർ 'ക്ഷപണഞ്ചാവിരുദ്ധൈഃ' എന്ന പാഠഭേദം സ്വീകരിച്ചു വ്യാഖ്യാനിക്കുന്നു.

§ ഓജസ്സെന്നുള്ള പദത്തിനു് അനേകവിധം അർത്ഥമുണ്ടു്. 'പ്രാണായതന മൈശ്വര്യമോജഃസോമോബിന്ദവോ ഹൃദയസ്ഥിതാഃ' എന്നും മറ്റും പ്രമാണങ്ങളുണ്ടു്. ഇവയിൽനിന്നു് ഓജസ്സു് ഒരു ദൃശ്യമായ വസ്തുവാണെന്നൂഹിക്കുന്നു. ഈ പ്രമാണങ്ങളിലെ ബിന്ദുശബ്ദത്തിനു് ഒരു കഷ്ടമെന്നർത്ഥം പറയുന്നവരുമുണ്ടു്. ജീവാധിഷ്ഠാനദ്രവ്യമെന്നും ജീവശക്തിയെന്നും ഓജസ്സിനെ വ്യവഹരിക്കുന്നു. 'ആൽബുമിൻ' (Albumen) എ

വർണ്ണപ്രസാദോ ബാഹ്യാനാമാത്മന്തരാണാഞ്ച കരണാനാമാത്മകർമ്മ പ്രകൃതിപരിതിർവ്വർത്തി. 13.

ഭേദനീ ചാത്ര— (പ).

ഓജഃ സോമാത്മകം സ്നിഗ്ദ്ധം ശുക്ലം ശീതം സ്ഥിരം സരമ്
വിവിക്തം മൃദു മൃൽസ്നഞ്ച പ്രാണായതനമുത്തമമ്. 14
തേഷാസ്ത്രാവയവൈസ്നു വ്യാപ്തോ ഭവതി ദേഹിനാമ്
തദഭാവാച്ച ശീര്യ്യന്തേ ശരീരാണി ശരീരിണാമ്. 15.

ന്നം തെളിവും കണ്ണു മുതലായ ഇന്ദ്രിയങ്ങൾക്കും മനസ്സു മുതലായ *അന്തഃകരണങ്ങൾക്കും ആതാവിന്റെ പ്രവൃത്തികളിൽ സാമർത്ഥ്യവും മേൽപറഞ്ഞ ബലംനിമിത്തമുണ്ടായിട്ടുള്ളതാകുന്നു. 13.

"ഓജസ്സു് സൌമ്യവും സ്നിഗ്ദ്ധപ്പെട്ടതാകുന്നു; അതു സ്നിഗ്ധമാകുന്നു; അതിന്റെ നിറം †വെളുപ്പാകുന്നു; അതിന്റെ വിശ്ലം ശീതമാകുന്നു; പ്രകൃതസ്ഥാവസ്ഥയിലും ഇപ്രകാരമുള്ള സ്വഭാവം അതിനുണ്ടു; അതു സൂക്ഷ്മമായും ഒഴുകിത്തുടിക്കുന്നതിനും മറ്റൊരിടത്തേക്കു വ്യാപിക്കാൻ ശക്തിയുള്ളതായും (‡സരം) പരിശുദ്ധമായും മൃദുവായും വഴുവഴുപ്പുള്ളതായും ഏറ്റവും ഉത്തമദ്രവ്യമായും പ്രാണന്റെ §ഇരിപ്പിടമായും ഇരിക്കുന്നു. ദേഹാവയവങ്ങളിലെങ്ങും അതു വ്യാപിച്ചിരിക്കുന്നുണ്ടു്. ഓജസ്സില്ലാതിരുന്നാൽ ശരീരം തീരെ നശിച്ചുപോകയും ചെയ്യും". 14—15

ണ്ടീപ്പറയുന്ന ദ്രവ്യമാണു് ഓജസ്സെന്നു നവീനന്മാർ സിദ്ധാന്തിക്കുന്നു. ഈ പക്ഷം പലർക്കുമുള്ളതായിരിക്കുന്നു. മുഴുപ്പും മിനുപ്പുമുള്ളതും ഏതു യന്ത്രത്തിലിരിക്കുന്നതുമായ ഒരു ദ്രവ്യമാണു് ഓജസ്സെന്നും പലഗ്രന്ഥങ്ങളിലുമുണ്ടു്. ഏതായാലും മനുഷ്യശരീരത്തിനു കോശനവ്യൂഹാരംഭത്തിനു് ഒരാശ്രയവും രക്ഷാദിനവ്വ് ധാതുക്കളിലുമുള്ളതും ജീവശക്തിയെ നിലനിർത്തുന്നതുമായ ഒരു ദ്രവ്യംതന്നെയാണു് ഓജസ്സെന്നുള്ളതു സർവ്വസമ്മതമാകുന്നു. ഓജസ്സിനെ ചിലർ രസമാണെന്നും ചിലർ ജീവരക്തമാണെന്നും ചിലർ ദേഹോഷ്മാവാണെന്നും പറയുന്നു.

* ബാഹ്യേന്ദ്രിയങ്ങളും, വാക്കു പാണി മുതലായ കർമ്മേന്ദ്രിയങ്ങളും, ശരീരത്തിലെ ചർമ്മേന്ദ്രിയങ്ങളും, കണ്ണു മുതലായ ജ്ഞാനേന്ദ്രിയങ്ങളുമാകുന്നു എന്നു ചിലർക്കഭിപ്രായമുണ്ടു്. ഈ പക്ഷത്തിൽ അന്തഃകരണങ്ങളും ജ്ഞാനേന്ദ്രിയങ്ങളുടെ കൂട്ടത്തിൽ ചേർത്താമല്ലോ.

† ഓജസ്സിനു് അധികം വെളുപ്പുനിറമുണ്ടെന്നാണിതിന്റെ താൽപര്യം. മൂലത്തിലെ ശുക്ലമെന്ന പദത്തിനു് വെളുത്തനിറമെന്നർത്ഥമല്ല; ശുക്ല(ഇന്ദ്രിയ)മെന്നർത്ഥമാണു് പലരും ചിലർ വ്യാഖ്യാനിക്കുന്നു. അവരുടെ പക്ഷത്തിൽ ഓജസ്സും ശുക്ലവും തന്നെയാണു്. ശുക്ലത്തിൽ ഓജസ്സിന്റെ അംശം അധികമായിട്ടുള്ളതുകൊണ്ടു് അവരണ്ടും തമ്മിൽ ഭേദമൊന്നുമില്ലെന്നു പറയുന്നു.

‡ രസമെന്നും പാഠമുണ്ടു്. ഈ പക്ഷത്തിൽ മധുരരസമുള്ളതെന്നർത്ഥമാകുന്നു.

§ പിട്ടത്തിന്റെ പ്രമാണം ഓജസ്സു് എപ്പോഴുമിരിക്കുന്നു എന്നു പറഞ്ഞുവെല്ലോ; അതു അഞ്ജലിപ്രമാണമാണു്. അഞ്ജലിപ്രമാണമാണു് മനുഷ്യശരീരത്തിലെ ഓജസ്സി

അതിഷ്ഠാതാൽ ക്ഷയാൽ കോപാച്ഛ്വാകാദ്ധ്യാനാച്ച മാൽ ക്ഷുധഃ
ഓജഃ സംക്ഷീയതേ ഹ്യേഭ്യോ ധാതുഗ്രഹണനിഃസൃതം
തേജഃ സമീരിതം തസ്മാദ്വിസ്രംസാദി ദേഹിനഃ. 16

(ഗ). തസ്യ വിസ്രംസോ വ്യാപൽ ക്ഷയ ഇതി ലിംഗാനി വ്യാപന്നസ്യ ഭവന്തി. സാധിഷ്ഠാനാനാം ഗാത്രാണാം സദനം ദോഷോപ്ലവനം ക്രിയാസന്നിരോധശ്ച വിസ്രംസഃ. സൂക്ഷ്മശരീരാത്മകാ വാത

അടി മുതലായതു് പിടിച്ചുകെട്ടുകകൊണ്ടും ക്ഷയഭാഗംകൊണ്ടും വ്യസനംകൊണ്ടും മദ്യാദി പാനങ്ങൾകൊണ്ടും തളിച്ചുകൊണ്ടും വിശപ്പുകൊണ്ടും ഓജസ്സിനു ക്ഷയം സംഭവിക്കും. ധാതുക്കളുടെ തേജസ്സുകൊണ്ട ഈ ഓജസ്സു് ധാതുക്കളെ വഹിക്കുന്ന സ്രോതസ്സുകളിൽനിന്നു് പുറത്തേക്കു വന്നിട്ടു പ്രാണികളെ ഒരു കർമ്മത്തിനും ശക്തിയില്ലാത്തവരാക്കുന്നു. 16

ഓജസ്സിനു് വിസ്രംസം (സ്ഥാനത്തുനിന്നു തെറ്റുക), വ്യാപൽ (വാതാദികളാൽ സപ്തധാതുഭേദം), ക്ഷയം എന്നിങ്ങിനെ മൂന്നു വിധത്തിൽ ദൂഷകളുണ്ടാകും. ഓജസ്സിനു വിസ്രംസമുണ്ടായാൽ അംഗ

തൊക്കെ കണക്കിനെ വേറെയും വ്യവസ്ഥകളുണ്ടു. ചെറുശരീരത്തിനു് കൂടിയതെന്നതാണു പറയുന്നതെങ്കിലും അതു് എത്രാണു് കൂടിയാൽ ദോഷമുണ്ടാകും. ഓജസ്സിനെ സംബന്ധിച്ചു പറയപ്പെടുന്ന ഈ അളവുകൊണ്ടെല്ലാം അപൂർവ്വവസ്തു മാത്രമാണു് പ്രമേയം. ഓജസ്സു് എത്തെങ്ങിലിരിക്കുന്നതാണെങ്കിലും സർവ്വത്ര വ്യാപിക്കുന്ന ഒരു ദ്രവ്യമാണെന്നു് 'കൃത്സ്നദേഹവ്യാപി' എന്നതുടങ്ങിയ വാക്യങ്ങളാലും തെളിയുന്നുണ്ടു്

§ 'ധാത്വഗ്നിസംശ്രിതം' എന്ന മൂലത്തിലെ ധാത്വഗ്നിശബ്ദത്തിനു് ഏതൊരു ചിലരുത്തമം പറയുന്നു. ധാതുക്കളെയെല്ലാം ഗ്രഹിച്ചുകൊണ്ടിരിക്കുന്നതാണു് തേജസ്സെന്നും അതിൽ സ്ഥിതിചെയ്യുന്ന ഓജസ്സു് എതിനെന്നു ചേർക്കപ്പെടുന്നതായതു് അതാണു് വിസ്രംസമെന്നുമാണു് ഒടുവിലെ പക്ഷം. "ഓജോവഹാസ്ത്വീരേസ്തിൻ വിധൃതേ സകലം തനും" എന്ന ചരകവചനവും മറവുള്ളതുകൊണ്ടു് ഓജസ്സിനെ വഹിക്കുന്ന സ്രോതസ്സുകളും ദേഹത്തിലുണ്ടെന്നതു വ്യക്തമാണു്. ഈ സ്രോതസ്സുകളുടെ അധിഷ്ഠാനം ഏതെന്നതിനെയാണെന്നതാണു് അടുത്ത പക്ഷം. ധാതുക്കളെ ഗ്രഹിച്ചുകൊണ്ടിരിക്കുന്നതായ സ്രോതസ്സുതന്നെയാണു് ഈ പക്ഷത്തിൽ ചേർപ്പാനുള്ള പ്രധാനകാരണം. അന്നരസത്തിൽനിന്നുണ്ടായിട്ടുള്ള ഈ സത്തായ ഓജസ്സു് ഹൃദയാദികളിലുള്ള അതാതു ധാതുക്കളെ (Tissues)യിൽ ചെന്നു് അവയെ പോഷിപ്പിക്കയാണെല്ലോ ചെയ്യുന്നതു്. അങ്ങിനെ ചെയ്യുമ്പോൾ അതു് ആ മാർഗ്ഗത്തിൽനിന്നു ദഹിച്ചുപോയി മലങ്ങളുടെ കൂട്ടത്തിൽ കലർന്നു പുറത്തുപോകുന്നതിനെയാണു് ഓജോവിസ്രംസമെന്നു പറയേണ്ടതു്. അതുകൊണ്ടു് 'ഹൃദയത്തിൽനിന്നു വേർപ്പെട്ടുപോകു' എന്ന ഓജസ്സിനെ സംബോധനചെയ്തുള്ള ഈ താൽപ്പര്യം സാധിക്കാവുള്ളതു് ശുക്രത്തെ ഗ്രഹിക്കേണ്ടിയിരിക്കുന്നതു. ഓജസ്സു് ജീവസ്ഥാനമാണെങ്കിലും അതു കുറഞ്ഞിട്ടാൽ മാത്രമേ മരണമുണ്ടാകയുള്ളു എന്നും അതിനു് വിസ്രംസമോ വ്യാപത്തോ ഉണ്ടായാൽ വ്യാധികളോ മറ്റൊ വന്നതല്ലാതെ മരണമുണ്ടാകയില്ലെന്നും അഭിപ്രായമാകുന്നു.

§ 'ലിംഗാനി വ്യാപന്നസ്യ വേത്തി' എന്ന മൂലത്തിലെ വ്യാപന്നപദത്തിനു് 'കേട്ടുപിറിയുന്നു' എന്ന മാത്രമർത്ഥമാണു്. വിസ്രംസവും വ്യാപത്തും ക്ഷയവും ഓജോവിധ്വത്തിലുള്ള കേടുകളാണെല്ലോ. ചിലർ 'വ്യാപന്നസ്യ' എന്ന പദത്തെ വിട്ടുപരിക്കുന്നു.

ദോഷാഃ വർണ്ണഃ ഭിദാ ഗ്ലാനിഃ സുപ്തി നിദ്രാ ച വ്യാപദഃ. മൂർഛാ മാംസക്ഷയാ മോഹഃ പ്രലാപോ മരണമിതിക്ഷയേ. 17

ഭവന്തി ചാത്ര—(ച).

ത്രയോ ദോഷാ ബലസ്യോക്താ വ്യാപദശ്ചിസ്രഃ സനക്ഷയാഃ
വിശ്ലേഷഃ സാതഥാ ഗാത്രാണാം ശോഷവിസ്രംസനം ശ്രമഃ
അപ്രാവൃഷ്ത്വം ക്രിയാണാഞ്ച ബലവിസ്രംസലക്ഷണം. 18

* ഇതി തത്ര സുശ്രുതാംശേഷു ഗ്ലാനിവർണ്ണസ്യ ഭേദനം
തന്ത്രാ നിദ്രാ ച ദോഷാണാം ബല വ്യാപദി ലക്ഷണം. 19

മൂർഛാ മാംസക്ഷയാ മോഹഃ പ്രലാപോ മരണഞ്ച ബലക്ഷയേ. പൂർവ്വോക്താനി ച ലിംഗാനി മരണഞ്ച ബലക്ഷയേ. 20

(ഗ). തത്ര വിസ്രംസേ വ്യാപന്നേ ച ക്രിയാവിശേഷൈരുപദിശ

ങ്ങൾക്കു തളർച്ചയും സന്ധികൾ വേർപെട്ടുപോകുന്നുവോ എന്നു തോന്നലും ശ്രോണികൾക്ക് അതാതു സ്ഥാനങ്ങളിൽനിന്നു ഭ്രംശവും അംഗങ്ങൾക്കു മനസ്സിനു പ്രവൃത്തിയുണ്ടാകുന്നതിൽ അശക്തിയും സംഭവിക്കുന്നതാണ്. വ്യാപത്തുണ്ടായാൽ അംഗങ്ങൾ സുപ്തിയും കനക്കുകയും വാതസംബന്ധമായ വീക്കമുണ്ടാകയും നിറം മാറിക്കയും തളരുകയും മടിയോടുകയും അധികം ഉറക്കം വരികയും ചെയ്യും. ക്ഷയിച്ചാൽ ബുദ്ധിഭ്രമം, മെലിച്ചിൽ, മോഹാലസ്യം, പ്രലാപം, മരണം കൂടി വന്നേക്കാം. 17

"വ്യാപത്ത്, വിസ്രംസനം, ക്ഷയം എന്ന മൂന്നു ദോഷങ്ങൾ ഓജസ്സിനുണ്ടാകാമെന്നു പറയപ്പെടുന്നു. അംഗങ്ങൾ വേർപെടുന്നു എന്നു തോന്നുകയും തളരുകയും ദോഷങ്ങൾ സ്ഥാനത്തുനിന്നു തെറുകയും ക്ഷീണവും പ്രവൃത്തികളിൽ അശക്തിയും ബല(ഓജഃ)വിസ്രംസത്തിന്റെ ലക്ഷണമാകുന്നു. ദേഹം കനക്കുക, സുപ്തിക്കുക, തളരുക, നിറംമാറുക, മടി, ഉറക്കം, വാതശോഫം ഇവ ബല (ഓജോ) വ്യാപത്തിന്റെ ലക്ഷണങ്ങളാകുന്നു. ഓജസ്സ് ക്ഷയിച്ചാൽ ബുദ്ധിഭ്രമം, മെലിച്ചിൽ, മോഹാലസ്യം, പ്രലാപം, മരണം കൂടി എന്നീ ലക്ഷണങ്ങളും മുൻപറഞ്ഞ വിസ്രംസവ്യാപത്തുകളുടെ ലക്ഷണങ്ങളും മരണവും കൂടി സംഭവിക്കുന്നതാണ്. 18—20.

അവയിൽവെച്ച് വിസ്രംസത്തിലും വ്യാപത്തിലും അനുകൂലങ്ങളായ പ്രയോഗങ്ങൾ (രസായനവാജീകരണാദികൾ) കൊണ്ട് ഓജസ്സിനെ സ്ഥാനത്തുനിന്നിളകാതാക്കുകയും വർദ്ധിപ്പിക്കയും വേണം. ഓജഃ

ത്തെഖ്ഖില്ലമാസ്ഥാപയേൽ നഷ്ടസംജ്ഞമിതരഞ്ച വജ്ജയേൽ. 21

തേജോപി ആഗ്നേയം ക്രമശഃ പച്യമാനാനാം ധാതൂനാമന്തർനിർവൃത്തമ്. അന്തരസ്ഥം സ്നേഹജാതം വസാഖ്യം സ്ത്രീണാം വിശേഷതോ ഭവതി. തേന മാർദ്ദവസൗകുമാര്യലാവണ്യോപചയാസഹദൃഷ്ടിസ്ഥിതിപക്തികാന്തിദീപ്ത്യയോ ഭവന്തി 22

തൽ കഷായതിക്തശീതരൂക്ഷവിഷ്ടംഭിവേഗവിഘാതവ്യായാമവ്യാധികൃഷ്ണൈശ്ച വിക്രിയതേ. 23

തസ്യാപി പാരുഷ്യവർണ്ണഭേദതാദ്ധനിഷ്ടുതപ്രാനി വിസ്രംസനക്ഷമം നിമിത്തം *ബോധമില്ലായ്മ വന്നുപായാൽ അതസാധ്യമാകയാൽ വർജ്ജിക്കണം. 21

ധാതുക്കളിൽ മന്നിൽനിന്നു മറ്റൊന്നിലുക്ക ക്രമത്തിൽ ഊഷ്മാവു വ്യാപിച്ചുകൊണ്ടിരിക്കുന്നു. അങ്ങിനെ പുടംകൊണ്ടിരിക്കുന്ന ധാതുക്കളിൽനിന്ന് ഒരു തേജസ്സുണ്ടാകാറുണ്ട്. അതു ദേഹത്തിനുള്ളിലിരിക്കുന്നതും മെഴുക്കുള്ളതുമാകുന്നു. അതിനു വസയെന്നാണ് പേർ. അതു് ആഗ്നേയവർഗ്ഗത്തിൽപെട്ടതാകുന്നു. വിശേഷിച്ചും സ്ത്രീശരീരത്തിലാണ് അതധികമുണ്ടാകുന്നതു്. അതുള്ളതുകൊണ്ടു സ്ത്രീകൾക്കു സൌന്ദര്യവും അധികം മൃദുതയുമുണ്ടാകുന്നു. അവക്ക് തൊക്കിനും മറ്റും മൃദുഛായയുമിരിക്കുന്നതും അതുകൊണ്ടുതന്നെ. കണ്ണുകൾക്കു ദർശനശക്തിയും മനസ്സിനുത്സാഹവും ദേഹശക്തിയും നിറത്തിനു ഭംഗിയും ശോഭയും സ്ത്രീകൾക്കധികമായിരിക്കുന്നതും ആ ആഗ്നേയതേജസ്സു നിമിത്തംതന്നെ. 22

പരുഷം കയ്പുരസവും രൂക്ഷങ്ങളും ശീതവീര്യങ്ങളും അകത്തുചെന്നാൽ പാകം വരാതെ കിടക്കുന്നവയുമായ പദാർത്ഥങ്ങളെ ഉപയോഗിക്കുകയാലും ക്ഷുത്തു മുതലായ വേഗങ്ങളെ തടഞ്ഞുനിർത്തുന്നതുകൊണ്ടും അതിവ്യായാമം, അധികമായ ദേഹാദ്ധ്വാനം എന്നിവകൊണ്ടും രോഗം പിടിച്ചു ക്ഷീണിച്ചതുകൊണ്ടും ആ തേജസ്സ് (വസ) ചിതറിപ്പോയിത്തീരും. (ഓജസ്സിന് പറഞ്ഞപോലുള്ള മൂന്നു ദോഷങ്ങളിതിനും വരും) 23

വസകൊണ്ടു വിസ്രംസനമുണ്ടായാൽ തൊലി പരുപരുക്കുകയും നിറം മാറുകയും ദേഹത്തിൽ കുത്തിനോവും ശോഷയില്ലായ്മയും ലക്ഷണങ്ങളാ

---

* ബോധക്കേട് ഓജസ്സ് ക്ഷയിച്ചാലുണ്ടാകുന്ന ലക്ഷണമായി മുമ്പു പറഞ്ഞിട്ടുണ്ടെങ്കിലും ആ അവസ്ഥയിലെത്തിയാൽ അസാധ്യമാണെന്നുകൂടി ഗ്രഹിപ്പാനാകുന്നു ഇവിടെ ഇങ്ങിനെ പാഠഭേദം. മൂലത്തിലെ "നഷ്ടസംജ്ഞ"മെന്നതിനുപകരം "മൂഢസംജ്ഞ" മെന്നും പാഠമുണ്ട്.

ചോനി. കാശ്യാ മന്ദാഗ്നിതാധസ്തിഷ്ക ച്യുതിവ്യാപത്തൌ. ദുശ്ചർമ്മി
ബലഹാന്യനിലപ്രകോപമരണാന്ധ്യ ക്ഷയ. 24

തത്രാപി സ്നേഹപാനാഭ്യംഗപ്രദേഹപരിഷ്കസ്നിഗ്ധലഘുപ്രായ
നി ക്ഷയ വിധിത.

ശ്ലോകസ്ഥാനം—(പ).

ദോഷധാതുമലക്ഷീണോ ബലക്ഷീണോപി വാ നര
സപ്രയോനിവഭ്രംശം യത്തഭന്നപാനംപ്രകാംക്ഷതി. 26
യത്രൈതാഹാരജാതം ഹി ക്ഷീണ പ്രത്യേതി നര
തസ്യ തസ്യ സ ലാഭേ തു തം തം ക്ഷയമപോഹതി. 27

കുന്നു. മെലിച്ചിൽ, ദഹനക്കേട്, വാതാദിദോഷങ്ങൾ കീഴ്പ്പെട്ടും വിട്ടു ഞ്ഞിട്ടും വ്യാപിച്ചിട്ടുള്ള ഉപദ്രവം ക്ഷീണലക്ഷണങ്ങൾ വസയുടെ വ്യാപനത്തിനുള്ളതാകുന്നു. അതു ക്ഷയിച്ചാൽ കണ്ണിനു ജ്യോതിക്ഷയവും ദ ഹനക്കേടും വാതകോപവും മരണവുംകൂടി ഉണ്ടാകുന്നതാണ്. 24.

ഇങ്ങിനെ ഉണ്ടാകുന്ന തേജഃക്ഷയത്തിങ്കൽ നെയ്യുമുതലായതു കാ ച്ചി സേവിക്കയും എണ്ണതേച്ചുകുളിക്കയും സ്നിഗ്ധങ്ങളായ വസ്തുക്കളെതേച്ചു തേക്കയും ആ മാതിരി മരുന്നുകൾ ചേർത്തുണ്ടാക്കിയ തൈലാദികളെക്കൊ ണ്ടു ധാരചെയ്കയും സ്നിഗ്ധങ്ങളും വേഗത്തിൽ ദഹിക്കുന്നവയുമായ അ ന്നങ്ങളെ കഴിക്കയും ചെയ്യാൽ സുഖം കിട്ടുന്നതാണ്. 25.

"ദോഷങ്ങളോ ധാതുക്കളോ മലങ്ങളോ ഒന്നുമോ ക്ഷയിച്ചാൽ മ നുഷ്യൻ അതാതിനെ ഉണ്ടാക്കുന്നവയും വർദ്ധിപ്പിക്കുന്നവയുമായ അന്ന പാനങ്ങളെ ആഗ്രഹിക്കും. ആ വിഷയത്തിൽ ക്ഷയിച്ചിട്ടുള്ള മനുഷ്യൻ ഭ്രിതത്തുവിധം ആഹാരാദികളാവശ്യപ്പെടുന്നുവോ അതതാഹാരങ്ങളെ ചെന്നടയുന്നതായാൽ ആ വക ക്ഷയം കൊണ്ടുള്ള ദോഷങ്ങളും നശിക്കു ന്നതാണ്." 26–27.

---

* വസന്തപ്പനി (22—25) പറഞ്ഞിട്ടുള്ള രോഗം ചില പുസ്തകങ്ങളിൽ കാണു ന്നില്ല. അതു പ്രക്ഷിപ്തമെന്നും അധികം വഞ്ചിതന്നാരും പറയുന്നതുണ്ട്.

† അഗ്നിക്കൊണ്ടു രോഗം വരുമെന്നും അതു നശിച്ചാൽ രോഗം മാറുമെന്നും ഒരു വിപരീതമുള്ളതുകൊണ്ട് യുക്തിപൂർവ്വമായ പ്രമാണം ഇതാകുന്നു. ദോഷധാതുമലങ്ങളിൽ ഏതാനും ക്ഷയിക്കയോ മിതമെന്നു ഗ്രഹിക്കാവുന്ന അഗ്നികളുടെ സ്വഭാവത്തെ പ്രത്യേകപ്രത്യേകം വിവരിച്ചുകൊണ്ടുള്ള മൂലശ്ലോകങ്ങളെ സുശ്രുതവചനമാണെന്നു ള്ള നിലക്ക് പാഠികനുണ്ടെന്നും അതു പ്രകൃതസന്ദർഭമല്ലെന്നുമാണെന്നും ഉള്ളനമി ശ്രൻ പറകയും ആ ശ്ലോകങ്ങളെ വ്യാഖ്യാനത്തിലെഴുതുകയും ചെയ്തിട്ടുണ്ട്. ഇവയെ ത്തിരുത്തിയിരിക്കുന്നു എന്നു അയ്യൊതാക്കരുതെന്നുമാണെന്നു തോന്നുകയാൽ ഇവിടെ എടു ത്തെഴുതുന്നു. അവയുടെ അർത്ഥം സൂഷ്മമാകകൊണ്ടും വിസ്തരഭയത്തെക്കും തർജ്ജമചെയ്തു മില്ല. അവർ മൂന്നാൾ ഓരോന്നായും ശുക്രം ചലിച്ചു ദോഷവും കഷായകടുതിക്ത

യസ്യ ധാതുക്ഷയാദ്വായുഃ സംജ്ഞാം കർമ്മ വാ നാശയേൽ
പ്രകൃതിം വാ ബലം യസ്യ നാദേസൗ ശക്യചികിത്സിതഃ. 28.

(ഗ) ഭസനിമിത്തമേവ ഗ്രഹണ്യാം കാശ്ച്യേ തത്ര ദീപ്തോഷ്ണാഗ്നേഃ ഭുക്തമാത്രപചനശീലസ്യ അപ്യന്നമാത്രാമിത്യാ ഭിഷാസപ്പുരുഷസ്യ ഉപ ക്രമിഷ്യമാണസ്യ മധുരതരേണ ശരീരമനുക്രമേൻ അതിസ്നേഹാൽ ഭോ ജനമതി, രഭിഷ്യന്ദാല്യരോഗമാദധാതി, തമതിസ്നേഹം ക്ഷുദ്രശ്വാ സഛർദ്ദിപ്രസേകാരുചി സപ്തഷ്ഠീവനാഗൗരവാഗ്നിസാദ ഗ്രന്ഥിതപ്രതിശ്യായ ക്ലിപ്രമേവാവിശന്തി ഭസ്മകമാഗ്നേയമസ്യ സൂചയതി

ഭവതി കഷായീഭൂതം കാക്ഷ്യതി. തിലമാഷകുലത്ഥദിവ്യധാന്യവികൃതിം ഗ്രന്ഥ്യാദ്യു ത്പാദകത്വാച്ച പിഷ്ടകഷായീഭൂതാദപി മാംസം ഗാഢിതാവാഹാരാദ്യ ഗ്രസഗുരുത്വാ ന്നിഷ്ക, ശുഷ്കമാംസകഷായീഭൂതാ കഫിനാം ദുർജ്ജരത്വാത്. ഇക്ഷു മാംസരസാ ഗ്രഥിത മദ്യസപ്പിർഗുഡാദികേഷു അന്നപാനേഷു പ്രായേണ അഭിഷ്യന്ദിത്വാത്. ക്ലോമ്നോ ഗ്രഥിതയകൃത്പ്ലീഹ്നി സ്വസ്ഥാനവചനാച്ചി ച; രക്തസിരാഗ്രന്ഥി മാംസാനി രക്തകഷായീഭൂതാ നിരാകാംക്ഷതി. ഉപരി ഗ്രഥിസിരാനി യഥാ സാധാരണാനിച; സ്ഥൂലകുവ്യുത്പാദനാ ന്നി രക്തകഷായീഭൂതാഃ കാംക്ഷതി. ദേഹസ്നിഗ്ധാനി മാംസാനി ഗ്രഹണ്യുത്പാദകാനി ച; സകഷായാണി വിശേഷേണ രക്തകഷായീഭൂതാ കാംക്ഷതി. രസാൽ സ്നിഗ്ധാൻമാംസാ നിമാംസാഗ്നിർഗ്രഹികാംക്ഷതി, അഗ്നിക്ഷീണഃ ക്ലോമാ കഫം രക്തമാംസാദിസ്ഥാനസംശ്ര യാ. സഭക്ഷ്യരസസ്നേഹപ്രധാനം രക്തക്ഷീണോഭിലാഷതി. മയൂരകരാണധാനി മാം സാനാമസാത്മ്യാ സൂചി; ഗ്രാമ്യാനൂപ പാദകാനാമന്ന ശ്ലക്ഷ്ണക്ഷീണോഭിലാഷതി. യവാ നി യവകാനി ശാകാനി വിവിധാനി ച, ചെറുമാംസയൂഷാഭ്യ വഹ്നിഃ ക്ഷീണോഭി കാംക്ഷതി. ഉപയുക്തമാംസം ക്ഷിപ്രം സംഹൃഷ്യ ബലവദാകരോ; മൃഗക്ഷീണോഭിലഷതി ത്രപുണ്യസ്നിഗ്ധകാനി ച. അജ്യേരോ മദ്യം യച്ച നിവാതശയനാശനാ; ക്ലമ പ്രാവ രണാ ഭൈരവ രക്തക്ഷീണോഭിലാഷതി. കടഫല്ലവനാളാനി വിദാഹീനി ഗുരൂണി ച; ഫലശാകാമ്ലപാനാനി സ്ത്രീ വാഞ്ഛത്യുച്ചാവചക്ഷയാൽ. ' ഭിഗാജ്യവിയദാഹാണാം ഗർഭാൻ വർത്തമാനിസംസ്രവൻ; വസാശുന്യപ്രകാരാണി രോക്ഷ്യം ശർക്കരികാ ച യ. യ്യ ക്ഷയേണ്ടിതാംസാനി ഭോക്ഷ്യതീവം ശർക്കരാം യഥാ; അസവ ദധി പ്രായാനി കന്യ ന്ത്യസൃഗ് ഭക്ഷണാനി??.

യാസ്യ സമർത്ഥം കഫമേദോനിരുദ്ധമാർത്തവാച്ഛുക്ലവ്യാപായോ ഭവതി, ആവൃതമാർത്തവാദേവം ശേഷാ ധാതവോ നാപ്യായന്തേ, അത്യന്തമേവോപചീയതേ ഗ്രന്ഥിപ്രായോ ഭവതി; പ്രമേഹപിടകാജഭഗന്ദരവിദ്രധിവാതവികാരാണാമന്യതമം പ്രാപ്യ പഞ്ചത്വമുപയാതി. സർവ്വ ഏവ ചാസ്യ രോഗാ ബലവന്തോ ഭവന്ത്യാവൃതമാർത്തവാൽ സ്രോതസാം. അതസ്തു സ്ത്രീഹേതും പരിഹരേൽ. 29.

ഇൻറ രസം നല്ലപോലെ *പാകം വരാതെ പിറകെ പിറകെ മധുരരസമുള്ള രാ യിത്തീർന്നിട്ട് ദേഹത്തിലെങ്ങും വ്യാപിക്കുന്നു. അതു് അധികം സ്നിഗ്ധ തയുള്ള വസ്തുവാകയാൽ, മേദസ്സിനെ വർദ്ധിപ്പിക്കും. അപ്പോൾ ദേഹം അതിയായി തടിക്കും. അങ്ങിനെ അതിസ്ഥൂലനായ മനുഷ്യന്നു് കിതപ്പും (ക്ഷുദ്രശ്വാസം) വെള്ളംതോറവും അധികം വിശപ്പും വയറ്റിപ്പും ദേഹത്തിൽ ദുർഗ്ഗന്ധവും ഉറക്കത്തിലും മാറാം ശ്വാസംവിടുമ്പോൾ 'കിറകിറ' ന്നാതെ ഒരു ശബ്ദവും അംഗങ്ങൾക്കു തളർച്ചയും സംസാരിക്കുമ്പോൾ അക്ഷരങ്ങൾ വ്യക്തമായി ഉച്ചരിപ്പാൻ വയ്യായ്കയും അരിഷ്ടഗുദത്തിലുണ്ടാകുന്നതാണു്. മേദസ്സു് മൃദുപദാർത്ഥമാകയാൽ അതു വർദ്ധിച്ചിട്ടുള്ളവനു് ഒരു പ്രവൃത്തിക്കും ശക്തിയില്ലാതാകും; കഥവും മേദസ്സുംകൂടി ശുക്ലത്തെ തടഞ്ഞുനിൽക്കുന്നതുകൊണ്ടു് അവനു സ്ത്രീസേവ ചെയ്യുന്നതിനു വേണ്ടതേകശുക്ലമുണ്ടാകയുമില്ല. ഇങ്ങിനെ ദേഹത്തിലുള്ള മാർഗ്ഗങ്ങളടഞ്ഞുപോകുന്നതിനാൽ ബാക്കിയുള്ള രസം, ശുക്ലം മുതലായ ധാതുക്കൾക്കു പുഷ്ടിയുണ്ടാകയില്ല. അപ്പോൾ ദേഹത്തിനുള്ള ബലം പിറകവും ക്ഷയിക്കയും ചെയ്യും. ഇങ്ങിനെ അതിസ്ഥൂലനായ പുരുഷനു് പ്രമേഹം, കുരു, (പിടകാ), ജ്വരം, ഭഗന്ദരം, വിദ്രധി, വാതരോഗം ഇവയിൽ ഓരോരോഗങ്ങളിലേതെങ്കിലുമുണ്ടാകയും അതുനിമിത്തം മരിക്കയും ചെയ്യുന്നതാണു്. അതിസ്ഥൂലനു് സ്രോതസ്സുകളിൽ മാർഗ്ഗങ്ങളടഞ്ഞുപോകുന്നതുകൊണ്ടു് വിഷരോഗം വന്നാലും അതിനു ബലം കുടുതലായിരിക്കും. അതുകൊണ്ടു് ഈ മാതിരി അതിസ്ഥൗല്യം വരാതിരിക്കാൻ വേണ്ടുന്ന മുൻകരുതലുകൾ അവശ്യം ചെയ്തായാണു് വേണ്ടതു്. 29.

* * മേദസ്സധികമുള്ളവർക്കു അഗ്നിബലമുണ്ടായിവരുന്നു. അപ്പോൾ അതിസ്ഥൗല്യത്തിനു്, തിന്നുകൊണ്ടിരിക്കുന്ന രസം കാരണമാകുന്നതെങ്ങിനെയാണു് അഭ്യവഹാരം കൊണ്ടു് രസത്തിനു വേണ്ടപോലെ പാകം വരികയില്ലെന്നാണു് ഇതിനുത്തരം. അന്നം പാകം വന്നാൽ അതിൽനിന്നുണ്ടാകുന്ന വസ്തുവാണല്ലൊ രസം. ആ രസത്തിനു പിന്നെ ധാതുക്കളിൽ ചെല്ലുമ്പോൾ അതാതു സ്ഥലങ്ങളിൽ വെച്ചു് പിന്നെയും പാകം സംഭവിക്കുന്നു. ഈ രണ്ടാംപാകം വേണ്ടപോലെയില്ലാതിരിക്കലാണു് അതിസ്ഥൗല്യത്തിനു് ഹേതുവാകുന്നതു്.

ചിത്രകത്തു ശിലാജതുഗുഗ്ഗുലുഗോമൂത്രത്രിഫലാലോഹരജോരസാ
നാം പഞ്ചസൂദകാരുഷ്കശുദ്ധകാട്ടാളകാടീനാം വിശ്രക്ഷണച്ചേദ
വിധാനാഭ്യാം ദ്വിധാനാം വിധിവദുപയോഗോ വ്യായാമോ ലേഖനാദീ
നാമുപയോഗശ്ചേതി. 30.

തത്ര പുനർവ്യാകുലിതാനാം ദോഷാണാമിവ്യായാമവ്യവായാധ്യയനഭ
യശോകധ്യാനാന്നിജാഗരണപിപാസാക്ഷുൽകഷായാല്പാശനപ്രഭൃതിഭി
രുപശോഷിതാനാം സ്വധാതുഭിഃ ശരീരമനുക്രാമന്നല്പത്വാന്ന പ്രീണാതി;
തസ്മാദവി [illegible] ഭവതി. ദോഷൈഃ കൃശേ ക്ഷുത്പിപാസാരുചിതോഷ്ണ

ഒരു സമയം മേദസ്സു വർദ്ധിച്ചു മാംസം തടിച്ചുപോയാൽ കൽമദം, ഗുൽഗുലു, ഗോമൂത്രം, ത്രിഫല, ഇന്തുപ്പൊടി, രസാ[illegible] തേൻ, യവം, പൊരുപയർ, വരക്, ചർമ്മം, കാട്ടുവരക് മുതലായ കഷായങ്ങളെ ശാസ്ത്രപ്രകാരം പലവിധത്തിലും ഉപയോഗിക്കയും ദേഹത്തിനു രൂക്ഷതയുണ്ടാക്കുന്നവയും ഛേദനശക്തി (ആന്തരമാർഗ്ഗങ്ങളെ ശുദ്ധിചെയ്യുന്ന)യുള്ളവയുമായ പദാർത്ഥങ്ങളെ ഉപയോഗിക്കയും വ്യായാമംചെയ്കയും കൂടിനിന്നുള്ളിൽനിന്നു ദോഷങ്ങളെ ഉരസി വെളിക്കുകൊണ്ടുവരുന്ന പദാർത്ഥങ്ങളെക്കൊണ്ടു വസ്തി (*ലേഖനവസ്തി) ചെയ്കയും വേണ്ടതാണ്. 30.

വാതത്തെ വർദ്ധിപ്പിക്കുന്ന ആഹാരം കഴിക്കുക, അതിവ്യായാമം ചെയ്ക, സ്ത്രീസേവചെയ്കയുള്ള ശക്തിയിൽ കവിഞ്ഞനിലയിലാവുക, അമിതമായി അധ്യയനം (വായിക്ക) ചെയ്ക, അധികം ഭയപ്പെടുക, വ്യസനിക്കുക, കാര്യങ്ങളെപ്പറ്റി അധികമായി വിചാരിക്കുക, രാത്രിയിൽ ഉറക്കമൊഴിക്കുക, ദാഹവും വിശപ്പും സഹിച്ചിരിക്കുക, മരവുപ്പുള്ള സാധനങ്ങളധികം കഴിക്കുക, ആഹാരം കഴിക്കുന്നതു അല്പമായിട്ടു കുറഞ്ഞിരിക്കുക മുതലായ കാരണങ്ങളാൽ ശരീരധാതുക്കളിൽ വാർദ്ധക്യമുണ്ടാകുന്നു. അങ്ങിനെ രസം മുതലുള്ളതായ ധാതുക്കൾ ദേഹത്തിൽ മരവുണ്ടുപോലെ വ്യാപിക്കയും ദേഹത്തിനു പുഷ്ടിവരാതെയുമിരിക്കുന്നു; അതുനിമിത്തം ദേഹം ക്ഷീണിക്കയും ചെയ്യുന്നു. ഇങ്ങിനെ അതിക്രമമായിരിക്കുന്നവർക്കു വിശപ്പും ദാഹവും തണുപ്പും ചൂടും കാറ്റും മുതലായതിനെ സഹിക്കുന്നതിനും ചുമടെടുക്കുന്നതിനും ശക്തിയുണ്ടാകയില്ല; മിക്കതും അവൻ ഒരു വാതരോ

* ത്രിഫലകഷായം, ഗോമൂത്രം, തേൻ, ക്ഷാരജലം ഇവയിൽ ഉപയോഗിക്കുന്നതിനുള്ള മരുന്നുകളെടുത്തുകൂട്ടി ഉണ്ടാക്കിയ ഇളകിയ വസ്തിചെയ്യുന്നതിനു ലേഖനവസ്തി എന്നു പേർ പറയപ്പെടുന്നു. ഈ മാതിരി വസ്തികളുടെ ക്രമം ചികിത്സിതസ്ഥാനത്തിൽ കാണ്മാനുണ്ട്.

വാ ച പ്രാണോ നാശമനുഷ്ഠാ സഹിഷ്ണുഃ വാതരോഗപ്രായോ ഽല്പപ്രാണശ്ച ക്രിയാസു ഭവതി; ശ്വാസകാസശോഷപ്ലീഹോദരഗ്രഹണീപാണ്ഡുകുഷ്ഠപ്രമേഹാനാമന്യതമം പ്രാപ്യ മരണമുപയാതി. സർവ്വഥൈവ ചാസ്യ രോഗാ ബലവന്തോ ഭവന്ത്യല്പപ്രാണത്വാൽ. അതസ്തസ്യാല്പത്വഹേതും പരിഹരേൽ. 31.

ഉല്പന്നേ തു ഖലു ഖയേ സ്നിഗ്ധാവിദാഹിഗുരുശീതാവരീ ബലാതിബലാനാഗബലാനാം മധുരാണാമന്നപാനൗഷധീനാമുപയോഗഃ, ക്ഷീരദധിഘൃതമാംസശാലിഷഷ്ടികയവഗോധൂമനാഞ്ചനിവാസ്വപ്നബ്രഹ്മചര്യ്യാവ്യായാമബൃംഹണാനാമുപയോഗശ്ചേതി. 32.

യഃ പുനരുഭയസാധാരണാന്യുപസേവേത തസ്യാന്നരസഃ ശരീരമനുക്രാമൻ സമാൻ ധാതൂനുപചിനോതി; സമധാതുത്വാന്മധ്യശരീരാ

ഗിയുടെ നിലയിലായിരിക്കും; പ്രവൃത്തികളിലൊന്നിലും തന്നെ അവനു ശക്തിയുണ്ടാകയില്ല; ശ്വാസം, കാസം, ശോഷം, പ്ലീഹോദരം, ഗ്രഹണി, മാന്ദ്യം, ഇവ, രക്തപിത്തം എന്നീരോഗങ്ങളിലേതെങ്കിലും ഉണ്ടായി താനിമിത്തം അവൻ മരിക്കയുംചെയ്യും. പ്രാണബലമില്ലാത്തതുകൊണ്ട് ഈ അതികൃശനുണ്ടാകുന്ന എല്ലാ രോഗവും ബലമുള്ളവയായിരിക്കയെ ഉള്ളൂ. അതുകൊണ്ട് ആ വക രോഗങ്ങൾ വരാതിരിക്കാനായി, ആ അതികാശ്യംതന്നെ സംഭവിക്കാതെ കഴിച്ചുകൂട്ടേണ്ടതാണ്. 31.

അഥവാ അതുണ്ടായിപ്പോയാൽ അടപതിയരിക്കിഴങ്ങ്, അമുക്കുരം, പാൽമുതുകിൻകിഴങ്ങ്, മുച്ചിലവേർ, ശതാവരിക്കിഴങ്ങ്, കുറന്തോട്ടിവേർ, വങ്കുരുന്തോട്ടിവേർ ആനക്കുറുന്തോട്ടിവേർ എന്നിവയും പിന്നെ മധുരരസങ്ങളായ വേറെ മരുന്നുകളും പ്രയോഗിക്കണം. പാൽ, തൈർ, നെയ്യ്, മാംസം, ശാലിയരി, നവരയരി, യവം, ഗോതമ്പ് എന്നിവയുടെ പദാർത്ഥങ്ങൾ ശീലിക്കുന്നതുകൊണ്ടും പകലുറക്കം, സ്ത്രീസേവചെയ്യാതിരിക്കൽ, വ്യായാമംചെയ്യാതിരിക്കൽ, * ബ്രാഹ്മണവസ്തിചെയ്യുക ഈ വകകൊണ്ടും അതികാശ്യം നശിച്ചുപോകുന്നതാണ്. 32.

ദേഹത്തെ അധികം തടിപ്പിക്കയോ മെലിയിക്കയോ ചെയ്യാത്ത സാധാരണ ഔഷധങ്ങളേയും ആഹാരങ്ങളേയും നടവടികളേയും സ്വീകരിച്ചിരിക്കുന്നവന്ന് അന്നരസം ശരീരത്തിൽ ശരിയായി വ്യാപിക്കുന്നു; അതുകൊണ്ട് ധാതുക്കൾ സമനിലയിൽ വർത്തിക്കുന്നു; ആ മാതിരി

---

* ദേഹം തടിപ്പിക്കുന്ന മരുന്നുകളുടെ കഷായത്തിൽ ആ ജാതി മരുന്നുകൾ അരച്ചുകുഴച്ചുണ്ടാക്കിയ നെയ്യും ഇന്തുപ്പും ചേർത്തുകൊണ്ടു കടഞ്ഞു് അതുകൊണ്ടു വസ്തിചെയ്യുന്നതു് ബ്രാഹ്മണവസ്തിയാകുന്നു.

ഭവതി; സ്വീകൃതാസു സമർത്ഥഃ ക്ഷുൽപിപാസാശീതോഷ്ണാതപ
സഹോ ബലവാംശ്ച നഃ സതതമനുപാലയിതവ്യ ഇതി. 23
(ച) അത്യന്തസംഹിതാമേവമേനാം സമാ സ്ഥൂലകൃശാ നരാശ്ച
ദൃഷ്ട്വാ മധ്യശരീരാസു കൃശാ സ്ഥൂലാസ്തു പൂജിതാഃ. 34
ദോഷപ്രകൃതിതാ ധാതൂൻ ക്ഷപയത്യേതരാംശ്ചയാ
ഇതി സമ്യഗ്ഭിസാ വാച്യാ നാതിപ്രമിതവാതകം. 35

മദ്ധ്യനും, ധാതുക്കൾ സമമല്ലാതിരിക്കയാൽ അതി സ്ഥൂലനോ അതി കൃശനുമല്ലാത്ത ഒരു മധ്യശരീരക്കാരനായിരിക്കുന്നു; അവനെ ക്ഷിപ്രവ്യാപാരത്തിനും ശക്തിയില്ലാത്തവനാണല്ലൊ; വിശപ്പും ദാഹവും തണുപ്പും ചൂടും കാറ്റും മഴയും വെയിലും സഹിക്കുന്നതിനും അവൻ അശക്തനായിരിക്കും; ദേഹത്തിനും മനസ്സിനും നല്ല ബലവും അവനുണ്ടാകും. ഈ മാതിരി ശരീരത്തെ എടുപ്പുഴപോലെ സമമായ നിലയിൽ വെച്ചുകൊണ്ടിരിപ്പാൻ ശ്രദ്ധിക്കേണ്ടതാണ്. 33

നന്നെ തടിച്ചും നന്നെ മെലിഞ്ഞും ഇരിക്കുന്ന മനുഷ്യന്മാർ എപ്പോഴും ക്ലിഷ്ടരായും നിന്ദ്യന്മാരാകുന്നു. മദ്ധ്യശരീരക്കാരനെ എപ്പോഴും രക്ഷിക്കുന്നു. എന്നാൽ തടിച്ചവനെക്കാൾ ഭേദം മെലിഞ്ഞവൻതന്നെ. സമധാതുനിലയിൽ ദേഹത്തെ വെച്ചുകാണ്മാൻ കഴിവില്ലാത്തവർക്കു വാതം കുപിതമായ മോഷം കോപിച്ചു്, നന്നേ മെലിഞ്ഞുകാണ്മാൻ ധാതുക്കളെ (ഉപധാതുക്കളേയും മലങ്ങളേയുംകൂടി), പാത്രത്തിലാക്കി അടുപ്പിൽവെച്ചിട്ടുള്ള ഘടിപ്പിക്കുന്ന തന്നേ മെലിഞ്ഞുകാണ്മാൻ ആഗ്രഹിക്കുന്നവനെയാണ് ഈ ക്ഷയിപ്പിക്കുന്ന *ശരീരങ്ങൾ തമ്മിൽതമ്മിൽ പ്രകൃതികൊണ്ടും വലിപ്പംകൊണ്ടും ബലംകൊണ്ടും മറ്റും വ്യത്യാസപ്പെട്ടുകാണുന്നതിനാലും ദോഷധാതുമലങ്ങൾ ഓരോ സമയത്തിലും അനിഷ്ടപ്രകൃതിയാകുകൊണ്ടും അതുകൾ ദേഹത്തിൽ ഇരുതിരുമാണുള്ളതെന്നു

---

* ദോഷങ്ങളെ കോപിപ്പാൻ ധാതുക്കളെ ക്ഷയിക്കുന്നു വയ്ക്കുന്നതിനും ക്ഷയിക്കുന്നതിനും ചെയ്യുന്നു. ഇവിടെ ക്ഷയം മാത്രം പറയപ്പെട്ടിരിക്കുന്നതെങ്കിലും മറ്റുള്ളവയേയും ഇതെക്കൊണ്ടു വിവരിക്കേണ്ടതാണ്.

† "ദോഷാദികളെ സമനിലയിൽ വെച്ചുകൊണ്ടിരിക്കണമെങ്കിൽ അതിനെന്തു സിദ്ധൗഷധമെന്നായിരിക്കുമെന്നായിരിക്കുമല്ലൊ?" എന്നുള്ള ശങ്കയ്ക്ക് അല്ല മറുപടിയെന്നുള്ളതുകൊണ്ട് ഊഹിച്ചുചിന്തിക്കണമെന്നും അവയെ വ്യവസ്ഥിതമായ അളവൊന്നുമില്ലാത്തതുകൊണ്ടു ഭദ്രശൗനകാദിമഹർഷിമാർ "ദോഷാദികളുടെ സമനിലയിൽ (ദേഹത്തിൽ തന്നെ പറഞ്ഞിരിയ്ക്കുന്നു)" എന്നും മറ്റും കണക്കുപറയുന്നതു പോലെയോ അതിലുണ്ടാകുമെന്നുള്ള നിലകൊണ്ടെന്നും ഉള്ളിൽ വെച്ചുകൊണ്ട് ഇവിടെ നാവയും പരിച്ഛേദിച്ചു ഉപയോഗിയ്ക്കുന്നതു അസാധ്യമാണെന്നും പറയുന്നു.

വൈലക്ഷണ്യാച്ഛരീരാണാമസ്ഥായിത്വാത്തഥൈവ ച
ദോഷധാതൂമലാനാന്തു പരിമാണം ന വിദ്യതേ. 36
വിദ്യാം സമത്വം യച്ചാപി ഭിഷഗ്ഭിരവധാര്യതേ
ന തൽ സ്വാസ്ഥ്യാദൃതേ ശക്യം വക്തുമന്യേന ഹേതുനാ. 37
ദോഷാദീനാന്തു സമതാമനുമാനാ ലക്ഷയേൽ
അപ്രസന്നേന്ദ്രിയം വീക്ഷ്യ പരുഷം കുശലോ ഭിഷക്. 38
സമദോഷസ്സമാഗ്നിശ്ച സമധാതുമലക്രിയഃ
പ്രസന്നാത്മേന്ദ്രിയമനാഃ സ്വസ്ഥ ഇത്യഭിധീയതേ. 39
സ്വസ്ഥസ്യ രക്ഷണം കുര്യാദ്സ്വസ്ഥസ്യ ഹ്യുദ്ധിമാൻ
ക്ഷപയേദ്ബ്രുഹയേച്ചാപി ദോഷധാതുമലാൻ ഭിഷക്
താവദ്യാവദരോഗഃ സ്യാന്നരോ രോഗസമന്വിതഃ. 40

ഇതി സുശ്രുതസംഹിതായാം സൂത്രസ്ഥാനേ
ദോഷധാതു-ലക്ഷയവൃദ്ധിവിജ്ഞാനീയോ നാമ
പഞ്ചദശോധ്യായഃ.

തീച്ചുപ്പെടുത്താൻ തരമില്ല. ദോഷധാതുമലങ്ങൾ ദേഹത്തിൽ സമ നിലയിലാണിരിക്കുന്നതെന്നു മനസ്സിലാക്കേണമെങ്കിൽ, സുഖക്കേടൊന്നുമില്ലാതിരിക്കുന്നുണ്ടോ എന്നു നോക്കുകയല്ലാതെ വേറെ ഊഹിപ്പാൻ വഴിയൊന്നുമില്ല. ഇങ്ങിനെ ഊഹിച്ചിട്ടാണ് വൈദ്യന്മാർ ഈ സംഗതി അറിയാറുള്ളതു്. ഇന്ദ്രിയങ്ങൾക്കു തെളിവും ശക്തിയുമില്ലെന്നു കണ്ടാൽ സമർത്ഥനായ വൈദ്യൻ ആതുരക്കാരനു ദോഷംമുതലായവ വിഷമസ്ഥിതിയിലായിരിക്കുന്നു എന്നു് അനുമാനംകൊണ്ടു തീച്ചുമാക്കേണ്ടതാണു്. ദോഷങ്ങൾ സമസ്ഥിതിയിലായിരിക്കുക, പാകംപോലെ ദഹനമുണ്ടായിരിക്കുക, ധാതുക്കളും മലങ്ങളും സമങ്ങളായിരിക്കുക, അവയവങ്ങൾക്കു് അതാതു പ്രവൃത്തികളിൽ ശക്തി വേണ്ടതോളമുണ്ടായിരിക്കുക, ബുദ്ധിക്കും ഇന്ദ്രിയങ്ങൾക്കും മനസ്സിനും തെളിവുണ്ടായിരിക്കുക, ഏതുനീ ലക്ഷണങ്ങളുള്ളവനെ സ്വസ്ഥനെന്നു പറയാവുന്നതാണു്. 34—39

ബുദ്ധിമാനായ വൈദ്യൻ സ്വസ്ഥനായ മനുഷ്യനു് ആ സ്വസ്ഥത നശിക്കാതിരിക്കാനായി വേണ്ടുന്ന രക്ഷകൾ ചെയ്യണം. സുഖക്കേടുള്ളവന്റെ ദോഷധാതുമലങ്ങളെ വേണ്ടതോളം ക്ഷയിപ്പിക്കയോ വർദ്ധിപ്പിക്കയോ ചെയ്തു് അവനെ രോഗങ്ങളൊന്നുമില്ലാത്തവനാക്കിത്തീർക്കണം. 40

ഇങ്ങിനെ സുശ്രുതസംഹിതയിൽ സൂത്രസ്ഥാനത്തിൽ
ദോഷധാതുമലക്ഷയവൃദ്ധിവിജ്ഞാനീയമെന്ന
പതിനഞ്ചാമദ്ധ്യായം കഴിഞ്ഞു.

ഷോഡശോഽധ്യായഃ.

അഥാതഃ കർണ്ണവ്യധബന്ധവിധിമധ്യായം വ്യാഖ്യാസ്യാമഃ. 1

ക്ഷൗരകർമ്മചൗലാനന്തരം ബാലസ്യ കർണ്ണൗ വിധ്യേതേ. തത്ര ഷഷ്ഠേ മാസി സപ്തമേ വാ ശുക്ലപക്ഷേ പ്രശസ്തേഷു തിഥികരണമുഹൂർത്തനക്ഷത്രേഷു കുതശ്ചൗലസമ്പന്നിവാചനം ധാത്രൃങ്കേ കുമാരമുപവിശ്യ ബാലക്ഷീരനക്തകേ പ്രലോഭ്യ തിസൗതപ്രയൻ ഭിഷഗാചാര്യഃ ഭിഷഗ്ഭാര്യാ ച ദക്ഷിണം കർണ്ണം ദൈവകൃത ക്ഷിപ്രേ ആദിത്യകരാവഭാസിതേ ശനൈഃ ശനൈർദ്ദക്ഷിണഹസ്തേന ജ്ഞാപയേൽ. പ്രതനുകം സൂചീമുഖം ബഡിശമുഖം ക്ഷുരാഗ്രം പൂർവ്വം ദക്ഷിണം കർണ്ണസ്യ ഛാത്രം കന്യായാസ്തതഃ പിതുർവ്വാമം

പതിനാറാമധ്യായം.

ഇനി കർണ്ണവ്യധബന്ധവിധിയെന്ന അധ്യായം പറയാം :— 1

കുട്ടിക്കുടെ കാതുകുത്തുന്നതു് രണ്ടുകൂട്ടം വഷങ്ങളെ ഉദ്ദേശിച്ചിട്ടാണ്. 1. ക്രിസ്തുശാഖാതികളുടെ ഉപദേശങ്ങളിൽനിന്നു രക്ഷപ്പെടുത്തുക; 2. ആഭരണങ്ങളണിയുവാൻ തരമുണ്ടാക്കുക. *ആറാംമാസത്തിലോ ഏഴാം മാസത്തിലോ ആണ് കാതുകുത്തുണ്ടതു്. വെളുത്തപക്ഷത്തിൽ പക്ഷം, കരണം, നക്ഷത്രം ഇവ നല്ലതായ ദിവസത്തിൽ നല്ല മുഹൂർത്തത്തിൽ കുട്ടിക്കു മംഗലം സംഭവിപ്പാനായി വേണ്ടുന്ന കർമ്മങ്ങൾ(ശിവപൂജ, ഗണപതിപൂജ മുതലായതു്)ചെയ്യുകയും ബ്രാഹ്മണഭോജനം ചെയ്തു് ആശിർവ്വാദം ചെയ്തിക്കയും ചെയ്തതിന്നശേഷം, കുട്ടിയെ ഭർത്താവിന്റെ മടിയിലിരുത്തി കളിപ്പാനുള്ള സാമാനങ്ങളെക്കൊണ്ടോ മറ്റോ കുട്ടിയുടെ മനസ്സിനെ സന്തോഷിപ്പിച്ചുംകൊണ്ടു് വൈദ്യൻ ഇടതുകൈകൊണ്ടു് ചെവി കീഴ്പോട്ടു വലിച്ചുപിടിച്ചു് വലതുകൈ

* ഇവിടെ ഏഴാം മാസത്തിലും പുത്രന്നുള്ള മാസത്തിലുംകൂടി കർണ്ണവേധമാവാമെന്നു് ഗർഗ്ഗവചനം(ഷഷ്ഠേ സപ്തമേ വാപ്യബ്ദേ മാസി പുത്രസ്യ കർണ്ണവേധം പ്രശംസന്തി.....)കൊണ്ടു്. ഈ ഘട്ടത്തിൽ മാസവ്യത്യയം ചെയ്യുന്നതു ജന്മം മുതൽക്കല്ലെന്നും വഷ്ഠാഷ്ടമാസം മുതല്ലാണെന്നും ആ വഷ്ഠാഷ്ടമാസം ഭാദ്രപദമാണെന്നും ഉള്ള നിബന്ധന പാടുന്നു. ആ പക്ഷത്തിൽ മാഘഫാൽഗുനമാസങ്ങളിൽ കാതു കുത്തണമെന്നാവരുന്നു. ഇങ്ങിനെയായാൽ കാതു കുത്തുന്ന കുട്ടിയുടെ പ്രായത്തെ അനുസരിച്ചു വ്യത്യാസമുണ്ടാവുന്നു, എന്നാൽമാത്രമല്ല, ഭാദ്രപദമാസത്തെ വർഷർതുമായി പാഞ്ഞതു സംഗതിക്കുറവുണ്ടാവുന്നു സംശയിക്കേണ്ടതായുമിരിക്കുന്നു.

§ ഇവിടെ മൂലത്തിൽ "കുമാരധാരണേ വാ" എന്നുകൂടി മിക്കർ പഠിക്കുന്നു. ആ പക്ഷത്തിൽ ചെവിയുടെ മുകൾഭാഗത്തെ മടക്കിൽ ഇത്തരത്തിലുള്ളവരെന്നു വരുന്നു.

പ്രവാഹ്യ സമ്യഗ്വിദ്ധമാമതെലന പരിഷ്ചദ്യയേൽ ശോണിത ബഹുതരന വേദനയാ വാന്യദ്വേശവിദ്ധമിതി ജാനീമാൽ. നിരുപദ്രവ കമാതുരമുത്തരവിദ്ധമിതി. 2

തത്രാജ്ഞേന യദ്ദിഷ്ടയാ വിദ്ധാസു സിരാസു കാലികാമർമ്മണിമാ ലോഹിതികാസൂപദ്രവാ ഭവന്തി. തത്ര കാലികായാം ജ്വരോ ഭവതി ശ്വയഥുർവ്വേദനാ ച ഭവതി മർമ്മണികായാം വേദനാ ജ്വരോ ഗ്രന്ഥയശ്ച. ലോഹിതികായാം മന്യാസ്തംഭാപതാനകശിരോഗ്രഹകണ്ഠ്യാനി ഭവന്തി. തേഷു യഥാസ്വം പ്രതികുര്വ്വീത. 3

കൊണ്ടു പതുക്കെ കാതുകുത്തണം. കാതിന്റെ തട്ട വലിച്ചുപിടിച്ചു നോക്കിയാൽ സൂര്യരശ്മി അകത്തു കടക്കുന്ന, ജന്മസിദ്ധമായ ഒരു ചെറിയ ദ്വാരം കാണാം. ആ ദ്വാരത്തിലാണ് കുത്തണ്ടത്. കുത്തുന്നതു ശരിക്കു വളവുകൂടാതെ ആയിരിക്കണം. കാതിന്റെ തട്ട ഘനം കുറഞ്ഞതാണെങ്കിൽ സൂചികൊണ്ടും ഘനം കൂടിയതാണെങ്കിൽ ആരാ(വണ്ണുമുള്ള സൂചി) എന്നുള്ള ശസ്ത്രംകൊണ്ടും കുത്തണം. ആൺകുട്ടിയാണെങ്കിൽ ആദ്യം വലതുഭാഗത്തും പെൺകുട്ടിയാണെങ്കിൽ ആദ്യം ഇടതുഭാഗത്തുമാണ് കുത്തണ്ടത്. അങ്ങിനെ വേണ്ടപോലെ കുത്തിയ തുളയിൽ ഒരു പഞ്ഞിനൂലുകൊണ്ടുണ്ടാക്കിയ തിരി കടത്തണം. അതിനു ശേഷം *പുതിയ പച്ച(കാച്ചാത്ത) എള്ളെണ്ണകൊണ്ടു ധാരയിടണം. കുത്തിയ ദിക്കിൽനിന്നു ചോരയധികം വരികയോ വേദന അധികരിക്കയോ ചെയ്താൽ ആ ദ്വാരം വേണ്ടസ്ഥാനത്തുതന്നെയാണെന്നു വിചാരിച്ചുകൂടാ. ആ വക ഉപദ്രവമൊന്നുമില്ലാതെപക്ഷം മുൻപറഞ്ഞതായ ശരിയായ സ്ഥാനത്തുതന്നെയാണ് ദ്വാരമെന്നൂഹിക്കാം. 2

വിചാരമില്ലാത്ത വൈദ്യൻ കാതുകുത്തിയാൽ ഒരുസമയം അവിടെയുള്ള സിരകളും മുറിഞ്ഞുപോകും. അതുനിമിത്തം കാലികാ, മർമ്മണികാ ലോഹിതികാ എന്നിങ്ങിനെ മൂന്നുവിധം ഉപദ്രവങ്ങളുണ്ടാകും. അവയിൽ കാലികയ്ക്ക് ജ്വരം, ചുട്ടനീറൽ, വീക്കം, വേദന എന്നീ ലക്ഷണങ്ങളുണ്ടാകും. മർമ്മണികയിൽ വേദനയും ജ്വരവും മുഴ(ഗ്രന്ഥി)കളും ഉണ്ടാകും. ലോഹിതികയിലാകട്ടെ മന്യാസ്തംഭം (പിരടിയിൽ ഞരമ്പുപിടിത്തം), അപതാനകം (ഒരുതരം വാതം Tetanus), തലവേദന, ചെവിട്ടിൽ കുത്തൽ എന്നീ ഉപദ്രവങ്ങളുണ്ടാകുന്നു. ഇങ്ങിനെ കാതുകുത്തലുനിമിത്തമുണ്ടാകുന്ന വ്യാധികൾക്ക് അതിനു പറ്റിയ ചികിത്സകളും ചെയ്തുകൊള്ളണം. 3

---

* പച്ചനല്ലെണ്ണകൊണ്ടുള്ള ധാര ഈ അവസരത്തിൽ വേണ്ടുകയില്ല.

ക്ലിഷ്ടേഷ്വിതമാപ്രശസ്യസുചീ ച്യുധാദ്ഗന്ധതരവഃത്തിതപാത്രാദ്യാഷസ്ത
ലായാമപ്രശസ്യ ച്യുദാത്താ യത്ര സംരംഭോ ദേവദാരാ ച ഗതി തത്ര വ
ത്തിരുപാസ്യാന്ത്യാന്ത്യ മധുരൈരനുരാഗിണ്യാ യതിരുപാസ്യാന്ത്യാന്ത്യ
തപ്രശാതൈരമ്ലലവണൈ തവൈവ്യവം സൂത്രയ ഇതി. സൂത്രയ
ഞ്ചൈനം പുനഃവ്വിദ്വൽ, വിധാനത്ത് പൂർവ്വോക്ത മവ. 4

തത്ര തൃഢാഷ്ക തൃഢാച്ച വത്തിം സ്ഥൂലാം സ്ഥൂലതരാം ത്രോൽ.
പരിഷ്കൃതകണ്ഠ തരവ. തടേ വ്യപാശ്രയോഷ്ടോപരിഷ്ടാ കാർഷ്ണ്യ വർ
നാത്ഥ ലഘുവർണ്ണകം കുര്യാൽ. 5

(പ്ര). ഷ്ടിവം വിവർജ്ജിതം കർണ്ണശ്ചിത്രൈഃ ത്ര ദ്വിധാ പുനാമ്
ദോഷ്ണോ വാ ഭിഷ്ഠാരാഷ്ടാ സന്ധാനം തസ്യ മേശ്രുണ 6

കാളകെത്തിയ സൂചി ഉടൻ കറങ്ങതെതാ വള്ളരുമുതലായ ദോഷ
ങ്ങളില്ലാതെതാ തുന്നിക്കുക, കനത്തൽതന്നെ പലദ സ്ഥലത്തും ക്രമ
ത്തിലുമല്ലാതാവുക, കാതിലിട്ട തിരി മുകളിയിലിക്കുക, ആ കുട്ടിയുടെ
ദേഹത്തിൽ മുറിവതന്നെ വാതാദിദോഷകോപമുണ്ടായിരിക്കുക ഇവ
വക സംഗതികളാൽ തുളച്ച സ്ഥലത്തു വീക്കവും പുകപ്പും വേദനയു
ണ്ടാകും. അപ്പോൾ വേഗത്തിൽ ആ തിരിയെ അതിൽനിന്നെടു
ത്തുകളഞ്ഞു് ചൂടുവും, ആ പഴുപ്പുകിടക്കുവാൻ മഞ്ഞൾപൊടി, ഗവം,
ഏലക്ക് എന്നി മരുന്നുകളുരച്ച തേനും നെയ്യും ചേർത്തുചാലിച്ച് തേക്ക
ണം. നല്ലവണ്ണം വ്രണം ഉണങ്ങുന്നവരെ അതു തേക്കണം. ഉണങ്ങി
യാൽ പിന്നെ ഒരുദോഷവും കാണുകയില്ല. ക്രമങ്ങളെല്ലാം ആദ്യം പ
റഞ്ഞപോലെത്തന്നെ പഴുപ്പുണ്ടാകുമ്പോഴും ചെയ്യേണ്ടതു്. 4

കാതിൻതുളയിലിട്ട തിരിയെ മൂന്നുനാലിവസം കൂടുമ്പോൾ പുട്ടു
ത്തുകളഞ്ഞു് കുറച്ച വണ്ണംകൂടിയ തിരിയെ മാറിയിടണം. ആദ്യം പറ
ഞ്ഞ എണ്ണതന്നെയാണു് അപ്പോഴുകളും ധാരയൊഴിക്കേണ്ടതു്. ഇ
ങ്ങനെ കാതിലുള്ള ദോഷങ്ങളും ഉപദ്രവങ്ങളും ശമിച്ചാൽ കാതിന്റെ
വള്ളി വളരുന്നതിനു് ചെറിയ *കൊരടുകളെ ഇട്ടു ശീലിക്കണം. 5

ഇങ്ങനെ വളർന്നിയ കാതിന്റെ വള്ളി പലപ്പോഴും വാതാദി
ദോഷങ്ങൾ നിമിത്തവും വല്ല അടിയോ വീഴ്ചയോ മറ്റോ എല്ലു
കൊണ്ടും മറ്റുമായി മുറിഞ്ഞുപോയി എന്നുവരാം. അപ്പോൾ ആ വ
ള്ളികളെ തമ്മിൽ ചേർത്തുകെട്ടണം. അതിനുള്ള ക്രമങ്ങളെല്ലാം പറയാം
കേട്ടുകൊൾകെ:— 6

---

* ചെപ്പ്, വഴിയകടലാടി മുതലായവയുടെ കൊമ്പു മുറിച്ചുണ്ടാക്കിയതും ഇപ്പോ
ൾ കൊണ്ടോകിയതുമായ കൊരടുകളിലൊന്നും താംപോലെ ഉപയോഗിക്കാം.

(ഗ) തത്ര സമുദ്ഗസന പത്രൊദശ കണ്ണ്ടബന്ധനാകൃതയഃ. തദ്യഥാ—നേമിസന്ധാനക ഉല്പലഭേദ്യകോ വല്ലൂരക ആസംഗിമോ ഗണ്ഡകണ്ണ്ട ആഹാര്യോ നിര്‍വ്വുധിമോ വ്യായോജിമഃ കപാടസന്ധികോ(ഽ)ര്‍ദ്ധകപാടസന്ധികഃ സംക്ഷിപ്തോ ഛീനകണ്ണ്ടോ വല്ലീകണ്ണ്ടോ യഷ്ടികണ്ണ്ടഃ കാകൌഷ്ഠക ഇതി. 7

തത്രോഭയതഃ പുടുലായതസമമുഭയപാളിസ്ഥമിസന്ധാനകഃ. വൃത്തായതസമുഭയപാളിസ്ഥമുല്പലഭേദ്യകഃ. ഹ്രസ്വവൃത്തസമോഭയപാളിവ്യവസ്ഥിതോ വല്ലൂരകഃ. അര്‍ദ്ധാതിദീര്‍ഘൈകപാളിരാസംഗിമഃ. ബാഹ്യതീര്‍ഘൈകപാളിഗ്രണ്ഡകണ്ണ്ടഃ. അപാളിരുഭയതോവ്യൂഹാര്യഃ. പീഠാപ്രാപ്തപാ

വള്ളികളെ സാധാനം ചെയ്യുന്നതു (പേത്തുകെട്ടുന്നതു) മുതലായതിൽ പതിനഞ്ചു പ്രകാരത്തിലാകുന്നു. ഓരോ പ്രകാരത്തിനും പ്രത്യേകം പേരുകളുണ്ടു്. 1. *നേമിസന്ധാനകം, 2. ഉൽപലഭേദ്യകം, 3. വല്ലൂരകം, 4. ആസംഗിമം, 5. ഗണ്ഡകണ്ണ്ടം, 6. ആഹാര്യം, 7. നിർവ്വുധിമം, 8. വ്യായോജിമം, 9. കപാടസന്ധികം, 10. അർദ്ധകപാടസന്ധികം, 11. സംക്ഷിപ്തം, 12. ഛീനകണ്ണ്ടം, 13. വല്ലീകണ്ണ്ടം, 14. യഷ്ടികണ്ണ്ടം, 15. കാകൌഷ്ഠകം. ഇങ്ങിനെയാകുന്നു. 7

ഇവയിൽവെച്ചു് നേമിസന്ധാനകം, കാതിന്റെ രണ്ടു വള്ളിയും നീളവും വീതിയുമുള്ളതും ഒരുപോലിരിക്കുന്നതുമായിരുന്നാൽ ആ ഘട്ടത്തിൽ, പ്രയോഗിക്കുന്ന സന്ധാനക്രമത്തിന്റെ പേരാകുന്നു. രണ്ടു പാളികളും ഒരുപോലെ ഉരുണ്ടും നീണ്ടും ഇരിക്കുന്ന ദിക്കൽ ഉൽപലഭേദ്യകം ചെയ്യാം. രണ്ടും ഒരുപോലെ നീളം കുറഞ്ഞു ഉരുണ്ടിരുന്നാൽ അവിടെ വല്ലൂരകവും, ഉള്ളിലെ വള്ളി മറ്റേ വള്ളിയെക്കാൾ നീണ്ടി

---

* നേമിസന്ധാനകം=ചക്രത്തിന്റെ നേമുക്ക് (പട്ടാവു') കൂട്ടിച്ചേർക്കുന്ന രീതിയിൽ വള്ളികളെ കൂട്ടിപ്പിടിപ്പിക്കൽ. ഉൽപലഭേദ്യകം=ഉൽപലരളുപോലെ മാംസത്തിനു് ഒരാകൃതിയുണ്ടാക്കിയുണ്ടാക്കുന്ന ഒരു ജാതിബന്ധനം; ഇതിനു 'ഭേദ്യക'മെന്ന പദത്തിനു് 'നേമിസന്ധാനകത്തിൽനിന്നു വ്യത്യാസപ്പെട്ടതു' എന്നർത്ഥമാണു്. വല്ലൂരകം=വല്ലൂരം (ഉണങ്ങിയ മാംസം)പോലെ വള്ളിയെയാക്കിത്തീർക്കുന്നതു്. ആസംഗിമം=ഉൽഭോഗത്തെ വള്ളിയെ പുറത്തെ വള്ളിയോടു ചേർത്തു പിടിപ്പിക്കുന്നതു്. ഗണ്ഡകണ്ണ്ടം=ആസംഗിമത്തിനു നേരെ വിപരീതം. ആഹാര്യം=രണ്ടുവള്ളിയും തീരെ ക്ഷയിച്ചാൽ രണ്ടുപുറത്തുനിന്നും മാംസം അവിടെയെടുത്തു കാണുവെക്കൽ. നിർവ്വുധിമം=രണ്ടുഭാഗത്തുമുള്ള ചെന്നികളിൽ തേഞ്ഞുപായാൽ, മുറിവുണ്ടാക്കി വെക്കുന്നതു്. വ്യായോജിമം=കുശസൂലവിഷ്ഠങ്ങളായ വള്ളികളെ ഒന്നിച്ചുകൂട്ടിച്ചേർത്തുന്നതു്. കപാടസന്ധികം=രണ്ടു പാളിയിൽ ചേർത്തടക്കുമ്പോലെ രണ്ടുവള്ളിയും പരസ്പരം ചേർത്തുന്നതു്. അർദ്ധകപാടസന്ധികം=ഒരു വള്ളിയെമാത്രം മേൽപ്രകാരം ചെയ്യുന്നതു്. സംക്ഷിപ്തം=ചെവിമെലിഞ്ഞുണങ്ങിയതുപോലെയാക്കികൊണ്ടു വള്ളികളുടെ ബന്ധത്തിനു സങ്കോചമുണ്ടാക്കുന്നതു്.

ച്ഛിദ്രമായതിനെ ക്ഷീണപൂതികാശ്രിതമായ നിരുപദ്രവമെന്നു പറയുന്നു. അണുസ്രോതസ്സുകളെ അടച്ചുകൊണ്ടിരിക്കുന്നതുകൊണ്ടാണ് ഇതിനെ നിരുപദ്രവമെന്നു പറഞ്ഞിരിക്കുന്നത്. ബാഹ്യമായുണ്ടാകുന്ന കൃമികൾ ഈ കൃമികളെ ഭക്ഷിക്കുന്നതുകൊണ്ടാണ് ഇതിനെ കൃമിഭക്ഷമെന്നു പറയുന്നത്. ഈ മൂന്നുതരത്തിലുള്ള കൃമികളുടെയും സംബന്ധം കൊണ്ടാണ് ഇതിനെ കൃമിജമെന്നു പറയുന്നത്. ഇതിനെ നാമമാത്രമായിട്ടാണ് പ്രായേണ വ്യവഹരിക്കുന്നത്. 8

സാക്ഷിപ്ലാതമായ പല്ലുകൾ സാധ്യമാണ്. ഈ രണ്ടുതരത്തിലുള്ള ശുഷ്കശോണിതത്തെയും കൂടിയാണ് ഇവിടെ സാക്ഷിപ്ലാതമെന്നു പറഞ്ഞിരിക്കുന്നത്. അനധിഷ്ഠാനമായ പല്ലുകളെയാണ് ക്ഷീ

രിക്കുന്നു. ഉക്തമായ ദന്തസംഗ്രഹവും, പുറമെയുള്ള വള്ളി ഉള്ളിലുള്ളതിനെ ഭക്ഷിക്കാൻ തക്കവണ്ണം

ണാമംസോ ഹീനകണ്ണൂ. തന്നു ഗിഷ്ടമല്ലപോളിവ്വല്ലീകണ്ണു്. ഗ്രഥിതമാം
സസിരാസന്തതസൂക്ഷ്മപാളിയ്ക്കുഷ്ടികണ്ണു. നിമ്മാംസസംക്ഷിപ്തംഗ്രാല്പ
ശോണിതപാളി കാകൈഷ്കുക ഇതി. 9

ബന്ധേഷ്വപി തു ശോഫരുജാരാഗപാകപിടകാസ്രാവയുക്തം
ത്ത സിദ്ധിമുപയാന്തി. 10

ഭവതി ചാത്ര—(പ).

ക്ഷസ്യ പാളിഭേയമപി കണ്ണസ്യ നാ ഭവേദിഹ
കണ്ണപീഠം സമേ മധ്യേ തസ്യാധിഷ്ഠാ വിവർദ്ധയേൽ. 11
ബാഹ്യായാമിഹ ഭിന്ദ്യായാം സന്ധിരാഭ്യന്തരോ ഭവേൽ
ആഭ്യന്തരായാം ഭിന്ദ്യായാം ബാഹ്യസന്ധിരുദാഹൃത 12
ഛിന്നകവർത്തു ഭവേൽ പാളിഃ സൂക്ഷ്മാ പുനഃപി സന്ധിരാ ചയാ
ത്താം ഭിധ്യാ പാടയിത്വാ തു ചരിത്വാ ഭോപരി സന്ധയേൽ. 13

നഖനത്തു വണ്ണം തീരെ കുറഞ്ഞും ഇരിക്കുന്നതെങ്കിൽ ഹീനകണ്ണുവും, വള്ളികളും ചെറിഞ്ഞു നീളം കുറഞ്ഞു ഒന്നു മറ്റൊന്നിനേക്കാളും ചെറുതോ വലുതോ ആയിട്ടിരിന്നിട്ടുണ്ടെങ്കിൽ വല്ലികണ്ണുവും, വള്ളികളിൽ അവിടവിടെ മാംസം മുഴച്ചുകാണ്മാ, സുഖിച്ചിരിക്കുന്ന ഞരമ്പുകളും അധികം തിങ്ങികൊണ്ടും വന്നു, തീരെ മില്ലാതെയുമിരിക്കുന്നതെങ്കിൽ യഷ്ടികണ്ണുവും, വള്ളികളിൽ മാംസവും രക്തവും മുഴച്ചിരിക്കുകയും, അവയുടെ തല കൂത്തുകൊണ്ടിരിക്കുക എന്നീ ലക്ഷണമുള്ളതായാൽ കുംകൈഷ്കുകവും പ്രായാഗികണം. 9

മേൽപറഞ്ഞ അഞ്ചുതരം കണ്ണുരോഗങ്ങളിൽ വീക്കം, ചുട്ടറിവ്, പഴുപ്പു്, ചൂടുവു്, കുത്തുക (പിടകാ) പൊങ്ങുക, തല മൊല്ലിക്കുക എന്നീ ലക്ഷണങ്ങൾ കണ്ടാൽ അതിൽ ചികിത്സ ചെയ്യരുതു. 10.

"എന്തൊരാൾക്കു കൃതിന്റെ രണ്ടുവള്ളിയുമില്ലാതായിരിക്കുന്നുവോ ആ ആളുടെ വള്ളികൾ നിൽക്കുന്ന മേൽത്തട്ടിന്റെ ഒത്തനടുക്കു (കണ്ണുപീഠം) കിറി വള്ളിയുണ്ടാക്കി വളർത്തണം. പുറത്തെവള്ളി നീളം കൂടിയതും മറ്റേതു നീളം കുറഞ്ഞതുമായിരുന്നാൽ അവിടെ ഉള്ളിലുള്ള വള്ളിയിലേക്കു മറ്റേതിനെ പിടിപ്പിക്കുകയാണു് വേണ്ടതു്. നേരെമറിച്ചു് ഉള്ളിലെ വള്ളിക്കു് നീളം കൂടുതലായിരുന്നാൽ അതിനെ ഇങ്ങോട്ടു് പുറത്തെ വള്ളിയിലേക്കു പിടിപ്പിക്കണം. തടിയും നീളവും ഇരുപ്പുള്ള ഒരു വള്ളിമാത്രമേ കാതിലുള്ളു എന്നു വന്നാൽ അതിനെത്തന്നെ രണ്ടായി ഛിന്നിച്ചുമുറിച്ചിട്ടുള്ള മറ്റെ വള്ളിയുടെ സ്ഥാനത്തുകളിൽ പിടിപ്പിക്കു

ഗണ്ഡാദ്ഗൽപാട്യ മാംസേന സാനുബന്ധേന ജീവതശ്ച
കണ്ണപാലിമപാളേസ്തു കുര്യാന്നിർല്ലിഖ്യ ശസ്ത്രേണ. 14

(ഗ). അഃതാന്യതമം ബന്ധം ചികിത്സേദ്രോപഹരണീയമ
ക്തരോപസംഭൃതസംഭാരം വിശംഷ്യതശ്ചാത്രോപഹരേൽ, സുരാമണ്ഡം
ക്ഷീരമുദകം ധാന്യാമ്ലം കപാലമൂർണ്ണാഞ്ചേതി. തതോഽഗന്ധാം പുരുഷാം
ഖാ ഗ്രന്ഥിനകേശാന്തം ലഘ്വൂഢകൽപനമതഃപ്പേ സുപരിഗൃഹീതഞ്ച ബ
ന്ധമുപധായ്യ ക്ഷോദ്യഭേദ്യലേഖ്യവ്യധൈരുപപാദ്യ കണ്ണം ശോണി
തമവേക്ഷേത തദ്ദുഷ്ടദർശനിതമദുഷ്ടഞ്ചേതി. തത്ര വാതദുഷ്ടേ ധാന്യാ
മ്ലോഷ്ണോദകാഭ്യാം പിത്തദുഷ്ടേ ശീതാദകപയോഭ്യാം ശ്ലേഷ്മദുഷ്ടേ സുരാ
മണ്ഡോഷ്ണോദകാഭ്യാം പ്രക്ഷാള്യ കണ്ണം പുനരവലിഖ്യാനന്തമചിന
മവിഷ്യമഞ്ച കണ്ണസന്ധിം സന്നിവേശ്യ സ്ഥിതരകൃതം സന്ദധ്യാൽ. ത
തോ മധുഘൃതേ നാട്യാജ്യ പിച്ചുപ്രവേശയോരന്യതരേണാവഹ്യ സൂത്ര

ണം. വള്ളിയാനന്തരത്തെയില്ലാത്തപക്ഷത്തിൽ സമർത്ഥനായ ശസ്ത്രകർമ്മാവൻ കവിളുയർത്തുന്നതിനു ജീവനുള്ള മാംസഖണ്ഡത്തെ നീളത്തിൽകീറി ചേർത്തുപിടിക്കുന്നതുപോലെ പെരുവിരലുകൊണ്ടു ചീന്തി, കാതിന്റെ ഒരു വള്ളിയുടെ മാത്രമിരിയിലാക്കിനിർത്തി, മറ്റേവള്ളിയിൽനിന്നുണ്ടാകുന്ന കുത്തുകൊണ്ടു ചെത്തിക്കളഞ്ഞ്, പോരുപുറപ്പെടുവിച്ച്, ആ മാംസത്തിന്റെ തലയെ രണ്ടുവിരലുകൊണ്ടു പിടിപ്പിച്ച് സാധാരണവള്ളിപോലാക്കിതീർക്കണം". 11-14

മേൽപ്രകാരമുള്ള കണ്ണബന്ധനക്രമങ്ങളിലെതങ്കിലുമൊന്നു ചെയ്യുന്നൊരുങ്ങുന്ന വൈദ്യൻ, അഗ്ര്യോപഹരണീയാധ്യായത്തിൽ പറഞ്ഞിട്ടുള്ള ശസ്ത്രക്രിയാസാമഗ്രികളെ മുന്നമേ ശേഖരിക്കണം. കരുതുവേണ്ടുന്ന ആവശ്യസാധനങ്ങൾ: കള്ളിന്റെ തെളി, പാൽ, വെണ്ണീരുവെള്ളം, കാടി, പുതിയ മൺപാത്രത്തിന്റെ ഓട്ടുതപോടിച്ചുത് ഇവയെക്കൂടി വിശേഷാൽ ശേഖരിക്കണം. അതിനുശേഷം കരുതുവേണ്ടുന്ന സ്ത്രീയേയോ പുരുഷനേയോ അല്പമായി ആഹാരംകഴിപ്പിച്ച് തലമുടിയൊതുക്കിക്കെട്ടിച്ച് സചന്ദനം ജനങ്ങളെക്കൊണ്ട് അനങ്ങാതെ പിടിപ്പിച്ചതിനുശേഷം വൈദ്യൻ, ഇവിടെ ഇന്നവിധം ബന്ധനക്രമമാണ് ആവശ്യമെന്നു നല്ലപോലെ ആലോചിച്ചുറച്ച്, കീറുകയോ മുറിക്കുകയോ തുളക്കുകയോ ചിനക്കുകയോ തരംപോലെ വിദഗ്ദ്ധതങ്കിലും ചെയ്ത് കാതിലുള്ള രക്തത്തെ കുറെ പുറത്തെടുത്ത് ആ രക്തം ദുഷിച്ചിട്ടുണ്ടോ ഇല്ലയോ വിധി

ണാനവഗാഢമശിഥിലഞ്ച ബദ്ധ്വാ കപാലമുണ്ണനാവകീയ്യാചാരി
കമുപദിശേൽ. പിവ്വണീയേഽപ്യേതേന പ്രവിധാനേനോപചരേൽ. 15

ഇവതശ്ചാത്ര—(പ).

വിഘട്ടനം ദിവാസ്വപ്നം വ്യായാമമതിഭോജനം
വ്യവായമഗ്നിസന്താപം വാക്ശ്രമഞ്ച വിവർജ്ജയേൽ. 16.
ആമതൈലപരീഷേകം ത്രിരാത്രമവചാരയേൽ
തതസ്തൈലോഷ്മസംസ്വേദം ത്ര്യഹാദുപനയേൽ പിവും. 17.

ന്ന പരീക്ഷിക്കണം. രക്തം വാതംകൊണ്ടു ദുഷ്ടിച്ചിരിക്കുന്നുവെന്നു കണ്ടാൽ കാടികൊണ്ടും പുട്ടുവെള്ളംകൊണ്ടും ധാരചെയ്തു കഴുകണം. പിത്തത്തിന്റെ കേടാണുള്ളതെങ്കിൽ പച്ചവെള്ളംകൊണ്ടും പാൽകൊണ്ടും, കഫംകൊണ്ടാണുകേടെങ്കിൽ കള്ളിന്റെ തെളികൊണ്ടും പുട്ടുവെള്ളംകൊണ്ടും ധാരയിട്ടു കഴുകണം. വള്ളികളെ പിടിപ്പിച്ചാൽ, പൊന്തലോ താഴ്ചയോ ഇല്ലാതെ സമമായിരിക്കത്തക്കവണ്ണം പിഴിഞ്ഞും വേണ്ടപോലെ ചെത്തി നേരെയാക്കിയശേഷമാണു് അതു* പിടിപ്പിക്കേണ്ടതു്. പിടിപ്പിക്കുന്നതു്, രക്തം മുറിവായിൽ വന്നുകൊണ്ടിരിക്കുമ്പോഴാകണമെന്നു വേണംട്ടോ. അതിന്നുശേഷം തേനും നെയ്യും കൂട്ടിച്ചാലിച്ചു് തേച്ചു് പഞ്ഞികൊണ്ടോ ചണനാരുകൊണ്ടോ പെടിപ്പായി ആ സന്ധിയിൽ പൊതിഞ്ഞു് നൂലുകൊണ്ടു്. നന്നെ മുക്കിയതിന്നും അധികമായതിന്നും കെട്ടിയതിന്നുശേഷം മൺപാത്രത്തിന്റെ ഓട്ടുപൊടിച്ചുപൊടി അവിടെ വിതറണം. പിന്നെ പഥ്യം വേണ്ടതെല്ലാമുപദേശിക്കയും പിവ്വണീയാധ്യായത്തിൽ പറവാൻപോകുന്ന(ചികിത്സിതം 1-ാം അദ്ധ്യായം)ക്രമങ്ങൾക്കനുസരിച്ചു ചികിത്സചെയ്കയും വേണം. 15.

"കാതിലെകെട്ടു് അനക്കരുതു്; പകലുറങ്ങരുതു്; ഭോഷ്ഠപാനം ചെയ്യരുതു്; അധികം ഭക്ഷണം കഴിക്കരുതു്; സ്ത്രീസംഭോഗം ചെയ്യരുതു്; തീയ്യിനടുത്തുചെല്ലരുതു്; എന്നിങ്ങിനെയൊക്കയാണു് കാതുചെച്ചാലുള്ള പഥ്യങ്ങൾ. കാച്ചാത്തവുതിയ എള്ളെണ്ണ മൂന്നുദിവസം പുരട്ടണം; മൂന്നാംദിവസം എണ്ണപുരണ്ടിട്ടുള്ള ആ പഞ്ഞി വേർപെടുത്തിയെടുത്തു് വേറെ ഒന്നു മാറ്റിയിടണം. ഇങ്ങിനെയതാണ്ടി നേരെയാകുന്നവരെ മുമ്മൂന്നുദിവസം കൂടുമ്പോൾ മാറ്റിക്കൊണ്ടേ ഇരിക്കയും വേണം". 16-17.

---

* പിടിപ്പിക്കേണ്ടതു് സൂചികൊണ്ടു് ഇന്നീട്ടാണെന്നും വിലക്കു പക്ഷമുണ്ടു്.

† ഈവിടത്തെ മൂലത്തിലെ "സ്ഥിരകം"എന്ന പദത്തിനും "ഘോര വരവൃഷാദിയ ന്നുശേഷ"മെന്നും ഭാഷ്യകാരൻ അഭിപ്രായപ്പെട്ടിരിക്കുന്നു.

(ഗ). ന ചാസംശുദ്ധരക്തമതിപ്രവൃത്തരക്തം ക്ഷീണരക്തം വാ സന്ദധ്യാൽ. സ ഹി വാതദുഷ്ടേ രക്തേ ശുദ്ധോപി പരിപൂടനാവാൻ. പിത്തദുഷ്ടേ ദാഹപാകരാഗവേദനാവാൻ. ശ്ലേഷ്മദുഷ്ടേ സുപ്തിഗുരുമാൻ. അതിപ്രവൃത്തരക്തേ ശ്യാവശോഫവാൻ. ക്ഷീണോല്പുമാംസോ നവൃദ്ധിമുപൈതി. സ യദാ സുശ്രുധാ നിരുപദ്രവഃ സവർണ്ണോ ഭവതി തദൈനം ശനൈഃ ശനൈരഭിവർദ്ധയേൽ. അതോന്യഥാ സംഭേദോഹപാകരാഗവേദനാവാൻ പുനശ്ഛിദ്യതേ വാ. 18.

അഥാസ്യാപ്രദുഷ്ടസ്യാഭിവർദ്ധനാർത്ഥമദ്ധ്യംഗഃ. തദ്യഥാ—ഗോധാപ്രഭൃതിഭിർജ്ജിരാന്തരൈരൗദകവസാമജ്ജാനൌ പയഃ സർപ്പിരസൃഗം ഗൌ

കാതിലെ രക്തം ശുദ്ധമല്ലെന്നു കാണുകയോ അതു വളരെ അധികം പുറത്തേക്കു സ്രവിക്കുകയോ അതു അവിടെ നന്നു കുറഞ്ഞിരിക്കുകയോ ചെയ്തിരുന്നാൽ മേൽപ്രകാരമുള്ള വ്രണത്തെ വേഗത്തിലുണക്കുന്നതു നല്ലതല്ല. അവിടെയുള്ള രക്തം വാതംകൊണ്ടു ദുഷിച്ചിരുന്നാൽ ഉണങ്ങിയ സ്ഥലം പിന്നെയും പൊട്ടി വ്രണപ്പെടും. പിത്തദോഷമുള്ളതാണെങ്കിൽ ചുട്ടനീറൽ, തുകപ്പു്, പഴപ്പു്, വേദന എന്നിവയുണ്ടാകും. കഫത്തിനാധിക്യമാണുള്ളതെങ്കിൽ തരിപ്പും പൊറിച്ചിലുമുണ്ടാകും. രക്തം അധികം സ്രവിച്ചുപോയിട്ടുണ്ടെങ്കിൽ നിറം കരുവാളിക്കയും വീങ്ങുകയും ചെയ്യും. രക്തം നന്നു കുറവായിരുന്നാൽ വള്ളികളിൽ തടിച്ചുരുങ്ങുകയും അവ വളരാതിരിക്കുകയും ചെയ്യും. ആ വ്രണം നല്ലപോലെ ഉണങ്ങി, വേദനമാറി, സ്വതേയുള്ള നിറം വന്നു എന്നു കണ്ടാൽ, പിന്നെ പതുക്കെപ്പതുക്കെ കാര്യം വളർത്താനുള്ള ശ്രമം തുടങ്ങാം. ബദ്ധപ്പെട്ടു വളർത്താൻ ശ്രമിച്ചാൽ വള്ളികൾക്കു വീക്കം, ചുട്ടനീറൽ, തുകപ്പു്, പഴപ്പു്, വേദനയെന്നിവയുണ്ടാകും; ഒരു സമയം രണ്ടാമതും വള്ളി അറ്റുപോയി എന്നു വരാം. 18.

പാകംപോലെയുണങ്ങി നേരെയായ വള്ളിയെ വളർത്തേണ്ടതിന്നു് എണ്ണയോ നെയ്യോ കാച്ചിപ്പുരട്ടണം. വിഷ്കിരങ്ങൾ (മയിൽമുതലായവ) പ്രതുദങ്ങൾ (താത്ത, നത്തു് മുതലായവ) ഔദകങ്ങൾ (നീർവള്ളിമുതലായവ) ഈ മാംസവർഗ്ഗത്തിലുൾപ്പെട്ട വല്ല മൃഗങ്ങളുടെയോ പക്ഷികളുടേയോ* ഉടമ്പിന്റേയോ കിട്ടുന്നപോലെ മാംസങ്ങൾ സമ്പാദിച്ചു്

---

* ഉടമ്പു് പ്രതുദവർഗ്ഗത്തിൽ പെട്ടതാണെങ്കിലും അതിവിടെ വിശേഷിച്ചും നല്ലതാണെന്നു കാണിപ്പാനാണു് വേറെ നിർദ്ദേശിച്ചതു്. ഇനിയും ഈ മാതിരി വസ്തുക്കളിൽ ഇങ്ങിനെ ഊഹിക്കേണ്ടതാണു്.

രസഷ്ഠപഞ്ച യഥാലാഭം സംഭൃത്യാക്കാളക്കഞ്ചലാതിബലാനന്താപാ
മാർഗ്ഗാശ്വഗന്ധാവിദാരിഗന്ധാക്ഷീരശുക്ലാജലശൂകമധുരവർഗ്ഗപയസ്യാക്ഷീ
രീഘൃതം തൈലം വാ പാചയിത്വാ സപ്തഗുണം നിദ്രാർത്ഥം. 19.
(പ). സ്നിഗ്ദ്ധിതോന്മർദ്ദിതം കണ്ഠം സ്നേഹനാനേന യോജയേൽ
അഥാനുപൂർവ്വം സമ്യഗ് ബലവാംശ്ച വിവർദ്ധതേ.
യവാശ്വഗന്ധായഷ്ട്യാഹ്വൈഃ പയസ്യൈരണ്ഡജീവകൈഃ
ശതാവര്യശ്വഗന്ധാഭ്യാം പയസ്യൈരണ്ഡജീവകൈഃ
തൈലം വിപക്വം സക്ഷീരമഭ്യംഗാൽ പാണ്ഡിവർദ്ധനം. 20.

അവയിൽനിന്നു മജ്ജയും വസയും ആ ജന്തുക്കളുടെതന്നെ പാലും നെയ്യും വെള്ളത്ത കടുകിന്റെ എണ്ണയും കിട്ടുന്നപോലെ ശേഖരിച്ചു് ചുകന്നെരുക്കു്, വെള്ളെരുക്കു്, കറുന്തോട്ടി, വങ്കറന്തോട്ടി, തിരുതാളി (അനന്താ=കൊടിത്തുവയെന്നും പക്ഷം), കടലാടി, അമുക്കുരം, മൂവ്വിലവേരു, പാൽമുതുക്കു്, കരുഞ്ഞണ്ടി (* ജലശൂകം) എന്നീ ഔഷധങ്ങളും ക്ഷീരകാകോളിയും മധുരവർഗ്ഗത്തിൽപെട്ട വേറെ മരുന്നുകളും കഷായം വെച്ചു് അതിൽ കൂട്ടിക്കാച്ചുക. കല്ക്കത്തിനു മേൽപറഞ്ഞ മരുന്നുകൾതന്നെ മതി. ഈ മരുന്നുകളെ കഷായവും കല്ക്കവുമാക്കി എള്ളെണ്ണകാച്ചിയാലും നന്നു്. ഇങ്ങിനെ ഉണ്ടാക്കിയ ഈ സ്നേഹത്തെ സൂക്ഷിച്ചുവെക്കണം.

19.

കാതിന്റെ വള്ളി വിയർപ്പിച്ചു തിരുമ്മിയുഴിഞ്ഞതിനുശേഷം മേൽ പറഞ്ഞ സ്നേഹം പുരട്ടണം. എന്നാൽ ഒരുപദ്രവവുമില്ലാതെ വള്ളി നല്ല ബലത്തോടുകൂടി വളരുകയും ചെയ്യും. യവം, അമുക്കുരം, ഏരട്ടിമധുരം, എള്ളു് എന്നിവയരച്ച വള്ളിയിൽ തേച്ചുഴിയുന്നതും നന്നു്. ശതാവരി, അമുക്കുരം, ആടപരിയൻ, ആവണക്കു് എന്നീ മരുന്നുകളും ജീവനീയവർഗ്ഗത്തിൽപ്പെട്ട മറ്റുമരുന്നുകളും കൂട്ടി കഷായംവെച്ചു് അതുകൊണ്ടന്നെ കൽക്കവും അരച്ചുചേർത്തു, ഈപാലും കൂട്ടിക്കാച്ചിയ തൈലം തേച്ചാൽ വള്ളി നല്ലവണ്ണം വളരും.

20.

---

* ഇതു് വെള്ളത്തിനുള്ളിൽ കിടക്കുന്നതും രോമങ്ങളും വിഷവുമുള്ളതുമായ ഒരു ജാതി ജന്തുവാണെന്നു അമരസിംഹൻ പറയുന്നു.

§ മൂലത്തിലെ "പയസ്യാ" ശബ്ദത്തിനു് മുളക്കിന്റെ വകഭേദമെന്നു ഭല്ലനും ക്ഷീരകാകോളിയെന്നു ഡല്ഹണനും അടപതിയെന്നു വേറെ ചിലരും പറയുന്നു. ചിലർ മധുരവർഗ്ഗത്തെയും പയസ്യയേയും ചേർത്തു പഠിക്കുന്നതേ ഇല്ല. ഏതായാലും "പയസ്യാ" മാത്രമുള്ള മധുരവർഗ്ഗത്തിൽ വെച്ചു് ഈ അവശ്യത്തിനു പ്രധാനമെന്നു സൂചിപ്പിച്ചിരിക്കുന്നു.

എണ്ണയിൽ നാലിരട്ടി പാലും മേൽപ്പറഞ്ഞ മരുന്നുകളും നാലിലൊരംശം കല്ക്കവും ചേർത്തു കാച്ചണമെന്നാണു് ഭല്ലനഭിപ്രായം.

യേ തു കണ്ണാ നവഭ്രംശ വിധിനാനേന യോജിതാഃ
തേഷാമപാംഗതോ ശേ തു കുര്യാൽ പ്രച്ഛാനമേവ തു.
ബാഹ്യച്ഛേദം ന കുര്വീത വ്യാപദസ്യ തതോ ധ്രുവാഃ. 21.
ഛേദ്യമാത്രം തു യദി കണ്ണാ സഹസൈവാഭിവഭ്രംയൽ
ആമകോശീ സമാഭ്യാഹ ക്ഷിപ്രമേവ വിമുച്യതേ. 22.
ജാതരോമാ സുവൃത്താ ച ശ്ലിഷ്ടസന്ധിഃ സമഃ സ്ഥിരഃ
സുശ്രുതോഽവേദനോ യസ്യ തം കണ്ണം വഭ്രംയച്ഛനൈരിതി. 23.
അമിതാഃ കണ്ണബന്ധാവൃ വിജ്ഞേയാഃ കുശലൈരിഹ
യോ യഥാ സുനിവിഷ്ടഃ സ്യാൽ തം തഥാ വിനിയോജയേൽ. 24.
കണ്ണ പാളീമയാൻ സ്നാനാം പുനർവ്വാക്ഷ്യാമി സുശ്രുത!

ഈ പറഞ്ഞ ചികിത്സകൊണ്ടൊന്നും കാതു വളരുന്നില്ലെങ്കിൽ കാതിന്റെ ഉള്ളിലെ വള്ളിയുടെ സമീപത്തിൽ അപാംഗപ്രദേശത്തു് (ചെവിക്കുന്നിയുടെ താഴെ) ശസ്ത്രംകൊണ്ടു കുറഞ്ഞൊന്നു് ചികുന്നം. പിൻപുറത്തെ വള്ളിയിൽ ഇങ്ങിനെ ചികക്കാൻ പാടുള്ളതല്ല; ചികഞ്ഞിട്ടാൽ തീർച്ചയായും ദോഷങ്ങളുണ്ടാകും*. 21

വള്ളികളെ കൂട്ടിപ്പിടിച്ചുകെട്ടിയ ഉടനെ തന്നെ— ഉള്ളോണക്കം പിടിക്കുമുമ്പെ—കാതിനെ വളത്താൻ ശ്രമിക്കരുതു്. അങ്ങിനെ ചെയ്താൽ തമ്മിലൊട്ടാതിരിക്കുന്ന അതു് വിടൻ ഉടനെ വേർപെട്ടുപോകും. രോമം മുളക്കയും നല്ലപോലെ വൃത്താകാരമായിത്തീരുകയും മുറിവായ തമ്മിൽ ചേർന്നു് ഒന്നാകയും ഉത്തലും മുഴയുമൊന്നുമില്ലാതാകയും വേദനയുമില്ലാതാകയും ഉറപ്പുവരികയും വ്രണം വെടിപ്പായി ഉണങ്ങുകയും ചെയ്താൽ പിന്നെ ക്രമത്തിൽ വളത്തുന്നതിനു വിരോധമില്ല. 22-23

കാതുചെക്കുന്ന ക്രമത്തേക്കുറിച്ചു കണക്കില്ല. ബുദ്ധിയുള്ള വൈദ്യന്മാർ തന്റെ കാതിനെ എങ്ങിനെ മുറിച്ചുകുത്തേണമെന്നാലോചിച്ചറിഞ്ഞു വേണ്ടപോലെ ചെയ്തുകൊള്ളണം. 24.

അല്ലയോ സുശ്രുത! മനുഷ്യന്മാക്കു്, കാതിന്റെ വള്ളിയിലുണ്ടാകുന്ന രോഗങ്ങളെ ഇനി പറയാം:— കാതിൻവള്ളിയിൽ വാതപിത്തകഫങ്ങളിൽ ഓരോന്നായോ ഈരണ്ടുകൂടിയോ മൂന്നും കൂടിയോ കോപിച്ചു്

---

* "ചെവിക്കുന്നിയുടെ അന്തർഭാഗത്താണു് ചികക്കേണ്ടതു്; ബഹിർഭാഗത്തു് അപാംഗമെന്ന മർമ്മമാകയാൽ അവിടെ ചികിയാൽ നേത്രരോഗമുണ്ടാകും. അതുകൊണ്ടത്രേ "ബാഹ്യച്ഛേദം ന കുര്വീത" എന്നു പറഞ്ഞതു". എന്നു മിലർ വ്യാഖ്യാനിക്കുന്നു.

കണ്ണപാല്യാം പ്രകുപിതാഃ വാതപിത്തകഫാസ്രുയഃ. 25
ദ്വിധാ വാപ്യഥ സംസൃഷ്ടാഃ കുർവ്വന്തി വിവിധാ രുജഃ
വിസ്ഫോടഃ സുപ്തതാ ശോഫഃ പാല്യാം ദോഷേ തു വാതികേ. 26
രാഗവിസ്ഫോടജനനം ശോഫഃ പാകശ്ച പൈത്തികേ
കണ്ഡൂഃ സശ്രയഥുഃ സ്നിഗ്ധോ ഗുരുഃ പഞ്ച കഫാത്മകേ. 27
യഥാദോഷഞ്ച സംശോധ്യ കുര്യാത്തേഷാം ചികിത്സിതമ്
സേദാഭ്യംഗപരീഷേകൈഃ പ്രലേപാസൃഗ്വിമോക്ഷണൈഃ. 28
മൃദ്വീം ക്രിയാം ബുധോ ജ്ഞാത്വാ സാധ്യാനാം ദോഷജാനസൃഗ്ജാ
യ ഏവം വേത്തി ദോഷാണാം ചികിത്സാം കർത്തുമർഹതി. 29
ഇതി ഉത്പാതം നാമലിംഗൈർവ്വിദ്ധ്യാ പാല്യാമുപദ്രവാൻ
ഉൽപാടകശ്ചോൽപുടകഃ ശ്യാവഃ കണ്ഡ്വയുതോ ഭൃശമ്. 30

പലവിധം രോഗങ്ങളെ ഉണ്ടാക്കുന്നു. വാതകോപംകൊണ്ട് വള്ളിയിൽ പൊള്ളകങ്ങളുണ്ടാകും; വീക്കമുണ്ടാകും; അതു സുംഭിച്ചുകൊണ്ടിരിക്കയും ചെയ്യും. പിത്തകോപംകൊണ്ട് പുട്ടുനീരും പൊള്ളകങ്ങളും വീക്കവും പഴുപ്പുമുണ്ടാകും. കഫകോപംകൊണ്ട് വള്ളി സുംഭിക്കും; അതിനമൽ ചൊറിച്ചിലും വീക്കവും ഘനവുമുണ്ടാകും. 25-27

ഈവക ഉപദ്രവങ്ങളിൽ അതാതുദോഷങ്ങൾക്കനുസരിച്ച് വിരേചനം മുതലായ ശോധനകർമ്മം ചെയ്യുശേഷം വിയർപ്പിക്കുക, രക്തം കുളിപ്പിക്കുക, ധാരചെയ്യുക, മരുന്നുകളരച്ചുതേക്കുക, പോരുകളക എന്നീ കർമ്മങ്ങൾകൊണ്ടു ചികിത്സിക്കണം; എന്നാൽ ഈവക പ്രയോഗങ്ങളൊക്ക മൃദുക്കളായിരിക്കണം. പോഷകങ്ങളായ ആഹാരങ്ങൾ ഉചിതംപോലെ കൊടുക്കുകയും ഇതികർത്തവ്യം. മുമ്പിൽ പറഞ്ഞപ്രകാരം ദോഷകോപലക്ഷണങ്ങളെ നല്ലവണ്ണം അറിയുന്ന വൈദ്യൻ കാതിൽ വള്ളികളിലെ രോഗങ്ങളെ ചികിത്സിക്കാൻ മതിയായിരിക്കും. 28-29

ഇനിമേൽ വള്ളികളിലുണ്ടാകുന്ന പലവിധം രോഗങ്ങളുടെ പേരുകളെ പറയാം:— പേരുകളിൽനിന്നുതന്നെ അവയുടെ ലക്ഷണങ്ങളെ ഏറിച്ചാലറിയാവുന്നതുമാണ്.— *ഉൽപാടകം, ഉൽപുടകം, ശ്യാവം, ക

* കാതിനകം വള്ളി പഴുത്തു തീരെനശിച്ചുപോകുന്നതു 'ഉൽപാടകം'; മാംസാധിക്യത്താൽ വള്ളികളുടെ പിടിത്തം വിട്ടുപോകുന്നതു 'ഉൽപുടകം'; രക്തദുഷ്ടികൊണ്ടു കടുപ്പാളിച്ചു നിറം വയ്ക്കുന്നതു 'ശ്യാവം'; അധികം ചൊറിച്ചലുള്ളതു 'കണ്ഡൂമൽ'; വള്ളിയിൽ വടികൊണ്ടടിച്ചാലുണ്ടാകുന്നതുപോലെ വേദനയോടുകൂടിയ ഒരു ജാതി രോഗം 'ആസ്രന്ഥകം'; അവസ്രന്ഥകത്തിൽതന്നെ ചൊറിച്ചൽകൂടിയുണ്ടായാൽ അതു 'സ്രുക്

അവമന്ഥീ സകണ്ഡൂകോ ഗ്രന്ഥികോ ജംബുലസ്തഥാ
സ്രാവീ ച ദാഹവാംശ്ചൈവ ശൃണുഷ്വാം ക്രമശഃ ക്രിയാം. 31
അപാമാർഗ്ഗഃ സജ്ജരസഃ പാടലാലകുപത്രകൌ
ഉൽപാടകേ പ്രലേപഃ സ്യാൽ തൈലമേഭിശ്ച പാചയേൽ. 32
ശംപാകശിഗ്രുമൂതികഗോധൂമദോഥ തദ്വസാ
വാരാഹം ഗവ്യമൈണേയം പിത്തം സപ്പിശ്ച സംസൃജേൽ. 33
ലേപമുൽപുടകേ ദദ്യാൽ തൈലമേഭിശ്ച സാധിതമ്
പാഠാം രസാഞ്ജനം ക്ഷൌദ്രം തഥാ സ്യാദ്ദുഗ്ധകാഞ്ജികമ്. 34
ദദ്യാല്ലേപം സകണ്ഡൂകേ തൈലമേഭിശ്ച സാധിതമ്
വ്രണീഭൂതസ്യ ചേയം സ്യാദ്ഭിദം തൈലം വിജാനതാ. 35
മധുകം ക്ഷീരകാകോളീ ജീവകർഷഭൈർവ്വിപാചിതമ്
ഗോധാവരാഹസപ്പാണാം വസാഃ സ്യുഃ കൃതബ്രഹ്മണേ. 36

ണ്ഡൂയുതം, അവമന്ഥം, സകണ്ഡൂകാവമന്ഥം, ഗ്രന്ഥികം, ജംബുലം, സ്രാവി, ദാഹവാൻ എന്നിങ്ങിനെയുള്ള രോഗങ്ങളുണ്ട് വള്ളിയിലുണ്ടാകുന്നു. ഇവകൾക്ക് ക്രമത്തിൽ ചികിത്സകളെ പറയാം:—30-31

വലിയ കടലാടി, ചെഞ്ചുച്ചു്, പാതിരിത്തൊലി, അരിവിന്റെ തൊലി എന്നീ ഔഷധങ്ങളരച്ചു് തൈലം വറ്റിക്കയും ചെയ്യുന്നതു് ഉൽപാടകത്തിനു് നല്ലതാണു്. ഉൽപുടകത്തിനു് വൻകൊന്നത്തൊലി, മുരിങ്ങത്തൊലി, ആവൽത്തൊലി, ഉഴുവിന്റെ കൊഴുപ്പു് വസയും, പന്നി, പശു, മാൻ പേട എന്നീജന്തുക്കളുടെ പിത്തം, അവയുടെതന്നെ നെയ്യ് ഇവ അരച്ചു ചേർത്തും ഇവ ചേർത്തു കാച്ചിയ തൈലം ഉപയോഗിക്കയും ചെയ്യണം. വെളുത്തുള്ളി, പുണ്ണാക്കിഴങ്ങു്, ത്രികോൽപക്കൊന്ന, തിരുതാളി, ചെറുചീര ഇവയരച്ചതേച്ചും ഇവകൊണ്ടു കാച്ചിയ തൈലം ശീലിക്കയും ചെയ്താൽ ശ്വാവരോഗം നശിക്കും. വള്ളിയിൽ ചൊറിച്ചിലിനു(കണ്ഡൂയുതം) പാടക്കിഴങ്ങു്, രസാഞ്ജനം, തേൻ, *മുട്ടുള്ള കാടി ഇവകൊണ്ടുണ്ടാക്കിയ ലേപനവും തൈലവും ഉപയോഗിക്കണം. വള്ളിയിലുണ്ടാ

ണ്ഡൂ ശ്വാവന്ഥകം'; വള്ളിയിൽ മാംസം മുഴച്ചുനിൽക്കുന്നതായ രോഗം 'ഗ്രന്ഥികം'; അതു മുഴ ഞാവൽപ്പഴംപോലുള്ളതാണെങ്കിൽ അതു് 'ജംബുലം'; വള്ളികളിൽ വലം ഒലിച്ചു കൊണ്ടിരിക്കുന്ന രോഗം 'സ്രാവി'; ചുട്ടനീറലുണ്ടായാൽ അതു 'ദാഹവാൻ' എന്നും ചിലർ പഠയപ്പെടേണ്ടതു്.

* ഉണ്ണുവീഴുങ്ങളായ മുതിര മുതലായതുകൊണ്ടുണ്ടാക്കിയ കാടിയെന്നും ഇവിടെ പക്ഷാന്തരമുണ്ടു്.

പ്രലേപനമിദം ഭ്യോദവസിച്യാവമന്ഥകേ
പ്രപൌണ്ഡരീകം മധുകം സമംഗാം ധാവമേവ ച. 37
തൈലമേഭിശ്ച സംപക്വം ശൂണ കണ്ഡൂമരം ക്രിയാമ്
സഹദേവാ വിശ്വദേവാ അജ്ഞാപീത്യ് സസൈന്ധവമ്
ഘൃതൈരാലേപനം ഭ്യോതൈതലമേഭിശ്ച സാധിതമ്. 38
ഗ്രന്ഥികേ ഗുഡികാം ചൂർണ്ണ സ്രാവ്യമേദവപാട്യ ച
രക്തേ സൈന്ധവചൂർണ്ണന്തു ഘൃഷ്ട്വാ ലേപം പ്രദാപയേൽ. 39
ലിഖിത്വാ തൽസ്രുതം ഘൃഷ്ട്വാ ചൂർണ്ണൈർല്ലാഗ്ര്യസ്യ ജംബുലേ
ക്ഷീരേണ പ്രതിസാരണ്യൈനം ശുദ്ധം സംരോപയേത്തരം. 40
മധുപർണ്ണീം മധൂകഞ്ച മധുകം മധുനാ സഹ
ലേപം സ്രാവിണി ദാതവ്യാ തൈലമേഭിശ്ച സാധിതമ്. 41
പഞ്ചവല്ല്യസ്സമധുകൈർ പിഷ്ടൈസ്തൈലം സുശ്രുതാനിതം

യുന്ന വ്രണത്തിന്നു്, ഇരട്ടിമധുരം, ക്ഷീരകാകോളി, ജീവകം മുതലായ ജീവനീയൗഷധങ്ങൾ ചേർത്തുകാച്ചിയ തൈലം നന്നു്. ബ്രംഹണം ചെയ്യേണ്ടതായിട്ടുള്ള രോഗത്തിൽ അതു ചെയ്യുതിന്നുശേഷം ഉടനു്, പന്നി, സർപ്പം എന്നിവയുടെ വസകളെടുത്തുരുക്കി ഉപയോഗിക്കേണ്ടതാണു്. അവമന്ഥകരോഗത്തിൽ വീരപുണ്ഡരീ(പ്രപൌണ്ഡരീകം) എന്നു പറയപ്പെടുന്ന മരുന്നു്, ഇരട്ടിമധുരം, പടർച്ചണ്ടവേർ, ഞരമ്പു വയരച്ചുകഴുകിയും ഇവയിട്ടുകാച്ചിയ തൈലം ഉപയോഗിക്കയും ചെയ്യുന്നതു നന്നു്. സകണ്ഡൂകാവമന്ഥത്തിന്നു് നന്നാറി, വൻകുറുന്തോട്ടി, ആട്ടിൻപാൽ, ഇന്തുപ്പു് ഇവകൊണ്ടുണ്ടാക്കിയ ലേപനവും തൈലവും ഉപയോഗിക്കേണ്ടതു്. ഗ്രന്ഥികത്തിൽ ഒന്നാമതായി ചെയ്യേണ്ടതു് വള്ളിത്തിരുമുഴയെ കീറി ചോരകുടുക്കയാണു്. അതിന്നുശേഷം ആ സ്ഥലത്തു ശസ്ത്രംകൊണ്ടു ചോര പൊടിയിച്ചു് ഇന്തുപ്പു് പൊടിച്ചു തേയ്ക്കുന്നു. ജംബുലരോഗത്തിൽ ഒന്നാമതായി ചെയ്യേണ്ടതു കയനിക്കാരസുകയാണു്. പിന്നെ പാടച്ചാറരിഞ്ഞാലി പൊടിച്ചു് ഘൃതകയും അതുതന്നെ പാലിൽ കലക്കിത്തയ്ക്കുയും വേണം. അതിന്നുശേഷം അതിന്നകത്തുള്ള മലിനതയെല്ലാം കളഞ്ഞു് ഉണക്കുകയും വേണം. സ്രാവിണിയെന്ന രോഗത്തിന്നു് ചിറമ്പുളു്, ഇരിപ്പക്കൊത്തു, ഇരട്ടിമധുരം ഇവയരച്ചു തേനിൽ ചാലിച്ചു തേയ്ക്കുയും ഇവയിട്ടു കാച്ചിയ തൈലം ഉപയോഗിക്കയും ചെയ്യണം. നാൽപാമരത്തൊലി, കല്ലാലിൻതൊലി, ഇരട്ടിമധുരം ഇവയരച്ചു തൈയുണ്ടാക്കിയതും ജീവകം മുതലായ

ജീവകാദ്യൈസ്സസപ്പിഷ്ടൈർഹൃമാനം പ്രലേപയേൽ. 42
വിശ്ലിഷ്ടായാംസുപഥ നാസികായാം—
വക്ഷ്യാമി സന്ധാനവിധിം യഥാവത്;
നാഡീപ്രമാണം പൃഥിവീമഹാനാമ്
പത്രം ഗൃഹീത്വാ തുപവേലംബിതസ്യ. 43
തനേ പ്രമാണേനാഹി ഗണ്ഡപാശാ—
ദുൽകൃത്യ ബദ്ധ്വാ പഥ നാസികാഗ്രേ;
വിലിഖ്യ പാശ്വേ പ്രതിസംദധീത
തൽ സാധുഖൈരഭിഘാതപ്രമത്തഃ. 44

ജീവനിയൗഷധങ്ങളരച്ചു നെയ്യിൽ കുഴച്ചുണ്ടാക്കിയതോ ആയ ലേപനം മഹാവാൻ എന്നുള്ള രോഗവിദ്വാൻ വിശേഷമാകുന്നു*. 32-42

എങ്കിലും സംഗതിവശാൽ മൂക്കുമുറിഞ്ഞു പോർപെട്ടുപോയെങ്കിൽ അതിനെ നേരയാക്കേണ്ടതിനുള്ള വഴികളെ ഇനി പറവാൻ തുടങ്ങുന്നു:—ഒന്നാമതായി, വൈദ്യൻ ഒരു മരത്തിന്റെ ഇല കൊണ്ടുവന്ന് അതിനെ, മുറിഞ്ഞിട്ടുള്ള മൂക്കിന്റെ അംശത്തിനു സമമായ നീളത്തിലും വീതിയിലും കത്രികവെച്ചു മുറിക്കണം. പിന്നെ ആ ഇലയുടെ അല്പം കണ്ട്, †കവിളത്തുള്ള മാംസത്തെ താഴത്തുനിന്നു മേൽപ്പോട്ടു കീറിയെടുക്കണം. ആ മാംസഖണ്ഡത്തെ വേണ്ടപോലെ മൂക്കിന്റെ തലക്കൽ വെച്ചു പിടിപ്പിക്കണം. പിടിപ്പിക്കേണ്ടുന്ന സ്ഥാനത്തെ ശസ്ത്രംകൊണ്ടു ചെറുതായി മേലോട്ടു പൊടിയിച്ചിടിക്കണം. മേലെ പൊടിഞ്ഞിടിക്കുന്ന സമയത്തു മേൽപ്പറഞ്ഞ മാംസഖണ്ഡത്തെ വേഗത്തിൽ അവിടെ പിടിച്ചു പിടിച്ച് ശ്രദ്ധയോടുകൂടി നല്ലപോലെ ഭംഗിയായി യോജിപ്പിച്ചു കെട്ടണം. ഇങ്ങിനെ പിടിപ്പിച്ചിട്ടുള്ള മാംസഖണ്ഡം കിഴിഞ്ഞുതുങ്ങിപ്പോകാതിരിക്കുന്നതിന്നു മൂക്കിന്റെ രണ്ടുഭാഗങ്ങളിലും പാകംപോലെ രണ്ടു ¶കുഴലുകളും തിരുകിവെച്ചു കെട്ടി വേണ്ടപോലെ പൊതിച്ചു

---

* കാതറെറ വല്ലിയപോലെ ഉൽപാടകമുതലായ രോഗങ്ങളെയും ചികിത്സയും പറയുന്ന ഈ അദ്ധ്യായം മൂചത്തിൽ കൂട്ടിച്ചേർത്തതാണെന്നുള്ള അഭിപ്രായത്തോടുകൂടി പ്രധാനവ്യാഖ്യാതാക്കന്മാർ ഈ ഭാഗം സ്പർശിച്ചിട്ടില്ല.

† നെറ്റിയിൽനിന്നെടുക്കാമെന്നു പക്ഷമുണ്ട്.

¶ കുഴലിന്നു ഞാണിൽതണ്ടോ അവണക്കിന്നിലയുടെ തണ്ടോ ആണ് ഏറ്റവും കൊള്ളാവുന്നതു. ഇതിന്റെ താൽപര്യം കനം കുറഞ്ഞകുഴൽ വേണമെന്നു ഉള്ളൂ. ഇപ്പറഞ്ഞ തണ്ടായതുകൊണ്ടുണ്ടാക്കുന്ന കുഴൽ കനമധികമുള്ളതാകകൊണ്ടു അവപോടില്ലെന്നു ഒല്ലനാചാര്യൻ പറഞ്ഞിട്ടുണ്ട്. എന്നാൽ ഇപ്പോഴത്തെ സ്ഥിതിക്കും സൌകര്യത്തിനും മേൽ പറഞ്ഞ ഗുണമുള്ള റബ്ബർകുഴലോ മറ്റോ എടുക്കുന്നതിന്നു വിരോധവുമില്ല.

സുസംഹിതം സമ്യഗതോ യഥാവ-
ന്നാഡീപ്രയേണാഭിസമീക്ഷ്യ ഖഭ്യാം;
പ്രോന്നമ്യ തൈനാമവഗൂഢ്യ ച
പത്തംഗയഷ്ടീമധുകാഞ്ജനൈശ്ച. 45

സംഹൃത്യ സമ്യക് പിഠുനം സിതേന
തൈലേന സിഞ്ചേദസകൃത്തിലാനാമ്;
ഛിന്നഞ്ച പായ്യഃ സ നഡഃ സുഖീഭൂ-
ന്നിശ്ചേഷ്ടോ വിഭ്രമച്യുഃ സ യഥോപദേശമ്. 46

ത്രുഡ്ഭഞ്ച സന്ധാനമുപാഗതം സ്യാൽ
തദ്ഭ്രംശയേത്തു പുനഃസ്നികൃന്തേൽ;
ഛിന്നം പുനശ്ഛേദയിതും യതേത
സമാഞ്ച കുര്യ്യാദതിവൃദ്ധഭാസാഗ്. 47

നിത്തണം. (ആ കുഴലിനുള്ളിൽ കൂടി ശ്വാസം പോകുന്നതാണ്.) പിന്നെ രക്തചന്ദനം, ഇരട്ടിമധുരം, അഞ്ജനക്കല്ല് എന്നിവ പൊടിച്ച് ആ സ്ഥലത്തു വിതറിനല്ല വെള്ളത്തുണികൊണ്ടു മൂടി മേലെപ്പറഞ്ഞ ശുദ്ധമായ എള്ളെണ്ണ പലപ്രാവശ്യം നനച്ചുകൊണ്ടിരിക്കണം. ആ രോഗിക്ക് പിന്നെ നെയ്യ് കുടിക്കാൻ കൊടുക്കണം. അതു നല്ല വണ്ണം ദഹിച്ചാൽ അവനെ തേച്ചുകുളിപ്പിച്ച് പിന്നെ വിധിപ്രകാരം വിരേചനം ചെയ്യിക്കണം. 43–46

ഈ വ്രണം നല്ലവണ്ണം ഉണങ്ങിയാൽ മൂക്കിൽ ആ മാംസബന്ധം നല്ലവണ്ണം പിടിച്ചതായി വിചാരിക്കാം. ഇങ്ങിനെ പിടിച്ചിട്ടുള്ളത് മൂക്കിന്റെ പകുതിഭാഗം മാത്രമാണെങ്കിൽ പിന്നെ രണ്ടാമതും മുമ്പുള്ളതുപോലെ തന്നെ മൂക്കുണ്ടാക്കി കുഴിവനാക്കണം. ഇങ്ങിനെ ചെയ്തിട്ടുള്ള മൂക്ക് വണ്ണംകൊണ്ടോ മറ്റോ കുറഞ്ഞിരിക്കുന്നതായാൽ അതിനെ വലുതാക്കുവാനും വലുതായിപ്പോയിട്ടുണ്ടെങ്കിൽ അതിനെ മുറിച്ചു പാകംപോലെയാക്കുന്നതിനും ശ്രമിക്കണം. 47

മേൽപ്പറഞ്ഞ മൂക്കുണ്ടാക്കുന്ന ക്രമപ്രകാരമെത്തന്നെ ചുണ്ടു മുറിഞ്ഞാലും ചെയ്തുകൊള്ളേണ്ടതാണ്. എന്നാൽ മൂക്കിൽ കുഴൽ വെച്ചതുപോലെ ഇതിൽ ഒന്നും ചെയ്യാനില്ലെന്നു മാത്രമേ ഭേദമുള്ളൂ. ഈ

നാഡീഃയാഗാം ഖിനൌഷുസ്യ നാസാസന്ധാനവദ്വിധിമ്
യ ഏ്വ പദമവം ജാനീയാൽ സ രാജ്ഞഃ കർത്തുമർഹതി. 48

ഇതി സുശ്രുത സംഹിതായാം സൂത്രസ്ഥാനേ കർണ്ണവ്യധബന്ധവിധിർനാമ
ഷോഡശോധ്യായഃ.

സപ്തദശോധ്യായഃ.

അഥാതഃ ആമപക്വകപക്ഷ്മണീയമധ്യായം വ്യാഖ്യാസ്യാമഃ. 1

ശോഫഃ സമുത്ഥാനാ ഗ്രന്ഥിവിദ്രധ്യലജീപ്രഭൃതയഃ പ്രായേണ വ്യാധയോഭിധാസ്യന്തേ അനേകാകൃതയസ്തുല്യലക്ഷണാഃ പൃഥഗ്വിധിതഃ സമാ വിഷമാ വാ തപ്പാംസസ്ഥായീ ദോഷസംഘാതഃ ശരീരൈക

വിധത്തിലുള്ള പ്രയോഗങ്ങളെ വേണ്ടപോലെ ധരിച്ചിട്ടുള്ള വൈദ്യൻ രാജാവിന്റെ ചികിത്സകനാവാൻ യോഗ്യനാകുന്നു. 48

ഇങ്ങിനെ സുശ്രുതസംഹിതയിൽ സൂത്രസ്ഥാനത്തിൽ
കർണ്ണവ്യധബന്ധവിധി എന്ന
പതിനാറാമധ്യായം കഴിഞ്ഞു.

പതിനേഴാമധ്യായം.

ഇനി ആമപക്വകപക്ഷ്മണീയം(പഴക്കാത്തതും പഴുത്തുതുടങ്ങിയതും പഴുത്തുകഴിഞ്ഞതുമായ വീക്കത്തെപ്പറ്റി വിവരിക്കുന്നതു)മെന്ന അദ്ധ്യായം പറയാം:— 1

ഗ്രന്ഥി, വിദ്രധി, അലജി മുതലായ രോഗങ്ങൾ മിക്കതും വീക്കമുള്ളവയാകുന്നു. ഈ രോഗങ്ങളുടെ ലക്ഷണങ്ങൾ പലപ്രകാരത്തിലാണ്. ഈ വക രോഗങ്ങളിൽ പലപ്രകാരത്തിലുള്ള ദേഹരോഗങ്ങളിൽ വീക്കമുണ്ടാകുന്നുണ്ട്. ഇതിനു ശോഫമെന്നു പേർ പറയുന്നു. ഇതു വലുതായും ചെറുതിയുമിരിക്കും. എല്ലാടത്തും ഒരുപോലെ വീങ്ങിയും, ഉന്തലും തള്ളുമായ നിലയിലും ചിലപ്പോൾ ഈ ശോഫം കാണാം. തോലിലും മാംസത്തിലും ദോഷം കൂടിനില്ക്കുന്നതുകൊണ്ടാണ് ഈ രോഗമുണ്ടാകുന്നതു. ഈ ശോഫം വാതംകൊണ്ടും പിത്തംകൊണ്ടും കഫം

ദോശോത്ഥിതം ശോഫം ഇത്യുച്യതേ. സ ഷഡ്വിധോ വാതപിത്തശ്ലേഷ്മ രക്ത
ശോണിതസന്നിപാതാഗന്തുനിമിത്തഃ. തസ്യ ദോഷാനുപവ്യഞ്ജനൈർല്ലി
ക്ഷണാന്യുപവ്യാഖ്യാസ്യാമഃ. 2

തത്ര വാതശോഫോരുണം കൃഷ്ണോ വാ പരുഷഃ സുപ്തിരുജാസന്ധി
താസ്തോദഭേദശ്ചാനു വേലനോ വിശേഷാ ഭവന്തി. പിത്തശോഫഃ പീ
തോ മൃദുഃ സരക്തോ വാ ശീഘ്രാനുസാരീ മോഷദാഹശ്ചാനു വേലനാ
വിശേഷാ ഭവന്തി. ശ്ലേഷ്മശോഫഃ പാണ്ഡുഃ ശുക്ലോ വാ കഠിനഃ ശീതഃ
സ്നിഗ്ധോ മന്ദാനുസാരീ കണ്ഡൂപാദയശ്ചാനു വേദനാ വിശേഷാ ഭവന്തി.
സർവ്വവർണ്ണഃ വേനോ സന്നിപാതജഃ. പിത്തവച്ചാഗന്തുർജ്ഞേയഃ വിശേ
ഷതഃ. പിത്തരക്തലക്ഷണ ആഗന്തുർല്ലോഹിതാവഭാസശ്ച. 3

സർവ്വോ ബാഹ്യാഭ്യന്തരൈർ ക്രിയാവിശേഷൈഃ സംഭാവിതഃ

കൊണ്ടും രക്തം കൊണ്ടും സന്നിപാതത്താൽകൊണ്ടും ആഗന്തുകമായും ഇങ്ങിനെ ആറുപ്രകാരത്തിലാകുന്നു. അതാതുദോഷങ്ങളുടെ ലക്ഷണങ്ങൊക്കെ കണ്ടുസംശയിച്ച് ഈ ശോഫലക്ഷണങ്ങൾകൊണ്ട് നിർണ്ണയിക്കണം. 2

വാതശോഫം കൃഷ്ണമോ അരുണനിറമായും കറുത്തും പരുപരുത്തും തി
ലപ്പാലിന്റെ മൃദുവായും ഇരിക്കും. കുത്തിനോവു മുതലായ ഉപദ്രവങ്ങളോടും
പല സമയവും ഓരോ പ്രകാരത്തിലായി ഉണ്ടാകയും ചെയ്യും. പിത്ത
ശോഫം മഞ്ഞനിറത്തിലും മൃദുവായും ഇരിക്കും, ചൊറി വെച്ചിരിക്കുന്ന
തുപോലേയും, അമർത്താൽ വീഴ്ക ഉടനേ തന്നെ പഴയപോലേ
ആയിത്തീരുന്നതായും കാണാം, വലിച്ചിലും പുകച്ചിലും കൂ
ടെ ഉണ്ടാകും. ശ്ലേഷ്മശോഫത്തിൽ നിറം വെളുത്തിരിക്കും, തിലപ്പാലിന്റെ
പാണ്ഡുവർണ്ണമായും കാണാം, അതു തൊട്ടാലോ കഠിനമായും തണു
ത്തും മെഴുപ്പുള്ളതായുമിരിക്കും. രക്തശോഫം ഒരേടത്തു നിന്നു മ
റ്റൊരേടത്തേക്കു വേഗം വ്യാപിക്കയില്ല, ചൊറിച്ചിൽ മുതലായ ഉപ
ദ്രവങ്ങളുണ്ടായിരിക്കയും ചെയ്യും. മേൽപ്പറഞ്ഞ ലക്ഷണങ്ങളെല്ലാം
(വാതശോഫം മുതലായ മൂന്നുകളുടെയും) ഉണ്ടായിരിക്കുമ്പോൾ അതു സ
ന്നിപാതശോഫമാകുന്നു. രക്തശോഫത്തിന്നു പിത്തശോഫലക്ഷണ
ങ്ങളും കാണാം. എന്നാൽ ഇതിങ്കൽ കറുത്ത നിറം അധികമാണ്.
ആഗന്തുശോഫത്തിന്നു പിത്തരക്തശോഫങ്ങളുടെ ലക്ഷണങ്ങളുണ്ട്
കാണുക. അതിങ്കൽ പുകച്ചനിറമധികമായിരിക്കയും ചെയ്യും. 3

ദോഷങ്ങളുടെ ആധിക്യംകൊണ്ടോ ചികിത്സയുടെ ക്രമക്കേടുകൊ
ണ്ടോ ആ ശോഫം, ഉള്ളിലും പുറത്തും ചെയ്യുന്ന പ്രയോഗങ്ങളാൽ ശ

പ്രശമയിതും ക്രിയാവിപര്യയാദ് ബഹുതരാദോഷാണാം, തദാ പരകാഭിമുഖ്യാ ഭവതി. തസ്യ മസ്യ പച്യമാനസ്യ പക്വസ്യ ച ലക്ഷണമുച്യമാനമവധാരയ. 4

തത്ര മൃദ്വാഷ്മനാ തപ്തസുവർണ്ണതാ ശീതശോഫതാ സ്നിഗ്ധം മാർദ്ദവമനതാപ്യുഷ്ണതാ ചാമലക്ഷണമുദ്ദിഷ്ടമ്. 5

സൂചീഭിരിവ നിസ്തുദ്യതേ, ദശ്യത ഇവ പിപീലികാഭിസ്തൂഭിശ്ച സംസ്പൃപ്യത ഇവ, സ്ഫിദ്യത ഇവ ശസ്ത്രേണ, ഭിദ്യത ഇവ ശക്തിഭിഃ, താഡ്യത ഇവ ദണ്ഡേന, പീഡ്യത ഇവ പാണിനാ, ഘട്ട്യത ഇവ ചാംഗുല്യാ. ഇത്യേത പച്യത ഇവ ചാംഗൈരക്ഷാഭ്യാം ക്ഷിപ്രമോഷപരിദാഹാശ്ച ഭവന്തി. വൃശ്ചികവിഷ ഇവ ച സ്ഥാനാസനശയനേഷു നശാന്തി മുപൈതി. ആഭ്യാതവസ്നിഗ്ധാതരുശ്ച ശോഫോ ഭവതി തപ്തശൈവ ണ്ണ്യം ശോഫഭിച്ഛുഷ്കജ്ഞരശ്ച ഹർഷപിപാസാകേശാരുചിശ്ച പക്വമാപലിംഗേത്. 6

ഒന്നുപ്പെട്ടിരിക്കുന്നുവരാം. എന്നാൽ പിന്നെ അതു പഴുത്തുതുടങ്ങും. ശോഫം പഴുക്കുന്നതിനുമുമ്പേയും പഴുത്തുതുടങ്ങിയാലും പഴുത്തു കഴിഞ്ഞാലും ഉണ്ടാകുന്ന പ്രത്യേകലക്ഷണങ്ങളെ ഇനി ഇവിടെ പറയാം. മനസ്സിലാക്കിക്കൊൾക. 4

തൊട്ടുമുങ്ങിയിരിക്കുക, വീക്കം അധികമില്ലാതിരിക്കുക, തോലിന്റെ നിറം വ്യത്യാസപ്പെടാതിരിക്കുക, തണുത്തിരിക്കുക, ഉറച്ചിരിക്കുക, വേദന മുറങ്ങിയിരിക്കുക ഈ ലക്ഷണങ്ങൾ കണ്ടാൽ പഴുപ്പു തുടങ്ങീട്ടില്ലെന്നു നിശ്ചയിക്കാം. 5

സൂചികൊണ്ടു കുത്തുന്നതുപോലെയും ഉറുമ്പു കടിക്കുന്നുപോലെയും ഉറുമ്പരിക്കുന്നുപോലേയും കത്തികൊണ്ടു ചെത്തുന്നപോലെയും 'വേൽ' എന്ന ആയുധംകൊണ്ടു കുത്തിപ്പിളർക്കുന്നുപോലെയും വടികൊണ്ടടിക്കുമ്പോലെയും കൈകൊണ്ടമർത്തുന്നുപോലെയും വിരൽകൊണ്ടുമിടിക്കുന്നുപോലേയും തോന്നുക, ചൊള്ളിക്കുകയോ ക്ഷാരം ചെയ്കയോ ചെയ്യുമ്പോലുണ്ടാകുന്നുപോലെ തൂട്ടും വേവും തോന്നുക, പാകത്തിലും വലിവും തുടുപ്പിലും ഉണ്ടാവുക, രോഗി ശരീരം കുടിച്ചുയുപോലെ, ഇരിക്കയും കിടക്കുകയും ചെയ്യുന്നതിനു സമാധാനമില്ലാത്ത നിലയിലായിരിക്കുക, വീർപ്പിച്ചതോൽസഞ്ചിപോലെ ഒന്നായിവിരുന്നു കാണുക, തോലിന്റെ നിറം മാറിക്കാണുക, വീക്കം വർദ്ധിച്ചിരിക്കുക, ദേഹത്തിൽ പനി, തുടുനിറൽ ക്ഷീണിപ്പും ചെള്ളംതാഹവും അന്നത്തിൽ രുചിയില്ലായ്മയും ഉണ്ടാവുക ഈ ലക്ഷണങ്ങൾ കണ്ടാൽ, ശോഫം പഴുത്തുതുടങ്ങിയിരിക്കുന്നു എന്നു നിശ്ചയിക്കാം. 6

വേദനോപശാന്തിഃ പാണ്ഡുതാല്പശോഫതാ വലീപ്രാദുർഭാവസ്യാ
ൽപരിപൂടനം നിമ്നദർശനമംഗുല്യാവപീഡിതേ പ്രത്യുന്നമനം വസ്ത്രാവി
ദോഷകസഞ്ചാരണം പൂയസ്യ പ്രപീഡയത്യേകമന്തമന്തേ വാവപീഡി
തേ മുഹുർമ്മുഹുസ്സോഷഃ കണ്ഡൂരനന്നതാ ച വ്യാധേരുപദ്രവശാന്തിഃ
ക്ഷതാഭികാംക്ഷാ ച പക്വലിംഗം. 7

കഫജേഷു തു രോഗേഷു ഗംഭീരഗതിതാദ്ദേഹിഷ്ഠാതജേഷു വാ കേഷു
ചിദസമസ്തം പക്വലക്ഷണം ദൃഷ്ട്വാ പക്വമപക്വമിതി മന്യമാനോ
ഭിഷക് മോഹമാപദ്യതി. യത്ര ചിരാത്സവർണ്ണതാ ശീതഃശാഫതാ
സ്ഥൗല്യമല്പരുജതാശ്ചവർഘനതാ ച ന തത്ര മോഹമുപേയാദിതി. 8

ഭവന്തി ചാത്ര—(പ).

ആമം വിപച്യമാനഞ്ച സമ്യക്പക്വഞ്ച യോ ഭിഷക്
ജാനീയാൽ സ ഭവേദ്വൈദ്യഃ ശേഷാസൂന്ധുരവൃത്തയഃ. 9

വേദന ശമിക്കുക, പാണ്ഡുവർണ്ണം കാണുക, വീക്കം ചുരുങ്ങുക, വീക്കത്തിൽ ചുട്ടിവുണ്ടായിരിക്കുക, തോൽ വിള്ളുക, വിരലുകൊണ്ടു കുഴിച്ചാൽ കുഴിയുകയും വിരൽ എടുത്താൽ മേൽപ്പെട്ട പൊന്തുകയും ചെയ്യുക, അമർത്തുമ്പോൾ തോൽസഞ്ചിയിൽ വെള്ളംപോലെ, ചലം ഒരേടത്തുനിന്നു മറ്റൊരിടത്തേക്കു സഞ്ചരിക്കുക, ഇടയ്ക്കിടക്ക് അമർത്തൽ വെദനയുണ്ടാവുക, ചെറിച്ചിലുണ്ടാവുക, വീക്കത്തിന്റെ ചൊക്കം ചുരുങ്ങിക്കാണുക, ഉപദ്രവങ്ങൾക്കൊക്കെ ശാന്തിയും ആഹാരത്തിന്നാഗ്രഹവും ഉണ്ടാവുക, ഈ ലക്ഷണങ്ങൾ ഉണ്ടായാൽ പഴുത്തുകഴിഞ്ഞിരിക്കുന്നു എന്നു നിശ്ചയിക്കാം. 7

കഫംകൊണ്ടുണ്ടാകുന്ന ശോഫത്തിലും അടി, വീഴ്ചമുതലായതുകൊണ്ടുണ്ടാകുന്ന ചില ശോഫങ്ങളിലും വീക്കം അടിയിലേക്കു വ്യാപിച്ചിരിക്കാവുന്നതുകൊണ്ട് മേൽപറഞ്ഞ പഴുപ്പിന്റെ ലക്ഷണങ്ങൾ മുഴുവനും കാണുകയില്ല. അങ്ങിനെ വരുന്നടിക്കിൽ വൈദ്യൻ പഴുത്തിട്ടില്ലാത്ത ശോഫത്തെ പഴുത്തിട്ടില്ലെന്നു തെറ്റി വിചാരിക്കും. എന്നാൽ വീക്കത്തിങ്കൽ നിറഭേദമില്ലെന്നും തൊടുമ്പോൾ തണുത്തിരിക്കുന്നുണ്ടെന്നും വേദന ചുരുക്കമാണെന്നും വീക്കം വലിപ്പമുള്ളിടത്തും കല്ലുപോലെ ഉറപ്പുള്ളിടത്തുമാണെന്നും കാണുന്നപക്ഷം അവിടെ വൈദ്യൻ സംശയിക്കരുത് (പഴുത്തിട്ടില്ലെന്നു വിചാരിക്കരുത്) 8

"ശോഫം പഴുത്തിട്ടില്ലെന്നും പഴുത്തു തുടങ്ങിയെന്നും നല്ലവണ്ണം പഴുത്തുകഴിഞ്ഞു എന്നും വിട്ടു വൈദ്യൻ അറിയുന്നുവോ അവനാകുന്നു വൈദ്യൻ. അങ്ങിനെയല്ലാത്ത വൈദ്യന്മാർ കള്ളന്മാരാകുന്നു. 9

വാതാദൃതേ നാസ്തി രുജാ ന പാകഃ
പിത്താദൃതേ നാസ്തി കഫാച്ച പൂയഃ
തസ്മാൽ സമസ്താഃ പരിപാകകാലേ
പചന്തി ശോഫാംസ്ത്രയ ഏവ ദോഷാഃ. 10
കാലാന്തരേണാഭ്യുദിതസ്തു പിത്തം
കൃത്വാ വശേ വാതകഫൗ പ്രസഹ്യ
പചത്യതഃ ശോണിതമേഷ പാകോ
മതോപരേഷാം വിദ്രധിം ദ്വിതീയഃ. 11

(ഗ). തത്രാമച്ഛർദ്ദേ മാംസസിരാസ്നായ്വസ്ഥിസന്ധിവ്യാപാദനമതി മാത്രം ശോണിതാതിപ്രവൃത്തിർവ്വേദനാപ്രാദുർഭാവോവദരണമനേകോപദ്രവദർശനം ക്ഷതവിദ്രധിർവ്വാ ഭവതി. സ യദാ ഭയമോഹാഭ്യാം പക്വമപ്യപക്വമിതി മന്യമാനശ്ചിരമുപേക്ഷതേ വ്യാധിം വൈദ്യസുതോ ഗംഭീ

വാതകോപമില്ലാതെ വേദനയും പിത്തകോപമില്ലാതെ വേവും കഫകോപമില്ലാതെ ചലവും ഉണ്ടാകയില്ല. അതുകൊണ്ടു പഴക്കേണ്ടുന്ന സമയമായാൽ പിന്നെ മൂന്നു ദോഷങ്ങളും കൂടിയാണ് ശോഫത്തെ അങ്ങിനെ പഴപ്പിക്കുന്നതെന്നു വരുന്നു. 10

കോപിച്ചിട്ടുള്ള പിത്തം കാലാന്തരത്തിൽ വാതത്തേയും കഫത്തേയും ബലാൽകാരമായി കീഴടക്കി രക്തത്തെ വേവിക്കുന്നു; ഇങ്ങിനെയാണ് ശോഫത്തിൽ പഴപ്പുണ്ടാകുന്നതെന്നാകുന്നു വേറെ ചില വിദ്വാന്മാരുടെ അഭിപ്രായം."* 11

പാകംവരുംമുമ്പേ വീക്കത്തെ കീറിയാൽ മാംസത്തിനും സിരകൾക്കും സ്നായുക്കൾക്കും അസ്ഥികൾക്കും സന്ധികൾക്കും അധികമായി കേടുപറ്റാൻ ഇടവരും; രക്തം അധികം സ്രവിക്കും; വേദനയധികമുണ്ടാകും; പിളർപ്പധികമാകും; വേറെയും പലവിധം ഉപദ്രവമുണ്ടാകും. ക്ഷതവിദ്രധി (ഒരുജാതി വ്രണം) എന്നുള്ള വ്യാധിയുമുണ്ടായി എന്നു വരാം.

വൈദ്യൻ ഭയംകൊണ്ടും അറിവില്ലായ്മകൊണ്ടും പാകംവന്ന വീക്കത്തെ പാകംവന്നിട്ടില്ലെന്നു വിചാരിച്ച് കീറാതെ അധികകാലം വെച്ചുകൊണ്ടിരുന്നാൽ ചലം അടിയിലേക്കു ചെന്ന് പുറത്തുകടക്കാൻ വ

---

* മുൻപറഞ്ഞ ത്രിദോഷങ്ങൾക്കു പുറമെ ഇതിൽ രക്തവും കൂടീട്ടുണ്ടെന്നൊരു വ്യത്യാസമാണുള്ളതു്.

രാനുഗതോ ദ്വാരമലഭമാനഃ പൂയഃ സ്വമാശ്രയമവദീര്യ്യോത്സംഗം മ
ഹാന്തമവകാശം കൃത്വാ നാഡീം ജനയിത്വാ കൃച്ഛ്രസാദ്ധ്യോ ഭവതി
സാദ്ധ്യോ വേതി. 12

ഭവന്തി ചാത്ര—(പ):

യശ്ശീനത്യാമമജ്ഞാനാദ്വൈദ്യശ്ച പകമുപേക്ഷതേ
ശപചാവിവ മന്തവ്യൌ താവനിശ്ചിതകാരിണൌ. 13

പ്രാക് ശസ്ത്രകർമ്മണശ്ചാഷ്ടം ഭോജയേദാതുരം ഭിഷക്
മദ്യപം പായയേന്മദ്യം തീക്ഷ്ണം. യോ വേദനാസഹഃ. 14

ന മൂർഛത്യന്നസംയോഗാന്മത്തഃ ശസ്ത്രം ന ബുദ്ധ്യതേ
തസ്മാദവശ്യം ഭോക്തവ്യം രോഗേഷ്വേതേഷു കർമ്മണി. 15

പ്രാണോ ഹ്യാദ്യന്തരോ നൃണാം ബാഹ്യപ്രാണഗ്രഹാനിതഃ
ധാരയത്യവിരോധേന ശരീരം പാണ്ഡുഭൌതികം. 16

ഴികിട്ടാതെ അവിടെ ദ്വാരങ്ങളുണ്ടാക്കി അധികം സ്ഥലത്തു വലിയ വീക്കമുണ്ടാക്കുകയും ഉള്ളിൽ നാഡീവ്രണം(പുരയോടുക)മുണ്ടാക്കുകയും ചെയ്യുന്നു. അതു പിന്നെ മാറാൻ വളരെ പ്രയാസമുള്ളതോ മാറാത്തതോ ആയി പരിണമിക്കയും ചെയ്യും. 12

"ഏതൊരു വൈദ്യൻ അറിവില്ലായ്മനിമിത്തം പാകം വരാത്ത വീക്കത്തെ കീറുകയും, ഏതൊരുവൻ പാകംവന്നതിനെ കീറാതിരിക്കയും ചെയ്യുന്നുവോ ആ വൈദ്യന്മാർ രണ്ടുകൂട്ടരും അറിഞ്ഞു പ്രവൃത്തിപ്പാൻ വശമില്ലാത്തവരാകകൊണ്ട് ചണ്ഡാലന്മാരാണെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. 13

വീക്കം കീറുകയോ മറ്റോ ചെയ്യുന്നതിനു കുറെ മുമ്പായി രോഗിക്ക് ഇഷ്ടമായ ആഹാരം കൊടുക്കണം. മദ്യം കഴിക്കുന്നവനാണെങ്കിൽ തീക്ഷ്ണമായ മദ്യം* കൊടുക്കണം. അതു കഴിച്ചിരുന്നാൽ സഹിക്കാൻ വയ്യാത്ത വേദനയുണ്ടാകയില്ല; ആഹാരം കഴിച്ചിട്ടുള്ളതുകൊണ്ട് എള്ളപ്പത്തിൽ മോഹാലസ്യം വരികയില്ല; മദ്യത്തിന്റെ ലഹരി

---

* മൂലത്തിൽ 'മദ്യപം' എന്നാണു്. അതിനു് 'മദ്യംകൊടുക്കാവുന്ന ശരീരസ്ഥിതിയുള്ളവ'നെന്നു മാത്രം അർത്ഥം ചില വ്യാഖ്യാതാക്കന്മാർ പറയുന്നു. എങ്കിലും ഈ സംഗതി ഇപ്പോഴത്തെ ക്ലോറൊഫോറം (Chloroform) കൊടുക്കുന്ന സമ്പ്രദായത്തെ സൂചിപ്പിക്കുന്നുണ്ടു്.

അല്പോ മഹാൻ വാ ക്രിയയാ വിനാ യഃ
സമ്യക്പ്രീതഃ പാകമുപൈതി ശോഫഃ
വിശാലമൂലോ വിഷമോ വിദഗ്ധഃ
സ കുച്ഛ്രതാം യാത്യവഗാഢദോഷഃ. 17
ആലേപവിസ്രാവണഭേദശാധനൈശ്ച
സമ്യക്പ്രയുക്തൈരപി നോപശാമ്യേൽ
പച്യേത ശീഘ്രം സമമല്പമൂലഃ
സ പിണ്ഡിതശ്ചോപരി ചോന്നതഃ സ്യാൽ. 18
കക്ഷം സമാസാദ്യ യഥൈവ വഹ്നി-
വ്വായുപ്രീരിതഃ സന്ദഹതി പ്രസഹ്യ

കെർണ്ടു ശസ്ത്രപ്രയോഗത്തിൻെറ വേദനയറികയുമില്ല. അതുകൊണ്ട് മേൽപറഞ്ഞ രോഗങ്ങളിൽ ശസ്ത്രപ്രയോഗം ചെയ്യുമ്പോൾ തീച്ചയായും ഇഷ്ടാഹാരവും മദ്യവും കൊടുക്കുന്നതു നന്ന്. എന്തുകൊണ്ടെന്നാൽ മനുഷ്യരുടെ ഉള്ളിലുള്ള പ്രാണൻ അന്നരസം നിമിത്തമുണ്ടാകുന്ന ദേഹബലത്തിൻെറ (ബാഹ്യപ്രാണൻെറ) ഗുണത്തോടു കൂടിച്ചെന്നിട്ട് പഞ്ചഭൂതസപ്തരൂപമായ ദേഹത്തെ കേടുകൂടാതെ നിലനിർത്തുന്നു. 14—16

വീക്കം ചെറുതായാലും വലുതായാലും അതിനു വേണ്ടുന്ന ഒരു ചികിത്സയും കൂടാതെ താനേവളർന്നു പഴുക്കുന്നതായാൽ അതു് അധികം സ്ഥലത്തു വ്യാപിക്കയും എങ്ങും ഒരുപോലെ പാകമാകാതിരിക്കയും അധികം അടിയിലേക്കു ചെന്നു ദുഷിക്കയും ചെയ്യും. ആ മാതിരി പാകം വന്നിട്ടുള്ളതു് ചികിത്സിക്കാൻ പ്രയാസവുമാണ്. എന്നാൽ വീക്കത്തിനു വേണ്ടപോലെ മരുന്നുകളരച്ചു തേക്കയും ചോര കളകയും ശോധനക്രിയ ചെയ്കയും ചെയ്യുമ്പോൾ വീക്കം വാടിപ്പോകുന്നതാണ്. ഒരു സമയം അങ്ങിനെ വാടിപ്പോകാതിരുന്നാലും ആ വീക്കം അധികം സ്ഥലത്തു വ്യാപിക്കാതെ മുഖമൊന്നി ഉരുണ്ടുകൂടി എല്ലാടവും ഒരുപോലെ വേഗത്തിൽ പഴുക്കാതിരിക്കയില്ല. 17—18

ഉണങ്ങിയ പുൽക്കൂട്ടത്തിൽ തീപ്പിടിച്ചാൽ അതു കാറിൻെറ സഹായത്തോടു കൂടി പുൽക്കൂട്ടത്തെ അതിവേഗത്തിൽ ദഹിപ്പിക്കുന്നതെങ്ങിനെയോ അങ്ങിനെതന്നെ വീക്കത്തിൽ നിന്നു ചലം പുറത്തു

തഥൈവ പൂയോപ്യവിനിസ്രുതോ ഹി
മാംസം സിരാഃ സ്നായു ച ഖാദതീഹ. 19
ആദൌ വിമ്ലാപനം കുര്യ്യാദ്ദ്വിതീയമവസേചനമ്
തൃതീയമുപനാഹശ്ച ചതുർത്ഥം പാടനക്രിയാമ്. 20
പഞ്ചമം ശോധനം കുര്യ്യാൽ ഷഷ്ഠം രോപണമിഷ്യതേ
ഏതേ ക്രമാ വ്രണസ്യോക്താഃ സപ്തമം വൈകൃതാപഹമ്. 21

ഇതി സുശ്രുതസംഹിതായാം സൂത്രസ്ഥാനേ
ത്രയോപൈകഷണീയോ നാമ
സപ്തദശോധ്യായഃ.

അഷ്ടാദശോധ്യായഃ.

അഥാതോ വ്രണാലേപനബന്ധവിധിമധ്യായം വ്യാഖ്യാസ്യാമഃ. 1

കളഞ്ഞിട്ടില്ലെങ്കിൽ അത് അവിടെയുള്ള മാംസത്തേയും സിരകളേയും സ്നായുക്കളേയും തിന്നാരംഭിക്കുകയും. 19.

പീക്കത്തിങ്കൽ ചെയ്യേണ്ടുന്ന പ്രയോഗങ്ങൾ അഞ്ചു പ്രകാരത്തിലാകുന്നു. (1) മരുന്നുകൾ തേച്ചു തടവി വീക്കത്തെ കുരത്തി (വിമ്ലാപനം) ക്കളക, (2) അട്ട കടിപ്പിക്കയൊ മറ്റൊ ചെയ്തു ചോരകളക, (3) മരുന്നുകൾ വെച്ചുകെട്ടുക, (4) കീറുക, (5) വ്രണശോധനത്തിനുള്ള മരുന്നുകളെക്കൊണ്ടു വ്രണത്തിനകത്തുള്ള ദോഷങ്ങളെക്കളഞ്ഞു് ശുദ്ധിവരുത്തുക, (6) ഉണക്കുക, (7) വ്രണംനിമിത്തമുണ്ടായ വർണ്ണഭേദവും മാറും മാറി പൂർവ്വസ്ഥിതിയിലാക്കിത്തീർക്കുക". 20—21

ഇങ്ങിനെ സുശ്രുതസംഹിതയിൽ സൂത്രസ്ഥാനത്തിൽ
ത്രയോപൈകഷണീയമെന്ന പതിനേഴാമദ്ധ്യായം
കഴിഞ്ഞു.

പതിനെട്ടാമധ്യായം.

ഇതി വ്രണാലേപനബന്ധവിധി എന്ന അദ്ധ്യായം പറയാം. 1

ആലേപ ആദ്യ ഉപക്രമ ഏഷ സർവ്വശോഫാനാം സാമാന്യേ പ്രധാനതമശ്ച. തച്ച പ്രതിരോഗം വക്ഷ്യാമഃ. തത്രാ ബന്ധഃ പ്രധാനം തേന ശുദ്ധിവ്രണരോപണമസ്ഥിസന്ധിസ്ഥൈര്യഞ്ച. തത്ര പ്രതിലോമമാലിമ്പേന്നാനുലോമമ്. പ്രതിലോമേ ഹി സമ്യഗൗഷധ മവതിഷ്ഠതേ അനുപ്രവിശതി രോമകൂപാൻ സേദവാഹിഭിഃ സിരാമു ഖൈശ്ച വീര്യം പ്രാപ്നോതി. ന ച ശുഷ്യമാണമുപേക്ഷേതാന്യത്ര പീഡയിതവ്യാൽ. ശുഷ്കോ ഹ്യപാത്ഥകോരുക്ഷരശ്ച. 2

സ ത്രിവിധഃ പ്രലേപഃ പ്രദേഹ ആലേപശ്ച. തേഷാമനന്തരം-

ആലേപം (മരുന്നരച്ചുതേക്കൽ) ഒന്നാമത്തെ ചികിത്സയാകുന്നു. അതു ഏല്ലാ വികത്തിനും ഒരുപോലെ ഉപയോഗിക്കാവുന്നതും മുഖ്യ വുമാകുന്നു. ഓരോ രോഗത്തിലും അതു ഓരോ വിധത്തിലാണ്. അ തിന്റെ വകഭേദങ്ങളെ പ്രത്യേകം പറയുന്നുണ്ട്. ബന്ധം (മരുന്നുവെ ച്ചുകെട്ടൽ) ആലേപത്തെക്കാൾ പ്രധാനമാണ്. ബന്ധംകൊണ്ട് വ്ര ണത്തിന്നു് ശുദ്ധിയും ഉണക്കവും അസ്ഥിസന്ധികൾക്കു് സ്ഥിരതയുമു ണ്ടാകും. ലേപനം ചെയ്യേണ്ടതു് വ്രണിത സ്ഥലത്തോ ആ സ്ഥലത്തുള്ള രോമങ്ങൾക്കെതിരായിട്ടാണു് (ചോട്ടിൽ നിന്നു മേൽപെട്ടു്) അതു ചെയ്യേണ്ടതു്. മുകളിൽനിന്നു് കീഴ്പ്പോട്ട ലേപനംചെയ്യുകൂടാ. മേൽ പൊട്ട പ്രതിലോമമായി ലേപനംചെയ്യാൽ മരുന്നു് അവിടെ നല്ലപോ ലെ പറ്റിനില്ക്കും; രോമകൂപങ്ങളിൽ മരുന്നുപ്രവേശിക്കും; വിയർപ്പു വെള്ളം. പുറത്തേക്കുകൊണ്ടുവരുന്ന സിരകളുടെ മുഖങ്ങളിൽകൂടി മരു ന്നുകളുടെ വീര്യം ഉള്ളിലേക്കു വ്യാപിക്കയുംചെയ്യും. മരുന്നു തേച്ചാൽ അതു് ഉണങ്ങാനിടവരുത്തരുതു്. എന്നാൽ ചില വ്രണങ്ങളിൽ മരുന്നു തേച്ചു് അങ്ങുമിങ്ങും വ്യാപിച്ചുകിടക്കുന്ന ചലങ്ങളെ ഒരു ഭാഗത്തു വ ലിച്ചുകൂട്ടി പീച്ചിക്കളയേണ്ടതുണ്ടാകും. ആ വ്രണങ്ങളിൽ തേക്കുന്ന മ രുന്നുണങ്ങുന്നതിനു വിരോധമില്ല. അങ്ങിനെയല്ലാത്തപക്ഷം തേച്ച മരുന്നുണങ്ങിയാൽ പിന്നെ വീര്യമില്ലാതാകയും അവിടെ പൊള്ളകങ്ങ ളുണ്ടാകയും ചെയ്യും. 2

അതു പ്രലേപം, പ്രദേഹം, ആലേപം എന്നിങ്ങിനെ മൂന്നുപ്ര കാരത്തിലാകുന്നു. ഒതാട്ടാൽ തണുപ്പുള്ള മരുന്നു നേർമ്മയിൽ തേക്കുക യും അതു വ്രണത്തിന്റെ തരംപോലെ ഒഴുക്കുകയോ ഒഴു

പ്രലേപഃ ശീതസുനരവിശോഷീ വിശോഷീ ച. പ്രദേഹസ്ത്വൽപ്പഃ ശീതോ വാ ബഹളോബഹ്വരവിശോഷീ ച. മദ്ധ്യമേത്രാലേപഃ. 3

തത്ര രക്തപിത്തപ്രസാദകൃദാലേപഃ. പ്രദേഹോ വാതശ്ലേഷ്മപ്രശമനഃ സന്ധാനശ്ശാധരോപണശ്ശാഽഥവേദനാപഹശ്ച തസ്യാപയോഗഃ ക്ഷതാക്ഷതേഷു. യസ്തു തേഷ്വുപയുജ്യതേ സ ഭ്രയഃ കല്പ ഇതി സംജ്ഞാം ലഭതേ നിരുദ്ധാലേപനസംജ്ഞസ്തുനാസ്രാവസന്നിരോധോ മൃദുതാ പൂതിമാംസാപകർഷണമന്തർന്നിർദ്ദ്വാഷതാ വ്രണശുദ്ധിശ്ച ഭവതി. 4

ടിപ്പിക്കയൊ * ചെയ്കയും ചെയ്യുന്നതായാൽ അതാണ് പ്രലേപം. മരുന്നു പൂടോടുകൂടിയൊ തണുപ്പിച്ചൊ കട്ടിയിലൊ നേമ്മയിലൊ തേക്കയും അതുണങ്ങാതെ നോക്കുകയും ചെയ്യുന്നതു പ്രദേഹമാകുന്നു. അധികം പൂട്ടാ തണുപ്പുമില്ലാത്ത മരുന്നു് അധികം കട്ടിയും നേമ്മയുമില്ലാതെ തേക്കയും അധികം വെടിക്കാതെ വെക്കയും ചെയ്യുന്നതായാൽ അതിനു ആലേപമെന്നു പേരാകുന്നു. 3

ഈ ഇവയിൽവെച്ചു് ആലേപം കോപിച്ചിട്ടുള്ള രക്തത്തേയും പിത്തത്തേയും തെളിയിക്കും; പ്രദേഹംകൊണ്ടു വാതവും കഫവും ശമിക്കും; മാംസമുണ്ടാകും; വ്രണം ശുദ്ധിവരും; വ്രണം ഉണങ്ങും; വീക്കവും വേദനയും ശമിക്കും; പ്രദേഹം, വ്രണപ്പെട്ട ഭിക്കിലും വ്രണപ്പെടാത്ത ഭിക്കിലും ഉപയോഗിക്കാം. വ്രണങ്ങളിലുപയോഗിക്കുന്ന പ്രദേഹത്തിനു പിന്നെ കല്പമെന്നുള്ള പേരുണ്ടാകുന്നു. അതിനുതന്നെ നിരാലേപ(സ്തംഭനമായ ലേപനം)മെന്നും പേരുണ്ടു്. ആ പ്രദേഹം ഉപയോഗിക്കുന്നതുകൊണ്ടു വ്രണം പൊട്ടിയൊലിക്കുന്നതിനു ശാന്തിയും വ്രണത്തിനു മാർദ്ദവവും ഉണ്ടാകും. അതു ചീഞ്ഞ മാംസങ്ങളെ പുറത്തേക്കു വലിച്ചു കളകയും വ്രണത്തിലുള്ള ദോഷങ്ങളെ കളഞ്ഞു ശുദ്ധിവരുത്തുകയും ചെയ്യും. 4

---

* രൂക്ഷദ്രവ്യങ്ങൾ മേത്തുണ്ടാക്കിയ കല്ലുകൊണ്ടു നലവിനെ ഉണക്കുന്നതോ അങ്ങിനെയല്ലാത്തതോ എന്നും പക്ഷമുണ്ടു്.

ഈ ഇവിടെ പ്രലേപത്തിന്റെ ലക്ഷണം പറയാത്തതു് അവശ്യമില്ലാഞ്ഞിട്ടാണെന്നു ചില വ്യാഖ്യാനങ്ങളിൽ കാണുന്നു. ചില പുസ്തകങ്ങളിൽ അലേപപദത്തിനു പകരം പ്രലേപമെന്നാണു്. ആ പാഠപ്രകാരം അലേപത്തെ വിട്ടുകളഞ്ഞതായി വിചാരിക്കേണ്ടി വരുന്നു.

(പ). അവിദഗ്ധേഷു ദോഷേഷു ഹിതമാലേപനം ഭവേൽ
യത്രാസൃഗ് ദോഷശമനം ദാഹകണ്ഡൂരുജാപഹമ്. 5
തദ്വക്പ്രസാദനേ്യമവാഗ്ര്യം മാംസരക്തപ്രസാദനമ്
ദാഹപ്രശമനം ശ്രേഷ്ഠം തോദകണ്ഡൂവിനാശനമ്. 6
മർമ്മദേശേഷു യേ രോഗാ ഹൃദ്യേഷ്വപി തഥാ വ്രണാമ്
സംശോധനായ തേഷാം ഹി കുര്യ്യാദാലേപനം ഭിഷക്. 7
ഷഡ്ഭാഗം പൈത്തികേ സ്നേഹം ചതുർഭാഗന്തു വാതികേ
അഷ്ടഭാഗന്തു കഫജേ സ്നേഹമാത്രാം പ്രദാപയേൽ. 8
(ശ). തസ്യ പ്രമാണമാർദ്രമാഹിഷചർമ്മാതേസധമുപദിശന്തി. ന
ചാലേപാ രാത്രൗ പ്രയുഞ്ജീത. മാത്രയൈവ്തത്പിഹിതോഷ്ണനസൂദനി
ഗ്ദ്മാദിവികാരപ്രവൃത്തിരിതി. 9.

"പാകംവരാത്ത വീക്കങ്ങളിൽ ആലേപനമാണുപയോഗിപ്പാൻ നല്ലത്. അതാതു ദോഷങ്ങളെ ശമിപ്പിക്കുന്നവയും ചുട്ടനീറലും (പിത്തജം) ചൊറിച്ചിലും (കഫജം) വേദനയും (വാതജം) മാറുന്നതുകളുമായ ദ്രവ്യങ്ങളെക്കൊണ്ട് ആലേപനം ചെയ്യണം. ആലേപനത്തിന്റെ മുഖ്യമായ ഗുണം തോലിനും മാംസത്തിനും രക്തത്തിനും തെളിവുണ്ടാക്കുകയും ചുട്ടനീറലും കുത്തലും ചൊറിച്ചിലും ഇല്ലാതാക്കുകയും ആകുന്നു. മർമ്മപ്രദേശങ്ങളിലും ഹൃദ്പ്രദേശങ്ങളിലുമുണ്ടാകുന്ന വ്രണങ്ങൾക്ക് ശോധനംചെയ്യുന്നതിനു ആലേപനമാണുപയോഗിക്കേണ്ടത്. ആലേപനത്തിനായുപയോഗിക്കുന്ന സ്നേഹദ്രവ്യം പിത്തകോപത്തിങ്കൽ, മൂന്നിന്റെ ആറിലൊരുഭാഗവും വാതത്തിങ്കൽ, നാലിലൊരുഭാഗവും കഫത്തിങ്കൽ, എട്ടിലൊരുഭാഗവും ചേർത്തേണ്ടതാണ്." 5—8

പോത്തിന്റെ തോലുരിച്ചെടുത്ത ഉടനെ അതിന്റെ കട്ടി എത്രയുണ്ടോ അത്ര കട്ടിയിൽ ആലേപനം ചെയ്യണം. ആലേപനം * രാത്രിയിൽ ഒരിക്കലും ചെയ്യരുത്. അങ്ങിനെ ചെയ്യാൽ വ്രണത്തിങ്ക

---

* വ്രണത്തിൽ ചുട്ടനീറലധികമുണ്ടായാൽ ശതധൌതഘൃതം മുതലായതു തേക്കുന്നതിനു രാത്രിയിലായാലും വിരോധമില്ലെന്നും അതിനു് ശരീരകൃത്സങ്ങളെ വ്യാപിച്ചു് ഊഷ്മാവിനെ തടസ്ഥപ്പെടുത്താതെ സ്വേദനിലയിൽ വെച്ചുകൊണ്ടിരിക്കുന്നുള്ള പ്രഭാവമുണ്ടെന്നും അറിഞ്ഞിരിക്കേണ്ടതാണു്.

(പ). പ്രമേഹസാധ്യേ വ്യാധൗ തു ഹിതമാലേപനം ഭിവാ
പിത്തരക്താഭിഘാതോത്ഥേ സവിഷേ ച വിശേഷതഃ. 10
ന ച പയ്യുഷിതം ലേപം കദാചിദവചാരയേൽ
ഉപയ്യുപരിലേപന്തു ന കദാചിൽ പ്രദാപയേൽ. 11
ഊഷ്മാണം വേദനാം ദാഹം ഘനത്വാജ്ജനയേൽ സ ഹി
ന ച രോഹതി വേഗേന പ്രമേഹം ദാപയേൽ പുനഃ
തൃഷ്ണഭാവാൽ സ നിഷ്പീഡ്യോ യുക്തോപി സ്യാദപോഢകഃ. 12

(ഗ). അത ഊർദ്ധ്വം വ്രണബന്ധനദ്രവ്യാണ്യുപദേക്ഷ്യാമഃ. തദ്യഥാ— ക്ഷൗമകാർപ്പാസാവികദുകൂലാകൗശേയപത്രോർണ്ണാചീനപട്ടാ

ലുള്ള ഊഷ്മാവു് (ചൂടു്) തടസ്ഥപ്പെടുകനിമിത്തം വേറെ ചില ഉപദ്രവങ്ങളുണ്ടാകയും ചെയ്യും. 9

"പ്രമേഹംകൊണ്ടു ശമിപ്പിക്കാവുന്നവ്യാധിയിങ്കൽ പകൽസമയത്തു് ലേപം ചെയ്യുന്നതു നന്നു്. പിത്തം രക്തം ഇവയുടെ കോപംകൊണ്ടോ അടി വീഴ്ച മുതലായതുകൊണ്ടോ ഉണ്ടാകുന്നവയും വിഷമുള്ളവയുമായ വ്രണത്തിങ്കൽ വിശേഷിച്ചും ആലേപനം നല്ലതാണു്. ലേപനദ്രവ്യമുണ്ടാക്കിയതു പിറ്റാ ദിവസത്തേക്കു് ഒരിക്കലും ഉപയോഗിച്ചുകൂടാ. അപ്രകാരം തന്നെ തേച്ചതിന്റെ മേലെ മേലെ പിന്നെയും മരുന്നു തേക്കുന്നതും വിരുദ്ധമാണു്. മേൽക്കുമേൽ തേച്ചു കട്ടിപിടിപ്പിച്ചാൽ അതുനിമിത്തം അധികമായ ചൂടും വേദനയും നീരുമുണ്ടാകും. * ഒരു പ്രാവശ്യം വ്രണത്തിൽ തേച്ച മരുന്നു് രണ്ടാമതും കുത്തിത്തേക്കാനെടുക്കരുതു്. ഒരിക്കൽ തേച്ചുണങ്ങിയ ആ മരുന്നു് വീഴ്മില്ലാത്തതും തേച്ചാൽ ഉപയോഗമില്ലാത്തതുമായിരിക്കുന്നതാണു്". 10—12

ഇനിയിവിടെ വ്രണത്തിൽ വെച്ചു കെട്ടാനുള്ള സാധനങ്ങളെ പറയുന്നു— ക്ഷൗമം (ആശിചെടിയുടെ നാരുകൊണ്ടുണ്ടാക്കുന്ന വസ്ത്രം), കാർപ്പാസം (പഞ്ഞികൊണ്ടുള്ള വസ്ത്രം), ആവികം (ആട്ടിൻരോമംകൊണ്ടുള്ള കമ്പിളി), ദുകൂലം (ഒരുജാതി പട്ടു്, Loom-silk), കൌശേയം (സാധാരണ പട്ടു്), പത്രോർണ്ണം (പൌണ്ഡ്രദേശത്തിലും മഗധദേശത്തിലുമുണ്ടാകുന്ന നാഗവൃക്ഷത്തിന്റെ തോലിൽനിന്നു നാരെടു

---

* ഈഭാഗം ചക്രപാണ്യാചാര്യന്റെ മനോരമതീയുഖ്യാനത്തിൽ കാണുന്നില്ല.

മ്മാന്തവ്വല്ലലാലാബൂശകുലലതാവിദലരജ്ജുതുലഫലസന്താനികാലൌ-
ഹാനീതി. തേഷാം വ്യാധിം കാലഞ്ചാവേക്ഷ്യോപയോഗഃ പ്രകരണത
ശ്ചേഷ്ടാമാദേശഃ. 11

തത്ര കോശദാമസ്രസ്ഥികാനഖവേല്ലിതപ്രതോളീമണ്ഡലസ്ഥഗികാ
യമകഘടപാചീനവിബന്ധവിതാനശ്ചോഫണാഃ പഞ്ചാംഗീ ചേതി ച

ത്തുണ്ടാക്കുന്ന ഒരു ജാതി വസ്ത്രം), ചീനപട്ടം (ചീനപ്പട്ട്), അന്തവ്വല്ല
ലം (മരത്തിൻ തൊലിയുടെ ഉൾഭാഗത്തുനിന്നു ചീന്തിയെടുക്കുന്ന നാ
രു), ചമ്മം(ജന്തുക്കളുടെ തോലു), അലാബൂശകലം(ചുരക്കത്തൊണ്ടു),
ലതാ (വള്ളി), വിദളം (മുള മുതലായതിന്റെ അലകു), രജ്ജു (ചരടു),
തുലഫലം (പൂളക്കായ), സന്താനികാ (പാലിന്റെ പാട), ലൌഹം
(ഇരുമ്പുതകിടു) ഈ ഉപകരണങ്ങളെ ദേശകാലങ്ങൾക്കനുസരിച്ചും
വ്യാധിയുടെ തരംപോലെയും $ഉപയോഗിച്ചുകൊള്ളണം. 11

* കോശം (ഓ), ദാമം (മാല), സ്രസ്ഥികം (വിലങ്ങത്തിലുള്ള ഒ
രുജാതി ശൂലം, കുരിശു), അനുവേല്ലിതം (ചുറ്റു), പ്രതോളീ (വീഥി),
മണ്ഡലം (വളയം), സ്ഥഗികാ (വെറ്റിലത്താലം), യമകം (ഇരട്ട), ഘ
ടപാ (കട്ടിൽ), ചീനം (ചീനപ്പട്ടുകൊണ്ടുള്ള ബന്ധം), വിബന്ധം (പല

$ വാതം കൊണ്ടുള്ള വീക്കത്തിലും വ്രണത്തിലും കെട്ടിയുള്ള വസ്ത്രവും അതുതന്നെ
ഗ്രീഷ്മത്തിലായാൽ നേരിയ ചണപ്പുടവയും ബന്ധനസാധനമാണു്. കഴിയുള്ള വല്ലെ
ടത്തും ചുറ്റിക്കെട്ടാൻ കട്ടിയുള്ള വസ്ത്രവും ഇളക്കമുള്ള അംഗങ്ങളിൽ കെട്ടാൻ കട്ടികു
ഞ്ഞ വസ്ത്രവും വേണം. സന്ധികടിച്ചാൽ മറിയുകയുകളിൽ പരുത്തിനൂൽചരടുകൊണ്ടു
മുറുകി കെട്ടണം. എല്ലുറഞ്ഞാൻ വള്ളികൊണ്ടു കെട്ടിച്ചുറ്റാം. ചോരയൊ
ലിക്കുന്നതു നിർത്താൻ പരുത്തിന്റെ പാട നന്നു്. ആർദ്രവാതത്തിലും പല്ലുപൊള്ളിഞ്ഞാൽ
അതിലും പൊൻ, വെള്ളി, ഇരുമ്പു എന്നിവയുടെ കമ്പികൾകൊണ്ടു കെട്ടാം. ഗ്രന്ഥികളി
ലും മറ്റും ഏലക്കായിന്റെ കൊണ്ടു മേലെ വെച്ചുകെട്ടുക പതിവുണ്ടു്. ഉണങ്ങിയ മു
ങ്ങനെന്നാണ്ടു തലയിലെ വ്രണം ബന്ധിപ്പാൻ കൊള്ളാം. ഇങ്ങിനെ സാധനങ്ങളുടെയും
സ്ഥാനങ്ങളുടെയും മറ്റും തരംപോലെ ബന്ധനം ചെയ്യാം.

* ഈ വക ബന്ധനക്രമങ്ങളെപ്പറ്റി മല്ലനാഥസൂരി ശ്ലോകരൂപേണ വിവരിച്ചി
ട്ടുണ്ടെങ്കിലും ആ വിവരണംകൊണ്ടു് ആ വക ബന്ധനങ്ങളുടെ ശരിയായ ജ്ഞാനം ഉണ്ടാ
വാൻ പ്രയാസമായിക്കാണുന്നു. ഇങ്ങിനെയുള്ള കായ്യങ്ങൾ, ആ വക കൃത്യങ്ങളിൽ ഏർപ്പെ
ട്ടുമുള്ള വൃദ്ധരൈദ്യന്മാരുടെ പരമ്പരയായ പ്രവൃത്തിയിൽനിന്നു കണ്ടു മനസ്സിലാക്കു
ന്നതുപോലെ ഗ്രന്ഥങ്ങളിൽനിന്നു് ഒരിക്കലും ഗ്രഹിപ്പാൻ കഴിയുന്നതല്ല. പുസ്തകാ
ദ്ധ്യയനത്തിനുശേഷം അനേകവിധം മാറ്റങ്ങളും വന്നിരിക്കുന്ന ഇക്കാലത്തു

ത്തുദ്ദേശ ബന്ധവിശേഷാഃ. തേഷാം നാമഭിരേവാകൃതയഃ പ്രായേണ വ്യാഖ്യാതാഃ. 12

തത്ര കോശമംഗുഷ്ഠാംഗുലിപർവ്വസു വിദ്ധ്യാൽ. ഓമ സംബാധേ ഗേ. സന്ധിക്ഷ്വകർഷ്ണനാന്തരതലകർണ്ണേഷു സപ്രസ്നികമ്. അനുവേല്ലിതന്തു ശാഖാസു. ഗ്രീവാമേഢ്രയോഃ പ്രതോളീമ്. വൃത്തേംഗേ മണ്ഡലമ്. അംഗുഷ്ഠാംഗുലിമേഢ്രാഗ്രേഷു സ്ഥഗികാമ്. യമളവ്രണയോശ്ച്ഛമ

മാതിരിയിലുള്ള ബന്ധം), വിതാനം (മേലാപ്പ്), ഗോഫണം (കൌപീനംപോലുള്ള ബന്ധം), പഞ്ചാംഗീ (അഞ്ചു തുമ്പുള്ളത്ത്) എന്നിങ്ങിനെ പതിനാലു പേരുകൾ വ്രണബന്ധനസ്വഭാവങ്ങളെ ആശ്രയിച്ച് നിശ്ചയിച്ചിട്ടുണ്ട്. ഈ പേരുകളിൽനിന്ന് അതാതിന്നുള്ള ആകൃതിയെ മിക്കതും ഗ്രഹിക്കാവുന്നതാണ്. 12

അവയിൽവെച്ചു കോശബന്ധം പെരുവിരലിലും മറവുള്ള വിരലുകളുടെ സന്ധികളിലും ഉപയോഗിക്കാം. ഓമബന്ധം കൂടുകിയതായ വല്ല അവയവങ്ങളിലും കെട്ടാനുപയോഗിക്കാം. സപ്രസ്നികബന്ധം സന്ധികൾ, $ക്ലോമങ്ങൾ, പിരിയങ്ങൾ, ചെവികൾ, മുലകളുടെ ഇടകൾ ഈ പ്രദേശങ്ങളിൽ ഉചിതമാകുന്നു. അനുവേല്ലിതം കൈകാലുകളിൽ കെട്ടേണ്ടതിന്നാകുന്നു. പ്രതോളീ, കഴുത്തിലും മേഢ്രത്തിലും ബന്ധിക്കുന്നതിന്നാണ്. മണ്ഡലബന്ധം *വൃത്തങ്ങളായ ശരീരഭാഗങ്ങളിൽ ചെയ്യേണ്ടതാണ്. സ്ഥഗികാ എന്ന ബന്ധം മേഢ്രത്തിന്റെയും പെരുവിരലിന്റെയും വിരലുകളുടെയും അഗ്രഭാഗത്തു കെട്ടുന്നതിന്നാകുന്നു. ഇരുട്ടയായി വരുന്നവ്രണങ്ങളിലാണ് യമകബന്ധം. കവിളിലും കവിളിന്റെ മുകളിലെ ഭാഗ(ഹനു)ത്തും, പിരിയത്തിന്റെയും ചെവിയുടേ

സ്നായുക്കളോടു പണ്ടുള്ള സന്ത്രദായത്തെ ഒറ്റിച്ചു ഗ്രഹിക്കാൻ സാധിക്കയില്ല. അങ്ങിനെ ഗ്രഹിച്ചാലല്ലാതെ ഈ വക പ്രവൃത്തികളിൽ ശരിയായ ജ്ഞാനമുണ്ടാകുന്നതുമല്ല. അതുകൊണ്ടു മല്ലൻ ചായ്ക്കരൻ ആ വിവരണങ്ങളെ ഇവിടെ എഴുതുന്നില്ല. വ്രണാദിക ളുടെ സ്വഭാവത്തിന്നനുസരിച്ച് യുക്തിപോലെ ഈ വക ക്രിയകളും ചെയ്യേണ്ടതാണെന്നുമാത്രമേ അകപ്പാടെ ഗ്രഹിക്കേണ്ടതുള്ളൂ.

$ ഇതിനെപ്പറ്റി ശാരീരസ്ഥാനത്തിൽ വിസ്തരിക്കും. അവ മർമ്മങ്ങളാണ്. 'Navicular ligaments' എന്നു പറയുന്ന ഒരുജാതി അസ്ഥിബന്ധനികളാണെന്നു ചിലർ പറയുന്നുണ്ട്.

* കൈകളും, പാർശ്വഭാഗങ്ങളും, വയറ്റ്, തുടകളും, പുംസ്ഭാഗം മുതലായവയാകുന്ന അംഗങ്ങളും.

കമ്. ഹനുശംഖഗണ്ഡേഷു ഖടാമ്. അപാംഗയോശ്ചീനമ്. പൃഷ്ഠോ
ദരോരസ്സു വിബന്ധമ്. മൂർദ്ധനി വിതാനമ്. ചിബുകനാസൌഷ്ഠാംസ
ഖസ്ഥിഷു ഗോഫണമ്. ജത്രുണ ഊർദ്ധ്വം പഞ്ചാംഗീമിതി. യോ വാ യ
സ്മിൻ ശരീരപ്രദേശേ സുനിവിഷ്ടോ ഭവതി. തം തസ്മിൻ വിദ്ധ്യാൽ. 13

യന്ത്രണമതഊർദ്ധ്വമധസ്സിദ്ധ്യൈ ച— തത്ര ഘനാം കബലികാം
ദത്വാ വാമഹസ്തപരിക്ഷേപമൃജുമനാവിദ്ധമസങ്കുചിതം മൃദുപട്ടം നി
വേശ്യ ബദ്ധ്വീയാൽ. ന ച വ്രണസ്യോപരി കുര്യാദ്ഗ്രന്ഥിമാബാധക
രം വാ. 14

ന ച വികേശികൌഷധേതിസ്നിഗ്ധശിതിരുക്ഷേ വിഷമേ വാ കു

യും ഇടയിലുള്ള സ്ഥല(ശംഖ)ത്തും, കവിളിലും കെട്ടുമ്പോളുപയോഗി
ക്കേണ്ടതു് ഖടാബന്ധമാകുന്നു. കണ്ണിന്റെ കടക്കൽ കെട്ടുന്നതിന്നു
ചീനബന്ധമാണു നല്ലതു്. പൃഷ്ഠഭാഗത്തും വയറത്തും നെഞ്ഞത്തും
കെട്ടുന്നതിന്നു വിബന്ധം വേണം. ശിരസ്സിൽ വിതാനബന്ധംകൊണ്ടു
കെട്ടണം. താടി, മൂക്കു്, ചുണ്ടു്, ചുമലു്, വസ്തി എന്നീ പ്രദേശങ്ങ
ളിൽ ഗോഫണബന്ധവും ജത്രു (ചുമലിന്റെയും മാറിന്റെയും സന്ധി)
വിന്നു മേൽഭാഗത്തു പഞ്ചാംഗീബന്ധവും ഉചിതമാകുന്നു. ചുരുക്കിപ്പ
റകയാണെങ്കിൽ ഏതു ജാതിബന്ധനം ഏതംഗത്തിന്നു യോജിച്ചിരി
ക്കുന്നുവൊ അതിനെ ആ ഭാഗത്തുപയോഗിക്കണമെന്നെ ഉള്ളു. 13

ഇനി മേൽ കെട്ടുന്ന സമ്പ്രദായത്തെപ്പറഞ്ഞുറയുന്നു:— കെട്ടുന്ന
തു മുകളിലും താഴത്തും വിലങ്ങത്തിലും ഇങ്ങിനെ മൂന്നുപ്രകാരത്തിലാ
ണു്. വ്രണത്തിന്നകത്തു് ഒരു കട്ടിയുള്ള *കബളികയെ വെച്ചു് വൈ
ദ്യൻ തന്റെ ഇടത്തെക്കൈകൊണ്ടമർത്തു് കേടും വളവും ചുറുമ്പുമി
ല്ലാതെ മൃദുവായിരിക്കുന്ന ശീലകൊണ്ടു കെട്ടണം. കെട്ടുമ്പോൾ വ്ര
ണത്തിന്നുനേരെ മുകളിലായി മുഴുപ്പുണ്ടാതെയും രോഗിക്കു് അസഹ്യം തോ
ന്നത്തക്കവിധമല്ലാതെയുമിരിക്കാൻ സൂക്ഷിക്കണം. 14

വ്രണത്തിന്നകത്തു ചെലുത്തുന്ന †വികേശികയും മരുന്നും അധി

---

* മൃദുത്വവും മയവുമുള്ള വല്ല ഔഷധവൃക്ഷത്തിന്റെയും ഇലയോ തോലെങ്കി
ലല്ലെങ്കിൽ പഞ്ഞിനൂലൊ (Linen) വ്രണത്തിന്നു തക്കവണ്ണം വെച്ചു് കെട്ടാവുന്നതല്ലൊ. ഇങ്ങി
നാണിവിടെ കബളിക(Medicated tow)യെന്ന പേർ.

† മരുന്നുകളുരച്ചതും തേനും നെയ്യും പുരട്ടിച്ചു തയ്പിണ്ടാക്കിയ ശീലിനു് വികേ
ശിക(Lint)യെന്നു പേരാകുന്നു.

വ്വിത. യസ്യാഽതിസ്നേഹാൽ ക്ലേദോ രൌക്ഷ്യാച്ചാഽഽഗച്ഛതോ ദുന്ന്യാസാദ്വ്രണവത്ത്വാവഘട്ടണമിതി. 15

തത്ര വ്രണായതനവിശേഷാദ് ബന്ധവിശേഷസ്ത്രിവിധോ ഭവതി ഗാഢഃ സമഃ ശിഥില ഇതി. 16

(ഛ). പീഡയന്നരുജോ ഗാഢഃ സോച്ഛ്വാസഃ ശിഥിലഃ സ്മൃതഃ
നൈവ ഗാഢോ ന ശിഥിലഃ സമോ ബന്ധഃ പ്രകീർത്തിതഃ.

(ഗ). തത്ര സ്ഫിക്കക്ഷികക്ഷാവങ്ക്ഷണോരഃശിരസ്സു ഗാഢഃ. ശാഖാവാനകർണ്ണകണ്ഠമേഢ്രമുഷ്കപൃഷ്ഠപാർശ്വോദരോരഃസു സമഃ. അക്ഷ്ണോസ്സന്ധിഷു ച ശിഥില ഇതി. 18

തത്ര പൈത്തികം ഗാഢസ്ഥാനേ സമം ബദ്ധ്വീയാൽ സമസ്ഥാ

കം മെഴുക്കുള്ളതൊ അധികം വരണ്ടതൊ സമമല്ലാത്തനിലയിൽ വെക്കപ്പെട്ടതൊ ആയിരിക്കരുത്. അവയിൽ മെഴുക്കധികം കൂട്ടിയാൽ വ്രണത്തിൽ നലവുണ്ടാകയും തീരെ മെഴുക്കില്ലാതെ വരണ്ടിരുന്നാൽ വ്രണത്തിൽ മുറിപ്പെടുകയും സമമായിട്ടല്ലാതെ ക്രമക്കേടായി വെക്കുന്നതായാൽ വ്രണത്തിന്റെ അരുകുകളിൽ തട്ടി ഒരഞ്ഞുപോകയുംചെയ്യുന്നതാണ്. 15

വ്രണത്തിന്റെ ആകൃതിയിലും സ്ഥാനത്തിലുമുള്ള വ്യത്യാസങ്ങളെ അനുസരിച്ച് ഗാഢം, സമം, ശിഥിലം എന്നു് മൂന്നുപ്രകാരം ബന്ധനങ്ങളുണ്ടു്. 16

രോഗിയെ വേദനപ്പെടുത്താതെ അമത്തു മുറുക്കിക്കെട്ടുന്നതു ഗാഢവും അയവോടുകൂടി കെട്ടുന്നതു ശിഥിലവും ഗാഢവും ശിഥിലവുമല്ലാതെ ഇടത്തരത്തിൽ കെട്ടുന്നതു സമബന്ധവും ആകുന്നു. 17

ആവയിൽവെച്ചു് നിതംബം, അടിവയറു്, കക്ഷം, ഒടി, തുട, ശിരസ്സു് എന്നീപ്രദേശങ്ങളിൽ ഗാഢബന്ധവും കൈകാലുകൾ, മുഖം, പൊവി, കണ്ണം, മേഢ്രം, വൃഷണം, പൃഷ്ഠഭാഗം, വാരിപ്പുറങ്ങൾ, വയറു്, നെഞ്ചു് ഈ ഭാഗങ്ങളിൽ സമബന്ധവും കണ്ണുകളിലും സന്ധികളിലും ശിഥിലബന്ധവും ഉചിതമായിരിക്കുന്നതാണു്. 18

പിത്തസംബന്ധമായ വ്രണം ഗാഢബന്ധനം ചെയ്യേണ്ടുന്ന സ്ഥാനത്തുണ്ടായതായിരുന്നാലും അവിടെ സമബന്ധമേ ചെയ്യാകൂടൂ, അതുതന്നെ സമബന്ധസ്ഥാനത്തായിരുന്നാൽ ശിഥിലബന്ധനം ചെ

നേ ശിഥിലം ശിഥിലസ്ഥാനേ നൈവം ശോണിതദുഷ്ടഞ്ച. ശ്ലൈഷ്മികം ശിഥിലസ്ഥാനേ സമം സമസ്ഥാനേ ഗാഢം ഗാഢസ്ഥാനേ ഗാഢതര മേവം വാതദുഷ്ടഞ്ച. 19

തത്ര പൈത്തികം ശരദി ഗ്രീഷ്മേ ദിവസേ ബദ്ധീയാൽ രക്തോപദ്രുതമപ്യുവമ. ശ്ലൈഷ്മികം ഹേമന്തവസന്തയോഃ ത്ര്യഹാദൂർദ്ധ്വം പദ്രുതമപ്യുവ്. ഏവമന്യൂഹ്യ ബന്ധവ്യ പയ്യയഞ്ച കുവ്വീത. 20

തത്ര സമശിഥിലസ്ഥാനേഷു ഗാഢബന്ധേ വികേശികൌഷ്ഠ നൈരുത്ഥക്യം ശോഫവേദനോപ്രാദുർഭാവശ്ച. ഗാഢസമസ്ഥാനേഷു ശി

യ്യുകൊള്ളണം. ശിഥിലസ്ഥാനത്താണെങ്കിൽ ബന്ധനംതന്നെ ചെയ്യാതിരിക്കണം. രക്തകോപമുള്ള വ്രണത്തിലും ഇപ്രകാരംതന്നെ. കഫസംബന്ധമായ വ്രണം ശിഥിലബന്ധനം ചെയ്യേണ്ടുന്ന പ്രദേശത്താണെങ്കിൽ ആ വ്രണത്തിൽ സമബന്ധനമാണ് വേണ്ടത്. സമബന്ധന സ്ഥാനത്തിലാണെങ്കിൽ ഗാഢബന്ധവും ഗാഢബന്ധനസ്ഥാനത്തായിരുന്നാൽ അതിഗാഢമായ ബന്ധവും ഉപയോഗിക്കണം. വാതസംബന്ധമായവ്രണത്തിലും ഇതുതന്നെയാകുന്നു ക്രമം. 19

പിത്തസംബന്ധമായ വ്രണത്തെ ശരൽക്കാലത്തും ഗ്രീഷ്മകാലത്തും ഒരുദിവസം രണ്ടുപ്രാവശ്യം കെട്ടണം. രക്തദുഷ്ടമായ വ്രണത്തിലും ഇങ്ങിനെതന്നെയാകുന്നു. കഫസംബന്ധമായ വ്രണത്തെ ഹേമന്തകാലത്തും വസന്തകാലത്തും മൂന്നാംദിവസം അഴിച്ചുകെട്ടണം. വാതവ്രണത്തിലും ഇങ്ങിനെതന്നെ. നിയമമിപ്രകാരമാണെങ്കിലും വൈദ്യൻ യുക്തിക്കൊണ്ടാലോചിച്ച് ഈ കാര്യത്തിൽ അവസ്ഥാനുസരണം ഭേദഗതികൾ വരുത്തുന്നതിന്നു വിരോധമില്ല. 20

സമബന്ധനവും ശിഥിലബന്ധനവും ചെയ്യാൻ യോഗ്യതയുള്ള സ്ഥലങ്ങളിൽ ഗാഢബന്ധനം ചെയ്യാൽ വ്രണത്തിലിട്ടിട്ടുള്ള വികേശികയും മരുന്നും ഫലമില്ലാതെപോകും; വീക്കവും വേദനയുമുണ്ടാകയും ചെയ്യും. ഗാഢബന്ധവും സമബന്ധവും ചെയ്യേണ്ടുന്ന സ്ഥാനത്തിൽ ശിഥിലബന്ധനം ചെയ്യാൽ വികേശികയും മരുന്നും വ്രണത്തിൽനിന്നു വീണുപോകയും കെട്ടിയ തുണി അങ്ങുമിങ്ങും ഇളകിപ്പോവുകനിമിത്തം വ്രണത്തിന്റെ അരുകുകളിൽ ഉരസി മുറിപ്പെടുകയും ചെയ്യും. ഗാഢബന്ധവും ശിഥിലബന്ധവുമാവശ്യമായ ദിക്കിൽ ഈ

ഥിലബദ്ധേ വികേശികൌഷ്ഠപതനം പട്ടസഞ്ചാരാദ്ധ്രുണവത്മാവ
ഘഷ്ണമിതി. ശാഡ്യശിഥിലസ്ഥാനേഷു സമബദ്ധേ ച ഗ്രണാഭാവ
ഇതി. 21

അവിപരീതബദ്ധേ വേദനോപശാന്തിരസൃക്പ്രസാദോ മാർദ്ദവ
ഞ്ചാബദ്ധ്യമാനോ ദംശമശകതൃണകാഷ്ഠോപലപാംസുശീതവാതാത
പപ്രഭൃതിഭിർവ്വിശേഷൈരഭിഹന്യതേ വ്രണോ വിവിധവേദനോപദ്രു
ശ്ച ദുഷ്ടതാമുപൈതി; ആലേപനാദിനി ചാസ്യ വിശോഷമുപയാന്തി.

(പ). ചൂർണ്ണിതം മഥിതം ഭഗ്നം വിശ്ലിഷ്ടമതിപാതിതമ്;
അസ്ഥിസ്നായുസിരാച്ഛിന്നമാത്രബന്ധോ രോഹതി. 23
സുഖമേവം വ്രണീ ശേതേ സുഖം ഗച്ഛതി തിഷ്ഠതി;
സുഖം ശയ്യാസനസ്ഥസ്യ ക്ഷിപ്രം സംരോഹതി വ്രണഃ 24

(ഗ). അബദ്ധ്യാ പിത്തരക്തകൃതാഭിഘാതവിഷനിമിത്താ യദാ

മബന്ധനമാണ് ചെയ്യുന്നതെങ്കിൽ ബന്ധനംകൊണ്ടുള്ള ഗുണമൊ
ന്നും ലഭിക്കയുമില്ല. 21

അതായത സ്ഥലത്തു് അതിനു് ഉചിതമായ രീതിയിൽ ബന്ധ
നം ചെയ്യുന്നതായാൽ വേദന ശമിക്കുകയും രക്തം തെളിയുകയും വ്ര
ണത്തിൽ മൃദുത്വമുണ്ടാകയുംചെയ്യും. വ്രണം കെട്ടാതെ വെച്ചിരുന്നാ
ൽ ഈച്ച, കൊതു, പുല്ലു്, മരക്ഷണം, കല്ലു്, പൊടി ഇവ വീഴുക
യും തണുപ്പും കാറ്റും വെയിലുംഏല്ക്കുകയും ഇതുപോലെ പല ദോഷ
ങ്ങളും വേദനകളും സംഭവിക്കയും ചെയ്യും. അപ്പോൾ വ്രണം ദുഷി
ച്ചുവശാകും; വ്രണത്തിൽ തൊട്ടിട്ടുള്ള മരുന്നുകളും മാറ്റം വേഗം ഒണ
ങ്ങിപ്പോകയും ചെയ്യും. 22

"അസ്ഥിയും സ്നായുക്കളും സിരകളും പൊടിയുകയോ ചതയുക
യൊ മുടിയുകയോ തമ്മിൽ വേർപെട്ടുപോകയോ സ്ഥാനത്തുനിന്നു മാ
റുകയൊ ചെയ്യാൽ ആ ദോഷം തീർത്തു നേരെയാക്കി വേഗത്തിൽ ഉ
ണക്കുന്നതിനു ബന്ധനംകൊണ്ടതന്നെ സാധിക്കുന്നതാണ്. വ്രണം
കെട്ടിയിരുന്നാൽ രോഗിക്കു കിടക്കാനും നില്ക്കാനും നടക്കാനും ഇരിക്കാ
നും സൌകര്യമുണ്ടായിത്തീരും; അതുനിമിത്തം വ്രണം വേഗത്തിലുണ
ങ്ങുകയും ചെയ്യും". 23—24

താഴെപറയുന്ന വ്രണങ്ങളിൽ ബന്ധനം ചെയ്യുകൂടാ.—പിത്തം,
രക്തം, അഭിഘാതം, വിഷം ഇവകൊണ്ടുണ്ടായതു്, അധികം വീക്ക

ച *ശോഫോഽപാകരാഗാവേദനാഭിഭ്രതഃ ക്ഷാരാഗ്നിദഗ്ധാഃ പാകാൽ
പ്രകുപിതാഃ പ്രവിശീർണ്ണമാംസാശ്ച ഭവന്തി. 25

(പ). കുഷ്ഠിനാമഗ്നിദഗ്ധാനാം പിടകാമധുമേഹിനാമ്
കുണ്ഠികാശ്ചോദ്ദരുവിഷേ വിഷജുഷ്ടവ്രണാശ്ച യേ. 26
മാംസപാകേ ന ബധ്യന്തേ ഗ്രഹ്യപാകേ ച ദാരുണേ
സമ്പുദ്ധ്യാ ചാപി വിഭജേൽ കൃത്യാകൃത്യാംശ്ച ബുദ്ധിമാൻ.
ദേശം ദോഷഞ്ച വിജ്ഞായ വ്രണഞ്ച വ്രണകോവിദഃ
ജ്ഞത്വംശ്ച പരിസംഖ്യായ തതോ ബന്ധാൻ നിവേശയേൽ. 28

വും ചുട്ടനീറലും പഴുപ്പും ചൂകപ്പും വേദനയും ഉള്ളതു്, ക്ഷാരംകൊണ്ടും അഗ്നികൊണ്ടും പൊള്ളിച്ചു വ്രണപ്പെടുത്തിയതു്, കൃത്യംപുണ്ണിന്റെ നിലയ്ക്കായി ദീർഘകാലം നിന്നിട്ടുള്ളതു്, മാംസം ക്ഷയിച്ചുപോയിട്ടുള്ളതു്, ഇവ ബന്ധനം ചെയ്യാൻ പാടില്ലാത്തവയാകുന്നു. 25

കുഷ്ഠരോഗമുള്ളവരുടെ വ്രണവും തീപ്പൊള്ളിയവരുടെ വ്രണവും മധുമേഹരോഗികളുടെ കുരു(പിടകാ)വും ഏലിവിഷം നിമിത്തമുണ്ടായിട്ടുള്ള വട്ടപ്പുണ്ണു(കുണ്ഠിക)കളും വല്ലവിധത്തിലും വിഷസംബന്ധമുണ്ടായിട്ടുള്ള വ്രണങ്ങളും ബന്ധനം ചെയ്യുകൂടാത്തവയാകുന്നു. മാംസത്തിനു് അത്യധികമായി പഴുപ്പുണ്ടായിട്ടുള്ള വ്രണത്തിലും മലദ്വാരം പഴുത്തുണ്ടായ വ്രണത്തിലും ബന്ധനം വിരുദ്ധമാകുന്നു. ഇന്നിനവിധം വ്രണങ്ങളിൽ ബന്ധനം നന്നെന്നും നന്നല്ലെന്നും സമ്പുദ്ധികൊണ്ടാലോചിച്ചു് പ്രവർത്തിക്കുന്നതിനു വിരോധമില്ല. 26—27

വ്രണമുണ്ടായിട്ടുള്ള ദേഹഭാഗത്തിന്റെയും ദോഷത്തിന്റെയും വ്രണത്തിന്റെയും കാലത്തിന്റെയും സ്വഭാവം നന്നായി ആലോചിച്ചു് വ്രണചികിത്സയിൽ പരിചയമുള്ള ബുദ്ധിമാനായ വൈദ്യൻ ബന്ധനത്തിൽ വേണ്ടുന്ന ഭേദഗതികളെ ചെയ്തുകൊള്ളണം. 28

---

* ഈ ശോഫസ്ഥാനത്തു്, "ശാഫ്ത" എന്നും പാഠമുണ്ടു്. അതു ചക്ഷുസ്സിൽ എന്നർത്ഥമാണു്.

ഊർദ്ധം തിര്യഗധസ്ഥാച്ച യന്ത്രണാ ത്രിവിധാ മതാ
യഥാ ച ബധ്യതേ ബന്ധസ്തഥാ വക്ഷ്യാമ്യശേഷതഃ. 29
ഘനാം കബളികാം കൃത്വാ മൃദു ശ്ലൈഷ്മികീ പട്ടകൗ
വികേശികാമൗഷധഞ്ച നാതിസ്നിഗ്ധം സമാചരേൽ. 30
പ്രക്ഷ്യേത്തിസ്നിഗ്ധാ തഥാ രൂക്ഷാ ക്ഷിണോതി ച
യുക്തഗ്നിഗ്ധാ രോപയതി ദുർന്യസ്താ വർത്മ ഘട്ടതി. 31
വിഷമഞ്ച വ്രണം കുര്യാൽ സുംഭയേൽ സ്രാവയേത്തഥാ
യഥാവ്രണം വിദ്ധ്യാ ത്തു യോഗം വൈദ്യഃ പ്രയോജയേൽ.
പിത്തജേ രക്തജേ വാപി സകൃദേവ പരിക്ഷിപേൽ
അസകൃൽ കഫജേ വാപി വാതജേ ച വിചക്ഷണഃ. 33

മുകളിലും താഴത്തും വിലങ്ങത്തിലുമായി മൂന്നുവിധം ബന്ധനക്രമങ്ങളുണ്ട്. ഈ വക ബന്ധനങ്ങൾ ചെയ്യുണ്ടുന്ന ക്രമങ്ങളെ *പറയാം:—ആദ്യം വ്രണത്തിൽ കട്ടിയുള്ള കബളിക വെച്ചു് അതിന്മീതെ മൃദുവായ ശീലകൊണ്ടു മുൻപറഞ്ഞപ്രകാരം ബന്ധനം ചെയ്യണം. വികേശികയും മരുന്നും അധികം മെഴുക്കുകൂട്ടി ഉപയോഗിക്കരുതു്. അങ്ങിനെ ചെയ്യാൽ വ്രണത്തിൽ നലവു് അധികമാകും. മെഴുക്കു തീരെയില്ലാതെ വരണ്ടതായി ഉപയോഗിച്ചാൽ അതുനിമിത്തം വ്രണത്തിൽ തീരെ മാർദ്ദവമില്ലാതാകയും ചെയ്യും. മെഴുക്കു പാകമായിരുന്നാൽ വ്രണം ഒണങ്ങും. വികേശികയും മരുന്നും വ്രണത്തിൽ ചെലുത്തുന്നതു് വേണ്ടപോലെയല്ലാതായിരുന്നാൽ വ്രണത്തിന്റെ അരുകു പൊട്ടിപ്പോകയും വ്രണം വിഷമമായിത്തീരുകയും സുംഭിച്ചുപോകയും അതിൽനിന്നു അധികം ചലം ഒലിക്കയും ചെയ്യും. അതുകൊണ്ടു് വ്രണത്തിന്റെ സ്വഭാവം നല്ലവണ്ണം ഗ്രഹിച്ചിട്ടു് വൈദ്യൻ ശോധനത്തിനും രോപണത്തിനുമുള്ള മരുന്നുകളെ വേണ്ടപോലെ ചേർത്തിട്ടാണു് വികേശികയും വ്രണത്തിന്നകത്തു വെക്കേണ്ടതു്. 29—32

പിത്തംകൊണ്ടും രക്തംകൊണ്ടുമുണ്ടാകുന്ന വ്രണത്തിങ്കൽ വികേശികയും മാറും ഇടേണ്ടതു് ഒരുദിവസം ഒരുപ്രാവശ്യമാകുന്നു. കഫംകൊണ്ടും വാതംകൊണ്ടുമുള്ള വ്രണത്തിങ്കൽ അതു അധികം പ്രാവശ്യം

* ഗയദാസൻ, ബ്രഹ്മദേവൻ മുതലായ അഭിപ്രായക്കാർ മൂലത്തിൽ ഈ ശ്ലോകം പ്രക്ഷിപ്തമാണെന്നു പറയുന്നു; ഒല്ലനനും ചക്രപാണിയും ഈ വ്യാഖ്യാനക്കാർ തന്നെയെങ്കിലും അവർ ഈ ഭാഗത്തിനും വ്യാഖ്യാനമെഴുതീട്ടുണ്ടു്.

തലേന പ്രതിപീഡ്യാഥ സ്രാവയേദനുലോമതഃ [ൽ. 34
സർവ്വാംശ്ച ബന്ധാൻ ഗ്രന്ഥാംസ്താൻ സന്ധീംശ്ച വിനിവേശയേ
ക്ഷുസ്യാപ്യേഷ സന്ധാനേ യഥോദ്ദിഷ്ടോ വിധിഃ സ്മൃതഃ
ബുദ്ധ്യാൽപ്രേക്ഷ്യാഭിയുക്തേന തഥാ ചാസ്ഥിഷു ജാനതാ. 35
ഉത്തിഷ്ഠതോ നിഷണ്ണസ്യ ശയനഞ്ചാപി ഗച്ഛതഃ
ഗച്ഛതോ വിവിധൈശ്ചാന്യൈസ്തസ്യ ദൃഷ്യതി സ വ്രണഃ. 36
യേ ച സ്യുർമ്മാംസസംസ്ഥാ വൈ തച്ഛിരാശ്ച തഥാ വ്രണാഃ
സന്ധ്യസ്ഥികോഷ്ഠപ്രാപ്താശ്ച സിരാസ്നായുഗതാസ്തഥാ. 37
തഥാവഗാഢഗംഭീരാഃ സർവ്വതോ വിഷമസ്ഥിതാഃ
നൈതേ സാധയിതും ശക്യാ ജാതേ ബന്ധാദ്ഭവന്തി ഹി. 38

ഇതി സുശ്രുതസംഹിതായാം സൂത്രസ്ഥാനേ വ്രണാലേപനബന്ധവിധിർന്നാമ
അഷ്ടാദശോദ്ധ്യായഃ.

വേണം. വ്രണത്തെ കയ്യിന്റെ പടംകൊണ്ടു രോമക്കാലുകൾക്കെതിരായിട്ടല്ലാതെ അമർത്തിപ്പിച്ചി ചലം കളഞ്ഞതിന്നുശേഷം ഏതുവിധത്തിലുള്ള ബന്ധനങ്ങളേയും വേണ്ടപോലെ, തുന്നുകളൊതുക്കിക്കെട്ടിക്കൊള്ളുകയും വേണം. 33—34

മേൽ പറഞ്ഞപ്രകാരം തന്നെ മുണ്ടു മുതലായ അംഗങ്ങൾ മുറിഞ്ഞാൽ അതിനെ വെച്ചുകെട്ടുമ്പോഴും ബന്ധനനിയമങ്ങളെ അനുസരിക്കേണ്ടതാണ്. ഇപ്രകാരം അസ്ഥിബന്ധനക്രിയയിലും വൈദ്യൻ സബുദ്ധികൊണ്ടാലോചിച്ചു ചെയ്യണം. 35

വ്രണം വേണ്ടപോലെ കെട്ടിയെങ്കിൽ രോഗി എഴുനീൽക്കയോ ഇരിക്കയോ കിടക്കുകയോ നടക്കുകയോ പല വാഹനങ്ങളിലും കേറി സഞ്ചരിക്കയോ ചെയ്യുമ്പോഴും അതുകൊണ്ടൊന്നും വ്രണത്തിനു കേടുപറ്റുകയില്ല. മാംസത്തിലും തോലിലും സന്ധികളിലും അസ്ഥിയിലും വയറിലും സിരകളിലും സ്നായുക്കളിലുമുണ്ടായിട്ടുള്ള വ്രണങ്ങളും വളരെ ആഴത്തിലേക്കു വ്യാപിച്ചിട്ടുള്ള വ്രണങ്ങളും വിഷമവ്രണങ്ങളും മേൽ പറഞ്ഞപ്രകാരം ബന്ധനം ചെയ്യില്ലെന്നു വരികിൽ ഒരിക്കലും ഭേദപ്പെടുകയില്ല". 36—38

ഇങ്ങിനെ സുശ്രുതസംഹിതയിൽ സൂത്രസ്ഥാനത്തിൽവ്രണാലേപനബന്ധവിധി എന്ന പതിനെട്ടാമധ്യായം കഴിഞ്ഞു.

ഏകോനവിംശോധ്യായഃ

അഥാതോ വ്രണിതോപാസനീയമധ്യായം വ്യാഖ്യാസ്യാമഃ. 1

വ്രണിതസ്യ പ്രഥമമേവാഗാരമനുചിന്തയേൽ, തച്ചാഗാരം പ്രശസ്ത വാസ്തുപാദികം കാര്യമ്. 2

(പ). പ്രശസ്തവാസ്തുനി ഗൃഹേ ശുചാവാതപവർജ്ജിതേ
നിവാതേ ന ച രോഗാഃ സ്യുഃ ശാരീരാഗന്തുമാനസാഃ. 3

(ഗ). തസ്മിൻ ശയനമസംബാധം സുപാസ്തീർണ്ണം മനോജ്ഞം പ്രാക്ശിരസ്കം സശസ്ത്രം കുർവ്വീത. 4

(പ). സുഖശ്ചേഷ്ടാപ്രചാരഃ സ്യാൽ സുപാസ്തീർണ്ണേ ശയനേ വ്രണീ

പത്തൊമ്പതാമധ്യായം.

ഇനി വ്രണിതോപാസനീയമെന്ന അധ്യായം പറയാം.— 1

വ്രണമുള്ളവൻ ഒന്നാമതായി ചെയ്യേണ്ടതു് തച്ഛാസ്ത്രപ്രകാരം നല്ല നിലയിൽ പണിചെയ്ത ഒരു ഭവനം താമസത്തിനു കരുതുകയാകുന്നു. ആ ഭവനത്തിൽ ആവശ്യംപോലെ മുറികളും ധാരാളം സ്ഥലവും, കാണുമ്പോൾ ഒരു യോഗ്യതയുമുണ്ടായിരിക്കണം. 2

"നല്ലവണ്ണം ഇടവും യോഗ്യതയും ശുചിയുമുള്ളതും വെയിൽ തട്ടാത്തതും കാറിന്റെ ഉപദ്രവമില്ലാത്തതുമായ ഭവനത്തിൽ താമസിക്കുന്നവക്കു ദോഷസംബന്ധമായും മനസ്സംബന്ധമായും ആഗന്തുകമായുമിരിക്കുന്ന വ്യാധികളൊന്നുമുണ്ടാകയില്ല". 3

ആ ഭവനത്തിൽ കിടക്കുവാനുള്ള കിടക്കയെ ശുചിയാക്കി വെക്കണം; കിടക്കയിൽ വേണ്ടേടത്തോളം സ്ഥലമുണ്ടായിരിക്കണം; നന്നായി വിരിച്ചിരിക്കണം; നല്ല ഭംഗിയുമുണ്ടായിരിക്കണം; തല കിഴക്കോട്ടായിരിക്കണം; ചില *ശസ്ത്രങ്ങളും ആ കിടക്കയ്ക്കരികിൽ വെച്ചിരിക്കണം. 4

"നല്ലവണ്ണം വിരിച്ചു നന്നാക്കി വെച്ചിട്ടുള്ള കിടക്കയിൽ കിടക്ക

* ഇങ്ങനെകൊണ്ടുള്ള ശസ്ത്രങ്ങൾ വെക്കുന്നതു് പിശാചാദിനിവാരണത്തിനാണെന്നും, അത്യാവശ്യമായ ശസ്ത്രകർമ്മത്തിനുവേണ്ടിയാണെന്നും പക്ഷമുണ്ടു്.

പ്രാച്യ്യാം ദിശി സ്ഥിതാ ദേവാസുൽപൂജാത്ഥം നതംശിരഃ. 5
(ഗ). തസ്മിൻ സുഷുപ്തിരനക്ഷ്യാലെഃ പ്രിയംവദൈരുപാസ്യമാനോ
യഥേഷ്ടമാസീത. 6
(പ). സുഷുപ്തോ വിക്ഷിപന്ത്യാശ്ച കഥാഭിർവ്രണവേദനാഃ
ആശ്വാസയന്തോ ബാന്ധവാനുചനക്ഷുലാഃ പ്രിയംവദാഃ. 7
(ഗ). ന ച ദിവാനിദ്രാവശഗഃ സ്യാൽ. 8
(പ). ദിവാസ്വപ്നാദ്ധ്രുണേ കണ്ഡൂഗ്ഗാത്രാണാം ഗൌരവം തഥാ
ശ്വയഥുർവ്വേദനാ രാഗഃ സ്രാവശ്ചൈവ ഭൃംശം ഭവേൽ. 9
(ഗ). ഉത്ഥാനസംവേശനപരിവർത്തനചംക്രമണൈശ്ചേഷ്ടാ
നാദിഷു ചാത്മചേഷ്ടാസഹ്യമത്തോ വ്രണം സംരക്ഷേൽ. 10

നതായാൽ വ്രണരോഗിക്കു സുഖമായി കൈകാലുകളിളക്കുകയും മറും ചെയ്യാൻ സൌകര്യമുണ്ടാകും. കിഴക്കെ ദിക്കിൽ ദേവന്മാർ അധിവസിക്കുന്നുണ്ട്. അതുകൊണ്ട് അവരെ ആരാധിക്കുവാൻ വേണ്ടിയാണ് കിഴക്കെ ദിക്കിലേക്കു തല (താഴ്ത്തി) വെച്ചു കിടക്കണമെന്നു പറഞ്ഞത്". 5

രോഗി ആ മുറിയിൽ മനസ്സിനു പ്രിയമുള്ളവരും പ്രിയവാക്കുകൾ പറയുന്നവരുമായ ബന്ധുജനങ്ങളോടുകൂടി ഇഷ്ടംപോലെ സൈരമായിരിക്കണം. 6

"ഇഷ്ടന്മാരും ഇഷ്ടവാക്കു ചൊല്ലുന്നവരുമായ ബന്ധുജനങ്ങൾ രോഗിയെ പലവിധത്തിലും ആശ്വസിപ്പിക്കയും പല കഥകളും പറഞ്ഞു വേദനയറിയാതാക്കുകയും ചെയ്യും". 7

വ്രണമുള്ളവൻ പകലുറക്കം അരുത്. "പകലുറങ്ങുന്നതുകൊണ്ട വ്രണത്തിൽ ചൊറിച്ചിലും വീക്കവും വേദനയും പുകപ്പും പൊട്ടിയൊലിക്കലും അധികമാകും. ദേഹത്തിനു ആകപ്പാടെ ഒരു ക്ഷീണം തോന്നുകയും ചെയ്യും". 8—9

എഴുനീൽക്കുക, ഇരിക്കുക, അങ്ങോട്ടുമിങ്ങോട്ടും തിരിയുക, സഞ്ചരിക്കുക, ഉറക്കെ സംസാരിക്കുക ഈ വക അവസരങ്ങളിൽ വ്രണരോഗി വളരെ ശ്രദ്ധയോടുകൂടി വ്രണത്തിനു വല്ല പ്രകാരത്തിലും ഇളക്കം തട്ടാതിരിപ്പാൻ സൂക്ഷിക്കണം. 10

(പ). സ്ഥാനാസനം ചംക്രമണം *യാനയാനം തഥൈവ ച
വ്രണിതോ ന നിഷേവേത ശക്തിമാനപി മാനവഃ
ഉത്ഥാനാദ്യാസനം സ്ഥാനം ശയ്യാഞ്ചാതിനിഷേവിതാ
പ്രാപ്നയാന്മാരുതാദംഗേ രുജസ്തസ്മാദ്വിവർജ്ജയേൽ. 11
(ഗ). ഗമ്യാനാഞ്ച സ്ത്രീണാം സന്ദർശനസംഭാഷണസംസ്പർശനാ
നി ദൂരതഃ പരിഹരേൽ. 12
(പ). സ്ത്രീദർശനാദിഭിഃ ശുക്ലം കദാചിച്ചലിതം സ്രവേൽ
ഗ്രാമ്യധർമ്മകൃതാൻ ദോഷാൻ സോസംസർഗ്ഗേഥവാപ്നുയാൽ. 13
(ഗ). നവധാന്യമാഷതിലകളായകുലത്ഥനിഷ്പാവഹരിതകശാകാ
മ്ലലവണകടൂഷ്ണപിഷ്ടവികൃതിവല്ലൂരശുഷ്കശാകാജാവികാനൂപൌദകം -

"അധികനേരം നിൽക്കയൊ ഇരിക്കയൊ സഞ്ചരിക്കയൊ വാഹനങ്ങളിൽ കേറി സഞ്ചരിക്കയൊ ചെയ്യുന്നതു്, രോഗി ശക്തിയുള്ളവനായാൽകൂടി പാടില്ലാത്തതാകുന്നു. അധികപ്രാവശ്യം എഴുനീൽക്കുമുതലായതു ചെയ്കയൊ അധികനേരം കരിടത്തുതന്നെ ഇരിക്കയൊ നിൽക്കയൊ കിടക്കുകയൊ ചെയ്യുന്നതുകൊണ്ടു വാതം കോപിച്ചു് ശരീരത്തിൽ ഉപദ്രവങ്ങളുണ്ടാവാനിടവരുന്നതാകയാൽ രോഗി ഇവയെ വർജ്ജിക്കണം". 11

തനിക്കു പ്രവേശിക്കുന്നതിനു ന്യായപ്രകാരം വിരോധമില്ലാത്ത സ്ത്രീകളെ കാണുകയൊ അവരോടു സംസാരിക്കയൊ അവരെ തൊടുകയൊ ഒട്ടുംതന്നെ പാടുള്ളതല്ല. 12

"സ്ത്രീകളെ കാണുകയൊ മറ്റൊ ചെയ്യുന്നതുകൊണ്ടുതന്നെ ചിലപ്പോൾ ശുക്ലം സ്ഥാനത്തുനിന്നിളകി പുറത്തേക്കു സ്രവിച്ചുവെന്നുവരാം. ആ അവസരത്തിൽ, സംസർഗ്ഗം ചെയ്തിട്ടില്ലെങ്കിൽകൂടി ചെയ്യാലത്തെ രോഗങ്ങളെ രോഗി അനുഭവിക്കേണ്ടതായി വരികയും ചെയ്യും". 13

വ്രണരോഗി നവധാന്യംകൊണ്ടുണ്ടാക്കിയ ഭക്ഷണം കഴിക്കരുതു്, ഉഴുന്നു്, എള്ളു്, കടല, മുതിര, അമരക്ക, പച്ചിലക്കറി (ഹരിതശാകം),

---

* ഇവിടെ 'ദിവാസ്വപ്നം' എന്നും പാഠമുണ്ടു്. ഈ പക്ഷത്തിൽ പകലുറക്കവും ഒഴിക്കേണ്ടതാണെന്നു വരുന്നുണ്ടു്.

മാംസവസാശീതോദകകൃസരപായസദധിദുഗ്ധതക്രപ്രഭൃതീൻ പരിഹ
രേൽ. 14

(പ). തക്രാന്നോ നവധാന്യാദിർയ്യോയം വർഗ്ഗഃ പ്രകീർത്തിതഃ
ദോഷസഞ്ജനനോ മ്ലേഷ്മവിജ്ഞേയഃ പൂയവർദ്ധനഃ. 15

(ഗ). മദ്യപശ്ച മൈരേയാരിഷ്ടാസവസീധുസുരാവികാരാൻ പരി
ഹരേൽ. 16

(പ). മദ്യമല്പം തഥാ രൂക്ഷം തീക്ഷ്ണമുഷ്ണഞ്ച വീര്യ്യതഃ
ആശുകാരി ച തൽ പീതം ക്ഷിപ്രം വ്യാപാദയേദ്വ്രണം. 17

പുളി, ഉപ്പ്, എരുവ് എന്നിവയും വ്രണമുള്ളവന്നനന്നല്ല. വെല്ലം കൊണ്ടുണ്ടാക്കിയ പലഹാരങ്ങളൊ അരിമാവുകൊണ്ടുള്ള പലഹാരങ്ങളൊ വ്രണമുള്ളവൻ ഭക്ഷിക്കരുതു്. ഉപ്പുകണ്ടം (ശുഷ്കമാംസം), വരട്ടിലക്കറി, ആട്ടുമാംസം, ആവിയാട്ടിൻമാംസം, ആനുപജന്തുക്കളുടേയും ജലജന്തുക്കളുടേയും മാംസം, അവയുടെ തന്നെ വസ, തൈരുത്തവെള്ളം, *കൃസരം, പായസം, തൈരു്, പാലു്, മോരു് മുതലായ പദാർത്ഥങ്ങളേയും വ്രണരോഗി വർജ്ജിക്കേണ്ടതാണു്. 14

"മേൽ പറഞ്ഞ നവധാന്യംമുതൽ മോരുവരെയുള്ള ഒരുകൂട്ടംദ്രവ്യങ്ങളും വ്രണത്തിങ്കൽ വേദനമുതലായ ദോഷങ്ങളധികരിപ്പിക്കുന്നവയും പലമധികമുണ്ടാക്കുന്നവയുമാകുന്നു". 15

രോഗി മദ്യപാനം ശീലമുള്ളവനാണെങ്കിൽ മൈരേയം, അരിഷ്ടം, ആസവം, സീധു എന്നീ മദ്യങ്ങളും കള്ളും അതുപേക്ഷിക്കുന്ന മറ്റപദാർത്ഥങ്ങളും സേവിക്കരുതു്†. 16

"മദ്യം പുളിരസമുള്ളതും രൂക്ഷവും തീക്ഷ്ണവും ഉഷ്ണവും വേഗത്തിൽ ലഹരിയുണ്ടാക്കുന്നതുമാകയാൽ അതു സേവിക്കുന്നതുകൊണ്ടു വ്രണത്തിൽ ദോഷമുണ്ടാകാനെളുപ്പമാകുന്നു". 17

---

* എള്ളും ഉഴുന്നും അരിയും കൂട്ടിയുണ്ടാക്കുന്ന ഒരുജാതി പേയദ്രവ്യം.

† ഇവിടെ പുളിപ്പു് എരുവു് മുതലായതുള്ള മദ്യങ്ങളെ മാത്രമെ നിഷേധിച്ചിട്ടുള്ളു എന്നും മുന്തിരിങ്ങ മുതലായതുകൊണ്ടുണ്ടാക്കുന്നവയും രക്തപിത്താദികൾക്കു വിരോധമില്ലാത്തവയുമായ മദ്യങ്ങൾ വ്രണരോഗിക്കു ചിലപ്പോൾ കൊടുക്കുന്നതിനു വിരോധമില്ലെന്നുമാണു് ഗ്രന്ഥകർത്താവിന്റെ അഭിപ്രായം.

(ഗ). വാതാതപരജോധൂമാവശ്യായാതിസേവനാതിഭോജനാനിഷ്ടശ്രവണദർശനേഷ്ട്യാമഷ്ടഭയക്രോധശോകധ്യാനരാത്രിജാഗരണവിഷമാശനാസനശയനോപവാസവാഗ്വ്യായാമസ്ഥാനചംക്രമണശീതവാതവിരുദ്ധാശനാജീർണ്ണമക്ഷികാദ്യാബാധാഃ പരിഹരേൽ. 18

(ച). വ്രണിനഃ സംപ്രതപ്തസ്യ കാരണൈരുദ്ഭവാദിഭിഃ
ക്ഷീണരുഗ്ശോണിതമാംസസ്യ ഭുക്തം സമ്യക് ന ജീര്യ്യതി.
അജീർണ്ണാൽ പവനാദീനാം വിഭ്രമോ ബലവാൻ ഭവേൽ
തതഃ ശോഫരുജാസ്രാവദാഹപാകാനവാപ്നുയാൽ. 19

അധികം കാറോറൽക്കുക, വെയിൽ കൊള്ളുക, പൊടിയേൽക്കുക, മഞ്ഞുകൊള്ളുക, പുകയേല്ക്കുക, അധികം ആഹാരം കഴിക്കുക, അപ്രിയവാക്കുകൾ കേൾക്കുക, അനിഷ്ടപദാർത്ഥങ്ങൾ കാണുക, അസൂയ, കോപം, ഭയം, പൊറുക്കരുതായ്മ, വ്യസനം, ചിന്ത എന്നീ സംഗതികളാൽ മനസ്സിന്നു ക്ഷോഭമുണ്ടാക്കിത്തീർക്കുക, രാത്രി ഉറക്കമൊഴിക്കുക, അകാലത്തിൽ ഭക്ഷണം കഴിക്കുക, ശരിയല്ലാതെ ഇരിക്കയും കിടക്കയും *ചെയ്കു, പട്ടിണികിടക്കുക, അധികം സംസാരിക്കുക, വ്യായാമം ചെയ്കു, അധികനേരം നില്ക്കുക, വഴിനടക്കുക, തണുത്ത കാറോല്ക്കുക, വിരുദ്ധാഹാരം കഴിക്കുക, ദഹിക്കാത്ത വസ്തുക്കൾ സേവിക്കുക, ഈച്ച മുതലായ ജന്തുക്കൾ വ്രണത്തിൽ വന്നിരിക്കാനിടവരുത്തുക എന്നിങ്ങിനെയുള്ള അനർത്ഥങ്ങളൊന്നുമുണ്ടാക്കാതെയിരിപ്പാൻ വ്രണരോഗി പ്രത്യേകം ശ്രദ്ധവെക്കണം. 18

"മേൽപറഞ്ഞ കാരണങ്ങളെക്കൊണ്ടും മാറും മാംസവും രക്തവും ക്ഷയിച്ചു പരവശനായിത്തീർന്നിട്ടുള്ള വ്രണരോഗി കഴിച്ചിട്ടുള്ള ആഹാരം വേണ്ടപോലെ ദഹിക്കയില്ല. ഇങ്ങിനെയുണ്ടാകുന്ന അജീർണ്ണം നിമിത്തം വാതാദിദോഷങ്ങൾ അധികമായി കോപിക്കും. അതുനിമിത്തം വ്രണത്തിൽ വിക്കം, വേദന, പൊട്ടിയൊലിക്കൽ, പുഴുനീർ, പഴുപ്പ് ഇവ അധികമായിത്തീരും". 19

* മൂലത്തിലെ 'വിഷമശയനാ'പദത്തിന്നു പകലുറങ്ങരുതെന്നും രാത്രി ഉറക്കമൊഴിക്കരുതെന്നും അർത്ഥമാണെങ്കിലും അതു മുമ്പെ നിഷേധിച്ചിട്ടുണ്ടെങ്കിലും എപ്പോഴും അപ്രിയമായതുകൊണ്ടു രണ്ടാമതും പറഞ്ഞിരിക്കയാണെന്നും ഭല്ലണമിശ്രൻ വ്യാഖ്യാനിച്ചിരിക്കുന്നു.

(ഗ). സദാ നീചനഖരോമാ ശുചിനാ ശുക്ലവാസസാ ശാന്തിമംഗലദേവതാ ബ്രാഹ്മണഗുരുപരേണ ഭവിതവ്യമിതി. തൽ കസ്യ ഹേതോഃ? ഹിംസാവിഹാരാണി ഹി മഹാവീര്യാണി രക്ഷാംസി പശു പതികുബേരകുമാരാനുചരാണി മാംസശോണിതപ്രിയതാൽ ക്ഷതജ നിമിത്തം വ്രണിനമുപസർപ്പന്തി സൽകാരാർത്ഥം ജിഘ്രാംസുനി വാ കം ചിൽ. 20

ഭവതി ചാത്ര—(ഫ).

തേഷാം സൽകാരകാമാനാം പ്രയതേനാന്തരാത്മനാ
ധൂപബല്യുപഹാരാംശ്ച ഭക്ഷ്യാംശ്ചൈവോപഹാരയേൽ. 21
(ഗ). തേ തു സന്തർപ്പിതാ ആത്മവന്തം ന ഹിംസ്യുഃ. തസ്മാൽ

വ്രണരോഗി എപ്പോഴും നഖങ്ങളേയും രോമങ്ങളേയും വളർത്തരുത്. ശുചിയായും വെളുത്തവസ്ത്രം ധരിച്ചും ഇരിക്കണം. ശാന്തികർമ്മങ്ങളേയും മംഗലകരങ്ങളായ കർമ്മങ്ങളേയും ചെയ്യുകൊണ്ടിരിക്കണം. ദൈവങ്ങളിലും ബ്രാഹ്മണരിലും ഗുരുവിങ്കലും എപ്പോഴും ഭക്തിയുള്ളവനായിരിക്കണം. ഇങ്ങിനെയിരിക്കുന്നതെന്തിനെന്നുവെച്ചാൽ, പരമേശ്വരന്റേയും കുബേരന്റേയും സുബ്രഹ്മണ്യന്റേയും കിങ്കരന്മാരായ രാക്ഷസന്മാർ വ്രണമുള്ളവരുടെ അരികിൽ വന്നുകൊണ്ടേ ഇരിക്കും; അവക്ക് അന്യനെ ഹിംസിക്കയെന്നതു് ഒരു വിനോദമാകുന്നു; അവക്കു വീര്യവും അധികമുണ്ടു്. അവർ മാംസത്തിലും രക്തത്തിലും വളരെ ഇഷ്ടപ്പെടുന്നു; അതുകൊണ്ടു രക്തത്തെ ആഗ്രഹിച്ചിട്ടാണു് അവർ വ്രണരോഗിയുടെ അടുത്തുവരുന്നതു്. ചിലപ്പോൾ തങ്ങൾക്കു വല്ല വിധത്തിലും ബലികിട്ടേണമെന്നുള്ള ആഗ്രഹംകൊണ്ടും ചിലപ്പോൾ രോഗിയെ ഹിംസിക്കേണമെന്നുള്ള ആഗ്രഹംകൊണ്ടും ആ വകരാക്ഷസന്മാർ വ്രണമുള്ളവരുടെ അടുത്തു വരുമാറുണ്ടു്. 20

"തങ്ങളെ പൂജിക്കേണമെന്നുള്ള ആഗ്രഹത്താൽ വ്രണരോഗിയുടെ അടുത്തു വരുന്ന അവരെ ധൂപംകൊണ്ടും*ബലികൊണ്ടും നിവേദ്യംകൊണ്ടും ശ്രദ്ധാപൂർവ്വം മനഃശുദ്ധിയോടുകൂടി പൂജിക്കേണ്ടതാണ്". 21

ആ രാക്ഷസന്മാരെ ഈ വിധത്തിൽ തൃപ്തിപ്പെടുത്തിയാൽ ഇതിനിയജയമുള്ള രോഗിയെ അവർ കൊല്ലുകയില്ല. അതുകൊണ്ടു രോഗിയും

---

* ഇവിടെ ചെയ്യേണ്ട ബലിക്കു് പ്രാണിഹിംസ പാടുള്ളതല്ല.

സതതമതന്ദ്രിതോ ജനപരിവൃതോ നിത്യദീപോദകശസ്യസുസുശ്രാമപുഷ്പ
ലാജാദ്യുപകൃതേ വേശ്മനി സംപന്നമംഗലമനോനുകൂലാഃ കഥാഃ ശ്രുണ
ന്നാസീത. 22

(പ). സമ്പദാദ്യനുകൂലാഭിഃ കഥാഭിഃ പ്രീതമാനസഃ
ആശാവാൻ വ്യാധിമോക്ഷായ ക്ഷിപ്രം സുഖമവാപ്നുയാൽ. 23

(ഗ). ഋഗ്യജുഃസാമാഥർവ്വവേദാഭിഹിതൈരപരൈശ്ചാശീർവ്വിധാ
നൈരുപാധ്യായാ ഭിഷജശ്ച സന്ധ്യയോ രക്ഷാം കുർയ്യുഃ. 24

(പ). സക്ഷീരാരിഷ്ടപത്രാഭ്യാം സപ്പിഷ്കാ ലവണേന ച.
ദ്വിരഹ്നഃ കാരയേദ്ഭുപം ദശരാത്രമതന്ദ്രിതഃ. 25

(ഗ). ക്ഷൗദ്രാതിക്ഷൗദ്രേ ലാംഗലീം ജടിലാം ബ്രഹ്മചാരിണീം ച

പ്പോഴും ജാഗ്രതയോടെ ഇഷ്ടജനങ്ങളോടുകൂടി വിളക്ക്, വെള്ളം, ശ
സ്യം, മാലകൾ (*സ്രക്കും, ദാമവും), പുഷ്പങ്ങൾ, മലർ് മുതലായ വസ്തു
ക്കൾ വേണ്ടപോലെ ഭംഗിയായി ശേഖരിച്ചുവെച്ചിട്ടുള്ള ഭവനത്തിൽ
സ്നേഹിതന്മാരും മറവും പറയുന്ന മംഗലകഥകളേയും മനഃപ്രിയമുള്ള മ
റ്റു കാര്യങ്ങളേയും ശ്രേയസ്കരങ്ങളായ വിഷയങ്ങളേയും കേട്ടുകൊണ്ടി
രിക്കണം. 22

"ശ്രേയസ്കരങ്ങളും മംഗലകരങ്ങളും മനസ്സിന്നനുകൂലങ്ങളുമായ ക
ഥകളെക്കൊണ്ട് സന്തുഷ്ടചിത്തനായി, വ്യാധി ശമിക്കുന്നതിന്നു പ്രാ
ർത്ഥിച്ചുകൊണ്ടിരിക്കുന്ന വ്രണരോഗി വേഗത്തിൽ സുഖമനുഭവിക്കും".

രാവിലേയും വൈകുന്നേരവും (സന്ധ്യകളിൽ) പുരോഹിതന്മാരും
വൈദ്യന്മാരും ഋഗ്വേദം, യജുർവ്വേദം, സാമവേദം, അഥർവ്വവേദം ഇവ
യിലും മറവും വിധിച്ചിട്ടുള്ള ആശീർവ്വാദമന്ത്രങ്ങളെക്കൊണ്ട് വ്രണരോ
ഗിയെ രക്ഷചെയ്യണം. 24

"കടുക്, വേപ്പില, ഉപ്പ്, നെയ്യ് ഇവകൊണ്ടു രോഗി കിടക്കുന്ന
സ്ഥലത്തു പുകക്കണം. രാവിലെയും സന്ധ്യാസമയത്തും ഇങ്ങിനെ
ചെയ്യണം. ഇപ്രകാരം മൂന്നു പത്തുദിവസം പുകക്കയുംവേണം". 25

താഴെ പറയുന്ന പതിനൊന്നു കൂട്ടം മരുന്നുകളെ രോഗിയുടെ ശി
രസ്സിൽ ധരിപ്പിക്കണം.— തുമ്പ, കരിന്തുമ്പ, മേത്തോന്നി, ജടാമാഞ്ചി,

---

* സ്രക്=തലയിൽ കെട്ടുന്നമാല. ദാമം=കഴുത്തിൽ കെട്ടുന്നമാല.

ക്ഷീം ഗ്രഹാമതിഗ്രഹാം ശതവീര്യാം സഹസ്രവീര്യാം സിദ്ധാർത്ഥാംശ്ച
ശിരസാ ധാരയേൽ. 26

(പ). വ്യജേത ബാലവ്യജനൈർവ്രണം ന ച വിഘട്ടയേൽ
ന തൂഷ്ണേ ച കണ്ഡൂയേച്ഛയാനഃ പരിപാലയേൽ. 27
അനേന വിധിനാ യുക്തമാദാവേവ നിശാചരാഃ
വനം കേസരിണാക്രാന്തം വർജ്ജയന്തി മൃഗാ ഇവ. 28
ജീർണ്ണശാല്യോദനം സ്നിഗ്ധമല്പമുഷ്ണം ദ്രവോത്തരമ്
ഭുഞ്ജാനോ ജാംഗലൈർമ്മാംസൈഃ ശീഘ്രം വ്രണമപോഹതി. 29
തണ്ഡുലീയകജീവന്തീസുനിഷണ്ഡകവാസ്തൂകൈഃ
ബാലമൂലകവാർത്താകപടോലൈഃ കാരവേല്ലകൈഃ.

ചെറുതേക്ക്, വെള്ളത്തുളസി, ഓരില, മുവ്വില, *വെള്ളത്തകരകം, കരിങ്കറുക, വെങ്കടുക്. 26

"രോഗിയെ വെൺചാമരംകൊണ്ടു വ്രണത്തിൽ തട്ടാതെ വീശണം; വ്രണത്തിൽ വല്ലതും മുട്ടാതെ സൂക്ഷിക്കണം; വ്രണം ചൊറിയരുത്; ഉറങ്ങുമ്പോൾ അതിൽ വല്ലതും അനർത്ഥങ്ങളുണ്ടാകാതിരിക്കാൻ നോക്കയും വേണം. 27

മേൽപറഞ്ഞപ്രകാരം ആചരിക്കുന്ന രോഗിയിൽ, സിംഹമുള്ള കാട്ടിൽ മാനുകൾ പോലെ, രാക്ഷസന്മാർ അടുക്കുകയില്ല. പഴയ ശാലിയരി വെച്ചുണ്ടാക്കിയ ചോറ നെയ്യുകൂട്ടി ചൂടോടെ മിതമായിട്ടുദ്രവ്യത്തോടുകൂടി ജാംഗലജന്തുക്കളുടെ മാംസവും ചേർത്തി ആഹാരം കഴിക്കുന്ന രോഗിക്ക് വേഗത്തിൽ വ്രണശാന്തിയുണ്ടാകും. ചെറുചീര, അടപതിയൻ, നീരാരൽ, വസുചീര, ഇളയമുള്ളങ്കികിഴങ്ങ്, ഇളയവഴുതിനിങ്ങ, പടവലങ്ങ, കയ്പക്ക, താളിമാതളങ്ങ, നെല്ലിക്ക ഇവ നെ

---

* 'ശതവീര്യ' എന്ന മൂലത്തിലെ പദത്തിന്നു ശതാവരിയെന്നും 'സഹസ്രവീര്യ' എന്നതിന്നു വെള്ളത്ത കുകയെന്നും പക്ഷമുണ്ട്.

† മൂലത്തിലെ 'ദ്രവാന്തര' മെന്നതുകൊണ്ടു ഭക്ഷണാവസാനത്തിലാണു ദ്രവദ്രവ്യം കഴിക്കണമെന്നു സൂചിപ്പിച്ചിരിക്കുന്നു. ദ്രവോപയോഗം കഫം, മേദസ്സ് മുതലായതിനെ ഉണ്ടാക്കുന്നതാകയാൽ വ്രണികൾക്കു ഹിതമല്ല. അപ്പോൾ 'ദ്രവാന്തര' മെന്നതിന്നു 'ദ്രവത്തോടു കൂടാത്ത (ദ്രവം ഉത്തരം യസ്മാൽ)' എന്നു വ്യുൽപത്തി കണ്ടിരിക്കുന്നു. ഇങ്ങിനെ മല്ലവൻ വ്യാഖ്യാനിച്ചിട്ടുണ്ട്.

സദാഡിമൈഃ സാമലവണൈഃകൊല്പുതക്രതൈഷ്ടൈഃ സവൈസന്ധവൈഃ
അന്യൈരേവം ഗുണൈർവ്വാപി മുദ്ഗാദീനാം രസേന വാ.
സക്തൂൻ വിലേപീം കുല്മാഷം ജലഞ്ചാപി ശൃതം പിബേൽ. 30

വ്രണേ ശ്വയഥുരായാസ്യാത്സ ച രാഗശ്ച ജാഗരാൽ
തൈ ച രുക് ച ദിവാസ്വപ്നാത്താശ്ച മൃത്യുശ്ച മൈഥുനാൽ. ()

ദിവാ ന നിദ്രാവശഗോ നിവാതഗൃഹഗോചരഃ
വ്രണീ വൈദ്യവശേ തിഷ്ഠൻ ശീഘ്രം വ്രണമപോഹതി. 32

ഏവം വൃത്തസമാചാരോ വ്രണീ സംപദ്യതേ സുഖീ
ആയുശ്ച ദീർഘമാപ്നോതി ധന്വന്തരിവചോ യഥാ. 33

ഇതി സുശ്രുതസംഹിതായാം സൂത്രസ്ഥാനേ
വ്രണിതോപാസനീയോ നാമ
ഏകോനവിംശോധ്യായഃ.

യിൽ വറുത്തു് ഇന്തുപ്പുകൂട്ടി ഉപയോഗിക്കാം. ഗുണംകൊണ്ടു മേൽ പ്പറഞ്ഞവയ്ക്കു തുല്യങ്ങളായ മറ്റു പദാർത്ഥങ്ങളും ആഹാരത്തിന്നുപയോഗിക്കാം. ചെറുപയറു മുതലായ ധാന്യങ്ങൾകൊണ്ടുണ്ടാക്കിയ രസങ്ങൾ (ചാറു്) കഴിക്കാം. മലർത്തവിടു കലക്കിക്കുടിക്കുക, കഞ്ഞി (വാറ്റധികമുള്ള)കുടിക്കുക, കുല്മാഷം (കുറച്ചു വേവിച്ചു ഗോതമ്പു മുതലായതു്) സേവിക്കുക, തിളച്ച വെള്ളം കുടിക്കുക എന്നിവയും കൊള്ളാം. 28—30

ദേഹാദ്ധ്വാനം നിമിത്തം വ്രണത്തിങ്കൽ വീക്കമുണ്ടാകും. ഊക്കമൊഴിച്ചാൽ വീക്കവും ചുകപ്പുമുണ്ടാകും. പകലുറക്കംകൊണ്ടു വീക്കവും വേദനയും ചുകപ്പുമുണ്ടാകും. മൈഥുനം ചെയ്യാൽ ആ രണ്ടു വിധം ഉപദ്രവങ്ങളും മരണവുമുണ്ടാകും. 31

പകലുറങ്ങാതെ, അധികം കാറ്റില്ലാത്ത ഭവനത്തിലിരുന്നു്, വൈദ്യൻ പറയുംപോലെയൊക്കെ ആചരിക്കുന്നവനായ രോഗിയുടെ വ്രണം വേഗത്തിൽ ശമിക്കും. ഈ മാതിരി പ്രവൃത്തിയിലിരിക്കുന്ന വ്ര

വിംശോദ്ധ്യായഃ.

അഥാതോ ഹിതാഹിതീയമധ്യായം വ്യാഖ്യാസ്യാമഃ 1

യദ്വായോഃ പഥ്യം തൽ പിത്തസ്യാപഥ്യമിത്യനേന ഹേതുനാ ന കിഞ്ചിൽ ദ്രവ്യമേകാന്തേന ഹിതമഹിതം വാസ്തീതി കേചിദാചാര്യാ ബ്രുവതേ. തത്തു ന സമ്യക്. ഇഹ ഖലു യസ്മാൽ ദ്രവ്യാണി സ്വഭാവതഃ സംയോഗതശ്ചൈകാന്തഹിതാന്യേകാന്താഹിതാനി ഹിതാഹിതാനി ച ഭവന്തി. 2

തത്രൈകാന്തഹിതാനി ജാതിസാമ്യാൽ സലിലഘൃതദുഗ്ധൗദനപ്രഭൃതീനി. ഐകാന്താഹിതാനി തു ഭേഷജപചനമാരണാദിഷു പ്രവൃ

ണരോഗിക്കു സുഖവും ദീർഘായുസ്സുമുണ്ടാകുമെന്നുള്ളതു ഭഗവാൻ ധന്വന്തരിയുടെ വചനമാകുന്നു".* 32–33

ഇങ്ങിനെ സുശ്രുതസംഹിതയിൽ സൂത്രസ്ഥാനത്തിൽ പ്രണിതോപചനീയമെന്ന പത്തൊമ്പതാമദ്ധ്യായം കഴിഞ്ഞു.

ഇരുപതാമധ്യായം.

ഇനി ഹിതാഹിതീയമെന്ന (നല്ലതും നന്നല്ലാത്തതുമായ സാധനങ്ങളെപ്പറ്റി വിവരിക്കുന്ന) അദ്ധ്യായം പറയാം.— 1

വായുവിനെ ശമിപ്പിക്കുന്നതു പിത്തത്തെ കോപിപ്പിക്കുന്നു എന്നുള്ള സംഗതി നോക്കുമ്പോൾ ഒരു പദാർത്ഥവും ദേഹത്തിന്നു തീരെ ഹിതമായൊ തീരെ അഹിതമായൊ ഇരിക്കുന്നതല്ലെന്നു ചില ആചാര്യന്മാർ അഭിപ്രായപ്പെടുന്നു. ഈ പക്ഷം ശരിയല്ല. ഇവിടെ പദാർത്ഥങ്ങൾ സ്വതേതന്നെയുള്ള ഗുണങ്ങൾകൊണ്ടും സംയോഗംകൊണ്ടും ദേഹത്തിന്നു് അത്യന്തം ഗുണകരങ്ങളും ദോഷകരങ്ങളും ഗുണദോഷമിശ്രങ്ങളുമായിരിക്കുന്നു എന്നാണു് അഭിപ്രായം. 2

മനുഷ്യന്മാർ ജനനംമുതല്ക്കുതന്നെ പതിവായി ഉപയോഗിച്ചു ശീലിച്ചിട്ടുള്ള വെള്ളം, നെയ്യു്, പാൽ, ചോറു് മുതലായ പദാർത്ഥങ്ങൾ

---

*- ഈ പ്രണരോഗിയുടെ ആഹാരക്രമം പ്രായേണ മറ്റു രോഗികളിലും യോജിപ്പിക്കുന്നുവെന്നറിയണം.

ത്താന്യഗ്നിക്ഷാരവിഷാദീനി. സംയോഗാദപരാണി വിഷതുല്യാനി ഭ
വന്തി. ഹിതാഹിതാനി തു യദ്യായോഽ ചഥ്യം തൽ പിത്തസ്യാപഥ്യ
മിതി. 3

അതഃ സർവ്വപ്രാണിനാമയമാഹാരാർത്ഥം വർഗ്ഗ ഉപദിശ്യതേ- ത
ദ്യഥാ— രക്തശാലിഷഷ്ടികകാംഗുകമുകുന്ദകപാണ്ഡുകപീതകപ്രമോദക
കാലകാശനകപുഷ്പകകർദ്ദമകശകുനാഹൃതസുഗന്ധകകളമസീവാരകോദ്ര-
വോദ്ദാലകശ്യാമാകഗോധൂമവേണുയവാഃ. ഏണഹരിണകുരംഗമൃഗമാ
തൃകാശഷഷ്ടികരാളകുകുരകപോതലാബതിത്തിരികപിഞ്ജലവർത്തീരവ

ദോഹത്തിന്ന് അത്യന്തം ഗുണകരങ്ങളാകുന്നു. അഗ്നി, ക്ഷാരം, വിഷം മുതലായവ ക്രമത്തിൽ പൊള്ളിക്കുക, വേവിക്കുക, കൊല്ലുക മുതലായ ക്രിയകളെ ചെയ്യുന്നവയാകയാൽ ദേഹത്തിന്ന തീരെ ദോഷകരങ്ങളാകുന്നു*. സ_തേതന്നെ ദേഹത്തിന്ന ഗുണകരങ്ങളായിരിക്കുന്ന പദാർത്ഥങ്ങൾ മറ്റ ചില പദാർത്ഥങ്ങളുടെ സംയോഗം നിമിത്തം വിഷതുല്യങ്ങളായി തീരുന്നുണ്ട്. വായുവിന്ന നല്ലതും പിത്തത്തിന്ന നന്നല്ലാത്തതും ആയിട്ട് ഒരു പദാർത്ഥംതന്നെ ഉണ്ടായി എന്നു വരാം. ആ വക പദാർത്ഥങ്ങളെ ഗുണദോഷമിശ്രങ്ങളെന്ന നിശ്ചയിച്ചിരിക്കുന്നു. 3

അതുകൊണ്ടു സർവ്വപ്രാണികൾക്കും ആഹാരത്തിന്നുപയോഗിക്കേണ്ടുന്നതായ ഒരു വർഗ്ഗത്തെ ഇവിടെ പറവാൻപോകുന്നു:— രക്തശാലി (ചെന്നെല്ല്), ഷഷ്ടികം (വെള്ളത്ത നവര), കാംഗുകം (ചുകന്ന നവര), മുകുന്ദകം (കറുത്തനവര), പാണ്ഡുകം (ഉമി വെളുത്ത ഒരു ജാതി നെല്ല്), പീതകം (ഒരുജാതി ഉമി മഞ്ഞളിച്ച നെല്ല്), പ്രമോദകം, കാലകം, ആശനകം, പുഷ്പകം, കർദ്ദമകം, ശകുനാഹൃതം (കിളികാരി

---

* ഈ നിശ്ചയം രോഗമില്ലാത്തവരെ സംബന്ധിച്ചാണ്. രോഗികാർക്കു വെള്ളം, നെയ്യ് മുതലായവ ചിലപ്പോൾ അഹിതങ്ങളും അഗ്നിക്ഷാരാദികളും ഹിതങ്ങളുമായിരിക്കുമല്ലോ.

$ ധാന്യങ്ങളെ സംബന്ധിച്ച ഈ വക സംജ്ഞകളും മാറ്റരാ ദേശങ്ങളിൽ നടപ്പുള്ളവയാകുന്നു. അവയെ ദോഷയിൽ വിവരിക്കുന്നതിന്നു വളരെ പ്രയാസമുണ്ട്. ഇവിടെ ചില സംജ്ഞകൾക്കു മാത്രമേ മലയാളത്തിലെ പേരും വിവരണവും എഴുതാൻ സാധിച്ചിട്ടുള്ളു. വ്യാഖ്യാതാക്കന്മാരും ചിലതുകൾക്കേ വിവരണമെഴുതീട്ടുള്ളു. ഇവയെ പ്രത്യേകം വിവരിക്കുന്നതു അസദ്ധ്യമാണെന്നു ദോഷ്യകാരൻ കണ്ടതു കൊണ്ടുമാകുന്നു.

ത്തികാടീനാം മാംസാനി. മുദ്ഗവനമുദ്ഗമകുഷ്ഠകളായമസൂരമംഗ
ല്യചണകകുരേണുപാധകീസതീനാം; ചില്ലീവാസൂകസുനിഷണ്ഡക
ജീവന്തീതണ്ഡുലീയകമണ്ഡൂകപർണ്ണ്യഃ. ഗവ്യം ഘൃതം. സൈന്ധവമാ
ഡിമാമലകമിത്യേഷ വർഗ്ഗഃ സർവ്വപ്രാണിനാം സാമാന്യതഃ പഥ്യ
തമഃ. 4.

തഥാ ബ്രഹ്മചര്യനിവാതശയനോത്ഥാനകനിശാസ്വപ്നവ്യായാ- 5

മാതപ്രകാന്തതഃ പഥ്യതമാഃ.

ച്ചെന്നെല്ല്), സുഗന്ധകം (നവരച്ചെന്നെല്ല്), കളമം (കഴമ), *നീവാ
രം(വരിനെല്ല്), കോദ്രവം (വരകു), ഉദ്ദാലകം (കാട്ടുവരകു), ശ്യാമാകം
(ചാമ), ഗോധൂമം (കോതമ്പു), വേണുയവം (മുളനെല്ല്) മുതലായ നെ
ല്ലുകളും കൃഷ്ണാമൃഗം, ചെമ്മാൻ, കുരാൽമാൻ, മാന്താമാൻ, ശൃങ്ഗീശ്വ
(നാലു കൊമ്പുകളുള്ള ഒരു ജാതി മാൻ), കസ്തൂരിമൃഗം മുതലായ മൃഗങ്ങള
ടേയും ഇരുവാൽചാത്തൻ, മാടപ്രാവു, ചീവൽപക്ഷി, തിത്തിരിപ്പു
ള്ളു, വേഴാമ്പൽ, കുറുമ്പുള്ളു (വത്തീരം), കാടയടിയാൻ മുതലായ പ
ക്ഷികളുടേയും മാംസങ്ങളും പെരുപയറു, കാട്ടുപയറു, മങ്കുട്ടപ്പയറു, ക
ടല, കറുത്ത ചണംപയറു, വെളുത്ത ചണംപയറു, ചുകന്ന ചണം
പയറു, കാട്ടുകടല (ഹരേണു), തുമര, വലിയ വട്ടക്കടല, എന്നിവയും
ചുവന്ന ചൊറിയവള്ളിച്ചീര, വെളുത്ത ചീര, നീരാരൽ, അടപതിയൻ,
പെരുചീര, ബ്രഹ്മി എന്നിവയും പശുവിൻനെയ്യു, ഇന്തുപ്പു, താളിമാ
തളങ്ങ, നെല്ലിക്ക, എന്നിവയും പൊതുവെ പഥ്യസാധനങ്ങളാകുന്നു.
ഈ സാധനങ്ങൾ എല്ലാ തരക്കാർക്കും വിരോധമില്ലാത്ത പദാർത്ഥങ്ങളാ 4
കുന്നു.

അപ്രകാരംതന്നെ ബ്രഹ്മചാരിയായി(സ്ത്രീസേവചെയ്യാതെ)രി
ക്കുക, കാഠിന്യമായ അടിക്കാത്ത സ്ഥലത്തു കിടക്കുക, ചൂടുവെള്ളംകൊ
ണ്ടു പെരുമാറുക, രാത്രി ഉറക്കമൊഴിക്കാതിരിക്കുക, മിതമായി വ്യായാ
മം ചെയ്ക ഇവ എല്ലാതരക്കാർക്കും എല്ലാറ്റിനും ഗുണകരങ്ങളായ പ്രവൃത്തി
കളാകുന്നു. 5

---

* വരിനെല്ല മുതലായവ വാതകരങ്ങളാണെന്നു പ്രസിദ്ധമാണെല്ലോ. എ
ന്നാൽ ഈ ദോഷം ഇല്ലാതാക്കുവാനുള്ള ഉള്ളു. അതുകൊണ്ടാണു പഥ്യപദാർത്ഥങ്ങ
ളുടെ കൂട്ടത്തിലിവിടെ പറഞ്ഞതു്. 32*

ഏകാന്തഹിതാന്യേകാന്താഹിതാനി പ്രായുപദിഷ്ടാനി. ഹിതാഹിതാനി തു, യദുഭയോഃ പഥ്യം തൽ പിത്തസ്യാപഥ്യമിതി. 6

സംയോഗതസ്തൂപരാണി വിഷതുല്യാനി ഭവന്തി. തദ്യഥാ—വല്ലീഫലകവകകരീരാമ്ലഫലലവണകുലത്ഥപിണ്യാകദധിതൈലവിരോഹിപിഷ്ടശുഷ്കശാകാജാവികമാംസമദ്യജാംബവചിഞ്ചിചിമമത്സ്യഗോധാവരാഹാംശ്ച നൈകധ്യമശ്നീയാൽ പായസാ. 7

(പ). രോഗം സാത്മ്യഞ്ച ദോഷഞ്ച കാലം ദേഹഞ്ച ബുദ്ധിമാൻ
അവേക്ഷ്യാഗ്ന്യാദികാൻ ഭാവാൻ രോഗവൃത്തേഃ പ്രയോജയേൽ.

ദേഹത്തിന്നു തിരെ ഗുണകരങ്ങളും തീരെ ദോഷകരങ്ങളുമായ രണ്ടുതരം പദാർത്ഥങ്ങളെ മുകളിൽ പറഞ്ഞുവെച്ചല്ലോ. വാതത്തിന്നു പഥ്യമായതു പിത്തത്തിന്നു് അപഥ്യമായിരിക്കുന്നു എന്നു വരുമ്പോൾ ആവക പദാർത്ഥങ്ങൾ ഗുണദോഷമിശ്രങ്ങളായിരിക്കുമെന്നും മുമ്പേ പറഞ്ഞിട്ടുണ്ടു്. 6

എന്നുതന്നെയല്ല സ്വതെ ഗുണകരങ്ങളായിരിക്കുന്ന വസ്തുക്കൾ തന്നെ തമ്മിൽ ചേരുമ്പോൾ വിഷംപോലെയായിത്തീരുന്നതാകുന്നു. വള്ളിയിൽ കായ്ക്കുന്ന കായകൾ (കുമ്പളങ്ങ മുതലായവ), ക്ലന്നു് *കവകം), മുളങ്കുന്നു്, പുളിരസമുള്ള കായകൾ, ഉപ്പു്, മുതിര, എള്ളിൻപിണ്ണാക്കു്, തൈർ, എണ്ണ, വിരോഹിശാകം (മുളവന്നിട്ടുള്ള ചെറുപയറു മുതലായതു), അരിമാവു്, വരട്ടിലക്കറി, ആട്ടിൻമാംസം, ആവിയാട്ടിൻമാംസം, മദ്യം, ഞാവൽപഴം (അതുകൊണ്ടുണ്ടാക്കിയ മദ്യമെന്നും പക്ഷം), ചെമ്മീൻ,§ സാധാരണമത്സ്യങ്ങൾ, ഉടുമ്പിൻമാംസം, പന്നിമാംസം എന്നിപദാർത്ഥങ്ങൾ പാലിനോടുകൂട്ടിച്ചേർത്തു ഭക്ഷിച്ചാൽ അതു വിഷത്തുല്യമായിത്തീരുന്നു. അതുകൊണ്ടു് അങ്ങിനെ ഭക്ഷിക്കാതിരിക്കേണ്ടതാണു്. 7

"ബുദ്ധിമാനായ വൈദ്യൻ രോഗസ്വഭാവത്തെയും, രോഗി ശീലിച്ചുവന്നിട്ടുള്ള ആഹാരാദികളേയും ദേശകാലങ്ങളേയും ദേഹസ്ഥിതിയേയും

---

* "കരക" മെന്നും പാഠമുണ്ടു്. ആ പക്ഷത്തിൽ താളിമാതളങ്ങയെന്നർത്ഥമാണു്.

§ ചെമ്മീൻ സാധാരണ മത്സ്യങ്ങളെക്കാൾ ദോഷകരമാണെന്നു കാണിപ്പാൻ വേണ്ടിയാണു് അങ്ങിനെ പ്രത്യേകം വേറെ പറഞ്ഞതു്.

അവസ്ഥാന്തരബാഹുല്യാദ്ദോഗാദീനാം വ്യവസ്ഥിതമ്
ദ്രവ്യം നേഷ്ടന്തി ഭിഷജ ഇച്ഛന്തി സപ്രസ്ഥരക്ഷണേ. 9
ദ്വയോരന്യതരാദാനേ വദന്തി വിഷദൂഷ്യയോഃ
ദൂഷ്യാസ്യൈകാന്തഹിതതാം വിഷമേകാന്തതോഹിതമ്. 10
ഏവം യുക്തരസേഷ്വേഷു ദ്രവ്യേഷു സലിലാദിഷു
ഏകാന്തഹിതതാം വിദ്ധി വത്സ! സുശ്രുത! നാന്യഥാ. 11

രോഗിയുടെ ജ്വരാഗ്നിബലം മുതലായ അവസ്ഥാഭേദങ്ങളേയും നല്ലവണ്ണം മനസ്സിലാക്കി ഉചിതമായ പഥ്യക്രമത്തെ ഏർപ്പെടുത്തിക്കൊള്ളണം. രോഗങ്ങളുടെ സ്വഭാവം ഓരോ കാലത്തിലും ദേശത്തിലും ദേഹത്തിലും മാറിമാറിക്കാണും. ഇങ്ങിനെ പലവിധം അവസ്ഥകളുണ്ടാകാവുന്നതുകൊണ്ട് ഇന്നിന്ന രോഗങ്ങളിൽ ഇന്നിന്നവിധം ആഹാരങ്ങളുപയോഗിക്കണമെന്നു പൊതുവെ വ്യവസ്ഥപ്പെടുത്തുന്നതിന്നു വൈദ്യന്മാക്കു *സാധിക്കുന്നില്ല. എന്നാൽ സ്വസ്ഥന്മാരെ സംബന്ധിച്ചേടത്തോളം മാത്രം ഹിതാഹിതങ്ങളായ ആഹാരാദികളെ ശാസ്ത്രത്തിൽ നിയമിച്ചിരിക്കുന്നു. വിഷമൊ പാലൊ സേവിക്കേണ്ടതെന്നുള്ളടിക്കിൽ §വിഷം തീരെ ദോഷകരമാണെന്നും പാൽ ഏറ്റവും ഗുണകരമാണെന്നും സാധാരണയായി പറയുന്നുണ്ടല്ലൊ. ഈവിധത്തിൽ

* വ്യാധികളുടെ തരംപോലെ വൈദ്യൻ ആലോചിച്ചിട്ടു പഥ്യം നിശ്ചയിക്കേണമെന്നു താൽപര്യം.

§ "ദ്വയോരന്യതരാദാനെ" എന്നതുടങ്ങിയ ശ്ലോകത്തിലെ "ദ്വയോഃ" എന്നതിനു് "സ്വസ്ഥരോഗിണോഃ" എന്നു വ്യാഖ്യാനിച്ചു്, "രോഗമുള്ള വക്കും ഇല്ലാഞ്ഞവക്കും ക്ഷീരം നല്ലതും വിഷം പീത്തയുമാണെന്നു വൈദ്യന്മാർ പറയുന്നു" എന്നുള്ള താൽപര്യം ചിലർ വിവരിച്ചിരിക്കുന്നു. ഭല്ലനമിശ്രൻ "ദ്വയോഃ" എന്നതു കൊണ്ടു "സ്വസ്ഥന്മാരെയും രോഗികളേയും ഒരുപോലെ ഗ്രഹിക്കേണ്ടതാണെങ്കിലും ഇവിടെ സ്വസ്ഥന്മാരെ മാത്രമെ വിചാരിക്കേണ്ടതുള്ളു" എന്നു പറയുന്നു. "വിഷദൂഷ്യയോഃ" എന്നതിൽനിന്നു വിശേഷണമായിട്ടാണു് ഇവിടെ തർജ്ജമ ചെയ്തിട്ടുള്ളതു്. സ്വസ്ഥന്മാരെ സംബന്ധിച്ചാണിവിടെ പാഞ്ഞതെന്നു പ്രകൃതമാലോചിച്ചാൽ കിട്ടുന്നതാണു്. "അന്യതരാദാനേ" എന്നുള്ളപ്പോൾ പിന്നെ "ദ്വയോഃ" എന്നുള്ള വിശേഷണം അനാവശ്യമല്ലെ എന്നാണു് പ്രാമാണികന്മാരുടെ അക്ഷേപം. ഇത്രമാത്രം കൊണ്ടു് മേൽപറഞ്ഞവിധം ക്ലിഷ്ടമായി വ്യാഖ്യാനിച്ചെ കഴിയൂ എന്നില്ലെന്നു തോന്നുന്നു.

(ഗ). അതോന്യാന്യപി സംയോഗാദഹിതാനി വക്ഷ്യാമഃ. നവവിശ്രുദ്ധാന്നൈവ്വസാമധുപയോഗ്രുഡമാഷൈവ്വാ ഗ്രാമ്യാനൂപൌദകപിശിതാദീനി നാഭ്യവഹരേൽ. ന പയോമധുഭ്യാം രോഹിണീശാകം ജാതൂശാ

†എല്ലാ സപ്തസ്ഥന്മാക്കും പറഞ്ഞ രസവീര്യാദികളോടുകൂടിയ ജലം മുതലായ ദ്രവ്യങ്ങളും, അല്ലായോവത്സ! സുശ്രുത! മനുഷ്യശരീരത്തിന്നു അത്യന്തം ഹിതങ്ങളാണെന്നും ഒരിക്കലും അവ മറിച്ചായിതീരുന്നതല്ലെന്നും അറിഞ്ഞുകൊൾക". 8—11

മുകളിൽ പറഞ്ഞതുകളെ കൂടാതെ സംയോഗം കൊണ്ടു ദേഹത്തിന്നു ദോഷകരങ്ങളായ പദാർത്ഥങ്ങൾ വേറെയുമുണ്ടു്; അവയെ പറയാം:— ഗ്രാമ്യങ്ങളും ആനൂപങ്ങളും ഔദകങ്ങളുമായ പക്ഷിമൃഗാദികളുടെ മാംസം മുതലായതിനെ പുതിയ ധാന്യം, മുളവന്നിട്ടുള്ള ധാന്യം (വിരൂഢം), വസാ, തേൻ, പാൽ, വെല്ലം, ഉഴുന്നു്, എന്നിവയോടു കൂട്ടിച്ചേർത്തു ഭക്ഷിക്കരുതു്. കടുകുരോഹിണിയില(÷രോഹിണീശാകം)യേയും ജാതുശാക (പൌഷ്കരശാകം—ഒല്ലനാടു)ത്തേയും പാലോടും തേനോടും കൂട്ടിച്ചേർത്തു ഭക്ഷിക്കരുതു്. വെള്ളിപ്പക്ഷിയുടെ മാംസത്തെ വാരുണിമദ്യത്തോടും കുല്മാഷധാന്യത്തോടും ചേർത്തി ഭക്ഷിക്കരുതു്. കരുന്താളിയെ തിരുതലിമത്സ്യത്തോടും കുരുളകോടും കൂട്ടിച്ചേർത്തു ഭക്ഷിക്കരുതു്. തണ്ടൻചീരയിലക്കറി(നാഡീഷംഗശാകം), കോഴിമാംസം, തൈർ ഇവ ഈരണ്ടോ മൂന്നോ ഒന്നിച്ചുകൂട്ടി ഭക്ഷിക്കരുതു്. തേൻ കുടിച്ചതിന്നു മേലെ ചൂടുവെള്ളം കുടിക്കരുതു്. ജന്തുക്കളുടെ മാംസം കഴിക്കുമ്പോൾ അവയുടെ പിത്തത്തേയും കൂട്ടികഴിക്കരുതു്. കള്ളു്, കുസരം (എള്ളപ്പോറ്റു്), പായസം എന്നിവ ഈരണ്ടോ മൂന്നോ ഒന്നിച്ചു ഭക്ഷിക്കരുതു്. തിലശഷ്കുലി (എള്ളുകൊണ്ടുണ്ടാക്കുന്ന ഒരു ജാതി പലഹാരം)യെ സൌവീരകമദ്യത്തോടു ചേർത്തും കരുമ്പിൻനീരുകൊണ്ടുണ്ടാക്കിയ പദാർത്ഥങ്ങളെ മത്സ്യങ്ങളോടു ചേർത്തും കരുന്താളിയെ വെല്ലത്തോടു ചേർത്തും മുള്ളങ്കികിഴങ്ങിനെ തേനോടുചേർത്തും പന്നിമാംസത്തെ വെല്ലത്തോടൊ

† "യുക്തശ" മെന്ന മൂലത്തിലെ പദത്തിന്നു് ആവശ്യമുള്ളതെന്നാണു് ചിലരുടെ അർത്ഥം.

÷ പ്രസാരണിയിലയെന്നും പക്ഷം.

§ പുട്ടുവെള്ളം കുടിച്ചുതിന്മീതെ തേൻ കുടിക്കരുതെന്നു് പക്ഷാന്തരം.

കം വാഗ്ഭീയാൽ. വലാകാം വാതുണീകുല്ലാഷാഭ്യാം. കാകമാചീം പി
പ്പലീമരിചാഭ്യാം നാഡീഭംഗശാകകുക്കുടദധീനി ച നൈകധ്യമ്. മധു
ചോച്ഛ്ണോദകാനുപാനം. പിത്തേന വാ മാംസാനി. സുരാകുസുരപാ
യസാംശ്ച നൈകധ്യം. സൌവീരകേണ സഹ തിലശുഷ്കുലീമ്. മ
ത്സ്യൈഃ സഹേക്ഷുവികാരാൻ, ഗ്രുഡേന കാകമാചീം, മധുനാ മൂലകം,
ഗ്രുഡേന വാരാഹം മധുനാ സഹ വിരുദ്ധമ്. ക്ഷീരേണ മൂലകമ്. ആ
മ്രജാംബവശാവിട്സൂകരഗോധാശ്ച സർവ്വാംശ്ച മത്സ്യാൻ വിശേഷേ
ണ ചിലിചിമം പയസാ. കദളീഫലം താലഫലേന പയസാ ഭക്ഷിത
ക്രേണ വാ ലകുചഫലം പയസാ ഭക്ഷ്യാ മാഷസൂപേന വാ പ്രാക് പയ
സഃ പയസോന്തേ വാ.

അതഃ കർമ്മവിരുദ്ധാൻ വക്ഷ്യാമഃ. കപോതാൻ സർഷപതൈല
ഭ്രഷ്ടാൻ നാദ്യാൽ. കപിഞ്ജലമയൂരലാബതിത്തിരിഗോധാശ്ചൈരണ്ഡ
ദാവ്യഗ്നിസിദ്ധാ ഏരണ്ഡതൈലസിദ്ധാ വാ നാദ്യാൽ. കാംസ്യഭാജ
നേ ദശരാത്രപര്യുഷിതം സർപ്പിഃ. മധു ചോച്ഛ്ണേരുഷ്ണേ വാ. മത്സ്യ

തേനോടൊ ചേർത്തും മുള്ളങ്കിയെ പാലോട്ടു ചേർത്തും ഭക്ഷിക്കുന്നതു വിരു
ദ്ധമാകുന്നു. മാങ്ങ, ഞാവൽപഴം, മുള്ളൻപന്നിമാംസം, നാട്ടുപന്നി
മാംസം, ഉടുമ്പിൻമാംസം, ഏതുതരം മത്സ്യവും, വിശേഷിച്ചു് ചെമ്മീൻ
ഇവയെ പാൽ ചേർത്തു ഭക്ഷിക്കരുതു്. വാഴപ്പഴം പനമ്പഴത്തോടൊ
പാലോടൊ തൈരോടൊ മോരോടൊ ചേർത്തു ഭക്ഷിക്കരുതു്. അയി
നിച്ചക്കെയ പാലോടൊ തൈരോടൊ ഉഴുന്നുപരുപ്പുകൊണ്ടുണ്ടാക്കിയ
കറിയോടൊ ചേർത്തി ഭക്ഷിക്കരുതു്. അയിനിച്ചക്കെയ പാൽ കുടിച്ചു
തിന്നശേഷം ഉടനെ ഭക്ഷിക്കയും ഇതു ഭക്ഷിച്ചതിന്നശേഷം ഉടനെ
പാൽ കുടിക്കയും അരുതു്. 12

ഇനിമേൽ പാകം ചെയ്യുന്നതിലുള്ള ഭേദഹേതുകം നിമിത്തം ദേ
ഹത്തിന്നു ദോഷകരങ്ങളായ പദാർത്ഥങ്ങളെ പറവാൻ പോകുന്നു:—
മാടപ്രാവിന്റെ മാംസം കടുകെണ്ണയിൽ വറുത്തു ഭക്ഷിക്കരുതു്. വെള്ള
ത്ത തിത്തിരിപ്പക്ഷി, മയിൽ, ചീവൽപക്ഷി, തിത്തിരിപ്പുള്ളു്, ഉടുമ്പു്
എന്നിവയുടെ മാംസങ്ങളെ ആവണക്കിൻ വിറകുകൊണ്ടു കത്തിച്ചു
പാകം ചെയ്കയൊ ആവണക്കെണ്ണയിൽ വറുക്കുകയൊ ചെയ്തു ഭക്ഷി
ക്കരുതു്. ഓട്ടുപാത്രത്തിൽ പത്തു ദിവസം വെച്ചിരുന്ന നെയ്യു് സേ

പരിപക്വമേ ശൃംഗവേരപരിപക്വമേ വാ സിദ്ധാം കാകമാചീമ്. തിലകല്കസിദ്ധമുപോദികാശാകമ്. നാരികേളേന വരാഹവസാപരിഭൃഷ്ടാം വലാകാമ്. ഭാസമംഗാരശൂല്യം നാശ്നീയാദിതി. 13

അതോ മാനവിരുദ്ധാൻ വക്ഷ്യാമഃ. മധുപംമുനീ മധുസർപ്പിഷീ മാനതസ്തുല്യേ നാശ്നീയാൽ. സ്നേഹൌ മധുസ്നേഹൌ വാ വിശേഷാദാന്തരീക്ഷോദകാനുപാനൌ. 14

അത ഊർദ്ധ്വം രസദ്രവ്യാനി രസതോ വീര്യതോ വിപാകതശ്ച വിരുദ്ധാനി വക്ഷ്യാമഃ. തത്ര മധുരാമ്ലൌ രസവീര്യവിരുദ്ധൌ മധുരലവണൌ മധുരകടുകൌ ച സവ്വതഃ. മധുരതിക്തൌ രസവിപാകാ

വിക്കരുതു്. തേൻ ഉഷ്ണകാലത്തും ഉഷ്ണവസ്തുക്കളോടുചേർത്തും സേവിച്ചുകൂടാ. മത്സ്യം വെച്ചതൊ ചുക്കു പാകം ചെയ്തതൊ ആയ പാത്രത്തിൽ കരുന്താളി വേവിച്ചുപയോഗിക്കരുതു്. എള്ളരച്ചുകൂട്ടിയുണ്ടാക്കിയ വലിയ വശളച്ചീരക്കറി ഭക്ഷിക്കരുതു്. വെള്ളിപ്പക്ഷിയുടെ മാംസത്തെ നാളികേരം കൂട്ടി പന്നിക്കൊഴുപ്പിൽ വറുത്തു സേവിക്കരുതു്. കുതളി (ഭാസം)ന്റെ മാംസം ശൂലത്തിൽ കോർത്തു തീക്കനലിൽ ഇട്ടു ചുട്ടതിന്നരുതു്. 13

ഇനി അളവിന്റെ ഭേദഗതികൊണ്ടു ദോഷകരങ്ങളായിത്തീരുന്ന പദാർത്ഥങ്ങളെ പറയാം:—തേനും വെള്ളവും തേനും നെയ്യും അളവുകൊണ്ടു സമമായെടുത്തു സേവിക്കരുതു്. രണ്ടു സ്നേഹദ്രവ്യങ്ങളെ സമാംശങ്ങളായെടുത്തു ഭക്ഷിക്കരുതു്. തേനും സ്നേഹദ്രവ്യങ്ങളിലേതെങ്കിലും സമമെടുത്തു സേവിക്കരുതു്. തേനോ നെയ്യോ സേവിച്ചതിനശേഷം ഉടനെ മഴവെള്ളം (ആന്തരീക്ഷജലം) കുടിക്കുന്നതു വിശേഷിച്ചും നന്നല്ല. 14

ഇനി രസംകൊണ്ടും വീര്യംകൊണ്ടും വിപാകംകൊണ്ടും (Chemical action) തമ്മിൽ വിരുദ്ധങ്ങളായ രസങ്ങളെ ത്യജിക്കണമെന്നു പറവാൻ പോകുന്നു:—മധുരവും പുളിയും രസംകൊണ്ടും വീര്യംകൊണ്ടും വിരുദ്ധങ്ങളാകുന്നു. മധുരവും ഉപ്പും, മധുരവും എരുവും രസവീര്യവിപാകങ്ങൾകൊണ്ടു തമ്മിൽ വിരുദ്ധങ്ങളാകുന്നു. മധുരവും കയ്പും രസംകൊണ്ടും വിപാകംകൊണ്ടും വിരുദ്ധങ്ങളാണു്. മധുരവും ചവർപ്പും, പുളിയും ഉപ്പും രസംകൊണ്ടു വിരുദ്ധങ്ങളാകുന്നു. പുളിയും എരുവും

ഭ്യാം മധുരകഷായയൌ ചാമ്ലലവണൌ രസതഃ. അമ്ലകടുകൌ രസവി പാകാഭ്യാമമ്ലതിക്തകഷായയൌ ച സവ്വ്രതഃ. ലവണകടുകൌ രസവിപാകാഭ്യം ലവണതിക്തൌ ലവണകഷായയൌ ച സവ്വ്രതഃ. കടുതിക്തൌ രസവിഭ്യാം കടുകഷായയൌ തിക്തകഷായയൌ ച രസതഃ. 15

തരതമയോഗായുക്താംശ്ച ഭാവാനതിരൂക്ഷാനതിസ്നിശ്ധാനത്യുഷ്ണാനതിശീതാനിത്യേവമാദീൻ വിവജ്ജ്യേൽ. 16

ഭവന്തി ചാത്ര—(പ).

വിരുദ്ധാന്യേവമാദീനി വീഴ്യതോ യാനി കാനിചിൽ
താന്യേകാന്താഹിതാന്യേവ ശേഷം വിദ്യാദ്ധിതാഹിതമ്. 17

രസംകൊണ്ടും വിപാകം കൊണ്ടും വിരുദ്ധങ്ങളാണ്. പുളിയും കയ്പും, പുളിയും ചവപ്പും രസവീയ്യവിപാകങ്ങളെക്കൊണ്ടു വിരുദ്ധങ്ങളാണ്. ഉപ്പും ഏരുവും രസംകൊണ്ടും വിപാകംകൊണ്ടും, ഉപ്പും കയ്പും, ഉപ്പും ചവപ്പും രസവീയ്യവിപാകങ്ങളെക്കൊണ്ടും വിരുദ്ധങ്ങളാകുന്നു. ഏരുവും കയ്പും രസവിയ്യങ്ങളെക്കൊണ്ടും, ഏരുവും ചവപ്പും, കയ്പും ചവപ്പും രസംകൊണ്ടും വിരുദ്ധങ്ങളാകുന്നു*. 15

രൂക്ഷത, സ്നിശ്ധത, ഉഷ്ണം, ശീതം മുതലായ ഏതു ഗുണങ്ങളും ഏതെങ്കിലും പദാത്ഥങ്ങളിൽ കണക്കിലധികമായിക്കാണുന്നുവെങ്കിൽ അവ സ്വഭാവവിരുദ്ധങ്ങളാണെന്നുവെച്ചുപേക്ഷിക്കണം$. 16

"മേൽ പറഞ്ഞ പ്രകാരം രസവീയ്യവിപാകപ്രഭാവങ്ങളെക്കൊണ്ടു ഒരുപോലെ വിരുദ്ധങ്ങളായിക്കാണുന്ന പദാത്ഥങ്ങളുപയോഗിക്കുന്നതു തീരെ ദോഷകരമാണെന്നറിയേണ്ടതാണ്. രസാദികളിൽ ഒന്നൊ രണ്ടൊ സംഗതിയിൽ വിരുദ്ധങ്ങളായ പദാത്ഥങ്ങളുടെ സംയോഗംകൊണ്ടു ചില ഗുണങ്ങളും ചില ദോഷങ്ങളുമുണ്ടാകുന്നതാക

---

* രസങ്ങളുടെ സംയോഗം വിരുദ്ധമാണെന്നു കാണിക്കുന്ന ഈ ഗ്രന്ഥഭാഗം അനാരഷ്മാണെന്നു ചില പ്രാമാണികന്മാർ പഠയുന്നു. സ്വസ്ഥന്മാർക്കു സവ്വരസങ്ങളും ഒരേസമയത്തുപയോഗിക്കുന്നതിനും ഏകരസസേവ ചെയ്യാതിരിക്കേണ്ടതിനും ശാസ്ത്രവിധിയുള്ളതുകൊണ്ടാണു് അവർ അങ്ങിനെ പഠയുന്നതു്.

$ ഈ നിയമവും സ്വസ്ഥന്മാർക്കുള്ളതു. രോഗികൾക്കു് അവസ്ഥാനുസരണം ചുട്ടുക്കാവുന്നതാണു്.

വ്യാധിമിന്ദ്രിയദൌർബ്ബല്യം മരണഞ്ചാധിഗച്ഛതി
വിരുദ്ധരസവീര്യ്യാണി ഭുഞ്ജാനോനാത്മവാന്നരഃ. 18
യൽകിഞ്ചിദ്ദോഷമുൽക്ലേശ്യ ഭുക്തം കായാന്ന നിർഹരേൽ
രസാദിഷ്വയഥാത്ഥ്യം വാ തദ്വികാരായ കല്പതേ. 19
വിരുദ്ധാശനജാന്രോഗാൻ പ്രതിഹന്തി വിരേചനമ്
വമനം ശമനം വാപി പൂർവ്വം വാ ഹിതസേവനമ്. 20
സാത്മ്യതോല്പതയാ വാപി ദീപ്താഗ്നേസ്തരുണസ്യ ച

യാൽ ആ സംയോഗങ്ങൾ ഗുണദോഷമിശ്രങ്ങളാകുന്നു. രസവീര്യ്യാദികളാൽ പരസ്പരവിരുദ്ധങ്ങളായ ദ്രവ്യങ്ങളെച്ചേർത്തി ഭക്ഷിക്കുന്ന ഇന്ദ്രിയജയമില്ലാത്ത മനുഷ്യന്നു് രോഗങ്ങളും ഇന്ദ്രിയങ്ങൾക്കു് ശക്തിക്കുറവും മരണവുമുണ്ടാകുന്നതാണു്. ഏതൊരു പദാർത്ഥം അകത്തുള്ള വാതാദിദോഷങ്ങളെ ഇളക്കി വിടുകയും എന്നാൽ അവയെ ദേഹത്തിൽ നിന്നു പുറത്തേക്കു തള്ളിക്കളയാതിരിക്കുകയും ചെയ്യുന്നവൊ ഏതൊരു ദ്രവ്യത്തിങ്കൽ അതിന്നു സ്വതെ ഉണ്ടാകേണ്ടുന്ന *രസം മുതലായതു ശരിയല്ലാതെയൊ വിരുദ്ധമായൊ ഇരിക്കുന്നവൊ അങ്ങിനെയുള്ള വസ്തുക്കൾ ഉപയോഗിച്ചാൽ ഉപദ്രവങ്ങളുണ്ടാകുന്നതാണു്. 17—19

വിരുദ്ധപദാർത്ഥങ്ങൾ സേവിച്ചുണ്ടാകുന്ന ദോഷങ്ങളെ †വമന വിരേചനങ്ങൾ ചെയ്തു പുറത്തുകളയണം. അതാതുദോഷങ്ങൾക്കുള്ള ശമനൌഷധങ്ങളുപയോഗിച്ചു ശമിപ്പിക്കയും നന്നു്. വിരുദ്ധദ്രവ്യങ്ങളുപയോഗിക്കാതെ നിവൃത്തിയില്ലെന്നു വന്നാൽ ആ വക അവസരങ്ങളിൽ വിരുദ്ധാന്നംകൊണ്ടുള്ള വിഷദോഷത്തെ തീർക്കുവാൻ ശക്തിയുള്ള നല്ല പദാർത്ഥങ്ങളെ മുൻകൂട്ടി ഉപയോഗിച്ചു് ദേഹത്തിന്നു ഗുണമുണ്ടാക്കിവെക്കണം. അങ്ങിനെയായാൽ പിന്നെ വിരുദ്ധാന്നഭക്ഷണംകൊണ്ടുള്ള ദോഷം ബാധിക്കയില്ല. 20

വിരുദ്ധാഹാരം പതിവായി ഉപയോഗിച്ചു ശീലമുള്ളവർക്കും അതി

* 'രസാദിഷ്വയഥാത്ഥ്യം' എന്ന മൂലത്തിലെ വചനത്തിന്നു് 'രസാദിധാതുക്കളെ ദൂഷിപ്പിക്കുന്നതു്' എന്നും അർത്ഥം കാണുന്നു.

† വമനവിരേചനങ്ങളും ദോഷാധിക്യവും ദേഹബലവുമുള്ളവർക്കും, ശമനം അതില്ലാത്തവർക്കും ഹിതമാണെന്നു ഗ്രഹിക്കണം.

ഏകവിംശോധ്യായഃ.

അഥാതോ വ്രണപ്രശ്നമധ്യായം വ്യാഖ്യാസ്യാമഃ.

വാതപിത്തശ്ലേഷ്മാണ ഏവ ദേഹസംഭവഹേതവഃ. തൈ
ര്വ്യാപന്നൈരധോമധ്യോർദ്ധ്വസന്നിവിഷ്ടഃ ശരീരമിദം ധാര്യതേ
മിവ സ്ഥൂണാഭിസ്തിസ്രഭിരതശ്ച ത്രിസ്ഥൂണമാഹുരേകേ. ത ഏവ ൧

ഇരുപത്താന്നാമധ്യായം.

ഇനി *വ്രണപ്രശ്നമെന്ന (വാതാദികളുടെ സ്ഥാനാദികളെ വിവരിക്കുന്ന) അധ്യായം പറയാം:— 1

മനുഷ്യശരീരത്തിന്റെ ഉൽപത്തിഹേതുക്കളായ പ്രധാനസാധനങ്ങൾ വാതം, പിത്തം, ശ്ലേഷ്മാ എന്ന ||മൂന്നു വസ്തുക്കൾ മാത്രമാകുന്നു. അവയിൽ വാതം ദേഹത്തിന്റെ അധോഭാഗത്തും പിത്തം മധ്യഭാഗത്തും കഫം ഊർദ്ധ്വഭാഗത്തും ഇരിക്കുന്നു. കേടുകൂടാതിരിക്കുന്ന ആ വാതാദികൾ ശരീരത്തെ, മൂന്നു തൂണുകൾ ഒരു ഭവനത്തെ എങ്ങിനെയൊ അങ്ങിനെ നിലനിൽത്തിക്കൊണ്ടും ഇരിക്കുന്നു. ഇതുകൊണ്ടാണ് ചിലർ ദേഹത്തെ 'ത്രിസ്തൂണം' (മൂന്നു തൂണുള്ളത്) എന്നു പേർ പറയുന്നതു്. വാതാദികൾക്കു വല്ല കേടും പറ്റിയാൽ ദേഹത്തിന്നും കേടൊ നാശമൊ സംഭവിക്കും. ഈ മൂന്നു വസ്തുക്കളും നാലാമതായി ര

* വ്രണശബ്ദത്തിനു് ഇവിടെ വ്രണഹേതുക്കളായ വാതാദിദോഷങ്ങളെന്നർത്ഥമാകുന്നു. പ്രശ്നംചോദ്യം; ജിജ്ഞാസയെന്നു താൽപര്യം. അപ്പോൾ വാതാദിദോഷങ്ങളെപ്പറ്റി അറിയേണ്ടുന്ന സംഗതികളെ വിവരിക്കുന്ന അധ്യായമെന്നർത്ഥമായി.

|| ധാതുക്കളും മലമൂത്രങ്ങളും ദേഹത്തിലുള്ള ഉപാദാനവസ്തുക്കൾ തന്നെ, എങ്കിലും അവയേക്കാൾ വാതാദികൾക്കു പ്രാധാന്യമുള്ളതുകൊണ്ടാണു് അവയെ മാത്രം ഇവിടെ പറഞ്ഞതു്. അഥവാ വാതാദികൾ ധാത്വാദികളിൽ സർവ്വാത്മനാ വ്യാപിച്ചിരിക്കുന്നവയും അതുകളുടെ സ്വസ്വവ്യാപാരസാമർത്ഥ്യത്തെ നിലനിർത്തുന്നവയുമാണെല്ലൊ. "ശുക്ലം സൌമ്യമാർത്വമാഗ്നേയം.....തേജോനിലസന്നിപാതാച്ഛുക്ലം ഘൃതം....." എന്നും "ശീതോഷ്ണസ്നിഗ്ധരൂക്ഷപ്രവൃദ്ധ്യമാനാനാം മഹാഭൂതാനാം സംഘാതോ ഘ്രാനസ്യ ജ്ഞായതേ" എന്നും മറ്റുമുള്ള വചനങ്ങളിൽ നിന്നു് ദേഹോൽപത്തിക്കു വായുവും തേജസ്സും ശ്ലേഷ്മവും പ്രധാനകാരണങ്ങളാണെന്നു വരുന്നതുമുണ്ടു്.

ചയഹേതവഃ, തദ്ദേഭിരേവ ശോണിതചതുർത്ഥൈഃ സം
ഘാതയേഷ്ടപ്യുവിരഹിതം ശരീരം ഭവതി. 2

ഭവതി ചാത്ര—(പ).

ത്ത ദേഹഃ കഫാദസ്തി ന പിത്താന്ന ച മാരുതാൽ
ശോണിതാദപി വാ നിത്യം ദേഹ ഏവൈതദുച്യതേ. 3

(ഗ). തത്ര വാ ഗതിഗന്ധനയോരിതി ധാതുഃ, തപ സന്താപേ, ശ്ലിഷ് ആലിംഗനേ. ഏതേഷാം കൃദ്ഗ്രഹണേന പ്രത്യയമാത്രം പിത്തം ശ്ലേഷ്മേതി ച ത്രൂപാണി ഭവന്തി. 4

ദോഷസ്ഥാനാന്യത ഊർദ്ധ്വം വക്ഷ്യാമഃ. തത്ര സമാസേന വാതഃ ശ്രോണീഹൃദയസംശ്രയഃ. ശ്രോണീഹൃദയയോരുപര്യധോ നാഭേഃ പ

കൃതവും, ദേഹം ജനിക്കയും നിലനിൽക്കയും നശിക്കയും ചെയ്യുന്ന കാലങ്ങളിലൊക്കയും ദേഹത്തോടു ചേർന്നുകൊണ്ടുതന്നെ ഇരിക്കുന്നുണ്ട്. 2

"കഫം, പിത്തം, വാതം, രക്തം എന്നിവയെക്കൂടാതെ ദേഹം ഇല്ല. ഈ നാലു സാധനങ്ങളാണ് ദേഹത്തെ ഇങ്ങിനെ നിലനിർത്തുന്നതു". 3

ഇവിടെ "വാ" ധാതുവിന്നു ഇളകുക, അല്ലെങ്കിൽ വാസിക്കുക എന്നു രണ്ടർത്ഥമുണ്ട്. "തപ" ധാതുവിന്നു ദഹിപ്പിക്കുക, അല്ലെങ്കിൽ ചൂടുപിടിപ്പിക്കുക എന്നർത്ഥമാകുന്നു. "ശ്ലിഷ്" ധാതുവിന്നു ആലിംഗനമെന്നർത്ഥമാണു. ഈ ധാതുക്കളിൽ കൃൽപ്രത്യയം ചേർത്തുണ്ടാകുന്ന പദങ്ങളാണ് വാതം, പിത്തം, ശ്ലേഷ്മം എന്നിവ*. 4

ഇനിമേൽ വാതാദിദോഷങ്ങൾക്കുള്ള സ്ഥാനങ്ങളെ പറവാൻ

---

* 'ഹസി മൃഗിൺ' ഇത്യാദി (ഉ-3-86) സൂത്രപ്രകാരം 'തനു' പ്രത്യയം ചേർത്താൽ വാതം പിത്തമെന്നപദം പൃഷോദരാദിപ്രകാരം സിദ്ധിക്കുന്നുവെന്നു ഭാഷ്യകാരമതം. പാലനാർത്ഥമായ "ദേങ്" ധാതുവിലോ അവഖണ്ഡനാർത്ഥമായ "ദോ" ധാതുവിലോ 'ക്ത' പ്രത്യയം ചേർത്തി 'അപി' എന്ന ഉപസർഗ്ഗംകൂട്ടി ഉപസർഗ്ഗത്തിന്റെ അകാരം ലോപിപ്പിച്ചാൽ പിന്നെയുണ്ടാകുന്ന രൂപമാണ് പിത്തം എന്നു മിക അപ്പായ്ന്മാർ പറയുന്നുണ്ട്: 'സർവ്വധാതുഭ്യോ മനിൺ' (ഉ-145) എന്ന സൂത്രത്താൽ 'മനിൺ' പ്രത്യയം ചേർത്തു ശ്ലേഷ്മപദം വരുത്തുന്നു. ഈ നിർവ്വചനങ്ങളാലും ചലനവും ഗന്ധനവും വായുവിന്റെയും, ചൂടും വേവും പിത്തത്തിന്റേയും, കൂട്ടിച്ചേർക്കയെന്നതു കഫത്തിന്റെയും സ്വഭാവഗുണങ്ങളാണെന്നു വരുന്നു.

കപാശയഃ, പക്വാമാശയയോർമ്മധ്യം പിത്തസ്യ-
ഷ്ഠണഃ.

അതഃ പരം പഞ്ചധാ വിഭജ്യന്തേ. തത്ര വാതസ്യ വ
ക്ഷ്യാമഃ. പിത്തസ്യ യകൃൽപ്ലീഹാനൌ ഹൃദയം ദൃഷ്ടിസ്പ-

പോകുന്നു: — *ശ്രോണിപ്രദേശത്തിലും ഹൃദത്തിലും വാതം സ
ചെയ്യുന്നു. ശ്രോണിയുടേയും ഹൃദത്തിന്റേയും ഉപരിഭാഗത്തു
ക്കുകീഴിലായിരിക്കുന്ന സ്ഥലത്തിനു പക്വാശയം (Int
നു പേരാകുന്നു. ഈ പക്വാശയത്തിന്റേയും ആമാശ
ഇടസ്ഥല(ഗ്രഹണി)ത്താണു് പിത്തം ഇരിക്കുന്നതു്.
സ്ഥാനം ആമാശയമാകുന്നു. ഈ സ്ഥാനനിർണ്ണയം സംകേ
താണു്. വിവരിക്കുന്നപക്ഷം വേറെയും സ്ഥാനം പറയേണ്ടതു

ഓരോ ദോഷങ്ങൾക്കും (മുമ്പാഞ്ഞതുകൂടാതെ) അയ്യഞ്ചു
ങ്ങളുണ്ടു്. അവയെ ഇനി പറവാൻ പോകുന്നു:— എന്നാൽ ഉ
ത്തിനുള്ള അഞ്ചു സ്ഥാനങ്ങളെ വാതവ്യാധിനിദാന (നിദാനസ്ഥാന
1-ാം അധ്യായം) ത്തിൽ പറഞ്ഞുകൊള്ളാം. കയകൃൽ (Liver), പ്ലീഹ

* ഇവിടെ ശ്രോണിശബ്ദത്തിനു പക്വാശയമെന്നർത്ഥമാകുന്നു. "പക്വാധാന
ഗ്രഹണ്യയഃ" എന്നു് നിദാനസ്ഥാനത്തിൽ പറവാൻ പോകുന്നുണ്ടു്.

കയകൃത്തു് ഒരുമാതിരി ചുകപ്പുനിറമുള്ളതും മൃദുത്വമുള്ളതുമായ പിണ്ഡമാണു്. അതു് സ്വസ്ഥനായ ഒരു യുവാവിനു് ഏകദേശം മൂന്നുമുതൽ നാലുവരെ റാത്തൽ തൂക്കമുണ്ടാകും. കോഷ്ഠഗഹ്വരത്തിന്റെ മുകൾഭാഗത്തു് വാരിയെല്ലുകൾക്കുള്ളിലാണു് അതു കിടക്കുന്നതു്. വലത്തുഭാഗത്തു അധികവും ഇടത്തുഭാഗത്തു കുറച്ചും അതു വ്യാപിച്ചിരിക്കുന്നു. വലത്തുനിന്നു ഇടത്തോട്ടു നീളത്തിൽ അളന്നാൽ ഏകദേശം പത്തുമുതൽ പന്ത്രണ്ടുവരെ ഇഞ്ചു നീളം കാണും. വീതിപ്പാടിൽ അളന്നാൽ അതേഴു് ഇഞ്ചുണ്ടാകും. വലത്തെഅല്പം കൂടി അധികം കട്ടിയുള്ളതാണു്. അവിടം മൂന്നിഞ്ചുകട്ടി കാണും. യകൃത്തു് ദേഹത്തിൽ ഏറ്റവും മുഖ്യമായ ഒരവയവമാണു്. അതിൽനിന്നുണ്ടാകുന്ന പിത്തജലം ദഹനക്രിയയിൽ ഒരു മുഖ്യോപകരണമാകുന്നു. വേറെ ഉപകാരങ്ങളും യകൃത്തുകൊണ്ടുണ്ടു്. യകൃത്തിൽ രക്തനാഡികളും സ്നായുക്കളും (Nerves) രസവാഹിനികളുമുണ്ടു്. യകൃത്തിന്റെ മുഖ്യവ്യാപാരം പിത്തജലത്തെ ഉണ്ടാക്കുകതന്നെ.

പിത്താശയം—യകൃത്തിന്റെ വലത്തെ ഖണ്ഡത്തിൽ അതിന്റെ അടിപ്രദേശത്തായിക്കിടക്കുന്ന ഒരു സഞ്ചിയാണു് പിത്താശയം (Gall-Bladder) എന്നതു്. ഇതിൽ ഒന്നോരണ്ടോ ഔൺസ് വെള്ളം കൊള്ളുന്നതാണു്. (ഇതു മിക്കതും യുവാവിനുള്ള

ാദ സ്ഥൂരശിരകേണ്ഡൊസന്ധയ ഇതി പൂർവ്വോക്തഞ്ച. ഏ
ാദാംഷ്ടാണാം സ്ഥാനാന്യവ്യാപന്നാനാമ്. 6

ച്ഛദയം, കണ്മിഴി, തലക്ക് എന്നീ അഞ്ചു സ്ഥാനങ്ങളും മൻപ
ലകപാശയവും പിത്തത്തിന്റെ സ്ഥാനങ്ങളാകുന്നു. ഉരസ്സ് (നെ
ി, ശിരസ്സ്, കണ്ണും,*സന്ധികളും ഈ സ്ഥലങ്ങളും മുമ്പറഞ്ഞ ആ

ാപാരം(കുടലിൽ)അവശ്യമില്ലാത്ത ഇടസമയത്തു് യകൃത്തിൽ നിന്നുവന്ന
ുലരസത്തെ കരുതിവെക്കാനുള്ള ഒരു പാത്രമായിട്ടാണു് ഇന്നിനെ വിവാ

ർ—ഇതു മഞ്ഞനിറമുള്ളതും ചെമ്പുകലർന്നതുമാകുന്നു. ഇതിൽ (സു
ൽ പോകുന്നു. പിത്തജലം യകൃത്തിൽ ചെല്ലുന്ന അശുദ്ധരക്തവാഹിനിക
Veins, നീചിനികൾ)കളിൽ നിന്നുണ്ടാകുന്നു. കോശ്യയായി അതിന്റെ ഭിത്തി
ന്നു കിനിഞ്ഞുണ്ടായി പിത്തനാളികളെന്നു പറയപ്പെടുന്ന ചെറുകുഴലുകളിൽ
സഞ്ചരിച്ചു് ഒടുക്കം അതു് ആമാശയത്തിന്റെ താഴത്തെത്തലയായ ഗ്രഹണീസ്ഥാ
(Duodenum)ത്തിലെന്നു് അവിടത്തെ അന്നപിണ്ഡത്തോടുചേർന്നു് കുടലിലേക്കു് ഇറ
ങ്ങുന്നു, പാകക്രിയ നടത്തുകയും ചെയ്യുന്നു. ഈ വ്യാപാരം അവിടെ അവശ്യമില്ലാ
ത്ത സമയങ്ങളിൽ അതു മേല്പറഞ്ഞ പിത്താശയത്തിൽ ചെന്നുകൂടുകയും അവശ്യപ്പെട്ട
തനുസരിച്ചു പിന്നെ കുടലിലേക്കു വരികയുമാണു് പതിവു്.

പ്ലീഹാ (Spleen)—ഇതു വളരെ മൃദുവുമുള്ളതും കരുഞ്ചുകപ്പുനിറമുള്ളതും ഇട
ത്തെ വൃക്ക (Kidney)ത്തിന്റെ ഉപരിഭാഗത്തു വയറിൽ കിടക്കുന്നതും അകുന്നു. ഇ
തിനു മിക്കതും നാലിഞ്ചുനീളവും മൂന്നിഞ്ചുവീതിയും രണ്ടിഞ്ചുകട്ടിയുമുണ്ടാകുമെന്നു കണ
ക്കാക്കപ്പെട്ടിരിക്കുന്നു. ചില കാരണത്താൽ ഇതു് അധികം വലുതാകും. അപ്പോൾ ഇട
ത്തെ വരിയെല്ലുകളുടെ താഴത്തായി വിരൽകൊണ്ടമർത്താൽ കാണാം. ഇതിൽ അധികം
രക്തനാഡികളും നിറഞ്ഞു കിടക്കുന്നു. എന്നാൽ യകൃത്തിലെപ്പോലെ ഇതിൽ ഒന്നും
ഒന്നുണ്ടാകുന്നില്ല. ഇംഗ്ലീഷു ശരീരതത്വജ്ഞന്മാക്ക് പ്ലീഹയുടെ യഥാർത്ഥമായ ഉപ
യോഗത്തെപ്പറ്റി പൂർണ്ണവിവരം ഇനിയും കിട്ടീട്ടില്ലെന്നു തോന്നുന്നു. എന്നാൽ രക്ത
ത്തിൽ കാണുന്ന ശ്വേതാണുക്കൾ(Colourless Corpuscels)ളെ പ്ലീഹ അധികമുണ്ടാ
ക്കിത്തീർക്കുന്നുവെന്നു് അവർ ഊഹിക്കുന്നു. പ്ലീഹയെ മുറിച്ചുകളഞ്ഞാൽ ദേഹത്തിനു
കേടൊന്നുമുണ്ടാകയില്ലെന്നും ചിലരഭിപ്രായപ്പെട്ടിട്ടുണ്ടു്.

* സന്ധികൾ രണ്ടുവിധമാണു്. ഒന്നു് ഇളക്കമുള്ളതും മറ്റതു് ഇളകാത്തതും
ആകുന്നു. അംഗുലിസന്ധി മുതലായവ ഇളകുന്നവയും പൃഷ്ഠകാസന്ധിമുതലായവ ഇ
ളകാത്തവയുമാണു്. ഇങ്ങിനെ സന്ധികൾ രണ്ടുവകയുള്ളതുകൊണ്ടു് കഥത്തിനു് അഞ്ചു
സ്ഥാനം പൂർത്തിയായിരിക്കുന്നതാണു്.

(പ). വിസർഗ്ഗാദാനവിക്ഷേപൈർ സോമ-
ധാരയന്തി ജഗദ്ദേഹം കഫപിത്താനി-
തത്രജിജ്ഞാസ്യം കിം പിത്തവ്യതിരേക
സ്പിൽ പിത്തമേവാഗ്നിഃ? ഇതി. അത്രോച്യതേ
വ്യതിരേകാദന്യോഗ്നിരുപലഭ്യതേ, ആഗ്നേയത്വാൽ.
ചനാദിഷ്ടഭിവർത്തമാനേഗ്നിവദുപചാരഃ ക്രിയതേന്തരം
ണേ ഹ്യഗ്നിർഗ്രഹണേ തത്സമാനദ്രവ്യോപയോഗാദതിപ്രവൃദ്ധേ

മാശയവും *കഫസ്ഥാനങ്ങളാകുന്നു. എന്നാൽ ഈ സ്ഥാ-
÷ദ്ധിച്ചിട്ടില്ലാത്ത വാതാദിദോഷങ്ങൾക്കുള്ളവയാകുന്നു.

"ലോകത്തിൽ ചന്ദ്രൻ ബലമുണ്ടാക്കിക്കൊടുക്കുന്നു. സൂര്യൻ ആ-
തിനെ എടുക്കുക(ആദാനം)യും ചെയ്യുന്നു. വായു അതിനെ വ്യാ
പിപ്പിക്കുന്നു. ഇതുപോലെതന്നെ ദേഹത്തിങ്കൽ കഫം ബലമുണ്ടാ
ക്കിക്കൊടുക്കുന്നു. പിത്തം അതിനെ §എടുക്കുന്നു(ആദാനം). വാതം
അതിനെ വേണ്ടപോലെ വ്യാപിപ്പിക്കുന്നു. ഇങ്ങിനെയാണ് മൂന്നു
ദോഷങ്ങൾ ദേഹത്തെ നിലനിത്തിവരുന്നത്." 7.

†ഇവിടെ ഒരു സംശയം അറിയേണ്ടതുണ്ട്. പിത്തത്തെക്കൂടാ

---

* "സ്വേദോ രസോ ലസീകാ രുധിരമാമാശയശ്ചേതി പിത്തസ്ഥാനാനി" "ഉരഃശിരോഗ്രീവാപർവ്വാണ്യാമാശയോ മേദശ്ച ശ്ലേഷ്മണഃ സ്ഥാനാനി" എന്നുള്ള പ്ര
കാരവചനപ്രകാരം പിത്തകഫങ്ങൾക്കു വേറെയും സ്ഥാനങ്ങളുണ്ടെന്നു കാണുന്നു. എ
ന്നാൽ ഇവിടെ പ്രധാനസ്ഥാനങ്ങളെ മാത്രം നിർദ്ദേശിച്ചതാണെന്നറിയണം. മൂലത്തിൽ
"പൂർവ്വോക്തം വാ" എന്നതിലെ വകാരംകൊണ്ട് "സ്വേദം" മുതലായതിനേയും "മേദസ്സ്"
മുതലായതിനേയും പഠഞ്ഞതായി വിചാരിക്കണമെന്നു ഭല്ലനമിശ്രൻ പറഞ്ഞിട്ടുമുണ്ട്.

÷ ഒഷധിച്ചുറപ്പയത്തു വാതാദികൾക്കു പ്രത്യേകം സ്ഥാനനിയമമില്ലെന്നത്രം.

§ ദേഹത്തിനു ബലകരമായ അന്നരസത്തിന്റെ അദ്യസ്ഥിതിക്ക് ശ്ലേഷ്മസ-
ഭാവമാണുള്ളതു്. അതുവഴിക്കാണല്ലൊ ദേഹത്തിൽ ബലപുഷ്ട്യാദികളുണ്ടാകുന്നതു്.
അതുകൊണ്ടാണ് കഫം ബലമുണ്ടാക്കിക്കൊടുക്കുന്നതാണെന്നു പറഞ്ഞതു്. അങ്ങിനെയു
ള്ള അന്നരസത്തെ അതാതു ധാതുക്കളിലുള്ള ഉഷ്മാവു ക്രമത്തിൽ പാകംചെയ്തു് അവശ്യാ
വശ്യമായ പോഷണപദാർത്ഥങ്ങളെ അതിൽ നിന്നെടുക്കുന്നു. ധാതാഗ്നി പിത്തം തന്നെ
യാണല്ലൊ. ഇതാണു് പിത്തം അതിനെ എടുക്കുന്നുവെന്നു പറഞ്ഞതിന്റെ തുല്യാർത്ഥം.
ഇങ്ങിനെ ഒരു ധാതുവിൽനിന്നു മറ്റൊന്നിലേക്കു പോഷണപദാർത്ഥങ്ങളെ കൊണ്ടു
ചെന്നുകൊടുക്കുന്ന ശക്തി ഒരുവക ചലനവ്യാപാരമാണല്ലൊ. ഈ വായുവിന്റെ സമ്മേ
ളനയാലാണു് വാതം അതിനെ വേണ്ടപോലെ വ്യാപിപ്പിക്കുന്നു എന്നു പറയുന്നതു്.

† "രസത്തെ ആദാനംചെയ്യുന്നതു പിത്തമോ അഗ്നിയോ എന്നുള്ള സംശയ
ത്തിൽ" എന്നാണു് "ഇവിടെ" എന്നതിനർത്ഥം.

ശ്യാമോ ന ഖലു പിത്തവ്യതിരേകാദ

8

ണ്ടോ അതോ പിത്തം തന്നെയോ അഗ്നി? ഇ

ാം: — പിത്തം (പാചകം)തന്നെയാണ് അഗ്നിയെ

ുന്നത്. അതിനെക്കൂടാതെ വേറെ ഒരഗ്നി ദേഹത്തിൽ

ആഗ്നേയവസ്തുവായ പിത്തം ദഹിപ്പിക്കുക, വേവിക്കുക

പ്രവൃത്തികൾ നടത്തുന്നതുകൊണ്ട് അഗ്നിയുടെ നിലയിൽ

ുത്തന്നെയാണ് വ്യവഹരിക്കുന്നത്. അന്തരഗ്നി (ഉള്ളിലെഅ

ി) എന്നു പിത്തത്തിനുതന്നെയാണ് പേർ നിശ്ചയിച്ചിട്ടുള്ളത്. സാ

ധാരണ അഗ്നിയുടെ ലക്ഷണങ്ങളു (ചൂടുമുതലായത്) ള്ളപദാർത്ഥങ്ങളു

പയോഗിച്ചാൽ പിത്തം അധികം വർദ്ധിക്കയും പിത്തത്തെ ക്ഷയിപ്പി

ക്കുന്നതിനു് അഗ്നിസ്വഭാവത്തിനു വിരുദ്ധങ്ങളായ (ശൈത്യാദിഗു

ണമുള്ള) വസ്തുക്കളെ ഉപയോഗിച്ചാൽ വർദ്ധിക്കയും ചെയ്യുക്കാണുന്നതു

കൊണ്ടും *ശാസ്ത്രത്തിൽ അങ്ങിനെ പറഞ്ഞിട്ടുള്ളതുകൊണ്ടും പിത്ത

ത്തെക്കൂടാതെ വേറെ അഗ്നിയെന്നൊരുവസ്തു ദേഹത്തിലില്ലെന്നു നാം

ഗ്രഹിക്കുന്നു. 8

---

* "ഉഷ്മാ തേജോമയം പിത്തം പിത്തോഷ്മാ യസ്സ പക്തിദാൻ സ കായാ

ഗ്നിഃ.....;" "ദർശനം പക്തിരുഷ്മാ ച.....പിത്തകർമ്മാവികാരജം" ഇത്യാദിവച

നങ്ങളിൽ പിത്തത്തെ അഗ്നിയുടെ നിലക്കു് പറഞ്ഞിരിക്കുന്നു. തന്ത്രകാരൻ തന്നെ "കാ

നകം രാജതം താമ്രം.....വിലീയന്തേ പിത്തതേജഃ പ്രതാപനാൽ" എന്നു പറവാൻ

പോകുന്നതുണ്ട്. "തീക്ഷ്ണം പിത്തേനാഗ്നി" എന്നും "കടഃജീർണ്ണവിഷ്ടബ്ധരൂക്ഷാരാത്തൈ

പിത്തമുല്ബണം. അപ്പാപചയദ്ധന്ത്യനലം" എന്നും മറ്റുമുള്ള വചനങ്ങളിൽ പിത്തത്തെ

അഗ്നിയിൽനിന്നു ഭിന്നമായി പറഞ്ഞിട്ടുണ്ടെല്ലൊ എന്നുണ്ടെങ്കിൽ ആ വചനങ്ങളും അഗ്നി

യുടെ വൃദ്ധിക്ഷയഹേതുക്കളെ പറയുകയാകുന്നു. അഗ്നിപിത്തങ്ങൾക്കു് വ്യത്യാസമുണ്ടെ

ന്നു കാണിക്കുകയല്ല അവയുടെ ഉദ്ദേശം. "എള്ളുവലുതായാൽ എണ്ണയധികമുണ്ടാകും"

എന്നു പറയുന്നതായാൽ എള്ളും എണ്ണയും വെവ്വേറെയാണെന്നു ഗ്രഹിച്ചുകൂടാത്തതാണ

ല്ലൊ. കടുരസം മുതലായതുപയോഗിച്ചു് പിത്തം വിശുദ്ധമായി വർദ്ധിച്ചാൽ അതധികം

ദ്രവമായിത്തീരുകയും അപ്പോൾ അതിലുള്ള അഗ്നിസ്വഭാവം നശിക്കയും ചെയ്യുന്നു എ

ന്നാണു് രണ്ടാമത്തെ വചന(കടഃജീർണ്ണ.....)ത്തിന്റെ താൽപര്യം. അതുകൊണ്ടു് പി

ത്തമഗ്നിയല്ല അഗ്നിയെന്നും തിലതൈലങ്ങളെപ്പോലെ അവ അഗ്നിദ്രവ്യങ്ങളാണെന്നും ഗ്രഹി

ക്കണം.

$ അഗ്നികർമ്മങ്ങളെ ദേഹത്തിൽ പിത്തം നിർവ്വഹിക്കുന്നതുകൊണ്ടു് അതിനെ

അഗ്നിയെന്നു പറയുന്നു എന്നു മാത്രമല്ലാതെ പിത്തം ഒരു സാധാരണ അഗ്നിയല്ലെന്നുള്ള

തച്ചാദൃഷ്ടഹേതുകേന വിശേഷേണ
ത്തം ചതുർവ്വിധമന്നപാനം പചതി വിവേ

ഇന്നവിധത്തിലാണെന്നു നമുക്കു കണ്ടുപി
ടിക്കാതാ ഒരു ശക്തി (അദൃഷ്ടം)നിമിത്തം ആ *പിര
ന്റേയും ആമാശയത്തിന്റേയും മധ്യപ്രദേശത്തിലിരു
ത്തിലുള്ള അന്നപാനങ്ങളെ (ഭക്ഷ്യം പേയം മുതലായ) പ
സാരം ഗ്രഹിക്കേണ്ടതാണു്. "അഗ്നിരത്രേ പിത്താന്തർഗ്ഗതഃ കഫപിത്താകഫപിത
നി കരോതി" എന്നു് അത്രേയവചനമുണ്ടു്. പിത്താഗ്നികളെ അദൃഷ്ടത്തെ പറയു
ചികിത്സാസൗകര്യത്തിന്നുവേണ്ടിയാണു്.

* രസം രക്തം മുതലായ ധാതുക്കളിലിരുന്നു് അവിടെവച്ചു് അന്നരസത്തെ
പാകംചെയ്യുന്നു് അതിനു രൂപാന്തരപരിണാമം വരുത്തി ക്രമേണ പ്രാണികളുടെ ജീവമൂല
പദാർത്ഥ(Protoplasmic substance)മാക്കിത്തീർക്കുകയെന്നുള്ള പ്രവൃത്തി പിത്തത്തി
ന്റേതാകുന്നു. ഇതിന്റെ ഒടുവിലുണ്ടാകുന്ന ഫലം പുരുഷശുക്ലത്തിലെയും സ്ത്രീരക്തത്തിലെ
യും ഉൽപാദകബീജങ്ങ(Sperm and Ovum)ളാകുന്നു. ഇംഗ്ലീഷുശരീരശാസ്ത്രക്കാർ പ
റയുന്ന പരിണാമശക്തി (Metabolism, മെറബോളിസം) എന്നതും നമ്മുടെ പിത്ത
വും ഒന്നുതന്നെയാണെന്നു പറയാം. രസത്തെ കഫമെന്നും രക്തത്തെ പിത്തമെന്നും ചില
പ്പോൾ പറയാറുള്ളതു സ്ഥൂലമായ വിവരണമാകുന്നു. ആകർഷണശക്തി (Magnetism)
ഖരവും നിലീനശക്തി(Kinetic-energy)പിത്തവും അപ്യായനശക്തി(Humidity)
ശ്ലേഷ്മവുമാണെന്നു നിരൂപിക്കുന്നതും കരുവിദ്യാ യോജിച്ചിരിക്കും. ഒരുഭിക്കിൽനിന്നു മ
റൊരിടത്തേക്കു പദാർത്ഥങ്ങൾകൊണ്ടാകുന്ന ചലനം അല്ലെങ്കിൽ സ്പന്ദനം വാതലക്ഷണ
വും പദാർത്ഥങ്ങളിലിരുന്നു് അവയ്ക്കു പരിണാമം മുതലായ സകലവ്യാപാരങ്ങളിലും സ്വാ
ത്ഥ്യമുണ്ടാക്കിക്കൊടുക്കുന്ന ശക്തി പിത്തലക്ഷണവും അവയ്ക്കു വേണ്ടുന്ന ജീവസ്സു കൊടു
ത്തു് പോഷണധാരണങ്ങളെ നിർവ്വഹിക്കുന്ന ശക്തി ശ്ലേഷ്മലക്ഷണവുമാണു്. ആയുർവ്വേദ
ഗ്രന്ഥങ്ങളിൽ മുമ്പറഞ്ഞ പാശ്ചാത്യന്മാരുടെ മെറബോളിസത്തിനും അതിന്റെ പ്രഭാവ
ലക്ഷണമായ ദേഹോഷ്മ മുതലായതിനും യുക്തിയിൽ കവിഞ്ഞ കൂടിയിരിക്കുന്ന പിത്തജലമെ
ന്ന സ്ഥൂലപദാർത്ഥത്തിനുംകൂടി ഒരുപോലെ പിത്തമെന്ന സംജ്ഞകൊടുത്തിരിക്കുന്നു. പി
ത്തത്തിൽ ജലാംശവും അഗ്ന്യംശവുമുണ്ടെന്നും അതിന്റെ അഗ്ന്യംശത്തെ ജഠരാഗ്നിയെന്നും
ദേഹോഷ്മാവെന്നും മറ്റും പറയുന്നുണ്ടെന്നും സാധരണ കത്തിക്കാറുള്ള തീയല്ല പിത്ത
മെന്നും ഇരിമ്പു പഴുപ്പിച്ചാൽ അതിങ്കലുണ്ടാകുന്ന ദാഹകശക്തിയെ അഗ്നിയെന്ന വ്യവ
ഹരിക്കുംപോലെ പിത്തത്തെ അഗ്നിയെന്ന വ്യവഹരിക്കയാണെന്നും മറ്റും പ്രാമാണികന്മാരുടെ പക്ഷമുണ്ടു്. ("ദ്രവതേജസ്സമുദായാത്മകസ്യാപി പിത്തസ്യ തേജോഭാഗോ
ഗ്നിരിതി; തേനപിത്തമപ്യഗ്നിവന്മന്യതേ. അതിതാപിതായോഗോളകവൽ പരമാർത്ഥ
തസ്തു അഗ്നിഃ പിത്താദ്ഭിന്ന ഏവ"—"മധുകോഷദ") അന്നരസം, രക്തം, ലസീകാ
(Serum), ഓജസ്സു് (Albumen), മേദസ്സു്, ദൃഷ്ടിമുതലായവയിലുള്ള പരിണാമശക്തി,

ാത്മശക്ത്യാ ശേഷാണാം പിത്തസ്ഥാനാ
ാമ്മണാന്നഗ്രഹം കരോതി തസ്മിൻ പിത്തേ
ാക്തം. 9

ദോഷങ്ങളേയും മലമൂത്രങ്ങളേയും വേർതിരിക്കയും ാതു അവിടെയിരുന്നുകൊണ്ടു തന്നെ ബാക്കിയുള്ള പി ങ്ങളിലും (യകൃത്ത് മുതലായതിൽ) ദേഹത്തിലൊട്ടാകെയും ത്തികൊണ്ട് *അഗ്നിവ്യാപാരങ്ങ(ചൂടുമുതലായ)ളെ നടത്തി ശരീ ാന്നുപകാരം ചെയ്യുന്നു. ഇങ്ങിനെയുള്ള ഈ പിത്തത്തിന്നു പാച ാഗ്നി (ദഹിപ്പിക്കുന്ന അഗ്നി) എന്നു പേരാകുന്നു. 9

പാകശക്തി, വിസർജ്ജനശക്തി, പ്രകാശം, ചൈതന്യം മുതലായ സർവ്വദോഷങ്ങളും പി ത്തലക്ഷണം തന്നെ. ഇംഗ്ലീഷുപണ്ഡിതന്മാരിൽ ചിലർ വാതപിത്തകഫങ്ങളെ Air, Bile, and Phlegm (വായു, പിത്തജലം, മലത്രുപമായകഫം) എന്നു തർജ്ജമചെയ്യുന്ന തു ശരിയല്ല. വാതാദികൾ ദേഹത്തെ ഉണ്ടാക്കുക, നിലനിർത്തുക, ക്ഷിപ്പിക്കുക, മലിന പ്പെടുത്തുക എന്നീപ്രവൃത്തികൾക്കെല്ലാം ഹേതുഭൂതങ്ങളാണെന്നു ("ശരീരദൂഷണാദ്ദോ ഷോ ധാതവോ ദേഹധാരണാൽ വാതപിത്തകഫാ ജ്ഞേയാ മലിനീകരണാന്മലാഃ") പ്ര മാണമുണ്ട്. അപ്പോൾ ഈ ഇതുകൾക്കുള്ള അവസ്ഥാഭേദംകൊണ്ടാണ് ധാതു, ദോഷം, മ ലം എന്ന പേരുകളുണ്ടാകുന്നതെന്നു വന്നു. മലത്രുപമായിരിക്കുന്ന അല്ലെങ്കിൽ സ്ഥൂലത്രുപ മായിരിക്കുന്ന നിലയിൽ മാത്രം പയോഗിച്ചിരിക്കുന്ന മേൽപറഞ്ഞ തർജ്ജമകൾ അവയെപ്പ റ്റി കതാറായ ജ്ഞാനമുണ്ടാക്കുമെന്നു പറയേണ്ടതില്ലല്ലൊ. എന്നാൽ 'ബൈൽ' എന്നു പറയപ്പെടുന്നതും യകൃത്തിലെ പിത്തസഞ്ചിയിലുള്ളതുമായ ആ പിത്തജലത്തിൽ മുമ്പാ ഞ്ഞ പാകശക്തി മുതലായതുണ്ടെന്നു വിചാരിച്ച് ആ മൂന്ദ്രവ്യത്തിന്നു പിത്തമെന്ന പേ ർ കൊടുക്കുന്നതു യുക്തമല്ലെന്നില്ല. ആ പിത്തജലത്തെപ്പറ്റി "കക്ക്" എന്ന സർ ിാദേ ഹതത്വജ്ഞർ—"അതു് അന്നത്തിലെ കൊഴുപ്പിനെ (Fat) ഉരുക്കി കുടലുകളുടെ ഭിത്തി ക്കകത്തുള്ള രസാകർഷകങ്ങളായ അങ്കുര (Lacteals)ങ്ങൾക്ക് അതിനെ വലിച്ചെടുക്കാൻ സൌകര്യമുണ്ടാക്കുന്നു; അതു (Bile) പ്രകൃതിസിദ്ധമായ വിരേചനൌഷധമാണു്; രക്ത ത്തിലെ കിട്ടപദാർത്ഥങ്ങളെ വേർപെടുത്തുന്നതിൽ അതു പ്രവൃത്തിക്കുന്നു; ആമാശയത്തിലെ രസത്തെ ഈ പിത്തജലം ജീർണ്ണിപ്പിക്കുന്നു" എന്നും മറ്റും പറഞ്ഞിട്ടുണ്ടു്. അതുകൊണ്ടു പിത്തജലം നമ്മുടെ പാചകപിത്തമാണെന്നു വരാം. അതിന്നു ദാഹകശക്തി പറയപ്പെ ട്ടിട്ടുണ്ടെല്ലൊ. അന്യസ്ഥാനങ്ങളിലെ ഭ്രാജകാദിപിത്തങ്ങൾക്കു് ഇതു സഹായിക്കുന്നുണ്ടെ ന്നും പറഞ്ഞിട്ടുണ്ടു്. ഇങ്ങിനെ മുമ്പറഞ്ഞവിധം ദേഹത്തിലെ പരിണാമശക്തി മുതലായ വയുടെ ഒരു സമഷ്ടിനാമമാണു് "പിത്തം" എന്നും അതിന്നു സ്ഥാനഭേദവും മറ്റും കൽപ്പിച്ചിട്ടുള്ളതു വ്യവഹാരസൌകര്യത്തിന്നാണെന്നും സിദ്ധമായി.

* അന്നരസത്തിലുള്ള സത്തിനേയും കിട്ടത്തേയും വേർപെടുത്തി പാകം ചെ

യത്തു യകൃൽപ്ലീഹ്നാഃ പിത്തം
ജ്ഞാ; സ രസസ്യ രാഗകൃദ്ഭവതി.

യൽ പിത്തം ഹൃദയേസംസ്ഥിതം തസ്യ
ജ്ഞാ; സോഭിപ്രാർത്ഥിതമനോരഥസാധനകൃദ്ഭവ.

യൽ ദൃഷ്ട്യാം പിത്തം തസ്യാന്നാലോചകോ
ത്രുപഗ്രഹണാധികൃതം.

യകൃത്തിലും പ്ലീഹയിലും പിത്തം ഇരിക്കുന്നു എന്നു. ണ്ടെല്ലൊ. ആ പിത്തം അവിടെവെച്ച് രസധാതുവിങ്കൽ നിറമുണ്ടാക്കിക്കൊടുക്കുന്നു. അതുനിമിത്തം ആ പിത്തത്തിനു കാഗ്നി (നിറം പിടിപ്പിക്കുന്നതു്) എന്നു പേർ നിശ്ചയിച്ചിരിക്കുന്നു.

ഹൃദയത്തിലിരിക്കുന്ന പിത്തം മനസ്സിലുള്ള ആഗ്രഹം സാധിപ്പിക്കുന്നതാ(പുരുഷാർത്ഥങ്ങളേയും മനോവ്യാപാരത്തേയും വേണ്ടപോലെ സാധിപ്പിക്കുന്നതു്)കയാൽ അതിനു *സാധകാഗ്നിയെന്നു പേർ. 11

ദൃഷ്ടിയിലിരിക്കുന്നപിത്തം ഓരോ വസ്തുക്കളുടെ സ്വരൂപത്തെ ഗ്രഹിക്കുന്നതിനുപകരിക്കുന്നതുകൊണ്ടു് ആലോചകാഗ്നി എന്നു അതിനു പേർ പറയുന്നു. 12

ഷ്ടു് രസാദിധാതുക്കളുടെ പോഷണത്തിനുപകരിക്കുന്ന ഉപരോനവസ്തുക്കളാക്കി പരിണമിപ്പിക്കുന്നതുകൊണ്ടു് ഈ അഗ്നി ഭോക്തൃത്തിനുപകരിക്കുന്നു.

§ രക്തത്തിൽ രണ്ടുകൂട്ടം അണുക്കളുണ്ടു്. ഒന്നു ചുകന്നതും മറ്റേതു വെളുത്തതുമാകുന്നു. യകൃത്തിലും പ്ലീഹയിലുമുള്ള രസനാഡികളിൽകൂടി സഞ്ചരിക്കുന്ന സമയത്തു് ആ രസത്തിൽ രക്തവർണ്ണങ്ങളായ അണുക്കളും വർദ്ധിക്കയും ആ അണുക്കളിൽ ലയിച്ചുകിടക്കുന്ന വർണ്ണബീജ(Haemoglobin)ങ്ങളും വികസിക്കയും ചെയ്യുന്നു. അതുനിമിത്തം ചുകപ്പു വർദ്ധിക്കുന്നു. ഇംഗ്ലീഷുശരീരശാസ്ത്രകർത്താക്കന്മാരിൽ ചില പ്രാമാണികന്മാർ "പ്ലീഹയുടെ മുഖ്യവ്യാപാരങ്ങളിലൊന്നു രക്തത്തിലുള്ള രണ്ടുതരം അണുക്കളെയും വർദ്ധിപ്പിക്കയാകുന്നു; പ്ലീഹയിലെ രക്തനാഡികളിൽ (Veins) പുഞ്ചൻപുത്തനായിട്ടുണ്ടാകുന്ന രക്താണുക്കൾ പെന്നപോലെ രക്തത്തോടുകൂടി സഞ്ചരിക്കുന്നു" എന്നു പറഞ്ഞിട്ടുണ്ടു്. "യകൃത്തിലുള്ള പിത്ത(Bile)ത്തിൽ കരു നിറഭേദം കാണുന്നതു് അതിനും രക്തത്തിലെ ചുകന്ന അണുക്ക(Red corpuscles)ളെ വർദ്ധിപ്പിക്കുന്ന ശക്തിയുണ്ടെന്നു കരുതിക്കുന്നു" എന്നും ചിലർ പറഞ്ഞിട്ടുണ്ടു്.

* ഹൃദയസ്പന്ദനംകൊണ്ടാണു് രക്തം വേണ്ടപോലെ അംഗങ്ങളിൽ വ്യാപിക്കുന്നതു്. മനോവ്യാപാരം നടത്തണമെങ്കിൽ മനോവാഹിനികളായ സ്നായുക്കൾക്കു വേണ്ടുന്നത്ര രക്തം ലഭിക്കണ്ണം. ആ രക്തത്തിൽ നിന്നുണ്ടാകുന്ന പോഷണപദാർത്ഥങ്ങളുടെ സഹായത്താലാണു് ബുദ്ധിവ്യാപാരം നടക്കുന്നതു്. അപ്പോൾ ഹൃദയത്തിന്റെ

സ്മിൻ ഭ്രാജകോഗ്നിരിതി സംജ്ഞാ; സോ
ലേപനാദീനാം ക്രിയാദ്രവ്യാണാം പക്തൃ
13
ദ്രവം പൂതി നീലം പീതം തഥൈവ ച
ഗഞ്ചൈവ വിദഗ്ധഞ്ചാമ്ലമേവ ച. 14
ഷ്മസ്ഥാനാന്യത ഊർദ്ധ്വം വക്ഷ്യാമഃ. തത്രാമാശയഃ പി

ക്കിങ്കലിരിക്കുന്ന പിത്തം ദേഹത്തിന്റെ *ഛായകളെ പ്ര
പ്പിക്കുന്നു. എണ്ണതേച്ചുകുളി, ധാര, മുതലായ ക്രിയകളിലും ദേ
ത്തിൽ വല്ലതും ലേപനം ചെയ്യുമ്പോൾ അപ്പോഴും ആ വക പദാർത്ഥ
ങ്ങളുടെ സൂക്ഷ്മാംശത്തെ തടുക്കിങ്കൽവെച്ചു പാകംചെയ്യിട്ടു ദേഹത്തി
ന്നു ഗുണകരമായി ഇരിക്കുന്നു. ഈ പിത്തത്തിന്നു ഭ്രാജകാഗ്നി എന്നു
പേരാകുന്നു. 13

"പിത്തം തീക്ഷ്ണമാകുന്നു; അതു് ഒരു ദ്രവപദാർത്ഥത്തിന്റെ കൂ
ട്ടത്തിൽപെട്ട വസ്തുവാകുന്നു. അതിന്നു പീത്ത ഗന്ധവും നീലനിറ
(പാകം വരാത്ത സമയത്തു്)വും മഞ്ഞനിറ (പാകം വന്ന സമയം)വു
മുണ്ടു്. അതു് ഉഷ്ണവീര്യവും ഏരുരസവുമുള്ളതാണു്. അതു ദുഷിച്ചാൽ
പുളിരസമായിത്തീരുകയും ചെയ്യും". 14

ഇനി കഫസ്ഥാനങ്ങളെ പറയാം:— ആമാശയം പിത്തസ്ഥാന
ത്തിനിന്നു മേൽഭാഗത്താണു്. പിത്താശയത്തിങ്കലുള്ള തേജസ്സു് മേൽ

സ്പന്ദനം മനോവ്യാപാരത്തിന്നു പരംപരയാ കാരണമാകുമെല്ലോ. ഹൃദയമെന്ന അവയ
വത്തിന്റെ ഭിത്തികളിലുള്ള മാംസപേശികൾക്കുള്ള സങ്കോചവികാസശക്തിയെ നില
നിർത്തിക്കൊണ്ടു് അതിങ്കലിരിക്കുന്ന പിത്തം അന്തഃകരണവ്യാപാരത്തെ സാധിപ്പിക്കു
ന്നു എന്നു പറഞ്ഞതിന്നിതാണു് ന്യായം. ഹൃദയത്തെ ബുദ്ധിസ്ഥാനമായി പണ്ടുള്ളവർ
വിചാരിച്ചിട്ടുള്ളതിനു് ഇതും ഒരു കാരണമാവാമെന്നു ചിലർ ഊഹിക്കുന്നു.

* ആയുർവ്വേദത്തിൽ ശരീരത്തെ ഛായയെന്നും പ്രഭയെന്നും രണ്ടായി ഭേദിച്ചിട്ടു
ണ്ടു്. അടുത്തുചെന്നു സൂക്ഷിച്ചുനോക്കുമ്പോൾ അംഗങ്ങളിൽ കാണുന്ന നിറം ഛായയും
ദൂരത്തുനിന്നു നോക്കിയാൽ കാണുന്ന നിറം പ്രഭയുമാകുന്നു. ഈ രണ്ടുകൂട്ടം നിറത്തേയും
ഇവിടെ ഛായാപദംകൊണ്ടു നിർദ്ദേശിച്ചിരിക്കുന്നു. രക്തത്തെ ഉണ്ടാക്കുന്നതും ഭ്രാജ
കപിത്തം തന്നെ.

† പിത്തത്തിന്നു തീക്ഷ്ണത്വം മുതലായ ധർമ്മങ്ങളുണ്ടെന്നിവിടെ പറഞ്ഞുവല്ലോ അ
തിനെ വർദ്ധിപ്പിക്കുകയും ക്ഷയിപ്പിക്കുകയും ചെയ്യുന്ന ദ്രവ്യങ്ങളെ കണ്ടുപിടിക്കാനാ
ണു്. മുമ്പറഞ്ഞ പിത്തജലം(Bile)ത്തിൽ ഈ ലക്ഷണങ്ങൾ മിക്കതും പ്രത്യക്ഷമായി
രിക്കയും ചെയ്യും. ആ പിത്തജലം പിത്തത്തിന്റെ സ്ഥൂലസ്വരൂപമാണല്ലോ.

ത്താശയസ്യോപരിഷ്ടാൽ തൽപ്രത്യനീകത്വാദൂർദ്ധ്വഗതിത്വാൽ തേജ
സശ്ചന്ദ്ര ഇവാദിത്യസ്യ; സ ചതുർവ്വിധസ്യാഹാരസ്യാധാരഃ സ: ച ത

പെട്ട വ്യാപിക്കുന്നതിനെ അതിനു വിപരീതങ്ങളായ തൈർ ഗുണ
ങ്ങളാൽ തടസ്ഥംചെയ്യുകൊണ്ട് കഫം *ആമാശയത്തിലിരിക്കുന്നു. ആ

* ആമാശയം പിത്തസ്ഥാനത്തിനു താഴത്തേ മറേറാ അവയവം അതിലുള്ള അന്നരസം കീഴ്പ്പോട്ടുപോകുമ്പോൾ അതിനെ പാകം ചെയ്യാനുള്ള അഗ്ന്യംശം ഒല്ലെമോ കും. ഉപരിഭാഗത്താണു് പിത്തമെങ്കിൽ അതിന്റെ ഊർദ്ധ്വഗതിയെ തടുത്തു നിലപ്പു ടുത്താനുള്ള ഒരു ശക്തിയില്ലാതാകയും അതുനിമിത്തം ദേഹനാശമുണ്ടാകയും ചെയ്യും. ഈ രണ്ടു വസ്തുകാണാത്തതിനാൽ പിത്തത്തിനു പരിഭാഗത്തു കഫസ്ഥാനമായ ആമാ ശയത്തെ അനുമാനിക്കുന്നു.

വായിൽ വല്ല സാധനവും ഇട്ടാൽ പ്രൊള്ളം ഒറക്കുന്നു. അതിനു 'ലാലാ' (Saliva) എന്നു പേരാണല്ലൊ. അന്നം ചെല്ലുന്ന അന്നനാളത്തിന്റെ ഭിത്തികൾക്കുള്ള ഉൾഭാഗ ത്തെല്ലാം ഇതുപോലെ ഒറക്കുന്നുണ്ടു്. ഒട്ടുരുളം ആമാശയത്തിലെത്തിയാൽ അവിടെയും അതിന്റെ ഭിത്തികളിൽനിന്നൊന്നുവരുന്ന ആമാശയരസം (Gastric Juice) അന്ന ത്തോടു ചേരുന്നു. ലാലാജലത്തിൽതന്നെ അധികാംശം ജലവും കുറെ പാചകദ്രവ്യങ്ങളും അലിഞ്ഞുകിടപ്പുണ്ടു്. ആമാശയരസത്തിലാകട്ടെ അന്നപാചനത്തിനാവശ്യമുള്ള ചില ക്ഷാരദ്രവ്യങ്ങളും ജലാംശവും ഉണ്ടു്. ആ ഔഷധജലത്തിന്റെ സംസർഗ്ഗംകൊണ്ടു് അ വിടെ ചെല്ലുന്ന അന്നം അലിഞ്ഞു നേർമ്മയിലായിത്തീരുന്നു. ആമാശയഭിത്തികൾ അ ന്നസ്പർശനനിമിത്തമുള്ള ഉത്തേജനത്താൽ സങ്കോചിക്കയും വികസിക്കയും ചെയ്യുന്നു. അ തുനിമിത്തം അന്നം നല്ല വണ്ണം അരച്ചു കുഴമ്പാക്കിയപോലെയാകും. ഇങ്ങിനെ ആയ അന്നത്തെ പിന്നെ പാകംചെയ്യാൻ എളുപ്പമായെല്ലൊ. ഇതാണു് 'ജലഗ്രഹണങ്ങൾകൊ ണ്ടു് അന്നം നലഞ്ഞു.....ദഹിക്കാനെളുപ്പമായിത്തീരുന്നു' എന്നുമേറേ പഠഞ്ഞതു്. ആമാശയത്തിൽവെച്ചു് അന്നത്തിനു് ആമാശയരസസംയോഗത്താൽ മധുരരസവും ശൈ ത്യവും മാവു പോലുള്ള സ്നേഹാദിഗുണങ്ങളുമുണ്ടാകുന്നുണ്ടു്. ആ സമയത്തിൽ കഫത്തിനു് മേൽപ റഞ്ഞ സപ്തോവിഭേദങ്ങളുണ്ടാകുന്നു എന്നല്ലാതെ കഫത്തിന്റെ ഉത്ഭവം ആമാശയത്തിൽ നിന്നാണെന്നു വിചാരിക്കരുതെന്നും അതു രസധാതുവിൽനിന്നുണ്ടാകുന്നതാണെന്നും ദേ ഹത്തിലെ സകല ജലാംശവും ശൈത്യം മുതലായ ധർമ്മങ്ങളും കഫമെന്നുള്ള പേരിനർഹ തയുള്ളവയാണെന്നും അന്നരസത്തിൽനിന്നുണ്ടാകുന്ന സത്തായ ഭാഗം രസധാതുവും മല ഭാഗം കഫവുമായിത്തീരുന്നു എന്നും ആ മലഭാഗം സൂക്ഷ്മധാതുഭാഗങ്ങൾക്കിടയിൽ കട ന്നിരുന്നു് അവയെ തമ്മിൽ പശപോലെ യോജിപ്പിച്ചുവെച്ചിരിക്കുന്നു എന്നും അതു കൊണ്ടാണിതിനു ശ്ലേഷ്മം(ശ്ലിഷ്) ധാതുവിനു യോജിപ്പിക്കയെന്നർത്ഥം)മെന്നു പേരുണ്ടാ യതെന്നും ഗ്രഹിക്കേണ്ടതാണു്.

കഫത്തിന്റെ സൂക്ഷ്മഭാഗം സർവ്വവ്യാപിയായ സൌമ്യശക്തിയാണെന്നും അ തിന്റെ വ്യാപ്തിരസധാതുവിൽ കൂടിയാണെന്നും വന്നു. പോഷണകർമ്മത്തിൽ ദേഹാഗ്നി ലേ ഒന്നാമത്തേതും മുഖ്യവുമായ ധാതു ഇതാണെന്നുള്ളതു് സർവ്വസമ്മതമാണു്. "കേരാരേഷു

ത്രൗദകൈർഗ്ഗുണൈരാഹാരഃ പ്രക്ലിന്നോ ഭിന്നസംഘാതഃ സുഖജരശ്ച ഭവതി. 15

(പ). മാധുര്യാൽ പിച്ഛിലത്വാച്ച പ്രക്ലേദിത്വാത്തഥൈവ ച
ആമാശയേ സംഭവതി ശ്ലേഷ്മാ മധുരശീതളഃ. 16

(ഗ). സ തത്രസ്ഥ ഏവ സ്വശക്ത്യാ ശേഷാണാം ശ്ലേഷ്മസ്ഥാനാനാം ശരീരസ്യ ചോദകകർമ്മണാനുഗ്രഹം കരോതി. ഉരസ്ഥഃ ത്രികസന്ധാരണമാത്മവീര്യേണാന്നരസസഹിതേന ഹൃദയാവലംബനം കരോതി. ജിഹ്വാമൂലകണ്ഠസ്ഥോ ജിഹ്വേന്ദ്രിയസ്യ സൌമ്യത്വാൽ സമ്യഗ്രസജ്ഞാനേ വർത്തതേ. ശിരഃസ്ഥഃ സ്നേഹസന്തർപ്പണാധികൃതത്വാദിന്ദ്രി

ദിത്യന്റെ *ഉപരിഭാഗത്തു് അതിനു വിപരീതഗുണമുള്ള ചന്ദ്രൻ എങ്ങിനെ കേടുകൂടാതെയിരിക്കുന്നുവൊ അങ്ങിനെ പിത്താശയത്തിന്റെ മേൽഭാഗത്തുള്ള ആമാശയത്തിൽ കഫം ഇരിക്കുന്നു. ആമാശയം നാലു പ്രകാരത്തിലുള്ള ആഹാരത്തിനും ആശ്രയമാണു്. ആ സ്ഥലത്തുള്ള ജലഗുണങ്ങൾകൊണ്ടു് അന്നം നല്ലതു കട്ടയുടഞ്ഞതലിഞ്ഞു ദഹിക്കാനുള്ളപ്പുമുള്ള നിലയിലായിത്തീരുന്നു. 15

ആമാശയത്തിലെത്തിയ അന്നം മധുരമായും വഴപ്പുള്ളതായും നല്ലവുള്ളതായും തീരുന്നുണ്ടു്. അതുകൊണ്ടു്, ഈവക ഗുണങ്ങൾതന്നെയാണു് ആമാശയത്തിലെ $കഫത്തിനുമുണ്ടായിത്തീരുന്നതു്". 16

കഫം (ശ്ലേഷ്മാ) ആമാശയത്തിൽതന്നെ വസിക്കുന്നതുകൊണ്ടു് സ്വന്തം ശക്തികൊണ്ടു ബാക്കിയുള്ള കഫസ്ഥാനങ്ങളിലും ദേഹത്തിലാകപ്പാടെയും ജലവ്യാപാരങ്ങൾ (ഇറുപ്പിക്കുക, കഴുകുക മുതലായതു്) നടത്തി ഗുണപ്പെടുത്തിവെച്ചുകൊണ്ടിരിക്കുന്നു. നെഞ്ഞത്തിരിക്കുന്ന കഫം (അ

യഥാ കല്യഃ പുഷ്ണാതി വിവിധൌഷധീഃ സ്വധാ കളേബരം ധാതൂൻ സർവ്വാൻ വർദ്ധയതേ രസഃ." എന്ന ഭാവമിശ്രവചനമുണ്ടു്.

* "ഭൂമേർയ്യോജനലക്ഷേ ദ്വേ സൌരം തൈതുയം മണ്ഡലം; ലക്ഷാദ്വിയാകരസ്യാപി മണ്ഡലം ശശിനഃ സ്ഥിതം." എന്ന വിഷ്ണുപുരാണവചനം ഇവിടെ പ്രമാണമാകുന്നു.

$ പിത്തത്തിന്റെ സ്ഥൂലഭാഗം പിത്തജലമായിരിക്കുന്നതുപോലെ കഫത്തിന്റെ സ്ഥൂലഭാഗം ദേഹത്തിൽനിന്നു പുറത്തു കളയാവുള്ള കഫമാകുന്നു. അതിൽ സ്നിഗ്ദ്ധത്വം, ശൈത്യം, വഴപ്പു് മുതലായ ധർമ്മങ്ങൾ പ്രത്യേകമായി കാണുന്നതുണ്ടു്.

യാണാമാത്മവീര്യേണാനുഗ്രഹം കരോതി. സന്ധിസ്ഥസ്തു ശ്ലേഷ്മാ സന്ധി
സന്ധിസംശ്ലേഷാൽ സന്ധ്യനുഗ്രഹം കരോതി. 17

(ച). ശ്ലേഷ്മാ ശ്വേതോ ഗുരുഃ സ്നിഗ്ധഃ പിച്ഛിലഃ ശീത ഏവ ച
മധുരസ്തു വിദഗ്ധഃ സ്യാദ്വിദഗ്ധോ ലവണഃ സ്മൃതഃ. 18

(ഗ). ശോണിതസ്യ സ്ഥാനം യകൃൽപ്ലീഹാനൌ, തച്ച പ്രാഗഭി
ഹിതമ്. തത്രസ്ഥമേവ ശോണിതസ്ഥാനാനുഗ്രഹം കരോതി. 19

വലംബകം) കൈകളുടെയും കഴുത്തിന്റെയും സന്ധിയായ *ത്രികമെന്ന
പ്രദേശത്തെ രക്ഷപ്പെടുത്തുന്നു. ആ കഫം അന്നരസത്തിന്റെ സംബ
ന്ധത്തോടുകൂടിയതായ തന്റെ സ്വന്തം ശക്തികൊണ്ടു പുതിയവ്യാപാര
ത്തിനു ശക്തിയുണ്ടാക്കിത്തീർക്കുന്നു. നാവിന്റെ മുരട്ടിലും കണ്ണെത്തിലും
ഇരിക്കുന്ന കഫം (ബാധകം) തന്റെ സൌമ്യഗുണം നിമിത്തം പദാ
ർത്ഥങ്ങളുടെ രസം റിയുന്നതിനു നാവിനു ശക്തിയുണ്ടാക്കിക്കൊടുക്കു
ന്നു. ശിരസ്സിങ്കല നുന്ന കഫം (തർപ്പകം) സ്വന്തം വീര്യംകൊണ്ട് അ
വിടെയുള്ള ഇ ളെ xമെഴുക്കുപിടിപ്പിക്കയും തർപ്പണം (പോഷ
ണം) ചെയ്യു കൊണ്ട് അവയെ ഗുണപ്പെടുത്തിവെച്ചുകൊ
ണ്ടിരിക്കുന ലിരിക്കുന്ന കഫം സന്ധികളെയെല്ലാം തമ്മി
ൽ ചേ ലനിത്തിക്കൊണ്ടിരിക്കുന്നു. (ഇതിനു ശ്ലേഷ്മ
കമെന്

17

ധനമാണു; അതിനു ഗുരുത്വവും മെഴുക്കും
സ്നുവുമാണ്. കഫം ദുഷിച്ചാൽ അതിങ്കൽ
ന്ന സമയത്തു് അതിനുള്ള രസം മധുരമാ

18

യകൃത്തും പ്ലീഹയുമാകുന്നു. ഈ സംഗ
ന്തിൽ) പറഞ്ഞിട്ടുമുണ്ട്. യകൃൽപ്ലീഹക

സാധാരണ്യതണ്ടെല്ലിന്റെ താഴത്തെത്തലയെന്ന
ാരൻ് ഈ അർത്ഥം തന്നെ പറഞ്ഞിട്ടുമുണ്ട്. ഇ

പ്പണ' പദത്തിനു് 'സ്നേഹംകൊണ്ടുള്ള (മെഴുക്കു
ം)' എന്നർത്ഥം പറയാം. സ്നേഹപദത്തിനു് ഇവി
ാതിനെ ശിരഃസ്ഥമായ കഫം പോഷണംചെയ്തു് അ
ിയെ കൊടുക്കുന്നു എന്നും വ്യാഖ്യാനമുണ്ട്.

(പ). അനുഷ്ണശീതം മധുരം സ്നിഗ്ധം രക്തഞ്ച വർണ്ണതഃ
ശോണിതം ഗുരു വിസ്രം സ്യാദ്വിദാഹശ്ചാസ്യ പിത്തവൽ. 20

(ഗ). ഏതാനി ഖലു ദോഷസ്ഥാനാനി; ഏഷു സഞ്ചീയമാനേ ദോഷാഃ; പ്രാക് സഞ്ചയഹേതൂനുക്താഃ. തത്ര സഞ്ചിതാനാം ദോഷാണാം സുഷ്ഠുപൂർണ്ണകോഷ്ഠതാ പീഡാവഭാസ്താ മന്ദോഷ്മതാ ചാംഗാനാം ഗൌരവമാലസ്യം ചായകാരണാദ്വേഷശ്ചേതി ലിംഗാനി ഭവന്തി. തത്ര പ്രഥമഃ ക്രിയാകാലഃ. 21

ളിലിരുന്നുകൊണ്ടു തന്നെ രക്തം മാറാനുള്ള രക്തസ്ഥാനങ്ങളിൽ തന്റെ പിയ്യത്തെ വ്യാപിപ്പിച്ച് ആ ഭാഗങ്ങളുടെ വ്യാപാരങ്ങളെ നിലനിർത്തിക്കൊണ്ടിരിക്കുന്നു. 19

"രക്തം ശീതവും ഉഷ്ണവുമല്ലാത്ത ഒന്നാണ് മധുരവും നിഗ്ധവുമാകുന്നു. രക്തത്തിങ്കൽ ഗുരുത്വവും കിഴാൽനാറ്റവുമുണ്ട്. രക്തംദുഷിച്ചുണ്ടാകുന്ന ലക്ഷണമുണ്ടാകും. പിത്തത്തെദുഷ്കൃത്തേയും ദുഷിപ്പിക്കും". 20

ഇതുകളാണ് ദോഷസ്ഥാനങ്ങൾ; ഈ താദിദോഷങ്ങൾ വർദ്ധിക്കുന്നതു്. അവ വളെ മുമ്പേ പറഞ്ഞിട്ടുണ്ട്. അങ്ങിനെ ദോഷം വന്നാൽ, വയറുനിറഞ്ഞു സുംഭിച്ചിരുന്നാൽ) മണ്ണളിച്ച നിറമുണ്ടായിക്കാണുക, ദേഹത്തിൽ ചുരുങ്ങിക്കാണുകയും അനസ്സിനു പ്രവൃത്തികളിൽ മടി തോന്നുകയും*. എന്നു മാത്രമല്ല, അതാതുദോഷാഹാരാദികളിൽ വെറുപ്പുതോന്നുന്നതും ലക്ഷണമാകുന്നു. ഈ മാതിരി ദോഷം അപ്പോൾതന്നെ വേണ്ടപോലെ ചെയ്തെ ചികിത്സാകാലം.

---

* ഈ ലക്ഷണങ്ങളെല്ലാം ഏതുദോഷത്തിനും പ്രാചീനന്മാരുടെ മതമുണ്ട്.

അത ഊർദ്ധ്വം പ്രകോപണാനി വക്ഷ്യാമഃ. തത്ര ബലവദ്വിഗ്രഹാതിവ്യായാമവ്യവായാധ്യയനപ്രപതനപ്രധാവനപ്രപീഡനാഭിഘാതലംഘനപ്ലവനതരണരാത്രിജാഗരണഭാരഹരണഗജതുരംഗരഥപ്രതിചയ്യാകടുകഷായതിക്തരൂക്ഷലഘുശീതവിഷ്ടംഭ്യുഷ്ണശാകവല്ലൂരവരകോദ്ദാലകകോരദൂഷ്യശ്യാമാകനീവാരമുദ്ഗമസൂരാഢകീഹരേണുകളായനിഷ്പാവാനശനവിഷമാശനാധ്യശനവാതമൂത്രപുരീഷശുക്ലച്ഛർദ്ദിക്ഷവഥൂദ്ഗാരബാഷ്പവഗവിഘാതാദിഭിർവ്വിശേഷൈർവ്വായുഃ പ്രകോപമാപദ്യതേ.

(പ). സ ശീതാഭ്രപ്രവാതേഷു ഘ്രമ്മാന്തേ ച വിശേഷതഃ
പ്രത്യൂഷസ്യപരാഹ്നേ തു ജീർണ്ണാന്നേ ച പ്രകുപ്യതി. 23

ഇനിമേൽ ദോഷകോപത്തിന്റെ കാരണങ്ങളെപ്പറ്റി പറവാൻ പോകുന്നു:—അധികം ബലമുള്ളവരോടുകൂടി ദ്വന്ദ്വയുദ്ധംചെയ്ക, അധികം വ്യായാമംചെയ്ക, അതിമൈഥുനംചെയ്ക, അതിയായി അധ്യയനം ചെയ്ക (വായിക്കുക),ചീഴുക, ഓടുക, അതിയായി അമർത്തുപിടിക്കുകയോ മറ്റാ ചെയ്ക, അടിയേൽക്കുക, ചാടിക്കടക്കുക, ചാടുക, നദി മുതലായതു നീന്തിക്കടക്കുക, രാത്രിയിൽ ഒറങ്ങാതിരിക്കുക, ചുമടെടുക്കുക, ആന, കുതിര, തേർ എന്നിവയിൽ കേറി അധികം ഓടിക്കുക, കാൽനടയായി അധികം നടക്കുക, എരുവു്, ചവർപ്പു്, കയ്പു് എന്നീരസങ്ങളെ അധികം ഉപയോഗിക്കുക, രൂക്ഷമായും ശീതമായും ലഘുവായും ഇരിക്കുന്ന പദാർത്ഥങ്ങളെ അധികം ഉപയോഗിക്കുക, വരട്ടിലക്കറി, ഉണങ്ങിയ മാംസം ഇവയധികം കഴിക്കുക, മങ്കുട്ടപ്പയറു് (വരകം), കാട്ടുവരകു്, വരകു്, ചാമ, വരിനെല്ലു്, ചെറുപയറു്, തൊമർപ്പുരുപ്പു്, ചണംപയറു്, മലങ്കടല, കടല, അമരക്ക എന്നീപദാർത്ഥങ്ങളെ അധികമായി ഉപയോഗിക്കുക, പട്ടിണികിടക്കുക, അകാലത്തിൽ ആഹാരംകഴിക്കുക, ഉണ്ടതിന്നുമേലെ പിന്നെയും ഉണ്ണുക, അധോവായു, മൂത്രം, മലം, ശുക്ലം എന്നിവയെ തടഞ്ഞുനിർത്തുക, ഛർദ്ദിക്കാൻ തോന്നുമ്പോഴും തുമ്പൽ വരുമ്പോഴും വിമ്മിക്കും വരുമ്പോഴും കണ്ണുനീർ പുറപ്പെടുമ്പോഴും അതാതിനെ തടുത്തുനിർത്തുക ഈമാതിരി കാരണങ്ങളാൽ വാതം കോപിക്കുന്നു.()

"തണുപ്പുകാലത്തും മേഘം മൂടിനിൽക്കുന്ന സമയങ്ങളിലും കാറുകാലങ്ങളിലും വർഷകാലത്തും പ്രാതഃകാലത്തും സന്ധ്യാകാലത്തും ആഹാരം കഴിച്ചതു ദഹിച്ചുകഴിഞ്ഞാൽ ആ സമയത്തും വിശേഷിച്ചും വാതം കോപിക്കുന്നു".

(ഗ). ക്രോധശോകഭയായാസോപവാസവിദഗ്ധഭൈഷജ്യാപ
ശമനകടുമധുരവണതിക്തക്ഷാരക്ഷുധാവിരോഹിതിലതൈലപിണ്യാകകുല
ത്ഥസഷ്പാതസിഹരിതകശാകഗോധാമത്സ്യാജാവികമാംസദധിതക്രകൂ
ച്ചികാമസ്തുസൌവീരകസുരാവികാരാമ്ലഫലകടുരാക്പ്രകൃതിഭിഃ പിത്തം
പ്രകോപമാപദ്യതേ. 24

(ച). തദുഷ്ണേഷ്ണകാലേ ച മേഘാന്തേ ച വിശേഷതഃ
മധ്യാഹ്നോ ചാർദ്ധരാത്രേ ച ജീര്യ്യത്യന്നേ ച കുപ്യതി. 25

ക്രോധം, ശോകം, ഭയം, അദ്ധ്വഗമനം, പട്ടിണി, അന്നത്തിൻറെ പുഴുകിക്കൊണ്ടുള്ള *ദഹനം എന്നിവയും അധികം മെത്തനം ചെയ്യുക, എരുവു്, പുളി, ഉപ്പു് എന്നീ രസങ്ങൾ അധികം ഉപയോഗിക്കുക, തീക്ഷ്ണങ്ങളും ഉഷ്ണവീര്യങ്ങളും ലഘുക്കളും ഉൽപ്പുഴുക്കുണ്ടാക്കുന്നവയും ആയ പദാർത്ഥങ്ങളെ ഉപയോഗിക്കുക, എള്ളെണ്ണ, എള്ളിൻ പിണ്ണാക്കു്, മുതിര, കടുക്കു്, ആഗശിയിലക്കറി, മുരിങ്ങയിലക്കറി മുതലായതു് (§ഹരിതകശാകം), ഉടുമ്പിൻ മാംസം, മത്സ്യം, ആട്ടുമാംസം, ആവിയാട്ടു മാംസം, തൈർ, മോരും പാലും കൂട്ടിത്തിളപ്പിച്ചുണ്ടാക്കുന്നതായ തക്രകൂർച്ചിക എന്ന സാധനം, തൈർവെള്ളം, കാടി, കള്ളു കൊണ്ടുണ്ടാക്കിയ മറ്റു സാധനങ്ങൾ, പുളിപ്പുള്ള കായകറി, മോരു് (†കടപരം), അരക്കു മുതലായ പദാർത്ഥങ്ങളെ അധികമായി ഉപയോഗിക്കുക എന്നീ സംഗതികൾകൊണ്ടു പിത്തം കോപിക്കുന്നു. 24

"ഉഷ്ണപദാർത്ഥങ്ങൾ നിമിത്തമായും ഉഷ്ണകാലത്തും ശരൽകാലത്തും ഉച്ചനേരത്തും ആഹാരം കഴിച്ചതു ദഹിച്ചുകൊണ്ടിരിക്കുന്ന സമയത്തും പിത്തം കോപിക്കുന്നതാണു്." 25

---

* ദഹനം ഇങ്ങനെയാണു് ഒരു പുളിച്ചതേട്ടലും വയറുകാളലും വെള്ളംകെട്ടലും ഉണ്ടായ്കയും, സുഖമായിരിക്കുമ്പോൾ താമസം വരിക, ഇങ്ങിനെയുണ്ടാകുന്ന ഉപദ്രവത്തിനു വിദാഹമെന്നും ഇതുണ്ടാക്കുന്ന ദ്രവ്യങ്ങൾക്കു വിദാഹികളെന്നും പേരാകുന്നു. വിദാഹത്തിനു് 'ഉൽപ്പുഴുക്കു്' എന്നു ഭാഷ.

§ "ഹരിതകശാക"മെന്നു്, മുരിങ്ങയില മുതലായ ഒരു കൂട്ടം ശാകങ്ങൾക്കുള്ള നാമമാകുന്നു. ("കുരേരുരിഗ്രുസുരസസുമുഖാസുരിഭ്രുഷണാഃ മുക്തകഃ ചുക്രികാ ചേതി ചുക്രാ ഹരിതകം, വിദുഃ".)

† "കടപര"മെന്ന പദത്തിനു് യവംകൊണ്ടുണ്ടാക്കുന്ന കാടിയെന്നും, അധികം പുളിച്ചകാടിയെന്നും, കാടിയുടെ അടിയിലൂറിക്കിടക്കുന്ന സാധനമെന്നും പുളിച്ച മോരെന്നും അനേകം അർത്ഥം പറഞ്ഞുകാണുന്നു, വെണ്ണയെടുക്കാത്ത തൈരാണു് ഇതെന്നും പക്ഷമുണ്ടു്.

(ഗ). ദിവാസ്വപ്നാവ്യായാമാലസ്യമധുരാമ്ലലവണസ്നിഗ്ധഗുരുപിച്ഛിലാഭിഷ്യന്ദിഹായനകയവകനൈഷധേൽ കടമാഷമഹാമാഷഗോധൂമതിലപിഷ്ടവികൃതിദധിദൃശ്യകുസരപായസേക്ഷുവികാരാന്നപൈഠക – മാംസവസാബിസകശേരുകശൃംഗാടകമധുരവല്ലീഫലസമശനാധ്യശന പ്രകൃതിഭിഃ ശ്ലേഷ്മാ പ്രകോപമാപദ്യതേ. 26

(പ). സ ശിശിരേ ശീതകാലേ ച വസന്തേ ച വിശേഷതഃ
പൂർവ്വാഹ്നേ ച പ്രദോഷേ ച ഭുക്തമാത്രേ പ്രകുപ്യതി 27

(ഗ). പിത്തപ്രകോപണൈരേവ ചാഭിക്ഷ്ണം ദ്രവസ്നിഗ്ധഗുരു പകലുറങ്ങുക, ദേഹം ഇളക്കാതിരുന്ന കഴിച്ചുകൂട്ടുക, പ്രവൃത്തിയിൽ മടികാണിച്ചിരിക്കുക, മധുരം, പുളി, ഉപ്പ് എന്നി രസങ്ങളധികം ഉപയോഗിക്കുക, സ്നിഗ്ധമായും ഗുരുവായും വഴുപ്പുള്ളതായും കഫത്തെ ഇളക്കി സ്രവിപ്പിക്കുന്നതായും (അഭിഷ്യന്ദി) ഇരിക്കുന്ന പദാർത്ഥങ്ങളെ കഴിക്കുക, ഹായനകം (ആണ്ടുവിളച്ചെന്നെല്ല്), യവകം (യവച്ചെന്നെല്ല്), നൈഷധം (വേഴച്ചെന്നെല്ല്), *ഇൽക്കടം, ഉഴുന്ന്, വലിയ ഉഴുന്ന് (പുളിയമരയെന്നും പക്ഷം), ഗോതമ്പ്, എള്ള്, അരിമാവുകൊണ്ടുള്ള പലഹാരം, തൈര്, പാൽ, എരിഞ്ഞിൽപ്പാവ്, പായസം, കരിമ്പിൻനീരുകൊണ്ടുണ്ടാക്കിയ പദാർത്ഥങ്ങൾ, ആനുപജന്തുക്കളുടേയും ഔകേജന്തുക്കളുടേയും മാംസവും വസയും, താമരവളയം, കശേരുകം (നീർമുത്തങ്ങ), ശൃംഗാടകം (വൻകൊട്ട), മധുരമുള്ള കായകളും, വള്ളിയിൽ കായ്ക്കുന്ന കായകളും എന്നി പദാർത്ഥങ്ങളെ അധികമായി ഭക്ഷിക്കുക, നല്ലതും പിത്തയുമായ പദാർത്ഥങ്ങളെ തമ്മിൽ ചേർത്തി ഭക്ഷിക്കുക, ദേഹിക്കുംമുമ്പെ ആഹാരം കഴിക്കുക എന്നി കാരണങ്ങളാൽ കഫം കോപിക്കുന്നു. 26

"ശീതപദാർത്ഥങ്ങളും നിദ്രിതമായും തണുപ്പുള്ള സമയത്തും വസന്തകാലത്തും പ്രാതഃകാലത്തും സന്ധ്യാകാലത്തും ആഹാരം കഴിച്ച ഉടനേയും കഫം കോപിക്കുന്നു". 27

പിത്തകോപത്തിനുള്ള കാരണങ്ങൾ തന്നെ രക്തത്തേയും കോപിപ്പിക്കും. ആഹാരങ്ങളിൽ അധികം വെള്ളം കൂട്ടുകയും അധികം

* "ഇൽക്കടം" അഴിഞ്ഞിലാണെന്നറിയപ്പെടുന്നു. ഇവിടെ അതു തന്നെയോ എന്നു സംശയമുണ്ട്.

ശ്വാഹാതപ്രദ്വിവാസപ്രകോധാനലാതപശ്രമാഭിഘാതാജീർണ്ണവിരു-
ദ്ധാധ്യശനാദിഭിരസൃക് പ്രകോപമാപദ്യതേ. 28

(പ). തസ്മാദ്രക്തം വിനാ ദോഷൈഷന്ന കദാചിൽ പ്രകുപ്യതി
തസ്മാത്തസ്യ യഥാദോഷം കാലം വിദ്യാൽ പ്രകോപണേ. 29

(ഗ). തേഷാം പ്രകോപാൽ കോഷ്ഠതോദസന്ധ്വരണാമ്ലികാപി
പാസാപരിദാഹാന്നദ്വേഷഹൃദയോൽക്ലേദാശ്ച ജായന്തേ. തത്ര ഭി
ന്നീയഃ ക്രിയാകാലഃ. 30

അത ഊർദ്ധ്വം പ്രസരം വക്ഷ്യാമഃ. തേഷാമേഭിരാതങ്കവിശേ

മെഴുക്കു കൂട്ടുകയും ആഹാരദ്രവ്യങ്ങൾ അധികം ഗ്രഹിച്ചുള്ളവയായിരി
ക്കയും ചെയ്യാൽ അതുകൊണ്ടും രക്തം കോപിക്കും. പകലുറങ്ങുക,
*ദ്വേഷ്യപ്പെടുക, അഗ്നിജ്വാലയേൽക്കുക, വെയിൽ കൊള്ളുക, അധി
കം അധ്വാനിക്കുക, അടി വീഴ്ച മുതലായതു പറ്റുക, ദഹിക്കാത്ത സ
മയത്തു് ആഹാരം കഴിക്കുക, വിരുദ്ധങ്ങളായ പദാർത്ഥങ്ങളെ കൂട്ടിച്ചേ
ർത്തു ഭക്ഷിക്കുക, ഉണ്ടതിന്മേലെ പിന്നേയും ഉണ്ണുക ഈ മാതിരി കാര
ണങ്ങളെക്കൊണ്ടും രക്തം കോപിക്കും. 28

"രക്തം കോപിക്കുമ്പോൾ അതോടുകൂടി ഏതെങ്കിലും ദോഷ(വാ
താദി)വും കോപിക്കാതിരിക്കയില്ല. അതുകൊണ്ടു് അതാതുദോഷങ്ങൾ
ക്കു പറഞ്ഞിട്ടുള്ള പ്രകാരം തന്നെയാണു് രക്തകോപത്തിന്നുള്ള കാല
ത്തെ ¶നിർണ്ണയിക്കേണ്ടതു്." 29

ഇങ്ങിനെ ദോഷങ്ങൾ കോപിച്ചിട്ടുണ്ടെങ്കിൽ വയറിന്നുള്ളിൽ
കുത്തിനോവും ¶വായുവിന്റെ ഉരുണ്ടു നടക്കലും ഉണ്ടാകും. വുളിച്ചു
†തേട്ടൽ, വെള്ളംദാഹം, ചുട്ടനീറൽ, രുചിയില്ലായ്മ, നെഞ്ചുകലിപ്പു് എ
ന്നീ ഉപദ്രവങ്ങളുണ്ടായിക്കാണുകയും ചെയ്യും. മേൽ പറഞ്ഞ ലക്ഷ

---

* പിന്നത്തെ കോപിപ്പിക്കുന്ന സംഗതികളിൽ 'ദ്വേഷ്യപ്പെടുക' മുതലാ
ണ്ടും അടങ്ങിയിരിക്കുന്നു. ഇവിടെ അവയെ പ്രത്യേകം വേറെ എടുത്തു പറഞ്ഞതു് ഈ
വ രക്തത്തെ വേഗത്തിൽ കോപിപ്പിക്കുമെന്നു കാണിപ്പാനാകുന്നു.

¶ "ശരൽ കാലസ്വഭാവാച്ച ശോണിതം സംപ്രകുപ്യതി" എന്നു് ആപ്തവചന
മുള്ളതുകൊണ്ടു് രക്തകോപത്തിന്നു പ്രത്യേകമായ കാലം ശരൽകാലമാകുന്നു എന്നറി
യണം. ശേഷം കാലങ്ങളെമാത്രം സംബന്ധിക്കുന്നതാണു് ഇവിടെ പറഞ്ഞിട്ടുള്ളതു്.

† ആദ്യത്തെ രണ്ടു ലക്ഷണങ്ങൾ വാതത്തിന്റേയും, പിന്നത്തെ മൂന്നുണ്ണം
പിത്തത്തിന്റേയും, ശേഷം കഫത്തിന്റേയുമാകുന്നു.

ഷ്ടേ പ്രകുപിതാനാം പയ്യുഷിതകിണ്വപാദകപിഷ്ടസമവായ ഇവോ ദ്രിക്തനാം പ്രസരോ ഭവതി, തേഷാം വായുശ്ചേതനാവാൻ പ്രസരണ ഹേതുഃ സത്യപ്യചൈതന്യേ; സ ഹി രജോഭൂയിഷ്ഠോ രജശ്ച പ്രവർത്തകം സർവ്വഭാവാനാമ്. 31

യഥാ മഹാനുദകസഞ്ചയോതിവൃദ്ധഃ സേതുമവദാര്യാപരേണോദകേന വ്യാമിശ്രഃ സർവ്വതഃ പ്രധാവത്യേവം ദോഷാഃ കദാചിദേകോദ്രിക്തഃ സമസ്താഃ ശോണിതസഹിതാ വാനേകധാ പ്രസരന്തി. തദ്യണങ്ങൾ വല്ലതും ദേഹത്തിൽ കണ്ടാൽ ഉടനെ ചികിത്സിക്കണം. ഇതിനെ രണ്ടാമത്തെ ചികിത്സാകാലമായി *നിശ്ചയിച്ചിരിക്കുന്നു. 30

ഇനിമേൽ ദോഷങ്ങളുടെ പ്രസര(Expansion)ത്തെപ്പറ്റി പറവാൻപോകുന്നു:— പുളിച്ച നരയും പതയുമായി കിടക്കുന്ന കാടിയിൽ ഇട്ടുവെച്ചിട്ടുള്ള ചെറിയ ധാന്യശകലങ്ങൾ കുറെകഴിഞ്ഞാൽ ആ വെള്ളത്തിൽ കലങ്ങി എങ്ങും വ്യാപിച്ചു പോകുന്നതെങ്ങിനെയോ അങ്ങിനെതന്നെ മുൻ പറഞ്ഞ കാരണങ്ങളാൽ കോപിച്ചിട്ടുള്ള വാതാദിദോഷങ്ങൾ വർദ്ധിച്ച് അതാതിന്റെ സ്ഥാനങ്ങളിൽ നിന്നു പുറപ്പെട്ട മറ്റു സ്ഥലങ്ങളിലേക്കു വ്യാപിക്കുന്നു. ആ ദോഷങ്ങളിൽ വെച്ചു വായു +ചൈതന്യമില്ലാത്ത ഒരു വസ്തുവാണെങ്കിലും സഞ്ചരിപ്പാനുള്ള ശക്തിയുള്ള ഒന്നാകയാൽ ദോഷങ്ങളുടെ വ്യാപനത്തിനു കാരണഭൂതമായിരിക്കുന്നു. വായു രജോഗുണമുള്ള (പ്രവർത്തകശക്തി അല്ലെങ്കിൽ സംയോജനശക്തിയുള്ള) ഒരു വസ്തുവാകുന്നു. പ്രപഞ്ചത്തിലുള്ള സർവ്വ പദാർത്ഥങ്ങളേയും വ്യാപരിപ്പിക്കുന്നതു രജോഗുണമാണെല്ലൊ. 31

ഒരു പുഴയിൽ വളരെ വെള്ളം ചിറകെട്ടി നിർത്തിയിരിക്കുമ്പോൾ സംഗതിവശാൽ ആ വെള്ളം വർദ്ധിച്ച് ചിറപൊളിച്ച് പലഭാഗത്തിൽകൂടിയും ചാടി വേറെ പുറമെയുള്ള വെള്ളത്തോടുകൂടിച്ചേർന്നൊഴുകുന്ന

* ഒന്നാമത്തെ ചികിത്സാകാലത്തു വേണ്ടതു ചെയ്തിട്ടു ഫലിച്ചില്ലെങ്കിൽ മാത്രമാണു് ഇതു്. അദ്യം ചികിത്സയിലുപേക്ഷചെയ്യാൻ വിരോധമില്ലെന്നു് ഇതുകൊണ്ടു സാധിച്ചതായി വിചാരിക്കുന്നതുവങ്കിൽ അതു യുക്തമല്ല. "സഞ്ചയേപൂർവ്വാ ദോഷാ" ഇത്യാദി വചനംകൊണ്ടു് ഈ തത്ത്വത്തെ സ്പഷ്ടീകരിപ്പാൻ പോകുന്നുണ്ടു്.

+ വായുവിന്റെ സപ്തവിധവ്യാപാരങ്ങളെപ്പറ്റി വിസ്തരമായ വ്യാഖ്യാനം നിദാനസ്ഥാനത്തിൽ ചേർത്തിട്ടുണ്ടു്.

ഥാ— വാതഃ പിത്തം ശ്ലേഷ്മാ ശോണിതമ്. വാതപിത്തേ വാതശ്ലേഷ്മാണൌ പിത്തശ്ലേഷ്മാണൌ വാതശോണിതേ പിത്തശോണിതേ ശ്ലേഷ്മശോണിതേ. വാതപിത്തശോണിതാനി വാതശ്ലേഷ്മശോണിതാനി പിത്തശ്ലേഷ്മശോണിതാനി വാതപിത്തകഫാ വാതപിത്തകഫശോണിതാനീത്യേവം പഞ്ചദശധാ പ്രസരന്തി. 32

(പ). കുൽസ്തേഽല്പവയവേ വാപി യത്രാംഗേ കുപിതോ ഭൃശമ്
ദ്വോഷോ വികാരം നഭസി മേഘവത്തത്ര വർഷതി. 33
നാത്യർഥം കുപിതശ്ചാപി ലീനോ മാർഗേഷു തിഷ്ഠതി
നിഷ്പത്യനീകഃ കാലേന ഹേതുമാസാദ്യ കുപ്യതി. 34

തെങ്ങിനായാ അങ്ങിനെ ദോഷങ്ങൾ ഓരോയായോ ഇരട്ടയായോ എല്ലാംകൂടിയോ രക്തത്തോടുകൂടിയോ സ്വസ്ഥാനത്തുനിന്നു പുറപ്പെട്ട തമ്മിൽ ചേരാതെയും ചേന്നും മറെ സ്ഥലത്തേക്കു വ്യാപിക്കുന്നു. വാതം, പിത്തം, കഫം, രക്തം എന്നിങ്ങിനെ ഓരോയായ്ക്കും ചിലപ്പോൾ വാതപിത്തങ്ങൾ, വാതകഫങ്ങൾ, പിത്തകഫങ്ങൾ, വാതരക്തങ്ങൾ, പിത്തരക്തങ്ങൾ, കഫരക്തങ്ങൾ ഇങ്ങിനെ ഈരണ്ടണ്ണം കൂടിയും വാതപിത്തരക്തങ്ങൾ, വാതകഫശോണിതങ്ങൾ, പിത്തശ്ലേഷ്മശോണിതങ്ങൾ, വാതപിത്തകഫങ്ങൾ എന്നിങ്ങിനെ മുമ്മൂന്നുകൂടിയും വാതപിത്തകഫശോണിതങ്ങളെല്ലാംകൂടിയും ഇങ്ങിനെ പതിനഞ്ചുപ്രകാരത്തിൽ വ്യാപിക്കുന്നുണ്ട്. 32

"ആകാശത്തിങ്കൽ സഞ്ചരിക്കുന്ന കാർമേഘം ഏതൊരു പ്രദേശത്തിങ്കൽ അധികമായി ചേന്നു നിൽക്കുന്നുവോ അവിടെ വർഷിക്കുന്നു. അപ്രകാരംതന്നെ ദേഹത്തിലെങ്ങും വ്യാപിക്കുന്ന വാതാദിദോഷങ്ങൾ ശരീരത്തിൽ മുഴുവനുമോ പകുതിഭാഗത്തോ ഏതെങ്കിലും ഒരവയവത്തിലോ ഏവിടെയാണധികം കോപിച്ചു കൂടിയിരിക്കുന്നതെന്നുവെച്ചാൽ അവിടെയാണ് രോഗമുണ്ടാകുന്നതു്. ദോഷം അല്പമായിട്ടേ കോപിച്ചിട്ടുള്ളു എന്നുവരികിൽ ദേഹത്തിന്നുള്ളിലുള്ള വഴികളിലെവിടെയെങ്കിലും അതു ലയിച്ചുകിടക്കും; കാലക്രമംകൊണ്ടു് ആ ദോഷം, പ്രതിക്രിയയൊന്നും ചെയ്യാഞ്ഞാൽ വല്ല കാരണവും കിട്ടുമ്പോൾ കോപിക്കയും ചെയ്യും". 33-34

(ഗ). തത്ര വായോഃ പിത്തസ്ഥാനഗതസ്യ പിത്തവൽ പ്രതീകാരഃ, പിത്തസ്യ കഫസ്ഥാനഗതസ്യ കഫവൽ, കഫസ്യ ച വാതസ്ഥാനഗതസ്യ വാതവൽ; ഏഷാ ക്രിയാവിഭാഗഃ. ഏവം പ്രകുപിതാനാം പ്രസരതാഞ്ച വായ്വാദിമാർഗ്ഗഗമനാടോപൗ. ഓഷപ്രോഷപരിദാഹധൂമായനാനി പിത്തസ്യ. അരോചകാവിപാകാംഗസാദോദ്ഗാരശ്ചേതി ശ്ലേഷ്മണോ ലിംഗാനി ഭവന്തി. തത്ര തൃതീയഃ ക്രിയാകാലഃ. 35

വായു കോപിച്ചു പിത്തത്തിന്റെ സ്ഥാനത്തിൽ ചെന്ന് അവിടെ തന്റെ വികാരങ്ങളെ ഉണ്ടാക്കുകയാണെങ്കിൽ ആ വായുവിന്ന് പിത്തത്തിന്നുള്ള ചികിത്സ ചെയ്യാൽമതി. പിത്തം കഫസ്ഥാനത്തു ചെന്നു കോപിച്ചാൽ അതിന്ന കഫചികിത്സയും കഫം വാതസ്ഥാനത്തു ചെന്നു കോപിച്ചിട്ടുണ്ടെങ്കിൽ അതിന്ന വാതചികിത്സയും ചെയ്യുകകാള്ളണം. ഇങ്ങിനെയാണ് ചികിത്സയുടെ വിഭാഗം.

ഇപ്രകാരം കുപിതങ്ങളായി ‡പ്രസരിക്കുന്ന ദോഷങ്ങളിൽവെച്ച് വായു തന്റെ ശരിയായ മാർഗ്ഗത്തിൽനിന്നു തെറ്റി സഞ്ചരിക്കയും വയറിന്നുള്ളിൽ പൊട്ടലും മുഴുപ്പുമുണ്ടാക്കുകയും ചെയ്യും. പിത്തം ദേഹത്തിൽ ഉഷ്ണം അധികമാക്കും; ചില സ്ഥലങ്ങളിൽ ചുട്ടനീറലും, വലിച്ചിലും (ചോഷ, Suking Pain), ദേഹത്തിൽ എല്ലാടത്തും എരിച്ചിലും, അംഗങ്ങളിൽനിന്നു ആവിപൊങ്ങുന്നുവോ എന്നുള്ള തോന്നലും ഉണ്ടാക്കും. കഫം അരോചകത്തെ ഉണ്ടാക്കും; ദഹനം ശരിയല്ലാതാക്കും; അംഗങ്ങൾക്കു തളർച്ചയുണ്ടാക്കും; ഛർദ്ദിയുണ്ടാക്കയും ചെയ്യും. ഇങ്ങിനെ ദോഷങ്ങൾ പ്രസരിച്ചു ഈവിധം ലക്ഷണങ്ങളെ പ്രകാശിപ്പിച്ചു തുടങ്ങിയാൽ ഉടനെ ചികിത്സിക്കണം. ഇതു* മൂന്നാമത്തെ ചികിത്സാകാലമാകുന്നു. 35

ദേഹത്തിൽ ഏതേതു സ്ഥാനത്തു ചെന്ന് ഏതേതുതരം രോഗങ്ങ

‡ കട്ടിപിടിച്ച നെയ്യുരുകുമ്പോൾ ഒന്നാമതുണ്ടാകുന്ന ഇളക്കംപോലെയാണു ദോഷങ്ങളുടെ "കോപം"; അതുപിന്നെ നല്ലവണ്ണം ഉരുകി നുരയും പതയും വന്നു വ്യാപിക്കുന്നതുപോലെയാണ് "പ്രസരം". അപ്പോൾ പ്രസരം എന്നതിന്നു അതിയായ കോപമെന്നർത്ഥം.

* പ്രസരണപര്യന്തം ചെയ്യുന്ന ചികിത്സ ദോഷങ്ങൾക്കാണു, അതിനുശേഷമാണു വ്യാധിയായിത്തീരുന്നതു.

അത ഊദ്ധ്വം സ്ഥാനസംശ്രയം വക്ഷ്യാമഃ. ഏവം കുപിതാസ്ഥാം സ്ഥാൻ ശരീരപ്രദേശാനാഗത്യ താംസ്ഥാൻ വ്യാധീൻ ജനയന്തി. തേ യ ദോദരസന്ന വേശം കുവ്വന്തി തദാ ഗ്രന്ഥിവിദ്ധ്യുദരാഗ്നിസംഗാനാഹവി ഷൂചികാതിസാരപ്രഭൃതീൻ ജനയന്തി. വസ്തിഗതാഃ പ്രമേഹാശ്മരീമൂത്രാ ഘാതമൂത്രദോഷപ്രഭൃതീൻ. മേഢ്രഗതാ നിരുദ്ധപ്രകശോപദംശശൂകദോഷപ്രഭൃതീൻ. ഗുദഗതാ ഭഗന്ദരാർശഃപ്രഭൃതീൻ. വൃഷണഗതാ വൃദ്ധീഃ. ഊദ്ധ്വജത്രുഗതാസ്ത്വൂർദ്ധ്വജാൻ. തച്ഛോണിതസ്ഥാഃ ക്ഷുദ്രരോഗാൻ കുഷ്ഠാനി വിസർപ്പാംശ്ച. മേദോഗതാ ഗ്രന്ഥ്യപചീർബ്ബുദഗുഗണ്ഡാലജീപ്രഭൃതീൻ. അസ്ഥിഗതാ വിദ്രധ്യാദീൻ. പാദഗതാഃ ശ്ലീപദാദീൻ. തത്ര വാതാദയോ യഥാസ്വം പ്രകോപഹേതുഭിരുപദിശ്യമാനൈഃ പ്രകുപിതാഃ സ്വാനി സ്വാനി സ്ഥാനാന്യുപസൃത്യ തത്തദ്രോഗാനുത്പാദയന്തി. തത്ര വാതപ്രകോപണാനി രൂക്ഷലഘുശീതകഷായതിക്തകടുകാനശനവിഷമാതിമാത്രാധ്യശനാജീർണാധിവേഗധാരണവിഷമശയനാസനാതിജാഗരണാതിപ്രജാഗരണാതിസ്ത്രീപ്രസംഗാതിപ്രവാതാതിവ്യായാമാതിപ്രപതനാതിപ്രധാവനാതിപ്രഭാഷണാതിഗീതാതിരോദനാതിഹസിതാതിപ്രജാഗരണാതിസ്വപ്നാതിയാനാതിപ്രഭൃതീനി. പിത്തപ്രകോപണാനി കടുകാമ്ലലവണതീക്ഷ്ണോഷ്ണവിദാഹിവിഷ്ടംഭിവിരുദ്ധാജീർണാതിമാത്രാധ്യശനാധിവേഗധാരണാതിസന്ധുക്ഷണാതിവ്യായാമാതിസന്താപാതിപ്രവാതാതിസ്ത്രീപ്രസംഗാതിപ്രഭൃതീനി. കഫപ്രകോപണാനി മധുരാമ്ലലവണസ്നിഗ്ധഗുരുശീതമധുരാതിമാത്രാധ്യശനാജീർണാധിവേഗധാരണാതിനിദ്രാതിസ്വപ്നാതിയാനാതിപ്രഭൃതീനി. തത്ര വാതപ്രകോപേ ഖരത്വം കാർശ്യം കൃഷ്ണാരുണത്വം സുപ്തിഃ പ്രസുപ്തിഃ പ്രതാനഃ ശൂനത്വം ഗ്രന്ഥയഃ കമ്പഃ സ്തംഭഃ സങ്കോചഃ പ്രകാശാപ്രകാശദർശനം ശ്രവണാവരണം ശിരോരുഗ്ഭ്രമോ മുഖശോഷഃ പരുഷാരുണനഖത്വം ദന്തഹർഷഃ ഹനുസ്തംഭഃ പക്ഷാഘാതോ മന്യാസ്തംഭോ ഗൃധ്രസീ പംഗുത്വം ഖഞ്ജത്വം വാമനത്വം കുബ്ജത്വം ഗവേധുകത്വം ഖല്ലീത്വം വലീത്വം പലിതത്വം ഖരശ്മശ്രുകേശത്വം ഖരനഖത്വം ഖരദന്തത്വം ഖരനേത്രത്വം ഖരനാസികത്വം ഖരകർണത്വം ഖരാംഗുലിത്വം ഖരാംഗുഷ്ഠത്വം ഖരപാണിപാദത്വം ഖരകരപാദത്വം ഖരകരപാദനഖത്വം ഖരകരപാദാംഗുലിത്വം ഖരകരപാദാംഗുഷ്ഠത്വം ഖരകരപാദപർവത്വം ഖരകരപാദപർവാംഗുലിത്വം ഖരകരപാദപർവാംഗുഷ്ഠത്വം ഖരകരപാദപർവാംഗുലിപർവത്വം ഖരകരപാദപർവാംഗുഷ്ഠപർവത്വം ഖരകരപാദപർവാംഗുലിപർവനഖത്വം ഖരകരപാദപർവാംഗുഷ്ഠപർവനഖത്വം ഖരകരപാദപർവാംഗുലിപർവനഖദന്തത്വം ഖരകരപാദപർവാംഗുഷ്ഠപർവനഖദന്തത്വം ഖരകരപാദപർവാംഗുലിപർവനഖദന്തനേത്രത്വം ഖരകരപാദപർവാംഗുഷ്ഠപർവനഖദന്തനേത്രത്വം ഖരകരപാദപർവാംഗുലിപർവനഖദന്തനേത്രനാസികത്വം ഖരകരപാദപർവാംഗുഷ്ഠപർവനഖദന്തനേത്രനാസികത്വം ഖരകരപാദപർവാംഗുലിപർവനഖദന്തനേത്രനാസികകർണത്വം ഖരകരപാദപർവാംഗുഷ്ഠപർവനഖദന്തനേത്രനാസികകർണത്വം ഖരകരപാദപർവാംഗുലിപർവനഖദന്തനേത്രനാസികകർണാംഗുലിത്വം ഖരകരപാദപർവാംഗുഷ്ഠപർവനഖദന്തനേത്രനാസികകർണാംഗുഷ്ഠത്വം ഖരകരപാദപർവാംഗുലിപർവനഖദന്തനേത്രനാസികകർണപാണിപാദത്വം ഖരകരപാദപർവാംഗുഷ്ഠപർവനഖദന്തനേത്രനാസികകർണപാണിപാദത്വം ഖരകരപാദപർവാംഗുലിപർവനഖദന്തനേത്രനാസികകർണപാണിപാദാംഗുലിത്വം ഖരകരപാദപർവാംഗുഷ്ഠപർവനഖദന്തനേത്രനാസികകർണപാണിപാദാംഗുഷ്ഠത്വം ഖരകരപാദപർവാംഗുലിപർവനഖദന്തനേത്രനാസികകർണപാണിപാദാംഗുലിപർവത്വം ഖരകരപാദപർവാംഗുഷ്ഠപർവനഖദന്തനേത്രനാസികകർണപാണിപാദാംഗുലിപർവനഖത്വം ഖരകരപാദപർവാംഗുഷ്ഠപർവനഖദന്തനേത്രനാസികകർണപാണിപാദാംഗുലിപർവനഖദന്തത്വം ഖരകരപാദപർവാംഗുഷ്ഠപർവനഖദന്തനേത്രനാസികകർണപാണിപാദാംഗുലിപർവനഖദന്തനേത്രത്വം ഖരകരപാദപർവാംഗുഷ്ഠപർവനഖദന്തനേത്രനാസികകർണപാണിപാദാംഗുലിപർവനഖദന്തനേത്രനാസികത്വം ഖരകരപാദപർവാംഗുഷ്ഠപർവനഖദന്തനേത്രനാസികകർണപാണിപാദാംഗുലിപർവനഖദന്തനേത്രനാസികകർണത്വം ഖരകരപാദപർവാംഗുഷ്ഠപർവനഖദന്തനേത്രനാസികകർണപാണിപാദാംഗുലിപർവനഖദന്തനേത്രനാസികകർണ

പദവാതശോണിതവാതകണ്ഡകപ്രഭൃതീൻ. സർവ്വാംഗഗതാ ജ്വരസർവ്വാംഗരോഗപ്രഭൃതീൻ. 36

തേഷാമേവമഭിസന്നിവിഷ്ടാനാം പൂർവ്വരൂപപ്രാദുർഭാവം, തൽ പ്രതിരോധം വക്ഷ്യാമഃ. തത്ര പൂർവ്വരൂപഗതേഷു ചതുർഥഃ ക്രിയാകാലഃ. 37

അത ഊർദ്ധ്വം വ്യാധിദർശനം വക്ഷ്യാമഃ. ശോഫാർബ്ബുദഗ്രന്ഥിവിദ്രധിവിസർപ്പപ്രഭൃതീനാം പ്രാവ്യക്തലക്ഷണതാ ജ്വരാതിസാരപ്രഭൃതീനാഞ്ച. തത്ര പഞ്ചമഃ ക്രിയാകാലഃ. 38

അത ഊർദ്ധ്വമേതേഷാമവദീർണ്ണാനാം വ്രണഭാവമാപന്നാനാം ഷഷ്ഠഃ ക്രിയാകാലഃ. ജ്വരാതിസാരപ്രഭൃതീനാഞ്ച ദീർഘകാലാനുബന്ധഃ.

തകണ്ഡകം മുതലായ വ്യാധികളുണ്ടാകും. ദേഹത്തിലെല്ലാടത്തും ദോഷങ്ങൾ കോപിച്ചു വ്യാപിച്ചാൽ ജ്വരം, *സർവ്വാംഗരോഗം മുതലായ ഉപദ്രവങ്ങളുണ്ടാകും. 36

ഈ വിധത്തിൽ ദോഷങ്ങൾ ഓരോ പ്രത്യേകസ്ഥാനങ്ങളിൽ ചെന്നുകൂടി പ്രത്യേകവ്യാധികളെ ഉണ്ടാക്കാനാരംഭിച്ചാൽ കാണുന്ന ലക്ഷണങ്ങൾക്കു പൂർവ്വരൂപങ്ങൾ (Premonitary Symptonis) എന്നു പേരാകുന്നു. ഈ പൂർവ്വരൂപങ്ങളെപ്പറ്റി അതാതു രോഗലക്ഷണങ്ങൾ പറയുന്ന ഘട്ടത്തിൽ പ്രസ്താവിച്ചുകൊള്ളാം. എന്നാൽ ഈ പൂർവ്വരൂപങ്ങൾ കണ്ടുതുടങ്ങിയാൽ ഉടനെ ചികിത്സിക്കണം. ഇതു നാലാമത്തെ ചികിത്സാകാലമാകുന്നു. 37

ഇനിമേൽ രോഗങ്ങൾക്കുള്ള സൂക്ഷ്മമായ ലക്ഷണത്തെപ്പറഞ്ഞുപോം:— ശോഫം, അർബ്ബുദം, ഗ്രന്ഥി, വിദ്രധി, വിസർപ്പം മുതലായ രോഗങ്ങൾക്കും ജ്വരം, അതിസാരം മുതലായ രോഗങ്ങൾക്കും അതാതിനു പറഞ്ഞിട്ടുള്ള ലക്ഷണങ്ങൾ തികഞ്ഞുകണ്ടാൽ അപ്പോളാണ് അവയുടെ സൂക്ഷ്മതയെന്നറിയേണ്ടതാണ്. ഇങ്ങിനെയുള്ള ലക്ഷണം കണ്ടാൽ ഉടനെ ചികിത്സിക്കണം. ഇതു് അഞ്ചാമത്തെ ചികിത്സാകാലമാകുന്നു. 38.

മേൽപറഞ്ഞ വിദ്രധി മുതലായ രോഗങ്ങൾ പൊട്ടി വ്രണപ്പെടുകയും ജ്വരം, അതിസാരം മുതലായവ അധികം കാലത്തേക്കു ദീർഘിച്ചു നിൽക്കുകയും ചെയ്യുന്നതായാൽ ആ കാലത്തു ചികിത്സ ചെയ്യേണമെ

---

* സർവ്വാംഗങ്ങളിലുമുണ്ടാകുന്ന പ്രമേഹപാണ്ഡുശോഷാദികൾ എന്നർത്ഥം 'സർവ്വാംഗവാതം' എന്ന രോഗമാണെന്നും പക്ഷം.

അത്രാപ്രതിക്രിയമാണതേ സാധ്യതാമുപയാന്തി. 39

ഭവന്തി ചാത്ര—(പ).

സഞ്ചയഞ്ച പ്രകോപഞ്ച പ്രസരം സ്ഥാനസംശ്രയമ്
വ്യക്തിം ഭേദഞ്ച യോ വേത്തി ദോഷാണാം സ ഭവേദ്ഭിഷക്. 40
സഞ്ചയേപഹൃതാ ദോഷാ ലഭന്തേ നോത്തരാ ഗതീഃ

ല്ലൊ. അതു് ആറാമതത്ത ചികിത്സാകാലമാകുന്നു. ആ സമയത്തും ചികിത്സചെയ്യാതിരിക്കയൊ ചെയ്യുന്നതുതന്നെ വേണ്ടുപോലെയല്ലാതാകയൊ ചെയ്യാൽ രോഗം പിന്നെ മാറാത്ത നിലയിലായിത്തീരുന്നതുമാണു്.

39

"ദോഷങ്ങൾ വർദ്ധിക്കുന്നതിനേയും കോപിക്കുന്നതിനേയും ദോഷങ്ങളുടെ വ്യാപ്തിയേയും ദോഷങ്ങൾ ഓരോ സ്ഥാനങ്ങളിൽ ചെന്നു കൂടുന്നതിനേയും അവ നിമിത്തം ജ്വരാദിരോഗങ്ങൾ വ്യക്തമായുണ്ടാകുന്നതിനേയും ആ ദോഷങ്ങളുടെ *ഭേദങ്ങളേയും വേർതിരിച്ചു മനസ്സിലാക്കാൻ ശക്തിയുള്ളവനാകുന്നു വൈദ്യൻ".

40

ദോഷങ്ങളെ അവയുടെ വർദ്ധനകാലത്തുതന്നെ നശിപ്പിച്ചാൽ അവ പിന്നൊരുത്ത നിലയെ പ്രാപിക്കയില്ല. അങ്ങിനെ ചെയ്യാതിരുന്നാൽ അവ അധികമായ നിലയിലെത്തുന്നതും അതിന്നുശേഷം ബലം കൂടുതലായിത്തീരുന്നതുമാണു്. ഒരു ദോഷം തനിക്കുള്ള് എല്ലാ §സ്വഭാവങ്ങളോടും കൂടിയോ മൂന്നോ രണ്ടോ ഒന്നോ ലക്ഷണത്തോടുകൂടിയോ കോപിച്ചിട്ടു് ആ വിധത്തിൽ കോപിച്ചിട്ടുള്ള മറൊരു ദോഷത്തോടു ചേരുന്നു. ഇതാണു് ദോഷങ്ങളുടെ സംസർഗ്ഗം. ഈ സംസർഗ്ഗത്തിങ്കൽ ഏതു ദോഷം അധികമായിട്ടിരിക്കുന്നുവൊ ആ ദോഷത്തെ മറ്റെ ദോഷത്തിന്നു വിരോധം കൂടാത്തവിധത്തിൽ ചികിത്സിച്ചു ശമി

---

* വിദ്ധി മുതലായതുകളും വ്രണപ്പെട്ടു തുടങ്ങുകയും ജ്വരാദികളും ദീർഘിച്ചു നിൽക്കയും ചെയ്യുമ്പോൾ ആ സ്ഥിതിക്കു ഭേദമെന്നു പേരാകുന്നു. അതു് ആറാമത്തെ ചികിത്സാകാലമാണെന്നു് മുകളിൽ പറഞ്ഞിട്ടുണ്ടല്ലൊ.

§ വാതത്തിന്നു് രൂക്ഷത്വാദിമുതലായതും പിത്തത്തിന്നു ഉഷ്ണം മുതലായതും കഫത്തിന്നു സ്നിഗ്ദ്ധതമുതലായതും സ്വഭാവമാണെല്ലൊ. ഈ വക ലക്ഷണങ്ങളിൽ ഏതുതന്നെയെന്നാണു് ദോഷം കോപിച്ചിട്ടുള്ളതെന്നു നോക്കണം. സംസർഗ്ഗത്തിങ്കൽ ഏതുദോഷത്തിന്റെ ലക്ഷണം അധികം എന്നു കാണുന്നുവൊ അതു പ്രധാനവും മറ്റേതു് അപ്രധാനവുമാണു്. ദോഷങ്ങളുടെ ലക്ഷണം എന്നുകൊണ്ടു് ഒരുപോലെയാണെങ്കിൽ അതിനെ 'സമസംനിപാത'മെന്നു പറയുന്നു. ദോഷങ്ങളുടെ സംസർഗ്ഗം 'പ്രകൃതിസമസമവേത'മെന്നും 'വികൃതിവിഷമസമവേത'മെന്നും രണ്ടുവകയുണ്ടു്. വാതത്തിന്നും പിത്തത്തിന്നും ശോഷണം ചെയ്കയെന്ന സ്വഭാവമുള്ളതുകൊണ്ടു് അവ രണ്ടും

തേ ത്വന്തരാസു ഗതിഷു ഭവന്തി ബലവത്തരാഃ. 41
സമൈർവ്വാ വൈസ്ത്രിഭിർവ്വാപി ദ്വാഭ്യാമേകേന വാ പുനഃ
സംസൃഷ്ടാ കുപിതാഃ ക്രുദ്ധം ദോഷാം ദോഷോനുധാവതി. 42
സംസൃഷ്ടാ യോ ഗരീയാൻ സ്യാദുപക്രമ്യഃ സ വൈ ഭവേൽ
ശേഷദോഷാവിരോധേന സന്നിപാതേ തഥൈവ ച. 43
വൃണാതി യസ്മാദ്ദേഹേപി വ്രണവസ്തു ന നശ്യതി
ദേഹോഽധാരണാത്തസ്മാദ്വ്രണ ഇത്യുച്യതേ ബുധൈഃ. 44

ഇതി സുശ്രുതസംഹിതായാം സൂത്രസ്ഥാനേ
വ്രണപ്രശ്നാനാമൈകാദശോധ്യായഃ.

പ്പിക്കണം. എല്ലാദോഷങ്ങളും കൂടിയതായ *സന്നിപാതത്തിങ്കലും മേൽപ്രകാരംതന്നെ ചെയ്യേണ്ടതാണ്". 41—43

"ദേഹത്തിങ്കൽ എവിടെയെങ്കിലും വ്രണപ്പെട്ടാൽ അതുണങ്ങിപ്പോയാലും ദേഹത്തിൽനിന്ന് അതിന്റെ അടയാളം മുഴുവൻ ഇല്ലാതാകുന്നില്ല. അങ്ങിനെ എന്നും ദേഹത്തിൽ ജീവകാലം മുഴുവനും അടയാളപ്പെടുത്തിക്കൊണ്ടിരിക്കയാലാണ് അതിന്ന +വ്രണമെന്ന മഹാന്മാർ പേർകല്പിച്ചിട്ടുള്ളത്". 44

ഇങ്ങിനെ സുശ്രുതസംഹിതയിൽ സൂത്രസ്ഥാനത്തിൽ
വ്രണപ്രശ്നം എന്ന
ഇരുപത്തൊന്നാമധ്യായം കഴിഞ്ഞു.

കൂടുന്നതിന്ന് 'പ്രകൃതിസമസമവേത' മെന്നു പറയുന്നു. കഫസ്വഭാവം ശൈത്യവും പിത്തസ്വഭാവം ഉഷ്ണവുമാകകൊണ്ട് അവയുടെ സംസൃഷ്ടത്തെ 'വികൃതിവിഷമസമവേത' മെന്നു പറയുന്നു.

* സന്നിപാതത്തിങ്കൽ എല്ലാദോഷങ്ങൾക്കും ഒരുപോലെ ചികിത്സിക്കണമെന്നു വരുന്നുണ്ടെങ്കിലും അതിൽ ഒന്നാമതു കഫത്തേയും പിന്നെ പിത്തത്തേയും ഒടുക്കം വാതത്തേയും ചികിത്സിക്കേണ്ടതാണെന്നു പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. "സമവായേ ഹി ദോഷാണാം പൂർവ്വം പിത്തമുപാചരേൽ. ദ്വന്ദ്വേ ത്വൈവാതികേ ച സർവ്വത്രാന്യത്ര മാരുതാൽ" എന്നും മറ്റുമുള്ള വചനങ്ങൾ സമസന്നിപാതത്തെ സംബന്ധിച്ചുമാത്രമാണ്. "സന്നിപാതജ്വരേ പൂർവ്വം കുര്യാദാമകഫാപഹം പശ്ചാൽ ശ്ലേഷ്മണി സംക്ഷീണേ ശമയേൽ പിത്തമാശുതഃ". എന്നും പ്രമാണം കാണുന്നു. ഇതു മിക്ക പ്രത്യേക (ഉപരാദി) രോഗങ്ങളെ അശ്രയിച്ചാണെല്ലൊ. സാമാന്യമായി ഏതു രോഗത്തിനേയും സംബന്ധിക്കുന്ന നിയമമാണ് അവായ്യൻ പഠഞ്ഞതു്. അതുകൊണ്ടു മേൽക്കാണിച്ച വിശേഷവിധികൾക്കു് ഈ നിയമം ബാധകമായില്ലെന്നു തോന്നുന്നു.

+ വൃണോതി (അക്ഷാദനം ചെയ്യുന്നു) എന്നുള്ളതുകൊണ്ടു വ്രണമെന്ന പേർ സിദ്ധിച്ചു. "വ്രണ ശാതൃവിച്ഛേദനേ" എന്നും പ്രമാണമുണ്ട്.

ദ്വാവിംശോധ്യായഃ.

അഥാതോ വ്രണാസ്രാവവിജ്ഞാനീയമധ്യായം വ്യാഖ്യാസ്യാമഃ. 1

ത്വങ്മാംസസിരാസ്നായ്വസ്ഥിസന്ധികോഷ്ഠമർമ്മാണീത്യഷ്ടൗ വ്രണവസ്തൂനി; അത്ര സർവ്വവ്രണസന്നിവേശഃ. 2

തത്രാദ്യൈകവസ്തുസന്നിവേശീ ത്വഗ്ദോഷീ വ്രണഃ സൂപചാരഃ, ശേഷാഃ സായമവദീര്യമാണാ ദുരുപചാരാഃ. തത്രായതശ്ചതുരശ്രോ വൃത്തസ്ത്രിപുടക ഇതി വ്രണാകൃതിസമാസഃ; ശേഷാസ്തു വികൃതാകൃതയോ ദുരുപക്രമാ ഭവന്തി. 3

ഇരുപത്തിരണ്ടാമധ്യായം.

ഇനി വ്രണാസ്രാവവിജ്ഞാനീയമെന്ന അധ്യായം പറയാം:—1

വ്രണത്തിന്റെ സ്ഥാനങ്ങൾ തോല്, മാംസം, സിരകൾ, *സ്നായുക്കൾ, അസ്ഥി, സന്ധികൾ, കോഷ്ഠം, മർമ്മങ്ങൾ എന്നിങ്ങിനെ എട്ടണ്ണമാകുന്നു. മേൽ പറഞ്ഞ പ്രദേശങ്ങളിൽ ഏതു ജാതി വ്രണങ്ങളും ഉണ്ടാകുന്നതാണ്. 2

ഈ കൂട്ടത്തിൽ ആദ്യം പറഞ്ഞതായ തോലിങ്കൽ മാത്രമുണ്ടായതും തോലിനെ പിളർന്നിരിക്കുന്നതുമായ വ്രണം ചികിത്സിക്കാനെളുപ്പമുള്ളതാണ്. അതൊഴിച്ചു ബാക്കിസ്ഥാനങ്ങളിലുണ്ടാകുന്നതുകളും താന്തന്നെ പാകംവന്നു പിളർന്നവയുമായ വ്രണങ്ങൾ ചികിത്സിക്കാൻ ദുർവിഷമങ്ങളാകുന്നു. ‡ആയതം (വിസ്താരമുള്ളത്), ചതുരശ്രം (നാൽകോണത്തിലുള്ളത്), §ത്രിപുടകം (ത്രികോണം), വൃത്തം (വട്ടത്തിലുള്ളത്) എന്നിങ്ങിനെ ചുരുക്കത്തിൽ വ്രണങ്ങൾക്കു നാലുപ്രകാരം ആകൃതികളുണ്ട്. ഈ പ്രകാരത്തിലല്ലാതെ, കാണുമ്പോൾ ഇന്നവിധത്തിലെന്നു പറവാൻ പാടില്ലാത്ത ആകൃതിയിലിരിക്കുന്ന വ്രണങ്ങൾ ചികിത്സിക്കാൻ പ്രയാസമുള്ളവയാകുന്നു. 3

---

* ഈ പ്രകൃതത്തിൽ സ്നായുക്കൾക്കു, സന്ധിപ്രദേശങ്ങളിൽ കാണുന്ന അസ്ഥിബന്ധനിക (Ligaments)ളെന്നാണർത്ഥം.

† താനെ പാകമാകുന്നതു മിഷമവും വൈദ്യൻ കീറി വ്രണമാക്കിയാൽ എളുപ്പത്തിൽ മാറുമാവുന്നതുമെന്നർത്ഥം.

‡ മൂന്നു് ഇതളുകളുള്ളതു് എന്നു ചിലരും മൂന്നു ഭാഗമുള്ള കടലക്കപോലെയിരിക്കുന്ന (ത്രിപുടകം=ഒരുതരം കടല)തെന്നു മറ്റുചിലരും വ്യാഖ്യാനിക്കുന്നു.

സവ്വ ഏവ വ്രണാഃ ക്ഷിപ്രം സംരോഹന്ത്യാത്മവതാം സുഭിഷഗ്ഭി ഷ്ശ്ചോപക്രാന്താഃ; അനാത്മവതാമജ്ഞാനാച്ചോപക്രാന്താഃ പ്രദുഷ്യന്തി പ്രവൃദ്ധതാച്ച ദോഷാണാമ്. 4

തത്രാതിസംവൃതോതിപിവൃതോതികഠിനോതിമൃദുരസന്നോവന്ന-ന്നോതിശീതോതിഷ്ണഃ കൃഷ്ണരക്തപീതശുക്ലാദീനാം വർണ്ണാനാമന്യതമവ ർണ്ണോ ഒഭേരവഃ പൂതിപൂയമാംസസിരാസ്നായുപ്രഭൃതിഭിഃ പൂർണ്ണഃ പൂതി പൂയാസ്രാവ്യസ്വാഗ്ര്യസംഗ്രഹനോജ്ഞദർശനഗന്ധഃസ്വാത്മ്യം വേദനാവാ ൻ ദാഹപാകരാഗകണ്ഡൂശോഫപിടകോപദ്രുതോത്സ്രം ദുഷ്ടശോണി താസ്രാവീ ദീർഘകാലാനുബന്ധീ ചേതി ദുഷ്ടവ്രണലിംഗാനി. തസ്യ

ഏതുജാതി വ്രണങ്ങളും,ആഹാരാദികളിൽ നല്ല കൃത്യമുള്ള ആളു കൾക്കുണ്ടായതുകളായിരിക്കയും നല്ല പരിചയമുള്ള ശസ്ത്രവൈദ്യന്റെ ചികിത്സയിലിരിക്കയും ചെയ്യാൽ എളുപ്പത്തിൽ ഉണങ്ങും. നടുവടി ക്ക കൃത്യമില്ലാത്ത ആളുകൾക്കുണ്ടായ വ്രണങ്ങളും വിവരമില്ലാത്ത വൈ ദ്യന്മാർ ചികിത്സിക്കുന്ന വ്രണങ്ങളും ദോഷങ്ങൾ അധികമായി വർദ്ധി ച്ച് ചികിത്സിക്കാൻ വിഷമമായ നിലയിൽ ദുഷിച്ചുപോകുന്നതാണ് ()

വ്രണത്തിന്റെ മുഖം നന്നെ കൂടുകിയിരിക്കയോ നന്നെ വിടന്നി രിക്കയോ ചെയ്കു, തൊടുമ്പോൾ അധികം കഠിനമായോ അധികം മൃദു വായോ ഇരിക്കു, അധികം മേൽപ്പെട്ട പൊന്തിയിരിക്കയോ അധികം താഴ്ന്നിരിക്കയോ ചെയ്കു, അധികം തണുത്തിരിക്കയോ അധികം ഉ ഷ്ണമായിരിക്കയോ ചെയ്കു, കറുത്തിട്ടോ ചുകന്നിട്ടോ മഞ്ഞളിച്ചിട്ടോ വെളുത്തിട്ടോ മറ്റൊ ഇരിക്കുക, നോക്കുമ്പോൾ ഭയം ജനിക്കത്തക്ക ആകൃതിയിലിരിക്കുക, ദുർഗ്ഗന്ധമുള്ള ചലവും മാംസവും സിരകളും സ്നായു ക്കളും മാറും വ്രണത്തിനകത്തു നിറഞ്ഞിരിക്കുന്നതായി കാണുക, ദുർ ഗ്ഗന്ധമുള്ള ചലം ഒലിക്കുക,മേൽപ്പെട്ട ഉന്തിയപോലെ *പൊങ്ങിയിരിക്കു ക, ഉള്ളിൽ പൊത്തുള്ളതായിരിക്കുക, കാഴ്ചയിൽ വളരെ അപ്രിയം ജ നിക്കുന്നനിലയിലായിരിക്കുക, ഗന്ധം നന്നെ അരുചിണ്ടാക്കുന്നതായി രിക്കു, അധികമായ വേദനയുണ്ടായിരിക്കുക, ചൂടുനീറൽ, പഴുപ്പ്, ചുക

---

* "ഉന്മാഗ്രി" എന്ന മൂലത്തിനും 'വിലങ്ങത്തിൽ' വ്യവഹരിച്ചിരിക്കുന്നതും എ ന്നും അർത്ഥം പറയുന്നു. "ഉൽസംഗി" ച്യുന്നതിനാൽ 'ഉന്നത-ഗതി'യായിരിക്കുന്നതെന്നും വ്യാഖ്യാനിച്ചു കാണുന്നു.

ദോഷോച്ഛ്രായേണ ഷട്തപം വിഭജ്യ യഥാസപം പ്രതികാരേ പ്രയതേത. 5

അഥ ഊദ്ധപം സവ്വ്സ്രാവാൻ വക്ഷ്യാമഃ. തത്ര പ്ലുഷ്ടാസു ക്രിമിനാസു വാ തപക്ഷു സ്ഫോടേഷു ഭിന്നേഷു വിദാരിതേഷു വാ സലിലപ്രകാശോ ഭവത്യാസ്രാവഃ കിഞ്ചിദപിസ്രഃ പീതാവഭാസശ്ച. മാംസഗതഃ സപ്പിഃപ്രകാശഃ സാന്ദ്രഃ ശ്വേതഃ പിച്ഛിലശ്ച. സിരാഗതഃ സട്യശ്ഛിന്നാസു സിരാസു രക്തതിപ്രവൃത്തിഃ പകപാസു ച തോയനാഡീഭിരിവ തോയാഗമനം; പൂയസ്യാസ്രാവശ്ചാത്ര തനുവ്വിച്ഛിന്നഃ പിച്ഛിലോവലംബീ ശ്യാവോവശ്യായപ്രതിമശ്ച. സ്നായുഗതഃ സ്നിഗ്ധോ ഘനഃ സിംഹാണകപ്രതിമഃ സരക്തശ്ച. അസ്ഥിഗതോസ്ഥിന്യഭിഹതേ സ്ഫുടിതേ ഭിന്നേ ദോഷാവദാരിതേ വാ ദോഷഭക്ഷിതതപാദസ്ഥി നിഃസാരം ശു

പ്പ്, ചൊറിച്ചൽ; വീക്കം എന്നീ ഉപദ്രവങ്ങളധികമുണ്ടായിരിക്കുക, ചുറ്റും കുരു(പിടകാ)ക്കളധികമുണ്ടായിരിക്കുക, അധികംദുഷിച്ചതായ രക്തം ഒലിക്കുക, അധികകാലത്തേക്കു നീണ്ടിച്ചുനില്ക്കുക, എന്നിങ്ങിനെയുള്ള ലക്ഷണങ്ങളുള്ള വ്രണം ദുഷ്ടവ്രണമാണെന്നറിയേണ്ടതാണ്. ഇങ്ങിനെയുള്ള ദുഷ്ടവ്രണങ്ങളെ ദോഷങ്ങളുടെ ആധിക്യത്തെ അനുസരിച്ച് ആവതരത്തിൽ (വാതപിത്തകഫസന്നിപാതരക്താഗന്തുകഭേദേന) ഭാഗിച്ചു വേണ്ടപോലെയുള്ള ചികിത്സചെയ്യാൻ ശ്രമിക്കണം. 5

ഇനിമേൽ വ്രണങ്ങളിൽ ഉണ്ടാകുന്ന അനേകവിധമായ സ്രാവങ്ങ(ഒലിക്കൽ)ളെയെല്ലാം പറയാം:—വ്രണം തോലിലുള്ളതായിരുന്നാൽ ഒരുസുകയോ ചേദിക്കയൊ ചെയ്യാലും അവിടെയുള്ള പൊള്ളകളൊന്നെ പൊട്ടുകയൊ അവയെ കീറിപ്പൊട്ടിക്കയോ ചെയ്യാലും മഞ്ഞനിറമായി കുറഞ്ഞൊന്നു ദുർഗ്ഗന്ധമായി വെള്ളംപോലെ ഒരു സ്രാവം ഉണ്ടാകും. മാംസത്തെ ആശ്രയിച്ചു നില്ക്കുന്ന വ്രണത്തിങ്കൽ കൊഴുപ്പും വഴുപ്പും വെളുപ്പുമുള്ളതായി നെയ്യുപോലുള്ള ഒരു സ്രാവമുണ്ടാകും. സിരകളിലാണ് വ്രണം നില്ക്കുന്നതെങ്കിൽ സിരകൾ പൊട്ടുന്നതെന്നു മുറിഞ്ഞു രക്തം അധികമായി പുറത്തേക്കു പുറപ്പെടും. ഈ സിരാവ്രണം പഴുത്താൽ കുഴലിനുള്ളിൽകൂടി വെള്ളം വരുന്നപോലെ അധികമായി ചലം സ്രവിക്കും. ഈ ചലം നേർമ്മയുള്ളതും ഇടവിട്ടുകൊണ്ടോ

ക്തിധൌതമിവാഭാതി. ആസ്രാവശ്ചാത്ര മജ്ജമിശ്രഃ സരുധിരഃ സ്നിശ്ചശ്ച. സന്ധിഗതഃ പീഡ്യമാനോ ന പ്രവർത്തതേ, ആകുഞ്ചനപ്രസാരണോന്നമനവിനമനപ്രധാവനോൽകടാസനോത്ഥാനപ്രവാഹണൈശ്ച സ്രവതി. ആസ്രാവശ്ചാത്ര പിച്ഛിലോവലംബീ സഫേനപൂയരുഴകുന്നതും വഴപ്പുള്ളതും തൊട്ടാലൊട്ടുന്നതും (*അവലംബീ) കരുവാളിച്ച നിറമുള്ളതും മഞ്ഞുവെള്ളംപോലിരിക്കുന്നതുമായിക്കാണാം. വ്രണം സ്നായുക്കളിലായിരുന്നാൽ മെഴുക്കുള്ളതും കട്ടിയുള്ളതുംമൂക്കുനീരു(സിംഹാണക)പോലെയിരിക്കുന്നതും രക്തം കലർന്നുകൊണ്ടിരിക്കുന്നതുമായ സ്രാവമാണുണ്ടാകുന്നത്. അസ്ഥിയെ ആശ്രയിച്ചുണ്ടാകുന്ന വ്രണത്തിങ്കൽ അസ്ഥി ഒടിയുകയൊ (ആഗന്തുവ്രണത്തിൽ) വിള്ളുകയൊ മുറിയുകയൊ ദോഷങ്ങൾ നിമിത്തം പിളരുകയൊ ചെയ്തിരിക്കാം; അപ്പോൾ അസ്ഥിയുടെ ഉള്ളിലുള്ള പദാർത്ഥം (മജ്ജ) ഒക്കയും നശിച്ചിരിക്കും; അസ്ഥി അന്തർശൂന്യമായി കഴുകി വെടുപ്പുവരുത്തിയ മുത്തുച്ചിപ്പിപോലായിക്കാണുകയും ചെയ്യും. അങ്ങിനെയുള്ള അസ്ഥിവ്രണത്തിങ്കൽ മജ്ജയും രക്തവും കലർന്നിട്ടുള്ളതും സ്നിഗ്ദ്ധവുമായ ഒരു സ്രാവമാണുണ്ടാകുന്നത്. വ്രണം സന്ധിയിലാണെങ്കിൽ പീച്ചുമ്പോൾ വെള്ളം വരികയില്ല. മടക്കുകയൊ നിവർത്തുകയൊ പൊന്തിക്കുകയൊ താഴ്ത്തുകയൊ ഓട്ടുകയൊ ||കുന്തിച്ചിരിക്കുകയൊ എഴുനീൽക്കുകയൊ മുക്കുകയൊ (പ്രവാഹണം) ചെയ്യുന്ന സമയങ്ങളിൽ ആ വ്രണത്തിൽനിന്നു വെള്ളം ഒലിക്കയും ചെയ്യും. ഇങ്ങിനെ ഒലിക്കുന്ന വെള്ളം വഴപ്പുള്ളതും തൊട്ടുമ്പോൾ ഒട്ടലുള്ളതും നരയും ചലവും ചോരയും കലർന്നതുമായിരിക്കും. വയറ്റിൽ ഉള്ള വ്രണത്തിങ്കൽ രക്തം, മൂത്രം, മലം, ചലം, ജലം എന്നിവ സ്രവിക്കും. മർമ്മത്തിങ്കലുള്ള വ്രണം, തോൽ മാംസം മുതലായവയെ ആശ്രയിച്ചുണ്ടാകുന്ന വ്രണങ്ങൾ തന്നെയാകയാൽ (തോലുമുതലായവയിലുള്ള വ്രണങ്ങളുടെ സ്രാവത്തിൽ നിന്നു വ്യത്യാസപ്പെട്ടുവി

* അവലംബീ=വസ്തുത്തിലായാൽ പിന്നെ കഴുകുമ്പോൾ പോകാതിരിക്കുന്നത്" എന്നു് ഭോഷ്യകാരമതം.

|| "ഉൽകാസന"മെന്നും പാഠമുണ്ടു്. ആ പക്ഷത്തിൽ പിന്നെയും പിന്നെയും ശക്തിയോടെ ചുമയ്ക്കുക എന്നർത്ഥമാകുന്നു.

ധിഭരാന്മഥിതശ്ച. കോഷ്ഠഗതോസൃങ്മൂത്രപുരീഷപൂയോദകോനി സ്രവതി. മർമ്മഗതസ്ത്വചാദിഷ്വവരുദ്ധതാന്നോച്യതേ. 6

തത്ര തച്ചാദിഗതാനാമാസ്രാവാണാം യഥാക്രമം പാരുഷ്യശ്യാവാവശ്യായഭധിമസ്യക്ഷാരോദകമാംസധാവനാപുലാകോദകസന്നിഭതാനി മാരുതാദ്ഭവന്തി. പിത്താദ്ഗോമേദകഗോമൂത്രഭസ്മശംഖകഷായോദകമാധ്വീകതൈലസന്നിഭതാനി. കഫാന്നവനീതകാസീസമജ്ജ

ത്തിൽ ഒന്നും മർമ്മവ്രണത്തിലുണ്ടാകുന്നതല്ല; അതുകൊണ്ട്), അതിനെ ഇവിടെ വേറെ പറയുന്നില്ല. 6

ത്വക്ക്, മാംസം, സിര, സ്നായു, അസ്ഥി,* സന്ധി, കോഷ്ഠം എന്നിങ്ങിനെ മുൻപറഞ്ഞ സ്ഥാനങ്ങളിലുണ്ടാകുന്ന വ്രണങ്ങളിൽ വാതദോഷം അധികമായിട്ടുണ്ടെങ്കിൽ അതിൽനീറുന്നാലിക്കുന്ന വെള്ളം *ക്രമത്തിൽ, തൊട്ടുനോക്കുമ്പോൾ മാർദ്ദവം ചുരുങ്ങിയിരിക്കയും, കുരുവാളിച്ച നിറത്തിലിരിക്കയും, മഞ്ഞുവെള്ളംപോലിരിക്കയും, തൈർവെള്ളംപോലിരിക്കയും, ക്ഷാരം കലക്കിയ വെള്ളംപോലിരിക്കയും, മാംസം കഴുകിയ വെള്ളംപോലിരിക്കയും, $അരികഴുകിയ വെള്ളംപോലിരിക്കയും ചെയ്യും. പിത്തത്തിന്റെ ആധിക്യമുണ്ടായിരുന്നാൽ ആ വ്രണത്തിൽനിന്നുണ്ടാകുന്ന വെള്ളം ക്രമത്തിൽ ഗോമേദകത്തിന്റെ നിറം(ഒരുതരം ചുകപ്പ്)ത്തിലും, ഗോമൂത്രത്തിന്റെനിറത്തിലും, ഭസ്മംകലക്കിയ വെള്ളത്തിന്റെ നിറംപോലുള്ള നിറത്തിലും, ശംഖത്തിന്റെനിറത്തിലും, കഷായവെള്ളത്തിന്റെ നിറത്തിലും, മാധ്വീക(തേൻകൊണ്ടുണ്ടാക്കുന്ന മദ്യം)ത്തിന്റെ നിറത്തിലും, എള്ളെണ്ണയുടെ നിറത്തിലും ഇരിക്കുന്നതാണ്. കഫം അധികമായിരുന്നാൽ ത്വങ്മാംസാദികളിലുണ്ടാകുന്ന വ്രണങ്ങളിൽനിന്നൊലിക്കുന്നജലംക്രമത്തിൽ വെണ്ണപോലെയും, കാരീയംപോലെയും മജ്ജപോലെയും, അരിമാവുപോലെയും, എള്ളുപോലെയും, നാളികേരവെള്ളംപോലെയും, പന്നിയുടെ വസപോലെയും ഇരിക്കുന്നതാണ്. ര

---

* ത്വക്കിലുള്ള വ്രണത്തിനു മാർദ്ദവക്കുറവും മാംസത്തിലുള്ളതിനു കറുപ്പുനിറവും ഇങ്ങിനെ ക്രമത്തിൽ ഓരോ ലക്ഷണം ഓരോന്നിനുണ്ടെന്നു ഗ്രഹിക്കണമെന്നും അഭിപ്രായങ്ങളുണ്ട്.

$ മൂലം "പുലാകോദകം" എന്നാണു. പുലാകം=കാട്ടുകോതമ്പാണെന്നും വ്യാഖ്യാനം കാണുന്നു.

പിഷ്ടതിലനാരികേളോദകവരാഹവസാസന്നിഭത്വാനി. പിത്തവദ്ര
ക്തദതിവിസ്രുതത്വം. സന്നിപാതാൽ തിലനാരികേളോദകൈഃപ്പാങ്കു
കരസ്കാഞ്ചികപ്രസാദാരുകോദകപ്രിയംഗ്രുഫലയകൃന്മുദ്ഗയൂഷസവ –
ർണ്ണത്വാനീതി. 7

ശ്ലോകൌ ചാത്ര ഭവതഃ.

പകാശയാദസാധ്യസ്തു പുലാകോദകസന്നിഭഃ
ക്ഷാരോദകനിഭഃ സ്രാവോ വജ്ര്യോ രക്തദാശയാൽ സ്രവൻ.
ആമാശയാൽ കളായാംഭോനിഭശ്ച ത്രികസന്ധിജഃ

രക്തകോപമുണ്ടായിരുന്നാൽ ത്വഗാദികളിലെ വ്രണത്തിൽ നിന്നുണ്ടാകു
ന്നജലം പിത്തകോപത്തിലുള്ളപോലെയിരിക്കുന്ന ലക്ഷണത്തോടുകൂടിയി
രിക്കും; എന്നാൽ രക്തദോഷത്തിങ്കൽ ചലം കുറെ അധികം ദുർഗ്ഗന്ധമു
ള്ളതായിരിക്കുമെന്നൊരു വ്യത്യാസമുണ്ട്. വാതപിത്തകഫങ്ങളും മൂ
ന്നും കൂടി കോപിച്ചിട്ടുള്ള സന്നിപാതത്തിങ്കൽ ത്വഗാദികളിലെ വ്രണ
ങ്ങളിലുള്ള സ്രാവം ക്രമത്തിൽ എള്ളുകഴുകിയ വെള്ളത്തിന്റെയും, നാ
ളികേരവെള്ളത്തിന്റേയും, വെള്ളരിക്കച്ചാറിന്റെയും, കാടിത്തെളി
യുടേയും, *ആരുകപ്പുഴച്ചാറിന്റെയും, ഞാഴൽപഴത്തിന്റേയും നിറമു
ള്ളതായും യകൃത്തിന്റേയോ ചെറുപയറുകൊണ്ടുണ്ടാക്കിയ രസ(യൂഷ)
ത്തിന്റേയോ നിറംപോലുള്ള നിറത്തോടുകൂടിയതായുമിരിക്കും. 7

"പകാശയത്തിലുണ്ടായ വ്രണത്തിൽനിന്ന് അരി കഴുകിയ വെ
ള്ളംപോലുള്ള വെള്ളം ഒലിക്കുന്നതായാൽ അതും, രക്താശയ (യകൃൽ
പ്ലീഹകഠം)ത്തിലുണ്ടായ വ്രണത്തിൽനിന്നു ക്ഷാരം കലക്കിയ വെള്ളം
പോലുള്ള വെള്ളം സ്രവിക്കുന്നതായാൽ അതും അസാദ്ധ്യമാകുന്നു. ആ
മാശയത്തി (Stomach)ങ്കലും §ത്രികസന്ധിയിലുമുണ്ടായ വ്രണങ്ങളിൽ
നിന്നു കടല വേവിച്ച വെള്ളംപോലുള്ള വെള്ളം ഒലിക്കുന്നതായാൽ
അതും അസാദ്ധ്യമാകുന്നു. വൈദ്യൻ വ്രണരോഗിയെ കണ്ടാൽ ഒന്നാ

---

* ആരുകപ്പുഴം ഇട്ടുവെച്ചിട്ടുള്ള വെള്ളത്തിന്റെം നിറംപോലെയെന്നും അഭി
പ്രായമുണ്ട്.

§ ത്രികശബ്ദത്തിന്നു് ഇവിടെയും, കഴുത്തും മുലുംമാറും കൂടുന്ന സന്ധിപ്രദേ
ശമാണർത്ഥമെന്നു മല്ലനമിശ്രൻ പറയുന്നു.

സ്രാവാനേതാൻ പരീക്ഷ്യാദൌ തതഃ കർമ്മാചരേൽ ഭിഷക്. 8

(ഗ). അത ഊർദ്ധ്വം സവ്വ്രണവേദനാ വക്ഷ്യാമഃ. തോദനഭേദനതാഡനചേദനായമനാമനഥനവിക്ഷേപണപുരുപുരുമായനനിർഹനാവഭഞ്ജനസ്ഫോടനവിദാരണോൽപാടനകന്ഥനവിവിധശൂലവിശ്ലേഷണവികിരണപൂരണസംഭനസപ്ലാവകുഞ്ചനാങ്കുശികാഃ സംഭവന്തി. അനിമിത്തവിവിധവേദനാപ്രാദുർഭാവോ വാ മുഹുർമുഹുഷ്ത്രാശഷ്ത്രന്തി വേദനാവിശേഷാസ്തും വാതികമിതി വിദ്യാൽ. ഓഷ്ണചോഷ്ണപരിദാഹധൂമായനാനി യത്ര ഗാത്രമംഗാരാവകീർണ്ണമിവ പച്യതേ യത്ര ചോഷ്മാഭിവൃദ്ധിഃ ക്ഷതേ ക്ഷാരാവസിക്തവച്ച വേദനാവിശേഷാസ്തും പൈത്തികമിതി വിദ്യാൽ. ശീതകാരിണഃ സ്തിമിതഗുരുകഠിനസുപ്തിസ്തിമിതാവസാദനാനി യത്ര ഗാത്രാണി ശീതേനാഭിഹതാനീവ സ്തബ്ധാനി ഭവന്തി യത്ര ചോപരി ഹിമപരിഷേകാവസിക്തമിവ ഗാത്രം ഭവത

കമിതി വിദ്യാൽ. പിത്തവദ്രക്തസമുത്ഥം ജാനീയാൽ. കണ്ഡൂഗ്ലുതപം സുപ്തതമുപദേഹോല്പവേദനതപം സൂംഭഃ ശൈത്യഞ്ച യത്ര തം ശ്ലൈഷ്മികമിതി വിദ്യാൽ. യത്ര സവ്വ്വാസാം വേദനാനാം സമുൽപത്തിസ്തം സാന്നിപാതികമിതി വിദ്യാൽ. 9

അത ഊദ്ധ്വം വ്രണവണ്ണ്ണാൻ വക്ഷ്യാമഃ. ഭസ്മകപോതാസ്ഥിവണ്ണ്ണഃ പരുഷോരുണഃ കൃഷ്ണ ഇതി മാരുതജസ്യ. നീലഃ പീതോ ഹരിതഃ ശ്യാവഃ കൃഷ്ണോ രക്തഃ കപിലഃ പിംഗള ഇതി രക്തപിത്തസമുത്ഥയോഃ. ശ്വേതഃ സ്നിഗ്ധഃ പാണ്ഡുരിതി ശ്ലേഷ്മജസ്യ. സവ്വവണ്ണ്ണാപേതഃ സാന്നിപാതിക ഇതി. 10

വദ്ധിച്ചുകാണുന്നതും, വ്രണത്തിന്മേൽ ക്ഷാരം വീഴ്ത്തിയാലുണ്ടാകുന്ന മാതിരിയിലുള്ള വേദനകളും കാണുന്നതും, പിത്തകോപത്തിന്റെ ലക്ഷണമാകുന്നു. രക്തകോപമുള്ള വ്രണത്തിലുള്ള വേദനയുടെ ലക്ഷണം പിത്തത്തിന്റെ പറഞ്ഞപോലെ തന്നെയാണെന്നറിഞ്ഞുകൊള്ളണം. ചൊറിച്ചിൽ, ഘനം, തരിപ്പ്, എന്തോ പിരട്ടിയിരിക്കുന്ന എന്നു തോന്നൽ, വേദനക്കുറവ്, സ്തംഭിച്ചിരിക്കൽ, തണുപ്പ് എന്നീ ലക്ഷണങ്ങളും കണ്ടാൽ അവിടെ കഫകോപമാണുള്ളതെന്നറിയണം. മേൽ പറഞ്ഞ വേദനകളെല്ലാം കാണുന്നതിക്കിൽ സന്നിപാതമാണെന്നറിഞ്ഞുകൊള്ളണം. 9

ഇനിമേൽ വാതാദിദോഷങ്ങളും നിമിത്തം വ്രണത്തിനുണ്ടാകുന്ന വണ്ണഭേദത്തെ പറയാം:— വാതംകൊണ്ടുള്ള വ്രണം ഭസ്മത്തിനേറയും മാടപ്രാവിനേറയും എല്ലിനേറയും നിറംപോലുള്ള നിറത്തോടു കൂടിയിരിക്കും. വ്രണം കാണുമ്പോൾ പരുപരുത്തിരിക്കയും ചുകന്നിരിക്കയും കറുത്തിരിക്കയും ചെയ്യാൽ അതും വാതത്തിന്റെ ലക്ഷണം തന്നെയാകുന്നു. പിത്തംകൊണ്ടോ രക്തംകൊണ്ടോ ഉണ്ടായ വ്രണത്തിന്റെ നിറം നീലമായും മഞ്ഞളിച്ചും പച്ചയായും കരുവാളിച്ചും കറുത്തും ചുകന്നും കപിലമായും പിംഗളമായും ഇരിക്കും. വെളുത്തും മിഴക്കോടുകൂടിയും പാണ്ഡുവണ്ണമായും ഇരിക്കുന്ന വ്രണം കഫകോപത്തോടു കൂടിയതാകുന്നു. ഈ പറഞ്ഞ വണ്ണങ്ങളെല്ലുമുള്ളതായ വ്രണം സന്നിപാതജന്യമാണെന്നറിയണം. 10

---

* "പരുഷ"മെന്ന മൂലപദത്തിന്നു നാനാവണ്ണമെന്നും വ്യാഖ്യാനം കാണുന്നു.

ഭവതി ചാത്ര—(പ).

ന കേവലം വ്രണേഷ്വുക്തോ വേദനാവർണ്ണസംഗ്രഹഃ
സർവ്വശോഫവികാരേഷു വ്രണവല്ലക്ഷയേദ്ഭിഷക്. 11

ഇതി സുശ്രുതസംഹിതായാം സൂത്രസ്ഥാനേ
വ്രണാസ്രാവവിജ്ഞാനീയോ നാമ
ദ്വാവിംശോധ്യായഃ.

ത്രയോവിംശോധ്യായഃ.

അഥാതഃ കൃത്യാകൃത്യവിധിമധ്യായം വ്യാഖ്യാസ്യാമഃ. 1

തത്ര വയഃസ്ഥാനാം ദൃഢാനാം പ്രാണവതാം സത്വവതാഞ്ച സുചികിത്സ്യാ വ്രണാ ഏകസ്മിൻ വാ പുരുഷേ യത്രൈതദ്ഗുണചതുഷ്ടയം തസ്യ സുഖസാധനീയതമാഃ. 2

"മേൽപറഞ്ഞപ്രകാരം വ്രണങ്ങൾക്കു പറഞ്ഞിട്ടുള്ള വേദനാഭേദങ്ങളും നിറഭേദങ്ങളും വ്രണങ്ങളിൽ മാത്രമല്ല, ഏതുതരം വീക്കത്തിങ്കലും യോജിപ്പിച്ചുനോക്കി വാതാദിദോഷങ്ങളുടെ കോപത്തെ വൈദ്യൻ മനസ്സിലാക്കേണ്ടതാണു"". 11

ഇങ്ങിനെ സുശ്രുതസംഹിതയിൽ സൂത്രസ്ഥാനത്തിൽ
വ്രണാസ്രാവവിജ്ഞാനീയമെന്ന
ഇരുപത്തിരണ്ടാമധ്യായം കഴിഞ്ഞു.

ഇരുപത്തിമൂന്നാമധ്യായം.

ഇനി കൃത്യാകൃത്യവിധി എന്ന (സാധ്യാസാധ്യലക്ഷണങ്ങൾ പറയുന്ന) അധ്യായത്തെ പറയാം:— 1

വ്രണം യൌവനമുള്ളവക്കും അംഗങ്ങൾക്ക് ഉറപ്പുള്ളവക്കും ബലമുള്ളവക്കും ധൈര്യമുള്ളവക്കും (സത്വഗുണമുള്ളവക്കും) ഉണ്ടായാൽ എളുപ്പത്തിൽ ചികിത്സിച്ചു മാറ്റാൻ കഴിയും. മേൽപറഞ്ഞ നാലു ഗുണങ്ങളും തികഞ്ഞ ആൾക്കാണ് വ്രണമുണ്ടാവുന്നതെങ്കിൽ അതു് അധികം എളുപ്പത്തിൽ മാറ്റാൻ കഴിയും. 2

തത്ര വയഃസ്ഥാനാം പ്രത്യഗ്രധാതുത്വാദാശു വ്രണാ രോഹന്തി. ദൃഢാനാം സ്ഥിരബഹ്വമാംസത്വാച്ച സ്ഥൂലവചായ്യമാണം സിരാസ്നായ്വാദിവിശേഷാൻ ന പ്രാപ്നോതി. പ്രാണവതാം വേദനാഭിഘാതാഹാരയന്ത്രണാദിഭിന്ന ഗ്ലാനിരുൽപദ്യതേ. സത്വവതാം ദാരുണൈരപി ക്രിയാവിശേഷൈന്ന വ്യഥാ ഭവതി. തസ്മാദേഷാം സുഖസാധനിയതമാഃ. ത ഏവ വിപരീതഗുണാ വൃദ്ധകൃശാല്പപ്രാണഭീരുഷു ദുഷ്ടവ്യാഃ. 3

സ്ഥികപായുപ്രജനനലലാടഗണ്ഡൌഷ്ഠപുഷ്കണ്ഠകക്ഷാശിരോദരജത്രുമുഖാഭ്യന്തരസംസ്ഥാഃ സുഖരോപണീയാ വ്രണാഃ. അക്ഷിഭ്രുനാസാപാംഗശ്രോത്രനാഭിജഠരസേവനീനിതംബപാൾപകുക്ഷിവക്ഷഃകക്ഷാസൂനസന്ധിഭാഗഗതാഃ സഫേനപൂയരക്താനിലവാഹിനോന്തഃശല്യാശ്ച ദുശ്ചികിത്സ്യാഃ. അധോഭാഗാശ്ചോദ്ഭവഭാഗനിവ്വാഹിണോ രോ

യൌവനമുള്ളവക്കു ധാതുക്കൾ ഇളംപ്രായത്തിലിരിക്കുന്നവയാകയാൽ വ്രണങ്ങൾ വേഗത്തിൽ ഉണങ്ങിപ്പോകും. അംഗങ്ങൾക്കു ഉറപ്പുള്ളവക്കു മാംസം അധികമായും ഊക്കോടുകൂടിയും ഇരിക്കുന്നതുകൊണ്ടു ശസ്ത്രപ്രയോഗംചെയ്യാൽ സിരകളിലൊ സ്നായുക്കളിലൊ മറ്റൊ തട്ടി ദോഷമുണ്ടായിത്തീരുകയില്ല. ബലമുള്ളവർ വേദനയേൽക്കുകകൊണ്ടും ആഹാരത്തിൽ പഥ്യനിബ്ബന്ധംകൊണ്ടുള്ള ബുദ്ധിമുട്ടു നിമിത്തമായും ക്ഷീണിച്ചു എന്നു വരുന്നതല്ല. ധൈര്യമുള്ളവക്കു ഭയംകരങ്ങളായ ശസ്ത്രപ്രയോഗം മുതലായ ക്രിയകൾ നിമിത്തം വേദനയുണ്ടാകയില്ല. അതുകൊണ്ടാണു് ഈ മാതിരി ആളുകളുടെ വ്രണങ്ങൾ അധികം എളുപ്പത്തിൽ മാറുമെന്നു പറഞ്ഞതു്. വൃദ്ധന്മാക്കും കൃശന്മാക്കും ബലഹീനന്മാക്കും ഭയമുള്ളവക്കും ഉണ്ടാകുന്ന ആ മാതിരി വ്രണങ്ങൾ ചികിത്സിച്ചു ശമിപ്പിപ്പാൻ പ്രയാസമുള്ളവയാകുന്നു. 3

നിതംബമാംസം(Buttucks), മലദ്വാരം, ജനനേന്ദ്രിയം(ഗുഹ്യം), നൊറി, കവിൾ, ചുണ്ടു്, പൃഷ്ഠഭാഗം, ചെവി, വൃഷണങ്ങൾ, വയറു്, ജത്രു (പൂണെല്ലു്), വായ (മുഖാന്തർഭാഗം) എന്നീ അവയവങ്ങളിലുണ്ടാകുന്ന വ്രണങ്ങളെ എളുപ്പത്തിൽ ചികിത്സിച്ചു ഭേദപ്പെടുത്തുവാൻ കഴിയും. കണ്ണുകളിലും പല്ലുകളുടെ ഊനുകളിലും മൂക്കിനുള്ളിലും കടക്കണ്ണുകളിലും കാതിന്റെ വള്ളിയിലും നാഭിയിലും വയറിലും അസ്ഥി

മാന്തോപനഖമമ്മജംഘാസ്ഥിസംശ്രിതാശ്ച. ഭഗന്ദരമപി ചാന്തർമ്മുഖം സേവനീകൂടകാസ്ഥിസംശ്രിതമ്. 4.

ഭവതി ചാത്ര—(പ).

കൃഷ്ണിനാം വിഷജുഷ്ടാനാം ശോഷിണാം മധുമേഹിനാമ്
വ്രണാഃ കൃച്ഛ്രേണ സിദ്ധ്യന്തി യേഷാഞ്ചാപി വ്രണേ വ്രണാഃ. 5

കൾ തമ്മിൽ കൂടുന്ന സ്ഥലങ്ങ(*സേവനീ=കൂടുന്നടിയേപ്പ്, Suture)ളിലും അരക്കെട്ടിലും വാരിപ്പുറങ്ങളിലും കുക്ഷിയിലും കക്ഷപ്രദേശത്തും മുലകളിലും സന്ധികളിലും ഉണ്ടാകുന്നവ്രണങ്ങളും, നരയും ചലവും ചോരയും വായുവും വ്രണത്തിൽനിന്നു പുറത്തേക്കുവരുന്നുണ്ടെങ്കിൽ ആ മാതിരി വ്രണങ്ങളും, അകത്തു വല്ലതും പെട്ടുകിടക്കുന്ന വ്രണങ്ങളും ചികിത്സിച്ചു ഭേദപ്പെടുത്താൻ വളരെ പ്രയാസമുള്ളവയാകുന്നു. അപ്രകാരം തന്നെ വ്രണം താണസ്ഥലത്തുണ്ടായി മേൽപ്പോട്ടു വ്യാപിച്ചു് മുകളിൽകൂടി പൊട്ടിയൊലിച്ചുകൊണ്ടിരിക്കുക, +സീമന്തമർമ്മങ്ങളിലും നഖങ്ങളുടെ സമീപപ്രദേശത്തും മർമ്മപ്രദേശത്തിലും വണ്ണക്കാലിലെ എല്ലിലും ഉണ്ടായതായിരിക്കുക, ഇങ്ങിനെയുള്ള വ്രണങ്ങളും ചികിത്സിക്കാൻ അധികം പണിയുള്ളവയാണു്. ഇതുപോലെ ഭഗന്ദരം ഉള്ളിലേക്കു മുഖമായിട്ടുണ്ടായാൽ അതും അസ്ഥികൾ തമ്മിൽ ചേരുന്ന §കൂടകാസ്ഥിപ്രദേശ(അരക്കെട്ടിലുള്ള തണ്ടെല്ലിന്റെ തലപ്പു്)ത്തുണ്ടായ വ്രണങ്ങളും ചികിത്സിക്കാൻ വളരെ പ്രയാസമുണ്ടു്.

4

"കൃഷ്ണരോഗികൾക്കും വിഷംതട്ടിയവക്കും ശോഷ(മെലിച്ചിൽ)മുള്ളവക്കും മധുമേഹമുള്ളവക്കും വ്രണമുണ്ടായാൽ അതും ഒരു വ്രണത്തിന്മേൽ പിന്നെയും വ്രണങ്ങളുണ്ടായാൽ അതും ദുസ്സാധ്യമാകുന്നു". 5

---

* സേവനിയെപ്പറ്റി ശാരീരസ്ഥാനത്തിൽ പറയും. ഈ പ്രകൃതത്തിൽ അസ്ഥിസന്ധിയാണെന്നു ചിലരുടെ അഭിപ്രായം കാണുന്നു.

+ "രോമാന്ത" മെന്നാണു മൂലം. അതിനു രോമങ്ങളുടെ അറ്റത്തിസ്ഥലമെന്നത്രേ ചിലർ പറയുന്നു. അവിടത്തെ വ്രണം ചികിത്സിക്കുന്നതിനു വിഷമമാക്കുന്നതെങ്ങിനെയെന്നുള്ളതു ചിന്ത്യമാകുന്നു.

§ കടകാസ്ഥിയിലുണ്ടാകുന്ന ഭഗന്ദരവ്രണത്തെയാണു് ഇവിടെ പറഞ്ഞതെന്നും പക്ഷമുണ്ടു്. കടകാസ്ഥിയുടെ ഉള്ളിലോ അയിന്റെ അഗ്രയിലോ ഭഗന്ദരമുണ്ടാകുമെന്നിതുകൊണ്ടു സൂചിപ്പിക്കപ്പെട്ടിരിക്കുന്നു.

(ഗ). അവപാടികാനിരുദ്ധപ്രകശസന്നിരുദ്ധഗുദജഠരഗ്രന്ഥിക്ഷ
തക്രിമയഃ പ്രതിശ്യായജാഃ കോഷ്ഠജാശ്ച തപശോഷിണാം പ്രമേഹിണാം
വാ യേ പരിക്ഷതേഷു ദൃശ്യന്തേ; ശക്രൊസികതാമേഹവാതകുണ്ഡലി
കാഷ്ഠീലാദനശക്രോപകുശകണ്ഡരാലൂകനിഷ്ഠ്യൂഷണദൂഷിതാശ്ച യേ
വേഷ്ടാ വിസപ്പ്വാസ്ഥിക്ഷതോരക്ഷതവ്രണഗ്രന്ഥിപ്രഭൃതയശ്ച യാപ്യാഃ.
(പ). സാധ്യാ യാപ്യതമായാന്തി യാപ്യാശ്ചാസാധ്യതാം തഥാ
ഷ്ണന്തി പ്രാണാനസാധ്യാസ്തു നരാണാമക്രിയാവതാം. 7

* *അവപാടികാ, നിരുദ്ധപ്രകശം, †സന്നിരുദ്ധഗുദം, മഹോദ
രം, ഗ്രന്ഥി എന്നീ രോഗങ്ങളിലുള്ള വ്രണങ്ങളിൽ കൃമികളുണ്ടായാൽ
അവയും പീനസരോഗത്തിലും വയാറിലും കൃമികളുണ്ടായാൽ അവയും
തപശോഷവും പ്രമേഹവുമുള്ളവക്കുണ്ടായ വ്രണങ്ങളിൽ കൃമിയുണ്ടായി
തീന്നാൽ ആ വ്രണങ്ങളും †ശക്രോമേഹം, സികതാമേഹം, വാതകു
ണ്ഡലികാ, അഷ്ഠീലാ ഈവക ഉപദ്രവങ്ങളുള്ളവരുടെ വ്രണങ്ങളും ദന്ത
ശക്രരാ, ഉപകുശം, കണ്ഡരാലൂകം, നിഷ്ഠ്യൂഷണം (പല്ലുതേക്കാനുള്ള
സാധനത്തിന്റെ വിഷദോഷംനിമിത്തമുണ്ടാകുന്ന രോഗം) ഇങ്ങിനെ
പല്ലിന്റെ ഊനിന്മേലുണ്ടാകുന്ന വ്രണങ്ങളും അസ്ഥി മുറിഞ്ഞു മുറിഞ്ഞു
പരക്കുക (‡വിസപ്പ്വാസ്ഥിക്ഷത), നെഞ്ഞിന്നകത്തുള്ള മുറിവു്, വ്രണഗ്ര
ന്ഥി (മർമ്മസ്ഥാനത്തു മുഴയുണ്ടായി വ്രണപ്പെട്ടതു്) ഈവക വ്രണങ്ങളും
ചികിത്സിച്ചുകൊണ്ടിരുന്നാൽ തല്ക്കാലശാന്തിയുണ്ടാക്കിക്കൊണ്ടിരിക്കാ
വുന്ന ജാതികളാകുന്നു. 6

"വ്രണങ്ങളും ഉണ്ടായ ഉടനെ വേണ്ടപോലെ ചികിത്സിക്കാതെ
വെച്ചിരിക്കുന്നവക്കു് ആ വ്രണങ്ങളും സാധ്യങ്ങളാണെങ്കിലും യാപ്യങ്ങ

---

* അവപാടിക(Parphimosis)യും നിരുദ്ധപ്രകശ(Phymosis)വും ക്രമത്തി
ൽ ലിംഗത്തിന്റെ തലക്കലെത്താലി കേറാൻ വയ്യാത്തതും, ഇറക്കാൻവയ്യാത്തതുമാ
യ രോഗങ്ങളാണു്.

† സന്നിരുദ്ധഗുദമെന്ന രോഗത്തിൽ വ്രണം പ്രസിദ്ധമല്ല എന്നാൽ മലം പോ
കുന്നതിലുള്ള വിഷമതകൊണ്ടു് വ്രണപ്പെട്ട എന്നു വരാവുന്നതാണു്.

† ശക്രോമേഹമെന്ന സാമാന്യമായി പറഞ്ഞിട്ടുണ്ടെങ്കിലും വാതജന്യമായതി
നെ ഒഴിച്ചാണെന്നു ഗ്രഹിക്കേണ്ടതാണു്.

‡ ഇതിനു്, വിസപ്പും വേറും അസ്ഥിക്ഷയം വേറെയെന്നാക്കി മിലർ തർജ്ജ
മ ചെയ്തിരിക്കുന്നതു ശരിയാകുമെന്നു തോന്നുന്നില്ല.

യാപനീയം വിജ്ഞാനീയാൽ ക്രിയാ ധാരയതേ തു യമ്
ക്രിയായാന്തു നിവൃത്തായാം സദ്യ ഏവ വിനശ്യതി. 8
പ്രാപ്താ ക്രിയാ ധാരയതി യാപ്യവ്യാധിതമാതുരമ്
പ്രപ്തിഷ്യതി വാഗാരം വിഷ്ഠംഭഃ സാധുയോജിതഃ. 9

(ഗ). അത ഊർദ്ധ്വമസാധ്യാൻ വക്ഷ്യാമഃ. മാംസപിണ്ഡവദുത്സന്നാഃ പ്രസേകിനോന്തഃപൂയവേദനാവന്തോശ്വാപാനവദുത്സ്യൂതൌഷ്ഠാഃ. കേചിൽ കഠിനാ ഗോശൃംഗവദുന്നതമൃദുമാംസപ്രരോഹാഃ. അപരേ ദുഷ്ടരുധിരാസ്രാവിണഃസൂനപിച്ഛിലാസ്രാവിണോ വാ മധ്യാന്

ളായിത്തീരും; യാപ്യങ്ങളാണെങ്കിൽ അസാധ്യങ്ങളാകും; അസാധ്യങ്ങളായിരുന്നാൽ മരണം സംഭവിക്കയും ചെയ്യും. വ്രണങ്ങളിൽ ചികിത്സ ചെയ്യുകൊണ്ടിരിക്കുന്ന കാലമെല്ലാം ആശ്വാസമുണ്ടാകുന്നുണ്ടെങ്കിൽ ആ രോഗിയെയാണ് യാപ്യനെന്നു പറയുന്നത്. ചികിത്സ നിൎത്തിയാൽ ഉടനെ ആ രോഗം നിമിത്തം അവനു മരണം സംഭവിക്കയും ചെയ്യും. വീഴാൻ തുടങ്ങുന്ന ഭവനത്തെ നല്ല തൂണുകളെക്കൊണ്ടു മുട്ടുകൊടുത്തു നിലനിൎത്തുന്നതുപോലെയാണ് യാപ്യരോഗമുള്ളവനെ നല്ല ചികിത്സചെയ്തു നിലനിൎത്തുന്നത്. 7-9

ഇനിമേൽ അസാധ്യവ്രണങ്ങളെ പറയുന്നു:—മാംസപിണ്ഡംപോലെ മേൽപ്പൊട്ടി പൊന്തിനില്ക്കുന്നവയും എപ്പോഴും വെള്ളം ഒലിച്ചുകൊണ്ടിരിക്കുന്നവയും ഉള്ളിൽ ചലം നിറഞ്ഞും വേദനയധികമായും ഇരിക്കുന്നവയും കുതിരയുടെ *മലദ്വാരംപോലെ അരുകു പൊന്തിനില്ക്കുന്നവയുമായ വ്രണങ്ങൾ അസാധ്യങ്ങളാകുന്നു. ചില വ്രണങ്ങൾ തൊട്ടാൽപോൽ കഠിനങ്ങളായും പശുവിന്റെ കൊമ്പുപോലെ ഉയൎന്നു മൃദുവായിരിക്കുന്ന മാംസത്തിന്റെ മുളകളോടുകൂടിയിരിക്കുന്നവയായും ഇരിക്കും. വേറെ ചിലതുകൾ ദുഷിച്ച രക്തം ഒലിച്ചുകൊണ്ടോ വഴുവഴുപ്പുള്ള നേൎത്ത ഒരുമാതിരി വെള്ളം ഒലിച്ചുകൊണ്ടോ ഇരിക്കും. അവയുടെ മദ്ധ്യഭാഗത്തു് ഉയരമധികമുണ്ടായിരിക്കയും ചെയ്യും. ചില വ്രണങ്ങളുടെ അരുകുകൾ താണും ചെറിയ ദ്വാരങ്ങളോടുകൂടിയും ഇരിക്കും. ചിലണപ്പുഞ്ഞിപോലെ ചില വ്രണങ്ങളിൽ സ്നായുക്കൾ കെട്ടിപ്പിണഞ്ഞു

---

* "അശ്വാപാന"മെന്നാണു മൂലം. ഇതിനു ഡല്ഹ്ണൻ—"ബഡവായോനി" എന്നർത്ഥം പറഞ്ഞിട്ടുണ്ടു്.

താ. കേചിദവസന്നസുഷിരപാർശ്വന്താ ശണതൂലവൽ സ്നായുജാലവ
ന്തോ ദുർദ്ദർശനാ. വസാമേദോമജ്ജമസൃഗ്ഭംഗസ്രാവിണശ്ച ദോഷസമു
ത്ഥാ. പീതാസിതമൂത്രപുരീഷവാതവാഹിനശ്ച കോഷ്ഠസ്ഥാ. ക്ഷീണ
മാംസാനാഞ്ച സവ്വതോഗതയശ്ചാണുമുഖാ മാംസബുദ്ബുദവന്ത സ
ശബ്ദവാതവാഹിനശ്ച ശിരഃകണ്ഠസ്ഥാ. ക്ഷീണമാംസാനാഞ്ച പൂയ
രക്തനിവ്വാഹിണോരോചകാവിപാകകാസശ്വാസോപദ്രവയുക്താ. ഭി
ന്നേ വാ ശിരഃകപാലേ യത്ര മസ്തുള്ഭംഗദർശനം ത്രിദോഷലിംഗപ്രാദുർ
വാ കാസശ്വാസൌ വാ യസ്യേതി 10

കിടക്കുന്നതു കാണാം; കാഴ്ചയിൽ അവ വളരെ ഭയങ്കരങ്ങളായിരിക്കും. ചില വ്രണങ്ങളിൽ *ദോഷാധിക്യം നിമിത്തം വസ, മേദസ്സ്, മജ്ജ, മസ്തുള്ഭംഗം (തലച്ചോറ്) എന്നിവ ഒഴുകിക്കൊണ്ടിരിക്കും. ഇങ്ങിനെയുള്ള വ്രണങ്ങളും, അപ്രകാരം തന്നെ വയറ്റിലുണ്ടാകുന്ന വ്രണങ്ങളിൽ നിന്നു മഞ്ഞളിച്ചും കറുത്തുമിരിക്കുന്ന മൂത്രം മലം എന്നിവ ശബ്ദത്തോടുകൂടി പുറത്തേക്കു സ്രവിച്ചുകൊണ്ടിരിക്കുന്നുവെങ്കിൽ അവയും, അങ്ങിനെതന്നെ മാംസം ക്ഷയിച്ചവയ്ക്ക് ശിരസ്സിലൊ കണ്ഠത്തിലൊ ഉണ്ടായിട്ടുള്ളതും മുഖം കൂടുകിയിരിക്കുന്നതും മേൽപ്പോട്ടും കീഴ്പോട്ടും വിലങ്ങത്തിലും വ്യാപിച്ചിരിക്കുന്നതും മാംസപ്പുളകങ്ങളോടുകൂടിയിരിക്കുന്നതും ഞരമ്പുകൾ കെട്ടിപ്പിണഞ്ഞു കിടക്കുന്നതും ശബ്ദത്തോടുകൂടി ഉള്ളിൽ നിന്നു വായു പുറപ്പെടുന്നതുമായ വ്രണങ്ങളും, അപ്രകാരം മാംസം ക്ഷയിച്ചിരിക്കുന്ന രോഗിക്ക് ചോരയും ചലവും ഒലിച്ചുകൊണ്ടും അരോചകം, ദാഹനക്കേട്, ചുമ, വിക്കം എന്നി ഉപദ്രവങ്ങളോടുകൂടിയുണ്ടാകുന്ന വ്രണങ്ങളും, വ്രണംകൊണ്ടു ശിരസ്സിന്റെ കപാലം പൊളിഞ്ഞു് അവിടെ തലച്ചോറ കണ്ടുതുടങ്ങുന്നതായാൽ ആ വ്രണങ്ങളും, മൂന്നു ദോഷങ്ങളുടെയും ലക്ഷണങ്ങൾ കാണുന്ന വ്രണങ്ങളും, ചുമയും വിക്കവും ഉപദ്രവങ്ങളായുണ്ടായിട്ടുണ്ടെങ്കിൽ ആ വ്രണങ്ങളും അസാധ്യങ്ങളാകുന്നു. 10

* ഇതുകൊണ്ടു് അഗന്തുവ്രണം ഈ കൂട്ടത്തിൽ പെടുകയില്ലെന്നു സൂചിപ്പിക്കപ്പെടുന്നു.

ഭവന്തി ചാത്ര—(പ).

വസാം മേദോഥ മജ്ജാനം മസ്തുളുംഗഞ്ച യഃ സ്രുവേൽ
ആഗന്തുസ്തു വ്രണഃ സിധ്യേന്ന സിധ്യേദ്ദോഷസംഭവഃ. 11
അമർമ്മോപഹിതേ ദേശേ സിരാസന്ധ്യസ്ഥിവർജ്ജിതേ
വികാരോ യോന്യുപയ്യേതി തദസാധ്യസ്യ ലക്ഷണമ്. 12
ക്രമേണോപചയം പ്രാപ്തോ ധാതുനാനുഗതഃ ശനൈഃ
ന ശക്യ ഉന്മൂലയിതും വൃദ്ധോ വൃക്ഷ ഇവാമയഃ. 13
സ സ്ഥിരത്വാന്മഹത്വാച്ച ധാതവനുക്രമണേന ച
നിഹന്ത്യൗഷധവിന്യാസീ മന്ത്രാൻ ദുഷ്ടഗ്രഹോ യഥാ. 14

"വസയും മേദസ്സും മജ്ജയും തലച്ചോറും വ്രണത്തിൽനിന്നു സ്രവിക്കുന്നതായാലും ആ വ്രണം ആഗന്തുക(അടി, വീഴ്ച മുതലായതിനാലുണ്ടായത്)വ്രണമാണെങ്കിൽ ചികിത്സിച്ചാൽ മാറും. അതല്ല, ത്രിദോഷകോപംകൊണ്ടുണ്ടായതാണെങ്കിൽ മാറുകയില്ല. 11

വ്രണം മർമ്മപ്രദേശത്തിലല്ല ഉണ്ടായിട്ടുള്ളത്, സിരകൾക്കോ സന്ധികൾക്കോ അസ്ഥിക്കോ (മറ്റോ) യാതൊരു കേടും തട്ടീട്ടുമില്ല, ഇങ്ങിനെയൊക്കെയായാലും *വ്രണം ധാതുക്കളിലെങ്ങും വ്യാപിക്കുന്നതായിക്കണ്ടാൽ അതു സാധ്യമല്ലെന്നു വരും. ഒരു മരം നല്ലവണ്ണം വളർന്നു വേരുന്നിയാൽ പിന്നെ അതിനെ പുഴക്കിക്കളയുന്നു കായ്ക്കും പ്രയാസമായിരിക്കുന്നതുങ്ങിനെയോ അങ്ങിനെതന്നെ രോഗവും ക്രമത്തിൽ വഴിച്ചു മന്ദമന്ദം ധാതുക്കളിൽ കടന്നുപിടിച്ചുപോയാൽ പിന്നെ ചികിത്സിച്ചു ഭേദപ്പെടുത്താൻ വിഷമമായിത്തീരുന്നതാണ്. അങ്ങിനെയുള്ള രോഗം ഓച്ചുവശായിട്ടുള്ളതുകൊണ്ടും വളർന്നിട്ടുള്ളതുകൊണ്ടും ധാതുക്കളിൽ വ്യാപിച്ചിട്ടുള്ളതുകൊണ്ടും ഔഷധങ്ങളുടെ വീര്യങ്ങളെ, ദുഷിച്ചിട്ടുള്ള ഗ്രഹം (സ്കന്ദാപസ്മാരാദി) മന്ത്രങ്ങളുടെ വീര്യങ്ങളെ എന്നപോലെ തീരെ നശിപ്പിക്കുന്നു. 12—14

* നല്ലവൈദ്യൻ ചികിത്സിച്ചാലും നല്ലസ്ഥലത്തുണ്ടായതായാലും വ്രണം ധാതുക്കളിൽ വ്യാപിക്കയാണു ചെയ്യുന്നതെങ്കിൽ അസാധ്യമാകുമെന്നറിയണം. രോഗസ്വഭാവവ്യാപിയായ വികാരശബ്ദത്തിനു വ്രണമെന്നുമാത്രം അർത്ഥമല്ലെന്നും കുഷ്ഠവാതരക്തക്ഷയാദിരോഗങ്ങളെ അതുകൊണ്ടു ഗ്രഹിക്കാമെന്നും ചിലർക്കഭിപ്രായമുണ്ട്. ആ പക്ഷത്തിൽ ഏതു രോഗവും ഇവിടെ പറഞ്ഞ വിധത്തിലായിരുന്നാൽ അസാധ്യമാകുമെന്നു മനസ്സിലാക്കണം.

അതോ ന്യോ വിപരീതഃ സ്യാൽ സുഖസാധ്യഃ സ ഉച്യതേ
അബദ്ധമൂലഃ ക്ഷുപദ്മകാ യദ്വദുൽപാടനേ സുഖഃ. 15

ത്രിഭിർദ്ദോഷൈരനാക്രാന്തഃ ശുദ്ധവൗഷ്ഠഃ പിഡകീ സമഃ
അവേദനോ നിരാസ്രാവോ വ്രണഃ ശുദ്ധ ഇഹോച്യതേ. 16

കപോതവർണ്ണപ്രതിഭാ യസ്യാന്താഃ ക്ലേദവർജ്ജിതാഃ
സ്ഥിരാശ്ചിപിടികാവന്തോ രോഹതീതി തമാദിശേൽ. 17

ത്രുഢ്വത്മാനമഗ്രന്ഥിമശ്രുനമരുജം വ്രണം
ത്വക്സവർണ്ണം സമതലം സമ്യഗൂഢം വിനിർദ്ദിശേൽ. 18

മേൽപറഞ്ഞ അസാധ്യലക്ഷണങ്ങളൊന്നുമില്ലാത്ത വ്രണങ്ങളെ മരുന്നുകളെക്കൊണ്ടു് എളുപ്പത്തിൽ ശമിപ്പിക്കാം. നല്ലവണ്ണം വേരു പിടിച്ചു വളർന്നിട്ടില്ലാത്ത ചെറിയ ചെടികളെ പറിച്ചു കളവാൻ പ്രയാസമില്ലെല്ലോ. വാതാദിദോഷങ്ങളൊന്നും അധികമായി വർദ്ധിച്ചിട്ടില്ലാത്തതും വക്കത്തു കരുവാളിച്ച നിറമുള്ളതും *ചെറുപൊള്ളകങ്ങൾ (അരിപ്പുണ്ണുകൾ) അരുകുകളിൽ പോങ്ങിടുള്ളതും അധികം പൊന്തിയും താണും ഇരിക്കാത്തതും അധികമായ വേദനയില്ലാത്തതും ചലം ഒലിക്കാതിരിക്കുന്നതും ആയ വ്രണത്തിനു ശുദ്ധിവന്നിരിക്കുന്നു എന്നു പറയാം. 15—16

ഏതൊരു വ്രണത്തിന്റെ അരുകുകൾ മാടപ്രാവിന്റെ നിറം(കുറഞ്ഞാനും മഞ്ഞളിച്ചു)മുള്ളവയായും നല്ലഞ്ഞു വെള്ളം ഒഴുക്കൊണ്ടില്ലാതെയും ഉറപ്പുള്ളതായും തോലു ചുളിഞ്ഞടുന്നുപോകാൻ തക്കതരത്തിലായും ഇരിക്കുന്നുവോ ആ വ്രണം ഉണങ്ങിത്തുടങ്ങിയെന്നു നിശ്ചയിക്കാം. 17

* അരുകുകൾ തമ്മിൽ മുട്ടിയുണ്ങ്ങി, മുഴയില്ലാതെ, വേദനയും കുത്തലുമില്ലാതെ, വ്രണപ്പെടാത്ത ഭാഗത്തിലുള്ള തോലിന്റെ നിറത്തിനു സമമായ നിറത്തോടുകൂടി, ഉന്തലും താഴ്ചയുമില്ലാതെയിരിക്കുന്ന വ്രണം നല്ലവണ്ണം ഉണങ്ങി എന്നു പറയാവുന്നതാണു്. 18

---

* ചിലർ "അപിടകീ" എന്നുള്ള പാഠത്തെ സ്വീകരിക്കുന്നു. ആ വാക്കിന്, "അരുകത്തു കുരുക്കളൊപാങ്ങീട്ടില്ലാത്തതു" എന്നർത്ഥമാക്കണം.

*ദോഷപ്രകോപാദ്വ്യായാമാദഭിഘ്നാതാദജീർണ്ണതഃ
ഹർഷാൽ ക്രോധാദ്ഭയാദപി വ്രണോ രൂഢോപി ദീര്യ്യതേ. 19

ഇതി സുശ്രുതസംഹിതായാം സൂത്രസ്ഥാനേ
കൃത്യാകൃത്യവിധിർന്നാമ
ത്രയോവിംശോധ്യായഃ.

ദോഷകോപംകൊണ്ടും അതിവ്യായാമംകൊണ്ടും അടിയോ വീഴ്ചയോ മറ്റോ പറ്റിയാൽ അതുകൊണ്ടും അജീർണ്ണംകൊണ്ടും സന്തോഷം, കോപം, ഭയം എന്നിവയാൽ മനസ്സു വളരെ ക്ഷോഭിപ്പാനിടവന്നാൽ അതുകൊണ്ടും ഉണ്ടായ വ്രണം രണ്ടാമതും വീണ്ടുപൊട്ടി ഉപദ്രവമായിത്തീരും". (അതുകൊണ്ട് ഉണ്ടായാലും കുറെക്കാലത്തേക്ക് ആവകയൊന്നുമുണ്ടാകാതെ സൂക്ഷിക്കണമെന്നു താൽപര്യം.) 19

ഇങ്ങിനെ സുശ്രുതസംഹിതയിൽ സൂത്രസ്ഥാനത്തിൽ
കൃത്യാകൃത്യവിധി എന്ന
ഇരുപത്തിമൂന്നാമധ്യായം കഴിഞ്ഞു.

* ഈ ശ്ലോകം ഞാനാഷ്മാനെന്നതായിച്ചു്. ഭല്ലനമിശ്രൻ ഉപേക്ഷിച്ചിരിക്കുന്നു.

ചതുർവിംശോധ്യായഃ.

അഥാതോ വ്യാധിസമുദ്ദേശീയമധ്യായം വ്യാഖ്യാസ്യാമഃ. 1

ദ്വിവിധാ വ്യാധയഃ ശസ്ത്രസാധ്യാഃ സ്നേഹാദിക്രിയാസാധ്യാശ്ച. തത്ര ശസ്ത്രസാധ്യേഷു സ്നേഹാദിക്രിയാ ന പ്രതിഷിധ്യതേ. സ്നേഹാദിക്രിയാസാധ്യേഷു ശസ്ത്രകർമ്മ ന ക്രിയതേ. അസ്മിൻ പുനഃ ശാസ്ത്രേ സ്വതന്ത്രസാമാന്യാൽ സർവ്വേഷാം വ്യാധീനാം യഥാസ്ഥൂലമവരോധഃ ക്രിയതേ. 2

പ്രാഗഭിഹിതം തദ്ദുഃഖസംയോഗാ വ്യാധയ ഇതി. തച്ച ദുഃഖം ത്രിവിധമാധ്യാത്മികമാധിഭൌതികമാധിദൈവികമിതി. 3

ഇരുപത്തിനാലാമധ്യായം.

ഇനി വ്യാധിസമുദ്ദേശീയമെന്ന പേരായ (വ്യാധികളെപ്പറ്റി സംക്ഷേപമായി നിരൂപിക്കുന്ന) അധ്യായം പറയാം:— 1

ശസ്ത്രക്രിയകൊണ്ടു മാറാവുന്നവയും സ്നേഹസ്വേദാദിക്രിയകൊണ്ടുമാറാവുന്നവയുമായി രണ്ടുവിധം വ്യാധികളുണ്ട്. ഈ കൂട്ടത്തിൽ ശസ്ത്രക്രിയ ചെയ്യേണ്ടുന്ന വ്യാധികളിൽ സ്നേഹസ്വേദാദിക്രിയകളും ചെയ്യുന്നതുകൊണ്ടു വിരോധമില്ല. എന്നാൽ സ്നേഹാദിക്രിയകളാചെയ്തു മാറാവുന്ന രോഗങ്ങളിൽ ശസ്ത്രക്രിയ ചെയ്യാനാവശ്യമില്ലാത്തതാകുന്നു. ഈ ശാസ്ത്രത്തിങ്കൽ ശാലാക്യം മുതലായ സ്വതന്ത്രങ്ങളേയും സംബന്ധിച്ചിരിക്കുന്ന എല്ലാ വ്യാധികളുടെയും ലക്ഷണങ്ങളും ചികിത്സകളും സാമാന്യമായി പറയപ്പെടുന്നു. 2

പുരുഷനുണ്ടാകുന്ന ദുഃഖസംയോഗമാണ് വ്യാധിയെന്നു മുമ്പെ (ഒന്നാമധ്യായത്തിൽ) പറഞ്ഞിട്ടുണ്ടല്ലോ. ആ ദുഃഖം ആധ്യാത്മികം, ആധിഭൌതികം, ആധിദൈവികം എന്നിങ്ങിനെ *മൂന്നുവിധമാകുന്നു.— ഈ മൂന്നുവിധം ദുഃഖവും താഴേപറയുന്ന ഏഴുവിധം വ്യാധിക

* ആധ്യാത്മികം=തന്റെ ദേഹമനസ്സുകളെ സംബന്ധിച്ചിരിക്കുന്ന (വാതാദികളും രജസ്സുമസ്സുകളും)ഹേതുക്കളാലുണ്ടാകുന്നതു്. ആധിഭൌതികം=പശുപക്ഷിസർപ്പാദികളാൽ തനിക്കുണ്ടാകുന്നതു്. ആധിദൈവികം=പിശാചഗ്രഹയക്ഷാദികളാൽ ഉണ്ടാകുന്നതു്.

തത്ര സപ്തവിധേ വ്യാധാവുപനിപതതി. തേ പുനഃ സപ്തവിധാ വ്യാധയഃ. തദ്യഥാദിബലപ്രവൃത്താഃ ജന്മബലപ്രവൃത്താഃ ദോഷബല പ്രവൃത്താഃ സംഘാതബലപ്രവൃത്താഃ കാലബലപ്രവൃത്താഃ ദൈവബല പ്രവൃത്താഃ സഭാവബലപ്രവൃത്താ ഇതി. 4

തത്രാദിബലപ്രവൃത്താ യേ ത്വാർത്തവശോണിതദോഷാനുപയാഃ കൃമ്യാദിപ്രഭവായാഃ. തേപി ദ്വിവിധാ മാതൃജാഃ പിതൃജാശ്ച. ജന്മബലപ്രവൃത്താ യേ മാതൃരുപചാരാൽ പംഗ്വജാത്യന്ധബധിരമൂകമിന്മിനവാമനപ്ര

ളംബകിൽ മാത്രമെ *സംഭവിക്കയുള്ളു. 1. ആദിബലപ്രവൃത്തങ്ങളും, 2. ജന്മബലപ്രവൃത്തങ്ങളും, 3. ത്രിദോഷബലപ്രവൃത്തങ്ങളും, 4. സംഘാതബലപ്രവൃത്തങ്ങളും, 5. കാലബലപ്രവൃത്തങ്ങളും, 6. ദൈവബലപ്രവൃത്തങ്ങളും, 7. സഭാവബലപ്രവൃത്തങ്ങളും, എന്നിങ്ങിനെയാണ് ആ ഏഴിഴ വ്യാധികളും. 3—4

അവയിൽ പിതാവിന്റെ ശുക്ലത്തിന്നും മാതാവിന്റെ ആർത്തവത്തിന്നുമുള്ള ദോഷംനിമിത്തമുണ്ടാകുന്ന കൃമ്യും, അർശ്സ്സ് മുതലായ വ്യാധികളും ആദിബലപ്രവൃത്തങ്ങളാകുന്നു. മാതൃരക്തത്തിന്റെ ദോഷത്താലുണ്ടാകുന്നവയും പിതൃശുക്ലദോഷത്താലുണ്ടാകുന്നവയുമായി ആദിബലപ്രവൃത്തങ്ങളെ രണ്ടായി ഭാഗിക്കാം.

മാതാവു ഗർഭകാലത്തു ചെയ്തിട്ടുള്ള അപഥ്യാചാരങ്ങൾനിമിത്തം സന്താനങ്ങൾ കാലൊടിഞ്ഞും കണ്ണുപൊട്ടിയും ചെവ്വിട്ടുകേൾക്കാതെയും ഊമയായും †കൊഞ്ഞലാട്ടക്കുടിയും ഉയരം കുറുകിയും മറ്റും ജനിക്കുന്നുണ്ട്. ഈ ദോഷങ്ങളെ ജന്മബലപ്രവൃത്തങ്ങളായ വ്യാധികളാണെന്നു പറയുന്നു. ഇവയെയും രണ്ടായി തരംതിരിക്കാം. അവയിൽ ഒന്നാമത്തതു ഗർഭകാലത്തിങ്കൽ മാതാവിന്റെ ആഹാരരസത്തിൽ വന്നുപോയിട്ടുള്ള ദോഷംകൊണ്ടും മറ്റൊന്നു, ഗർഭമുണ്ടായിരിക്കുമ്പോൾ ചെയ്യുന്ന ചേഷ്ടകളുടെ ‡ക്രമക്കേടുകൊണ്ടും ഉണ്ടാകുന്നതാകുന്നു.

---

* ഈ മൂന്നുവിധം വ്യാധികളും പിന്നെ ഏഴു വിധത്തിലായിരിക്കുന്നു എന്നു തോന്നുന്നില്ല.

† "മിന്മിന" എന്ന മൂലം. മൂക്കുകൊണ്ടു് അക്ഷരം പുറപ്പെടുവിച്ചു് സംസാരിക്കുന്നവരെന്നു ഒല്ലനവ്യാഖ്യാനം.

‡ മൂലത്തിലെ "ദൌഹൃദ" പദത്തിന്നും 'ഗർഭ'മെന്നും അതിന്റെ "അപചാരം" 'അകാലത്തിൽ മൂക്കുക (പ്രവാഹണം) മുതലായതാണെ'ന്നുമുള്ള ഓഷ്യതപ്രകാരം തർജ്ജമ

ഭൂതയോ ജായന്തേ. തേഷി ദ്വിവിധാ രസകൃതാ ഔഷധോപചാരകൃതാശ്ച. ദോഷബലപ്രവൃത്താ യേ ആതങ്കസമുൽപന്നാ മിഥ്യാഹാരാചാരഭവാശ്ച. തേഷി ദ്വിവിധാ ആമാശയസമുത്ഥാഃ പക്വാശയസമുത്ഥാശ്ച, പുനശ്ച ദ്വിവിധാഃ ശാരീരാ മാനസാശ്ച. ത ഏതേ ആധ്യാത്മികാഃ. 5

സംഘാതബലപ്രവൃത്താ യേ ആഗന്തവോ ദൃഷ്ടലസ്യ ബലവദ്വിഗ്രഹാൽ. തേഷി ദ്വിവിധാഃ ശസ്ത്രകൃതാ വ്യാളാദികൃതാശ്ച. ഏതേ ആധിഭൌതികാഃ. 6

ക്രമക്കേടായ ആഹാരങ്ങളും നടവടികളും നിമിത്തമൊ മനസ്സിനുണ്ടാകുന്ന വലിയ ക്ഷോഭങ്ങൾനിമിത്തമൊ വാതാദിദോഷങ്ങളൊ മറ്റു ദോഷങ്ങ(രജസ്സും തമസ്സും)ളൊ കോപിച്ചു് അതുനിമിത്തം ഉണ്ടാകുന്ന വ്യാധികൾ ദോഷബലപ്രവൃത്തങ്ങളാകുന്നു. ഇവ ആമാശയത്തിലുണ്ടാകുന്നവയും *പക്വാശയത്തിലുണ്ടാകുന്നവയുമായി രണ്ടുവിധത്തിലുണ്ടു്. ഇവ രണ്ടിനെ പിന്നെയും ഭാഗിച്ചാൽ ശാരീരങ്ങളെന്നും മാനസങ്ങളെന്നും രണ്ടുവിധത്തിലായി വരുന്നു. ഇങ്ങിനെ മേൽപറഞ്ഞ മൂന്നുവിധം (ആദിബലജന്മബലദോഷബലപ്രവൃത്തങ്ങൾ) വ്യാധികളും ആധ്യാത്മികങ്ങളാകുന്നു. 5

ബലവാന്മാരോടു ബലമില്ലാത്തവർ ദ്വന്ദ്വയുദ്ധംചെയ്യുന്നതുകൊണ്ടും മറ്റും വന്നുകൂടുന്ന ആഗന്തുകരോഗങ്ങളെ സംഘാതബലപ്രവൃത്തങ്ങളെന്നു പറയുന്നു. അവ ദ്യആയുധംകൊണ്ടുണ്ടാകുന്നതും സർപ്പം

ചെയ്തിരിക്കുന്നു. "അകാലപ്രവാഹണാൽ ബഡിരം മൂകം.....ജനയതി" എന്നു മേലിൽ (ശാരീരസ്ഥാനം 10-ാം അദ്ധ്യായം) പറവാൻ പോകുന്നതുമുണ്ടു്.— ഗർഭിണികൾക്കു് നാലാംമാസം മുതൽക്കു തുടങ്ങുന്ന പലവിധം അഗ്രഹങ്ങൾക്കു് "ദൌഹൃദ"മെന്നു പേരാണെന്നും ഒരു അഗ്രഹങ്ങളും സാധിക്കാനിടവരുത്താതിരിക്കുന്നതിന്നാണു് "ദൌഹൃദോപചാര"മെന്നു പറയേണ്ടതെന്നും ഒല്ലനവ്യാഖ്യാനം കാണുന്നു. ഇതിന്നും, മേലിൽ (ശാ...സ്ഥാനം 8-ാം അ.) പറയുന്ന "ദൌഹൃദവിഘാതനാൽ കുബ്ജം കുണിം.....ജനയതി" എന്നുള്ള വാക്യം അടിസ്ഥാനമായിരിക്കുന്നു.

* പച്യമാനാശയമായ ഗ്രഹണീസ്ഥാനം (ആമപക്വാശയങ്ങളുടെ മധ്യഭാഗം) സംബന്ധിച്ച വ്യാധികളും ഈ വർഗ്ഗത്തിലുൾപ്പെടുന്നതാണു്.

$ ആമാശയാദികളിലുള്ള ദോഷങ്ങൾ മനസ്സിനെ വികാരപ്പെടുത്തുമെന്നു് ഇതുകൊണ്ടു സൂചിപ്പിക്കപ്പെട്ടിരിക്കുന്നു.

§ "പക്ഷിമത്സ്യമൃഗൈശ്ചൈവ യ ദംഷ്ട്രിശൃംഗിനഖൈർഹതഃ പതനാനാശനപ്രായൈ സ്തൈർദ്ദംഷ്ട്രാശൃംഗിവിഷജ്വലനൈഃ മൃതാ ബലപ്രവേശേന തേ ഉഭവ ശസ്ത്രഹതാഃ സ്മൃതാഃ" എന്നു

കാലബലപ്രവൃത്താ യേ ശീതോഷ്ണവാതവർഷാപ്രഭൃതിനിമിത്താഃ. തേ പി ദ്വിവിധാ വ്യാപന്നത്തുകൃതാ അവ്യാപന്നത്തുകൃതാശ്ച ദൈവബലപ്രവൃത്താ യേ ദേവദ്രോഹാഭിശസ്തകാ ആഥർവ്വണകൃതാ ഉപസർഗ്ഗകൃതാ

മുതലായതു കടിച്ചിട്ടും മാറുമുണ്ടാവുന്നതുമായി രണ്ടുപ്രകാരത്തിലുണ്ട്. ഈ തരം വ്യാധികൾ ആധിഭൌതികങ്ങളാകുന്നു. 6

തണുപ്പ്, ഉഷ്ണം, മഴ, കാറ്റ് മുതലായ കാരണങ്ങളെക്കൊണ്ടുണ്ടാകുന്ന വ്യാധികൾ (ജാഡ്യം മുതലായവ) കാലബലപ്രവൃത്തങ്ങളാകുന്നു. ഇതുക്കളുടെ സ്വഭാവത്തിനുള്ള കേടുനിമിത്തമായും അങ്ങിനെയല്ലാതെയും അവ രണ്ടുപ്രകാരത്തിലിരിക്കുന്നുണ്ട്.

ദൈവത്തിനേയും (ഗുരുമുതലായവരേയും) ദ്രോഹിക്കയാലുള്ള പാപംനിമിത്തമായും (അവരുടെ ശാപംനിമിത്തമായും) ശത്രുക്കൾ ചെയ്യുന്ന ആഭിചാരമന്ത്രപ്രയോഗം നിമിത്തമായും ധൂമകേതുദോഷം മുതലായ ദുർന്നിമിത്തങ്ങൾ നിമിത്തമായും ഉണ്ടാകുന്ന വ്യാധികൾ ദൈവബലപ്രവൃത്തങ്ങളാകുന്നു. ഇവയെത്തന്നെ രണ്ടായി ഭാഗിച്ചിരിക്കുന്നു. ഒന്നാമത്തേതു ഇടിത്തീ മുതലായതുകൊണ്ടും രണ്ടാമത്തേതു പിശാചുക്കൾ മുതലായവയെക്കൊണ്ടും ഉണ്ടാകുന്നതാകുന്നു. അവയെ പിന്നെയും രണ്ടായി ഭാഗിക്കാം. ഒന്നാമതു പകച്ചുവ്യാധിയും രണ്ടാമതു *യദൃച്ഛയായി സംഭവിക്കുന്ന വ്യാധിയുമാകുന്നു.

വിശപ്പ്, ദാഹം, ജരാ, †മരണം, ഉറക്കം മുതലായ വ്യാധികൾ സ്വഭാവബലപ്രവൃത്തങ്ങളാകുന്നു. ഇവ വേണ്ടകാലത്തുമാത്രം ഉണ്ടാകുന്നവയായും അകാലത്തിൽ വന്നുകൂടുന്നവയായും രണ്ടുതരത്തിലുണ്ട്. അവയിൽ കാലത്തുണ്ടാകുന്നതു്, വേണ്ടപോലെ ആഹാരം കഴിക്കയും

പുരാണവചനപ്രകാരം ആയുധത്തിന്നുമാത്രമല്ല രസ്സുസംജ്ഞയുള്ളതെന്നും പക്ഷിമത്സ്യാദികൾക്കുകൂടി ദുഃഖപ്രദാനവിഷയത്തിൽ ശസ്ത്രങ്ങളാണെന്നും വരുന്നതുകൊണ്ടു് പക്ഷിമൃഗങ്ങളുടെ ഉപദ്രവത്താൽ വരുന്ന രോഗങ്ങളും സംഘാതബലപ്രവൃത്തങ്ങളാണെന്നു ഗ്രഹിക്കാം.

* പൂർവ്വജന്മത്തിൽ ചെയ്തതും ഈ ജന്മത്തിൽതന്നെ എപ്പോഴെങ്കിലും ചെയ്തതും തൽക്കാലം ആലോചിച്ചാൽ ഓർമ്മയോന്നാത്തതും ആയ കാരണങ്ങളെക്കൊണ്ടുണ്ടാകുന്നവയെന്നർത്ഥം.

† മരണമെന്നതിന്നിവിടെ ധാതുക്കളുടെ ക്ഷയമെന്നുമാത്രമെ അർത്ഥം വിചാരിക്കേണ്ടതുള്ളൂ എന്നു ചിലരഭിപ്രായപ്പെടുന്നു.

ശ്ച തേപി ദ്വിവിധാ വിഭ്യദേശനികൃതാഃ പിശാചാദികൃതാശ്ച,പുനശ്ച ദ്വിവിധാഃ സംസർഗ്ഗജാ ആകസ്മികാശ്ച. സ്വഭാവബലപ്രവൃത്താഃ ക്ഷുൽ പിപാസാജരാമൃത്യുനിദ്രാപ്രഭൃതയഃ. തേപി ദ്വിവിധാഃ കാലകൃതാ അകാലകൃതാശ്ച. തത്ര പരിരക്ഷണകൃതാഃ കാലകൃതാഃ അപരിരക്ഷണകൃതാ അകാലകൃതാഃ. ഏവമേത ആധിദൈവികാഃ. തത്ര സർവ്വവ്യാധ്യുപശമോഽധഃ.

സർവ്വേഷാഞ്ച വ്യാധീനാം വാതപിത്തശ്ലേഷ്മാണ ഏവ മൂലം തല്ലിംഗതദ്വിഷ്ടഫലതശ്ചാഭാഗമാച്ച. യഥാ ഹി കൃത്സ്നം വികാരജാതം വിശ്വരൂപേണാവസ്ഥിതമവ്യതിരിച്യ വാതപിത്തശ്ലേഷ്മാണോ വർത്തന്തേ. ദോഷധാതുമലസംസർഗ്ഗായതന

മാവം ചെയ്ത് ദേഹത്തെ നല്ലനിലയിൽ വെച്ചുകൊണ്ടിരിക്കുമ്പോഴും, അകാലത്തുണ്ടാകുന്നത്, അങ്ങിനെ ദേഹത്തെ നോക്കാതെയിരിക്കുമ്പോഴുമാകുന്നു. ഈ വ്യാധികളും മൂന്നുകൂട്ടവും *ആധിദൈവികവർഗ്ഗത്തിലുൾപ്പെട്ടവയാകുന്നു. ഇങ്ങിനെ ആധ്യാത്മികം മുതലായ മൂന്നു വർഗ്ഗങ്ങളിൽ സകല വ്യാധികളും ഉൾപ്പെട്ടിരിക്കുന്നു. 7

വാതപിത്തകഫങ്ങളുടെ ലക്ഷണങ്ങളും ഏതുവ്യാധിയിലും കാണുന്നതുകൊണ്ടും ആ വാതാദികളെ ശമിപ്പിക്കുന്ന പദാർത്ഥങ്ങളുടെ ഉപയോഗംകൊണ്ട് ഏതുരോഗവും ശമിച്ചു കാണുന്നതുകൊണ്ടും ശാസ്ത്രത്തിൽ പറഞ്ഞിട്ടുള്ളതുകൊണ്ടും വാതപിത്തകഫങ്ങളും എല്ലാ രോഗങ്ങൾക്കും പ്രധാനകാരണമാണെന്നു നിശ്ചയിക്കപ്പെട്ടിരിക്കുന്നു. ഈ പ്രപഞ്ചത്തിൽകാണുന്ന ഏതുവിധം പദാർത്ഥഭേദങ്ങളും സത്വം, രജസ്സ്, തമസ്സ് എന്നി മൂന്നു ഗുണങ്ങളെക്കൂടാതെ നിലനില്ക്കുന്നില്ലെല്ലൊ. അപ്രകാരംതന്നെ ശരീരങ്ങളിലുണ്ടാകുന്ന ഏതുവിധം വ്യാധിഭേദങ്ങളിലും വാതപിത്തകഫങ്ങളുടെ സംബന്ധമില്ലാതിരിക്കുകയില്ല.

എന്നാൽ വാതാദിദോഷങ്ങൾ കോപിച്ച് ധാതുക്കളോടും മലങ്ങളോടും കൂടിച്ചേരുന്നതുകൊണ്ടും അങ്ങിനെ ചേർന്ന ചില പ്രത്യേകസ്ഥാനങ്ങളെ ആശ്രയിച്ചിരിക്കുന്നതുകൊണ്ടും അതിനുണ്ടാകുന്ന കാരണഭേദ(വാതാദി)ങ്ങളെക്കൊണ്ടും വ്യാധിയിങ്കൽ പലവിധം വ്യത്യാസങ്ങളെ കല്പിക്കുന്നു. ധാതുക്കളെ ദോഷങ്ങൾ അധികമായി ദുഷിപ്പി-

---

* വിശപ്പ് മുതലായവ ദേഹധാതുക്കളുടെ അവസ്ഥാഭേദത്തോടുണ്ടാകുന്ന വികാരങ്ങളാകയാൽ ആധ്യാത്മികവർഗ്ഗത്തിൽ പെട്ടവയാണെന്നു ചിലർ പറയുന്നു.

വിശേഷാന്നിമിത്തതശ്ചോഷ്ണാം വികല്പാ ഭവന്തി. ദോഷദൂഷിതേഷ ത്വത്വം ധാതുഷു സംജ്ഞാ ക്രിയതേ രസജോയം ശോണിതജോയം മാംസജോയം മേദോജോയമസ്ഥിജോയം മജ്ജജോയം ശുക്രജോയം വ്യാധിരിതി. 8

തത്രാന്നാശ്രദ്ധാരോചകാവിപാകാംഗമർദ്ദജ്വരഹ്ലല്ലാസതൃപ്തിഗൗരവാർഹൽപാണ്ഡുരോഗമാർദ്ദ്രോപരോധകാർശ്യവൈരസ്യാംഗസാദാകാലവലീപലിതദർശനപ്രഭൃതയോ രസദോഷജാ വികാരാഃ. കൃഷ്ണവിസർപ്പപിഡകാമശകനീലികാതിലകാലകന്യച്ഛവ്യംഗേന്ദ്രലുപ്തക്ലീഹവിദ്രധിഹൃല്ലാതശോണിതാർശ്വുദാംഗമർദ്ദാസൃഗ്ദരരക്തപിത്തപ്രഭൃതയോ രക്തദോഷജാ ഗ്രന്ഥിമുഖദുഷ്ടിപാകാശ്ച. അധിമാംസാർബ്ബുദാധ്യർശോധിജിഹ്വോപകുശഗളശുണ്ഡികാലജീമാംസസംഘാതൗഷ്ഠപ്രകോപഗളശുണ്ഡിക

കഴുന്ന സമയത്തു്, ഈ വ്യാധി രസധാതുവിലുണ്ടായതാണെന്നും രക്തത്തിലുണ്ടായതാണെന്നും മാംസത്തിലുണ്ടായതാണെന്നും മേദസ്സിലുണ്ടായതെന്നും അസ്ഥിയിലുണ്ടായതെന്നും മജ്ജയിലുണ്ടായതെന്നും ശുക്ലത്തിലുണ്ടായതെന്നും*പറയപ്പെടുന്നു. 8

അവയിൽവെച്ചു് അന്നത്തിൽ ശ്രദ്ധയില്ലായ്മ, രുചിയില്ലായ്മ, ദഹനമില്ലായ്മ, അംഗങ്ങളിലൊക്കെ വേദന, ജ്വരം, നെഞ്ചുകലിപ്പു്, ആഹാരംകഴിക്കാതിരിക്കുമ്പോഴും വിശപ്പില്ലാത്തപോലെ തൃപ്തിയോടുകൂടിയിരിക്കുക, അംഗങ്ങൾക്കു ഘനം, ഹൃദയരോഗം, പാണ്ഡുരോഗം, ദേഹത്തിനകത്തുള്ള സ്രോതസ്സുകൾക്കു തടസ്ഥം, ദേഹത്തിനുമെലിച്ചിൽ, എഴുന്നേല്ക്കുമ്പോഴും ഇരുപ്പാടുതോന്നുക, അംഗങ്ങൾക്കു തളർച്ച, അകാലത്തിൽ ജരയും നരയുമുണ്ടാവുക എന്നിവിധത്തിലുണ്ടാകുന്ന രോഗങ്ങളെല്ലാം രസധാതുവിലെ ദോഷംകൊണ്ടുണ്ടാകുന്നവയാകുന്നു.

കൃഷ്ണം, വിസർപ്പം, പിടകാ, മശകം, നീലികാ, തിലകാലകം, ന്യച്ഛം, വ്യംഗം, ഇന്ദ്രലുപ്തം, ക്ലീഹാ, വിദ്രധി, ഹൃല്ലാസം, ഖാതശോണിതം, അർശ്സ്സ്, അർബ്ബുദം, അംഗമർദ്ദം, അസൃഗ്ദരം, രക്തപിത്തം മുതലായ വ്യാധികളും മലദ്വാരത്തിലും മുഖത്തിലും മേഢ്രത്തിലുമുണ്ടാകുന്ന പഴുപ്പുകളും രക്തധാതുവിലെ ദോഷംകൊണ്ടുണ്ടാകുന്നതാണു്.

അധിമാംസം, അർബ്ബുദം, അർശ്സ്സ്, അധിജിഹ്വം, ഉപജിഹ്വം, ഉപകുശം, ഗളശുണ്ഡികാ, അലജി, മാംസസംഘാതം, ഓഷ്ഠപ്ര

---

* ഖാതശോണിതം മുതലായ രോഗങ്ങളും അതിബലപ്രവൃത്തവഴുത്തിലുൾപ്പെടുന്നതെങ്കിലും...യെന്ന ശ്ലോകത്തിനു് ഇതിൽനിന്നുത്തരം ഗ്രഹിക്കാം.

ണ്ഡമാലാപ്രഭൃതയോ മാംസദോഷജാഃ. ഗ്രന്ഥിവൃദ്ധിഗളഗണ്ഡാർബുദ മേദോരോഷുപ്രകോപമധുമേഹാതിസ്ഥൗല്യാതിസേചപ്രഭൃതയോ മേദോദോഷജാഃ. അധ്യസ്ഥ്യധിദന്താസ്ഥിതോദ്ദാലകനഖപ്രഭൃതയോ സ്ഥിദോഷജാഃ. തമോദർശനമൂർദ്ധ്വാർമപർവ്വസുലമൂലാരുജ്ജന്മനേത്രാഭിഷ്യന്ദപ്രഭൃതയോ മജ്ജദോഷജാഃ. ക്ലൈബ്യാപ്രഹർഷശുക്ലാശ്മരീശുക്രമേഹശുക്രദോഷാദയശ്ച തദ്ദോഷജാഃ. തദ്വദോഷാഃ സംഗോത്പ്രവൃത്തിർവ്വാ മലായതനദോഷാഃ. ഇന്ദ്രിയാണാമപ്രവൃത്തിരയഥാപ്രവൃത്തിർവ്വേന്ദ്രി

കോപം, ഗളഗണ്ഡം, ഗണ്ഡമാല മുതലായ രോഗങ്ങൾ മാംസത്തിലെ ദോഷംകൊണ്ടുണ്ടാകുന്നവയാകുന്നു. ഗ്രന്ഥി, വൃദ്ധി, ഗളഗണ്ഡം, അർബുദം, മേദസ്സുനിമിത്തമുണ്ടാകുന്ന ഓജുപ്രകോപം, മധുമേഹം, അതിസ്ഥൗല്യം, അതിസേചനം മുതലായ രോഗങ്ങൾ മേദസ്സിന്റെ ദോഷംകൊണ്ടുണ്ടാകുന്നവയാകുന്നു.

അസ്ഥി അധികമാവുക, പല്ലുകളധികമുണ്ടാവുക, അസ്ഥിയിൽകൂത്തിനോവും വേദനയും, കുഴിനഖം മുതലായ ഉപദ്രവങ്ങൾ അസ്ഥിദോഷംനിമിത്തമുണ്ടാകുന്നവയാണ്.

കണ്ണിരുട്ടടഞ്ഞുപോവുക, മൂർച്ഛിക്കുക, തലചുറ്റൽ, സന്ധികളിൽ മുറുകിപ്പിടിയായിട്ടുള്ള മുഴകളുണ്ടാവുക, നേത്രാഭിഷ്യന്ദം (കൺനീരൊലിക്കുക) മുതലായരോഗങ്ങളുണ്ടാവുക ഇവ മജ്ജയുടെ ദോഷംകൊണ്ടുണ്ടാകുന്നു.

നപുംസകത്വം, സ്ത്രീസേവക്കു തീരെ ആവശ്യമില്ലാതാവുക, ശുക്ലാശ്മരി, ശുക്ലമേഹം, ശുക്ലത്തിനു കേടു മുതലായ രോഗങ്ങൾ ശുക്ലത്തിന്റെ ദോഷംകൊണ്ടുണ്ടാകുന്നവയാകുന്നു. തത്വദോഷങ്ങൾ, മലങ്ങൾ കൂടസ്ഥം, മലങ്ങൾ അധികം പോവുക മുതലായവ മലസ്ഥാനങ്ങളിലുള്ള ദോഷംകൊണ്ടാണുണ്ടാവുക.

ചക്ഷുരാദീന്ദ്രിയങ്ങൾ അതാതിന്റെ വ്യാപാരം ചെയ്യുന്നതിനു കഴിയാത്തവയായിത്തീരുക്കയോ വ്യാപരിക്കുന്നതുതന്നെ ക്രമക്കേടായിട്ടാകയോ ചെയ്യുന്നതു് ഇന്ദ്രിയസ്ഥാനങ്ങളിലെ ദോഷംകൊണ്ടുണ്ടാകുന്നതാകുന്നു.

ഇങ്ങിനെ രോഗങ്ങളെ സാമാന്യമായിപറഞ്ഞു. ഇനി രോഗങ്ങ

ഷതനൃദോഷാഃ. ഇത്യേവം സമാസ ഉക്താ വിസ്തരനിമിത്താനി ചൈഷാം പ്രതിരോഗം വക്ഷ്യാമഃ. 9

ഭവതി ചാത്ര—(പ).

കുപിതാനാം ഹി ദോഷാണാം ശരീര പരിധാവതാം
യത്ര സംഗഃ സ പൈവെഹണ്യാദ്വ്യാധിസ്തത്രോപജായതേ. 10

(ഗ). ഭവേയാത്ര ജിജ്ഞാസ്യം, കിം വാതാദീനാം ജ്വരാദീനാഞ്ച നിത്യഃ സംശ്ലേഷഃ പരിദൃഷ്ടോ വാ? ഇതി. യദി നിത്യഃ സംശ്ലേഷഃ സ്യാൽ തഥാ നിത്യാതുരാഃ സർവ്വ ഏവ പ്രാണിനഃ സ്യുഃ. അഥാപ്യനൃതഥാ, വാതാദീനാം ജ്വരാദീനാഞ്ച "അന്യത്ര വർത്തമാനാനാമന്യത്ര ലിംഗം ന ഭവതി" ഇതി കൃത്വാ യദുച്യതേ "വാതാദയോ ജ്വരാദി

ളുടെ പ്രത്യേകലക്ഷണങ്ങളേയും കാരണങ്ങളേയും അതാത് നെപ്പറയുന്ന അദ്ധ്യായങ്ങളിൽ വിസ്തരിച്ചുപറയാം. 9

"ദോഷങ്ങൾ കോപിച്ചു ധാതുക്കളിൽ സഞ്ചരിക്കുന്നസമയത്ത് ഏതൊരു സ്ഥാനത്തിൽ അവയ്ക്കു തടസ്ഥമുണ്ടാകുന്നുവോ ആ സ്ഥാനത്തിൽ അവയുടെ പ്രകൃതിസിദ്ധമായ ഗുണങ്ങൾക്കു വിരോധം സംഭവിക്കയാൽ വ്യാധിയുൽഭവിക്കുന്നു". 10

ഇനിയിവിടെ ഒരു ചോദ്യമുണ്ടാവാനിടയുണ്ട്. വാതാദിദോഷങ്ങളും ജ്വരാദിരോഗങ്ങളും എപ്പോഴും തമ്മിൽ ചേർന്നുകൊണ്ടിരിക്കുന്നുണ്ടോ? ഇല്ലെങ്കിൽ എപ്പോഴും ചേരാതിരിക്കുന്നുണ്ടോ? വാതാദികളും ജ്വരാദികളോട് എപ്പോഴും സംബന്ധിച്ചുകൊണ്ടിരിക്കുന്നു എന്നു വരുന്നപക്ഷം സർവ്വപ്രാണികളും നിത്യരോഗികളായിത്തീരാനിടയുണ്ട്. അതല്ല,ഒരിക്കലും വാതാദികൾക്കും ജ്വരാദികൾക്കും സംബന്ധമില്ലെന്നുവരുന്നപക്ഷം വാതാദികൾ ഒരു സ്ഥലത്തും ജ്വരാദികൾ മറ്റൊരിടത്തും ഇരിക്കുന്നു എന്നുവരും. അപ്പോൾ വാതാദികളുടെ ലക്ഷണം ജ്വരാദികളിൽ കാണ്മാൻ ന്യായമില്ല. അങ്ങിനെ വരുമ്പോൾ വാതാദിദോഷങ്ങൾ ജ്വരാദിരോഗങ്ങൾക്കു കാരണങ്ങളാണെന്നുപായുന്നതു ശരിയല്ലെന്നുംവരും.

ഈ ആക്ഷേപത്തിനു സമാധാനംപായാം:—ദോഷങ്ങളെക്കൂടാതെ ജ്വരാദിരോഗങ്ങളുണ്ടാകുന്നില്ല. എങ്കിലും വാതാദികളും ജ്വരാദികളും തമ്മിലെപ്പോഴും ചേർന്നുകൊണ്ടിരിക്കുന്നവയല്ല. മിന്നൽ, കാറ്റ്, ഇടിത്തീയ്യ്, മഴ എന്നിവകൾ ആകാശത്തിനെ കൂടാതെ ഉണ്ടാകുന്നില്ല.

നാം മൂലാനി''തിതന്ന. അത്രോച്യതേ, ദോഷാൻ പ്രത്യാഖ്യായ ജ്വരാദയോ ന ഭവന്തി, അഥ ച ന നിത്യം സംബന്ധോ യഥാ ഹി വിദ്യുദ്വാതാശനിവഷ്ടാണ്യാകാശം പ്രത്യാഖ്യായ ന ഭവന്തി. സത്യപ്യാകാശകദാചിന്ന ഭവന്തി; അഥ ച നിമിത്തരാസൂത ഫ്ളവോൽപത്തിരിതി. തരംഗബുദ്ബുദാദയശ്ചോദകവിശേഷാ ഫ്ളവ. വാതാദീനാം ജ്വരാദീനാഞ്ച നാപ്യവം സംശ്ലേഷോ ന പരിച്ഛേദഃ ശാശ്വതികഃ അഥ ച നിമിത്തത ഫ്ളവോൽപത്തിരിതി. 11

ഭവതി ചാത്ര—(പ).

വികാരപരിമാണഞ്ച സംഖ്യാ ചൈഷാം പൃഥക് പൃഥക്
വിസ്തരേണോത്തരേ തന്ത്രേ സർവ്വാ ബാധാശ്ച വക്ഷ്യതേ. 12

ഇതി സുശ്രുതസംഹിതായാം സൂത്രസ്ഥാനേ വ്യാധിസമുദ്ദേശീയോ നാമ
ചതുർവിംശോധ്യായഃ.

എങ്കിലും ചിലപ്പോൾ ആകാശമുണ്ടെങ്കിലും മിന്നൽമുതലായതുണ്ടായിക്കാണുന്നില്ല. എന്നാൽ കാരണവശാൽ മിന്നലുമുതലായത് ആകാശത്തിൽനിന്നുതന്നെ ഉണ്ടാകുന്നുണ്ടുതാനും. ഇതുപോലെ തിരമാലകളും പോളകളും (ബുദ്ബുദ) നുരകളും മറവും വെള്ളത്തിലെതന്നെ സ്വഭേദങ്ങളാണെങ്കിലും അവ വെള്ളത്തിൽ എപ്പോഴും കാണുന്നില്ല; കാരണവശാൽ അതിൽതന്നെ കാണുകയും ചെയ്യുന്നു.

ഇതെല്ലാം എങ്ങിനെ സംഭവിക്കുന്നുവോ അങ്ങിനെതന്നെ വാതാദിദോഷങ്ങളും എപ്പോഴും ജ്വരാദിരോഗങ്ങളോട് ചേർന്നിരിക്കുന്നില്ല; എപ്പോഴും വേർപ്പെട്ടിരിക്കുന്നതുമില്ല. എന്നാൽ ജ്വരാദിവ്യാധികൾക്കാരണാന്തരങ്ങളെക്കൊണ്ടു വാതാദികളിൽതന്നെ സംഭവിക്കയുംചെയ്യുന്നു. (ഇതുകൊണ്ടു വാതാദികളും ജ്വരാദികളും എപ്പോഴും ചേർന്നിരിക്കുന്നവയാണെന്നും വേർപെട്ടിരിക്കുന്നവയല്ലെന്നും എന്നാൽ ആ സംബന്ധം മേൽപറഞ്ഞപ്രകാരമിരിക്കുന്നതാണെന്നും കാരണാന്തരങ്ങളാൽ വ്യഭിചരിക്കുകമാത്രമാണെന്നും വന്നുകൂടി). 11

''രോഗങ്ങളുടെ പരിമാണ(സംഖ്യ)ത്തെപ്പറ്റിയും ഓരോ രോഗങ്ങളുടേയും പ്രത്യേകസംഖ്യയെപ്പറ്റിയും എന്നമാത്രമല്ല, എല്ലാ ഉപദ്രവങ്ങളെപ്പറ്റിയും *ഉത്തരതന്ത്രത്തിൽ വിസ്തരമായി പറവാൻപോകുന്നുണ്ട്. 12

ഇങ്ങിനെ സുശ്രുതസംഹിതയിൽ സൂത്രസ്ഥാനത്തിൽ വ്യാധിസമുദ്ദേശീയമെന്ന ഇരുപത്തിനാലാമദ്ധ്യായം കഴിഞ്ഞു.

---

* ഇവിടെ ഉത്തരതന്ത്രത്തിൽ പറയുമെന്നുപറഞ്ഞതു നിദാനസ്ഥാനത്തിൽ പറഞ്ഞതുകഴിച്ചു ശേഷമായഭാഗത്തെയാണെന്നറിയണം.

പഞ്ചവിംശോധ്യായഃ.

അഥാതോഷ്ടവിധശസ്ത്രകർമ്മണ്യമധ്യായം വ്യാഖ്യാസ്യാമഃ. 1

(പ). ഭേദ്യോ ഭഗന്ദരാ ഗ്രന്ഥിഃ ശ്ലൈഷ്മികസ്തിലകാലകഃ
വ്രണവർത്മാർബ്ബുദാന്യശ്രുചർമ്മകീലോസ്ഥിമാംസഗമ്.
ശല്യം ജതുമണിർമ്മാംസസംഘാതോ ഗളശുണ്ഡികാ
സ്നായുമാംസസിരാകോപ്രോ വല്മീകം ശതപോനകഃ.
അശ്രുഷശ്ചോപദംശാശ്ച മാംസകന്ദ്യധിമാംസകഃ. 2

ഭേദ്യാ വിദ്ധ്യോന്യത്ര സർവ്വാൻ ഗ്രന്ഥയസ്ത്വയഃ
ആദിതോ യേ വിസർപ്പാശ്ച വൃദ്ധയഃ സവിദാരികാഃ.

ഇരുപത്തഞ്ചാമധ്യായം.

ഇനി അഷ്ടവിധശസ്ത്രകർമ്മണ്യമെന്ന അധ്യായം പറയാം:—

ഭഗന്ദരം, കഫസംബന്ധമായ *ഗ്രന്ഥി, §തിലകാലകം, വ്രണവർത്മ (നാഡീവ്രണം), അർബ്ബുദം, അശ്രുസ്സ്, ചർമ്മകീലം (അശോഭേദം), ജതുമണി (ക്ഷുദ്രരോഗം), §മാംസസംഘാതം, ഗളശുണ്ഡികാ, വല്മീകം (ക്ഷുദ്രരോഗം), ശതപോനകം (ഭഗന്ദരഭേദം), അശ്രുഷം, ഉപദംശങ്ങൾ (പഴുത്തവ), മാംസകന്ദി, അധിമാംസം എന്നീ രോഗങ്ങളും അസ്ഥിയുടെയോ മാംസത്തിന്റെയോ ഉള്ളിൽ ശല്യം തറച്ചുകിടക്കുന്നുണ്ടെങ്കിൽ അതും സ്നായുക്കളോ മാംസമോ സിരകളോ പഴുത്തളിഞ്ഞാൽ അതും ഛേദനം ചെയ്യേണ്ടുന്ന വ്യാധികളാകുന്നു. 2.

താഴെ പായുന്ന രോഗങ്ങളിൽ ഭേദനക്രിയയാണ് ചെയ്യേണ്ടതു്.—സന്നിപാതവിദ്രധിയൊഴിച്ചു് മറവുള്ള മൂന്നുതരം വിദ്രധികളും,

---

* മർമ്മത്തിലല്ലാത്തതും പഴുക്കാത്തതും.

§ ഈ പേരിൽ ക്ഷുദ്രരോഗവും ശുക്രദോഷവുമുണ്ടു്. ഇവിടെ അതുരണ്ടും ഛേദ്യവസ്തുവിലാണെന്നഭിപ്രായമാണു്.

§ മാംസസംഘാതം, ഗളശുണ്ഡികാ, അശ്രുഷം, അധിമാംസം, ഇവമുഖരോഗങ്ങളിൽ പെട്ടവയാകുന്നു.

പ്രമേഹപിഡകാശോഫസ്സനരോഗാവമന്ഥകാഃ
കുംഭികാനുശയിനാഡ്യോ വൃന്ദൌ പുഷ്കരികാലജീ.
പ്രായശഃ ക്ഷുദ്രരോഗാശ്ച പൂപ്പുടൌ താലുദന്തജൌ
തുണ്ഡികേരീ ഗിലായുശ്ച പൂയ്യം യേ ച പ്രപാകിണഃ
വസ്തിസ്ഥാശ്മരീഹേതോർമ്മേദോജാ യേ ച കേചന: 3
ലേഖ്യാശ്ചതസ്രോ രോഹിണ്യഃ കിലാസമുപജിഹ്വികാ

വാതജന്യങ്ങളായ മൂന്നുതരം ഗ്രന്ഥികളും, വാതംകൊണ്ടുള്ളതും പിത്തം കൊണ്ടുള്ളതും കഫംകൊണ്ടുള്ളതുമായ വിസർപ്പങ്ങളും, വൃദ്ധികളും, *വിദാരികാ, പ്രമേഹക്ഷുരുക്കളും, വ്രണശോഫം, മൂലയിലുണ്ടാകുന്ന വിദ്രധി, §അവമന്ഥം, കുംഭികാ, അനുശയീ, §നാഡീവ്രണം, +വൃന്ദങ്ങളും രണ്ടും, പുഷ്കരികാ, അലജി, ക്ഷുദ്രരോഗങ്ങളും (മിക്കതും), താലുവിലുണ്ടാകുന്ന പുപ്പുടവും ദന്തപുപ്പുടവും, ||തുണ്ഡികേരി, ഗിലായു, പഴുപ്പുണ്ടാക്കുന്നതുകളായ †മുഖരോഗങ്ങളും (കണ്ണുശാലൂകാദികളും), അശ്മരിയുള്ളവസ്തി, മേദസ്സിന്റെ ദോഷം നിമിത്തമുണ്ടായിട്ടുള്ള വികങ്ങളും (വൃദ്ധ്യുപചീബ്മുദാദികളും). 3

¶നാലുവിധത്തിലുള്ള രോഹിണികളും, കിലാസവും, ഉപജിഹ്വി

---

* വിദാരികയും അനുശയിയും ക്ഷുദ്രരോഗങ്ങളാണു്. മറ്റുള്ള ക്ഷുദ്രരോഗങ്ങളേക്കാൾ ഇവക്കു് ഭേദ്യതപാ കൂടുതലാണെന്നു കാണിക്കാനാണു് വേറെ പറഞ്ഞതു്.

§ അലജി, കുംഭികാ, അവമന്ഥം, പുഷ്കരികാ ഇവ ശുക്രദോഷങ്ങളാകുന്നു.

§ നാഡീവ്രണങ്ങളിൽ ചിലതുമാത്രം ഭേദ്യങ്ങളായിരിക്കും. അവ മിക്കതും ഛേദ്യങ്ങളായിട്ടേ ഇരിക്കയുള്ളു.

\+ വൃന്ദവും ഏകവൃന്ദവും എന്നതാം; ഇവ കണ്ണുരോഗങ്ങളാണു്.

|| തുണ്ഡികേരിയും ഗിലായുവും മുഖരോഗമാകുന്നു.

† ഗോന്ദരങ്ങളാണിവയെന്നു ഭല്ലനൻ. മുഖരോഗങ്ങളാണെന്നും അവ പഴുത്തു തുടങ്ങുമ്പോൾതന്നെ ഛേദനംചെയ്യേണ്ടവയാകുന്നുഎന്നും ഭോജ്യകാരപക്ഷം കാണുന്നു.

¶ വാതപിത്തകഫസന്നിപാതജങ്ങളെന്നു ഭല്ലനും, വാത...രക്തജങ്ങളെന്നു ഭാ...രനും പഠയുന്നു. രക്തജങ്ങൾ അസാധ്യങ്ങളാകയാൽ ഇവിടെ സ്പീകരിപ്പാൻ പാടില്ലെന്നും, അസാദ്ധ്യമായാലും പിത്തജങ്ങിന്റെ മാതിരി ചികിത്സിക്കാൻ വിധിയുണ്ടെന്നുമാണു് രണ്ടുകൂട്ടരുടേയും വാദം.

മേദോജോ ഗ്രന്ഥിവത്പാധിജിഹ്വികാ
അർശാംസി മണ്ഡലം മാംസകന്ദി മാംസോന്നതിസ്ഥാ. 4
വേധ്യാഃ സിരാ ബാഹ്യവിധാ മൂത്രവൃദ്ധിർഗ്ഗോദരം. 5
ഏഷ്യാ നാഡ്യഃ സശല്യാശ്ച വ്രണാ ഉന്മാർഗ്ഗിണശ്ച യേ. 6
ആഹാര്യാഃ ശർക്കരാസ്ഥ്നോ ദന്തകണ്ടമലാശ്മരീ
ശല്യാനി മൂഢഗർഭാശ്ച വർച്ചശ്ച നിചിതം ഹൃദേ. 7
സ്രാവ്യാ വിദ്ധ്യയഃ പഞ്ച ഭവേയുഃ സപ്രജാർത്തവേ
കുഷ്ഠാനി വായുഃ സങ്കുജഃ ശ്വാഹ്വോ യശ്ചൈകദോഷജഃ.

കയും, മേദോദോഷംകൊണ്ടുണ്ടാകുന്ന വീക്കങ്ങളും, ദന്തവൈദർഭവും, *ഗ്രന്ഥിവത്പവും അധിജിഹ്വികയും, §അർശ്സുകളും, മണ്ഡലവും (ദുഷ്പ്രധാരികാദി) മാംസകന്ദിയും, ¶മാംസോന്നതിയും, ലേഖനക്രിയചെയ്യേണ്ടുന്ന വ്യാധികളാകുന്നു. 4

സിരകളെ മുറിക്കുന്നതുകൊണ്ടു ഭേദംകിട്ടാവുന്ന വ്യാധികളിൽ പലവിധം സിരകളേയും, മൂത്രവൃദ്ധി, ഗോദരം എന്നീ രോഗങ്ങളേയും, വേധനക്രിയചെയ്തു ചികിത്സിക്കണം. 5

നാഡിവ്രണങ്ങളിലും, ശല്യം അകത്തു കിടക്കുന്നവയും ഓരോ മാർഗ്ഗത്തിലല്ലാതെ മേൽപ്പോട്ടും കീഴ്പോട്ടും വിലങ്ങത്തിലും പഴുപ്പുകടന്നിട്ടുള്ളവയുമായ വ്രണങ്ങളിലും, ഏഷ്യണക്രിയ ചെയ്യേണ്ടതാണ്. 6

മൂന്നവിധത്തിലുള്ള ശർക്കരക (മൂത്രശർക്കരാ, ദന്തശർക്കരാ, പാദശർക്കരാ) ളും പല്ലുകളിലും കാതിന്നുള്ളിലും കിടക്കുന്ന ചളിയുണങ്ങിയുണ്ടാകുന്ന രോഗഭേദങ്ങളും, അശ്മരി, മൂത്രകൃച്ഛ്രം, മലദ്വാരത്തിൽ വന്നടഞ്ഞു നിൽക്കുന്ന മലം, എന്നുവേണ്ട, ശല്യങ്ങളൊക്കെയും ആഹരണം ചെയ്തു ചികിത്സിക്കേണ്ടവയാകുന്നു. 7

താഴെ പറയുന്ന വ്യാധികളും സ്രാവണക്രിയചെയ്യേണ്ടുന്നവയാകുന്നു.— സന്നിപാതംകൊണ്ടുണ്ടായതൊഴിച്ച് ബാക്കിയുള്ള അഞ്ചുകൂട്ടം

---

* ഗ്രന്ഥിരൂപമായിത്തീർന്നിട്ടുള്ള ദോഷത്തിലെ വർത്മം (പോള)വും നാഡീവ്രണവും ഇതുകൊണ്ടു ഗ്രഹിക്കാം.

§ വലിയ മൂലക്കുരുക്കൾ മാത്രമാണ് ലേഖനത്തിന്നഹം.

¶ വ്രണത്തിൽ മാംസം ഉന്തിനിൽക്കുന്നത്.

പ്ലാള്യാമയാഃ ശ്ലീപദാനി വിഷജ്ജൂഷ്ണഞ്ച ശോണിതമ്
അബ്ബുദാനി വിസപ്പ്വാശ്ച ഗ്രന്ഥയശ്ചാദിതസ്ത്വ യേ.
ത്രയസ്ത്വയശ്ചോപദംശാഃ സുനരോഗാ വിദാരികാ
സൌഷിരോ ഗളശാലൂകം കണ്ടകാഃ കൃമിദന്തകഃ.
ദന്തവേഷ്ടഃ സോപകുശഃ ശീതാദോ ദന്തപുപ്പുടഃ
പിത്താസൃക്കഫജാശ്ചൌഷ്ഠ്യാഃ ക്ഷുദ്രരോഗാശ്ച ഭ്രയശഃ. 8
സിവ്യാ മേദഃസമുത്ഥാശ്ച ഭിന്നാഃ സുലിഖിതാ ഗദാഃ
സദ്യോവ്രണാശ്ച യേ ചൈവ ചലസന്ധിവ്യപാശ്രയാഃ. 9

വിദ്രധിയും, കുഷ്ഠങ്ങളാക്കയും, വ്രണംമുതലായതുള്ള സ്ഥലങ്ങളിൽ വേദനയുണ്ടാക്കിക്കൊണ്ടിരിക്കുന്ന കുപിതനായ വായു, ദേഹത്തിൽ എവിടെയെങ്കിലും ഒരേടത്തുണ്ടാകുന്ന വീക്കം, കാതിന്റെ വള്ളിയിലുണ്ടാകുന്ന രോഗങ്ങൾ, പെരിക്കാലുകൾ, വിഷാരക്തത്തിലോരാൽ ആ രക്തം, അബ്ബുദങ്ങൾ, വിസപ്പുങ്ങൾ, മൂന്നുതരം (വാതംകൊണ്ടും പിത്തംകൊണ്ടും കഫംകൊണ്ടും) ഗ്രന്ഥികളും, ആദ്യത്തെ * മൂന്നുപദംശങ്ങളും, മുലയിലുണ്ടാകുന്ന വിദ്രധികൾ, വിദാരികാ (ക്ഷുദ്രരോഗവും മുഖരോഗവും), സൌഷിരം, ഗളശാലൂകം, കണ്ടകങ്ങൾ, കൃമിദന്തകം, ദന്തവേഷ്ടനം, ഉപകുശം, ശീതാദം, ദന്തപുപ്പുടം, പിത്തവും രക്തവും കഫവും ദുഷിച്ചാലുണ്ടാകുന്ന ഓഷ്ഠരോഗങ്ങൾ, മിക്ക ക്ഷുദ്രരോഗങ്ങളും$ 8

മേദസ്സു ദുഷിച്ചുണ്ടാകുന്ന വ്രണങ്ങളെ കീറി അതിനകത്തുള്ള ദുഷിച്ച സാധനങ്ങളൊക്കെക്കളഞ്ഞാൽ അതിന്നശേഷം ആ വ്രണങ്ങളിലും, എപ്പോഴും മടക്കുകയും നിവർത്തുകയും ചെയ്യുകൊണ്ടിരിക്കാനുള്ള സന്ധിപ്രദേശങ്ങളിൽ മുറി തട്ടിയാൽ ആ സദ്യോവ്രണങ്ങളിലും, സീവനക്രിയതന്നെ ചെയ്യേണ്ടതാണ്. 9

---

* രക്തംകൊണ്ടും സന്നിപാതംകൊണ്ടുമുണ്ടാകുന്ന ഉപദംശങ്ങളും സ്രാവ്യങ്ങളാകുന്നു.

$ ഗ്രന്ഥിമുതലായവ ഒരിക്കൽ ഭേദ്യമാണെന്നും പിന്നൊരിക്കൽ സ്രാവ്യമാണെന്നും പഠഞ്ഞുകാണുന്നുവെല്ലൊ. അതുകൊണ്ട് ഒരു രോഗത്തിന്നു ഒരുവിധം ക്രിയയേ പാടുള്ളു എന്നില്ല; എന്നുമാത്രമറിഞ്ഞിരിക്കേണ്ടതാണു്.

ന ക്ഷാരാഗ്നിവിഷൈർജ്ജുഷ്ടാ ന വാ മാരുതവാഹിനഃ
നാന്തർല്ലോഹിതശല്യാശ്ച തേഷു സമ്യഗുപിശോധനമ്.
പാംസുരോമനഖാഭീനി ചലമസ്ഥി ഭവേച്ച യൽ
അപ്യുതാനി യതോമൂനി പാചയേയുർഭൃശം വ്രണമ്
രുജശ്ച വിവിധാഃ കുർയ്യുസ്തസ്മാദേതാൻ വിശോധയേൽ. 10
തതോ വ്രണം സമുന്നമ്യ സ്ഥാപയിത്വാ യഥാസ്ഥിതമ്
സീവ്യേൽ സൂക്ഷ്മണാ സൂത്രേണ വല്ക്കേനാശ്മന്തകസ്യ വാ.
ശണജക്ഷൗമസൂത്രാഭ്യാം സ്നായുനാ വാലേന വാ പുനഃ
മൂർദ്ധ്വാഗ്രഗൂചീതാനൈവാ സീവ്യേദേല്ലിതകം ശനൈഃ.

ക്ഷാരംകൊണ്ടും അഗ്നികൊണ്ടും വെന്തു വ്രണപ്പെട്ടവയിലും, വിഷം തട്ടിയുണ്ടായ വ്രണത്തിലും, വ്രണത്തിനകത്തുനിന്നു വായു പുറപ്പെട്ട കാണുന്ന വ്രണത്തിലും, ഉള്ളിൽ ദുഷിച്ചരക്തമൊ ശല്യമൊ ഇരിപ്പുണ്ടെങ്കിൽ ആവക വ്രണങ്ങളിലും സീവനം ചെയ്യുകൂടാ. അതിൽ ആദ്യം ചെയ്യേണ്ടതു് ശോധനമാണു്. വല്ല പൊടികളൊ, തലനാരൊ, നഖങ്ങളൊ, ഇളകികൊണ്ടിരിക്കുന്ന അസ്ഥിക്ഷണമൊ മറ്റൊ വ്രണത്തിനകത്തു കിടപ്പുണ്ടെങ്കിൽ മേൽപ്രകാരം അവയെ എടുത്തുകളഞ്ഞു ശോധനം ചെയ്യണം. ആ പദാർത്ഥങ്ങളെ പുറത്തേക്കെടുക്കാതെ വെച്ചിരുന്നാൽ അതുനിമിത്തം വ്രണത്തിങ്കൽ അധികമായ പഴുപ്പുണ്ടാകുന്നതാണു്. എന്നുമാത്രമല്ല, പലപ്രകാരത്തിലുള്ള വേദനകളുമുണ്ടാകും. അതുകൊണ്ടാണു് സീവനക്രിയ ചെയ്യുന്നതിനു മുമ്പെ അവയെ എടുത്തുകളഞ്ഞു ശോധനം ചെയ്യേണമെന്നു പറഞ്ഞതു്. 10

അങ്ങിനെ വ്രണശോധനം ചെയ്യുതിനു ശേഷം വ്രണത്തെ കൈകൊണ്ടു അതിന്റെ അരുകുകൾ തമ്മിൽ ചേർത്തിപ്പിടിച്ചു് താഴെ പറയുന്ന ഏതെങ്കിലും ഒരു സാധനംകൊണ്ടു തുന്നണം; തുന്നുമ്പോൾ തുളക്കുന്നതു് ഒന്നിനൊന്നു നേരിട്ടല്ലാതെ അല്പമാത്രം ഇടവിട്ടു് വളഞ്ഞുകൊണ്ടായിരിക്കയും വേണം. ഏറ്റവും വണ്ണംകുറഞ്ഞ പരുത്തിനൂൽ, മലയകത്തിത്തൊലിചീന്തിയെടുത്ത നാരു്, ചണനൂൽ, പട്ടുനൂൽ, ഞരമ്പുകളുടെ തോലിൽനിന്നു ചീന്തിയെടുത്ത ഞരമ്പു് (സ്നായു), കുതിരയുടേയൊ മറ്റൊ നീണ്ടരോമം, പെരുങ്കുരുമ്പ ചിറകുമുള്ളു് എന്നീ വ

സീവ്യുദ്ഗാഫണികാം വാപി സീവ്യുഭാ ത്രുന്നസേവിനീമ്
ജ്ജൂഗ്രന്ഥിമഥോ വാപി യഥായോഗമഥാപി വാ.
ദേശേല്പമാംസേ സന്ധൗ ച സൂചീ വൃത്താംഗുലമ്മയമ്
ത്രയതാ ത്ര്യംഗുലാ ത്ര്യസ്രാ മാംസളേ വാപി പൂജ്യതാ
ധനുശ്ചക്രാ ഹിതാ മർമ്മഫലകോശോദരോപരി
ഇത്യേതാസ്ത്രിവിധാഃ സൂചീസ്തീക്ഷ്ണാഗ്രാഃ സുസമാഹിതാഃ.
കാരയേന്മാലതീപുഷ്പവൃന്താഗ്രപരിമണ്ഡലാഃ.
നാതിദ്ധരേ നികൃഷ്ടേ വാ സൂചീം കർമ്മണി പാതയേൽ
ദ്ധരാദ്ധ്രുജോ വ്രണോഷ്ഠസ്യ സന്നികൃഷ്ടേവലുഞ്ചനമ്. 11

ള്ളികളെ ചീന്തിയെടുത്തിട്ടുള്ള നാര്. —ത്രുന്നുന്ന സമയത്ത് വ്രണത്തിന്റെ അരുകുകളെ കൂട്ടിപ്പിടിച്ച് വിരൽകൊണ്ട് പതുക്കെ പതുക്കെ അമർത്തു നേരെയാക്കണം.

*ഗോഫണികാ, ത്രുന്നുസേവിനീ, ജ്ജൂഗ്രന്ഥി എന്നിങ്ങിനെ പറയപ്പെടുന്ന ആകൃതികളിലായിട്ടാണ് ത്രുന്നിക്കൂട്ടേണ്ടതു്. അഥവാ വ്രണമുണ്ടായിട്ടുള്ള സ്ഥലത്തിന്റെ ആകൃതിഭേദത്തിന്നനുസരിച്ച് ത്രുന്നിയതിന്നുണ്ടാകേണ്ടുന്ന ആകൃതിഭേദത്തെ തീച്ചപ്പെടുത്തിക്കൊള്ളേണ്ടതാണ്. വൃത്താകാരമായും രണ്ടുവിരൽക്കിട നീളമുള്ളതായും ഇരിക്കുന്ന സൂചിയാണ് മാംസം കുറഞ്ഞിരിക്കുന്ന സ്ഥലങ്ങളിലും സന്ധിപ്രദേശങ്ങളിലും ത്രുന്നുന്നതിന്നുപയോഗിക്കേണ്ടതു്. ത്രികോണാകൃതിയിലുള്ളതും മൂന്നുവിരൽക്കിട നീളമുള്ളതുമായ സൂചിയെ മാംസമധ്യികമുള്ള ഭിത്തുസ്ഥലത്തും ത്രുന്നുന്നതിന്നുപയോഗിക്കാം. മർമ്മപ്രദേശത്തും വൃഷ്ണങ്ങളിലും വയറത്തുമുള്ള ചർമ്മങ്ങളെ ത്രുന്നുന്നതിന്നു വില്ലുപോലെ വളഞ്ഞിരിക്കുന്നതായ സൂചിയാണുത്തമമായിട്ടുള്ളതു്.

മേൽപറഞ്ഞ മൂന്നുജാതി സൂചികളും നല്ല മൂർച്ചയുള്ളവയായും

* ഗുദം, യോനിമുഖമായ സ്ഥലങ്ങളിൽ ത്രുന്നൽ വിട്ടുപോകാതിരിക്കാനായി രണ്ടു ശലാകകളും കൂട്ടിമെയ്യ ത്രുന്നാറുണ്ടു; ഇതിന്നു ഗോഫണികയെന്നും, ഓരോ ത്രുന്നലുകളായി ത്രുന്നിമുറിച്ചുംകൊണ്ടു് അനേകം സ്ഥാനത്തായി ത്രുന്നുന്നതു് ത്രുന്നസേവനിയെന്നും, വ്രണൌഷ്ഠങ്ങളെ ഒരുമിച്ചു ഇളച്ചു് മദ്ധ്യത്തിലേക്കു വലിപ്പെടുത്തു രണ്ടുഭാഗവും ഒപ്പത്തിനിൽക്കത്തക്കവിധം മുറിക്കെട്ടുന്നതിനു് ജ്ജൂഗ്രന്ഥിയെന്നും പേർ പറയുന്നു.

അഥ ക്ഷൗമപിചുച്ഛന്നം സംസ്കൃതം പ്രതിസാരയേൽ
പ്രിയംഗുഞ്ജനയഷ്ട്യാഹ്വലോധ്രുചൂർണ്ണൈർ സമന്തതഃ.
സല്ലകീഫലചൂർണ്ണൈർവ്വാ ക്ഷൗമധ്യാമേന വാ പുനഃ
തതോ വ്രണം യഥായോഗം ബദ്ധ്വാചാരികമാദിശേൽ. 12
ഏതച്ചതുർവിധം കർമ്മ സമാസേന പ്രകീർത്തിതമ്
ചികിത്സിതേഷു കാർത്സ്ന്യേന വിസ്തരസ്യാസ്യ വക്ഷ്യതേ. 13

പിന്നെ മാറുന്നതിനു സൌകര്യമുള്ളവിധത്തിലുണ്ടാക്കപ്പെട്ടവയായുമിരിക്കണം. പിച്ചകപ്പൂവിന്റെ ഞെട്ടിയുടെ അഗ്രഭാഗംപോലെ വൃത്താകാരത്തിലാണ് സൂചികളുണ്ടാക്കേണ്ടതു്.

വ്രണത്തിന്റെ വക്കത്തു വളരെ അകലത്തായി സൂചികൊണ്ടു കുത്തിത്തുന്നുന്നതും വളരെ അരുകിലേക്കായിതുന്നുന്നതും നന്നല്ല. അകലെയായാൽ വേദനയധികമാകും. അരുകിലേക്കായാൽ വ്രണത്തിന്റെ അരുകു കീറി തുന്നൽ വിട്ടുപോകയും ചെയ്യാനിടയുണ്ടു്. 11

മേൽപറഞ്ഞപ്രകാരം വേണ്ടപോലെ തുന്നിക്കെട്ടിയ വ്രണത്തെ പട്ടകൊണ്ടും ശീലകൊണ്ടും മൂടണം. ആ വ്രണത്തിന്റെ ചുറ്റും ഞാഴൽപൂവു്, അഞ്ജനക്കല്ലു്, ഇരട്ടിമധുരം, പാച്ചോറ്റിത്തൊലി ഇവ പൊടിച്ചു വിതറണം. ഈന്തക്കായ (സല്ലകീഫല) പൊടിച്ചു പൊടിയൊ പട്ടശീല കൊളുത്തിക്കത്തിച്ചു *ചാരമോ ആ വ്രണത്തിന്റെ ചുറ്റും വിതറുന്നതും നന്നു്. അതിനു ശേഷം ആ വ്രണത്തെ ശരിയായി ബന്ധനം ചെയ്തിട്ടു് രോഗിക്കു വേണ്ടുന്ന പഥ്യക്രമങ്ങളെ ഉപദേശിക്കു(19–ാം അധ്യായത്തിൽ പറഞ്ഞപ്രകാരം)യും വേണം$. 12

ഇങ്ങിനെ എട്ടുപ്രകാരത്തിലുള്ള ശസ്ത്രക്രിയകളെപ്പറ്റി ചുരുക്കത്തിൽ പറഞ്ഞു. ചികിത്സിതസ്ഥാനത്തിൽ ഇവയെല്ലാം വിസ്തരിച്ചു പറകയും ചെയ്യും. 13

* "ക്ഷൗദ്ധൂമാഃ" എന്നാണ്ടമോഷ്യപാഠം. ക്ഷൗമത്തുണ്ടത്തിനു അഗ്നിക്കു ഇരയെന്നാണു് ഭാഷ്യാർത്ഥം.

$ ഇന്നലഴിച്ചുകളയാൻ ഇവിടെ പറഞ്ഞിട്ടില്ലെങ്കിലും ഓരോ ദിവസം തുന്നലായി ഒരു ക്കൂട്ടം അഴിച്ചുകളയണമെന്നു ഭാഷ്യകാരൻ സ്ഥാപിക്കുന്നു.

ഹീനാതിരിക്തം തിയ്യുക്ക ച ഗാത്രച്ഛേനേമാത്മനഃ
ഏതാശ്ചതസ്രഃഷ്ടവിധേ കർമ്മണി വ്യാപദഃ സ്മൃതാഃ. 14

അജ്ഞാനലോഭാഹിതവാക്യയോഗാ-
ഭയപ്രമാഹൈരപരൈശ്ച ഭാവൈഃ
യദാ പ്രയുഞ്ജീത ഭിഷക് കുശസ്ത്രം
തദാ സ്വശിഷ്യാൻ കുരുതേ വികാരാൻ. 15

തം ക്ഷാരശസ്ത്രാഗ്നിഭിരൗഷധൈശ്ച
ഭൂയോഭിയുഞ്ജാനമയുക്തിയുക്തമ്
ജിജീവിഷുർഭ്രത ഏവ വൈദ്യം
വിവർജ്ജയേദുഗ്രവിഷാഗ്നിതുല്യമ്. 16
തദേവ യുക്തഞ്ചതി മർമ്മസന്ധീൻ

കീറണ സമയത്തു വേണ്ടേടത്തോളം ശസ്ത്രം ചെല്ലാതിരിക്കുക, വേണ്ടതിലധികം സ്ഥലത്തു കീറുക, കത്തി വിലങ്ങത്തിലൊ മറ്റൊ പാളിപ്പോവുക, ശസ്ത്രപ്രയോഗം ചെയ്യുന്ന വൈദ്യന്റെ അംഗങ്ങളിലെങ്ങാനും മുറിപ്പെട്ട പോവുക, എന്നിങ്ങിനെയുള്ള നാലുവിധം അപകടങ്ങൾ മേൽപറഞ്ഞ എട്ട ശസ്ത്രകർമ്മങ്ങളിലും സംഭവിക്കാനിടയുണ്ട്. 14

അറിവില്ലായ്മകൊണ്ടും ലോഭം(അത്യാഗ്രഹം)കൊണ്ടും മനസ്സിനെ ഭ്രമിപ്പിക്കുന്ന അപ്രിയവാക്കുകൾ തല്ക്കാലം കേൾക്കാനിടവരുന്നതുകൊണ്ടും ഭയംകൊണ്ടും ഇന്നവിധം ചെയ്യണമെന്ന തല്ക്കാലം നിശ്ചയമില്ലാത്തതുകൊണ്ടോ മറ്റു പല സംഗതികൾകൊണ്ടും വൈദ്യൻ ശസ്ത്രത്തെ വേണ്ടേടത്തോളം പ്രയോഗിച്ചില്ലെന്നു വന്നുപോകും. അങ്ങിനെ വരുമ്പോൾ അതുവരിമിത്തം വ്യാധി മൂഴവനും ശമിച്ചില്ലെന്നോ പുതുതായി വല്ല ഉപദ്രവവുമുണ്ടായി എന്നോ വരുന്നതാണ്. അപ്പോൾ ആ വൈദ്യൻ പിന്നെയും ക്ഷാരം വെക്കയോ കീറുകയോ പൊള്ളിക്കയോ മരുന്നുകളുപയോഗിക്കയോ ചെയ്യാൻ തുടങ്ങും. അങ്ങിനെയുള്ള വിവരമില്ലാത്ത വൈദ്യനെ, ജീവിക്കാനാഗ്രഹമുള്ള രോഗി, ഉഗ്രമായ വിഷത്തെപ്പോലെയും അഗ്നിയെപ്പോലെയും ദൂരത്തു വർജ്ജിക്കണം. 15—16

കീറണതു വേണ്ടതിലധികമായിപ്പോയെങ്കിൽ മർമ്മപ്രദേശങ്ങളേ

ഛിംസ്യാൽ സിരാഃ സ്നായുമഥാസ്ഥി ചൈവ
മുഖ്പ്രയുക്തം പുരുഷം ക്ഷണേന
പ്രാണൈർവിയുഞ്ജ്യാദഥവാ കഥഞ്ചിൽ. 17

ഭ്രമഃ പ്രലാപഃ പതനം പ്രമോഹോ
വിചേഷ്ടനം സംലപനോഷ്ണതാ ച
സ്രസ്താംഗതാ മൂർഛനമൂർധ്വവാത-
സ്തീവ്രാ രുജോ വാതകൃതാശ്ച താസ്വാഃ.
മാംസോദകോഷ്ടം രുധിരഞ്ച ഗച്ഛേൽ
സർവ്വേന്ദ്രിയാത്മോപരതിസ്തഥൈവ
ശോദ്ധ്യസംഖ്യേഷ്വപി ഹി ക്ഷതേഷു
സാമാന്യതോ മർമ്മസു ലിംഗമുക്തമ്: 18

യും സന്ധികളേയും സ്നായുക്കളേയും സിരകളേയും അസ്ഥികളേയും മുറിച്ചു കേടുവരുത്തി എന്നു വരാം. അറിവില്ലാത്ത വൈദ്യൻ ചെയ്യുന്ന ശസ്ത്രകർമ്മംകൊണ്ടു രോഗിയുടെ പ്രാണൻപോയി എന്നും ഒരുസമയം ജീവിച്ചാലും അതികഠിനമായ ദുഃഖത്തോടുകൂടിയിരിപ്പാനിടവന്നു എന്നും വരുന്നതാണു്. 17

ശരീരത്തിലുള്ള അഞ്ചുകൂട്ടം മർമ്മസ്ഥാനങ്ങളിൽ (സിരാസ്നായുസന്ധ്യസ്ഥിമാംസങ്ങൾ) ക്രമക്കേടായി ശസ്ത്രപ്രയോഗം ചെയ്കനിമിത്തം മുറിവു പാറിപ്പോയെന്നുവരികിൽ താഴെ പറയുന്ന ലക്ഷണങ്ങൾ സാധാരണയായി കാണുന്നതാണു്:—ചുഴൽച്ച, അസംബന്ധംപറയൽ, വീഴ്ച, മോഹാലസ്യം, കൈകാലുകളെക്കൊണ്ടു വേണ്ടപോലെ വ്യാപരിക്കുന്നതിനു ശക്തിയില്ലായ്ക, *അസ്പഷ്ടമായി മെല്ലെ സംസാരിക്കൽ, ദേഹത്തിൽ അധികമായ ചൂടു്, അംഗങ്ങൾ തളരുക, മൂർച്ഛിച്ചുവീഴുക, വായുമുട്ടൽ, വാതസംബന്ധങ്ങളായ (മന്യാസ്തംഭാദി) പലവിധം കഠിനവേദനകൾ, വ്രണപ്പെട്ട സ്ഥലത്തുനിന്നു മാംസംകഴുകിയ വെള്ളംപോലുള്ള രക്തം സ്രവിക്കുക, എല്ലാ ഇന്ദ്രിയങ്ങൾക്കും അതാതുകളുടെ പ്രവൃത്തിയെടുക്കുന്നതിനു ശക്തിയില്ലായ്ക. 18

---

* 'സംലപന'മെന്ന മൂലത്തിന്റെ സ്ഥാനത്തു 'സന്നയനം' എന്നും പാഠമുണ്ടു്. അതിനു് ഉറക്കം തൂങ്ങുന്നതുപോലെയുള്ള ഒരു മാന്ദ്യമെന്നർത്ഥവും കാണുന്നു.

സുരേന്ദ്രഗോപപ്രതിമം പ്രഭൂതാ
രക്തം സ്രുവേദ്ദ്വ ക്ഷുതതശ്ച വായുഃ
കുരുതി രോഗാൻ വിവിധാൻ യഥോക്താം-
ശ്ഛിന്നാസു ഭിന്നാസ്വഥവാ സിരാസു.
കൌബ്ജ്യം ശരീരാവയവാവസാദഃ
ക്രിയാസ്വശക്തിസ്സുമുലാ രുജശ്ച
ചിരാദ്വ്രണോ രോഹതി യസ്യ ചാപി
തം സ്നായുവിദ്ധം മനുജം വ്യവസ്യേൽ.
ശോഫാതിവൃദ്ധിസ്സുമുലാ രുജശ്ച
ബലക്ഷയഃ പർവ്വസു ഭേദശോഫൌ
ക്ഷതേഷു സന്ധിഷ്വചലാചലേഷു
സ്യാത്സന്ധികമ്മോപരതിശ്ച ലിംഗം.
ഘോരാ രുജോ യസ്യ നിശാദിനേഷു.
സർവ്വാസ്വവസ്ഥാസു ന ശാന്തിരസ്തി

സിരകളെ ചേദിക്കയോ ഭേദിക്കയോ ചെയ്യാൽ മുറിവായിൽനിന്ന് ഇന്ദ്രഗോപക്രിമിയുടെ നിറംപോലെ അധികം ചുകപ്പുള്ള രക്തം അതിമാത്രമായി സ്രവിക്കയും വായുകോപംനിമിത്തം വരാവുന്ന പലപ്രകാരത്തിലുള്ള രോഗങ്ങളുണ്ടാകയും ചെയ്യും.

അപ്രകാരംതന്നെ സ്നായുക്കൾക്കു മുറിവു തട്ടിയതാണെങ്കിൽ കൂനൽ (കുബ്ജത്വം), ശരീരത്തിന്നും വ്രണപ്പെട്ട അവയവത്തിന്നും തളർച്ച, പ്രവൃത്തിചെയ്വാൻ ശക്തിയില്ലായ്മ, അതികഠിനങ്ങളായ വേദനകൾ, വ്രണം ഒണങ്ങുന്നതിന്നു കാലതാമസം എന്നീ ലക്ഷണങ്ങൾ കാണാം.

സന്ധികൾ മുറിഞ്ഞാൽ വീക്കം അധികരിക്കയും അതികഠിനങ്ങളായ വേദനകളുണ്ടാകയും ബലമില്ലാതാകയും സന്ധികളിലും അവയുടെ സമീപപ്രദേശങ്ങളിലും പൊളിയുന്ന എന്നു തോന്നുകയും വീക്കമുണ്ടാകയും സന്ധികളെക്കൊണ്ടു നടത്തേണ്ടുന്ന വ്യാപാരത്തിന്നു മുടക്കം വരികയും ചെയ്യും. ഇളക്കാവുന്ന സന്ധികളിലും ഇളകാത്ത സന്ധികളിലും ഈ ലക്ഷണം സമംതന്നെയാകുന്നു.

തൃണ്ണാംഗസാദ്യേ ശ_യഥുശ്ച രുക് ച:
തമസ്ഥിവിദ്ധം മനുജം വ്യവസ്യേൽ. 19
യഥാസ_മേതാനി വിഭാവയേയു_
ല്ലിംഗാനി മജ്ജാസ_ഭിതാഡിതേഷു
സ്ഥൂശം ന ജാനാതി വിപാണ്ഡുവർണ്ണോ
യോ മാംസമജ്ജന്യഭിതാഡിതഃ സ്യാൽ. 20
ആത്മാനമേവാഥ ജഘന്യകാരീ
ശസ്ത്രേണ യോ ഹന്തി ഹി കർമ്മ കുർവ്വൻ
തമാതുരവാനാതുരഹനം കുവൈദ്യം
വിവർജ്ജയേദായുരഭിപ്സമാനഃ. 21
തിർയ്യക് പ്രണിഹിതേ ശസ്ത്രേ ദോഷാഃ പൂർവ്വമുദാഹൃതാഃ
തസ്മാൽ പരിഹരന്ദോഷാൻ കുര്യ്യാച്ഛസ്ത്രനിപാതനമ്. 22

അസ്ഥി മുറിഞ്ഞാൽ ഭയങ്കരങ്ങളായ വേദനകളുണ്ടാകയും രാത്രിയും പകലും ഏതുവിധത്തിലായാലും ആ വേദനയ്ക്കാതു ശാന്തിയില്ലാതാകയും വെള്ളംദാഹം, അംഗങ്ങൾക്കു തളർച്ച, വീക്കം, വേദന എന്നിവയധികമായിട്ടുണ്ടാകയും ചെയ്യും. 19

സിരാമർമ്മങ്ങളിൽ ഏതിനും മുറിവുതട്ടിയാലും മേൽ കാണിച്ചപ്രകാരം ഒരു സിര മുറിഞ്ഞാലെന്തു ലക്ഷണങ്ങളുണ്ടാകുമോ അവകൊണ്ടതന്നെയാണുണ്ടാകുന്നതു്. ഈ നിയമം സ്നായ്വസ്ഥിമാംസമർമ്മങ്ങൾക്കും യോജിച്ചിരിക്കുന്നതാണു്.

മാംസമർമ്മത്തിങ്കൽ മുറിവുതട്ടിയാൽ പിന്നെ അവിടെ തൊട്ടാലറിയാതാകും; തൊലി വിവർണ്ണനിറത്തിലായിക്കാണുകയും ചെയ്യും. 20

ഏതൊരു വൈദ്യൻ ശസ്ത്രപ്രയോഗകാലത്തു തന്നേതന്നെ ദേഹത്തിലെവിടെയെങ്കിലും ആയുധംകൊണ്ടു് അറിയാതെ മുറിപ്പെടുത്തുന്നുവോ അങ്ങിനെയുള്ള മൂഢവൈദ്യനെ, ആയുസ്സു വേണമെന്നു വിചാരിക്കുന്നവൻ ദൂരെ വർജ്ജിക്കേണ്ടതാണു്. 21

വിലങ്ങത്തിൽ ശസ്ത്രം തട്ടിപ്പോയാലുണ്ടാകുന്ന ദോഷങ്ങളെപ്പറ്റി മുമ്പേ പറഞ്ഞിട്ടുണ്ടല്ലോ. അതുകൊണ്ടു മേൽപറഞ്ഞവിധത്തിലുള്ള ദോഷങ്ങളൊന്നുമുണ്ടാകാത്ത വിധത്തിൽ സൂക്ഷിച്ചു ശസ്ത്രപ്രയോഗവും ചെയ്യേണ്ടതാണു്. 22

മാതരം പിതരം പുത്രാൻ ബാന്ധവാനപി ചാതുരഃ
അതൊഥൈതാനഭിശങ്കേത വൈദ്യേ വിശ്വാസമേതി ച.
വിസൃജത്യാത്മനാത്മാനം ന ചൈനം പരിശങ്കതേ
തസ്മാൽപുത്രവദേവൈനം പാലയേദാതുരം ഭിഷക്. 23
കർമ്മണാ കശ്ചിദേകേന ദ്വാഭ്യാം കശ്ചിത്ത്രിഭിസ്തഥാ
വികാരസ്സാധ്യതേ കശ്ചിച്ചതുർഭിരപി കർമ്മഭിഃ. 24
ധർമ്മാർത്ഥൌ കീർത്തിപ്രീത്യർത്ഥം സതാം ഗ്രഹണമുത്തമം
പ്രാപ്നുയാൽ സപ്തമം സ്വർഗ്ഗവാസഞ്ച ഹിതമാരഭ്യ കർമ്മണാ. 25

ഇതി സുശ്രുതസംഹിതായാം സൂത്രസ്ഥാനേഷ്ടവിധശസ്ത്രകർമ്മണ്യോ നാമ
പഞ്ചവിംശോധ്യായഃ.

രോഗമുള്ളവൻ തന്റെ മാതാപിതാക്കന്മാരെയും പുത്രന്മാരെയും ബന്ധുജനങ്ങളേയുംകൂടി ചിലപ്പോൾ ശങ്കിച്ചു പിന്നെ വരാം; ഇന്നാൽ വൈദ്യന്റെ പേരിൽ രോഗിക്ക് അതിയായ വിശ്വാസമുണ്ടാകുന്നതാണ്. രോഗി സ്വന്തം മനസ്സാലെ തന്റെ ദേഹത്തെ വൈദ്യനെ സമർപ്പണം ചെയ്യുന്നു. ആ കാര്യത്തിൽ ഒട്ടും ശങ്കയും വൈദ്യന്റെ പേരിൽ അവനുണ്ടാകുന്നില്ല. അതുകൊണ്ട് വൈദ്യൻ രോഗിയെ തന്റെ പുത്രനെപ്പോലെ വിചാരിച്ചു രക്ഷിക്കണം. 23

ചില രോഗം ഒരിക്കൽ ശസ്ത്രം പ്രയോഗിക്കുന്നതുകൊണ്ടുതന്നെ ഭേദപ്പെട്ടും. ചിലതിൽ രണ്ടോ ചിലതിൽ മൂന്നോ പ്രാവശ്യം പ്രവൃത്തിക്കണം. ചിലതിൽ നാലുപ്രാവശ്യവും * വേണ്ടിവരുന്നതാണ്. മനുഷ്യന്മാരെക്കൊക്കെ ഗുണം ചെയ്യേണമെന്നുള്ള വിചാരത്തോടുകൂടി തന്നെ ഭേദപ്പെടുത്തുപോലെ തന്റെ പ്രവൃത്തിയെ നടത്തുന്നവനായ വൈദ്യനു ഈ ജന്മത്തിൽ ധർമ്മാർത്ഥങ്ങളും കീർത്തിയും സജ്ജനങ്ങളുടെ സ്നേഹബഹുമാനങ്ങളും മരണാനന്തരം സ്വർഗ്ഗസുഖാനുഭവവും ഉണ്ടാകുന്നതാണ്. 24—25

ഇങ്ങിനെ സുശ്രുതസംഹിതയിൽ സൂത്രസ്ഥാനത്തിൽ
അഷ്ടവിധശസ്ത്രകർമ്മണ്യചെന്ന
ഇരുപത്തഞ്ചാമദ്ധ്യായം കഴിഞ്ഞു.

* ചില രോഗങ്ങളിൽ ഒരു കായ്യം പോര; രണ്ടോ മൂന്നോ നാലോ കായ്യം (ശസ്ത്രക്ഷാരാഗ്ന്യാദിപ്രയോഗങ്ങളും) വേണ്ടിവരുമെന്നും ഈ വാക്യത്തിനു താൽപര്യമുണ്ട്.

ഷഡ്വിംശോധ്യായഃ.

അഥാതഃ പ്രനഷ്ടശല്യവിജ്ഞാനീയമധ്യായം വ്യാഖ്യാസ്യാമഃ. 1

ശല ശ്വല ആശുഗമനേ ധാതുസൂത്ര ശല്യമിതി രൂപം. തത്ദ്വിവിധം ശാരീരമാഗന്തുകഞ്ച. 2

സർവ്വശരീരാബാധകരം ശല്യം തദിഹോപദിശ്യത ഇത്യതഃ ശല്യശാസ്ത്രമ്. തത്ര ശാരീരം രോമനഖാദി ധാതവോന്നമലാ ദോഷാശ്ച ദുഷ്ടാഃ. ആഗന്തവപി ശാരീരശല്യവ്യതിരേകേണ യാവന്തോ ഭാവാ ദുഃഖമുൽപാദയന്തി. അധികാരോ ഹി ലോഹവേണുവൃക്ഷതൃണശൃം

ഇരുപത്താറാമധ്യായം.

ഇനി പ്രനഷ്ടശല്യവിജ്ഞാനീയമെന്ന അധ്യായം പറയാം:— 1

"ശല" ധാതുവിന്നും "ശ്വല" ധാതുവിന്നും വേഗത്തിൽ ചെല്ലുക (ദേഹത്തിൽ കടക്കുക) എന്നത്ഥമാണ്. അതിലെ ശലധാതുവിൽനിന്നുണ്ടാകുന്ന *രൂപമാണ് ശല്യമെന്നുള്ള പദം. ശല്യം ശാരീരമെന്നും ആഗന്തുകമെന്നും രണ്ടുവിധമാണ്. 2

ശല്യം ശരീരത്തിന്നൊക്കയും ഉപദ്രവത്തെ ഉണ്ടാക്കിത്തീർക്കുന്നുണ്ട്. ആ ശല്യത്തെ ഈ ശാസ്ത്രത്തിൽ വിവരിക്കുന്നു എന്ന സംഗതികൊണ്ട് ഈ ശാസ്ത്രത്തിന്നു ശല്യശാസ്ത്രമെന്നുപേർ. രോമം, നഖം മുതലായതും രക്തം ദുഷിച്ചിട്ടോ കട്ടപിടിച്ചിട്ടോ ഞരമ്പുകൾക്കുള്ളിൽ കിടക്കുന്നതും മലംമുതലായതു ദുഷിച്ചിട്ടുള്ളതും വാതാദിദോഷങ്ങൾ ദുഷിച്ച് അവയവങ്ങളിൽ കിടക്കുന്നതും ശാരീരശല്യങ്ങളാകുന്നു.

ശാരീരശല്യങ്ങളെക്കൂടാതെ അംഗങ്ങളിൽ കടന്നിരുന്ന് ദുഃഖത്തെ ഉണ്ടാക്കിത്തീർക്കുന്നവയെല്ലാം ആഗന്തുകശല്യങ്ങളാകുന്നു. ഇരിമ്പ്, മൊള, മരം, പുല്ല്, കൊമ്പ്, എല്ല് എന്നീ പദാർത്ഥങ്ങൾ വല്ല വിധത്തിലും അംഗങ്ങളിൽ കടന്നിരുന്നാൽ അത് ആഗന്തുകശല്യമാ

* "ശലേർഘഞ്" എന്ന ഉണാദിസൂത്രപ്രകാരം.

ഗാസ്ഥിമയേഷു, തത്രാപി വിശേഷതോ ലോഹമയേഷ്വേവ വിശസനാത്സ്ഥാപപന്നതാല്ലോഹസ്യ ലോഹാനാമപി ദുർഭേദതാദണുമുഖതാദ്ദുഃപ്രയോജനകരതാച്ച ശര ഏവാധികൃതഃ. 3

സ ദ്വിവിധഃ കണ്ഡവാൻ ശ്ലക്ഷ്ണശ്ച, പ്രായേണ വിവിധവൃക്ഷപത്രപുഷ്പഫലതുല്യാകൃതയോ വ്യാഖ്യാതോ വ്യാളമൃഗപക്ഷിവക്ത്രസദൃശാശ്ച. 4

സർവ്വശല്യാനാന്തു മഹതാമണ്ഡനാം വാ പഞ്ചവിധോ ഗതിവിശേഷ ഊർദ്ധമധോഽർവ്വാചീനസ്തിര്യഗൃജുരിതി. താനി യദാ വേഗക്ഷയാൽ പ്രതിഘാതാദ്വാ തദ്ഗാദിഷു വ്രണവസ്തുഷ്വവതിഷ്ഠന്തേ ധമനീസ്രോതോസ്ഥിതദ്വിവരപേശീപ്രഭൃതിഷു വാ ശരീരപ്രദേശേഷു തത്ര ശല്യല

ണെന്ന് വിശേഷാൽ പറയപ്പെടുന്നു. അതിലും വിശേഷിച്ച് ഇരിമ്പു സാധന (ലോഹം)ങ്ങളെയാണ് ആഗന്തുകശല്യങ്ങളെന്നുവെച്ചിട്ടുള്ളതു്. കാരണം, ഇരിമ്പു് മനുഷ്യനെ കൊല്ലുന്നതിന്നുപയോഗപ്പെടുത്തപ്പെടുന്നു. ആ ലോഹസാധനങ്ങളിൽ വെച്ചു് തടുക്കാൻ തരമില്ലാത്തതും ഏറ്റവും കൂത്തമുഖത്തോടുകൂടിയിരിക്കുന്നതും ദൂരത്തുനിന്നുതന്നെ ശരീരത്തിലേക്കു താക്കുന്നതുമായ അമ്പു് (ബാണം) മുഖ്യമായിട്ട ശല്യമെന്ന പേരിനർഹതയുള്ളതാകുന്നു. 3

മൂണ്ടലിന്നും മാറകമുള്ളപോലെ അഗ്രത്തിൽ ഉള്ളിലേക്കു മുനയുള്ളതും (Feathered) ഇല്ലാത്തതു (Un-feathered) മായി അമ്പുകൾ രണ്ടു വിധത്തിലുണ്ടു്. നാനാവിധവൃക്ഷങ്ങളുടെ ഇലകളുടേയും പുഷ്പങ്ങൾപോലേയും കായകൾപോലേയും സർപ്പങ്ങളുടേയും മൃഗങ്ങളുടേയും പക്ഷികളുടേയും മുഖംപോലേയുമിരിക്കുന്ന ആകൃതിയോടുകൂടിയാണ് അമ്പുകളെ സാധാരണ ഉണ്ടാക്കുന്നതു്. 4

എല്ലാ ശല്യങ്ങൾക്കും മേലോട്ടക്കും, കീഴോട്ടക്കും, പിൻഭാഗത്തേക്കും, വിലങ്ങത്തിലും, നേരിട്ടും ഇങ്ങിനെ അഞ്ചുപ്രകാരത്തിലാണ് ഗതികളുള്ളതു്. ഈ ഗതിഭേദം വലിയ ശല്യങ്ങൾക്കും ചെറിയ ശല്യങ്ങൾക്കും ഒരുപോലെതന്നെ. ശല്യങ്ങൾ അവയുടെ വേഗം (ഊക്കു്) ക്ഷയിക്കയാലൊ വല്ല തടസ്ഥവുമുണ്ടാകയാലൊ വ്രണസ്ഥാനങ്ങളായ തോലു മുതലായ ഭാഗങ്ങളിലൊ, ധമനി, സ്രോതസ്സു്, അസ്ഥി,

ക്ഷണമുച്യമാനമുപധാരയ. തത്ര ദ്വിവിധം സാമാന്യം വൈശേഷികഞ്ച. ശ്യാവം പിഡകാചിതം ശോഫവേദനാവന്തം മുഹുർമ്മുഹുർ ശോണിതാസ്രാവിണം ബുദ്ബുദവദുന്നതം മൃദുമാംസഞ്ച വ്രണം ജാനീയാത്സശല്യായമിതി. സാമാന്യലക്ഷണമേതദുക്തമ്. വൈശേഷികന്തു തച്ഛ്യേതേ വിവർണ്ണം ശോഫോ ഭവത്യായതം കഠിനഞ്ച. മാംസഗതേ ശോഫാദിവൃദ്ധിം ശല്യമാശ്ഗ്നാനുപസംരോഹം പീഡനാസഹിഷ്ണുതാ ചോഷ്ണഗന്ധകുച. പേശ്യന്തരസ്ഥേഷ്വപ്യേതദേവ ചോഷ്ണശോഫവർജ്ജമ്. സിരാഗതേ സിരാദ്ധ്മാനം സിരാശൂലം സിരാശോഫശ്ച. സ്നായുഗതേ സ്നായുജാലോൽക്ഷേപണം സംരംഭശ്ചാഗ്രാരുക്ച. സ്രോതോഗതേ സ്രോതസാം സ്വകർമ്മഗ്രഹണഹാനിം. ധമനീസ്ഥേ സഫേനം രക്തമീരയന്നനിലം സശബ്ദോ നിർഗ്ഗച്ഛത്യംഗമർദ്ദം പിപാസാ ഹൃല്ലാസശ്ച. അസ്ഥിഗതേ വിവിധവേദനാപ്രാദുർഭാവം ശോഫശ്ച. അസ്ഥി

അസ്ഥിദ്വാരം, മാംസപേശി മുതലായ സ്ഥാനങ്ങളിലൊ തറച്ചുനില്ക്കുന്നതാണ്. ആ സമയത്തുണ്ടാകുന്ന ലക്ഷണങ്ങളെ പറയാം കേട്ടുകൊൾക:—

ഒന്നാമതായി ശല്യം തറച്ചാൽ ഉണ്ടാകുന്ന ലക്ഷണങ്ങൾ സാമാന്യമെന്നും വൈശേഷികമെന്നും രണ്ടുകൂട്ടമാകുന്നു. ഏതൊരു വ്രണം കുമ്പാച്ചിപ്പുനിറമുള്ളതും ചുറ്റും കുരുക്കളോടുകൂടിയതും വീക്കവും വേദനയുമുള്ളതും ഇടവിടാതെ രക്തം ഒലിച്ചുകൊണ്ടിരിക്കുന്നതും വെള്ളത്തിലെ പോള (ബുദ്ബുദം) പോലെ പൊന്തിയിരിക്കുന്നതും തൊട്ടുനോക്കുമ്പോൾ മാംസത്തിൽ മൃദുത്വമുള്ളതുമായിരിക്കുന്നുവോ ആ വ്രണത്തിൽ ശല്യം തറച്ചുകിടക്കുന്നുണ്ടെന്നു നിശ്ചയിക്കണം. ഈ ലക്ഷണം സാമാന്യലക്ഷണമാകുന്നു.

വൈശേഷികലക്ഷണങ്ങളെ താഴെ പറയുന്നു:—ശല്യം തറച്ചിട്ടുള്ളത് തൊലിപ്പുറമാണെങ്കിൽ നിറഭേദമുണ്ടാകുകയും തൊട്ടാൽ വേഗത്തിൽ തിരുമ്മുന്നതുപോലെ വീക്കം കുറെ അധികം വിസ്താരത്തിൽ കാണുകയും ചെയ്യും. മാംസത്തിൽ തറച്ചാൽ വീക്കം അധികമായിരിക്കും; ശല്യം കാണുന്നിടത്തുള്ള മുറി കൂടിയിരിക്കയില്ല; തൊടുമ്പോൾ വലിയവേദനയുണ്ടാകും; ആവിയും പഴുപ്പുമുണ്ടാകുകയും ചെയ്യും. പേശിക്കുള്ളിലാണ് ശല്യം

വിവരഗതസന്ധിപൂർണ്ണതാസ്ഥിതോദ്ദേ സംഹർഷോ ബലവാംശ്ച. സ
ന്ധിഗത അസ്ഥിവച്ചേഷ്ടാപരമശ്ച. കോഷ്ഠഗതേ ആടോപാനാ
ഹൌ മൂത്രപുരീഷാഹാരദർശനച്ച വ്രണമുഖാൽ. മർമ്മഗത മർമ്മവി ദ്ധ
വച്ചേഷ്ടതേ. സൂക്ഷ്മഗതിഷു ശല്യേഷ്വതാന്യേവ ലക്ഷണാന്യുത്സൃഷ്ടാ
നി ഭവന്തി. 5

ചെന്നിരിക്കുന്നതെന്നുവന്നാലും ഈ പറഞ്ഞ ലക്ഷണങ്ങളൊന്നും ആവിയും വിക്കുമുണ്ടാകയില്ലെന്നൊരു വ്യത്യാസമുണ്ടുതാനും. സിര യിലാണെങ്കിൽ സിരയിൽ കുത്തലും വീപ്പും വിക്കുമുണ്ടായിക്കാണും. സ്നായുവിങ്കൽ ശല്യം ചെന്നാൽ സ്നായുക്കൾ മേൽപ്പോട്ടുചൊവ്വാകയും ചുരുട്ടും ചുകപ്പും അതികഠിനമായ വേദയുമുണ്ടാകയുംചെയ്യും. സ്രോത സ്സുകളിൽ ചെന്നിരുന്നാൽ സ്രോതസ്സുകളുടെ സഞ്ചാരം പ്രവൃത്തിയും ഇ ണവും കാണുകാണും. ധമനിയിൽ ശല്യംതറച്ചാൽ മുറിവായിൽനി ന്നു നുരയോടുകൂടിയ രക്തത്തെ പുറത്തേക്കുതള്ളിക്കൊണ്ടു, അതിന്നു ള്ളിൽനിന്നു വായു, ശബ്ദത്തോടുകൂടി പുറപ്പെട്ടും; അംഗങ്ങളിലൊ ക്കെ നൊറുങ്ങിനോവലും വെള്ളംമോഹവും നെഞ്ഞുകലിപ്പുമുണ്ടാകയും ചെയ്യും. അസ്ഥിയിൽ തറച്ചാൽ പലവിധം വേദനകളുണ്ടാകയും വി ക്കമുണ്ടാവുകയും ചെയ്യും. അസ്ഥിയുടെ ഭാരത്തിൽ ശല്യം കടന്നിരു ന്നാൽ അസ്ഥികളുള്ളിൽ എന്തോ നിറഞ്ഞുകിടക്കുന്നു എന്നതോന്ന ലും അസ്ഥിയിങ്കൽ കുത്തിനോവും കോച്ചലും ഉണ്ടായിരിക്കും. സന്ധി യിങ്കലാണു് ശല്യം തറച്ചിരിക്കുന്നതെങ്കിൽ അസ്ഥിയിൽ തറച്ചാലുണ്ടാ കുന്ന ലക്ഷണങ്ങളുണ്ടാകും; ആ സന്ധി ഇളക്കാൻ പാടില്ലാതാകയും ചെയ്യും. വയറിൽ ശല്യം തറച്ചാൽ വയറിന്നുള്ളിൽ വായുക്ഷോഭ വും വയറുവീപ്പും ഉണ്ടാകയും ആ വ്രണത്തിന്റെ ഭാരത്തിൽ കൂടി മൂ ത്രം, മലം, അന്നം എന്നിവ പുറപ്പെട്ടുകാണ്മാനിടവരികയും ചെയ്യും. മർമ്മത്തിൽ ചെന്നിരുന്നാൽ സാധാരണയായി മർമ്മസ്ഥാനം മുറിഞ്ഞാ ലുണ്ടാകുന്ന ലക്ഷണങ്ങളും കാണാം. ശല്യങ്ങളും വളരെ സൂക്ഷ്മമായി രിക്കയൊ നല്ലവണ്ണം അടിയിലേക്കു താക്കാതിരിക്കയൊ ചെയ്തിട്ടു ണ്ടെങ്കിലും മേൽപ്പറഞ്ഞ ലക്ഷണങ്ങളും കാണാം. എന്നാൽ അവിടെ ഈ ലക്ഷണങ്ങളും സ്പഷ്ടമായികൊണ്ടുകയില്ല. 5

മഛാന്തി സ്പല്പാനി വാ ശുദ്ധദേഹാനാമനുലോമസന്നിവിഷ്ടാ നി ഭരാഹന്തി, വിശേഷതഃ കണ്ഡരസ്രാതഃസിരാതപകഭപേശ്യസ്ഥിവിവ രേഷു ദോഷപ്രകോപവ്യായാമാഭിഘാതേഭ്യഃ പ്രചലിതാനി പുനർവ്യാധന്തി. 6

തത്ര തപകപ്രനഷ്ടേ സ്നിഗ്ധസചിന്നായാം മൃന്മാഷയവഗോധൂമ ഗോമയമൃദിതായാം തപചി യത്ര സംരംഭോ വേദനോ വാ ഭവതി തത്ര ശല്യം ജാനീയാൽ. സൂചീമുഖമുച്ചനകമെല്ലേഖ്യാ പ്രദിശ്യായാം ശ ല്യോഷ്മണാത്ര വിസരതി ഘൃതമുപസ്നുഷ്യതി വാ ലഭപോ യത്ര തത്ര ശ ല്യം വിജാനീയാൽ. മാംസപ്രനഷ്ടേ സ്നേഹസേചദാദിഭിഃ ക്രിയാവിശേ ഷേണരവിരുഞ്ഛേരാതുരമുപപാദയേൽ.കൃതസ്യ തു ശിഥിലീഭൂതമനവ സ്ഥം ക്ഷുഭ്യമാണംയത്ര സംരംഭോ വേദനോ വാ ഭവതി തത്ര ച ശല്യം

വാതാദിദോഷങ്ങളുടെ വൈഷമ്യമൊന്നുമില്ലാതെ ദേഹം ശുദ്ധമാ യിരിക്കുന്നവക്കു വലുതോ ചെറുതോ ഏതുജാതിയായാലും ശല്യങ്ങൾ രോമങ്ങൾക്കെതിരായിട്ടല്ലാതെ തറച്ചിരിക്കുന്ന ഏങ്കിൽ അതുകളുടെ വ്രണങ്ങൾ ഏളുപ്പത്തിൽ കണങ്ങുന്നതാണു്. കണ്ഠം, സ്രോതസ്സു്, സി രാ, തപക്, പേശി, അസ്ഥിദ്വാരം ഏന്നിവസ്ഥലങ്ങളിൽ മേൽപറഞ്ഞ ശുദ്ധദേഹന്മാക്കു ശല്യം തറച്ചാൽ വിശേഷിച്ചും അതു ഭേദപ്പെട്ടപോ കുന്നതാണു്. വല്ലടിക്കിലും തട്ടുകയോ വീഴുകയോ ദേഹം ഇളക്കി വല്ല പ്രവൃത്തിയും ചെയ്കയോ വാതാദിദോഷങ്ങൾ കോപിക്കയോ ചെ യ്താൽ ആ ശല്യം ഇളകിത്തീരുകയും മിത്തം അവക്കുപദ്രവങ്ങളുണ്ടാകുന്ന തുമാണു്. 6

തോലിൽ ശല്യം തറച്ചു കിടക്കുക, അതു് ഇന്നടിക്കിലെന്നു കൃത്യ മായറിയാതിരിക്കുക, ഏന്നു വന്നാൽ കളിമണ്ണു്, ഉഴുന്നു്, യവം, ഗോത മ്പു്, ചാണകം ഇവയിലേതെങ്കിലും പൊടിച്ചു തോലിന്മേൽ തേച്ചു കൊണ്ടു തിരുമ്പണം. ഇങ്ങിനെ തേക്കുന്നതിന്നുമുമ്പായി അവിടെ എണ്ണപിരട്ടി ചൂടുപിടിപ്പിച്ചു് വിയപ്പിച്ചിരിക്കയും വേണം. അതിന്റെ ശേഷം വ്യത്യഭാഗത്തു വേദനയും വീക്കവും ചുകപ്പും കാണുന്നുവോ ആ സ്ഥലത്താണു് ശല്യം ഇരിക്കുന്നതെന്നു കണ്ടുപിടിക്കാം. ഇനിയും ശ ല്യം കണ്ടുപിടിക്കാൻ ഒരു വഴിയുണ്ടു്. ഒച്ചിരിക്കുന്ന നെയ്യോ, കളിമ ണ്ണോ, ചന്ദനം അരച്ചതോ ആ സ്ഥലത്തു തേച്ചാൽ, നെയ്യുരുകുകയും മ

വിജാനീയാൽ. കോഷ്ഠാസ്ഥിസന്ധിപേശീവിവരേഷ്വവസ്ഥിതമേവം പരീക്ഷേത. സിരാധമനീസ്രോതസ്സ്നായുപ്രനഷ്ടേ ഖണ്ഡവക്രസംയുക്തേ യാനേ വ്യാധിതമാതുരമാപ്യാശു വിഷമേദ്ധ്വനി യായാദ്യത്ര സംരംഭോ വേദനാ വാ ഭവതി തത്ര ശല്യം ജാനീയാൽ. അസ്ഥിപ്രനഷ്ടേ സ്നേഹസ്വേദോപപന്നാന്യസ്ഥിനി ബന്ധനപീഡനാഭ്യാം ഭൃശമുപചയമുത്ത്വ യത്ര സംരംഭോ വേദനാ വാ ഭവതി തത്ര ശല്യം ജാനീയാൽ. സന്ധിപ്രനഷ്ടേ സ്നേഹസ്വേദോപപന്നാൻ സന്ധിൻ പ്രസാരണാകുഞ്ചനാഭ്യാം പരിവാഹയേൽ യത്രാസ്യ പ്രസാരണാകുഞ്ചനയോർന്നാനാത്വം വേദനാ വാ ഭവതി തത്ര ശല്യം ജാനീയാൽ. സിരാധമനീസ്നായുസ്രോതസ്സു പ്രനഷ്ടേ ഖണ്ഡവക്രസംയുക്തേ യാനേ വ്യാധിതമാതുരമാപ്യാശു വിഷമേദ്ധ്വനി യായാദ്യത്ര സംരംഭോ വേദനാ വാ ഭവതി തത്ര ശല്യം ജാനീയാൽ. അസ്ഥിപ്രനഷ്ടേ സ്നേഹസ്വേദോപപന്നാന്യസ്ഥിനി ബന്ധനപീഡനാഭ്യാം ഭൃശമുപചയമുത്ത്വ യത്ര സംരംഭോ വേദനാ വാ ഭവതി തത്ര ശല്യം ജാനീയാൽ. സന്ധിപ്രനഷ്ടേ സ്നേഹസ്വേദോപപന്നാൻ സന്ധിൻ പ്രസാരണാകുഞ്ചനാഭ്യാം പരിവാഹയേൽ യത്രാസ്യ പ്രസാരണാകുഞ്ചനയോർന്നാനാത്വം വേദനാ വാ ഭവതി തത്ര ശല്യം ജാനീയാൽ.

റാകുള്ളവ ഉണങ്ങുകയും ചെയ്യുന്നതുകൊണ്ടുസ്ഥലത്താണെന്നുനോക്കണം. അവിടെ അകത്തു ശല്യം കിടക്കുന്നതുകൊണ്ടാണ് അങ്ങിനെ തോന്നുകയും ഉരുകുകയും മാറാം ചെയ്യുന്നത്. അതുകൊണ്ട് അവിടെയാണ് ശല്യംകിടക്കുന്നതെന്നൂഹിക്കാം.

മാംസത്തിൽ തറച്ചുകിടക്കുന്ന ശല്യത്തെ കണ്ടുപിടിക്കുന്നതെങ്ങിനെയെന്നതിനെ പറയുന്നു:—രോഗിയെ ഒന്നാമതായി മെഴുക്കുപിടിപ്പിച്ച് വിയർപ്പിക്കുക മുതലായ ക്രിയകളെ ചെയ്യണം. ഈ ക്രിയകൾ ആ രോഗിക്കു മാറുവല്ലവിധത്തിലും ഉപദ്രവത്തെ ഉണ്ടാക്കാത്തതായിരിക്കയും വേണം. ആ ക്രിയകൊണ്ട് ദേഹം മെലിഞ്ഞിട്ടുള്ളവരുടെ അംഗങ്ങളിലെ ശല്യം അവിടെ നിലനില്ക്കാതെ ഇളകിവശായി വേദനയും വീക്കവുമുണ്ടാക്കിത്തീർക്കും. അപ്പോൾ ഇന്നസ്ഥലത്താണ് അതു കിടക്കുന്നതെന്നു കൃത്യമായറിയാം. വയറിനുള്ളിലും അസ്ഥിയിലും സംധിയിലും പേശികളിലും പെട്ടുകിടക്കുന്ന ശല്യത്തേയും മേൽപറഞ്ഞ ക്രിയകളെകൊണ്ടു പരിശോധിച്ചു മനസ്സിലാക്കികൊള്ളണം.

സിരാ, ധമനി, സ്രോതസ്സ്, സ്നായു എന്നിവയിൽ ശല്യം മാഞ്ഞുകിടക്കുന്നു എങ്കിൽ കേടുവന്നിട്ടുള്ള ചക്രങ്ങളോടുകൂടിയ വണ്ടിയിൽരോഗിയെ കയറ്റി കുന്നും കുഴിയുമായിട്ടുള്ള വഴിയിൽകൂടി വേഗത്തിൽ ഓടിക്കണം. അപ്പോൾ ഏതുസ്ഥലത്തുവേദനയും ചൂടും ചുകപ്പുമുണ്ടാകുന്നുവൊ അവിടെ ശല്യം കിടപ്പുണ്ടെന്നറിഞ്ഞുകൊള്ളണം.

ശല്യം എല്ലിൽ തറച്ചുകിടക്കുന്നുണ്ടെങ്കിൽ ആ എല്ലിൽ സ്നേഹസ്വേദങ്ങൾ ചെയ്യണം. അതിനുശേഷം ആ എല്ലിനെ ഏറ്റവും അമർത്തിക്കെട്ടണം. അപ്പോൾ ഏതു സ്ഥലത്തു വേദനയും വീക്കവുമുണ്ടായിക്കാണുന്നുവൊ അവിടെ ശല്യമുണ്ടെന്നറിയണം.

നപീഡനമെങ്ങശമുപചാരഭ്യത്ര സംരംഭോ വേദനാ വാ ഭവതി തത്ര ശല്യമിതി ജാനീയാൽ. മർമ്മപ്രനഷ്ട്ട തപനന്യഭാവാന്മർമ്മണാമുക്തം പരീക്ഷണം ഭവതി. 7

സാമാന്യലക്ഷണമപി ച ഹനുസ്കന്ധാശപൃഷ്ഠപവ്വതദ്രുമാരോഹണധനുവ്വ്യായാമദ്രുതയാനനിയുദ്ധാദ്ധപ്രഗമനലംഘനപ്രതരണപ്ലവനവ്യായാമൈജ്ജോഭോദ്ഗാരകാസക്ഷവഥുഷ്ഠീവനഹസനപ്രാണായാമൈവ്വ്വിതമൂത്രപുരീഷസ്തൃക്ലാസസങ്ഗ്രൈവ്വ്വാ യത്ര സംരംഭോ വേദനാ വാ ഭവതി തത്ര ശല്യം വിജാനീയാൽ. 8

ഭവന്തി ചാത്ര—(പ).

യസ്മിംസ്സോദ്ദാദയോ ദേശേ സുപ്തതാ ഗ്രന്ഥിതാപി ച

സന്ധിയിൽ തറച്ചു മറഞ്ഞുകിടക്കുന്ന ശല്യമെങ്കിൽ സന്ധിയിൽ സ്നേഹസ്വേദങ്ങൾ ചെയ്തതിനുശേഷം നീക്കുകയും മടക്കുകയും കെട്ടുകയും അമക്കുകയും ചെയ്തു പരീക്ഷിക്കണം. ഏതൊരുസ്ഥലത്തു വിക്കവും വേദനയും കാണുന്നുവോ അവിടെ ശല്യമുണ്ടെന്നു കൃത്യമായിധരിക്കാം.

മർമ്മങ്ങളിൽ ശല്യം മറഞ്ഞുകിടക്കുന്നു എങ്കിൽ മേൽപറഞ്ഞപ്രകാരംതന്നെയാണ് പരീക്ഷിക്കേണ്ടതു്. മർമ്മങ്ങൾ സിരാസ്നായ്വസ്ഥ്യാദി മുൻപറഞ്ഞ പദാർത്ഥങ്ങളിൽനിന്നു ഭിന്നങ്ങളായിരിക്കുന്നവയല്ലെല്ലോ. 7

എവിടെയുള്ള ശല്യവും കണ്ടുപിടിക്കാനായി സാധാരണയായി ഒരു വഴിയുള്ളതിനെ പറയാം:—ആന, കുതിര മുതലായ വാഹനങ്ങളിൽ കേറിനടക്കുക, പവ്വതം, വൃക്ഷം ഇവയിൽ കേറുക, വില്ലു കുലക്കുക, വേഗത്തിൽ നടക്കുക, ദ്രുതപ്രയുദ്ധം ചെയ്ക, വഴിനടക്കുക, ചാടിക്കടക്കുക, നീന്തിക്കടക്കുക, ചാടുക, ദോഷപ്രധാനംചെയ്ക മുതലായ പ്രവൃത്തികൾ ചെയ്യുകനിമിത്തവും കോട്ടുവായ, വിമ്മിക്കം, ചുമ, തുമ്മൽ, തുപ്പൽ, ചിറിക്കൽ, ശ്വാസം അടക്കിനിൽത്തൽ (പ്രാണായാമം), അധോവായുവിനേയും മലമൂത്രങ്ങളേയും ശുക്ലത്തേയും പുറത്തേക്കു വിസർജ്ജനംചെയ്യൽ എന്നീപ്രവൃത്തികൾനിമിത്തവും ദേഹത്തിൽ എവിടെയെങ്കിലും വേദനയോ വീക്കമോ ഉണ്ടായിക്കണ്ടാൽ അവിടെ ശല്യമുണ്ടെന്നറിഞ്ഞുകൊള്ളണം. 8

"ദേഹത്തിൽ ഏതൊരുസ്ഥലത്തു കുത്തൽ, വീക്കം മുതലായതും

ഘട്ടിതേ ബഹ്വശോ യത്ര സ്രുയതേ തുദ്യതേപി ച.
ആതുരശ്ചാപി യം ദേശമഭിക്ഷ്ണം പരിരക്ഷതി
സംവാഹ്യമാനോ ബഹ്വശസ്തുത്ര ശല്യം വിനിർദ്ദിശേൽ. 9
അല്പബാധമസ്രുനഞ്ച നിരുജം നിരുപദ്രവം
പ്രസന്നം മൃദുപയ്യന്തം നിരാഘട്ടമനുന്നതം.
ഈക്ഷണ്യാ സർവ്വതോ ദൃഷ്ട്വാ യഥാമാർഗ്ഗം ചികിത്സകഃ
പ്രസാരാകുഞ്ചനാന്തനം നിശല്യമിതി നിർദ്ദിശേൽ. 10
അസ്ഥ്യാത്മകം ഭജ്യതേ തു ശല്യമന്തശ്ച ശീര്യ്യതേ

തരിപ്പും ഘ്ലാനവും ഉണ്ടാകുന്നുവോ രോഗിയെ ഇളക്കുന്ന * സമയത്തു് ഏതുസ്ഥലത്തു രക്തമോ മറ്റോ പലപ്പോഴും ഒലിക്കയും കുത്തിനോവും ഉണ്ടാകുന്നുവോ തലോടുന്ന സമയത്തു് ഏതുസ്ഥലത്തെ രോഗി പലപ്പോഴും തൊടാൻ സമ്മതിക്കാതിരിക്കുന്നുവോ ആസ്ഥലത്തു ശല്യമുണ്ടെന്നു തീച്ചയാക്കാം. 9

വേദനയും കുത്തലും ചുങ്ങിയിരിക്കുക, ഉപദ്രവങ്ങളും അംഗങ്ങളും ഇളക്കുന്നതിന്നും മാറും സൊകയ്ക്കുറവും ഇല്ലാതിരിക്കുക, വ്രണപ്പെട്ട സ്ഥലത്തു തെളിമയും വ്രണത്തിന്റെ അരുകുകളിൽ മൃദുത്വവും ഉണ്ടായിരിക്കുക, വ്രുറത്തിന്നകത്തു എന്തോ തടയുന്നു എന്നു തോന്നാതിരിക്കുക, വീക്കമില്ലാതിരിക്ക എന്നീ ലക്ഷണങ്ങളും കണ്ടാൽ ആ സ്ഥലത്തു ഷ്ണി (തെരഞ്ഞുനോക്കാനുള്ളയന്ത്രം)കൊണ്ടു നാലുഭാഗത്തും തിരഞ്ഞുനോക്കി പിന്നെ മടക്കുക, നീത്തുക മുതലായ ക്രിയകളും ചെയ്തിച്ചുനോക്കയും കൂടിചെയ്തിട്ടും വിശേഷിച്ചുപദ്രവമൊന്നുമില്ലെന്നുകണ്ടാൽ അവിടെ ശല്യമൊന്നുമില്ലെന്നു് വൈദ്യൻ തീച്ചപ്പെടുത്തിക്കൊള്ളണം. 10

അസ്ഥിക്ഷണം ദേഹത്തിൽ തറച്ചാൽ അതു് ഉള്ളിൽ കിടന്നു മുറിഞ്ഞു പൊടിഞ്ഞുപോകും. വല്ല ജന്തുവിന്റെയും കൊമ്പോ ഇരിമ്പുകഷണമോ തറച്ചാൽ അതു മിക്കതും വളയും. മരം, മൊള, പുല്ലു് എന്നിവയുടെ കഷണങ്ങൾ തറച്ചാൽ അവയെ വേഗത്തിൽ പിടുത്തുക

---

* 'ഘട്ടതേ' എന്നും പാഠം ആ പക്ഷത്തിൽ 'രോഗി ഏതുസ്ഥലത്തു പലപ്പോഴും തൊടുന്നുവോ' എന്നത്രേ പറയണം.

പ്രായോ നിർഭ്ജ്യതേ ശാർങ്ഗമായസഞ്ചേത: നിശ്ചയഃ. 11
വാക്ഷ്വൈണവതാർണ്ണാനി നിഷ്ക്രിയന്തേ തു നോ യദി:
പചന്തി രക്തം മാംസഞ്ച ക്ഷിപ്രമേതാനി ദേഹിനാം. 12
കാനകം രാജതം താമ്രം ത്രൈതികം ത്രപു സീസകമ്
ചിരസ്ഥാനാദിലീയന്തേ പിത്തതേജഃപ്രതാപനാൽ.
സപ്തഭാവശിതാ മൂഢ്യോ യേ ചാന്യേപീദൃശാ മതാഃ
ദ്രവീഭൂതാഃ ശരീരേസ്മിന്നേകതപം യാന്തി ധാതുഭിഃ. 13
വിഷ്വണന്തേകേശാസ്ഥിവേണുശ്രുപലാനി തു
ശല്യാനി ന വിശീര്യന്തേ ശരീരേ മൃന്മയാനി ച. 14
ദ്വിവിധം പഞ്ചഗതികം തപാദിവ്രണവാസ്തുഷു
യോ വേത്ത്യധിഷ്ഠിതം ശല്യം സ രാജ്ഞാം കർത്തുമർഹതി. 15

ഇതി സുശ്രുതസംഹിതായാം സൂത്രസ്ഥാനേ
പ്രായുഷ്ശല്യവിജ്ഞാനീയോ നാമ
ഷഡ്വിംശോധ്യായഃ.

——:0:——

ളഞ്ഞിട്ടില്ലാത്തപക്ഷം രക്തവും മാംസവും വേഗത്തിൽ വെന്തുപോകും. സ്വർണ്ണം, വെള്ളി, ചെമ്പ്, പിച്ചള, വംഗം, ഇരുമ്പ് എന്നിവയുടെ കഷണങ്ങൾ തറച്ച് അധികകാലം ദേഹത്തിൽ കിടന്നാൽ പിത്തത്തിന്റെ ചൂടുകൊണ്ട് അവ ഉരുകിപ്പോകുന്നതാണ്. സ്വഭാവേതന്നെ ശീതസ്വഭാവങ്ങളായി ഉള്ളവയായിരിക്കുന്ന ഈ മാതിരി മറ്റു ശല്യങ്ങളും ദേഹത്തിനുള്ളിൽ പെട്ടാൽ പിത്തത്തിന്റെ ചൂടുകൊണ്ടു ദ്രവിച്ചു ശരീരത്തിലുള്ള ധാതുക്കളുടെ കൂട്ടത്തിൽ ഒന്നായിച്ചേർന്നുപോകുന്നതാണ്. ജന്തുക്കളുടെ കൊമ്പ്, പല്ല്, രോമം, മൊള, മരം, കല്ല്, മണ്ണ് എന്നിവയും ശല്യമായി ദേഹത്തിൽ കടന്നിരുന്നാൽ മേൽപറഞ്ഞപ്രകാരം ഉരുകുകയോ ദ്രവിച്ചുപോകയോ മാറ്റാ ചെയ്കയില്ല. 11—14

രണ്ടുവിധത്തിലുള്ള ശല്യങ്ങളേയും അഞ്ചുപ്രകാരത്തിലുള്ള അവയുടെ ഗതിയേയും തൊക്ക് മുതലായ വ്രണസ്ഥാനങ്ങളിലുള്ള ആ ശല്യങ്ങളുടെ ഇരിപ്പിനേയും വേണ്ടപോലെ ലക്ഷണങ്ങളെക്കൊണ്ടു മനസ്സിലാക്കാൻ കഴിവുള്ള വൈദ്യൻ മാത്രമെ രാജാക്കന്മാരുടെയും പ്രഭുക്കളുടെയും ചികിത്സകനായിരിക്കയുള്ളൂ. 15

ഇങ്ങിനെ സുശ്രുതസംഹിതയിൽ സൂത്രസ്ഥാനത്തിൽ
പ്രായുഷ്ശല്യവിജ്ഞാനീയമെന്ന
ഇരുപത്താറാമധ്യായം കഴിഞ്ഞു.

സപ്തവിംശോഽധ്യായഃ.

അഥാതഃ ശല്യാപനയനീയമധ്യായം വ്യാഖ്യാസ്യാമഃ. 1

ശല്യം ദ്വിവിധമവബദ്ധമനവബദ്ധഞ്ച. തത്ര സമാസേനാനവബദ്ധശല്യോദ്ധരണാർത്ഥം പഞ്ചദശ ഹേതൂൻ വക്ഷ്യാമഃ. തദ്യഥാ— സദ്ഭാവഃ പാചനം ഭേദനം ദാരണം പീഡനം പ്രമാർജ്ജനം നിർഘ്ഷാപനം വമനം വിരേചനം പ്രക്ഷാളനം പ്രതിമർശഃ പ്രവാഹണമാഘൃഷ്ണമയസ്കാന്തോ ഹർഷശ്ചേതി. 2

തത്രാശ്രുക്ഷ്വേഡ്യോരകാസമൂത്രപുരീഷാണി ചൈഷാം സദ്ഭാവകരാണി

ഇരുപത്തേഴാമധ്യായം.

ഇനി ശല്യാപനയനീയമെന്ന (ശല്യമെടുത്തുകളയുന്നപ്രകാരം വിവരിക്കുന്ന) അധ്യായത്തെ പറയാം:— 1

അവബദ്ധവും (അംഗങ്ങളുടെ ഉള്ളിൽ ഒറച്ചുകിടക്കുന്നവയും) അനവബദ്ധവും (ഒറയ്ക്കാതെ നില്ക്കുന്നവയും) ആയി ശല്യങ്ങൾ രണ്ടുവിധത്തിലിരിക്കുന്നു. അതിൽ അനവബദ്ധശല്യത്തെ അംഗങ്ങളിൽനിന്നു വലിച്ചു പുറത്തെക്കെടുക്കുന്നായി പൊതുവിൽ പതിനഞ്ചുവിധം ഉപായങ്ങളുണ്ട്. അവയെ താഴെ പറയുന്നു:— 1 സദ്ഭാവം (സദ്ഭാവസിദ്ധമായി മേഹത്തിലുള്ള തുമ്പൽ മുതലായ വ്യാപാരം), 2 പാചനം (പഴുപ്പിക്കൽ), 3 ഭേദനം (കീറൽ), 4 ദാരണം (മൂർച്ചവെച്ചു പിളർക്കൽ), 5 പീഡനം (പിഴിയുക), 6 പ്രമാർജ്ജനം (തുടക്കുക), 7 നിർഘ്ഷാപനം (മരുന്നു പൊടിച്ചുതും മാവും ഊതി അകത്തു കടത്തുക), 8 വമനം (ഛർദ്ദിപ്പിക്ക), 9 വിരേചനം (വയറിളക്കുക), 10 പ്രക്ഷാളനം (കഴുകിക്കളക), 11 പ്രതിമർശം (കൈവിരൽകൊണ്ടു കിക്കിളിപ്പെടുത്തുക, തൊണ്ടയിൽ കയ്യിട്ടുളക്കുക മുതലായത്), 12 പ്രവാഹണം (മുക്കൽ), 13 ആഘൃഷ്ണം(വായകൊണ്ടോ മറ്റോ മേൽപ്പട്ടു വലിച്ചു വലിച്ചു എടുക്കുക), 14 അയസ്കാന്തം (കാന്തംകൊണ്ടു ആകർഷിക്കുക), 15 ഹർഷം (സന്തോഷിപ്പിക്ക). 2

കണ്ണു മുതലായ അംഗങ്ങളിൽ കിടക്കുന്ന (രോമം മുതലായ) ശ

ചിപ്പിക്കെന്നതനാഭിഭ്യാം പതതി. മാംസാവഗാഢം ശല്യമേതേഷാ
മന്യം പാചയിത്വാ പ്രകോപാൽ തസ്യ പൂയശോണിതവേഗാദ്ഭൃ
ശവാ പതതി. പക്വമിത്യുമാനം ഭേദയേദ്ദാരയേദ്വാ ഭിന്നമന്ത്ര
സ്യമാനാ പീഡനിയെ പീഡയേൽ പാണിഭിവ്വാ. അന്യസ്യക്ഷരേ
ല്യാനി പരിഷേചനാഭ്യാപനൈവ്വാലവസ്തുപാണിഭിഃ പ്രമാജ്ജയേൽ.
ആഹാരശ്ചാശ്ചഹിനാണ്ഡാല്യാനി ശത്രസേനാൽകാസനാക്രധമ
നെന്നിഷ്ടമേൽ. അന്നശല്യാനി വമനാഞ്ജനപ്രതിമർശപ്രഭൃതിഭിഃ, വി
രേചനൈഃ പക്വാശയഗതാനി. വ്രണദോഷാശ്രയഗതാനി പ്രക്ഷാ

ല്യം, സ്വതെതന്നെ ഉണ്ടാകുന്നവയായ കണ്ണുനിര്, മൂക്കുൽ, തേട്ടൽ, ചുമ, മൂത്രം, മലം, അധോവായു എന്നിവയുടെ പ്രവൃത്തിനിമിത്തം പു റത്തു വിണുപോകുന്നതാണ്. ശല്യം മാംസത്തിനുള്ളിൽ ചെന്നു താ ച്ചു വേദനയും മാറാവുണ്ടാക്കിക്കൊണ്ടിരിക്കുന്ന എങ്കിൽ ആ പ്രദേശ ത്തെ (ക്ഷാരംകൊണ്ടോമറോ) പഴുപ്പിക്കണം. പഴുക്കുമ്പോൾ ശല്യ ത്തിനു മാംസത്തിലുണ്ടായിരുന്ന പിടുത്തം വിടും. ചലവും ചോരയും അതിവേഗത്തിൽ പുറത്തുവരുമ്പോൾ അതോടുകൂടി ശല്യം വീഴുകയും ചെയ്യും. പഴുപ്പുനിമിത്തം സ്ഥാനത്തിനു ഊപ്പില്ലാതാകയാൽ ശല്യം അതിന്റെ ഘനംകൊണ്ടുതന്നെ പുറത്തു വീഴാനിടയുണ്ട്. ശല്യസ്ഥാ നം നല്ലവണ്ണം പഴുത്താലും താനെതന്നെ പൊട്ടിട്ടില്ലാത്തപക്ഷം ഭേദ നമോ ദാരണമോ ചെയ്യേണ്ടതാണ്. പിന്നെയും അതിനകത്തുള്ള ശല്യം പുറത്തു വരുന്നില്ലെങ്കിൽ പിച്ചുന്നതിനുള്ള യന്ത്രം കൊണ്ടോ കൈകൊണ്ടോ ആ വ്രണത്തെ പിച്ചിക്കളയണം. കണ്ണു മുതലായ ഇന്ദ്രിയങ്ങളിൽ വല്ല ചെറിയ പൊടിയോ മറോറാ പെട്ടാൽ ആ ശല്യ ങ്ങളെ തണുത്തവെള്ളം കൊണ്ടോഴിഞ്ഞു കഴുകീട്ടോ *ഊതി കാറ്റേല്പി ച്ചിട്ടോ തലനാര കടത്തിട്ടോ വസ്ത്രം കൊണ്ടോ കൈകൊണ്ടു തു ടച്ചിട്ടോ പുറത്തെടുത്തുകളയാം.

ആഹാരം കഴിക്കുന്ന വസ്തുക്കളുടെ വല്ല അവശിഷ്ടങ്ങളോ കഫ

---

* 'ആദ്ധ്മാപന'മെന്ന മൂലം. വായു അടക്കിനിറുത്തി വയറു നിറച്ചു വീർപ്പിക്കു ന്നതാണിതിനർത്ഥമെന്നും, ചെവിയിൽ ഊതുമ്പോൾ മുതലായതു പെട്ടാൽ അവിടെയും ഈ ഉപായം പ്രയോഗിക്കണമെന്നും ഓർമ്മിപ്പിക്കുന്നു.

ളനെ. വാതമൂത്രപുരീഷഗർഭസംഗേഷു പ്രവാഹണമുക്തമ്. മാരു തോദകസവിഷരുധിര ദുഷ്ടസൂന്യേഷ്വാചൂഷണമാസ്യേന വിഷാ ണെവ്വാ. അനുലോമമനവബദ്ധമകണ്ണ്മനല്പവ്രണൊദ്ധതമയസ്ക്കാന്തേ

മൊ ശല്യത്തിന്റെ ചെറിയ കഷണം വല്ലതും മുറിഞ്ഞതൊ മറെറാ * തൊണ്ടയിൽ തടഞ്ഞുകിടക്കുകയൊ നാസികയിൽ കേറുകയൊ മറെറാ ചെയ്യുന്നതായാൽ ആ ശല്യങ്ങളെ പുറത്തു കളയുന്നതിനു ശീഘ്രമായി ശ്വാസം വിടുകയും മൂക്കിനുള്ളിൽകൂടി വായുപുറപ്പെടത്തക്കവണ്ണം ചു മ്മുകയും മൂക്കിനുള്ളിലേക്ക് ഊതുകയും (നസ്യം) ചെയ്തു പുറത്തു കള യാം. അന്നം ആമാശയദ്വാരത്തിൽ ചെന്നു തടഞ്ഞു ദഹിക്കാതെ ശല്യമായിത്തീന്നാൽ അതിനെ ഛർദ്ദിപ്പിച്ചിട്ടൊ തൊണ്ടയിൽ വിരലി ട്ടുള്ളകിട്ടൊ പുറത്തുകളയണം. പക്വാശയത്തിൽ കടന്നുകിടക്കുന്ന ശ ല്യങ്ങളെ വിരേചനംകൊണ്ടു പുറത്തു കളയണം. വ്രണങ്ങൾക്കുള്ളിൽ ദൃ ഷ്ടിച്ചുകിടക്കുന്ന ചലത്തോടു ചേർന്നും വ്രണത്തിന്നകത്തും കിടക്കുന്ന ശ ല്യത്തെ വ്രണംകഴുകീട്ടു കളയണം. അധോവായു, മൂത്രം, മലം, ഗർഭം ഇവ തടഞ്ഞുനിന്നാൽ അവയെ മുക്കൽ (പ്രവാഹണം)കൊണ്ടു പുറത്തേക്കു കളയാം. വായുവിനെയൊ വെള്ളത്തെയൊ വിഷദോഷമുള്ള രക്തത്തെ യൊ ദൃഷ്ടിച്ചിട്ടുള്ള മുലപ്പാലിനേയൊ പുറത്തെക്കു കളയുന്നതിനു വാ യകൊണ്ടു ഉറുഞ്ചി വലിക്കയൊ കൊമ്പുവെച്ചു കീവലിച്ചെടുക്കയൊ ചെയ്യേണ്ടതാണു്. വളവുകൂടാതെയും (‡അനുലോമം) ഇളക്കാൻ പ്ര യാസമുള്ളവിധം ഒറച്ചുകിടക്കാതെയും കണ്ണു(പൂണ്ടൽപോലെ തലക്കൽ മേൽപ്പെട്ടു നിൽക്കീട്ടുള്ള ആരു)മില്ലാതെയും ശല്യവ്രണത്തിന്റെ ദ്വാ രം വിസ്താരത്തോടുകൂടിയും തറച്ചിരിക്കുന്ന ശല്യത്തെ അയസ്കാന്തംകൊ ണ്ടു് ആകർഷിച്ചെടുക്കാവുന്നതാണു്. പലവിധം കാരണങ്ങളാൽ മന

---

* "ആഹാരശേഷം, ശ്ലേഷ്മഹീനമായ (കഫം പിരണ്ടിരിക്കാത്ത) അണുശ ല്യം, എന്നിവ" എന്നു "ആഹാരശേഷശ്ലേഷ്മഹീനാണുശല്യാനി" എന്ന മൂലത്തിനു ത്ഥം ഭാഷ്യത്തിലുണ്ടു്. കഫം പിരണ്ടിട്ടുള്ള അണുശല്യങ്ങളും ആ വക ഉപായങ്ങളാൽ പുറത്തു വരികയില്ലെന്നാണു് അദ്ദേഹത്തിന്റെ അഭിപ്രായം.

$ കഴുകിച്ചെടുക്കുന്നതും വിരോധമില്ലെന്നു സൂചിപ്പിച്ചിരിക്കുന്നു.

‡ രോഗത്തിനെതിരായിട്ടല്ലാതെ താഴ്ത്തികിടക്കുന്നതാണു പക്ഷം.

ന. ഹ്യുവസ്ഥിതമനേകകാരണോൽപന്നം ശോകശല്യം ഹർഷേ
ണേതി. 3

സർവ്വശല്യാനാന്തു മഹതാമണുനാം വാ ദ്വാവേവാഹരണഹേതു
ഭവതഃ പ്രതിലോമോനുലോമശ്ച. തത്ര പ്രതിലോമമവ്വാചീനമാനയേ

സ്സിൽ ഒരു ശല്യംപോലെ കിടക്കുന്നതായ ദുഃഖത്തെ സന്തോഷിപ്പിച്ചു
പുറത്തുകളയാം. 3

ചെറുതൊ വലുതൊ ആയ ഏതു തരം ശല്യങ്ങളേയും പുറത്തെ
ടുക്കുന്ന സമ്പ്രദായത്തെ പ്രതിലോമമെന്നും അനുലോമമെന്നും രണ്ടുപ്ര
കാരത്തിൽ പറയാം. അതിൽ ശല്യം തറച്ചിട്ടുള്ളതു് ഏതു വഴിക്കോ
ആ വഴിക്കുതന്നെ ഇങ്ങോട്ടു പിന്നോക്കം വലിച്ചെടുക്കുന്നതു പ്രതിലോ
മവും അതിനെതിരായി അങ്ങോട്ടു് ഊരി വലിച്ചെടുക്കുന്നതു് അനു
ലോമവുമാകുന്നു.

ശല്യം തറച്ച സ്ഥലത്തു നിന്നെ അടിയിലേക്കു പോകാതെ (*അ
വ്വാചീനമായി) കിടക്കുന്നുവെങ്കിൽ അതിനെ പ്രതിലോമമായി (പി
ന്നോക്കംതന്നെ) വലിച്ചെടുക്കുകയാണു് നല്ലതു്. നേരേ മറിച്ചു് ശല്യം
നിന്നെ അടിയിലേക്കു് ചെന്നു തറച്ച മറുഭാഗത്തു തല പുറപ്പെട്ടു കിട

---

* 'ഉത്തുണ്ഡിത'മെന്ന പദത്തിനു ശല്യം തറച്ചു പിന്നുറത്തു തല പുറപ്പെട്ടു തൂറി
ച്ചു നില്ക്കുന്നതു് എന്നും 'ഛേദനീയമുഖ'മെന്നതിനു ശല്യത്തിന്റെ തല തുറിച്ചുകാണുന്ന
പ്രദേശം മുറിക്കാൻ പാടില്ലാത്ത മർമ്മസ്ഥലമൊന്നുമല്ലാതിരിക്കുന്നതു് എന്നും ചിലർ
ന്ഥം പറയുന്നു. അപ്പോൾ "ശല്യത്തിന്റെ തല പിന്നുറത്തു പിടിക്കാൻ കിട്ടാത്ത വി
ധം മാത്രമേ പുറപ്പെട്ടു നില്ക്കുന്നുള്ളു എന്നു വരുന്നപക്ഷം അതു ഭാഗത്തുതു് തൂറിച്ചുനിൽ
ക്കുന്ന മാംസത്തെ മുറിച്ചു കളയുന്നതുകൊണ്ടു് ദോഷമൊന്നും വരികയില്ലെന്നു കണ്ടാൽ
അതിനെ മുറിച്ചു് ശല്യം പിടിച്ചിളക്കി പറിക്കണ"മെന്നു താല്പര്യം വരുന്നു. ഈ
പക്ഷം ഉത്തരഗ്രന്ഥത്തിനു യോജിച്ചിരിക്കുമെന്നു തോന്നുന്നില്ല. വേറെ ചിലർ വ
ലിച്ചെടുക്കുന്ന സമയത്തു ശല്യത്തിന്റെ അഗ്രഭാഗമാണു് മുറിച്ചുകളയേണ്ടതെന്നും പറ
യുന്നു. അനുലോമമായി വലിച്ചെടുക്കുമ്പോൾ മുരട്ടിന്റെ നീളമുള്ള ഭാഗത്തെ ഉള്ളിൽ
കൂടി വലിച്ചെടുക്കുമ്പോൾ അധികം ഉപദ്രവം ഉണ്ടാകുമെന്നുള്ള ഭയംകൊണ്ടു് മുരട്ടിന്റെ
നീളം മുറിച്ചുകളയുന്നതു നല്ലതായിരിക്കുമെന്നല്ലാതെ അഗ്രഭാഗച്ഛേദനംകൊണ്ടു് ഫല
മെന്തെന്നു് മനസ്സിലാകുന്നില്ല. അഗ്രഭാഗം പിന്നുറത്തു് പുറപ്പെട്ടുകാണുകയും അവ
ടെ അതുകൊണ്ടു നിന്നിയതായിക്കാണുകയും ചെയ്താൽ ആ അഗ്രം മുറിച്ചുകളഞ്ഞു് പിന്നോ
ക്കംതന്നെ വലിച്ചെടുക്കണമെന്നാണു് ഈ ഭാഗങ്ങിനത്തിനമെന്നു വേറെ ചിലർ വിചാ
രിക്കുന്നു. ഈ പക്ഷം ഒരുവിധം യുക്തിഗോചരമായിരിക്കുന്നു.

ഒന്നലോമം പരാചീനമ്. ഉത്തുണ്ഡിതം ഛിത്വാ നിഷ്പ്രതിയേച്ഛേദനീയമുഖമ്. ഛേദനീയമുഖാന്യപി കക്ഷിവക്ഷഃകക്ഷാവണ്ണപാർശ്വുകാന്തരപരിതാനി ച ഹസ്തശക്യം യഥാമാർഗ്ഗം ഹസ്തേനൈവാപഹർത്തും പ്രയതേത. ഹസ്തേനാപഹർത്തുമശക്യം വിമൃശ്യ ശസ്ത്രേണ വാ യന്ത്രേണൈവാപഹരേൽ. 4

ഭവതി ചാത്ര—(പ).

ശീതളേന ജലേനൈനം മൂച്ഛന്തമവസേചയേൽ

ക്കുന്നുവെങ്കിൽ അതിനെ താഴ്ച്ച വഴിക്കു പിന്നോക്കം തന്നെ വലിക്കാതെ നേരെ മറ്റൊരുവഴിക്കല്ലാതെ (അനുലോമമായി) വലിച്ചെടുക്കണം. ശല്യം ഉത്തുണ്ഡിത (അഗ്രഭാഗത്ത് ആങ്കുകൾ നിൽക്കുന്നതായി ഉണ്ടാക്കിയത്) മായിരിക്കുന്നതാണെങ്കിൽ അതിന്റെ മുഖപ്രദേശം മൂടിയുള്ളതും പിന്നോക്കം വലിക്കുമ്പോൾ അധികം സ്ഥലത്തു മുറിപ്പെട്ടുപോകാൻ സംഗതിയുള്ളതുമാകകൊണ്ട് ആ ശല്യത്തെ അനുലോമമായിത്തന്നെ ഇളക്കി വലിച്ചെടുക്കണം. വലിക്കുമ്പോൾ ആ ശല്യത്തിന്റെ പിന്തല (അധികം നീളത്തിൽ പുറത്തു കാണുന്നുണ്ടെങ്കിൽ) മുറിച്ചുകളകയും വേണം.

വയറ്, നെഞ്ഞ്, കക്ഷങ്ങൾ, ഒടി, വൃഷണങ്ങൾ എന്നീ പ്രദേശങ്ങളിൽ മേൽപ്രകാരം ശല്യം തറച്ചുകിടക്കുന്നുവെങ്കിൽ അതിന്റെ മുഖം മുമ്പാഞ്ഞ പ്രകാരം ആങ്കുകളുള്ളതായാൽകൂടി അനുലോമമായി പറിച്ചെടുക്കരുത്. ആ ശല്യത്തെ കൈകൊണ്ടുതന്നെ സാധിക്കുമെങ്കിൽ പ്രതിലോമമായിട്ടിങ്ങോട്ടുതന്നെ വലിച്ചെടുക്കാനാണ് ശ്രമിക്കേണ്ടതു്. കൈകൊണ്ടെടുക്കാൻ തരമില്ലാത്ത ശല്യത്തെ ശസ്ത്രംകൊണ്ടോ യന്ത്രംകൊണ്ടോ വേണ്ടപോലെ ആലോചിച്ചെടുത്തുകൊള്ളണം. 4

"ശല്യം പറിച്ചെടുക്കുന്ന സമയത്തു് രോഗി മോഹാലസ്യപ്പെട്ടാൽ മുഖത്തു തണുത്ത വെള്ളംകൊണ്ടു് എറിയണം. അവനു മൂർച്ച

---

* ശരീരത്തിന്റെ പുറംഭാഗത്തിൽ തറച്ചശല്യത്തിനും അധികം അടിയിൽ ചെന്നിട്ടില്ലാത്ത ശല്യത്തിനും "അവ്യാധീ"യെന്നു പേരാകുന്നു. ശരീരത്തിന്റെ അകത്താളുത്തിൽ തറച്ചതും അധികം ഉള്ളിലേക്കു പ്രവേശിച്ചിട്ടുള്ളതും "പരാച്ചീനശല്യ"മാകുന്നു.

സംരക്ഷേദസ്യ മർമ്മാണി മുഹുരാശ്വാസയേച്ച തം. 5

തതഃ ശല്യമുദ്ധൃത്യ നിർല്ലോഹിതം വ്രണം കൃത്വാ സേചനോഷ്ണമഗ്നി ഘൃതപ്രഭൃതിഭിഃ സംസേദ്യാവഗാഹ്യ പ്രതിഹ്യ സപ്പിർമ്മധുഭ്യാം ബദ്ധ്വാ ചാരികമുപദിശേൽ. 6

സിരാസ്നായുവിലഗ്നം ശലാകാദിഭിരുദ്ധൃത്യാപനയേൽ. ശയഥു ഗ്രസ്യവാരംഗം സമവപീഡ്യ ശയഥും ഉർദ്ധ്വലവാരംഗം കുശാദിഭിർബ്ബദ്ധ്വാ ഹൃദയമഭിതോ വർത്തമാനം ശല്യം ശീതജലാദിഭിരുദേജിതസ്യാ

ങ്ങളിൽ തട്ടിയിളകി ഉപദ്രവം വരാതിരിപ്പാൻ വേണ്ടുന്നതു ചെയ്യണം. നല്ല വാക്കു പറഞ്ഞും നല്ല പാൽ മുതലായ ആഹാരങ്ങൾ കൊടുത്തും അവനെ ഇടയ്ക്കിടക്കു് ആശ്വസിപ്പിക്കയും വേണം". 5

ഇങ്ങിനെ ശല്യത്തെ എടുത്തു കളഞ്ഞതിനു ശേഷം വ്രണത്തിൽ നിന്നു വരുന്ന ചോര മുഴുവൻ കളയണം. വ്രണം വിയർപ്പിക്കാവുന്ന ജാതിയാണെങ്കിൽ വ്രണസ്ഥലത്തെ ചൂട പിടിപ്പിച്ചിട്ടോ നെയ്യുരുക്കി ഒഴിച്ചിട്ടോ മറോ വിയർപ്പിക്കയും പിന്നെ പൊള്ളിക്കയും ചെയ്യുതിനു ശേഷം വ്രണത്തിൽ നെയ്യും തേനും കൂട്ടി ലേപനം ചെയ്യു വിധിപ്രകാരം കെട്ടുകയും പഥ്യക്രമങ്ങളെ ഉപദേശിച്ചിരുത്തുകയും വേണം. 6

സിരകളിലോ സ്നായുക്കളിലോ കിടക്കുന്ന ശല്യത്തെ ശലാക മുതലായ യന്ത്രങ്ങളെക്കൊണ്ടു വേർപെടുത്തിയെടുക്കണം. അമ്പിന്റെ പിടി വീക്കത്തിനുള്ളിൽ പെടത്തക്കവണ്ണം വീങ്ങിക്കാണുന്ന ഭിക്കിൽ ആ വീക്കത്തിൽ കമ്പുകൊണ്ടമർത്തി വലിച്ചെടുക്കണം. ആ പിടി (വാരംഗം, Handel) ബലമില്ലാത്തതാണെന്നു കണ്ടാൽ അതിന്മേൽ കുരുപ്പുല്ലുകൊണ്ടോ മറോ മൂടിക്കെട്ടി വലിച്ചെടുക്കാം. ഹൃദയത്തിന്റെ സമീപപ്രദേശത്തു താഴ്ചയിട്ടുള്ള ശല്യത്തെ അതു താഴ്ച വഴിക്കു പിന്നോക്കം (പ്രതിലോമം) തന്നെ വലിച്ചെടുക്കണം. ആ സമയത്തു രോഗിയുടെ മുഖത്തു തണുത്ത വെള്ളം തളിയുകയും മറും ചെയ്തു ഹൃദയത്തിനു് ഉദ്വേഗം (ഒരു ജാതി മനസ്സിന്റെ സങ്കോചം) ഉണ്ടാക്കി മോഹാലസ്യം വരാതാക്കിത്തീർക്കുകയും വേണം. ഹൃദയത്തിൽനിന്നു ദൂരമായ സ്ഥലത്തായാലും ശല്യം വലിച്ചെടുക്കാൻ സാധിക്കാതെ വരി

പാഹരേദ്യഥാമാഗ്രം. ദുരുപഹർമന്യതോപി ബാധ്യമാനം പാടയിത്വോ
ദ്ധരേൽ. അസ്ഥിവിവരപ്രവിഷ്ടമസ്ഥിവിഷ്ടം വാവഗൃഹ്യ പാദാഭ്യാം
യന്ത്രേണാപഹരേൽ. അശക്യമേവം വാ സ്യാൽ സുപരിഗൃഹീ
തസ്യ യന്ത്രേണ ഗ്രാഹയിത്വാ ശല്യവാരംഗം പ്രവിഭോജ്യ ധനുർഗ്ഗുണൈ
ർജ്യാതലകതശ്ചാസ്യ പഞ്ചാംഗ്യാമുപസംയതസ്യാനുശാസ്യ വക്ത്രകവി
കേ വാ ബദ്ധ്വീയാദനുഗുണം കശയാ താഡയേദ്യഥോന്നമയൻ ശിരോ
വേഗേന ശല്യമുദ്ധരതി. ദൃഢാം വാ വൃക്ഷശാഖാമവനമ്യ തസ്യാം പൂ
വ്വവദ് ബദ്ധ്വോദ്ധരേൽ. 7

കയും അതവിടെ കിടന്നുപദ്രവങ്ങളുണ്ടാക്കയും ചെയ്യുന്നുവെങ്കിൽ ആ
സ്ഥലത്തെ കീറിപ്പൊളിച്ചും ശല്യത്തെ പുറത്തെടുത്തു കളയേണ്ടതാണ്.
അസ്ഥിയുടെ ഭാരത്തിലോ അസ്ഥിയിലോ ശല്യം പ്രവേശിച്ചു കിടക്കു
ന്നു എങ്കിൽ ആ അസ്ഥിയെ, രണ്ടു കാലുകൊണ്ടും രോഗിയെ അമത്തു
പിടിച്ചു ശല്യത്തെ യന്ത്രംകൊണ്ടു പിടിച്ചു വലിക്കണം. അങ്ങിനെ വ
ലിച്ചെടുക്കാൻ സൌകര്യമില്ലാത്തേടത്തു് ബലമുള്ള ആളുകളെക്കൊണ്ടു
രോഗിയെ പിടിപ്പിച്ചിട്ടു് ആ ശല്യത്തിന്റെ പിടിയെ കൊല്ലനെ വ
രുത്തി, യന്ത്രംകൊണ്ടു കൊക്കിപോലെ വളപ്പിച്ചു് അതിൽ ഒരു ഞാ
ണിന്റെ തല മുറുക്കിക്കെട്ടി ആ ഞാണിന്റെ മറേത്തലയെ *പ
ഞ്ചാംഗി (അഞ്ചംഗങ്ങളും കെട്ടി ഉറപ്പിച്ചു നിൽക്കുന്ന സമ്പ്രദായം) ബ
ന്ധനംകൊണ്ടുറപ്പിച്ചുനിൽക്കുന്ന കുതിരയുടെ കടിവാളിന്റെ രണ്ടു ഭാഗ
ത്തുമുള്ള വട്ടക്കണ്ണികളിൽ കോർത്തു കെട്ടി ആ കുതിരയെ ചമ്മട്ടികൊണ്ടു
ടിച്ചാൽ കുതിര പൊടുന്നനെ തല പൊന്തിക്കുമ്പോൾ ആ വേഗത്തിൽ
ശല്യം മേൽപ്പോട്ടു പറിഞ്ഞുവരും. അതുമല്ലെങ്കിൽ മുമ്പാഞ്ഞപ്രകാ
രം വളച്ചിട്ടുള്ള അമ്പിന്റെ മുരട്ടിൽ കെട്ടിയതായ ഞാണിന്റെ തല
യെ ഒരു ബലമുള്ള മരക്കൊമ്പു താഴ്ത്തിപ്പിടിച്ചു് അതിൽ കെട്ടണം. രോ
ഗിയെ വേറെ ആളുകൾ പിടിച്ചുനിർത്തി ആ മരക്കൊമ്പിനെ പൊടുന്ന
നെ വിട്ടാൽ ആ വേഗത്തിൽ ശല്യം പറിഞ്ഞുവരുന്നതാണ്. 7

---

* 'പഞ്ചാംഗി' പദത്തെ രോഗിയുടെ വിശേഷണമെന്നും അതിനു നല്ല പത്രപു
ഷ്ടിലക്ഷണങ്ങളുള്ള വൃക്ഷമെന്നർത്ഥമാണെന്നും ചിലർ പറയുന്നു. ആ പക്ഷത്തിൽ ശല്യമു
ള്ളവനെ വൃക്ഷത്തിൽ കെട്ടിനിർത്തി കുതിരയെക്കൊണ്ടു വലിപ്പിക്കണമെന്നാണു് സാരം.

അദ്ദേശോത്ഖണ്ഡിതമപ്യില്വാശ്മജം വാനാഹനനതമസ്യ പ്രഹാരേ ണ വിചാല്യ യഥാമാർഗ്ഗമേവ. യന്ത്രേണ പ്രപീഡിതകർണ്ണാനി കർണ്ണവന്ത്യ നാബാധകരദേശോത്ഖണ്ഡിതാനി പുരസ്താദേവ. ജാതൂഷേ കണ്ഡൂസ ക്തേ കണ്ഡൂനാഡീം പ്രവേശ്യാഗിതപ്പാഞ്ച ശലാകാം തഥാവഗൃഹ്യ ശീ താഭിരദ്ഭിഃ പരിഷിച്യ സ്ഥിരീഭൂതമുദ്ധരേൽ. അജാതൂഷം ജതുമധൂച്ഛി ഷ്ടലിപ്തയാ ശലാകയാ പൂർവ്വകല്പേനേത്യേകേ. 8

ഛേദനംചെയ്യാൻ പാടില്ലാത്ത പ്രദേശത്തുള്ള അസ്ഥിയിലൊ മ റൊ ശല്യം വളരെ ആഴത്തിൽ താച്ചു പിൻപുറത്തു തുറിച്ചുനിൽക്കു ന്നതായ ഉത്ഖണ്ഡിതശല്യത്തെ അമ്മിക്കുഴവി (അങ്ങിലം)കൊണ്ടൊ കു ല്ലുകൊണ്ടൊ ഇരിമ്പുവടികൊണ്ടൊ അങ്ങോട്ടുമിങ്ങോട്ടും തല്ലിയിളക്കി പിന്നോക്കംതന്നെ (പ്രതിലോമം) വലിച്ചെടുക്കണം. അങ്ങിനെ ശ ല്യം താച്ചുകിടക്കുന്നതുകൊണ്ടു ദോഷമൊന്നുമു ണ്ടാകാത്ത പ്രദേശങ്ങളിലാണെങ്കിലും ആ ശല്യത്തിന്റെ തലക്കൽ കു ണ്ണമുള്ളതായിരുന്നാൽ ആ കുണ്ണത്തെ യന്ത്രംകൊണ്ട് ഒടിച്ചുകളഞ്ഞിട്ട് മേൽപ്രകാരം പ്രതിലോമമായിത്തന്നെ വലിച്ചെടുക്കുന്നതാണ് നല്ലതു്.

*അരക്കിന്റെ കഷ്ണം തൊണ്ടയിൽ പെട്ടുകിടന്നാൽ ചെമ്പു കൊണ്ടൊ മറ്റൊ ഉണ്ടാക്കിയ കുഴലിനെ തൊണ്ടയിൽ കടത്തണം. ആ കുഴലിനുള്ളിൽക്കൂടി, പഴുപ്പിച്ചിട്ടുള്ള ഒരു ശലാകയേയും (ഇരിമ്പു കോലിനെ) കടത്തണം. അപ്പോൾ ഈ ശലാകയുടെ സ്പർശനമിത്രം അരക്കുരുകി ശലാകയുടെ പുറം കൂടും. പിന്നെ ആ കുഴലിൽക്കൂടിത്ത ന്നെ കുറെ പച്ചവെള്ളം ഒഴിച്ചാൽ അരക്കു കട്ടപ്പിടിക്കും. അപ്പോൾ ശലാകയെ വലിച്ചാൽ അരക്കുംകൂടെ വരുന്നതാണ്. മേൽപ്രകാരമുള്ള ശലാകയുടെ തലയെ ഉരുക്കിയ അരക്കിലൊ മെഴുകിലൊ മുക്കി കുഴലി നുള്ളിൽക്കൂടി കടത്തി തൊണ്ടയിൽ പെട്ടുകിടക്കുന്ന അരക്കല്ലുത്ത മ റ്റു പദാർത്ഥങ്ങളെയും വലിച്ചെടുക്കാമെന്നു ചിലർ †അഭിപ്രായപ്പെ ടുന്നു. 8

---

* കുട്ടികൾ അരക്കുകൊണ്ടുണ്ടാക്കിയ സാധനങ്ങളെ കളിക്കുന്നുപയോഗിക്കുക പതിവാണ്. അവയെയെങ്കിലും അറിയാതെ വിഴുങ്ങുകയാൽ തൊണ്ടയിൽ പെട്ടുപോ കുന്നതാണല്ലൊ.

† ഉരുകിയ അരക്കു മൂലായത്തിൽ ആ ശല്യം ഒട്ടി ഒരുമ്പോൽവലിച്ചെടുക്കാമെന്നു സൂചന.

അസ്ഥിശല്യമന്യദ്വാ തിയ്യക്കണ്ണാസകൃതമവേക്ഷ്യ കേശോണ്ഡുകം ദ്വയൈകസൂത്രബദ്ധം ദ്രവഭക്തോപഹിതം പായയേദ്ദാകണ്ണാച്ച പൂ ണ്ണകോഷ്ഠം വാമയേദ്വമതശ്ച ശല്യൈകദേശസക്തം ജ്ഞാത്വാ സൂത്രം സഹസാ ത്വാക്ഷിപേൽ. മൃദുനാ വാദന്തധാവന ക്ഷുഭ്കേനാപഹരേൽ പ്രണദേദ്വാന്തർ. ക്ഷുതകണ്ണായ ച മധുസർപ്പിഷീ ലോധ്രം പ്രയച്ഛേൽ ത്രിഫലാചൂർണ്ണം വാ മധുശർക്കരാമിശ്രമ്. ഉദകപൂർണ്ണോദരമവാകശിര സമവപീഡയേൽ ധുനിയാദ്വാമയേദ്വാ ഭസ്മരാശൌ വാ നിഖനേദ്വാ മുഖാൽ. ഗ്രാസശല്യേ തു കണ്ഠാസകേ നിശങ്കമനുവമ്യമുദ്വം സ്കന്ധേ

അസ്ഥിക്ഷണം (മത്സ്യത്തിന്റെ മുള്ളോ മറ്റോ) മുതലായതു തൊണ്ടയിൽ വിലങ്ങത്തിൽ പെട്ടുപോയാൽ ഒരു തലനാരിന്റെ കെട്ടിനെ ഒപ്പുള്ള ചരടിന്റെ തലക്കൽ കെട്ടി കഞ്ഞിയെയോ മറ്റോ കുടിക്കുന്ന കൂട്ടത്തിൽ അകത്തേക്കു കടത്തി തൊണ്ടയ്ക്കുപ്പം വയറുനിറച്ചു തിനുശേഷം ഛർദ്ദിപ്പിക്കണം. ഛർദ്ദിക്കുന്ന സമയത്തു ശല്യത്തിൽ ചരടു ചുറ്റിപ്പിണഞ്ഞു എന്നു തോന്നിയാൽ പൊടുന്നനെ ആ ചരടിനെ പിടിച്ചു വലിക്കണം (അപ്പോൾ ആ ശല്യം അതോടുകൂടി വരുന്നതാണ്). പല്ലുതേക്കാനുള്ള *കോലിന്റെ തല ചതച്ചു മൃദുവാക്കി അതിനെ ഉള്ളിലിട്ടു വലിച്ചെടുക്കുകയോ അതുകൊണ്ടു ശല്യത്തെ ഉള്ളിലേക്കു തള്ളുകയോ ചെയ്യുന്നതും നന്ന്. തൊണ്ടയിൽ ശല്യംകൊണ്ടു മുറിപ്പെട്ടാൽ തേനും നെയ്യും കൂട്ടിച്ചാലിച്ചു നക്കാൻ കൊടുക്കണം. അതല്ലെങ്കിൽ ത്രിഫലപ്പൊടി സമം പഞ്ചസാരകൂട്ടി തേനിൽ കുഴച്ചു നക്കാൻ കൊടുക്കുന്നതും നല്ലതാണ്.

വെള്ളത്തിൽ മുങ്ങി വയറ്റിൽ വെള്ളം നിറഞ്ഞു ബുദ്ധിമുട്ടിപ്പോയാൽ, ആ വെള്ളം മുഴുവനും പുറത്തുകളയേണ്ടതിനു് ആ രോഗിയെ തല കീഴായി പിടിച്ചു് വയറ്റത്തു് അമർത്തുഴിയുകയും അങ്ങിനെ തുക്കിക്കൊണ്ടുതന്നെ കാലുകളിൽ പിടിച്ചു കുടയുകയും ഛർദ്ദിക്കാനുള്ള മരുന്നു കൊടുത്തിട്ടോ തൊണ്ടയിൽ കയ്യിട്ടിളക്കിട്ടോ ഛർദ്ദിപ്പിക്കയും ചാര

---

* കൊമ്പുകൊണ്ടുതന്നെയും ഒരു ശലാകയുണ്ടാക്കി അതിന്റെ ഒരഗ്രത്തു് മധ്യഭാഗം വരിയായി തറച്ചുനിൽക്കുന്ന ബ്രഷ് എന്നു പേരുള്ള ദന്തശോധനസാധനമാണു് മുഖത്തിൽ കുഴ്കപദത്താൽ പറയപ്പെട്ടതെന്നു നവീനന്മാർ വ്യാഖ്യാനിക്കുന്നു. ഇതുകൊണ്ടു് പഞ്ഞി തലക്കൽചുറ്റിയ അലകിന്റെ കോലുകൊണ്ടോ മറ്റോ അസ്ഥാനസ്ഥിതമായ ശല്യത്തെ ഇളക്കിമാറ്റുന്നതു സൂചിപ്പിച്ചിട്ടുണ്ടു്.

ഷ്ടിനാഭിഹന്യാൽ സ്നേഹം മദ്യം പാനീയം വാ പായയേൽ. ബാഹ്യ ജ്ജൂലതാപാശഗാഢ്യേ തു കണ്ഠപീഡനാദ്വാഷ്പ പ്രകുപിതഃ ശ്ലേഷ്മാണം കോപയിത്വാ സ്രോതോ നിരുണദ്ധി ലാലാസ്രാവം ഘോനാഗമനം സംജ്ഞാനാശഞ്ചോപാദയതി. തമഭ്യജ്യ സംസ്വേദ്യ ശിരോവിരേചനം തസ്മൈ തീക്ഷ്ണം ദദ്യാദ്ധൂമഞ്ച വാതഘ്നം വിധ്യേദ്വാ. 9

(പ). ശല്യാകൃതിവിശേഷാംശ്ച സ്ഥാനാന്യുപേക്ഷ്യ ബുദ്ധിമാൻ
തഥാ യന്ത്രപൃഥക്ത്വഞ്ച സമ്യക് ശല്യം സമാഹരേൽ. 10

ക്കഴിയിൽ താടിയോളം ഇറക്കി *കഴിച്ചിടുകയും ചെയ്യുന്നതു നല്ലതാകുന്നു.

ചോരകൊള്ള തൊണ്ടയിൽ തടഞ്ഞുകിടന്നാൽ ആ രോഗിയുടെ മുമ്പിൽപ്രദേശത്തിൽ അറിയാതെ പൊട്ടുന്നതെന്നു ശങ്കകൂടാതെ നല്ല ഒരു ഇടി ഇടിക്കണം. (അപ്പോൾ രോഗി തുള്ളുകയും ആ ശല്യം സ്ഥാനത്തുനിന്നിളകി മേൽപോട്ടോ കീഴ്പോട്ടോ പോകയും ചെയ്യുന്നതാണു). അവനു തൈലമോ ഘൃതമോ തീക്ഷ്ണമായ മദ്യമോ കുടിക്കാൻ കൊടുക്കുന്നതും നല്ലതാണു.

കഴുത്തിൽ വള്ളികൊണ്ടോ കയറുകൊണ്ടോ മുറുക്കികെട്ടുകവിമിത്തമായും ശത്രുവിന്റോ കൈകൊണ്ടമത്തി പിടിക്കുകവിമിത്തമായും കോപിച്ചിട്ടുള്ള വായു, കഫത്തെ കോപിപ്പിച്ചു കട്ടപ്പിടിപ്പിച്ചു തൊണ്ടയിലുള്ള മാർഗ്ഗത്തെ തടസ്ഥംചെയ്യും. അതുനിമിത്തം വായിൽനിന്നു വെള്ളവും നുരയും ഒഴുകും; മോഹാലസ്യമുണ്ടായി എന്നും വരാം. അങ്ങിനെയുള്ള രോഗിയെ എണ്ണതേപ്പിച്ചു വിയർപ്പിച്ചതിനുശേഷം തീക്ഷ്ണമായ വിരേചനനസ്യം ചെയ്യണം. വാതത്തെ ശമിപ്പിക്കുന്ന ഔഷധങ്ങൾ കൂട്ടിയുണ്ടാക്കിയ മാംസരസം സേവിപ്പിക്കയും വേണം. 9

"ബുദ്ധിമാനായ വൈദ്യൻ ശല്യങ്ങളുടെ ആകൃതിഭേദങ്ങളേയും അവ താഴ്ചകിടക്കുന്ന സ്ഥലത്തിന്റോ വ്യത്യാസങ്ങളേയും നല്ലവണ്ണം മനസ്സിലാക്കി അവയെ പരിച്ഛേദിക്കുന്നതിനു പറഞ്ഞ യന്ത്രങ്ങളേതാണെന്നും മാർഗം പ്രത്യേകം ആലോചിച്ചു വേണ്ടപോലെ പ്രവൃത്തിച്ചു ശല്യത്തെ പരിച്ഛേദിക്കേണ്ടതാണു. 10

---

* വെണ്ണീറിൽ കഴിച്ചിടുന്നതു വെള്ളംകുടിച്ചുകൊണ്ടുണ്ടായ സൂഞ്ഞത, ജാഡ്യം മുതലായ ദോഷങ്ങളെ തീർക്കാനാണു. വെള്ളംമുഴുവനും മുമ്പാഞ്ഞ കൌശലംകൊണ്ടു പുറത്തുകളഞ്ഞതിനുശേഷമാണു ഇതു ചെയ്യേണ്ടതെന്നറിയണം.

ഈ ഒരു ഖണ്ഡപ്പിൽ കാണുന്ന ശ്ലോകത്തിന്റെ മൂലം (ബഹ്വ്വ.....വിധ്യേദ്വാ) മറ്റുപുസ്തകങ്ങളിൽ കാണുന്നില്ല.

കണ്ണ്വന്തി ത്ര ശല്യാനി ദുഃഖോഹായ്യണ്ണി ന്ദനി ച
ആഭദിത ഭിഷക് തസ്മാത്താനി യുക്ത്യാ സമാഹിതഃ. 11
ഫ്ലിതെരുപാതെഷ് ശല്യന്തു നൈവ നിഷ്കാത്യതേ ക്വചി
മത്യാ നിപുണയാ വൈദ്യാ യന്ത്രൈശ്ച നിഹരേൽ. 12
ശോഫപാകൌ രുജശ്ചാഗ്രേ കൃത്സ്നാശല്യമനിഷ്കൃതം
വൈകല്യം മരണഞ്ചാപി തസ്മാദ്ബുദ്ധ്യാ നിഹരേൽ. 13
ഇതി സുശ്രുതസംഹിതായാം സൂത്രസ്ഥാനേ ശല്യാപനയനീയാ നാമ
സപ്തവിംശോധ്യായഃ.

ശല്യങ്ങളിൽ ചിലതുകൾക്ക് മുഖത്തിൽ കണ്ണുങ്ങ(വട്ടംണ്ണിക)ളുണ്ടായിരിക്കുമെല്ലാം. അവയെ പുറത്തെടുപ്പാൻ വിഷമമാണ്. പുറത്തെക്കെടുപ്പാൻ പണിയുള്ള ശല്യങ്ങൾ വേറെയും പലതുണ്ട്. അവയെ പുറത്തുകാണുന്നിൽ വൈദ്യൻ യുക്തിയോടുകൂടി സാവധാനമായി ആലോചിച്ചു പ്രവൃത്തിക്കേണ്ടതാണ്. 11

മേൽപറഞ്ഞ കൌശലങ്ങളൊക്കൊണ്ടു ശല്യത്തെ പറിച്ചെടുക്കാൻ സാധിക്കാതെ വന്നാൽ വൈദ്യൻ സ്വന്തം ബുദ്ധിസാമർത്ഥ്യത്തെ ഉപയോഗിക്കുന്നതിന്നു വിരോധമില്ല. അങ്ങിനെ സ്വബുദ്ധികൊണ്ടാലോചിച്ചും (സ്വബുദ്ധികല്പിതങ്ങളായ) യന്ത്രങ്ങളുടെ സഹായംകൊണ്ടും ശല്യത്തെ പുറത്തുകൊള്ളുണ്ടതാണ്. 12

ശല്യത്തെ പറിച്ചുകളയാതെ മോഹത്തിൽ വെച്ചുകൊണ്ടിരുന്നാൽ വീക്കവും പഴുപ്പും കഠിനമായ വേദനയും ഉണ്ടാകുന്നതാണ്. എന്നുമാത്രമല്ല, അംഗങ്ങൾക്കു വൈകല്യവും മരണവും കൂടി ഉണ്ടായി എന്നുവരും. അതുഹേതുവായിട്ട് എന്തു ചെയ്യും ശല്യത്തെ പുറത്തുപറിച്ചെടുത്തുകളയാതിരിക്കരുത്. 13

ഇങ്ങിനെ സുശ്രുതസംഹിതയിൽ സൂത്രസ്ഥാനത്തിൽ
ശല്യാപനയനീയമെന്ന ഇരുപത്തേഴാമധ്യായം
കഴിഞ്ഞു.

അഷ്ടാവിംശോധ്യായഃ.

അഥാതോ വിപരീതാവിപരീതപ്രണവിജ്ഞാനീയമധ്യായം വ്യാ
ഖ്യാസ്യാമഃ. 1

(പ). ഫലാഗ്നിജലവൃക്ഷാണാം പുഷ്പധൂമാംബുഭാ യഥാ
ഖ്യാപയന്തി ഭവിഷ്യത്തം തഥാ രിഷ്ടാനി പഞ്ചതാമ്. 2

താനി സൂക്ഷ്മൈർ പ്രമാദാദ്വാ തൈരേവാശു വ്യതിക്രമാൽ
ഗൃഹ്യന്തേ നോഭതാന്യജ്ഞൈർമൃഷ്യന്ത ഇതി സംഭവാൽ. 3

ഇരുപത്തൊന്നാമധ്യായം.

ഇനി വിപരീതാവിപരീതപ്രണവിജ്ഞാനീയമെന്ന(പ്രണങ്ങളുടെ സാധ്യാസാധ്യലക്ഷണം പറയുന്ന) അധ്യായം പറയാം:— 1

പുകയുണ്ടായിക്കണ്ടാൽ കായ ഉണ്ടാകുമെന്നു നമുക്കറിയാകൊണ്ടു ഹിക്കാം. ഇപ്രകാരംതന്നെ പുകയുണ്ടായിക്കണ്ടാൽ അഗ്നിയുണ്ട് കാർമേ ഘം കണ്ടാൽ മഴയുണ്ടാകുമെന്നു നാം *ഊഹിക്കാറുണ്ട്. അതുപോ ലെ ||രിഷ്ടലക്ഷണങ്ങളെ കണ്ടാൽ മരണമുണ്ടാകുമെന്നു നമുക്കറിയാകൊ ണ്ടൂഹിക്കാവുന്നതാണ്. മരിക്കാൻപോകുന്ന ആളുകളിൽ ആ ലക്ഷണ ങ്ങളും ചിലപ്പോൾ വളരെ സൂക്ഷ്മമായിട്ടെ ഇരിക്കയുള്ളൂ. ചിലപ്പോൾ നല്ലവണ്ണം മരണലക്ഷണമുണ്ടായാലും വൈദ്യന്ന് അതിൽ അശ്രദ്ധ ആ ലോചനയെത്തിയില്ലെന്നുവരാം. ചിലരോഗങ്ങളിൽ ആ ലക്ഷണങ്ങ ളുണ്ടായാൽ യദൃച്ഛയാ ഉടനെ കാണാതായിത്തീരും. ഈ സംഗതികളെ കൊണ്ടും വൈദ്യന്മാർ അറിവില്ലായ്മകൊണ്ടും ആ ലക്ഷണങ്ങൾ നല്ല വണ്ണമുണ്ടായാൽക്കൂടി അവയെ മനസ്സിലാക്കാനിടവരുന്നില്ല. ഇങ്ങി നെ അറിയാതെ പോകുന്നതുകൊണ്ട് ആ വക ലക്ഷണങ്ങളില്ലാതെ മ രണം സംഭവിക്കുമെന്നു വിചാരിപ്പാൻ പാടുള്ളതല്ല. 2-3

---

* ചില ശരീരലക്ഷണം കണ്ടാൽ ഗീർവ്വാണവും മരിക്കും. ചില മരണലക്ഷണങ്ങൾ സംഗതിവശാൽ ക്രമത്തിൽ കാണുകയോ കാണുകയും രോഗി മരിക്കാതിരിക്കയും ചെയ്യും. അപ്പോൾനിയതമായും അനിയതമായും അവ രണ്ടുപ്രകാരത്തിലാണെന്നു വന്നു. പുക കണ്ടാൽ അവിടെ തീച്ചയുണ്ടും അഗ്നിയുണ്ടാകുമെല്ലോ. മേഘവും വഹ്നിയും കണ്ടാൽ മഴയും, ഫലവുമുണ്ടാകുമെന്നുറപ്പായി ഊഹിച്ചുകൂടാ. ഈ തരത്തിൽ രണ്ടുജാതി മരണലക്ഷണങ്ങളെക്കാണിപ്പാനാണ് രണ്ടുവക ദൃഷ്ടാന്തം പറഞ്ഞത്.

|| ശരീരത്തിലുംമറ്റും കാണുന്നതായ മരണത്തെ സൂചിപ്പിക്കുന്നവിധ ലക്ഷണങ്ങൾ.

ധ്രുവത്തു മരണം രിഷ്ടേ ബ്രാഹ്മണൈസ്തുൽ കിലാമനലൈഃ
രസായനതഃപോജപ്യതൽപരൈർവ്വാ നിവാര്യതേ. 4
നക്ഷത്രപീഡാ ബഹുധാ യഥാ കാലാദുപചീയതേ
തഥൈവാരിഷ്ടപാകശ്ച ധ്രുവതേ ബഹുധാ ജനാഃ. 5
അസിദ്ധിമാപ്യയാല്ലോകേ പ്രതികുർവ്വൻ ഗതായുഷഃ
അതോ രിഷ്ടാനി യത്നേന ലക്ഷയേൽ കുശലോ ഭിഷക്. 6
ഗന്ധവർണ്ണരസാദീനാം വിശേഷാണാം സമാസതഃ
വൈകൃതം യത്തദാചഷ്ടേ വ്രണിനഃ പകപലക്ഷണം. 7

മേൽപറഞ്ഞപ്രകാരം രിഷ്ടലക്ഷണങ്ങളാൽ മരണമുണ്ടാകുമെന്നുള്ളതു നിശ്ചയം തന്നെ. വിദ്വാൻ മനസ്സിൽ രാഗദ്വേഷാദിദോഷമൊന്നുമില്ലാതുവരായ ബ്രാഹ്മണരുടെ അനുഗ്രഹംകൊണ്ടും ദീർഘായുസ്സിനെ ഉണ്ടാക്കുന്നവയായ രസായനങ്ങളുടെ ഉപയോഗംകൊണ്ടും തപസ്സുകൊണ്ടും ജപംകൊണ്ടും ആ രിഷ്ടലക്ഷണങ്ങൾ നിങ്ങിപ്പോകയും രോഗി മരിക്കാതിരിക്കയുംചെയ്യുമെന്ന് ശാസ്ത്രങ്ങളിൽപറയപ്പെട്ടുന്നു.()

നക്ഷത്രദോഷംനിമിത്തമുണ്ടാകുന്ന പല ഉപദ്രവങ്ങളും അനുഭവപ്പെടേണമെങ്കിൽ അതിനു ഒരു നിശ്ചിതമായ * കാലമുണ്ടെന്നു പറയുന്നതുണ്ടല്ലൊ. അതുപ്രകാരംതന്നെ രിഷ്ടലക്ഷണങ്ങൾകൊണ്ടു മരണമുണ്ടാകണമെങ്കിൽ അതിനും പല പ്രകാരത്തിൽ കാലനിർണ്ണയമുണ്ടെന്നു മഹർഷിമാർ അഭിപ്രായപ്പെടുന്നുണ്ട്. മരിക്കാൻപോകുന്ന രോഗിയെ ചികിത്സിക്കാൻ തുടങ്ങുന്നതായാൽ അതുനിമിത്തം വൈദ്യനു ദുഷ്കീർത്തികിടവരും. അതുകൊണ്ടു സമർത്ഥനായ വൈദ്യൻ വളരെ പണിപ്പെട്ടും ആ രിഷ്ടലക്ഷണങ്ങളെ കണ്ടുപിടിക്കേണ്ടതാണ്. വ്രണത്തിൽ സ്വതെ ഉള്ള ഗന്ധവും നിറവും മാറിക്കാണുക; രസം, സ്പർശം, ശബ്ദം മുതലായവയും പ്രകൃതിയിൽനിന്നു വ്യത്യാസം കാണുക; ചുരുക്കിപ്പറകയാണെങ്കിൽ ഇതാണ് വ്രണരോഗത്തിങ്കലുള്ള രിഷ്ടലക്ഷണം. 5-7

* "ഷോഡശേ യാം നവമേ സൂര്യഃ സപ്തമേ ച ശശൈനശ്ചരഃ ഏകാദശേ ഗ്രഹഃ ശുക്രോ മാസമേകം നു ജീവതി". "അശ്വിന്യാദേ ലഗ്നസംപ്രാപ്തേ ഷഷ്ഠാഷ്ടമേ നിശാകരഃ ശശൈനശ്ചരസ്യ ബാധുസ്ഥാ ദിവാരാത്രം ച മൃത്യുരുച്യതി". എന്നുമ്മറമുള്ള വചനങ്ങളിൽ ഗ്രഹങ്ങളുടെ സ്ഥിതിഭേദംനിമിത്തം സംഭവിക്കാവുന്ന മരണത്തിനു ഒരു കാലാവധി നിശ്ചയിച്ചുകാണുന്നതുമുണ്ടല്ലൊ.

കട്വമ്ലീക്ഷ്ണശ്ച വിസ്രശ്ച ഗന്ധസ്തു പവനാലിഭിഃ
ലോഹഗന്ധിസ്തു രക്തേന വ്യാമിശ്രഃ സാന്നിപാതികഃ. 8
ലാജഗന്ധസ്തൈലസമഃ കിഞ്ചിദ്വിസ്രശ്ച ഗന്ധതഃ
ജ്ഞേയഃ പ്രകൃതിഗന്ധഃ സ്യാദതോന്യദ്ദുഷ്ടജം വൈകൃതമ്. 9
മദ്യാഗവ്യാജ്യമൂത്രാണാം പദ്മചന്ദനചമ്പകൈഃ
സഗന്ധാദിവ്യഗന്ധശ്ച മൃതാനാം വ്രണാഃ സ്മൃതാഃ. 10

വ്രണത്തിൽ വാതത്തിന്റെ സംബന്ധമുണ്ടെങ്കിൽ *അപ്രിയകരമായ ഗന്ധമുണ്ടാകും. പിത്തസംബന്ധമുണ്ടെങ്കിൽ അതിലെ ഗന്ധം തീക്ഷ്ണ(വേഗത്തിൽ വ്യാപിക്കുന്നതും സഹിക്കാൻ വയ്യാത്തതും)മായിരിക്കും. കഫസംബന്ധമാണുള്ളതെങ്കിൽ ഒരു കിഴാൽനാറ്റ(ശവഗന്ധം പോലെ)മാണുണ്ടാവുക. രക്തസംബന്ധമായ വ്രണത്തിൽ †ഇരിമ്പിന്റെ ഗന്ധമുണ്ടാകും. സന്നിപാതവ്രണത്തിങ്കൽ മേൽപറഞ്ഞ എല്ലാ ലക്ഷണങ്ങളുമുള്ള ഗന്ധമുണ്ടാകും. വാതപിത്തങ്ങളും കൂടിയ വ്രണത്തിൽ മലരിന്റെ ഗന്ധവും വാതകഫങ്ങളും കൂടിയ വ്രണത്തിൽ അഗശിന്റെ എണ്ണയുടെ (Liuseed oil) ഗന്ധവും പിത്തകഫങ്ങളും കൂടിയുണ്ടായ വ്രണത്തിൽ എള്ളെണ്ണയുടെ ഗന്ധവുമുണ്ടാകും. ഈ ഗന്ധങ്ങളിലെല്ലാം ഒരു കിഴാൽ(മാംസഗന്ധം) നാറ്റം കൂടെക്കൂടെയുണ്ടായിരിക്കയും ചെയ്യും. ഈ ഗന്ധലക്ഷണങ്ങളെല്ലാം വ്രണത്തിന്റെ പ്രകൃതിസിദ്ധങ്ങളായ ഗന്ധഭേദങ്ങളെയാണ് കാണിക്കുന്നത്. ഇതിൽനിന്നു ലക്ഷണങ്ങളും വ്യത്യാസപ്പെട്ടുകാണുന്നുവെങ്കിൽ ഗന്ധത്തിന്റെ പ്രകൃതിഭേദത്തെ(വൈചിത്ര്യത്തെ)യാണ് അതുകൊണ്ടു പറയേണ്ടതു്. 8-9

മരിക്കാൻപോകുന്ന മനുഷ്യനുള്ള വ്രണങ്ങളുടെ ഗന്ധങ്ങളും മദ്യത്തിന്റേയും അകിലിന്റേയും നെയ്യിന്റേയും പിച്ചകപ്പൂവിന്റേയുംതാമരപ്പൂവിന്റേയും ചന്ദനത്തിന്റേയും ചമ്പകപ്പൂവിന്റേയും ഗന്ധങ്ങൾപോലിരിക്കും. സാധാരണമനുഷ്യന്മാരിൽ കാണാത്ത ദിവ്യമായ ഗന്ധം വ്രണത്തിങ്കലുണ്ടായാൽ അതും മരണലക്ഷണംതന്നെ. അപ്രകാരം ശ്വാവിന്റേയും കുതിരയുടേയും ഏലിയുടേയും കാക്കയുടേയും മൂട്ടയുടേ

* നനച്ചുവച്ചുള്ളാലിനകത്തുനിന്നു് പഴക്കത്തിലുണ്ടാകുന്ന അഴുകിയുടെ ഗന്ധംപോലെ മനസ്സിനുപാട്ടുപകരമായ ഗന്ധം. 'ഭോഷ്യം'.

† രക്തത്തിൽ ഇരിമ്പിന്റെ സൂക്ഷ്മാംശമുണ്ടെന്നുള്ളതു നവീനസിദ്ധാന്തമല്ല.

ശ ത്വാങ്മിശ്രിക്ഷധാക്ഷ്വേമൃതിവല്ലൂരമൽക്കരൈണൈ
സഗന്ധാഃ പങ്കഗന്ധാശ്ച ഭൂമിഗന്ധാശ്ച ഗർഹിതാഃ. 11
കൃഷ്ണാസ്ഥ യേ തനുസ്രാവാ വാതജാ മർമ്മതാപിനഃ
സപല്ലാമപി ന കുർവ്വന്തി രുജം താൻ പരിവർജ്ജയേൽ. 12
കങ്കുമധ്യാമകങ്കുഷ്ഠസവർണ്ണാഃ പിത്തകോപതഃ
ന ഛേദ്യന്തേ ന ചൂഷ്യന്തേ ഭിഷക് താൻ പരിവർജ്ജയേൽ. 13
കണ്ഡൂമന്തഃ സ്ഥിരാഃ ശ്വേതാഃ സ്നിഗ്ധാഃ കഫനിമിത്തതഃ
ദൃശ്യന്തേ ച വിഛേദ്യന്തേ ഭിഷക് താൻ പരിവർജ്ജയേൽ. 14

യും നാറിയ ഒണക്കമാംസത്തിന്റേയും ചളിമണ്ണിന്റേയും സാധാരണ മണ്ണിന്റേയും ഗന്ധം വ്രണത്തിങ്കലുണ്ടായിക്കൊണ്ടെന്നതും പിത്തലക്ഷണങ്ങളാകുന്നു. 10-11

വാതംകൊണ്ടുണ്ടായ വ്രണങ്ങൾ കറുത്തനിറത്തിലും കൊഴുപ്പില്ലാത്ത വെള്ളത്തെ ഒലിച്ചുകൊണ്ടും മർമ്മസ്ഥലത്തെ ആശ്രയിച്ചും ഇരിക്കുന്നു എങ്കിലും കുറച്ചുപോലും വേദനയില്ലാതെയിരിക്കയാണെങ്കിൽ ആ വ്രണങ്ങളെ * ഉപേക്ഷിക്കണം. 12

കുങ്കുമപ്പൂവ്, നാഗകേസർ, കുംകുമം (കുങ്കുമം) എന്നിവയുടെ വർണ്ണം പിത്തജമായ വ്രണത്തിങ്കലുണ്ടായിരിക്കുക, എന്നാൽ പിത്തലക്ഷണമായ ചൂടുനീറലും വലിച്ചിലും ഇല്ലാതിരിക്കുക, ഇങ്ങിനെയുള്ള ലക്ഷണങ്ങൾ കണ്ടാൽ വൈദ്യൻ ആ വ്രണം ചികിത്സിക്കാതെ ഉപേക്ഷിക്കണം. 13

കഫംനിമിത്തമുണ്ടായിട്ടുള്ള വ്രണങ്ങളിൽ ചൊറിച്ചിലും തൊട്ടാൽ അമുങ്ങാതിരിക്കലും വെളുത്ത നിറവും മെഴുക്കും (സ്നിഗ്ധത) ഉണ്ടായിക്കാണുന്നുണ്ടെങ്കിലും വേദനയും ചൂടുനീറലും അധികമുണ്ടെന്നു കണ്ടാൽ ആ വ്രണങ്ങളേയും വൈദ്യൻ ഉപേക്ഷിക്കണം. 14

---

* വ്രണങ്ങളുടെ രസത്തെപരീക്ഷ അത്യാൽഗ്രഹിക്കണം. വാതവ്രണത്തിൽ വച്ചപ്പം പിത്തവ്രണത്തിൽ എരുവും കഫവ്രണത്തിൽ മധുരവുമായിരിക്കും. അല്ലെ ഉപവിഷിക്കുന്നതുകൊണ്ടും മഠം ഊഹിച്ചുചിയാതെമെല്ലാം.

§ മലയിൽനിന്നെടുക്കുന്ന ഒരുതരം മണ്ണ്. ശംഖുപൊടിയാകുന്നു ചിലരും കണ്ടി
വെണ്ണയെന്നു മഠം ചിലരും ഇതിനെ പഠിച്ചുന്നുണ്ട്.

ക്ഷപ്രഥന്തി ഫുംഫുരായന്ത ജ്വലന്തീവ ച ത്വ ത്വക്
തച്ഛംസന്ധാശ്ച പവനം സശബ്ദം വിസൃജന്തി യേ
യേ ച മർമ്മസ്വസംഭ്രതാ ഭവന്ത്യത്യർത്ഥവേദനാഃ
ഭവ്യന്തേ ചാന്തരത്യർത്ഥം ഭവന്ത്യന്തശ്ച ശീതളാഃ
ശക്തിധ്വജരഥാഃ കുന്തവാജിവാരണഗോവൃഷാഃ
യേഷ്വപാപ്യവഭാസേരൻ പ്രാസാഭാകൃതയസ്ഥഥാ
ഫൂർണ്ണാവകീർണ്ണാ ഇവ യേ ഭാന്തി വാ ന ച ചൂർണ്ണിതാഃ.
പ്രാണമാംസക്ഷയശ്വാസകാസാരോചകപീഡിതാഃ
പ്രവൃദ്ധപൂയരുധിരാ വ്രണാ യേഷ്വാശ്ച മർമ്മസു

ഫിതൊരു വ്രണങ്ങളിൽ 'ഖടഖട' ഫിന്നാ ശബ്ദമോ 'ഘരഘര' ഫിന്നിങ്ങിനെ ഫിരഞ്ഞുകൊണ്ടുള്ള മറ്റു ശബ്ദമോ ഉണ്ടാകുന്നുവോ, ഫിറ്റു വ്രണങ്ങാം കുത്തിജ്വലിക്കുന്നാപോലിരിക്കുന്നുവോ, ഫിറ്റു വ്രണങ്ങാം തൊക്കിനേയും മാംസത്തേയും ആശ്രയിച്ചിരിക്കുന്നവയായാലും ശബ്ദത്തോടുകൂടിയ വായു പുറത്തേക്കു പുറപ്പെടുന്നവയായിരിക്കുന്നുവോ, ഫിറ്റു വ്രണങ്ങാം മർമ്മത്തിലുണ്ടായവയെങ്കിലും അതികഠിനമായ വേദനയോടുകൂടിയിരിക്കുന്നുവോ, ഫിറ്റു വ്രണങ്ങാം പുറമെ തൊട്ടുനോാം തണുത്തും ഉള്ളിൽ അതിയായ ചൂടോടുകൂടിയും ഇരിക്കുന്നുവോ, ഫിറ്റു വ്രണങ്ങാം പുറത്തു ചൂടും ഉള്ളിൽ തണുപ്പുമുള്ളവയായിരിക്കുന്നുവോ, ഫിറ്റു വ്രണങ്ങളിൽ വേൽ (ശക്തി), കൊടിമരം, തേങ്ങ്, കുന്തം, കുതിര, ആന, പശു, കാള, മാളിക ഫിന്നിവയുടെ ആകൃതിപോലുള്ള ആകൃതി കാണപ്പെടുന്നുവോ, ഫിറ്റു വ്രണങ്ങളിൽ പൊടി വിതറീട്ടില്ലെങ്കിലും വിതറീട്ടുള്ളപോലെ തോന്നുന്നുവോ, ആ വക വ്രണങ്ങളൊന്നും ചികിത്സിക്കാൻ പാടുള്ളവയല്ല.

ബലമില്ലാതിരിക്കുക, മാംസം ക്ഷയിച്ചിരിക്കുക, വിളർച്ച, ചുമ, അരോചകം ഫിന്നി ഉപദ്രവങ്ങളോടുകൂടിയിരിക്കുക, ഇങ്ങിനെയുള്ള രോഗിക്കുണ്ടായ വ്രണങ്ങളും അത്യധികം ചോരയും ചലവും ഒലിക്കുന്നതും മർമ്മസ്ഥാനങ്ങളിലുണ്ടായതുമായ വ്രണങ്ങളും ചികിത്സിക്കാതെ ഉപേക്ഷിക്കേണ്ടവയാകുന്നു. ഇപ്രകാരംതന്നെ, ശാസ്ത്രക്രമപ്രകാരം വേണ്ടപോലെ ചികിത്സകൾ ചെയ്തിട്ടും ഭേദംവരാത്ത വ്രണങ്ങളും ഉപേക്ഷിക്കത്തക്കവയത്രെ. മേൽപറഞ്ഞ ലക്ഷണങ്ങളുള്ള വ്രണങ്ങളെ ചികി

ക്രിയാഭിഃ സമ്യഗാരബ്ധാ ന സിദ്ധ്യന്തി ച യേ വ്രണാഃ
ചികിത്സേത്താൻ ഭിഷക് പ്രാജ്ഞഃ സംരക്ഷന്നാത്മനോ യശഃ. 15

ഇതി സുശ്രുതസംഹിതായാം സൂത്രസ്ഥാനേ
വിപരീതാവിപരീതവ്രണവിജ്ഞാനീയോ
നാമാഷ്ടാവിംശോഽധ്യായഃ.

ഏകനവിംശോഽധ്യായഃ.

അഥാതോ വിപരീതാവിപരീതദുഃശകുനസമ്പന്നിദർശനീയമധ്യായം വ്യാഖ്യാസ്യാമഃ. 1

(പ). ദുഃദർശനസംഭാഷാവേഷാശ്രേഷ്ഠിതമേവ ച
ജ്ഞേയം വേലാ തിഥിശ്ചൈവ നിമിത്തം ശകുനോനിലഃ.

അസികാൻ പുറപ്പെട്ടാൽ അതുനിമിത്തം ഏത്ര അറിവുള്ള വൈദ്യനും അപചയശസ്സുണ്ടാകുന്നതാണ്. അതുകൊണ്ട് ആ വക രോഗങ്ങളെ ചികിത്സിക്കാനൊരുങ്ങരുത്. 15

ഇങ്ങിനെ സുശ്രുതസംഹിതയിൽ സൂത്രസ്ഥാനത്തിൽ
വിപരീതാവിപരീതവ്രണവിജ്ഞാനീയമെന്ന
ഇരുപത്തെട്ടാമദ്ധ്യായം കഴിഞ്ഞു.

ഏകോനത്രിംശത്തമധ്യായം.

ഇനി വിപരീതാവിപരീതദുഃശകുനസമ്പന്നിദർശനീയമെന്ന അദ്ധ്യായം പറയാം:— 1

രോഗിയുടെ ആയുശ്ശക്തിയെ വൈദ്യനെ വിളിക്കാനൊ വല്ലതും ചോദിച്ചറിയാനൊ വന്ന ദൂതൻ *ആകൃതികൊണ്ടും വാക്കുകൊണ്ടും വേഷംകൊണ്ടും പ്രവൃത്തികൊണ്ടും ദൂതൻ വരുന്ന ദിവസത്തെ നാളുകൊണ്ടും നേരംകൊണ്ടും പക്ഷംകൊണ്ടും തത്സമയത്തുണ്ടാകുന്ന വിധിത്തങ്ങളെ(സപ്തദർശനം മുതലായത്)കൊണ്ടും ശകുനങ്ങളെകൊണ്ടും

---

* "ദർശന"മെന്ന മൂലത്തിനും, "യാശ്ചാന്യാഃ പ്രാഞ്ജലയഃ" ഇത്യാദി വാക്യങ്ങളാൽ ദൂതന്റെ ദർശനത്തെപ്പറ്റി ഉടൻ പറവാൻ പോകുന്നതുകൊണ്ട് "നോട്ട" മെന്നത്തിനും വിരോധമില്ലാത്തതാണെന്നു മിലത്തുടെ പക്ഷമുണ്ട്,

ദേശോ വൈദ്യസ്യ വാശേഷമനസാഞ്ച വിചേഷ്ടിതമ്
കഥയന്ത്യാതുരഗതം ശുഭം വാ യദി വാശുഭം. 2
പാഷണ്ഡാശ്രമവർണ്ണാനാം സപക്ഷാഃ കർമ്മസിദ്ധയേ
തദ്വിപരീതാഃ സ്ത്രീതാഃ കർമ്മവിപത്തയേ.
നപുംസകം സ്ത്രീ ബഹവോ ഽനൈകകാര്യാ അസൂയകാഃ

കാറാടിക്കുന്ന ലക്ഷണംകൊണ്ടും ദൂതൻ വന്ന വൈദ്യനെ കാണുമ്പോൾ വൈദ്യനിരിക്കുന്ന സ്ഥലത്തിന്റെ ലക്ഷണംകൊണ്ടും വൈദ്യന്റെ തത്സമയത്തുണ്ടായിരിക്കുന്ന മനോഗതിയുടേയും വാക്കിന്റേയും പ്രവൃത്തിയുടേയും ഭേദഗതികളെകൊണ്ടും ആ രോഗിക്കുള്ള ശുഭാശുഭങ്ങളെ തീർച്ചയാക്കാം. 2

രോഗി പാഷണ്ഡ(മതവിശ്വാസമില്ലാത്തവൻ, കാപാലികമതക്കാരും മറ്റുമെന്നും)നായിരുന്നാൽ ദൂതനും അങ്ങിനെതന്നെ ആയിരിക്കണം. രോഗി ബ്രഹ്മചാരിയാണെങ്കിൽ ദൂതൻ ബ്രഹ്മചാരിയും ഗൃഹസ്ഥനായിരുന്നാൽ ഗൃഹസ്ഥനും വാനപ്രസ്ഥനായിരുന്നാൽ വാനപ്രസ്ഥനും സന്ന്യാസിയാണെങ്കിൽ സന്ന്യാസിയും ബ്രാഹ്മണനാണെങ്കിൽ ബ്രാഹ്മണനും ക്ഷത്രിയനാണെങ്കിൽ ക്ഷത്രിയനും വൈശ്യനാണെങ്കിൽ വൈശ്യനും ശൂദ്രനാണെങ്കിൽ ശൂദ്രനും ആയി അങ്ങിനെ ഒത്തു വന്നാലെങ്കിൽ ആ രോഗം ചികിത്സിച്ചാൽ മാറുന്നതാണ്. അങ്ങിനെയല്ലാതെ വിപരീതജാതിസ്വഭാവങ്ങളുള്ള ദൂതന്മാർ വന്നാൽ ആ രോഗം മാറാൻ വിഷമം തന്നെ.

ദൂതൻ നപുംസകനായിരിക്കുക, സ്ത്രീയായിരിക്കുക, അധികം ആളുകൂടപ്പിടി ദൂതന്മാരായി വരിക (*സ്ത്രീ ബഹവഃ), വരുന്ന ദൂതന്മാർക്കു വൈദ്യനെ കൂട്ടികൊണ്ടുപോകുന്നതല്ലാതെ വേറെയും കാര്യങ്ങളുണ്ടായിരിക്കുക, ദൂതന്മാർ †അസൂയയുള്ളവരാ(ഗുണത്തിൽ ദോഷമാരോപിക്കുന്നവരാ)യിരിക്കുക, ദൂതന്മാർ കഴുതയേയോ ഒട്ടകത്തേയോ പൂട്ടിയ തേരു മുതലായ വാഹനങ്ങളിൽ കേറി വരിക, ഒരാൾ വന്നതിന്റെ

---

* "സ്ത്രീ ബഹവഃ" എന്നതിനെ സമസ്തോപദ്രവകാരിയെടുത്ത് 'വളരെ ദോഷമുള്ള ദൂതന്മാരെന്നു' ചിലർ വ്യാഖ്യാനിക്കുന്നു.

† "അസൂയകാഃ" എന്ന മൂലത്തിനു 'തമ്മിൽ തമ്മിൽ കലഹിക്കുന്നവരെന്നു' അല്പനവ്യാഖ്യാനം.

ഗർഭഃഭാഷ്ടരഥപ്രാപ്തഃ പ്രാപ്താ വാ സ്യഃ പരംപരഃ
ഔവത്യം യ ഉപസർപ്പന്തി ദൂതാസ്തേ ചാപി ഗർഹിതാഃ. 3
പാശദണ്ഡായുധധരാഃ പാണ്ഡുരതരവാസസഃ
ന്യൂനാധികാംഗാ ഉദ്വിഗ്നാ വികൃതാ രൌദ്രരൂപിണഃ
രൂക്ഷനിഷ്ഠുരവാദാശ്ചാവ്യക്താംഗല്യാഭിധായിനഃ
ഛിന്നഭിന്നസ്ഫുടാകാഷ്ഠാനി സ്പൃശന്തോ നാസികാം സുനമ്
വസ്ത്രാന്താനാമികാകേശനഖരോമദശാസ്പൃശഃ

പിന്നാലെ വേറൊരാൾ അതിന്റെ പിന്നാലെ മറ്റൊരാൾ ഇങ്ങിനെ തുടച്ചായി അധികം ദൂതന്മാർ വന്നുകൊണ്ടിരിക്കുക, ഇതൊക്കയും ചീത്ത ലക്ഷണങ്ങളാകുന്നു. 3

കയ്യിൽ കയറൊ വടിയൊ വല്ല ആയുധങ്ങളൊ പിടിച്ചുകൊണ്ടുവരിക, വെളുത്തതല്ലാത്ത വസ്ത്രം ധരിച്ചുകൊണ്ടുവരിക, ഈറൻമുണ്ടൊ കീറമുണ്ടൊ ഓറമുണ്ടൊ മുഷിഞ്ഞതമുണ്ടൊ ഉടുത്തുകൊണ്ടുവരിക, ഇടത്തുപുറം (മടിക്കുത്തു വലത്തുപുറത്താകത്തക്കവണ്ണം, അപസവ്യം) മുണ്ടുടുത്തുകൊണ്ടൊ ഉടുത്തമുണ്ടു കുറഞ്ഞൊന്നു അയഞ്ഞുകിഴിഞ്ഞുകൊണ്ടൊ (ധൃസ്തം) വരിക, ഈ ലക്ഷണങ്ങളും അശുഭങ്ങളാകുന്നു.

ദൂതന്മാരുടെ അംഗങ്ങളിലേതിനെങ്കിലും എണ്ണംകൊണ്ടു കുറവോ കൂടുതലൊ ഉണ്ടായിരിക്കുക, ദൂതന്മാർ മനസ്സിൽ ഭയമുള്ളവരൊ വികൃതരൂപ(കുഷ്ഠാദി)മുള്ളവരൊ കണ്ടാൽ ഭയം തോന്നത്തക്കവിധം ആകൃതിയോടുകൂടിയവരൊ ആയിരിക്കുക, അവർ സംസാരിക്കുന്നതു് ഒരു സ്നേഹമില്ലാത്ത മാതിരിയിലും കഠിനമായും ഇരിക്കുക, *അമംഗലമായ വല്ല വാക്കും വന്നുപായുക, വല്ല പുല്ലൊ മരക്കഷണങ്ങളൊ മുറിച്ചും കൊണ്ടുവരിക, മൂക്കു്, മുല, വസ്ത്രത്തിന്റെ തലപ്പു്, മോതിരവിരൽ, തലമുടി, നഖം, രോമം, വിളക്കിന്റെ തിരി, എന്നിവയെ തൊട്ടുകൊണ്ടിരിക്കുക, ചെവി മൂക്കു മുതലായ §ദ്വാരങ്ങളിലൊ ഹൃദയസ്ഥാ

* 'രിന്നം, കഴിഞ്ഞു, നശിച്ചു,- പോയി'- എന്നും മറ്റുമുള്ള വാക്കുകൾ അമംഗലങ്ങളാകുന്നു.

§ "സ്രോതോവരോധ"മെന്ന പദത്തിനു്, 'സ്രോതസ്സു്=കണ്ണാദിച്ഛിദ്രം. അവരോധഃ=സ്തംഭപ്രദേശം. എന്നു ഭല്ലനമിശ്രൻ വ്യാഖ്യാനിക്കുന്നു. ആ പക്ഷത്തിൽ തടകെവെക്കുന്നതും അശുഭലക്ഷണമാകുന്നു. തർജ്ജമയിൽ ഭാഷ്യമതം സ്വീകരിച്ചിരിക്കുന്നു.

സ്രോതോവരോധഹൃദ്ഗണ്ഡമൂഢപുരീഷമൂത്രനേത്രക്ഷിപാണയഃ
കപാലോപലഭസ്മാസ്ഥിമൃച്ഛാംഗാരകരാശ്വയേ
വിലിഖന്തോ മഹീം കിഞ്ചിന്മുഞ്ചന്തോ ലോഷ്ടഭേദിനഃ. 4
തൈലകട്ടമദിശ്യാംഗാ രക്തസ്രഗ്നഖലേപനാഃ
ഫലം പങ്കമസാരം വാ ഗൃഹീത്വാന്യച്ച തദ്വിധം
നഖൈർന്നഖാന്തരം വാപി കരേണ ചരണം തഥാ
ഉപാനച്ഛ്മശ്രുഹസ്യം വാ വികൃതവ്യാധിപീഡിതാഃ
വാമാചാരാ രുഷന്തശ്ച ശപന്തഃ വികൃതേക്ഷണാഃ
യാമ്യാം ദിശം പ്രാഞ്ജലയോ വിഷ്ണമേകപദേ സ്ഥിതാഃ
വൈദ്യം യ ഉപസർപ്പന്തി ദൂതാസ്തേ ചാപി ഗർഹിതാഃ. 5

നഖത്താ കവിളത്തോ തലയിലൊ നെഞ്ഞത്തോ വയറത്തോ കയ്യ് വെച്ചുകൊണ്ടിരിക്കുക, കയ്യിൽ ഓട്ടപ്പൊളി (മനുഷ്യന്റെ തലയോട്ട് ഭല്ലനേ), കല്ല്, ചാരം, എല്ല്, ഉമി, കരിക്കട്ട എന്നിവയെ എടുത്തു കൊണ്ടുവരിക, ഭൂമിയിൽ വരയ്ക്കുകയൊ വല്ലതിനേയും കയ്യിൽനിന്നിടുകയൊ മൺകട്ടകളെടുത്തുടച്ചുംകൊണ്ടിരിക്കുകയൊ ചെയ്ക, എന്നിങ്ങിനെയുള്ള ലക്ഷണങ്ങൾ അസുരഭൃത്യങ്ങളാകുന്നു. 4

ദൂതന്മാർ എണ്ണത്തേച്ചുവരുകയോ ചേറു പിരണ്ട ദേഹത്തോടുകൂടിയവരോ ആയിരിക്കുക, അവർ ചുകന്ന നിറത്തിലുള്ള മാലയിട്ടിരിക്കുകയോ ചുകന്ന കുറിയിട്ടിരിക്കയോ ചെയ്ക, സാരമില്ലാത്ത കായോ പഴമോ അതുമാതിരി (സാരമില്ലാത്ത) മറെറാ വല്ല സാധനമോ കയ്യിലെടുത്തിരിക്കുക, ഒരു വിരലിലെ നഖംകൊണ്ടു മറെറാരു വിരലിലെ നഖത്തെ പിടിച്ചുകൊണ്ടോ തെകെകൊണ്ടു കാലിനെ പിടിച്ചുകൊണ്ടോ ഇരിക്കുക, കയ്യിൽ ചെങ്ങഴ്പ്പോ തോലൊ എടുത്തിരിക്കുക, കാണുമ്പോൾ വെറുപ്പു തോന്നത്തക്ക വല്ല രോഗ (അളിഞ്ഞ കുഴും മുതലായ)ത്തോടുകൂടിയിരിക്കുക, ദൂതന്മാർ മയ്യാടകെട്ട നടവടിക്കാരായിരിക്കുക, വൈദ്യനെ കാണുന്ന സമയത്തു് അവർ കരഞ്ഞുംകോണ്ടോ ക്ഷീണിച്ചു് ശപിച്ചുംവിട്ടുകൊണ്ടോ ഇരിക്കുക, അവരുടെ നോട്ടം ഒരു വികൃതസ്വഭാവത്തിലായിരിക്കുക, അവർ തെക്കോട്ടു നോക്കി തൊഴുതുംകൊണ്ടോ കുന്നും കുഴിയുമുള്ള വിഷ്മസ്ഥലത്തോ ഒറ്റക്കാലിലോ (ബദ്ധപ്പാടുകൊണ്ടു) നിൽക്കുക ഈ ലക്ഷണങ്ങളെല്ലാം നിന്ദിതങ്ങളാകുന്നു. 5

ദക്ഷിണാഭിമുഖം ദേശേ തഥൈവ വാ ഹതാനനാം
ജലയാനം പചന്തം വാ ക്രൂരകർമ്മണി ചോദ്യതം
നഗ്നാം ഭ്രമന്തം ശയാനം വാ വേഗോത്സർഗ്ഗേ തഥൈവ ചിത്
പ്രകീർണ്ണകേശമത്യുഷ്ണം സ്നാനം വിക്ലിന്നമേവ ച
വൈദ്യായ ഉപസർപ്പന്തി ദ്യൂതാസ്യേ ചാപി ഗർഹിതാഃ. 6
വൈദ്യസ്യ പൈതൃകേ ദൈവേ വാ കാര്യേ ചോത്പാതദർശനേ
മധ്യാഹ്നേ ചാർദ്ധരാത്രേ വാ സന്ധ്യയോഃ കൃത്തികാസു ച
ആർദ്രാശ്ലേഷാമഘാമൂലപൂർവ്വാസു ഭരണീഷു ച.
ചതുർത്ഥ്യാം വാ നവമ്യാം വാ ഷഷ്ഠ്യാം സന്ധിഗതേഷു ച
വൈദ്യം യ ഉപസർപ്പന്തി ദ്യൂതാസ്യേ ചാപി ഗർഹിതാഃ. 7

വൈദ്യൻ തെക്കോട്ടു നോക്കിയിരിക്കുമ്പോഴും ശുചിയില്ലാത്ത സ്ഥലത്തിരിക്കുമ്പോഴും തീക്കത്തിച്ചുകൊണ്ടിരിക്കുമ്പോഴും വല്ലതും വേവിച്ചുകൊണ്ടിരിക്കുമ്പോഴും വല്ല *ക്രൂരപ്രവൃത്തിയും ചെയ്യാൻ ഒരുങ്ങിയിരിക്കുമ്പോഴും വസ്ത്രം അഴിച്ചിട്ടിരിക്കുമ്പോഴും വെറും നിലത്തു കിടക്കുകയോ മലമൂത്രാദികളെ വിസർജ്ജിക്കയോ ചെയ്യുമ്പോഴും ശുചിയില്ലാത്ത സ്ഥിതിയിലിരിക്കുമ്പോഴും തലമുടി അഴിച്ചിട്ടിരിക്കുമ്പോഴും വിണ്ണു തേച്ചിരിക്കുമ്പോഴും വിയർത്തിരിക്കുമ്പോഴും പരവശപ്പെട്ടിരിക്കുമ്പോഴും ദ്യൂതന്മാർ വിളിക്കാൻ വരുന്നുവെങ്കിൽ അതും ചീത്ത ലക്ഷണമാകുന്നു.()

വൈദ്യൻ പിതൃകർമ്മമോ ദേവപൂജയോ ചെയ്തുകൊണ്ടിരിക്കുമ്പോഴോ ഭ്രമിക്കുമ്പോഴും മുതലായ വല്ല ദുർന്നിമിത്തങ്ങളുമുള്ള സമയത്തോ വിളിക്കാൻ ചെല്ലുന്ന ദ്യൂതന്മാർ നിന്ദ്യന്മാരാകുന്നു. നട്ടുച്ചനേരത്തും അർദ്ധരാത്രിസമയത്തും രാവിലേയും സന്ധ്യനേരത്തും വൈദ്യനെ വിളിക്കുന്നതും അത്ര നന്നല്ല. കാർത്തിക, തിരുവാതിര, ആയില്യം, മകം, മൂലം, പൂരം, പൂരാടം, പൂരോരുട്ടാതി, ഭരണി എന്നീ നക്ഷത്രങ്ങളിലും ചതുർത്ഥി, നവമി, ഷഷ്ഠി എന്നീ തിഥികളിലും വാവിന്നേരവും +പ്രതിപദത്തിന്നേരവും സന്ധിയിലുള്ള കാലത്തും വൈദ്യനെ ദ്യൂതന്മാർ ചെന്നു വിളിക്കുന്നുവെങ്കിൽ അതു നല്ല ലക്ഷണമല്ല. 7

* അട്ടിനേയും മറ്റും കൊല്ലുകയാണു് ഇവിടെ പറഞ്ഞ ക്രൂരപ്രവൃത്തി. "ക്ഷുദ്രകർമ്മണി" എന്നു പാഠാന്തരമുണ്ടു്. അപ്പക്ഷത്തിൽ "ക്ഷുദ്രാന്നിനിരിക്കുമ്പോൾ" എന്നർത്ഥം ഗ്രഹിക്കണം.

+ വാവിന്റെ ഒടുവിലത്തെ നാലര നാഴികയും പ്രതിപദത്തിന്റെ ആദ്യത്തെ നാലര നാഴികയുംകൂടി ഒമ്പതുനാഴികയാണു് സന്ധിദിനമെന്നു ജ്യോ.

സചിന്നാഭിതപ്താ മധ്യാഹ്നേ ജ്വലനസ്യ സമീപതഃ
ഗൃഹിതാഃ പിത്തരോഗേഷു ദ്ധതാ വൈദ്യമുപാഗതാഃ.
ത ഏവ കഫരോഗേഷു കർമ്മസിദ്ധികരാഃ സ്മൃതാഃ
ഏഷാമേവ വിശേഷം വ്യാഖ്യാതം ബുദ്ധ്യാ സംവിഭജേത്തു തൽ. 8
രക്തപിത്താതിസാരേഷു പ്രമേഹേഷു തഥൈവ ച
പ്രശസ്താ ജലരോധേഷു ദൂതാ വൈദ്യസമാഗമേ
വിജ്ഞായൈവം വിഭാഗന്തു ശ്രേഷ്ഠം ബുധ്യേത പണ്ഡിതഃ. 9

പിത്തരോഗത്തെ നോക്കുന്നതിനു വിളിക്കാൻ വരുന്ന ദൂതന്മാർ ഉച്ചനേരത്തു വിയർത്തു ചൂടുപിടിച്ചുകൊണ്ടു തിയ്യിന്നരികത്തുവെച്ചു് വൈദ്യനെ കണ്ടുമടങ്ങുന്നുവെങ്കിൽ അതു ദുർല്ലക്ഷണമാണു്. ഇതേമാതിരി ദൂതന്മാർതന്നെ കഫരോഗം നോക്കുന്നതിനു വൈദ്യനെ വിളിക്കാൻ വരുന്നതായാൽ അതു് ശുഭലക്ഷണമാണു്. ഇതുകൊണ്ടു മറ്റുള്ള വാതരോഗം മുതലായതിന്റെ ആവശ്യമായിവരുന്ന ദൂതന്മാരുടെ ലക്ഷണം *സൂചിപ്പിക്കപ്പെട്ടിരിക്കുന്നു. അതെല്ലാം സൂക്ഷ്മബുദ്ധികൊണ്ടു പ്രത്യേകം വേർതിരിച്ചറിഞ്ഞുകൊള്ളാവുന്നതാണു്. 8

രക്തപിത്തം, അതിസാരം, പ്രമേഹം മുതലായ വ്യാധികളെ ചികിത്സിക്കാനായി വൈദ്യനെ വിളിക്കാൻ ചെല്ലുന്ന ദൂതൻ വൈദ്യനെ ഒന്നാമതായി കാണുന്നതു് വെള്ളം കെട്ടിനിൽക്കുന്ന കുളം മുതലായതിന്റെ സമീപത്തുവെച്ചായിരുന്നാൽ അതു് എറ്റവും ശുഭമായ ഒരു ലക്ഷണമാകുന്നു. മാറ്റുള്ള രോഗങ്ങളിലും ഈ മാതിരി ലക്ഷണങ്ങളെക്കൊണ്ടു് പണ്ഡിതനായ വൈദ്യൻ ശുഭാശുഭലക്ഷണങ്ങളെ †ഊഹിക്കേണ്ടതാണു്. 9

---

* കൊടുങ്കാറ്റും മഴയും ഉള്ള സമയത്തോ സായങ്കാലത്തോ എതെങ്കിലും വിധത്തിൽ ബാഹ്യവായുവിനു വ്യത്യാസമുണ്ടായിത്തീർന്നിട്ടുള്ള സമയത്തോ വാതരോഗിയുടെ ദൂതൻ വരുന്നതു നന്നല്ല.

† മൂത്രം പോകാത്ത ദീനത്തിൽ വീടു പൊട്ടിയടിക്കുന്ന സ്ഥലത്തുവെച്ചു് കണ്ടുകിട്ടിയാൽ ശുഭമെന്നും, ശീതസ്വഭാവമായ രോഗത്തിൽ ഉഷ്ണസ്വഭാവമായ ദിക്കിൽ വെച്ചു് പ്രത്യക്ഷപ്പെടുന്നതു ശുഭമെന്നും മറ്റും വ്യാധിതാരതമ്യംകൊണ്ടു ഊഹിച്ചുകൊള്ളേണ്ടതാണു്.

ശുക്ലവാസാഃ ശുചിർദ്ധൗതഃ ശ്യാമോ വാ പ്രിയദർശനഃ
സ ചാസ്യാം ജാതൗ സച്ഛോത്രോ വാ ദ്ധൃതഃ കായ്യകരഃ സ്മൃതഃ
ഗോയാനേനാഗതസ്തുഷ്ടഃ പാദാഭ്യാം ശുഭചേഷ്ടിതഃ
ധൃതിമാൻ വിധികാലജ്ഞഃ സചതന്ത്രഃ പ്രതിപത്തിമാൻ
അലംകൃതോ മംഗലവാൻ ദ്ധൃതഃ കായ്യകരഃ സ്മൃതഃ
സചസ്ഥം പ്രാങ്മുഖമാസീനം സമേ ദേശേ ശുചൗ ശുചിം
ഉപസപ്പതി യോ വൈദ്യം സ ച കായ്യകരഃ സ്മൃതഃ. 10
മാംസോദകുംഭാതപത്രുവിപ്രവാരണഗോവൃഷാഃ
ശുക്ലവർണ്ണാശ്ച പൂജ്യന്തേ പ്രസ്ഥാനേ ദർശനം ഗതാഃ.

ദ്ധൃതൻ വെളുത്ത വസ്ത്രം ധരിച്ചിരിക്കുക, ശുചിയായിരിക്കുക, വെളുത്ത നിറമോ കറുത്ത നിറമോ ആയാലും, കാഴ്ചക്ക ഭംഗിയുള്ളവനായിരിക്കുക, ജാതികൊണ്ടോ ഗോത്രംകൊണ്ടോ രോഗിക്ക സദൃശനായിരിക്കുക ഇതെല്ലാം നല്ല ലക്ഷണങ്ങളാണ്. കാളവണ്ടിയിൽ കേറി വരിക, സന്തുഷ്ടനായിരിക്കുക, കാൽനടയായി വരിക, നല്ല ചേഷ്ടകളോടുകൂടിയിരിക്കുക, ബുദ്ധിയുള്ളവനായിരിക്കുക, മര്യ്യാദയറിയുന്നവനും കാലാവസ്ഥയെ ഗ്രഹിച്ചിട്ടുള്ളവനും ആയിരിക്കുക, അന്യാപേക്ഷ കൂടാതെ കാര്യനിർവ്വഹണത്തിനു ശേഷിയുള്ളവനായിരിക്കുക, കാര്യങ്ങളെ ആലോചിക്കുന്നതിന്നു അറിവുള്ളവനായിരിക്കുക, ആഭരണങ്ങളണിഞ്ഞവനായിരിക്ക, നല്ല മംഗളകരങ്ങളായ പദാർത്ഥം വല്ലതും കയ്യിലുള്ളവനായിരിക്ക ഇതെല്ലാം ദ്ധൃതനുള്ള ശുഭലക്ഷണങ്ങളാകുന്നുവെന്നു പറയപ്പെടുന്നു. വൈദ്യൻ സചസ്ഥനായിരിക്കുക, കിഴക്കോട്ടു നോക്കിയിരിക്കുക, സമമായും ശുചിയായുമുള്ള സ്ഥലത്തിരിക്കുക, ശുദ്ധത്തോടുകൂടിയിരിക്ക എന്നീ അവസരങ്ങളിൽ ഒന്നാമതായി വൈദ്യനെ ചെന്നുകാണുന്ന ദ്ധൃതനും നല്ല ലക്ഷണമുള്ളവനത്രെ. 10

പച്ചമാംസം, നിറകുടം (*ഉദകുംഭം), കുട, ബ്രാഹ്മണൻ, ആ

---

* "വെള്ളം കോരുന്ന കുടം" എന്നുമാത്രം ഇതിനു വിവരത്തം പറയുന്നു. "ചികിത്സകസ്യ ചൌരസ്യ തഥൈവാദ്ധ്യയനാർത്ഥിനഃ പ്രശസ്യമാഹുർഭിഷജോ ജലാതൈ്ഥ രിക്തകം ഘടം" എന്ന നിഘണ്ടുശാസ്ത്രപ്രകാരം വൈദ്യന്മാക്ക് ഒഴിഞ്ഞ കുടം ശകുനത്തിനു നല്ലതാണെന്നു സ്ഥാപിക്കയും ചെയ്യുന്നു. രോഗിയുടെ വീട്ടിൽ ചെല്ലുമ്പോൾ നിറകുടവും മടങ്ങിവരുമ്പോൾ ഒഴിഞ്ഞകുടവും നല്ലതാണെന്നും പക്ഷമുണ്ട്.

സ്ത്രീ പുത്രിണീ സവത്സാ ഗൌർവ്വൃദ്ധിമാനാഃ സപലാംകൃതാഃ
കന്യാ മത്സ്യാഃ ഫലഞ്ചാമം സപസ്തികം മോദകാ ഘൃതഃ.
ഹിരണ്യാക്ഷതപത്രം വാ രത്നാനി സുമനാ നൃപാഃ
അപ്രശാന്തോനലോ വാജീ ഹംസശ്ചാഷഃ ശിഖീ തഥാ. 11
ബ്രഹ്മദുന്ദുഭിജീമൂതശംഖവേണുരഥസ്വനാഃ
സിംഹഗോവൃഷനാദാശ്ച ശ്രേഷ്ഠിതം ഗജബൃംഹിതമ്.

ന, പശു, കാള, വെളുത്തനിറത്തിലുള്ള പദാർത്ഥങ്ങൾ (പുഷ്പം, തൈർ *മുതയാതു്), ഇവയെ വൈദ്യൻ രോഗിയെ നോക്കാൻ പുറപ്പെടുന്ന സമയത്തു് കാണാനിടവന്നാൽ വളരെ നല്ലതാകുന്നു. കുട്ടിയോടുകൂടിയ സ്ത്രീയിനേയും കുട്ടിയോടുകൂടിയ പശുവിനേയുംയൌവനം +ആരംഭിച്ചവരും ആഭരണങ്ങളണിഞ്ഞവരുമായ കന്യകമാരേയുംമത്സ്യങ്ങളേയും പച്ചക്കായയേയും മുത്തുമാല (¶സപസ്തികം)യേയും മധുരലഡ്ഡു)പലഹാരങ്ങളേയും തൈർ, സപണ്ണം, മലരോടുകൂടിയ പാത്രം, രത്നങ്ങൾ, പുഷ്പങ്ങൾ എന്നിവയേയും രാജാക്കന്മാരേയും (§സുമനാ നൃപാഃ) കത്തിക്കൊണ്ടിരിക്കുന്ന അഗ്നിയേയും കുതിര, അരയന്നം, കാട്ടുകാക്ക (ചാഷം), മയിൽ എന്നിവയേയും പുറപ്പെടുമ്പോൾ കാണുന്നതു വളരെ നല്ല ലക്ഷണമാണു്. 11

പുറപ്പെടുന്ന സമയത്തു വേദാദ്ധ്യയനം ചെയ്യുന്ന ശബ്ദത്തേയും ദുന്ദുഭിവാദ്യത്തേയും ഇടിമുഴക്കത്തേയും ശംഖനാദത്തേയും കാടക്കഴൽ

---

* പശുക്കൾ, എല്ലു്, തലരു്, ചാരം മുതലായവ ഈ കൂട്ടത്തിൽ ചെയ്തുകയില്ല.

+ "വർദ്ധമാനം" എന്നും പാഠമുണ്ടു്. ആ പക്ഷത്തിൽ 'ചരാളു്' എന്നതിലധികം പറയുന്ന കുറേകൂടി വലിയ പാത്രമെന്നർത്ഥം. ചിലർ കല്യാണത്തിനും മറ്റും ഉപയോഗിക്കാവുള്ള ഒരു പ്രത്യേകപാത്രമെങ്കിലും വർദ്ധമാനം എന്നും പറയുന്നു. ഭോജ്യകാരൻ വർദ്ധമാനശബ്ദത്തെ കന്യകാവിശേഷണമാക്കി, മേൽപ്പറഞ്ഞ പാഠാന്തരത്തെ എടുത്തു ഖണ്ഡിക്കുന്നു. തല്ലക്ഷണയിൽ ഭാഷ്യകാരമതം സപകരിച്ചിരിക്കുന്നു. ഡല്ലനഭട്ടൻ ഈ അർത്ഥത്തെ രണ്ടാംപക്ഷമായിട്ടാണവലംബിച്ചിട്ടുണ്ടു്.

¶ സ്ത്രീകൾ കഴുത്തിൽ കെട്ടുന്ന ഒരുജാതി മംഗല്യാഭരണമെന്നും മതമുണ്ടു്.

§ "സുമനോനൃപാഃ" എന്ന പാഠമാക്കി 'നല്ലമനസ്സുള്ള രാജാക്കന്മാർ' എന്നു ചിലർ വ്യാഖ്യാനിക്കുന്നു. ചിലർ സുമനസ്സിൽ ശ്ലേഷപ്രയോഗമായി ദിക്കിൽ ശോഭയുള്ളതു് എന്നർത്ഥം പറയുന്നു. സുമനസ്സു്=നല്ലമനസ്സു്. വൈദ്യന്റെ മനസ്സിനു സുഖം തോന്നൽ എന്നും ചിലതുകൊണ്ടു് അർത്ഥം കാണുന്നു.

ശസ്യം ഹംസരുതാ ന്നാം കൌശികാഞ്ചൈവ വാമതഃ
പ്രസ്ഥാനേ യായിനഃ ശ്രേഷ്ഠാ വാചശ്ച ഹൃദയംഗമാഃ. 12

പത്രപുഷ്പഫലോപേതാൻ സക്ഷീരാൻ നീരുജോ ദ്രുമാൻ
ആശ്രിതാ വാ നഭോവേശ്മധ്വജതോരണവേദികാഃ.
ഭിക്ഷു ശാന്താസു വക്തൃതരോ മധുരം പുഷ്ടുതാനഗാഃ
വാമാ വാം ദക്ഷിണാ വാപി ശകുനാഃ കർമ്മസിദ്ധയേ. 13

ശുഷ്കശുനിഹതപത്രി വല്ലീനദ്ധ സകണ്ടകേ

വിളിയേയും തേരോടുന്ന ശബ്ദത്തേയും സിംഹം, പശു, കാള, കുതിര, ആന, അരയന്നം, ക്രൗഞ്ചം എന്നിവയുടെ ശബ്ദങ്ങളേയും കേൾക്കുന്നതും രാജധാനിയിലേക്കു കൂട്ടമായി പുറപ്പെട്ടുപോകുന്ന മനുഷ്യന്മാർ തന്റെ ഇടത്തുഭാഗത്തുകൂടി കടന്നുപോകുന്നതും മനസ്സിനു സന്തോഷം ജനിക്കത്തക്ക വാക്കുകൾ പറഞ്ഞുകേൾക്കുന്നതും *ശുഭമാകുന്നു. 12

പുറപ്പെടുന്ന സമയത്തു പക്ഷികൾ കൂട്ടമായിച്ചേരുന്നു, ഇലയും പൂവും കായും നിറഞ്ഞിരിക്കുന്നവയും പാലുള്ളവയും ഉപദ്രവകരങ്ങളല്ലാത്തവയുമായ മരങ്ങളിലിരുന്നുകൊണ്ടോ ആകാശത്തിൽ നിന്നുകൊണ്ടോ മാളികപ്പുറങ്ങൾ, കൊടിമരങ്ങൾ, തോരണം (ഗോപുരം)ങ്ങൾ, മണിത്തറകൾ എന്നീ സ്ഥലങ്ങളിലിരുന്നുകൊണ്ടോ നല്ല ഭിക്ഷകളിലിരുന്നുകൊണ്ടോ (തെക്കെദിക്കൊഴിച്ചു ബാക്കി ഭിക്ഷകളിലിരുന്നു) മധുരമായി ശബ്ദിക്കുന്നതും ആ പക്ഷികൾ അങ്ങിനെ ഭംഗിയായി ശബ്ദിച്ചുകൊണ്ടു താൻ പിന്നെ പോന്നവരികയോ ഇടത്തുഭാഗത്തുകൂടിയോ വലത്തുഭാഗത്തുകൂടിയൊ പോന്നുപോകയൊ ചെയ്യുന്നതും വളരെ നല്ല ശകുനമാകുന്നു. 13

ഉണങ്ങിയതും ഇടിഞ്ഞിത്തട്ടിയതും ഇലയില്ലാത്തതും വള്ളികൾ

---

* പോണോ പോണ്ടെയൊ എന്നു സംശയിച്ചു നിൽക്കുമ്പോൾ പോകണമെന്നുള്ള അർത്ഥത്തിൽ കേൾക്കപ്പെട്ടുന്ന വാക്കു് സത്യമായെ വരികയുള്ളു. "ഏഷ്യതി പുരതഃ ശബ്ദേ ശസ്യതേ ന ഇഷ്ടഃ ഗച്ഛേതി പശ്ചാദ്വലതഃ പുരസ്താച്ച വിഗർഹി [illegible] പ്രതിഷേധതി. സ വിരോധോശുഭോ യാത്രായാം വ്യാ ബലവത്തരഃ." ഇത്യാദി പുരാണവചനങ്ങളിൽ നിന്നു് യാത്രാസമയത്തു കേൾക്കപ്പെട്ടുന്ന വാക്കുകളെപ്പറ്റി വ്യക്തമായി അറിയാം.

വൃക്ഷഥവാശ്മഭസ്മാസ്ഥിവിട് തുഷാംഗാരപാംസുഷു.
ചൈത്യവല്മീകവിഷ്മസ്ഥിതാ ദിപ്തഖരസ്വരാഃ
പുരതോ ദിക്ഷു ദിപ്താസു വക്തുകാരോ നാർത്ഥസാധകാഃ. 14
പുന്നാമാനഃ ഖഗാ വാമാ സ്ത്രീസംജ്ഞാ ദക്ഷിണാഃ ശുഭാഃ
ദക്ഷിണാപ്രാമഗമനം പ്രശസ്തം ശപസ്യഗാലയോഃ
വാമം നകുലചഷ്യാണാം നോഭയം ശശസർപ്പയോഃ.

കെട്ടിപ്പിണഞ്ഞതും മുള്ളുള്ളതുമായ വൃക്ഷങ്ങളിലൊ കല്ല്, ഭസ്മം, എല്ല്, മലം, ഉമി, കരിക്കട്ട, മണൽ എന്നിവയിലൊ ആൽ മുതലായ *ഉത്തമവൃക്ഷങ്ങളിലൊ പാമ്പിൻപുറവ്, കുന്നും കുഴിയുമായ (വിഷമ) സ്ഥലം എന്നിവയിലൊ ഇരുന്നുകൊണ്ട്, കേൾക്കുമ്പോൾ രസക്കേടു തോന്നത്തക്കതായ പരുഷസ്വരത്തോടുകൂടി മേൽപ്പെട്ടുനോക്കിക്കൊണ്ടും ജ്വലിച്ചുകൊണ്ടിരിക്കുന്ന (വെയിൽകൊണ്ടോ അഗ്നിജ്വാലകൊണ്ടോ ഉച്ചനേരത്തും മാറും) ദിക്കുകളിലേക്കും നോക്കിക്കൊണ്ടും പക്ഷികൾ, വെവ്വറ്റൻ പുറപ്പെടുന്ന സമയത്തു, ശബ്ദിക്കുന്ന എങ്കിൽ അതു വളരെ ചീത്തയായ ശകുനമാകുന്നു. 14

പുരുഷനാമങ്ങളായ പക്ഷികൾ (ഗരുഡൻ, ഹംസം മുതലായവ) ഇടത്തുഭാഗത്തുകൂടി പോകുന്നതും സ്ത്രീനാമങ്ങളായ പക്ഷികൾ (കിളി, കുരുവി മുതലായവ) വലത്തുഭാഗത്തു കൂടി കടന്നു പോകുന്നതും നല്ലശകുനമാകുന്നു. ശപാവും കുറുക്കനും വലത്തുഭാഗത്തുനിന്നു് ഇടത്തുഭാഗത്തേക്കു കടന്നു പോകുന്നു എങ്കിൽ അത്രേ, കീരിയേയും കാട്ടുകാക്കയേയും (പാമ്പു, സർപ്പനിറമുള്ള വേഴാമ്പലെന്നും) ഇടത്തുഭാഗ

* "ചൈത്യ"മെന്നതിനു് "ദേവാലയ"മെന്നും അർത്ഥം പറയാം.

† "ദക്ഷിണാപ്രാമഗമനം പ്രശസ്യം" എന്ന മൂലത്തിനു് "വലത്തുഭാഗത്തുകൂടി പോകുന്നതിനേക്കാൾ നല്ലതു ഇടത്തുഭാഗത്തുകൂടി പോകുന്നതത്രേ" എന്നർത്ഥമാക്കിക്കൊണ്ടു വിധി വ്യാഖ്യാനിക്കുന്നു. ആ പക്ഷത്തിൽ ശപാവും കുറുക്കനും വലത്തുഭാഗത്തു പോകുന്നതു കണ്ടാൽ ഒരുമാതിരി ശുഭംതന്നെയെന്നു വരുന്നു. ഈ സംഗതി കീരിയുടെയും കാട്ടുകാക്കയുടെയും കാര്യത്തിലും ആലോചിക്കേണ്ടതത്രേ. കാട്ടുകാക്കയെ ഏതുഭാഗത്തു കണ്ടാലും നല്ലതാണെന്നു് ("യത്രയത്ര കൃതേ ശൃംഗീ വായസോ ദൃശ്യതേ ഭവേൽ തത്രസ്ഥസ്യ ന ഹി ദൈവാദ്ധ്രുവസ്യ ദർശനം വിഫലം ഭവേൽ", മഹാഭാരതം) പുരാണവചനമുണ്ടു്.

ഭാസകൗശികയോശ്ചൈവ ന പ്രശസ്യാ കിലോഭയേ
ദർശനം വാ തുതഞ്ചാപി ന ഗോധാകുലല സയോഃ. 15
ദൃതൈതരനിഷ്ടസ്യുല്യാനാമശസ്യം ദർശനം സ്മൃതം
കുലത്ഥതിലകാപ്പാസതുഷപാഷ്യാണസ്യുനാമ്
പാത്രം നേഷ്ടം തഥാംഗാരതൈലകട്ടപൂരിതമ്
പ്രസന്നേതരമദ്യാനാം പൂർണ്ണം വാ രക്തസഷ്ടപൈഃ. 16
ശവകാഷ്ഠപലാശാനാം ശുഷ്കാണാം പഥി സംഗമഃ
നേഷ്യതേ പതിതാന്ത്യസ്ഥദീനാന്ധർ പാവസൂഥാ. 17

ത്തായി കാണുന്നതും നല്ലശകുനമാകുന്നു. മുയൽ, പാമ്പ്, കഴു (*ഭാസം), കുറുൻ എന്നിവയെ രണ്ടുപുറത്തുവെച്ചു കാണുന്നതു നല്ല ശകുനമല്ല. ഉടുമ്പിനേയും ഓന്തിനേയും എങ്ങിനെയെങ്കിലും കാണുകയോ അവയുടെ ശബ്ദം കേൾക്കയോ ചെയ്യുന്നതും നന്നല്ല. 15

മുമ്പു, നന്നല്ലാത്ത ദൃതന്മാർക്കു പറഞ്ഞിട്ടുള്ള ലക്ഷണങ്ങളോടുകൂടിയ ആളുകളെ വൈദ്യൻ പുറപ്പെട്ട ഉടനെ കണ്ടാൽ അതു നന്നല്ലാത്ത ലക്ഷണമാണ്. മുതിര, എള്ളു, പരുത്തിക്കായ, ഉമി, കല്ലു, ഭസ്മം, കരിക്കട്ട, എണ്ണ, ചളിമണ്ണു, എന്നിവയാക്കിക്കൊണ്ടുള്ള പാത്രങ്ങളും പ്രസന്നമദ്യം ഒഴിച്ചു ബാക്കിയുള്ള മദ്യങ്ങളോ ചുകന്ന കട്ടകൊണ്ടു നിറച്ചിട്ടുള്ള പാത്രങ്ങളും ശകുനം കാണുന്നതു നല്ലതല്ല. 16

ശവം ചുടുന്നതിനുള്ള ഉണക്കവിറകുകളും ഉണങ്ങിയ പ്ലാശിൻ കൊമ്പുകളും വഴിയിൽവെച്ചു കണ്ടെത്തുന്നതു നന്നല്ല. അപ്രകാരംതന്നെ പതിതന്മാരെയും (ജാതിഭ്രഷ്ടന്മാർ) ചണ്ഡാളന്മാരെയും ദരിദ്രന്മാരെയും അന്ധന്മാരെയും തന്റെ ശത്രുവായിട്ടുള്ളവരെയും വഴിയിൽ കാണുന്നതു ദോഷമാകുന്നു. 17

യാത്രാസമയത്തു മൃദുവായി തണുത്തു് അനുകൂലമായി (എതിരായിട്ടല്ലാതെ) സുഗന്ധമുള്ള കാറ്റടിക്കുന്നതായാൽ അതു നല്ലതും, പരു

* ഭാസദർശനം നന്നെന്നു വാഗ്ഭടവചനമുണ്ടു്. അവിടെ അതിനു 'കഴു' എന്നല്ലു അർത്ഥം.

† പിറകെ നല്ല ശകുനമല്ലെന്നു പറവാൻ പോകുന്നുണ്ടെങ്കിലും ശവത്തിനുള്ള വിറകു വിശേഷിച്ചും അശുദ്ധമാകയാൽ മുമ്പിടെ അതിനെ പ്രത്യേകം പറഞ്ഞിരിക്കുന്നതാണു്.

മൃദുശീതോനുകൂലശ്ച സുഗന്ധിശ്ചാനിലഃ ശുഭഃ
ഖരോഷ്ണോനിഷ്ടഗന്ധശ്ച പ്രതിലോമശ്ച ഗർഹിതഃ. 18
ഗ്രന്ഥ്യർബ്ബുദാദിഷു സദാ ഛേദശബ്ദശ്ച പൂജിതഃ
വിദ്ര്യുദരഗുദ്മേഷു ഭേദശബ്ദസ്തഥൈവ ച.
രക്തപിത്താതിസാരേഷു രുഗ്ശബ്ദഃ പ്രശസ്യതേ
ഏവം വ്യാധിവിശേഷേണ നിമിത്തമുപധാരയേൽ. 19
തഥൈവാക്രുഷ്ടഹാകഷ്ടമാക്രന്ദരുദിതസ്വനഃ
ഛർദ്ദ്യാ വാതപുരീഷാണാം ശബ്ദോ വൈ ഗർദ്ദഭോക്ഷ്ണയോഃ.

ഷവും ഉഷ്ണവും നാറാമുള്ളതും പ്രതിലോമവും (എതിരായടിക്കുന്നത്) ആയ കാറ്റ് വീശുന്നതായാൽ അതു ചീത്തയുമാകുന്നു. 18

ഗ്രന്ഥി, അർബ്ബുദം മുതലായ രോഗങ്ങൾ നോക്കാൻ പുറപ്പെടുന്ന സമയത്ത് എവിടെനിന്നെങ്കിലും 'മുറിക്കുക' എന്നർത്ഥമുള്ള വാക്കു കേൾക്കുന്നതു വളരെ നല്ലതാകുന്നു. വിദ്രധി, ഉദരം, ഗുന്മം ഈ രോഗങ്ങൾക്കുവേണ്ടി പോകുമ്പോൾ 'പിളക്കുക' എന്നർത്ഥമായ ശബ്ദങ്ങൾ കേൾക്കുന്നതും രക്തപിത്തം അതിസാരം മുതലായ രോഗം നോക്കാൻ പോകുയാണെങ്കിൽ 'നിൽക്കുക' എന്നർത്ഥമുള്ള വാക്കുകൾ കേൾക്കുന്നതും വളരെ നല്ല ലക്ഷണമാണ്. ഈവക തല്ക്കാലനിമിത്തങ്ങളെ അതാതു വ്യാധികളുടെ അവസ്ഥ നോക്കി ആലോചിച്ചുകൊള്ളണം.

ആരെങ്കിലും ആരോടെങ്കിലും ഒരുക്കെ ശകാരിക്കുന്ന ശബ്ദം കേൾക്കുക, 'ഹാകഷ്ടം' എന്നുംമറ്റും ഭയവ്യസനസൂചകങ്ങളായ വാക്കുകൾപറയുന്നതു കേൾക്കുക, ഉറക്കെ നിലവിളിച്ചു കരയുകയോ മൃദുസ്വരത്തിൽ കരയുകയോ ചെയ്യുന്ന ശബ്ദം കേൾക്കുക, ആരെങ്കിലും ഛർദ്ദിക്കയൊ അധോവായുവിടുകയൊ ചെയ്യുന്ന ശബ്ദം കേൾക്കുക, മലവിസർജ്ജനശബ്ദം കേൾക്കുക, കഴുതയുടെയൊ ഒട്ടകത്തിന്റെയൊ ശബ്ദം കേൾക്കുക, 'പോകരുത്' എന്നർത്ഥമായ് വാക്കുകൾ കേൾക്കുക, കാലിൽ മുള്ളുകുത്തുകയൊ മറ്റൊചെയ്യു യാത്രക്കു മുടക്കം വരിക, തുമ്മുക, കാലിടറുക, വീണ് കാലിലൊമറ്റൊ *ആഘാതമുണ്ടാവുക, വൈദ്യനു മനസ്സിൽ വിചാരമെങ്കിലും

* തുമ്മുന്ന ശബ്ദം കേൾക്കുന്നതും മറ്റൊരാൾ എതിരേ വിഴുന്നതും മരവും കൊണ്ടതും കൂടി അശുഭമാണെന്നു പക്ഷാന്തരം.

പ്രതിഷിദ്ധം തഥാ ലിംഗം ക്ഷുതം സ്ഖലിതമാഹതമ്
ദൈന്യസ്യഞ്ച വൈദ്യസ്യ യാത്രായാം ന പ്രശസ്യതേ 20
പ്രദ്രവശ്ചാപ്യതദ്ദ്രോഗാദവേക്ഷ്യഞ്ച രഥാന്തരേ
പ്രതിദ്വാരം ഗൃഹേ വാസ്യ പുനരുത്തന്ന ഗണ്യതേ 21
കേശതന്മാസ്ഥി കാഷ്ഠാശ്മതുഷകാപ്പാസകണ്ടകാഃ
ഖടപാല്പപാദാ മദ്യാപോ വസാ തൈലം തിലാസ്നുണമ്.

സംഗതിവശാൽ ഒരു സുഖവിരോധമുണ്ടായ് ത്തീരുക, ഇതെല്ലാം യാത്രയിൽ നന്നല്ലാത്ത നിമിത്തങ്ങളാണ്. 20

ഈവക ദുർന്നിമിത്തങ്ങളെ ഒന്നാമതായി വൈദ്യൻ രോഗിയെ നോക്കാനായി പുറപ്പെടുമ്പോഴും രോഗിയുടെ ഭവനത്തിൽ കടക്കുന്ന സമയം ഉമ്മാത്തും ഭവനത്തിനുള്ളിൽ വെച്ചും സംഭവിക്കുന്നുണ്ടോ എന്നാണ് നോക്കേണ്ടതു്. അത് നുശേഷമുള്ള സമയത്തോ മറ്റു വല്ല സ്ഥലങ്ങളിൽ വെച്ചോ പിന്നെത്തെ പ്രാവശ്യങ്ങളിൽ വൈദ്യൻ ചെല്ലുമ്പോഴൊക്കെയും ഈവക ലക്ഷണങ്ങളും നോക്കിയേ കഴിയൂ എന്നില്ല. 21

തലനാര്, ഭസ്മം, എല്ല്, വിറകുകഷണം, കല്ല്, ഉമി, പരുത്തിമരം, മുള്ള്, കാലുമേൽപോട്ടാക്കി മലത്തിവെച്ചിട്ടുള്ള കട്ടിലു് (*ഖടപാദ്ധപാദാ), മദ്യം കുടിച്ചവൻ (മദ്യാപൊ), വസാ, എണ്ണ, എള്ളു്, പുല്ലു്, നപുംസകൻ, അംഗങ്ങളിലേതെങ്കിലുമില്ലാത്തവൻ, അംഗങ്ങ

---

* 'ഊദ്ധ്വപാദയോയ ഖട' എന്നുള്ള അർത്ഥം ഭാഷ്യകാരന്നു സമ്മതമല്ല. അദ്ദേഹത്തിന്നു കട്ടിൽതന്നെ ഉദ്ദേശ്യമാണെന്തു. ഊദ്ധ്വപാദമെന്നതു ശരീരാവയവമാണെന്നും അദ്ദേഹം പറയുന്നു.

$ ''മദ്യാപഃ'' എന്ന പദത്തെ മനോരമി 'മദ്യവും വെള്ളവും' എന്നർത്ഥം കാണുന്നു. ഗംഗാധരിയിലും ഇംഗ്ലീഷിലും കാണുന്നു. അവ ലക്ഷണമാകുന്നതെങ്ങിനെയെന്നറിയുന്നില്ല. തഞ്ജാവൂരിലെ പക്ഷം ഭാഷ്യകാരന്റെതാണു്. ഇതിൽ ദീഘ്രത്തിന്നു നല്ല ഗതിയില്ല, എങ്കിലും 'മദ്യം അപം യസ്യ' എന്നു വിഗ്രഹിച്ചു് 'എപ്പോഴും വെള്ളം കുടിക്കുമ്പോലെ മദ്യം കുടിക്കുന്നവൻ' എന്നർത്ഥമുണ്ടാക്കാം. 'മദ്യം അർഷ്ടോഭിനി മദ്യം പഃ', എന്നോ 'അപിബതി ഇതി അപഃ മദ്യസ്യ അപഃ മദ്യാപഃ' എന്നോ വ്യുത്പത്തിയാവാമെന്ന പക്ഷങ്ങളുണ്ടു്.

നപുംസകവ്യംഗഭഗ്നനഗ്നമുണ്ഡാസിതാംബരാ൯
പ്രസ്ഥാനേ വാ പ്രവേശേവാ നേഷ്യന്തേ ദർശനം ഗതാ൯. 22
ഭാണ്ഡാനാം സങ്കരസ്ഥാനാം സ്ഥാനാത്സഞ്ചരണം തഥാ
നിഷ്ഠാതോൽപാടനം ഭംഗ൯ പതനം നിർഗ്ഗമസ്ഥിതാ. 23
വൈദ്യാസനാവസാദോ വാ രോഗീ വാ സ്യാദധോമുഖ൯
വൈദ്യം സംഭാഷ്യമാണാംഗം കുഡ്യമാസ്യരണ്യനി വാ.
പ്രമൃജ്യാദ്വാ ധുനീയാദ്വാ കരൗ പുഷ്യം ശിരസ്ഥിതാ
ഹസന്മുഖ്യാകൃഷ്യ വൈദ്യസ്യ ന്യസേച്ഛിരസി ചോരസി.

ളേതെങ്കിലും മറിഞ്ഞിട്ടുള്ളവൻ, വസ്ത്രമില്ലാതെ നഗ്നനായിരിക്കുന്നവൻ, തല മൊട്ടയടിച്ചവൻ, വെളുത്ത നിറമില്ലാത്ത വസ്ത്രം ധരിച്ചവൻ* ഈ പറഞ്ഞ സാധനങ്ങളെയും ആളുകളെയും വൈദ്യൻ പുറപ്പെടുമ്പോഴോ രോഗിയുടെ ഭവനത്തിലേക്കു പ്രവേശിക്കുന്ന സമയത്തോ കാണാനിടവന്നാൽ അതു നല്ലലക്ഷണമല്ല. 22

ഉറിയിലൊ പാലറയിലൊ മറ്റൊ വെച്ചിട്ടുള്ള പാത്രങ്ങൾ സ്ഥാനത്തുനിന്നു ഒരു കാരണവും കൂടാതെ വീഴുന്നതും ഭൂമിയും മറ്റും താനെ പിളരുന്നതും വല്ല സാധനവും ഒടയുകയോ രോഗി കിടക്കുന്ന മുറിയിൽ വീഴുകയൊ പൂർണ്ണകുംഭം മുതലായ നല്ല വസ്തുക്കളും നല്ല ആളുകളും അവിടെനിന്നു പുറത്തേക്കു പുറപ്പെടുകയോ ചെയ്യുന്നതായി കാണുന്നതും ദുർന്നിമിത്തമാകുന്നു. 23.

വൈദ്യൻ രോഗപരീക്ഷക്കായി ചെന്നിരിക്കുന്ന ആസനം (കസേലമുതലായതു്) ഹേതുകൂടാതെ വീണു കേടുവന്നുപോകയൊ വൈദ്യൻ അടുത്തു ചെല്ലുന്ന സമയത്തു രോഗി തലതാഴ്ത്തിയിരിക്കുകയൊ വൈദ്യനോടു സംസാരിക്കുന്ന സമയത്തു രോഗി തന്റെ അംഗങ്ങളിലേതിനെയെങ്കിലുമൊ ചുമരിനേയൊ കിടക്കുന്നതിൽ വിരിച്ചിട്ടുള്ള വിരിപ്പിനേയൊ ആവശ്യമൊന്നും കൂടാതെ കൈകൊണ്ടു വെറുതെ

---

* ഇതന്മാർക്കു പറഞ്ഞ അശുഭലക്ഷണമുള്ള ആളുകളെ വഴിയിൽ ശകുനംകണ്ടാലും നന്നല്ല. എന്നു മുമ്പു പറഞ്ഞതിൽനിന്നു നപുംസകവും മറ്റും നന്നല്ലെന്നു വരുന്നുണ്ടെങ്കിലും വിശേഷിച്ചും ഈ വകക്കാർ അശുഭശകുനങ്ങളാണെന്നറിയിക്കാനാകുന്നു ശുശ്രുതകാരൻ ഇവിടെ പ്രത്യേകം എടുത്തു പറയുന്നതു്.

ദ്യാ വൈദ്യമുഖം പൃഷ്ട്വോന്മാർഷ്ടി സപാംഗമാതുരം
ന സ സിദ്ധ്യതി വൈദ്യോ വാ ഗൃഹേ യസ്യ ന പൂജ്യതേ.
ഭവനേ പൂജ്യതേ വാപി യസ്യ വൈദ്യം സ സിദ്ധ്യതി
ശുഭം ശുഭേഷു ച്ഛത്രാദിഷ്വശുഭം ഹ്യശുഭേഷു ച
ആതുരസ്യ ധ്രുവം തസ്മാച്ഛത്രാദീൻ ലക്ഷയേദ്ഭിഷക്. 24
സപ്തമാനതഃ പ്രവക്ഷ്യാമി മരണായ ശുഭായ ച
സുഹൃദാ യാംശ്ച പശ്യന്തി വ്യാധിതോ വാ സ്വയം തഥാ. 25
സ്നേഹാഭ്യക്തശരീരസ്യ കരഭവ്യാളഗർദ്ദഭൈഃ
വരാഹമഹിഷൈശ്ചാപി യോ യായാദ്ദക്ഷിണാമുഖഃ.

പിടിക്കുന്നതും ആ സമയത്ത് രോഗി കൈകളേയൊ പൃഷ്ഠഭാഗത്തേയൊ തലയേയൊ ആവശ്യമില്ലാതെ വെറുതെ കൂടുക്കുന്നതും രോഗി വൈദ്യന്റെ കൈപിടിച്ച് തന്റെ തലയിലും നെഞ്ഞത്തും വെക്കുന്നതും വൈദ്യനോട് സംസാരിക്കുമ്പോൾ രോഗി മുഖം നേരെ മേൽപ്പോട്ടാക്കിപ്പിടിക്കാൻ ഇരിക്കുന്നതും ആ സമയത്തു തന്റെ അംഗങ്ങളെത്തന്നെ കൈകൊണ്ടുഴിയുന്നതും അശുഭലക്ഷണങ്ങളാണ്.

ഏതൊരു രോഗിയുടെ ഭവനത്തിൽ ചെല്ലുമ്പോൾ വൈദ്യനെ വേണ്ടുപോലെ ബഹുമാനിക്കാതിരിക്കുന്നുവൊ ആ രോഗം മാറുകയില്ലെന്ന് അതുകൊണ്ടറിയാം. എന്നാൽ ഏതൊരുത്തന്റെ ഭവനത്തിൽ വൈദ്യനെ ബഹുമാനിക്കുന്നുവൊ ആ രോഗം ചികിത്സിച്ചാൽ ഭേദപ്പെടുന്നതുമാണ്. ദൂതൻ, ശകുനം, നിമിത്തം മുതലായതുകൾ ശുഭങ്ങളായിരുന്നാൽ രോഗിക്കു നന്മയും അശുഭങ്ങളായിരുന്നാൽ അതു ദോഷവുമാകയാൽ വൈദ്യൻ അവയുടെ ശുഭാശുഭലക്ഷണങ്ങളെ നല്ലപോലെ മനസ്സിലാക്കിയിരിക്കണം. 24

ഇനിമേൽ രോഗിയെയൊ രോഗിയുടെ ബന്ധുക്കളെയും കാണുന്ന സപ്നങ്ങളുടെ വ്യത്യാസങ്ങൾകൊണ്ടു രോഗിക്കു മരണം സംഭവിക്കുകയൊ രോഗശാന്തിവരികയൊ ചെയ്യുമെന്നുള്ളതിനെപ്പറഞ്ഞു പോരുന്നു: — 25

ദേഹത്തിൽ എണ്ണതേച്ചിട്ട് ഒട്ടകം, കടുവാ, കഴുത, പന്നി, പോത്തു് എന്നീ മൃഗങ്ങളുടെ പുറത്തു കയറി തെക്കോട്ടു പോയതായും ചുകന്ന വസ്ത്രംധരിച്ച് കറുത്ത ഒരു സ്ത്രീ തലമുടിയഴിച്ചിട്ട് ചിരിച്ചുകളിച്ചും

കേശപ്രബോധരം കൃഷ്ണം നഖസന്ധി ഷുകൃമിപ്രഭം
യം വാ കൃഷ്ണം ഖരസ്പർശം സ്ത്രീ നൃത്യന്തീ ക്ഷ്മണാമുഖം.
അന്ത്യാവസായിഭിർയ്യോ വാ കൃഷ്യതേ ക്ഷിപ്തമാമുഖം
പരിഷ്വജേരൻ യം വാപി പ്രേതാ പ്രവ്രജ്യതേ സ്മൃഥാ.
മൂർദ്ധന്യാഹ്രിയതേ യസ്യ ശപാപനയെവ്വ കൃത്തനഖൈർമ്മുഖം
പിബേന്മധു ച തൈലഞ്ച യോ വാ പങ്കേവസിദതി.
പങ്കപ്രദിഗ്ധഗാത്രോ വാ പ്രന്ത്യതൂർ പ്രഹസേത്തഥാ
നിരംബരശ്ച യോ രക്താം ധാരയേച്ഛിരസി സ്രജമ്.
യസ്യ വംശോ നശ്യതി വാപി താലോ വോരസി ജായതേ
യം വാ മത്സ്യാ ഗ്രസേത്സ്യോ വാ ജനനീം പ്രവിശേന്നരഃ.

കൊണ്ട് തന്നെ പിടിച്ച കെട്ടി തെക്കോട്ടെക്കു വലിച്ചുകൊണ്ടു പോയതായും *ചണ്ഡാലജാതിക്കാർ തന്നെപ്പിടിച്ചു തെക്കോട്ടെക്കു വലിച്ചുകൊണ്ടു പോയതായും പ്രേതങ്ങളും (മരിച്ചവർ) നാട്ടിൽനിന്നു പോയിട്ടുള്ള സന്ന്യാസിമാരും തന്നെ ആലിംഗനം ചെയ്യുതായും ഭയങ്കരമായി വികൃതമായ മുഖത്തോടുകൂടിയ കാട്ടുമൃഗങ്ങൾ തന്റെ തലയിൽ ആഘ്രാണിച്ചു (മൂക്കുനാറിയ)തായും തേനും എണ്ണയും താൻ കുടിച്ചുതായും താൻ ചോറിലിറങ്ങി കേറാൻ വയ്യാതെ പെട്ടുപോയതായും താൻ മേലൊക്കെ ചോരതേച്ചു ചിരിച്ചുംകൊണ്ടു കളിച്ചുതായും താൻ വസ്ത്രമൊന്നും ധരിക്കാതെ തലയിൽ ചുകന്ന പൂമാല ഒകെട്ടിയതായും മൊട്ടയോ ഓടയോ കരുവന്നായോ തന്റെ നെഞ്ഞത്തു മുച്ചുവന്നതായും മത്സ്യംതന്നെ പിടിച്ചു വിഴുങ്ങിയതായും താൻ മാതാവിനെ പ്രവേശിച്ചുതായും ഒരു മലയുടെ മുകളിൽനിന്നു താൻ വീണതായും ഇരുട്ടായറഞ്ഞ കുഴിയിൽ വീണതായും ജലപ്രവാഹത്തിൽപ്പെട്ടൊലിച്ചുപോയതായും തല മൊട്ടയടിച്ചുതായും ശത്രുക്കൾ തന്നെജ്ജയിച്ചുതായും അവർ തന്നെപ്പിടിച്ചു §കെട്ടിയതായും കാക്ക, കഴു മുതലായതുകൾ തന്നെ ഉപദ്രവിച്ചുതായും നക്ഷത്രം, ചന്ദ്രൻ മുതലായവ ഭൂമിയിലേക്കു വീഴുന്നതായും വിള

---

* "അന്ത്യാവസായി" എന്നാണ് മൂലം. മുടവസ്ത്രീക്കു ചണ്ഡാലങ്കൽനിന്നുണ്ടാകുന്ന പുത്രൻ അന്ത്യാവസായിയാകുന്നു.

§ "വധ്യേത" എന്നും പാഠമുണ്ട്. അപ്പോൾ "ശത്രുക്കൾ തന്നെ യുദ്ധത്തിൽ കൊന്നായുന്നു" എന്നർത്ഥം.

പവ്വതാഗ്രാൽ പതത്യേഷ്യാ വാ ശബ്ദേ വാ തമസാവൃതേ
ഗ്രിയതേ സ്രോതസാ യോ വാ യോ വാ മൌണ്ഡ്യമവാപ്നുയാൽ.
പരാജീയേത ബഹ്വ്യത് കാകാതൈർവ്വാഭിഭൂയതേ
പതനം താരകാദ്രീനാം പ്രണാശം ദീപചക്ഷുഷോഃ.
യഃ പശ്യത്യേവതാനാം വാ പ്രകൃതിമവസ്ഥിതാം
യസ്യ ചർമ്മിവിരേകോ വാ ശോണിതം പ്രപതന്തി വാ
ശാല്മലീം കിംശുകം യൂപം വല്മീകം പാരിഭദ്രകം
പൃഷ്ഠ്യം കോവിദാരം വാ ചിതാം വാ യോധിരോഹതി.
കാപ്പാസതൈലപിണ്യാകലോഹാനി ലവണം തിലാൻ
ലശുനാശ്നീത വാ പകപലന്നം യശ്ച പിണ്ഡതൂരാമ്
സ പസ്ഥഃ സ ലഭതേ വ്യാധിം വ്യാധിതോമൃത്യുമൃച്ഛതി. 26

ക്ക കെട്ടുപോകുന്നതായും തന്റെ കണ്ണുകൾ നശിച്ചതായും ദേവന്മാരുടെ പ്രതിമകൾ വികൃതമാകുന്നതായും ഭൂമി കുലുങ്ങുന്നതായും താൻ മരിച്ചതായും തനിക്കു വയറിളക്കമുണ്ടായതായും തന്റെ പല്ലുകൾ വീണുപോയതായും മൂള, പ്ലാശ്, *കരിങ്ങാലി, പാമ്പിൻപുറം, വേപ്പ്, പൂത്തു നിൽക്കുന്ന മലയകത്തി, ശവം ചുടാനുള്ള തടി (ചിത) എന്നിവയുടെ മുകളിൽ താൻ കയറിയതായും പതുത്തി, എള്ളെണ്ണ, എള്ളിൻപിണ്ണാക്ക്, ഇരുമ്പുസാധനങ്ങൾ, ഉപ്പ്, എള്ള്, വേവിച്ചിട്ടുള്ള + ചോറ് എന്നിവ തനിക്ക് കിട്ടുകയോ താൻ ഭക്ഷിക്കുകയോ ചെയ്തതായും താൻ ×കള്ളുകുടിച്ചതായും എട്ടതാരുത്തൻ സ്വപ്നത്തിൽ കാണുന്നുവോ അവന്ന് ആ സമയത്തു രോഗമൊന്നുമില്ലാത്തപക്ഷം ഉടനെ രോഗമുണ്ടാകും; ഉള്ളപക്ഷം ആ രോഗത്തിൽ മരിക്കുകയും ചെയ്യും. 26

* "യൂപ"മെന്നതിനു യാഗത്തിനുള്ള പശുവിനെ ബന്ധിക്കുന്ന മരക്കുറ്റി യെന്നാണെല്ലോ സാധാരണ അർത്ഥം. ഇവിടെ കരിങ്ങാലിയെന്നാണു പ്രകൃതാനുസാരിയായ അർത്ഥമെന്നുള്ള വിലതരുടെ പക്ഷപ്രകാരം തള്ളിക്കളയുന്നില്ല. പശുബന്ധനമാത്രം എന്നതുതന്നെയാണു ഭല്ലനമതം.

+ "പകപക്വന്ന"മെന്ന മൂലത്തിൽ "പകപം മാംസം" എന്നു ചിലർ പാഠഭേദം വരുത്തിക്കാണുന്നു. പകപാന്നക്ഷേപണം അശുഭമല്ലെന്നാണു് അവരുടെ ഊഹമെന്നു തോന്നുന്നു.

× ഇതിന്റെ മൂലം "സുരാം" എന്നാണെല്ലോ. "അതു സാധാരണ കള്ളല്ല; അരിഷ്ടാവുകൊണ്ടുണ്ടാക്കുന്നതു കള്ളുപോലുള്ളതുമായ ഒന്നാകുന്നു. മദ്യത്രയഗണത്തിലുള്ള കള്ളിനു് അശുഭകാരിയാം പാഠഭേദമുണ്ടു" എന്നാണു് ചിലരുടെ പക്ഷം.

യഥാസ്വം പ്രകൃതിസ്ഥൈർവ്വിദ്യാതോ വിഹതശ്രുയഃ
ചിന്താകൃതോദിവാദൃഷ്ടാ വൈഫല്യാൽപ്രായേണതേ. 27

ജ്വരിതാനാം ശുനാസഖ്യം കപിസഖ്യന്തു ശോഷിണാമ്
ഉന്മാദിരാക്ഷസൈഃ പ്രേതൈരപസ്മാരേ പ്രവർത്തനം.
മേഹാതിസാരിണാം തോയപാനം സ്നേഹസ്യ കൃഷ്ണിനാമ്
ഗ്രഹവ്യൂഷസ്ഥവിരാൽപഞ്ജിഃ കോഷ്ഠേ മൂർദ്ധ്നി ശിരോരുജി.
ശഷ്കൂലീഭക്ഷണം ഛർദ്ദ്യാ മധ്യാഹ്നേ ശ്വാസപിപാസയോഃ
ഹാരിദ്രം ഭോജനം വാപി യസ്യ സ്യാൽ പാണ്ഡുരോഗിണഃ.
രക്തപിത്തീ പിബേദ്യശ്ച ശോണിതം സ വിനശ്യതി. 28

വാതപിത്തകഫപ്രകൃതികളായ ജനങ്ങൾ അവരവരുടെ പ്രകൃതിക്കനുസരിച്ച് ഓരോരോ സ്വപ്നങ്ങൾ *കാണാനിടയുണ്ട്. ചില സ്വപ്നങ്ങൾ കണ്ടുകഴിഞ്ഞാൽ ഉന്നതരുന്നോഴെക്ക് അത്ഭുതമാണുപോകും. ചില ചീത്തസ്വപ്നങ്ങളെക്കണ്ടതിനുശേഷം നല്ല സ്വപ്നത്താൽ അവ തടുക്കപ്പെട്ടു എന്നു വരാം. ഉറങ്ങുന്നതിനുമുമ്പ ബലമായി മനസ്സിൽ ചിന്തിച്ചു കിടന്നതങ്ങിനെതന്നെ ചിലപ്പോൾ സ്വപ്നത്തിൽ കാണും. പകലുറങ്ങുന്നോഴായിരിക്കും ചില സ്വപ്നങ്ങൾ കാണുന്നത്. ഇങ്ങിനെയൊക്കെയുണ്ടാകുന്ന സ്വപ്നങ്ങൾക്കൊന്നും ഫലമുണ്ടാകുന്നതല്ല.

ജ്വരരോഗി സ്വപ്നത്തിൽ ശ്വാവിനോടും ക്ഷയരോഗമുള്ളവർ കൃരങ്ങന്മാരോടും ഉന്മാദരോഗമുള്ളവർ രാക്ഷസന്മാരോടും അപസ്മാരമുള്ളവർ പ്രേതങ്ങളോടും സ്നേഹമായിരുന്നു കളിച്ചു എന്നു കണ്ടാൽ അവർക്ക് അതു നാശകാലമാണെന്നു ഗ്രഹിക്കാം. പ്രമേഹമോ അതിസാരമോ ഉള്ളവർ വെള്ളം കുടിച്ചതായും കൃഷ്ണമുള്ളവർ എണ്ണയോ നെയ്യോ മറ്റോ കുടിച്ചതായും ഗ്രഹമുള്ളവർ തങ്ങളുടെ വയറാത്തു് മരമോ വള്ളിയോ മറ്റോ മുളച്ചുവന്നതായും ശിരോരോഗമുള്ളവർ തലയിൽ മരവും മറവും മുളച്ചതായും, ഛർദ്ദിരോഗമുള്ളവർ ശഷ്കുലി (എള്ളുണ്ട, മുറുക്ക്) ഭക്ഷിച്ചതായും ഹിക്കയോ വെള്ളംവാഹമോ ഉള്ളവർ വഴിനടന്നതായും

---

* വാതപ്രകൃതിയായവൻ ആശകാരത്തിൽ കേറിയതായും മറ്റും, പിത്തപ്രകൃതിക്കാരൻ പ്ലാശിൻപൂവിനേയും മറ്റും, കഫപ്രകൃതിയായവൻ വെള്ളത്തിലിറങ്ങിയതായും മറ്റും സ്വപ്നം കണ്ടാൽ അതു പ്രകൃതിസ്വപ്നമാകുന്നു. പ്രകൃതിസ്വപ്നങ്ങൾ ശാരീരസ്ഥാനത്തിൽ പഠയപ്പെട്ടും.

സ്വപ്നാനേവംവിധാൻ ദൃഷ്ട്വാ പ്രാതരുത്ഥായ യഃ
ദദ്യാന്മാഷാംസ്തിലാംല്ലോഹം വിപ്രേഭ്യഃ കാഞ്ചനം തഥാ
ജപേച്ചാപി ശുഭാന്മന്ത്രാൻ ഗായത്രീം ത്രിപദാം തഥാ. 28. 1
ദൃഷ്ട്വാ ച പ്രഥമേ യാമേ സുപ്യാദ്ധ്യാത്വാ പുനഃ ശുഭമ്
ജപേദ്വാന്യതമം ദേവം ബ്രഹ്മചാരീ സമാഹിതഃ. 30
ന ചാചക്ഷീത കസ്മൈചിദ്ദൃഷ്ട്വാ സ്വപ്നമശോഭനമ്
ദേവതായതനേ ചൈവ വസേദ്രാത്രിത്രയം തഥാ
വിപ്രാംശ്ച പൂജയേന്നിത്യം ദുഃസ്വപ്നാൽ പ്രവിമുച്യതേ. 31
അത ഊർദ്ധ്വം പ്രവക്ഷ്യാമി പ്രശസ്യം സ്വപ്നദർശനമ്
ദേവാന്ദ്വിജാൻ ഗോവൃഷഭാൻ ജീവതഃ സുഹൃദോ നൃപാൻ.

പാണ്ഡുരോഗമുള്ളവർ മഞ്ഞൾകൂട്ടിയ ആഹാരം വല്ലതും കഴിച്ചതായും രക്തപിത്തമുള്ളവൻ രക്തം കുടിച്ചതായും സ്വപ്നത്തിൽ കണ്ടാൽ അവക്കു മരണമടുത്തിരിക്കുന്നു എന്നു നിശ്ചയിക്കാം. 28

മേൽപറഞ്ഞ ചീത്ത സ്വപ്നങ്ങൾ കണ്ടുവെങ്കിൽ ആയവൻ രാവിലെ എഴുനീറ്റ ഉടനെ ബ്രാഹ്മണരെ വരുത്തി അവക്കു് ഉഴുന്നു്, എള്ളു്, ഇരിമ്പു്, സ്വർണ്ണം എന്നിവയെ ദാനം ചെയ്യണം. എന്നുമാത്രമല്ല, സ്വപ്നദോഷങ്ങളേൽക്കാതിരിക്കാനായി വിശിഷ്ടങ്ങളായ മന്ത്രങ്ങളെ ജപിക്കയും പ്രത്യേകിച്ചു് 'ത്രിപദാഗായത്രിമന്ത്രം' ജപിക്കയും ചെയ്യണം. 29

രാത്രി ഒന്നാംയാമത്തിൽ ചീത്ത സ്വപ്നം കണ്ടാൽ പിന്നെ നല്ല വിഷയങ്ങളെ മനസ്സിൽ ധ്യാനിച്ചുകൊണ്ടും എങ്കിലതെങ്കിലും ഒരു ഈശ്വരനാമം ജപിച്ചുകൊണ്ടും മനസ്സുമാധാനത്തോടും ഇന്ദ്രിയജയത്തോടുംകൂടി ബ്രഹ്മചാരിയായിട്ടു് പിന്നെ കിടന്നുറങ്ങണം. 30

ചീത്ത സ്വപ്നം കണ്ടാൽ ആ വിവരം ആരോടും പറയരുതു്. എന്നുതന്നെയല്ല, പിന്നെ മൂന്നു രാത്രിയിൽ അമ്പലത്തിൽ ചെന്നു ദേവാരാധനം ചെയ്യുകയും വേണം. ബ്രാഹ്മണരെ പൂജിക്കുന്നതും ദുഃസ്വപ്നദോഷത്തിനു് ഒരു പരിഹാരമാകുന്നു. ഇങ്ങിനെയായാൽ ദുഃസ്വപ്നംകൊണ്ടുള്ള ഫലം അനുഭവിക്കാനിടവരികയും പിന്നെ മറ്റൊരിക്കൽ അതുപോലെ സ്വപ്നം കാണുകയും ചെയ്യുന്നതല്ല. 31

ഇനി യിവിടെ നല്ല സ്വപ്നങ്ങളെപ്പറ്റി പറവാൻ പോകുന്നു:—

ദേവന്മാരെയും ബ്രാഹ്മണക്ഷത്രിയവൈശ്യന്മാരിലാരെയും പശുക്കളേ

ഗ്നിം വിപ്രാംശ്ച നിർമ്മലാൻ ജലാനി ച
ഗുൽ കല്യാണലാഭായ വ്യാധേരുപശമായ ച. 32
ഹംസം മത്സ്യാൻ സ്രജഃ ശ്വേതാ വാസാംസി ച ഫലാനി ച
ലഭതേ ധനലാഭായ വ്യാധേരുപശമായ ച. 33
മഹാപ്രാസാദസഫലവൃക്ഷാരോഹണപർവ്വതാൻ
ആരോഹേദ്ദ്രവ്യലാഭായ വ്യാധേരുപശമായ ച. 34
നദീനദസമുദ്രാംശ്ച ക്ഷുഭിതാൻ കലുഷോദകാൻ
തരേൽ കല്യാണലാഭായ വ്യാധേരുപശമായ ച. 35
ഉരഗോ വാ ജലൗകോ വാ ഭൂമരോ വാപി യം ദശേൽ
ആരോഗ്യം നിർദ്ദിശേത്തസ്യ ധനലാഭഞ്ച ബുദ്ധിമാൻ. 36
ഏവംരൂപാൻ ശുഭാൻ സ്വപ്നാൻ യഃ പശ്യേദ്ബുദ്ധിതോ നരഃ
സ ദീർഘായുരിതി ജ്ഞേയസ്തഥൈവ കർമ്മ സമാചരേൽ. 37

ഇതി സുശ്രുതസംഹിതായാം സൂത്രസ്ഥാനേ
വിപരീതാവിപരീതദൃഷ്ടശകുനസ്വപ്ന നിദർശനീയോ നാമൈ
കോനത്രിംശോഽധ്യായഃ.

യും കാളകളേയും ജീവിച്ചിരിക്കുന്ന സ്നേഹിതന്മാരെയും രാജാക്കന്മാരേയും കുതിരപ്പുറത്തിരിക്കുന്ന അഗ്നിയേയും ബ്രാഹ്മണരേയും തെളിഞ്ഞ വെള്ളങ്ങളേയും സ്വപ്നത്തിൽ കണ്ടാൽ അവക്ക് മേലിൽ മംഗളം സംഭവിക്കും. അവക്കുപ്പോൾ വല്ല രോഗമുണ്ടെങ്കിൽ അതു ശമിക്കയും ചെയ്യും. 32

മാംസം, മത്സ്യം, വെളുത്ത പൂമാല, വസ്ത്രങ്ങൾ, കായകൾ ഇവയെ സ്വപ്നം കണ്ടാൽ അവക്ക് സമ്പത്തുണ്ടാകയും വ്യാധി നശിക്കയും ചെയ്യും. വലിയ രാജമാളികയുടെയും കായുള്ള വൃക്ഷത്തിന്റെയും കുന്നുകളുടെയും മലയുടെയും മുകളിൽ കേറിയതായും കലങ്ങിയിളകിക്കൊണ്ടിരിക്കുന്ന നദി, നദം (പടിഞ്ഞാട്ടൊഴുകുന്നത്), സമുദ്രം എന്നിവയേയും കലങ്ങിയ വെള്ളമുള്ള മറ്റുവല്ല ജലാശയങ്ങളേയും കടന്നതായും സ്വപ്നമൊ അല്ലയൊ വണ്ടൊ തന്നെക്കടിച്ചതായും സ്വപ്നം കണ്ടാൽ സമ്പത്തുണ്ടാകയും വ്യാധി നശിക്കയും ചെയ്യുന്നതാണ്. 33–36

മേൽപറഞ്ഞപ്രകാരത്തിലുള്ള നല്ല സ്വപ്നങ്ങളെ കണ്ടതായാൽ രോഗി കാണുന്നവൻ അവൻ ദീർഘായുസ്സായിരിക്കുമെന്നു മനസ്സിലാക്കി വേണ്ടുന്ന ചികിത്സ ചെയ്തുകൊള്ളണം. 37

ഇങ്ങിനെ സുശ്രുതസംഹിതയിൽ സൂത്രസ്ഥാനത്തിൽ
വിപരീതാവിപരീതദൃഷ്ടശകുനസ്വപ്ന നിദർശനീയമെന്നു
ഇരുപത്തൊമ്പതാമധ്യായം കഴിഞ്ഞു.

ത്രിംശത്തമാധ്യായഃ.

അഥാതഃ പഞ്ചേന്ദ്രിയാർത്ഥവിപ്രതിപത്തിമധ്യായം വ്യാഖ്യാസ്യാമഃ. 1

(പ). ശരീരശീലയോഷ്മസ്യ പ്രകൃതേർവ്വികൃതിർഭവേൽ
തത്ഥാരിഷ്ടം സമാസേന വ്യാസതസ്തു നിബോധ മേ. 2

മുപ്പതാമധ്യായം.

ഇനി *പഞ്ചേന്ദ്രിയാർത്ഥവിപ്രതിപത്തിയെന്ന അദ്ധ്യായം പറയാം:— 1

ശരീരത്തിലുള്ള ഇന്ദ്രിയങ്ങൾക്കും മനസ്സിനും പ്രകൃതിക്കും മാറാം സംഭവിക്കുന്നുവെങ്കിൽ ആ മാറ്റത്തിന്നു് അരിഷ്ടം (മരണലക്ഷണം) എന്നു് ആകപ്പാടെ ഒരു പേർ നിശ്ചയിക്കപ്പെട്ടിരിക്കുന്നു. ഇപ്പോൾ ആ അരിഷ്ടലക്ഷണങ്ങളെ പ്രത്യേകം വിസ്തരിച്ചു ഞാൻ പറയുന്നതിനെ കേട്ടുകൊൾകുക.— 2

---

* കണ്ണു്, ചെവി, മൂക്കു്, നാവു്, തൊലി എന്നീ അഞ്ചുപ്രകാരം ജ്ഞാനേന്ദ്രിയങ്ങളെക്കൊണ്ടു് പദാർത്ഥങ്ങളെ പ്രാണികൾ ഗ്രഹിക്കുന്നു. ഈ ഗ്രഹണം വിപരീതസ്വഭാവത്തിലായാൽ അതു മരണലക്ഷണമാണു്. അതുകൊണ്ടു വിപരീതലക്ഷണങ്ങളെ ഈ അദ്ധ്യായത്തിൽ പറയുന്നു.

§ പ്രകൃതിയെ അനവിധമായി ചരകത്തിൽ വിഭജിച്ചിട്ടുണ്ടു്. മനുഷ്യാദികളുടെ ശരീരാവയവങ്ങൾക്കും ബുദ്ധിസംബന്ധിക്കുന്ന ഭാഷണം മുതലായ വ്യാപാരങ്ങൾക്കും ഒരു പ്രത്യേകവ്യത്യാസം കാണുന്നുണ്ടല്ലോ. ഈ സ്വഭാവം "ശരീരപ്രകൃതി"യെ പ്രതിയാകുന്നു. ബ്രാഹ്മണവംശത്തിലുള്ള വർക്കു് അധ്യയനാദികളെക്കുറിച്ചുള്ള ശ്രദ്ധയുണ്ടാകും. ക്ഷത്രിയകുലത്തിലുണ്ടായവർക്കു് യുദ്ധങ്ങളിൽ രസമുണ്ടാകും. ഇങ്ങിനെ വൈശ്യന്മാർക്കും വേറെയായിട്ടുണ്ടാകുന്നതു "കുലപ്രകൃതി"യാണു്. മലയാളികൾക്കു തമിഴർക്കും തെലുങ്കർക്കും അതാതു ദേശസ്വഭാവങ്ങളാലുണ്ടായ സ്ഥൂലശരീരത്തിലും വാക്കിലും മനസ്സിലും മറ്റും പലതരം സ്വഭാവഭേദങ്ങളും കാണാവുണ്ടു്. ഈ വകയെ "ദേശാനുപാതിനീപ്രകൃതി"യെന്നു പേർ പറയുന്നു. ഇനി "കുലാനുപാതിനി"യെന്നൊരു പ്രകൃതിയുണ്ടു്. അച്ഛൻ ഉത്തരായനാദിയായി കാലഞ്ചെന്നാൽ കാരണം നിമിത്തം ദേഹത്തിനു മാറ്റം സംഭവിക്കുന്ന ബാല്യം മുതലായ സ്വഭാവങ്ങളുണ്ടാകുമല്ലോ. ബാല്യത്തിൽ അംഗങ്ങൾക്കു മൃദുത്വം മുതലായ സ്വഭാവങ്ങളുണ്ടാകും. യൌവനത്തിലും മറ്റും ഇവിടെ വ്യത്യാസം കാണുന്നു. ഈ പ്രകൃതിയെ "വയോനുപാതിനി"യെന്നു പറയുന്നു. (ഈ ദേശകുലവയോനുപാതിനീപ്രകൃതികൾക്കു് സ്ഥിരതയില്ലാത്തതിനെയാണു്). അതാതു പ്രകൃതിക്കു "പ്രത്യാത്മനിയതാ"ണെന്നാണു് പൊതു

ശൂന്യോതി വിവിധാൻ ശബ്ദാൻ യോ ദിവ്യാനവഭാവതഃ
സമുദ്രപുരമേഘാനാമസംപത്തൗ ച നിഃസ്വനാൻ.
താൻ സ്വനാന്നാവഗൃഹ്ണാതി മന്യതേ ചാന്യശബ്ദവത്
ഗ്രാമ്യാരണ്യസ്വനാംശ്ചാപി വിപരീതാൻ ശൂന്യനാദ്യുചിഃ. 4
ദ്വിഷച്ഛബ്ദേഷു രമതേ സുഹൃച്ഛബ്ദേഷു കുപ്യതി
ന ശൂന്യോതി ച യോകസ്മാത്തം ബ്രുവന്തി [illegible]. 5

സിദ്ധഗന്ധർവ്വാദികളായ ദിവ്യന്മാരൊന്നും പ്രത്യക്ഷമായി കാണപ്പെടാതിരിക്കുമ്പോൾ അവരുടെ സംഗീതം മുതലായ ശബ്ദങ്ങളെ കേൾക്കുന്നതിനെ സിദ്ധഗന്ധർവ്വാദി ദിവ്യന്മാരെ പലമാതിരി (സംഗീതം മുതലായ) ശബ്ദങ്ങൾ കേൾക്കുന്നു എന്നതിനെ (*അസംപത്തൗ) മനുഷ്യനു അടുത്തില്ലാത്ത ദിക്കിൽ വെച്ചു് അടുത്തിരിക്കെ സമുദ്രത്തിന്റെ തിരയടിശബ്ദം കേൾക്കുന്നതായും നഗരത്തിനടുത്തല്ലാതിരിക്കെ ജനങ്ങളുടെ ആരവാരം കേൾക്കുന്നതായും മേഘങ്ങളൊന്നുമില്ലാതിരിക്കെ ഇടിവെട്ടുന്നശബ്ദം കേൾക്കുന്നതായും തോന്നുക, ഈ വക ശബ്ദങ്ങൾ യഥാർത്ഥമായിട്ടുള്ളപ്പോൾ അവയെ ഗ്രഹിക്കാതിരിക്കയും ആ ശബ്ദങ്ങളെ മറ്റൊന്നായി മാറി മനസ്സിലാക്കുകയും ചെയ്യുക, നാട്ടുശബ്ദങ്ങളെ കാട്ടുശബ്ദങ്ങളാണെന്നും കാട്ടുശബ്ദങ്ങളെ നാട്ടുശബ്ദങ്ങളാണെന്നും മനസ്സിലാക്കുക, ശത്രുക്കളുടെ ശബ്ദം കേൾക്കുമ്പോൾ സന്തോഷിക്കയും ബന്ധുക്കളുടെ ശബ്ദം കേട്ടാൽ കോപിക്കയും ചെയ്യുക, ഏതൊരുവിധം ശബ്ദത്തെയും കാരണംകൂടാതെ കേൾക്കാതാവുക, ഏതിങ്ങിനെയുള്ള ലക്ഷണങ്ങൾ കണ്ടാൽ ആ മനുഷ്യൻ മരിക്കാറായിരിക്കുന്നു എന്നു് വിദ്വാന്മാർ അഭിപ്രായപ്പെടുന്നു. 3—5

ഓരോ അളവുകൾക്കും പ്രമാണം പ്രമാണം എന്നു പറയുന്നതിനെപ്പറ്റിയാണു് ഇവിടെ പറയുന്നതു്. സാമുദ്രികാദിശാസ്ത്രപ്രകാരം ഉത്തമമായുസ്സു്, മദ്ധ്യമായുസ്സു്, അധമായുസ്സു് എന്നു നിശ്ചയിക്കപ്പെടാവുന്നതായ ലക്ഷണങ്ങളെ ഏഴാമതൊന്നു പ്രകൃതിയായി ചിലർ വിചാരിക്കുന്നു. സത്വരജസ്സുമോഹങ്ങളെക്കൊണ്ടു മൂന്നതരമെ പ്രകൃതിയുള്ളു എന്നും ചിലർ വിചാരിക്കുന്നു.

* "അസംപത്തൗ" = "രോഗി തപസ്സുചെയ്തു ദിവ്യസൃഷ്ടി സിദ്ധിച്ചിട്ടില്ലാത്തവനായിരിക്കെ" എന്നർത്ഥം പറയാം.

യസ്യോഷ്ണമിവ ഗൃഹ്ണാതി ശീതമുഷ്ണഞ്ച ശീതവൽ
സഞ്ജാതശീതപിഡകോ യശ്ച ദോഹന പീഡ്യതേ. 6
ഉഷ്ണഗാത്രോതിമാത്രഞ്ച യഃ ശീതേന പ്രവേപതേ
പ്രഹാരാന്നാഭിജാനാതി യോംഗേഷ്വേമഥാപി വാ. 7
പാംസുനേവാവകീർണ്ണാനി യശ്ച ഗാത്രാണി മന്യതേ
വർണ്ണാന്യഭാവോ രാജ്യോ വാ യസ്യഗാത്രേ ഭവന്തി ഹി. 8
സ്നാതാനുലിപ്തം യഞ്ചാപി ഭജന്തേ നിലമക്ഷികാഃ
സുഗന്ധിവ്വാതി യോകസ്മാത്തം ബ്രുവന്തി ഗതായുഷ്മ്. 9

ഫ്ളതൊരുത്തൻ ചൂടുള്ളതിനെ തൊട്ടനോക്കീട്ട് തണുത്തതാണെ പ്രകാശിക്കുന്നത്തിനെ ഉഷ്ണമെന്നും മനസ്സിലാക്കുന്നവൊ, കഫംകൊണ്ട് ണ്ടായതായും തൊട്ടുനോക്കുമ്പോൾ തണുത്തുകൊണ്ടുമിരിക്കുന്ന കുരുക്കൾ (പിടക) ദേഹത്തിലുണ്ടായിരിക്കെ ഫ്ളതൊരുത്തന്നു *ചൂടുനീൽ അധികമായിക്കാണുന്നവൊ, ദേഹത്തിൽ അതിയായ ഉഷ്ണമുണ്ടായിരിക്കെ ഫ്ളതൊരുത്തൻ തണുത്തു വിറച്ചുവശാകുന്നവൊ, ഫ്ളതൊരുത്തന്റെ ദേഹത്തിൽ അടിക്കയൊ അംഗങ്ങളിൽ മുറിപ്പെടുത്തുകയൊ ചെയ്യാൽ അവനറിയാതിരിക്കുന്നുവൊ, തന്റെ അവയവങ്ങളിൽ പൊടിവിതറിയപോലെ ഫ്ളതൊരുത്തന്നു തോന്നുന്നുവൊ, ഫ്ളതൊരുത്തന്റെ തോലിൽ സ്വതേ ഉണ്ടായിരുന്ന നിറം മാറിക്കാണുകയൊ നീലനിറത്തിലൊ ചുകന്നൊ ഇരിക്കുന്ന വരകളുണ്ടായിക്കാണുകയൊ ചെയ്യുന്നുവൊ, കുളിച്ചു കുറിയിട്ടിരിക്കുന്ന സമയത്തു് ഫ്ളതൊരുത്തന്റെ അംഗങ്ങളിൽ നിലനിറത്തിലുള്ള ഈച്ചകൾ ചെന്നു +പാറുന്നുവൊ, ഒരു കാരണവുംകൂടാതെ ഫ്ളതൊരുത്തന്റെ ദേഹം ഫ്ളറവും †സുഗന്ധമുള്ളതായിരിക്കുന്നുവൊ, അവരെല്ലാവരും മരണമടുത്തിട്ടുള്ളവരാകുന്നു. 6-9

* ഈ പിടകയുണ്ടായാൽ ജാഡ്യംമുതലായ ഉപദ്രവങ്ങളുണ്ടാകുമെന്നുള്ളതു്. അതിനുപകരം ചൂടുനീരുണ്ടാകുന്നതു വിപരീതലക്ഷണമാണെന്നറിയുക.

+ "അതൃത്ഥ, രസികം കായം കാലപകസ്യ മക്ഷികാഃ അപി സ്നാതാനുലിപ്തസ്യ ഭൃശമായാന്തി സർവ്വതഃ" (മരിക്കാനടുത്ത മനുഷ്യർ തേച്ചുകുളിച്ചു കുറിയിട്ടിരിക്കുന്ന സമയത്തുടനെ ദേഹത്തിലെ മധുരസാന്നിദ്ധ്യം ഈച്ചകൾ അധികം മുറുകെ വന്നുമൂടുന്നതാണു്) എന്ന പുരാതനവചനമുണ്ടു്. എന്നാൽ ഈ ലക്ഷണം കണ്ടാൽ പിന്നെ ഒരു കൊല്ലത്തെക്കഴിഞ്ഞു കിട്ടുന്നതു പ്രയാസമാണെന്നറിയണം.

† ഇതും ഒരു വർഷം അവധിയുള്ള മരണലക്ഷണമാകുന്നു.

വിപരീതേന ഗൃഹ്ണാതി രസാൻ യശ്ചോപയോജിതാൻ
ഉപയുങ്ക്തേ ക്രമാദ്യസ്യ രസാ ദോഷാഭിവൃദ്ധയേ. 10
യസ്യ ദോഷാഗ്നിസാമ്യഞ്ച കൃത്സ്നമ്മിഥ്യോപയോജിതാഃ
യോ വാ രസാന്ന സംവേത്തി ഗതാസും തം പ്രചക്ഷതേ. 11
സുഗന്ധം വേത്തി ദുർഗ്ഗന്ധം ദുർഗ്ഗന്ധസ്യ സുഗന്ധിതാമ്
ഗൃഹ്ണീതേ യോന്യഥാ ഗന്ധം ശാന്തേ ദീപേ ച നീരുജഃ
യോ വാ ഗന്ധാന്ന ജാനാതി ഗതാസും തം വിനിർദ്ദിശേൽ. 12
ദ്വന്ദ്വാന്യൃഷ്ണഹിമാദീനി കാലാവസ്ഥാ ദിശസ്ഥാ
വിപരീതേന ഗൃഹ്ണാതി ഭാവാനന്യാംശ്ച യോ നരഃ. 13

വിത്തൊരുത്തന്നു മധുരം പുളിയായും പുളി മധുരമായും ഇങ്ങിനെ രസങ്ങളെല്ലാം വാസ്തവത്തിന്നു വിപരീതമായി നാവിന്നു തോന്നുന്നുവോ, വാതാദിദോഷങ്ങളെ ശമിപ്പിക്കുന്നവയായ മധുരാദിരസങ്ങൾ ക്രമപ്രകാരം ഉപയോഗിച്ചാലും ആ ദോഷങ്ങൾ വിത്തൊരുത്തന്നു വർദ്ധിച്ചുകാണുകയും ക്രമപ്രകാരമല്ലാതെ രസങ്ങളെ ഉപയോഗിക്കുന്നതുകൊണ്ട് വിത്തൊരുത്തന്നു ദോഷങ്ങളും ജഠരാഗ്നിയും വൃദ്ധിക്ഷയങ്ങളെന്നിയേ സമാവസ്ഥയിലിരിക്കയും ചെയ്യുന്നുവോ, വിത്തൊരുത്തന്നു് അകാരണമായി നാവിൽ ഒരു രസവും തോന്നാതായിത്തീരുന്നുവോ *അവരെല്ലാവരും മരണത്തിന്നടുത്തിരിക്കുന്നവരാണു്. 10–11

സുഗന്ധത്തെ ദുർഗ്ഗന്ധമെന്നും ദുർഗ്ഗന്ധത്തെ സുഗന്ധമെന്നും മാറിഗ്രഹിക്കുക, ഒരു പദാർത്ഥത്തിന്റെ ഗന്ധത്തെ മറ്റൊന്നിന്റേതാണെന്നു തെറ്റായി ഗ്രഹിക്കുക, വിളക്കു കെട്ടാലുണ്ടാകുന്ന പുകയുടെ ഗന്ധത്തെ, പീനസം മുതലായ ഒരു രോഗവുമില്ലാതിരിക്കെ ശരിയായി ഗ്രഹിക്കാൻ വയ്യാതാവുക ഇത്തരം മരണമടുത്താലുള്ള ലക്ഷണമാകുന്നു. 12

ഉഷ്ണം, ശീതം മുതലായ പരസ്പരവിരുദ്ധധർമ്മങ്ങളേയും കാലത്തിന്റെ †അവസ്ഥാഭേദങ്ങളേയും കിഴക്കു്, തെക്കു് മുതലായ ദിക്കുകളേയും ഇത്തരത്തിലുള്ള മറ്റുസംഗതികളേയും വിത്തൊരുത്തൻ വിപരീതമായിഗ്രഹിക്കുന്നുവോ ¶അവനും, പകൽസമയത്തു നക്ഷത്രം മുതലായവ

---

* ഇതിനും ഒരു മാസത്തെ അവധിയാണു്.

† കൊട്ടുംകാറ്റു്, ഒപ്പാടിപാക്കൽ, മഞ്ഞുവീഴ്ച, മഴപെയ്യൽ മുതലായതു്.

¶ ഇതും ഒരു മാസത്തെക്കുള്ള ലക്ഷണംതന്നെ. ദിക്കുകളും മാറിഗ്രഹിക്കുന്നതു മൂന്നു മാസത്തെ ലക്ഷണമത്രെ.

ദിവാ ജ്യോതീംഷി യശ്ചാപി ജ്വലിതാനിവ പശ്യതി
രാത്രൗ സൂര്യം ജ്വലന്തം വാ ദിവാ വാ ചന്ദ്രവച്ഛസമ്. 14
അദ്ഭുതഘ്നാപപ്ലുവേ യശ്ച ശക്രചാപതടിദ്ഗ്രണാൻ
തടിത്തോസിതാൻ യോ വാ നിർമ്മലേ ഗഗനേ ഘനാൻ. 15
വിമാനയാനപ്രാസാതൈശ്ച സംകുലമംബരമ്
യശ്ചാനിലം മൂർത്തിമന്തമന്തരീക്ഷഞ്ച പശ്യതി. 16
ധൂമനീഹാരവാസോഭിരാവൃതാമിവ മേദിനീമ്
പ്രദീപ്തമിവ ലോകഞ്ച യോ വാ പ്ലുതമിവാംഭസാ. 17
ഭ്രമിമഷ്ടാപദാകാരാം ലേഖാടിഭിശ്ച പശ്യതി

പ്രകാശിക്കുന്നതായും രാത്രിയിൽ സൂര്യനുദിച്ചിരിക്കുന്നതായും പകൽ സൂര്യൻ ചന്ദ്രനെപ്പോലെ സൌമ്യതയിൽ പ്രകാശിക്കുന്നതായും ഏവൻ കാണുന്നുവോ അവനും, കാർമേഘങ്ങളൊന്നും ആകാശത്തിലില്ലാതിരിക്കെ ഇന്ദ്രചാപത്തേയും മിന്നൽപിണരുകളേയും ഏറ്റവുമുത്തമൻ കാണുന്നുവോ അവനും, ആകാശം ഏറ്റവും നിർമ്മലമായിരിക്കെ അവിടെ മിന്നൽപിണരുകളോടുകൂടിയ കാർമേഘങ്ങളെ ഏറ്റവുമുത്തമൻ കാണുന്നുവോ അവനും, വിമാനങ്ങളും വാഹനങ്ങളും മാളികകളും ആകാശത്തിൽ നിറഞ്ഞുനിൽക്കുന്നതായി ഏറ്റവുമുത്തമൻ കാണുന്നുവോ അവനും, ഏറ്റവുമുത്തമൻ വായുവിനേയും ആകാശത്തേയും സചിത്രപുള്ള വയായിക്കാണുവോ അവനും, പുക മഞ്ഞ്, വസ്ത്രം ഇവയാലെന്നവണ്ണം ഭൂമി മൂടിയിരിക്കുന്നതായി ഏവൻ കാണുന്നുവോ അവനും, ലോകം മുഴുവൻ കത്തിപ്പോകുന്നതായിട്ടോ വെള്ളത്തിൽ മുഴുകിപ്പോകുന്നതായിട്ടോ ഏറ്റവുമുത്തമൻ കാണുന്നുവോ അവനും, ഭൂമിമുഴുവൻ *സുവർണ്ണമയങ്ങളായ രേഖകളാൽ വ്യാപിക്കപ്പെട്ടിരിക്കുന്നതായി ഏറ്റവുമുത്തമൻ കാ

---

* "ഭ്രമിമഷ്ടാപദാകാരാം ലേഖാഭി" ഇന്നാണല്ലൊ മൂലം. ഇതിനെ ഭാഷ്യകാരൻ കാണിച്ച അർത്ഥമാണ് തർജ്ജമയിൽ ഇടുത്തിരിക്കുന്നത്. ഒരുപ്പാപദേശത്തിനെ ചുറ്റുമാർഗവും ചതുരംഗം കളിക്കുന്നവർ വേണ്ടതുപോലെ വരച്ചുണ്ടാക്കിക്കളിക്കാറുപയോഗിക്കുന്ന പലകയെന്നൊരർത്ഥമുണ്ട്. അതിൽ വസ്തുതിൽ രേഖകളുണ്ടാകുമിതിനെ ചതുരംഗപടമുണ്ടാക്കുന്നു. ഈ സാധനംപോലെ വരകളോടുകൂടിയതായി ഭൂമിയെക്കാണുന്നതു് ഒരുവിധം വികൃതദർശനമാണെന്നല്ലൊ. അതുകൊണ്ടു് ഈ വാക്യത്തിനു് ഇതാണു് അർത്ഥമെന്നു ചിലർ പുഴിക്കാണുന്നു. ലേഖാശബ്ദസമാനമായുകൊണ്ടു് ഈ ഒർത്ഥം സ്വീകരിച്ചു് ശൈലകാനനാദികളെന്നും.

ന പശ്യതി സനക്ഷത്രാം യശ്ച ദേവീമരുന്ധതീമ്
ധ്രുവമാകാശഗംഗാം വാ തം വദന്തി ഗതായുഷാമ്. 18
ജ്യോൽസ്നാദർശോഷ്ണതോയേഷു ഛായാം യശ്ച ന പശ്യതി
പശ്യത്യന്യകാംഗഹീനാം വാ വികൃതാം വാന്യസന്നിഭാമ്. 19
ശ്വകാകകങ്കഗൃധ്രാണാം പ്രേതാനാം യക്ഷരക്ഷസാമ്
പിശാചോരഗനാഗാനാം ഭൂതനാം വികൃതാമപി.
യോ വാ മയൂരകണ്ഠാഭം വിധൂമം വഹ്നിമീക്ഷതേ
ആതുരസ്യ ഭവേന്മൃത്യുഃ സപ്തസ്ഥോ വ്യാധിമവാപ്നുയാൽ. 21

ഇതി സുശ്രുതസംഹിതായാം സൂത്രസ്ഥാനേ
പഞ്ചേന്ദ്രിയാർത്ഥവിപ്രതിപത്തിർനാമ
ത്രിംശോഽധ്യായഃ.

ണെന്നുവോ അവനും, സപ്തർഷിനക്ഷത്രങ്ങളോടുകൂടിയിരിക്കുന്നതായ അരുംധതിനക്ഷത്രത്തെയോ ധ്രുവനക്ഷത്രത്തെയോ *ആകാശഗംഗയേയോ ഏഴുനാരുത്തൻ നോക്കിയാൽ കാണാതിരിക്കുന്നവോ അവനും മരണമടുത്തിട്ടുള്ളവനാണെന്നു വിദ്വാന്മാർ പറയുന്നു. 13-18

ചന്ദ്രികയിലും കണ്ണാടിയിലും വെയിലത്തും വെള്ളത്തിലും തന്റെ നിഴൽ നോക്കുമ്പോൾ കാണാതാകയോ അല്ലെങ്കിൽ ആ നിഴലിൽ ഏതെങ്കിലും ഒരംഗമില്ലാതെ കാണുകയോ നിഴൽ ആകപ്പാടെ ഒരു വികൃതരൂപമായിക്കാണുകയോ തന്റെ നിഴൽ നോക്കുമ്പോൾ മറ്റുവല്ല ജന്തുക്കളേടേയും ഛായയപോലെ കാണുകയോ ശ്വാവു്, കാക്ക, ചൂര്യത്തു്, കഴു, പ്രേതങ്ങൾ, യക്ഷന്മാർ, രാക്ഷസന്മാർ, പിശാചുക്കൾ, സർപ്പങ്ങൾ, ആനകൾ (നാഗ) എന്നിവയുടെ ആകൃതിപോലേയോ വികൃതരൂപമായിട്ടോ തന്റെ നിഴലിനെ കാണുകയോ ചെയ്യുൽ അവർ ഉടനെ മരിക്കും. 19-20

അപ്രകാരംതന്നെ തീക്കത്തുമ്പോൾ അതിനെ പുകയില്ലാതേയും മയിലിന്റെ കഴുത്തുപോലെ പലവർണ്ണത്തിലും ഏതൊരുത്തൻ കാണുന്നുവോ അവൻ രോഗിയാണെങ്കിൽ ഉടനെ മരിക്കയും സ്വസ്ഥനാണെങ്കിൽ രോഗിയായിത്തീരുകയും ¶ ചെയ്യും. 21

ഇങ്ങിനെ സുശ്രുതസംഹിതയിൽ സൂത്രസ്ഥാനത്തിൽ
പഞ്ചേന്ദ്രിയാർത്ഥവിപ്രതിപത്തി എന്ന
മുപ്പതാമധ്യായം കഴിഞ്ഞു.

* വടക്കു തെക്കുനീളത്തിൽ ആകാശത്തിൽ കാണുന്ന ഛായാപഥ(Milky way) മാണിതു്, ദൂരത്തുനിന്നു നോക്കുമ്പോൾ ഗംഗയെപ്പോലെ വെള്ളത്തിന്നിടത്തിലായിക്കാണുന്നതുകൊണ്ടു് ആകാശഗംഗയെന്നു പറഞ്ഞുവരികയാണു്.

¶ അരിഷ്ടലക്ഷണങ്ങളേതുകാണുമ്പോഴും മിക്കതും സ്വസ്ഥനായാൽ രോഗംവരും. രോഗിയായാൽ മരിക്കുമെന്നുള്ള നിയമത്തെ ഔചിത്യംപോലെ ആലോചിക്കേണ്ടതാണു്.

ഏകത്രിംശത്തമോധ്യായഃ.

അഥാതഃ ഛായാവിപ്രതിപത്തിമധ്യായം വ്യാഖ്യാസ്യാമഃ.

(പ.) ശ്യാവാഽലോഹിതികാ നീലാ പീതികാ വാപി മാനവം
അഭിഭവന്തി യം ഛായാഃ സ പരാസുരസംശയമ്. 2
ഹ്രീരപക്രമതേ യസ്യ പ്രഭാസ്മൃതിധൃതിശ്രിയഃ
അകസ്മാദ്യം ഭജന്തേ വാ സ പരാസുരസംശയമ്. 3
യസ്യാധരൌഷ്ഠൌ പതിതൌ ക്ഷിപ്തശ്ചോദ്ധൃതം തഥോത്തരം

ഇനി *ഛായാവിപ്രതിപത്തി എന്ന അധ്യായം പറയാം:— 1

ഏതൊരുത്തനു സ്വതേയുള്ള ഛായമാറി, കരുവാളിച്ച നിത്തിലോ ചുകന്ന നിറത്തിലോ മഞ്ഞനിറത്തിലോ ഇരിക്കുന്ന മറ്റൊരു ഛായ യദൃച്ഛയാ വന്നുകൂടുന്നുവോ അവൻ ഉടനെ മരിക്കും; സംശയമില്ല. ഏതൊരുത്തന്റെ ലജ്ജയും പ്രഭയും ഓർമ്മശക്തിയും ധൈര്യവും ശ്രീയും കാരണംകൂടാതെ നശിച്ചുപോകയോ മുമ്പുള്ളതിനേക്കാൾ അവകുറെ അധികം ഉണ്ടായിക്കാണുകയോ ചെയ്യുന്നുവോ അവനും § മരിക്കാനടുത്തിരിക്കുന്നു. ഏതൊരുത്തന്റെ താഴത്തെ ചുണ്ടു വളരെ കീഴ്പ്പോട്ടു തൂങ്ങുകയോ മേലെത്തെ ചുണ്ടു വളരെ മേൽപെട്ടു പൊന്തുകയോ

*"ഛായ"=അടുത്തുപെന്നു നോക്കിക്കാണുന്ന ശോഭ (shade of complexion) "പ്രഭ"=ദൂരത്തുനിന്നു മനസ്സിലാക്കാവുന്ന ശോഭ(Healthfull glow of complexion) കറുപ്പു, ചുകപ്പു, വെളുപ്പു മുതലായ ഭേദങ്ങളെല്ലാം പ്രഭക്കുള്ളതാണു. "വർണ്ണം"=ജാതി മുതലായതിനെ അനുസരിച്ച(വെള്ളക്കാരൻ, കറുത്തമനുഷ്യൻ ഇത്യാദി)തും പ്രകൃത്യാ മനുഷ്യന്മാരിൽ കാണുന്ന ഒരു ജാതി നിറം (Natural colour of the complexion). ഇങ്ങിനെ ഛായ, പ്രഭ, വർണ്ണം എന്നിവയെ വകതിരിച്ചറിയണം. ഈ അധ്യായത്തിൽ ലജ്ജ, ശ്രീ, സന്തോഷം മുതലായതിനെറിയും വിപ്രതിപത്തി പറയപ്പെടുന്നുണ്ടു. അതുകൊണ്ടു "ഛായാവിപ്രതിപത്തി" എന്നാണു അധ്യായസംജ്ഞ. എന്നാൽ ഇവിടെ "അദി" ശബ്ദം ലോപിച്ചിരിക്കയാണു.

§ ഈ ലക്ഷണം കണ്ടാൽ ഒരു വഷ്ളത്ത അവധിയാകുന്നു.

ഉഭൌ വാ ജാംബവാഭാസൌ ദുർല്ലഭം തസ്യ ജീവിതമ്. 4
ആരക്താ ദശനാ യസ്യ ശ്യാവാ വാ സ്യുഃ പതന്തി ച
ഖഞ്ജനപ്രതിഭാ വാപി തം ഗതായുഷ്മാദിശേൽ. 5
കൃഷ്ണാ സുബ്ലാവലിപ്താ വാ ജിഹ്വാ ശ്യാനാ ച യസ്യ വൈ
കക്കശാ വാ ഭവേദ്യസ്യ സോചിരാദ്വിജഹാത്യസൂൻ. 6
കുടിലാ സ്ഫുടിതാ വാപി ശുഷ്കാ വാ യസ്യ നാസികാ
അവസ്രുജ്ജതി മഗ്നാ വാ ന സ ജീവതി മാനവഃ. 7
സംക്ഷിപ്തേ വിഷമേ സുബ്ലേ രക്തേ സ്രസ്തേ ച ലോചനേ
സ്യാതാം വാ പ്രസ്രുതേ യസ്യ സ ഗതായുസ്തരോ ധ്രുവമ്. 8

അവ രണ്ടും ഞാവൽപ്പഴംപോലെ കറുത്തുവശാകയോ ചെയ്യുന്നവോ അവൻ പിന്നെ ജീവിച്ചിരിക്കാൻ പ്രയാസം. ഏതൊരുത്തന്റെ പല്ലുകൾ രക്തവർണ്ണങ്ങളായോ കരുവാളിച്ചോ ഇരിക്കയൊ അവയെല്ലാം താനെ വീണുപോകയോ ഖഞ്ജരീട(കരിങ്കുരിൽ)പ്പക്ഷിയുടെ കണ്ണുംപോലെ നീലനിറമുള്ളതായിത്തീരുകയോ ചെയ്യുന്നവോ അവൻ മരണമടുത്തവനാകുന്നു. 2–5

ഏതൊരുത്തന്റെ നാവ് കറുത്തും സ്തംഭിച്ചും എന്തോ പിരട്ടിയപോലുള്ള തോന്നലോടുകൂടിയും വീക്കത്തോടുകൂടിയും തൊട്ടുമ്പോൾ പരുപരുത്തും ഇരിക്കുന്നവോ അവൻ ഉടനെ മരിക്കും. 6

ഏതൊരുത്തന്റെ മൂക്കു വളയുകയും വിരിയുകയും വരളുകയും ശബ്ദം പുറപ്പെട്ടുകൊണ്ടിരിക്കയും ഉള്ളിലേക്ക് *അമന്നുപോകയും ചെയ്യുന്നവോ അവൻ പിന്നെ ജീവിച്ചിരിക്കയില്ല. 7

കണ്ണുകൾ പൂർവ്വസ്ഥിതിയിൽ നിന്നു ചുളുങ്ങിയിരിക്കുക; ഒന്നു വലുതും മറ്റൊന്നു ചെറുതും ആയിത്തീരുക; സ്തംഭിച്ചുപോകുക; ചുവന്ന നിറത്തിലാവുക; കണ്ടിൽപെട്ടപോലെയിരിക്കുക; വെള്ളംമാലിച്ചുകൊണ്ടിരിക്കുക; ഇവയും ¶ മരണമടുത്തലക്ഷണങ്ങളാണ്. 8

---

* "ഭഗ്നാ" എന്നും പാഠമുണ്ട്. അപ്പോൾ 'വിണ്ടിരിക്കുന്നത്' എന്നർത്ഥമാക്കണം. ഈ മൂക്കിന്റെ ലക്ഷണം ഏഴഹിവസംകൊണ്ടു മരിക്കുമെന്നു കാണിക്കുന്നു.

¶ ഇതിനും ഏഴഹിവസം അവധിയുണ്ട്.

കേശാഃ സീമന്തിനോ യസ്യ സംക്ഷിപ്യേ വിനതേ ഭ്രുവൌ
ലൂനാന്തി ചാക്ഷിപക്ഷ്മാണി സോചിരാദ്ദ്യാതി മൃത്യവേ. 9
നാഹാരത്യന്നമാസ്യസ്ഥം ന ധാരയതി യഃ ശിരഃ
ഏകാഗ്രദൃഷ്ടിർമ്മൂഢാത്മാ സദ്യഃ പ്രാണാൻ ജഹാതി സഃ 10
ബലവാൻ ദുർബ്ബലോ വാപി സമ്മോഹം യോധിഗച്ഛതി
ഉത്ഥാപ്യമാനോ ബഹുശസ്സുധീരഃ പരിവർജ്ജയേൽ. 11
ഉത്താനഃ സർവ്വദാ ശേതേ പാദൌ വികുരുതേ ച യഃ
വിപ്രസാരണശീലോ വാ ന സ ജീവതി മാനവഃ. 12
ശീതപാദകരോച്ഛ്വാസശീതനേത്രശ്വാസശ്ച യോ ഭവേൽ

തലമുടി വകഞ്ഞുവെച്ചപോലെ സീമന്തങ്ങളോടുകൂടിയിരിക്കുക, പിരിയങ്ങൾ ചുരുണ്ടുകൊണ്ടിരിക്കുക, അതുകൾതന്നെ കുറെ കീഴ്പ്പോട്ടു താണിരിക്കുക, കൺപോളകളിലുള്ള രോമങ്ങൾ കൊഴിഞ്ഞുപോക ഈ ലക്ഷണങ്ങളുള്ളവൻ *താമസിയാതെ മരിക്കും. 9

വായിലിട്ടിട്ടുള്ള ചോറുകള അകത്തേക്കിറക്കുന്നതിനും ശിരസ്സിനെ നിവർത്തി ഇരിക്കുന്നതിനും കഴിയാതിരിക്കയും കണ്ണു നിലകൊ നിർത്തികൊണ്ടിരിക്കയും ബുദ്ധിശക്തി തീരെ നശിച്ചിരിക്കയും ചെയ്യുകണ്ടാൽ ആ മനുഷ്യൻ ഉടനെ (അന്നുതന്നെ) മരിക്കും. 10

രോഗത്തിൽ ബലമുണ്ടായാലും ഇല്ലെങ്കിലും ഏതൊരുത്തൻ ഏഴുനിൽപ്പിക്കുന്ന സമയത്തു് പലതവണയും മോഹാലസ്യപ്പെട്ടു വീഴുന്നുവോ, ബുദ്ധിയുള്ള വൈദ്യൻ അവനെ പിന്നെ + ചികിത്സിക്കരുതു്.

ഏതൊരുത്തൻ ഏഴുപ്പോഴും മലമൂത്രങ്ങൾ കിടന്നുറങ്ങുകയും കാലുകളെ വികൃതമായ വിധത്തിൽ തിരിച്ചും മറിച്ചും വെക്കുകയും കൈകാലുകളെ വെറുതെ നീട്ടുകയും മടക്കുകയും ചെയ്കയും ചെയ്യുന്നുവോ അവൻ അടുത്തു് (അന്നുതന്നെ) മരിക്കും. 12

കയ്യും കാലും ശ്വാസവായുവും ഒരേ സമയത്തു തണുത്തിരിക്കുക,

---

* * സ്വസ്ഥനാണെങ്കിൽ ഈ അരിഷ്ടലക്ഷണത്താൽ അറുമാസംകൊണ്ടും രോഗിയാണെങ്കിൽ മൂന്നുദിവസംകൊണ്ടും മരിക്കുമെന്നു ചിലർ പറയുന്നു.

+ ഇതിനപ്പുറത്തുദിവസമാകുന്നു.

കാകോച്ഛ്വാസശ്ച യോ മർത്ത്യസ്തം ധീരഃ പരിവർജ്ജയേൽ. 13
നിദ്രാം ന ഛിദ്യതേ യസ്യ യോ വാ ജാഗർത്തി സർവ്വദാ
മുഹ്യതോ വക്തുകാമസ്യ പ്രത്യാഖ്യേയഃ സ ജാനതാ. 14
ഉത്തരൌഷ്ഠഞ്ച യോ ലിഹ്യാദുദ്ഗാരാംശ്ച കരോതി യഃ
പ്രേതൈർവ്വാ ഭാഷതേ സാർദ്ധം പ്രേതരൂപം തമാദിശേൽ. 15
ഖേഭ്യഃ സരോമകൂപേഭ്യോ യസ്യ രക്തം പ്രവർത്തതേ
പുരുഷസ്യാവിഷാർത്തസ്യ സദ്യോ ജഹ്യാൽ സ ജീവിതമ്. 16
വാതാഷ്ഠീലാ ഹൃദയേ യസ്യാർദ്ധമനുയായിനീ
രുജാനവിഷ്ടാ കരീ സ പരാസുരസംശയമ്. 17

ശ്വാസം വിടുമ്പോൾ ഇടക്കിടക്കു തടസ്സപ്പെട്ടതുപോലെയിരിക്കുക, കാക്കയുടെ മാതിരി വായ തുറന്നുകൊണ്ടു ശ്വാസം വിടുക, ഈ ലക്ഷണങ്ങളുള്ളവനെ വൈദ്യൻ ഉപേക്ഷിക്കണം. (ഉടനെ മരിക്കും). 13

എപ്പോഴും ഉറക്കം വിടാതിരിക്കുക, അല്ലെങ്കിൽ ഒരിക്കലും ഉറക്കമില്ലാതിരിക്കുക, സംസാരിക്കാൻ തുടങ്ങുമ്പോഴെക്കു മോഹാലസ്യപ്പെടുക ഈ ലക്ഷണങ്ങൾ കണ്ടാൽ വിവരമുള്ള വൈദ്യൻ അവനെ ചികിത്സിക്കരുതു്. 14

മേലോത്തെ ചുണ്ടിനെ വെറുതെ നക്കിക്കൊണ്ടിരിക്കുക, വെറുതെ ഏമ്പക്കം ഉണ്ടായിക്കൊണ്ടിരിക്കുക, മരിച്ച ആളുകളെ വിളിച്ചു സംസാരിച്ചുകൊണ്ടിരിക്കുക, ഇങ്ങിനെയുള്ള ലക്ഷണം കണ്ടാൽ അവൻ മരിക്കാറായി എന്നു വിചാരിക്കാം. 15

ദേഹത്തിലുള്ള ദ്വാരങ്ങളിൽ (മൂക്കു് മുഖം മുതലായ) നിന്നും രോമകൂപങ്ങളിൽനിന്നും, വിഷദോഷമൊന്നും തട്ടീട്ടില്ലാതിരിക്കെ, രക്തം ഒലിച്ചുകൊണ്ടിരിക്കുന്നുവെങ്കിൽ അവൻ ഉടനെ മരിക്കും. 16

ഹൃദയത്തോടുത്തതിൻറെ നെഞ്ഞിന്നകത്തു് അമ്മിക്കുഴവിപോലെ ഉരുണ്ടുനടക്കുന്ന വായു മേൽപെട്ടു കേറിക്കൊണ്ടിരിക്കയും അതുനിമിത്തം വേദനയും ആഹാരത്തിൽ അപ്രിയവും ഉണ്ടാകയും ചെയ്യുന്നുവോ അവനു മരണമടുത്തിരിക്കുന്നു എന്നതിന്നു സംശയമില്ല. 17

അനന്യോപദ്രവകൃതഃ ശോഫഃ പാദേസമുത്ഥിതഃ
പുരുഷം ഹന്തി നാരീന്തു മുഖജോ ഗുഹ്യജോ ഭൃശം. 18
അതിസാരോ ജ്വരോ ഹിക്കാ ഛർദ്ദിഃ ശ്വനാണ്ഡമേഢ്രതാ
ശ്വാസിനഃ കാസിനോ വാപി യസ്യ തം പരിവർജ്ജയേൽ 19

മാറ്റുവല്ല *ഉപദ്രവങ്ങളും (മഞ്ഞപ്പിത്തം, മഹോദരം മുതലായവ)
നിമിത്തമായിട്ടല്ലാതെ പുരുഷന്മാർക്ക് ദേഹത്തിൽ കാലിന്മേലും സ്ത്രീകൾ
ക്ക് മുഖത്തിലും വ്യാപിച്ചുണ്ടാകുന്ന ശോഫം മരണത്തിന്നുള്ള ലക്ഷണ
മാകുന്നു. മേൽപ്രകാരം ഗുഹ്യപ്രദേശത്തുണ്ടാകുന്ന ശോഫം സ്ത്രീകൾക്കും
പുരുഷന്മാർക്കും ഒരുപോലെ മരണലക്ഷണം തന്നെ. 18
ചുമയോ വിക്കലോ ഉള്ളവനു് അതിസാരം, ജ്വരം, വിക്കിട്ടം,

---

* ശോഫത്തിന്നു ചില ഉപദ്രവങ്ങളെ പ്രത്യേകം പറഞ്ഞിട്ടുണ്ടു്.—(ശ്വാസഃ പിപാസാതൃഷ്ണ്യാ ജ്വരഃ ഛർദ്ദിരരോചകഃ; ഹിക്കാതിസാരകാസാശ്ച ശ്വനാ സംക്ഷയപയന്തി ഹി ശ്വാസം മുതലായ അവക ഉപദ്രവങ്ങളും അന്യരോഗങ്ങളും കൂടുള്ളവയല്ലാഞ്ഞതുകൊണ്ടു് അവ അനന്യോപദ്രവങ്ങളാകുന്നു. അവയാൽകൃതമായതു് അനന്യോപദ്രവകൃതം എന്നു ഭാഷ്യകാരനും മറ്റും വ്യാഖ്യാനിച്ചിരിക്കുന്നു. അപ്പോഴും ശോഫാദിന്റെ സ്വന്തം ഉപദ്രവങ്ങളുടെ വകയായിട്ടല്ലാതെ മറ്റു പാണ്ഡുമുതലായ രോഗങ്ങളുടെ വകയായിട്ടുണ്ടാകുന്ന ശോഫം ഇവിടെ പറഞ്ഞമാതിരിയിലുണ്ടായാൽ അരിഷ്ടലക്ഷണമല്ല എന്നു ഗ്രഹിക്കേണ്ടതാണു്. ഒരു രോഗത്തിൽ അതിന്റെ ചികിത്സക്കു വിരോധിയായിട്ടു മറ്റൊരു രോഗമുണ്ടായാൽ അതിന്നു് ഉപദ്രവമെന്നു പേരാണു്. ശോഫരോഗത്തിൽ അങ്ങിനെയുണ്ടാകാവുന്ന ഉപദ്രവങ്ങളാണു് മേൽപറഞ്ഞ ശ്വാസാദികൾ. ആ ഉപദ്രവരോഗങ്ങളുണ്ടാകയും അതിനെമൽ പിന്നെ ശോഫമുണ്ടാകയും ചെയ്യുമ്പോൾ അതാണു് അരിഷ്ടമെന്നു താൽപര്യം. ചിലർ ഈ ഘട്ടത്തിൽ അനേകം അർത്ഥം പറയുന്നു. "ഉപദ്രവശബ്ദത്തിന്നു് കേവലം വ്യാധിയെന്നർത്ഥം; അന്യമായ പാണ്ഡുമുതലായ ഉപദ്രവങ്ങളാൽ കൃതമല്ലാത്ത—ഉണ്ടാക്കപ്പെടാത്ത—ശോഫം സാധ്യമല്ല; പാണ്ഡുരോഗാദ്യസ്സു മുതലായവയാൽ ഉണ്ടാക്കപ്പെടുന്ന ശോഫം സാധ്യം" എന്നു ചിലർ പറയുന്നു. "അനന്യോപദ്രവാശ്ച" എന്നും പാഠമുണ്ടു്. ആ പക്ഷത്തിൽ ശോഫത്തിന്നു പറഞ്ഞിട്ടുള്ള ശ്വാസാദ്യുപദ്രവങ്ങളോടു കൂടിയതായിട്ടു് പാഠത്തിലോ മറ്റോ മുൻപറഞ്ഞപ്രകാരം ഇരിക്കുന്ന ശോഫം അസാധ്യമെന്നർത്ഥം വരുന്നു. ഈ പക്ഷം കൊള്ളുകയാണെങ്കിൽ "അനന്യോപദ്രവാശ്ച" എന്നു പാഠമാക്കുന്നു. മുഖരോഗത്തിന്നു ഒരുപദ്രവത്തിന്റെ നീലക്കു വന്നുകൂടിയ ശോഫം അസാധ്യമെന്നാണു് ആ പക്ഷത്തിൽ സാരം. ഏതായാലും കാലിൽ പുരുഷന്മാർക്കും മുഖത്തു സ്ത്രീകൾക്കും വീക്കമുണ്ടായാൽ മരിക്കുമെന്നുള്ള അന്ധവിശ്വാസം നിർമ്മൂലം തന്നെ.

സേച്ഛോ ദാഹശ്ച ബലവാൻ ഹിക്കാ ശ്വാസശ്ച മാനവമ്
ബലവന്തമപി പ്രാണൈർവ്വിയുഞ്ജന്തി ന സംശയഃ. 20
ശ്യാവാ ജിഹ്വാ ഭവേദ്യസ്യ സവ്യം ചാക്ഷി നിമജ്ജതി
മുഖഞ്ച ജായതേ പൂതി യസ്യ തം പരിവർജ്ജയേൽ. 21
വക്ത്രമാപൂയ്യതേശ്രൂണാം സിദ്ധ്യതശ്ചരണാവുഭൌ
ചക്ഷുശ്ചാകുലതാം യാതി യമരാഷ്ട്രം ഗമിഷ്യതഃ. 22
അതിമാത്രം ലഘൂനി സ്യുർഗ്ഗാത്രാണി ഗുരുകാണി ച
യസ്യാകസ്മാൽ സ വിജ്ഞേയോ ഗന്താ വൈവസ്വതാലയമ്. 23
പങ്കമത്സ്യവസാതൈലഘൃതഗന്ധാംശ്ച യേ നരാഃ
മൃഷ്ടഗന്ധാംശ്ച യേ വാന്തി ഗന്താരസ്തേ യമാലയമ്. 24

ഛർദ്ദി എന്നിരോഗങ്ങളുണ്ടാകയും വൃഷ്ണങ്ങളും മേഢ്രവും വീങ്ങുകയും ചെയ്യുൽ അവനെ പിന്നെ ചികിത്സിച്ചിട്ടു * ഫലമില്ല. 19

അധികം വിയർപ്പും മുട്ടുനീരും എക്കിട്ടവും ശ്വാസവും കൂടി ഒരാൾക്കുണ്ടായാൽ അയാൾ നല്ല ബലമുള്ളവനായിരുന്നാൽകൂടി സംശയം കൂടാതെ + ഉടനെ മരിക്കും. 20

ഏതൊരുത്തന്റെ നാവു് കരുവാളിച്ചും ഇടതുതക്കണ്ണു് കുണ്ടിൽ പാഞ്ഞും വായ ദുർഗ്ഗന്ധമുള്ളതായും ഇരിക്കുന്നവനെ ഉപേക്ഷിക്കണം. 21

കണ്ണുനീരുകൊണ്ടു മുഖം നിറഞ്ഞിരിക്കുക, കാലു രണ്ടിലും അതിയായ വിയർപ്പുണ്ടായിരിക്കുക, കണ്ണു കലങ്ങിയിരിക്കുക, ഈ ലക്ഷണങ്ങൾ കൂടിക്കണ്ടാൽ അതു ¶ മരണലക്ഷണമാണു്. 22

കാരണം കൂടാതെ ദേഹം ഏറ്റവും ലഘുവായി കുറഞ്ഞു കാണുകയോ ലഘുവായി കൂടിക്കാണുകയോ ചെയ്യുന്നതും മരിക്കാനടുത്തു എന്നുള്ളതിന്നു ദൃഷ്ടാന്തമാകുന്നു. 23

ചേറിന്റേയും മത്സ്യത്തിന്റേയും വസയുടേയും തൈലത്തിന്റേയും നെയ്യിന്റേയും ഗന്ധവും നല്ല സുഗന്ധവും, ഏതൊരുത്തർ ഛർദ്ദിച്ചു

---

* ഏഴിവസംകൊണ്ടു മരിക്കും.

\+ മൂന്നുദിവസംകൊണ്ടു്.

¶ ഈ ലക്ഷണം കണ്ടാൽ ഒരു മുഹൂർത്തമോ യാമമോ ദിവസമോ അവധിപറയാം.

യൂകാ ലലാടമായാന്തി ബലിം നാശ്നന്തി വായസാഃ
യേഷാം വാപി രതിർനാസ്തി യാതാരസ്തേ യമാലയമ്. 25
ജ്വരാതിസാരശോഫാഃ സ്യുസ്ത്വന്യാന്യാവസാദിനഃ
പ്രക്ഷീണബലമാംസസ്യ നാസൌ ശക്യശ്ചികിത്സിതുമ്. 26
ക്ഷീണസ്യ യസ്യ ക്ഷുത്തൃഷ്ണേ പ്രാത്രേമ്മിഷ്ടേഹിതൈസ്തഥാ
ന ശാമ്യതോന്നപാനൈശ്ച തസ്യ മൃത്യുരുപസ്ഥിതഃ 27
പ്രവാഹികാ ശിരശ്ശൂലം കോഷ്ഠശൂലം ച ദാരുണമ്
പിപാസാ ബലഹാനിശ്ച തസ്യ മൃത്യുരുപസ്ഥിതഃ 28

സാധനങ്ങളിൽ കാരണംകൂടാതെകാണുന്നുവോ അവർ *2രിക്കാനാട്ടത്തിരിക്കുന്നു. 24

ഏതൊരുത്തന്റെ നൊറിയിൽ അധികം പേനുകൾ (യൂകാ) അരിച്ചുകൊണ്ടിരിക്കുന്നുവോ ഏതൊരുത്തന്റെ ബലികാക്ക കൊള്ളുന്നില്ലെയോ ഏതൊരുത്തന്ന് ഇരിക്കുക, നിൽക്കുക, കിടക്കുക മുതലായ ഒരവസ്ഥയിലും ഒരു സുഖവുമില്ലാതെ തോന്നുന്നുവോ അവരെല്ലാം ട്ടരട്ടത്തു മരണമുണ്ടാകുന്നതാണ്. 25

ജ്വരം, അതിസാരം, ശോഫം, ഈ രോഗങ്ങൾ ഒന്നിനുമീതെ മറ്റൊന്നു വരിക ഏന്ന മട്ടിൽ ഏതൊരുത്തനുണ്ടാകുന്നുവോ അവൻ ദേഹത്തിൽ ബലവും മാംസവും കുറഞ്ഞിട്ടുള്ളവനും കൂടിയാണെങ്കിൽ പിന്നെ ചികിത്സിച്ചു ഭേദപ്പെടുത്താൻ അസാധ്യമാകുന്നു. 26

ക്ഷീണിച്ചിരിക്കുന്ന ഒരുവന്റെ ദാഹവും വിശപ്പും, മുമ്പേത്തിനും പ്രിയമുണ്ടാക്കുന്നവയും മധുരരസമുള്ളവയും ദേഹത്തിനു ഗുണമുണ്ടാക്കുന്നവയും ആയ അന്നപാനങ്ങളെകൊണ്ട്, ശമിക്കാതിരിക്കുന്നുവെന്നുവന്നാൽ അവനു മരണമടുത്തിരിക്കുന്നു. 27

പ്രവാഹിക (മൂക്കലോടുകൂടിയ വയറിളക്കം), തലയിൽകുത്തു്, അതികഠിനമായ വയറ്റിൽ വേദന, വെള്ളംദാഹം, ബലക്ഷയം ഇവനിവകൂടിയുണ്ടായിക്കാണുന്നവനു മരണമടുത്തു. 28

---

* ഈ ലക്ഷണം ഒരു കൊല്ലത്തെ അവധിയെ കുറിക്കുന്നു.

† ഒരു വത്സരകാലം.

വിഷമമണാപചാരേണ കർമ്മഭിശ്ച പുരാകൃതൈഃ
അനിത്യതാച്ച ജന്തൂനാം ജീവിതം നിധനം വ്രജേൽ 29
പ്രേതഭ്രൂതപിശാചാശ്ച രക്ഷാംസി വിവിധാനി ച
മരണാഭിമുഖം നിത്യമുപസർപ്പന്തി മാനവം 30
താനി ഭേഷജവീര്യാണി പ്രതിഘ്നന്തി ജിഘാംസയാ
തസ്മാന്മോഘാഃ ക്രിയാഃ സർവ്വാ ഭവന്ത്യുത ഗതായുഷഃ 31

ഇതി സുശ്രുതസംഹിതായാം സൂത്രസ്ഥാനേ
ഛായാവിപ്രതിപത്തിർന്നാമ ഏകത്രിം-
ശത്തമോധ്യായഃ

സാധാരണയായി പ്രാണികളുടെ ജീവൻ എന്നും നിലനിൽക്കുന്ന ഒരു വസ്തുവല്ല. അത് തന്നിത്യമാകയാൽ സ്വതെതന്നെ മരണം സംഭവിക്കാതിരിക്കാൻ വഴിയില്ല. എന്നാൽ വേണ്ടപോലെയുള്ള ആഹാരവും നടവടിയും ഇല്ലാതെ വിഷമമായി നടക്കുന്നതുകൊണ്ടും പൂർവ്വജന്മത്തിൽ ചെയ്തിട്ടുള്ള *കർമ്മങ്ങൾകൊണ്ടും മരണസമയത്തിനു വ്യത്യാസങ്ങൾ വന്നുപോകുന്നുണ്ട് 29

പ്രേതങ്ങൾ, ഭൂതങ്ങൾ പിശാചുകൾ, പലവിധം രാക്ഷസന്മാർ എന്നിവർ മരണമടുത്തിട്ടുള്ള പുരുഷന്മാരെ അടുത്തു എപ്പോഴും ഉണ്ടായിരിക്കുക പതിവാണ്. ഇവർ രോഗിയെ കൊല്ലേണമെന്നുള്ള മോഹത്തോടു കൂടിത്തന്നെവരികയാൽ ആ രോഗിക്കു കൊടുക്കുന്ന മരുന്നുകളുടെ വീര്യത്തെ നശിപ്പിച്ചുകൊണ്ടിരിക്കും. അതുകൊണ്ടു മരണം സമീപിച്ചിട്ടുള്ളവർക്കുവേണ്ടി ചെയ്യുന്ന ചികിത്സകളെല്ലാം നിഷ്ഫലങ്ങളായിത്തീരുകയെ ഉള്ളൂ. 30—31

ഇങ്ങിനെ സുശ്രുതസംഹിതയിൽ സൂത്രസ്ഥാനത്തിൽ
ഛായാവിപ്രതിപത്തിഎന്ന മുപ്പത്തോന്നാം
അദ്ധ്യായം കഴിഞ്ഞു.

---

* "കർമ്മഭിശ്ച പുരാകൃതൈഃ" എന്നതിനു "മാതാപിതാക്കന്മാരുടെ ബീജശോണിതങ്ങളുടെ മാലിന്യദോഷത്തിനാലെ പരിചരണദോഷത്തിനാലും എന്നിവകൊണ്ടും" എന്നും അർത്ഥമുണ്ട്. ഈ വിധ പൂർവ്വദോഷങ്ങളും സഹജമായ ബലക്കുറവുകൊണ്ടുള്ള ഉപദ്രവങ്ങളും കൊണ്ടായുർക്ഷയമുണ്ടാക്കുകയും ചെയ്യുന്നവയാകുന്നു എല്ലാം.

ദ്വാത്രിംശത്തമോധ്യായഃ.

അഥാതഃ സ്വഭാവവിപ്രതിപത്തിമധ്യായം വ്യാഖ്യാസ്യാമഃ. 1

സ്വഭാവപ്രസിദ്ധാനാം ശരീരൈകദേശാനാമന്യഭാവിതം മർണായ തദ്യഥാ:— തുക്കാനാം കൃഷ്ണതാ കൃഷ്ണാനാം തുക്കതാ രക്തനാമന്യവർണ്ണതാം സ്ഥിരാണാമസ്ഥിരതാം മൃദൂനാം സ്ഥിരതാ ചലാനാമചലതാമചലാനാം ചലതാ പൃഥൂനാം സംക്ഷിപ്തതാം സംക്ഷിപ്താനാം പൃഥുതാ ദീർഘാണാം ഹ്രസ്വതാം ഹ്രസ്വാനാം ദീർഘതാ അപതനധർമ്മിണാം പതനധർമ്മിതാം പതനധർമ്മിണാമപതനധർമ്മിതാമകസ്മാച്ച

മുപ്പത്തിരണ്ടാമധ്യായം.

ഇനി * സ്വഭാവവിപ്രതിപത്തിയെന്ന അധ്യായം പറയുന്നു:— 1

ദേഹത്തിലുള്ള ഓരോ സാധനങ്ങളുടേയും സ്വഭാവം ഇന്നിന്ന വിധത്തിലാണെന്ന സാധാരണയായി ഒരു വ്യവസ്ഥ ലോകത്തിൽ പ്രസിദ്ധമായിട്ടുണ്ടെല്ലോ. ആ വ്യവസ്ഥക്ക് ഒരു കാരണവും കൂടാതെ സ്വഭാവത്തെവപരീത്യം (മാറാം) സംഭവിച്ചുകാണുന്നതു മരണലക്ഷണമാണ്. അതെങ്ങിനെയെന്നാൽ— വെളുത്തിരിക്കേണ്ടുന്ന പദാർത്ഥങ്ങൾ (വെള്ളമിഴി, പല്ല് മുതലായതു്) കറുക്കുക, കറുത്തവ (കരുമിഴിയും തലമുടിയും മറ്റും) വെളുക്കുക, ചുകന്ന വസ്തുക്കൾ (അണ്ണാക്ക്, നാവ് മുതലായതു്) വെളുക്കുകയോ മറ്റൊ ചെയ്ക, ഉറപ്പുള്ള വസ്തുക്കൾ (അസ്ഥിമുതലായതു്) ഉറപ്പില്ലാതെയാവുക, മൃദുക്കൾ (വയറുമുതലായവ)കഠിനങ്ങളാവുക, ഇളകുന്നവക്ക് (സന്ധികൾക്ക്) ഇളക്കമില്ലായ്മയുണ്ടാവുക, ഇളകാത്തതുകൾ (മൂക്കുമുതലായവ) ഇളകുക, വലിപ്പമുള്ളവക്ക (ഉരസ്സുമുതലായവക്ക) വലിപ്പം കുറയുക, വലിപ്പമില്ലാത്തവക്ക് (കൺമിഴി, നഖം മുതലായവയ്ക്ക്) വലിപ്പം കൂടിക്കാണുക, നീണ്ട വസ്തുക്കൾ കുറുകിയതുകളാവുക, കുറുകിയവ (കഴുത്തും മറ്റും) നീളുക, വീഴാത്ത സ്വഭാവമുള്ള (നഖം മുതലായ) വസ്തുക്കൾ വീഴുക, വീഴുന്ന സ്വഭാവമുള്ള (മൂത്രം മലം മുതലായ) വസ്തുക്കൾ വീഴാതെ നിൽക്കുക, കാരണമൊ

* സ്വഭാവം= തന്നെ അംഗങ്ങളിലും മറ്റുമുള്ള പ്രകൃതി.

ശൈത്യൗഷ്ണ്യസ്നിഗ്ധരൗക്ഷ്യപ്രസൂംഭവൈവർണ്ണ്യാവസാദനഞ്ചാംഗാനാമ്. 2

സേഭ്യഃ സ്ഥാനേഭ്യഃ ശരീരൈകദേശാനാമവസ്രസ്നോൽക്ഷിപ്തഭ്രാന്താവക്ഷിപ്തപതിതവിമുക്തനിഗ്രഹാനഗ്രഹരുലഘൂതപാനി. പ്രവാളവർണ്ണവ്യംഗപ്രാദുർഭാവോപ്യകസ്മാൽ. സിരാണാഞ്ച ദർശനം ലലാടേ നാസാവംശേ വാ പിടകോൽപത്തിഃ. ലലാടേ പ്രഭാതകാലേ വാ

ന്നും കൂടാതെ അംഗങ്ങളിൽ തണുപ്പ്, ചൂട്, മെഴുക്ക്, രൂക്ഷത, സ്തംഭനം, വർണ്ണഭേദം, ക്ഷീണം എന്നിവ അധികമായിത്തീരുക *എന്നിങ്ങിനെയുള്ളവയാകുന്ന സ്വഭാവവൈപരീത്യങ്ങൾ. 2

ശരീരത്തിലുള്ള അംഗങ്ങളിലേതെങ്കിലും (കണ്ണുമുതലായവ) സ്വതെ ഉള്ള സ്ഥാനത്തിൽ നിന്നു തുങ്ങുകയൊ മേൽപെട്ടുപൊന്തുകയൊ വട്ടത്തിൽ തിരിയുകയൊ വിലങ്ങത്തിൽ ചരിയുകയൊ വീഴുകയൊ (കഴലെത്താടിയുകയും മറ്റും) വേർപെട്ടുപോകയൊ (സന്ധികൾ) പുറത്തേക്കുപുറപ്പെടുകയൊ (നാവും കണ്ണും മറ്റും) ഉള്ളിലേക്കു വലിയുകയൊ (കണ്ണും നാവും മറ്റും) ഘനം ചുരുങ്ങുകയൊ ഘനം അധികരിക്കയൊ ചെയ്യുക, കാരണമൊന്നുമില്ലാതെ പവിഴത്തിന്റെ നിറംപോലെയുള്ള നിറത്തിൽ മുഖത്തു § വ്യംഗങ്ങളുണ്ടാവിച്ചുകാണുക, നെറ്റിയിൽ സിരകൾ (ഞരമ്പുകൾ) $ചുറ്റിപ്പിണഞ്ഞു വ്യാപിക്കുക, മൂക്കിൽ

---

* "ശൈത്യമുണ്ടായിരിക്കേണ്ടതായ അംഗങ്ങളിൽ ഉഷ്ണസ്വഭാവവും, സ്നിഗ്ധതയോടുകൂടിയിരിക്കുന്ന കണ്മിഴികളിലും മറ്റും രൂക്ഷതയും, എണ്ണ തേക്കാത്ത തലമുടിയിലും തോലിലും രൂക്ഷതയുടെ പകരം സ്നിഗ്ധതയും, കണ്ണുകൾക്കും സന്ധികൾക്കും മറ്റും ഇളക്കമുണ്ടാകേണ്ടതിനു പകരം സുഷുപ്തിയും, വെളുപ്പുമുതലായ സ്വതെ ഉള്ള വർണ്ണത്തിനു മാറ്റംവരികയും, ദേഹത്തിലെ ലേവിസഞ്ജനംമുതലായ പ്രവൃത്തികൾക്കു മുടക്കംവരികയും" എന്നും "ശൈത്യൗഷ്ണ്യ.....വസാദനം ചാംഗാനാം" എന്ന മൂലവാക്യത്തിനു വ്യാഖ്യാനമുണ്ട്. താൽപര്യംകൊണ്ട് രണ്ടുജാതി വ്യാഖ്യാനവും സമാനമായിരിക്കുന്നതാണ്.

§ വ്യംഗങ്ങളുടെ സ്വതേനിറം കരുവാളിച്ചതാണല്ലൊ, അതു പവിഴംപോലെ മുകന്നനിറത്തിലായിക്കാണുന്നതു സ്വഭാവവിരുദ്ധമാണെന്നു സാരം.

$ ഞരമ്പുകളുടെ നിറം പവിഴത്തിനൊത്തിരിക്കണമെന്നും മുൻപറഞ്ഞപ്രവാളവർണ്ണത്തെ ഇതിലേക്കും ചേർത്തി അർത്ഥം വിചാരിക്കേണമെന്നും പക്ഷമുണ്ട്. ഈ അരിഷ്ടം ഏഴുമാസംകൊണ്ടു മരിക്കുമെന്നതിനെ സൂചിപ്പിക്കുന്നു, ചരകത്തിൽ "ധമനീനാമപൂർവ്വം

സേചദ്ധ. നേത്രരോഗാദ്ധിനാ വാശ്രുപ്രവൃത്തിദ്ധ. ഗോമയചൂർണ്ണപ്രകാശസ്യ വാ രജസോ ദ്ധ്നമുത്തമാംഗേ നിലയനം വാ കപോതകംകപ്രഭൃതിനാമ്. മൂത്രപുരീഷവൃദ്ധിരുച്ഛ്വാനാനാമ്. തൽപ്രണാശോ ച്ഛ്വാനാനാമ്. സുനമൂലഹൃദയോരുസു ച ശൂലോൽപത്തയദ്ധ. മധ്യേ ച്ഛ്വാനതമന്തേഷു പരിച്ഛായിതത്വം വിപദ്യതേ വാ. തഥാദ്ധ്വാംഗേ ശയഥുദ്ധ. ശോഷോംഗപക്ഷയോവ്വാ നഷ്ടഹീനവിഷലവികൃതസ്വരതാ. 3

ചുകന്ന *കുരുവരിക, കാലത്തെഴുനീൽക്കുമ്പോൾ നൊറി †വിയത്തിരിക്കുക, കണ്ണിൽ ദിനമെന്നുമില്ലാതിരിക്കെ കണ്ണീരൊഴുകുക, തലയിൽ ചാണകപ്പൊടിപോലുള്ള പൊടികൾ ‡വ്യാപിച്ചുകാണുക, മാടപ്രാവ്, പരുന്ത് മുതലായ പക്ഷികൾ തലയിൽ വന്നിരിക്കുക, ആഹാരം കഴിക്കാതിരിക്കുന്ന സമയത്തു മലമൂത്രങ്ങൾ വർദ്ധിക്കുക, ആഹാരം കഴിച്ചാൽ അവ ചുരുങ്ങിയുമിരിക്കുക, മുലയുടെ അടിയിലും ഹൃദയത്തിലും നെഞ്ഞത്തും ഒരേസമയത്തു കുത്തിനോവലുണ്ടാക, മേഹത്തിൽ ഉടൽ വീങ്ങിത്തടിച്ചും കൈകാലുകൾ മെലിഞ്ഞും ഇരിക്കുക, മധ്യകായത്തിൽ മെലിവും കൈക്കാലുകളിൽ വീക്കവും ഉണ്ടാവുക, ശരീരത്തിന്റെ പകുതിഭാഗം വീങ്ങിയും പകുതി മെലിഞ്ഞുമിരിക്ക, ഒരംഗത്തിന്റെ ഒരു ഭാഗം മെലിഞ്ഞും മറേറ ഭാഗം തടിച്ചുമിരിക്കുക, വലത്തുഭാഗമൊ ഇടത്തു ഭാഗമൊ ഒന്നു വീങ്ങുകയും മറേറതു മെലിയുകയും ചെയ്ക, കച്ചയടക്കയൊ കായുകയൊ വിഷമപ്പെടുകയൊ സ്വതെ ഉള്ളതിൽനിന്ന് വികൃതമായിത്തീരുകയൊ ചെയ്ക (ഈ ലക്ഷണങ്ങളെല്ലാം മനുഷ്യന്നു മരണമടുത്തു എന്നുള്ളതിനെ സൂചിപ്പിക്കുന്നവയാണ്.) 3

ണാം ജാലമസൃത്ഗ്രാഹ്യനേത്രലലാടേ രുഗ്വൃതയസ്യ ഷഡ്ഭിർമ്മാസൈർമ്മരിഷ്യതഃ" എന്നുള്ള വചനത്തിൽ ധമനികളെന്നു പറഞ്ഞതു് ഈ സിരകളെപ്പറ്റിത്തന്നെയാണു്. സിരകളും ധമനികളും പ്രാചീനന്മാക്കു ഭേദമില്ല. ഇപ്പോൾ ചില സൌകര്യത്തിനുവേണ്ടി ഭേദംകല്പിച്ചു് വ്യവഹരിക്കപ്പെടുന്നു എന്നെ ഉള്ളു. ശാരീരത്തിൽ അവയുടെ നിരൂപണമുണ്ടു്.

* "ക്ഷിപ്രവിദ്ധമവൃണ്ണം വാ ശക്രഗോപപ്രഭാപി വാ നാസാവംശേ ഭവേദ്യസ്യ പിഡകാ സ സിധ്യതി". എന്ന തന്ത്രാന്തരവചനമുണ്ടു്. "നാസാവംശേ വാ പിഡകോൽപത്തിഃ" എന്നതിലെ 'വാ' ശബ്ദംകൊണ്ടു് ലലാടത്തിൽ പിടകമുണ്ടാകുന്നതും അരിഷ്ടലക്ഷണമാവാമെന്നു ചിലർ വിചാരിക്കുന്നു.

† പ്രലേപജ്വരമെന്നു പറയപ്പെടുന്ന ജ്വരമുള്ളവരെ മാത്രമാണു് ഈ ലക്ഷണം അരിഷ്ടമാകുന്നതെന്നു വാഗ്ഭടാദികൾ പ്രസ്താവിച്ചിരിക്കുന്നു.

‡ ഇതിനു് ഒരുമാസത്തെ അവധി പറയപ്പെടുന്നു.

വിവർണ്ണപുഷ്പപ്രാദുർഭാവോ വാ ഭ്രൂമുഖനഖശരീരേഷു. യസ്യ വാപ്പു കഫപുരീഷരേതാംസി നിമജ്ജന്തി. യസ്യ വാ ദൃഷ്ടിമണ്ഡലേ ഭിന്നവികൃതാനി രൂപാണ്യാലോക്യന്തേ. സ്നേഹാഭ്യക്തകേശാശ്ച ഇവ യോ ഭാതി. യശ്ച ദുർബ്ബലോ ഭക്തദ്വേഷാതിസാരാഭ്യാം പീഡ്യതേ. കാസമാനശ്ച തൃഷ്ണാഭിഭൂതഃ ക്ഷീണച്ഛർദ്ദിഭക്തദ്വേഷയുക്തഃ സഫേനപൂയരുധിരോദ്ഗാമീ ഹതസ്വരഃ ശൂലാഭിപന്നശ്ച മനുഷ്യഃ. ശ്യാനകരചരണവദനഃ ക്ഷീണോന്നദ്വേഷ്ടി സ്രസ്തപിണ്ഡികാംസപാണിപാദോ ജ്വ

ല്ലുകളിലും മുഖത്തും നഖങ്ങളിലും ദേഹത്തിലും സ്വതെ ഉള്ള വർണ്ണത്തിൽ നിന്നു വ്യത്യാസപ്പെട്ടിരിക്കുന്ന പൂപ്പു (ബിന്ദുരൂപത്തിൽ) ണ്ടായിക്കാണുന്നതും മരണമടുത്താലുള്ള ലക്ഷണമാകുന്നു. ഏതൊരുത്തന്റെ കഫം, മലം, ശുക്ലം ഇവ വെള്ളത്തിൽ വീഴ്ത്തിയാൽ *താണുപോകുന്നുവൊ, ഏതൊരുത്തന്റെ കൺമിഴിയിൽ കാണുന്ന പ്രതിബിംബങ്ങൾ പല ആകൃതിയിലും വികൃതസ്വഭാവത്തിലുമായിരിക്കുന്നുവൊ, ഏതൊരുത്തന്റെ തലമുടിയും അവയവങ്ങളും എണ്ണതേച്ചതുപോലെ കാണപ്പെടുന്നുവൊ, ഏതൊരുത്തനു ദേഹത്തിനു ബലമില്ലായ്മയും ആഹാരത്തിനു രുചിക്കുറവും അതിസാരവും ഒന്നിച്ചുകൂടിവരുന്നുവൊ, ഏതൊരുത്തനു ചുമയും അതിയായ വെള്ളംദാഹവും കൂടിയുണ്ടാകുന്നുവൊ, ഏതൊരുത്തനു ബലക്ഷയവും ഛർദ്ദിയും അന്നദ്വേഷവും നരയും ചലവും കലർന്നുകൊണ്ടുള്ള രക്തത്തിന്റെ ഛർദ്ദിയും കിച്ചയടപ്പും വയറുവേദനയും കൂടിച്ചേർന്നുകൊണ്ടുവരുന്നുവൊ അവർക്കെല്ലാവർക്കും മരണമടുത്തിരിക്കുന്നു.

കയ്യും കാലും മുഖവും വീങ്ങിയിരിക്കുക, ദേഹത്തിനു ബലക്ഷയമുണ്ടായിരിക്കുക, ആഹാരത്തിൽ ദ്വേഷമുണ്ടാവുക, കാൽവണ്ണകളും ചുമലും കാലും കയ്യും മടിഞ്ഞു തൂങ്ങിയപോലിരിക്കുക, അധികമായ ജ്വരവും ചുമയുമുണ്ടായിരിക്ക, ഇവയൊന്നിച്ചു കൂടിക്കണ്ടാൽ അതും മരണലക്ഷണമാണു്.

ജ്വരവും ചുമയും അധികമായിട്ടുള്ള ഒരുത്തനു് രാവിലെ ഉണ്ടതു വൈകുന്നേരം ഛർദ്ദിക്കുക, ദഹിക്കാതെ വയറ്റിൽ നിന്നു പോവുക,

* മുന്നും താണുപോകുന്നുണ്ടെങ്കിലെ ണരിഷ്ടമാകയുള്ളു എന്നും ഒരുമാസംകൊണ്ടു മരിക്കുമെന്നും പാഠയപ്പെടുന്നു.

രകാസാഭ്രിരു.ടു. യസ്യ പൂർവ്വാഹ്നേ ഭുക്തമപരാഹ്നേ ഛർദ്ദയതി അവ്യ
ക്തമതിസാര്യതേ വാ ജ്വരകാസാഭ്രതിസാരാൻ ശ്രിയതേ. 4

ബസ്തിവദിലപാൻ യശ്ച ദ്രവേ പതതി സ്രസ്തുഷ്ടു: സൂക്ഷ്മേ
ഡ്രോ ഭഗ്രിവു പ്രനഷ്ടുമേഹനശ്ച മനഷ്യു.

പ്രാഗ്വിസ്തുഷ്യമാണഹുതേ തുർശരീരോ യശ്ച ലോഷ്ടം ലോഷ്ടേ
നാഭിഹന്തി കാഷ്ടം കാഷ്ടേന തൃണാനി വാ ഛിനത്തി. അധരോഷ്ഠം ദശ
നൈരുത്തരോഷ്ഠം വാ ലേഢി. ദന്തലുഞ്ചതി വാ കണ്ഠൗ കേശാംശ്ച. ദേ
വദ്വിജഗുരുസുഹൃദ്ദൈദ്യാംശ്ച ദ്വേഷ്ടി. യസ്യ വക്രാനവക്രാ ഗ്ര

ഈ വക ഉപദ്രവങ്ങളുണ്ടായികണ്ടാൽ രോഗി താമസിയാതെ ശ്വാ
സം (വായുമുട്ടൽ) നിമിത്തം മരിക്കും. 4

തുട്ടിന്റെ ശബ്ദംപോലെ ശബ്ദിച്ചു് കരണ്ടുകൊണ്ടു ഭൂമിയിൽ
വീഴുക, വൃഷണങ്ങൾ സ്ഥാനഭ്രഷ്ടമാകാതെ തുങ്ങിനിൽക്കുക, മേഢ്രം സ്തംഭി
ക്കുക (വികാരമില്ലാതിരിക്കുക), കഴുത്തൊടിയുക, ലിംഗം ഉള്ളിലേക്കു വലി
ച്ചപോലെ ചെറുതായിത്തീരുക *ഇവയും മരണലക്ഷണങ്ങൾ ത
ന്നെ. 5

പിന്നൊരുത്തന്റെ ദേഹം നനഞ്ഞിരിക്കുന്ന സമയത്തു് തൃ
യി പൂയേപ്രദേശം ഞെരുണങ്ങിക്കുന്നുവൊ, പിന്നൊരുത്തൻ ഒരു മ
ൺകട്ടയെ മറ്റൊരു മൺകട്ടകൊണ്ടും മരക്കഷ്ണത്തെ മരക്കഷ്ണം
കൊണ്ടും അടിക്കുകയൊ പുല്ലിനെ ചീന്തുകയൊ കാരണംകൂടാതെ ചെ
യ്യുന്നുവൊ, പിന്നൊരുത്തൻ താഴത്തെ ചുണ്ടു കടിക്കയും മേലത്തെ ചു
ണ്ടു നക്കുകയും ചെയ്യുന്നുവൊ പിന്നൊരുത്തൻ തന്റെ പെരികളേയും
തലമുടിയേയും പിടിച്ചുവലിക്കുന്നുവൊ, പിന്നൊരുത്തൻ തന്റെ കുല
ദൈവങ്ങളേയും ഗുരുനാഥനേയും വൈദ്യനേയും ബ്രാഹ്മണരേയും ബ
ന്ധുക്കളേയും കാരണംകൂടാതെ ദ്വേഷിക്കുന്നുവൊ അവരെല്ലാം മരണ
മടുത്തിട്ടുള്ളവരാകുന്നു.

---

* "പ്രനഷ്ടുമേഹനൻ" എന്ന മൂലത്തിലെ വചനത്തിനു് ഇങ്ങിനെയുള്ള
ള്ളവനെന്നു താൽപ്പര്യം.

§ പതിനഞ്ചുദിവസങ്ങൾക്കു് ഇതിനെ അവധി.

§ ഇതിനകം അധികം ചെയ്യാം.

ഹാ ഗ്രഹീതസ്ഥാനഗതാ8 പീഡയന്തി ജന്മക്ഷം വാ. യസ്യാൽകാശ നിഭ്രാമഭിഹന്യതേ ഹോരാ വാ. ഗൃഹദാരശയനാസനയാനവാഹന മണിരത്നോപകരണഗ്രഹീതലക്ഷണനിമിത്തപ്രാദുഭാവോ വേതി. 6

സൂര്യൻ മുതലായ ഗ്രഹങ്ങൾ *വക്രാനുവക്രമായി ഗമിക്കയും അ നിഷ്ടസ്ഥാനങ്ങളിൽ നിൽക്കുകയും ചെയ്യുനിമിത്തം ജന്മനക്ഷത്രം ദുഷി ച്ചുപോയാൽ അതുകൊണ്ടും, ജന്മലഗ്നസമയത്തു കൊള്ളിമീൻ വീഴുക ‖(ഉൽകാ), ഇടിത്തീവീഴുക (അശനി)മുതലായ ദോഷങ്ങളുണ്ടായാൽ അ തുകൊണ്ടും ഒരുവന്നു മരണമടുത്തുണ്ടെന്നു നിശ്ചയിക്കാം.

താൻ താമസിക്കുന്ന ഭവനത്തിന്നും തന്റെ ഭാര്യക്കും താൻ കിട ക്കുന്ന കട്ടിലിന്നും തന്റെ യാത്രയിലും തന്റെ ആസനത്തിലും വാഹ നങ്ങൾക്കും താൻ ഉപയോഗിക്കുന്ന രത്നങ്ങൾക്കും നിത്യം പെരുമാറു ന്ന മറ്റുവല്ല ഉപകരണങ്ങൾക്കും വല്ല ×ലക്ഷണക്കേടും ഉണ്ടായിക്കു ണ്ടാൽ അതുകൊണ്ടും വേറെയുള്ള ദുർന്നിമിത്തംകൊണ്ടും അടുത്തു മരണം വരുമെന്നൂഹിക്കാം. 6

* ഗ്രഹങ്ങൾക്കു, "വക്രാനുവക്രാ കുടിലാ....." ഇത്യാദി പ്രമാണവശാൽ വി ട്ടുഗതികമായ ജ്യോതിശ്ശാസ്ത്രത്തിൽ പറയപ്പെട്ടിട്ടുണ്ടു്. വക്രത്തിലുണ്ടായിരുന്ന പിന്നെ മറ്റൊരു രാശികളിലുള്ള ഗതി അനുവക്രഗതിയാകുന്നു. ലഗ്നമായാലും ചന്ദ്രനായാലും അഷ്ടമവും അഷ്ടമാധിപനും പ്രാപ്തസ്ഥാനവും അനിഷ്ടസ്ഥാനങ്ങളാണു്.

‖ സൂര്യൻ നിൽക്കുന്ന നക്ഷത്രത്തിന്റെ ഇരുപത്താറാം നക്ഷത്രത്തിന്നു് ഉൽക്ക യെന്നും ഇരുപത്തിമൂന്നാം നക്ഷത്രത്തിന്നു് അശനിയെന്നും പേർ. ധിഷ്ണ്യംമുതലായി പറ്റിട്ടു് ഉപഗ്രഹങ്ങളുടെയും ജ്യോതിസ്സുഗതത്തിൽ പറഞ്ഞിട്ടുണ്ടു്. അ കൂട്ടത്തിൽ പെട്ടിട്ടുള്ള ഉപ ഗ്രഹങ്ങളാണു് മേൽപറഞ്ഞ ഉൽക്കയും അശനിയും. ഓരോകാലങ്ങളുടെ ശുഭാശുഭങ്ങ ളറിവാൻവേണ്ടി സർവ്വതോഭദ്രചക്രം വരച്ചു് നിരൂപണംചെയ്യുന്ന ക്രമം ജ്യോതിശ്ശാസ്ത്ര ത്തിൽ പറയപ്പെട്ടിട്ടുണ്ടു്. അതിൽ ഗ്രഹങ്ങളുടെ വേധംനോക്കി ശുഭാശുഭം അറിയാം ക്രൂരഗ്രഹങ്ങളുടെ വേധമുള്ള ലഗ്നസമയത്തു ഉപഗ്രഹവും കൂടിയുണ്ടായാൽ അതു മരണ ലക്ഷണമാണെന്നും ആ ഗ്രന്ഥങ്ങളിൽ പറഞ്ഞിട്ടുണ്ടു്. വിസ്തരഭയമായി അറിയേണ്ടതിന്നു് ആ വക ഗ്രന്ഥങ്ങളുടെ പരിശീലനംതന്നെ ആവശ്യമായിരിക്കുന്നു, ഈ കാണിച്ചതു മേ ഹ്രസ്വപക്ഷമനുസരിച്ചാകുന്നു.

× വീട്ടിൽ കാരണംകൂടാതെ കഴുതവന്നിരിക്കുക, നായു പ്രസവിച്ചുകുട്ടി മനുഷ്യാകൃതി യല്ലാതിരിക്ക, കട്ടിലും മറ്റും അകാരണമായി പൊട്ടിവീഴുക, യാത്രാകാലത്തു തലയിലും തോൾമുതലിലും കാക്കയും മറ്റും വന്നിരിക്കുക, വാഹനങ്ങളായ കുതിരമുതലായവ അകാ രണമായി നിലയിളിച്ചുകരയുക, രത്നത്തിന്നും മറ്റും പൊടുന്നനെ നിറംകേടുവരിക മു

ഭവതി ചാത്ര— (ച)

ചികിത്സ്യമാനഃ സമ്യക് ച വികാരോ യോഭിവർദ്ധതേ
പ്രക്ഷീണബലമാംസസ്യ ലക്ഷണം തദ്ധതായുഷഃ. 7
നിവർത്തതേ മഹാവ്യാധിഃ സഹസാ യസ്യ ദേഹിനഃ
ന ചാഹാരഫലം യസ്യ ദൃശ്യതേ സ വിനശ്യതി. 8
ഏതാന്യരിഷ്ടരൂപാണി സമ്യക് ബുദ്ധ്യേത യോ ഭിഷക്
സാധ്യാസാധ്യപരീക്ഷായാം സ രാജ്ഞഃ സമ്മതോ ഭവേൽ. 9
ഇതി ഗൗശ്രുതേ ഹിതായാം സുശ്രുതസംഹിതായാം സപ്തദശോധ്യായഃ

"ഏതെങ്കിലും ഒരു രോഗത്തിനു വേണ്ടപോലെയൊക്കെ ചികിത്സ ചെയ്തുകൊണ്ടിരിക്കുമ്പോൾ രോഗം അധികം വർദ്ധിക്കയും രോഗിക്കു ബലവും മാംസവും കുറഞ്ഞുവരികയും ചെയ്യുന്നുവെങ്കിൽ അതു മരണലക്ഷണമാണു്. 7

ഒരുത്തനുണ്ടായ *മഹാവ്യാധി ഒരു ചികിത്സയും കൂടാതെ പൊടുന്നനെ മാറിക്കാണുക, ഒരുത്തനു് ആഹാരം കഴിച്ചാൽ അതിന്റെ ഗുണം ദേഹത്തിലൊന്നും കാണാതിരിക്കുക, ഇതും മരണലക്ഷണമാകുന്നു. 8

മേൽപ്പറഞ്ഞ മരണലക്ഷണങ്ങളുടെ വകഭേദങ്ങളെ വേണ്ടപോലെ അറിയുന്ന വൈദ്യൻ സാധ്യാസാധ്യപരീക്ഷ ചെയ്യുന്നതിൽ സമർത്ഥനാണെന്നു രാജാവിനു ബോധ്യം വരുന്നതാണു്." 9

ഇങ്ങിനെ ഗൗശ്രുത ഹിതയിൽ സുശ്രുതസംഹിതയിൽ സപ്തദശാധ്യായം
കഴിഞ്ഞു.

നിങ്ങിനെ ഉദാഹരണങ്ങൾ ഗ്രഹിക്കേണ്ടതാണു്. ഗർഭിണിയുടെ ഉദരത്തിൽ പറഞ്ഞതു് ജ്യോതിശ്ശാസ്ത്രങ്ങളിലും മഹാഭാരതത്തിലും പലേ പറയുന്ന മറ്റു ഉല്പാതലക്ഷണങ്ങളെക്കുടി അരിഷ്ടലക്ഷണമായി ഗ്രഹിച്ചിരിക്കേണ്ടതിനാകുന്നു. "നീലലോഹിതപീതാഭ്രവർണ്ണനിർഘാതാദിഭൈരവഃ; വാഹാച്ഛിദ്രുഗ്രസന്ധ്യാ മുഖൻ വൈ ദാരുണം സ്വപ്നം" ഇത്യാദിയായ ഭാരതത്തിലും മറ്റും കാണുന്ന നിമിത്തഭേദങ്ങളും ഇവിടെ വിശേഷിച്ചും ഓർത്തിരിക്കേണ്ടതാണു്. വിസ്തരഭയത്താൽ ഇവിടെ പൂർണ്ണമായിട്ടു ചേർക്കുന്നില്ല. തച്ഛാസ്ത്രപ്രകാരം സൂത്രദോഷം മൂലമായുള്ള ഭവനവും ധർമ്മശാസ്ത്രപ്രകാരം വിഷമസ്ഥാനപാപം മൂലമായ ലക്ഷണദോഷങ്ങളുള്ള ഭവനവും ജ്യോതിശ്ശാസ്ത്രപ്രകാരം ദൃഗ്ദോഷമുള്ള കൂറിലും ഇങ്ങിനെ തന്നെ ഭവനം മുതലായവക്കു് അതാതു ശാസ്ത്രങ്ങളിൽ പറഞ്ഞതായ പല ദോഷലക്ഷണങ്ങളുണ്ടായാൽ അതു മരണലക്ഷണമാകുന്നു എന്നാണു് ഈ ശ്ലോകത്തിന്നു് ചികിത്സയുടെ വ്യാഖ്യാനം. ഇതും യുക്തംതന്നെ.

* ജീവധാതുക്കളിൽ കടന്നിട്ടുള്ള രോഗങ്ങൾ മഹാവ്യാധികളാകുന്നു.

ത്രയസ്ത്രിംശത്തമോധ്യായഃ.

അഥാതോവാരണീയമധ്യായം വ്യാഖ്യാസ്യാമഃ. 1

(പ). ഉപദ്രവൈസ്ത്വയാ ജുഷ്ടാ വ്യാധയോ യാന്ത്യുപാസ്യതാമ്
രസായനാദിനാ വത്സ! താൻ ശൃണ്വേകമനാ മമ. 2

വാതവ്യാധിഃ പ്രമേഹശ്ച കുഷ്ഠമർശോ ഭഗന്ദരഃ

മുപ്പത്തിമൂന്നാമദ്ധ്യായം.

ഇനി *അവാരണീയം എന്നുള്ള (ചികിത്സിച്ചുമാറ്റാൻ തരമില്ലാത്തവ്വിധത്തിലുള്ള മരണലക്ഷണങ്ങളെ പറയുന്ന) അദ്ധ്യായം പറയുന്നു: — 1

അല്ലയോ വത്സ! ഓരോ വ്യാധികളിലും നാനാകാരണങ്ങളായ ചില †ഉപദ്രവങ്ങൾ വന്നുകൂടുന്നുണ്ട്. അവയെ ഭേദപ്പെടുത്തുന്നതിനു രസായനപ്രയോഗംകൊണ്ടു സാധിക്കയുള്ളൂ. ആ വക ഉപദ്രവങ്ങളെപ്പറ്റി ഞാൻ പറവാൻ തുടങ്ങുന്നതിനെ സശ്രദ്ധം കേട്ടുകൊൾകെ.— 2

വാതവ്യാധി, പ്രമേഹം, കുഷ്ഠം, അർശസ്സ്, ഭഗന്ദരം, അശ്മരി, മൂഢഗർഭം, മഹോദരം ഈ രോഗങ്ങളെല്ലാം മഹാരോഗങ്ങളെന്നു പേരുള്ളവയാണ്. സുഖേന തന്നെ ഇവയെ ചികിത്സിക്കാൻ വളരെ പ്രയാസമുണ്ട്. ഈ മഹാവ്യാധികളിൽ ബലക്ഷയം, മാംസക്ഷയം, വായുമുട്ടൽ, വെള്ളിരോഹം, തലചുറ്റൽ, ഛർദ്ദി, ജ്വരം, മോഹാലസ്യം, അ

---

* മരണലക്ഷണത്തെ നാലായി ഭാഗിക്കാം (1) കാലത്തെ സംബന്ധിച്ചുള്ളത്. (2) സ്വഭാവത്തെ സംബന്ധിച്ചുള്ളത്. (3) രിഷ്ടസംബന്ധി (രോഗത്തിന്റെ അസാദ്ധ്യാവസ്ഥയെന്നു). (4) ഉപദ്രവസംബന്ധി. ഇവയിൽ കാലത്തേയും സ്വഭാവത്തേയും സംബന്ധിച്ച സംഗതികൾ മുമ്പെ പറഞ്ഞു. ഇനി അതാതു രോഗങ്ങളുടെ പ്രസ്താവത്തിൽ പറവാൻ പോകുന്നുമുണ്ട്. രിഷ്ടലക്ഷണങ്ങളെ പൂർവ്വാധ്യായങ്ങളിൽ പ്രതിപാദിച്ചിട്ടുണ്ട്. രോഗോപദ്രവലക്ഷണം നോക്കി മരണം അറിയാനുള്ള ഉപായമാണ്. അതാണ് ഈ അദ്ധ്യായത്തിലുള്ളത്.

† ഉപദ്രവം=അടുത്തുണ്ടായ രോഗത്തിനുശേഷം പിന്നെ വന്നുകൂടുന്ന രോഗം.

അശ്മരീ മൂഢഗർഭശ്ച തൈരേവാദരമഷ്ടമം. 3

അഷ്ടാവേതേ പ്രകൃത്യൈവ ദുശ്ചികിത്സ്യാ മഹാഗദാഃ
പ്രാണമാംസക്ഷയശ്വാസതൃഷ്ണാശോഷവമിജ്വരൈഃ. 4

മൂത്രാതിസാരഹിക്കാഭിഃ പുനശ്ചൈതേ തുപദ്രുതാഃ
വാതവ്യാധിനിയാ വിശേഷേണ ഭിഷജാ സിദ്ധിമിച്ഛതാ. 5

ശൂനം സുപ്തപ്രഭം ഭഗ്നം കവാഭ്യാനനിപീഡിതമ്
നരം രുജാത്തിമഗ്നം വാതവ്യാധിർവിനാശയേൽ. 6

യത്രോക്തോപദ്രവാവിഷ്ടമതിപ്രസ്തുതമേവ വാ
പിടകാപീഡിതം ഗാഢം പ്രമേഹോ ഹന്തി മാനവമ്. 7

പ്രമേഹിനാം പ്രസ്തുതാംശ്ച രക്തമേത്രം ഹതസ്ഥലമ്

തിസാരം, ഈ ഉപദ്രവങ്ങൾ *(ഓരോന്നോ കൂട്ടമായോ) കൂടിയുണ്ടായി എന്നുവരികിൽ, നല്ലവൈദ്യനാഗ്രഹിക്കുന്ന വൈദ്യൻ പിന്നെ ആ രോഗം ചികിത്സിക്കാൻ പോകരുതു്. 3—5

വാതവ്യാധിയുള്ളവനും, വിക്കം, കാലിൽതരിപ്പു്, അംഗങ്ങൾക്കു മുഴുപ്പു്(വിള്ളൽ?) കൈകാലുകളിലും മറവും വിറയൽ, വയറുവീർപ്പു്, വയറിൽവേദന, അംഗങ്ങളിൽ കുത്തിനോവു് + എന്നീ ഉപദ്രവങ്ങളുണ്ടായിക്കണ്ടാൽ മരണം നിശ്ചയം. 6

പ്രമേഹരോഗിക്കു് ആ രോഗത്തിനു പറഞ്ഞിട്ടുള്ള §ഉപദ്രവങ്ങൾക്കു പുറമെ വല്ലതരം മൂത്രംപോവുക, അധികമായി പിടക(വിരാരിക മുതലായതു്)കളുടെ ഉപദ്രവമുണ്ടാവുക ഈ ലക്ഷണങ്ങൾ അപകടത്തിനുള്ളവയാണു്. 7

കൃച്ഛ്രരോഗത്തിൽ അംഗങ്ങൾക്കു് വിള്ളലും രക്തം ഒലിക്കലും കുന്നുകൂടിനിൽക്കലും ഒച്ചയടക്കലുമുണ്ടായിരിക്കുക, ‖ വമനം, വിരേച

---

* ഈ ഉപദ്രവങ്ങളിലേതെങ്കിലുമൊരണ്ണമായാൽ തന്നെ അസാധ്യമാണെന്നുള്ളതു ഭോജ്യപക്ഷമാകുന്നു. “ഉപദ്രവൈരിഹ” മൂലത്തിൽ ബഹുവചനം പറഞ്ഞതുകൊണ്ടു് മുഴുവനുമില്ലെങ്കിൽ മൂന്നുനാലെങ്കിലും തികഞ്ഞിരുന്നാലെ അസാധ്യമാകയുള്ളു എന്നുതോന്നിക്കേണമെന്നല്ലേ നിർബ്ബന്ധം കാണുന്നു. അവസ്ഥാനാനാത്വം ഒന്നുകൊണ്ടുതന്നെ അസാധ്യമായിക്കൂടാ എന്നു വരുന്നുമില്ല. അതുകൊണ്ടു ബഹുവചനങ്ങളിലെ പ്രയോജനം ഇങ്ങനെയാണെന്നുറപ്പിക്കാൻ വിഷമം.

+ ഈ ഉപദ്രവങ്ങളിൽ ഏതെങ്കിലും ഒന്നുപോരാ; മുഴുവൻ തികയണം. അതുതന്നെ മരണലക്ഷണമാകയുള്ളു.

§ മക്ഷികോപസൃഷ്ടാന്നം, വൃഷ്ണാവദരണം, ഹൃദയഗ്രഹം മുതലായി മേൽ പഠിയാൻ പോകുന്ന ഉപദ്രവങ്ങളെയാണു് ഇവിടെ സൂചിപ്പിക്കുന്നതു്.

‖ “പക്വകമ്പല്ലനാതീവ” എന്ന മൂലത്തിനു് അനേകവിധം വ്യാഖ്യാനമുണ്ടു്.

പഞ്ചകർമ്മാണ്യതീതം കൃഷ്ണം ഹന്തീഹ കൃഷ്ണിനം. 8
തൃഷ്ണാരോചകശൂലാർത്തമതിപ്രസൃതശോണിതം
ശോഫാതീസാരസംയുക്തമശ്വോ ഹ്യാധിർവ്വിനാശയേൽ. 9
വാതമൂത്രപുരീഷാണി കൃമയഃ ശുക്ലമേവ ച
ഭഗന്ദരാൽ പ്രസ്രവന്തി യസ്യ തം പരിവർജ്ജയേൽ. 10
പ്രക്ലിന്നനാഭിവൃഷണം രുദ്ധമൂത്രം രുഗന്വിതം
അശ്മരീ ക്ഷപയത്യാശു സികതാ ശർക്കരാന്വിതാ. 11

നം മുതലായ അഞ്ചു കർമ്മങ്ങളെകൊണ്ടും ഫലമൊന്നുമില്ലെന്നുള്ളതു മരണമടുത്താലുള്ള ലക്ഷണമാകുന്നു. 8

അധികമായി വെള്ളംകുടിക്കും, അരോചകം, വയറിൽ കുത്തിനോവ്, അധികമായ രക്തംപോക്ക്, ശോഫം, അതിസാരം എന്നീ ഉപദ്രവങ്ങൾ അശ്വസ്സിങ്കൽ കണ്ടാൽ ആ രോഗി മരിക്കും. 9

ഭഗന്ദരവ്രണത്തിൽനിന്നു വായുവും മൂത്രവും മലവും കൃമികളും ശുക്ലവും *പുറത്തേക്കു വരുന്നുവെങ്കിൽ ആ രോഗിയെ ഉപേക്ഷിക്കണം.

അശ്മരിയിലും ശർക്കരയോടുകൂടിയ സികതാമേഹത്തിലും നാഭിയും വൃഷണവും വീങ്ങിയിരിക്കുക, മൂത്രം പോവാതാവുക, വസ്തിപ്രദേശത്തിൽ വേദനയുണ്ടാവുക എന്നീ ഉപദ്രവങ്ങൾ കണ്ടാൽ മരണമുണ്ടാകുന്നതാണ്. 11

ഥമനം, വിരേചനം, കഷായവസ്തി, നസ്യം, സിരാവേധം ഇവയാണ് പഞ്ചകർമ്മങ്ങൾ സ്നേഹവസ്തി കുഷ്ഠത്തിൽ അയുക്തമാണ്. ഈ കർമ്മങ്ങളുടെ ഫലം (ഫലത്തെ) അതിക്രമിച്ചുനിൽക്കുന്നതു് എന്നുള്ള അർത്ഥം തൽക്കാലത്തിൽ കാണിച്ചിരിക്കുന്നു. അതുകൊണ്ടു് ഈ വക പ്രയോഗങ്ങൾ ചെയ്താൽ ഫലിക്കാത്ത കടന്നനിലയിലായെന്നു സാരം. അപ്രധാനമായ ധാതുവായ അസ്ഥിയിൽ കടന്നിട്ടുള്ള കുഷ്ഠം ശോധനം, ശമനം, അഭ്യംഗം എന്നീ പ്രയോഗം ശിലാജതുപ്രയോഗം മുതലായ പ്രധാനകർമ്മങ്ങളുടെ ഫലത്തെ അതിക്രമിച്ചിരിക്കുന്നതാണ്. മജ്ജാശുക്ലങ്ങളിലെ കുഷ്ഠവും ഇങ്ങിനെതന്നെ. അതുകൊണ്ടു് അസ്ഥിമുതലായ ധാതുക്കളിലെ കുഷ്ഠമെന്നതു് പറയേണ്ടതാണെന്നുള്ള ചിലരുടെ വ്യാഖ്യാനമുണ്ടു്. കുഷ്ഠത്തിന്റെ പൂർവ്വരൂപം മുതൽ ചികിത്സാകാലമാണല്ലോ. പിന്നെ രണ്ടാമതു് ചെയ്താൽ ശോധനം ചെയ്യണമെന്നു പറഞ്ഞിട്ടുണ്ടു്. രക്തം, മാംസം, മേദസ്സു് എന്നിവയിലെന്നിയാൽ പ്രത്യേകം ചികിത്സാരീതികളുണ്ടു്. ഇങ്ങിനെ അഞ്ചു വക ചികിത്സകളാണു് പഞ്ചകർമ്മങ്ങൾ. ഇവയുടെ ഫലത്തെ കടന്നുനിൽക്കുന്നതു് ഈ അസ്ഥിഗതമായ മറ്റു മൂന്നു ധാതുക്കളിൽ പ്രവേശിച്ചതു് അസാധ്യമാകുന്നു എന്നും ഒരുജാതി വ്യാഖ്യാനമുണ്ടു്.

* എല്ലാ ലക്ഷണവും കാണണമെന്നില്ല. വാതമൂത്രപുരീഷങ്ങളോ കൃമികളോ ശുക്ലമോ ഗുദരവ്രണത്തിൽനിന്നു പുറപ്പെട്ടുകണ്ടാൽ അസാധ്യമെന്നു വിചാരിക്കാം. എന്നു പക്ഷാന്തരം.

\$ "സികതാ ശർക്കരാന്വിതാ" എന്ന മൂലത്തിനു് സികത(മണൽത്തരി)കളു

ഗർഭകോശപരാസംഗോ മക്കുഷ്ഠോ ഭയാന് സംവൃതിം
ഹന്യാൽ സ്ത്രിയം മൂഢഗർഭ യത്രോക്തശ്ചാപ്യുപദ്രവഃ. 12
പാർശ്വഭംഗാന്നവിദ്വേഷഃശോഫാതിസാരപീഡിതമ്
വിരിക്തം പൃഷ്ടമാണഞ്ച വജ്ജയേദ്ദരാർത്തിതമ്. 13
യസ്യാമൃതി വ്.സംജ്ഞശ്ച ശേതേ നിപതിതോപി വാ
ശീതാർദ്ദിതാനനഃ ക്ഷ്ണശ്ച ജ്വരേണ ഭ്രിയതേ നരഃ. 14
യോ പൃഷ്ടരോമാ രുക്തോക്ഷോ പൂർദിസംഘാതശ്ലേഷ്മവാൻ

ഗർഭകോശത്തിന്നുള്ളിൽ (Uterus) ഗർഭം തടഞ്ഞിരിക്കയും *മക്കല്ലുമെന്ന വ്യാധിയുണ്ടായിരിക്കയും യോനിയുടെ മുഖം തീരെ അടഞ്ഞിരിക്കയും ഗർഭവ്യാപത്തിനെപ്പറ്റി പറവാൻ പോകുന്ന അദ്ധ്യായത്തിൽ കാണിച്ചിട്ടുള്ള †ഉപദ്രവങ്ങളുണ്ടായ് രിക്കയും ചെയ്യാൽ മൂഢഗർഭം എന്ന വ്യാധിയിൽ സ്ത്രീ മരിച്ചുപോകുന്നതാകുന്നു. 12

മഹോദരരോഗമുള്ളവനു വാരിവൃണങ്ങളിൽ വേദനയും അരുഹാരതിക്കൽ രുചികേടും ശോഫവും അതിസാരവും ഉണ്ടാകുന്നതും, വയറിളകിയാൽ പിന്നെയും ഉടനെ വയറുനിറഞ്ഞു വിക്കുന്നതും തമസാദ്യുപലക്ഷണമാകുന്നു. 13

ജ്വരമുള്ളവൻ തളർന്നു ബോധംകെട്ടു വീഴുകയും അങ്ങനെതന്നെ വിണുകിടക്കുകയും ഉള്ളിൽ ഉഷ്ണാധിക്യമുണ്ടായിരിക്കേ പുറമേ തണുപ്പിന്റെ ഉപദ്രവത്തോടുകൂടിയിരിക്കയും ചെയ്യാൽ ഉടനെ മരിക്കുമെന്നറിയണം. 14

ജ്വരമുള്ളവനു രോമാഞ്ചമധികമുണ്ടാകയും കണ്ണു ചുവക്കുകയും നെഞ്ഞത്തു് വിട്ടുപ്പോഴും കലശലായ കുത്തിനോവുണ്ടാകയും വിട്ടുമാറുമ്പോഴും വായിൽക്കൂടിത്തന്നെ ശ്വാസം കഴിക്കാൻ സാധിക്കുന്നുള്ളു പിന്നെ

ല്പമായ ശർക്കരയോടുകൂടിയതു് ഏറ്റവും ഗുണം കാണുന്നു. ആ പക്ഷത്തിൽ ഈ പദത്തെ അദ്ദേഹവിശേഷണമായി ഗ്രഹിക്കണം.

* മക്കല്ലുംകയതാം സൂതികായോഗം. (ഗർഭിണീവ്യാകരണം നോക്കുക.)

† മറുപിള്ളയുടെ സ്ഥാനം തെറ്റിയിരിക്കുക, ചത്തു, മുഴ, തലയിടുന്ന ഇവയുണ്ടായിരിക്കുക, മുതലായതു്.

നിത്യം വക്ത്രേണ ചോച്ഛ്വാസ്യാശ്വം ജ്വരോ ഹന്തി മാനവമ് 15
ഹിക്കാശ്വാസപിപാസാർത്തം മൂഢം വിഭ്രാന്തലോചനമ്
സന്തതാച്ഛ്വാസിനം ക്ഷീണം നരം ക്ഷപയതി ജ്വരഃ. 16
ആവിലാക്ഷം പ്രതാമ്യന്തം നിദ്രായുക്തമതീവ ച
ക്ഷീണശോണിതമാംസഞ്ച നരം ക്ഷപയതി ജ്വരഃ. 17
ശ്വാസശ്ലഥപിപാസാർത്തം ക്ഷീണം ജ്വരനിപീഡിതമ്
വിശേഷേണ നരം വൃദ്ധമതിസാരോ വിനാശയേൽ. 18
ശുക്ലാക്ഷമനാദേഷ്ടാരമൂർദ്ധ്വശ്വാസനിപീഡിതമ്
കൃച്ഛ്രേണ ബഹ്വാമഹന്തം യക്ഷ്മാ ഹന്തീഹ മാനവമ്. 19

കാണുകയും ചെയ്യാൽ ഉടനെ മരണമുണ്ടാകുമെന്നറിയേണ്ടതാണ്. 15

ഏക്കിട്ടം, ഏറ്റക്കം, വെള്ളംതോഹം, മോഹാലസ്യം, കണ്ണുകൾക്ക് അന്ധരൂപ്പ് (ഭ്രമം), ഇടവിടാതേയുള്ള കിതപ്പ് (ശ്വാസം), ക്ഷീണം ഇ വയുണ്ടെങ്കിൽ ജ്വരരോഗിക്ക് അതു മരണലക്ഷണമാകുന്നു. 16

കണ്ണു കലങ്ങുക, തളരുക, ഉറക്കം അധികമാവുക, രക്തവും മാംസവും ക്ഷയിച്ചിരിക്കുക, ഈ ലക്ഷണങ്ങളും ജ്വരത്തിങ്കൽ മരണത്തെ കുറിക്കുന്നു. 17

അതിസാരത്തിൽ ഏറ്റക്കം, വയറ്റിൽ കുത്തിനോവ്, വെള്ളംതോഹം, ക്ഷീണം, ജ്വരം എന്നിവ മരണലക്ഷണമാണ്. രോഗി വൃദ്ധനാണെങ്കിൽ മേൽപറഞ്ഞ ഉപദ്രവങ്ങൾ നിശ്ചയമായി മരിക്കുന്നതാണ്. 18

കണ്ണു വെളുത്തിരിക്കുക, ആഹാരത്തിൽ രുചിയില്ലാതിരിക്ക, മേല്പെട്ടു ശ്വാസം മുട്ടുക, അധികം മൂത്രം*പോകയും പോകുമ്പോൾ നന്നേ വേദനയുണ്ടാകയും ചെയ്യുക, ഈ ലക്ഷണങ്ങൾ രാജയക്ഷ്മാവിങ്കൽ മരണത്തെ കുറിക്കുന്നു. 19

* "പോയിപ്പോട്ട് അധികം മലംപോവുകയും" എന്നാണ് ഉല്ലനപക്ഷപ്രകാരം ഇവിടെ വ്യാഖ്യാനം. ആഹാരം മുഴുവൻ ശരീരമായിത്തീരുമ്പോൾ അധികം പോകുന്നു. അതിനുശേഷം മുതലായ ധാതുക്കളായാൽ അത് പോകാൻ വിഷമവുമാകുന്നു. ഈ രാജയക്ഷ്മാവിൻറെ കടന്നാക്രമണത്തിൽ കാണാവുന്നതത്രെ.

ശ്വാസശ്ലീപിപാസാന്നവിദ്വേഷഗ്രന്ഥിമൂർദ്ധതാഃ
ഭവന്തി ദുർബ്ബലത്വഞ്ച ഗ്ലപ്നോ മൃത്യുമേഷ്യതഃ. 20
തൃഷ്ണാതം ഖേഷ്വനിഷ്യന്ദം ഛർദ്ദിഹിക്കാർത്തവാനിലം
രുജാശ്വാസസമാവിഷ്ടം വിദ്ധിന്നാശയേന്നരം. 21
പാണ്ഡുത്വനഖാ യശ്ച പാണ്ഡുനേത്രശ്ച മാനവഃ
പാണ്ഡുസംഘാതദർശീ ച പാണ്ഡുരോഗീ വിനശ്യതി. 22
ലോഹിതാ ഛർദ്ദയശ്ച ബഹ്വ്യോ ലോഹിതേക്ഷണോ
രക്താനാഞ്ച ദിശാം ദൃഷ്ടാ രക്തപിത്തീ വിനശ്യതി. 23
അവാങ്മുഖവ്യുന്മുഖോ വാ ക്ഷീണമാംസോപചയോ നരഃ
ജാഗരിഷ്ണുരസന്ദേഹമുന്മാദേന വിനശ്യതി. 24
ബഹ്വശോപസ്മരന്നൃത്യേ പ്രക്ഷീണം ചലിതദ്രുവം

ഗ്ലപ്നരോഗിക്ക് ഛർദ്ദിക്കും, കുത്തിനോവ്, വെള്ളംദാഹം, ആഹാരത്തിൽ രുചിയില്ലായ്മ ഇവയുണ്ടാവുക, വയറ്റിൽ കണ്ടിരുന്ന മുഴ അകാരണമായി കാണാതാവുക, ബലക്ഷയമുണ്ടാവുക എന്നീലക്ഷണങ്ങൾ കണ്ടാൽ ഉടനെ മരണമുണ്ടാകുന്നതാണ്. 20

വിദ്ധി രോഗമുള്ളവന്നു വയറുവീർപ്പും മൂത്രത്തിന്നു തടസ്ഥവും ഛർദ്ദി, എക്കിട്ടം, വെള്ളംദാഹം എന്നിവയും വേദനയും ശ്വാസംമുട്ടലുമുണ്ടായാൽ മരണം നിശ്ചയം. 21

പാണ്ഡുരോഗമുള്ളവന്റെ പല്ലും നഖവും കണ്ണും മഞ്ഞളിച്ചുപോകുക, നോക്കുന്ന പദാർത്ഥങ്ങളെല്ലാം മഞ്ഞനിറത്തിലായിത്തോന്നുക, എന്നിങ്ങിനെ കണ്ടാൽ ആ രോഗി ഉടനെ മരിക്കും. 22

രക്തപിത്തത്തിങ്കൽ അനേകപ്രാവശ്യം രക്തം ഛർദ്ദിക്കുക, കണ്ണു ചുകന്നിരിക്കുക, അതുള്ളവൻ നോക്കുന്നേടമെല്ലാം ചുകന്നുകാണുക, ഇതു മരണലക്ഷണമാണ്. 23

ഉന്മാദരോഗി മേൽപെട്ടുനോക്കിക്കൊണ്ടിരിക്കയോ കീഴ്പ്പോട്ടു തല താഴ്ത്തിക്കൊണ്ടിരിക്കയോ ചെയ്കയും, മാംസവും ബലവും ക്ഷയിച്ചിരിക്കുക, ഉറക്കമില്ലാതിരിക്കുക ഇങ്ങിനെകണ്ടാൽ ഉടനെ മരിക്കുമെന്നതിന്നു സംശയമില്ല. 24

അനേകംപ്രാവശ്യം ഓർമ്മകേട്ടുണ്ടാവുക, ക്ഷീണിക്കുക, പിരിയുണ്ട

നേത്രാഭ്യാഞ്ച വികൃഷ്ണമപസ്മാരോ വിനാശയേൽ. 25

ഇതി സുശ്രുതസംഹിതായാം സൂത്രസ്ഥാനേ അവാരണീയോ നാമ
ത്രയസ്ത്രിംശത്തമോധ്യായഃ.

ചതുസ്ത്രിംശത്തമോധ്യായഃ.

അഥാതോ യുക്തസേനീയമധ്യായം വ്യാഖ്യാസ്യാമഃ. 1
യുക്തസേനസ്യ നൃപതേഃ പരാനഭിജിഗീഷതഃ
ഭിഷജാ രക്ഷണം കാര്യം യഥാ തദുപദേക്ഷ്യതേ. 2
വിജിഗീഷുഃ സഹാമാത്യൈർയ്യാത്രായുക്തഃ പ്രയത്നതഃ
രക്ഷിതവ്യോ വിശേഷേണ വിഷാദോവേ നരാധിപഃ. 3

ളിളക്കുക, കണ്ണുകളെക്കൊണ്ടു പലവിധം ഗോഷ്ടികാണിക്കുക, ഈ ല
ക്ഷണങ്ങൾ അപസ്മാരത്തിങ്കൽ മരണത്തെ സൂചിപ്പിക്കുന്നവയാകുന്നു.

ഇങ്ങിനെ സുശ്രുതസംഹിതയിൽ സൂത്രസ്ഥാനത്തിൽ
അവാരണീയമെന്ന മുപ്പത്തിമൂന്നാമധ്യായം
കഴിഞ്ഞു.

മുപ്പത്തിനാലാമധ്യായം.

ഇനി യുക്തസേനീയം എന്ന (സൈന്യത്തോടുകൂടി യുദ്ധത്തിന്നു പുറപ്പെട്ടിരിക്കുന്ന രാജാവിനെ സംബന്ധിച്ചു് വൈദ്യന്റെ കർത്തവ്യങ്ങളും മറവും പറയുന്ന) അധ്യായം പറയാം:— 1

ശത്രുക്കളെ ജയിക്കാനായിക്കൊണ്ടു സൈന്യങ്ങളോടുകൂടി യുദ്ധസന്നദ്ധനായിരിക്കുന്ന രാജാവിന്റെ ഒന്നിച്ചു് എഴുന്നള്ളുന്നവനായിരിക്കണം. വൈദ്യൻ ആ സൈന്യത്തിലുള്ളവർക്കും രാജാവിന്നും രോഗങ്ങളും മറവും ഉണ്ടാകാതെയും ഉണ്ടാകുന്നതിനെ ചികിത്സിച്ചും വേണ്ടുന്ന രക്ഷകളും ചെയ്തുകൊണ്ടിരിക്കണം. അതിന്റെ ക്രമങ്ങളെ ഇവിടെ പറവാൻ പോകുന്നു:— 2

മന്ത്രിമാരോടുകൂടി ശത്രുജയത്തിന്നായിക്കൊണ്ടു് യാത്രചെയ്യുന്ന രാജാവിനെ വിശേഷിച്ചും വിഷദോഷം പറയാതെ നോക്കുകയാവശ്യമാകുന്നു. 3

പനഷ്ഠാനമുദ്ദേശം ഛായാം ഹേതും യഥാവചിന്തനം
ദൂഷ്യയന്ത്യരയസുച്ച ജ്ഞാനിയാച്ഛ്രാധ്യമേവ തത് ഗ്രാ
തസ്യ ലിംഗം ചികിത്സാ ച കല്പസ്ഥാനേ പ്രവക്ഷ്യതേ. 4
ഏകോത്തരം മൃത്യുശതമുത്പാദം പ്രചക്ഷതേ
തത്രൈകഃ കാലസംജ്ഞസ്തു ശേഷാസ്ത്വാഗന്തവഃ സ്മൃതാഃ. 5

യുദ്ധയാത്രാകാലത്തു വഴിയിലും, കിണാറിലോ മടാറാ ഉള്ള വെള്ളത്തിലും, സൈന്യങ്ങൾ ക്ഷീണംതിക്കാനാം മാവം ചെന്നുനിൽക്കുന്ന വൃക്ഷച്ഛായകളിലും, ആഹാരദ്രവ്യങ്ങളിലും, കുതിര മുതലായ സൈന്യവാഹനങ്ങൾക്കു കൊടുക്കാനുള്ള പുല്ലുകളിലും, വിഷമുണ്ടെങ്കിൽ അതിന്റെ സംബന്ധമുണ്ടാകിത്തീർക്കുന്നതിനു ശത്രുക്കൾ പണിയെടുക്കും. അങ്ങിനെ ആ വകകളിൽ വിഷമുണ്ടോ എന്നു രാജാവിന്റെകൂടെ പോകുന്ന വൈദ്യൻ പരിശോധിക്കയും ഉണ്ടെന്നറിഞ്ഞാൽ ആ ദോഷം തീർക്കുന്നതിനായി അവയെ ശുദ്ധിവരുത്തുകയും ചെയ്യേണ്ടതാണ്. വിഷദോഷം ആവക പദാർത്ഥങ്ങളിലുണ്ടായിരുന്നാൽ, അതിന്റെ ലക്ഷണങ്ങളും പരിഹാരങ്ങളും കല്പസ്ഥാനത്തിൽ പറവാൻപോകുന്നുണ്ട്. 4

മരണം നൂറിനെന്നപ്രകാരത്തിലാണെന്നു അഥർവ്വവേദജ്ഞന്മാരഭിപ്രായപ്പെടുന്നു. അവയിൽവെച്ച് ഒന്നുമാത്രമെ കാലമരണമുള്ളൂ. മറ്റൊല്ലാം അകാലമരണങ്ങളാകുന്നു.‡ ശരീരത്തിലുള്ള വാതാദിദോഷങ്ങളുടെ വൈഷമ്യംനിമിത്തം ഉണ്ടാകുന്ന മരണത്തിൽനിന്നു രാജാവി

‡ "ഏകോത്തരമൃത്യുശതം....." എന്ന ശ്ലോകത്തിനു "മരണം നൂറിനെന്ന പ്രയസ്സുവരെയും സംഭവിക്കാം. എന്നാൽ നൂറാണ്ടാകുന്ന വയസ്സുമുതൽക്കുള്ള മരണം കാലമൃത്യുവും നൂറുവയസ്സിനകത്തു മരിക്കുന്നു എങ്കിൽ അതു് അകാലമരണവുമാകുന്നു" എന്നു ചിലർ വ്യാഖ്യാനിക്കുന്നു. "ഏകോത്തരം=എന്നതു പ്രധാനമായിട്ടുള്ളതു്. മൃത്യുശതം=അസംഖ്യം മരണം. മരണകാരണങ്ങൾക്കു സംഖ്യയില്ലാത്തതുകൊണ്ടു മരണവും അസംഖ്യംതന്നെ. അതിൽ ഒരുമരണം പ്രധാനമാകുന്നു. അതു കാലമരണംതന്നെ." എന്നിങ്ങിനെയും ചിലർ വ്യാഖ്യാനിക്കുന്നുണ്ടു്. എന്തായാലും ലോകത്തിൽ പ്രകൃതിസിദ്ധമായ ശരീരധാർഢ്യത്തിനു് അപഥ്യക്ഷയം മുതലായ ദോഷങ്ങളെക്കൊണ്ടു കേടുവരുത്താതിരുന്നാൽ അധികം ജീവിച്ചിരിക്കാമെന്നും നടവടിദോഷംകൊണ്ടു് അകാലത്തിൽ മരണം സംഭവിക്കുന്നതാണെന്നും സമ്മതിക്കാതിരിപ്പാൻ നിവൃത്തിയില്ല. ഒരാൾ എപ്പോൾ മരിക്കുന്നതായാലും അതു് അവന്റെ കാലമൃത്യുതന്നെ; അകാലമൃത്യുവുണ്ടെന്നു പറയുന്നവർ പൂർവ്വജന്മത്തെയും മറ്റും വിശ്വസിക്കാത്തവർക്കാണെങ്കിൽ എന്നെന്നുമവരുണ്ടു്. ഇവരോടു് "ശാകാടേ ദ്വയം ത്രയം കാർഷ്ണാനാം ദ്വയം ത്രയം [illegible]

ദോഷാഗ്നിജന്മനാമ്നോ രസമന്ത്രൗഷധീശാരദൌ
രക്ഷേതാം വൃഷ്ടിം നിത്യം യതാനഭ്രപുരോഹിതൌ. 6
ബ്രഹ്മാ വേദാംഗമഷ്ടാംഗമായുർവ്വേദമഭാഷത
പുരോഹിതമൃതേ തസ്മാദ്രക്ഷേത ഭിഷഗാത്മവാൻ. 7

നെ രക്ഷചെയ്യുന്നതുപോലെ രസായനപ്രയോഗത്തിൽ നല്ല സാമർത്ഥ്യമുള്ള വൈദ്യനാണ് പുരോഹിതനായിരിക്കുന്നത്. ഇപ്രകാരംതന്നെ ആഗന്തുജ (ഭൂത പ്രേതപിശാചാദികളാൽനിമിത്തമുള്ള)ങ്ങളായ മരണങ്ങളിൽനിന്നു രാജാവിനെ പ്രയത്നപ്പെട്ടും രക്ഷപ്പെടുത്തുന്നതിനുള്ള ഭാരം, വേദോക്തമന്ത്രങ്ങളിൽ പാണ്ഡിത്യമുള്ള പുരോഹിതനുള്ളതാണ്. 5-6

വേദങ്ങളെ നിർമ്മിച്ചിട്ടുള്ള ബ്രഹ്മാവ് എട്ടംഗങ്ങളോടുകൂടിയ ആയുർവ്വേദത്തെ ആ (അഥർവ്വ)വേദത്തിന്റെ അംഗമായിട്ടാണ് നിർമ്മിച്ചി

കാലേ മൃത്യുകാലസ്യ ഹി" "നാകാലേ ഗ്രിയതേ കശ്ചി ദ്വിദ്ധ്യശ്ശരശതൈരപി കാല പ്രാപ്തസ്യകൌരവ്യ! യഥാ സ്പർശതേ തൃണാഗ്രപി" (വ്യാസഃ) എന്നിങ്ങിനെയുള്ള പുരുഷന്മാരുടെ പ്രമാണവചനങ്ങളെ എടുത്തുല്ലംഘിക്കയും ചെയ്യുന്നു. പരമാത്മാവിൽ യുക്തികൊണ്ടും മറ്റുപ്രമാണങ്ങളെകൊണ്ടും അകാലമൃത്യുവുണ്ടെന്നു തെളിയിക്കാൻ പ്രയാസമില്ല. ഒരു ശരീരം നശിക്കുന്നതു് അതിനു നിലനിൽക്കുന്നതുള്ള ശക്തി സ്വതേയുള്ളതു് ഒരു കാരണവുംകൂടാതെ താനേ നശിച്ചുപോയിട്ടായാം. ആ ശക്തി മറ്റുവല്ല കാരണത്താലും നശിച്ചിട്ടുമായാം. ഈ രണ്ടുമല്ലാതെ നാശം ആഗന്തുകമാണെല്ലൊ, നൈസർഗ്ഗികമായ നാശം കാലമൃത്യുതന്നെ. ആഗന്തുകങ്ങളായ കാരണങ്ങളെകൊണ്ടു് അകാലമൃത്യു ഏതുമുണ്ടാകയില്ലെങ്കിൽ ആയുസ്സിനായും ദേഹാരോഗ്യത്തിനായും നിലനിർത്താനായി പലവിധം ആചാരാഹാരക്രമങ്ങളെ ഉപദേശിക്കുന്ന ശാസ്ത്രത്തിനു പ്രയോജനമെന്തു്? "ജലമഗ്നിർവ്വിഷം ശസ്ത്രം ക്ഷുധാ പ്രജാനാം രാജകുലാനി ച । അകാലമൃത്യവോ ഹ്യേതേ തേഭ്യോ രക്ഷേത പണ്ഡിതഃ." "കാലഃ സുഷുപ്തോപി ഹി വഞ്ചയിതും ന ശക്യോ വക്ഷ്യാഭിധാനമപമൃത്യു വിനാശനായ । മൃത്യുർഭവിഷ്യതി കഥഞ്ചന നഃപമൃത്യുർവ്യർത്ഥസ്തദാ ചരകസുശ്രുതവാഗടാദ്യാഃ" എന്നും മറ്റും അനവധി പ്രമാണവചനങ്ങൾ അപമൃത്യുവുണ്ടെന്നു സ്ഥാപിക്കുന്നുണ്ടു്. അതിക്രൂരമായ വ്യസനം മറ്റും പറഞ്ഞിട്ടുണ്ടെങ്കിൽ മരണഭയമില്ലാതെ അജ്ഞാനാദികളെ പ്രോത്സാഹിപ്പിക്കാനോ പുത്രാദിനാശംകൊണ്ടു വ്യസനിക്കുന്നവരെ ആശ്വസിപ്പിക്കാനോ ആയിരിക്കും. "എല്ലാം കർമ്മംപോലെ വരും" എന്നുള്ള മൂഢവിശ്വാസം വെച്ചുംകൊണ്ടു പൌരുഷം പ്രയോഗിക്കാത്ത അവിവേകികളുടെ പക്ഷമാണു് അകാലമൃത്യുവില്ലെന്നുള്ളതു്.

§ മൂഷകത്തിലെ രസശബ്ദത്തിനു് ഔഷധമെന്നുമാത്രം ചിലർ അർത്ഥം പറയുന്നു. ചിലർ വിഷമെന്നർത്ഥം പറയുന്നു. ചിലർ രസവീര്യാദികളെന്നു് ഉപലക്ഷണകൊണ്ടു് വ്യാഖ്യാനിക്കുന്നു.

സങ്കരഃ സർവ്വവർണ്ണാനാം പ്രണാശോ ധർമ്മകർമ്മണാം
പ്രജാനാമപി ചോച്ഛിത്തിസ്തൂപവ്യസനഹേതുതഃ. 8
പുരുഷാണാം നൃപാണാഞ്ച കേവലം തുല്യമൂർത്തിതാ
ആജ്ഞാ ത്യാഗഃ ക്ഷമാ ധൈര്യം വിക്രമശ്ചാപ്യമാനുഷഃ. 9
തസ്മാദ്ദേവമിവാഭീക്ഷ്ണം വാങ്മനഃകർമ്മഭിഃ ശുഭൈഃ
ചിന്തയേന്നൃപതിം നിത്യം ശ്രേയാംസീച്ഛൻ വിചക്ഷണഃ. 10
സ്കന്ധാവാരേ ച മഹതി രാജഗേഹാദനന്തരം
ഭൂവൽ സന്നിഹിതോ വൈദ്യഃ സർവ്വോപകരണാന്വിതഃ. 11

ട്ടുള്ളതു്. അതുകൊണ്ടു് ബുദ്ധിമാനായ വൈദ്യൻ അഥർവ്വവേദത്തിൽ അറിവു സമ്പാദിച്ചിട്ടുള്ള പുരോഹിതന്റെ അഭിപ്രായമനുസരിച്ചു *നടക്കേണ്ടതാണു്. 7

ഒരു രാജാവിന്റെ മരണംനിമിത്തം ബ്രാഹ്മണാദിവർണ്ണങ്ങളെല്ലാം ക്രമമൊന്നുമില്ലാതെ കൂട്ടികലർന്നു ക്ഷോഭിച്ചുപോകും. കാരോജാതിക്കാർക്കും നിശ്ചയിച്ചിട്ടുള്ള മുറകളും സൽകർമ്മങ്ങളും ഇല്ലാതാകും. പ്രജകൾക്കുതന്നെ ഉന്മൂലനാശം വരാനിടയുണ്ടു്. 8

സാധാരണമനുഷ്യന്മാർക്കും രാജാക്കന്മാർക്കും ദേഹത്തിന്റെ ആകൃതികൊണ്ടും മാനം യാതൊരു വ്യത്യാസവുമില്ലെന്നുള്ളതു ശരിതന്നെ. എന്നാൽ മനുഷ്യന്മാർക്കൊന്നുമില്ലാത്തതാ(ദിവ്യമാ)യിരിക്കുന്ന ആജ്ഞാശക്തിയും ദാനശീലവും അമാനുഷമായ സഹനശക്തിയും ധൈര്യവും പരാക്രമവും രാജാവിനുണ്ടു്. അതുകൊണ്ടു ക്ഷേമം വേണമെന്നു മോഹമുള്ള ബുദ്ധിമാനായ വൈദ്യൻ മനസ്സുകൊണ്ടും കർമ്മംകൊണ്ടും വാക്കുകൊണ്ടും കപടംകൂടാതെ രാജാവിനെ എപ്പോഴും ദൈവംപോലെ വിചാരിച്ചുകൊള്ളണം. 9–10

രാജാവിന്റെ വലിയ പടവീടുകളുടെ ഇടയിൽ രാജാവു താമസിക്കുന്ന സ്ഥലത്തുനിന്നു് ഉടനെ അടുത്തായി സകല മരുന്നുകളും ശസ്ത്രാദിസാമഗ്രികളുംകൊണ്ടു് വൈദ്യൻ എപ്പോഴും തെയ്യാറായിരിക്കണം. യശസ്സുകൊണ്ടും ചികിത്സയിലുള്ള ഫലിതംകൊണ്ടും രാജാവിന്റെ ജ

---

* ഇന്ദ്രിയഗ്രാഹ്യങ്ങളല്ലാത്ത (അതിമാരാമി) കാര്യങ്ങളിൽ പുരോഹിതന്റെ ജപഹോമാദിക്രിയകളെക്കൊണ്ടു് അവക ഒരുപ്പുതോഷപരിഹാരം ചെയ്യിക്കയും വേണ്ടതാണെന്നു താൽപര്യം.

തത്രസ്ഥമേനം ധ്വജവദ്രാജഖ്യാതിസമുച്ഛ്രിതം
ഉപസപ്പന്ത്യമോഘേന വിഷശല്യാമയാർദ്ദിതാഃ. 12
സ്വതന്ത്രകുശലാന്യേഷു ശാസ്ത്രാത്ത്വേഷ്വബഹിഷ്കൃതഃ
വൈദ്യോ ധ്വജ ഇവാഭാതി സ്വപതദ്വിധപൂജിതഃ. 13
വൈദ്യോ വ്യാധ്യുപസൃഷ്ടശ്ച ഭേഷജം പരിചാരകഃ
ഷ്വിതേ പാദാശ്ചികിത്സായാഃ കർമ്മസാധനഹേതവഃ. 14
ഗുണവദ്ഭിസ്ത്രിഭിഃ പാദൈശ്ചതുർത്ഥോ ഗുണവാൻ ഭിഷക്
വ്യാധിമല്പേന കാലേന മഹാന്തമപി സാധയേൽ. 15
വൈദ്യഹീനാസ്ത്രയഃ പാദാ ഗുണവന്തോപ്യപാർത്ഥകാഃ

യസ്തംഭംപോലെ അവിടെ ഉയർന്ന സ്ഥിതിയിലിരിക്കുന്ന ആ വൈദ്യനെ അടുത്തു്, യുദ്ധത്തിൽ വിഷംകൊണ്ടും അസുഖംകൊണ്ടും രോഗംകൊണ്ടും കഷ്ടത്തിൽ പെട്ടിരിക്കുന്ന ആളുകൾ സംശയംകൂടാതെ വന്നുകൂടുന്നതാണു്. 11-12

വൈദ്യശാസ്ത്രത്തിൽ സമർത്ഥനും മറ്റു ശാസ്ത്രങ്ങളിൽ സാമാന്യമായ ഒരു പരിചയം സമ്പാദിച്ചിട്ടുള്ളവനും ആയ വൈദ്യൻ രാജാക്കന്മാരാലും ആ മാതിരിയിലുള്ള പ്രഭുക്കളാലും മറ്റും ബഹുമാനിക്കപ്പെടുന്നതാണു്. അങ്ങിനെയുള്ള ഒരു വൈദ്യൻ ആ രാജ്യത്തിൽ ഒരു വിജയസ്തംഭംപോലെ ശോഭിക്കുന്നതുമാകുന്നു. 13

വൈദ്യൻ, രോഗി, ഔഷധം, പരിചാരകൻ ഇവ ചികിത്സാകർമ്മത്തിന്റെ നാലു കാലുകളാണു്. ഈ നാലുകളെക്കൊണ്ടു തന്നെ ചികിത്സ നടക്കുകയുള്ളൂ. ഈ കാലുകൾക്കെല്ലാം അതാതിനു വേണ്ടുന്ന ഗുണങ്ങളുണ്ടെന്നു വന്നാൽ അല്പകാലംകൊണ്ടു വലിയ വ്യാധികളെക്കൂടി ശമിപ്പിക്കാൻ കഴിയും. 14-15

യാഗം ചെയ്യുമ്പോൾ അവിടെ ഉൽഗാതാവു് (സാമവേദം ചൊല്ലുന്ന ആൾ), ഹോതാവു് (ഋഗ്വേദമന്ത്രം ജപിക്കുന്ന ആൾ), ബ്രഹ്മൻ (യാഗകർമ്മം പറഞ്ഞുകൊടുത്തു നടത്തിക്കുന്ന ആൾ) എന്നിവർ മൂന്നുപേരും കൂടിയിരുന്നാലും അധ്വര്യു (യജുർവ്വേദജ്ഞനായ പുരോഹിതൻ) ഇല്ലാതിരുന്നാൽ എങ്ങിനെ ആ കർമ്മം നടത്താൻ തരമല്ലാതെ പോകുന്നുവോ അങ്ങിനെ തന്നെ മേൽപറഞ്ഞ രോഗി മുതലായ മൂന്നു

ഉദ്ഗാതൃഹോതൃബ്രഹ്മാണോ യഥാധ്വര്യും വിനാധ്വരേ. 16
വൈദ്യസ്തു ഗുണവാനേകസ്തുരയേദാതുരാൻ സദാ
സ്വവം പ്രത്തരൈഹീനം കർണ്ണധാര ഇവാംഭസി. 17
തത്വാധിഗതശാസ്ത്രാർത്ഥോ ദൃഷ്ടകർമ്മാ സപയംകൃതീ
ലഘുഹസ്തഃ ശുചിഃ ശൂരഃ സജ്ജോപസ്കരഭേഷജഃ
പ്രത്യുൽപന്നമതിർബുദ്ധിമാൻ വ്യവസായീ വിശാരദഃ
സത്യധർമ്മപരോ യശ്ച സ ഭിഷക് പാദ ഉച്യതേ. 18
ആയുഷ്മാൻ സത്വവാൻ സാധ്യോ ഭവ്യവാനാത്മവാനപി

കാലുകൾ സദ്ഗുണങ്ങളും തികഞ്ഞവയായിരുന്നാലും ഗുണവാനായ വൈദ്യനില്ലാത്ത പക്ഷം ചികിത്സക്ക് സാധിക്കയില്ല. 16

ഒരു സമർത്ഥനായ തോണിക്കാരൻ തോണി തുഴയുന്നതിനുള്ള മറ്റ *സഹായികളൊന്നും കൂടാതെ തന്നെ തോണിയെ നടത്തുന്നതു പോലെ ഗുണവാനായ വൈദ്യൻ മറ്റുള്ള മൂന്നു കൂട്ടത്തിന്റെ ഗുണങ്ങളാലുണ്ടാകുന്ന സഹായത്തെ അപേക്ഷിക്കാതെ തന്നെ എപ്പോഴും രോഗികളെ ചികിത്സിച്ചു സുഖപ്പെടുത്തുന്നതാണ്. 17

വൈദ്യശാസ്ത്രം ശരിയായി പഠിക്കയും അതിന്റെ അർത്ഥം ശരിയായി ധരിച്ചിരിക്കയും ചെയ്തു, ശസ്ത്രക്രിയ മുതലായ പ്രയോഗങ്ങൾ കണ്ടു പരിചയിച്ചിരിക്കുക, സ്വതേതന്നെ ചികിത്സക്ക് നിപുണനായിരിക്കുക, ശസ്ത്രക്രിയയിലും മറ്റും നല്ല കൈവേഗതയും ഓപ്പും മറ്റുമുണ്ടായിരിക്കുക, ശുചിയായിരിക്കുക, ധൈര്യമുള്ളവനായിരിക്കുക, ചികിത്സക്കു വേണ്ടുന്ന ഉപകരണങ്ങളേയും ഔഷധങ്ങളേയും തെയ്യാറാക്കിവെച്ചിട്ടുള്ളവനായിരിക്കുക, ഓരോ രോഗങ്ങൾ നൊക്കുന്ന സമയത്ത് ഇന്നവിധം ചികിത്സിച്ചാൽ സുഖമാകുമെന്നു ഉടനെ ശരിയായി മനസ്സിൽ തോന്നുന്നവനായിരിക്കുക, നല്ല ബുദ്ധിമാനും ഉത്സാഹിയും സമർത്ഥനുമായിരിക്കുക, സത്യമായി നടക്കുന്നവനും ധർമ്മമുള്ളവനും വിരോധമില്ലാതെ നടക്കുന്നവനുമായിരിക്കുക, എന്നീഗുണങ്ങളാണ് വൈദ്യനുണ്ടായിരിക്കേണ്ടതു്. 18

ദീർഘായുർല്ലക്ഷണങ്ങളുള്ളവനായിരിക്കുക, ക്ലേശം സഹിക്കാൻ ശേ

---

* പ്രതിഗ്രഹന്മാർ=തോണിയിലുള്ളിൽ കടക്കുന്ന വെള്ളം മുക്കി പുറത്തുകളയുന്നവർ എന്നു ചിലരുടെ അർത്ഥം കാണുന്നു.

ആസ്ഥികോ വൈദ്യവാക്യസ്ഥോ വ്യാധിതഃ പാദ ഉച്യതേ. 19
പ്രശസ്യദേശസംഭൂതം പ്രശസ്യേഽഹനി ചോദ്ധൃതമ്
യുക്തമാത്രം മനസ്സ്ഥാന്തം ഗന്ധവർണ്ണരസാന്വിതമ്
ദോഷഘ്നമഗ്ലാനികരമവികാരി വിപശ്ചിതേ
സമീക്ഷ്യ കൃത്സ്നം കാലേ ച ഭേഷജം പാദ ഉച്യതേ. 20
സ്നിഗ്ധോജുഹ്രസ്വബലവാൻ യുക്തോ വ്യാധിതരക്ഷണേ
വൈദ്യവാക്യകൃച്ഛ്രാന്തഃ പാദഃ പരിചരഃ സ്മൃതഃ. 21
ഇതി സുശ്രുതസംഹിതായാം സൂത്രസ്ഥാനേ യുക്തസേന്ദീയോ നാമ
ചതുസ്ത്രിംശത്തമോഽധ്യായഃ.

ഷിയും ധൈര്യവുമുള്ളവനായിരിക്കുക, ചികിത്സിച്ചാൽ മാറുന്ന രോഗത്തോടു കൂടിയിരിക്കുക, ചികിത്സയ്ക്കാവശ്യമുള്ള സാമാനങ്ങളെല്ലാം തയ്യാറാക്കാൻ തരമുള്ളവനായിരിക്കുക, ശരീരത്തിന്റെ അവസ്ഥാഭേദങ്ങളെല്ലാം അറിഞ്ഞു പറയാൻ വിവരമുള്ളവനായിരിക്കുക, ഈശ്വരനും പരലോകവുമുണ്ടെന്നുള്ള വിശ്വാസമുള്ളവനായിരിക്കുക, വൈദ്യൻ പറയുന്നപോലെയൊക്കെ കേട്ടനടക്കുന്നവനായിരിക്കുക, എന്നീ ഗുണങ്ങൾ രണ്ടാമത്തെ പാദമായ രോഗിക്കുണ്ടായിരിക്കേണ്ടതാണ്. 19

നല്ല മണ്ണിലുണ്ടായതും നല്ല ദിവസം നോക്കി പറിച്ചെടുത്തതും കണക്കുപ്രകാരം തൂക്കിയെടുത്തുണ്ടാക്കിയതും മനസ്സിന്നു രസക്കേടുണ്ടാക്കിത്തീർക്കാത്തതും ശരിയായ നിറവും വാസനയും സ്വാദുമുള്ളതും വാതാദിദോഷങ്ങളെ ശമിപ്പിക്കുന്നതും ദേഹത്തിൽ രോഗിക്കു വേറെ അസഹ്യതകളൊന്നുമുണ്ടാക്കിത്തീർക്കാത്തതും ഒരുസമയം ക്രമം തെറ്റി അധികമായോ മറ്റോ ഉപയോഗിച്ചാൽകൂടി വൈഷമ്യമൊന്നുമുണ്ടാക്കാത്തതും ദേശരോഗാദ്യവസ്ഥകളാലോചിച്ചു ശരിയായ സമയത്തു സേവിപ്പിക്കപ്പെട്ടതും ആയ ഔഷധം വേണ്ടപോലുള്ള ഗുണങ്ങൾ തികഞ്ഞിട്ടുള്ള ഒന്നാണെന്നു നിശ്ചയിക്കപ്പെട്ടിരിക്കുന്നു. 20

നാലാമത്തെ പാദമായ പരിചാരകൻ രോഗിയെ നല്ല സ്നേഹമുള്ളവനും കയ്യാപ്പില്ലാത്തവനും (മലമൂത്രാദികളെ തൊടുന്നതിന്നും മറ്റും മടിയില്ലാത്തവനും) ദേഹബലമുള്ളവനും രോഗികളെ ശുശ്രൂഷിക്കുന്നതിൽ ശ്രദ്ധയും സാമർത്ഥ്യവുമുള്ളവനും വൈദ്യന്റെ ഉപദേശം തെറ്റാതെ അനുസരിക്കുന്നവനും ഒരു ക്ഷീണമോ മടിയോ മറ്റോ ഇല്ലാത്തവനും ആയിരിക്കേണ്ടതാകുന്നു. 21

ഇങ്ങിനെ സുശ്രുതസംഹിതയിൽ സൂത്രസ്ഥാനത്തിൽ
യുക്തസേന്ദ്രീയമെന്ന മുപ്പത്തിനാലാമദ്ധ്യായം
കഴിഞ്ഞു.

പഞ്ചത്രിംശത്തമോധ്യായഃ.

അഥാതആതുരോപക്രമണീയമധ്യായം വ്യാഖ്യാസ്യാമഃ. 1

ആതുരമുപക്രമമാണേന ഭിഷജാ ആയുരേവാദൌ പരീക്ഷ്യതഃ സത്യപ്യായുഷി വ്യാധൃതഗ്നിവയോദോഷബലസത്വസാത്മ്യപ്രകൃതി ഭേഷജദേശാൻ പരീക്ഷേത. തത്ര മഹാപാണിപാദപോശ്പപുഷ്കുസ്നാ

മുപ്പത്തഞ്ചാമധ്യായം.

ഇനി ആതുരോപക്രമണീയമെന്ന (ഏതു മാതിരി രോഗിയേയാണ് ചികിത്സിക്കേണ്ടതെന്നതിനെപ്പറ്റിയുള്ള) അധ്യായം പറയാം:—1

രോഗിയെ ചികിത്സിക്കാൻ പുറപ്പെടുന്ന വൈദ്യൻ ഒന്നാമതു് ആയുസ്സു പരിശോധിക്കണം. ആയുസ്സുണ്ടെന്നുകണ്ടാൽ അതിനുദോഷം രോഗത്തിന്റെ സ്വഭാവമെന്തെന്നും രോഗമുണ്ടായതു് ഏതുകാലത്താണെന്നും രോഗിക്കു മഹാശക്തിയുണ്ടോ ഇല്ലയോ എന്നും രോഗിക്കു പ്രായമെത്രയായിരിക്കുന്നും ശരീരത്തിന്റെ സ്വഭാവമെന്താണെന്നും ബലമുണ്ടോ ഇല്ലയോ എന്നും മനസ്സിന്റെ സ്വഭാവമെങ്ങിനെ (ഉത്തമമധ്യമാധമഭേദേന)യെന്നും ആഹാരാദികൾ എങ്ങിനെയുള്ളതാണ് ശീലിച്ച പരിചയമുള്ളതെന്നും വാതാദിപ്രകൃതികളിൽ ഏതു പ്രകൃതിയാണെന്നും രോഗത്തിനുവേണ്ടി സേവിച്ചിട്ടുള്ള മരുന്നുകളെന്തെല്ലാമാണെന്നും രോഗിയിരിക്കുന്ന ദേശത്തിന്റെ സ്വഭാവമെന്താണെന്നും നല്ലവണ്ണം അന്വേഷിക്കയുംശ്രദ്ധയോടെപരിശോധിക്കയുംചെയ്യണം.

കൈപ്പുടം, കാൽ, വാരിപ്പുണ്ണുകൾ, പുരുഭാഗം, മുലക്കണ്ണ്, പല്ല്, വായ, ചുമല്, നെറി, ഈ അവയവങ്ങൾ കണക്കിലധികം (പാവാൻപോകുന്ന അളവിലധികം) വലുതായിരിക്കുക, കണ്ണുകൾ, കൈകൾ, വിരലുകളുടെ കണക്കുകൾ എന്നിവ സാധാരണയിലധികം നീളമുള്ളതായിരിക്കുക, ശ്വാസവായു അധികം ദൂരത്തു ചെല്ലുന്നതായിരിക്കുക*, പിരിയങ്ങളും മുലകളുടെ ഇടസ്ഥലവും മറവും വീതി കൂടിയതാ

* ശ്വാസത്തിന്റെ വലിപ്പം ഉറങ്ങുന്നസമയത്തു പരീക്ഷിച്ചാൽ വ്യക്തമായറിയാം.

ഗ്രീശേനവനേസ്ഥാന്ധലലാടം ദീർഘ ഗ്രലിപവ്വോച്ഛ്വാസപ്രേക്ഷണ
ബാഹ്വം വിസ്തീർണ്ണോദ്ദിസ്തനാന്തരോരസ്ഥാ ഹ്രസ്വജംഘാമേഢ്രഗ്രീവം ഗാ
ഭീരസത്വസ്വരനാടി മനരെച്ചൈവ്വ ഭാസ്തനമുപചിതമഹാരോമശകുണ്ടും
പശ്ചാന്മസൃിഷ്ടം സ്നാതാനുലിപ്തം മൃഷ്ടാനുപൂവ്യാ വിശുഷ്യമാണശരീരം
പശ്ചാച്ച വിശുഷ്യമാണഹൃദയം പുരുഷം ജാനീയാദ്ദീർഘായുഷ ഖലുപയ
മിതി. തമേകാന്തേനോപക്രമേൽ. ഹ്രിഭില്ലക്ഷണെവ്വിപരീതെരല്പാ
യുമ്മിശ്രൈർമ്മധ്യമായുരിതി. 2

യിരിക്കുക, വണ്ണക്കാലും മേഢ്രവും കഴുത്തും നീളം കുറഞ്ഞിരിക്കുക, മ
നസ്സിലുള്ള സംഗതികൾ എളുപ്പത്തിൽ പുറത്തു കാണുന്ന സ്വഭാവമി
ല്ലാതിരിക്കുക, *ശബ്ദിക്കുമ്പോൾ സ്വരത്തിന്ന് ഒരു മുഴക്കമുള്ളപോലി
രിക്കുക, പൊക്കിൾ അധികം ആഴമുള്ളതായിരിക്കുക, മുലകൾ ഉയരം
കുറഞ്ഞും തിങ്ങിയുമിരിക്കുക, പൊവികൾ തടിച്ചും വിരിഞ്ഞും രോമങ്ങ
ളോടുകൂടിയുമിരിക്കുക, തലച്ചോറ തലയിൽ പിമ്പുറത്തധികമായിരിക്കു
കയും, കുളിച്ച ചന്ദനം മുതലായതു കുറിയിട്ടിരിക്കുന്ന സമയത്തു് തലയി
ലെ നനവു മുമ്പെ വെടിക്കയും ക്രമേണ ദേഹത്തിൽ മറ്റു ഭാഗങ്ങളി
ലുള്ള നനവു വെടിച്ചു് ഒടുക്കം മാത്രം പൂയം വെടിക്കയും ചെയ്യുക,
ഈ വക ലക്ഷണങ്ങൾ കണ്ടാൽ ആ പുരുഷൻ ദീർഘായുസ്സായിരിക്കു
(എഴുപതു വയസ്സിലധികം ഇരിക്കു)മെന്നറിഞ്ഞുകൊള്ളണം.

അങ്ങിനെയുള്ളവനെ എപ്പോഴും ചികിത്സിക്കുന്നതിന്നു വിരോധ
മില്ല. മേൽപറഞ്ഞ ലക്ഷണങ്ങൾ മിക്കതും വിപരീതമായി കണ്ടാൽ
ആ പുരുഷന്നു് അല്പായുസ്സാണെന്നും ആ ലക്ഷണങ്ങൾ (ദീർഘായുർല്ല
ക്ഷണവും അല്പായുർല്ലക്ഷണവും) തന്നെ സമ്മിശ്രങ്ങളായിരുന്നാൽ അ
വൻ മധ്യമായുസ്സാണെന്നും അറിയണം. 2

* ഗംഭീരസ്വരത്വം=അധികമായ സ്വരഗ്രഹണം എന്നു ചിലരർത്ഥം പറയുന്നുണ്ടു്. ചി
ലർ അധികം ഒച്ചയുണ്ടെന്നും അർത്ഥമാക്കുന്നു;

§ തലയുടെ പിൻഭാഗം നല്ലവണ്ണം തടിച്ചുന്തിക്കണ്ടാൽ ആ ഭാഗത്തു് അധികം
തലച്ചോറുണ്ടായിരിക്കുമെന്നനുമാനിക്കപ്പെട്ടുന്നു. ഭല്ലനമിശ്രൻ മസൃിഷ്ടശബ്ദത്തിന്നു് "ചു
ഴി" (ആവർത്തം) എന്നർത്ഥം പറയുന്നു. ആ പക്ഷത്തിൽ പെരടിപ്രദേശത്തു ഒരു ചുഴിയു
ണ്ടായിരിക്കണം; എന്നു താൽപര്യമായി. "പാർശ്വമസൃിഷ്ട"മെന്നും പാഠാന്തരമുണ്ടു്.
ആ പക്ഷത്തിൽ തലയുടെ രണ്ടുപാർശ്വങ്ങളിലും ഓരോചുഴികളുണ്ടായിരിക്കണമെന്നു വ
ന്നു. മസൃിഷ്ടശബ്ദത്തിന്നു് അപ്രസിദ്ധമായ ആവർത്തമെന്നർത്ഥം പ്രസിദ്ധമല്ലാത്തതുകൊ
ണ്ടാണെന്നു തോന്നുന്നതിൽ ആ പക്ഷം വിട്ടിരിക്കുന്നതു്.

ഭവന്തി ചാത്ര—(ചഃ).

ഗൂഢസന്ധിസിരാസ്നായുഃ സംഹതാംഗഃ സ്ഥിരേന്ദ്രിയഃ
ഉത്തരോത്തരസുക്ഷേത്രോ യഃ സ ദീർഘായുരുച്യതേ. 3
ഗർഭാൽ പ്രഭൃത്യരോഗോ യഃ ശനൈഃ സമുപചീയതേ
ശരീരജ്ഞാനവിജ്ഞാനൈഃ സ ദീർഘായുഃ സമാസതഃ. 4
മധ്യമസ്യായുഷോ ജ്ഞാനമത ഊർദ്ധ്വം നിബോധ മേ
അധസ്ഥാക്ഷ്ണയോസ്ത്വസ്യ രേഖാഃ സ്യുർവ്യക്തമായതാഃ.
ദ്വേ വാ തിസ്രോഽധികാ വാപി പാതേ കർണ്ണൗ ച മാംസലൗ

"സന്ധികളും സ്നായുക്കളും സിരകളും മാംസാദികൾക്കുള്ളിലായി പുറത്തേക്കു പൊന്തിനിൽക്കാതിരിക്കുക, അവയവങ്ങളെല്ലാം ഉറച്ചുള്ളവയും തിങ്ങിയവയുമായിരിക്കുക, ഇന്ദ്രിയങ്ങൾക്കു *സ്ഥിരതയുണ്ടായിരിക്കുക, ബാല്യത്തേക്കാൾ കൌമാരത്തിലും അതിനേക്കാൾ യൌവനത്തിലും ഇങ്ങിനെ മേൽക്കുമേൽ ദേഹത്തിനു സുസ്ഥതയും ഗുണവും ×കൂടിക്കൊണ്ടിരിക്കുക, ഈ ലക്ഷണങ്ങളെക്കൊണ്ടു പുരുഷനെ ദീർഘായുസ്സാണെന്നു നിശ്ചയിക്കാം. 3

ഗർഭത്തിൽ കിടക്കുന്ന സമയം മുതൽക്കുതന്നെ രോഗമൊന്നുമില്ലാതിരിക്കയും ദേഹത്തിനു കൂടെക്കൂടെ ബലവും പുഷ്ടിയും വർദ്ധിച്ചുകൊണ്ടുതന്നെ വരികയും ദിവസം ചെല്ലുംതോറും ബുദ്ധിശക്തിയും കർത്തവ്യകർമ്മങ്ങൾ(ശില്പം മുതലായവ)ളുടെ ജ്ഞാനവും സദാ വർദ്ധിച്ചുവരികയും ചെയ്യുന്നതായാൽ അവൻ ദീർഘായുസ്സായിരിക്കുന്നതാണ്. 4

ഇനിമേൽ മധ്യായുസ്സിന്റെ ലക്ഷണങ്ങളെ പറയാം കേട്ടുകൊൾക:—വിരുതാരുത്തന്റെ താഴത്തെ കൺപോളകളുടെ താഴ്ത്തു രണ്ടോ മൂന്നോ അതിലധികമോ നീണ്ട വരകൾ നല്ലവണ്ണം തെളിഞ്ഞു കാണുക

---

* "കണ്ണുകളുടെ മേൽഭാഗം, തുറിച്ചുപോലെയോ മറ്റോ ഇരിക്കാതെ അതാതുസ്ഥാനങ്ങളിലെത്തുങ്ങിയിരിക്ക" എന്നും ചിലരർത്ഥം പറയുന്നു.

× ക്ഷേത്രത്തെ പത്തായി ഭാഗിക്കാം. (1) കാൽവിരലുകൾ. (2) കണ്ണിക്കാൽമുതൽ മുട്ടുവരെ (3) തുട. (4) അരക്കെട്ട്. (5) വയറ്. (6)നെഞ്ച്. (7) കൈകൾ. (8) കഴുത്ത്. (9) മുഖം. (10) ശിരസ്സ് ഇങ്ങിനെയാണ് വിഭാഗം. ഇവയിൽ ഞാൻ മാത്രം പറഞ്ഞതിനെക്കാൾ പിന്നപ്പിന്നെ പറഞ്ഞ ഭാഗങ്ങൾക്കു കേടില്ലാതെയും ഉത്തമലക്ഷണം തികഞ്ഞും ഇരിക്കുന്നതായാൽ അതാണ് "ഉത്തരോത്തരസുക്ഷേത്രൻ" എന്നു പറഞ്ഞുപോന്നു. നമ്മുടെയിടയിലെ പലരും ഭാഗ്യം ലഭിയാതിരിക്കുന്നു.

നാസാഗ്രമൂർദ്ധ്വഞ്ച ഭവേദ്ഭ്രൂരേഖാശ്ച പൃഷ്ഠതഃ.
യസ്യ സ്യുസ്തസ്യ പരമമായുർഭവതി സപ്തത'ഃ. 5
ജഘന്യസ്യായുഷോ ജ്ഞാനമത ഊർദ്ധ്വം നിബോധ മേ.
ഹ്രസ്വാനി യസ്യ പർവ്വാണി സുമഹച്ചാപി മേഹനമ്
തഥോരസ്യവലീധ്മാനി ന ച സ്യാൽ പൃഷ്ഠമായതമ്.
ഊർദ്ധ്വഞ്ച ശ്രവണൗ സ്ഥാനാന്നാസാ ചോച്ചാ ശരീരിണഃ
ഹസതോ ജല്പതോ വാപി ദന്തമാംസം പ്രദൃശ്യതേ
പ്രേക്ഷതേ യശ്ച ബിഭ്രന്തം സജീവേൽ പഞ്ചവിംശതിമ്. 6

(ഗ). അഥ പുനരായുഷോ വിജ്ഞാനായ്ത്മ മംഗപ്രത്യംഗപ്രമാണ

യും കാലുകളും പെവികളും തടിച്ചിരിക്കയും മൂക്കിന്റെ തല മേൽപെട്ട പൊന്തിയിരിക്കയും പുഷ്ഠഭാഗത്തു നട്ടെല്ലുകൂടി അനേകം വരകൾ നേരെ മേൽപോട്ട വ്യാപിച്ചു കാണുകയും ചെയ്യുന്നുവോ അവന്നു എഴുപതു വയസ്സുവരെ ആയുസ്സുണ്ട്. 5

ഇനിമേൽ അല്പായുസ്സിന്റെ ലക്ഷണം കേട്ടുകൊൾക:—സന്ധികളെല്ലാം നിളം കുറഞ്ഞിരിക്കുക, മേഢ്രത്തിന്നു നീളമധികമുണ്ടായിരിക്കുക, മാറത്തു മറിഞ്ഞും തിരിഞ്ഞും രോമങ്ങളുടെ ആവർത്തങ്ങ(ചുഴികൾ)ളുണ്ടായിരിക്കുക, *പുഷ്ഠഭാഗത്തിന്നു നീളം കുറവായിരിക്കുക, പെവികൾ വേണ്ട സ്ഥാനത്തുനിന്നു മുകളിലേക്കായിരിക്കുക, മൂക്കു് ഉയരമുള്ളതായിരിക്കുക, ചിരിക്കുമ്പോ സംസാരിക്കുമ്പോ ചെയ്യുന്ന സമയത്തു് പല്ലിന്റെ ഊനകൾ സൂക്ഷ്മമായി പുറത്തു കാണുക, നോക്കുന്ന സമയങ്ങളിൽ കണ്ണുകൾക്കു് ഒരു ചുഴൽച്ചയുള്ളതുപോലിരിക്കുക, ഈ ലക്ഷണങ്ങളുള്ളവർക്കു് ഇരുപത്തഞ്ചു വയസ്സു മാത്രമേ ആയുസ്സുള്ളൂ". 6

ഇനിമേൽ ആയുസ്സിനെ അറിവാൻവേണ്ടി അംഗങ്ങളുടേയും പ്രത്യംഗങ്ങളുടേയും അളവിനേയും സാരത്തേയും വിവരിക്കാൻ പോകു

---

* "ഹ്രസ്വാനി യസ്യ.....വലീധ്മാനി" എന്ന മൂലത്തിലെ ഉരസി. അവലീധ്മാനി എന്ന പദങ്ങളെ പർവ്വാണി എന്നതിന്റെ വിശേഷണമാക്കി "ഉരസ്സിലുള്ള പർവ്വങ്ങളോ. (വർ:മെല്ലുകൾക്കും ഉരോസ്ഥി (Sternum)ക്കും തമ്മിലുള്ള സന്ധിപ്രദേശങ്ങളോ) അവലീഢങ്ങ(ഉള്ളിലേക്കു വളഞ്ഞവ)ളായിരിക്കുക". എന്നു ഭാഷ്യകാരൻ എഴുതിയിരിക്കുന്നു. തജ്ജമയിൽ ചില്ലറപക്ഷം സ്വീകരിച്ചിരിക്കുന്നു. ബെംഗാളി ഇംഗ്ലീഷ് തർജ്ജമകളും ഇങ്ങിനെതന്നെ.

സാരാനുപദേക്ഷ്യാമഃ. തത്രാംഗാന്യുത്തരാധിസക്ഥിബാഹ്വശിരാംസി തദവയവാഃ പ്രത്യംഗാനീതി. തത്ര ഒസ്പരംഗ്രഹലെഃ പാദാംഗ്രഷ്പ്രദേശിന്യൌ ദ്വ്യംഗ്രലായതേ. പ്രദേശിന്യാസ്തു മധ്യമാ അനാമികാ കനിഷ്ഠികാ യഥോത്തരം പഞ്ചമഭാഗഹീനാ. ചതുരംഗ്രലായതേ പഞ്ചാംഗ്രല വിസ്തൃതേ പ്രപദപാദതലേ. പഞ്ചചതുരംഗ്രലായതവിസ്തൃതാ പാർഷ്ണിഃ ചതുർദ്ദശാംഗ്രലായതഃ പാദഃ. ചതുർദ്ദശാംഗ്രലപരിണാഹാ നിപാദാഗ്രൽഫജംഘാജാനുമധ്യാനി. അഷ്ടാദശാംഗ്രലാ ജംഘാ. ജാനു പരിഷ്വാദ്ദ്വാത്രിംശദംഗ്രലമേവം പഞ്ചാശൽ. ജംഘായാമസമാവൃത്ത. ദ്വ്യംഗ്രലാനി വൃഷണചിബുകദേശനാസാപുടഭാഗകർണ്ണമൂലനയനാ

ന്നഃ—മധ്യകായം (ഉടൽ), കാലുകൾ (തുടമുതൽ വിരൽവരെ), കൈകൾ, ശിരസ്സ് (ഇതിൽ കഴുത്തും ഉൾപ്പെടും) എന്നിവക്ക് അംഗങ്ങളെന്നും അംഗങ്ങളിൽ പിന്നെയുള്ള (വിരൽമുതലായ) അവയവങ്ങൾക്കു പ്രത്യംഗങ്ങളെന്നും പേർ പറയപ്പെടുന്നു. 7

കാലിന്റെ പെരുവിരലിന്നും ചൂണ്ടാണിവിരലിന്നും തമ്മിൽ കൈവിരൽകൊണ്ടളന്നാൽ രണ്ടുവിരൽ നിളമുണ്ടായിരിക്കുക, ആ ചൂണ്ടാണിവിരലിൽനിന്നു മറ്റുള്ള നടുവിരൽ, മോതിരവിരൽ, ചെറുവിരൽ എന്നിവയുടെ നിളം മേൽക്കുമേൽ ക്രമത്തിൽ അഞ്ചിലൊരുഭാഗം (എട്ടുകദേശം അരയരുശുവിരൽ) കണ്ടുചുരുങ്ങിക്കാണുക, കാലിന്റെ പുറവടിയിൽ വിരൽവിട്ട മേൽപെട്ടുള്ള തല(പ്രപദം)യും ആ പുറവടിയുടെ നടുവിലെ ഭാഗവും (പാദതലം) നാലുവിരൽ നിളവും അഞ്ചുവിരൽ വീതിയുമുണ്ടായിരിക്കുക, കുതിങ്കാല് (മടമ്പ്) അഞ്ചുവിരൽ നീളവും (അടിയിൽനിന്നു ഞെരിയാണിവരെ അളന്നാൽ) നാലുവിരൽവീതിയു(പുറവടിയിലോട്ടളന്നാൽ)മുണ്ടായിരിക്കുക, കാലടി ആകപ്പാടെ പതിനാലുവിരൽ നീളമായിരിക്കുക, കാലിന്റെ ഞെരിയാണിയുടെയും മുഴങ്കാലിന്റേയും മുട്ടിന്റേയും മധ്യഭാഗം ആകപ്പാടെ ചുറ്റളവു പതിനാലുവിരൽ പ്രമാണമായിരിക്കുക, കണ്ണിക്കാലുമുതൽ മുട്ടുവരെയുള്ള ഭാഗമായ മുഴങ്കാലിന്നു പതിനെട്ടുവിരൽ നീളമുണ്ടായിരിക്കുക, മുട്ടിന്റെ സന്ധിയുടെ താഴത്തുനിന്നു മേൽപെട്ട അരക്കെട്ടുവരെ മുപ്പത്തിരണ്ടുവിരൽ നീളമുണ്ടായിരിക്കു, തുടകളുടെ (മുട്ടുമുതൽ ഒടിവരെ) നീളം മുഴങ്കാലിന്നു സമ(പതിനെട്ടു വിരൽ)മായിരിക്കുക, ഇങ്ങിനെ കാലിന്റെ അളവു് ആകപ്പാടെ അമ്പത്തുവിരൽ പ്രമാണമാകുന്നു. 8

ന്തരാണി. ചതുരംഗുലാനി മേഢനാവടനാന്തര നാസാകർണ്ണലലാടഗ്രീ ഢോച്ചായദൃഷ്ട്യന്തരാണി. ദ്വാദശാംഗുലാനി ഭഗവിസ്താരമേഢന നാഭിഹൃദയഗ്രീവാസ്തനാന്തരമുഖായാമമണിബന്ധപ്രകോഷ്ഠസ്ഥൗല്യാനി. ഇന്ദ്രവസ്തിപരിണാഹാംസപിഠക്ലപ്ത്യന്തരായാമഃ ഷോഡശാംഗുലഃ. ചതുർവ്വിംശത്യംഗുലോ ഹസ്തഃ. ദ്വാത്രിംശദംഗുലപരിമാണൌ ഭുജൌ. ദ്വാത്രിംശൽപരിണാഹാവൃത്ത. മണിബന്ധക്ലപ്ത്യന്തരം ഷോഡശാംഗുലമ്. തലം ഷട ചതുരംഗുലായാമ വിസ്താർമ്. അംഗുഷ്ഠമൂലപ്രദേശിനീശ്രവണാപാംഗാന്തരമധ്യമാംഗുല്യൗ പഞ്ചാംഗുലേ-സാ

---

*വൃഷണത്തിന്റെ വീതിയും താടിയുടെ വീതിയും പല്ലിന്റെ നീളവും മൂക്കിന്റെ രണ്ടു ദ്വാരങ്ങൾക്കുമുള്ള അളവും ചെവിയുടെ അടിപ്രദേശത്തിന്റെ വീതിയും രണ്ടു കണ്ണുകൾക്കുമദ്ധ്യത്തിലുള്ള സ്ഥലത്തിന്റെ അളവും ഈരണ്ടു വിരൽപ്രമാണമായിരിക്കുക, മേഢ്രത്തിന്റെ നീളവും (ഛർദ്ദിക്കുന്നതിനുമുമ്പെ), വായ വിടർത്തിയാൽ അതിന്റെ വിസ്താരവും മൂക്ക്, ചെവി, നെറ്റി, കഴുത്ത് എന്നിവയുടെ നീളവും ഒരു കൺമിഴിയിൽനിന്നു മറ്റൊരു കൺമിഴിയിലേക്കുള്ള ഇടസ്ഥലവും നാലുവിരൽ പ്രമാണമുണ്ടായിരിക്കുക, സ്തീയാനിയുടെ† ദ്വാരവിസ്താരം പന്ത്രണ്ടു വിരലായിരിക്കുക, ‡മേസ്രത്തിൽനിന്നു പൊക്കിൾവരേയും ഹൃദയത്തിൽനിന്നു കഴുത്തുവരേയും ഉള്ള ഇടസ്ഥലവും മുലകൾ രണ്ടിന്റെയും നടുവിലുള്ള ഇടയും മുഖത്തിന്റെ നീളവും (താടിമുതൽ നെറ്റിവരെ) മണിക്കണ്ടത്തിന്റെയും+ പ്രകോഷ്ഠത്തിന്റെയും ചുറ്റള

---

* വൃഷണത്തിനിവിടെ അണ്ഡമെന്നു മാത്രം അർത്ഥം കൽപ്പിച്ചു. അണ്ഡകോശത്തിന്റെ അളവു് ആ വിരലാണെന്നുള്ള വ്യാഖ്യാനവുണ്ടു്.

† ഇവിടെ പുറംഭാഗമാണു് അളക്കേണ്ടതു്.

‡ ഗർഭിണികൾക്കാണു് ഈ അളവു വ്യക്തമായറിയുകയാവശ്യം. സുശ്രുതൻ ഈ അളവു "ഹസ്തിനീ" ജാതിസ്ത്രീക്കാകുന്നു.

‡ "മേഢനാഭി-ഹൃദയ-ഗ്രീവാ-സ്തനാന്തര" മെന്നതിനു, മേഢ്രത്തിന്റെയും നാഭിയുടെയും ഇടയും നാഭിഹൃദയങ്ങൾക്കിടയും ഹൃദയഗ്രീവകൾക്കിടയും സ്തനങ്ങളുടെ ഇടയും എന്നിങ്ങിനെ ഭോഗിച്ചും വ്യാഖ്യാനിച്ചുകാണുന്നു.

+ മുട്ടുകയ്യിനു കീഴ്പ്പോട്ടു മണിബന്ധംവരെയുള്ള ഭാഗം എന്നാണു് പ്രകോഷ്ഠത്തിനർത്ഥം. എന്നാൽ ഇവിടെ മണിക്കണ്ടത്തിനു് അഞ്ജലിയിൽ മുകളിലുള്ള ഭാഗത്തിനാണു് ഈ പേർ എന്നു ഗ്രഹിക്കണം. നാലിൽ ചില്ലാനം വിരൽ മേഢ്രഭാഗത്തിനാണു് ഇവിടെ പ്രകോഷ്ഠസംജ്ഞയെന്നും ചില വ്യാഖ്യാനങ്ങളിൽ കാണുന്നു.

ഭ്രുവത്രയംഗ്രുലേ പ്രദേശിന്യനാമികേ. സാദ്ധ്രുംഗ്രുലൌ കനിഷ്ഠാംഗ്രു
ഞ്ഷൌ. ചതുർവിംശത്യംഗ്രുലവിസ്താരപരിണാഹം മുഖഗ്രീവമ്. ത്രിഭാഗാം
ഗ്രുലിവിസ്താരാ നാസാപുടമധ്യാദാ.നയനത്രിഭാഗപരിണാഹാ താരകാ.

വും പന്ത്രണ്ടു വിരൽ പ്രമാണമുണ്ടായിരിക്കുക, കാൽവണ്ണയുടെ* മദ്ധ്യ
ഭാഗത്തിന്റെ (ഇന്ദ്രവസ്തി) വലിപ്പവും ചുമലിൽനിന്നു കൈമുട്ടുവരെ
യുള്ള ഭാഗത്തിന്റെ നീളവും പതിനാറു വിരൽ പ്രമാണമായിരിക്കുക,
ഹസ്തം (മുട്ടുകൈമുതൽക്കു നടുവിരലിന്റെ തലക്കുലാളമുള്ള ഭാഗം)
ഇരുപത്തിനാലു വിരൽ നീളമുള്ളതായിരിക്കുക, കൈ ആകപ്പാടെ (ക
ക്ഷംമുതൽ നടുവിരലിന്റെ തലവരെ) അളന്നുനോക്കിയാൽ മുപ്പത്തിര
ണ്ടു വിരൽ നീളമുണ്ടായിരിക്കുക, തുടകളുടെ ചുറ്റളവു മുപ്പത്തിരണ്ടു
വിരൽ പ്രമാണമായിരിക്കുക, മണിക്കണ്ടത്തിൽനിന്നു മുട്ടംവരെ വരെ
യുള്ള ഇട പതിനാറു വിരൽ നീളവും കയ്യിന്റെ പടം ആറുവിരൽ നീ
ളവും നാലു വിരൽ വീതിയും പെരുവിരലിന്റെ കടക്കൽനിന്നു ചൂണ്ടാ
ണിവിരലിന്റെ അടിവരെയുള്ള ഇടവും ചെവിയുടെയും കടക്കണ്ണി
ന്റെയും ഇടയും നടുവിരലും അഞ്ജുവിരൽ നീളവും ചൂണ്ടാണിവിര
ലും മോതിരവിരലും നാലരശ്ശുവിരൽ നീളവും ചെറുവിരലും പെരുവി
രലും മൂന്നരശ്ശുവിരൽ നീളവും ഉണ്ടായിരിക്കുക; 9

മുഖഭാഗത്തിന്റെ വിസ്താരം നാലുവിരലും കഴുത്തിന്റെ ചുറ്റ
ളവു് ഇരുപത്തുവിരലും മൂക്കിന്റെ ദ്വാരവിസ്താരം $1\frac{1}{4}$ വിരലും കണ്ണി
ലെ കരുമിഴിയുടെ അളവു കണ്ണിന്റെ അളവിൽ മൂന്നിലൊരു ഭാഗവും

---

* കണംകാലിന്റെ മദ്ധ്യത്തിനു 14 വിരൽ പ്രമാണം വേണമെന്നു മുമ്പു പറ
ഞ്ഞിട്ടുള്ളതു് ഞെരിയാണിക്കു മുകളിലുള്ള ഭാഗത്തെ സംബന്ധിച്ചാകുന്നു. ഇവിടെ ഇ
ന്ദ്രവസ്തിയെന്നു പറയപ്പെടുന്നതായ മുട്ടംകാലിനടുത്തു താഴത്തുള്ള ഭാഗത്തെപ്പറ്റിയാ
ണെന്നുള്ള വ്യത്യാസം ഓർക്കേണ്ടതാണു്. "പാർഷ്ണിം പ്രതി ജംഘോപരി ഇന്ദ്ര
സ്തിനിം:മ" എന്നു പറവാൻ പോകുന്നുണ്ടു്. ഇപ്രകാരം അഭിപ്രായപ്പെടുമ്പോൾ കു
തികാലിന്റെ മുകൾഭാഗത്തിനാണു് ഇന്ദ്രവസ്തിയെന്നു പേർ
പറയേണ്ടതെന്നു കാണുന്നു. മിക്കവർ "പാർഷ്ണിം പ്രതി" എന്നതിനു ജംഘയുടെ പിൻ
പുറത്തെ ഗ്രഹിപ്പിക്കാൻ മാത്രമുള്ള ശക്തിയെ ഉള്ളു എന്നു സമാധാനിക്കുന്നുമുണ്ടു്,
എന്തായാലും, ഈ പ്രകരണത്തിൽ അദ്ദ്യം കാണിച്ച താൽപര്യംതന്നെ ഗ്രാഹ്യം.

‡ നാസാപുടമധ്യാൽ=മൂക്കിലെ പാലംതുടങ്ങി മൂക്കിനു നടുവെ കാണുന്ന അതി
ര് എന്നാണു് മിക്കവരുടെ അർത്ഥം. ആ പക്ഷത്തിൽ അതിനെ വിലങ്ങെഴുതിയ അള
ക്കണമെന്നു വരുന്നു. ത്രിഭാഗാംഗ്രുലിവിസ്താരമുള്ള വിരലിന്റെ മൂന്നിലൊരംശം. അപ്പോൾ

നവമസ്ഥാരകാഃശ്രോ ദ്വേ ച്ചിഃ. കേശാന്തമസൃകാന്തരമേകാദശാംഗുലമ്. മസൃകാദ്വേഷ്ടകേശാന്തോ ദശാംഗുലഃ. കണ്ഠാവടപ്രന്തരം ചതുർദ്ദശാംഗുലമ്. പുരുഷോരഃപ്രമാണവിസ്തീർണ്ണാ സ്ത്രീശ്രോണി. അഷ്ടാദശാംഗുലവിസ്തീർണ്ണപുരഃ. തൽപ്രമാണാ പുരുഷസ്യ കടി. സവിംശമംഗുലശതം പുരുഷപ്രമാണമിതി. 7—10

കണ്ണിലുണ്ടി (കരുമിഴിയുടെ നടുവിലുള്ള ബിന്ദു)യുടെ അളവു കരുമിഴിയുടെ അളവിൽനിന്നു *ഒമ്പതിലൊരു ഭാഗവും ഉണ്ടായിരിക്കുക; തല യുടെ രോമങ്ങളുടെ അവസാനസ്ഥലമായ ചെന്നി (ശംഖ) പ്രദേശത്തിന്റെ ഉപരിഭാഗാമുതൽക്കു മസൃകമദ്ധ്യഭാഗത്തോളം (രോമാവൃതമുള്ള നടുപ്രദേശം) ഉള്ള സ്ഥലത്തിന്റെ അളവു പതിനൊന്നു വിരലും മസൃകമദ്ധ്യത്തിൽനിന്നു അവടുപ്രദേശ (പിൻകഴുത്തിലുള്ള രോമം അവസാനിക്കുന്ന അസ്ഥി)ത്തോളമുള്ള ഭാഗത്തിനു പത്തുവിരൽ നീളവും ഒരു ചെവിയുടെ പിൻപുറത്തുനിന്നു മറെറ ചെവിയുടെ പിമ്പുറത്തേക്കളന്നാൽ ആ അളവു പതിനാലുവിരൽ പ്രമാണവും സ്ത്രീയിന്റെ ശ്രോണിപ്രദേശത്തിനു പുരുഷന്റെ മാറിനു പാഞ്ഞപ്രകാരമുള്ള അളവും (പന്ത്രണ്ടുവിരൽ) സ്ത്രീയിന്റെ മാറിനു പതിനെട്ടംഗുലം വീതിയും പുരുഷന്റെ കടിപ്രദേശത്തിനു സ്ത്രീയിന്റെ !മാറിനു തുല്യമായ വിസ്താരവും ഉണ്ടായിരിക്കുക ആകപ്പാടെ പുരുഷന്റെ ദേഹത്തിനുള്ള നിളം (പൊക്കവിരലുംനടി കൈപൊന്തിച്ചുനില്ക്കുന്ന ആളുടെ നീളമെന്നർത്ഥം. ഒല്ലനടി) നൂറിരുപതു വിരലായിരിക്കുക; (ഇതെല്ലാം നല്ല സംപത്തും ദീർഘായുസ്സുമുണ്ടാകുമെന്നുള്ളതിലേക്കുള്ള അടയാളങ്ങളാകുന്നു). 10

"ശ്രീഭാഗാ ഹ്രീ.....യ്ക്കാരോ" എന്നതിനു മുകളിലെ പല്ലിന്റെ പേർക്ക്, ഒരു വിരലിന്റെ മൂന്നിലൊരംശമായിരിക്കണമെന്നു താല്പര്യം. തള്ളവിരൽ കൊണ്ടുള്ള മുകളിലെ ഒരു മദ്ധ്യത്തിനുള്ള ചുറവളവാകുന്നു. ശ്രീഭാഗാഹ്രീപദത്തിനു ചിലർ ശ്രീഭാഗഹീനമെന്നതിലൊരംശം കുറഞ്ഞ അ.ഹ്രീ=വിൽ എന്നു ചിലർത്ഥമുണ്ടാക്കുന്നു. അവരുടെ പക്ഷത്തിൽ മുകളിലെ നടുവിലുള്ള പാലത്തെ, തടസ്ഥാനത്തെ വിട്ട്, അളക്കേണ്ടതാണെന്നു വിചാരിക്കേണ്ടിയിരിക്കുന്നു.

* "കുണ്ഡലൗ സപൂർണചന്ദ്രൗ ദൃഷ്ടിം ദദ്യാവിശാരദേ" എന്നു പറവാൻ പോകുന്നുണ്ടു്. അപ്പോൾ ഏഴിലൊരുഭാഗമെന്നർത്ഥം വരും. അവിടെ ദൃഷ്ടിയുടെ സപ്രകൃതനിരൂപണമാണു് വിഷയം. ഇവിടത്തെ പ്രകൃതം ദീർഘായുർല്ലക്ഷണമാണെല്ലോ.

¶ ഇതുകൊണ്ടു് ആരംഭിക്കുന്ന സന്ധിപ്രദേശമായ രണ്ടു ഇടുപ്പെല്ലുകളിലുംനിന്നു ഇട

ഭവന്തി മാത്ര— (ച).

പണ്ണവിംശതിതോ വർഷ്ടു മാൻ നാരീ തു ഷോഡശേ
സമത്വാഗതചീര്യൗ തൗ ജാനീയാൽ കുശലോ ഭിഷക്. 11
ദേഹഃ സൈവരംഭ്രതെലേരഷ്ട യഥാവദനുകീർത്തിതഃ
ഉക്തപ്രമാണോനാദനാ പുമാൻ വാ യദി വാംഗനാ. 12
ദീർഘമായുരവാപ്നോതി വിത്തഞ്ച മഹദുച്ചതി
മധ്യമം മധ്യതെരായുർവ്വിത്തം ഹീനെനഹ്രസ്വമാവരം. 13

"പുരുഷന്നു് ഇരുപത്തഞ്ചു വയസ്സും സ്ത്രീക്കു പതിനാറുവയസ്സും തികഞ്ഞാൽ അവക്കു വീര്യ്യം പൂർണ്ണമായി (ധാതുക്കൾക്കു മൂപ്പുവന്നു) എന്നു വൈദ്യൻ നിശ്ചയിക്കണം. ഇവ്വിധം പുഷ്ടിയെത്തിയ സ്ത്രീപുരുഷന്മാരുടെ അവയവങ്ങളെ അവരവരുടെ വിരലുകളെക്കൊണ്ടളന്നുനോക്കണം. അപ്പോൾ മേൽപറഞ്ഞ പ്രകാരമുള്ള അളവുകൾ ഒത്തുകണ്ടാൽ ആ സ്ത്രീപുരുഷന്മാർക്കു ദീർഘായുസ്സും വലിയ സംപത്തും ഉണ്ടാകുമെന്നു നിശ്ചയിക്കാം. അളവു് ഒത്താണ്ടു സമമായിട്ടു ഉള്ളതായാൽ അവരുടെ ആയുസ്സും സംപത്തും മദ്ധ്യമമായിരിക്കും. തീരെ ശരിയല്ലാതിരിക്കയാണെങ്കിൽ അല്പായുസ്സും സമ്പത്തും അല്പമായിരിക്കയുമുള്ളു". 11-13

ഒരു യോനിയുടെ ഉപരിഭാഗത്തുള്ള വിരിപ്പാട്ടിൽ കിടക്കുന്ന സ്ഥലത്തെയാണു് ഇവിടെ ശ്രോണിയെന്നു പറഞ്ഞതു്. ഇതു പുരുഷന്റെ മാറിനു സമമായിരിക്കണമെന്നേ മൂലത്തിലുള്ളു. അതു പുരുഷന്റെ വിരലാണെന്നു ഭല്ലാതപിശ്രുതനും പരിതെട്ടുവിരലാണെന്നു ഭേഡകാരനും പറയുന്നു. ഭോജനു്, അടുത്തു പറയാൻപോകുന്ന "അഷ്ടശതാംഗുലപരിസ്പന്ദൂരേ" എന്ന വാക്യമാണു് പ്രമാണം. അതു സ്ത്രീയുടെ ഉയരമാണെന്നായാണു് പറഞ്ഞതെന്നു ഭല്ലാതപിശ്രുതനും പറഞ്ഞിട്ടുണ്ടു്. പിന്നെ ഉയരത്തിനു് ഒരു തെറ്റുമില്ലാതെ പ്രമാണമെന്നു വരികൊണ്ടു പറഞ്ഞുപോരുന്നില്ലെന്നതുകൊണ്ടും പുരുഷന്റെ ഉയരം ഭല്ലാതപിശ്രുതപ്രകാരം സ്ത്രീയുടെ ഉയരത്തെക്കാൾ വലിപ്പം കൂടുതലായിരിക്കുമെന്നതു് ഉത്തമപുരുഷനെപ്പറ്റിയുള്ളതാണെന്നു വരാം. ഇതിനെ ഗ്രഹിച്ചിരിക്കുന്നതു്. മറ്റുള്ള തരക്കാരെയെല്ലാം ഭല്ലാതപിശ്രുതം സൂചിപ്പിച്ചു കഴിഞ്ഞിരിക്കുന്നു. ഉയരത്തിൽ വലിപ്പം കണക്കാക്കുമ്പോൾ കഴുത്തിരിക്കുന്നിടം മുതൽ കാൽപാദംവരെയുള്ള ഉയരം 12 അംഗുലമാണെന്നും ഇതിനെയാണു് ഇവിടെ പറഞ്ഞിട്ടുള്ളതെന്നുമാണു് ഭല്ലാതപിശ്രുത വാദികൾ പറയുന്നതു്. ഈ സംഗതി നോക്കുമ്പോൾ അദ്ദേഹത്തിന്റെ ന്യായത്തിനു് നല്ല ഒരവലംബമുണ്ടെന്നുള്ളതു നിസ്സംശയമാകുന്നു. പക്ഷേ നമ്മുടെ ശരീരത്തിൽ ഭല്ലാതപിശ്രുതൻ പറയുന്ന പ്രകാരം...

(ഗ). അഥ സാരാൻ വക്ഷ്യാമഃ. സ്ഥിരപ്രജ്ഞതാശൗര്യൈശൗ
ചാപേതം കല്യാണാഭിനിവേശം സത്വസാരം വിദ്യാൽ. സ്നിഗ്ധസം
ഹതശ്ലക്ഷ്ണതാസ്ഥിരന്തനഖം ബഹ്വലകാമപ്രജം ശ്ലക്ഷ്ണ. അകൃശമൃത
മബലം സ്നിഗ്ധഗംഭീരസ്വരം സൌഭാഗ്യോപപന്നം മഹാനേത്രഞ്ച മ

ഇനി സാരങ്ങളെപ്പറ്റി പറവാൻ പോകുന്നു:— യിതൊരു മനുഷ്യന്നു് ഓജ്ജശക്തിയും മൈത്രശക്തിയും ബുദ്ധിശക്തിയും ധൈര്യവും ശുചിയും നല്ല കായ്ങ്ങളിൽ പ്രയത്നവും ഉണ്ടായിക്കാണുന്നുവെങ്കിൽ അവൻ സത്വ*സാരനാണെന്നറിയേണ്ടതാകുന്നു.

യില്ലുകളും പല്ലുകളും നഖങ്ങളും സ്നിഗ്ധത(മിനുസം)യോടുകൂടിയും തിങ്ങിയും വെളുത്തുമിരിക്കുക, സ്ത്രീസേവയിൽ അതിയായ ആഗ്രഹമുണ്ടായിരിക്കുക, അധികം സന്തതികളുണ്ടാവുക, ഈ ലക്ഷണങ്ങളുള്ള പുരുഷനെ ത്വക്സാരൻ എന്നറിയണം.

ദേഹത്തിന്നു മെലിച്ചിലില്ലാതിരിക്കുക, വേണ്ടപോലെ ബലമുണ്ടായിരിക്കുക, സ്വരത്തിന്നു ഘനവും മാധുര്യവുമുണ്ടായിരിക്കുക, സൌന്ദര്യമുണ്ടായിരിക്കുക, കണ്ണുകൾക്കു വലിപ്പമുണ്ടായിരിക്കുക എന്നീ ലക്ഷണങ്ങൾ യിതൊരുത്തങ്കൽ കാണുന്നുവെങ്കിൽ അവൻ മജ്ജസാരനാണെന്നറിയേണ്ടതാണു്.

തലയും മുലയും വലുതായിരിക്കുക, പല്ലുകൾക്കും ഹനു(കവിളെത്തുള്ള യില്ലു്)ക്കൾക്കും മാറുള്ള യില്ലുകൾക്കും നഖങ്ങൾക്കും നല്ലവണ്ണം ഉറപ്പുണ്ടായിരിക്കുക, ഈ ലക്ഷണങ്ങളുള്ളവനെ അസ്ഥിസാരനാണെന്നറിയണം.

ഇത്യാദി വാക്യം പറകയും അടുത്തുതന്നെ അഷ്ടാദശാംഗ്രേ.....ഇത്യാദിവാക്യം പറകയും ചെയ്യാതെ അഷ്ടാദ.....എന്നതിനെ അദ്യവും പിന്നെ "തൽപ്രധാനാസ്ഥി ശ്രോണിഃ" എന്നാ മദ്ധ്യരണ്ടുമല്ലാ പറയുമായിരുന്നു എന്നു തോന്നുന്നു. അനന്തരം വാക്യത്തിൽ "പുരുഷസ്യ" എന്നു പ്രത്യേകം നിർദ്ദേശിച്ചതുകൊണ്ടു് മുഴുവിലെ വാക്യം സ്ത്രീപരമാണെന്നു സ്പഷ്ടമായിരിക്കുന്നു. അതുകൊണ്ടു് തല്പുരുഷയിൽ ഒട്ടുനപുംസകം സംഗ്രഹിച്ചതാണു്. ഈ വിധത്തിലായാൽ ശ്രോണിശബ്ദത്തിന്നു ശ്രോണിഫലകപരതാ ഭാഷ്യകാരൻ സ്ഥാപിക്കുന്നതു് അനവദ്യമാണെന്നു കാണിക്കുന്നതുകൂടാം. ഉരസ്സിനെ വിലങ്ങത്തിലളന്നാൽ 24 വിരൽ പ്രമാണമുണ്ടായിരിക്കുന്നതു് ഉത്തമലക്ഷണമാണെന്നു ഖരകത്തിൽ പറഞ്ഞിട്ടുള്ളതു് ഇവിടെ അറിഞ്ഞിരിക്കേണ്ടതാണു്.

* സത്വസാരൻ=സത്വം (മനസ്സു്) സാ-(പ്രബല)മായിട്ടുള്ളവൻ. ഇപ്രകാരംതന്നെ ശുക്ലസാരൻ മുതലായവരെയും അറിയേണ്ടതാകുന്നു.

ങ്ങാ. മഹാശിരസ്സ്യസ്ഥിമജ്ജാതമാഹാനാസാസ്ഥ്നഖമസ്ഥിഭിഃ. സ്നിഗ്ധമൂത്ര
ഗുദപ്രസരം ബൃഹച്ഛിരശ്ചായാസസഹിഷ്ണും മേദസാ. അച്ഛിദ്രഗാത്രം
ഗൂഢാസ്ഥിസന്ധി മാംസോപചിതബഹു മാംസേന. സ്നിഗ്ധതാമ്രനഖന
യനതാലുജിഹ്വൗഷ്ഠപാണിപാദതലം രക്തേന. സുപ്രസന്നമൃദിത
ശ്ലോമാണം ത്വക്സാരം വിദ്യാദിതരത്രയം പൂർവ്വം പൂർവ്വം പ്രധാനമായു
സ്സൗഭാഗ്യയോശ്ചാപി. 14

ഭവതി ചാത്ര— (ച).

സാമാന്യഗതാംഗപ്രത്യംഗപ്രമാണാഢ്യോ സാരതഃ

വിതൊരുത്തന്റെ മൃത്രവും വിയർപ്പുവെള്ളവും മിഴക്കുള്ളതായി കാണപ്പെടുന്നതൊ, വിതൊരുത്തന്റെ ഒച്ച കേൾക്കാൻ രസമുള്ളതായി മൃദുവായിരിക്കുന്നതൊ, വിതൊരുത്തന്റെ ശരീരം ബലമുള്ളതായിരിക്കുന്നതൊ, വിതൊരുത്തന്ന് ശ്രമിയായി പ്രയത്നം ചെയ്യുന്നതിന്ന ദ്ദണ്ണമില്ലാതിരിക്കുന്നതൊ അങ്ങിനെയുള്ള മനുഷ്യൻ മേദസ്സാരനാകുന്നു.

അവയവങ്ങളെ അതാതു പാട്ടിൽ നേരെ വെച്ചുനോക്കിയാൽ വിതൊരുത്തന്റെ ദേഹത്തിൽ അവ ഇടതൂർന്ന പ്രകാരമില്ലാതിരിക്കുകയും (*അച്ഛിദ്രഗാത്രം) കയും വിള്ളുകളും സന്ധികളും കെട്ടിയുള്ള മാംസത്തിന്നുള്ളിൽ മറഞ്ഞു കിടക്കുകയും ദേഹത്തിലെങ്ങും വേണ്ടുപോലെ മാംസം നിങ്ങിയിരിക്കുകയും ചെയ്യുന്നതൊ അവൻ മാംസസാരനാകുന്നു.

നഖങ്ങൾ, കണ്ണ്, അണ്ണാക്ക്, നാവ്, ചുണ്ട്, കൈകാലുകളുടെ അടികൾ ഇവ മനസ്സുള്ളവയും ചുകന്ന നിറത്തോടുകൂടിയവയുമായിരിക്കുന്നു വിതിൽ ആ മനുഷ്യൻ രക്തസാരനാണെന്നറിയണം.

തോലും രോമങ്ങളും നല്ലവണ്ണം പ്രകാശമുള്ളവയും മൃദുക്കളുമായിരിക്കുന്നതായാൽ ആ പുരുഷൻ ത്വക്സാര(ത്വക്ക്=രസധാതു. അതു പ്രബലമായിട്ടുള്ളവനെന്നർത്ഥം)നാണെന്നറിഞ്ഞുകൊള്ളേണ്ടതാണ്. ഈ പറഞ്ഞ കൂട്ടരിൽ, ആദ്യമാദ്യം പറയപ്പെട്ടവർക്ക് ആയുസ്സും സമ്പത്തും അധികമധികമായിരിക്കുന്നതാണ്. 14

"സമർത്ഥനായ വൈദ്യൻ മേൽപറഞ്ഞപ്രകാരം അംഗങ്ങളെയും പ്രത്യംഗങ്ങളേയും അളന്നു നോക്കിയും സത്വസാരം മുതലായ സാരങ്ങ

---

* അനന്തിതമേഹൻ എന്ന ഭാഷ്യകാരനും അനിന്ദ്യമേഹൻ (കണ്ടില്ലാത്ത മേഢ്രമുള്ളവർ) എന്ന ദല്ഹനനും വ്യാഖ്യാനിക്കുന്നു.

പരീക്ഷ്യായുഃ സുനിപുണോ ഭിഷക് സിധ്യതി കർമ്മസു. 15

വ്യാധിവിശേഷാസ്തു പ്രാഗഭിഹിതാഃ. സർവ്വ ഏവൈതേ ത്രിവിധാഃ സാധ്യാ യാപ്യാഃ പ്രത്യാഖ്യേയാശ്ച. തത്രൈതാൻ ഭൂയസ്ത്വിധാ പരീക്ഷേത കിമസാവൌപസർഗ്ഗികഃ പ്രാക്കേവലോന്യലക്ഷണ ഇതി. തത്രൌപസർഗ്ഗികോ യഃ പൂർവ്വോൽപന്നാ വ്യാധിം ജഘന്യകാലേജാതോ വ്യാധിരുപ

ളെ പരീക്ഷിച്ചറിഞ്ഞും ആയുസ്സിനെ സൂക്ഷ്മമായി മനസ്സിലാക്കിയതിന്നു ശേഷം ചികിത്സിച്ചാൽ അതുനിമിത്തം ചികിത്സയിൽ അവന്നു വിജയം സിദ്ധിക്കുന്നതാകുന്നു". 15

പലതരം വ്യാധികളെപ്പറ്റിയും ആ വ്യാധികളിൽ സാധ്യങ്ങളെന്നും യാപ്യങ്ങളെന്നും പ്രത്യാഖ്യേയങ്ങളെന്നും മൂന്നുവിധങ്ങളുണ്ടെന്നും മുമ്പെ (വ്യാധിസമുദ്ദേശീയത്തിൽ) പറഞ്ഞിട്ടുണ്ടല്ലോ. ഈ വ്യാധികളെത്തന്നെ പിന്നെയും പരീക്ഷിച്ചു് ഔപസർഗ്ഗികമോ, പ്രാക്കേവലമോ അന്യലക്ഷണമോ എന്നുകൂടി അറിയേണ്ടതുണ്ടു്.

ആദ്യമുണ്ടായരോഗത്തിന്നുമേലെ ആ രോഗമുണ്ടാവാനുള്ളകാരണങ്ങൾകൊണ്ടുതന്നെ വേറെ ഒരു വ്യാധി വന്നുകൂടുന്നു എങ്കിൽ ആ പിന്നിട്ടുണ്ടായ രോഗത്തിന്നു ഔപസർഗ്ഗികമെന്നു പേർപറയുന്നു; അതിന്നുതന്നെ *ഉപദ്രവമെന്നും പേരുണ്ടു്. ആദ്യമായി ഉണ്ടായതും മറ്റൊരു രോഗത്തിന്റെ പൂർവ്വരൂപമോ ഉപദ്രവമോഅല്ലാതിരിക്കുന്നതുമായ വ്യാധിയാണു് †പ്രാക്കേവലം. ഒരു വ്യാധി മൂലമായി ഉണ്ടാകുവാൻ പോകുന്ന

---

* പിന്നിട്ടുണ്ടായ വ്യാധിക്കുമാത്രമാണു് ഈ പദം പ്രയോഗിക്കുന്നതു്. ഒരു വ്യാധിക്കുണ്ടാകുന്ന ലക്ഷണങ്ങൾതന്നെ മറ്റൊരു വ്യാധിക്കുമുണ്ടാകുന്നതുകൊണ്ടു് ഈ പേർ വന്നുചേർന്നിട്ടുള്ളതാണു്. ഒരു രോഗത്തിന്നു് അനേകം ഉപദ്രവങ്ങളുണ്ടാകുന്നതുകൊണ്ടു് ഒന്നിനുതന്നെ രോഗാന്തരത്തിന്റെ കാരണത്വത്തെ ദ്യോതിപ്പിക്കുവാൻ പലപ്രയോഗങ്ങളും ഈ ഉപദ്രവത്തിന്നു കാണുന്നുണ്ടു്. "രോഗസമുച്ചയേഷ്വേകോപദ്രവഃ" എന്നു തുടങ്ങിയ ഭാഗം ഇതിനെ ദ്യോതിപ്പിക്കുന്നു.

† ഈ മൂലമായ വ്യാധികൾ മറ്റു പല രോഗങ്ങളുടെയും പൂർവ്വരൂപമായി ചിലപ്പോൾ വരാം. ചിലപ്പോൾ അവ മറ്റൊരുരോഗമുണ്ടായശേഷം ആ ഉപദ്രവത്തിന്റെ നിലക്കുമാകാം. ഒന്നുണ്ടായതിന്റെയുമല്ലാതിരിക്കുന്നതായിട്ടുമാകാം ആ വക ജന്മദിവ്യാധികളെ പ്രാക്കേവലമെന്നു പറയുന്നതു്. എല്ലാവ്യാധികളും ചിലപ്പോൾ പൂർവ്വരൂപമായും ചിലപ്പോൾ ഉപദ്രവമായും ചിലപ്പോൾ പ്രാക്കേവലമായും വരാവുന്നതാണു്. അതുകൊണ്ടാണെല്ലോ ഗ്രന്ഥകാരൻ "തത്രൈതാൻ (സർവ്വാൻ)ഭൂയസ്ത്വിധാപരീക്ഷേത" എന്നു മറ്റും

സൂജതി സ തന്മൂലമൂലക ഏവോപദ്രവസംജ്ഞഃ, പ്രാക്കേവലോ യഃ പ്രാഗേവോൽപന്നോ വ്യാധിരപൂർവ്വരൂപാനുപദ്രവശ്ച. അന്യലക്ഷണോ യോ ഭവിഷ്യദ്വ്യാധിഖ്യാപകഃ സഃ പൂർവ്വരൂപസംജ്ഞഃ.തത്ര സോപദ്രവമന്യോന്യാവിരോധേനോപക്രമേത ബലവന്തമുപദ്രവം വാ. പ്രാക്കേവലാ യഥാസ്വം പ്രതികുർവ്വീത. അന്യലക്ഷണേ തദാദിവ്യാധൌ പ്രയതേത.

16

ഭവതി ചാത്ര— (പ).

നാസ്തി രോഗോ വിനാ ദോഷൈരുത്സ്വാത്തസ്യാദിലക്ഷണം§

എന്നുള്ളതിനെ സൂചിപ്പിക്കുന്നതായ രോഗത്തിന്നു് അന്യലക്ഷണമെന്ന പേർ. ഇതിനെത്തന്നെയാണു് പൂർവ്വരൂപമെന്നു * പായുന്നതു്.

ഈ കൂട്ടത്തിൽ ഉപദ്രവത്തോടുകൂടിയ വ്യാധിയെ ഒന്നിനൊന്നു വിരോധമായിത്തീരാത്തവിധത്തിൽ § ചികിത്സിക്കണം. ഉപദ്രവത്തിന്നു ബലം കൂടുതലായിട്ടുണ്ടെന്നു കണ്ടാൽ അതിനെ മുമ്പെ ചികിത്സിക്കുന്നതും കൊള്ളാം (അതു മൂലവ്യാധിക്കു വിരോധം വരാത്തവിധമാകണം). പ്രാക്കേവലവ്യാധിക്കു സാധാരണ അതാതിന്നു പതിവുള്ള ചികിത്സ ചെയ്താൽ മതി. അന്യലക്ഷണവ്യാധിയിലാകട്ടെ ആദ്യം കണ്ടിട്ടുള്ള ആ ലക്ഷണങ്ങളെ ശമിപ്പിക്കാനായി അതാതു രോഗങ്ങളുടെ ആദ്യകാലത്തു ചെയ്വാൻ വിധിച്ചിട്ടുള്ള ചികിത്സയാണു് ചെയ്യേണ്ടതു്. 16

"വാതാദിദോഷങ്ങളുടെ സംബന്ധമില്ലാതെ ഒരു വ്യാധിയുമുണ്ടാകുന്നതല്ല. അതുകൊണ്ടു സമർത്ഥനായ വൈദ്യൻ വൈദ്യശാസ്ത്രത്തി

മുമ്പെപറഞ്ഞതു്. ഇങ്ങിനെയിരിക്കെ ദല്ലനമിശ്രൻ പ്രാക്കേവലവ്യാധിലക്ഷണംപറയുന്ന സ്ഥലത്തിൽ "അപൂർവ്വരൂപാനുപദ്രവശ്ച" എന്ന വാക്യത്തിനു്, "പൂർവ്വരൂപവും ഉപദ്രവവുമില്ലാത്തതു്" എന്നർത്ഥം പറകയും ഉദാഹരണമായി തിലകാലകന്യച്ഛവ്യംഗാദിരോഗങ്ങളെ കാണിക്കയും ആ രോഗങ്ങൾ സപ്തധാതുക്കളിൽനിന്നുതന്നെ പൂർവ്വരൂപപൂർവ്വകമായുണ്ടാകുന്നവയാണെന്നു പ്രസ്താവിക്കയും ചെയ്തതു കാണുന്നതിനാൽ താൽപര്യമെന്തെന്നറിയുന്നില്ല. തിലകാലകാദികളായ ചില രോഗങ്ങൾ മാത്രമെ പ്രാക്കേവലങ്ങളായിട്ടുള്ളു എന്നു ഗ്രഹിക്കുന്നതു് പൂർവ്വഗ്രന്ഥത്തിന്നു വിരുദ്ധമാണെല്ലൊ.

* ജ്വരാതിസാരങ്ങൾ തുടങ്ങിയതു് അന്യലക്ഷണവും ജ്വരം പ്രാക്കേവലവും അപസ്മാരകുഷ്ഠങ്ങൾ പൂർവരൂപകവുമാകുന്നു. ഇപ്രകാരം മറ്റുരോഗങ്ങളിലും ഗ്രഹിക്കണം.

§ ഉപദ്രവത്തിന്നു് അധികം വരാത്തവിധത്തിൽ പ്രധാനമായി മൂലവ്യാധിക്കു ചികിത്സ (രണ്ടിന്നും പറഞ്ഞിരിയവിധത്തിൽ) ചെയ്യണമെന്നു സാരം.

അന്നകൃതമപി ദോഷാണാം ലിംഗൈർവ്യാധിമുപാചരേൽ. 17

(ഗ). പ്രാഗഭിഹിതാ ഋതവഃ.

(പ). ശീതേ ശീതപ്രതീകാരമുഷ്ണേ ചോഷ്ണനിവാരണമ്

കൃത്വാ കുര്യാൽ ക്രിയാം പ്രാപ്താം ക്രിയാകാലം ന ഹാപയേൽ. 18

അപ്രാപ്തേ വാ ക്രിയാകാലേ പ്രാപ്തേ വാ ന കൃതാ ക്രിയാ

ക്രിയാ ഹീനാതിരിക്താ വാ സാധ്യേഷ്വപി ന സിദ്ധ്യതി. 19

യാത്യുദീർണ്ണം ശമയതി നാന്യം വ്യാധിം കരോതി ച

സാ ക്രിയാ ന തു യാ വ്യാധിം ഹരത്യന്യമുദീരയേൽ. 20

(ഗ). പ്രാഗഭിഹിതോഗ്നിരന്നസ്യ പാചകഃ. സ ചതുർവ്വിധോ ഭവതി; ദോഷാഭിപന്ന ഏകോ വിക്രിയാമാപന്നസ്ത്രിവിധോ ഭവതി. വിഷമോ വാതേന, തീക്ഷ്ണഃ പിത്തേന, മന്ദഃ ശ്ലേഷ്മണാ, ചതുർത്ഥഃ സമഃ സ

ലെങ്ങും പറഞ്ഞുകണ്ടിട്ടില്ലെങ്കിലുംകൂടി വാതാദിദോഷങ്ങളെ വ്യാധികളിൽ നോക്കിയറിഞ്ഞു് അതാതിന്നു പറ്റിയ ചികിത്സ ചെയ്യണം." ()

ഋതുക്കളെപ്പറ്റി മുമ്പെ പറഞ്ഞിട്ടുണ്ടല്ലൊ. "ശീതകാലത്തിങ്കലാണ് വ്യാധിയുണ്ടായതെങ്കിൽ ആ കാലജന്യമായ ശൈത്യത്തിന്നു വേണ്ടുന്ന പരിഹാരത്തേയും ഉഷ്ണകാലത്താണെങ്കിൽ ഉഷ്ണത്തിന്നുള്ള പരിഹാരത്തേയും ചെയ്തിട്ട് വേണ്ടപോലെ ചികിത്സ ചെയ്യണം. കാലത്തിന്റെ ശീതോഷ്ണസ്ഥിതികളെ ഓർത്തു വേണ്ട സമയത്തു ചികിത്സിക്കാതെ വ്യാധികളെ വെച്ചുകൊണ്ടിരിക്കരുതു്. ചികിത്സചെയ്യുന്നതു് അതിന്നു തക്കകാലത്തല്ലാതെയോ ആ കാലം കഴിഞ്ഞിട്ടോ വേണ്ടതിൽ കൂടുതലായോ കുറഞ്ഞോ ഇരുന്നാൽ അതുകൊണ്ടു് സാധ്യങ്ങളായ രോഗങ്ങൾകൂടി, അസാധ്യങ്ങളായിത്തീരുന്നതാണു്. വർദ്ധിച്ചിട്ടുള്ള വ്യാധിയെ ശമിപ്പിക്കുന്നതും മറ്റൊരു രോഗമുണ്ടാക്കിത്തീർക്കാത്തതുമായ ചികിത്സയെയാണു് ചികിത്സയെന്നു പറയുന്നതു്. അതുകൂടാതെ ഒരു രോഗത്തെ മാറ്റുന്നതായാലും മറ്റൊരു രോഗത്തെ ഇളക്കിത്തീർക്കുന്നതായാൽ അതൊരു ചികിത്സയായിരിക്കുന്നതല്ല." 18-20

അന്നത്തെ പാകം ചെയ്യുന്നതു പാചകം എന്നു പേരായ ഒരഗ്നിയാണെന്നു മുമ്പെ പറഞ്ഞിട്ടുണ്ടല്ലൊ. ഈ അഗ്നി ഒരു ദോഷത്തിന്റേയും സംബന്ധം കൂടാതെയിരിക്കുന്നതായി ഒരു വിധവും, ദോഷസംബന്ധം നിമിത്തം ചീത്തയായിത്തീർന്നാൽ മൂന്നുവിധവും ഇങ്ങിനെ നാ

സവ്വസാമ്യാദിതി. തത്ര യോ യഥാകാലമന്നമുപയുക്തം സമ്യക് പചതി സ സമഃ സാധാരണേഷ്ടഃ. യഃ കദാചിൽ സമ്യക് പചതി കദാചിദാധ്മാനപ്രലോദാവത്താതിസാരജ്വരഗൌരവാന്ത്രക്ലേജനപ്രവാഹണാനി കുതേ സ വിഷമഃ. യഃ പ്രകൃതമപ്യുപയുക്തമന്നമാശു പചതി സ തീക്ഷ്ണഃ. സ ഖിവാഭിവർദ്ധമാനോഽഗ്നിരിത്യാഭാഷ്യതേ. സ മുഹുർമ്മുഹുഃ പ്രകൃതമപ്യുപയുക്തമാശുതരം പചതി പാകാന്തേ ച ഗളതാലേ വാഷ്പുശോഷദാഹസന്താപാൻ ജനയതി. യഃ സപ്ലമപ്യുപയുക്തമുരശിരോഗൌരവകാസശ്വാസപ്രസേകച്ഛർദ്ദിഗാത്രസദനാനി കുതേ മഹതാ കാലേന പചതി സ മന്ദഃ. 21

ഈപ്രകാരത്തിലാണിരിക്കുന്നത്. വാതംകൊണ്ടു ദുഷിച്ചിട്ടുള്ള ജഠരാഗ്നി വിഷമവും പിത്തംകൊണ്ടു തീക്ഷ്ണവും കഫംകൊണ്ടു മന്ദവും ആയിരിക്കുന്നു. നാലാമത്തേതു്, കാലംപോലെ അകത്തേക്കു കഴിച്ചിട്ടുള്ള അന്നത്തെ ദോഷങ്ങളുടെ സമാവസ്ഥ നിമിത്തം വേണ്ടപോലെ പാകംചെയ്യുന്ന സമാഗ്നിയാകുന്നു. ചിലപ്പോൾ അന്നം ശരിയായി പാകം വരികയും ചിലപ്പോൾ വയറുവിട്ടും വയറ്റിൽ കുത്തിനോവും ഉദാവർത്തവും(വായു വയറ്റിൽ ഉരുണ്ടു തിരിഞ്ഞുപെട്ടു നടക്കുക) വയറിളകുവും വയറ്റിൽ ഘ്മനവും വയറിരക്കലും മുക്കലും (പ്രവാഹണം) മറ്റു മുണ്ടാക്കിത്തിർത്തുകൊണ്ടു് ദഹിച്ചു ഏറ്റം വരികയും ചെയ്യുന്നതുവെങ്കിൽ അതു വിഷമാഗ്നിയാണെന്നു പറയാം. അധികംഭക്ഷണം കഴിച്ചാലും ഉടനെ ദഹിച്ചുപോകുന്നതു തീക്ഷ്ണാഗ്നിയാകുന്നു. ഈ തീക്ഷ്ണാഗ്നിതന്നെ അധികം വർദ്ധിച്ചുവെങ്കിൽ അതിനു് *അത്യഗ്നിയെന്നു പേരാകുന്നു. അതിതീക്ഷ്ണമായ അഗ്നി പിന്നേയും പിന്നേയും അധികമധികം ആഹാരം കഴിച്ചാലും അതിവേഗത്തിൽ ദഹിച്ചുകളയുമെന്നുമാത്രമല്ല, ദഹനത്തിന്റെ അവസാനത്തിൽ തൊണ്ടയിലും അണ്ണാക്കിലും ചുണ്ടിലും വറൾച്ചയും നീറലും ചൂടും ഉണ്ടാക്കിത്തീർക്കുകയും ചെയ്യും. ആഹാരം അല്പമേ കഴിച്ചിട്ടുള്ളു എങ്കിലും അതു ദഹിക്കാൻ അധികം താമസം വേണ്ടിവരികയും ദഹനസമയത്തു വയറുറത്തു ഘ്മനം, തലഘ്മനം, ചുമ, വായുമുട്ടൽ, വായിൽനിന്നു വെള്ളംവരവു്, ഛർദ്ദി, അംഗങ്ങൾക്കു തളർച്ച എന്നീ ഉപദ്രവങ്ങളുണ്ടാകയും ചെയ്യുന്ന എങ്കിൽ ആ അഗ്നിയെ മന്ദാഗ്നിയെന്നു പറയാം. 21

* ഇതുതന്നെ ഭസ്മകമെന്നു പറയപ്പെടുന്ന രോഗം. തീക്ഷ്ണാഗ്നി മൂന്നുവിധം, (1) അധികമായ ദഹനശക്തി, (2) അത്യഗ്നി (ഭസ്മകം), (3) അതിതീക്ഷ്ണാഗ്നി.

(പ). വിഷമോ വാതജാൻ രോഗാൻ തീക്ഷ്ണോ പിത്തനിമിത്തജാൻ
കരോത്യഗ്നിസുധാ മന്ദോ വികാരാൻ കഫസംഭവാൻ. 22
(ഗ). തത്ര സമേ പരിരക്ഷണം കുര്യാത്. വിഷമേ സ്നിഗ്ധാമ്ലലവണൈഃ ക്രിയാവിശേഷൈശ്ചൈഃ പ്രതികുര്യാത്. തീക്ഷ്ണേ മധുരസ്നിഗ്ധശീതൈർവിരേചനൈശ്ച. ഖിന്നമേവാത്യഗ്നൗ വിശേഷേണ മാഹിഷൈശ്ച ക്ഷീരഘൃതൈസപ്പിർഭിർമ്മന്ദേ കടുതിക്തകഷായൈർവ്വമനൈശ്ച. 23
(പ). ജാഠരോ ഭഗവാനഗ്നിരീശ്വരോന്നസ്യ പാചകഃ

"വിഷമാഗ്നികൊണ്ടു വാതസംബന്ധങ്ങളായ രോഗങ്ങളും തീക്ഷ്ണാഗ്നികൊണ്ടു പിത്തജന്യങ്ങളായ രോഗങ്ങളും മന്ദാഗ്നികൊണ്ടു കഫരോഗങ്ങളും ഉണ്ടായിത്തീരുന്നതാണു്." 22

സമാഗ്നിയാണെങ്കിൽ അതിനെ നിലനിർത്തുന്നതിനുള്ള ചികിത്സ ചെയ്യണം. വിഷമാഗ്നിയിൽ പുളിരസവും ഉപ്പുരസവും സ്നിഗ്ധതയുമുള്ള പദാർത്ഥങ്ങളുപയോഗിച്ചു് ശരിപ്പെടുത്തണം. തീക്ഷ്ണാഗ്നിയെ മധുരവും സ്നിഗ്ധവും ശീതവീര്യവുമായ വസ്തുക്കളുപയോഗിക്കയും വയറിളക്കുകയും ചെയ്തു സുഖപ്പെടുത്താം. അത്യഗ്നിക്കും ഇങ്ങിനെതന്നെ ചെയ്യണം. എന്നാൽ അത്യഗ്നിയിൽ വിശേഷിച്ചു് എരുമയുടെ പാലും തൈരും നെയ്യും ഉപയോഗിക്കുന്നതു നന്നു്. മന്ദാഗ്നിയിങ്കലാകട്ടെ എരിവും കയ്പും ചവർപ്പുമുള്ള പദാർത്ഥങ്ങളുപയോഗിക്കയും ഛർദ്ദിപ്പിക്കയും ചെയ്യുൽ ഗുണം കിട്ടുന്നതാണു്. 23

"നമ്മുടെ ആഹാരത്തെ ദഹിപ്പിച്ചുംകൊണ്ടു ജഠരത്തിലിരിക്കുന്ന അഗ്നിഭഗവാൻ സ്വർഗ്ഗശക്തികളുമുള്ള ഒരു *ഈശ്വരനാകുന്നു. ഈ അഗ്നിഭഗവാൻ വയ്ക്കോൽ വെച്ചു് ആഹാരരസത്തെ ദഹിപ്പിച്ചുകൊണ്ടിരിക്കുന്ന സമയത്തു മധുരാദിരസങ്ങളെ ഏതെല്ലാം വിധത്തിലാക്കിത്തീർക്കുന്നു എന്നുള്ളതിനെപ്പറ്റിയൊ ആ അഗ്നിയുടെ സ്വരൂപമെന്തെന്നുള്ളതിനെ പറ്റിയൊ വിവരിച്ചറിവാൻ വളരെ പ്രയാസമാണു്. കാരണം ജഠരാഗ്നിയുടെ ആ വ്യാപാരവും അഗ്നിയും എറ്റവും സൂക്ഷ്മമാ

* "അയമഗ്നിർവ്വൈശ്വാനരോ യോയമന്തഃ പുരുഷേ യേനേദമന്നം പച്യതേ യദിദമദ്യതേ" എന്ന ബൃഹദാരണ്യകശ്രുതി. "അയുഷ്മാന്നോ ബലം സ്വാസ്ഥ്യമുത്സാഹപ്രഭയൌ പ്രഭോ കാര്യസൂജോഗ്നയഃ പ്രാണാഃ പ്രോക്താ ദേഹാഗ്നിഹേതുകാഃ" എന്നും പ്രമാണങ്ങളുള്ളതിനാൽ ജഠരാഗ്നിയെ ഭഗവാനാണെന്നും ദേഹത്തിലെ സർവ്വാവയവങ്ങളേയും രക്ഷിയ്ക്കുന്ന ഈശ്വരനാണെന്നും വിചാരിക്കണം.

തസ്യൈ പ്രതിസ്രോതോഗമനാ വിഭവത്തം തമേവ ശക്യതേ. 24
പ്രാണാപാനസമാനസ്യ സവ്വതഃ പവനസ്യിഭിഃ
ശ്ലേഷ്മണോ വാപ്യതേ ചാപി സ്രാവഃ സ്രാവം ഗതിമവ്യഥിതെതഃ. 25

(ഗ). വയസ്സു ത്രിവിധം ബാലം മധ്യം വൃദ്ധമിതി. തത്രൗനഷോഡശാത്, ബാലഃ തേപി ത്രിവിധാഃ— ക്ഷീരപാഃ ക്ഷീരാന്നാദോ അന്നാദ ഇതി. തത്ര സംവത്സരപരതഃ ക്ഷീരപാ ദ്വിസംവത്സരപരതഃ ക്ഷീരാന്നാദാഃ പാദതോന്നാദാ ഇതി. ഷോഡശസപ്തത്യോരന്തരേ മധ്യം വയഃ. തസ്യാ വിപ്രപ്രാ വൃദ്ധിരുത്സവനം സമ്പൂർണ്ണതാ ഹാനിരിതി. തത്ര ആ ദ്വിംശതേർവൃദ്ധിരാത്രിംശതോ യൌവനമാചതുശ്ചാരിംശതഃ സവ്വധാതവിന്ദ്രിയബലവീര്യ്യാണാം സമ്പൂർണ്ണതാ. അത ഊർദ്ധമീഷൽപരിഹാണിഷ്ടാ

കുന്നു (കായ്യംകൊണ്ടേഹിച്ചുറിവാനെ തരമുള്ളൂ എന്നു സാരം). എന്നാൽ പ്രാണൻ, അപാനൻ, സമാനൻ എന്നുള്ള മൂന്നു വായുക്കളും അതാതിന്റെ സ്വന്തമായ നിലയിലിരുന്നുകൊണ്ട് ആ അഗ്നിയെ ജ്വലിപ്പിക്കയും സവ്വത്ര നിലനിത്തുകയും *ചെയ്യുന്നുണ്ട്." 24–25

ബാലം, മധ്യം, വൃദ്ധം എന്നിങ്ങിനെ വയസ്സു മൂന്നുവിധമാകുന്നു. പതിനാറുവയസ്സിൽനിന്നു കീഴ്പ്പെട്ടുള്ളവർ ബാലന്മാരാകുന്നു. ക്ഷീരപന്നാ(പാൽകുടിച്ചു വളരുന്നവർ)രെന്നും ക്ഷീരാന്നാദന്നാ(പാലും ചോറും കഴിക്കുന്നവർ)രെന്നും അന്നാദന്നാ(ചോറുമാത്രം കഴിക്കുന്നവർ)രെന്നും ബാലന്മാർ മൂന്നു വിധത്തിലാണ്. ഒരു വയസ്സു തികയുന്നതുവരെ ബാലന്മാരെ ക്ഷീരപന്മാരെന്നു പറയുന്നു. രണ്ടുവയസ്സുവരെ ക്ഷീരാന്നാദന്മാരെന്നും അതിന്നു ശേഷമെല്ലാം അന്നാദന്മാരെന്നും പറയപ്പെട്ടുന്നു. പതിനാറുമുതൽ എഴുപതുവരെയുള്ള വയസ്സു മധ്യവയസ്സാകുന്നു. ഈ മധ്യവയസ്സിൽതന്നെ വൃദ്ധി (വളച്ചു) യൌവനം, സംപൂർണ്ണതാ, ഹാനി (ക്ഷയം) എന്നിങ്ങിനെ നാലുവിധം അംശഭേദങ്ങളുണ്ട്. ഇരുപതുവയസ്സുവരെ വൃദ്ധിയും മുപ്പതുവയസ്സുവരെ യൌവനവും നാല്പതു വയസ്സുവരെ സവ്വധാതുക്കൾക്കും ഇന്ദ്രിയങ്ങൾക്കും ബലത്തിന്നും ശുക്ലത്തിന്നും സമ്പൂർണ്ണത(തികവു്)യും അതിന്നുശേഷം എഴുപതുവയസ്സുവരെ കുറച്ചു

---

* അഗ്നിഭഗവാൻ ഈശ്വരനാണെന്നും മറ്റും പറഞ്ഞുവെങ്കിലും പ്രാണാദികളുടെ ഗതികളെ വല്ലതൊരും വരുന്ന സമയത്തു് അദ്ദേഹം ദൃഷ്ടികയും അതുനിമിത്തം ദേഹത്തിന്നുപദ്രവമുണ്ടാക്കയും ചെയ്യുമെന്നറിയണം.

വൽ സപ്തതിരിതി. സപ്തതേരൂർദ്ധ്വം ക്ഷീയമാണധാതിന്ദ്രിയബലവീ-
ര്യോത്സാഹമഹന്യഹനി വലീപലിതഖാലിത്യജുഷ്ടം കാസശ്വാസപ്ര-
തിഭിരുപദ്രവൈരഭിഭ്രയമാനം സവ്യക്രിയാസഹസമർത്ഥം ജീർണ്ണാഗാരമി
വാഭിവൃഷ്ടമവസീദന്തം വൃദ്ധമാചക്ഷതേ. തത്രാത്തരോത്തരാസു വയോ-
വസ്ഥാസ്വൂത്തരോത്തരാ ഭേഷജമാത്രാവിശേഷാ ഭവന്തി ജ്ഞതേ ച പരി-
ഹാരണേസുത്രാദ്ര്യാപേക്ഷയാ പ്രതികുർവ്വീത. 26

ഭവതശ്ലോകൗ – (പ).

ബാലേ വിവർദ്ധതേ ശ്ലേഷ്മാ മധ്യമേ പിത്തമേവ തു

കുറച്ചായി ഹാനിയും ഉണ്ടാകുന്നതാണ്. എഴുപതുവയസ്സിനുശേഷം ധാതുക്കളും ഇന്ദ്രിയങ്ങളും ബലവും ശുക്ലവും ഉത്സാഹവും ക്ഷയിച്ചുതുടങ്ങും. ഓരോദിവസം ചെല്ലുന്തോറും ജരാനരകളും കഷണ്ടിയും അധികമായിക്കണ്ടുതുടങ്ങും; ചുമ, വായുമുട്ടൽ മുതലായ ഉപദ്രവങ്ങളും വന്നുകൂടും; ഒരു പ്രവൃത്തിയും ചെയ്യാൻ ശക്തിയുണ്ടാകയില്ല; ഒടഞ്ഞുപൊളിഞ്ഞു മഴകൊണ്ടുംകൊണ്ടുകിടക്കുന്ന ഭവനംപോലെ ആയിത്തീരും; ദേഹത്തിന്നു തളർച്ചയും വീഴ്ചയും മാറാതുണ്ടാകും; ഇതാക്കയാണ് വൃദ്ധനായാലുണ്ടാകുന്ന സ്വഭാവങ്ങളെന്നു പറയപ്പെടുന്നു.

വാർദ്ധക്യകാലംവരെ മരുന്നുകൊടുക്കാനുള്ള മാത്ര (അളവു) ബാല്യംമുതൽ കുറച്ചുകുറച്ചായി മേൽക്കുമേൽ വർദ്ധിപ്പിച്ചുകൊണ്ടുതന്നെ വരണം. ക്ഷയം തുടങ്ങിയാൽ ക്രമത്തിൽ കുറക്കുകയും വൃദ്ധനായാൽ ബാലനെ (16-വയസ്സുള്ളവനെ)പ്പോലെ വിചാരിച്ചു *മാത്ര നിശ്ചയിക്കയും വേണം. 26

"ബാലന്നു കഫവും മധ്യമന്നു പിത്തവും വൃദ്ധന്നു വാതവും വർദ്ധിക്കുന്നു. ഈ സംഗതി വൃദ്ധനെ ചികിത്സിക്കുമ്പോൾ ആലോചിക്കേണ്ടതാ-

---

* ബാല്യത്തിൽ ധാതുപാദികൾക്കു മൂപ്പുതികഞ്ഞിട്ടില്ലാത്തതുകൊണ്ടും എല്ലാ മാത്രകുറയ്ക്കുന്നതു്. വാർദ്ധക്യത്തിൽ ധാതുക്കൾക്കും മറ്റും ക്ഷയമുള്ളതുകൊണ്ടു മൂപ്പുതികയാത്തതുതന്നെയാണു്. അതുകൊണ്ടു് വൃദ്ധനെ ബാലനെപ്പോലെയാണു് ഈ കാര്യത്തിൽ കണ്ടതെണ്ടതു്. വാർദ്ധക്യം ആരംഭിച്ചാൽ പതിനാറു വയസ്സുകാൾക്കു പറഞ്ഞ മാത്രയും പിന്നെ അതിൽനിന്നു ക്രമേണ മുക്കിയും കൊടുക്കണമെന്നു ഗ്രഹിക്കണം. മാത്രാപ്രമാണം—"പ്രഥമേ മാസി ജാതസ്യ ശിശോരേഷജരക്തികാ । അവലേഹ്യാ തു കർത്തവ്യാ മധുക്ഷീരഘൃതാദിഭിഃ. ഏകൈകകം വർദ്ധയേത്താമദ്യാവത്സംവത്സരാ ദ്ദ്വയോഃ, തദൂർദ്ധ്വം ദോഷവൃദ്ധിഃ സ്യാദ്യാവൽ ഷോഡശകാബ്ദികാഃ. ഷോഡശാബ്ദാത്തതസ്തൂർദ്ധ്വം യാവദാസപ്തതിർന്നരഃ । ഏവമേവ വിഭാഗോയം തദൂർദ്ധ്വം ബാലവൽ ക്രിയം". ഈ ഗ്രന്ഥകാരൻതന്നെ ശാരീരസ്ഥാനത്തിൽ മാത്രാപ്രമാണം വേറെ പറവാൻപോകുന്നതുമുണ്ടു്.

ഭ്രയിഷ്ഠം വർദ്ധത വായുർവ്യദ്ധേ തദ്വിദ്ധ്യ മാലക്ഷയേൽ.
അഗ്നിക്ഷാരവിരേകൈസ്തു ബാലവൃദ്ധയോ വിപര്യയേൽ
തത്സാധ്യേഷു വികാരേഷു മൃദ്വീം കുർവ്വീൽ ക്രിയാം ശനൈഃ. 23
(ഗ). ദേഹഃ സ്ഥൂലഃ കൃശോ മധ്യ ഇതി പ്രാഹുപലിഷ്ടഃ. 29
(ഘ). കർശ്യേദ്ബൃംഹയേച്ചാപി സദാ സ്ഥൂലകൃശൌ നരൌ
രക്ഷണാത്തെവ മധ്യസ്യ കുർവ്വീത സതതം ഭിഷക്. 30
(ഗ). ബലമഭിഹിതഗ്രഹണം തൌബ്ബല്യഞ്ച സ്വഭാവതോഷ്ടജരാദി
ഭിരവേക്ഷിതവ്യമ്. യസ്മാദ്ബലവതഃ സർവ്വക്രിയാപ്രവൃത്തിസ്തസ്മാദ്ബ
മേവ പ്രധാനമധികരണാനാമ്. 31

താണ്. ബാലന്മാർക്കും വൃദ്ധന്മാർക്കും ചൂടുവെക്കയും ക്ഷാരംവെച്ചു പൊ
ള്ളിക്കയും വയറിളക്കുകയും ചെയ്യുന്നതു നന്നല്ല. എന്നാൽ തൽകാ
ലം അവർക്കുണ്ടായ രോഗം ഈ ക്രിയകളെക്കൊണ്ടു മാറുള്ളു എന്നു വ
രുന്നടിക്കിൽ സാവധാനത്തിലും മൃദുവായും അതുകൾ ചെയ്യുന്നതിനു
വിരോധമില്ല". 27—28.

ദേഹം സ്ഥൂലമെന്നും കൃശമെന്നും മധ്യമെന്നും മൂന്നുപ്രകാരത്തി
ലുണ്ടെന്നു മുമ്പെ (ദോഷാദിവിജ്ഞാനീയത്തിൽ) പറഞ്ഞിട്ടുണ്ടല്ലൊ.
"മെലിഞ്ഞവരെ തടിപ്പിക്കയും തടിച്ചവരെ മെലിയിക്കയും ഏടുപ്പുള്ള
ചെയ്യുണ്ടതാണ്. മധ്യമന്മാർക്കു മെലിവും തടിയും വരാതിരിക്കുന്നതി
നു വേണ്ടതൊക്കെച്ചെയ്യുകയും വേണം". 29—30

ദേഹത്തിന്റെ ബലസ്വഭാവത്തെപ്പറ്റി മുമ്പു പ്രസ്താവിച്ചിട്ടു
ണ്ട്. വ്യായാമശക്തി മുതലായ *സ്വഭാവങ്ങളെ നോക്കിയും വാതാദി
ദോഷങ്ങളുടെ ലക്ഷണങ്ങളും നോക്കിയും ജ്വരത്തിന്റെ ബാധ ദേഹത്തിൽ
കാണുന്നുണ്ടോ എന്നു നോക്കിയും മാത്രം ഒരുത്തന്റെ ബലത്തെയും
ബലമില്ലായ്മയെയും മനസ്സിലാക്കണം. എന്തുകൊണ്ടെന്നാൽ ബല
ള്ള രോഗികളിൽ ഏതു ക്രിയകളും ചെയ്വാൻ വിരോധമില്ല. അതുകൊ
ണ്ടു ചികിത്സയിൽ, സത്ത്വാശ്രയങ്ങളിലും വെച്ചു പ്രധാനമായിട്ടുള്ള ആ
ധാരം ബലം മാത്രമാകുന്നു. 31

---

* സ്വഭാവശബ്ദത്തിന്നു മാതാപിതാക്കന്മാരുടെ രക്തശുക്ലങ്ങളിലുള്ള ദോഷം
എന്നർത്ഥം ചിലർ പറഞ്ഞുകാണുന്നു. "ജനനത്തിൽതന്നെ ബലമില്ലാത്തതോ വാതാദി
ളാൽ ബലക്ഷയം വന്നതോ വാർദ്ധക്യംനിമിത്തം ബലം കുറഞ്ഞതോ എന്നു നിശ്ചയി
യണം" എന്നാണു "ബലമളി.....ക്ഷിതവ്യം" എന്നവയവത്തിന്റെ വ്യാഖ്യാനത്തിനാധാരം
ന്നു അവർ വിചാരിക്കയും ചെയ്യുന്നു.

(പ). കേചിൽ കൃത്സ്നം പ്രാണവന്തം സ്ഥൂലാശ്ചാല്പബലാ നരാ
തസ്മാൽ സ്ഥിരത്വവ്യായാമമബ്രുവൻ വൈദ്യം പ്രതാരയേൽ. 32

(ഗ). സത്വന്തു വ്യസനാദ്യുദയക്രിയാദിസ്ഥാനേഷ്വവൈകല്യ
കരം. 33

(പ). സത്വവാൻ സഹതേ സർവ്വം സംസ്മൃത്യാത്മാനമാത്മനാ
രാജസം സ്മൃത്യമാനോന്യം സഹതേ നൈവ താമസം. 34

(ഗ). പ്രകൃതിം ഭേഷജഞ്ചാപരിഷ്ടാദ്വക്ഷ്യാമഃ. സാത്മ്യാനി ത

"ചിലർ മെലിഞ്ഞിരുന്നാലും ബലമുള്ളവരായിരിക്കും. തടിച്ചിരുന്നാലും ചിലർക്ക ബലമുണ്ടായിരിക്കയില്ല. അതുകൊണ്ട ദേഹാവയവങ്ങൾക്കുള്ള ഉറപ്പുകൊണ്ടും പ്രവൃത്തിയെടുക്കാനുള്ള ശക്തികൊണ്ടുമാണ് ഒരുത്തനു ബലമുണ്ടോ ഇല്ലയോ എന്നു മനസ്സിലാക്കേണ്ടതു".()

മനസ്സിനു വ്യസനമോ സന്തോഷമോ ഉണ്ടാകുന്ന സമയങ്ങളിലും എടുത്തപ്രവൃത്തി (ശസ്ത്രക്രിയയും മറ്റും) ചെയ്യുമ്പോഴും ഒരു ഇളക്കമില്ലാതിരിക്കുന്ന മനോബലത്തെ "സത്വം" (സത്വഗുണം) എന്നു പറയുന്നു. 33

"സത്വഗുണമുള്ള മനുഷ്യൻ എന്തുതന്നെ വ്യസനങ്ങളും ആപ്പാടങ്ങളും തനിക്കുണ്ടായി വന്നാലും കുലുക്കമില്ലാതെ മനസ്സിനെ അടക്കി സഹിച്ചുകൊണ്ടിരിക്കും. രാജസഗുണമുള്ളവനും ഈ മാതിരി സഹനശക്തിയുണ്ട്. എന്നാൽ അന്യന്മാരുടെ ഉപദേശംകൊണ്ടോ ശാസനകൊണ്ടോ മാത്രമേ രാജസന്മാക്ക മനസ്സടപ്പുവരികയുള്ളൂ. താമസന്മാരാകട്ടെ എങ്ങിനെയായാലും ഒന്നും സഹിക്കുന്നതിനു ശക്തന്മാരായിരിക്കയില്ല". 34

പ്രകൃതിയേയും ഔഷധത്തേയും സംബന്ധിച്ച മേലിൽ പറയപ്പെടുന്നതാണ്. ദേശം, കാലം, ജാത്യാചാരം, ഋതു, *രോഗം, ദേഹാധ്യാനം, വെള്ളം, പകലുറക്കം, രസം (സ്വാദ്) മുതലായവയിൽ ഏതുതരത്തിലുള്ളതു് ഏതൊരുത്തക്ക പരിചയംകൊണ്ടു മനസ്സിനും ദേഹത്തിനും പിടിത്തമായിത്തീർന്നിട്ടുണ്ടോ, അതു തന്നെ പ്രകൃതിക്ക് വിരുദ്ധമായ

---

* ജന്മനാതന്നെയുള്ള കാക്കപ്പുള്ളി (തിലകാലകം) മുതലായ രോഗങ്ങളെ ജാതിവിശേഷമായി വിവക്ഷിച്ചിട്ടുള്ളതു്. പ്രമേഹത്തിനു തുല്യരോഗസാത്മ്യമാകുന്നു എന്നും മറ്റൊരുവിധം വ്യാഖ്യാനമുണ്ട്.

ദേശേ കാലജാതപുരോഗവ്യായാമോഽകേദിവാസപ്രസ്ഥസപ്രഭൃതീനി പ്രകൃതിവിരുദ്ധാന്യപി യാന്യബാധകരാണി ഭവന്തി. 35

(പ). യോ രസഃ കല്പതേ യസ്യ സുഖായൈവ നിഷേവിതഃ
വ്യായാമജാതമന്യദ്വാ തൽ സാത്മ്യമിതി നിർദ്ദിശേൽ. 36

(ഗ). ദേശസ്ത്വാനൂപോ ജാംഗലഃ സാധാരണ ഇതി. തത്ര ബഹുനിമ്നോന്നതനദീവഷ്ടഗഹനോ മൃദുശീതാനിലോ ബഹുമഹാപദ്മതവൃക്ഷോ മൃദുസുകുമാരോപചിതശരീരമനുഷ്യപ്രായഃ കഫവാതരോഗഭൂയിഷ്ഠശ്ചാനൂപഃ. ആകാശസമഃ പ്രവിരളാല്പകണ്ടകിവൃക്ഷപ്രായോല്പവഷ്പ്രസ്രവണോപോനോദകപ്രായ ഉഷ്ണോരുണവാതഃ പ്രവിരളാല്പശൈലഃ സ്ഥിരകൃശശരീരമനുഷ്യപ്രായോ വാതപിത്തരോഗഭൂയിഷ്ഠശ്ച ജാംഗലഃ. ഉഭയതോദേശലക്ഷണഃ സാധാരണ ഇതി. 37

ഹണത്തോടുകൂടിയതായി വരാമെങ്കിലും പരിചയമുള്ളവർക്ക് അതു ദോഷമുണ്ടാക്കുന്നതല്ല. (അതിനു സാത്മ്യമെന്നു പേർ.) 35

"ഏതൊരുത്തനു ഏതൊരു രസം ഉപയോഗിക്കുന്നതുകൊണ്ടു സുഖമുണ്ടാകുന്നുവൊ അവനു് ആ രസം സാത്മ്യമായിട്ടുള്ളതാണെന്നു പറയാം. വ്യായാമം മുതലായവയിലും ഇങ്ങിനെതന്നെ അന്വേഷിക്കേണ്ടതാണു്". 36

ആനൂപം, ജാംഗലം, സാധാരണം എന്നു് ദേശം മൂന്നുവിധത്തിലാണു്. അവയിൽ, അധികം വെള്ളവും അധികമായ കുന്നും കുഴിയും വളരെ പുഴകളും അധികം മഴയും ഉള്ളതും മൃദുവായ തണുത്ത കാറ്റുള്ളതും വലിയ മലകളും മരങ്ങളുമധികമുള്ളതും മൃദുത്വവും ഉറപ്പില്ലായ്മയും തടിയുമുള്ള ശരീരത്തോടുകൂടിയവരധികമുള്ളതുമായ ദേശം ആനൂപമാകുന്നു. ഈ ആനൂപദേശത്തിങ്കൽ കഫരോഗവും വാതരോഗവും അധികമായുണ്ടായിരിക്കും. ആകാശംപോലെ മിക്കതും ശൂന്യസ്വഭാവമായും മുള്ളുള്ള ചെറുവൃക്ഷങ്ങൾ അല്പാല്പമായി അവിടവിടെക്കാണപ്പെടുന്നതായും മഴയും ഓവും കിണറുകളും വെള്ളവും ചുരുക്കമായും ചൂടുള്ള കൊടുങ്കാറ്റടിച്ചുകൊണ്ടിരിക്കുന്നതായും ചെറിയ കുന്നുകൾ അല്പാല്പമായി അവിടവിടെക്കാണപ്പെടുന്നതായും ഉറപ്പുള്ളതും മെലിഞ്ഞതുമായ ദേഹമുള്ളവർ അധികമായി വസിക്കുന്നതായുമിരിക്കുന്ന ദേശം ജാംഗലമാകുന്നു. ജാംഗലദേശത്തിൽ വാതപിത്തസംബന്ധങ്ങളായ രോഗങ്ങളാണധികം. മേൽപറഞ്ഞ രണ്ടു ദേശങ്ങളുടെയും ലക്ഷണങ്ങൾ കലർന്നുകാണുന്ന ദേശം സാധാരണദേശമെന്നു പറയാം. 37

ഭവതി ചാത്ര—(പ).

സമഃ സാധാരണോ യസ്യാച്ഛീതവർഷോഷ്ണമാരുതഃ
ദോഷാണാം സമതാ ജന്തോസ്തസ്മാൽ സാധാരണോ മതഃ. 38
ന തഥാ ബലവാന്വഃ സ്യാജ്ജലജാ വാ സ്ഥലാശ്രയാഃ
സപ്രദേശേ നിചിതാ ദോഷാ അന്യസ്മിൻ കോപമാഗതാഃ. 39
ഉചിതേ വർത്തമാനസ്യ നാസ്തി ദേശകൃതം ഭയമ്
ആഹാരസപ്തമശ്ചാഷ്ടാതൌ തദ്ദേശസ്യ ഗുണേ സതി. 40
ദേശപ്രകൃതിസാത്മ്യർത്തുവിപരീതോചിരോത്ഥിതഃ

"തണുപ്പും മഴയും മൂടൽ കാറും സാധാരണദേശത്തിങ്കൽ സമങ്ങളായിരിക്കും. വാതാദിദോഷങ്ങളും ആ ദേശത്തിൽ സമങ്ങളായിരിക്കും. അതുകൊണ്ടാണ് അതിനു സാധാരണദേശമെന്നു പേർതന്നെയുണ്ടായതു്. വെള്ളത്തിലുണ്ടായ പദാർത്ഥങ്ങളെ കരയിൽ കൊണ്ടുവന്നു വെച്ചാൽ അവയുടെ ബലം ക്ഷയിക്കും. അതുപോലെ ദോഷങ്ങൾ അതാതുകൾക്കുള്ള ജാംഗലാദിദേശത്തിൽ വെച്ചു് വർദ്ധിക്കയും മറ്റൊരു ദേശത്തിൽ ചെല്ലുന്നസമയത്തു കോപിക്കയും ചെയ്യാലും ആ ദോഷങ്ങൾക്കു സപ്രദേശത്തിൽ വെച്ചുണ്ടാകാവുന്നത്ര * ബലമുണ്ടായിരിക്കയില്ല. അതായതു ദേശസ്വഭാവത്തിനു വിരോധമില്ലാത്തവിധം ന്യായമായും പരിമിതമായും പദാർത്ഥങ്ങളെ ഭക്ഷിക്കയും പതിവുപോലെ ഉറങ്ങുകയും പരിചയംപോലുള്ള ആചാരങ്ങളെ അനുഷ്ഠിക്കയും ചെയ്യുന്നവർക്കു ദേശങ്ങളുടെ സ്വഭാവഭേദം നിമിത്തമുണ്ടാകുന്ന ദോഷം ബാധിക്കയില്ല". 38—40

ദേശത്തിനേറയും പ്രകൃതിയുടേയും സാത്മ്യത്തിനേറയും ഋതുവിനേറയും സ്വഭാവഗുണത്തിനു രോഗസ്വഭാവം † വിപരീതമായിരിക്കു

* ദേശം മാറിത്താമസിക്കുന്നതു് ഒരു ചികിത്സതന്നെയാണെന്നു് ഇതിൽനിന്നു ഗ്രഹിക്കണം. നിരന്തരം ശീലിച്ചതുകൊണ്ടു സാത്മ്യമായിത്തീർന്നിട്ടുള്ള ദേശകാലാദികൾക്കു ഫലം കുറയും. ചില സന്ദർഭങ്ങളിൽ ശീലിച്ചതു മാറ്റുന്നതായിരിക്കും ചികിത്സ.

† ജാംഗലദേശത്തിൽ കഫരോഗം വരുന്നതു് ദേശവിപരീതം. പിത്തപ്രകൃതിക്കു കഫരോഗം പ്രകൃതിവിപരീതം. ഏതുരസം ശീലിച്ചവർക്കു കഫരോഗം സാത്മ്യവിപരീതം. ശരൽക്കാലത്തു വാതരോഗം ഋതുവിപരീതം. ഈ ഋതുവിപരീതം മുതലായ രോഗങ്ങൾ അസാധ്യങ്ങളാണെന്നുള്ളതു സാമാന്യവിധിയാകുന്നു. ചില രോഗങ്ങൾ പഴകിയാൽ സാധ്യമായിരിക്കും. ചിലതു് ഋതുസമയാൽ സാധ്യമായിരിക്കും എന്നും. മറ്റും തന്ത്രാന്തരങ്ങളിലുണ്ടു്. (ആചാര ഇത്യുക്ത ദോഷതപാ പ്രമേഹോളച്ഛർദ്യാദി കൃച്ഛ്രാണാം പുരാണതപാ സുഖസാധ്യസ്യ ലക്ഷണം).

സംപത്തൗ ഭിഷഗാദിനാം ബലസത്വായുഷാം തഥാ. 41
കേവലഃ സമദോഹാഗ്നേഃ സുഖസാധ്യതമോ ഗദഃ
അതോന്യഥാ തപസാധ്യഃ സ്യാൽ കൃച്ഛ്രോ വ്യാമിശ്രലക്ഷണഃ.
ക്രിയായാസ്തു ഗ്രണാലാഭേ ക്രിയാമന്യാം പ്രയോജയേൽ
പൂർവ്വസ്യാം ശാന്തവേഗായാം ന ക്രിയാസങ്കരോ ഹിതഃ. 43
ഗ്രണാലാഭേപി സപദി യദി സൈവ ക്രിയാ ഹിതാ
കൽപ്യൈവ തദാ വ്യാധിഃ കൃച്ഛ്രസാധ്യതമോ യദി. 44
യ ഏവമനം വിധിമേകരൂപം
ബിഭർത്തി കാലാദിവശേന ധീമാൻ;

കു, രോഗം പുത്തനായി ഉണ്ടായതായിരിക്കുക, വൈദ്യൻ മുതലായ നാലു പാദങ്ങളും ശരിയായി തികഞ്ഞിരിക്കുക, രോഗിക്കു ബലം, സത്വം, ആയുസ്സ് എന്നിവ വേണ്ടപോലെ ഉണ്ടായിരിക്കുക, രോഗം മാറയായി ഉപദ്രവമൊന്നുമില്ലാത്തതായിരിക്കുക, രോഗിയുടെ ദേഹം അതികൃശവും അതിസ്ഥൂലവുമല്ലാതെ സമമായിരിക്കുക, രോഗിക്കു പാകംപോലെ ദഹനമുണ്ടായിരിക്കുക, എന്നിങ്ങിനെയൊക്കെയായാൽ ആ രോഗം എളുപ്പത്തിൽ മാറുന്നതാണെന്നു പറയപ്പെട്ടുന്നു. ഈ ലക്ഷണങ്ങളിൽ നിന്നു വിപരീതമായിട്ടാണിരിക്കുന്നതെങ്കിൽ ആ രോഗം അസാധ്യാതന്നെ. ഈ ലക്ഷണങ്ങളും തമ്മിൽ കലർന്നുകണ്ടാൽ രോഗം കൃച്ഛ്രസാധ്യമായിരിക്കും. 41—42

ഒരു ക്രിയ (ചികിത്സ) ചെയ്തിട്ടു ഗ്രണം കണ്ടിട്ടില്ലെങ്കിൽ ആ ക്രിയയുടെ വേഗം (ശക്തി) ശമിച്ചു എന്നു കണ്ടാൽ വേറൊരു ക്രിയ ചെയ്യാം. അതുകൂടാതെ ആദ്യത്തതിന്റെ ശക്തി മുഴുവൻ അവസാനിക്കുംമുമ്പെ പിന്നെയും മേലെക്കുമേലെ പ്രയോഗിക്കുന്നതു നന്നല്ല. ആദ്യത്തെ ക്രിയ ആ രോഗത്തിനു നന്നെപ്പറ്റിയതായിരുന്നാൽ അതിനു തൽക്കാലം ഫലമൊന്നും കണ്ടിട്ടില്ലെങ്കിൽ കൂടി കൃച്ഛ്രസാധ്യമായ രോഗത്തിങ്കൽ അതേ ക്രിയതന്നെ ആവൎത്തിച്ചു ചെയ്യണ്ടതാണു്. 43—44

ബുദ്ധിമാനായ ഏതൊരു വൈദ്യൻ മേൽപറഞ്ഞ പ്രകാരത്തിൽ അതിമുഖ്യമായ വിധിയെ അറിഞ്ഞതു് കാലം, ദേശം മുതലായവയ്ക്കനുസരിച്ചു് അതാതിനു പറ്റിയ വിധം ചികിത്സചെയ്യുന്നതിനു സ

സമുപാശാൻ ജഗതോ ഗദൌഘാൻ
ഛിനത്തി യദ്ഭൈഷജ്യപരശ്വധോ നഃ. 45

ഇതി സുശ്രുതസംഹിതായാം സൂത്രസ്ഥാനേ
അനുരോപക്രമണീയോ നാമ
പഞ്ചത്രിംശത്തമോധ്യായഃ.

ഷട്ത്രിംശത്തമോധ്യായഃ

അഥാതോ മിശ്രകമധ്യായം വ്യാഖ്യാസ്യാമഃ. 1

(പ). മാതുളുംഗാഗിമന്ഥൌ ച യവേതാരൂ മഹൌഷധമ്
അഹിംസ്രാ മൈവ രാസ്നാ ച പ്രലേപോ വാതശോഫഹൃൽ. 2

മത്ഥനായിരിക്കുന്നവോ ആ വൈദ്യൻ ലോകം മുഴുവൻ നശിപ്പിക്കുന്ന വയായ രോഗസമൂഹങ്ങളെ ഔഷധങ്ങളാകുന്ന വെൺമഴുക്കളെക്കൊണ്ടു വെട്ടിയകറ്റുകയാണു് ചെയ്യുന്നതു്". 45

ഇങ്ങിനെ സുശ്രുതസംഹിതയിൽ സൂത്രസ്ഥാനത്തിൽ
അനുരോപക്രമണീയമെന്ന
മുപ്പത്തഞ്ചാമധ്യായം കഴിഞ്ഞു.

മുപ്പത്താറാമധ്യായം.

ഇനി *മിശ്രകം എന്ന അദ്ധ്യായത്തെ പറവാൻ പോകുന്നു:—1

മാതളനാരകം, കറിമുഞ്ഞ, ഞവേതാരം, ചുക്കു്, $ അഹിംസ്രാ (തിപ്പലി?) അരത്ത എന്നിവയെക്കൊണ്ടുണ്ടാക്കിയ പ്രലേപം വാതം നിമിത്തമുണ്ടാകുന്ന വീക്കത്തെക്കളയും. 2

---

* വ്രണശോഫങ്ങളെ, പഴുപ്പിച്ചു ശുദ്ധിചെയ്യുന്നു മുതലായി അനേകം ക്രിയകളെ പ്രതിപാദിക്കുന്നുണ്ടു്. ആ ക്രിയകൾക്കുള്ള ഔഷധങ്ങളേയും മറ്റും ഈ അദ്ധ്യായത്തിൽ പറയുന്നു. അവയെ കൂട്ടിക്കലർത്തി പറയുന്നതുകൊണ്ടാണും "മിശ്രകം" എന്ന പേരുണ്ടായതു്.

$ അഹിംസ്രയ്ക്കു "കാലാ" എന്നൊരു പര്യായം കാണുന്നു. മാതളനാരകത്തിന്റേയും കറിമുഞ്ഞയുടേയും അഹിംസ്രയുടേയും വേർമേൽ തോലാണു് എടുക്കേണ്ടതെന്നു ഭാഷ്യത്തിലുണ്ടു്.

ദ്വിപ്പാ ച നളമൂലഞ്ച മധുകം ചന്ദനം തഥാ
ശീതളാശ്ച ഗണാഃ സർവ്വേ പ്രലപഃ പിത്തശോഫഹൃൽ: 3
ആഗന്തുജേ രക്തജേ ച വിഷേ വിഷവിധിഃ സ്മൃതഃ
വിധിർവ്വിഷഘ്നോ വിഷജേ പിത്തഘ്നോപി ഹിതസ്സ്മൃതഃ. 4
അജഗന്ധാശ്ച ഗന്ധാ ച കാലാ സരളയാ സഹ
ഏിണകേഷ്യികാജശൃംഗീ ച പ്രലപഃ ശ്ലേഷ്മശോഫഹൃൽ. 5
ഏതേ വർഗ്ഗാസ്സുധയാ ലോധ്രം പാഠ്യാ പിണ്ഡീതകാനി ച
അനന്താ ച വചാ ലേപോയം സാന്നിപാതികശോഫഹൃൽ 6
സ്നിഗ്ധാമ്ലലവണോ വാതേ കോഷ്ണഃ ശീതഃ പയോയുതഃ

കറുക, താമരവളയം (ഞാണൽവേരെന്നും പക്ഷം), ഏരട്ടിമധുരം, ചന്ദനം എന്നിവയും ശീതസ്വഭാവങ്ങളായ മറ്റ് ഔഷധഗണങ്ങളേയും (കാകോല്യാദി, ന്യഗ്രോധാദി, ഉല്പലാദി) ചേർത്തുണ്ടാക്കിയ പ്രലേപം പിത്തത്തെകൊണ്ടുണ്ടായ വീഷത്തെ നശിപ്പിക്കും. ആഗന്തുകമായുള്ള വിഷത്തിലും രക്തത്തെകൊണ്ടുണ്ടാകുന്ന വിഷത്തിലും മേൽപ്പറഞ്ഞ ചികിത്സതന്നെ മതിയാകുന്നതാണ്. വിഷംകൊണ്ടുണ്ടാകുന്ന വിഷത്തിനുള്ള വിഷഘ്നൗഷധങ്ങളായ പ്രയോഗങ്ങളും (കല്പസ്ഥാനത്തിൽ പറയും) ചെയ്യണം. പിത്തഹരങ്ങളായ ചികിത്സകളും അതിനു നല്ലതാണ്. 3—4

ആടലോടകവള, തുമ്പിരുവേരും, തിപ്പലി (കാലാ), ചുകന്ന തിരുകോൽപ്പച്ചക്കൊന്ന, വെളുത്ത തിരുകോൽപ്പച്ചക്കൊന്ന, ആട്ടകൊട്ടപ്പാല (കക്കടശ്ശിയെന്നും പക്ഷം), ഏിന്നിവകൊണ്ടുള്ള പ്രലേപം കഫംകൊണ്ടുണ്ടായ വീഷത്തെ കളയും. 5

മേൽപ്പറഞ്ഞ മൂന്നുകൂട്ടം ഔഷധവർഗ്ഗങ്ങളും (വാതപിത്തകഫഹരങ്ങളാം) പാടപ്പൂവാകത്തോലിയും കടുക്കയും വെളുത്തും കറുത്തും മഞ്ഞയുമായ പൂവുള്ള മലരകറ്റിയുടെ കായകളും, നന്നാറിയും (കൊടിത്തൂവയെന്നു ചിലർ) കൂട്ടിയുണ്ടാക്കിയ ലേപനംകൊണ്ട് സന്നിപാതശോഫം നശിക്കുന്നതാണ്. 6

വാതശോഫത്തിങ്കൽ മെഴുക്കും പുളിയും ഉപ്പുമുള്ള ലേപനത്തെ അല്പമായ തോതോടെ ഉപയോഗിക്കണം. പാലുകൂട്ടി ഉണ്ടാക്കിയതും തണുത്തതുമായ ലേപനം പിത്തശോഫത്തിങ്കലും, ക്ഷാരങ്ങളും മൂത്രങ്ങളും

പിത്തേ പോഷ്ണേ കഫേ ക്ഷാരമൂത്രാഢ്യസുരപ്രശാന്തയേ. 7
ശണമൂലകശിഗ്രൂണാം ഫലാനി തിലസർഷപാഃ
സക്തവഃ കിണപമതസീ ദ്രവ്യാണ്യുഷ്ണാനി പാചനമ്. 8
ചിരുവിലേപാഗ്നിർകോ ഽന്തീ ചിത്രകോ ഹയമാരകഃ
കപോതഹൃഷ്യകങ്കാനാം പുരീഷാണിച ദാരണമ്.
ക്ഷാരദ്രവ്യാണി വാ യാനി ക്ഷാരോ വാ ദാരണം പരമ്. 9
ദ്രവ്യാണാം പിച്ഛിലാനാന്തു തദ്വൽമൂലാനി പ്രപീഡനമ്

അധികം കൂട്ടി ഉണ്ടാക്കിയതും മൂടുള്ളതുമായ ലേപനം കഫരോഗത്തിലും ഹിതമാകുന്നു*. 7

ചണ (കിലുകിലുപ്പായെന്നും പക്ഷം), മുള്ളങ്കി, മുരിങ്ങ ഇവയുടെ കായകളും, എള്ള്, കടുക്, യവംപൊരിച്ച പൊരി, കള്ളിന്റെ ഊറൽ, കാരാവ് എന്നിവയും ഉഷ്ണങ്ങളായ മറ്റു മരുന്നുകളും (കൊട്ടം അകിൽ മുതലായത്) ലേപനംകൊണ്ടു വീക്കത്തെ പഴുപ്പിക്കുന്നവയാകുന്നു. 8

ആവൽ, ചേര്, നാകരാന്തി, കൊടുവേലി, കണവീരം, എന്നിവയും മാടപ്രാവ്, കഴു, പരുന്ത് എന്നിപക്ഷികളുടെ കാട്ടങ്ങളും ലേപനംകൊണ്ടു വീക്കത്തെ പിളർക്കുന്നതിനു (പൊട്ടിക്കാൻ) ഉപയോഗമുള്ളവയാകുന്നു. എന്നുമാത്രമല്ല, ക്ഷാരദ്രവ്യങ്ങളായ എല്ലാ മരുന്നുകളും (പ്ലാശ്, മുളംപ്ലാശ് മുതലായവ) അതല്ലെങ്കിൽ എല്ലാവിധം ക്ഷാരങ്ങളും (പ്രതിസാരണീയം) വീക്കത്തെപ്പിളർക്കുന്ന †ലേപനവസ്തുക്കളാകുന്നു. 9

വഴുവഴുപ്പുള്ളതുകളായ (പുളി, നറുവരി മുതലായത്‌) മരുന്നുകളുടെ തോലുകളും വേരുകളും അരച്ചിടുകയും യവം, ഗോതമ്പ്, ഉഴുന്ന് എന്നിവ പൊടിച്ചിടുകയും ചെയ്യുന്നതായാൽ അത് ഒരു ‡പീഡനമെലപ

---

* ഇതുവരെ പറഞ്ഞ ലേപനങ്ങളെല്ലാം വീക്കത്തെ വറ്റിക്കുന്നവയാണെന്നറിയണം. ഇനിമേൽ പറവാൻപോകുന്നത് പഴുപ്പിക്കാനുള്ളതുകളെയാണ്.

† പൊട്ടിക്കാനുള്ള മരുന്ന് രണ്ടുവിധമാണ്. ഒന്ന് എളുപ്പത്തിൽ പൊട്ടിക്കുന്നതും രണ്ടാമത്തേത് പ്രയാസപ്പെട്ടു പിളർക്കുന്നതുമാകുന്നു. അതിൽ ഈ പറഞ്ഞത് രണ്ടാംതരമാണ്. മുമ്പിൽ പറഞ്ഞത് ഒന്നാംതരമാകുന്നു.

‡ ഈ പ്രയോഗത്തിന്റെ മുമ്പതിലത്തു്. പൊടിക്കുന്നവരെ ചെച്ചിരിക്കുകയും വേണം.

യവഃഗോധൂമമാഷാണാം ചൂർണ്ണാനി ച സമാസതഃ. 10
ശംഖിന്യങ്കോവസുമനഃ കരവീരസുവച്ചലാഃ
ശോധനാനി കഷായാണി വർഗ്ഗശ്ചാരഗധാദികഃ. 11
അജഗന്ധാകടുത്രംഗി ച ഗവാനി ലാംഗലാഹ്വയാ
വൃതികശ്ചിത്രകഃ പാഠാ വിഡംഗൈലാഹരേണവഃ. 12
കടുത്രികം യവക്ഷാരോ ലവണാനി മനഃശിലാ
കാസീസം ത്രിവൃതാ ദന്തീ ഹരിതാലം സുരാഹ്വയാ. 13
സംശോധനീനാം വർഗ്ഗിനാം ദ്രവ്യാണ്യേതാനി നിർദ്ദിശേൽ
ഏതൈരേവൗഷധൈഃ കുർയ്യാൽ കല്പാനപി ച ശോധനാൻ.()
കാസീസകടുരോഹിണ്യോർജ്ജാതീകന്ദഹരിദ്രയോഃ

വ്രണത്തിനുള്ളിൽനിന്നു ചലവും മാംസം പുറത്തുകളയുന്നതിനുള്ള ലേപനം)മായിത്തീരുന്നതാണ്. 10

കീരിവള്ളി, അടുക്കോലം, പിച്ചകം, കണവീരം, *തൊഴുകണ്ണി എന്നിവകൊണ്ടുള്ള കഷായങ്ങളും ആരഗധാദിഗണംകൊണ്ടുള്ള കഷായങ്ങളും വ്രണത്തിങ്കൽ ശോധനം വരുത്തുന്നതിനുപയോഗമുള്ളവയാകുന്നു. 11

ആടുനാറിവേള, ആട്ടുകൊട്ടപ്പാല, ചെറിയ കാട്ടുവെള്ളരി, ത്രേട്ടാന്നി, ആവൽ, കൊടുവേലി, പാടകിഴങ്ങ്, വിഴാലരി, വിലത്തരി, ഹരേണുകം, ചുക്ക്, മുളക്, തിപ്പലി, ചവക്കാരം, ലവണവർഗ്ഗങ്ങളെല്ലാം, മനയോല, കാരീയം, തിരുകോൽപ്പുക്കൊന്ന, നാകരാന്തി, അരിതാരം, ഉപ്പരിമണ്ണ് എന്നി മരുന്നുകളരച്ചുതേച്ചുണ്ടാക്കിയ വർത്തികൾ (തിരി, പ്ലാസ്തിരി മുതലായവ) ഉപയോഗിക്കുന്നതുകൊണ്ടു വ്രണത്തിനു ശുദ്ധിയുണ്ടാകുന്നതാണ്. മേൽപറഞ്ഞ മരുന്നുകളെത്തന്നെ അരച്ചുതേക്കുന്നതുകൊണ്ടും വ്രണശുദ്ധി വരും. 12-14

മുമ്പെ പറഞ്ഞിട്ടുള്ള ആടുനാറിവേളമുതലായ ഔഷധങ്ങളും കാരീയം, കടുരോഹിണി, പിച്ചകത്തിൻവേർ, മഞ്ഞൾ എന്നിവയും ക്ല

---

* ഇതിനു് ചെമ്മുത്തിരിഞ്ഞിലെന്നകൂടി ഭാഷ കാണുന്നു. തിരിച്ചിൽ ചീരാട്ടി എന്നു പറയുന്ന മരുന്നു് ഇതാണോ എന്നു സംശയമുണ്ടു്.

പൂർവ്വോദ്ദിഷ്ടേഷു ചാംഗേഷു കുഷ്ഠാതെങ്കല്പ്യതാനി വൈ. 15
അക്ഷോത്തമാം സുധാക്ഷീരം പിഷ്ടപാ ക്ഷാരോത്തമാന്യപി
ജാതിമൂലം ഹരിദ്രേ ദ്വേ കാസീസം കടുരോഹിണീമ്
പൂർവ്വോദ്ദിഷ്ടാനി ചാന്യാനി കുഷ്ഠാൽ സംശോധനം ഘൃതമ്. 16
മയൂരകോ രാജവൃക്ഷോ നിംബഃ കോശാതകീ തിലാഃ
ബ്രാഹതീ കണ്ടകാരീ ച ഹരിതാലം മനഃശിലാ
ശോധനാനി ച യോജ്യാനി തൈലേ ദ്രവ്യാണി ശോധനേ. 17
കാസീസേ ഔസ്രവേ കിണ്വേ വചായാം രജനീദ്വയേ
ശോധനാംഗേഷു ചാന്യേഷു ചൂർണ്ണം കുർവ്വീത ശോധനമ്. 18
സാലസാരാദിസാരേഷു പടോലത്രിഫലാസു ച

ട്ടി (ഇവയെത്തന്നെ കഷായവും കല്ക്കവുമാക്കി)ക്കൊച്ചിയ തൈലങ്ങളും നെയ്യുകളും വ്രണശോധനങ്ങളാകുന്നു. 15

*എരുക്കിൻപാൽ, ചുരക്കള്ളിപ്പാൽ, ഏരുമക്കള്ളിപ്പാൽ ഇവയിൽ പിച്ചകവേർ, മഞ്ഞൾ, മരമഞ്ഞൾ, കാരിയം, കടുരോഹിണി എന്നീ മരുന്നുകളും ക്ഷാരസ്വഭാവങ്ങളായ വേറെയും ചില ഔഷധങ്ങളും (മുളംപ്ലാശു മുതലായവ, ക്ഷാരങ്ങൾതന്നെ വേണമെന്നും പക്ഷം) മുമ്പറഞ്ഞ (ശോധനവർഗ്ഗത്തിൽപറഞ്ഞ) മരുന്നുകളും അരച്ചുകൂട്ടിക്കൊച്ചിയ്ട്ടു നെയ്യ് വ്രണത്തിങ്കൽ ശോധനമാകുന്നു. 16

ചെറുകടലാടി, കണിക്കൊന്ന, വേറ്റു്, പുത്തൽപീരം, ഏഴിലം, ചെറുവഴുതിന, കണ്ടംകത്തിരി, അരിതാരം, മനയോല എന്നിവയും മുമ്പറഞ്ഞ ശോധന (വർഗ്ഗത്തി)ദ്രവ്യങ്ങളും കൂട്ടിയരച്ചു ചേർത്തു മുമ്പറഞ്ഞപോലെ വ്രണശോധനത്തിന്നായി തൈലമുണ്ടാക്കാവുന്നതാണു്. 17

കാരിയം, ഇരുവേലി, കള്ളിപ്പാൽ, വയമ്പു്, മഞ്ഞൾ, മരമഞ്ഞൾ എന്നിവയും ശോധനദ്രവ്യങ്ങളായ മറ്റു മരുന്നുകളും വ്രണത്തിൽ ശോധനത്തിന്നായിക്കൊണ്ടു് പൊടിച്ചു വിതറാനുപയോഗിക്കാം. 18

സാലസാരാദിഗണത്തിലും ത്രിഫലാദിഗണത്തിലും പടോലാദിഗണത്തിലും പറഞ്ഞിട്ടുള്ള മരുന്നുകളെക്കൊണ്ടും ശോധനങ്ങളായ

---

* "അക്ഷോത്തമാ" എന്ന മൂലപദത്തിലെ ഉത്തമാശബ്ദത്തിനു് ത്രിഫലയെന്നല്ലെന്നർത്ഥവ്യാഖ്യാനം കാണുന്നു. തജ്ജമയിൽ ഭാഷ്യപക്ഷമാണു്.

† ഈ നെയ്യിനു വാലിരട്ടി വെള്ളം കൂട്ടണം. കഷായം വേർക്കേണ്ട.

രസക്രിയാ വിധാതവ്യാ ശോധനീ ശോധനേഷു ച. 19
ശ്രീവേഷ്ടകേ സർജ്ജരസേ സരളേ ദേവദാരുണി
സാരേഷ്വപി ച കുർവ്വീത മതിമാൻ വ്രണധൂപനം. 20
കഷായാണാമനുഷ്ണാനാം വൃക്ഷാണാം ത്വക്ഷു സാധിതഃ
ശൃതശീതഃ കഷായോ വാ രോപണാത്വേഷു ശസ്യതേ. 21
സോമാമൃതാശ്വഗന്ധാസു കാകോല്യാദൌ ഗണേ തഥാ
ക്ഷീരീപ്രരോഹേഷ്വപി ച വർത്തയോ രോപണാഃ സ്മൃതാഃ. 22
സമംഗാ സോമസരളഃ സോമവല്ക്യസ്സചന്ദനഃ
കാകോല്യാദിശ്ച കല്കഃ സ്യാൽ പ്രശസ്യോ വ്രണരോപണേ. 23
പൃഥക്പർണ്ണ്യാത്മഗുപ്താ ച ഹരിദ്രേ മാലതീ സിതാ

മാവ മരുന്നുകളെക്കൊണ്ടും ഉണ്ടാക്കിയതായ രസക്രിയ (എട്ടിരട്ടിയോ പതിനാറിരട്ടിയോ വെള്ളം വെച്ച് എട്ടിലൊന്നോ പതിനാറിലൊന്നോ ആക്കി അരിച്ച പിന്നേയും കറക്കിക്കട്ടിയാക്കി ഉണ്ടാക്കുന്നതായ മരുന്ന്) വ്രണശോധനത്തിനു നല്ലതാകുന്നു. 19

തിരുവട്ടപ്പശ, ചെഞ്ചല്യം, ചരളം, ദേവതാരം എന്നിവകൊണ്ടും സാലസാരാദിഗണൌഷധങ്ങൾകൊണ്ടും ബുദ്ധിമാനായ വൈദ്യൻ വ്രണത്തിങ്കൽ (ശോധനത്തിന്നായി) പ്രയോഗിക്കണം. 20

ചവർപ്പുരസമുള്ളവയും ഉഷ്ണവീര്യമില്ലാത്തവയുമായ വൃക്ഷങ്ങളുടെ (നാൽപാമരം മുതലായവ) തോലുകളെക്കൊണ്ടുണ്ടാക്കിയ *കഷായം ആറിയതിനുശേഷം വ്രണത്തിങ്കൽ ധാര ചെയ്യുന്നതുകൊണ്ടു വ്രണം ഒണങ്ങുന്നതാണ്. 21

സോമവല്ലി (ബ്രഹ്മിയെന്നും പക്ഷം), ചിറാമുട്ട്, അമുക്കുരം, നാൽപാമരമൊട്ട്, കാകോല്യാദിഗണം എന്നിവകൊണ്ടുണ്ടാക്കിയ വർത്തി (Lint)കം വ്രണം ഒണക്കുന്നവയാണ്. 22

മുക്കുറ്റി (പന്നിക്കിഴങ്ങെന്നും പക്ഷം), സോമവള്ളി, ചരളം, വെങ്കരിങ്ങാലി (ചെറുകുമിഴെന്നു മല്ലെനൻ), ചന്ദനം, കാകോല്യാദിഗണം എന്നിവയരച്ചതേക്കുന്നതു വ്രണം ഒണങ്ങാൻ നല്ലതാണ്. 23

കാരില, നാഴുരുണ, മഞ്ഞൾ, മരമഞ്ഞൾ, പിച്ചകം, പഞ്ച

---

* ഈവക മരുന്നുകളരച്ചതേക്കുന്നതും മറ്റും ചെയ്യുന്നതും നന്ന്.

കാകോല്യാദിശ്ച യോജ്യാ സ്യാൽ പ്രശസ്തോ രോപണേ ഽന്യതേ ()
കാളാനുസാര്യാശതരുണീ ഹരിദ്രേ വേടാരു ച
പ്രിയംഗവശ്ച ലോധ്രശ്ച തൈലേ യോജ്യാനി രോപണേ. 25
കുംഭ്രകാ ത്രിഫലാ ലോധ്രം കാസീസം ശ്രവണാഹ്വയാ
ധവാശ്വകർണ്ണയോസ്ത്വക് ച രോപണം വ്രണ്ണമിഷ്യതേ. 26
പ്രിയംഗ്രകാ സർജ്ജരസഃ പുഷ്പം കാസീസമേവ ച
തപക്ഷുണ്ണം ധവജാശ്ചൈവ രോപണാർത്ഥം പ്രശസ്യതേ. 27
തപക്ഷു ന്യഗ്രോധവർഗ്ഗസ്യ ത്രിഫലായാസ്തഥൈവ ച
രസക്രിയാം രോവണാർത്ഥേ വിദധീത യഥാക്രമം. 28
അപാമാർഗ്ഗോശീരഗന്ധാ ച താലപത്രീ സുവച്ചലാ
ഉത്സാദനേ പ്രശസ്യന്തേ കാകോല്യാദിശ്ച യോ ഗണഃ. 29
കാസീസം സൈന്ധവം കിണ്വം കുരുവിന്ദോ മനശ്ശിലാ

സാര (വെള്ളത്തകരകയെന്നും പക്ഷം), കാകോല്യാദിഗണം ഇവ വ്രണം ഒണങ്ങാനുള്ള തൈലം കാച്ചുന്നതിൽ ചേർക്കാവുന്നതാകുന്നു. 24

തകരം (ചേലേയരമെന്നുംപക്ഷം), അകിൽ, മഞ്ഞൾ, മരമഞ്ഞൾ, വേരോടം, ഞാഴൽപൂവു്, പാൽപ്പച്ചറിഞെത്താലി ഈ മരുന്നുകൾ വ്രണം ഒണക്കാനുള്ള തൈലം കാച്ചുന്നതിൽ കൂട്ടാവുന്നതാണു്. 25

തിനയരി, കടുക്ക, നെല്ലിക്ക, താന്നിക്ക, പാൽപ്പച്ചറി, കാരീയം, ശ്രാവണി, ഞമഞെത്താലി, കുതിരച്ചെവി, മരുതിൻതൊലി ഈ മരുന്നുകളുടെ പൊടി വ്രണം ഒണങ്ങാനുപയോഗിക്കാം. 26

ഞാഴൽപൂവു്, ചെഞ്ചല്യം, പുഷ്പകാസീസം ഇവയും ഞമയുടെ തൊലിയും പൊടിച്ചു വിതറുന്നതു് വ്രണമൊണങ്ങാൻ നന്നു്. 27

ന്യഗ്രോധാദിഗണത്തിന്റെ തൊലികളും കടുക്ക, നെല്ലിക്ക, താന്നിക്ക ഇവയുടെ തൊലികളും കൂട്ടി ക്രമംപോലെ രസക്രിയയുണ്ടാക്കി ഉപയോഗിക്കുന്നതു വ്രണം ഒണങ്ങാൻ നന്നു്. 28

വലിയകടലാടിവേരു്, അമുക്കുരം, നിലപ്പനക്കിഴങ്ങു്, തൊഴുകണ്ണിവേരു് എന്നിവയും കാകോല്യാദിഗണവും *ഉത്സാദനം ചെയ്യുന്നതിന്നു (പൊടി വിതറുന്നതിന്നു) നല്ലതാകുന്നു. 29

കാരിയ്യം, ഇന്തുപ്പു്, കള്ളിയ്യൽ, കായില്യം, (പച്ചരാഗമെന്നു ഭല്ല

---

* ഉത്സാദനംചൂർണ്ണം സവർണ്ണം ചെയ്യുവാനുള്ള പ്രയോഗമാകുന്നു.

കുക്കുടാണ്ഡകപാലാനി സുമനോമുകുളാനി ച.
ഫലല ശൈരിഷകാരഞ്ജ ധാതുമൂണ്ണാനി യാനി ച
വ്രണാഃ മൃത്സന്നമാംസേഷു പ്രശസ്യാന്യവസാദനേ. 30
സമസ്യം വർഗ്ഗമർദ്ധം വാ യഥാലാഭമഥാപി വാ
പ്രയുഞ്ജീത ഭിഷക് പ്രാജ്ഞോ യഥോദ്ദിഷ്ടേഷു കർമ്മസു. 31

ഇതി സുശ്രുതസംഹിതായാം സൂത്രസ്ഥാനേ മിശ്രകോ നാമ
ഷട്ത്രിംശത്തമോധ്യായഃ.

നൻ), മനയോല, കോഴിമുട്ടയുടെ ഓട്ട്, പിച്ചകമൊട്ട്, നെന്മനിവാക
ക്കുരു, ഉങ്ങിൻകുരു, ധാതുദ്രവ്യങ്ങളുടെ (അരിതാരം, തുത്ഥം, കാസീ
സം മുതലായവ) പൊടികളും എന്നിവകളും, ഉള്ളിൽ മാംസം മുളച്ചുവരു
ന്ന വ്രണങ്ങളിൽ അവസാദനം (മാംസാംകുരങ്ങളെ ക്ഷയിപ്പിക്കുന്ന
ക്രിയ) ചെയ്യാൻ ഉപയോഗിക്കാം. 30

മേൽ കാണിച്ച ലേപനാദിക്രിയകൾക്കുള്ള ഔഷധവർഗ്ഗങ്ങളെ മു
ഴുവനും ചേർത്തിയൊ പകുതി മരുന്നുകൾ ചേർത്തിയൊ കിട്ടുന്നതിന്റെ
അവസ്ഥപോലെ മിശ്രമാനം ചേർത്തിയൊ ബുദ്ധിമാനായ വൈദ്യൻ
*പ്രയോഗിച്ചുകൊള്ളണം. 31

ഇങ്ങിനെ സുശ്രുതസംഹിതയിൽ സൂത്രസ്ഥാനത്തിൽ
മിശ്രകങ്ങളെന്ന മുപ്പത്താറാമദ്ധ്യായം കഴിഞ്ഞു.

---

* ഈ നിശ്ചയം ഈ അദ്ധ്യായത്തിൽ പറഞ്ഞ ഔഷധയോഗങ്ങളെ മാത്രം സംബന്ധിക്കുന്നതല്ല. ഇനി അടുത്തു പറവാൻപോകുന്ന ദ്രവ്യസംഗ്രഹണീയം, സം ശോധനസംശമനീയം എന്ന രണ്ടധ്യായങ്ങളിൽ പറയുന്ന ഗണങ്ങൾക്കും ഈ സംഗതി ചേർന്നിരിക്കുന്നതാണ്. എന്നാൽ ഏതുരോഗിക്ക് പറഞ്ഞിട്ടുള്ള ഔഷധഗണങ്ങളിലും ഈ നിയമത്തെ എടുക്കാമെന്നു വിചാരിക്കുന്നതു ശരിയല്ല. വ്യാധിക്കു നല്ല ബ ലമുള്ള രിക്കിൽ യോഗത്തിലെ മരുന്നു മുഴുവൻ കൂട്ടണമെന്നും മധ്യബലമായ രോഗത്തിൽ അതിൽ പകുതിയും, ബലം കുറഞ്ഞ രോഗങ്ങളിൽ കിട്ടുമ്പോലേയും ചേർക്കണമെന്നാണ് "സമസ്യം വർഗ്ഗമർദ്ധം വാ" ഇത്യാദിശ്ലോകത്തിന്റെ താൽപര്യമെന്നു ചിലർ വിചാരിക്കുന്നു. ഈ നിയമവും ഗ്രന്ഥകാരന്നു വിവക്ഷയില്ലാത്തതാണെന്നു തോന്നുന്നു. ഔഷധഗണങ്ങ ളെ പഠിയ്ക്കുന്നതു് അവയുടെ വീര്യം അറിയുവാൻ മാത്രമാകുന്നു. ഉപയോഗക്രമങ്ങ ളും മാത്രം ഗ്രന്ഥാഭ്യാസങ്ങളിൽനിന്നും യുക്തികൊണ്ടും അനുഭവംകൊണ്ടും വ്യുത്പാദി

സപ്തത്രിംശോധ്യായഃ.

അഥാതോ ഭൂമിപ്രവിഭാഗീയമധ്യായം വ്യാഖ്യാസ്യാമഃ. 1

ശർക്കരാശ്മവിഷമവല്മീകശ്മശാനാദ്യനുദ്ദേവതായതനസിക-
താഭിരനുപഹതാമനുഷ്യാമഭംഗ്വരാമദ്ദിരോദകാം; സ്നിഗ്ധാം പ്രരോഹവ

മൂന്നാമത്തെ ഏഴാമധ്യായം.

ഇനി ഭൂമിപ്രവിഭാഗവിജ്ഞാനീയമെന്ന (ഇന്നിന്നമാതിരി ഭൂമികളിലുണ്ടായ മരുന്നുകളാണ് എടുക്കേണ്ടതെന്നും മാറ്റം വിവരിക്കുന്ന) അധ്യായം പറയാം:— 1

ഔഷധം മുളച്ചുണ്ടാകുന്ന ഭൂമിയുടെ ലക്ഷണങ്ങളെ പരീക്ഷിച്ചിട്ടു വേണം അവയെ പറിച്ചെടുക്കുവാൻ. അതിൽ ഏതൌഷധത്തിന്നും പൊതുവായി പറയുന്ന ഭൂമിയുടെ ലക്ഷണങ്ങളും ചിലതുണ്ട്. കുഴികളും, ചരൽക്കല്ലുകളും, കല്ലുകളും, പാമ്പിൻപുറകുകളും, എന്നിവയധികമുള്ളതും കുന്നും കുഴിയുമായിരിക്കുന്നതും ശവസംസ്കാരം ചെയ്വാനുപയോഗിക്കുന്നതും പുതുതായി മണ്ണു കോരിത്തൂർത്തിട്ടതും ദേവാലയങ്ങളുള്ളതും മണലധികമുള്ളതും തരിശായി(മരുഭൂമി)കിടക്കുന്നതും മണ്ണിന്നു

പ്പെട്ടഞാനുള്ള അധികാരം വിവരമുള്ള വൈദ്യനുണ്ട്. അതുകൊണ്ട് ചില മരുന്നുകളെ വിട്ടുന്നതുതന്നെ ചിലപ്പോൾ അവശ്യമായി വന്നേക്കാം. ചിലപ്പോൾ കിട്ടാതെയും വരാം. അങ്ങിനെയുള്ള അവസ്ഥാഭേദങ്ങളിൽ തൽസ്ഥാനപ്രയോഗം ചെയ്യാൻ വിരോധമില്ലെന്നാണ് ഈ പരിഷ്കാരത്തിന്റെ താൽപര്യമാലോചിക്കാനുള്ളത്. ഏതൌഷധയോഗങ്ങളിലും ഈ മാതിരി മാറ്റവും മാറ്റിച്ചും വെക്കാറുണ്ട്. എന്നാൽ അതു സ്വാനുഭവം, ഗുരുപദേശം, സ്വയുക്തി എന്നിങ്ങിനെയുള്ള പ്രമാണങ്ങളെ അശ്രയിച്ചാണ്. അതുകൊണ്ടു ദോഷാവഹമെന്നു തീർച്ചപ്പെടുത്തിക്കൂടാ. എന്നാൽ ഗ്രന്ഥകാരന്മാരുടെ ഹൃദയം അങ്ങനെ മാറാൻ അനുവദിക്കുമെന്നു തോന്നുന്നില്ല. അങ്ങിനെയാണെങ്കിൽ ഔഷധഗുണങ്ങളേയും ശോധനാദിഗണങ്ങളേയും വേറെ പഠിക്കയും അതിൽമാത്രം വേണ്ടപോലെ മാറ്റം ചെയ്യുന്നതിന്നു വിരോധമില്ലെന്നു വിധിക്കയും ചെയ്തിരിക്കുന്നതിന്റെ ഉദ്ദേശമെന്തു? ഔഷധഗുണാവീര്യപ്രഭാവാദികളെ ശരിക്കു മനസ്സിലാക്കി മാത്രം പ്രത്യേകയോഗങ്ങളെ നിർമ്മിക്കാൻ തക്ക വിവരം വന്നിട്ടുള്ള വൃദ്ധവൈദ്യന്മാർക്കു ആ അംശത്തിൽ പൂർവതന്ത്രകാരന്മാരെപ്പോലുള്ള അധികാരമുണ്ടെന്നു വിചാരിക്കാവുന്നതുകൊണ്ടു അവരുടെ ഈ പ്രവൃത്തികളെപ്പറ്റി ഇവിടെ വിരോധിക്കുന്നതിന്നാവശ്യമില്ലതാനും.

രീം മൃദ്വീം സ്ഥിരാം സമാം കൃഷ്ണാം ഗൌരീം ലോഹിതാം വാ ഭൂമിമൌഷധഗ്രഹണായ പരീക്ഷേത. തസ്യാം ജാതമപി കൃമിവിഷശസ്ത്രാഗ്നിപവനദഹനതോയസംഘാതമാത്മഗുണൈരുപഘ്നദേകരസം പുഷ്ടം ച പ്രവരാദ്ധ്യമൂലമുദീച്യാഞ്ചൌഷധമാഭദിതേത്യൌഷധഭൂമിപരീക്ഷാവിശേഷഃ സാമാന്യഃ. 2

വിശേഷം പറയുന്നു—തത്രാശ്മവതി സ്ഥിരാ ഉർവ്വീ ശ്യാമാ കൃഷ്ണാ വാ സ്ഥൂലവൃക്ഷസസ്യപ്രായാ സപ്രണേത്യുച്യതേ. സ്നിഗ്ധാ ശീതളാസ്വന്നോദപ്പില്ലാത്തതും കുഴിച്ചാൽ വേഗം വെള്ളം കാണാത്തതുമായിരിക്കുന്ന ഭൂമി നല്ല ലക്ഷണങ്ങളുള്ള ജാതിയത്രെ. ഈ വക ദോഷങ്ങളില്ലാത്തതും സ്നിഗ്ധതയുള്ളതും സസ്യാദികൾ ഉണ്ടാക്കിയാൽ നല്ലവണ്ണം ഉണ്ടാവുന്നതും മൃദുവായിരിക്കുന്നതും ഊർപ്പുള്ളതും സമമായിരിക്കുന്നതും കറുത്തതാ വെളുത്തതാ ചുകന്നതാ ഇരിക്കുന്നതുമായ ഭൂമിയിലുണ്ടാകുന്ന മരുന്നുകൾ ഗുണമുള്ളവയായിരിക്കും. ഇങ്ങിനെയുള്ള ഭൂമിയിൽ മുളച്ചുണ്ടായിരുന്നതായാലും മരുന്നുകൾ കൃമികൾ തുളച്ചുവായോ വ്യക്തമാറിട്ടുള്ളവയോ ആയുധങ്ങൾ വല്ലതും തട്ടി കേടുവന്നവയോ വെയിൽകൊണ്ടു വാടിയവയോ കാറ്റാടിച്ചു കേടുവരുത്തപ്പെട്ടവയോ തീപ്പിടിച്ചു ചീത്തയായവയോ വെള്ളത്തിൽ കിടന്നഴിഞ്ഞവയോ വല്ല ജന്തുക്കളുടേതായോ വൃക്ഷാദികളുടേതായോ ഒരസൽ നിമിത്തം കേട്ട തട്ടിയവയോ വഴി നടക്കുന്നവർ ചവിട്ടിച്ചീത്തപ്പെടുത്തിയവയോ ആയിരിക്കുന്നതു നന്നല്ല. ഈ വക ദോഷമൊന്നുമില്ലാതിരിക്കുന്നവയും ഒരുപോലെ മൂപ്പുതികഞ്ഞു് ഏകരസമായിട്ടുള്ളവയും വേണ്ടേടത്തോളം വളച്ചയെത്തീട്ടുള്ളവയും വേരു വണ്ണംവെച്ചു മണ്ണിനടിയിലേക്കു ചെന്നിട്ടുള്ളവയും ആയ ഔഷധങ്ങളെ പറിച്ചെടുക്കുന്നതിനു ദോഷമില്ല. പറിച്ചെടുക്കുന്ന സമയത്തു *വടക്കോട്ടു നോക്കിനിൽക്കയും വേണം. ഈ പറഞ്ഞതു് ഭൂമിയേയും ഔഷധത്തെയും പരിക്ഷിച്ചെടുക്കാനുള്ള ഒരു സാമാന്യലക്ഷണമാകുന്നു. 2

ഇതിൽ വിശേഷങ്ങളുള്ളതിനെ പറവാൻ പോകുന്നു:—ഭൂമി, കല്ലുകളധികമുള്ളതായും ഊപ്പും ഘനവുമുള്ളതായും ഇളകാവുപ്പുനിറത്തിലോ

* വടക്കോട്ടുപോയ വേരാണു് പറിക്കേണ്ടതെന്നും പക്ഷമുണ്ടു്.

കാ സ്നിഗ്ധസസ്യതൃണകോമളവൃക്ഷപ്രായാ ശ്ലക്ഷ്ണാംശ്ചൂണഭ്രേയിഷ്ഠാ. നാ നാവർണ്ണാ ലഘുശ്മവതീ പ്രവിരളാല്പപാണ്ഡുവൃക്ഷപ്രരോഹാ അഗ്നിഗുണഭ്രേയിഷ്ഠാ. രൂക്ഷാ ഭസ്മുരാസഭവർണ്ണാ തനുരൂക്ഷകോടരാല്പരസവൃക്ഷപ്രായാ അനിലഗുണഭ്രേയിഷ്ഠാ. മൃദ്വീസമാ ശുഭ്രവത്യവ്യക്തരസജലാ സർവ്വതോസാരവൃക്ഷാ മഹാപാർത്തവൃക്ഷപ്രായാ ശ്യാമാ ചാകാശഗുണഭ്രേയിഷ്ഠാ. 3

അത്ര കേചിദാഹുരാചാര്യാഃ. പ്രാവൃഡവശ്യായശരദ്ധേമന്തവസന്ത

നാനാ കർത്തനിത്തിലൊ ഇരിക്കുന്നതായും വർണ്ണമധികമുള്ള വൃക്ഷങ്ങളും സസ്യങ്ങളും ധാരാളമുള്ളതായും ഇരിക്കുന്നു എങ്കിൽ അതു് ഭൂമിയുടെ സ്വഗുണം ഗുണ(പൃഥിവീഭൂതഗുണ)ങ്ങളധികമുള്ള ഒന്നാണെന്നു പറയണം.

സിഗ്ധതയുള്ളതും തണുപ്പുള്ളതും കുഴിച്ചാൽ വേഗത്തിൽ വെള്ളം കാണുന്നതും പശിമയുള്ള സസ്യങ്ങളും പുല്ലുകളും മൃദുക്കളായ വൃക്ഷങ്ങളുമധികമുള്ളതും വെള്ളത്തനിറമുള്ളതുമായ ഭൂമി ജലത്തിന്റെ ഗുണങ്ങളധികമുള്ള ജാതിയാകുന്നു.

പലവിധം വർണ്ണങ്ങളുണ്ടായിരിക്കുക, ഘനംകുറഞ്ഞിരിക്കുക, കല്ലുകളോടുകൂടിയിരിക്കുക, അതിലുള്ള വൃക്ഷങ്ങളും സസ്യങ്ങളും വലിപ്പംകൊണ്ടും സംഖ്യകൊണ്ടും കുറവായും വിളർത്തനിറത്തിലുമായിരിക്കുക, എന്നീലക്ഷണങ്ങളുള്ള ഭൂമി അഗ്നിയുടെ ഗുണങ്ങളധികമുള്ളതാകുന്നു.

വരണ്ടിരിക്കുന്നതും ഭസ്മത്തിനോടായും കഴുതയുടേയും വർണ്ണംപോലിരിക്കുന്ന വർണ്ണത്തോടുകൂടിയതും വർണ്ണംകുറഞ്ഞു വരണ്ടു പോടും പൊത്തുകളുമുണ്ടായി നീരാറിരിക്കുന്ന വൃക്ഷങ്ങളുള്ളതുമായ ഭൂമി വായുവിന്റെഗുണങ്ങളധികമുള്ള ഒന്നാകുന്നു.

മൃദുവായും സമസ്വഭാവമായും കുഴികളുള്ളതായും രസം വ്യക്തമായിഗ്രഹിക്കാൻകഴിയാത്ത ജലത്തോടുകൂടിയിരിക്കുന്നതായും കാതലില്ലാത്ത മരങ്ങളുള്ളതായും വലിയ മലകളും വൃക്ഷങ്ങളുമധികമുള്ളതായും ഇരുണ്ടനിറമുള്ളതായും ഇരിക്കുന്ന ഭൂമി ആകാശത്തിന്റെ ഗുണങ്ങളധികമുള്ളതാകുന്നു. 3

പ്രാവൃഡ്കാലത്തിൽ മരുന്നുകളുടെ വേരും വർഷാകാലത്തിൽ ഇലയും ശരത്കാലത്തിൽ തോലും ഹേമന്തകാലത്തു പാലും വസന്തകാല

ഗ്രീഷ്മേഷു യഥാസംഖ്യം മൂലപത്രതക്ഷീരസാരഫലാന്യാദദീതേതി. തത്തു ന സമ്യക്; കസ്മാൽ? സൌമ്യാഗ്നേയപ്രാജാപത്യഗതഃ. സൌമ്യാന്യൌഷധാനി സൌമ്യേഷ്വൃതുഷ്വാദദീതാഗ്നേയാന്യാഗ്നേയേഷ്വൃതുഷ്വമ വ്യാപന്നഗുണാനി ഭവന്തി. സൌമ്യാന്യൌഷധാനി സൌമ്യേഷ്വൃതുഷു ഗൃഹീതാനി സോമഗുണഭൂയിഷ്ഠായാം ഭൂമൌ ജാതാന്യതിമധുരസ്നിഗ്ധശീതാനി ജായന്തേ. ഏതേന ശേഷം വ്യാഖ്യാതമ്. 4

തത്ര പൃഥിവ്യംബുഗുണഭൂയിഷ്ഠായാം ഭൂമൌ ജാതാനി വിരേചന ദ്രവ്യാണ്യാദദീത, അഗ്ന്യാകാശമാരുതഗുണഭൂയിഷ്ഠായാം വമനാദ്രവ്യാണി. ഉഭയഗുണഭൂയിഷ്ഠായാമുഭയതോഭാഗാനി. ആകാശാഗ്നിഗുണഭൂയിഷ്ഠാ

ത്തിൽ കാതലും ഗ്രീഷ്മകാലത്തു കായകളും എടുക്കേണ്ടതാണെന്നു ചില ആചാര്യന്മാർ അഭിപ്രായപ്പെടുന്നു. ആ പക്ഷം ശരിയാണെന്ന് നമുക്കു തോന്നുന്നില്ല. എന്തുകൊണ്ടെന്നാൽ, ജഗദ്ഭിഷഗ്വരൻ ഒന്നുകിൽ സൌമ്യം അല്ലെങ്കിൽ ആഗ്നേയം എന്നിങ്ങിനെ രണ്ടുവിധത്തിലേ ഇരിക്കുന്നുള്ളൂ. അതുകൊണ്ടു സൌമ്യങ്ങളായ ഔഷധങ്ങളെ സൌമ്യങ്ങളായ ഋതുക്കളിൽ എടുക്കണം. ആഗ്നേയൌഷധങ്ങളെ ആഗ്നേയങ്ങളായ ഋതുക്കളിൽ എടുക്കണം. ഇങ്ങിനെ ചെയ്യുന്നതായാൽ ശ്വവ്യുടെ ഗുണം കേടുകൂടാതെ കിട്ടുമെന്നുള്ളതിനു സംശയമില്ല. സൌമ്യങ്ങളായ മരുന്നുകൾ സൌമ്യഗുണമധികമുള്ള ഭൂമിയിൽ മുളച്ചുണ്ടായവയായിരിക്കുക; സൌമ്യങ്ങളായ ഋതുക്കളിൽ പറിച്ചെടുക്കപ്പെടുക; എന്നാവന്നാൽ ആ ഔഷധങ്ങൾക്കു മാധുര്യവും സ്നിഗ്ധതയും ശൈത്യവും (സൌമ്യധർമ്മങ്ങൾ) അധികമുണ്ടായിരിക്കുമെന്നതാണ്. ഇപ്രകാരംതന്നെ ആഗ്നേയങ്ങളായ മരുന്നുകളും അവക്കു സദൃശങ്ങളായ ഭൂമികളിൽ മുളച്ചുണ്ടാവുകയും ആഗ്നേയകാലത്തു പറിച്ചെടുക്കപ്പെടുകയും ചെയ്യുമ്പോൾ ആ മരുന്നുകൾക്കു് എരുവുരസവും ഉഷ്ണവീര്യവും അധികമായിരിക്കും. 4

അതിൽവെച്ചു് വിരേചനത്തിനായി ഉപയോഗിക്കാനുള്ള ആ മാതിരി മരുന്നുകൾ ഭൂമിയുടെ സ്വന്തം ഗുണങ്ങളും ജലത്തിന്റെ ഗുണങ്ങളും അധികമുള്ള മണ്ണിൽ മുളച്ചുവയായിരുന്നാൽ അവയെ എടുക്കുന്നതു് നല്ലതാണ്. വമനദ്രവ്യങ്ങളെ ഭൂമിയുടെയും ആകാശത്തിന്റെയും വായുവിന്റെയും ഗുണങ്ങളധികമുള്ള ഭൂമിയിൽ [illegible]

യാം സംശമനാന്യവം ബലവത്തരാണി ഭവന്തി; സർവ്വാണ്യേവ ചാഭി
നവാനി; അന്യത്ര മധുഘൃതഗുഡപിപ്പലിവിഡംഗേഭ്യഃ. 5

ഭവതി ചാത്ര —(പ)

വിഡംഗാ പിപ്പലീ ക്ഷൗദ്രം സർപ്പിശ്ചാപ്യനവം ഹിതമ്
ശ്രേഷ്ഠമന്യത്തഭിനവം ഗൃഹ്ണീയാദ്ദോഷവജ്ജിതമ്. 6

(ഗ). സർവ്വാണ്യേവ സക്ഷീരാണി വിശ്ലവന്തി, തേഷാമസംപത്തൗ
ചനതിശ്രാവസംവത്സരാണ്യുദ്ധരേദിതേതി. 7

ഭവന്തി ചാത്ര —(പ)

ഗോപാലാസ്തൂപസാ വ്യാധാ യേ ചാന്യേ വനചാരിണഃ

പയോഗിക്കണം. ഛർദ്ദിപ്പിക്കാനും വയറിളക്കാനും കൂടി ഉപയോഗിക്കേ
ണ്ടുന്ന മരുന്നുകളെ രണ്ടുഭ്രണത്തിലും അധികമായിട്ടുള്ള ഭൂമിയിൽനിന്നാകു
ന്നു പിടുങ്ങേണ്ടതു്. ശമനചികിത്സയ്ക്കു് ആവശ്യമുള്ള മരുന്നുകളെ പാടി
ച്ചെടുക്കേണ്ടതു് ആകാശത്തിന്റെ ഭ്രണങ്ങളധികമുള്ള ഭൂമിയിൽനിന്നാ
കുന്നു. ഇങ്ങിനെ നോക്കിയെടുക്കുന്ന മരുന്നുകൾക്കു വീര്യംകൂടും. പഴ
ക്കംചെല്ലാത്തതും ശരിയായ മൂപ്പുവന്നിട്ടുള്ളതുമായ മരുന്നുകൾ പിന്നീ
യാലും വീര്യമധികമുള്ളതായിത്തന്നെ ഇരിക്കുന്നതാകുന്നു. 5

കഴിയുന്നത്ര പുതിയമരുന്നുകളെ മാത്രമെ ഉപയോഗിപ്പാനെടു
ത്തുകൂടൂ. എന്നാൽ തേൻ, നെയ്യ്, വെല്ലം, തിപ്പലി, വിഴാലരി എന്നി
വകളെ പഴക്കമുള്ളവ നോക്കി എടുത്തുപയോഗിക്കുകയാണു് നല്ലതു്. 6

"വിഴാലരി, തിപ്പലി, തേൻ, നെയ്യ്* ഇവ പഴയതായിരുന്നാ
ലാണു് നല്ലതു്. ഇതൊഴിച്ചു ബാക്കിയുള്ള മരുന്നുകളെല്ലാം പുഴുക്കേടും
മാറുമില്ലാത്തതും പുതിയതുമായി നോക്കിയെടുക്കേണ്ടതാണു്." 7

ഏതുമരുന്നുകളിലും പാൽ–അതായതു നീരു് ഉണ്ടായിരിക്കുന്ന സ
മയത്തുമാത്രമാണു് അവയെ പിടുത്തുപയോഗിക്കേണ്ടതു്. ഒരുസമയം
അങ്ങിനെ നീരുവാറാതെ പുത്തനായി കിട്ടിയില്ലെന്നു വരുന്നപക്ഷം ഒ
രു കൊല്ലത്തിലധികം പഴക്കംചെല്ലാത്തതായിട്ടു് എടുക്കുന്നതിനു ദോ
ഷമില്ല.

"പശുക്കളേയും മാറാം മേക്കുന്നവർ, അപസ്സുചെയ്യുന്നവർ, കാട്ടാ

---

* കൊങ്ങണി ചിറ്റരി മുതലായ ചെടിവർഗ്ഗത്തിൽ ഉൾപ്പെടുന്നതെന്നു തന്നെയാണു് ഇവിടെ ഉദ്ദേശിക്കുന്നതു്.

മൂലാഹാരാശ്ച യേ തേഭ്യോ ഭേഷജവ്യക്തിരിഷ്യതേ. 8
സർവ്വാവയവസാധ്യേഷു പലാശലവണാദിഷു
വ്യവസ്ഥിതോ ന കാലോസ്തി തത്ര സർവ്വോ വിധീയതേ. 9
ഗന്ധവർണ്ണരസോപേതാ ഷഡ്വിധാ ഭൂമിരിഷ്യതേ
തസ്മാദ്ഭൂമിസ്വഭാവേന ബീജിനഃ ഷഡ്രസാ യുതാഃ. 10
അവ്യക്തഃ കില തോയസ്യ രസോ നിശ്ചയനിശ്ചിതമ്
രസ ഏവ സ ചാവ്യക്തോ വ്യക്തോ ഭൂമിരസാദ്ഭവേൽ 11

ളന്മാർ(മൃഗങ്ങളേയുംമറവും പിടിച്ചുപജീവിക്കുന്നവർ)എന്നിങ്ങിനെ കാട്ടിൽ സഞ്ചരിക്കുന്ന മറേറതങ്കിലും ആളുകൾ, കിഴങ്ങും മറവും ഉപയോഗിച്ചു ജീവിക്കുന്നവർ എന്നിവരിൽനിന്നാണ് മരുന്നുകളെക്കണ്ടു പേരും ആകൃതിയും ഇന്നതിന്നവിധമാണെന്നു ശരിയായി മനസ്സിലാക്കുന്നതിന്നു തരമുണ്ടാകുന്നതു്.

*'പത്രുലവണം'മുതലായ യോഗങ്ങളിൽ ഔഷധങ്ങളുടെ എല്ലാഭാഗങ്ങളുംകൂട്ടി ചേർത്തുണ്ടതാണെല്ലോ. ഈ വക സംഗതികളിൽ മരുന്നുകളുടെ ഇന്ന അംശം ഇന്ന കാലത്താണെടുക്കേണ്ടതെന്നു നിയമിച്ചാൽ അതു് ഉചിതമായിരിക്കയില്ല. ആ വക ടിക്കിൽ ഏതുകാലത്തും മരുന്നിന്റെ ഏതംശവും ഏടുക്കാമെന്നുള്ള വിധിയാണു് അതു സരിക്കേണ്ടതു്. ശരിയായ ഗന്ധവും വർണ്ണവും രസവുമുള്ളതായ നല്ല ഭൂമിയെ മേൽപറഞ്ഞപ്രകാരം ഷഡാറായി ഭാഗിച്ചിരിക്കുന്നു. മധുരംമുതലായ ആറു രസങ്ങളിലേതെങ്കിലും ചിലതു് ചില ഔഷധങ്ങൾ വ്യക്തമായി കാണുന്നതു് ആ ഔഷധങ്ങൾ മുളച്ചുണ്ടാകുന്ന ഭൂമിയിലുള്ള രസത്തിന്റെ സംബന്ധത്തെ †അനുസരിച്ചുകൊണ്ടാകുന്നു. വെള്ളത്തിലുള്ള രസം വ്യക്തമല്ലാതിരിക്കുന്നതാണെന്നു തീച്ചയാണെല്ലോ. ആ അവ്യക്തമായ വെള്ളത്തിന്റെ രസം ഭൂമിരസത്തോടു ചേർന്നു് അതിന്റെ രസത്തോടു കലരുമ്പോൾ വ്യക്തമായിത്തീരുകയാണു്. 9-11

---

* വാതവ്യാധിചികിത്സിതങ്ങളിൽ പ്രായേണ പ്രയോഗത്തിന്റെ പേരാണു് 'പത്രുലവണം' എന്നതു്. ഈ മാതിരി ചില യോഗങ്ങളിൽ മരുന്നുകളുടെ എല്ലാ അംശങ്ങളും എടുക്കണമെന്നു പറഞ്ഞിട്ടുണ്ടു്. ഓരോകാലങ്ങളിൽ ചെറിയ അംശം (മുഖ്യമായതു്) എടുക്കണമെന്നുള്ള മുമ്പുപറഞ്ഞ ചില അഭിപ്രായങ്ങളോടു പക്ഷത്തെ സ്വീകരിക്കുന്ന പക്ഷം മേൽപറഞ്ഞ യോഗങ്ങളുണ്ടാക്കാൻ സാധിക്കയില്ലെല്ലോ. അതുകൊണ്ടാണു് ആ അഭിപ്രായങ്ങളുടെ പക്ഷം ഗ്രാഹ്യമല്ലെന്നു പറഞ്ഞതു്.

† പഞ്ചഭൂതങ്ങളിൽ ഓരോന്നിന്റെ ലക്ഷണങ്ങളിലുള്ള ഏറ്റവ്യത്യാസങ്ങളുള്ളതായി ഭൂമി അനേകവിധമാകുന്നു.

‡ ഭൂമിയിലെ രസാദികൾക്കു് വിഭിന്നമായി വൃക്ഷാദികളിൽ അവയെ കണ്ടാൽ അതു് ശരിയായി നിർദ്ദോഷമായിട്ടുള്ള സ്വഭാവമല്ല എന്നറിയേണ്ടതാണു്.

സവ്വലക്ഷണസംപന്നാ ഭ്രമിഃ സാധാരണീ സ്മൃതാ
ദ്രവ്യാണി യത്ര തത്തൈവ തദ്ഗുണാനി വിശേഷതഃ. 12
വിഗന്ധനാപരാമൃഷ്ടമവിപന്നം രസാദിഭിഃ
നവം ദ്രവ്യം പുരാണം വാ ഗ്രാഹ്യമേവ വിനിദ്ദിശേൽ. 13
ജംഗമാനാം വയഃസ്ഥാനാം രക്തരോമനഖാദികമ്
ക്ഷീരമൂത്രപുരീഷാണി ജീർണ്ണാഹാരേഷു സംഹരേൽ. 14
പ്ലോതമുദ്ദാണ്ഡഫലകശംകുവിന്യസ്തഭേഷജമ്

മുമ്പ പറഞ്ഞിട്ടുള്ള ആകാശാദികളുടെ മുഴുവനും ഗുണങ്ങൾ തികഞ്ഞു കാണുന്ന ഭൂമിയെ സാധാരണഭൂമിയെന്നു പറയുന്നു. ആ സാധാരണഭൂമിയിലുണ്ടായ മരുന്നുകളെ സാധാരണദ്രവ്യങ്ങളാണെന്നും *പറയേണ്ടതാണ്. മരുന്നുകൾ പുത്തനായാലും പഴയതായാലും (ഒരു കൊല്ലം കഴിഞ്ഞാലും) അതാതിന്നുള്ള ഗന്ധത്തിന്നു മാറാംവരാതെയും അതാതിന്നുള്ള രസം മുതലായതിന്നു ഭേദംവരാതെയും ഇരിക്കുന്ന പക്ഷം ഔഷധയോഗങ്ങളിൽ ചേർത്തുന്നതിന്നു വിരോധമില്ല. 12-13

ജന്തുക്കളുടെ രക്തം, രോമം, നഖം മുതലായതു മരുന്നിന്നെടുക്കേണ്ടുന്നതായി വന്നാൽ അതു പ്രായംതികഞ്ഞ യൌവനമുള്ള ജന്തുക്കളുടെ ആയിരിക്കേണമെന്നും പാല്, മൂത്രം, മലം എന്നിവയെ എടുക്കുന്നതു് ആ ജന്തുക്കൾക്കു ദഹനമുള്ള സമയത്തായിരിക്കേണമെന്നും പ്രത്യേകം ഓർമ്മവെക്കേണ്ടതാണ്. 14

വൈദ്യശാലയുണ്ടാക്കേണ്ടതു് തച്ചുശാസ്ത്രപ്രകാരമുള്ള നല്ല ലക്ഷണം തികഞ്ഞു ശുചിയായിരിക്കുന്നസ്ഥലത്തും നല്ല §ദിക്കിലും ആകുന്നു.

---

* കാലഞ്ജിരീം കായ്ത്തിലും ഈ സംഗതി വേണ്ടി അഭിലഷിക്കണം. സൌമ്യകാലത്തു സൌമ്യഭൂമിയിൽനിന്നു പറിച്ചെടുത്ത മരുന്നു സൌമ്യഗുണമുള്ളതായിരിക്കുമെന്നും ക്രൂരം മുമ്പു പറഞ്ഞിട്ടുണ്ടെല്ലോ. എന്നാൽ ആ മരുന്നുകളെ ഉപയോഗിക്കുന്നതു് ആ പ്രകാരം സൌമ്യകാലത്തു സൌമ്യഭൂമിയിലുള്ള വക്ഷം മാത്രമായിരിക്കണം. അന്യരാജ്യങ്ങളിൽ കൊണ്ടുപോയി അന്യകാലങ്ങളിൽ ഉപയോഗിക്കുന്നതായാൽ അതിന്റെ സ്വഭാവം ഗുണത്തിന്നു മാറ്റം വരും. അവക ഘട്ടങ്ങളിൽ വേറെവല്ല മരുന്നും ചേർത്തിയും സംസ്കാരത്തിൽ ഭേദഗതിവരുത്തിയും സ്വഭാവമായ വീര്യത്തെ ആ മരുന്നിൽ സമ്പാദിക്കേണ്ടതാകുന്നു. ഈ വക സംഗതിക്കാണ്ടുതന്നെയാണെല്ലോ ഇംഗ്ലീഷുമരുന്നുകളുടെ ഉപയോഗം ചില നാട്ടുകാരിൽ അത്ര ഗുണകരമല്ലാതെ ചിലപ്പോൾ കാണുന്നതു്.

§ രാജ്യത്തിന്റെയോ വീട്ടിന്റെയോ കിഴക്കേദിക്കിലോ വടക്കുദിക്കിലോ എന്നർത്ഥം.

പ്രശസ്യായാം ദിശി ശ്രേഷ്ഠാ ഭേഷജാഗാരമിഷ്യതേ. 15

ഇതി സുശ്രുതസംഹിതായാം സൂത്രസ്ഥാനേ ഭൂമിപ്രവിഭാഗീയോനാമ
സപ്തത്രിംശോധ്യായഃ.

അഷ്ടാത്രിംശോധ്യായഃ.

അഥാതോ ദ്രവ്യസംഗ്രഹണീയമധ്യായം വ്യാഖ്യാസ്യാമഃ. 1

സമാസേന സപ്തത്രിംശദ്ദ്രവ്യഗണാ ഭവന്തി. തദ്യഥാ—വിദാരി ഗന്ധാ വിദാരീ സഹദേവാ വിശ്വദേവാ ശ്വദംഷ്ട്രാ പൃഥക്പർണ്ണീ ശതാവരീ ശാരിബാ കൃഷ്ണശാരിബാ ജീവകർഷഭകൌ മഹാസഹാ ക്ഷുദ്രസഹാ ബൃഹത്യൌ പുനർന്നവൈരണ്ഡൌ ഹംസപാദീ വൃശ്ചികാലീ ഋഷഭീ ചേതി.

(പ). വിദാരിഗന്ധാദിരയം ഗണഃ പിത്താനിലാപഹഃ
ശോഷശ്ലേഷ്മാംഗമർദ്ദോർദ്ധ്വശ്വാസകാസവിനാശനഃ. 2

മരുന്നുകളുണ്ടാക്കി, ആ വൈദ്യശാലയിൽ ചണത്തുണിയിൽ(വസ്ത്രഖണ്ഡത്തിൽ)ലും മൺപാത്രത്തിലും മരംകൊണ്ടുണ്ടാക്കിയ പലകകളിലും മുളകൊണ്ടും മറവുമുള്ള കാഠികളിലുമായി, എടുത്തുവെച്ചു സൂക്ഷിക്കേണ്ടതുമാകുന്നു." 15

ഇങ്ങിനെസുശ്രുതസംഹിതയിൽ സൂത്രസ്ഥാനത്തിൽ ഭൂമിപ്രവിഭാഗീയമെന്ന
മുപ്പത്തേഴാമധ്യായം കഴിഞ്ഞു.

മുപ്പത്തെട്ടാമധ്യായം.

ഇനി ദ്രവ്യസംഗ്രഹണീയമെന്ന (ഔഷധഗണങ്ങളുടെ ചുരുക്കം പറയുന്ന) അധ്യായം പറയാം:— 1

മരുന്നുകളെ ചുരുക്കത്തിൽ മുപ്പത്തഞ്ചുഗണം ഗണങ്ങളായി വിഭാഗിച്ചിട്ടുണ്ട്— 2

(1). മുവ്വില, മുതുക്ക്, മഞ്ഞക്കുറുന്തോട്ടി, വെളുത്തകുറുന്തോട്ടി (വലിയ ഊരകം), ഞരിഞ്ഞിൽ, ഓരില, ശതാവരി, വെളുത്തനന്നാറി, കറുത്ത(പൂവുള്ള)നന്നാറി, ജീവകം, ഇടവകം, കാട്ടുഴുന്ന്, കാട്ടുപയറ്,

(ഗ). ആരഗ്വധമദനഃഗാപഷണ്ഡാകണ്ടകികുടജപാഠാപാട
ലാമൂഴവ്വിന്നയവസപ്പപണ്ണനിംബകുരണ്ടകദാസീകുരണ്ടകഹ്രസ്വചീചിത്ര
കശാങ്ഷ്ഠാകരഞ്ജത്രയപടോലകിരാതതിക്തകാഃ സുഷവീ ചേതി.
(പ). ആരഗ്വധാദിരിത്യേഷ ഗണഃ ശ്ലേഷ്മവിഷാപഹഃ
മേഹകുഷ്ഠജ്വരവ്രണീകണ്ഡൂഷ്ലീ വ്രണശോധനഃ. 3

(ഗ). സാലസാരാജകർണ്ണഖദിരകദരകാലസ്കന്ധക്രമുകഭൂർജ്ജമേ
ഷശൃംഗീതിനിശചന്ദനകചന്ദനശിംശപാശിരീഷാസനധവാർജ്ജുനതാ
ലശാകനകക്രമാലവൃതികാശ്രകർണ്ണാഗരുണി കാലീയകഞ്ചേതി.
(പ). സാലസാരാദിരിത്യേഷ ഗണഃ കുഷ്ഠവിനാശനഃ
മേഹപാണ്ഡ്വാമയഹരഃ കഫമേദോവിശോഷണഃ. 4

ചെറുവഴുതിന, വെൾവഴുതിന, തവിഴാമ, ആവണക്കു, ചെറുപ്പുള്ളടി, തേൾകൂടു, നാഴ്യാറണ "ഏന്നീ മരുന്നുകൾക്കെല്ലാംകൂടി വിരോരിഗ ണ്ഡാദിഗണമെന്നു പേരാകുന്നു. ഈ ഗണം പിത്തത്തെയും വാതത്തെ യുംശമിപ്പിക്കും. രാജയക്ഷ്മാവു, ഗുല്മം, അംഗങ്ങളിൽവേദന, മേൽപെ ട്ട ശ്വാസംമുട്ടൽ, ചുമ എന്നീരോഗങ്ങളെ നശിപ്പിക്കയും ചെയ്യും."()

(2). കൊന്ന, മലങ്കാര, കാട്ടിലന്ത, വയ്യങ്കതകു, കൊടകപ്പാ ല, പാട, പാതിരി; പെരുങ്കുമ്പ, *കുടകപ്പാലരി, ഏഴിലമ്പാല, വേ പ്പു മഞ്ഞക്കുറിഞ്ഞി, കറുത്തപൂവുള്ള മുക്കുറിഞ്ഞി, ചിറാമുട്ടു; കൊടി വേലി, ഉവലിയഉങ്ങു, സാധാരണഉങ്ങു, ആവൽ, പേപ്പടവലം, കി രിയാത്ത (കിരാതതിക്തകം), പുല്ലാന്നി (കയ്യുക്കെയെന്നും പക്ഷം) "ഈ മരുന്നുകൾക്കെല്ലാംകൂടിയുള്ള പേരു് ആരഗ്വധാദിഗണം എന്നാണു്. ഇതു ശ്ലേഷ്മത്തെയും വിഷത്തെയും നശിപ്പിക്കും. പ്രമേഹം, കുഷ്ഠം, ജ്വ രം, ചൊറി, ചൊറി ഇവയെ ശമിപ്പിക്കയും വ്രണത്തെ ശുദ്ധമാക്കുകയും ചെയ്യും." 3

(3). പയനിൻകാതലു, മരുതു, കരിങ്ങാലി, †വൺകരിങ്ങാലി, പച്ചിലമരം, കവുങ്ങു, ഭൂർജ്ജം, തൂട്ടികൊട്ടപ്പാല, തോട്ടികാര, ചന്ദനം, രക്തചന്ദനം, ഇരുൾ, നെല്ലിനിവാക, വേങ്ങ, ഞമ, നീർമരുതു, കരി

---

* കുടജം, ഇന്ദ്രയവം എന്ന രണ്ടു വാക്കു കാണുന്നു. ഒന്നു വേർതിരിച്ചറിയും മ റ്റേതു് അതിനെ അരിയുടാതെന്നു വൃദ്ധവൈദ്യന്മാർ പറയുന്നു.

† 'കാകജംഘാ' എന്ന മരുന്നാണെന്നും പക്ഷമുണ്ടു്.

(ഗ). വരുണാത്തഗളതിഗ്രമധുശിഗ്രുതക്കാരീമേഷശൃങ്ഗ്യീവൃതീക
നക്തമാലഃമാരടാഗ്നിമന്ഥാഃസരീയകദ്വയബിംബീവസുകവസിരചി –
ത്രകശതാവരീവിലാജശൃങ്ഗ്യീദർഭവ്യാഹതീദ്വയഃഞ്ചേതി.

(പ). വരുണാദിർഗ്ഗണോ ഹ്യേഷ കഫമേദോനിവാരണഃ
വിനിഹന്തി ശിരഃശൂലം ഗുല്മാഭ്യന്തരവിദ്രധീൻ. 5

(ഗ). വീരതരുസഹചരദ്വയദർഭവൃക്ഷാദനീഗ്രന്ഥാനളകുശകാ
ശാശ്മഭേദകോഗ്നിമന്ഥമോരടാവസുകവസിരഭല്ലൂകകുരണ്ടകേന്ദീവര കു–
ടോത്പലപങ്കേരുശതദംഷ്ട്രാ ഏതി.

(പ). വീരത്പ്രാദിരിത്യേഷ ഗണോ വാതവികാരനുൽ

സ്വന, തേക്ക്, ഉങ്ങ്, ആവൽ, കുതിരച്ചെവിമരുത്, കറുത്തചന്ദനം ''എന്നീമരുന്നുകൾക്കു സാലസാരാദിഗണമെന്നു പേർപറയുന്നു. ഇതു കൃഷ്ണത്തെ നശിപ്പിക്കും; പ്രമേഹത്തെയും പാണ്ഡുരോഗത്തെയും ശമിപ്പിക്കും; കഫത്തെയും മേദസ്സിനേയും വരട്ടുകയും ചെയ്യും.'' 4

(4). നീർമാതളം, കറുത്തവൃത്തുള്ള മുൾക്കരഞ്ഞി, മുരിങ്ങ, പുനർമ്മുരിങ്ങ, തക്കാരിവഴതിന, ആവൽ, ഉങ്ങ്, പെരുങ്കുരുമ്പ (അങ്കോലപ്പൂവെന്നുപക്ഷം) കാട്ടിഞ്ഞി, മഞ്ഞപ്പൂവുള്ളമുൾക്കരഞ്ഞി, ചുവന്നവൃത്തുള്ളമുൾക്കരഞ്ഞി, കസ്തൂരസുള്ളികാവ, കൊക്കമന്താരം, അത്തിത്തിപ്പലി (അപാമാർഗ്ഗമെന്നു ചില്ലനാ), കൊടിവേലി, ശതാവരി, കുവളം, ആട്ടുകൊട്ടപ്പാല (*അജശൃംഗി), ഉഴിഞ്ഞ, ചെറുവഴതിന, വെൺവഴതിന ''ഇവയ്ക്കു വരുണാദിഗണമെന്നു പേരാകുന്നു. കഫത്തെയും മേദസ്സിനേയും ഇതു ശമിപ്പിക്കും; തലക്കുത്തിനും ഗുല്മത്തിനും അന്തർവ്വിദ്രധിക്കും ഇതു നല്ലതാണ്''. 5

(5). ¶നീർമരുത്, കരിങ്കരഞ്ഞി, മഞ്ഞക്കരഞ്ഞി, ഒരിഞ്ഞിൽ, കണ്ണി, കഴിമുത്തങ്ങ, വേഴംപുല്ല് (നട്ടം), കുശ, ആറാമരിഞ്ഞിൽ, കല്ലൂർവഞ്ഞി, കറിമുഞ്ഞ, പെരുങ്കുരുമ്പ, കൊക്കമന്താരം, അത്തിത്തിപ്പലി, പ

---

* ഋഷഭശൃംഗിയെന്നും അജശൃംഗിയെന്നും രണ്ടും ഈ ഔഷധത്തിൽ ചിലർ എഴുതിക്കാണുന്നു.

¶ ''പ്രതം'' എന്ന മൂലത്തിന്നു നീർമരുതെന്നാണു ഭാഷ്യപക്ഷമാണു്. ഉല്ലനായ്ക്കർ ''ശപം'' എന്നൊരു വൃക്ഷമാണതെന്നും പക്ഷാന്തരത്തിൽ വെള്ളാനമരമെന്നും വൃക്ഷപര്യായമെന്നും പറഞ്ഞിരിക്കുന്നു. വെള്ളാനമരം പിടിച്ചാൽ.

അശ്മരീശർക്കരാമൂത്രകൃച്ഛ്രാഘാതരുജാപഹഃ. 6

(ഗ). ലോധ്രശാബരലോധ്രപ്രിയാശകുടന്നടാശോകപഞ്ജികപിത്ഥബിലവാലുകസല്ലകീജിംഗിനികരംബസാലാഃ കദളീ ചേതി.

(പ). ഏഷ ലോധ്രാദിരിത്യുക്താ മേദഃകഫഹരോ ഗണഃ
യോനിദോഷഹരസ്തുംഭീ വ്രണ്യോ വിഷവിനാശനഃ. 7

(ഗ). അർക്കാളർക്കരഞ്ജദ്വയനാഗദന്തീമയൂരകഭാർഗ്ഗീരാസ്നേന്ദ്രപുഷ്പികക്ഷുദ്രശ്വേതാമഹാശ്വേതാ വൃശ്ചികാല്യലവണാസ്നാപത്രവൃക്ഷാശ്ച.

(പ). അർക്കാദിരേകോ ഗണോ ഹ്യേഷ കഫമേദോവിഷാപഹഃ

ലകപ്പുഷ്യാനി, *ചുകന്നകുറുഞ്ഞി, നീലാൽപലം, ബ്രഹ്മി(തൊഴുകണ്ണിയെന്നും പെക്ഷം), ഞരിഞ്ഞിൽ "ഏന്നീമരുന്നുകൾഎല്ലാം കൂടി വീരതര്വാദിഗണം എന്ന പേരാകുന്നു. ഇതു വാതരോഗത്തെ ശമിപ്പിക്കും; അശ്മരി, മൂത്രകൃച്ഛ്രം, മൂത്രശർക്കര, മൂത്രാഘാതം, എന്നിരോഗങ്ങളെ ഇതു നശിപ്പിക്കും" 6

(6). പാൽപ്പാറി, വെള്ളപ്പാൽപ്പാറി, പ്ലാശ്, പലകപ്പുഷ്പാനി, അശോകം, ചെറുതേക്ക്, കുമിഴ്, ഏഴിലാവാലുകം, ഈന്തൽ, കാരിലവ്, കടമ്പ്, പയൻ, വാഴമാണി "ഏന്നീമരുന്നുകൾക്കു ലോധ്രാദിഗണമെന്ന പേരാകുന്നു. ഇതു മേദസ്സിനെയും കഫത്തെയും യോനിദോഷത്തെയും ശമിപ്പിക്കുന്നതും സ്തംഭനത്തെ ഉണ്ടാക്കുന്നതും വ്രണത്തിനു നല്ലതും വിഷത്തെ നശിപ്പിക്കുന്നതുമാകുന്നു" 7

(7). ചുകന്ന എരുക്ക്, വെള്ളരുക്ക്, ഉങ്ങ്, ആവൽ, നാകരാത്തി, ചുകന്ന ചെറിയ കടലാടി, ചെറുതേക്ക്, അരത്ത, മേത്തോന്നി, അതിവിടയം, വെളുത്ത വിഷ്ണുക്രാന്തി, തേൾകൊടുക്കു, കടുക്ക, (ചെറുപുന്നയെന്നും പക്ഷം) ഓടമരം "ഏന്നിവ അർക്കാദിഗണമാകുന്നു. ഇതു കഫത്തേയും മേദസ്സിനേയും വിഷത്തേയും കളയും; കൃമി, കുഷ്ഠം ഏ

---

* ഇതു കറുത്ത ചെറുതായ കായകളുള്ള ഒരു "സിരവാലിക" യെന്ന മരുന്നാണെന്നും ഇതിന് വരുണനെന്നു മർപേരുണ്ടെന്നും ഒരു വകഭേദമുണ്ടെന്നും മല്ലനാഥൻ വ്യാഖ്യാനംകൊണ്ടാടുന്നു.

കൃമികുഷ്ഠപ്രശമനോ വിശേഷാദ്വ്രണശോധനഃ. 8

(ഗ). സുരസാശ്വേതസുരസാപടണിഞ്ജകാഞ്ജകഭൃംഗ്യർണസുഗന്ധകസുമുഖകാലമാലകാസമർക്കവകഖരപുഷ്പാവിഡംഗകടഫലസുരസാദി-നിർഗ്ഗുണ്ഡികുലാഹലാനൃകർണ്ണികാവഞ്ജീപ്രാചീബാലകാകമാചോ വ. ഷമുഷ്ടികശ്ചേതി.

(പ). സുരസാദിർഗ്ഗണോ ഹ്യേഷ കഫവ്യൽകൃമിസൂദനഃ
പ്രതിശ്യായാരുചിശ്വാസകാസഘ്നോ വ്രണശോധനഃ. 9

(ഗ). മുഷ്കകപലാശധവചിത്രകമനോവൃക്ഷകശിംശപാർജ്ജുന-ക്ഷാമ്ലസ്ഥിഫലാ ചേതി.

(പ). മുഷ്കകാദിർഗ്ഗണോഹ്യേഷ മേദോഘ്നഃ ശുക്രദോഷഹൃൽ
മേഹാർശഃപാണ്ഡുരോഗഘ്നഃ ശർക്കരാശ്മരിനാശനഃ. 10

(ഗ). പിപ്പലീപിപ്പലീമൂലചവ്യചിത്രകശൃംഗവേർമരിചഹിങ്ഗു-പിപ്പലിഹരേണുകൈലാജമോദേന്ദ്രയവപാഠാജീരകസർഷപമഹാനിം-

---

ന്നിവയെ ശമിപ്പിക്കും; വിശേഷിച്ചും വ്രണത്തെ ശോധനം ചെയ്യുന്നതുമാകുന്നു". 8

(8). വലിയ തുളസി, വെളുത്തതുളസി, കൂവളത്തുളസി, ചെറുതുളസി, പൂതണക്കു്, ചുകന്നതുളസി (തുമ്പയെന്നും), വെളുത്ത ചെറുതുളസി (കടുകെന്നും), കറുത്തചെറുതുളസി, പൊന്നാവീരം, ചെറുപ്പുടു (ഭൃങ്കരാജം), കറുത്തകാട്ടുതുളസി, വിഴാൽ, കുമിഴു്, നൊച്ചി, കരുനൊച്ചി, കുക്കുരുവൃക്ഷം, ഏലിലത്തൈവേ, ചെറുതേക്കു്, മണത്തക്കാളി (കാകജംഘയെന്നും), കരുന്താളി, വലിയ വേപ്പു് (കാഞ്ഞിരമെന്നും)"ഇതു് സുരസാദിഗണമാകുന്നു. കഫത്തെയും കൃമിയേയും ഇതു നശിപ്പിക്കും, പീനസം അരുചി, ശ്വാസം, കാസം ഏന്നിവയെ ശമിപ്പിക്കയും വ്രണത്തെ ശുദ്ധിവരുത്തുകയും ചെയ്യും". 9

(9). മുഞ്ഞപ്പാതു്, പ്ലാതു്, ഞരമ, കൊട്ടവേലി, മലങ്കാര, കടുകപ്പാല, ഇരുപൂമ, ചതുരക്കള്ളി, ത്രിഫല"ഇതു മുഷ്കകാദിഗണമാകുന്നു. ഇതു മേദസ്സിനെ ക്ഷയിപ്പിക്കും; ശുക്ലത്തിന്റെ കേടുതീക്കും; പ്രമേഹം, അർശസ്സു്, പാണ്ഡുരോഗം, മൂത്രശർക്കര, അശ്മരി ഏന്നിരോഗങ്ങളെ നശിപ്പിക്കയും ചെയ്യും". 10

(10). തിപ്പലി, കാട്ടരിപ്പലിവേർ, ചവികം, കൊട്ടവേലി, ചുക്കു്, മുളകു്, അത്തിത്തിപ്പലി, ഹരേണുകം, ഏലത്തരി, ആയമോടകം,

ഖഫലഹിംഗ്വഭാങ്ഗീമധുരസാതിവിഷാവചാവിഡംഗാനി കടുരോഹി
ണീ ചേതി.

(പ). പിപ്പല്യാദിഃ കഫഹരഃ പ്രതിശ്യായാന്വിലാരുചീഃ
നിഹന്യാദ്ദീപനോ ഗ്രഹ്മശൂലഘ്ന്ശ്ചാമപാചനഃ. 11

(ഗ). ഏലാതഗരകുങ്കുമാംസിധ്യാമകതകപത്രനാഗപുഷ്പപ്രിയങ്ഗു
ഗ്രഹരേണുകാവ്യാഘ്രനഖശുകതിചണ്ഡാസ്ഥൗണേയകശ്രീവേഷ്ടക
ചോചചോരകവാളകഗ്രന്ഥിപുസജ്ജരസതുരുഷ്കകുന്ദുരുകാഗരുസ്തുക്കോശീ
രഭദ്രോത്കുങ്കുമാനി പുന്നാഗകേസരശ്ചേതി.

(പ). ഏലാദികോ വാതകഫൌ നിഹന്യാദ്വിഷമേവ ച
വർണ്ണപ്രകാശനഃ കണ്ഡൂപിടകാകോഠനാശനഃ 12

കുടകപ്പാലരി, പാടക്കിഴങ്ങ്, ജീരകം, കടുക്, മലവേപ്പിൻകായ, കാ
യം, ചെറുതേക്ക്, പെരുങ്കുരുമ്പ, അതിവിടയം, വയമ്പ്, വിഴാലർ,
കടുകുരോഹിണി "ഈ മരുന്നുകൾക്ക് പിപ്പല്യാദിഗണമെന്ന പേരാകു
ന്നു. ഇതു കഫത്തെ ശമിപ്പിക്കും; പീനസം, വാതം, അരോചകം,
ഗ്രഹ്മം, ശൂലം എന്നിരോഗങ്ങളെ ശമിപ്പിക്കും; ദീപനമാണ്; *ആമ
ദോഷത്തെ പാകം ചെയ്യുന്നതുമാകുന്നു". 11

(11). ഏലം, തകരം, കൊട്ടം, ജടാമാഞ്ചി, നാന്നുകപ്പുല്ല്, ച
ന്നലവങ്കപ്പുട്ട, പച്ചില, നാകപ്പൂ, ഞാഴൽപ്പൂ, ഹരേണുകം, പുലിച്ചു
ട്ട്, മുത്തുശിപ്പി, ചണ്ണക്കിഴങ്ങ്, തുംപൂണലരി തിരുവട്ടപ്പശ, വലിയ
ലവംഗപ്പുട്ട, കച്ചൂരിക്കിഴങ്ങ് ഇരുവേലി, ഗ്രല്ഗ്രല്യ, ചെഞ്ചല്യം, കുന്തു
രുക്കം (ചേലേയമെന്നും), ഇന്ദ്രൻ (കുന്തുരുക്കമെന്നും), അകിൽ, ചേ
നകപ്പുല്ല്, രാമച്ചം, ദേവതാരം, കുങ്കുമം, †പുന്നപ്പൂ, നാഗകേസരം "ഈ
തു ഏലാദിഗണമാകുന്നു. വാതത്തേയും കഫത്തേയും വിഷത്തേയും ഈ
തു ശമിപ്പിക്കും; നിറത്തെ നന്നാക്കും; ചൊറി, ചിരങ്ങ്, വട്ടപ്പിണരു്,
(കോറം) എന്നിവയെ നശിപ്പിക്കയും ചെയ്യും". 12

---

* അഗ്നിബലമില്ലാത്തതുകൊണ്ടു വയറ്റിൽ ദഹിക്കാതെ കിടക്കുന്ന അന്നരസ
ത്തിനെയാണു് ആമമെന്നോ ആമദോഷമെന്നോ പറയുന്നതു്.

† പുന്നാഗകേസരമെന്നു് ഒറ്റപ്പദമാക്കി പുന്നപ്പൂ എന്നമാത്രം അർത്ഥം പറ
യാം എന്നു പക്ഷാന്തരം.

(ഗ). വചാമുസ്താതിവിഷാഭയാഭദ്രദാരുണി നാഗകേസരഞ്ചേതി. ഹരിദ്രാദ്വയം ഹരിദ്രാകലശികുടജബീജാനി മധുകഞ്ചേതി.

(ച). ഏതൌ വചാഹരിദ്രാദീ ഗണൌ സൂന്യവിശോധനൌ ആമാതിസാരശമനൌ വിശേഷാദ്ദോഷപാചനൌ. 13

(ഗ). ശ്യാമാമഹാശ്യാമാത്രിവൃത്തന്തീശംഖിനീതിലപകകംപില്ലകരമ്യകക്രമുകപൂത്രശ്രേണീഗവാക്ഷീരാജവൃക്ഷകരഞ്ജദ്വയഹ്രുഡുചീസപ്തലാച്ഛഗലാന്ത്രീസുധാഃ സുവർണ്ണക്ഷീരീ ചേതി.

(ച). ഉക്തഃ ശ്യാമാദിരിത്യേഷ ഗണോ ഹ്രല്ലവിഷാപഹഃ ആനാഹോദരവിഡ്ഭേദീ തഥോദാവർത്തനാശനഃ. 14

(ഗ). ബൃഹതീകണ്ടകാരികാ കുടജഫലപാഠാ മധുകഞ്ചേതി.

(ച). പാചനീയോ ബൃഹത്യാദിർഗ്ഗണഃ പിത്താനിലാപഹഃ

---

(12). വയമ്പു്, മുത്തങ്ങ, ആതിവിടയം, കടുക്ക, ദേവതാരം, നാഗകേസരം ഇതു വചാദിഗണമാകുന്നു.

(13). മഞ്ഞൾ, മരമഞ്ഞൾ, കാരിള, കുടകപ്പാലരി, ഇരട്ടിമധുരം, ഇതു ഹരിദ്രാദിഗണമത്രെ. "ഈ രണ്ടു ഗണങ്ങളും മുലപ്പാലിനെ ശുദ്ധിവരുത്തും; ആമാതിസാരത്തെ ശമിപ്പിക്കും; വിശേഷിച്ചും ആമദോഷത്തെ പാകംവരുത്തുകയും ചെയ്യും". 13

(14). കറുത്തവേങ്ങ്ള്ള ത്രികോൽപ്പക്കൊന്ന, (വെളുത്തതെന്നും പക്ഷം), മറിക്കുന്നി, ചുകന്ന ത്രിദകോൽപ്പക്കൊന്ന, ചെറിയ നാകരാന്തി, കീരിവള്ളി, ചുവന്നപാച്ചോറി, കമ്പിപ്പാല, മലവേപ്പു് (പടോലവേരെന്നും പക്ഷം), കറുങ്ങു്, വലിയദന്തി, കാട്ടുവെള്ളരി, കണിക്കൊന്ന, ഉങ്ങു്, ആവൽ, ചിറാമുട്ടു്, ചമ്മലന്ത, മറിക്കുന്നി (വേറൊരുതരം), കള്ളി, *എരുമക്കള്ളി, "ഇവകളെ ശ്യാമാദിഗണമെന്നു പേരാകുന്നു. ഇതു ഹ്രല്ലാസത്തെയും വിഷത്തേയും നശിപ്പിക്കും; വയറുവീർപ്പു്, മഹോദരം, മലബന്ധം ഇവയെ ഇല്ലാതാക്കും; ഉദാവർത്തത്തെ നശിപ്പിക്കയും ചെയ്യും". 14

(15). ചെറുവഴുതിന, കണ്ടങ്കത്തിരി, കുടകപ്പാലയരി, പാടക്കിഴങ്ങു്, ഇരട്ടിമധുരം, "ഇതു ബൃഹത്യാദിഗണമാകുന്നു. ഇതു പാചനം

---

* "സുവർണ്ണക്ഷീരി" എന്നാണിതിന്റെ മൂലം. ഇതിന്റെ ഇല നന്നാറിയിലപോലിരിക്കും; പശു, മഞ്ഞാംനിറമായിരിക്കും; ഇതൊരു വള്ളിയാകുന്നു. ഇതു ഔഷധമാണു്. പകരം സുന്നാമുഖി ചേർത്തിരിക്കുന്നു.

കഷ്ടാദരോചകകൃമ്യുല്ലാസമൂത്രകൃച്ഛ്രജ്വരാപഹഃ. 15

(ഗ). പടോലചന്ദനകുചന്ദനമൂർവ്വാഗ്രന്ഥ്യമൃതാപടോലാദിഗണഃ കടുരോഹിണീചേതി.

(പ). പടോലാദിഗണഃ പിത്തകഫാരോചകനാശനഃ

ജ്വരോപശമനോ വ്രണ്യസ്ത്വക്പിത്തവിഷാപഹഃ 16

(ഗ). കാകോളീക്ഷീരകാകോളീജീവകർഷഭമൃദ്വീമാപർണ്ണീമേദാമഹാമേദോരിന്നുഹാകകാകനാംഗീത്രിഗാക്ഷീരിപട്ടികപ്രപൌണ്ഡരീകിവൃദ്ധിമൃദ്വീകാജീവന്ത്യോ മധുകഞ്ചേതി.

(പ). കാകോല്യാദിരയം പിത്തശോണിതാനിലനാശനഃ

ചെയ്യുന്നതും പിത്തശ്ലേഷ്മത്തെയും വാതത്തെയും നശിപ്പിക്കുന്നതു, കഫം, അരോചകം, നെഞ്ചുകലിപ്പു്, മൂത്രകൃച്ഛ്രം, മൂത്രഭാരത്തിൽ വേനോ വ്യു) ന്നിവയെ ശമിപ്പിക്കുന്നതുമാണു്". 15

(16). പടോലം, ചന്ദനം, രക്തചന്ദനം, പെരുങ്കുരുന്നു, ചിറ്റാമുട്ടു്, പാടകുടകരോഹണി" ഇതു പടോലാദിഗണമാകുന്നു. പിത്തം, കഫം, അരോചകം, ജ്വരം, ഛർദ്ദി, ചൊറി, വിഷം ഇവയെ ശമിപ്പിക്കും; വ്രണത്തിനു നല്ലതുമാകുന്നു". 16

(17). *കാകോളി, ക്ഷീരകാകോളി, ജീവകം, ഇടവകം, കാട്ടഴുന്നു്, കാട്ടുപയറു്, മേദ, മഹാമേദ, ചിറ്റാമുട്ടു് കുക്കുടശൃംഗി, ത്രികൂനവു്, പതിമുകം, പ്രപൌണ്ഡരീകം (പീതരോഹിണി?), ജീവന്തി, വൃദ്ധി, മൃദ്വീകത്തിനും ഇടവകത്തിനും പകരം വലമ്പിരി, ഇടമ്പിരിയെന്ന മരുന്നുകളും (ചിറ്റാമുട്ടു കുവ്വരുതു എന്നും പക്ഷമുണ്ടു്) മേദക്കു പകരം ഇരുപ്പൈവേരും മഹാമേദക്കു നന്നാറിവേരും ഋദ്ധിക്കു കുറുന്തോട്ടിയും വൃദ്ധിക്കുപകരം വൻകുറുന്തോട്ടിയും ഉപയോഗിക്കാമെണ്ടു്.

* "ശംശലോമനാശകയന്നതു് മുളക്കപ്പൂരമാകുന്നു. ഇതു മുളയിൽനിന്നു കിട്ടുന്നതും കടൽവരയുടെ ആകൃതിയിലിരിക്കുന്നതുമാണു്. പുളിപ്പുകപ്പൂരിനിലും ഇതിലും വെളുത്തനിറത്തിലുമായി ഇതിൽ രണ്ടുവകയുണ്ടു്. രണ്ടാമത്തതിനു് ഏറെ ഗുണമുള്ളതാണു്. ഇതിന്റെ രസവും ഗുണവും പ്രായേണ കുവ്വരുതിനു തുല്യമായിരിക്കുന്നു, തീക്ഷ്ണത്വം മുതലായ ചില ധർമ്മങ്ങളാൽ കുവ്വരുതിനേക്കാളും ഇതിനുണ്ടെന്നു കാണുന്നു. "മുകിൽ ഉപ്പു" എന്നാണു് തമിഴിൽ ഇതിനു പേർ. ഈ പ്രദേശങ്ങളിൽ ഇതു സുലഭമാണു്. മുളക്കപ്പൂരത്തിനു പകരം കുവ്വരുപയോഗിച്ചുവരികയും കാലക്രമത്തിൽ വംശലോമനാശത്തിനു കുവ്വരുതൊന്നു തന്നെ മലയാളികൾ അന്യം പറകയും ചെയ്തിരിക്കയാണെന്നു തോന്നുന്നു.

ജീവനോ ബൃഹണോ വൃഷ്യഃ സ്തന്യശ്ലേഷ്മകരശ്ചാപഹാ. 17

(ഗ). ഋഷഭകാദ്യൗഷധവർഗ്ഗോ ജീവകാദ്യൗഷധിഗ്രഹിണീ ച നാമകർമ്മേതി.

(പ). ഋഷഭകാഭിധഃ കഫപിത്തഹരോ ഗുരുർമ്മധുരോ വിഷാപഹോ രസായനോ മേധ്യോ ബലവീര്യാഗ്നിപ്രദോ ഹിതോ ഹൃദ്യോ രക്തപിത്തജ്വരാപഹശ്ചക്ഷുഷ്യശ്ചേതി. 18

(ഗ). ശാരിബാമധുകചന്ദനകചന്ദനപദ്മകകാശ്മരീഫലമധൂകപുഷ്പാണ്യുശീരഞ്ചേതി.

(പ). ശാരിബാഭിധഃ പിപാസാഘ്നോ രക്തപിത്തഹരോ ഗുരുഃ പിത്തജ്വരപ്രശമനോ വിശേഷാദ്ദാഹനാശനഃ. 19

(ഗ). അനന്തരനാമജനനാഗപുഷ്പപ്രിയംഗുനീലോൽപലനളനേരുകസേരാണി മധുകഞ്ചേതി.

ന്തിരിങ്ങ, അടപതിയൻ, ഇരട്ടിമധുരം, "വിന്നിവ കാടക്കൊന്നാദിഗണമാകുന്നു. ഇതു് പിത്തം, രക്തം, വാതം, ഇവയെ നശിപ്പിക്കയും മുലപ്പാലിനെയും കഫത്തെയും ഉണ്ടാക്കുകയും ചെയ്യും. ഇതു ജീവനശക്തിയെ നിലനിർത്തുന്നതും ദോഷത്തെ അടിപ്പിക്കുന്നതും ദുഷ്ടവ്രണത്തെ വടിപ്പിക്കുന്നതുമാകുന്നു". 17

(18). ഉവർമണ്ണ്, ഇരുവ്വു, കൽമദം, ധാതുകാസീസം, വൃദ്ധകാസീസം, കായം തുത്ഥാഞ്ജനം (കയിൽ തുത്ഥമെന്നും പക്ഷം), "ഇവ ഋഷഭകാദിഗണമാകുന്നു. ഇതു കഫത്തെയും മേദസ്സിനെയും, അശ്മരി, ശർക്കര, മൂത്രകൃച്ഛ്രം, ഗുല്മം ഇവയെയും നശിപ്പിക്കും". 18

(19). നന്നാറി, ഇരട്ടിമധുരം, ചന്ദനം, രക്തചന്ദനം, പതിമുകം, കുമിഴിൻകായ, ഇരിപ്പച്ച, രാമച്ചം "ഇവ ശാരിബ്വാദിഗണമാകുന്നു. ഇതു വെള്ളംദോഹത്തെയും രക്തപിത്തത്തെയും നശിപ്പിക്കും. പിത്തജ്വരത്തെയും വിശേഷിച്ചു ചുട്ടുനീറലിനെയും ഇതു ശമിപ്പിക്കും". 19

(20). നെടുവീരാഞ്ജനം, രസാഞ്ജനം, നാകപ്പൂ, നാഗർമ്മുത, കരിങ്കുവളപ്പൂ (മഞ്ചിയനാം പക്ഷം), രാമച്ചം, താമരക്കേസരം, ഇരട്ടിമധുരം "ഇവ അഞ്ജനാദിഗണമത്രെ. ഇതു രക്തപിത്തത്തെ ശമിപ്പിക്കും. വിഷത്തെയും അന്തർദ്ദാഹത്തെയും കളയും. 20

---

* "അന്നഭേദി" (Sulphate of Iron) എന്നതിനെയാണ് ധാതുകാസീസം എന്നു പറയുന്നതു്. "ഭസ്മസദൃശം കിഞ്ചിദ്ലോഹഗന്ധി" എന്നു മുകളിൽ ഇതിനെ വിശേഷിപ്പിച്ചിട്ടുണ്ട്. വൃദ്ധകാസീസം ഇതിന്റെ പക്വാവസ്ഥയാകുന്നു. [illegible]

(ച). ത്വാന്ത്വാദിഗ്ദ്ധണാ ഛ്യേഷ്വ രകതപിത്തനിബർഹണഃ
വിഭക്ഷാപാമനോ ദാഹം നിഹന്ത്യാദ്യന്തരം തഥാ. 20

(ഗ). പത്രപുഷ്പകടുശാകടഫലദാഡിമരാജാദനകതകഫലശാക ഫലാനി ത്രിഫലാ ചേതി.

(ഛ). പത്രപുഷ്പകാദിരിത്യുഷ്ണ ഗുണാനിലവിനാശനഃ
മൂത്രദോഷഹരാ ച്ഛർദ്ദി പിപാസാശ്ലീ രുചിപ്രദഃ. 21

(ഗ). പ്രിയംഗ്വുസമംഗാധാതകീപുന്നാഗരക്തചന്ദനകുചന്ദന-
ദോചരസരസാഞ്ജനകുംഭീകസ്രോതോഞ്ജനപദ്മകേസരയോജനവല്ല്യാ-
ദീഷ്വമൂലാ ചേതി.

അംബഷ്ഠാധാതകീകുസുമസമംഗാകടപംഗമധുകവില്വപേശികാ-

---

(21). ചിറ്റിന്തൽകായ, ഞാഞ്ഞിരിങ്ങ, കുമിഴിൻകായ, താളിമാത ളങ്ങാ, മുരളിൻകായ, തോറാംപരൽ, തേക്കിൻകുരു, കടുക്ക, നെല്ലിക്ക, താന്നിക്ക" ഇതു പത്രപുഷ്പകാദിഗണമാകുന്നു. ഇതു വാതത്തെ നശിപ്പിക്കും; മൂത്രത്തിലെ കേടുതീർക്കും; വെള്ളംദോഹത്തെ കളയും; ഹൃദയത്തിനു ഹിതമായിരിക്കും; രുചിയുണ്ടാക്കുകയും ചെയ്യും". 21

(22). ഞാഴൽപൂവ്, *മുക്കുറ്റി, താതിരിപ്പൂവ്, പുന്നപ്പൂ, രക്തചന്ദനം, പീതചന്ദനം, ഇലവിൻപശ, രസാഞ്ജനം, കുടപ്പായൽ(പാതിരിയെന്നും), സൌവീരാഞ്ജനം, താമരകേസരം, മഞ്ചട്ടി, മുവ്വില (കൊടിത്തുവ്വയെന്നും) ഇതു പ്രിയംഗ്വാദിഗണമാകുന്നു.

(23) ആംബാഡി (പുളിച്ചിക്കീര, പാടയെന്നും പക്ഷം), താതിരിപ്പൂവ്, മുക്കുറ്റി, പലകപ്പയ്യാനി, ഇരട്ടിമധുരം, ഇളയ കൂവളക്കായ, പാതാളഗരുഡി, വെള്ളത്തഴുതാമ, പ്ലാശ്, ചിറ്റരയാൽ (കുമിഴ

---

* തൊട്ടാവാടിയെന്നു പേരുള്ള മുള്ളുള്ള ചെടിക്കു ലജ്ജാലു എന്നു പേരുണ്ടു. മുക്കുറ്റി അതിന്റെ ഒരു വകഭേദമാകുന്നു. മൂലത്തിലെ "സമംഗാ" പദത്തിനു മല്ലനാഥൻ ലജ്ജാലു എന്നർത്ഥം പറഞ്ഞിട്ടുണ്ടു്. തൊട്ടാൽ വാടുന്ന സ്വഭാവമുള്ളതുകൊണ്ടാകാം ഇതിനു ലജ്ജാലു എന്ന പേരുണ്ടായതു്. ഗുജറാത്തിൽ പൊന്തി നിൽക്കുന്ന പൂമൊട്ടുകളോടുകൂടിയ ചെറിയ ഒരു തരം മുക്കുറ്റിക്കു് ആ പേർ ചേർന്നിരിക്കുന്നുണ്ടു്. മുള്ളുള്ള തൊട്ടാവാടിക്കു് "ലജ്ജാവതി" എന്നു പ്രത്യേകം പേർ കാണുന്നുമുണ്ടു്. ഈ രണ്ടിനേയും തൊട്ടാവാടിയെന്നുതന്നെ ചില ദിക്കുകാർ പറയുന്നു. സമംഗാപദത്തിനു പാടലീവൃക്ഷമെന്നും അർത്ഥമുണ്ടു്.

ലോ ധ്രുശാമ്പരുലോ ത്രുപലാശനന്നീവൃക്ഷപ്പട്ടകസരാണി ചേത്രി.

(പ). ഗണ്ണോ പ്രിയംഗ്വാദ്യാദി പകപാതീസാരനാശനാനു
സന്ധാനീയോ ഹിതശ്ച പിത്തേ വ്രണാനാഞ്ചോപി രോപണോ.

(ഗ). ന്യഗ്രോധോദുമ്പരാശ്വത്ഥപ്ലക്ഷമധുകകപീതനകകുഭാത്ര കോശാമ്രചമ്പകപത്രജംബ്വാടരോപ്രിയാപ്രമധുകരോഹിണീവഞ്ജുളകദം ബബദരേ തിന്ദുകീസപ്തപർണികിലാധ്രുശാമ്പരുലോത്രുല്ലോതകപലാശാ നന്ദീ വൃക്ഷശ്ചേതി.

(പ). ന്യഗ്രോധാദിർഗ്ഗണോ വ്രണ്യ: സംഗ്രാഹി ശോസാധകശ്ച രക്തപിത്തഹരോ മാഹശ്ലേഷ്മോല്ലേ ശ്യാനിദോഷാംശ്ച. 23

(ഗ). ഗ്രന്ഥിചീനിംബചന്ദനാഗുരുപത്രകാനാനി പട്ടകേചേതി.

(പ). ഏഷ സപ്തജ്വരാൻ ഹന്തി ഗ്രന്ഥ്യാദിസ്ഫോടിപനാ
ഹൃല്പ്ലീഹാരോചകവമീപിപാസാരോചനാശനാ. 24

നം), താമരസകസരം ഇവ അംബഷ്ഠാദിഗണമാകുന്നു. "മേൽപറഞ്ഞ പ്രിയംഗ്വാദിഗണവും അംബഷ്ഠാദിഗണവും പകപാതിസാരത്തെ നശിപ്പിക്കും. മുറിക്കുന്നതിന്നുള്ള ശക്തി ഈ ഗണങ്ങൾക്കുണ്ട്. ഇവ പിത്തത്തിന്നു നല്ലതുകളും വ്രണങ്ങൾക്ക് ഒന്നൊന്നായുള്ളതാകുന്നു." 22

(24). പേരാൽ, ഇത്തി, അരയാൽ, ഇത്തി, ഏിരട്ടിമധുരം, അശ്വത്ഥം, നിർമ്മരുത്, മാവ്, കുങ്കുമാവ്, അടവിക്കടമ്പാലം (അരക്കുമരമെന്ന ഭാഷാന്തരം), ഞാറ, ഞാവൽ, മുരാ, ഇരിപ്പ, കടുക്കരോഹിണി (ചെറകുമിഴഞ്ഞം), ആറാവഞ്ഞി (അശോകമെന്നും), കടമ്പ്, ലന്ത, പനച്ചി, ഈന്തൽ, പാലച്ചാറി, വെള്ളത്തപാലച്ചാറി, ചേങ്ങ്, പ്ലാങ്ങ്, ചിറാരയാല് "ഈ മരുന്നുകൾ ന്യഗ്രോധാദിഗണമെന്ന പേരാകുന്നു. ഇതു വ്രണത്തിന്നു നന്ന്. ഇതു മലബന്ധമുണ്ടാക്കുന്നതാകുന്നു. മുറി കൂട്ടുന്നതിന്നും നല്ലതാണ്. രക്തപിത്തം, ദാഹം, മേദസ്സ്, ശ്ലേഷ്മം, ഇവയെ ഈ ഗണം നശിപ്പിക്കയും ചെയ്യും". 23

(25). ചിറാമൃത്, വേപ്പ്, കൊത്തമ്പാലരി, രക്തചന്ദനം, പതിമുകം "ഈ മരുന്നുകൾ ഗ്രന്ഥ്യാദി ഗണമാകുന്നു. ഇതു് എല്ലാ ജ്വരങ്ങളെയും നശിപ്പിക്കും. ഇതിന്നു ഛർദ്ദിപ്പിക്കാനുള്ള ശക്തിയുണ്ട്. ഇതു നെഞ്ചുകലിപ്പ്, അരോചകം, ചൂർദ്ദി, ശ്വാസംദാഹം, മൂട്ടുനീരൽ എന്നിവയെ ശമിപ്പിക്കയും ചെയ്യും". 24

(ഗ). ഉൽപലരക്തോൽപലകുമുദസൌഗന്ധികകുവലയപുണ്ഡരീകാണി മധുകഞ്ചേതി.

(ഘ). ഉൽപലാദിരയം ദാഹപിത്തരക്തവിനാശനഃ
പിപാസാവിഷഹൃദ്രോഗച്ഛർദ്ദിമൂർച്ഛാഹരോ ഗണഃ. 25

(ഗ). മസൂഹരിദ്രാദാരുഹരിദ്രാഹരീതക്യാമലകവിഭീതകകൃഷ്ണൈഹേമവതീവചാപാഠാകടുരോഹിണീശാർങ്ഗ്ഷ്ടാതിവിഷാദ്വിവിഡിഭ്ലാതകാനിചിത്രകഞ്ചേതി.

(ഘ). ഏഷ മസൂദികോ നാമ്നാ ഗണഃ ശ്ലേഷ്മനിഷൂദനഃ
യോനിദോഷഹരഃ സൂന്യശോധനഃ പാചനസ്മൃതാ. 26

(ഗ). ഹരീതക്യാമലകവിഭീതകാനി ത്രിഫലാ.

(ഘ). ത്രിഫലാ കഫപിത്തഘ്നീ മേഹകൃഷ്ണവിനാശനീ
ചക്ഷുഷ്യാ ദീപനീ ചൈവ വിഷമജ്വരനാശനീ. 27

(ഗ). പിപ്പലീമരിചശ്യംഗവേരാണി ത്രികടുകമ്.

---

(26). നീലത്താമര, ചെന്താമര, ആമ്പൽ, സൌഗന്ധികം, കരുത്ത ആമ്പൽ, വെള്ളത്താമര, ഇരട്ടിമധുരം "ഇവ ഉൽപലാദിഗണമാകുന്നു. ഇതു ചുട്ടനീറലിനേയും പിത്തത്തേയും രക്തദോഷത്തേയും നശിപ്പിക്കും; വെള്ളംദാഹം, വിഷം, ഹൃദയരോഗം, ഛർദ്ദി, മോഹാലസ്യം ഇവയെ ശമിപ്പിക്കയും ചെയ്യും". 25

(27). മുത്തങ്ങ, മഞ്ഞൾ, മരമഞ്ഞൾ, കടുക്ക, നെല്ലിക്ക, താന്നിക്ക, കൊട്ടം, വെൺവയമ്പ്, വയമ്പ്, പാടക്കിഴങ്ങ്, കടുകരോഹിണി, വലിയ ഉങ്ങ് (കരഞ്ഞാളിയരം), ആതിവിടയം, ചിറ്റേലം, ചേർങ്കൊ, കൊട്ടുവേലി "ഇവ മസൂദിഗണമാകുന്നു. ഇതുകഫത്തെ നശിപ്പിക്കും; യോനിദോഷത്തെക്കളയും; മുലപ്പാലിനെ ശുദ്ധിവരുത്തും; പാചനശക്തിയുള്ളതുമാകുന്നു". 26

(28). കടുക്ക, നെല്ലിക്ക, താന്നിക്ക എന്നിവക്കു 'ത്രിഫല' എന്നു പേരാകുന്നു. "ഈ ത്രിഫലാഗണം കഫപിത്തങ്ങളേയും പ്രമേഹം, കൃഷ്ണം, വിഷമജ്വരം എന്നിവയേയും കളയും; കണ്ണിനു നന്നു; ദീപനമുണ്ടാക്കയും ചെയ്യും". 27

(29). തിപ്പലി, കുരുമുളക്, ചുക്ക് ഇതിനു 'ത്രികടു' എന്നു പേരാകുന്നു. "ത്ര്യൂഷണമെന്നു മിതിനു പേരുണ്ട്. ഈ ഗണം കഫത്തെ

(പ). ശ്ലൈഷ്മണം കഫമേദോഘ്നം മേഹകുഷ്ഠപ്രശാമയാൻ
നിഹന്ത്യാദ്ദീപനം ഗ്രല്ലപീനസാഗ്ന്യപ്രതാമപി. 23
(ഗ). ആമലകീഹരീതകീപിപ്പല്യശ്ശിത്രകശ്ശ്വേതി.
(പ). ആമലക്യാദിരിത്യേഷ ഗണഃ സവ്വ്രജ്വരാപഹഃ
ചക്ഷുഷ്യോ ദീപനോ വൃഷ്യഃ കഫാരോചകനാശനഃ. 29
(ഗ). ശ്രപുസീസതാമ്രരജതക്ഷുല്ലോഹസുവർണ്ണാനി ലോഹമല ശ്ശേതി.
(പ). ഗണസ്ത്രപുപാദിരിത്യേഷ ഗരക്രിമിഹരഃ പരഃ
പിപാസാവിഷഹൃദ്രോഗപാണ്ഡുമേഹഹരസ്മൃതഃ. 30
(ഗ). ലാക്ഷാരേവതകുടജാശ്മാരകടീഫലഹരിദ്രാദ്വയനിംബ സപ്തച്ഛദമോലത്യസ്സ്രായമാണാ ചേതി.
(പ). കഷായതിക്തമധുരഃ കഫപിത്താത്തിനാശനഃ
കൃമിഹരശ്ചൈവ ദുഷ്ടവ്രണവിശോധനഃ. 31

യും മേദസ്സിനേയും നശിപ്പിക്കും; പ്രമേഹം, കുഷ്ഠം, ത്വഗ്രോഗങ്ങൾ, ശ്ലീപദം, പീനസം, അഗ്നിമാന്ദ്യം എന്നിവയെ ശമിപ്പിക്കും. ദീപനശക്തിയുള്ളതുമാകുന്നു". 28

(30). നെല്ലിക്ക, കടുക്ക, തിപ്പലി, കൊടുവേലി "ഇത് ആമലക്യാദിഗണമാകുന്നു. സവ്വ്രജ്വരത്തേയും ഇത് ശമിപ്പിക്കും; കണ്ണിന്നനന്ദം; ദീപനവും ശുക്ലത്തെ വർദ്ധിപ്പിക്കുന്നതുമാകുന്നു; കഫത്തേയും അരോചകത്തേയും നശിപ്പിക്കയും ചെയ്യും". 29

(31). വംഗം, നാഗം, ചെമ്പ്, വെള്ളി, ഉരുക്ക് (അയസ്സാന്നമെന്നും), സ്വർണ്ണം, ഇരിമ്പിൻകീടം "ഇവക്ക ശ്രപുപാദിഗണമെന്ന പേരാകുന്നു. ഇത് കൈവിഷം, കൃമി, വെള്ളാരോഹം, വിഷം, പൂതിയരോഗം, പാണ്ഡുരോഗം, പ്രമേഹം ഇവയെ നശിപ്പിക്കും". 30

(32). അരക്ക്, കൊന്ന, കുടകപ്പാല, കണവീരം (അലരി), കുമിഴ്, മഞ്ഞൾ, മരമഞ്ഞൾ, ചേവ്, ഏഴിലമ്പാല, പിച്ചകം, ബ്രഹ്മി... ഇവക്ക ലാക്ഷാദിഗണമെന്നാണ് പേർ. "ഇത് ചവർപ്പ്, കയ്പ്, മധുരം എന്നീ രസങ്ങളുള്ളതും കഫപിത്തരോഗങ്ങളെ നശിപ്പിക്കുന്നതും ആകുന്നു. കുഷ്ഠത്തേയും കൃമിയേയും കളയും. ദുഷ്ടവ്രണത്തെ ശുദ്ധിവരുത്തുകയും ചെയ്യും". 31

(ഗ). പഞ്ച പഞ്ചമൂലാന്യത ഊർദ്ധ്വം വക്ഷ്യാമഃ. തത്ര ത്രികണ്ട കബൃഹതീദ്വയപൃഥക്പർണ്ണ്യാ വിദാരിഗന്ധാ ചേതി കനിയഃ.

(പ). കഷായതിക്തമധുരം കനിയഃ പഞ്ചമൂലകമ്
വാതഘ്നം പിത്തശമനം ബൃംഹണം ബലവർദ്ധനമ്. 32

(ഗ). വില്വാഗ്നിമന്ഥശ്യോനാകപാടലാകാഷ്ഠശ്ചേതി മഹൽ.

(പ). സതിക്തം കഫവാതഘ്നം പാകേ ലഘ്വഗ്നിദീപനമ്
മധുരാനുരസം ചൈവ പഞ്ചമൂലം മഹൽ സ്മൃതമ്. 33

(ഗ). അസ്യയാവ്ട്ശമൂലമുച്യതേ.

(പ). ഗണഃ ശ്വാസഹരോ ഹ്യേഷ കഫപിത്താനിലാപഹഃ
ആമസ്യ പാചനശ്ചൈവ സർവ്വജ്വരവിനാശനഃ. 34

(ഗ). വിദാരീശാരിവൊരജനീദ്വയചിത്രകശ്ചേതി വല്ലി

ഇനിമേൽ അഞ്ചുകൂട്ടം പഞ്ചമൂലങ്ങളെ പറവാൻ പോകുന്നു:—

(33). ചെറുവഴുതിന, വെൾവഴുതിന (കണ്ടങ്കത്തിരി), ഓരില, മുച്ചില ഇവകളെ പൊരിയ പഞ്ചമൂലമെന്നു പേരാകുന്നു. "ഇത് ചവർപ്പ്, കയ്പ്പ്, മധുരം ഇന്നീ രസങ്ങളുള്ളതാകുന്നു. വാതത്തെ നശിപ്പിക്കും. പിത്തത്തെ ശമിപ്പിക്കും. ദേഹത്തിന്നു പുഷ്ടിയും ബലവുമുണ്ടാക്കും". 32

(34). വിലവം, കറിമുഞ്ഞ, പലകപ്പയ്യാനി, പാതിരി, കുമിഴ് ഇതു വലിയ പഞ്ചമൂലമാകുന്നു. "ഇതു കയ്പ്പുരസമുള്ളതും കഫവാതങ്ങളെ ഇല്ലാതാക്കുന്നതും തന്നാകുന്നു; പാകരതിക്കൽ ലഘുവായും അഗ്നിയെ വർദ്ധിപ്പിക്കുന്നതായും ഇരിക്കുന്നു. ഇതിൽ അവ്യക്തമായി മധുരരസം കൂടിയുണ്ടായിരിക്കും". 33

മേൽപറഞ്ഞ രണ്ടുഗണത്തിനും കൂടി ദശമൂലമെന്നു പേർ പറയപ്പെടുന്നു. "ദശമൂലം ശ്വാസത്തെ കളയും; കഫം, പിത്തം, വാതം ഇവയെ ശമിപ്പിക്കും; ആമദോഷത്തെ പചിപ്പിക്കും; സർവ്വജ്വരത്തെയും കളകയും ചെയ്യും". 34

(35). മുത്തുക്കിൻകിഴങ്ങ്, നന്നാറി, മഞ്ഞൾ, ചിറാമുട്ട്, ആട്ടുകൊട്ടപ്പാല (കക്കടശ്ശാംഗിയെന്നും) ഈ മരുന്നുകൾക്ക് വല്ലീപഞ്ചമൂലമെന്നു പേരാകുന്നു.

(36). പെരുംക്കാവു്, ഞെരിഞ്ഞിൽ, മുൾങ്കുറുഞ്ഞി, ശതാവരി,

സംജ്ഞാ. കരഭത്രികണ്ടകാനന്തരീയകശതാവരീഗുഡൂചീനാമ്നീ ഇതി കണ്ടകസംജ്ഞാ.

(ച). രക്തപിത്താഹരൗ ദ്വൗതൗ ശോഫത്രയവിനാശനൗ
സപ്തോപഹാരൗ ചൈവ ദ്വൗ തൃഷ്ണാദോഷവിനാശനൗ. 35
(ഗ). കുശകാശനലേക്ഷുകാടബന്ധക്ഷുകാ ഇതി തൃണസംജ്ഞകാഃ.

(ച). മൂത്രദോഷവികാരഞ്ച രക്തപിത്തം തഥൈവ ച
തരുണ്യാഃ പ്രസൂകായാഃ ക്ഷീരേണ ശീഘ്രമേവ വിനാശയേൽ. 36
ഖിഗ്ധാം വാതഹരാമാദ്യാമന്ത്യാം പിത്തവിനാശനാം
പഞ്ചകൗ ദ്വൗ ത്രയശ്ചാമനാവിനാശൗ പരികീർത്തിതൗ. 37
സമാനേന ഗണാ വ്യേതേ പ്രോക്താസ്ത്വിക്ഷ്വാകവോ വിസൂരേ
ചികിത്സിതേഷു വക്ഷ്യാമി ജ്ഞാത്വാ ദോഷബലാബലം. 38
ഖിദ്യേദ്ദീപ്പാൻ കഷായാംശ്ച തൈലം സർപ്പിശ്ച പാനകാൻ

ഗുഡൂചി (ലതാഭേദം) ഇവയെ കണ്ടകപ്രധാനമൂലമെന്നു പേരാകുന്നു.

"മേൽപറഞ്ഞ വല്ലീപഞ്ചമൂലവും കണ്ടകപഞ്ചമൂലവും കണ്ടകിത്തഴുതാകളെയും. മൂന്നുവിധം ദ്രോഹത്തെയും മില്ലുവിധം പ്രമേഹത്തെയും തൃഷ്ണാദോഷത്തെയും കേടിനെയും വാഗ്ഭടൻ ചൊല്ലുന്നു". 35

(37). കുശ, ആറകമുട്ട, വേഴംവാഴ്പ്പ് (ആമ), ഞാങ്ങണ, കരിമ്പ് ഇവ തൃണപഞ്ചമൂലമാകുന്നു. "ഒടുക്കത്തേതായ ഈ പഞ്ചമൂലം പാലിൽ പാകംചെയ്തു സേവിച്ചാൽ മൂത്രത്തിലെ കേടിനെയും മൂത്രസംബന്ധമായ രോഗങ്ങളേയും രക്തപിത്തത്തെയും വേഗത്തിൽ ശമിപ്പിക്കും. 36

മേൽപറഞ്ഞ പഞ്ചമൂലങ്ങളിൽ വെച്ച് ആദ്യം പറഞ്ഞ രണ്ടെണ്ണം (ദശമൂലം) വാതത്തെയും ഒടുവിലത്തെ ഒന്ന് (തൃണപഞ്ചമൂലം) പിത്തത്തെയും നടുവിലത്തെ രണ്ടെണ്ണം (വല്ലീപഞ്ചമൂലവും കണ്ടകപഞ്ചമൂലവും) കഫത്തെയും ശമിപ്പിക്കുന്നവയാകുന്നു. 37

ഈ വിധ്രത്തിൽ ചില ഗണങ്ങളെ പുരുക്കത്തിൽ പറയുന്നു. ഇവയെപ്പറ്റി വിസ്തരമായി ചികിത്സിതസ്ഥാനത്തിൽ പറവാൻ പോകുന്നുണ്ട്. ദോഷങ്ങളുടെയും രോഗികളുടെയും ബലാബലങ്ങളെ നല്ലവണ്ണം മനസ്സിലാക്കി, ബുദ്ധിമാനായ വൈദ്യൻ മേൽപറഞ്ഞ ഗണങ്ങളെക്കൊണ്ട് ലേപനൗഷധങ്ങളെയോ കഷായങ്ങളെയോ തൈലത്തെയോ നെയ്യുകളെയോ പാനകങ്ങൾ(കുടിനീർ, കഞ്ഞി മുതലായവ)

പ്രവിഭജ്യ യഥാന്യായം കുര്വീത മതിമാൻ ഭിഷക്. 39
സമീക്ഷ്യ ദോഷഭേദാംശ്ച ഗണാൻ ഭിന്നാൻ പ്രയോജയേൽ
പൃഥങ്മിശ്രാൻ സമസ്താൻ വാ ഗണം വാ വ്യസ്തസംഹതമ്. 40

ഇതി സുശ്രുതസംഹിതായാം സൂത്രസ്ഥാനേ ദ്രവ്യസംഗ്രഹണീയോ നാമ
അഷ്ടാത്രിംശോധ്യായഃ.

ഏകോനചത്വാരിംശോധ്യായഃ.

അഥാതഃ സംശോധനസംശമനീയമധ്യായം വ്യാഖ്യാസ്യാമഃ. 1

മദനകുടജജീമൂതകേക്ഷ്വാകുധാമാർഗ്ഗവ കൃതവേധനസഷ്ടപവിഡം
ശപിപ്പലികരഞ്ജപ്രപുന്നാഡകോവിദാരകർഭ്മുദാരാരിഷ്ടാശ്വഗന്ധാവി

ഇതിലുൾപ്പെട്ടം)ളെയെ യുക്തിപോലെ ആലോചിച്ചുണ്ടാക്കിക്കൊ
ള്ളണം. 38—39

ദോഷങ്ങളുടെ താരതമ്യങ്ങളെ നോക്കി ഓരോ ഗണങ്ങളെ വെ
വ്വേറെ എടുത്തിട്ടോ മാര ഗണങ്ങളിലുള്ള മരുന്നുകളെ കൂട്ടിക്കലൎത്തി
ട്ടോ ഒന്നിലധികം ഗണങ്ങളെ ഒന്നിച്ചു ചേൎത്തിട്ടോ ഉപയോഗിക്കാം.
ഒരു ഗണത്തിലുള്ള മരുന്നുകളെത്തന്നെ ഓരോന്നോ ഈരണ്ടോ എ
ല്ലാം കൂടിയെ എടുത്തുപയോഗിക്കുന്നതിനും വിരോധമില്ല". 40

ഇങ്ങിനെ സുശ്രുതസംഹിതയിൽ സൂത്രസ്ഥാനത്തിൽ ദ്രവ്യസംഗ്രഹണീയമെന്ന
മുപ്പത്തെട്ടാമധ്യായം കഴിഞ്ഞു.

മുപ്പത്തൊമ്പതാമധ്യായം.

ഇനി സംശോധനസംശമനീയമെന്ന അദ്ധ്യായം പറയാം:— 1

മലങ്കാര, കുടകപ്പാല, ദേവതാളി, പേച്ചുര, മഞ്ഞപ്പീച്ചിൽ, വെ
ളുത്ത പീച്ചിൽ, വെളുത്ത കടുക്, വിഴാലരി, തിപ്പലി, ഉങ്ങ്, തകര,
(പ്രപുന്നാഡം), മലയകത്തി (മന്താരമെന്നും), നറുവരി, വേപ്പ്, അമു
ക്കുരം, ആറുമവഞ്ഞി, ഉച്ചമലരി, വെളുത്ത വയണ, കിലുകിലുപ്പ, കു
ഞ്ഞള കോവ (തൊണ്ടിയെന്നും), ചുകന്ന വയണ, പൊടിയ കാട്ടുവ

ദലബന്ധുജീവകശേ ചതാശണപുഷ്പിബിംബീവപാമൃഗേവ്വാരുചിത്രാ ശ്ചത്രയുഷ്പഭാഗഹരാണി. തത്ര കോവിദാരപൂവ്വാണാം ഫലാനി. കോവിദാരദീനാം മൂലാനി. 2

ത്രിവൃതാശ്യാമാദന്തീദ്വന്തീസപ്തലാശംഖിനീവിഷാണികാഗവാക്ഷീച്ഛഗലാന്ത്രീസ്സകസുവർണ്ണക്ഷീരിചിത്രകകിണിഹികുശകാശതിലപകംപില്ലകരമ്യകപാടലാവൃഗഹരിതക്യാമലകവിഭീതകനീലിനീചതുരം ഗ്രന്ഥിപർണ്ണവൃതികമഹാവൃക്ഷസപ്തച്ഛദാക്ഷജ്യോതിഷ്മതീ ചേത്യുധോഭാഗഹരാണി.തത്ര തിലപകപൂവ്വാണാം മൂലാനി. തിലപകാദീനാം പാടലാന്തരാനാം തപചഃ. കംപില്ലകഫലരജഃ. വൃഗാദീനാമേഷ്ടണ്ഡാന്തരാനാം

ള്ളരി, വലിയ കാട്ടുവെള്ളരി എന്നീ മരുന്നുകൾ ചേർത്തുപിഴിഞ്ഞവയാകുന്നു. ഇവയിൽ മലകാരമുതൽ കോവിദാരംവരെയുള്ള മരുന്നുകളുടെ കായ്കളും കോവിദാരം മുതൽക്കുള്ള മരുന്നുകളുടെ പേരുകളുമാണ് എടുക്കേണ്ടതു്. 2

ത്രിടകാൽപ്പക്കൊന്ന, നാൽക്കോൽപ്പക്കൊന്ന (*ശ്യാമാ), നാകരാന്തി, വലിയമന്തി, ചുണ്ടലത, കീരിവള്ളി, ആട്ടകൊട്ടപ്പാല, വെള്ളത്തകാട്ടുവെള്ളരി, മരിക്കുന്നി, ചതുരക്കള്ളി, എരുമക്കള്ളി (കങ്കുമെന്നും), വെള്ളത്ത ആവണക്കു്, ചെറിയ കടലാടി (കടലി-ഒല്ലനൻ), കുശ, ആറാൽ, ചുവന്ന പാമ്പാറാടി, കമ്പിപ്പാല, കയ്യൻപടോലം, പാതിരി, കവുങ്ങു്, കടുക്ക, നെല്ലിക്ക, താന്നിക്ക, ആമരി, വൻകൊന്ന, ചുകന്ന ആവണക്കു്, ആവൽ, മുള്ളധികമുള്ള വലിയ കള്ളി, ഏഴിലമ്പാല, എരുക്കു്, ചെറുപ്പുന്ന എന്നീ മരുന്നുകൾ വിരേചനംചെയ്യാൻ ശക്തിയുള്ളവയാകുന്നു. ഈ കൂട്ടത്തിൽ ആദ്യം മുതൽ ആറാവഞ്ഞിവരെയുള്ള മരുന്നുകളുടെ പേരും ചുകന്നപാമ്പാറാടി മുതൽ പാതിരിവരെയുള്ളവയുടെ തോലും കമ്പിപ്പാലയുടെ കായിലുള്ള പൊടിയും കവുങ്ങുമുതൽ

---

* "ശ്യാമാ" ശബ്ദത്തിനു് വേരുവെളുത്ത ത്രികോൽപ്പക്കൊന്നയെന്നു ഒല്ലനനും കറുത്തവേരുള്ള കൊന്നയെന്നു ഭാഷ്യകാരനും പറഞ്ഞിരിക്കുന്നു. ഇവിടെ പ്രസിദ്ധമായ ഭാഷ നാൽക്കോൽപ്പക്കൊന്നയെന്നാകുന്നു. ഈ ഭിന്നിപ്പിൽ ഒന്നിനെയും വൃക്ഷം സുലഭവുമാണു്.

† പാമ്പാറാടിവേർതുടങ്ങിയാണെടുക്കുക പതിവു്.

ഫലാനി. വൃശ്ചികാരഗന്ധയോഃ പത്രാണി. ശേഷാണാം ക്ഷീരാണി ഇതി. 3

കോശാതകീ സപ്തലാ ശംഖിനീ ശ്വേതാളീ കാരവെല്ലികാ ചേത്യേതാ ഭാഗഹരാണി. വൃക്ഷാം സ്വരസാ ഇതി. 4

പിപ്പലീവിഡംഗാപാമാർഗ്ഗശിഗ്രുസിദ്ധാർത്ഥകശിരീഷാമരിചകരവീരണിംബപീലുകർണ്ണികാകിണിഹിവചാജ്യോതിഷ്മതീകരഞ്ജാക്കോളക്കുലത്ഥനാടീപുഷ്പാശ്മംഗവരതാലീസതമാലനുരസുരസാജ്ഞകേഗ്രുളീഭേഷജാശ്മാന്തകിംഗുസുരംഗപീലുജാതിസാലതാലഭൂകലാക്ഷാഹിംഗ്രുലവണരദ്ധഗോശകൃദ്രസമൂത്രാണീതി ശിരോവിരേചനാനി. തത്ര കരവീരപുഷ്പാണാം ഫലാനി. കരവീരാദിനാമക്കാരണാനാം മൂലാനി. താലീസപുഷ്പാണാം കന്ദാഃ. താലീസാദിനാമർജ്ജകാരണാനാം പത്രാണി. ഇംഗുദീ ഭേഷജാശ്മന്തകപുഷ്പം. പുഷ്പിംഗിസുരംഗിപീലുജാതിനാം പുഷ്പാണി. സാലതാലഭൂകാനാം സാരാഃ. ഹിംഗ്രുലാക്ഷ നിര്യ്യാസൌ. ലവണാ

ദ്രുവണങ്ങളുടെ പുഷ്പവയുടെ കായങ്ങളും ഞരുവലിന്റെയും കൊന്നയുടെയും ഇലകളും ബാകിയുള്ളവയുടെ പാലുകളുമാണ് എടുക്കേണ്ടതു്. 3

പുത്രൽചീരം, ചമ്മലത, കീരിവള്ളി, ശ്വേതാളി, കസ്തൂ എന്നിവരുടെ നാകരും, ഉമ്മത്തിയും വിരേചനവുണ്ടാക്കുന്നവയാകുന്നു. ഇവയുടെ സ്വരസം(ചാറ്) ആണെടുക്കേണ്ടതു്. 4

തിപ്പലി, വിഴാലരി, വലിയ കടലാടിയരി, ഏരിങ്ങക്കരു, കടുക്, നെല്ലിനിയാകുന്നു, കുരുട്ടുക്, കണവീരത്തിന്റെവേരു്, കാക്കരട്ടാ ങ്ങിവേരു്, മലയമൂരി (ശിവകട്ടുകി)വേരു്, ചെറിയ കടലാടിവേർ, വയന്പിൻവേർ, ചെറുപുന്നവേരു്, ഇലഞ്ഞിൻവേരു്, ഏഴിലംപാലിൻവേരു്, വെള്ളരുക്കിൻകിഴങ്ങു്, ഉള്ളി, ഞരുവിലിന്റെയും, ചുക്കു്, താലീസപത്രം, പപ്പിലി, തുളസിയില, ചെറുതുളസിയില, ഓടനത്താലി, തൊട്ടതിനാപ്പാലത്താലി, മധുരമാതളപ്പൂവു് (കാട്ടുനാരകപ്പൂവെന്നും), ചുകന്ന മരുങ്ങപ്പൂവു്, ഉകപ്പു, പിപ്പലകപ്പു, മരുതിൻ(സാല)കാതലു്, കരിമ്പന കാതരം, ഇരുപ്പകാതൽ, അരക്കു്, കായം, ഉപ്പു്, മദ്യം, പശുവിൻചാണകനീരു്, ഗോമൂത്രം എന്നീ മരുന്നുകളും ശിരോവിരേചനങ്ങ(വസ്യോപയോഗിക)ളാകുന്നു. ഇവയിൽ അരക്കും കായവും ഒരുവക പശദ്രവ്യമാകുന്നു. ഉപ്പുകളും ഭൂമിയിൽ വിളഞ്ഞുണ്ടാകുന്നവയാകുന്നു. മദ്യങ്ങളും മരു

നി പാർത്ഥിവവിശേഷാഃ. മദ്യാന്യാസവസംയോഗാഃ. ഗോമൂത്രശകൃദ
സൗ മലാവിതി. 5

സംശമനാന്യത ഊർദ്ധ്വം വക്ഷ്യാമഃ. തത്ര ഭദ്രോരുകുഷ്ഠഹരിദ്രാവ
രുണമേഷശൃംഗീബലാതിബലാത്തഗളകപ്പരാസല്ലകീകുബേരാക്ഷിവി
രതരുസഹചരാഗ്നിമന്ഥവത്സാദനൈരണ്ഡാശ്മഭേദകാളക്കാക്കശതാവ
രീപുനർന്നാവാവസുകവാസിരകാഞ്ചനഭാർഗ്ഗീകാർപ്പാസീവൃശ്ചികാലീപത്തൂര
ബദരയവദകോലകുലത്ഥപ്രഭൃതീനി വിദാരിഗന്ധാദിശ്ച ദ്വേ ചാദ്യേ പ
ഞ്ചമൂലെഽസൗ സമാസേന വാതസംശമനോ വർഗ്ഗഃ. 6

ചന്ദനകുചന്ദനഹ്രീബേരശീരമഞ്ജിഷ്ഠോപയസ്യാവിദാരീശതാ —

ന്നകളിട്ടു പുളിപ്പിച്ചുണ്ടാക്കുന്ന ആസവജാതികളാകുന്നു. പശുവിൻ മൂത്രവും മലവും മലപദാർത്ഥങ്ങളാകുന്നു. 5

ഇനിമേൽ സംശമനങ്ങളായ മരുന്നുകളുടെ ഗണങ്ങളെ പറവാൻ പോകുന്നു:—

ദേവദാരം, കൊട്ടം, മഞ്ഞൾ, നീർമാതളം, ആട്ടകൊട്ടപ്പാല (കക്കടശൃംഗിയെന്നും), കുറുന്തോട്ടി, വങ്കുറുന്തോട്ടി, കരിങ്കുറിഞ്ഞി (മരുതെന്നും), നാഗപ്പാറണ, ഈന്തൽ, പാതിരി, നീർമരുത്, മഞ്ഞക്കുറിഞ്ഞി, കറിമുഞ്ഞ, ചിറാമുത്ത്, ആവണക്ക്, കല്പൂർവഞ്ഞി, വെള്ളരുക്ക്, ചുകന്നൊരുക്ക്, ശരപ്പാവർ, തവിഴാമ, കൊക്കുമന്താരം (വസുക), തൊഴുകണ്ണി (*വസിര), ഉമ്മത്ത്, ചെറുതേക്ക്, പരുത്തി, തേൾക്കടവേർ, രക്തചന്ദനം, ചെറിയ ലന്ത, യവം, വലിയ ലന്ത (കോലം), മുതിര എന്നിവ †തുടങ്ങിയുള്ള മരുന്നുകളും മുമ്പത്തെ അദ്ധ്യായത്തിൽ പറഞ്ഞിട്ടുള്ള വിദാരിഗന്ധാദിഗണവും ദശമൂലവും ‡പൊതുവിൽ വാതത്തെ ശമിപ്പിക്കുന്നവയാകുന്നു. 6

ചന്ദനം, രക്തചന്ദനം, ഇരുവേലി, രാമച്ചം, മഞ്ചട്ടി, ക്ഷീരകാകോളി, മുതക്ക്, ശതാവരി, കഴിമുത്തങ്ങ, കർപ്പാസ്യൽ (ഐശവല),

---

* ഈ കറിയുപ്പ(സാമുദ്രലവണം)ത്തെന്നു ഭോജ്യത്തിൽ കാണുന്നു. കടലാടിയെന്നും പക്ഷമുണ്ട്.

† തുടങ്ങിയ എന്നു പറഞ്ഞതുകൊണ്ട് ഉഴുന്ന്, പുള്ള്, അഗത്തിക്കായ മുതലായി ഇവിടെ പറഞ്ഞുപ്പെടാത്ത വില മരുന്നുകളും വാതശമനങ്ങളാകുന്നു എന്നു ഗ്രഹിക്കണം.

‡ വിസൂചികയാണെങ്കിൽ ഭൂമി, ജലം, അഗ്നി എന്നീ ഭൂതങ്ങളുടെ ധർമ്മങ്ങളുള്ള എല്ലാ ദ്രവ്യങ്ങളും വാതാമയങ്ങളിലെന്നപോലെ പറയേണ്ടതാകുന്നു.

വഠീഹ്രസ്വാദ്യശൈവലകൽഹാരകുമുദോൽപലകട്ടേകംദളീദ്വ്യാമുവ്യാപ്രഭൃതിനി കാകോല്യാദിഃ ശാരിബ്രാദിരഞ്ജനാദിരുൽപലാദ ന്യഗ്രോധാദിസ്തണപഞ്ചമൂലമിതി സമാസേന പിത്തസംശമനോ വർഗ്ഗഃ. 7

കാലേയകാഗരുതിലപർണ്ണികുഷ്ഠഹരിദ്രാശീതശിവശതപുഷ്പാസരളാരമസ്തപ്രകീര്യ്യാരകേയ്യംഗ്രുദിസുമനഃകാകാദനീലാംഗലകീഹസ്തികർണ്ണമുണ്ഡാതകലാമജ്ജകപ്രഭൃതിനി വല്ലികണ്ടകപഞ്ചമൂല്യൗ പിപ്പല്യാദിർബ്ബൃഹത്യാദിർമ്മുഷ്കകാദിർവ്വചാദിഃ സുരസാദിരാരഗ്വധാദിരിതി സമാസേന ശ്ലേഷ്മസംശമനോ വർഗ്ഗഃ. 8

തത്ര സർവ്വാണ്യൗഷധാനി വ്യാധ്യഗ്നിപുരുഷബലാന്യഭിസമീക്ഷ്യ കാലൗഷധദേശാൻ സമ്യഗുപയുഞ്ജാനസ്യ പ്രകൃതിഭൂതാനാമപി വികാരാണാം പ്രശമനായ പ്രയോഗോ ഭവതി. തദ്യഥാ—ശീതേ ശീതപ്രശമനാനാമുഷ്ണേ ചോഷ്ണപ്രശമനാനാം. 9

സൗഗന്ധികം (രക്തോൽപലം), ആമ്രവൽ, നീലത്താമര, കട്ടില്ലി, താമരക്കരു, കറുക, പെരുങ്കുരുമ്പ എന്നിവ *തുടങ്ങിയ മരുന്നുകളും കാകോല്യാദിഗണവും ശാരിബ്രാദിഗണവും അഞ്ജനാദിഗണവും ഉൽപലാദിഗണവും ന്യഗ്രോധാദിഗണവും തൃണപഞ്ചമൂലവും §പൊതുവിൽ പിത്തത്തെ ശമിപ്പിക്കുന്നവയാകുന്നു. 7

പീതചന്ദനം, അകിൽ, രക്തചന്ദനം (തിലപർണ്ണി), കൊട്ടം, മഞ്ഞൾ, കർപ്പൂരം (ഇന്തുപ്പെന്നും), ശതകുപ്പ, ചരളം (തിരുകോൽപ്പൂക്കൊന്നയെന്നും), അരത്ത, ഉങ്ങ്, ആവൽ, ഓടമരം, പിച്ചകം, കുന്നി, മേത്തോന്നി, ചുവന്ന ആവണക്ക്, മുഞ്ഞപ്പുല്ല്, രാമച്ചം എന്നിവ §തുടങ്ങിയ മരുന്നുകളും വല്ലീപഞ്ചമൂലവും കണ്ടകപഞ്ചമൂലവും പിപ്പല്യാദിഗണവും ബൃഹത്യാദിഗണവും മുഷ്കകാദിഗണവും വചാദിഗണവും സുരസാദിഗണവും ആരഗ്വധാദിഗണവും പൊതുവിൽ കഫത്തെ ശമിപ്പിക്കുന്ന മരുന്നുകളാകുന്നു. 8

മേൽപറഞ്ഞ ശോധനങ്ങളും ശമനങ്ങളുമായ ഔഷധവർഗ്ഗങ്ങളി

---

* മധുരം, കയ്പ്, ചവർപ്പ് എന്നീ രസങ്ങളുള്ള മറ്റുള്ള മരുന്നുകളും ഈ കൂട്ടത്തിൽ പെടുന്നു.

§ ആകാശം, ഭൂമി, ജലം, വായു എന്നീ ഭൂതങ്ങളുടെ ധർമ്മങ്ങളോടുകൂടിയ ദ്രവ്യങ്ങളും പിത്തശമനങ്ങളാകുന്നു.

§ ഈ കൂട്ടത്തിൽ പറയാത്ത കടുകിരുകഷായദ്രവ്യങ്ങളും മിക്കതും കഫശമനങ്ങളെന്നറിയണം. അഗ്നി, വായു, ആകാശം എന്നീ ഭൂതങ്ങളുടെ സ്വഭാവങ്ങളുള്ള ദ്രവ്യങ്ങളും മിക്കതും കഫശമനങ്ങൾ തന്നെ.

മീക്ഷ്യ വിദ്ധ്യാൽ. തത്ര വ്യാധിബലാദധികമൌഷധമുപയുക്തം തമുപ
ശമയ്യ വ്യാധിം വ്യാധിമന്യമാവഹതി. അഗ്നിബലാദധികമജീർണ്ണം
വിഷ്ടഭ്യ വാ പച്യതേ. പുരുഷബലാദധികം ശ്ലാനിമൂർച്ഛാമദാനാവഹ
തി സംശമനമ്. ഏവം സംശോധനമതിപാതയതി. ഹീനമേഭ്യോ ഒ
ത്തമകിഞ്ചിൽകരം ഭവതി. തസ്മാൽ സമമേവ വിദ്ധ്യാൽ. 9

ഭവന്തി ചാത്ര — (പ).

രോഗ ശോധന സാധ്യേ തു യോ ഭവേദ്ദോഷ്ടുർബ്ബലഃ
തസ്മൈ ദദ്യാദ്ഭിഷക് പ്രാജ്ഞോ ദോഷപ്രച്യാവനം മൃദു

ലുള്ള എല്ലാമരുന്നുകളും വ്യാധിയുടേയും ജഠരാഗ്നിയുടേയും രോഗിയുടേ
യും ബലങ്ങളെ നോക്കീട്ട് ഔചിത്യംപോലെ എടുത്തുപയോഗിക്കേ
ണ്ടതാണ്. എന്തുകൊണ്ടെന്നാൽ വ്യാധിയുടെ ബലത്തിനു വേണ്ട
തിലധികം മരുന്നുകളുപയോഗിച്ചാൽ ആ ഔഷധങ്ങൾ വ്യാധിയെ ശ
മിപ്പിച്ചതിനുശേഷം വേറെ വല്ല വ്യാധിയേയും ഉണ്ടാക്കിത്തീർക്കയും
ചെയ്യും.

ജഠരാഗ്നിബലത്തിനു പാടിയ വിധത്തിലല്ലാതെ അതിലധികമാ
യി മരുന്നുകളുപയോഗിച്ചാൽ ആ മരുന്നുകൾ അജീർണ്ണത ഉണ്ടാക്ക
കയോ വിഷ്ടംഭമുണ്ടാക്കിക്കൊണ്ട് ഛർദ്ദിക്കയോ ചെയ്യും.

രോഗിയുടെ ദേഹബലത്തിനു പാടാത്തവിധം അധികമായി ശ
മനൌഷധങ്ങളുപയോഗിച്ചാൽ ആ മരുന്നുകൾ ദേഹത്തിനു തളർച്ച
യേയും മോഹാലസ്യത്തേയും ബുദ്ധിഭ്രമത്തേയും ഉണ്ടാക്കിത്തീർക്കും.
ഈ സംഗതി സംശമനങ്ങളായ ഔഷധങ്ങൾക്കു മാത്രമല്ല ഉള്ളതു്.
ശോധനൌഷധങ്ങളും മേൽപറഞ്ഞ വിധം രോഗാദിബലം നോക്കാ
തെ ക്രമത്തിലധികമായുപയോഗിച്ചാൽ അനർത്ഥകരമായിത്തീരുന്നതാ
ണ്. ഇപ്രകാരം തന്നെ വ്യാധിയുടേയും മാറേണ്ട ബലത്തിനു വേണ്ടുന്ന
തോളം മാത്രയിലല്ലാതെ അല്പമായി ഔഷധമുപയോഗിച്ചാൽ അതു
ഫലമില്ലാതെ പോകുന്നതാകുന്നു. അതുകൊണ്ട് ഉപയോഗിക്കുന്ന മ
രുന്നുകൾ വ്യാധിരോഗികളുടെ ബലത്തിനനുസരിച്ചും കൂടുതൽ കു
റവുകളില്ലാതെ സമമായ വിധത്തിലുമായിരിക്കേണ്ടതാകുന്നു. 9

"വാതാദിദോഷങ്ങൾ നിമിത്തം ദേഹത്തിനു ബലക്ഷയം സംഭ
വിച്ചിട്ടുള്ളവർക്ക് ശോധനം ചെയ്യുമ്പോൾ രോഗമുണ്ടായിരുന്നു

ചലദോഷേ മൃദൗ കോഷ്ഠേ നേക്ഷതാത്ര ബലം നൃണാമ്
അവ്യാധിദുർബ്ബലസ്യാപി ശോധനം ഹി തതോ ഭവേൽ. 10

സ്വയംപ്രവൃത്തദോഷസ്യ മൃദുകോഷ്ഠസ്യ ശോധനമ്
ഭവേദ്ദുർബ്ബലസ്യാപി പ്രയുക്തം വ്യാധിനാശനമ്. 11

വ്യാധ്യാദിഷു ത്രിമധ്യേഷു കഷായസ്യാഞ്ജലിരിഷ്യതേ
വിഡ്വാലപടകം ത്വക്ഷം ഭേയട് കല്പോക്ഷസമ്മിതം. 12

ഇതി സുശ്രുതസംഹിതായാം സൂത്രസ്ഥാനേ
സംശോധനസംശമനീയോ നാമൈകോനത്രിംശോധ്യായഃ.

യാൽ ബുദ്ധിമാനായ വൈദ്യൻ ആ രോഗിക്ക് അല്പവീര്യമായ മരുന്നിനെ അല്പമാത്രയിൽ കൊടുത്തു മൃദുവായി ദോഷത്തെ ഇളക്കിക്കളയണം. ദോഷങ്ങൾ ഇളകിവശായിരിക്കയും കോഷ്ഠം മൃദുവായിരിക്കയും ചെയ്തിട്ടുള്ള രോഗിയെ സംബന്ധിച്ചേടത്തോളം ഈ കാര്യത്തിൽ ദേഹബലം നോക്കേണ്ടതില്ല. വ്യാധിയൊന്നുമില്ലാതെ (ഉപവാസാദിനിമിത്തം) ദുർബ്ബലന്മാരായിരിക്കുന്നവർക്കുപോലും ദോഷങ്ങളിളകി വയറു മൃദുവായിരിക്കുന്ന സമയത്തു് *ശോധനക്രിയ ചെയ്യുന്നതു നല്ലതാകുന്നു. 10

താനേതന്നെ ദോഷങ്ങൾ സ്ഥാനത്തുനിന്നിളകിയിരിക്കുന്ന മൃദുകോഷ്ഠന്മാർ ബലം കുറഞ്ഞവരായിരുന്നാലും അവർക്കു ശോധനക്രിയ ചെയ്യാൽ അതുകൊണ്ടു വ്യാധി നശിച്ചുപോകുന്നതാണു്. 11

വ്യാധി, ജ്വരാഗ്നി, ദോഷം എന്നിവയ്ക്കു ബലം ഒരു മധ്യമാവസ്ഥയിലിരിക്കുന്നുണ്ടെന്നു കണ്ടാൽ ശോധനം ചെയ്യുവാനുള്ള കഷായം (സ്വരസമൊഴിച്ചു്) നാലുപല (ഒരു അഞ്ജലി)വും പൊടി രണ്ടു പലവും (വിഡ്വാലപടകം) അരച്ചുണ്ടാക്കിയ മരുന്നു രണ്ടു പലവും (അക്ഷം) കൊടുക്കേണ്ടതാകുന്നു". 12

ഇപ്രകാരം സുശ്രുതസംഹിതയിൽ സൂത്രസ്ഥാനത്തിൽ
സംശോധനസംശമനീയമെന്ന
മുപ്പത്തൊമ്പതാമധ്യായം കഴിഞ്ഞു.

---

* "അവ്യാധിർദുർബ്ബലസ്യാപി" എന്നാണിവിടെ മൂലം. 'ലംഘനം മുതലായ ക്രിയകൊണ്ടു ബലം കുറഞ്ഞുപോയവർ' എന്നു് അതിനു പിൽ വ്യാഖ്യാനിക്കുന്നു.

† ഇളകാതുള്ള വ്യാധിക്കും മാത്രം, ബലാധികമാണെങ്കിൽ ഈ കണക്കു കുറേക്കൂടി അധികരിപ്പിക്കാമെന്നും ബലം കുറഞ്ഞതാണെങ്കിൽ കുറയ്ക്കേണ്ടതാണെന്നും വസ്തി, നസ്യം മുതലായതിനുള്ള മാത്രാപ്രമാണം വേറെ വിവരിക്കപ്പെടുന്നതാണെന്നും ഊഹിക്കണം.

ചതുർദ്ദശാധ്യായം.

അഥാതോ ദ്രവ്യാദിഗുണവീര്യവിപാകവിജ്ഞാനീയമധ്യായം വ്യാഖ്യാസ്യാമഃ. 1

കേചിദാചാര്യാ ബ്രുവതേ ദ്രവ്യം പ്രധാനമ്. കസ്മാൽ? വ്യവസ്ഥിതത്വാൽ, ഇഹ ഖലു ദ്രവ്യം വ്യവസ്ഥിതം ന രസാദയോ യഥാത്മ ഫലേഷ്വേ രസാദ്യസ്യോപകേപ ന സന്തി. നിത്യത്വാച്ച, നിത്യം ഹി ദ്രവ്യമനിത്യാ ഗുണാ യഥാ കല്ക്കാദിപ്രവിഭാഗഃ, സ ഖ്വിവ സംപന്നരസഗന്ധാ വ്യാപന്നരസഗന്ധാ വാ ഭവതി. 2

സജാത്യവസ്ഥാനാച്ച, യഥാ ഹി പാർത്ഥിവം ദ്രവ്യമന്യഭാവം ന

നാൽപ്പതാമധ്യായം.

ഇനി ദ്രവ്യാദിഗുണവീര്യവിപാകവിജ്ഞാനീയമെന്ന അധ്യായം പായാം:— 1

ചില തദ്വേദികൾ രസാദിഗുണവീര്യാദികളേക്കാൾ പ്രധാനമായ വസ്തു ദ്രവ്യ(ദ്രവ്യ)മാണെന്നഭിപ്രായപ്പെടുന്നു. അവർ അതിനു, താഴെ പറയുന്ന കാരണങ്ങളെ പറയുന്നുണ്ട്.

(1) ദ്രവ്യം എപ്പോഴും ഒരു വ്യവസ്ഥയോടുകൂടിയിരിക്കുന്നു. രസം വീര്യം മുതലായവയ്ക്ക് അപ്രകാരമുള്ള ഒരു വ്യവസ്ഥ ഉണ്ടായിക്കാണുന്നില്ല. പച്ചയായിരിക്കുമ്പോൾ ഒരു കായയിൽ ഉണ്ടായിക്കാണുന്ന രസം മുതലായതു് പഴുത്താൽ കാണുന്നില്ലല്ലോ.

(2) ദ്രവ്യം നിത്യമാകുന്നു. ദ്രവ്യത്തിനുള്ള ഗുണങ്ങൾക്കു് എപ്പോഴും വ്യത്യാസം സംഭവിക്കുന്നതുകൊണ്ടു് അവ നിത്യങ്ങളല്ല. ഒരു ദ്രവ്യത്തെത്തന്നെ അരച്ചുണ്ടാക്കുകയോ വേവിക്കുകയോ മറ്റൊ ചെയ്യുമ്പോൾ അതിന്റെ ഗുണങ്ങൾക്കു വ്യത്യാസം വന്നുകാണുന്നുണ്ടല്ലോ. ദ്രവ്യത്തിനു രസം, ഗന്ധം മുതലായതു് ആ വക പാകഭേദങ്ങളും നിമിത്തം നശിച്ചുപോകയോ പുതുതായി ഉണ്ടാകയോ ചെയ്യുന്നതുമുണ്ടു്. (എന്നാൽ ദ്രവ്യംമാത്രം മാറാതെതന്നെയിരിക്കുന്നു). 2

(3) ഉല്പത്തിയിലുണ്ടായ സഹജമായ ഗുണം ദ്രവ്യത്തിനു് എപ്പോഴും ഇല്ലാതായി എന്നു വരുന്നില്ല. പഞ്ചഭൂതങ്ങളിൽവച്ചു ഭൂ

ഗച്ഛത്യേവം ശേഷാണി. പഞ്ചേന്ദ്രിയഗ്രഹണാച്ച, പഞ്ചഭിരിന്ദ്രിയൈർഗ്ഹ്യതേ ദ്രവ്യം ന രസാദയഃ. 3

ആശ്രയത്വാച്ച, ദ്രവ്യമാശ്രിതാ രസാദയോ ഭവന്തി. ആരംഭസാമർത്ഥ്യാച്ച, ദ്രവ്യാശ്രിത ആരംഭോ യഥാ വിഭോരിഗന്ധാദിമാഹൃത്യ സംക്ഷുദ്യ വിപചേദിത്യേവമാദിഷു ന രസാദിഷ്വാരംഭഃ. 4

ശാസ്ത്രപ്രാമാണ്യാച്ച, ശാസ്ത്രേ ഹി ദ്രവ്യം പ്രധാനമുപദേശേ ഹി യോഗാനാം യഥാ മാത്രാഭിംഗാഗ്നിമന്ഥൗ ചേതി ന രസാദയ ഉപദിശ്യന്തേ. 5

മിയുടെ അംശം അധികമുള്ളതായ ദ്രവ്യം ഒരിക്കലും ജലഭൂതാംശമുള്ളതായി പരിണമിക്കയില്ലല്ലോ. ഇങ്ങിനെതന്നെ മറ്റു ഭൂതങ്ങളെ സംബന്ധിച്ചും ആലോചിക്കണം.

(4) മനുഷ്യന്ന് അഞ്ച് ഇന്ദ്രിയങ്ങളെക്കൊണ്ടും ഒരു ദ്രവ്യത്തെ ഗ്രഹിക്കുന്നതിന്ന വിരോധമില്ല. രസാദികളാകട്ടെ ഈ *പഞ്ചേന്ദ്രിയങ്ങളെക്കൊണ്ടും ഒരുപോലെ ഗ്രഹിക്കപ്പെടാവുന്നവയല്ല. 3

(5) ദ്രവ്യം മറ്റുള്ളതുകളുടെ ആശ്രയസ്ഥാനമായിരിക്കുന്നു. രസം മുതലായവ ദ്രവ്യത്തെ ആശ്രയിച്ചിരിക്കുന്നവയാണെല്ലോ.

(6) പരിപ്പെടുക്കുക, വേവിക്കുക, തരക്കുക മുതലായ കർമ്മങ്ങൾ ചെയ്യുന്നതു ദ്രവ്യത്തെയാകുന്നു. മുവ്വിലവേർ മുതലായതു കൊണ്ടുവന്നു കൊത്തിനുറുക്കി കഷായം വെക്കുകയെന്നല്ലാതെ ആ വേരിന്റെയോ മറ്റോ രസത്തെയൊ വീര്യത്തെയൊ എടുത്തു വേവിക്കയും മറ്റും നമുക്കു ചെയ്യാൻ സൌകര്യമില്ലെല്ലോ. 4

(7) ശാസ്ത്രങ്ങളിൽ ദ്രവ്യങ്ങളെയാകുന്നു മുഖ്യമായി പ്രസ്താവിക്കപ്പെട്ടുന്നതു്. ഔഷധയോഗങ്ങളെ വിധിക്കുന്ന ഘട്ടങ്ങളിൽ "മാത്രാഭിംഗാഗ്നിമന്ഥൗ ച" എന്നിങ്ങിനെ ദ്രവ്യങ്ങളെ ഉപദേശിക്കുന്നു. അവയുടെ രസവീര്യാദികളെ കൂട്ടിച്ചേർത്തി ഔഷധയോഗമുണ്ടാക്കേണമെന്നു വിധിക്കുന്നില്ല. 5

---

* രസങ്ങളെ ജിഹ്വാകൊണ്ടു മാത്രം അറിയാം. ഗുണവീര്യാദികളെ ഒരിന്ദ്രിയം കൊണ്ടും അറിയാൻ വയ്യ. ദ്രവ്യങ്ങളിങ്ങിനെയല്ല; ശബ്ദസ്പർശരൂപരസഗന്ധങ്ങൾ ദ്രവ്യത്തിലുണ്ടു്. അപ്പോൾ ശ്രോത്രാദിസർവ്വേന്ദ്രിയങ്ങൾകൊണ്ടും അതു വിഷയമാക്കിയിരിക്കുന്നു.

ക്രമാപേക്ഷിരുത്പാദ്യ രസാദീനാം, രസാദ്യയാ ഹി ദ്രവ്യക്രമമ പേക്ഷ്യന്തേ യഥാ തരുണാ തരുണാഃ സംപൂർണ്ണാ സംപൂർണ്ണാ ഇതി. ഏകദേശസാധ്യത്വാച്ച, ദ്രവ്യാണാമേകദേശേനാപി വ്യാധയഃ സാധ്യന്തേ യഥാ മഹാവൃക്ഷക്ഷീരേണേതി. തസ്മാൽ ദ്രവ്യം പ്രധാനമ്. ദ്രവ്യലക്ഷണന്തു ക്രിയാഗുണവത് സമവായികരണമിതി. 6

നന്ത്യാഹുരന്യേ രസാസ്തു പ്രധാനമ്, കസ്മാൽ? രുഗമാൽ, രുഗ

---

(8) ദ്രവ്യങ്ങൾക്കുണ്ടാകുന്ന അവസ്ഥാഭേദങ്ങൾക്കനുസരിച്ച് രസാദികളുടെ സ്വഭാവങ്ങൾക്ക് വ്യത്യാസമുണ്ടാകുന്നുണ്ട്. ദ്രവ്യങ്ങൾ ഇളയപ്രായത്തിലിരിക്കുമ്പോൾ രസാദികളും ഇളയതുകൾ(അവ്യക്തങ്ങൾ)ളായിരിക്കുന്നു. അപ്രകാരം ദ്രവ്യങ്ങൾ മൂത്താൽ രസാദികളും സംപൂർണ്ണങ്ങളായി (വ്യക്തങ്ങളായി) ഭവിക്കുന്നു. ഇങ്ങിനെ ദ്രവ്യങ്ങളുടെ ക്രമത്തെ ആശ്രയിച്ചാണ് രസാദികളുടെ സ്ഥിതി.

(9) ദ്രവ്യങ്ങളിലടങ്ങിയിരിക്കുന്ന ഏതെങ്കിലും ഒരംശംകൊണ്ടു തന്നെ രോഗങ്ങൾക്കു ശമനം വരുന്നുണ്ട്. രസാദികൾക്ക് ഈ സ്വഭാവമില്ല. ചതുരക്കള്ളിയുടെ (ഒരംശമായ) പാൽകൊണ്ടും മാറും രോഗങ്ങളിൽ ഫലമുണ്ടാകുന്നുവെല്ലൊ. അതു (മേൽപറഞ്ഞ ഒമ്പതു സംഗതികൾ)കൊണ്ടു രസാദികളിൽവെച്ചു ദ്രവ്യംതന്നെയാകുന്നു പ്രധാനം. ഏതൊന്നിങ്കൽ ക്രിയകളുണ്ടോ ഏതൊന്നു ഗുണങ്ങളോടുകൂടിയിരിക്കുമെന്നോ ഏതു് എല്ലാറ്റിന്റേയും *സമവായി കാരണമായിരിക്കുന്നുവോ അതാണ് ദ്രവ്യം. ദ്രവ്യത്തിന്ന് ഇങ്ങിനെ മൂന്നു ലക്ഷണങ്ങളാണുള്ളതു്. 6

വേറെ ചില ആചാര്യന്മാർ മേൽപറഞ്ഞ അഭിപ്രായത്തോടു യോജിക്കുന്നില്ല. അവർ ചികിത്സയിൽ പ്രധാനമായിട്ടുള്ളതു രസങ്ങൾ മാത്രമാണെന്നു വാദിക്കുന്നു. ആ വാദത്തിന്നു് അവർ താഴെ കാണിക്കുന്ന സംഗതികളേയും പറയുന്നുണ്ടു്:—

(1) ആഗമപ്രമാണംകൊണ്ടു രസങ്ങൾക്കു പ്രാധാന്യമുണ്ടെന്നു പറയാം. ആയുർവ്വേദശാസ്ത്രത്തെയാണിവിടെ ആഗമമെന്നു പറയു

---

* കാര്യപദാർത്ഥത്തോടു് എപ്പോഴും ചേർന്നുകൊണ്ടിരിക്കുന്ന കാരണം, സമവായികാരണം. ഉദാഹരണം:—കുടത്തിൽ മണ്ണു്.

മോ ഹി ശാസ്ത്രമുച്യതേ,ശാസ്ത്രേ ഹി രസാ അധികൃതാ,യഥാ രസായത്ത ആഹാര ഇതി, തസ്മിംശ്ച പ്രാണാഃ. ഉപദേശാച്ച,ഉപദിശ്യന്തേ ഹി രസാ യഥാ മധുരാമ്ലലവണാ വാതം ശമയന്തി. അനുമാനാച്ച,രസേന ഹ്യനുമീയതേ ദ്രവ്യം യഥാ മധുരമിതി. 7

ഋഷിവചനാച്ച,ഋഷിവചനം വേദോ യഥാ കിഞ്ചിദിജ്യാത്ഥം മധുരമാഹുരേകേതി. തസ്മാദ്രസാഃ പ്രധാനം, രസേഷു ഗുണസംജ്ഞാ. രസലക്ഷണമന്യത്രോപദേക്ഷ്യാമഃ. 8

ന്നത്രേ. ആ ശാസ്ത്രത്തിൽ നാം കഴിക്കുന്ന ആഹാരങ്ങൾ രസത്തെ ആശ്രയിച്ചിരിക്കുന്നവയാണെന്നും നമ്മുടെ പ്രാണൻ അങ്ങിനെയുള്ള ആഹാരത്തെ ആശ്രയിച്ചിരിക്കുന്നു എന്നും പറയപ്പെട്ടിട്ടുണ്ട്.

(2) ചികിത്സാശാസ്ത്രജ്ഞന്മാരായ ആചാര്യന്മാർ "മധുരാമ്ലലവണാനുഷ്ണാനുഷ്ണശീതസ്നിഗ്ധരൂക്ഷവിശദാവാണെ"ന്നും മറ്റും രസങ്ങളെപ്പറ്റി ഉപദേശിക്കുന്നുണ്ട്.

(3) ഒരു ദ്രവ്യത്തെപ്പറ്റി ഊഹിച്ചു തീച്ചപ്പെടുത്തുന്നത് അതിന്റെ രസത്തെ നോക്കീട്ടാകുന്നു. ഈ വിധത്തിലൂഹിച്ചിട്ടാകുന്ന ഈ മധുരദ്രവ്യം, ഇത് അമ്ലദ്രവ്യം എന്നും മറ്റും വിഭാഗിച്ചറിയുന്നത്. 7

(4) ഋഷികൾ രസത്തെ പ്രധാനമായി പറഞ്ഞിട്ടുണ്ട്. ഋഷിവചനമെന്നതു വേദമാകുന്നു. "യാഗത്തിന്നായിട്ടുണ്ട് എന്തെങ്കിലും ഒരു *മധുരത്തെ കൊണ്ടുവരണം" എന്നു പറയപ്പെട്ടിട്ടുണ്ടല്ലൊ. മേൽപറഞ്ഞ സംഗതികളെക്കൊണ്ടാണ് രസങ്ങൾ പ്രധാനങ്ങളാണെന്നു പറയുന്നത്. ഒരു ദ്രവ്യത്തിന്റെ ഗുണങ്ങളെന്നു പറയുന്നതും ഈ രസങ്ങളെപ്പറ്റിത്തന്നെയാകുന്നു. രസങ്ങളുടെ ലക്ഷണങ്ങളെപ്പറ്റി ഇനിമേൽ മറ്റൊരേടത്തു പറയുന്നതാണ്. 8

---

* "കിഞ്ചിദിജ്യാത്ഥം മധുരമാഹുരേകേ" എന്നാണ് വേദവാക്യം. ഇവിടെ മധുരശബ്ദത്തിന്നു വേറെന്നാണ് കല്പനാപ്രാപ്യാനം. വ്യാഖ്യാകാരൻ മധുരദ്രവ്യമെന്നർത്ഥം പറയുന്നു. രണ്ടായാലും മധുരശബ്ദംകൊണ്ടുതന്നെയാണല്ലൊ ആ പദാർത്ഥങ്ങളെ ഇവിടെ നിർദ്ദേശിച്ചിട്ടുള്ളതു്. അതുകൊണ്ടു് ആ ശബ്ദത്തിന്നു പ്രാധാന്യം കല്പിക്കുകയും അതുമൂലം രസത്തിന്നു പ്രാധാന്യം സ്ഥാപിക്കയുമാണിവിടെ ചെയ്യുന്നതു്.

† ഗുണങ്ങളാണ് പ്രധാനമെന്നു വേറെ വാദത്തിന്നവസരമില്ലെന്നും അതിന്നു സപ്രധാന്യവാദത്തിലടങ്ങിയിരിക്കുന്നുണ്ടെന്നുമാണ് ഈ വചനങ്ങളുടെ സാരം.

ദ്രവ്യാഹ്രുസ്യ. വീര്യം പ്രധാനമിതി. കസ്മാൽ? തദ്ധേതുത്വാൽ ഭേഷജകർമ്മനിഷ്പത്തേഃ. ഇഹൗഷധകർമ്മാണ്യുദ്ഭവോദ്ഭവോഭയഭാഗസംശോധനസംശമനസംഗ്രാഹകാഗ്നിദീപനപീഡനശ്ലേഷണബൃംഹണരസായനവാജീകരണശ്രയഥുകരവിലയനദഹനദാരണമാദനപ്രാണഘ്നവിഷപ്രശമനാനി വീര്യപ്രാധാന്യാദ്ഭവന്തി. തച്ച വീര്യം ദ്വിവിധമുഷ്ണം ശീതഞ്ചാഗ്നീഷോമീയത്വാജ്ജഗതഃ. കേചിത്ത്വേവിധമാഹുരുഷ്ണാശീതം സ്നിഗ്ധം രൂക്ഷം ഗുരു ലഘു മൃദു തീക്ഷ്ണഞ്ചേതി; ഏതാനി ഖലു വീര്യാണി സ്വബലഗുണോൽകർഷാദ്വിസമഭിഭൂയാത്മകർമ്മ കുർവ്വന്തി. യഥാ—

മാറെചില ആചാര്യന്മാർ രസം പ്രധാനമാണെന്നുള്ള പക്ഷത്തേയും അനുവദിക്കുന്നില്ല. അവർ വീര്യത്തെയാണ് പ്രധാനമായി വാദിക്കുന്നത്. അവരുടെ ന്യായങ്ങളെന്തെന്നാൽ, ഔഷധങ്ങൾക്കു രോഗങ്ങളിൽ ഓരോപ്രകാരത്തിലുള്ള ഫലങ്ങളുണ്ടാകുന്നതെല്ലാം വീര്യത്തിന്റെ വകയായിട്ടാകുന്നു. ചുട്ടിപ്പിക്കുക, വയറിളക്കുക, ഇവ രണ്ടുംകൂടി ചെയ്യുക, ദോഷങ്ങളെ ശമിപ്പിക്കുക, മലാദികളെ പുറത്തുക്കുപോക്കാതെ തടഞ്ഞുനിർത്തുക, ജഠരാഗ്നിയെ ദീപനംചെയ്യുക, വീക്കത്തെയും മാറും അമർത്തി ശരിപ്പെടുത്തുക (പീഡനം), ദോഷങ്ങളെ ഒരുസിക്കളയുക, തടിപ്പിക്കുക, ജരയെ തടുക്കുക, സ്ത്രീസേവയിൽ ശക്തിയധികമുണ്ടാക്കുക, വീക്കത്തെയുണ്ടാക്കുക, വീക്കത്തെ കുരുത്തുക (ദ്രവിപ്പിക്കുക), പൊള്ളിക്കുക, പിളർക്കുക, ലഹരിയുണ്ടാക്കുക, ജീവനെ കളയുക, വിഷത്തെ ശമിപ്പിക്കുക എന്നിങ്ങിനെ ഓരോ ഔഷധങ്ങൾക്കുള്ള ഓരോരോതരം പ്രവൃത്തികളെയെല്ലാം നടത്തുന്നതു അവയിലുള്ള വീര്യങ്ങളുടെ വകയായിട്ടാകയാൽ വീര്യമത്രെ പ്രധാനമായിട്ടുള്ളതു്. ഉഷ്ണമെന്നും ശീതമെന്നും വീര്യം രണ്ടുവിധത്തിലാകുന്നു. ലോകത്തിലുള്ള ഏതു പദാർത്ഥവും ഒന്നുകിൽ ആഗ്നേയം അല്ലെങ്കിൽ സൌമ്യമെന്നു രണ്ടുവകയായിട്ടല്ലാതെ കാണപ്പെടുന്നില്ലല്ലോ. ഉഷ്ണം, ശീതം, സ്നിഗ്ധം, രൂക്ഷം, ഗുരു, *ലഘു, മൃദു, തീക്ഷ്ണം എന്നിങ്ങിനെയിരിക്കുന്ന എട്ടുവിധം ഗുണങ്ങളെയാണ് വീ

* ഗുരു ലഘു എന്നതിന്റെ സ്ഥാനത്തു 'വിശദ, പിച്ഛില' എന്ന പാഠമേ ബ്രഹ്മകാളിതജ്ജ്വരയിലും ഇംഗ്ലീഷിലും കാണുന്നുണ്ടു്. ഈ ശാസ്ത്രത്തിൽ വിശദപിച്ഛിലങ്ങളെ കുറച്ചു കിടക്കിലും വീര്യങ്ങളാക്കിപ്പറഞ്ഞിട്ടില്ല. ഗുരുലഘുക്കളെ പറഞ്ഞിട്ടുമുണ്ടു്. "തീക്ഷ്ണ, രൂക്ഷം മൃദു സ്നിഗ്ധം ലഘ്വുഷ്ണം ഗുരു ശീതളം। വീര്യമഷ്ടവിധം കേചിൽ..."

(ശരകു)

താവന്മഹൽപഞ്ചമൂലം കഷായം തിക്താനുരസം വാതം ശമയത്യുഷ്ണവീ
ര്യത്വാൽ, തഥാ കുലത്ഥഃ കഷായഃ കടുകഃ പലാണ്ഡുഃ സ്നേഹഭാവാച്ച. മധുരശ്ചുക്ഷുരസോ വാതം വർദ്ധയതി ശീതവീര്യത്വാൽ. കടുകാ പിപ്പലീ പിത്തം ശമയതി മൃദുശീതവീര്യത്വാദ്ഭല്ലാതകം ലവണം സൈന്ധവഞ്ച. തിക്താ കാകമാചീ പിത്തം വർദ്ധയത്യുഷ്ണവീര്യത്വാന്മധുരാ മത്സ്യാശ്ച. കടുകം മൂലകം ശ്ലേഷ്മാണം വർദ്ധയതി സ്നിഗ്ധാവീര്യത്വാൽ. അമ്ലം കു

ലർവീര്യമെന്നു പായുന്നതു്. ദ്രവ്യങ്ങളിലുള്ള ഈ വീര്യങ്ങൾ തങ്ങളുടെ ബലവും ഗുണവും അധികമായിട്ടുള്ളതുകൊണ്ടു് രസത്തിന്റെ ശക്തിയെ തടഞ്ഞുനിത്തി സ്വന്തം പ്രവൃത്തിയെ നടത്തിക്കൊണ്ടിരിക്കുന്നു. ഉദാഹരണം:—മഹൽപഞ്ചമൂലം വാതത്തെ വർദ്ധിപ്പിക്കുന്നതായ ചവർപ്പു രസത്തോടും അവ്യക്തമായ കയ്പുരസത്തോടും കൂടിയിരിക്കുന്നതായാലും വാതത്തെ ശമിപ്പിക്കുകയാണു് ചെയ്യുന്നതു്. അതിങ്കൽ ഈ ശക്തി ഉഷ്ണവീര്യംനിമിത്തമുണ്ടാകുന്നതത്രെ. ഇങ്ങിനെതന്നെ ചവർപ്പുരസമുള്ളതായ മുതിരയും എരുവുരസമുള്ളതായ ഉള്ളിയും വാതത്തെ ശമിപ്പിക്കുന്നതു് അവയിലുള്ള ഉഷ്ണസ്നേഹവീര്യങ്ങൾ നിമിത്തമാകുന്നു. കരുമ്പിൻനീരു് മധുരരസമായിരുന്നിട്ടും വാതത്തെ വർദ്ധിപ്പിക്കുന്നതു ശീതവീര്യമുള്ളതുകൊണ്ടാകുന്നു. എരുരസമുള്ള*തിപ്പലി മൃദുത്വവും ശീതവീര്യവുമുള്ളതുകൊണ്ടുതന്നെയാണു് പിത്തത്തെ ശമിപ്പിക്കുന്നതു്. പുളിരസമുള്ള നെല്ലിക്കയും ഉപ്പുരസമുള്ള ഇന്തുപ്പും മേൽപ്രകാരം മൃദുശീതവീര്യമുള്ളതുകൊണ്ടുതന്നെയാണു് പിത്തശമനമായിരിക്കുന്നതു്. കരുന്താളി കയ്പുരസമുള്ളതായാലും ഉഷ്ണവീര്യമുള്ളതിനാൽ ¶ പിത്തത്തെ വർദ്ധിപ്പിക്കുന്നു. മധുരരസമുള്ള മത്സ്യങ്ങളും ഇപ്രകാരം ഉഷ്ണവീര്യമുള്ളതുകൊണ്ടുതന്നെ പിത്തവർദ്ധകമായിരിക്കുന്നു. എരുരസമുള്ള §മുള്ളങ്കികഴിഞ്ഞു് സ്നിഗ്ധവീര്യമാക

---

* ഇവിടെ തിപ്പലിവള്ളിയെയാണു് ഗ്രഹിക്കേണ്ടതു്. തിപ്പലിക്കായുടെ ശീതവീര്യം സമ്മതമല്ല. പച്ചത്തിപ്പലിക്കു് ശൈത്യവും കടുരസവും കൂടിയുണ്ടെന്നും അതിനെയാണിവിടെ ഗ്രഹിക്കേണ്ടതെന്നും ദല്ലനമതം.

¶ കരുന്താളി ത്രിദോഷഹരമാണെന്നുപറവാൻ പോകുന്നുണ്ടു്. വാതകഫമിശ്രമായ പിത്തത്തെ ശമിപ്പിക്കുന്നതാണെന്നാണു് അവിടെ അർത്ഥം. ഇവിടെ കേവലപിത്തത്തെ വർദ്ധിപ്പിക്കുന്നതായിട്ടാണു് പറയുന്നതു്.

§ ത്രിദോഷഹരമായ മുള്ളങ്കി ചെറിയജാതിയാണു്. ഇവിടെ വലിയതരം മുള്ളങ്കിയെയാണു് പറയുന്നതു്.

പിത്തം ശ്ലേഷ്മാണം ശമയതി രൂക്ഷവീര്യത്വാന്മധുരം ക്ഷയോദ്രേ. തദേ
തന്നിദർശനമാത്രമുക്തമ്. 9

ഭവന്തി ചാത്ര—(പ).

യേ രസാ വാതശമനാ ഭവന്തി യദി തേഷു വൈ
രൌക്ഷ്യലാഘവശൈത്യാനി ന തേ ഹന്യുഃ സമീരണമ്.
യേ രസാഃ പിത്തശമനാ ഭവന്തി യദി തേഷു വൈ
തൈക്ഷ്ണ്യൌഷ്ണ്യലഘുതാശ്ചൈവ ന തേ തൽകർമ്മകാരിണഃ.
യേ രസാഃ ശ്ലേഷ്മശമനാ ഭവന്തി യദി തേഷു വൈ
സ്നേഹഗൌരവശൈത്യാനി വലാസം വർദ്ധയന്തി തേ.
(ഗ). തസ്മാദേതീഷ്ടം പ്രധാനമിതി. 10
നേത്യാഹുരന്യേ. വിപാകഃ പ്രധാനമിതി; കസ്മാൽ? സമ്യങ്മിഥ്യാ

യാലാണ് കഫത്തെ വർദ്ധിപ്പിക്കുന്നത്. പുളിരസമുള്ള വിഭീതകം(കപിത്ഥം)വും മധുരരസമുള്ള തേനും രൂക്ഷവീര്യമുള്ളതുകൊണ്ടാണ് കഫത്തെ ശമിപ്പിക്കുന്നത്. ഇങ്ങിനെ വീര്യത്തിന്റെ പ്രാധാന്യം കാണിക്കുന്നതിനായി ചുരുക്കം ചില ഉദാഹരണങ്ങൾ മാത്രം പറയപ്പെട്ടു. 9

"വാതത്തെ ശമിപ്പിക്കുന്നവയായ രസങ്ങൾക്ക് (മധുരാമ്ലലവണങ്ങൾക്ക്) രൂക്ഷത്വം, ലഘുത്വം, ശൈത്യം എന്നിവയുണ്ടായിവന്നാൽ ആ രസങ്ങളുടെ വാതശമനശക്തി നശിച്ചുപോകുന്നു. വാതവർദ്ധകങ്ങളായ വീര്യങ്ങളുടെ ശക്തികളെ മാത്രമാണ് അപ്പോൾ ബലമുണ്ടാകുന്നത്. പിത്തശമനങ്ങളായ രസങ്ങൾ(കഷായതിക്തമധുരങ്ങൾ)ക്കിൽ തീക്ഷ്ണത്വവും ഉഷ്ണത്വവും ലഘുത്വവുമുണ്ടായിരുന്നാൽ അവ പിന്നെ പിത്തത്തെ ശമിപ്പിക്കയില്ല. സ്നിഗ്ധത്വം, ഗുരുത്വം, ശൈത്യം എന്നിവീര്യങ്ങളോടുകൂടിയ കഫശമനങ്ങളായ രസങ്ങൾ (തിക്തോഷ്ണകഷായങ്ങൾ) കഫത്തെ ശമിപ്പിക്കയില്ല; വർദ്ധിപ്പിക്കയാണ് ചെയ്യുന്നത്. ഇങ്ങിനെ രസങ്ങളുടെ ശക്തിയെ നശിപ്പിച്ച് വീര്യങ്ങൾ തങ്ങളുടെ കാര്യം സാധിപ്പിക്കുന്നു." ഈവക കാര്യങ്ങളെക്കൊണ്ടാണ് വീര്യം പ്രധാനമാണെന്നു പറയുന്നത്. 10

ഇനി ദ്രവ്യരസവീര്യങ്ങളിൽ ഒന്നുംതന്നെ പ്രധാനമല്ലെന്നും വിപാകമാണ് ചികിത്സയിൽ പ്രധാനമായിരിക്കുന്നത് എന്നും വാദിക്കുന്നവരായി വേറെയും ആചാര്യന്മാരുണ്ട്. എന്തുകൊണ്ടെന്നാൽ, ഓഷധ

വിപാകതപാൽ. ഇഹ സവ്വദ്രവ്യാണ്യഭ്യവഹൃതാനി സമ്യങ്മിഥ്യാവിപ കപാനി ഗുണം ദോഷം വാ ജനയന്തി. 11

തത്രാഹുരന്യേ പ്രതിരസം പാക ഇതി. കേചിൽ ത്രിവിധമിച്ഛന്തി മധുരമമ്ലം കടുകമ്ചേതി. തത്ത്വ നസമ്യക്, ഭ്രതഗുണാദാഗമാച്ചാന്ലോ വിപാകോ നാസ്തി. പിത്തം ഹി വിദഗ്ധമമ്ലതാമുപൈതി അഗ്നേർമ്മന്ദ

ധങ്ങൾക്കെല്ലാം ജഠരാഗ്നിസംയോഗത്തിൽ വരുന്ന പാകം നന്നായും പിത്തയായും ഇരിക്കുന്നതാണെല്ലൊ. ഔഷധങ്ങളെല്ലാം* അകത്തു സേവിച്ചാൽ അത്തു ശരിയായി പാകംവന്നാൽ ദേഹത്തിന്നു ഗുണത്തേയും ശരിയല്ലാതെ പാകംവന്നാൽ ദോഷത്തേയും ഉണ്ടാക്കിത്തീർക്കുന്നതെല്ലൊ. 11

ഇവിടെ ചില അദ്ധ്യാപ്തന്മാർ ഓരോ രസവും പാകകാലത്തിൽ അതാതുരസംതന്നെയായി പരിണമിക്കുന്നു എന്നു് അഭിപ്രായപ്പെടുന്നു. എന്നാൽ ഏതുരസവും വിപാകകാലത്തിൽ മധുരം, അമ്ലം, എരുവു് എന്നി മൂന്നുരസമായിട്ടെ പരിണമിക്കയുള്ളു എന്നും ഓരോ രസവും അതാതുരസമായി പരിണമിക്കയെന്നതു ശരിയല്ലെന്നും വാദിക്കുന്ന വേറെ ചിലരുമുണ്ടു്. ഈ രണ്ടുകൂട്ടരുടെ പക്ഷവും ശരിയല്ല. ദ്രവ്യോല്പത്തിഹേതുക്കളായ പഞ്ചഭ്രതങ്ങളുടെ $ഗുണങ്ങൾ നോക്കുന്നതായാലും ശാസ്ത്രവചനങ്ങൾ നോക്കുന്നതായാലും വിപാകത്തിൽ പുളിരസമുണ്ടാകുമെന്നു പറയുന്നതു യുക്തമായിരിക്കയില്ല. എന്നാൽ ദേഹനസമയത്തു് ഒരു പുളിപ്പുവസ്തുവുണ്ടാകുന്നു എന്നു കാണുന്നതു് സാധാരണ വിപാകമല്ല. ജഠരാഗ്നിക്കു ബലമില്ലാതിരിക്കുകനിമിത്തം വേണ്ടപോലെ പാകംവരാതെ അകത്തുകിടക്കുന്നതായ പിത്തമാകുന്നു ആ പുളിപ്പുപദാർത്ഥം. ഇങ്ങിനെ വിദഗ്ധമായ പിത്തത്തിന്റെ പുളിരസത്തെ ആലോചിച്ചിട്ടു് ഒരു

---

* എല്ലാം എന്നതിനിവിടെ വമനാദിദ്രവ്യങ്ങളൊഴിച്ചു് എന്നർത്ഥമാകുന്നു. ഈ ഇ (വമനദ്രവ്യ) പാകംവരുമ്മുമ്പാണെല്ലൊ വമനക്രിയ ചെയ്യുന്നതു്.

$ അമ്ലരസത്തിനു ഹേതുഭ്രതങ്ങളായ അഗ്നിഭയയും ഭ്രഥിവിയും മാത്രമാണു് ഇവിടെ ഭ്രതശബ്ദംകൊണ്ടു ഗ്രഹിക്കേണ്ടതു്. ജഠരാഗ്നിസംയോഗത്തിൽ അമ്ലരസനിഷ്പത്തിയായ രാഗ്നിസ്വഭാവം വർദ്ധിക്കയും അതിലെ സ്ഥൗല്യം, ബലം, കൊഴുപ്പു മുതലായഭ്രമിഗുണങ്ങളെ നശിപ്പിച്ചു് ഒടുക്കം കടുരസമായി പരിണമിക്കയും ചെയ്യുന്നു. ലവണരസം പാകത്തിൽ പ്രധാനമാകുന്നതും അതിലെ ജലഭ്രതഗുണം അഗ്നിഗുണങ്ങളെ ജയിക്കുന്നതുകൊണ്ടത്രെ അതല്ലെങ്കിൽ അഗ്നി മേൽപ്രകാരം കടുരസമായിത്തീരുമായിരുന്നു.

താൽ. യദ്യേവം ലവണാപ്യന്യദ പാദകാ ഭവിഷ്യതി, ദൃഷ്ടാ ഹി വി
ദേശാ ലവണതാമുപപദ്യതി. 12

മധുരാ മധുരസ്യ, അമ്ലാമ്ലസ്യ, ഏവം സദൃഷ്ടാനിതി കേചിദാ
ഹുഃ. ദൃഷ്ടാന്തോപപത്തിശ്ചേ യഥാ താവൽ ക്ഷീരമുപഭോഗതശ്ചേവ്യ
മാനം മധുരമേവ സ്യാൽ, തഥാ ശാലിരവഭൃഷ്ടോദകേ പ്രക്ഷിപ്തഃ
സ്വഭാവമുത്സൃജ്യ കാലേപി ന പരിത്യജതി തദ്വദിതി. കേചിദ_ന്യേ
ബലവന്തോ ബലവതാം വശമായാന്തീത്യേവമനവസ്ഥിതി സൂന്യാസേ
ദ്ധ്യാന്ത ഏഷ്ടഃ. 13

അമ്ലവിപാകമെന്നതു സ്ഥാപിക്കാൻ പാടുള്ളതല്ല. അങ്ങിനെ സ്ഥാപി
ക്കുന്നതായാൽ വിപാകത്തിൽ ലവണരസമുണ്ടെന്നു പറയുന്നതിനും
വിരോധമില്ലാത്തവരും. മേൽപ്രകാരം ജാഠരാഗ്നിബലമില്ലാതിരിക്കുന്ന
സമയത്തു് ശരിയായി വിപാകംവരാതെ വയറ്റിനുള്ളിൽ കിടക്കുന്ന ക
ഫം ലവണരസമായിത്തീരുകയാണെല്ലാ ചെയ്യുന്നതു്. അതുകൊണ്ടു്
മൂന്നുവിധമാണു് വിപാകമെന്നും മറ്റും മുമ്പാണ്ണ പക്ഷം യുക്തമല്ലെന്നു
വന്നു. 12

മൻപറഞ്ഞപ്രകാരം മധുരരസം മധുരമായും അമ്ലരസം അമ്ലമാ
യും ഇങ്ങിനെ ഓരോ രസങ്ങളും അതാതു സ്ഥാനത്തിൽ വിപാകത്തിൽ
പരിണമിക്കുന്നുണ്ടെന്നുള്ള ആ പക്ഷക്കാർ സപക്ഷത്തിലേക്കുള്ള ദൃഷ്ടാ
ന്തങ്ങളെ എടുത്തുകാണിക്കുന്നുണ്ടു്. എങ്ങിനെയെന്നാൽ, പാൽ ഒരുപാ
ത്രത്തിലാക്കി വേവിച്ചാൽ എത്ര വെന്താലും അതു മധുരരസമായിത്ത
ന്നെ ഇരിക്കുന്നു. ഇപ്രകാരംതന്നെ ശാലി, യവം, ചെറുപയറു് മുതലായ
ധാന്യങ്ങളെ വിതച്ചാൽ അവ മുളച്ചു എത്രകാലം കഴിഞ്ഞാലും അവ
യ്ക്കുള്ള സ്വന്തം സ്വഭാവത്തിൽനിന്നു വേർപെടുന്നില്ല. ഇതുപ്രകാരം
തന്നെയാണു് മധുരാദിരസങ്ങളും ജാഠരാഗ്നിസംയോഗത്തിലും സ്വഭാവ
ത്തിൽനിന്നു തെറാതെയിരിക്കുന്നതു്. ചിലരുടെ വാദം ഇങ്ങിനെ
യൊന്നുമല്ല, ജാഠരാഗ്നിസംയോഗത്തിൽ (ദഹനസമയത്തു്) ഏതു ര
സത്തിനു ബലമധികമുണ്ടാകുന്നുവോ അതിന്റെ സന്നിധിയിൽ മറ്റു
ലങ്ങളായ മറ്റു രസങ്ങളും നശിച്ചുപോകയും പ്രബലമായ ആ ഒരു ര
സം മാത്രം പ്രകാശപ്പെടുകയുമാണു് ചെയ്യുന്നതെന്നാണു് അവർ പറ
യുന്നതു്.

തദാഗമേ ഹി ദ്വിവിധം വീര്യം പാകോ മധുരശ്ച കടുകശ്ച. തയോ ർമ്മധുരാഖ്യോ ഗുരുഃ, കടുകാഖ്യോ ലഘുരിതി. തത്ര പൃഥ്വ്യപ്തേജോവാ യ്വാകാശാനാം ദ്വൈവിധ്യം ഭവതി ഗുണസാധർമ്മ്യാൽ ഗുരുതാ ലഘു താ ച, പൃഥിവ്യാപശ്ച ഗുരവഃ ശേഷാണി ലഘൂനി. തസ്മാദ്ദ്വിവിധ മേവ പാക ഇതി. 14

ഭവന്തി ചാത്ര— (പ).

ദ്രവ്യേഷു പച്യമാനേഷു യേഷ്വംബുപൃഥിവീഗുണാഃ
നിർവ്വർത്തതേധികാസ്തത്ര പാകോ മധുര ഉച്യതേ.
തേജോനിലാകാശഗുണാഃ പച്യമാനേഷു യേഷ്വിഹ
നിർവ്വർത്തതേധികാസ്തത്ര പാകഃ കടുക ഉച്യതേ. 15

ഇങ്ങിനെ ഓരോരുത്തർ ഓരോവിധം വാദിക്കുന്നുണ്ടെങ്കിലും ഇതിനൊന്നും ഒരു നിലയില്ലാതെയാണ് കാണുന്നത്. ആതുകൊണ്ട് ഈ പക്ഷങ്ങളെയൊന്നും ശാസ്ത്രസമ്മതങ്ങളായി വിചാരിപ്പാൻ പാടുള്ളതല്ല. 13

ശാസ്ത്രത്തിൽ രസങ്ങൾക്കു വിപാകകാലത്തിൽ മധുരരസമായൊ ഏതുരസമായൊ ഇങ്ങിനെ രണ്ടുവിധം മാറ്റമെ ഉണ്ടാകുന്നുള്ളു എന്നാണ് പറയപ്പെട്ടിട്ടുള്ളത്. ഇവയിൽ മധുരം ഗുരുവും ഏതുവു ലഘുവുമാകുന്നു. പദാർത്ഥങ്ങളുടെ ഉല്പത്തിഹേതുക്കളായ ഭൂമി, ജലം, അഗ്നി, വായു, ആകാശം എന്നീ ഭൂതങ്ങളിൽ ചിലതു മറേതിനോടു ഗുണംകൊണ്ടു തുല്യമായിരിക്കകൊണ്ട് ഭൂതങ്ങളുടെ ഗുണം ഗുരുത്വമെന്നും ലഘുത്വമെന്നും രണ്ടുവകയായി മാത്രമിരിക്കുന്നു. അവയിൽവെച്ചു ഭൂമിക്കും ജലത്തിന്നുമുള്ള ഗുണം ഗുരുത്വമാകുന്നു. ശിഷ്ടമുള്ള അഗ്നിവായ്വാകാശങ്ങളുടെ ഗുണം ലഘുത്വമാകുന്നു. അതുഹേതുവായിട്ട് മേൽപറഞ്ഞപ്രകാരം രണ്ടുവിധമെ വിപാകമുള്ളു എന്നാണ് സിദ്ധാന്തപക്ഷം.()

"ഏതു ദ്രവ്യങ്ങളിൽ ജാരാഗ്നിസംയോഗകാലത്തു ഭൂമിയുടേയും ജലത്തിന്റെയും ഗുണങ്ങളധികമായിരിക്കുന്നുവോ ആ ദ്രവ്യങ്ങൾക്കുണ്ടാകുന്ന പാകരസം മധുരമാകുന്നു. ഏതേതു ദ്രവ്യങ്ങളിൽ പാകകാലത്തിൽ അഗ്നി, വായു, ആകാശം എന്നീഭൂതങ്ങളുടെ ഗുണങ്ങളധികമുണ്ടായിരിക്കുന്നുവോ ആ ദ്രവ്യങ്ങൾക്കുള്ള വിപാകരസം ഏതുവാകുന്നു.

പൃഥക്ത്വപദർശിനാമേഷാ വാദിനാം വാദസംഗ്രഹഃ
ചതുർണ്ണാമപി സാമത്ഥ്യമിച്ഛന്ത്യത്ര വിപശ്ചിതഃ. 16
തദ്ദ്രവ്യമാത്മനാ കിഞ്ചിൽ കിഞ്ചിദ്വീര്യേണ സേവിതമ്
കിഞ്ചിദ്രസവിപാകാഭ്യാം ദോഷം ഹന്തി കരോതി വാ. 17
പാകോ നാസ്തി വിനാ വീര്യാദ്വീര്യം നാസ്തി വിനാ രസാൽ
രസോ നാസ്തി വിനാ ദ്രവ്യാദ്ദ്രവ്യം ശ്രേഷ്ഠമതഃ സ്മൃതമ്. 18

ദ്രവ്യമാണ് പ്രധാനം, രസമാണ് പ്രധാനം എന്നിങ്ങിനെ ദ്രവ്യരസവീര്യവിപാകങ്ങളുടെ പ്രത്യേകപ്രാധാന്യത്തെ സ്ഥാപിക്കുന്നതിന്നായി വാദിക്കുന്ന ഓരോതരം ആചാര്യന്മാരുടെ വാദയുക്തികളെ ചുരുക്കത്തിൽ മുകളിൽ വിവരിച്ചിട്ടുണ്ടല്ലൊ. രോഗചികിത്സയിൽ ദ്രവ്യാദികളും നാലുകൂട്ടവും ഒരുപോലെ പ്രധാനങ്ങളാണെന്നാണ് നമ്മുടെ പക്ഷം. ഈ പക്ഷം അറിവുള്ളവർക്കൊക്കെ സമ്മതവുമാകുന്നു. ഒരു ദ്രവ്യത്തെ അകേവലമായി സേവിച്ചാൽ ആദ്രവ്യത്തിന്റെ *സ്വഭാവം ശക്തികൊണ്ടുതന്നെ (രസാദികളുടെ സഹായം കൂടാതെതന്നെ) ദോഷങ്ങളെ ഉണ്ടാക്കുകയോ ശമിപ്പിക്കുകയോ ചെയ്യുന്നതാണ്. ചില ദ്രവ്യം §രസംകൊണ്ടോ ചിലത് അതിങ്കലുള്ള വീര്യംകൊണ്ടോ ചില ദ്രവ്യം അതിന്റെ വിപാകംകൊണ്ടോ ആയിരിക്കും ദോഷത്തെ ശമിപ്പിക്കയും ഉണ്ടാക്കയും ×ചെയ്യുന്നത്. വിപാകം വീര്യത്തെക്കൂടാതെ വേറെയിരിക്കുന്നതല്ല. വീര്യം രസത്തിൽനിന്നും രസം ദ്രവ്യത്തിൽനിന്നും വേറെയായിരിക്കുന്നതല്ല. അതുകൊണ്ടു ദ്രവ്യമാണ് ചികിത്സയിൽ

* ദ്രവ്യം സ്വഭാവശക്തിപ്രഭാവംകൊണ്ടു കാര്യം സാധിക്കുന്നതിങ്കലുള്ള ഉപാദാനഭൂതങ്ങളുടെ ശക്തികൊണ്ടുതന്നെയാണ്. ആ ദ്രവശക്തികളുടെ വ്യത്യാസം തന്നെയാണ് ഗുരുത്വം മുതലായ ഗുണങ്ങളും മധുരം മുതലായ രസങ്ങളും മറ്റും. എന്നാൽ രസാദിദ്രവ്യങ്ങൾ നമ്മുടെ ഇന്ദ്രിയംകൊണ്ടറിയാവുന്നതായ ചില ധർമ്മങ്ങളും ഭൂതങ്ങൾക്കും അവയിൽനിന്നുണ്ടായ ദ്രവ്യങ്ങൾക്കും ഉണ്ട്. ആ സൂക്ഷ്മശക്തികളെ ഫലംകൊണ്ടല്ലാതെ ലക്ഷണംകൊണ്ടറിഞ്ഞു വ്യവസ്ഥപ്പെടുത്താൻ അശക്യമാകുന്നു. ഈ അശക്യസ്വഭാവങ്ങളെയാണ് പ്രഭാവമെന്നു പറയുന്നത്.

§ ഗുണം രസത്തിലന്തർഭൂതമാണെന്നു മുമ്പു പറഞ്ഞിട്ടുണ്ടല്ലൊ.

× കരിങ്ങാലിക്കാതലിന്നു കഷ്ടഗണശക്തി പ്രഭാവത്തിന്റെ വകയാകുന്നു. വിഠംമുള്ളു ഉഷ്ണവീര്യമായിരുന്നിട്ടും അതിങ്കലുള്ള തിക്തഗന്ധനിമിത്തമാണ് പിത്തത്തെ ശമിപ്പിക്കുന്നത്. എരുവുരസമുള്ള ചുക്ക് വാതത്തെ ചെയ്യുന്നതും അതിന്റെ വിപാകം മധുരമായതുകൊണ്ടാണ് ഇങ്ങിനെ ഉദാഹരണങ്ങളെ ഊഹിക്കണം.

ജന്മ തു ദ്രവ്യരസയോരന്യോന്യാപേക്ഷികം സ്മൃതമ്
അന്യോന്യാപേക്ഷികം ജന്മ യഥാ സ്യാദ്ദേഹദേഹിനോഃ. 19
വീര്യസംജ്ഞാ ഗുണാ യേഷ്ടൗ തേപി ദ്രവ്യാശ്രയാഃ സ്മൃതാഃ
രസേഷു ന വസന്ത്യേതേ നിർഗുണാസ്തു ഗുണാഃ സ്മൃതാഃ. 20
ദ്രവ്യേ ദ്രവ്യാണി യസ്മാദ്ധി വിപച്യന്തേ ന ഷഡ്രസാഃ
ശ്രേഷ്ഠം ദ്രവ്യമതോ ജ്ഞേയം ശേഷാ ഭാവാസ്തദാശ്രയാഃ. 21
അമീമാംസ്യാന്യചിന്ത്യാനി പ്രസിദ്ധാനി സ്വഭാവതഃ

ശ്രേഷ്ഠമെന്നതന്നെ പായുന്നതിന്നു വിരോധമില്ല. ദേഹവും ജീവനും അന്യോന്യം ആശ്രയിച്ചുകൊണ്ടാണെല്ലോ ജനിക്കുന്നത്. അതുപോലെതന്നെ രസവും ദ്രവ്യവും തമ്മിൽ ചേർന്നുകൊണ്ടുതന്നെയാണ് ഉത്ഭവിക്കുന്നത് (രസവും ദ്രവ്യത്തെ ആശ്രയിച്ചിരിക്കുന്നു എന്നുസാരം). വീര്യങ്ങളുടെ നിലയിൽ മുന്നു പ്രസ്താവിക്കപ്പെട്ടവയായ സ്നിഗ്ധാദിഗുണങ്ങൾ എട്ടുകൂട്ടവും ദ്രവ്യങ്ങളെ ആശ്രയിച്ചിരിക്കുന്നവയാകുന്നു. അങ്ങിനെയല്ലാതെ സ്നിഗ്ധാദിഗുണങ്ങൾ രസത്തെ ആശ്രയിച്ചല്ല ഇരിക്കുന്നത്. ഒരുഗുണം മറ്റൊരുഗുണത്തെ ആശ്രയിച്ചിരിക്കയെന്നുള്ളതു സംഭവിക്കാത്തതാണെല്ലാ. അതുകൊണ്ടും രസവും വീര്യവും ദ്രവ്യത്തെ ആശ്രയിരിക്കുന്നവയാണെന്നു വരുന്നു. വിപാകം ദ്രവ്യത്തെ ആശ്രയിച്ചിരിക്കുന്നതാണു*. *ശരീരത്തിൽവെച്ചു ജാരാഗ്നികൊണ്ടു പാകം പ്രാപിക്കുന്നതു ദ്രവ്യമാകുന്നു; രസംമുതലായവയല്ല. അതുകൊണ്ടു വിപാകം ഉണ്ടാകുന്നതു ദ്രവ്യത്തിന്നാണെന്നും വിപാകം ദ്രവ്യത്തെ ആശ്രയിച്ചിരിക്കുന്നതാണെന്നുംവരുന്നുണ്ടു്. ഈയുക്തികൊണ്ടുതന്നെ ദ്രവ്യമാണു് ശ്രേഷ്ഠമെന്നും മറ്റുള്ളവയെല്ലാം അതിനെ ആശ്രയിച്ചിരിക്കുന്നവയാണെന്നും സാധിച്ചു. 16-21

ഔഷധങ്ങളുടെ സ്വഭാവത്തെപ്പറ്റി യുക്തികൊണ്ടു ആലോചിച്ചു

---

* "ദ്രവ്യേ ദ്രവ്യാണി.....ഡ്രസാഃ" എന്നതിൽ ആദ്യത്തെ ദ്രവ്യശബ്ദത്തിന്നു് ഔഷധാദി എന്നും പിന്നെത്തതിന്നു് പഞ്ചഭൂതങ്ങളെന്നുമാണു് ഭാഷ്യാർത്ഥം. അപ്പോൾ ഔഷധാദികളിലുള്ള പഞ്ചഭൂതഗുണങ്ങളാണു് ജഠരാഗ്നിസംയോഗകാലത്തു് പാകം പ്രാപിക്കുന്നതു്; രസാദികളല്ല....., എന്നിങ്ങിനെ താൽപ്പര്യമാകുന്നു. തഴക്കമുള്ളവരിൽ മല്ലനപക്ഷപാതമുണ്ടായിരിക്കുന്നു.

ആഗമേനോപയോജ്യാനി ദോഷജ്ഞാനി വിചക്ഷണൈഃ. 22
പ്രത്യക്ഷലക്ഷണൈരഥലിംഗൈഃ പ്രസിദ്ധ്യാശ്ച സഭാവതഃ
നൈഷാധീഃഹ്യുഭ വിദ്വാൻ പരീക്ഷേത കഥഞ്ചന. 23
സഹസ്രേണാപി ഹേതൂനാം നാംബ്വാദിവിരേചയേൽ
തസ്മാൽ തിക്ഷ്ണാദ്യനുമിമാനാഗമേ ന തു ഹേതുഷു. 24

ഇതി സൂത്രസ്ഥാനാന്തർഗ്ഗത ദ്രവ്യസംഗ്രഹ-
വിമാനവിപാകവിജ്ഞാനീയോ നാമ
ചതുർദ്ദശോധ്യായഃ.

ഏകചത്വാരിംശോധ്യായഃ.

അഥാതോ ദ്രവ്യവിശേഷവിജ്ഞാനീയമധ്യായം വ്യാഖ്യാസ്യാമഃ. I

തീച്ചുറപ്പുള്ളതാണ് പ്രയാസമുണ്ട്. ആലോചിച്ചാലെത്താത്ത ശക്തിയോടുകൂടിയവയുകളും സ്വതന്ത്രസ്ഥിതങ്ങളായ ഗുണങ്ങളോടുകൂടിയവയും ആയ ഔഷധദ്രവ്യങ്ങളെ വൈദ്യന്മാർ ശാസ്ത്രത്തിൽ പറഞ്ഞതിനെ വിശ്വസിച്ച് ഏർപ്പെടുവാൻ പാടില്ലാത്തതാകുന്നു. ലക്ഷണങ്ങളും ഫലങ്ങളും പ്രത്യക്ഷമായി കാണപ്പെടുന്നവയും സ്വതന്ത്രസ്ഥിതമായ ശക്തിയോടുകൂടിയവയുകളുമായ ഔഷധങ്ങളെപ്പറ്റി വിദ്വാന്മാരായാൽ ഹേതുവാദം ചെയ്യുതക്കിക്കുന്നതു നന്നല്ല. തണ്ഡുലാദിഗണത്തിലുള്ള ഔഷധങ്ങൾ ഏതു ആയിരം ഹേതുകളെക്കാണ്ടു ന്യായവാദംചെയ്യുവും വിരേചനശക്തിയുള്ളവയായിത്തീരുകയില്ല. അതുകൊണ്ടു ബുദ്ധിമാനായ വൈദ്യൻ ഏറ്റവുമുഴം ശാസ്ത്രത്തിനെ ആശ്രയിച്ചിരിക്കയല്ലാതെ ഹേതുക്കളെ നിരൂപണംചെയ്ത് ന്യായവാദംചെയ്യരുത്." 22-24

ഇങ്ങിനെ സുശ്രുതസംഹിതയിൽ സൂത്രസ്ഥാനത്തിൽ ദ്രവ്യസംഗ്രഹ-
വിമാനവിപാകവിജ്ഞാനീയമെന്ന
നാല്പത്തൊന്നാമധ്യായം കഴിഞ്ഞു.

നാല്പത്തൊന്നാമധ്യായം.

ഇനി ദ്രവ്യവിശേഷവിജ്ഞാനീയമെന്ന (ദ്രവ്യങ്ങളുടെ വകഭേദം വിവരിക്കുന്ന) അധ്യായം പറയാം:— 1

പൃഥിവ്യപ്തേജോവായ്വാകാശാനാം സമുദായാദ്ദ്രവ്യാഭിനിവ്വൃത്തിരുൽകഷ്ടസ്വഭിവ്യഞ്ജകോ ഭവതീദം പാർത്ഥിവമിദമാപ്യമിദം തൈജസമിദം വായവ്യമിദമാകാശീയമിതി. 2

തത്ര ഗുരുസാരസാന്ദ്രമന്ദസ്ഥിരശ്ലക്ഷ്ണഖരകഠിനം ഗന്ധബഹുലമിഷൽകഷായം പ്രായശോ മധുരമിതി പാർത്ഥിവമ്. തൽ സ്ഥൈര്യബലസംഘാതോപചയകരം വിശേഷതശ്ചാധോഗതിസ്വഭാവമിതി. 3

ശീതസ്നിഗ്ധമിതസ്നിഗ്ധമന്ദശ്ലക്ഷ്ണസരസാന്ദ്രമൃദുപിച്ഛിലം രസബഹുല

ഭൂമി, ജലം, അഗ്നി, ആകാശം എന്നീ അഞ്ചു ഭൂതങ്ങളേയും കൂടി ആശ്രയിച്ചുംകൊണ്ടാണ് ദ്രവ്യങ്ങളെല്ലാമുണ്ടാകുന്നത്. എന്നാൽ ഇന്ന ദ്രവ്യം പാർത്ഥിവമാണെന്നും (ഭൂമിസ്വരൂപം) ആപ്യ (ജലസ്വരൂപം) മാണെന്നും തൈജസ (അഗ്നിസ്വരൂപം)മാണെന്നും വായവ്യ (വായുസ്വരൂപം)മാണെന്നും ആകാശീയ (ആകാശസ്വരൂപ)മാണെന്നും കാരൊ ദ്രവ്യങ്ങളെപ്പറ്റി തീർച്ചപ്പെടുത്തുന്നതു അതാതു ഭൂതങ്ങളുടെ അംശം അധികമായി കാണപ്പെടുന്നതുകൊണ്ടാകുന്നു. 2

അവയിൽവെച്ചു തടിപ്പുള്ളതും ബലമുള്ളതും കൊഴുപ്പുള്ളതും മന്ദമായതും ഇളകാത്തതും ഗുരുത്വ(വേഗം ഹേതുക്കളെയ്യ)മുള്ളതും പരുപരുപ്പുള്ള (ഖര)തും മൃദുത്വമില്ലാത്തതും വാസനയധികമുള്ളതും അല്പമായ ചവർപ്പു രസവും അധികം മധുരരസവുമുള്ളതുമായിരിക്കുന്ന ദ്രവ്യം പാർത്ഥിവ (ഭൂമ്യംശമധികമുള്ളതു)മാകുന്നു. ഈ പാർത്ഥിവദ്രവ്യം ദേഹത്തിന്നുറപ്പും ബലവും കാഠിന്യവും പുഷ്ടിയുമുണ്ടാക്കും; വിശേഷിച്ചു *കീഴ്പോട്ടു പൊകുന്ന (മലനമുള്ള- വിരേചനംവരുത്തുന്ന) സ്വഭാവത്തോടുകൂടിയതാകുന്നു. 3

തണുത്തതും നനവുള്ളതും മെഴുക്കുള്ളതും മന്ദമായതും ഗുരുത്വമുള്ളതും ഇളകുന്ന സ്വഭാവമുള്ളതും കൊഴുപ്പുള്ളതും മൃദുത്വമുള്ളതും വഴുപ്പുള്ളതും നീരധികമുള്ളതും അല്പമായ ചവർപ്പും പുളിയും ലവണരസവും അധികമായ മധുരരസവുമുള്ളതുമായ ദ്രവ്യം ആപ്യമാകുന്നു. ആപ്യദ്രവ്യ

---

* അധികം ഭൂമിക്കുള്ളിലേക്കു വേരും മാറും ഊന്നിയിറങ്ങുന്ന സ്വഭാവമാണിതെന്നും ചിലരർത്ഥം പറയുന്നു. ദ്രവ്യകർമ്മവിവരണമായ ഈ പ്രകൃതത്തിൽ അതിന്റെ സ്വഭാവലക്ഷണം പറയുന്നതു് ശ്രദ്ധേയമാണെന്നു വരും.

മിഷൽ കഷായമൂലലവണം മധുരാമ്ലപ്രായമാപ്യമ. തൽ സ്നേഹനപ്ര
ാദനക്ലേദനബന്ധനവിഷ്യന്ദനകരമിതി. 4

ഉഷ്ണതീക്ഷ്ണസൂക്ഷ്മതൃക്ഷഖരലഘുവ്യവശദം രൂപഗുണബഹുലമീക്ഷദമ്ല
ലവണംകടുകരസപ്രായം വിശേഷതശ്ചോർദ്ധ്വഗതിസ്വഭാവമിതി തൈ
ജസം. തദ്ദഹനപചനദാരണതാപനപ്രകാശനപ്രഭാവവർണ്ണകരമിതി. 5

സൂക്ഷ്മതൃക്ഷഖരശീതലഘുവിശദം സ്പർശബഹുലമീക്ഷത്തിക്തം
ങ്ങളെ ദേഹത്തിൽ മെഴുക്കുപിടിപ്പിക്കയും സന്തോഷിപ്പിക്കയും നല്ലവു
ണ്ടാക്കയും ചെയ്യും. എന്നുമാത്രമല്ല, ദേഹത്തിലുള്ള അംശങ്ങളെ ത
മ്മിൽ കൂട്ടിച്ചേർത്തുന്നതിനും ദേഹത്തിലുള്ള ജലാംശത്തെ സ്രവിപ്പിക്കു
ന്നതിനും ഈ ദ്രവ്യത്തിനു സാമർത്ഥ്യമുണ്ട്. 4

ഉഷ്ണമായും തീക്ഷ്ണ(വേഗത്തിൽ വ്യാപിക്കുന്നതു)മായും സൂക്ഷ്മ(ചെ
റിയതു്, കൂടുകിയ സ്ഥലങ്ങളിൽ പ്രവേശിക്കുന്നതു)മായും തൃക്ഷ (മിനസ
മില്ലാത്തതു്)മായും തൊട്ടുമ്പോൾ പരുപരുത്തിരിക്കുന്നതായും വേഗ
ത്തിൽ ദഹിക്കുന്നതായും തെളിഞ്ഞിരിക്കുന്നതായും (വഴുപ്പില്ലാത്തതു്)
കാഴ്ചയിൽ ഭംഗിയധികമുള്ളതായും കൂടുതലായ പുളിരസവും ഉപ്പുരസ
വും അധികമായി എരുരസവുമുള്ളതായും ഇരിക്കുന്ന ദ്രവ്യം തൈജസ
മാകുന്നു. ഈ ദ്രവ്യം വിശേഷിച്ചും മേൽപോട്ടുപോകുന്ന *സ്വഭാവ (ചൂ
ട്ടിനെ ഉണ്ടാക്കുന്നതു്)ത്തോടുകൂടിയതാണു്. തൈജസദ്രവ്യം ദേഹാവയ
വങ്ങളിൽ ചവിനേയും ജഠരാഗ്നിബലത്തേയും ഉണ്ടാക്കും. വ്രണങ്ങളെ
യും മാറും പിളർക്കുന്നതിനും ദേഹത്തിൽ ചൂടധികമുണ്ടാക്കുന്നതിനും
കണ്ണിനു കാഴ്ചയേയും അംഗങ്ങൾക്കു സ്പഷ്ടതയേയും മാറും ഉണ്ടാക്കുന
തിനും ദേഹത്തിൽ പ്രഭയും നല്ലവർണ്ണവുമുണ്ടാക്കുന്നതിനും തൈജസ
ദ്രവ്യങ്ങൾക്കു സാമർത്ഥ്യമുണ്ടു്. 5

സൂക്ഷ്മമായും തൃക്ഷമായും പരുപരുപ്പുള്ളതായും തണുപ്പുള്ളതായും
ഘനം കുറഞ്ഞ (വേഗം ചേരിക്കുന്ന)തായും തെളിവുള്ളതായും സ്പർശ
നമുള്ള (തൊട്ടറിയാവുന്ന)തായും കുറഞ്ഞാനും കഷായരസവും അധികമായ ചവർപ്പുരസവും ഉള്ളതായും ഇരിക്കുന്ന ദ്രവ്യം

* മേൽപോട്ടു പോന്നിവച്ചുജനനമെന്നും പക്ഷം.

വിശേഷതഃ കഷായമിതി വായവീയമ്. തൈലശീതലാഘവഗ്രഹണവി
ശ്ലക്ഷ്ണാവിചാരണകരമിതി. 6

ശ്ലക്ഷ്ണസൂക്ഷ്മമൃദുവ്യവായിവിശദവിവികാമവ്യക്തരസം ശബ്ദനാഹ്ലാ
ദമാകാശീയമ്. തന്മാർദ്ദവസൌഷിരില്യലാഘവകരമിതി. 7

അനേന നിർദ്ദേശേന നാനൌഷധീഭൂതം ജഗതി കിഞ്ചിദ്ദ്രവ്യമ
സ്തീതി കൃത്വാ തം തം യുക്തിവിശേഷമർത്ഥഞ്ചാഭിസമീക്ഷ്യ സംവിശ്യ
ഹ്ണ യുക്തയാവി ദ്രവ്യാണി കർമ്മകരാണി ഭവന്തി. താനി യഥാ കുർവ്വന്തി
വായവ്യമാകുന്നു. വായവ്യദ്രവ്യം ദേഹത്തിങ്കലുള്ള വഴപ്പിനേയും മാറാം
നശിപ്പിച്ച് തെളിവുണ്ടാക്കും; അതു ദേഹത്തിന്നു ഘനതക്കുറവും ധാതു
ക്ഷയവും വാതപ്രകൃതിയും മനസ്സിന്നു വിഭ്രാന്തിയുമുണ്ടാക്കിത്തീർക്കും. 6

മിനസുള്ളതും സൂക്ഷ്മമായതും മൃദുത്വമുള്ളതും വ്യാപനശക്തിയ
ധികമുള്ളതും തെളിവുള്ളതും വിവിക്തമായിരിക്കുന്ന (വേർപെട്ടകൊണ്ടി
രിക്കുന്ന, Porous)തും വ്യക്തമായ ഒരു രസവുമില്ലാത്തതും ആയിരി
ക്കുന്ന ദ്രവ്യം ആകാശീയമാകുന്നു. ഈ ദ്രവ്യം ദേഹത്തിന്നു മൃദുത്വത
യും ദോഷാവയവങ്ങളിൽ വിരേചനവും ദേഹത്തിന്നു ഘനക്കുറവിനേയും
ഉണ്ടാക്കുന്നതാകും. 7

മേൽപറഞ്ഞവിവരണങ്ങളെക്കൊണ്ടു(പഞ്ചഭൂതമയങ്ങളെല്ലാം ദ്ര
വ്യങ്ങളും അവ ചികിത്സകോപകരിക്കുന്നവയുമാകകൊണ്ടു) ലോകത്തിൽ
ഔഷധമല്ലാത്ത പദാർത്ഥം ഒന്നുംതന്നെയില്ലെന്നു വരുന്നു. അതു കൊണ്ടു
വായിട്ടു ദ്രവ്യങ്ങളുടെ ലക്ഷണങ്ങളേയും ദ്രവ്യങ്ങൾക്കുള്ള പ്രയോഗഭേ
ങ്ങളേയും അവ പ്രയോഗിക്കേണ്ടുന്ന കാലങ്ങളേയും ശരിക്കു മനസ്സിലാ
ക്കി അതാതിന്നുചിതങ്ങളായ രോഗങ്ങളിൽ അതാതുവീര്യങ്ങളോടുകൂടി
യ ദ്രവ്യങ്ങളെ ഉപയോഗിച്ചാൽ അവ സഫലങ്ങളായിരിക്കുന്നതാ
കുന്നു.

ഔഷധങ്ങൾ തങ്ങളുടെ രോഗശമനവ്യാപാരത്തെ ചെയ്യുന്നതു് ഏതുസമയത്താ ആ സമയത്തെ കാലമെന്നു പറയുന്നു. ഔഷധങ്ങൾ ഏതൊരു പ്രവൃത്തിയെ ചെയ്യുന്നുവോ അതിനെ കർമ്മമെന്നും അവ ഏതൊരു ശക്തികൊണ്ടു ആ കർമ്മത്തെ നടത്തുന്നുവോ ആ ശക്തിയെ വീര്യമെന്നും ഏതൊരു സ്ഥലത്തു് അവയുടെ വ്യാപാരം നടക്കുന്നുവോ

സ കാലഃ, യൽ കൃന്തി തൽ കർമ്മ, യേന കൃന്തി തച്ഛിസ്ത്രം, യത്ര കൃന്തി തദധികരണം, യദാ കൃന്തി സ ഉപാശഃ, തന്നിഷ്പാദയന്തി രൂൽ ഫലമിതി. 8

തത്ര വിരേചനദ്രവ്യാണി പൃഥിവ്യംബുഗ്രഹണഭൂയിഷ്ഠാനി, പൃഥിവ്യാപോ ഗുരവ്യോ ഗുരുതാദധോ ഗച്ഛന്തി, തസ്മാദ്വിരേചനമധോഗ്രഹണഭൂയിഷ്ഠമാനാൽ. വമനദ്രവ്യാണ്യഗ്നിവായുഗ്രഹണഭൂയിഷ്ഠാന്യഗ്നിവായ്വാ ഹി ലഘൂ, ലഘുതാച്ച താന്യൂർദ്ധമുത്തിഷ്ഠന്തി, തസ്മാദ്വമനമൂർദ്ധഗ്രഹണഭൂയിഷ്ഠമുക്തം. ഉഭയഗ്രഹണഭൂയിഷ്ഠമുഭയതോഭാഗം. ഔദ്ധകാശഗ്രഹണഭൂയിഷ്ഠാ സംശോധനം. സാംഗ്രാഹികമനിലഗ്രഹണഭൂയിഷ്ഠമനിലസ്യ ശോഷി

ആ സ്ഥലത്തെ അധികരണമെന്നും ഏതൊരുപ്രകാരത്തിൽ (കഷായ ലേഹാദിരൂപേണ) അവ വ്യാപരിക്കുന്നുവോ ആ പ്രകാരത്തിനു ഉപായമെന്നും ഏതൊരുവിധം ഉപയോഗത്തെ (സപസ്ഥതയാ രോഗമോ) അവ ഒടുവിലുണ്ടാക്കുന്നുവോ അതിനു ഫലമെന്നും പേരുകൾ പറയപ്പെടുന്നു. 8

ആവയിൽവെച്ചു വിരേചനമുണ്ടാക്കിത്തീർക്കുന്ന ഔഷധങ്ങൾ ഭൂമിയുടെയും ജലത്തിന്റെയും ഗുണങ്ങളധികമുള്ളവയാകുന്നു. ഭൂമിയും ജലവും ഗുരുതയുള്ളവയാകുന്നു. അതുനിമിത്തം ആ ഭൂതങ്ങളുടെ ഗുണം കീഴ്പ്പോട്ടുപോകുന്ന സ്വഭാവത്തിലുള്ളതാണ്. അതുകൊണ്ടു കീഴ്പോട്ടു പോവുക എന്നുള്ള സ്വഭാവത്തിലിരിക്കുന്ന വിരേചനദ്രവ്യങ്ങൾ ഭൂമിയുടെയും ജലത്തിന്റെയും ലക്ഷണങ്ങളോടുകൂടിയവയാണെന്നു അനുമാനം കൊണ്ടു ഗ്രഹിക്കപ്പെടുന്നു.

ഛർദ്ദിപ്പിക്കാനുള്ള മരുന്നുകൾ അഗ്നിയുടെയും വായുവിന്റെയും ഗുണങ്ങളധികമുള്ളവയാണ്. അഗ്നിയും വായുവും ലഘുവും കുറഞ്ഞവയുമാകയാൽ മേൽപ്പോട്ടുപൊയ്ക്കുന്ന സ്വഭാവമുള്ളവയാകുന്നു. അതുകൊണ്ടു മേൽപ്പെട്ടുപൊയ്ക്കുന്ന സ്വഭാവത്തോടുകൂടിയ ഛർദ്ദിയെ ഉണ്ടാക്കുന്ന മരുന്നുകളെ അഗ്നിവായുക്കളുടെ ഗുണങ്ങളോടുകൂടിയവയാണെന്നു ഗ്രഹിക്കുന്നു.

വിരേചനത്തെയും ഛർദ്ദിയേയും കൂടിയുണ്ടാക്കിത്തീർക്കാൻ ശക്തിയുള്ള മരുന്നുകൾ മേൽപറഞ്ഞ രണ്ടുതരം ഭൂതങ്ങളുടേയും ഗുണങ്ങളോടുകൂടിയവയാകുന്നു.

ണാന്നകതാഗ്നി. ദീപനമഗ്നിവൃദ്ധ്യാഗ്നിം. ലേഖനന്നിലാദിലക്ഷണ
ത്തെയിഷ്ടം. ജ്ഞാനം പൃഥിവ്യാദ്യുത്പത്തിയിഷ്ടം. ഏവമന്യദപ്യൂഹ്യ
ന്നുന്നമാനാത്സാധയേൽ. 9

ഭവന്തി ചാത്ര—(ച).

ഭ്രതേജോവാരിതൈജൈർദ്രവൈർ ശമം യാതി സഘീരണ &
ഭ്രവ്യൈർമ്മരുദ്വായുതൈജൈ പിത്തം ക്ഷിപ്രമാപ്നോതി വിവൃദ്ധിമ്.
ഖതേജോനിലതൈജൈർശ്ലേഷ്മാ ശമമേതി ശരീരിണാം
വിയൽപവനജാതാഭ്യാം വൃദ്ധിമാപ്നോതി മാരുതർ.
ആഗ്നേയമേവ യദ്ദ്രവ്യം തേന പിത്തമുദീര്യതേ

രോഗങ്ങളെ ശമിപ്പിക്കുന്ന ശക്തിയെ വഹിച്ചുകൊണ്ടിരിക്കുന്ന ചില മരുന്നുകൾ ആകാശത്തിന്റെ ഗുണങ്ങളധികമുള്ളവയാകുന്നു.

രോഷാദികളെ തടഞ്ഞുനിറുത്തുന്ന ശക്തിയോടുകൂടിയ മരുന്നുകൾ വായുവിന്റെ ഗുണങ്ങളധികമുള്ളവയാകുന്നു. കാരണം, വായുവിന്റെ സ്വഭാവം പ്രോത്ഥങ്ങളെ വരുത്തുകയാണു്.

ദീപനമുണ്ടാക്കുന്ന മരുന്നുകൾ അഗ്നിയുടെ ഗുണങ്ങളധികമുള്ളവയാകുന്നു.

ലേഖനക്രിയയ്ക്കുപയോഗമുള്ള മരുന്നുകൾ വായുവിന്റെയും അഗ്നിയുടേയും ഗുണങ്ങൾ രണ്ടുംകൂടി അധികമായിട്ടുള്ളവയാകുന്നു.

ഏതെങ്കിലും തടിപ്പിക്കുന്ന ദ്രവ്യങ്ങളിൽ ഭൂമിയുടേയും ജലത്തിന്റെയും ഗുണങ്ങളധികമായുണ്ടായിരിക്കും.

ഈ മാതിരി ഔഷധങ്ങൾക്കുള്ള വ്യാപാരശക്തികളെ അനുമാനം കൊണ്ടു് ആലോചിച്ചുകൊള്ളേണ്ടതാണു്. 9

"ഭൂമി, അഗ്നി, ജലം എന്നീ ഭൂതങ്ങളുടെ അംശം അധികമുള്ള ദ്രവ്യങ്ങളെക്കൊണ്ടു വായു ശമിക്കും. ഭൂമി, ജലം, വായു എന്നീ ഭൂതങ്ങളുടെ ഗുണങ്ങളോടുകൂടിയ ദ്രവ്യങ്ങളെക്കൊണ്ടു വേഗത്തിൽ പിത്തത്തിനു ശാന്തിയുണ്ടാകും. ആകാശം, അഗ്നി, വായു എന്നീഭൂതങ്ങളുടെ അംശങ്ങളധികമുള്ള മരുന്നുകളെക്കൊണ്ടു കഫം ശമിക്കും.

ആകാശം, വായു എന്നീഭൂതങ്ങളെ ആശ്രയിച്ചുണ്ടായ മരുന്നുകളെക്കൊണ്ടു വായുവിനു വൃദ്ധിയുണ്ടാകും. ആഗ്നേയങ്ങളായ (അഗ്നിഭൂതത്തെ ആശ്രയിച്ചുണ്ടായ) ദ്രവ്യങ്ങളെക്കൊണ്ടു പിത്തം വർദ്ധിക്കും.

വായ്വാകാശജലജാതാത്മാ വലാസ്യേ പരിവർത്തതേ. 10
പിത്തമേതസ്മാന്നാഭിസ്ഥം ദ്രവ്യം ദ്രവ്യേ നിഷിച്യതേ
ഉദ്രിക്തോ വാ സ്വലിംഗോ വാപി ജന്തോസ്താം ദോഷവത്മ വിദ്യാത്. 11

(ശ). അത്ര ച ഭേഷജാണാ മിശ്രസംജ്ഞകാനാ വിഭാഗജ്ഞാനായ ഭേഷജഗുണാനാമുപദേശാനന്തരമേവ ഭേഷജഗുണാനാമുപയോഗവിശേഷാനുപദേശേ കാരണമുപദിശ്യതേ, ഗുരുണാമുപയോഗവിശേഷാനുപദേശേ കാരണമുപദിശ്യതേ, ഗുരുണാമുപയോഗവിശേഷാനുപദേശേ കാരണമുപദിശ്യതേ, ശസ്യതേ ഹി ഭേഷജമുപയോഗവിശേഷാനുപദേശേ കാരണമുപദിശ്യതേ, ലഘുനാമുപയോഗവിശേഷാനുപദേശേ കാരണമുപദിശ്യതേ. അത്ര ഗുരുണാമുപയോഗവിശേഷാനുപദേശേ കാരണമുപദിശ്യതേ, ഗുരുണാമുപയോഗവിശേഷാനുപദേശേ കാരണമുപദിശ്യതേ, ലഘുനാമുപയോഗവിശേഷാനുപദേശേ കാരണമുപദിശ്യതേ, ശ്ലക്ഷ്ണാനാമുപയോഗവിശേഷാനുപദേശേ കാരണമുപദിശ്യതേ, ശ്ലക്ഷ്ണാന

ക്ലേഷ്ടൃത്വാ. തേഷാം ശീതോഷ്ണസ്നിഗ്ധരൂക്ഷക്ലിന്നപാചനസൂക്ഷ്മാദിനാ, രൂക്ഷാദ്യാലഘ്വാ വിരുക്ഷണാപതലേപലേഖനാദിനാ, തീക്ഷ്ണോ ഽഹ നപചനാദിനാ,മൃദുനാ തദ്വിപര്യായേനാനമീയതേ; ഗുരുപാകഃ സൃഷ്ട വിഗുണൃത്വാ കഫോൽക്ലേശന ച, ലഘുസ്സുദ്ധവിഗുണൃതയാ മാരുത കോദവന മേതി. 12

തത്ര തുല്യഗുണേഷു ദ്രവ്യേഷു രസവിശേഷമുപലക്ഷയേൽ. തദ്യ ഥാ- മധുരോ ഗുരുശ്ച പാർത്ഥിവഃ, മധുരഃ സ്നിഗ്ധശ്ചാപ്യ ഇതി. 13

അവയിൽവെച്ചു ഗുരുവും ഉഷ്ണവും സ്നിഗ്ധവും വാതത്തെയും, മൃദു വും ശീതവും പിത്തത്തെയും, ലഘുവും തീക്ഷ്ണവും രൂക്ഷവും കഫത്തെയും, ഗുരുവിപാകം വാതപിത്തങ്ങളേയും, ലഘുവിപാകം കഫത്തെയും നശി പ്പിക്കുന്നവയാകുന്നു.

രസങ്ങളിൽവെച്ചു സന്തർപ്പണത്തെ ജനിപ്പിക്കുന്നതുകൊണ്ടും മ റവും ശീതത്തെയും വൈഷമ്യമുണ്ടാക്കുന്നതുകൊണ്ടുംമാറവും ഉഷ്ണത്തെയും സ്തംഭ നമുണ്ടാക്കുന്നതുകൊണ്ടുംമാറവും സ്നിഗ്ധത്തെയും അനുമാനിച്ചു മനസ്സിലാ ക്കാം. രൂക്ഷത്തെ വാഹനം ചെയ്യുണ്ടാക്കുന്നതുകൊണ്ടും ഗുരുവിനെ ഘനനം കൊണ്ടും ലഘുവിനെ ലേഖനസ്വഭാവംകൊണ്ടും തീക്ഷ്ണത്തെ പൊള്ളി ക്കുക, പഴുക്കുക മുതലായതുകൊണ്ടും മൃദുവിനെ തീക്ഷ്ണവിപരീതലക്ഷണങ്ങ ളെക്കൊണ്ടും അനുമാനിക്കാം. ഗുരുവിപാകത്തെ അറിയേണ്ടതു് മല വും മൂത്രവും പോകുന്നതുകൊണ്ടാണു്. കഫം ഇളകിവശാവുന്നതുകൊ ണ്ടും അതിനെ ഊഹിച്ചു മനസ്സിലാക്കാം. മലമൂത്രങ്ങൾ ബന്ധിക്കയും വായുകോപം ഉണ്ടാകയും ചെയ്യുന്നതായാൽ അതുകൊണ്ടു് ലഘുവിപാ കത്തെ അനുമാനിക്കാം. 12

ദ്രവ്യങ്ങളിൽ പൃഥ്വിതേജസ്സുകളെ ആശ്രയിച്ചുണ്ടായിരിക്കുന്നവോ അതായ ഭൂതങ്ങളുടെ ഗുണങ്ങൾക്കു് (രസങ്ങൾക്കു്) സാദൃശ്യം കാണു ന്നു ടിക്കിൽ ആ ഗുണങ്ങളോടു ചേർന്നിരിക്കുന്ന വീര്യഭേദം നോക്കി ഇ തു പാർത്ഥിവമെന്നും,ഇതു് ആപ്യമെന്നും മറവുമുള്ള ഭേദങ്ങളെ കണ്ടുപി ടിക്കണം. അതെങ്ങിനെയെന്നാൽ,മധുരരസവും ഗുരുവീര്യവുമുള്ളതാ ണെങ്കിൽ അതു പാർത്ഥിവദ്രവ്യമാണെന്നും മധുരരസവും സ്നിഗ്ധവീര്യ വുമുള്ളതാണെങ്കിൽ അതു് ആപ്യദ്രവ്യമാണെന്നും ഊഹിച്ചുകൊള്ള ണ്ടതാകുന്നു. 13

ഭവതി ചാത്ര—(പ).

ഗുണായ ഉക്താ ദ്രവ്യേഷു ശരീരേഷ്വപി തേ തഥാ
സ്ഥാനാവൃദ്ധിക്ഷയാസ്ഥ്നാദ്ദേഹിനാം ദ്രവ്യഹേതുകാഃ. 14

ഇതി സുശ്രുതസംഹിതായാം സൂത്രസ്ഥാനേ ദ്രവ്യവിശേഷവിജ്ഞാനീയോ
നാമൈകചത്വാരിംശോധ്യായഃ.

ദ്വിചത്വാരിംശോധ്യായഃ.

അഥാതോ രസവിശേഷവിജ്ഞാനീയമധ്യായം വ്യാഖ്യാസ്യാമഃ. 1
ആകാശപവനദഹനോതായഭ്രമിഷു യഥാസംഖ്യമേകോത്തരപരി

"മേൽപറഞ്ഞപ്രകാരം ദ്രവ്യങ്ങളിൽ പഞ്ചഭൂതഗുണസംബന്ധം നിമിത്തം ശൈത്യംമുതലായ ഗുണങ്ങളുണ്ടായിരിക്കുന്നുണ്ടെല്ലോ. അതുപ്രകാരംതന്നെയുള്ള ഭൌതികഗുണങ്ങൾ ദേഹത്തിലുമുണ്ട്. അതുകൊണ്ടു ദ്രവ്യങ്ങളുടെ ആ ഗുണങ്ങൾ ദേഹത്തിൽ ചേരുകനിമിത്തം ശരീരത്തിലുള്ള ആ ഗുണങ്ങൾ സ്വസ്ഥമായി പൂർവ്വാവസ്ഥയിലിരിക്കയൊ ക്ഷയിക്കയൊ വർദ്ധിക്കയൊ ചെയ്യുന്നതാണെന്നാകിയതാണം." 14

ഇങ്ങിനെ സുശ്രുതസംഹിതയിൽ സൂത്രസ്ഥാനത്തിൽ ദ്രവ്യവിശേഷവിജ്ഞാനീയമെന്ന നാല്പത്തൊന്നാമദ്ധ്യായം കഴിഞ്ഞു.

നാൽപ്പത്തിരണ്ടാമധ്യായം.

ഇനി രസവിശേഷവിജ്ഞാനീയമെന്ന (രസങ്ങളുടെവകഭേദത്തെപ്പറ്റി പറയുന്ന) അധ്യായം പായയാം:— 1

ആകാശം, വായു, അഗ്നി, ജലം, ഭൂമി എന്നീ ഭൂതങ്ങൾക്ക ക്രമേണ ശബ്ദം, ശബ്ദസ്പർശങ്ങൾ, ശബ്ദസ്പർശരൂപങ്ങൾ, ശബ്ദസ്പർശരൂപരസങ്ങൾ, ശബ്ദസ്പർശരൂപരസഗന്ധങ്ങൾ എന്നിവയാകുന്ന ഗുണങ്ങൾ. അതുകൊണ്ടു രസം എന്നുള്ള ഗുണം *ജലത്തിന്റെ സ്വന്തമാകുന്നു. ഭൂ

---

* ആകാശാദിഭൂതങ്ങൾക്ക ക്രമത്തിൽ ശബ്ദസ്പർശരൂപരസഗന്ധങ്ങൾ മുഖ്യഗുണങ്ങളാകുന്നു. മുകളിൽ പറഞ്ഞതു് മറ്റൊരോന്നിനോടു ചേർന്നിരിക്കുന്ന ക്രമത്തെക്കാണിക്കാനാണു്. പ്രത്യേകം ഓരോ ഗുണങ്ങളെ നിർദ്ദേശിക്കുന്നസമയത്തു ജലത്തിനു രസം സ്വന്തഗുണമാണെന്നു കാണാം.

വ്യാഃ ശബ്ദസ്പർശരൂപരസഗന്ധാഃ, തസ്മാദാപ്യോ രസഃ. പരസ്പരസം
സർഗ്ഗാൽ പരസ്പരാനുഗ്രഹാൽ പരസ്പരാനുപ്രവേശാച്ച സർവ്വേഷു സർവ്വേ
ഷാം സാന്നിധ്യമസ്തി, ഉൽകർഷാപകർഷാത്തു ഗ്രഹണമ്. 2

സ ഖലു പാപ്യോ രസഃ ശേഷഭൂതസംസർഗ്ഗാദ്വിദഗ്ധഃ ഷോഢാ വി
ഭജ്യതേ. തദ്യഥാ—മധുരോമ്ലോ ലവണഃ കടുകസ്തിക്തഃ കഷായ ഇതി-
തേ ച ഭൂയഃ പരസ്പരസംസർഗ്ഗാൽ ത്രിഷഷ്ടിധാ ഭിദ്യന്തേ. തത്ര ഭൂമ്യംബു
ഗുണബാഹുല്യാന്മധുരഃ ഭൂമ്യഗ്നിഗുണബാഹുല്യാദമ്ലഃ. തോയാഗ്നിഗുണ

തങ്ങളെല്ലാം അന്യോന്യം ചേർന്നുകൊണ്ടാണിരിക്കുന്നതു്. ഓരോ ഭൂത
വും മറ്റുഭൂതങ്ങളുടെ സഹായികളായും ഒന്നു മറ്റൊന്നിൽ പ്രവേശിച്ചു
കൊണ്ടും ഇരിക്കുന്നുണ്ടു്. ഈവക സംഗതികളെക്കൊണ്ടു നോക്കുമ്പോൾ
ഓരോ ഭൂതങ്ങളിലും മറ്റുഭൂതങ്ങളുടെ അംശങ്ങളും ചേർന്നിരിക്കുന്നുണ്ടെ
ന്നുവരുന്നു. ഭൂതങ്ങളുടെ ഗുണങ്ങളും ഇങ്ങിനെതന്നെ അന്യോന്യം സം
ബന്ധങ്ങളായിരിക്കുന്നു. ഏതു ഭൂതത്തിന്റെ അംശം ഏതൊരു ദ്രവ്യത്തി
ങ്കലധികമുണ്ടോ ആ ദ്രവ്യത്തിൽ ആ ഭൂതത്തിന്റെ ഗുണം അധികമായി
രിക്കും. അപ്രകാരംതന്നെ ഏതൊന്നിങ്കൽ ഏതുഭൂതത്തിന്റെ അംശം
ചുരുക്കമായിരിക്കുമോ ആ ദ്രവ്യത്തിൽ അതിന്റെ ഗുണം ചുരുങ്ങിയിരി
ക്കും. അധികാംശത്തെ പ്രമാണിച്ചു് ഇതു് പാർത്ഥിവമെന്നും, ഇതു് ആ
പ്യമെന്നും മറ്റും ഗ്രഹിക്കപ്പെടുന്നു. അംശത്തിന്റെ ചുരുക്കംനോക്കീ
ട്ടാണു് ഇതു പാർത്ഥിവമല്ലെന്നും മറ്റും വ്യവഹരിക്കുന്നതും. 2

മേൽപറഞ്ഞപ്രകാരം ജലത്തിന്റെ സ്വതന്ത്രഗുണമായ രസം മ
റ്റുള്ള ഭൂതങ്ങളുടെ സംസർഗ്ഗംനിമിത്തം പാകഭേദത്തെ പ്രാപിച്ചിട്ടു് ആ
റുവിധമായി പരിണമിക്കുന്നു. മധുരം, പുളി, ഉപ്പു്, എരിവു്, കയ്പു്, ച
വർപ്പു് എന്നിവയാകുന്നു ആ രസങ്ങൾ. ആ രസങ്ങൾ പിന്നെ പര
സ്പരം സംബന്ധിക്കയാൽ അറുപത്തിമൂന്നുവിധത്തിലായിത്തീരുന്നു.

അവയിൽവെച്ചു ഭൂമിയുടേയും ജലത്തിന്റേയും ഗുണങ്ങളധികമു
ണ്ടായാൽ രസം മധുരമായിരിക്കും. ഭൂമിയുടേയും *അഗ്നിയുടേയും ഗുണ
ങ്ങളധികമുണ്ടെങ്കിൽ രസം പുളിയായിരിക്കും. ജലം, അഗ്നി ഇവയുടെ

---

*. അമ്ലരസത്തിനു ജലാഗ്നിഗുണസംബന്ധവും ലവണത്തിനു. അഗ്നിഗുണസംബ
ന്ധവുമാണുള്ളതു് എന്നു ഭോഷ്യകാരൻ പറയുന്നു. അതു പൂർവ്വാപരഗ്രന്ഥങ്ങൾക്കു വിരു
ദ്ധമാകയാൽ ഇവിടെ മല്ലനപക്ഷാനുസാരിയായ പാഠത്തെ സ്വീകരിച്ചിരിക്കുന്നു.

ബാഹുല്യാല്ലവണം. വായ്വഗ്നിഗുണബാഹുല്യാൽ കടുകം. വായ്വാകാശഗുണബാഹുല്യാൽ തിക്തം. പൃഥിവ്യനിലഗുണബാഹുല്യാൽ കഷായ ഇതി. തത്ര മധുരാമ്ലലവണാ വാതഘ്നാഃ. മധുരതിക്തകഷായാഃ പിത്തഘ്നാഃ. കടുതിക്തകഷായാഃ ശ്ലേഷ്മഘ്നാഃ. 3

തത്ര വായുരാത്മവാത്മാ, പിത്തമാഗ്നേയം, ശ്ലേഷ്മാ സൌമ്യ ഇതി. ത ഏവൈത രസാഃ സ്വയോനിവർദ്ധനാ അന്യയോനിപ്രശമനാശ്ച. കേചിദാഹുരഗ്നിഷ്ടോമീയശ്ചാജ്ജഗതാ രസാ ദ്വിവിധാഃ സൌമ്യാഗ്നേയാ

ഗുണങ്ങൾ അധികമുള്ളതു ഉപ്പുരസമാവും. വായുവിൻറേയും അഗ്നിയുടേയും ഗുണങ്ങളധികം ചേർന്നു് ഏതുരുരസമായിരിക്കും. വായുവിൻറേയും ആകാശത്തിൻറേയും ഗുണങ്ങളേറെയുണ്ടായിരുന്നാൽ രസം കയ്പായിരിക്കും. ഭൂമിയുടേയും വായുവിൻറേയും ഗുണങ്ങൾ അധികം ചേർന്നിരുന്നാൽ ചവർപ്പുരസമുണ്ടായിരിക്കും.

അവയിൽ മധുരവും പുളിയും ഉപ്പുരസവും വാതത്തെ നശിപ്പിക്കും. മധുരം, തിക്തം, ചവർപ്പു് എന്നീ രസങ്ങൾ പിത്തത്തെ ശമിപ്പിക്കും. എതുരു്, കയ്പു്, ചവർപ്പു് ഈ രസങ്ങൾ കഫത്തേയും ശമിപ്പിക്കും. 3

ദേഹധാരണോപയോഗിയായ വായു സാധാരണ പഞ്ചഭൂതങ്ങളിലുൾപ്പെട്ട വായുതന്നെയാകുന്നു. പിത്തം അഗ്നിയിൽനിന്നുണ്ടായതും അഗ്നിസ്വഭാവമുള്ളതുമാകുന്നു. ശ്ലേഷ്മം ജലാംശത്തിൽനിന്നുത്ഭവിച്ചതാകുന്നു. ഏതു രസം ഏതു *ഭൂതങ്ങളിൽനിന്നുത്ഭവിച്ചിരിക്കുന്നുവോ ആ ഭൂതത്തിൽനിന്നുത്ഭവിച്ചതായ മറ്റുപഭൂതങ്ങളെ (വാതാദികളെ) ആ രസം വർദ്ധിപ്പിക്കയും വേറെ ഭൂതങ്ങളിൽനിന്നുണ്ടായ പഭൂതങ്ങളെ ശമിപ്പിക്കയും §ചെയ്യുന്നു.

ചില ആചാര്യന്മാർ ഇവിടെ വേറൊരുപ്രകാരത്തിൽ പറയുന്നു. എങ്ങിനെയെന്നാൽ.— 'ലോകംതന്നെ ശീതമായും ഉഷ്ണമായും രണ്ടുപ്രകാരത്തിലെ ഇരിക്കുന്നുള്ളു. അതുകൊണ്ടു രസങ്ങളും, സൌമ്യങ്ങളെന്നും

* "സ്വയോനിവർദ്ധനാഃ" എന്ന മൂലത്തിനു് 'സ്വരൂപം ഉൽപ്പാദിക്കുകാരണമായ ഭൂതത്തെ വർദ്ധിപ്പിക്കുന്നതു്' എന്നും വ്യാഖ്യാനമുണ്ടു്. ആ പക്ഷത്തിൽ രസങ്ങൾ സേവാൽപ്പന്നിഹേതുക്കളായ ഭൂതഗുണങ്ങളെ വർദ്ധിപ്പിച്ചു് തദ്വാരാ തൽഭൂതകാര്യങ്ങളായ വാതാദികളെ വർദ്ധിപ്പിക്കുന്നു എന്നു താൽപര്യമാകുന്നു.

§ ത്രിദോഷങ്ങളിലൊന്നായ വായു പഞ്ചഭൂതങ്ങളിലെ വായുതന്നെയാണെന്നു പറഞ്ഞുകണ്ടു് അതിൻറെ ഉൽപ്പത്തി ആകാശാദ്യനിന്നാണെന്നെങ്ങനെ പറയാം.

ശ്ച്യാഗ്നേയാശ്ച്യ. തത്ര മധുരതിക്തകഷായാഃ സൌമ്യാഃ, കടുകാമ്ലലവണാ ആഗ്നേയാഃ. മധുരാമ്ലലവണാഃ സ്നിഗ്ധാ ഗുരവശ്ച്യ. കടുതിക്തകഷായാ രൂക്ഷാ ലഘവശ്ച്യ. സൌമ്യാഃ ശീതാ ആഗ്നേയാശ്ചോഷ്ണാഃ. 4

തത്ര ശൈത്യരൌക്ഷ്യലാഘവവൈശദ്യവൈഷ്ടംഭഗുണലക്ഷ ണോ വായുഃ, തസ്യ സമാനയോനിഃ കഷായോ രസഃ, സോസ്യ ശൈത്യാച്ഛൈത്യം വർദ്ധയതി രൌക്ഷ്യാദ്രൌക്ഷ്യം ലാഘവാല്ലാഘവം വൈശദ്യാൽ വൈശദ്യം വൈഷ്ടംഭ്യാദ്വൈഷ്ടംഭ്യമിതി. 5

ഔഷ്ണ്യാദൌഷ്ണ്യരൌക്ഷ്യലാഘവവൈശദ്യഗുണലക്ഷണം പി ത്തം, തസ്യ സമാനയോനിഃ കടുകോ രസഃ, സോസ്യൌഷ്ണ്യാദൌഷ്ണ്യം

ആഗ്നേയങ്ങളെന്നും രണ്ടുപ്രകാരത്തിലെ ഉള്ളൂ. മധുരം, കയ്പ്, ചവർപ്പ് എന്നീ രസങ്ങളും സൌമ്യങ്ങളും എരിവ്, പുളി, ഉപ്പ് എന്നീ രസങ്ങളും ആഗ്നേയങ്ങളുമാകുന്നു. മധുരം, പുളി, ഉപ്പ് ഈ രസങ്ങളും സ്നിഗ്ധതയും ഗുരുത്വവുമുള്ളവയാകുന്നു. എരിവ്, കയ്പ്, ചവർപ്പ് ഈ രസങ്ങളും രൂക്ഷതയും ലഘുത്വവുമുണ്ട്. സൌമ്യങ്ങളും ശീതങ്ങളും ആഗ്നേയങ്ങളും ഉഷ്ണങ്ങളുമാകുന്നു.? 4

ശീതമായിരിക്കുക, രൂക്ഷമായിരിക്കുക, ലഘുവായിരിക്കുക, വിശദമായിരിക്കുക, *വിഷ്ടംഭത്തെ ചെയ്യുക എന്നിവയെല്ലാം വായുവിന്റെ ലക്ഷണങ്ങളാകുന്നു. ചവർപ്പുരസത്തിന്റേയും വായുവിന്റേയും ഉൽപ്പത്തിസ്ഥാനമായ ഭൂതം ഒന്നാകുന്നു. അതുകൊണ്ട് ചവർപ്പുരസം തന്റെ ശൈത്യംകൊണ്ട് വായുവിന്റെ ശൈത്യത്തേയും തന്റെ രൂക്ഷതയാൽ വായുവിന്റെ വഠിനത്വത്തേയും തന്റെ ലഘുത്വംകൊണ്ട് വായുവിന്റെ ലഘുത്വത്തേയും ഇങ്ങിനെ വൈശദ്യവും വിഷ്ടംഭകാരിത്വവുംകൊണ്ട് വായുവിന്റെ വൈശദ്യത്തേയും വിഷ്ടംഭകാരിത്വത്തേയും വർദ്ധിപ്പിക്കുന്നു. 5

പിത്തം ഉഷ്ണമായും തീക്ഷ്ണമായും രൂക്ഷമായും ലഘുവായും വിശദമായും ഇരിക്കുന്നൊന്നാണ്. പിത്തത്തിന്നുള്ള ഉൽപ്പത്തിസ്ഥാനം തന്നെയാണ് എരിവുരസത്തിന്നുമുള്ളത്. എരിവ് തന്നെയല്ല, ഉഷ്ണം മുതലായ പിത്തഗുണങ്ങളെല്ലാം എരിവുരസത്തിനുമുണ്ട്. അതുകൊണ്ട് എരിവു

---

* വയറിൻ കുത്തലും ചൂരക്കുലും വേദനയും മലബന്ധവും മറ്റുമുള്ള ഒരുതരം ഉപദ്രവത്തിന്ന വിഷ്ടംഭമെന്ന പേർ.

വർധയതി തൈക്ഷ്ണ്യാൽ തൈക്ഷ്ണ്യം രൗക്ഷ്യാത്രൗക്ഷ്യം ലാഘവാല്ലാ
ഘവം വൈശദ്യാത്തൈശദ്യമിതി. 6

മാധുര്യസ്നേഹഗൗരവശൈത്യപൈച്ഛില്യഗ്രഹണലക്ഷണഃ ശ്ലേഷ്മാ, തസ്യ സമാനയോനിർമ്മധുരോ രസഃ, സോസ്യ മാധുര്യന്മാധുര്യം വർധയതി സ്നേഹാൽ സ്നേഹം ഗൗരവാദ്ഗൗരവം ശൈത്യാച്ഛൈത്യം പൈച്ഛില്യാൽ പൈച്ഛില്യമിതി. തസ്യ പുനരന്യയോനിഃ കടുകോ രസഃ, സ ശ്ലേഷ്മണഃ പ്രത്യനീകത്വാൽ കടുകത്വാന്മാധുര്യമപഹരതി രൗക്ഷ്യാൽ സ്നേഹം ലാഘവാദ്ഗൗരവമൗഷ്ണ്യാച്ഛൈത്യം വൈശദ്യാൽ പൈച്ഛില്യമിതി. തദേതന്നിദർശനമാത്രമുക്തമ്. 7

രസലക്ഷണമത ഊർദ്ധ്വം വക്ഷ്യാമഃ. തത്ര യഃ പരിതോഷമുൽപാദയതി പ്രഹ്ലാദയതി തർപ്പയതി ജീവയതി മുഖോപലേപം ജനയതി ശ്ലേ

രസം പിത്തത്തിന്റെ ഉഷ്ണഗുണത്തെയും തീക്ഷ്ണസ്വഭാവത്തെയും വർധിപ്പിയേയും ലഘുത്വത്തേയും വൈശദ്യത്തേയും വർദ്ധിപ്പിക്കുന്നു. 6

മാധുര്യവും മെഴുക്കും ഗുരുത്വവും ശൈത്യവും വഴപ്പും കഫത്തിന്റെ ഗുണങ്ങളാകുന്നു. മധുരരസത്തിന്റേയും കഫത്തിന്റേയും ഉൽപ്പത്തി ഒരേ ഭൂതത്തിൽനിന്നുതന്നെ. മധുരരസത്തിനുൽ ഈ കഫത്തിന്റെ ഗുണങ്ങളെല്ലാമുണ്ട്. അതുകൊണ്ട് മധുരരസം കഫത്തിനുള്ള മാധുര്യത്തേയും മെഴുക്കിനേയും ഗുരുത്വത്തേയും ശൈത്യത്തേയും വഴപ്പിനേയും വർദ്ധിപ്പിക്കുന്നു.

എന്നാൽ കഫത്തിന്റേയും എരുവുരസത്തിന്റേയും ഉൽപ്പത്തിസ്ഥാനങ്ങളായ ഭൂതങ്ങൾ വെവ്വേറെയാകുന്നുവെല്ലോ. അതുകൊണ്ട് എരുവുരസം കഫത്തിനു വിപരീതമാകുന്നു. എരുവുരസം സ്വത്തേതന്നെ മധുരരസത്തെ നശിപ്പിക്കുന്നു. എരുവുരസം സൂക്ഷ്മമാകയാൽ കഫത്തിന്റെ സ്നിഗ്ദ്ധതയേയും ലഘുവാകയാൽ ഗുരുത്വത്തേയും ഉഷ്ണമാകയാൽ ശൈത്യത്തേയും വിശദമാകയാൽ വഴപ്പിനേയും നശിപ്പിക്കുന്നു.

മേൽപറഞ്ഞതു് ഉദാഹരണത്തിനുമാത്രം വേണ്ടി മുതിർന്നം വിവരണമാകുന്നു. (ഈ ക്രമത്തിൽ മറ്റുള്ളവയേയും വിവരിച്ചറിഞ്ഞുകൊള്ളേണ്ടതാണ്). 7

ഇനിമേൽ രസങ്ങളുടെ ലക്ഷണങ്ങളെ പറയാം:— ഏതൊരു രസം ഭോജനസമയത്തു് സന്തോഷിപ്പിക്കയും സുഖിപ്പിക്കയും തൃപ്തിയു

ഷ്ണാണഞ്ചാഭിവർദ്ധയതി സ മധുരഃ യോ ദന്തഹർഷമുൽപാദയതി മുഖാ
സ്രാവം ജനയതി ശ്രദ്ധാഞ്ചാൽപാദയതി സോല്ലഃ. യോ ഭക്തരുചി
മുൽപാദയതി കഫപ്രസേകം ജനയതി മാർദ്ദവഞ്ചോപാദയതി സ ലവ
ണഃ. യോ ജിഹ്വാഗ്രം ബാധതേ ഉദ്വേഗം ജനയതി ശിരോ ഗൃഹ്ണീതേ
നാസികാഞ്ച സ്രാവയതി സ കടുകഃ. യോ ഗളേ ചോഷമുൽപാദയതി
മുഖവൈശദ്യം ജനയതി ഭക്തരുചിഞ്ചോപാദയതി ഹൃദ്യഞ്ച സ തിക്തഃ.
യോ വക്ത്രം പരിശോഷയതി ജിഹ്വാം സുംഭയതി കണ്ഠം ബധ്നാതി വ്യേ
യം കഷ്ടതി പീഡയതി ച സ കഷായഃ. 8

രസഗ്രഹണാനന്തര ഉത്തരഭാവം വക്ഷ്യാമഃ. തത്ര മധുരോ രസോ രസര

ണ്ടാക്കുകയും ജീവനശക്തിയെ കൊടുക്കുകയും വായിൽ എന്തൊ പിര
ണ്ടതുപോലെ തോന്നിക്കുകയും ദേഹത്തിൽ കഫത്തെ വർദ്ധിപ്പിക്കുക
യും ചെയ്യുന്നുവോ അതിനെയാണ് മധുരരസമെന്നു പറയുന്നതു്.

പല്ലുകൾക്കു കോച്ചൽ (ദന്തഹർഷം), വായിൽനിന്നു വെള്ളം ഊ
റിവരിക, നാവിനു ചൊടിയുണ്ടാവുക എന്നീ സ്വഭാവങ്ങളെ എതൊ
രു രസം ഉണ്ടാക്കിത്തീർക്കുന്നുവോ ആ രസം പുളിയാകുന്നു.

എതൊന്നു് ആഹാരത്തിനു രുചിയേയും വായിൽ വെള്ളം ഊറ
ൽ എന്നതിനേയും വായിനകത്തെല്ലാം മൃദുത്വത്തേയും ഉണ്ടാക്കിത്തീ
ർക്കുന്നുവോ ആ രസം ഉപ്പുരസമാകുന്നു.

എതാരു രസം നാവിന്റെ തലയ്ക്കൽ നീറലും തരിപ്പുമുണ്ടാക്കി
കൊണ്ടു് ഉപദ്രവവും അസഹ്യതയും ജനിപ്പിക്കുകയും തലയ്ക്കു വേദന
യുണ്ടാക്കുകയും മൂക്കിൽക്കൂടി വെള്ളം വരുത്തുകയും ചെയ്യുന്നുവോ അ
താകുന്നു എരിരസം.

എതാണു തൊണ്ടയിൽ ഒരു വലിവിന്റെ മാതിരിയില്ലുള്ള ഒരു
ജാതി വേദനയെ (ശോഷം) ഉണ്ടാക്കുകയും വായിനകത്തു വെട്ടിപ്പുവ
രുത്തുകയും അന്നത്തിനു രുചിയെ ഉണ്ടാക്കുകയും സന്തോഷമുണ്ടാക്കു
കയും ചെയ്യുന്നുവോ അതു കസ്സരസമാകുന്നു.

എതാരു രസം വായിൽ വാർച്ചയുണ്ടാക്കുകയും നാവിനെ സ്തം
ഭിപ്പിക്കയും തൊണ്ടകെട്ടുകയും നെഞ്ഞിനു ഒരു വലിവും വേദനയും ഉ
ണ്ടാക്കുകയും ചെയ്യുന്നുവോ അതു ചവർപ്പുരസമാകുന്നു. 8

ഇനി മേൽ രസങ്ങൾക്കുള്ള ഗുണങ്ങളെ പറയാം:— മധുരരസം
രസം, രക്തം, മാംസം, മേദസ്സു്, അസ്ഥി, മജ്ജ, ശുക്ലം എന്നീ ധാതു

കഷമാംസമേദോസ്ഥിമജ്ജശുക്ലൌജസ്സൂന്യവഛ്നശ്വാക്ഷ്യക്ഷി കേശ്യോ വ
ർണ്ണ്യാ ബലകൃൽ സന്ധാനഃ ശോണിതരസപ്രസാദനോ ബാലവൃദ്ധ
ക്ഷതക്ഷീണഹിതഃ ഷട്പദപിപീലികാനാമിഷ്ടതമസ്തൃണ്ണ്മൂഷ്ടാദാഹപ്ര
ശമനഃ ഷഡ്ന്ദ്രിയപ്രസാദനഃ കൃമികൂടകരശ്ചേതി. സ ഖ്വി യംഗ്രഹണോ
പ്യേക ഖ്വിവാത്യർത്ഥമാസേവ്യമാനഃ കാസശ്വാസാലസകവഗുവദനമാ
ധുര്യസ്രോപഘാതക്രിമിഗരഗണ്ഡാനുപാദയതി തഥാഽഽധ്മാനപീനവ
സുഗ്രന്ഥ്യോപദേഹപാണ്ഡ്വാമയപ്രഭൃതീൻ ജനയതി. 9

അമ്ലോ ജരണഃ പാചനഃ പവനനിഗ്രഹണോനുലോമനഃ കോ
ഷ്ണവിദാഹി ബഹിഃ ശീതഃ ക്ലേദനഃ പ്രായശോ പൈത്ത്യകൃച്ചേതി. സ ഖ്വി യം

ക്കളേയും ഓജസ്സിനേയും മുലപ്പാലിനേയും വർദ്ധിപ്പിക്കുന്നതും കണ്ണിന്ന് നല്ലതും തലമുടിക്കു ഗുണമുണ്ടാക്കുന്നതും വർണ്ണത്തെ നന്നാക്കുന്നതും ബലമുണ്ടാക്കുന്നതും മുറിക്കൂട്ടുന്നതും രക്തത്തേയും രസധാതുവിനേയും തെളിയിക്കുന്നതും ബാലന്മാക്കും വൃദ്ധന്മാക്കും മുറിയേറ്റിട്ടുള്ളവക്കും ക്ഷീണിച്ചവക്കും ഹിതമായിട്ടുള്ളതും വണ്ടുകൾക്കും ഉറുമ്പുകൾക്കും അത്യന്തം പ്രിയമായിട്ടുള്ളതും വെള്ളരോഗം, മോഹാലസ്യം, ചുട്ടനീർ എന്നിവയെ ശമിപ്പിക്കുന്നതും ആറിന്ദ്രിയങ്ങളേയും (ശ്രോത്രം, ത്വക്ക്, ചക്ഷുസ്സ്, ജിഹ്വാ, ഘ്രാണം, മനസ്സ്) തെളിയിക്കുന്നതും കൃമികളേയും കഫത്തേയും വർദ്ധിപ്പിക്കുന്നതും ആകുന്നു.

മധുരരസത്തിന്നു മേൽപറഞ്ഞ ഗുണങ്ങളെല്ലാമുണ്ടെങ്കിലും അതിനെ തനിച്ച് അധികമായുപയോഗിച്ചാൽ ചുമ, വിക്കം, അലസകം (ഒരു ജാതി അജീർണ്ണം), ചർദ്ദി, വായിൽ എപ്പോഴും മധുരിക്കുന്ന എന്നു തോന്നൽ, ഒച്ചയടപ്പ്, കൃമി, ഗളഗണ്ഡമെന്ന രോഗം, അർബ്ബുദം, ശ്ലീപദം (പെരിക്കാൽ), വസ്തിലേപം (മൂത്രസഞ്ചിയിൽ എന്തൊ പാറിയിരിക്കുംപോലെ തോന്നുക), ഹൃദ്രോപം (മലദ്വാരത്തിൽ കഫം പിരണ്ടതായി തോന്നുക), അഭിഷ്യന്ദം (നേത്രരോഗഭേദം) മുതലായ രോഗങ്ങളുണ്ടാകും. 9

പുളിരസം ആഹാരത്തെ ദഹിപ്പിക്കുന്നതും ദോഷങ്ങളേയും വീക്കത്തേയും മാറ്റും പാകം വരുത്തുന്നതും വാതത്തെ നശിപ്പിക്കുന്നതും വായുവിന്റേയും മറ്റും ഗതിയെ നേരെയാക്കുന്നതും *വിദാഹത്തെ ഉ

---

* ഭക്ഷണം ഇറങ്ങിയാൽ വയറിനുള്ളിൽ ഒരു വേവും പുഴുകലും പുകച്ചിലും പുളിപ്പുമുണ്ടാകുന്ന സ്വഭാവത്തിനാണ് 'വിദാഹ'മെന്ന പേർ.

ഗ്രഹണാപ്യേക ഷ്വിവാത്യർത്ഥമുപസേവ്യമാനോ ഽന്തർഹർഷനയനസമ്മീല നദുരാമസംവേജനകഫവിലയനശരീരശൈഥില്യാന്യുപപാദയതി തഥാ ക്ഷതാഭിഹതദഷ്ടഭഗ്നാനുശഗ്നപ്രച്യുതാവമൂത്രിതവിസൃഷ്ടവി ച്ഛിന്നഭിന്നവിദഗ്ധാൽപിഷ്ടാദീനി പാചയത്യാഗ്നേയസദ്ഭാവാൽ പരി ദഹതി കണ്ഡൂദരാ ഹൃദയേഷ്ഠതി. 10

ലവണം സംശോധനം പാചനം വിശ്ലേഷണം ക്ലേദനം ശൈ ഥില്യകൃദ്ഭിദ്യം സവ്രണസ്രോത്യനീഹകാ മാശ്വവിശോധനം സർവ്വശരീരാവ

ണ്ഡാകുന്നതും ദേഹത്തിൽ പുറമെ തട്ടുമ്പോൾ തണുപ്പുണ്ടാകുന്നതും നലവിനെ ഉണ്ടാക്കിത്തീർക്കുന്നതും മിക്കതും ഹൃദയത്തിനു പ്രിയമുണ്ടാ കുന്നതുമാകുന്നു.

അല്പരസത്തിനു മേൽപറഞ്ഞ ഗുണങ്ങളൊക്കെയുണ്ടെങ്കിലും അതിനെത്തന്നെ അധികമായി തനിച്ചുപയോഗിച്ചുവെങ്കിൽ പല്ലുകൊ ച്ചുക, കണ്ണുചിമ്മുക (കണ്ണുകൊച്ചൽ), രോമങ്ങൾ എഴുത്തുപിടിക്കുക, ക ഫം ഉരുകുക, അംഗങ്ങൾക്കു് അയവുണ്ടാവുക എന്നീ സ്വഭാവങ്ങള ണ്ടാക്കുന്നതാണു്. മുറിപ്പെടുക, അടികൊണ്ടോ മറ്റോ ചതയുക, പൊ ള്ളുക, നരി മുതലായ ജന്തുക്കൾ കടിക്കുക, ഒടിയുക, വീങ്ങുക, വളയുക, സന്ധികളൊ മറ്റോ സ്ഥാനത്തുനിന്നു തെറ്റുക, വിഷസ്വരൂപമായ മൂത്രമുള്ള ജന്തുക്കളുടെ മൂത്രം ദേഹത്തിൽ വീഴുക, വിഷമുള്ള പ്രാണികൾ ദേഹത്തിലരിക്കുക, മുറിയുക, കീറുക, താക്കുക, ഉടയുക എന്നിങ്ങിനെ യുള്ള വല്ല ഉപദ്രവങ്ങളും അംഗങ്ങളിലെവിടെയെങ്കിലും ഉണ്ടായിട്ടുള്ള വക്കു് പുളിരസത്തിന്റെ അതിസേവയാൽ ആ അവയവസ്ഥാനങ്ങ ളിൽ പഴുപ്പു(പാകം)ണ്ടായി എന്നു വരുന്നതാകുന്നു. പുളിരസം ആ ഗ്നേയസ്വഭാവമാകയാലാണു് മേൽപറഞ്ഞ ധർമ്മങ്ങളുതിക്കൽ കാണു ന്നതു്. ആ സംഗതിയാൽതന്നെ പുളിരസാനിമിത്തം തൊണ്ടയിലും നെഞ്ഞത്തും ഹൃദയത്തിലും വേവുന്നുവെന്നുള്ള തോന്നലുണ്ടാകയും ചെയ്യും. 10

ലവണരസം വമനവിരേചനങ്ങളെ ഉണ്ടാക്കുന്നതും വ്രണത്തെ ശുദ്ധിവരുത്തുന്നതും ദോഷങ്ങളേയും ആഹാരദ്രവ്യത്തേയും പാകം വരു ത്തുന്നതും വ്രണം മുതലായതിലുള്ള പദാർത്ഥങ്ങളെ വേർപെടുത്തുന്ന തും വ്രണത്തിങ്കൽ നലവുണ്ടാക്കുന്നതും അവയവങ്ങൾക്കു് അയവുണ്ടാ

യവമാട്ടുവകരശ്ചേതി. സപ്തിവഗ്രഹണാപ്യേക പ്രിവാത്രത്ഥമുപസേവ്യ
മാനോ ഗാത്രകണ്ഡൂകോഠശോഫനാരുഷ്കരത്വസുപ്താംഗഘ തോദ്ഭേ
ദോപതാപാൻ തഥാ മുഖാക്ഷിപാകം രക്തപിത്താവൃതശോണിതാർശോ
കാപ്രഭൃതീനുപാദത്തേ. 11

കടുകോദീപനഃ പാചനോ രോചനഃ ശോധനഃ സ്ഥൗല്യാല
സ്യകഫക്രിമിവിഷകൃച്ഛ്രകണ്ഡൂപശമനഃ സന്ധിബന്ധച്ഛേദോവ
സാദനഃ സുനസ്തുക്ഷ്യമേദസാമുപചയനോ ഭവതി. സപ്തിവഗ്രഹണാപ്യേ
ക പ്രിവാത്രത്ഥമുപസേവ്യമാനോ ഭ്രമമദഗ്ലാനതാലോപാക്ഷിശിരഃഷ്ടീഹസ

ക്കുന്നതും ഉഷ്ണമായിരിക്കുന്നതും മാവുള്ള എല്ലാ രസങ്ങളുടേയും ശക്തി യെ കുറയ്ക്കുന്നതും മൂത്രമാർഗ്ഗം മുതലായ മാർഗ്ഗങ്ങളെ ശുദ്ധിവരുത്തുന്നതും ദേഹത്തിലെല്ലാംകൂടിയും അവയവങ്ങളിലായിട്ടും മൃദുത്വത്തെ ഉണ്ടാക്കിത്തീർക്കുന്നതും ആകുന്നു.

ഈ വക ഗുണങ്ങളൊക്കെയുണ്ടെങ്കിലും ലവണരസത്തെത്തന്നെ യെ അധികം സേവിച്ചാൽ ദേഹത്തിൽ ചൊറിച്ചിലിനേയും വട്ടപ്പി ണങ്ങുകളേയും (കോഠം) വീക്കത്തേയും നിറപ്പകച്ചയേയും സ്നിഗ്ധമനത്തിൽ ശക്തിയില്ലായ്മയേയും ഇന്ദ്രിയങ്ങൾക്ക് ശക്തിക്ഷയത്തേയും വായിന്നകത്തും കണ്ണുകളിലും പഴപ്പിനേയും രക്തപിത്തം, വാതശോണിതം, വൃദ്ധിച്ചുതേട്ടൽ മുതലായ ഉപദ്രവങ്ങളേയുമുണ്ടാക്കിത്തീർക്കുന്നതാണ്. 11

ഏതുവുരസം അഗ്നിക്കു ദീപനമുണ്ടാക്കുന്നതും ദോഷങ്ങളെ പാകം വരുത്തുന്നതും രുചിയുണ്ടാക്കുന്നതും വ്രണാദികളെ ശുദ്ധി വരുത്തുന്നതും അധികമായ തടി, ആലസ്യം, കഫം, കൃമി, വിഷം, കുഷ്ഠം, ചൊറിച്ചിൽ എന്നിവയെ ശമിപ്പിക്കുന്നതും സന്ധികളുടെ കെട്ടുകഠിനക്ക് വേർപാടുണ്ടാക്കിത്തീർക്കുന്നതും ദേഹത്തിന്നു തളർച്ചയെ ഉണ്ടാക്കുന്നതും മുലപ്പാലിനേയും ശുക്ലത്തേയും മേദസ്സിനേയും നശിപ്പിക്കുന്നതുമാകുന്നു.

ഈ ഗുണങ്ങളൊക്കെയുണ്ടെങ്കിലും ഏതുവുരസത്തെ തനിയെ ധാരാളമായുപയോഗിച്ചാൽ ബുദ്ധിഭ്രമം, ലാഹരി, തൊണ്ടയും അണ്ണാക്കും ചുണ്ടും ഉണങ്ങുക, ദേഹത്തിൽ അധികമായ നീലും ചൂടും ക്ഷയവും ദേഹത്തിന്നു വിറയലും കുത്തിനോവും അസ്ഥികളും മറവ.

ന്താപബലവിഘാതകംപതോദ്ഭേദേഷ്വൽ കരപാരണപാൾപപൃഷ്ഠപ്രഭൃതി
ഷു ച വാതശൂലാനുപദിശേത്. 12

തിക്തഃ ക്ഷോദനോ രോചനോ ദീപനഃ ശോധനഃ കണ്ഡൂകോഠ
കുഷ്ഠാമ്ലപിത്തജ്വരപ്രശമനഃ സ്തന്യശോധനോ വിണ്മൂത്രക്ലേദമേദോവസാപൂ
യോപശോഷണശ്ചേതി. സ ഖദിരാദ്ഗ്രണോപ്യേക ഖദിരാത്പ്രത്യുപ
സേവ്യമാനോ ഗാത്രമന്യാസ്തംഭാക്ഷിപകാദ്ഗിതശിരഃശൂലഭ്രമതോദഭേദ
ക്ഷ്വേഡാസ്യവൈരസ്യാന്യുപദിശേത്. 13

കഷായഃ സംഗ്രാഹകോ രോപണഃ സ്തംഭനഃ ശോധനോ ലേഖ
നഃ ശോഷണഃ പീഡനഃ ക്ലേദോപശോഷണശ്ചേതി. സ ഖദിരംഗ്രണോ

പൊള്ളിയുന്ന*ഥിനുള്ള തോന്നലും ഉണ്ടാവുക, കൈ, കാൽ, വാരിപ്പു
റം, പൃഷ്ഠഭാഗം മുതലായ സ്ഥലങ്ങളിൽ വാതസംബന്ധമായ പലവിധം
വേദനകളുണ്ടായിത്തീരുക എന്നിങ്ങനെയുള്ള ഉപദ്രവങ്ങളുണ്ടായി
ക്കാണാം. 12

കഷ്ടരസം ഛേദനശക്തിയുള്ളതാകുന്നു; രുചിയെ ഉണ്ടാക്കുന്നു; ജ
ഠരാഗ്നിക്കു ദീപനശക്തിയുണ്ടാക്കുന്നു; ശുദ്ധിവരുത്തുന്നു; ചൊറിച്ചിൽ,
വട്ടത്തിണപ്പു്, വെള്ളംമോഹം, മോഹാലസ്യം, ജ്വരം എന്നിവയെ ശ
മിപ്പിക്കുന്നു; മുലപ്പാലിനെ ശുദ്ധിവരുത്തുന്നു; മലം, മൂത്രം, നീരുണ്ടാ
യ കഫം (ക്ലേദം), മേദസ്സു്, വസ, ചലം എന്നിവയെ വരട്ടുകയും
ചെയ്യുന്നു.

ഈ ജാതി ഗുണങ്ങളുണ്ടെങ്കിലും കഷ്ടരസത്തെത്തന്നെ തനിച്ച
ധികം സേവിച്ചാൽ അവയവങ്ങൾക്കു സ്തംഭത്തെയുണ്ടാക്കും; കഴുത്തി
ലെ രണ്ടുപുറത്തേയും ഞരമ്പുകൾക്കു ചിട്ടിത്തമുണ്ടാകും; ആക്ഷേപകം,
അർദ്ദിതം, തലക്കുത്തു്, തലതിരിച്ചിൽ, കുത്തിനോവു്, അരിഞ്ഞുനോ
വു് എന്നിവയെയും നാവിനു രുചികേടിനെയും ഉണ്ടാക്കിത്തീർക്കുകയും
ചെയ്യും. 13

കഷ്ടരസത്തിനു മലം മുതലായതിനെ തടഞ്ഞുനിർത്തുന്നതി
നും വ്രണങ്ങളെ ഉണക്കുന്നതിനും ദേഹാവയവങ്ങളെ സ്തംഭിപ്പിക്കുന്ന
തിനും വ്രണാദികളെ ശുദ്ധി വരുത്തുന്നതിനും ഉരസിക്കളയുന്നതിനും

---

* 'ഭേദ'മെന്നാണിതിനു മൂലം. അതിനു വിരേചനമെന്നു ഭാഷ്യാർത്ഥം കാ
ണുന്നു.

പ്രേക ഏവ വാതരക്തമപേക്ഷ്യ വ്രണമാനോ പുൺപീഡാസ്യശോഷോദരാർശ്ശോ നവാക്യഗ്രഹണ്യാസുംഭഗാത്രസ്തംഭണ ചൂർച്ചുമായനാകുഞ്ചനാക്ഷേപണ പ്രഭൃതീൻ ജനയതി. 14

അത സ്തന്യാമേവ ദ്രവ്യാണ്യുപദേക്ഷ്യാമഃ. തദ്യഥാ—കാകോളീക്ഷീരക്ഷീരിണ്യസ്ഥിശാലിഷഷ്ടികയവഗോധൂമമാഷശൃംഗാടകകശേരുകത്രപുസൈവ്യരുകകർക്കാരുകാലാബുകാലിംഗകതകഗിലോഡ്യ — പ്രിയാളുവൃക്ഷാരബീജകാഷ്ഠയഷ്ടിമധുകർദ്ധാക്ഷാഖർജ്ജൂരരാജാദനതാലനാരികേ ളേക്ഷുവികാരമ്ലലാതിമ്ലലാത്മഗുപ്താവിദാരീപയസ്യാഗോക്ഷുരകക്ഷീര മോരടധൂലികാകൃഷ്ണാണ്ഡപ്രഭൃതീനി സമാസേന മധുരോ വർഗ്ഗഃ. 15

വറിച്ചുണ്ടാക്കുന്നതിനും ശക്തിയുണ്ട്. അതു വ്രണത്തിലും ഗുദത്തിലും മറ്റും പീഡയുണ്ടാക്കിത്തീർക്കുന്നതാകുന്നു; വ്രണാദികളിലുള്ള ക്ലേദത്തെ (നലവിനെ) വരുത്തുന്നതിനുള്ള ശക്തിയും അതിനുണ്ട്.

ഈ ഗുണങ്ങളൊക്കെയുണ്ടെങ്കിലും രസപ്രധാനം മാത്രമായി അധികം ഉപയോഗിച്ചാൽ നെഞ്ചെരിവു വേദന, വായിൽ വാർപ്പു, വയറുവീർപ്പു, വാക്കിന്നു തടസ്ഥം, പിൻകഴുത്തിൽ തെരമ്പുപിടുത്തം, അവയവങ്ങളിൽ വിറയൽ, ദേഹത്തിൽ കുമച്ചിൽ (ചൂർച്ചുമായനം), കോച്ചിവലി, അംഗങ്ങളുടെ തളർച്ചയിയൽ മുതലായ ഉപദ്രവങ്ങളുണ്ടാകുന്നതാണ്.

ഇനി മധുരം മുതലായ രസങ്ങളോടുകൂടിയ ഔഷധദ്രവ്യങ്ങളെ വെവ്വേറെ പറയാം:—കാകോളീക്ഷീരാദിഗണം മുഴുവനും, പാൽ, നെയ്യ്, വസാ, മജ്ജ, ശാലി, നവര, യവം, കോതമ്പു, ഉഴുന്ന്, വൻകൊട്ടം, നീർമുത്തങ്ങ, പച്ചനിറമുള്ള കൂവരിക്ക, നാടൻചീര, തൊവരക്കുമ്പളങ്ങ, ചൂരാകു, തണ്ണിമത്തൻ, നാരാങ്കുരു, *ഗിലോഡ്യം, ഈരിൻപഴം, താമരക്കുരു, കുമ്പിഴ്, ഇരട്ടിമധുരം, മുന്തിരിങ്ങ, ഈന്തപ്പഴം, പഴുൻപാല, കരിമ്പിൻതണ്ടു, തേങ്ങ, കരിമ്പിൻനീരുകൊണ്ടുണ്ടാക്കുന്ന സാമാന്യങ്ങളെല്ലാം, കുറുന്തോട്ടി, വൻകുറുന്തോട്ടി, നാൽപ്പാമരം, മുതക്കു, അടപതി

---

* "ഗിലോഡ്യ"മെന്നതിനു പ്രാവുടെ കാൽപ്പണപക്ഷികാകാരമെന്നു വ്യാഖ്യാനിക്കുന്നു എന്നാണു ഭല്ലാതപിശ്രുതൻ വിവരണം. ഭോജ്യകാരൻ ഗിലോയെന്നു വേറെ പദം പറിച്ചു "ഗിലാംമധുരാംബീരാഫലം (ജാനകനാരങ്ങ) ഉഡുംബരപുഷ്പമെന്നു നിഘണ്ടുമിട്ടു വ്യാഖ്യാനിച്ചിരിക്കുന്നു. അംഗഭേദ്യമെന്നും പാഠഭേദമുണ്ട്.

ദാഡിമാമലകമാതുളുംഗാമ്രാതകകപിത്ഥകരട്ടണ ഭരകോലപ്രാചീ
നാമലകതിന്തിഡീകകോശാമ്രഭവ്യപാരാവതവേത്രഫലലകുചാമ്ലവേത –
സദന്തശഠധിതക്രസുരാശുക്തസൌവീരതുഷോദകധാന്യാമ്ലപ്രഭൃതീനി
സമാസേനാമ്ലോ വർഗ്ഗഃ. 16

സൈന്ധവഃസൌവച്ചലവിഡപാക്യരോമകസാമുദ്രകപക്രിമയവ
ക്ഷാരോഷപ്രസൂതസുവച്ചികാപ്രഭൃതീനി സമാസേന ലവണോ വർഗ്ഗഃ.()

പിപ്പല്യാദിഃ സുരസാദിഃ ശിഗ്രുധുശിഗ്രുമൂലകലശുനസുമുഖശീ
തശിവകൃഷ്ണദേവദാരുഹരേണുകാവല്ലജഫലചണ്ഡാശ്വഗുലുമൂസുലാംഗ –

ന്ന്, ഞെരിഞ്ഞിൽ, പാൽക്കരുമ്പ (*ക്ഷീരമോരട), പെരുങ്കുരുമ്പ, വലിയ കുമ്പളങ്ങ മുതലായ മരുന്നുകൾ പൊതുവിൽ മധുരവർഗ്ഗമാകുന്നു.

താളിമാതളങ്ങ, നെല്ലിക്ക, മാതളനാരങ്ങ, അമ്പഴങ്ങ, വിളാരങ്ങ, പെരുംക്കുവിൻകായ, ലന്തപ്പഴം (കോല), ചെറിയ ലന്തയുടെ പഴം, വലിയ ലന്തപ്പഴം, നിർനെല്ലിക്ക, മരപ്പുളി, കുരുട്ടുമാവിൻകായ, വൈരപ്പുളി (ഭവ്യം=ആരൻപുളി), കാക്കപ്പുറാപ്പി, പുൽപഴം, അയിനിച്ചക്ക, ഞെരിഞ്ഞാമ്പുളി, ചെറുനാരങ്ങ, തൈർ, മോര്, കള്ള്, പുത്തപ്പുളി (ശുക്തം), സൌവീരകം (യവത്തിന്നരി, തിരികാൽപ്പുകൊണ്ണാകഷായത്തിൽ ചേർത്തിയുണ്ടാക്കുന്ന ഒരു തരം കാടി), തുഷോദകം (ഉമികളയാത്ത യവം കൂട്ടി സൌവീരകംപോലെ ഉണ്ടാക്കിയത്). സാധാരണ ശാലിമുതലായതുകൊണ്ടുണ്ടാക്കിയ കാടി (ധാന്യാമ്ലം) മുതലായ ദ്രവ്യങ്ങൾ സംക്ഷേപമായി അമ്ലവർഗ്ഗമാകുന്നു. 16

ഇന്തുപ്പ്, തുവച്ചിലയുപ്പ്, വിളയുപ്പ്, പൊടിയുപ്പ് (പാക്യം), മേരുപ്പ്(രോമക), കടലുപ്പ്, §കൃത്രിമം എന്ന ഉപ്പ്, ചവക്കാരം, ഉവരുപ്പ്, തുവച്ചിലക്കാരം എന്നീ മരുന്നുകൾ സാമാന്യേന ലവണവർഗ്ഗമാകുന്നു. 17

പിപ്പല്യാദിഗണം, സുരസാദിഗണം, മുരിങ്ങ, പുനർമ്മുരിങ്ങ, മുള്ളങ്കി, ഉള്ളി, കറുത്ത കാട്ടുതുളസി, കർപ്പൂരം, കൊട്ടം, ദേവതാരം, അരേ

---

* പത്തു പ്രസവിച്ച് എഴുദിവസം കഴിഞ്ഞ ഉടനെ കറന്നെടുക്കുന്ന പാൽ എന്നു പക്ഷം.

§ മേവിച്ചുണ്ടാക്കുന്ന ഒരു ജാതിയുപ്പാണ്. ഇതിനെ 'പുല്ലോലവണ'മെന്നും 'പാചികക്ഷാര'മെന്നുമായുപയോഗം വ്യവഹരിക്കുന്നു.

ലകീശൂകനാസാപീലുപ്രഭൃതീനി സാലസാരാദിശ്ച പ്രായശഃ കടുകോ
വർഗ്ഗഃ. 18

ആരഗ്വധാദിർഗ്ഗുഡൂച്യാദിർമ്മണ്ഡൂകപർണ്ണീവേത്രകരീരഹരിദ്രാദ്വ
യേന്ദ്രയവവരുണസപ്തച്ഛദകണ്ടകസപ്തപർണ്ണബൃഹതീദ്വയശംഖിനീദ്രവ
ന്തീത്രിവൃൽകൃതവേധനകക്കോടകകാരവേല്ലകവാർത്താകകരീരകരവീരസു
മനഃശംഖപുഷ്പ്യപാമാർഗ്ഗത്രായമാണാശോകരോഹിണിവൈജയന്തീസു
വച്ചലാപുനർന്നവാവൃശ്ചികാലർജ്ജ്യോതിഷ്മതീപ്രഭൃതീനി സമാസേന തി-
ക്തോ വർഗ്ഗഃ. 19

ന്യഗ്രോധാദിരംബഷ്ഠാദിഃ പ്രിയംഗ്വാദിർല്ലോധ്രാദിസ്ത്വിഫലാസ
ല്ലകീജംബ്വാമ്രബകുളതിന്ദുകഫലാനി കതകശാകപാഷാണഭേദകേവനാ
സ്പതിഫലാനിസാലസാരാദിശ്ച പ്രായശഃ,കുരവകഃകോവിദാരകജീവന്തീ

ണകം, ചെറുപ്പുന്നയരി, *അടവിക്കച്ചോലം (ചണ്ഡാ), ഗ്രൽഗ്രു, മു
ത്തങ്ങ, മേത്തോന്നി, പലകപ്പുയ്യാനി, ഉകമരത്തിൻകായ മുതലായവ
യും സാലസാരാദിഗണവും സാമാന്യേന കടുവർഗ്ഗമാകുന്നു. 18

ആരഗ്വധാദിഗണം, ഗുഡൂച്യാദിഗണം, കൊഴുപ്പ, ഓടത്തുമ്പ്, മ
ഞ്ഞാമ്പ, മരമഞ്ഞാമ്പ, കുടകപ്പാലരി, നീർമാതളം, വയ്യങ്കതക്ക്, ഏഴി
ലമ്പാല, ചെറുവഴുതിന, വെൾവഴുതിന, കീരിവള്ളി, വലിയദന്തി, ത്രി
കോല്പക്കൊന്ന, പുട്ടൽപീരം, കുരുട്ടുപാവൽ, പാവൽക്കായ (കയ്പ്പ്), ത
ക്കാരിവഴുതിന, മൊളംതുമ്പ്, കണവീരം, പിച്ചകം, ശംഖപുഷ്പി,
കടലാടി, ബ്രഹ്മി, കടുരോഹണി, മുഞ്ഞ, തൊഴുകണ്ണി, തവിഴാമ, തേ
ക്കടെ, ചെറുപ്പുന്ന മുതലായ മരുന്നുകൾ സാമാന്യേന തിക്തവർഗ്ഗമാ
കുന്നു. 19

ന്യഗ്രോധാദിഗണം, അംബഷ്ഠാദിഗണം, പ്രിയംഗ്വാദിഗണം,
ലോധ്രാദിഗണം, ത്രിഫല, ഈന്തൽ, ഞാവൽ, മാവ്, ഇലഞ്ഞി, പ
നച്ചിക്കായ, തേറാംകുരു, തേക്കിൻകുരു, കുടകപ്പാലർവഞ്ഞി, †വനസ്പതി
കൾ എന്നു പറയപ്പെടുന്ന അരയാൽ മുതലായവയുകളുടെ കായകൾ, സാ
ലസാരാദിഗണത്തിലുള്ള മിക്ക മരുന്നുകളും, ചെങ്കുറിഞ്ഞി, മലയക

---

* അയമോദകംപോലിരിക്കുന്ന ഒരു സുഗന്ധിദ്രവ്യമെന്നു മല്ലനാൻ. ചണ്ഡാ
ഴെഞ്ഞനാളു അടവിക്കച്ചോലത്തിന്റെ വേറൊരു ഭാഷാപര്യായമാകുന്നു.

† പൂക്കാതെ കായ്ക്കുന്ന മരങ്ങൾക്കു വനസ്പതികളെന്നു പേർ.

കില്ലീപാലക്യാസുനിഷണ്ഡകപ്രഭൃതീനി നീവാരകാദയോ മൃദ്വാദയോ
വൈദളാശ്ച സമാസേന കഷായോ വർഗ്ഗഃ. 20

തതൈതേഷാം രസാനാം സംയോഗാസ്ത്രിഷഷ്ടിർഭവന്തി. തദ്യഥാ—പ
ഞ്ചദശ ദ്വികാ വിംശതിസ്ത്രികാഃ പഞ്ചദശ ചതുഷ്കാഃ ഷട് പഞ്ചകാ ഏ
കശ്ച ഷഡ്രസാ ഏകഃ ഷട്ക ഇതി. തേഷാമന്യത്ര പ്രയോജനാനി
വക്ഷ്യാമഃ. 21

വേതി ചാത്ര—(പ).

ജശ്ചാഃ ഷഡധിഗച്ഛന്തി ബലിനോ വശതാം രസാഃ
യഥാ പ്രകുപിതാ ദോഷാ വശം യാന്തി ബലീയസഃ. 22

ഇതി സുശ്രുതസംഹിതായാം സൂത്രസ്ഥാനേ രസവിശേഷവിജ്ഞാനീയോ നാമ
ദ്വാചത്വാരിംശോധ്യായഃ.

ത്തി, അടപതിയൻ, വസുച്ചീര, പെഞ്ചീര (പാലക്യാ), നീരാരൽ മുത
ലായവയും വരിനെല്ലു മുതലായ ധാന്യങ്ങളും പെറുപയറു മുതലായവ
യുടെ പരുപ്പുകളും സാമാന്യേന കഷായവർഗ്ഗമാകുന്നു. 20

മേൽപാഞ്ഞ ആറു രസങ്ങളും തമ്മിൽ ചേർത്തി കണക്കൊക്കിനോ
ക്കിയാൽ അറുപത്തിമൂന്നുവിധം ഭേദങ്ങളായിക്കാണും. അതെങ്ങിനെ
യെന്നാൽ, രസങ്ങളിൽ ഈരണ്ടെണ്ണംകൂടി പതിനഞ്ചും മുമ്മൂന്നെണ്ണംകൂ
ടി ഇരുപതും നാലാലെണ്ണംകൂടി പതിനഞ്ചും അഞ്ചുകൂടി ആറും ഓറ
ഓറയായി ആറും ആറു രസംകൂടിയൊന്നും ഇങ്ങിനെ രസഭേദങ്ങളും
അറുപത്തിമൂന്നു കൂട്ടമായിരിക്കുന്നു. ഇങ്ങിനെ രസങ്ങളുടെ സംയോ
ഗത്തിലുണ്ടാകുന്ന പ്രകാരഭേദങ്ങളെ അറിയുന്നതുകൊണ്ടുള്ള പ്രയോ
ജനങ്ങളെ മറ്റൊരിടത്തു പറയാം. 21

"വാതാദിദോഷങ്ങളും കോപിച്ചിരുന്നാലും അതുകളിൽ വെച്ച്
ഏതിനു ബലമുണ്ടോ ആ ദോഷത്തിനു മറ്റേ ദോഷങ്ങളും കീഴടങ്ങി
യിരിക്കുന്നതെങ്ങിനേയോ അതുപോലെ തന്നെ മേൽപറഞ്ഞ രസങ്ങ
ളിൽ ഏതിനു ബലമുണ്ടോ അതിനു മറവുള്ള രസങ്ങളും കീഴടങ്ങുന്നു
താണു" (ഏതു രസം ഏതു ദ്രവ്യത്തിൽ വ്യക്തമായിരിക്കുന്നുവോ ആ
ദ്രവ്യത്തെ ആ രസത്തിന്റെ വർഗ്ഗത്തിൽ ചേർത്തുന്നു എന്നു സാരം *). 22

ഇങ്ങിനെ സുശ്രുതസംഹിതയിൽ സൂത്രസ്ഥാനത്തിൽ രസവിശേഷവിജ്ഞാനീയമെന്ന
നാല്പത്തിരണ്ടാമദ്ധ്യായം കഴിഞ്ഞു.

---

* ഇവിടെ മൂലശ്ലോകത്തു, ദോഷകോപമുള്ളവക്കു ബലമുണ്ടായാൽ രോഗാനുപ
ശയമുണ്ടാകാത്തതുപോലെ മേൽപറഞ്ഞ ക്രമങ്ങളെ ക്രമക്കേടായി ഉപയോഗിച്ചാലും ബല
മുള്ള വക്കു ദോഷമുണ്ടാകുന്നില്ലെന്നു ചിലരർത്ഥം പറയുന്നു.

ത്രിവിധതാരിംശോധ്യായഃ.

അഥാതോ വമനദ്രവ്യവികല്പവിജ്ഞാനീയമധ്യായം വ്യാഖ്യാ
സ്യാമഃ. 1

വമനദ്രവ്യാണാം ഫലാദീനാം മദനഫലാനി ശ്രേഷ്ഠതമാനി ഭവ
ന്തി. തത്ര മദനപുഷ്പാണാമാതപപരിശുഷ്കാണാം പുഷ്പപ്രകഷം പ്ര
ത്യേകപുഷ്പിസമാപുഷ്പിനിംബകഷായാണാമന്യതമേനാലോഡ്യ മധു -
സൈന്ധവയുക്താം പുഷ്പപുഷ്പമാത്രാം പായയിത്വാ വാമയേൽ. 2

മദനശലാടുമൂർണ്ണാന്യേവം വാ ബകുലരത്നകോപയുക്താനി മധു
ലവണയുക്താന്യഭിപ്രേതാന്യാനി; മദനശലാടുമൂർണ്ണസിദ്ധാം വാ തിലതൈ

നാൽപ്പത്തിമൂന്നാമധ്യായം.

ഇനി വമനദ്രവ്യവികല്പവിജ്ഞാനീയം എന്ന (ഛർദ്ദിപ്പിക്കാനുള്ള മരുന്നുകളുടെ ക്രമങ്ങളെ പറയുന്ന) അധ്യായം പറയാം: — 1

മലങ്കാരയ്ക്ക മുതലായി, വമനദ്രവ്യങ്ങ (ഛർദ്ദിപ്പിക്കുന്ന മരുന്നുക)ളെ ധികമുണ്ടെല്ലാ. അവയിൽ വെച്ച മലങ്കാരയ്ക്കയാണ് അത്യന്തം ശ്രേ ഷ്ഠമായിട്ടുള്ളതു്. വെയിലത്തിട്ടുണക്കിയ മലങ്കാരയ്ക്ക പൊടിച്ചു് ഒരു പലം എടുത്തു് കടലാടിവേർ, എരുക്കിൻവേ, വേപ്പിൻതൊലി എ ന്നിവയിലോരോന്നുകിലും ഒന്നുകൊണ്ടു വെച്ച കഷായത്തിൽ കലക്കി തേ നും ഇന്തുപ്പും മേൽപൊടിചേർത്തി അവസ്ഥാനാനുസരണമായ ഒരു മാത്ര യിൽ സേവിപ്പിച്ചു *ഛർദ്ദിപ്പിക്കാം. 2

മലങ്കാരയുടെ പച്ചക്കായ ഉണക്കിപ്പൊടിച്ചു് ഇലഞ്ഞിതൊലിയും വലിയ വേപ്പിൻതൊലിയും കഷായം വെച്ചതിൽ കലക്കി തേനും ഇന്തുപ്പും മേൽപ്പൊടി ചേർത്തി ചൂടുപിടിപ്പിച്ചു് ഛർദ്ദിപ്പിക്കാനാണ്

---

* നാലു പലം കഷായത്തിന് ഇന്തുപ്പും തേനുംകൂടി കാല്പലം ചേർത്തി സേവിക്കാം.

§ ഛർദ്ദിപ്പിക്കാനുള്ള മരുന്നിൽ തേൻ ചേർത്തുകൊടുത്താൽ ചൂടുപിടിപ്പിക്കാൻ വിരേധമില്ല. ആദ്യം ഉടനെ പുറത്തു വമനമാകുന്നതെന്നെല്ലാ. [illegible] ഗുരുക്ത സ്നിഗ്ധപ്രസ്ഥാനാമുദ്ദിഷ്ടനിർദ്ദേശാച്ച" എന്നും 20ാം തന്ത്രത്തിലും നാലുണ്ട്.

ണ്ടുലയവാഗ്ഭവം. നിവ്വന്താനാം വാ നാതിഹരിതപാണ്ഡുനാം കുശമൂ ഢവബദ്ധമുദ്ഗാമഞ്ചപ്രലിപ്താനാം യവതുഷമുദ്ഗമാഷശാല്യാദിധാന്യ രാശാവഷ്ടരാത്രോഷിതകൃ ന്നദിനാനാം ഫലാനാം ഫലപിപ്പലീരു ദ്ധൃത്യാതപേ ശോഷ്യയൽ, താസാം ഭധിമധുപലലവിമിശ്രിതപരിശ്രുഷ്ടാ ണാം സുഭാജനസ്ഥാനാമന്തർഘനിഷ്ടിമുണ്ണേ യഷ്ടീമധുകകഷായേ കോ വിദാരാദീനാമന്യതമേ വാ കഷായേ പ്രമൃദ്യ രാത്രിപര്യുഷിതം മധു

കൊടുക്കാം. ഏഴിലംപാലരിയും പച്ച മലങ്കാരയ്യുടെപ്പാടി (ഒരുപലം)യും കൂട്ടി കഞ്ഞിവെച്ചു കൊടുക്കുന്നതും ഫലപ്രദമാണ്.

മലങ്കാരയ്യുടെ മൂപ്പെത്തിയതും വളരെ പച്ചനിറവും വളരെ വെള്ള പ്പുനിറവുമില്ലാത്തതുമായി നോക്കിയെടുത്തു, കുരുപ്പുല്ലുകൊണ്ടുണ്ടാക്കി യ സഞ്ചിയിലിട്ടു കെട്ടി മേലെ മണ്ണും ചാണകവും കുഴച്ചു തേച്ചു യവം, ചെറുപയറ്, ഉഴുന്ന്, ശാലി മുതലായ ധാന്യങ്ങളിൽ ഏഴു ദിവസം കുഴിച്ചിട്ടു വെക്കണം. ഏഴു ദിവസംകൊണ്ട് ആ കായകഠം ധാന്യത്തിന്റെ ആവികൊണ്ടു നല്ലവണ്ണം നലഞ്ഞുവശായിരിക്കും. ആ കായകളെ എടുത്തു പൊളിച്ചു തൊണ്ടു കളഞ്ഞു പരിപ്പെടുത്തു വെയിലത്തിട്ടൊണക്കിവെക്കണം. പിന്നെ ആ പരുപ്പുകളെടുത്തു തൈരും തേനും എള്ളിന്റെ പൊടിയും കൂട്ടിക്കലന്തിലിട്ടു പിരട്ടി പിന്നേയും ഉണക്കി നല്ല വൃത്തിയുള്ള പാത്രത്തിലാക്കി സൂക്ഷിക്കണം; അതിൽനിന്നു, വിരലുകളുടെതല ആ പരുപ്പു പാത്രത്തിലിട്ട് ഒരു കൂത്തെടുത്താൽ എത്ര കിട്ടുമോ *അത്രയെടുത്തു സംശോധനസംശമനീയാധ്യായത്തിൽ മുനോദിഗണത്തിൽ പറഞ്ഞിട്ടുള്ള മലയകത്തി മുതലായ പതിനൊന്നു തുരുന്നുകളിൽവെച്ച് ഏതെങ്കിലും ഒരു മരുന്നുകൊണ്ടോ ഏരട്ടിമധുരം കൊണ്ടോ ഉണ്ടാക്കിയ കഷായവെള്ളത്തിൽ മൂടാവംമുമ്പേ നല്ലവണ്ണം ചതച്ചിട്ട് ഒരു രാത്രി മൂഴുവൻ വെച്ചിരുന്ന പിറേദിവസം രാവിലെ തേനും ഇന്തുപ്പും മേൽപ്പൊടി $ചേർത്തി മംഗലകരങ്ങളായ ആശീർവ്വാ

* ഇങ്ങിനെചെയ്താൽ ഏകദേശം മയറുപ്പിക്കുള്ളുക്കം കിട്ടും. അവസ്ഥാനുസരണം കുറയ്ക്കുകയോ കൂട്ടുകയോ ചെയ്യുന്നതിനും വിരോധമില്ലെന്നും പക്ഷം.

$ മേൽപൊടി ചേർത്തിയ ശേഷം നോക്കിക്കാണേണ്ടതാണ്. ഒന്നുകൂടി കൂട്ടപിടിപ്പിച്ചിട്ടുണ്ടെങ്കിൽ പക്ഷമുണ്ട്.

ഒസെന്ധവയുക്തമാരിഭിരഭിമന്ത്രിതദുദങ്മുഖഃ പ്രാങ്മുഖപ്രാതുരം പായയേ
ദനേനമന്ത്രേണാഭിമന്ത്ര്യ. 3

(പ). ബ്രഹ്മേക്ഷ്വാശ്വിരുദ്രേന്ദ്രഭേഷന്ത്രാക്കാനലാനിലാഃ
ഋഷയഃ സൌഷധിഗ്രാമാ ഭൂതസംഘാസ്തു പാന്തു തേ
രസായനമിവഷ്ടിണാം ഭേഷാനാമമൃതം യഥാ
സുധേവാത്തമനാഗാനാം ഭൈഷജ്യമിമേസ്തു തേ.
(ഗ). വിശേഷേണ ശ്ലേഷ്മജ്വരപ്രതിശ്യായാന്തർവ്വിദ്രധിഷു. 4

അപ്രവർത്തമാനേ വാ ദോഷേ പിപ്പലീവചാഗൌരസർഷപകല്കോ
നിശ്ചൈർഃ സലവണൈരുഷ്ണാംബുഭിഃ പുനഃ പുനഃ പ്രവർത്തയേദാസമ്യ
ഗ്വാന്തലക്ഷണാദിതി. മദനഫലമജ്ജചൂർണ്ണം വാ തൽകഷായപരിഭാവി

ങ്ങളെ ബ്രാഹ്മണരെക്കൊണ്ടു ചെയ്യിച്ച് വൈദ്യൻ വടക്കോട്ടും രോഗി കിഴക്കോട്ടും നോക്കിയിരുന്നു സേവിപ്പിക്കണം. കൊടുക്കുന്ന സമയത്തു *വൈദ്യൻ താഴെ എഴുതുന്ന മന്ത്രം ജപിക്കണം. 3

മന്ത്രാർത്ഥം—("ബ്രഹ്മാവു്, ഇക്ഷൻ, അശ്വിനിദേവന്മാർ, രുദ്രൻ, ഇന്ദ്രൻ, ഭൂമിദേവി, ചന്ദ്രൻ, സൂര്യൻ, വായു, അഗ്നി, ഋഷിമാർ, ഔഷധിസമൂഹങ്ങൾ, ഔഷധാൽപത്തിഹേതുക്കളായ പഞ്ചഭൂതങ്ങൾ എന്നിവർ നിന്നെ രക്ഷിക്കട്ടെ. ഋഷികൾക്കു രസായനവും ദേവന്മാക്കു് അമൃതവും നാഗങ്ങൾക്കു സുധയും എങ്ങിനെ സുഖത്തിനു കാരണമായിത്തീർന്നുവോ അതുപോലെ ഈ മരുന്നു നിനക്കും സുഖഹേതുവായി ഭവിക്കട്ടെ".)

മേൽപറഞ്ഞപ്രകാരമുണ്ടാക്കിയ വമനൌഷധം ശ്ലേഷ്മജ്വരം, പീനസം, അന്തർവ്വിദ്രധി എന്നീ രോഗങ്ങളിൽ വിശേഷിച്ചും കൊടുക്കേണ്ടതാകുന്നു. 4

ദോഷാംശംമുഴുവനും ഛർദ്ദിച്ചുപുറത്തുപോകുന്നില്ലെങ്കിൽ തിപ്പലി, വയമ്പു്, വെൺകടുക് ഇവയരച്ച് ടുതിളച്ചവെള്ളത്തിൽ കലക്കി ഇളുപ്പുകുട്ടി അടുത്തടുത്തു കൊടുത്തുകൊണ്ടു ഛർദ്ദിപ്പിക്കണം. നല്ലവണ്ണം ദോഷങ്ങൾ ഛർദ്ദിച്ചുകഴിഞ്ഞാൽ എന്തെല്ലാം ലക്ഷണങ്ങളുണ്ടാകാമൊ

---

* മന്ത്രം വേറൊ ബ്രാഹ്മണരുടെകൊണ്ടാണു് ജപിപ്പിക്കേണ്ടതെന്നും പക്ഷം. ഈ മന്ത്രം ഏതൌഷധം കൊടുക്കുമ്പോഴും ജപിക്കുന്നതു നന്നെന്നറിയണം.

§ മലങ്കാരുക്കഷായത്തിലുമാവാമെന്നു പക്ഷാന്തരം.

ക്കം മദനഫലകഷായേണ. മദനഫലമജ്ജസിദ്ധസ്യ വാ പയസഃ സന്താനികാം ക്ഷൗദ്രയുക്താമ്. മദനഫലമജ്ജാസിദ്ധം വാ പയഃ. മദനഫലമജ്ജാസിദ്ധേന വാ പയസാ യവാഗൂമ്, അധോഭാഗാസൃക്പിത്തഹ്വാഹയോഃ. മദനഫലമജ്ജസിദ്ധസ്യ വാ പയസോ ദധിഭാവമുപഗതസ്യ ദ്ധ്യുത്തരാ ദധി വാ കഫപ്രസേകച്ഛർദ്ദിമൂർച്ഛാതമകേഷു. മദനഫലമജ്ജരസം ഭല്ലാതകസ്നേഹവദാഭായ ഫാണിതീഭ്രതം ലേഹയേദാതപപരിശുഷ്കം വാ തമേവ ജീവന്തീകഷായേണ പിത്തേ കഫസ്ഥാനഗതേ. മദനഫലമജ്ജകപാഠം വാ പിപ്പല്യാദിപ്രതീവാപം തച്ചൂർണ്ണം വാ നിംബ

ആ ലക്ഷണങ്ങളോ കാണുന്നവരെ മേൽപ്രകാരം മരുന്ന് അടിക്കടി കൊടുത്തുകൊള്ളേണ്ടതാണ്. മലങ്കാരക്കായുടെ ഉള്ളിലുള്ള മജ്ജയെ എടുത്തു മലങ്കാരക്കഷായത്തിൽ ഒരു ദിവസം ഇട്ടുവെച്ച് പിറേദിവസം എടുത്തുണക്കിപ്പൊടിച്ചു മലങ്കാരക്കകൊണ്ടുണ്ടാക്കിയ കഷായത്തിൽ കലക്കി സേവിപ്പിക്കയും മലങ്കാരക്കയുടെ മജ്ജയിട്ടു കാച്ചിയ പാലിന്റെ പാടയെ തേൻ കൂട്ടി സേവിപ്പിക്കയും, ആ മജ്ജയിട്ടു കാച്ചിയ പാൽ സേവിപ്പിക്കയും ആ മജ്ജയിട്ടുകാച്ചിയ പാൽകൂട്ടിവെച്ചിട്ടുള്ള കഞ്ഞിക്കുടിപ്പിക്കയും ചെയ്തു ഛർദ്ദിപ്പിക്കാം. ഈ വിധത്തിൽ ഛർദ്ദിപ്പിക്കേണ്ടതു്, കീഴ്പ്പോട്ട മലമൂത്രാദിമാർഗ്ഗങ്ങളിൽകൂടിപ്പോകുന്ന രക്തപിത്തത്തിങ്കലും പിത്തകോപം നിമിത്തമുണ്ടാകുന്ന നെഞ്ചുവേകലിന്നും ആകുന്നു. കഫപ്രസേകം (വായിൽ വെള്ളംവരവു്), ഛർദ്ദി, മൂർച്ഛ, തമകൻ (ശ്വാസരോഗഭേദം) എന്നീ ഉപദ്രവങ്ങളിൽ മലങ്കാരക്കയുടെ മജ്ജയിട്ടു കാച്ചിയ പാലിനെ തൈരാക്കി ആ തൈരിന്റെ തെളിയേയോ തൈരിനെത്തന്നെയോ സേവിപ്പിച്ചു ഛർദ്ദിപ്പിക്കണം. മലങ്കാരക്കയുടെ മജ്ജയിൽനിന്നു, ചേറിൻകൊട്ടയിൽനിന്നെടുക്കുന്നമാതിരി, *സത്തെടുത്തു കുറുക്കിക്കൊഴപ്പിച്ചു നക്കിസ്സേവിക്കാൻ കൊടുക്കുകയോ ആ മജ്ജയുടെ സത്തിനെത്തന്നെ ഒണക്കിപ്പൊടിച്ചു് അടപതിയൻകിഴങ്ങു് കഷായം വെച്ചു് അതിൽ കലക്കിക്കൊടുക്കുകയോ ചെയ്തു ഛർദ്ദിപ്പിക്കുന്നതു, കഫസ്ഥാനത്തിൽചെന്ന കോപിച്ചിട്ടുള്ള പിത്തംകൊണ്ടുണ്ടായ വ്യാധികളിൽ, ഹിതമാകുന്നു.

മലങ്കാരയുടെ മജ്ജ കഷായം വെച്ചതിൽ പിപ്പല്യാദിഗണത്തിലു

---

* ഖദിരവണീയാദ്ധ്യായത്തിൽ പറയുന്ന ക്രിയാപ്രകാരം.

ത്രപികാകഷായയോരന്യതരേണ സന്തർപ്പണകൃതജ്വരവ്യാധിഹരം മരാവ
ലമജ്ജചൂർണ്ണം വാ മധുകകാഷ്ഠക്ഷീരാക്ഷാകഷായേണ. മദനഫലവിധാ
നമുക്തമ്. 5

ജീമൂതകകൃതമാലചൂർണ്ണം വാ പൂർവ്വപ്രതിവക്ഷീരേണ, നിർവ്വൃതേക്ഷു
ക്ഷീരയവാഗൂമ്, രോമശേഷു സന്താനികാമരോമശേഷു ച ഘൃതരമ്, ഹ
രിതപാണ്ഡുഷു ഒധി, തൽകഷായസംസൃഷ്ടാം വാ സുരാമ്, കഫാരോചക

ള്ള മരുന്നുകൾ അരച്ചുചേർത്തിക്കൊടുക്കുകയും വേപ്പിൻതൊലിയോ വെ
ള്ളരുക്കിൻ വേർമേൽതൊലിയോ കഷായംവെച്ചതിൽ ആ മജ്ജയു
ടെ പൊടി മേൽപൊടി ചേർത്തിക്കൊടുക്കുകയും ചെയ്യുന്നതായാൽ കു
ഷ്ഠംകൊണ്ടുണ്ടാകുന്ന വ്യാധികളും അതിസ്ഥൗല്യം മുതലായ രോഗങ്ങ
ളും നശിക്കുന്നതാണ്. * ഇരട്ടിമധുരം, കമ്മ്, മുന്തിരിങ്ങപ്പഴം ഇവ കു
ഷായംവെച്ചതിൽ മലങ്കാരക്കയുടെ മജ്ജപൊടിച്ചു മേൽപൊടിചേർത്തി
ക്കൊടുക്കുന്നതും മേൽപറഞ്ഞ രോഗങ്ങളിൽ ഫലമുള്ളതാകുന്നു.
ഈ വിധത്തിൽ മലങ്കാരക്കായ്കൊണ്ടുള്ള പ്രയോഗങ്ങളെ പറഞ്ഞു
കഴിഞ്ഞു. 5

ഉദ്ദേവേതാളിയുടെ പൂവ്വുപൊടിച്ചു് അതുകൊണ്ടും മേൽപറഞ്ഞമല
ങ്കാരക്കായിന്റെ മജ്ജയുടെ മാതിരി പലപ്രകാരത്തിൽ പാൽക്കൂട്ടിയ യോ
ഗങ്ങളുണ്ടാക്കി ഛർദ്ദിപ്പിക്കാനുപയോഗിക്കാം. മൂപ്പുതികഞ്ഞതായ വേ
താളിക്കായകൂട്ടി പാൽക്കഞ്ഞിവെച്ചു സേവിപ്പിക്കയോ കായമൂത്തു്, കാ
നങ്കുളായി, രോമങ്ങൾ(ഒമരുകൾ)ളോടുകൂടിയിരിക്കുന്നപ്രായത്തിൽ പറി
ച്ചെടുത്തു് പാലിലിട്ടു കാക്കി അതിന്റെ പാടയെടുത്തു സേവിപ്പിക്ക
യോ കായ വലുതായി രോമങ്ങളധികമില്ലാതായിരിക്കുന്ന ആ പ്രായത്തി
ലുള്ള അവയെ പാലിലിട്ടു കാച്ചി തൈരാക്കി അതിന്റെ മേലെത്തെ
ത്തെളി കുടിപ്പിക്കയോ കായകാം പച്ചനിറത്തിലും പാണ്ഡുവർണ്ണത്തിലു
മായിരിക്കുന്നവയാണെങ്കിൽ ആ പ്രായത്തിലുള്ളവയെ വിട്ടുള്ള പാലി
ലിട്ടു കാച്ചിയുണ്ടാക്കിയ തൈർതന്നെ കുടിപ്പിക്കയോ ചെയ്യാം. (ഇങ്ങി
നെ കായ്ക്കുള്ള പ്രായത്തെ അനുസരിച്ചു പാലിൽചേർത്തി പ്രയോഗി
ക്കുന്നതിൽ ഭേദഗതികളുണ്ടു്). വേതാളിക്കായ കഷായംവെച്ചു് അതു

---

* ഇവിടെ മധുകമെന്നും പാഠാന്തരമുണ്ടു്. അപ്പോഴും ഇരിപ്പുണ്ടാകുമെന്നർത്ഥം.

† കായും കൂട്ടുണ്ടെന്നും പാഠാന്തരം.

കാസശ്വാസപാണ്ഡുരോഗയക്ഷ്മസു, പഴ്യാഗതേഷു മദനഫലമജ്ജവദുപയോഗഃ, തദ്വദേവ കുടജഫലവിധാനമ്. കൃതവേധനാനാമപ്യേഷാമിവ കൽപ്യഃ. ഇക്ഷ്വാകുകുസുമപുണ്ഡ്രം വാ പൂർവ്വവദേവ ക്ഷീരേണ കാസശ്വാസച്ഛർദ്ദികഫരോഗേഷ്വുപയോഗഃ. 6

ധാമാർഗ്ഗവസ്യാപി മദനഫലമജ്ജവദുപയോഗോ വിശേഷതസ്തു ഗരഗ്രഹ്യാദരകാസശ്വാസശ്ലേഷ്മാമയേഷു, വായൌ വാ കഫസ്ഥാനഗ

ചേത്തി ഉണ്ടാക്കിയ *സുരാമദ്യവും ഛർദ്ദിക്കുന്നതിനു കൊടുക്കാം. അധികം പാകംകൂടിഞ്ഞിട്ടില്ലാത്ത ദേവതാളിക്കായകൊണ്ടുള്ള ഈ പ്രയോഗങ്ങളെല്ലാം കഫാ, അരോചകം, ചുമ, ശ്വാസം, പാണ്ഡുരോഗം, രാജയക്ഷ്മാവ് എന്നീ രോഗങ്ങളിലാകുന്നു. †പഴുത്തുണങ്ങിയ ദേവതാളിക്കായകൊണ്ടു, മലകാരകയുടെ മജ്ജകൊണ്ടു മുകളിൽ പറഞ്ഞിട്ടുള്ള ജാതി പ്രയോഗങ്ങളെല്ലാം ചെയ്യാം.

മേൽപറഞ്ഞ പ്രയോഗഭേദങ്ങളെല്ലാം കുടകപ്പാലരിഞ്ഞകൊണ്ടും ചെയ്യാവുന്നതാണ്. പുത്തൽപീരം (കാട്ടുപീച്ചിൽ, മെഴുകുപീച്ചിങ്ങ)കൊണ്ടും യോഗങ്ങൾ നിർമ്മിക്കേണ്ടതു മേൽപ്രകാരംതന്നെയാകുന്നു. പേച്ചയുടെ പൂവും മാവും, മുന്നവ (മലങ്കാരക്കയുടെ മജ്ജകൊണ്ടു) പറഞ്ഞപ്രകാരത്തിൽ, പാലിൽക്കുട്ടി പാകംചെയ്തു കാസം, ശ്വാസം, ഛർദ്ദി എന്നീ രോഗങ്ങളിലും കഫസംബന്ധങ്ങളായ മാറാരോഗങ്ങളിലും വമനത്തിനുപയോഗിക്കാം. 6

വരിപ്പീച്ചി(വരിയുള്ള സാധാരണ പീച്ചകം)ലിൻകായകൊണ്ടും മലങ്കാരമാമജ്ജകൊണ്ടു പറഞ്ഞപ്രകാരത്തിലുള്ള യോഗങ്ങളുണ്ടാക്കി ഉപയോഗിക്കാം. കുട്ടവിഷം, ഗുല്മം, മഹോദരം, കാസം, ശ്വാസം, മാറാള്ള കഫരോഗങ്ങൾ എന്നിവയിലാണ് മേൽപ്രകാരം വരിപ്പീച്ചിൽകൊണ്ടുള്ള പ്രയോഗം വിശേഷിച്ചും ഹിതമായിരിക്കുന്നതു്. വായു, കഫസ്ഥാനത്തിൽചെന്നു കോപിച്ചാലുണ്ടാകുന്ന രോഗങ്ങൾക്കും ഇതു ഹിതംതന്നെ. പുട്ടൽപീരത്തിൻകായയുടെ പരുപ്പുകളെടുത്തു ഛർദ്ദിപ്പിക്കാനുള്ള മരുന്നുകളെക്കൊണ്ടുണ്ടാക്കിയ കഷായവെള്ളത്തിൽ ഇട്ടുവെ

---

* കഷായത്തിലല്ല സുരാചേർത്തു സേവിക്കണമെന്നാണ് ചിലരുടെ പക്ഷം.

† 'പഴുപ്പായ്'എന്ന മൂലത്തിലെ പദത്തിനു 'ഇളംപ്രായമായ്' എന്നർത്ഥം ചിലർ പറയുന്നു. അപ്പോൾ മുകളിൽപറഞ്ഞ രണ്ടുപ്രയോഗങ്ങളും മൂപ്പുചിരമായി പഴുത്ത കായകളെക്കൊണ്ടും ഇടയിൽ കാണുന്ന ഇളുപ്പമായുള്ളതിനെക്കൊണ്ടും ചെയ്യാം.

തേ. കൃതവേധനമഥലപിപ്പലീനാം വമനദ്രവ്യകഷായപരിപീതാനാം ബ
ഹുശശ്ചൂർണ്ണമുൽപലാദിഷു ഉത്തമാഘ്രാതം വാമയതി തത്പ്രവണ്ഡ്യ
ദോഷേഷു യവാഗൂമാകണ്ഡ്യാൽ പിതവസു ച വിദധ്യാൽ. വമനാവരേ
ചനശിരോവിരേചനദ്രവ്യാണ്യേവം വാ പ്രധാനതമാനി ഭവന്തി 7

ഭവതശ്ചാത്ര—(പ).

വമനദ്രവ്യയോഗാനാം ഭിഗിയം സംപ്രകീർത്തിതാ
താം വിജ്ഞായ യഥാവ്യാധി കാലശക്തിവിനിശ്ചയാൽ. 8
കഷായയൈഃ സപ്രസന്നൈസ് കല്പൈശ്ചൂർണ്ണൈരഥാപി ച ബുദ്ധിമാൻ
പേയലേഹ്യാദ്യഭോജ്യേഷു വമനാന്യുപകല്പയേൽ. 9

ഇതി സുശ്രുതസംഹിതായാം സൂത്രസ്ഥാനേ ധമനദ്രവ്യവികല്പവിജ്ഞാനീയോ നാമ
ത്രിചത്വാരിംശോധ്യായഃ.

ച്ച് കഷായത്തെ പരുപ്പുകളെക്കൊണ്ടു കുടിപ്പിച്ചുമെടുത്താണക്കിപ്പൊ
ടിച്ച പൊടി നീലോല്പലാദിമുതലായ നല്ല പുഷ്പങ്ങളിൽ വിതറി രോഗിയു
ടെ മൂക്കത്തുകാട്ടി ഘ്രാണിപ്പിച്ചാൽ ഉടനെ ഛർദ്ദിയുണ്ടാകും. ഇതു പ്ര
യോഗിക്കേണ്ടതു് അതിമാത്രമായി ദോഷങ്ങളിലുള്ള *വശായിട്ടുള്ള രോ
ഗികൾക്കാണെന്നും തൊണ്ടയ്ക്കൊപ്പം കഞ്ഞികൊടുത്തു് വയറുനിറച്ച
തിനുശേഷമാണിതു ചെയ്യേണ്ടതെന്നും അറിയേണ്ടതാണു്. വമനം, വി
രേചനം, നസ്യം എന്നീ ക്രിയകൾക്കുള്ള ഔഷധങ്ങളെ ഉപയോഗിക്കു
ന്നതു മേൽപറഞ്ഞപ്രകാരം അതാതു ക്രിയകൾക്കുപയോഗിക്കാവുന്ന
മരുന്നുകളുടെ കഷായത്തിലോ ചാറിലോ ഭാവനചെയ്തു(ഇട്ടുവെച്ചു
രസം കുടിപ്പിക്കുക)തിനു ശേഷമായാൽ അവ വളരെ ബലപ്പെട്ടവയാ
യിരിക്കും. 7

"വമനദ്രവ്യങ്ങളെ പ്രയോഗിക്കേണ്ടുന്ന ക്രമങ്ങളെ ഇങ്ങിനെ
സാമാന്യമായി വിവരിച്ചു. ബുദ്ധിമാനായ വൈദ്യൻ മേൽപറഞ്ഞ ഔ
ഷധങ്ങളെ കാലത്തിന്റെ സ്വഭാവവും രോഗത്തിന്റേയും രോഗിയുടേ

---

* "അസവബ...ചു" എന്നപാഠത്തിനു "അധികമായി ദോഷങ്ങളില്ലാത്തവ
ർക്കു" എന്നാണു വ്യാഖ്യാനമുണ്ടു്.

ചതുശ്ചതാരിംശോധ്യായഃ.

അഥാതോ വിരേചനദ്രവ്യവികല്പവിജ്ഞാനീയമധ്യായം വ്യാഖ്യാസ്യാമഃ. 1

(പ). തരുണ്ണാഭം ത്രിവൃന്മൂലം ശ്രേഷ്ഠം മൂലവിരേചനേ
പ്രധാനം തിലപർണം തു ക്ഷീരേ ഫലേഷ്വപി ഹരീതകീ.
തൈലേഷ്വേരണ്ഡജം തൈലം സ്വരസേ കാരവേല്ലികാ
സുധാപയഃ പയസ്യുക്തമിതി പ്രാധാന്യസംഗ്രഹഃ.
തേഷാം വിധാനം വക്ഷ്യാമി യഥാവന്നേപുണ്യതഃ. 2

യും ശക്തിയും നോക്കി വേണ്ടപോലെ കഷായംവെച്ചിട്ടോ ചാറുപിഴിഞ്ഞിട്ടോ അരച്ചുകലക്കീട്ടോ പൊടിച്ചിട്ടോ ഉണ്ടാക്കി കുടിക്കുന്ന പദാർത്ഥങ്ങളിലൊ നക്കിത്തിന്നാനുള്ള പദാർത്ഥങ്ങളിലൊ അന്നത്തിലൊ പലഹാരങ്ങളിലൊ കലർന്ന് ഉപയോഗപ്പെടുത്തിക്കൊള്ളുന്നതാണ്".()

ഇങ്ങിനെ സുശ്രുതസംഹിതയിൽ സൂത്രസ്ഥാനത്തിൽ
വർണദ്രവ്യവികല്പവിജ്ഞാനീയമെന്ന
നാല്പത്തിനാലാമധ്യായം കഴിഞ്ഞു.

നാൽപ്പത്തിനാലാമധ്യായം.

ഇനി വിരേചനദ്രവ്യവികല്പവിജ്ഞാനീയമെന്ന (വയറിളക്കാനുള്ള ഔഷധപ്രയോഗം പറയുന്ന) അധ്യായം പറയാം:— 1

വേരുകളിൽവെച്ച് വയറിളകുന്ന കായ്ത്തിൽ ചുകന്ന നിറത്തിലുള്ള ത്രികോൽപ്പക്കൊന്നയുടെ വേരാണ് പ്രധാനമായിട്ടുള്ളത്. തൊലികളിൽ ചുവന്ന പാച്ചോറിവേരിന്മേൽതൊലിയും കായകളിൽ കടുക്കയും എണ്ണകളിൽ ആവണക്കെണ്ണയും ചാറുകളിൽ പാവൽക്കായയുടെ ചാറും പാലുകളിൽ കള്ളിപ്പാലും വയറിളക്കുന്നതിനു പ്രധാനമാകുന്നു. ഇതുകൊണ്ടുകൊണ്ടു പ്രയോഗിക്കേണ്ടുന്ന സംപ്രദായങ്ങളെ ഒന്നിനുശേഷം മറ്റൊന്നായി ക്രമത്തിൽ പറവാൻ ഭാവിക്കുന്നു.— 2

വൈരേചനദ്രവ്യരസാനുപീതം
മൂലം മഹൽ ത്രൈവൃതമസ്യുദോഷമ്;
ചൂർണ്ണീകൃതം സൈന്ധവനാഗരാഢ്യ-
മല്പേ പിബേന്മാരുതരോഗജുഷ്ടേ.
ഇക്ഷ്വാകുകാരേരണ്ഡുരൈ രണൈസ്സുൽ
പിത്തേ ഗവ്യേ ക്ഷീരയുതം പിബേച്ച;
ഗ്രന്ഥ്യരിഷ്ടത്രിഫലാരസേന
സവ്യോഷമൂത്രം കഫജേ പിബേച്ച.
ത്രിവൃൽകൃഷ്ണായുക്തമേതൽ
ഗ്രന്ഥിനലിഹ്യാദനുവന ചൂർണ്ണമ്;

വലുതായി മണ്ണിൽ ആഴത്തിൽ ഊന്നിക്കിടക്കുന്നതും കേടുകൂടാത്തതുമായ ത്രികോൽപ്പക്കൊന്നയുടെ വേരിനെ വിരേചനകരങ്ങളായ മറ്റുചില മരുന്നുകളുടെ ചാറിലൊ കഷായത്തിലൊ ഇട്ടു ചാവുകടിപ്പിച്ചെടുത്ത് ഉണക്കിപ്പൊടിച്ച് ഇന്തുപ്പും ചുക്കും പൊടിച്ചുകൂട്ടി പുളിപ്പുള്ളതുകളായ കാടി, തൈർ, മദ്യം, തൈർവെള്ളം മുതലായവയിൽ കലർത്ത് വാതരോഗമുള്ളവൻ *സേവിക്കണം. കരുമ്പിൻനീർകൊണ്ടുണ്ടാക്കുന്ന കൽക്കണ്ടം മുതലായതിലൊ മധുരരസങ്ങളായ (കാകോല്യാദിഗണം മുതലായത്)മരുന്നുകളുടെ ചാറിലൊ പാലിലൊ കലക്കി ആ പൊടി പിത്തരോഗങ്ങളിൽ ഉപയോഗിക്കാം. കഫരോഗങ്ങളിൽ ചിറാമുതിൻപൊരയൊ വേപ്പിൻതൊലിയുടേയൊ ത്രിഫലയുടേയൊ കഷായത്തിൽ കലർത്തിട്ടും ചുക്ക്, മുളക്, തിപ്പലി പൊടിച്ചതു കൂട്ടിക്കലർത്ത് ഗോമൂത്രത്തിൽ കലക്കീട്ടും ആ പൊടി ഉപയോഗിക്കാം. 3

മേൽപറഞ്ഞ ത്രികോൽപക്കൊന്നപ്പൊടിയെ ത്രിഫലയും (ത്രിവൃൽകൃഷ്ണ) ത്രികടുവും പൊടിച്ച പൊടി (പ്രകൃതികണ്ട്) കൂട്ടി പഴയ വെ

* മുക്കാൽ കഴഞ്ചുപൊടിയാണ് സേവിക്കേണ്ടത്. അതിന്റെ നാലിലൊരു ഭാഗം ഇന്തുപ്പും ചുക്കും കൂട്ടുകയും വേണം.

† ഉണ്ണുവീയ്ക്കുമായാൽ വെല്ലവും ശ്രീഭോജകമായ ഫാണിതവും വിദാഹിയായ കരുമ്പിൻനീരും ഒഴിച്ച്, കൽക്കണ്ടം പഞ്ചസാര മുതലായതു മാത്രമെ ഈ ആവശ്യത്തിനു പറയുകയുള്ളു. (മല്ലനൻ), ഭാഷ്യകാരനാകട്ടെ അവിദാഹിഷ്ണ ഗ്രന്ഥം മുതലായതിനെ ഇവിടെ വിധിക്കുന്നു.

§ 'ത്രിവൃൽകൃ'ശബ്ദത്തിനു് മല്ലനാഥൻ, ത്രിജാതകം (ഏലം, ഏലവംഗം, പച്ചില) എന്നാണു് അർത്ഥം പറയുന്നതു്. തഞ്ചയിൽ ഭാഷ്യപാഠം വേറിരിക്കുന്നു.

പ്രസ്ഥ ച തന്മൂലരസസ്യ ഭേ ച
തന്മൂലകല്കം കുഡുമപ്രമാണമ്.
കൃഷ്ണാന്മിതേ സൈന്ധവനാഗരേ ച
വിപാച്യ കല്കീകൃതമേതദ്യാൽ;
തൽകല്കഭാഗഃ സമധൗഷധാർദ്ധഃ
സ സൈന്ധവാ മൂത്രയുതശ്ച പേയഃ.
സമാസ്തിവൃന്നാഗരകാഭയാഃ സ്യു-
ർഭാഗാർദ്ധകം മൂർഗഫലാ സുപക്വമ്;
വിഡംഗസാരോ മരിചം സദാരു
യോഗഃ സസിന്ധൂദ്ഭവമൂത്രയുക്തഃ.
വിരേചനദ്രവ്യഭവന്തു ചൂർണ്ണം
രസന തേഷാം മതിമാൻ വ'മുദ്യ;
തന്മൂലസിദ്ധോന ച സർപ്പിഷാക്തം
സേവ്യം തദാജ്യേ ഗ്രഡികീകൃതഞ്ച.

ല്ലം (ഇരട്ടി) കൂട്ടി സേവിക്കുന്നതായാൽ വിരേചനത്തിനു നന്നു്. ത്രികോൽപ്പക്കൊന്ന കഷായം ഒരിടങ്ങഴി(32-പലം)യുണ്ടാക്കി അതിൽ കൊന്നവേർതന്നെ ഒരു കുഡുമ്പം (4-പലം) അരച്ചുകലക്കി ഇന്തുപ്പും ചുക്കും പൊടിച്ചതു് ഓരോ ഉരുപ്പികുത്തുക്കം (കഷ്ടം) കൂട്ടിവെച്ചു് കൂട്ടിയായാൽ എടുത്തു സേവിക്കുന്നതു നന്നു്. ആ കൊന്നുവരരച്ചതു്, അർത്ഥം പകുതിശ്ശ ചുക്കും ഇന്തുപ്പും പൊടിച്ചു കൂട്ടി, ഗോമൂത്രത്തിൽ കലക്കി കുടിക്കണം. (ഇതു മൂന്നുകൂട്ടം യോഗവും വാതകഫരോഗങ്ങൾക്കു വയറിളക്കാനുള്ളതാകുന്നു. 4

ത്രികോൽപക്കൊന്ന, ചുക്കു്, കടുക്ക ഇവ സമം അതിൽ പകുതി നല്ലവണ്ണം പഴുത്ത കവുങ്ങിൻ കായും (അടക്ക) അത്രതന്നെ വിഴാലരി, ഇന്തുപ്പു്, ദേവതാരം, കുരുമുളകു് ഇവയും കൂട്ടിപ്പൊടിച്ചു് (നാലിരട്ടി) ഗോമൂത്രത്തിൽ കലക്കി വയറിളക്കാൻ കഴിക്കുന്നതായാൽ അതു് (വാതാദിദോഷങ്ങളിൽ ഏതിനും) നല്ലതാകുന്നു. 5

വയറിളക്കാനുള്ള മരുന്നുകളെ സമഭാഗമായെടുത്തു പൊടിച്ചു് അവയുടെതന്നെ കഷായത്തിലിട്ടു *ഭാവനചെയ്തു പിന്നെ വിരേചന

---

* പൊടി നനയാൻ വേണ്ടത്ര കഷായത്തിൽ രാത്രിയിട്ടുകയും രാവിലെ ഒണക്കുകയും വേണം. ഇങ്ങിനെ ഏഴുപ്രാവശ്യം ചെയ്യുന്ന ക്രിയയ്ക്കു "ഭാവന" എന്നു പേർ പറയപ്പെടുന്നു, കഷായത്തിലരക്കയാണു് വേണ്ടതെന്നു ചിലർ അർത്ഥം പറയുന്നു.

ഗ്രഥേ ച പാകാഭിമുഖേ നിധായ
ചൂർണ്ണീകൃതം സമ്യഗിദം വിപാച്യ;
ശീതം ത്രിജാതാക്തമഥോ വിമൃദ്യ
യോഗാനുരൂപാ ഗ്രഥികാഃ പ്രയോജ്യാഃ. 6
ഔഷധചൂർണ്ണസ്യ ഭാഗം
സിദ്ധം സാദ്ധം കഷായഭാഗൈശ്ചതുർഭിഃ;
തുല്യം നീത്വാൽ സപ്തിഷാ തച്ചതുർഥം
തൽകഷായോഷ്മണാ പിതം സാമിതഞ്ച.

ദ്രവ്യങ്ങളുടെ വേരുകൾ കഷായവും കല്ക്കവും ചേർത്തിക്കാച്ചിയ നെയ്യിലും മുൻപ്രകാരം ഇട്ടുവെച്ച് ലേഹംപോലെയുണ്ടാക്കുകയും (മെഴുക്ക് നല്ലവണ്ണം പിടിക്കാൻ വേണ്ടേടത്തോളം നെയ്യു ചേർത്തണം) ആ നെയ്യിൽതന്നെ കുഴച്ചുരുട്ടി ഗുളികയാക്കി (കഷ്പ്രമാണം) വേണ്ടസമയത്തു് സേവിക്കാം. വിരേചനൌഷധചൂർണ്ണത്തെ *വെല്ലം പാവുകാച്ചി തുല്യലേഹപാകമായിത്തുടങ്ങുമ്പോൾ അതിലിട്ട് വേവിച്ചെടുത്ത് ആറിയാൽ ഏലം, ഏലവംഗം, പച്ചില ഇവ ചൂർണ്ണത്തിൽ എട്ടിലൊരംശം പൊടിച്ചിട്ട് നല്ലവണ്ണം ഇളക്കി പാകംപോലെയുള്ള ഗുളികകളുണ്ടാക്കി സേവിപ്പിക്കാം. 6

വിരേചനത്തിനുള്ള മരുന്നുകളിട്ടുവെച്ച കഷായത്തിന്റെ ആവിയിൽ വിയർപ്പിച്ചിട്ടുള്ള ഗോതമ്പിന്റെ പൊടിയും അതിനു സമം വിരേചനൌഷധങ്ങളുടെ പൊടിയിൽ വിരേചനൌഷധങ്ങളെക്കൊണ്ടുണ്ടാക്കിയ കഷായം നാല് രട്ടി കലർന്ന് തിളപ്പിച്ചു വാറ്റിച്ചുണക്കി രണ്ടാമതും പൊടിയാക്കി വിരേചനൌഷധങ്ങളിട്ടു കാച്ചിയ നെയ്യുംകൂട്ടി മർദ്ദിച്ചു വേറൊരു പാത്രത്തിൽ ഇരട്ടിവെല്ലം പാവുകാച്ചി പാകമായി തു

* ഈ അദ്ധ്യായത്തിൽ പറഞ്ഞിരിക്കുന്ന ഗുളികകളിൽ പൊടിക്കിടുന്നിടത്തെല്ലാം ഇട്ടതു വെല്ലം ഇട്ടതെന്നു പ്രമാണം കാണുന്നു.

§ "തൽകഷായോഷ്മണാ പിതം സാമിതഞ്ച" എന്നാണു മൂലം. "ഗോധൂമം ധവളം പ്രോതം കൃത്വാ ദ്രോണിതാസ്ഥം നിധായ പ്രകഥിതാശ്ചൈവ വിരിഞ്ചിപ്രഭൃതയസ്തസ്യാഃ സമിതാഃ സ്മൃതാഃ" എന്ന രാജനിഘണ്ടുവിലുള്ളതുകൊണ്ട് ഗോതമ്പു കഴുകി കുത്തിച്ചെറി ഉരിയും മറ്റും കളഞ്ഞു വൊട്ടിച്ചു വെള്ളത്തിലിട്ടു നല്ലവണ്ണം തിരുമ്പി അരിച്ചു കല്ലും കളഞ്ഞു എടുത്താൽ അതിനു സമിതകമെന്നു പേരുണ്ടു് എന്നു വരുന്നു. ഇവയെപ്പാടിച്ചു മൂന്നിരട്ടി വിരേചനകഷായം വിടാച്ചിട്ടുള്ള ഒരു പാത്രത്തിന്മീതെ ശീലചെട്ടി അതുമേൽ വച്ചു് ഈ രണ്ടാമത്തെ പാത്രം കൊണ്ടടച്ചു് അതിനുപകാരമായ മാവിട്ടുചുട്ടുകണം.

പാകപ്രാപ്തേ ഫാണിതേ ചൂർണ്ണിതം തൽ
ക്ഷിപ്തം പക്വഞ്ചാവതായ്യ പ്രയത്നാൽ;
ശീതീഭൂതാ മോദകാ പൂർവ്വഗന്ധാഃ
കാര്യാസ്തേഷാം ഭക്ഷ്യകല്പാഃ സമാസാൽ.
രസേന തേഷാം പരിഭാവ്യ മുദ്ഗാൻ
യൂഷഃ സസ്നിഗ്ധവസപ്പിരിഷ്ടഃ;
വൈരേചനേനൈന്ദ്രരപി വൈദ്യൈർല്ലഘ്വ-
സ്ത്ര്യാദേവം വിദധ്യാദ്ഭമനൌഷധൈശ്ച. 8
ഭിത്വാ ദ്വിധേക്ഷും പരിലിപ്യ കല്ലൈ-
സ്ത്രിഭണ്ഡിജാതൈർഃ പ്രതിബധ്യ രജ്ജുഃ;

ടങ്ങിയാൽ അതിൽ ഇവയെ ഇട്ട നല്ലവണ്ണം ഇളക്കി വാങ്ങി ആറിയാൽ ഏലം, ലവംഗം, പച്ചില മുതലായ്യ പൊടിച്ചിട്ട സുഗന്ധം പിടിപ്പിച്ച് അതുകൊണ്ടു മോദകങ്ങൾ(പലഹാരങ്ങൾ)ഉണ്ടാക്കി ഉപയോഗിക്കാം. ഇതു വിരേചനത്തിനു സാമാന്യം ഒരു നല്ല ഭക്ഷ്യസാധനമാണെന്നു പറയാം. 7

വിരേചനദ്രവ്യങ്ങളെക്കൊണ്ടുണ്ടാക്കിയ കഷായത്തിൽ ഭാവന ചെയ്യുടുത്തിട്ടുള്ള ചെറുപയറുകൊണ്ട് ആ കഷായത്തിൽതന്നെ ചാറുണ്ടാക്കി (പരുപ്പുചാർ) അതിൽ ഇത്തിരുപ്പും നെയ്യും ചേർത്തി സേവിക്കുന്നതായാൽ വയറിളകും. ഈ മാതിരി ചണംപയറുമുതലായവയുടെ പരുപ്പുകൊണ്ടും ചാറുവെച്ചു സേവിക്കുന്നതു നന്നു്.

ഛർദ്ദിക്കാനുള്ള മരുന്നുകളെക്കൊണ്ടു മേൽപ്രകാരം പരുപ്പുചാറുണ്ടാക്കി കുടിപ്പാൻവെച്ചു കഴിക്കുന്നതായാൽ ആ അവശ്യത്തിനും മതിയാവുന്നതാണു്. 8

കരിമ്പു രണ്ടായി കീറി അതിൽ ത്രികോൽപ്പുകൊണ്ടു നെയ്യുതേച്ചു തമ്മിൽ കൂട്ടി കയറുകൊണ്ടു കെട്ടി *പുടപാകവിധിപ്രകാരം പാകംചെ

---

* കുഴിയുമുതലായതിന്റെ ഇലകൊണ്ടു പൊതിഞ്ഞു മേലെ കുശപ്പുല്ലുകൊണ്ടു ചുറ്റിവരിഞ്ഞു മണ്ണുപൊതിഞ്ഞു കനലിലിട്ടു ചുട്ടു മുകന്നാൽ എടുക്കണം. ഇതാണു് 'പുടപാകം' ഇവിടത്തെ അവശ്യത്തിനു് കൊന്നയിലയൊ മറ്റൊ കൊണ്ടു പൊതിയുന്നു എന്നു്.

പകൽ ഞ്ച സമ്യക് വൃടപാകയുക്ത്യാ
ഖാദേന്നു തം പിത്തഗദീ സുശീതമ്. 9
സിതാജഗന്ധാത്വക്ക്ഷീരീവിദാരീത്രിവൃതാ സമാ
ലിഹ്യാന്മധുപ്ലുതാഭ്യാം തു തൃഡ്ദാഹജ്വരശാന്തയേ. 10
ശർക്കരാക്ഷൗദ്രസംയുക്തം ത്രിവൃച്ചൂർണ്ണാവചൂർണ്ണിതമ്
രേചനം സുകുമാരാണാം തദ്വത്പത്രമരിചാംശകമ്. 11
പടോല്പലം സിതാക്ഷൗദ്രം പലാർദ്ധകൃഡുബാനുചിതമ്
ത്രിവൃച്ചൂർണ്ണയുതം ശീതം പിത്തഘ്നം തദ്വിരേചനമ്. 12

ഴെടുത്തു് ആറിയാൽ കടിച്ചു തിന്നാണം (ചാറപിഴിഞ്ഞെടുത്തു കുടിക്കയും ചെയ്യാം). പിത്തരോഗത്തിൽ വയറിളക്കാൻ ഇതു തല്ലതാണ്. 9

പഞ്ചസാര,*കാട്ടയമോദകം, കുവ്വരുവ്, പാൽമുതക്ക്, ത്രികോൽപ്പക്കൊന്ന ഇവ സമം തേനും നെയ്യുംകൂട്ടി ലേഹമാക്കി വിരേചനത്തിനു സേവിച്ചാൽ വെള്ളംദാഹം,മൂട്ടുനീരൽ,ജ്വരം എന്നിവ ശമിക്കും.()

ത്രികോൽപ്പക്കൊന്ന (ഒരുഭാഗം), ഇലവംഗത്തൊലി,പച്ചില,കുരുമുളക് (കാക്കാൽഭാഗം)ഇവ പൊടിച്ചുചേർത്തി ശർക്കരയും തേനുംകൂട്ടി ലേഹ്യമാക്കിയതു് മൃദുശരീരക്കാക്കു വയറിളക്കാൻ നന്നു. 11

ഒരുപലം പഞ്ചസാരയും †നാഴിയിൽപകുതി തേനുംകൂട്ടി തിളപ്പിച്ചു് (ഇവിടെ തേനിന്നു് അഗ്നിസംയോഗം വിരുദ്ധമല്ല) ലേഹപാകമായാൽ അതിൽ കാലോഹരി (പഞ്ചസാരയും തേനുംകൂടിയുള്ളതിൽ കാലംശം) ത്രികോൽപ്പക്കൊന്നപൊടിയിട്ടു ലേഹ്യമാക്കി സേവിക്കണം. ഇതു പിത്തഹരമായ വിരേചനമാകുന്നു. 12

* അജഗന്ധാ=അടുനാറിവേള്ള എന്നാണു് സാധാരണ വ്യാഖ്യാനം. എന്നാൽ ഈ പ്രദേശങ്ങളിൽ അങ്ങിനെ ഒരോഷധി കിട്ടുന്നുണ്ടു് അതിനു അജഗന്ധവുമുണ്ടു്. അതിനർത്ഥം പത്രവും പിടർ സർവ്വാംഗവും പിടിക്കാനുണ്ടു് ഭല്ലാതകം ഓ...രുന്നും ഈ പ്രകൃതങ്ങിൽ ഈ പദത്തിനു് 'വന്യയമാനീ' എന്നർത്ഥം പുഴുതിയിരിക്കുന്നു. അടുനാറിവേള്ളക്കുതന്നെ ഇങ്ങിനെ ഒരു പേരുകൂടിയുണ്ടാകാമെന്നുഹിക്കുന്നതിനു വഴിയുണ്ടു്. എങ്കിലും ആ യഥാനിഘണ്ടുക്കാരന്റെ യഥാശ്രുതാർത്ഥം പ്രമാണിച്ചു് തർജ്ജമചെയ്തിരിക്കയാണു്.

† തേനിനർത്ഥം കായ്ത്തിൽ "പക്വമ്പാദ്ധി തഥാ ദ്രവം" എന്ന പരിഭാഷക്കു പ്രസക്തിയില്ലെന്നും അതുകൊണ്ടു് രണ്ടുപലമെ എടുത്തുകൂട്ടു എന്ന ഭാഷ്യകാരനും നാലു പലം വേണമെന്ന ഭല്ലാതകിശ്രനും പുഴുതിയിരിക്കുന്നു. ഓ...രുപക്വപ്രകാരം മൂന്നു് തത്തിൽനിന്നു് നാലിരട്ടി ദ്രവദ്രവ്യം വേണമെന്നുള്ള പരിഭാഷയെ കൂടി അനുസരിച്ചുകൊണ്ടു വരുന്നതുകൊണ്ടു് അതു കുറെ അധികം നന്നെന്നു തോന്നുന്നു.

ത്രിവൃച്ചൂർണ്ണാമാക്ഷാരശുണ്ഠീപിപ്പലീമ്ധുനഃപ്രയാൽ
സവ്വശ്ലേഷ്മവികാരാണാം ശ്രേഷ്ഠമേതദ്വിരേചനമ്. 13

ബിജാഢ്യപഥ്യാകാഷ്മ്യൈധാത്രീദാഡിമകോലജാൻ
തൈലഭൃഷ്ടാൻ രസാനമ്ലഫലൈരാവാപ്യ സാധയേൽ.
ഘനീഭൂതം ത്രിസൌഗന്ധ്യം ത്രിവൃൽക്ഷൌദ്രസമന്വിതമ്
ലേഹ്യമേതൽ കഫപ്രായൈഃ സുകുമാരൈർവ്വിരേചനമ്. 14

നീലീതുല്യം തദ്വിശേഷാച്ച തൈസ്ത്രിവൃൽ സസിതോപലാ

കൊന്ന, മരിക്കന്നി, ചവക്കാരം, ചുക്ക്, തിപ്പലി ഇവ പൊടിച്ചു തേൻകൂട്ടി സേവിക്കണം. ഇതു കഫരോഗങ്ങളിലെല്ലാം വയറിളക്കാൻ വിശേഷം നല്ലതാകുന്നു. 13

കുരു മൂത്തതായ കടുക്ക, കുമിഴിൻകായ, നെല്ലിക്ക, താളിമാതളങ്ങ, ലെന്തക്കായ ഇവയെ കുരുക്കളയാതെ തൂക്കിയെടുത്ത് ഇവയെല്ലാം കൂടിയാലുള്ള തൂക്കത്തിൽ പതിനാറിരട്ടി വെള്ളംകൂട്ടി കഷായംവെച്ചു പാകമാക്കണം. ഈ കഷായത്തിൽ ആവണക്കെണ്ണ കുറച്ചു മൂപ്പിച്ചൊഴിക്കണം. മരപ്പുളിയുടെ കായ, മാതളനാരങ്ങ മുതലായ പുളിരസമുള്ള കായകളെ (കാൽഭാഗം) മേൽപറഞ്ഞ കഷായത്തിലരച്ചു ചേർക്കണം. പിന്നെ അടുപ്പിൽവെച്ചു തിളപ്പിക്കണം. അതു വാറിക്കട്ടിയായാൽ ഏലം, ലവംഗം, പച്ചില ഇവയും (സുഗന്ധത്തിന്നു വേണ്ടേടത്തോളം മാത്രം) ആ ലേഹത്തിന്റെ നാലിലൊരോഹരി ത്രികോൽപ്പക്കൊന്നയും പൊടിച്ചുചേർത്തി നാലിലൊരോഹരിതന്നെ തേനുംകൂട്ടിയിളക്കി *സേവിക്കണം. കഫത്തിന്റെ ഉപദ്രവം അധികമുള്ളവരും മൃദുശരീരക്കാരുമായവർക്ക് ഇതു വയറിളക്കുന്നതിന്നു നല്ലതാണ്. 14

ടീഅമരിവേരിന്മേൽതൊലി ഒരു ഭാഗം, ലവംഗപ്പട്ടയും ഏലത്തരിയും കൂടി ഒരു ഭാഗം, എല്ലാംകൂടിയേടത്തോളം ത്രികോൽപ്പക്കൊന്ന ഇ

---

* ഈ ലേഹമുണ്ടാക്കുന്നതിന്നു തക്കുമയിൽ കാണിച്ച കണക്കു മല്ലനപക്ഷാനുസാരിയാകുന്നു, ഭാഷ്യകാരം താഴെ എഴുതിയതു:—"കടുക്ക മുതലായ ഫലങ്ങളുടെ കഷായം കിടയ്പോഴിയുണ്ടാക്കി നാലുപലം ആവണക്കെണ്ണ തിളപ്പിച്ചതിലൊഴിച്ചു ഈ ഫലങ്ങളെ നാലുപലം അരച്ചുകൂട്ടി പാകമാകുമ്പോൾ ത്രികോൽപ്പക്കൊന്നപ്പൊടി നാലുപലവും ത്രിജാതകചൂർണ്ണം കുറച്ചുകൂടുതൽ വിതറി വാങ്ങി തണുത്താൽ രണ്ടുപലം തേനുകൂട്ടി ലേഹമാക്കണം.

ടീ നോക്കുക വിന്നാണ് വേണ്ടതെന്നും പക്ഷം.

ചൂർണ്ണം സന്തർപ്പണം ക്ഷൗദ്രഫലാമ്ലം സന്നിപാതനുൽ. 15
ത്രിവൃച്ഛ്യാമാസിതാകൃഷ്ണാത്രിഫലാമാക്ഷികൈഃ സമൈഃ
മോദകാഃ സന്നിപാതോദ്ഭ്രരക്തപിത്തജ്വരാപഹാഃ. 16
ത്രിവൃദ്ഭാഗാസ്ത്രയഃ പ്രോക്താസ്ത്രിഫലാ തത്സമാ തഥാ
ക്ഷാരകൃഷ്ണാവിഡാംഗാനി സഞ്ചൂർണ്ണ്യ മധുസർപ്പിഷാ
ലിഹ്യാദ്ഭുഡേന ഗ്രഡികാം കൃത്വാ വാപ്യഥ ഭക്ഷയേൽ.
കഫവാതകൃതാൻ ഗുല്മാൻ പ്ലീഹോദരഹലീമകാൻ
ഹന്ത്യന്യാനപി ചാപ്യേതന്നിരപായം വിരേചനമ്. 17
ചൂർണ്ണം ശ്യാമാ ത്രിവൃന്നീലീ കടഫീ മുസ്താ ഗുരാലതാ
ചിത്രവ്യുഷബീജം ത്രിഫലാ സർപ്പിർമ്മാംസരസാംബുഭിഃ
പീതം വിരേചനം തദ്വി ത്രുക്ഷാണാമപി ശസ്യതേ. 18

വയപൊടിച്ചു കല്ക്കണ്ടവും തേനും പുളിരസമുള്ള കായകഠം പിഴിഞ്ഞെടുത്ത രസവും ചേർത്തി വയറിളക്കിയാൽ സന്നിപാതസംബന്ധമായ രോഗങ്ങൾക്കു നന്നു. ഇതു സന്തർപ്പണവുമാകുന്നു. 15

ത്രികോൽപ്പകൊന്ന, മരിക്കുന്നി, തിപ്പലി, ത്രിഫല ഇവസമംപൊടിച്ചു പഞ്ചസാരയും തേനും(ഇരട്ടി)ക്കൂട്ടി മോദകമുണ്ടാക്കി (മേവിച്ചുപാകമാക്കിയുണ്ടാക്കണം) വയറിക്കിളയാൽ സന്നിപാതം, മേൽപ്പെട്ടുള്ള(രക്തംമ്മറ്റിക്കുകയും മറ്റും ചെയ്യുന്നതായ) രക്തപിത്തം, ജ്വരം ഈ രോഗങ്ങൾ ശമിക്കും. 16

മൂന്നുഭാഗം കൊന്ന, അതിനുസമം ത്രിഫല, ചവക്കാരം, വിഴാലരി ഇവ ഓരൊഭാഗം എല്ലാം കൂട്ടിപ്പൊടിച്ചു. തേനും നെയ്യുംകൂട്ടിക്കുഴച്ചിട്ടൊ വെല്ലംകൂട്ടി പാകംചെയ്തു ഗുളികയാക്കീട്ടൊ സേവിച്ചു വയറിളക്കുക; ഇതുകൊണ്ടു കഫവാതസംബന്ധമായ ഗുല്മരോഗങ്ങൾ, പ്ലീഹ, മഹോദരം, ഹലീമകംമുതലായ അനേകം വ്യാധികളും നശിക്കും. ഇതു വേറെ ഉപദ്രവമൊന്നുമുണ്ടാക്കാത്തതായ ഒരു സുഖവിരേചനമാകുന്നു.

മരിക്കുന്നി, ത്രികോൽപ്പകൊന്ന, അമരിവിത്തു്, കടുകുരോഹണി, മുത്തങ്ങ, കൊടിത്തൂവവേരു്, കാട്ടുമുളകിൻവേർ, കുടകപ്പാലയരി, ത്രിഫല ഇവ പൊടിച്ചു നെയ്യിലൊ മാംസരസത്തിലൊ വെറുംവെള്ളത്തിലൊ തരംപോലെ കലർന്നു വയറിളക്കാൻ കുടിക്കുന്നതു് ത്രുക്ഷദേഹക്കാർക്കുകൂടി നല്ലതാകുന്നു. 18

വൈരേചനികനിഃകഷാഥഭാഗാഃ ശീതാസ്ത്രയോ മതാഃ
ദ്വൌ ഫാണിതസ്യ തച്ചാപി പുനരഗ്നാവധിശ്രയേൽ.
തത്സാധുസിദ്ധം വിജ്ഞായ ശീതം കൃത്വാ നിധാപയേൽ
കലൽേ കൃതസംസ്കാരേ വിഭജ്യാർദ്ധ ഹിമാഹിമൌ.
മാംസാർദ്ധം ജാതരസമാസവം മധുഗന്ധികമ്
പിബ്വേദസാവേവ വിധിഃ ക്ഷാരമൂത്രാസവേഷ്വപി. 19
വൈരേചനികമൂലാനാം കഷ്വേ മാഷാൻ സുഭാവിതാൻ
സുധൌതാംസ്തുൽകഷ്വായേണ ശാലീനാഞ്ചാപി തണ്ഡുലാൻ.

വിരേചനാസവങ്ങൾ.— *വിരേചനൌഷധങ്ങളെക്കൊണ്ടു കഷായംവെച്ച് എട്ടിൽ അഞ്ചുഭാഗം കുറുകിയാൽ ആ മൂന്നുഭാഗം കഷായം എടുത്ത് തണുത്തതിന്നുശേഷം അതിൽ §തുല്യിയുള്ള ¶മലർപൊടി രണ്ടുഭാഗംകൂട്ടി പിന്നെ അടപ്പിൽവെക്കണം. പകുതി കുറുകിയാൽ വാങ്ങി ആറിയതിന്നുശേഷം നല്ലവണ്ണം തേച്ചുമോറി ഒണക്കി ഉള്ളിൽ തിപ്പലിപ്പൊടിയും തേനും കുഴച്ചുതേച്ച് അകിലിന്റെ പുകയേൽപ്പിച്ച് തുല്യമാക്കിയ കുടത്തിൽ ഒഴിച്ച് അടച്ചുകെട്ടി കാലത്തിന്റെ ശീതോഷ്ണസ്ഥിതിയെ നോക്കി (ഉഷ്ണകാലമാണെങ്കിൽ പതിനഞ്ചുദിവസവും ശീതകാലമാണെങ്കിൽ ഒരുമാസവും, നെല്ലിന്നുള്ളിൽ) കുഴിച്ചിടണം. അതിൽപിന്നെ അഴിച്ചെടുത്തുനോക്കിയാൽ തേനിന്റെ ഗന്ധമുണ്ടായിക്കണ്ടാൽ വേണ്ടപോലെ പാകമായിരിക്കുന്നു എന്നു വിചാരിക്കാം. പിന്നെ അതു വയറിളക്കാൻ സേവിക്കാം. ക്ഷാരംകൊണ്ടും ഗോമൂത്രംകൊണ്ടും മാറുമുണ്ടാക്കുന്ന സാധാരണ ആസവങ്ങളിലും മേൽപറഞ്ഞപ്രകാരത്തിലുള്ള സംസ്കാരവും മാറും ആവശ്യമാണെന്നറിയണം. 19

വിരേചനസുരാ.— വിരേചനത്തിന്നുള്ള വേരുകളെക്കൊണ്ടു കഷായംവെക്കണം. അതിൽ കുറെ ഉഴുന്നുപ്പുരുപ്പിട്ടു ഭാവനചെയ്യണം. പിന്നെ അതിൽനിന്നെടുത്ത ആ മരുന്നുകളുടെ കഷായത്തിൽ ¶കുഴുക

---

* ഇതിൽ ചൂരക്കള്ളിയെ ഒഴിക്കണമെന്നു ചിലരും ത്രികോൽപ്പക്കൊന്ന മാത്രമേ പാടുള്ളു എന്നു വേറെ ചിലരും അഭിപ്രായപ്പെടുന്നു.

§ "ഫാണിത"മെന്നു മൂലം. അതിന്നു വെല്ലമെന്നു ചിലരർത്ഥം പറയുന്നു. തുല്യമെല്ലെന്നുമതപ്രകാരമത്രേ.

¶ രണ്ടു യാമത്തോളം അതിലിട്ടു മുന്നുപ്രാവശ്യം ഊറ്റിയെടുക്കണം.

അവക്ഷുണ്ണൈകതഃ പിണ്ഡാൻ കൃത്വാ ത്രുഷ്ണാൻ സുചൂർണ്ണിതാൻ
ശാലിതണ്ഡുലചൂർണ്ണഞ്ച തൽകഷായോഷ്ണസാധിതം.
തസ്യ പിഷ്ടസ്യ ഭാഗാംസ്ത്രീൻ കിണപ്രോഗവിമിശ്രിതാൻ
മണ്ഡോദകാത്ഥോ കപാത്രഞ്ച ഭദ്ര്യാൽ തസ്മിംശ്ചമേകതഃ.
നിദധ്യാൽ കലശേ താം ത്രു സുരാം ജാതരസാം പിബേൽ
ഏഷ ഏവ സുരാകല്പോ വമനേഷ്വപി കീർത്തിതഃ. 20
മൂലാനി ത്രിവൃദാദീനാം പ്രഥമസ്യ ഗണസ്യ ച
മഹതഃ പഞ്ച മൂലസ്യ മൂർവ്വാശാർങ്ഗ്ഷ്ട്രയോരപി.

ണം. ശാലിയരിയും ഇങ്ങിനെ ഭാവനചെയ്തു കഴുകിയെടുത്തു കുറെ ഉണ്ടാക്കണം. രണ്ടുംകൂട്ടി ഇടിച്ചുരുട്ടി ഒണക്കിപ്പൊടിക്കണം. മുൻപറഞ്ഞപ്രകാരം വിരേചനദ്രവ്യംകൊണ്ടുള്ള കഷായത്തിന്റെ ആവിയിൽ വിയർപ്പിച്ചെടുത്തിട്ടുള്ള ശാലിയരി കുറെ വേറെ പൊടിച്ചുണ്ടാക്കണം. ഈ പൊടി മൂന്നുഭാഗവും മുമ്പെപറഞ്ഞ പൊടികൾ രണ്ടുംകൂടിയതു ഒരു *ഭാഗവും തമ്മിൽകൂട്ടി മുമ്പെ ആസവക്രമത്തിൽ പറഞ്ഞപ്രകാരം ശുദ്ധിവരുത്തിയ കുടത്തിലാക്കി വിരേചനദ്രവ്യകഷായംതന്നെ, ഇവിടെ വെള്ളത്തിന്റെ ആവശ്യത്തിന്നു് അവസ്ഥാപോലെ കുറെ (നാലിരട്ടി) ഒഴിച്ചു് എടുത്തുവെക്കണം. ഒരുമാസം വെച്ചിരുന്നതിന്നുശേഷം തേനിന്റെ ഗന്ധം പുറപ്പെടുക മുതലായ ആസവപാകലക്ഷണം കണ്ടുതുടങ്ങിയാൽ പിന്നെ എടുത്തുസേവിക്കാം. വമനക്രിയക്കു വേണ്ടുന്ന മരുന്നുകളെക്കൊണ്ടും ഈ പ്രകാരംതന്നെ സുരയുണ്ടാക്കാം. 20

വിരേചനത്തിന്നുള്ള സൌവീരകങ്ങൾ (യവക്കാടി).— ത്രിവൃദാദിഗണ (സംശോധന സംശമനീയത്തിലുള്ളതു്)ത്തിലുള്ള മരുന്നുകളുടെ വേരുകളും ഒന്നാമത്തെ ഗണമായ വിദാരിഗന്ധാദി (ദ്രവ്യസംഗ്രഹണീ

---

* "തസ്യ പിഷ്ടസ്യ ഭാഗാംസ്ത്രീൻ കിണപ്രോഗവിമിശ്രിതാൻ" എന്നാണിവിടെ മൂലം. അവിയിൽ വിയർപ്പിച്ചെടുത്ത ശാലിയരിപ്പൊടിയെയണ് പിഷ്ടശബ്ദം കാണിക്കുന്നതു് എന്നും കിണപശബ്ദത്താൽ മുമ്പറഞ്ഞ ഇടിച്ചുരുട്ടിപ്പൊടിച്ച പൊടിയെ ഗ്രഹിക്കേണ്ടതാണെന്നുമുള്ള പ്രാചീനപക്ഷം പ്രമാണിച്ചാണിവിടെ ഭേദമെഴുതിട്ടുള്ളതു്. നവീനന്മാർ പിഷ്ടശബ്ദത്തിന്നു് മേൽപ്പറഞ്ഞ രണ്ടുകൂട്ടം പൊടിയും അർത്ഥമാണെന്നും സാധാരണ കള്ളിന്റെ ഉറൽതന്നെയാണിവിടെ കിണപപദത്തിന്നർത്ഥമെന്നും വിചാരിക്കുന്നു. ഈ പക്ഷത്തിൽ പൊടികളും രണ്ടുവകയുംകൂടി മൂന്നോഹരിയും കള്ളും ഒരോഹരിയും കൂട്ടണമെന്നു ഗ്രഹിക്കണം.

സുധാ ഹൈമവതീ ചൈവ ത്രിഫലാതിവിഷേ വചാ
സംഹൃത്യ താനി ഭാഗൌ ദ്വൌ കാരയേദേകമേതയോഃ.
കൃത്വാന്നികേപാഥമേകസ്മിന്നേകസ്മിംശ്ചൂർണ്ണമേവ തു
ക്ഷുണ്ണാം തസ്മിംസ്തു നികേപാഥേ ഭാവയേദ്ബഹുശോ യവാൻ.
ശുഷ്കാണാം മൃദുഭൂതാനാം തേഷാം ഭാഗാസ്ത്രയോ മതാഃ
ചതുർത്ഥോ ഭാഗ ആവാപ്യശ്ചൂർണ്ണാനാമനു കീർത്തിതമ്.
പ്രക്ഷേപ്യം കൽകശേ സമ്യക് സമസ്തം തദനന്തരമ്
തേഷാമേവ കഷായേണ ശീതളേന സുയോജിതമ്.
പൂർവ്വവത്സന്നിധ്യാത്തു ജ്ഞേയം സൌവീരകം ഹി തൽ. 21
പൂർവ്വോക്തം വർത്മമാപൂര്യ ദ്വിധാ കൃത്വൈകമേതയോഃ
ഭാഗം സംക്ഷുദ്യ സംസ്രുജ്യ യവാൻ സ്ഥാല്യാമധിശ്രയേൽ.

യത്തിലുള്ളത്) ഗണവും മഹൽപഞ്ചമൂലവും പെരുങ്കുരുമ്പവേരും വലിയ ഉങ്ങിന്റെ വേരും ചതുരക്കള്ളിവേരും വെള്ളത്ത വയനും ത്രിഫലയും അതിവിടയവും വയനും എല്ലാം സമംകൂട്ടി എടുത്തു് പിന്നെ അതിനെ രണ്ടായി ഭാഗിച്ചു് ഒരുഭാഗം വേറെ എടുത്തു കഷായംവെക്കണം; മറോഭാഗത്തെ ഒണക്കിപ്പൊടിക്കയും വേണം. നല്ലവണ്ണം കുത്തി ഉമികളഞ്ഞ യവം കുറെ എടുത്തു് ആ കഷായവെള്ളത്തിൽ അനേകം പ്രാവശ്യം (21 പ്രാവശ്യമെന്നുപദേശം) ഭാവനചെയ്തു് ഒണക്കി മൃദുവായി ഒന്നു വറുത്തുവെക്കണം. ഈ വറുത്ത യവം മൂന്നുഭാഗവും,മുമ്പെ ഒണക്കിപ്പൊടിച്ചുവെച്ചിട്ടുള്ള ആ കൊന്ന മുതലായ മരുന്നുകളുടെ പൊടി ഒരുഭാഗവും കൂട്ടി മേൽപറഞ്ഞ മരുന്നുകളുടെ കഷായവെള്ളംതന്നെ ആറിയതു അതിലൊഴിച്ചു ഒരു ശുദ്ധിചെയ്തു മൺകുടത്തിലാക്കികെട്ടിവെക്കണം (മുമ്പെ പറഞ്ഞപ്രകാരം മധുഗന്ധമുണ്ടായാൽ എടുത്തുപയോഗിക്കയും ചെയ്യാം).ഇതാണു് വിരേചനത്തിനുള്ള സൌവീരകം.( )

വിരേചനത്തിനുള്ളതു ഷോദകം (ഉമിയോടുകൂടിയ യവക്കാടി).— മുമ്പു സൌവീരകത്തിനു പറഞ്ഞിട്ടുള്ള കൊന്ന മുതലായ മരുന്നുകളെല്ലാം കൊണ്ടുവന്നു് മുമ്പത്തെപ്പോലെ എടുത്തു് രണ്ടുഭാഗമാക്കി ഒരുഭാഗത്തെ വേറെ എടുത്തിടിച്ചു് സമം (എല്ലാംകൂടിയേടത്തോളം) ഉമികളയാത്ത യവത്തോടുകൂട്ടി (ഒരു കിഴിയാക്കിക്കെട്ടി) ആട്ടകൊട്ടപ്പാലുകഷായം (എരുട്ടി) ഉണ്ടാക്കി അതിലിട്ടു് ഒരു പാത്രത്തിൽ വേവിക്കണം;

അജശൃംഗ്യാഃ കഷായേണ താനഭ്യാസിച്യ സാധയേൽ
സുസിദ്ധാംശ്ചാവതശ്ചൈതാനൌഷധേഭ്യോ വിവേചയേൽ.
വിഭജ്യ സതുഷാൻ സമ്യക് തതസ്താൻ പൂവ്വവന്നിതാൻ
പൂവ്വോക്തൌഷധഭാഗസ്യ ചൂണ്ണം തേ പാ ഇ പൂവ്വവൽ.
തേനൈവ സഹ യുഷ്ടേണ കലശേ പൂവ്വവന്ന്യസേൽ
ജ്ഞാതപാ ജാതരസപ്രൊപി തൽ തുഷോദകമാദിശേൽ. 22
തുഷാംബുസൌവീരകയോവ്വിധിരേഷ പ്രകീത്തിതഃ
ഷഡ്രാത്രാത്സപ്തരാത്രാദ്വാ തേ ച പേയേ പ്രകീത്തിതേ. 23
വൈരേചനേഷു ദ്രവ്യേഷു ത്രിവൃന്മൂലവിധിഃ സ്മൃതഃ. 24
ദന്തീദ്രവന്ത്യോസ്തുമൂലാനി വിശേഷാന്തുൽകുശാന്തരേ

നല്ലവണ്ണം വെന്താൽ വാങ്ങി, യവങ്ങളെ മരുന്നിൽനിന്നു വേർപെടുത്തിയെടുക്കണം. അതിന്നുശേഷം ഈ യവങ്ങളെ നല്ലവണ്ണം ഇടിക്കണം. ഉമിയോടുകൂടിത്തന്നെ തൂക്കി ഈ യവങ്ങൾ മൂന്നുഭാഗവും മുമ്പറഞ്ഞ മരുന്നുകളുടെ (വേറെ എടുത്തുവെച്ചിരുന്ന) പൊടി ഒരു ഭാഗവും ആയി ചേർത്തി ആദ്യം വെച്ചതായ ആ കൊഴുത്തകഷായത്തിൽത്തന്നെയിട്ട് ആസവത്തിനു പറഞ്ഞപ്രകാരം നന്നാക്കീട്ടുള്ള മൺകുടത്തിൽ ആക്കിവെക്കണം. വേണ്ടപോലെ രസഗന്ധാദികളുണ്ടായിക്കഴിഞ്ഞാൽ എടുത്തുപയോഗിക്കണം. ഇതിനെ തുഷോദകമെന്നു പറയുന്നു. 22

ഈ വിധത്തിൽ തുഷോദകത്തിന്റേയും സൌവീരകത്തിന്റേയും ക്രമം പറയപ്പെട്ടു. ഈതുഷോദകത്തേയും സൌവീരകത്തേയും *ആറുദിവസമോ (ഉഷ്ണകാലത്തു്) ഏഴുദിവസമോ (ശീതകാലത്തു്) പാത്രത്തിലാക്കിവെച്ചാൽ മിക്കതും പാകംവരുന്നതാകയാൽ അതിന്നുശേഷം എടുത്തുപയോഗിക്കാവുന്നതാണു്. 23

ത്രികോൽപ്പക്കൊന്നകൊണ്ടു മുതലായുള്ള വിധത്തിൽ വിരേചനൌഷധയോഗങ്ങളെ മുകളിൽ കാണിച്ചിട്ടുണ്ടോ ആ വിധത്തിലെല്ലാം മറ്റുള്ള വിരേചനദ്രവ്യങ്ങളെക്കൊണ്ടും യോഗങ്ങളുണ്ടാക്കുന്നതിനു വിരോധമില്ല. 24

നാകരാന്തി, വലിയരന്തി (കടലാവണക്കെന്നും പേരുണ്ടു)വേരു് ഇ

---

* തുഷോദകത്തിനു് അതും സൌവീരകത്തിനു് ഏഴും ദിവസം വേണമെന്നാണു് വിടതാൽപര്യമെന്നും അഭിപ്രായമുണ്ടു്.

പിപ്പലീക്ഷൗദ്രയുക്താനി സപിണ്ഡാന്യുദ്ധൃത്യ ശോഷ്യാദ്യേൽ
തതസ്ത്വഗ്വിധാനേന യോജയേൽ ശ്ലേഷ്മപിത്തയോഃ. 25
തയാ കല്കകഷായാഭ്യാം ചക്രതൈലം വിപാചയേൽ
സർപ്പിശ്ച പകപാ വീസർപ്പകക്ഷാഗുഹാലജീർജ്ജയേൽ. 26
മേഹഗ്രന്ഥ്യനിലശ്ലേഷ്മവിബന്ധാംസ്തൈലമേവ ച. 27
ചതുഃസ്നേഹം ശകൃച്ഛുക്രവാതസംരോധജാ രുജഃ. 28
ഒന്തീദ്രവന്തീമരിചകനകാഹ്വയവാഹ്യകൈഃ

ഇ രണ്ടും പറിച്ചെടുത്ത് തിപ്പലി അരച്ചതും തേനുംകൂട്ടി അതിന്മേൽ തേച്ച് മീതെ കുശപ്പുല്ലുകൊണ്ടു മൂടിക്കെട്ടി മണ്ണുതേച്ച ചാണകവരട്ടി കൊണ്ടുള്ള തിയ്യിലിട്ട ചുടണം. അതു ചുകന്നനിറമായാൽ ആ മരുന്നെടുത്തതാണക്കി ത്രികോൽപ്പക്കൊന്നക്കു പറഞ്ഞപ്രകാരമുള്ള (ഈ അദ്ധ്യായം 3–ാംവകുപ്പിൽ) അനുപാനങ്ങൾകൂട്ടി ശ്ലേഷ്മപിത്തരോഗങ്ങളിൽ ഉപയോഗിക്കാം. 25

നാകരാന്തിവേരും വലിയ ദന്തിവേരും കഷായംവെച്ച് അവതന്നെ കല്ക്കം അരച്ചുകൂട്ടി (കഷായം നാലിരട്ടിയും കൽക്കം കാലംശവുംകൂട്ടി) *ചക്രതൈലവും നെയ്യും കാച്ചണം. അങ്ങിനെ കാച്ചിയ നെയ്യ് വിസർപ്പം, കക്ഷാ, ചുട്ടനീർൽ, അലജി എന്നീ രോഗങ്ങളെ നശിപ്പിക്കും. തൈലമാകട്ടെ മേഹം, ഗ്രന്ഥി എന്നിവയെ ശമിപ്പിക്കയും അധോവായുവിന്റെയും കഫത്തിന്റെയും തടവുതീർക്കുകയും ചെയ്യും. നെയ്യും എണ്ണയും വസയും മജ്ജയും കൂട്ടിയ ചതുഃസ്നേഹത്തിൽ മേൽപറഞ്ഞ നാകരാന്തിയും വലിയ ദന്തിയും കഷായവും ¶കല്ക്കവുമായി ചേർത്തിക്കാച്ചി സേവിച്ചാൽ മലം, ശുക്ലം, അധോവായു എന്നിവയുടെ തടസ്ഥം കൊണ്ടുണ്ടാകുന്ന വേദനകൾ ശമിക്കും. 26-28

നാകരാന്തി, വലിയദന്തി, കുന്നുമുളക്, §കങ്കുട്ടം (കനകാഹ്വം),

---

* ചക്കിന്റെ തണ്ടിനെ കൊത്തി നുറുക്കി പുഴുങ്ങി ഊറ്റീട്ടോ അതിനെത്തന്നെ ചക്കിലിട്ടാട്ടീട്ടോ ഉണ്ടാകുന്നതായ 'കണ്ണെയ്യ്' ആണ് ചക്രതൈലം. ചക്കിലിട്ടാട്ടിയതായ പുളെള്ളണ്ണയെന്നുമാത്രം ചിലരർത്ഥം പറയുന്നു. അവയ്ക്കു പുറമെ യന്ത്രങ്ങളിൽനിന്നുണ്ടാകുന്ന തൈലം അതുതന്നെമാത്രമേ ഉള്ളൂ. ചികിത്സിതം 24–ാം അദ്ധ്യായത്തിൽ ചക്രതൈലമുണ്ടാക്കാൻ പ്രത്യേകം പറവാൻ പോകുന്നുണ്ട്.

¶ ഇവിടെ ശേമുലകഷായം ചിലർ ചേർത്തുന്നു. ചരകത്തിൽ അതു പറഞ്ഞിട്ടുണ്ട്.

§ കങ്കുട്ടത്തിനു ശംഖുപൊടിതരമെന്നും ഭോഷയുണ്ട്. കനകാഹ്വത്തിനു ഒല്ലനൻ കങ്കുട്ടമെന്നും ഭോജ്യകാരൻ നാഗകേസരമെന്നും വേറെ ചിലർ ചതുരക്കള്ളിയെന്നും വ്യാഖ്യാനിച്ചിരിക്കുന്നു.

വിശ്വഭേഷജമൂദ്ധികാചിത്രകകെമ്മൂത്രഭാവിതൈഃ.
സപ്താഹം സപ്തിഷ്യാ മൂർണ്ണം യോജ്യമേതദ്വിരേചനമ്
ജീർണ്ണേ സാന്തർപ്പണം ക്ഷൗദ്രം പിത്തശ്ലേഷ്മരുജാപഹമ്
അജീർണ്ണപാൾപ്രകൃപാണ്ഡുപ്ലീഹോദരനിബർഹണമ്. 29
ഗ്രന്ഥസ്യാഷ്ടംപലേ പഥ്യാ വിംശതിഃ സ്യുഃ പലം പലമ്
ദന്തീചിത്രകയോഃ കർഷൗ പിപ്പലീത്രിവൃതോർദ്വയോഃ.
കൃതൈതാന്മോദകാനേകം ദശമേ ദശമേഹനി
തതഃ പൊദേഷ്ണുതായസേവീ നിർഗ്ഗ്രന്ഥ്രണാസൂചിമേ.
ദോഷഘ്നോ ഗ്രഹണീപാണ്ഡുരോഗാർശഃകൃമുനാശനഃ. 30
ത്രിവൃദ്വ്യാഷം ത്രിജാതകം മിസ്രാ വിഡംഗാമലകേ തഥാ
നൈതാനി സമാംശാനി ത്രിവൃദഷ്ടഗുണാനി വൈ
ശ്ലക്ഷ്ണചൂർണ്ണീകൃതാനീഹ ദന്തീഭാഗദ്വയം തഥാ

കൊടിത്തൂവ്വേർ, ചുക്ക്, മുന്തിരിങ്ങ, കൊടിവേലി ഇവ പൊടിച്ച് ഏഴുദിവസം ഗോമൂത്രത്തിൽ ഭാവനചെയ്ത് നെയ്യിൽ കുഴച്ച് വയറിളക്കാൻ കൊടുക്കണം. അതു ദഹിച്ചാൽ ഉടനെ മലർപ്പൊടിയും തേനും കൂട്ടി കുഴച്ചതു കൊടുക്കയും വേണം. ഈ മരുന്നു പിത്തകഫരോഗങ്ങളെ ശമിപ്പിക്കുകയും അജീർണ്ണം, വായുപ്രധാനങ്ങളിൽ വേദന, പാണ്ഡുരോഗം, പ്ലീഹോദരം എന്നിവയെ നശിപ്പിക്കയും ചെയ്യും. 29

ഇരിപ്പതു കുടുക്ക, ഒരുപലം നാകരാന്തിവേർ, ഒരു പലം കൊടിവേലിവേർ, തിപ്പലി, ത്രികോൽപ്പക്കൊന്ന ഇവ ഓരോ ഉരൽപ്പിടിക്കും ഇതുകൾ പൊടിച്ച് ഏട്ടുപലം *വെല്ലം കൂട്ടി പത്തു മോദകങ്ങളുണ്ടാക്കണം. അവയിൽ ഓരോന്നു പതിപ്പുത്തുദിവസം കൂടുമ്പോൾ സേവിക്കയും മേലെ തിളപ്പിച്ച വെള്ളം കുടിക്കയും വേണം. ഇതു സേവിക്കുമ്പോൾ ഒരു പത്ഥ്യവും ആവശ്യമില്ല. ഏതുദോഷങ്ങൾക്കും ഇതു നന്ന്. ഗ്രഹണി, പാണ്ഡുരോഗം, അർശ്സ്സ്, കൃമി ഈ രോഗങ്ങളെ ഇതു ശമിപ്പിക്കുകയും ചെയ്യും. 30

ത്രിവൃദ്വ്യഷ്ടകം.—ചുക്ക്, മുളക്, തിപ്പലി, ഏലം, ലവംഗം, പച്ചില; മുത്തങ്ങ, വിഴാലരി, നെല്ലിക്ക ഈ ഒമ്പതു കൂട്ടം മരുന്നുകളേയും ഓരോ ഭാഗമായെടുത്ത് ഏട്ടുഭാഗം ത്രികോൽപ്പക്കൊന്നയും രണ്ടു ഭാഗം നാകരാന്തിവേരും വെവ്വേറെ ഒന്നാക്കിപ്പൊടിച്ച് ശീലപ്പൊടിയെടുത്ത്

---

* വെല്ലം പാവുകാച്ചി ലേഹ്യപാകത്തിൽ പൊടിയിട്ടിളക്കിയതിനുശേഷം ഉരുട്ടിയുണ്ടാക്കണമെന്നു ഗ്രഹിക്കണം.

സവ്വാണി ചൂർണ്ണിതാനീഹ ഗാളിതാനി വിമിശ്രയേൽ.
ഷഡ്ഭിശ്ച ശക്കരാഭാഗൈർഷ്ടൈസന്ധവമാക്ഷികൈഃ
പിണ്ഡിതം ഭക്ഷയിത്വാ തു തതഃ ശീതാംബു പായയേൽ.
വസ്തിരുക്തുഷ്ണരച്ഛർദ്ദിശോഷപാണ്ഡുജ്വരാപഹമ്
നിർഗ്രുണമിദം സവ്വം വിഷഘ്നന്തു വിരേചനമ്.
ത്രിവൃദഷ്ടകസംജ്ഞോയം പ്രശസ്യതേ പിത്തരോഗിണാമ്
ഭക്ഷ്യഃ ക്ഷീരാനുപാനോ വാ പിത്തശ്ലേഷ്മാതുരൈർനരൈഃ.
ഭക്ഷ്യത്രുപസധമ്മത്വാദാഢ്യേഷ്വേവ വിധിയതേ. 31
തിലകസ്യ തുമം ശുഷ്കാമന്തർവ്വല്ക്കവിവജ്ജിതാമ്
ചൂർണ്ണയിത്വാ തു ദ്വൌ ഭാഗൌ തൽകഷായേണ ഗാളയേൽ.

എല്ലാംകൂട്ടി *കുറഞ്ഞാന്നു ഇന്തുപ്പും തേനും കൂട്ടി ആറുഭാഗം ശക്കര കലന്നു ഉരുട്ടിവെക്കണം. ഈ മരുന്നു സേവിച്ചതിന്നുമേലെ തണുത്ത വെള്ളമാണു് കുടിക്കേണ്ടതു്. വസ്തിയിങ്കൽ വേദന, വെള്ളംകോഹം, ജ്വരം, ഛർദ്ദി, ശോഷം, പാണ്ഡുരോഗം, തലതിരിച്ചിൽ എന്നിവയെ ഈ മരുന്നു നശിപ്പിക്കും. ഇതിന്നു് ഒരു പഥ്യവും വേണ്ട. ഇതുകൊണ്ടു വയറിളക്കിയാൽ വിഷദോഷം നശിക്കും. ഈ യോഗത്തിന്നു് "ത്രിവൃഷ്ടക" 74
മെന്നു പേരാകുന്നു. ഇതു പിത്തരോഗികൾക്കു വയറിളക്കാൻ വിശേഷപ്പെട്ടതാണു്. ഇതു സേവിച്ചിട്ടു മേലെ പാൽ അനുപാനമായി കുടിച്ചാൽ പിത്തശ്ലേഷ്മരോഗികൾക്കു നല്ലതാണു്. ഇതു് ഒരു പലഹാരം പോലെയുള്ളതാകയാൽ ധനികന്മാരായ സുഖിയന്മാക്കു വയറിളക്കാനാണു് ഇതധികമായി ഉപയോഗിക്കാറുള്ളതു്. 31

ചുകന്ന പാമ്പാറിയുടെ തൊലിയെടുത്തു് അതിന്റെ ഉൾഭാഗത്തുള്ള നാരുകളെ കളഞ്ഞു് ഒണക്കിപ്പൊടിക്കണം. ഈ പൊടിയെ മൂന്നായി ഭാഗിച്ചു് രണ്ടുഭാഗത്തെ ആ തൊലിയുടെ കഷായത്തിൽ കലക്കി ക്ഷാരപാകവിധിപ്രകാരം ഇരിപത്തൊന്നു പ്രാവശ്യം അരിക്കണം. പിന്നെ മൂന്നാമത്തെ ഭാഗം പൊടിയെ ഈ അരിച്ചെടുത്ത കഷായവെള്ളത്തിൽ കലക്കി ഭാവനചെയ്തുണക്കി വെയിലത്തൊണക്കി പിന്നെ ആ പൊടിയെ ദശമൂലകഷായത്തിലും ഭാവനചെയ്യണം. ഇങ്ങിനെ തെയ്യാറാക്കീട്ടുള്ള ഈ പൊടികൊണ്ടു, മുമ്പു ത്രികോൽപ്പ

---

* 'കുറഞ്ഞാന്നു' എന്നതിന്നിടയിൽ കാൽഭാഗമുണ്ടെന്നു ഡല്ലൻ അഭിപ്രായപ്പെടുന്നു. എന്നുമാത്രമല്ല, അതു ഇന്തുപ്പിനെ മാത്രമെ സംബന്ധിക്കയുള്ളു എന്നും ചിലർ പറയുന്നു. ശേഷം, ഉത്തരാന്തയേയുമുള്ളതു കൂട്ടേണമെന്നേ ഉള്ളു.

തൃതീയാ ഭാവിതം തേന ഭാഗം ശുഷ്കേണ ഭാവിതമ്
ദശമൂലകഷായേണ ത്രിവൃദ്ചൂർണ്ണം സംപ്രയോജയേൽ. 32
വിധാനം തത്ര നിർദ്ദിഷ്ടം ഫലാനാമഥ വക്ഷ്യതേ. 33
ഹരീതകീം ഫലാന്തർഗ്ഗതവിയുക്തം ദോഷവർജ്ജിതമ്
യോജ്യം ത്രിവൃദ്വിധാനേന സർവ്വവ്യാധിനിബർഹണമ്
രസായനം പരം മേധ്യം ദൃഷ്ടാന്തൈർവ്രണശോധനമ്. 34
ഹരീതകീ വിഡംഗാനി സൈന്ധവം നാഗരം ത്രിവൃൽ
മരിചാനി ച തത്സർവ്വം ഗോമൂത്രേണ വിരേചനമ്. 35
ഹരീതകീ ഭദ്രദാരു കൃഷ്ണം പൂഗഫലം തഥാ
സൈന്ധവം ശൃംഗവേരഞ്ച ഗോമൂത്രേണ വിരേചനമ്. 36
നിലിനീഫലചൂർണ്ണഞ്ച നാഗരാഭയയോസ്സമാ
ലിഹ്യാദ്ഗുഡേന സലിലം പശ്ചാദുഷ്ണം പിബേന്നരഃ. 37
പിപ്പല്യാദികഷായേണ പിബേൽ പിഷ്ടാം ഹരീതകീമ്
സൈന്ധവാവചിതാം സദ്യ ഏഷാ യോഗോ വിരേചയേൽ 38

കൊണ്ടുണ്ടാക്കാൻ പാഞ്ഞിട്ടുള്ളപ്രകാരം യോഗം ചേർത്തി ഉപയോഗിക്കാം. തൊലികൊണ്ടുള്ള വിരേചനയോഗം ഇങ്ങിനെയാകുന്നു. 32

കായകളെകൊണ്ടുള്ള വിരേചനയോഗങ്ങളെ പറയാം:—കടുക്കകടുക്കാത്തതു നോക്കിയെടുത്തു് കുരുകളഞ്ഞു ത്രികോൽപ്പകൊന്നകൊണ്ടു മുമ്പു പാഞ്ഞിട്ടുള്ളവിധത്തിൽ പലമാതിരിയോഗങ്ങളുണ്ടാക്കാം. ഇതു് പിത്തവിധം വ്യാധിക്കും നല്ലതാകുന്നു. ഇതു യൌവനത്തെ നിലനിർത്തുന്നതും ബുദ്ധി വർദ്ധിപ്പിക്കുന്നതും ശരീരത്തിനുള്ളിൽ ദൃഢിച്ചുണ്ടായിരിക്കുന്ന വ്രണത്തെ ശുദ്ധിവരുത്തുന്നതും ആകുന്നു. 33-34

കടുക്ക, വിഴാലരി, ഇന്തുപ്പു്, ചുക്കു്, ത്രികോൽപ്പകൊന്ന, കുരുള്ളകു് ഇവയെല്ലാം കൂട്ടിയൊന്നാക്കിപ്പൊടിച്ചു് ഗോമൂത്രത്തിൽ കലക്കി വയറിളക്കാൻ കൊടിക്കാം. 35

കടുക്ക, ദേവതാരം, കൊട്ടം, കാവുങ്ങിൻകുരു (അടക്ക), ഇന്തുപ്പു്, ചുക്കു് ഇവ പൊടിച്ചു ഗോമൂത്രത്തിൽ കലക്കി സേവിച്ചു വയറിളക്കാം.

അമരിയുടെ കായ, ചുക്കു്, കടുക്ക ഇവ പൊടിച്ചു വെല്ലം കൂട്ടി സേവിക്കയും മേലെ ചൂടുവെള്ളം കുടിക്കയും ചെയ്യണം. 37

പിപ്പല്യാദിഗണത്തിലുള്ള മരുന്നുകൾ കഷായംവെച്ചു് അതിൽ കടുക്കയരച്ചുകലക്കി അല്പം ഇന്തുപ്പും കൂട്ടി സേവിച്ചാൽ ഉടനെ നല്ല വണ്ണം വയറിളകും. 38

ഹരീതകീ ഭക്ഷ്യമാണാ നാഗരേണ ഗുഡേന വാ
സൈന്ധവോപഹിതാ വാപി സ്വാദുത്വാഗ്നിദീപനീ. 39
വാതാനുലോമനീ വൃഷ്യാ മേധ്യാ ചക്ഷുഷ്യ ഏവ ച പ്രസാദനീ
സന്തർപ്പണകൃതാൻ രോഗാൻ പ്രായശ ഹന്തി ഹരീതകീ. 40
ശീതമാമലകം രൂക്ഷം പിത്തമേദഃകഫാപഹം. 41
വിഭീതകമനുഷ്ണന്തു കഫപിത്തനിബർഹണം. 42
ത്രിണ്യപ്യുല്ലകഷായാണി സതിക്തമധുരാണി ച
ത്രിഫലാ സർവ്വരോഗഘ്നീ ത്രിഭാഗഘൃതമൂർച്ഛിതാ
വയസഃ സ്ഥാപനഞ്ചാപി കുര്യാൽ സതതസേവിതാ. 43
ഹരീതകീവിധാനേന ഫലാന്യേവം പ്രയോജയേൽ
വിരേചനാനി സർവ്വാണി വിശേഷാത്തുരംഗുലാൽ. 44

കടുക്കയെ പുഴുക്കൊട്ടകൂടിയെയാ വെല്ലംകൂട്ടിയെയാ ഇന്തുപ്പുകൂട്ടിയെയാ പതിവായി സേവിക്കുന്നതുകൊണ്ടു ജഠരാഗ്നിക്കു ബലമുണ്ടാകും. കടുക്ക വായുവിന്റെ ഗതിയെ നേരെയാക്കുന്നതും ശുക്ലത്തെ വർദ്ധിപ്പിക്കുന്നതും ഇന്ദ്രിയങ്ങൾക്കു തെളിവുണ്ടാക്കുന്നതും സന്തർപ്പണം (മധുരസാധനങ്ങളും മറ്റു പലഹാരങ്ങളും. സുഖമായി ഭക്ഷിച്ചു് ശീലിക്കുക) നിമിത്തം ഉണ്ടാകുന്ന (വെള്ളംരോഹം മുതലായ) ഉപദ്രവങ്ങളെ മിക്കതും നശിപ്പിക്കുന്നതും ആകുന്നു. 39-40

നെല്ലിക്ക ശീതവീര്യമാകുന്നു. അതിനു രൂക്ഷതയും പിത്തം, മേദസ്സ്, കഫം എന്നിവയെ ശമിപ്പിക്കാനുള്ള ശക്തിയുമുണ്ടു്. താണിക്ക ഉഷ്ണമല്ല; അതു കഫപിത്തത്തെയും പിത്തത്തെയും ശമിപ്പിക്കും. മേൽ പറഞ്ഞ മൂന്നു (കടുക്ക, നെല്ലിക്ക, താണിക്ക)ത്തും പുളിപ്പു്, ചവർപ്പു്, കയ്പു്, മധുരം എന്നീ രസങ്ങളാണുള്ളതു്. ഈ 'ത്രിഫല' പൊടിച്ചു മുക്കാലംശം നെയ്യിൽ കുഴച്ചു സേവിച്ചാൽ ഏതു രോഗത്തിനും നന്നു്. പതിവായി ശീലിച്ചാൽ യൌവനത്തെ നിലനിർത്തുന്നതാകുന്നു. 41-43.

കടുക്കകൊണ്ടു ചെയ്യാൻ പറഞ്ഞപ്രകാരം വിരേചനത്തിനുള്ള മറ്റു കായകളെക്കൊണ്ടും യോഗങ്ങളുണ്ടാക്കി ഉപയോഗിക്കാം. എന്നാൽ *വൻകൊന്നയുടെ കായ ഈ കൂട്ടത്തിൽ വെച്ചു. $വിശേഷമുള്ളതാണു്. 44

---

* ഈ ദിക്കിൽ ഇങ്ങിനെ കണിക്കൊന്നയെന്നു പേർ പറയുന്നു.

$: മൂലത്തിലെ "വിശേഷാൽ" പദത്തിനു് ഉത്തരശ്ലോകത്തിലെ "സിതാ" ശബ്ദത്തോടന്വയം കല്പിച്ചു് ചിലർ വ്യാഖ്യാനിച്ചിരിക്കുന്നു. തജ്ജമയിൽ "ഫലാനി" എന്നു പൂർവ്വപദത്തോടാണു് അന്വയം. മണലിൽ നനവു മുതലായ ദോഷങ്ങളുമുണ്ടാ

ഫലം കാലെ സംശുദ്ധ [illegible] നിധാതവ്യമാൽ
സച്ഛാഹമാതപേ തുല്യം തദാ [illegible] പ്രയോജനമുടുരൽ. 45
തൈലം ഗ്രാഹ്യം ജലപക്വതാ തിലവതാ പ്രപീഡ്യ ച
തസ്യാപേയാഗോ ബാലാനാം യാവദക്ഷ്ണി ദാദശ. 46
ലിഹ്യാദേരണ്ഡതൈലേന കുഷ്ഠം ശ്ലീപദികാന്വിതം
സുഖോദകേനാനുപിബേദക്ഷ്ണോ യോഗോ വിരേചയേൽ. 47
ത്രിഫലാതൈലം ത്രിഫലാകഷായേണ ഭിഷഗ്ഭണേന യു
ക്തം പീതം തഥാ ക്ഷീരരസാഭ്യാന്തു വിരേചയേൽ. 48

വൻകൊന്നയുടെ മൂത്ത കായ നല്ലകാലം നോക്കി പറിച്ചെടുത്ത മണലിൽ കുഴിച്ചിടണം. ഏഴുദിവസം കഴിഞ്ഞാൽ അതെടുത്ത് വെയിലത്തുണക്കി ഉള്ളിലെ മജ്ജയെ *വേറെ എടുത്ത് വെള്ളം കൂട്ടി വേവിച്ചു എണ്ണയെടുക്കണം. എള്ളെണ്ണയെടുക്കുന്ന മാതിരി ചക്കിലിട്ട് ആട്ടിച്ച് എണ്ണയെടുക്കുന്നതിനും വിരോധമില്ല. ഈ തൈലം പന്ത്രണ്ടുവയസ്സുവരെയുള്ള കുട്ടികൾക്കു വയറിളക്കാനായി നൽകാം. 45-46

കൊട്ടം, ചുക്ക്, മുളക്, തിപ്പലി എന്നിവ പൊടിച്ച് ആവണക്കെണ്ണയിൽ കലർത്തി നക്കുകയും മേലെ ചൂടുള്ളവെള്ളം കുടിക്കയും ചെയ്യുന്നു (വാതകഫങ്ങൾക്കു) വയറിളക്കുവാൻ നല്ലതാകുന്നു. 47

ആവണക്കെണ്ണയിൽ ഇരട്ടി ത്രിഫലക്ഷായത്തിലോ പാലിലോ അരസമോ കൂട്ടിക്കുടിച്ചാൽ വയറിളകും. ഈ യോഗം കുട്ടികൾക്കും വയസ്സന്മാർക്കും മൂർയേറാവക്കും ക്ഷീണിച്ചവർക്കും മൃദുശരീരക്കാർക്കും വയറിളക്കാൻ നന്നു്.

കാണ്ടയില്ലാത്തതുകൊണ്ടു് വിശേഷിച്ചും അവിൽ കഴിച്ചിട്ടുണ്ടാകണം നല്ലതെന്നാണു് ആദ്യത്തെ പക്ഷക്കാരുടെ അഭിപ്രായം. ഹരീതകി മുതലായ ഫലങ്ങളെക്കാൾ കൊന്നക്കായിനു വിശേഷമുണ്ടെന്നു പറയാതെ എന്നാണു് അവരുടെ ഭേദ്യം. പുനരാൽ വിരേചനക്രിയയിൽ കൊന്നക്കായ കടുക്കയെക്കാൾ വിശേഷമാണെന്നല്ല ഇവിടെ അഭിപ്രായം വിശേഷപദത്തിനു ഭേദമെന്നാണർത്ഥം. കടുക്ക മുതലായതിനു പറഞ്ഞിട്ടുള്ള യോഗക്രമത്തിൽനിന്നു് ഇതിനു ചില പ്രത്യേകഭേദങ്ങളുണ്ടെന്നമാത്രമാണു് താല്പര്യം. അതുകൊണ്ടു തജ്ജ്ഞയിൽ ഈ അന്വയം സ്വീകരിച്ചിരിക്കുന്നു.

* ഇതിനുള്ളിലെ മജ്ജയും കുരുവും മാറ്റിയിരിക്കുമല്ലോ എന്നു് ഇവിടെ ചേർത്തുകൊണ്ടാണു് കവിയുടെ ഉദ്ദേശ്യം എന്നു തോന്നുന്നു.

ബാലവൃദ്ധക്ഷതക്ഷീണസുകുമാരേഷു യോജിതമ്
ഫലാനാം വിഡിരുദ്ദിഷ്ടം ക്ഷീരാണാം ശൃണു സുശ്രുത! 49
വിരേചനാനാം തീക്ഷ്ണാനാം പയഃ സൌധം പരം മതമ്
അജ്ഞപ്രയുക്തം തദ്ധന്തി വിഷ്വവൽ കൃമ്വിഭ്രമാൽ. 50
വിജ്ഞാതാ പ്രയുക്തന്തു മഹാഗദമപി സഞ്ജയമ്
ഭിനത്ത്യാശേവ ദോഷാണാം രോഗാൻ ഹന്തി ച ദുസ്തരാൻ 51
മഹത്യഃ പഞ്ച മൂല്യാസ്തു ബൃഹത്യൌ ദ്വൌ കുശസ്തഥാ വൃഷകൌ
കഷ്ടായയഃ സമുദ്ദിഷ്ടാ തദ്ദോഷാനുരൂപതഃ പ്രശോഷ്ടമ്. 52
അമ്ലാദിഭിഃ പൂർവ്വവത്തു പ്രയോജ്യം കോലസമ്മിതമ്. 52

അല്പയോ സുശ്രുത! വയറിളക്കാനുള്ള കായകളുടെ യോഗക്രമങ്ങൾ മേൽപറഞ്ഞപ്രകാരമാകുന്നു. ഇനി വയറിളക്കാനുള്ള പാലുകളുടെ ക്രമങ്ങളെപ്പറ്റിപ്പറയാം.— 48-49

തീക്ഷ്ണങ്ങളായ വിരേചനദ്രവ്യങ്ങളിൽവെച്ചു *കള്ളിപ്പാലു് ഏറ്റവും പ്രധാനമാകുന്നു. വിവരമില്ലാത്തവർ കള്ളിപ്പാലിനെ ഉപയോഗിച്ചാൽ വിഷംപോലെ അതു മനുഷ്യരെ കൊന്നുകളയും. വിവരമുള്ള വൈദ്യൻ അതിനെ പ്രയോഗിച്ചാൽ അതു വയറ്റിനുള്ളിൽ വളരെ അധികമായി കൂടിനില്ക്കുന്ന ദോഷങ്ങളെ അതിവേഗത്തിൽ പുറത്തെക്കു തള്ളിക്കളകയും, മാറാൻ പ്രയാസമുള്ള രോഗങ്ങളെക്കൂടി നശിപ്പിക്കയും ചെയ്യും. 50-51

മഹൽപഞ്ചമൂലം, ചെറുവഴുതിനവേരു്, കണ്ടംകത്തിരിവേരു് ഈ മൂന്നുകൂട്ടം മരുന്നുകൾ വെവ്വേറെ കഷായംവെച്ചു് അതിൽ ഒന്നിനോടു സമമായി കള്ളിപ്പാലും കൂട്ടി മൂന്നു കഷായവും കലന്നു കനലിന്മേൽ ചെറുചൂടാക്കി അതു് ത്രികോൽപ്പടക്കാന്നപ്പൊടിയെപ്പോലെ പുഴിരസമുള്ള കാടി, തെൎവെള്ളം, കള്ളു് മുതലായതിൽ ഏതിലെങ്കിലും ഒന്നാകഴഞ്ഞു ചേൎത്തി വയറിളക്കാൻ കഴിക്കാം. 52

---

* മുള്ളുള്ള കള്ളിയുടെ പാലാണിവിടെ പറഞ്ഞതെന്നു തോന്നുന്നു.

† മൂലടീകയിൽ "കോല"പദത്തിനു് "ക്ഷുദ്രഫലം" എന്നു മല്ലനവ്യാഖ്യാനമുണ്ടു്. ഈ ഔഷധം ഏതൊരു രീതിയിലുപയോഗിക്കണമെന്നു നിശ്ചയിച്ചാൽതന്നെ അധികം വയറിളകുന്നതാണു്. ഇവിടെ പറഞ്ഞ പഴഞ്ചയറുതന്നെ അതു വിരിയുമാത്രയും പ്രയോഗിക്കുന്നതിനുപകരം ഉപയോഗിക്കാവുന്നതുമാണു്. കോലശബ്ദത്തിനു് ശാണപ്പയറെന്ന സാമാന്യമായ അൎത്ഥം കാണുന്നുമുണ്ടു്. മേൽപറഞ്ഞ പഴഞ്ചയറിനും ഈ പ്രയോഗരീതിക്കും ഇതുതന്നെയാണു് ഉചിതമായിരിക്കുന്നതു്. ഔഷധപ്രയോഗത്തിനു രണ്ടു രീതികളെപ്പറ്റിയിരി

മഹാവൃക്ഷപയഃപീതൈസ്തുവാഗ്ഭിഃ തേഷു
പീതാ വിരേചയത്യാശു ഗ്രഡേഃനാരൂ ൽ. 59
ലേഹോ വാ സാധിതഃ സമ്യക് സ്നുഹീക്ഷീ
ഭാവിതാസ്തു സ്നുഹീക്ഷീരേ പിപ്പല്യോ ലാവണ
ചൂർണ്ണം കാമ്പില്ലകം വാപി തൽ പീതം ഗ്രഡികം 60
സപ്തലാ ശംഖിനീ ദന്തീ ത്രിവൃദ്ദോരഗപദം ഗവാമ
മൂത്രേണാപ്ലാവ്യ സപ്താഹം സ്നുഹീക്ഷീരേ തതഃ പരം.

കള്ളിപ്പാലിലിട്ടുവെച്ച് കുടിപ്പിച്ചിട്ടുള്ള അരികാളകൊ, കിയ കഞ്ഞി കുടിച്ചാലുടനെ വയറിളകും.

കള്ളിപ്പാലിൽ ഭാവനചെയ്ത് ണെക്കിയെടുത്തിട്ടുള്ള ഗോതമ്പിന്റെ പൊടിയിൽ നെയ്യും പാലും വെല്ലവും മാവും കൂട്ടിയുണ്ടാക്കുന്ന പലഹാരവും, കള്ളിപ്പാലും പശുവിൻനെയ്യും പഞ്ചസാരയും (പശുവിൻപാലും) കൂട്ടിയുണ്ടാക്കുന്ന ലേഹ്യവും നല്ലവണ്ണം വിരേചനം വരുത്തുന്നതാകുന്നു.

കള്ളിപ്പാലിൽ ഭാവനചെയ്യിണക്കിപ്പൊടിച്ചിട്ടുള്ള തിപ്പലി, ഇന്തുപ്പുകൂട്ടി സേവിച്ചാൽ വയറിളകും.

കമ്പിപ്പാലപ്പൊടിയെ മേൽപ്രകാരം കള്ളിപ്പാലിൽ ഭാവനചെയ്യു ഗുളികയാക്കി സേവിച്ചാലും വയറിളകും. 58-54

ചമ്മലന്ത (മഞ്ഞപ്പാലുള്ള ചതുരക്കള്ളി), കീരിവള്ളി, നാകരാന്തി, തിരുകോൽപ്പച്ചെക്കൊന്ന, വൻകൊന്ന ഇവ പൊടിച്ച് ഏഴുദിവസം ഗോമൂത്രത്തിൽ ഭാവനചെയ്ത് ഉണക്കി ആ പൊടി വിതറിയ വൃക്ഷമാല *ആഖ്രാണിക്കയൊ അതു വിതറിയ വസ്ത്രത്തെ ധരിക്കുകയോ ചെയ്താൽ, മേൽപറഞ്ഞ പ്രയോഗത്തിൽ കഷായങ്ങളെല്ലാം കൂടി ഏഴു ഭാഗവും കള്ളിപ്പാൽ ഒരു ഭാഗവും കൂട്ടണമെന്നാണ് മല്ലനപക്ഷം. അപ്പോൾ "പിപ്പല്യാദിഗണ"മെന്നതും വിരോധമുണ്ടോ? എന്നാണെങ്കിൽ ശരി; കോലരാഷ്ടത്തിനും അപ്രസിദ്ധമായ ഈ അർത്ഥം പറവാൻവേണ്ടി മൂലത്തിൽ കള്ളിപ്പാലിന്റെ അളവു കുറച്ചിട്ട ഫലമെന്തു? ഹന്ത്യാദി പഞ്ചമൂല്യാ.....ഇത്യാദിവാക്യത്താൽ മൂന്നു കഷായമല്ലാതെ ഏഴുകൂട്ടം ഒന്നായി വെവ്വേറെ കഷായംവെക്കേണമെന്നു നിയമമില്ല; ഷഷ്ടിപ്രയോഗക്രമവും വകാരബഹുവചനവും "ഏകശേഷം പൃഥക്" എന്നതിന്റെ സാരവും നോക്കിയാൽ മൂന്നുകൂട്ടമായി ചേർക്കണമെന്നു തരമുള്ളൂ.

* "ആഘ്രായാവൃണ്വീത വാ" എന്നാണ് മൂലം ഇതിനു; വസ്ത്രത്തിൽ പൊതിഞ്ഞു വാസിക്കയെന്നു ഭാഷ്യകാരമതം. മല്ലനപക്ഷം, ആഘ്രായ എന്നതിന് ശിരസ്സിൽ ധരിക്കയെന്നും ആവൃണ്വീത എന്നതിന് വസ്ത്രം ധരിക്കയെന്നുമാകുന്നു.

ഗുന മാല്യം വസനമേവ ച
ഗമൃങ്മൃദുകോഷ്ഠോ വിരിച്യതേ. 55
ചാനാം വിധാതെനേ പരികീത്തിതെ
ഗ്രാഗാദീൻ യഥാവദുപയോജയേൽ. 56
ാ മിതാസ്ഥിസ്നുസ്ഥിസ്രുശ്ച ത്രിഫലാത ചേ
ാപിപ്പലീക്ഷാരശാണാസ്ഥിസ്രുശ്ച ചൂർണ്ണിതാ.
ാൽ സർപ്പിർമ്മാധുഭ്യാഞ്ച മോദകം വാ ഗ്രുഡേന വാ
ക്ഷയേന്നിഷ്ഠുരിഹാരമേതൽ ശ്രേഷ്ഠവിരേചനം. 57
ഗുല്മാൻ പ്ലീഹോദരം കാസം ഹലീമകമരോചകം
കഫവാതകൃതാംശ്ചാന്യാൻ വ്യാധീനേതദ്വ്യപോഹതി. 58
ഘൃതേഷു തൈലേഷു പയസ്സു ചാപി
മദ്യേഷു മൂത്രേഷു തഥാ രസേഷു;

യാൽ മൃദുകോഷ്ഠ (വേഗം വയറിളകുന്ന സ്വഭാവക്കാരൻ)നായവന്നു വേണ്ടപോലെ വയറിളകുന്നതാണു്. 55

ഇങ്ങിനെ വയറിളക്കാനുള്ള പാലു്, തൊലി, കായ, വേരു് എന്നിവയുടെ പ്രയോഗക്രമങ്ങളെ പറഞ്ഞുവെല്ലോ. രോഗത്തിന്റേയും രോഗിയുടേയും കാലദേശാദികളുടേയും അവസ്ഥാഭേദങ്ങൾക്കനുസരിച്ചു് അവയെ വേണ്ടപോലെ പ്രയോഗിച്ചുകൊള്ളണം. 56

ത്രികോൽപ്പക്കാന്നപ്പൊടി രണ്ടേകാൽ കഴഞ്ചു് (മൂന്നു ശാണം), ത്രിഫലത്തൊണ്ടു രണ്ടേകാൽ കഴഞ്ചു്, വിഴാലരി, തിപ്പലി, ചവക്കാരം ഇവ മുക്കാൽശ്ലോകഴഞ്ചു് ഒണക്കിപ്പൊടിച്ചു് രേണം നെയ്യും കൂട്ടികഴച്ചു നക്കുകയോ അരുതുകൊണ്ടു വെല്ലംകൂട്ടി പലഹാരമുണ്ടാക്കി കഴിക്കുകയോ ചെയ്യാൽ സുഖമായി വയറിളകും. ഇതിനു് ഒരു പഥ്യവും ഇല്ല. വയറിളക്കാൻ ഇതു ശ്രേഷ്ഠമാണു്. ഗുല്മങ്ങൾ, പ്ലീഹോദരം, കുമം, ഹലീമകം, അരോചകം എന്നീവ്യാധികളും കഫവാതജന്യങ്ങളായ മറ്റു രോഗങ്ങളും ഇതുകൊണ്ടു ശമിക്കും. 57-58

ബുദ്ധിമാനായ വൈദ്യൻ വിരേചനൌഷധങ്ങളെ നെയ്യു്, എണ്ണ, പാലു്, മദ്യം, മൂത്രം, മാംസരസം, പലഹാരം, അന്നം, ലേഹ്യം എന്നിങ്ങിനെയുള്ള അതാതു പദാർത്ഥങ്ങളിൽ കലർന്നാതു കൌഷധ

ഭക്ഷ്യാവലേഹ്യേഷു ച തേഷു തേഷു
വിരേചനാന്യഗ്രമതിർവ്വിദധ്യാൽ. 59

ക്ഷീരം രസഃ കല്ക്കമഥോ കഷായഃ
ശൃതശ്ച ശീതശ്ച തഥൈവ ഫാണ്ടഃ;
കല്പാഃ ഷഡേതേ ഖലു ഭേഷജാനാം
യഥോത്തരം തേ ലഘവഃ പ്രദിഷ്ടാഃ. 60

ഇതി സുശ്രുതസംഹിതായാം സൂത്രസ്ഥാനേ
വിരേചനദ്രവ്യവികല്പവിജ്ഞാനീയോ നാമ
ചതുശ്ചത്വാരിംശോഽധ്യായഃ.

പഞ്ചചത്വാരിംശോഽധ്യായഃ.

അഥാതോ ദ്രവദ്രവ്യവിധിമധ്യായം വ്യാഖ്യാസ്യാമഃ. 1

ങ്ങളെക്കൊണ്ടു നെയ്യുമുതലായതു പാകം ചെയ്യാ കൊടുത്തു വ്യയാ 59
ളക്കണം.

(വിരേചനത്തിന്നുള്ള) മരുന്നുകളെക്കൊണ്ടു താഴെ പായുന്ന ആ
റു തരത്തിൽ പ്രയോഗിക്കാം:— (1). ക്ഷീരം (പാലിൽ കഷായം
ചെയ്തു), (2). രസം (പിഴിഞ്ഞെടുത്ത ചാറു), (3). കല്ക്കം (അരച്ചുണ്ടാ
ക്കിയതു), (4). ശൃതകഷായം (മരുന്നിട്ടു കുറുക്കിയതു), (5). ശീതകഷാ
യം (തലേദിവസം വെള്ളത്തിൽ മരുന്നു പൊടിച്ചിട്ടു പിറേദിവസം
രാവിലെ പിഴിഞ്ഞരിച്ചെടുക്കുന്നതു), (6). * ഫാണ്ടം (ചൂടുവെള്ളത്തിൽ
പൊടിച്ചിട്ടതു) ഇവയിൽ ഒടുവിലൊടുവിൽ പറഞ്ഞതിന്നു ലഘുതരം 60
കൂടും.

ഇങ്ങിനെ സുശ്രുതസംഹിതയിൽ സൂത്രസ്ഥാനത്തിൽ
വിരേചനദ്രവ്യവികല്പവിജ്ഞാനീയമെന്ന
നാല്പത്തിനാലാമധ്യായം കഴിഞ്ഞു.

നാൽപ്പത്തഞ്ചാമധ്യായം.

ഇനി ദ്രവദ്രവ്യവിധി എന്ന (വെള്ളം പാൽ മുതലായവയുടെ ഭേ
ദങ്ങളും ഗുണങ്ങളും പറയുന്ന) അധ്യായത്തെ പാഠയാം:— 1

* സാധാരണ പൊടിച്ചുണ്ടാക്കിയ ഫാണ്ടമെന്നുമാത്രം മിലരിതിന്നർത്ഥം പ
റയുന്നു.

പാനീയമാന്തരീക്ഷമനിർദ്ദേശ്യരസമമൃതം ജീവനം തർപ്പണം ധാരണമാശ്വാസജനനം ശ്രമഘ്നം ക്ലമപിപാസാമദമൂർച്ഛാതന്ദ്രാനിദ്രോദ്ഗാഹപ്രശമനമേകാന്തതഃ പഥ്യതമഞ്ച. 2

തദേവാവനിപതിതമന്യതമം രസമുപലഭതേ സ്ഥാനവിശേഷാ

ജലവർഗ്ഗം.—അന്തരിക്ഷജല (ആകാശത്തിൽ നിന്നു വീഴുന്ന വെള്ളം)ത്തിന്റെ രസം ഇന്നതാണെന്നു നിർദ്ദേശിച്ചുപറയാവുന്നതല്ല. അതു് അമൃതുപോലെയുള്ളതാകുന്നു. അതു് * ജീവനെ ഉണ്ടാക്കുന്നതും തൃപ്തിയുണ്ടാക്കുന്നതും ശരീരത്തെ സ്വസ്ഥമായി വെച്ചുകൊണ്ടിരിക്കുന്നതും ആശ്വാസത്തെ ഉണ്ടാക്കിത്തീർക്കുന്നതും ശ്രമ (അധികം അധ്വാനിക്കയാലുള്ള ക്ഷീണം)ത്തെയും ക്ലമത്തെ (അല്പം അധ്വാനിക്കയാലുള്ള ക്ഷീണം)യും നശിപ്പിക്കുന്നതും വെള്ളംമോഹം, ലഹരി, മോഹാലസ്യം, മടി (തന്ദ്ര), ഒക്കം, ചൂട്ടനീർ മുതലായവയെ ശമിപ്പിക്കുന്നതുമാകുന്നു. ചുരുക്കത്തിൽ പറകയാണെങ്കിൽ മനുഷ്യശരീരത്തിനു ജലം അത്യന്തം ഹിതമായ ഒരു വസ്തുവാകുന്നു. 2

ആ ജലം തന്നെ ഭൂമിയിൽ വീണാൽ ആ ഭൂമിയുടെ സ്വഭാവഭേദത്തിനനുസരിച്ചു് മധുരാദിരസങ്ങളിൽ വെച്ചതെങ്കിലും ഒരു രസത്തെ ധരിക്കുന്നു. ഗംഗമുതലായ നദികൾ, സിന്ധു, ശോണം മുതലായ നദങ്ങൾ, സരസ്സു്, തടാകം, വാപി, കിണർ, കല്ലുകെട്ടിയ കിണർ (ചുണ്ടി), അരുവി (പ്രസ്രവണം), ഉറവു് (ഉദ്ഭേദം=മൽപ്പോട്ടെക്കു വെച്ചുള്ള പൊന്തിവരുന്ന സീതാകുണ്ഡം മുതലായ സ്ഥലം), ഊറൽ (മണലിൽ കുഴിച്ചുണ്ടാക്കുന്നതു്=പികിരം), കൃഷിസ്ഥലം (കേദാരം=കൃ

---

* മോഹാലസ്യം മുതലായതുണ്ടാവുന്ന സമയത്തിൽ ജീവശക്തിക്കു് തെളിവുണ്ടാകുന്നതെന്നു സാരം.

† കിഴക്കോട്ടൊഴുകുന്നതു നദിയും വടക്കോട്ടൊഴുകുന്നതു നദവുമാകുന്നു. ചുട്ടിഗവേദകൊണ്ടു പറയുന്ന പൊഴ നദവും സ്ത്രീലിംഗവാചകംകൊണ്ടു കാണിക്കുന്നതു നദിയുമാണെന്നും പക്ഷം. സരസ്സു്=കുഴി. തടാകം=അരാരിക്കോൽക്കു് 2000 കോൽ അളവുള്ള കുളം. വാപി=അരാരിക്കോൽക്കു് 16000 കോലളവുള്ളതു്. വാപിയും ദീർഘികയും ഒന്നുതന്നെയാണെന്നുള്ള ഭോഷ്യകാരവചനം "ജലാശയോത്സൃതത്വ"ത്തിനു് വിരുദ്ധമാകുന്നു. അതിൽ ദീർഘികക്കു് 1200 കോൽ അളവാണു് പറഞ്ഞിട്ടുള്ളതു്.

§ "ചുണ്ടി" കെട്ടാത്തകിണറാണെന്നും "കൂപം" കിഴക്കൻ പ്രദേശങ്ങളിൽ കാണുന്ന മുതിരിയിലുള്ള മൺപടവുള്ള കിണറാണെന്നും ഭല്ലടപക്ഷം.

ന്നദീനദസരസൂടാകവാപിക്ലപചുണ്ടീപ്രസ്രവണാദ്ഭിദവിദികിരകേദാര പലചലാദിഷു സ്ഥാനഷ്വവസ്ഥിതമിതി. 3

തത്ര ലോഹിതകപിലപാണ്ഡുപീതനീലശ്യാമകൃഷ്ണപാവനിപ്രദേശേഷു മധുരാമ്ലലവണകടുതിക്തകഷായാണി യഥാസംഖ്യമുദകാനി സംഭവന്തീത്യേകേ ഭാഷന്തേ, തന്ന സമ്യക്. തത്ര പൃഥിവ്യാദീനാമന്യോന്യാനുപ്രവേശകൃതഃ സഖിലരസോ ഭവത്യുൽകഷ്വാപകർഷേണ. തത്ര സപൃഥ്വഗ്നിഭൂയിഷ്ഠായാം ഭൂമാവമ്ലം ലവണഞ്ച. അംബുപൃഥ്വഗ്നിഭൂയിഷ്ഠായാം മധുരമ്. തേജോപൃഥ്വഗ്നിഭൂയിഷ്ഠായാം കടുകം തിക്തഞ്ച. വായുപൃഥ്വഗ്നിഭൂയിഷ്ഠായാം കഷായഞ്ച. ആകാശപൃഥ്വഗ്നിഭൂയിഷ്ഠായാ മവ്യക്തരസമവ്യക്തം

ണ്ടം), പൊട്ടക്കുഴി (പലചലം) മുതലായവയാകുന്ന ജലത്തിന്റെ സ്ഥാനങ്ങൾ ഈ സ്ഥാനങ്ങളിലുള്ള മണ്ണിന്റെ സ്വഭാവത്തെ അനുസരിച്ചിരിക്കും ജലത്തിന്റെ രസം. 3

അവിടെ ചുവന്ന മണ്ണായിരുന്നാൽ വെള്ളം മധുരവും തവിട്ടുനിറമുള്ള മണ്ണിലെ വെള്ളം അമ്ലരസവും പാണ്ഡുവർണ്ണമായ മണ്ണിലെ ജലം ലവണരസവും മഞ്ഞനിറത്തിലുള്ള ഭൂമിയിലുത്തെ വെള്ളം കടുരസവും നീലനിറത്തിലുള്ള മണ്ണിലെ വെള്ളം കഷായരസവും വെളുത്ത മണ്ണിലെ വെള്ളം ചവർപ്പുരസവും ആയിരിക്കുമെന്നു ചിലർ പറയുന്നു. അതു ശരിയായ അഭിപ്രായമല്ല; വെള്ളം നിലക്കുന്ന സ്ഥലത്തു പഞ്ചഭൂതങ്ങളിൽ വെച്ചു് ഏതു ഭൂതത്തിന്റെ അംശം അധികമായിട്ടുണ്ടാകുന്നുവോ ആ ഭൂതത്തിന്റെ രസമാണു് അവിടെയുള്ള വെള്ളത്തിൽ ഉണ്ടാകുന്നതു്. ഭൂമി എന്നുള്ള ആദ്യത്തെ ഭൂതത്തിന്റെ ഗുണങ്ങളധികമുള്ള മണ്ണിലുള്ള വെള്ളത്തിനു പുളിരസവും * ഉപ്പുരസവും ഉണ്ടായിരിക്കും. ജലഭൂതത്തിന്റെ ഗുണമധികമുള്ള മണ്ണിൽ വെള്ളം മധുരമായിരിക്കും. അഗ്നിഗുണമധികമുള്ള ഭൂമിയിലെ വെള്ളം എരുവും കയ്പുള്ളതായിക്കാണാം. വായുവിന്റെ ഗുണമധികം മണ്ണിലുണ്ടെങ്കിൽ വെള്ളം ചവർപ്പായിരിക്കും. ആകാശത്തിന്റെ ഗുണമാണു് മണ്ണിലധികമുള്ളതെന്നു വരികിൽ അവിടുത്തെ വെള്ളത്തിനു വ്യക്തമായി ഒരു രസവും കാണു

---

* രസവിജ്ഞാനീയത്തിൽ ഭൂമിയുടെയും ജലത്തിന്റെയും ഗുണം അധികമായാൽ മധുരരസമെന്നു കാണിച്ചിട്ടുള്ളതു് സാമാന്യവിധിയാകുന്നു. വെള്ളത്തിന്റെ ഗുണനിരൂപണമായ ഈ പ്രകരണത്തിൽ ഇങ്ങിനെ പറഞ്ഞിട്ടുള്ളതു് ഒരു വിശേഷവിധിയാകയാൽ പ്രസ്തുതവിരോധശങ്കയ്ക്കവകാശമില്ല.

ഹ്യാകാശമിത്യതസ്തൽ പ്രധാനമവ്യക്തരസത്വാൽ; തൽ പേയമാന്തരീ
ക്ഷാലാദേ. 4

തത്രാന്തരീക്ഷം ചതുർവ്വിധം. തദ്യഥാ—ധാരം, കാരം, തൌഷാരം, ഹൈമമിതി. തേഷാം ധാരം പ്രധാനം ലഘുത്വാൽ. തൽ പുനർദ്വിവിധം ഗാംഗം സാമുദ്രഞ്ചേതി. തത്ര ഗാംഗമാശ്വയുജേ മാസി പ്രായശോ വർഷതി. തയോർദ്വയോരപിപരീക്ഷണം കുർവ്വീത. ശാല്യോദനപിണ്ഡമകൃഥിതമവിഭദ്ധം രജതഭാജനാപഹിതം വർഷതി ദേവേ ബഹിഷ്കുർവ്വീത, സ യദി മുഹൂർത്തം സ്ഥിതസ്യാദൃശ ഏവ ഭവതി തദാ ഗാംഗം പതതീത്യവഗന്തവ്യമ്; വർണ്ണാന്യത്വേ സിക്ഥക്ലേദേ ച സാമുദ്രമിതി വിദ്യാൽ, തന്നോപാദേയമ്. സാമുദ്രമപ്യാശ്വയുജേ മാസി ഗൃഹീ

കയില്ല. ആകാശം അവ്യക്തമായ ഒരു ഭൂതമാണെന്നില്ലാ. ആദ്യം പറഞ്ഞതായ അന്തരീക്ഷജലംപോലെ ആകാശഗുണമധികമുള്ള ഭൂമിയിലെ അവ്യക്തരസമായ ജലം പ്രധാനമായ ഒന്നാകയാൽ അന്തരീക്ഷജലം കിട്ടാതെ വന്നാൽ ഈ ജലം കുടിക്കുന്നതിന്നു വിരോധമില്ല. 4

അന്തരിക്ഷജലത്തെ മഴവെള്ളമെന്നും കൽമാരിവെള്ളമെന്നും മഴത്തുള്ളിവെള്ളമെന്നും മഞ്ഞുകട്ടിവെള്ളം എന്നും നാലായി ഭാഗിച്ചിരിക്കുന്നു. അവയിൽ വെച്ചു മഴവെള്ളമാണ് പ്രധാനം. കാരണം, മഴവെള്ളം മറ്റവയെക്കാൾ ലഘുത്വമുള്ളതാണ്. ആ മഴവെള്ളം തന്നെ ഗാംഗമെന്നും (ഗംഗയിൽ നിന്നു മേഘങ്ങൾ കവർന്നു പൊങ്ങി പെയ്യുന്നത്) സാമുദ്രമെന്നും (സമുദ്രത്തിൽനിന്നു കവർപൊങ്ങിപ്പെയ്യുന്നത്) രണ്ടുവിധമുണ്ട്. മിക്കതും ആശ്വയുജമാസത്തിലാണ് ഗാംഗജലം വർഷിക്കുന്നത്. മഴവെള്ളത്തെ ഗാംഗമോ സാമുദ്രമോ എന്നു പരീക്ഷിച്ചറിയേണ്ടതാണ്. വെന്തു നലഞ്ഞിട്ടില്ലാത്തതും നല്ല നിറമുള്ളതുമായ ശാലിയരിച്ചോറ് ഒരു വെള്ളിപ്പാത്രത്തിലാക്കി മഴ പെയ്യുന്ന സമയത്തു പുറത്തെടുത്തു വെക്കണം. ഒരു മുഹൂർത്തനേരം അങ്ങിനെ മഴയത്തു വെച്ചാൽ ആ ചോറ് ഒരു ഭേദഗതിയുമില്ലാതെ അങ്ങിനെ തന്നെ ഇരിക്കുന്നുവെങ്കിൽ അപ്പോഴത്തെ ആ മഴ ഗാംഗവർഷമാണെന്നറിയണം. ആ ചോറ് നിറം മാറുകയോ അതിൽനിന്നു കഞ്ഞിപോലെ ഒരു കൊഴത്ത വെള്ളമുണ്ടായിക്കാണുകയോ അതു നലഞ്ഞിരിക്കയോ ചെയ്തുകണ്ടാൽ ആ മഴ സാമുദ്രവർഷമാണെന്നാണിഞ്ഞുകൊള്ളണം. ആ

ത്തം ഗാഗവട്ടിവതി. ഗംഗാ ചൃനു പ്രധാനം, തദ്ദിവാഭാതീതാശേഷ ജ്ഞമാസി ശുചിരിഷ്ടുവ തരപാനകാലേച്ചുമഥവാ ഹമ്പ്രതലപരി ഷ്ടുമനെന്നുവ്വു ശുചിദിവ്യജനെന്നുഹിതം സെവവേണ്ടുന്നു രാജത കുമ്മടയ വാ പാത്രേ നിധ്യാൽ, തൽ സുവ്വാലപുപയുഞ്ജീത. തസ്യലാഭേ ഒഭയ മമ്. തച്ചാകാശഗ്രഹണബാഹുല്യമ്. തൽ പുനഃ സുപ്തവിധമ്. തദ്യഥാ— കൌപം നാദേയം സാരസം താഡാകം പ്രാസ്രവണമൌദ്ഭിദം ചൌണ്ഡ്യ മിതി. തത്ര വർഷാസ്വാതരിക്ഷമൌദ്ഭിദം വാ സേവേത മഹാഗ്രഹണ സാദ്ധ്യജലത്തെ പിടിക്കുകയും ചെയ്യുന്നു. പുനാൽ സാധ്യജലമായാലും *ആശ്വയുജമാസത്തിൽ പിടിച്ചുവെച്ചിരുന്നാൽ ഗാംഗജലത്തോടു തുല്യഗുണമുള്ളതായിരിക്കും. എങ്കിലും ഗാംഗജലമാണ് പ്രധാനമായിട്ടുള്ളത്. അതിനെ ആശ്വയുജമാസത്തിൽ സമ്പാദിച്ചു വെക്കണം.

ശുചിയുള്ളതും വെള്ളത്തുമായ ഒരു നല്ല വസ്ത്രത്തെ ഒരു താനം സ്ഥലത്തു വിടത്തി കെട്ടിത്തൂക്കണം. ആ വസ്ത്രത്തിൽ മഴവെള്ളം തട്ടിനനഞ്ഞാൽ കീഴ്പോട്ടു ഒറാവിഴും. ആ വെള്ളത്തെ നല്ല പാത്രത്തിലാക്കിപ്പിടിച്ചു് സപ്പുകൊണ്ടോ വെള്ളികൊണ്ടോ മണ്ണുകൊണ്ടോ ഉണ്ടാക്കിയ പാത്രത്തിലൊഴിച്ചു് സൂക്ഷിച്ചുവെക്കണം. നല്ല തുപ്പായിട്ടുള്ള വെൺമാടങ്ങളിൽ മഴവെള്ളം വീണു് കുഴൽവഴിക്കോ മറ്റോ കീഴ്പോട്ടൊഴുകുന്ന സമയത്തു നല്ല പാത്രത്തിൽ അതു പിടിച്ചു മേൽപ്രകാരം സൂക്ഷിക്കുകയും ചെയ്യാം. അങ്ങിനെ സൂക്ഷിച്ചിട്ടുള്ള ഗംഗാജലത്തെ രണ്ടുകാലത്തും ഉപയോഗിക്കാം. പിന്നാൽ ഒരു സമയം അതു് അപ്രകാരം കിട്ടാതെ പോയാൽ മണ്ണിൽ വീണിട്ടുള്ള ജലത്തെത്തന്നെ പിടിക്കുന്നതിനു വിരോധമില്ല. പുനാൽ അങ്ങിനെ പിടിക്കുന്ന വെള്ളം ആ കാശഗ്രഹത്തിന്റെ രണ്ടംശം അധികമുള്ള ഭൂമിയിലെത്തരമായിരിക്കുന്നു. ഈ ജലം പിഴപ്രകാരം ഭാഗിക്കപ്പെട്ടിരിക്കുന്നു.

(1) കൌപം (കിണറുവെള്ളം), (2) നാദേയം (പുഴവെള്ളം), (3) സാരസം (കുഴിവെള്ളം), (4) താഡാകം (കുളത്തിലെ വെള്ളം), (5) പ്രാസ്രവണം (അരുവിയാറിലെ വെള്ളം), (6) ഔദ്ഭിദം (ഓരുവെ

* തുലാമാസത്തിലെ ചതുർത്ഥി പക്ഷം പ്രഥമാരംഭിച്ചു തുലാത്തിലെ കറുത്ത പക്ഷം വരെയുള്ള 30 ദിവസം.

* B - പ്രാസ്രവണജലത്തെ കാട്ടരുവെള്ളമെന്നു നവീനപക്ഷം.

ത്വാൽ, ശരദി സവ്വം പ്രസന്നത്വാൽ, ഹേമന്തേ സാരസം താഡാകം വാ, വസന്തേ കൌപം പ്രാസ്രവണം വാ, ഗ്രീഷ്മേഷ്വപ്യേവം, പ്രാവൃഷി പൌണ്ഡ്യമനവമനഭിവൃഷ്ടം സവ്വദേതി. 5

(പ). കീടമൂത്രപുരീഷാണ്ഡശവകോഥപ്രദൂഷിതമ്
തൃണപർണ്ണാൽകരയുതം കലുഷം വിഷസംയുതമ്.

ള്ളം), (7) പൌണ്ഡ്യം (കല്ലുകെട്ടിയ കിണാറിലെ വെള്ളം) എന്നിങ്ങിനെ ഏഴുപ്രകാരത്തിലുള്ള വെള്ളങ്ങളിൽവെച്ച് *വഷ്കാലത്തിൽ അകത്തകട കഴിക്കേണ്ടത് ആന്തരീക്ഷജലമോ ഔദ്ഭിദജലമോ ആകുന്നു. കാരണം, അവയ്ക്കാണ് ആ കാലത്തു് അധികഗുണമുള്ളതു്. ശരൽകാലത്തിൽ മേൽപ്പറഞ്ഞ സവ്വജലങ്ങളും തെളിഞ്ഞിരിക്കും. അതുകൊണ്ട് അടുപ്പാൽ ഫിൽട്രുചെയ്താണെങ്കിലും ഉപയോഗിക്കാം. ഹേമന്തകാലത്തിൽ സരസ്സിലേയോ തടാകത്തിലേയോ വെള്ളമാണ് ഉപയോഗിക്കേണ്ടതു്. വസന്തത്തിൽ കൂപജലമോ പ്രാസ്രവണജലമോ ഉപയോഗിക്കാം. ഗ്രീഷ്മകാലത്തിലും അതുതന്നെ മതി. പ്രാവൃഡ്കാലത്തിങ്കൽ പൌണ്ഡ്യജലം ഉപയോഗിക്കണം. എന്നാൽ പ്രാവൃഡ്കാലത്തിൽ ഏതുവെള്ളവും വിരോധമില്ല. പുതുവെള്ളമായിരിക്കയും മഴതട്ടി കലങ്ങിമറിഞ്ഞതായിരിക്കുകയും അരുതെന്നു മാത്രമേ ഉള്ളു. 5

"തേള് മുതലായ വിഷക്രിമികളോടു കൂടിയതും മലമൂത്രങ്ങൾ കലർന്നുകിടക്കുന്നതും പ്രാണികളുടെ മുട്ടകളോടുകൂടിയിരിക്കുന്നതും ജന്തുക്കൾ ചത്തുവീണളിഞ്ഞു കിടക്കുന്നതും പുല്ലുകൾ മുളച്ചും ഇലകളും ചുവകളും കലർന്നും ജീർണ്ണിക്കുന്നതും കലങ്ങിയിരിക്കുന്നതും വല്ല പ്രകാരത്തിലും വിഷങ്ങൾ ചേർന്നിരിക്കുന്നതും ആയ വെള്ളത്തിൽ §വഷ്കാലത്തു

* ഇവിടെ വഷ്കാലമെന്ന പാഠത്തെ ചിലർ ഗ്രീഷ്മത്തിലും ശരത്തിലും അന്തരീക്ഷജലവും കൌദ്ഭിദജലവും എടുക്കാമെന്നു പറയുന്നുണ്ടു്. എന്നാൽ ഗ്രീഷ്മത്തിൽ അന്തരീക്ഷജലത്തിൽ വെള്ളിടിപ്പുകഷ്ടി എട്ടുകാലി മുതലായ അകാശചാരികളുടെ വിഷാംശം സ്പർശമുണ്ടാകാനിടയുള്ളതുകൊണ്ടും ശരത്കാലത്തിൽ കൌദ്ഭിദജലത്തിനും അതുപോലെ പ്രമാണമുണ്ടു്. ഗ്രീഷ്മത്തിൽ അകാശഗുണമുള്ള ഭൂമിയിൽ വീണ്ടുകിടക്കുന്നതും അന്തരീക്ഷതുല്യവുമായ വെള്ളപ്പൊട്ടകളുടെ വെള്ളം ഉപയോഗിക്കുന്നതിനു പാടില്ലെന്നും പറഞ്ഞുകാണുന്നു. ഒരുപോലെയാണു് ഈ പ്രകൃതത്തിൽ വഷ്കാലമെന്നു മേലെപറഞ്ഞതിനും അശ്രദ്ധയുജമായതെന്ന അർത്ഥം വിചാരിച്ചുകൂടാ (ഡല്ലനൻ).

§ ഇവിടെ വഷ്കാലമെന്നു പറഞ്ഞതിൽ പ്രാവൃഡ്കാലവും ഉൾപ്പെട്ടതാണു്. അതിൽ അശ്രദ്ധയുജം ചേർത്താവുന്നതുമല്ല. അടുപ്പാൽ അരിക്കുകയും ശ്രാവണവും ഭാദ്രപദവും ഇവിടെ ഗ്രഹിക്കേണമെന്നു ചിലർ.

യോവഗാഢേത വഷ്ടാസു പിബേദപ്യാപി നവം ജലമ്

സ ബാഹ്യാഭ്യന്തരാൻ രോഗാൻ പ്രാപ്നുയാൽ ക്ഷിപ്രമേവ തു. 6

(ഗ). തത്ര യൽ ശൈവാലപങ്കഹഠതൃണപദ്മപത്രപ്രഭൃതിഭിരവച്ഛന്നം ശശിസൂര്യകിരണാനിലൈരാഭിജുഷ്ടം ഗന്ധവർണ്ണരസോപസൃഷ്ടഞ്ച തദ്വ്യാപന്നമിതി വിദ്യാൽ. 7

തസ്യ സ്പർശരൂപരസഗന്ധവീര്യവിപാകദോഷാഃ ഷട് സംഭവന്തി. 8

തത്ര ഖരതാ ശൈത്യമൗഷ്ണ്യം നേത്യുച്യതേ ച സ്പർശദോഷാഃ. പങ്കസികതാശൈവാലബഹ്വവർണ്ണതാ രൂപദോഷാഃ. വ്യക്തരസതാ രസദോഷാഃ. അനിഷ്ടഗന്ധതാ ഗന്ധദോഷാഃ. യദുപയുക്തം തൃഷ്ണാ

ഏവൻ കുളിക്കുകയോ ആ പുതുവെള്ളത്തെ കുടിക്കുകയോ ചെയ്യുന്നുവോ അവനു വേഗത്തിൽ ബാഹ്യങ്ങളായ (രൂപദോഷാദി) രോഗങ്ങളും ആന്തരങ്ങളായ (സ്പർശാദി) രോഗങ്ങളും *ഉണ്ടാകും". 6

ചണ്ടി, ചേറ്, കള (¶ഹാം), പുല്ല്, താമരയില മുതലായ പദാർത്ഥങ്ങൾ വ്യാപിച്ചുകിടക്കുന്നതും ചന്ദ്രരശ്മിയും സൂര്യരശ്മിയും കാറ്റും തട്ടാതെ കിടക്കുന്നതും ഒരു വിപരീതമായ $ഗന്ധവും വർണ്ണവും രസവുമുള്ളതുമായ വെള്ളത്തെ ദുഷിച്ചതാണെന്നറിയണം. 7

വെള്ളത്തിന്റെ സ്പർശത്തിലും സ്വരൂപത്തിലും ഗന്ധത്തിലും രസത്തിലും വീര്യത്തിലും വിപാകത്തിലും ഇങ്ങിനെ ആറുവിധത്തിൽ ദോഷങ്ങളുണ്ടാകും. 8

അവയിൽ വെച്ച് പരുപരുപ്പ്, വഴുപ്പ്, ചൂട്, പല്ല കോച്ചുന്ന വിധത്തിലുള്ള തണുപ്പ് എന്നിവ വെള്ളത്തിങ്കൽ തൊട്ടാലറിയാവുന്ന (സ്പർശ)ദോഷങ്ങളാകുന്നു. ചളികളും മണലും ചണ്ടിയും പലമാതിരിയിലുള്ള നിറവുമുണ്ടാകുന്നതിനെ വെള്ളത്തിൽ കണ്ടറിയാവുന്ന (രൂപ) ദോഷങ്ങളാണെന്നു പറയാം. വെള്ളം വായിലൊഴിച്ചാൽ വിട്ടെങ്കിലും ഒരു രസം വ്യക്തമായി കാണുന്നുണ്ടെങ്കിൽ അതിനെ വെള്ളത്തി

---

* കുടിച്ചാലുകണ്ണും കുളിച്ചാൽ പുറത്തും രോഗമുണ്ടാകും.

¶ മണ്ണിൽ വേരുന്നാതെ വെള്ളത്തിൽ വളരുന്ന ഒരു ജാതി തൃണമെന്നു വ്യാഖ്യാനമുണ്ട്.

$ ഓരോ ഭൂതങ്ങളുടേയും ഗുണങ്ങളുള്ള മണ്ണിൽ പ്രത്യേകം ഗന്ധവർണ്ണാദികൾ പറഞ്ഞിട്ടുണ്ടല്ലൊ. അഗ്നിന്റെ വിപരീതമായിക്കണ്ടാൽ നന്നല്ലെന്നു താൽപര്യമാകുന്നു.

ഗൌരവാല്ലഘുകഥാപ്രസേകാനാപാദയതി സ വീര്യദോഷഃ. യദുപയുക്തം ചിരാദ്വിപച്യതേ വിഷ്ടഭ്നാതി വാ സ വിപാകദോഷ ഇതി. ത ഏതേ ആന്തരീക്ഷേ ന സന്തി. 9

വ്യാപന്നാനാമഗ്നികർമ്മനം സൂര്യാതപപ്രതാപനം തപ്തായഃപിണ്ഡസികതാലോഷ്ടാനാം വാ നിർവ്വാപണം പ്രസാദനഞ്ച കർത്തവ്യം, നാഗപുന്നാഗകോൽപലപാടലാപുഷ്പപ്രഭൃതിഭിർഗ്ഗന്ധാധിവാസനമിതി. 10

(പ). സൌവർണ്ണേ രാജതേ താമ്രേ കാംസ്യേ മണിമയേ തഥാ
പുഷ്പാവതംസം ഭൌമേ വാ സുഗന്ധി സലിലം പിബേൽ.
വ്യാപന്നം വർജ്ജയേന്നിത്യം തോയം യദ്ധ്യാപ്യനാർത്തവം
ദോഷസഞ്ജനനം ഹ്യേതന്നാദദീതാഹിതന്തു തൽ.

ന്റെ രസദോഷമാണെന്നു തീർച്ചയാക്കാം. ഘ്രാണിച്ചുനോക്കുമ്പോൾ അപ്രിയം ജനിപ്പിക്കുന്നതു വെള്ളത്തിന്റെ ഗന്ധദോഷമാകുന്നു. വെള്ളത്തെ അകത്തേക്കു സേവിച്ചാൽ ദാഹവും ഹേതുവിന്നു ഘ്നനവും കൃത്തിനോവും വായിൽനിന്നു വെള്ളംവരവും ഉണ്ടാകുന്നുവെങ്കിൽ ആ വെള്ളത്തിൽ വീര്യദോഷമാണുള്ളതു്. കുടിച്ചാൽ ദഹിക്കുന്നതിന്നു് അധികതാമസം വരികയോ വിഷ്ടംഭമുണ്ടാക്കുകയോ ചെയ്യുന്നുവെന്നു വന്നാൽ അതു വെള്ളത്തിന്റെ വിപാകദോഷമാകുന്നു. ഈ പറഞ്ഞ ദോഷങ്ങളൊന്നും ആന്തരീക്ഷജലത്തിങ്കലില്ല. 9

മേൽപറഞ്ഞപ്രകാരം ദുഷിച്ച വെള്ളത്തെ ഉപയോഗിക്കാനിടവന്നാൽ അടുപ്പത്തുവെച്ചു തിളപ്പിക്കയോ (ഇതു് അധികദോഷമുണ്ടെങ്കിലാണു്) വെയിലത്തുവെച്ചു ചൂടുപിടിപ്പിക്കയോ (ഇതു ദോഷം കുറച്ചേ ഉള്ളുവെങ്കിൽ ചെയ്യണ്ടതാണു്) ഇരിമ്പുകഷണമോ മണലോ കല്ലോ പഴുപ്പിച്ചു വെള്ളത്തിൽ മുക്കുകയോ (ദോഷം മധ്യമമാണെങ്കിലിത്രമതി) ചെയ്യുക, വെള്ളത്തെ തെളിയിക്കണം. വെള്ളത്തിലുള്ള ഗന്ധദോഷം തീരേണ്ടതിന്നു് നാഗപ്പൂ, ചമ്പകപ്പൂ, കരിങ്കുവലയപ്പൂവു്, പാതിരിപ്പൂവു് മുതലായ സുഗന്ധമുള്ള പുഷ്പങ്ങളിട്ടു വാസന പിടിപ്പിക്കണം. ()

"വെള്ളം കുടിക്കാനെടുക്കുന്ന പാത്രം സ്വർണ്ണംകൊണ്ടോ വെള്ളികൊണ്ടോ ചെമ്പുകൊണ്ടോ ഓട്ടുകൊണ്ടോ രത്നംകൊണ്ടോ മണ്ണുകൊണ്ടോ ഉണ്ടാക്കിയതായിരിക്കണം. കുടിക്കാനുള്ള വെള്ളത്തിൽ പുഷ്പങ്ങളേക്കൊണ്ടു വാസന പിടിപ്പിച്ചിരിക്കയും വേണം. മുകളിൽ പറഞ്ഞ

വ്യാപന്നം സലിലം യസ്തു പിബതീഹാപ്രസാധിതമ്
ശ്വയഥും പാണ്ഡുരോഗഞ്ച തപ്രദ്വോഷമവിപാകതാമ്.
ശ്വാസകാസപ്രതിശ്യായശ്ലീപദഹ്ലോദരാണി ച
അന്യാൻ വാ വിഷമാൻ രോഗാൻ പ്രാപ്നുയാൽ ക്ഷിപ്രമേവ ച. ()

(ഗ). തത്ര സപ്ത കലുഷസ്യ പ്രസാദനാനി ഭവന്തി. തദ്യഥാ— കതകഗോമേദകബിസഗ്രന്ഥിശൈവാലമൂലവസ്ത്രാണി മുക്താമണിശ്ച

ദോഷങ്ങളുള്ള വെള്ളത്തെയും അകാലത്തിൽ വഷ്ിച്ചുണ്ടാകുന്ന വെള്ള ത്തെയും സാധാരണയായി ഉപയോഗിച്ചുകൂടാ. ഈ മാതിരി ജലം ദോ ഷങ്ങളെ ഉണ്ടാക്കുന്നവയാകയാൽ ദേഹത്തിന്ന് ഉചിതമല്ല. ദുഷിച്ച വെള്ളത്തെ മേൽപറഞ്ഞപ്രകാരം ശുദ്ധിയാന്നും വരുത്താതെ വി തൊരുത്തൻ കുടിക്കുന്നുവോ അവന്ന ദേഹത്തിൽ വീക്കം, പാണ്ഡുരോ ഗം, തപ്രദ്വോഷം, ദഹനമില്ലായ്മ, ശ്വാസം, കാസം, പീനസം, വയ റ്റിൽ കുത്ത്, ഗുല്മം, മഹോദരം എന്നിവയും വിഷമങ്ങളായ വേറെ പല രോഗങ്ങളും ഉണ്ടാകുന്നതാണ്". 11

കലങ്ങിയ വെള്ളത്തെ തെളിയിക്കുന്നതിന്നുള്ള മാർഗ്ഗങ്ങൾ ഏഴു പ്രകാരത്തിലാകുന്നു. (1) തേറാംകുരു, (2) *ഗോമേദകം, (3) താമര വളയം, (4) കരുങ്ങുണ്ടിവേര്, (5) വസ്ത്രം, (6) മുത്ത്, (7) സ്ഫടികം മു തലായ രത്നങ്ങൾ.

വെള്ളം ആക്കിയ പാത്രത്തെ എടുത്തു സൂക്ഷിച്ചുവെക്കുന്നതു് അഞ്ചു സാധനങ്ങളിലാവാം. (1) നാൽക്കോണത്തിലുള്ള പീഠം, (2) §എട്ടുകോണിലുള്ള പീഠം (ത്രൃഷ്ടകം, Octagonal wooden torpid), (3) മുഞ്ഞപ്പുല്ലുകൊണ്ടു വളയുടെ ആകൃതിയിലുണ്ടാക്കിയതു് (തെരുക്ക്"), (4) $ഉദകമഞ്ചിക, (5) ‡ഉറി.

---

* ഇതു "മുക്കോലി"യെന്നു പറയുന്ന ദ്രവ്യമാണു് എന്നു ചിലർ പറയുന്നു. ഇതിന്നു പാക്കല്ലു് പാക്കരട്ട എന്നു ഭാഷാപേരുകളുണ്ടു്. ഇതു വെള്ളം തെളിയിക്കുന്ന ദ്രവ്യത്തെന്നേ. ഗോമേദകമെന്നു പ്രസിദ്ധമായ രത്നമാണിവിടെ പറഞ്ഞതെന്നതുതന്നെയാണു് ഉത്തമസിദ്ധാന്തം. ചിലർ ലവംഗപ്പൂവാണിതെന്നും പറയുന്നു.

§ മൂന്നു വടികൾ കൂട്ടിക്കെട്ടിയുണ്ടാക്കുന്ന പീഠമെന്നു ഭാഷ്യകാരമതം.

$ മരംകൊണ്ടും ചൂരൽകൊണ്ടും മുളകൊണ്ടും കെട്ടി നിലം തട്ടാതെ ജലപാത്രം വെക്കാൻ പാകത്തിലുണ്ടാക്കുന്നതു്.

‡ ജലപാത്രം ഇവയിൽ വെക്കുന്നതായാൽ ഭ്രൂസ്പർശംകൊണ്ടുള്ള ദോഷം ബാധിക്കില്ലെന്നാണു് അഭിപ്രായം.

തി. പഞ്ച നിക്ഷേപണാനി ഭവന്തി. തദ്യഥാ—ഫലകം ത്രൃഷ്ടകം മുഞ്ജ വലയ ഉദകമഞ്ചികാ ശിക്യഞ്ചേതി സപ്ത ശീതീകരണാനി ഭവന്തി,—പ്ര വാതസ്ഥാപനമുദകപ്രക്ഷേപണം യഷ്ടികാഭ്രാമണം വ്യജനം വസ്ത്രോദ്ധ രണം വാലുകാപ്രക്ഷേപണം ശിക്യാവലംബനഞ്ചേതി. 12

(ഫ). നിർഗ്ഗന്ധമവ്യക്തരസം തൃഷ്ണാഘ്നം ശുചി ശീതളമ്
രുച്യം ലഘു ച യദ്വ്യഞ്ച തോയം ഗുണവദുച്യതേ. 13

(ഗ). തത്ര നദ്യഃ പശ്ചിമാഭിമുഖ്യാഃ പഥ്യാ ലഘ്വ്യുകേതപാൽ. പൂ ർവ്വാഭിമുഖാസ്തു ന പ്രശസ്യന്തേ ഗുരുദകതപാൽ. ദക്ഷിണാഭിമുഖാ നാ തിദോഷളാഃ സാധാരണതപാൽ. തത്ര സഹ്യപ്രഭവാഃ കൃഷ്ണം ജനയ

വെള്ളത്തെ തണുപ്പിക്കുന്നതിന്നു ഏഴുവിധം വഴികളുണ്ട്.—(1) വെള്ളം ഒരു പാത്രത്തിലെടുത്തു കാറ്റത്തേക്കിടത്തു വെക്കുക, (2) പച്ച വെള്ളം നിറച്ച പാത്രത്തിലിറക്കിവെക്കുക, (3) അതിൽ വല്ല വടി യൊ മറ്റൊ ഇട്ടിളക്കുക, (4) അതിൽ വിശറികൊണ്ടു വീശുക, (5) അതിനെ വസ്ത്രത്തിൽ എടുത്തുവീശി അരിക്കുക, (6) മണലിൽ കുഴി ച്ചിടുക, (7) ഉറിയിൽവെച്ചിളക്കുക. 12

"ഗന്ധമൊന്നുമില്ലാത്തതും വ്യക്തമായ ഒരു രസവുമില്ലാത്തതും വെള്ളംദാഹത്തെ അടക്കുന്നതും ശുചിയായിരിക്കുന്നതും തണുത്തിരി ക്കുന്നതും നിർമ്മലമായിരിക്കുന്നതും ഘനംകുറഞ്ഞിരിക്കുന്നതും ഹൃദയ ത്തിന്നു സന്തോഷത്തെ ജനിപ്പിക്കുന്നതും ആയ വെള്ളം ഗുണമുള്ളതാ ണെന്നു പറയപ്പെടുന്നു". 13

പടിഞ്ഞാട്ടൊഴുകുന്ന (ജാംഗലദേശത്തിൽകൂടി പടിഞ്ഞാറെ സമു ദ്രത്തിലേക്കൊഴുകുന്ന) നദികളിലുത്തെ വെള്ളത്തിന്നു ഘനം കുറവാ യിരിക്കും. അതുകൊണ്ട് ആ വെള്ളം ദേഹത്തിന്നു നല്ലതാണ്. കിഴ ക്കോട്ടൊഴുകുന്ന (ആനൂപദേശത്തിൽകൂടി കിഴക്കെ സമുദ്രത്തിലേക്കൊ ഴുകുന്ന) നദികളിലെ വെള്ളത്തിന്നു ഘനമധികമുള്ളതുകൊണ്ടു ആ വെ ള്ളം ദേഹത്തിന്നു നല്ലതല്ല. തെക്കോട്ടൊഴുകുന്ന നദീജലത്തിന്നും അ ധികമായ ദോഷമൊന്നുമില്ല. എന്തുകൊണ്ടെന്നാൽ, അതു സാധാര ണദേശമായ (ജാംഗലവും ആനൂപവുമല്ലാത്ത) മധ്യദേശത്തിൽകൂടി ഒ ഴുകുന്നതാകുന്നു.

ന്തി, വിന്ധ്യപ്രഭവാ കുഷ്ഠം പാണ്ഡുരോഗഞ്ച, മലയപ്രഭവാ കൃമീൻ, മഹേന്ദ്രപ്രഭവാ ശ്ലീപദോദരോണി, ഹിമവൽപ്രഭവാ പ്ലീഹാഗശ്വയ ഗുശിരോരോഗശ്ലീപദഗളഗണ്ഡാൻ. പ്രാച്യാവന്ത്യാ അപരാവന്ത്യാ ശ്ചാശ്മംസ്യപജനയന്തി, പാരിപാത്രപ്രഭവാ പഥ്യാ ബലാരോഗ്യക
ൃ ഇതി. 14

(പ). നർമ്മദാ ശിഖ്രിവഹാ ലഘ്വ്യഃ പ്രോക്താ യാശ്യാമലോദകാഃ
ഹ്രസ്വൈ ശൈവാലസഞ്ചരന്നാഃ കലുഷാ മന്ദഗാശ്ച യാഃ.

---

*സഹ്യപർവ്വതത്തിൽ നിന്നുത്ഭവിച്ച നദികളിലെ വെള്ളത്തെ ഉപയോഗിച്ചാൽ കുഷ്ഠരോഗമുണ്ടാകും. വിന്ധ്യപർവ്വതത്തിൽനിന്നുണ്ടാകുന്ന നദികൾ കുഷ്ഠത്തെയും പാണ്ഡുരോഗത്തെയും ഉണ്ടാക്കും. §മലയപർവ്വതത്തിൽനിന്നുണ്ടാകുന്ന നദികൾ കൃമികളേയും, മഹേന്ദ്രപർവ്വതത്തിൽ നിന്നുണ്ടാകുന്ന നദികൾ പെരിക്കാലിനേയും, മഹോദരത്തേയും ഹിമവൽപർവ്വതത്തിൽനിന്നുള്ള നദികൾ പ്ലീഹാഗ , ശോഫം, ശിരോരോഗം, ശ്ലീപദം (പെരിക്കാൽ), ഗളഗണ്ഡം എന്നീ രോഗങ്ങളേയും ഉണ്ടാക്കും.

അവന്തി (ഉജ്ജയിനി)ദേശത്തിന്റെ അടുത്ത. കിഴക്കുഭാഗത്തും പടിഞ്ഞാറുഭാഗത്തും ഉള്ള പർവ്വതങ്ങളിൽനിന്നുണ്ടാകുന്ന നദികൾ അശ്മസ്സിനെയുണ്ടാക്കുന്നവയാകുന്നു. "പാരിപാത്രം" എന്ന പറയപ്പെട്ടുന്ന പർവ്വതത്തിൽ നിന്നുണ്ടാകുന്ന നദികൾ ദേഹത്തിനു നന്ന്. അവ ബലത്തെയും ആരോഗ്യത്തെയുമുണ്ടാക്കും. 14

"അതിവേഗത്തിൽ ഒഴുകുന്നതും പുളിയില്ലാത്തതും ആയ നദീജലം ലഘുവാകുന്നു. ചണ്ടികളോടുകൂടിയും കലങ്ങിമറിഞ്ഞുകൊണ്ടും മ

---

* 'പുനാ'രാജ്യസമീപത്തുള്ള ഒരു പർവ്വതമാണു് 'സഹ്യം' എന്ന ഭാഷ്യത്തിൽ കാണുന്നു. എന്നാൽ, കന്യാകുമാരിമുതൽ തപതിനദിവരെ നീണ്ടുകിടക്കുന്ന പശ്ചിമഘട്ടത്തെയാണു് സഹ്യപദംകൊണ്ടു നിർദ്ദേശിക്കുന്നതു്.

§ മലയപർവ്വതത്തിൽനിന്നു രണ്ടുജാതി നദിയുണ്ടാകുന്നുണ്ടു്. കല്ലും മണലും കുഞ്ഞിയൊലിക്കുന്ന ഒന്നാമത്തെ ജാതി നദി നല്ലതും മണലുമാത്രം ഒലിക്കുന്ന നദി മീത്തരയുമാണു്. ഹിമവൽപർവ്വതത്തിൽനിന്നും രണ്ടുതരം നദികളുണ്ടാകുന്നുണ്ടു്. അതിൽവെച്ചു് ഹിമവാൽപർവ്വതം ഉപരിഭാഗത്തിലുണ്ടാകുന്ന നദി നല്ലതും താഴത്തുനിന്നുണ്ടാകുന്നതു മീത്തരവുമാകുന്നു (മല്ലിനാൻ).

ß ചിലർ മലകളെ ഏഴുകുന്നില്ല. അവിടങ്ങളിൽ ഒഴുകുന്ന എന്നതുകൊണ്ടു വിവക്ഷിക്കുന്നുള്ളു. ഗയദാസാചാര്യൻ ഈ പക്ഷത്തെ ഖണ്ഡിച്ചിട്ടുണ്ടു്.

85 *

പ്രാന്തേണ നദ്യാ മരുഷു സതിക്തോ ലവണാന്വിതോ
ഈഷൽകഷായോ മധുരോ ലഘുപാകോ ബലേ ഹിതഃ. 15

(ഗ). തത്ര സർവ്വേഷാം ഭൗമാനാം ഗ്രഹണം പ്രത്യക്ഷസി, തത്ര ഹ്യുദകതത്വം ശൈത്യഞ്ചാധികം ഭവതി, സ ഏവ ചാപാം പരോ ഗുണ ഇതി. 16

(ഘ). ദിവാക്കിരണൈർജ്ജുഷ്ടം നിശായാമിന്ദുരശ്മിഭിഃ
അത്യക്ഷമനഭിഷ്യന്ദി തൽ തുല്യം ഗഗനാംബുനാ. 17
ഗഗനാംബു ത്രിദോഷഘ്നം ഗൃഹീതം യൽ സുഭാജനേ
ബല്യം രസായനം മേധ്യം പാത്രാപേക്ഷി തതഃ പരം. 18

ന്തമായും ഒഴുകുന്ന നദീജലം ഗുരുവാകുന്നു. മരുദേശങ്ങളിൽ (Modern-Marwar) ഒഴുകുന്ന മിക്കനദികളിലേയും വെള്ളം കയ്പുരസവും ഉപ്പുരസവും മധുരരസവും കുറഞ്ഞൊന്നു ചവർപ്പുരസവുംകൂടിയിരിക്കുന്നവയാകുന്നു. അതുകൊണ്ട് ആ വെള്ളം വേഗത്തിൽ ദഹിക്കുകയും ബലമുണ്ടാകുകയും ചെയ്യും". 15

ഭൂമിയിൽ വീണിട്ടുള്ള ഏതു വെള്ളത്തേയും ഉപയോഗിക്കാനെടുക്കേണ്ടതു് പ്രഭാതകാലത്താകുന്നു. ആ സമയത്തു വെള്ളം അധികം നിർമ്മലമായും അധികം തണുപ്പുള്ളതായും ഇരിക്കും. നിർമ്മലത്വവും ശൈത്യവും വെള്ളത്തിനുണ്ടാകേണ്ടുന്നതായ പ്രധാനഗുണങ്ങളാണെല്ലോ.

"പകൽ മുഴുവൻ സൂര്യന്റെ രശ്മികളും രാത്രിമുഴുവൻ ചന്ദ്രികയും ഏറ്റവ ശുദ്ധമായ ജലം ദോഷത്തിനു വൃദ്ധതയെയൊ കഫസ്രാവണത്തെ(*അഭിഷ്യന്ദം)യൊ ഉണ്ടാക്കിത്തീർക്കുകയില്ല. അതുകൊണ്ട് ആ ജലം മുമ്പേ പാണ്ഞ അന്തരിക്ഷജലത്തോടു തുല്യമായ ഗുണമാകുന്നു. നല്ലൊരു പാത്രത്തിൽ പിടിച്ചുവെച്ചിട്ടുള്ള അന്തരിക്ഷജലം മൂന്നു ദോഷങ്ങളേയും കളയും. ദേഹത്തിനു ബലമുണ്ടാക്കും. ധാതുവർദ്ധനത്തെ നിലനിർത്തും. ശുദ്ധിയുള്ളതാകുന്നു. എന്നാൽ ആ വെള്ളത്തെ പിടിച്ചുവെക്കുന്ന പാത്രത്തിന്റെ വ്യത്യാസത്തിനനുസരിച്ച് ആ വെള്ളത്തിന്റെ ഗുണങ്ങൾക്കു ഭേദഗതികൾ വന്നുകൂടുന്നതുമാണ്. 17

ചന്ദ്രകാന്തക്കല്ലിൽനിന്നു് ഒലിച്ചുണ്ടാകുന്ന ജലം ഭൂതപിശാചാദി

---

* "അഭിഷ്യന്ദി" പദത്തിനിവിടെ 'വ്യാധികളെ വേഗത്തിൽ ഉണ്ടാക്കിത്തീർക്കുന്നതു്' എന്നാണു് മല്ലനാചാര്യരുടെ അഭിപ്രായം.

രക്തപ്രസാദനം ശീതളം ഗ്ലാദി ജ്വരഭാഹവിഷാപഹമ്
ചന്ദനാദ്യോദ്ഭവം വാരി പിത്തഘ്നം വിമലം ഗുരു. 19
മൂർച്ഛാപിത്തോഷ്ണഭാഗേഷു വിഷേ രക്ത മദേ ത്യയേ
ഭ്രമക്ഷീണപരീതേഷു തമകേ വമഥൌ രുജാ
ഉൽക്ലേശേ രക്തപിത്തേ ച ശീതമംഭഃ പ്രശസ്യതേ. 20
പാർശ്വശൂലേ പ്രതിശ്യായേ വാതരോഗേ ഗളഗ്രഹേ
തൃഷ്ണായാം സ്നിഗ്ധതേ കോഷ്ണ്യേ സർപ്പിഷ്മത്യുലേ നവജ്വരേ
വിഷമായാം സ്നേഹപീതേ ച ശീതാംബു പരിവർജയേൽ. 21
നാദേയം വാതളം രൂക്ഷം ദീപനം ലഘു ലേഖനമ്
തദ്ദീപ്യന്തി മധുരം സാന്ദ്രം ഗ്രഹ കഫാവഹമ്. 22

കളുടെ ഉപദ്രവങ്ങളെ കളയും; തണുപ്പുള്ളതാകുന്നു; മനസ്സിന്നു സന്തോഷത്തെ ഉണ്ടാക്കും; ജ്വരം, ചുട്ടനീർ, വിഷം എന്നിവയെ ശമിപ്പിക്കും; അതു പിത്തത്തെ കളയുന്നതും നിർമ്മലമായിട്ടുള്ളതുമാകുന്നു. 18-19

ഉഷ്ണകാലങ്ങളിലും മോഹാലസ്യം, പിത്തകോപം നിമിത്തമുണ്ടാകുന്ന ഉപദ്രവങ്ങൾ, ചുട്ടനീർ, വിഷം, രക്തദോഷം, മദാത്യയം, ഭ്രമം, ക്ഷീണം, തമകശ്വാസം, ഛർദ്ദി, മേൽപ്പറഞ്ഞിട്ടുള്ള രക്തപിത്തം മുതലായ ഉപദ്രവങ്ങളിലും തണുത്തവെള്ളം വിശേഷമാകുന്നു. വാരിട്ടുവാങ്ങളിൽ വേദന, പീനസം, വാതരോഗം, തൊണ്ടയടപ്പ്, വജ്രവിദ്ധി, ദഹിക്കാത്ത സാധനങ്ങൾ വയറിനകത്തു കട്ടിയായി കിടക്കുന്നതിനാലുള്ള ഉപദ്രവം എന്നീ രോഗങ്ങളിലും, വയറ്റിളക്കിവരുത്താൻവേണ്ടി വമനവിരേചനാദികൾ ചെയ്തിട്ടുള്ള അടുത്തസമയത്തും, പുതിയ ജ്വരത്തിലും, എക്കിട്ടം എന്ന രോഗത്തിലും, നെയ്യും മറ്റും (സ്നേഹം) കഴിച്ചിരിക്കുന്നസമയത്തും തണുത്തവെള്ളം ഉപയോഗിക്കുന്നതു ദോഷമാകുന്നു. 20-21

നദിയിലെവെള്ളം (പുഴവിൽ) വാതത്തെ ഉണ്ടാക്കും. രൂക്ഷമാകുന്നു. ദീപനശക്തിയെ ഉണ്ടാക്കുകയും അതു വേഗത്തിൽ ദഹിക്കുകയും ദോഷങ്ങളെ ഉരുസി പുറത്തുകളകയും ചെയ്യും. നദീജലത്തിൽതന്നെ കഫസ്രവണത്തെ ഉണ്ടാക്കുന്നതും മധുരരസത്തോടുകൂടിയതും കൊഴുപ്പുള്ളതും വേഗം ദഹിക്കാത്തതും കഫത്തെയുണ്ടാക്കുന്നതുമായ ഒരു വകയുമുണ്ട്. 22

തുണ്ണാഖ്യം സാരസം ബല്യം കഷായം മധുരം ലഘു. 23
താഡാകം വാതളം സ്വാദു കഷായം കടുകാകി ച. 24
വാതശ്ലേഷ്മഹരം വാപ്യം സക്ഷാരം കടു പിത്തളമ്. 25
സക്ഷാരം പിത്തളം കൌപം ശ്ലേഷ്മഘ്നം ദീപനം ലഘു. 26
ചൌണ്ഡ്യമഗ്നികരം ശ്രുക്ഷ്ണം മധുരം കഫകൃന്ന ച. 27
കഫഘ്നം ദീപനം ഹൃദ്യം ലഘു പ്രസ്രവണോദ്ഭവമ്. 28
മധുരം പിത്തശമനമവിദാഹ്യൌദ്ഭിദം സ്മൃതമ്. 29
വൈകിരം കടു സക്ഷാരം ശ്ലേഷ്മഘ്നം ലഘു ദീപനമ്. 30
ഔകടാരം മധുരം പ്രോക്തം വിപാകേ ത്രൂ ദോഷളമ്. 31

സരസ്സിങ്കലുള്ള വെള്ളം, ദാഹത്തെക്കളയും; ബലമുണ്ടാക്കും; വേഗം ദഹിക്കും; ചവർപ്പ്‌രസവും മധുരരസവുമുള്ളതാണ്. 23

തടാകജലം വാതത്തെയുണ്ടാക്കും. മധുരരസവും ചവർപ്പ്‌രസവുമുള്ളതാണ്. വിപാകത്തിൽ അതിനുണ്ടാകുന്ന രസം പിരുവാകുന്നു. 24

വാപിയിലുള്ള വെള്ളം വാതകഫങ്ങളെ ശമിപ്പിക്കയും പിത്തത്തെ ഉണ്ടാക്കയും ചെയ്യും. അതു ക്ഷാരസ്വഭാവ(Solution of alkali)ത്തോടു കൂടിയതും പിരുപുരസമുള്ളതുമാകുന്നു. 25

കെട്ടാത്തകിണറിലെ വെള്ളം (കൌപം) ക്ഷാരസ്വഭാവമുള്ളതും പിത്തത്തെ ഉണ്ടാക്കുന്നതും കഫത്തെ നശിപ്പിക്കുന്നതും ദഹനശക്തിയുണ്ടാക്കുന്നതും വേഗം ദഹിക്കുന്നതും ആകുന്നു. 26

കെട്ടിയ കിണറിലെവെള്ളം (ചൌണ്ഡ്യം) ജഠരാഗ്നിയെ ഉണ്ടാക്കും. രൂക്ഷവും മധുരവുമാകുന്നു. അതു കഫത്തെ ഉണ്ടാക്കുകയില്ല. 27

അരുവിയിലെവെള്ളം കഫത്തെക്കളയും; ദീപനമാകുന്നു; അതു വേഗത്തിൽ ദഹിക്കുകയും ഹൃദയത്തിനു സന്തോഷമുണ്ടാക്കുകയും ചെയ്യും. 28

ഊറ്റുവെള്ളം മധുരമാകുന്നു. പിത്തത്തെശമിപ്പിക്കും. ഉൾപ്പുഴുക്കളുണ്ടാക്കയില്ല (അവിദാഹി). 29

ഊറവുവെള്ളം (വികിരജലം) പിരുരസമാകുന്നു. അതു ക്ഷാരസ്വഭാവമുള്ളതും വേഗം ദഹിക്കുന്നതും ദീപനമുണ്ടാക്കുന്നതും കഫത്തെ കളയുന്നതുമാകുന്നു. 30

കണ്ടത്തിലെവെള്ളം (കേദാരജലം) മധുരമാകുന്നു. പാകത്തിൽ അതിനു ഗുരുത്വം കൂടും. അതു ദോഷങ്ങളെ ഉണ്ടാക്കുകയുംചെയ്യും. 31

തദ്വൽ പാലഃലമുദ്ദിഷ്ടം വിശേഷാദ്ദോഷളന്തു തൽ. 32
സാമുദ്രമുദകം വിസ്രം ലവണം സർവ്വദോഷകൃൽ. 33
അനൂപകഃദോഷമാനൂപം വാഗ്ഭിഷ്യന്ദി ഗഹ്നിതമ്. 34
ഫ്ദിദ്ദ്വോഷൈരസംയുക്തം നിരവദ്യന്തു ജാംഗലമ്
പാകെ വിദാഹി തൃഷ്ണാഘ്നം പ്രശസ്യം പ്രീതിവർദ്ധനമ്. 35
ദീപനം സ്വാദു ശീതഞ്ച തോയം സാധാരണം ലഘു. 36
കഫമേദാനിലാമഘ്നം ദീപനം വസ്തിശോധനമ്
ശ്വാസകാസജ്വരഹരം പഥ്യമുഷ്ണോദകം സദാ. 37
യൽ കഷായ്യമാനം നിർവ്വേഗം നിഷ്ഫേനം നിർമ്മലം ലഘു

പൊട്ടക്കുഴി(പലപല)യിലെവെള്ളം കണ്ടത്തിലെവെള്ളംപോലെത്തന്നെയാകുന്നു. എന്നാൽ അതിനെക്കാൾ വിശേഷിച്ച് അധികദോഷവർദ്ധനമുണ്ടാക്കുന്നതാണെന്നും പഠയപ്പെടുന്നു. 32

സമുദ്രത്തിലെവെള്ളം കിഴാൽനാറ്റ(വിസ്രം)മുള്ളതും ഉപ്പുരസമുള്ളതും എല്ലാദോഷങ്ങളേയും വർദ്ധിപ്പിക്കുന്നതുമാകുന്നു. 33

ചതുപ്പുനില(ആനൂപം)ത്തിലെവെള്ളത്തിന്നു വളരെ (സ്പർശദോഷംമുതലായത്) ദോഷമുണ്ട്. അതു കഫസ്രവണമുണ്ടാക്കും. അതുപയോഗിപ്പാൻ കൊള്ളാത്തതുമാണ്. 34

മുന്പറഞ്ഞ സ്പർശദോഷം ഗന്ധദോഷംമുതലായ ഒരു ദോഷവുമില്ലാത്തതും ദേഹത്തിന്നു ഹിതവുമാണ് ജാംഗലദേശത്തിലെ ജലം. അതു പാകത്തിൽ വിദാഹമില്ലാത്ത (പുഴകലിനെ) ഉണ്ടാക്കും; വെള്ളം ദാഹത്തെ നിർത്തും; സന്തോഷത്തെ വർദ്ധിപ്പിക്കുന്നതും ശ്രേഷ്ഠവുമാകുന്നു. 35

സാധാരണദേശത്തിലുള്ള ജലം ദീപനമുണ്ടാക്കുന്നതും വേഗം ദഹിക്കുന്നതും മധുരവും ശീതവുമാകുന്നു. 36

മേൽപറഞ്ഞ ഗുണങ്ങളെല്ലാം തണുത്തവെള്ളത്തെ സംബന്ധിച്ചാണ്. ചൂടുവെള്ളം (തിളപ്പിച്ച പകുതി വാറ്റിച്ചവെള്ളം) അങ്ങിനെയല്ല. അതു കഫത്തെയും മേദസ്സിനേയും വായുവിനേയും ദഹിക്കാതെ വയറ്റിൽകിടക്കുന്ന ആമദോഷത്തെയും കളയും; ദീപനമുണ്ടാക്കും; വസ്തിയെ ശുദ്ധിചെയ്യും; ശ്വാസം, കാസം, ജ്വരം എന്നിവയെ കളയും; ആകപ്പാടെ അതു എപ്പോഴും ദേഹത്തിന്നു ഹിതമായിട്ടുള്ളതാകുന്നു. 37

തിളപ്പിക്കുന്ന സമയത്ത് എന്തൊന്നു മേൽപ്പെട്ട പൊങ്ങാതെയും നു

ച ഭൃംഗാവശേഷന്തു തൽ തോയം ഗുണവൽ സ്മൃതമ്. 38
ന ച പര്യുഷിതം ഭോജ്യം കദാചിദുപയോജയേൽ
അമ്ലീഭൂതം കഫോൽക്ലേശി ന ഹിതം തൽ പിപാസവേ. 39
മദ്യപാനാൽ സമുദ്ഭൂതേ രോഗേ പിത്തോത്ഥിതേ തഥാ
സന്നിപാതസമുത്ഥേ ച ശൃതശീതം പ്രശസ്യതേ. 40
സ്നിഗ്ധം സാദു ഹിമം വൃഷ്യം ദീപനം വസ്തിശോധനമ്
വൃഷ്യം പിത്തപിപാസാഘ്നം നാരികേളോദകം ഗുരു. 41
ദാഹാരുചിസാരപിത്താസൃങ്മൂർച്ഛാമദ്യവിഷാത്തിഷു
ശൃതശീതം ജലം ശസ്യം തൃഷ്ണാച്ഛർദ്ഭ്രമേഷു ച. 42

രയും പതയും അടങ്ങിയും നിർമ്മലമായും ഘനംകുറഞ്ഞും കാണുമ്പോ ആ വെള്ളത്തെ കുറുക്കി നാലൊന്നാക്കിവാങ്ങി ഉപയോഗിക്കുന്നതു നല്ലതാകുന്നു. 38

തലേദിവസം തിളപ്പിച്ചുവെച്ചിരിക്കുന്നതായ വെള്ളത്തെ ഒരിക്കലും തൊട്ടുപയോഗിച്ചുകൂടാത്തതാണ്. അതു പുളിച്ചുവശായിട്ടുള്ളതാകയാൽ കഫത്തെ ഇളക്കുന്നതാകകൊണ്ട് അതിനെ ദാഹമുള്ളവർക്കു കുടിപ്പാൻ കൊടുക്കുന്നതു നന്നല്ല. 39

കാച്ചിയാറിയ ‖വെള്ളം മദ്യപാനംനിമിത്തമുണ്ടായ രോഗങ്ങളിലും പിത്തസംബന്ധമായ രോഗങ്ങളിലും സന്നിപാതജന്യങ്ങളായ വ്യാധികളിലും വളരെ വിശേഷമാകുന്നു. 40

നാളികേര(ഇളനീർ)വെള്ളം §ഗുരുവാകുന്നു. അതു സ്നിഗ്ധവുമാണ്. അതിനു മധുരരസവും ശൈത്യവുംഉണ്ട്. അതു ഗുദയത്തിനു പ്രിയമുണ്ടാക്കുന്നതും ദീപനമുണ്ടാക്കുന്നതും വസ്തിയെ ശോധനചെയ്യുന്നതും ശുക്ലത്തെ വർദ്ധിപ്പിക്കുന്നതും പിത്തത്തെയും ദാഹത്തെയും കളയുന്നതുമാകുന്നു. 41

ചൂടുനീർ, അതിസാരം, പിത്തദോഷം, രക്തദോഷം, മോഹാലസ്യം, മദ്യത്തിന്റെ *വിഷം, വെള്ളംദാഹം, ഛർദ്ദി, ഭ്രമം എന്നീ ഉപദ്രവങ്ങളിൽ തിളപ്പിച്ചാറിയവെള്ളം വിശേഷമാകുന്നു. 42

‖ തണുത്തവെള്ളം മദ്യാത്യയത്തിനു നന്നെന്നു മുമ്പെ പറഞ്ഞിട്ടുണ്ട്. കാച്ചിയാറിയ വെള്ളം നന്നെന്നാണിവിടെ പറയുന്നതെന്നറിയണം.

§ ലഘുവെന്നു ജെജ്ജടമതം.

* "മദ്യവിഷാത്തിഷു" എന്നതിനെ രണ്ടായി ഭാഗിച്ചു 'മദ്യാത്യയം, വിഷം എന്ന രോഗങ്ങളിൽ' എന്നു ചിലർ വ്യാഖ്യാനിക്കുന്നു. ശൃതശീതജലം മദ്യരോഗത്തിന് നല്ല

അരോചകേ പ്രതിശ്യായേ പ്രസേകേ ശ്വയഥൌ ക്ഷയേ
മന്ദാഗ്നാവുദരേ കുഷ്ഠേ ജ്വരേ നേത്രാമയേ തഥാ.
വ്രണേ മധുമേഹേ ച പാനീയം മന്ദമാചരേൽ. 43

ഇതി ജലവർഗ്ഗഃ.

ഗവ്യമാജ്യം തഥാ ചൌഷ്ട്രമാവികം മാഹിഷഞ്ച യൽ
അശ്വായാശ്ചൈവ നാഗ്യാശ്ച കരേണ്വാശ്ച യൽ പയഃ.
തത്ത്രയാണാം കൌഷധിരസപ്രസാദം പ്രാണദം ഗുരു
മധുരം പിച്ഛിലം ശീതം സ്നിഗ്ധം ശ്ലക്ഷ്ണം സരം മൃദു.
സർവ്വപ്രാണഭൃതാം തസ്മാൽ സാത്മ്യം ക്ഷീരമിഹോച്യതേ. 44

താഴെ എഴുതുന്ന രോഗങ്ങളിൽ ഏതെങ്കിലും ഒന്നുള്ളവർ കഴിയുന്നതു കുറച്ചു വെള്ളം കുടിച്ചുകൂടാ.—(1) അരോചകം, (2) പീനസം, (3) വായിൽനിന്നു വെള്ളംവരവു്, (4) വിക്കം, (5) ക്ഷയം, (6) അഗ്നിമാന്ദ്യം, (7) മഹോദരം, (8) കുഷ്ഠം, (9) ജ്വരം; (10) കണ്ണിൽരോഗം, (11) വ്രണം, (12) മധുമേഹം. 43

ഇങ്ങിനെ ജലവർഗ്ഗം.

ഇനി ക്ഷീരവർഗ്ഗം— പശുവിൻപാൽ, ആട്ടിൻപാൽ, ഒട്ടകത്തിൻപാൽ, ആവിയാട്ടിൻപാൽ, എരുമപ്പാൽ, കുതിരപ്പാൽ, മുലപ്പാൽ, ആനപ്പാൽ എന്നിങ്ങിനെയുള്ള പാലുകൾ § എല്ലാം അനേകം ഔഷധങ്ങളുടെ (ആഹാരപദാർത്ഥങ്ങളുടെ) സത്തുകളിൽനിന്നുണ്ടാകുന്ന ഒരു *സാരവസ്തുവാകുന്നു. പാൽ, പ്രാണികൾക്കു പ്രാണനെ കൊടുക്കുന്നതും ഗുരുത്വമുള്ളതും മധുരരസമുള്ളതും വഴുവഴുപ്പുള്ളതും ശീതവീര്യമുമാകുന്നു. അതിനു സ്നിഗ്ധതയുണ്ടു്. പാൽ നിർമ്മലമായ ദ്രവ്യമാകുന്നു. അതു ദോഷങ്ങളെ ഇളക്കിക്കളയുന്നതും മൃദുത്വമുള്ളതുമാണു്. അതുഹേതുവായിട്ടു

താണെന്നു മൂലപാഠത്തിട്ടുള്ളതുകൊണ്ടു് ഇവിടെയും ആവർത്തിക്കേണ്ടുന്ന ആവശ്യം കാണുന്നില്ല.

§ കഴുത, കോവർകഴുത, വാരിമാൻ, മാൻ ഈ മൃഗങ്ങളുടേയും മറ്റും പാലുകൾ ലേഹനം മുതലായതിനുപയോഗപ്പെടുന്നതുകൊണ്ടു ക്ഷീരവർഗ്ഗത്തിലുൾപ്പെടുന്നു.

* അതു ജന്തുക്കളുടെ ആഹാരദ്രവ്യത്തിൽനിന്നുണ്ടാകുന്ന സത്തു് പാലായിത്തീരുകയാണെല്ലോ.

(ഗ). തത്ര സർവ്വമേവ ക്ഷീരം പ്രാണിനാമപ്രതിഷിദ്ധം ജാതിസാത്മ്യാത്. വാതപിത്തശോണിതമാനസവികാരേഷ്വവിരുദ്ധം. ജീർണ്ണജ്വരകാസശ്വാസശോഷക്ഷയഗുല്മോന്മാദോദരമൂർച്ഛാഭ്രമമദമോഹപിപാസാഹൃദ്രസ്തിപാണ്ഡുരോഗഗ്രഹണീദോഷാശ്മശൂലോദാവർത്താതിസാരപ്രവാഹികായോനിരോഗഗർഭസ്രാവരക്തപിത്തശ്രമക്ലമഹരം പാപ്മോപഹം ബല്യം വൃഷ്യം വാജീകരണം രസായനം മേധ്യം സന്ധാനമാസ്ഥാപനം വയഃസ്ഥാപനമായുഷ്യം ജീവനം ബൃംഹണം വമനം വിരേചന

പാൽ എല്ലാതരം പ്രാണികൾക്കും ദോഷത്തിനു പിടിത്തമുള്ളതാണെന്നു തത്രയുവ്വേദത്തിൽ പറയപ്പെട്ടുന്നു. 44

മേൽപറയപ്പെട്ട എട്ടുതരം ക്ഷീരവും ജനിച്ചതു മുതല്ക്കു ശീലിച്ചു പിടിത്തമുള്ള വസ്തുവാകയാൽ എല്ലാ പ്രാണികൾക്കും (ജരായുജങ്ങൾക്കും) ഉപയോഗിപ്പാൻ കൊള്ളാവുന്നതാണ്. അതു വാതം, പിത്തം, രക്തം എന്നിവയുടെ കേടുകൊണ്ടുമിത്തമുണ്ടാകുന്ന രോഗങ്ങളിലും മനസ്സിനെ സംബന്ധിച്ച രോഗങ്ങളിലും (ക്രോധാദികളാൽ ഉണ്ടാകുന്ന രോഗങ്ങളിൽ) ഉപയോഗമുള്ളതത്രെ. ജീർണ്ണജ്വരം, കാസം, (കഫകാസം ഒഴിച്ചു), തൊണ്ടവാരൽ, ക്ഷയം, വാതപിത്തജന്യങ്ങളായ ഗുല്മവും മഹോദരവും എല്ലുതരം ഉന്മാദവും കഫസംബന്ധമില്ലാത്ത മൂർച്ഛയും ഭ്രമവും മദാത്യയവും വെള്ളംദോഹവും ചുട്ടനീർ, കഫാധിക്യമല്ലാത്ത ഹൃദ്രോഗം, വാതപിത്താധിക്യമുള്ള പാണ്ഡുരോഗം, വസ്തിരോഗം, ജീർണ്ണഗ്രഹണി, അർശ്സ്സ്, ശൂലം, ഉദാവർത്തം, അതിസാരം, പ്രവാഹികയോനിരോഗം, ഗർഭസ്രാവം, രക്തപിത്തം (കഫജന്യമല്ലാത്തതു്), ശ്രമം, ക്ലമം എന്നീ ഉപദ്രവങ്ങളെ തീർക്കുന്നതിനു ക്ഷീരം സമർത്ഥമാകുന്നു. അതു പാപത്തെ നശിപ്പിക്കുന്നതും ബലമുണ്ടാക്കുന്നതും ശുക്ലത്തെ വർദ്ധിപ്പിക്കുന്നതും സ്ത്രീസേവയിൽ ശക്തിയെ ഉണ്ടാക്കുന്നതും ആകുന്നു. പാൽ ഒരു രസായനദ്രവ്യമാകുന്നു. അതു ബുദ്ധിയെ വർദ്ധിപ്പിക്കും. പാലിനു മുറിക്കുട്ടാനുള്ള ശക്തിയുണ്ടു്. കഷായവസ്തി ചെയ്യുന്നതിനു പാൽ ഉപയോഗിച്ചാൽ ദോഷങ്ങളെ നന്നായി ഇളക്കിക്കളയും. അതു ഔഷധത്തെ നിലനിർത്തുകയും ആയുസ്സിനെ വർദ്ധിപ്പിക്കുകയും ജീവശക്തിയെ പ്രസാദിപ്പിക്കയും ദേഹത്തെ തടിപ്പിക്കയും ചെയ്യും. പാലിനു ചുരട്ടിപ്പിക്കാനും വയറിക്കാനുമുള്ള ശക്തിയുണ്ടു്. ദേഹത്തിനുള്ള ഓജസ്സു

ഞ്ച തുല്യഗുണതപാച്ചൌജഃസാ വർദ്ധനമിതി ബാലവൃദ്ധക്ഷതക്ഷീണാ
നാം ക്ഷുദ്ര്യവായവ്യായാമകർശിതാനാഞ്ച പഥ്യതമമ്. 45

(പ). ഗോക്ഷീരമനഭിഷ്യന്ദി സ്നിഗ്ധം ഗുരു രസായനമ്
രക്തപിത്തഹരം ശീതം മധുരം രസപാകയോ 8
ജീവനീയം തഥാ വാതപിത്തഘ്നം പരമം സ്മൃതമ്. 46
ഗവ്യതുല്യഗുണതപാജം വിശേഷാച്ഛ്വാഷിണാം ഹിതമ്
ദീപനം ലഘു സംഗ്രാഹി ശ്വാസകാസാസ്രപിത്തനുൽ
അജാനാമപ്പകായത്വാൽ കടുതിക്തനിഷേവണാൽ

ന്നു് മറ്റെല്ലാം ഗുണങ്ങളുണ്ടോ ആ ഗുണങ്ങളൊക്കെ പാലിനുമുണ്ടു്. അതുകൊണ്ടു പാൽ രോഗിയെ വർദ്ധിപ്പിക്കും. ബാലന്മാർക്കും വൃദ്ധന്മാർക്കും ക്ഷത(നെഞ്ചിനകത്തു മുറി)മുള്ളവർക്കും ക്ഷീണിച്ചവർക്കും വിശപ്പു നിമിത്തമോ സ്ത്രീസംഗം നിമിത്തമോ ദേഹോദ്വാനംകൊണ്ടോ മെലിഞ്ഞുവശായിട്ടുള്ളവർക്കും പാൽ വളരെ നല്ലതാകുന്നു. 45

"പശുവിൻപാൽ ദേഹത്തിനുള്ളിലുള്ള സ്രോതസ്സുകളിലും മറ്റും കഫസ്രവണം വർദ്ധിക്കാതെ നിലനിർത്തുന്ന ഒന്നാകുന്നു. അതു സ്നിഗ്ധതയും ഗുരുത്വവുമുള്ളതാകുന്നു. അതു രസായനമായും രസത്തിലും പാകത്തിലും മധുരമായുമിരിക്കുന്നു. ശീതവീര്യമാകുന്നു. രക്തപിത്തത്തെ ശമിപ്പിക്കും. ജീവശക്തിയെ തെളിയിക്കും. വാതത്തെയും പിത്തത്തെയും കളയും. മറ്റാവും ശ്രേഷ്ഠവുമാകുന്നു. 46

ആട്ടിൻപാലിനു പശുവിൻപാലിന്റെ ഗുണങ്ങളെല്ലാമുണ്ടു്. വിശേഷിച്ചു് അതു *മെലിഞ്ഞവർക്കു വളരെ നല്ലതാണു്. ദീപനമുണ്ടാക്കുകയും വേഗം ദഹിക്കുകയും മലത്തെ തടഞ്ഞുനിർത്തുകയും ശ്വാസം, കാസം, രക്തപിത്തം എന്നിവയെ ശമിപ്പിക്കയും ചെയ്യും. ആട്ടുകളുടെ ദേഹം ചെറുതായിരിക്കുന്നതുകൊണ്ടും എരുവുരസവും കയ്പുരസവുമുള്ള പദാർത്ഥങ്ങളെ ആ ജന്തുക്കൾ ആഹരിക്കുന്നതുകൊണ്ടും അതുകൾ അധികം വെള്ളം കുടിക്കാത്തവയാകയാലും അധികം വ്യായാമം ചെ

---

* ആട്ടിൻപാൽ പരിശോധിച്ചുനോക്കീട്ടു് അടുത്ത കാലത്തു് ഒരു ജർമ്മൻ ഡാക്ടർ ക്ഷയരോഗമുണ്ടാക്കുന്നവയായ അണുക്രിമികൾ (Tuberculosis Bacilli) അതിലിട്ടാൽ ചത്തുപോകുന്നതായി കണ്ടിരിക്കുന്നു. ആ പാൽ മെലിഞ്ഞവർക്കു (ക്ഷയമുള്ളവർ) നല്ലതാണെന്നും ആ ഡാക്ടർ ഇപ്പോൾ കണ്ടുപിടിച്ചിരിക്കുന്നുവെത്രെ.

87 *

നാത്യംബുപാനാദ്ബ്ര്യായാമാൽ സർവ്വവ്യാധിഹരം പയഃ. 47
ത്രൈക്ഷ്ണ്യം ലവണം കിഞ്ചിദൌഷ്ണ്യം സ്വാദ്വമ്ലമേവ ലഘ്വജ
ശോഷഗ്രഹ്ല്യോദരാർശോഘ്നം കൃമികുഷ്ഠവിഷാപഹമ്. 48
ആവികം മധുരം സ്നിഗ്ധം ഗുരു പിത്തകഫാവഹമ്
പാഠ്യം കേവലവാതേഷു കാസേ ചാനിലസംഭവേ. 49
മഹാഭിഷ്യന്ദി മധുരം മാഹിഷം വഹ്നിനാശനമ്
നിദ്രാകരം ശീതകരം ഗവ്യാൽ സ്നിഗ്ധതരം ഗുരു. 50
ഉഷ്ണമൈഷകമേധാഗ്നിബലപ്രദം ശ്ലേഷ്മവാതഹരം പയഃ
മധുരാമ്ലരസം ത്രൈക്ഷ്ണ്യം ലവണാനുരസം ലഘു. 51

യ്യുന്നവയാകയാലും അവയുടെ പാലിന്നു് എല്ലുരോഗത്തെയും കളയുന്നതിന്നു ശക്തിയുണ്ടു്. 47

ഒട്ടകത്തിന്റെ പാൽ ത്രുക്ഷവും ഉഷ്ണവുമാകുന്നു. അതിന്നു മധുരരസവും, കുറഞ്ഞൊന്നു ഉപ്പുരസവും ഉണ്ടു്. അതു വേഗം ദഹിക്കും; വിക്കം, ഗുല്മം, മഹോദരം, അർശ്ശസ്സു്, കൃമി, കുഷ്ഠം, വിഷം എന്നിവയെ ഇല്ലാതാക്കയും ചെയ്യും. 48

ആവിയാട്ടിൻപാൽ മധുരരസവും ഗുരുവുമാകുന്നു. അതു സ്നിഗ്ധമായും പിത്തത്തെയും കഫത്തെയും ഉണ്ടാക്കുന്നതായുമിരിക്കുന്നു. അതു കേവലം വാതം മാത്രം കോപിക്കയാലുണ്ടാകുന്ന രോഗങ്ങളിലും വാതസംബന്ധമായ കാസത്തിങ്കലും നല്ലതാണു്. 49

എരുമപ്പാൽ കഫത്തെയും മറവും ഇളക്കിത്തീർക്കുന്നതിൽ വളരെ ശക്തിയുള്ളതും മധുരരസവും ആകുന്നു. ജഠരാഗ്നിയെ അതു ക്ഷയിപ്പിക്കും. പശുവിൻപാലിനേക്കാൾ എരുമപ്പാലിന്നു ഗുരുത്വവും സ്നിഗ്ധതയും കൂടുന്നതാണു്. ഇതു തണുപ്പുണ്ടാക്കുന്നതും ഉറക്കമുണ്ടാക്കുന്നതുമാകുന്നു. 50

ഒറക്കുള്ളനുള്ള ജന്തുക്കളുടെ (കുതിര മുതലായവ) പാൽ ഉഷ്ണമാകുന്നു. അതു ബലമുണ്ടാക്കുകയും *ശാഖകളിലുള്ള വാതത്തെ നശിപ്പിക്കുകയും ചെയ്യും. അതിന്റെ രസം മധുരവും പുളിയുമാകുന്നു. സേവിച്ചാൽ ഒട്ടകം, ആട്ടു, ഉപ്പുരസം തോന്നുകയും ചെയ്യും. ഇതിന്നു ത്രുക്ഷതയുമുണ്ടു്. 51

* "ശാഖാ രക്താദയസ്ത്വക്കു മ" എന്ന ആത്രേയവചനപ്രകാരം രക്തം മുതലായ ഏഴുധാതുക്കളും തോലുമാണു് ശാഖകൾ. കൈകാലുകളെന്നാണു് സുശ്രുതാഭിപ്രായം.

നാഗ്ര്യാസ്യ മധുരം സ്നേഹ്യം കഷായാനുരസം ഹിമമ്
നസ്യാശ്യോതനഭ്രംശഃ പഥ്യം ജീവനം ലഘു ദീപനമ്. 52
ഹസ്തിന്യാ മധുരം വൃഷ്യം കഷായാനുരസം ഗുരു
സ്നിഗ്ധം സ്ഥൈര്യകരം ശീതം ചക്ഷുഷ്യം ബലവർണ്ണനമ്. 53
പ്രായഃ പ്രാഭാതികം ക്ഷീരം ഗുരു വിഷ്ടംഭി ശീതളമ്
രാത്രൗ സോമഗുണത്വാച്ച വ്യായാമാദ്യവതസ്യുഷാ
ദിവാകരാഭിതപ്താനാം വ്യായാമാനിലസേവനാൽ
വാതാനുലോമി ശ്രാന്തിഘ്നം ചക്ഷുഷ്യഞ്ചാപരാഹ്ണികമ്. 54
പടയാദിഷ്യന്തി ഗവ്യാദ്യം പ്രായശോ പരികീർത്തിതമ്

മുലപ്പാൽ മധുരരസമാകുന്നു. സേവിച്ചാൽ ഒടുക്കം ഒരു ചവപ്പുരസം തോന്നുകയും ചെയ്യും. അതു തണുപ്പായും ജീവനശക്തിയെ പ്രസാദിപ്പിക്കുന്നതായും വേഗം ഹേിക്കുന്നതായും ഇരിക്കുന്നു. ഇതു നസ്യംചെയ്യാനും കണ്ണിൽ നിൎത്താനും ധാരചെയ്യാനും നല്ലതാണ്. ദീപനശക്തിയെ വൎദ്ധിപ്പിക്കയും ചെയ്യും. 52

ആനപ്പാൽ മധുരരസവും സ്നിഗ്ധവും ഗുരുവുമാകുന്നു. അതു സേവിച്ചാലൊടുക്കം ഒരു ചവപ്പുരസം തോന്നും. ശുക്ലത്തെ വൎദ്ധിപ്പിക്കും. ശീതവീൎയ്യമാണ്. ദേഹത്തിന്നു് ഊപ്പിനേയും ബലത്തെയുമുണ്ടാക്കും. കണ്ണിന്നു നല്ലതാകുന്നു. 53

മിക്കവാറും രാവിലെയുണരും കറന്നെടുക്കുന്ന പാൽ ഗുരുത്വമധികമുള്ളതും വിഷ്ടംഭത്തെ ഉണ്ടാക്കിത്തീൎക്കുന്നതും ശൈത്യമധികമുള്ളതും ആയിരിക്കും. കാരണം, രാത്രികാലങ്ങളിൽ സൌമ്യഗുണത്തിന്റെ ശക്തിയധികമുണ്ടാകുമെന്നു മാത്രമല്ല, ആ സമയത്തു പ്രാണികൾ ദേഹം അനക്കാതെ വെച്ചുകൊണ്ടിരിക്കയും ചെയ്യുന്നുണ്ട്.

പ്രാണികൾ പകൽ മുഴുവനും സൂൎയ്യരശ്മികൊണ്ടു ദേഹം ചൂടുപിടിച്ചിരിക്കയും ദേഹം ഇളക്കി സഞ്ചരിക്കയും ശ്വാസവായു പിച്ചുകയും ചെയ്യുന്നതുനിമിത്തം വൈകുന്നേരം കറന്നെടുക്കുന്ന പാൽ മിക്കതും വായുവിന്റെ ഗതിയെ നേരെയാക്കുന്നതായും ക്ഷീണത്തെ കളയുന്നതായും കണ്ണിന്നു നല്ലതായും ഇരിക്കും. 54

പാലുപ്പാൽ മിക്കതും കൊഴുപ്പുകാള ഇളക്കുന്നതും ഗുരുവും രുചിയി

തദേവോക്തം ലഘുതരമനഭിഷ്യന്ദി ചൈവ ശ്രുതമ്
വജ്ജയിത്വാ സ്ത്രിയാഃ സുന്യമാമമേവ ഹി രുഢിതമ്. 55
ധാരോഷ്ണം ഗുണവത് ക്ഷീരം വിപരീതമതോന്യഥാ
തദേവോത്തിഷ്ഠതം സവ്വം ഗുരു ബൃംഹണമുച്യതേ. 56
അനിഷ്ടഗന്ധമമ്ലം പ വിവണ്ണം വിരസഞ്ച യൽ
വജ്ജ്യം സലവണം ക്ഷീരം യച്ച വിഗ്രഥിതം ഭവേൽ. 57

ഇതി ക്ഷീരവഗ്ഗഃ.

അഥ ദധിവഗ്ഗഃ—ദധി തു മധുരമമ്ലമത്യമ്ലഞ്ചേതി. തൽ കഷായാ

രിക്കുമെന്നും അത്തരത്തെ വേണ്ടുപാലെ കാച്ചിയാൽ അധികം കഫ സ്രവണമുണ്ടാക്കാത്തതും ഏറ്റവും ലഘുവുമായിരിക്കുമെന്നും പറയപ്പെട്ടതു.

എന്നാൽ മുലപ്പാലിനെ സംബന്ധിച്ചേടത്തോളം മേൽപറഞ്ഞ സംഗതി ശരിയായിരിക്കയില്ല. അതു പച്ചയായിട്ടുതന്നെയാണുപയോഗിക്കേണ്ടതു്. 55

കാക്കുമ്പോഴുള്ള പൂടാറാതെ (ധാരോഷ്ണം) അപ്പോൾതന്നെ സേവിക്കുന്നതായാൽ പാലിന്നു് ഒരു ദോഷവുമില്ല; ഗുണം കൂടുതലായിരിക്കുകയുള്ളു. അതു തണുത്താൽ ഫലം നേരെ മറിച്ചുണ്ടാകുന്നതാണു്.

ഏതു പാലും അധികം കറക്കി വറച്ചുപയോഗിക്കുന്നതു ദേഹം തടിക്കാൻ നന്നു്. എന്നാൽ അതു ദഹിക്കാൻ പ്രയാസമുള്ളതായിരിക്കയും ചെയ്യും. 56

പാലിൽ നന്നല്ലാത്ത ഗന്ധവും പുളിരസവും നിറഭേദവും നാറ്റിന്ന രസക്കേടും *ഉപ്പുരസവും കാണുന്നുണ്ടെങ്കിൽ പിന്നെ ആ പാൽ ഉപയോഗിച്ചുകൂടാ. കട്ടപ്പിടിച്ച (പെരുന്നിയ) പാൽ ഉപയോഗിക്കുന്നതും വളരെ ചീത്തയാകുന്നു". 57

ഇങ്ങിനെ ക്ഷീരവഗ്ഗം.

ഇനി ദധിവഗ്ഗം— തൈർ മധുരമായും കുറഞ്ഞാന്നു പുളിരസമുള്ളതായും അധികമായ പുളിപ്പുള്ളതായും ഇങ്ങിനെ മൂന്നുവിധമുണ്ടു്. ഏറ്റ

---

* ചക്രപാണിയുടെ പാഠം ഉപ്പുരസമുള്ളതെന്നു മാത്രമാണു്. ഇവിടെ ഒല്പംനവക്ഷാരമെടുത്തിരിക്കുന്നു.

അരസം സ്നിഗ്ധമുഷ്ണം പീനസവിഷമജ്വരാതിസാരാരോചകമൂത്രകൃച്ഛ്ര
കാശ്യാപഹം വൃഷ്യം പ്രാണകരം മംഗല്യഞ്ച. 58
(പ). മഹാഭിഷ്യന്ദി മധുരം കഫമേദോവിവർദ്ധനമ്
കഫപിത്തകൃദ്ഗ്ലം സ്യാദത്യഗ്നം രക്തദൂഷണമ്. 59
വിദാഹി സൃഷ്ടവിണ്മൂത്രം മന്ദജാതം ത്രിദോഷകൃൽ. 60
സ്നിഗ്ധം വിപാകേ മധുരം ദീപനം ബലവർദ്ധനമ്
വാതാപഹം പവിത്രഞ്ച ധേനുദുഗ്ധം രുചിപ്രദമ്. 61
ധന്യാമശ്വാസകാസേഷു ഹിതമഗ്നേഃ പ്രദീപനമ്. 62
വിപാകേ മധുരം വൃഷ്യം വാതപിത്തപ്രസാദനമ്

ള്ള തൈരും സേവിച്ചു കഴിഞ്ഞാൽ ഒട്ടുവിൽ ഒരു ചവർപ്പു തോന്നും. തൈർ സ്നിഗ്ധവും ഉഷ്ണവുമായ പദാർത്ഥമാണ്. പീനസം, വാതാധിക്യമായ വിഷമജ്വരം, അതിസാരം, അരോചകം, മൂത്രകൃച്ഛ്രം, മേഹം മെലിച്ചിൽ എന്നീരോഗങ്ങളെ ശമിപ്പിക്കും. ശുക്ലത്തെ വർദ്ധിപ്പിക്കും. പ്രാണബലത്തെ ഉണ്ടാക്കും. ഒരു മംഗലകരമായ വസ്തുവായുമിരിക്കുന്നു. 58

"മേൽപ്പറഞ്ഞ കൂട്ടത്തിൽ മധുരരസമായ തൈർ എപ്പോഴും കഫസ്രവണമുണ്ടാക്കും. അതു കഫത്തെയും മേദസ്സിനേയും വർദ്ധിപ്പിക്കും. പുളിരസമുള്ള തൈർ കഫത്തേയും പിത്തത്തേയും ഉണ്ടാക്കും. അധികം പുളിപ്പുള്ള തൈർ രക്തത്തെ ദൂഷിപ്പിക്കും. 59

നല്ലവണ്ണം ഓ കൂടി പാകമാകുന്നതിനു മുമ്പായിട്ടുള്ള തൈരിനു മന്ദജാതമെന്നു പേരാകുന്നു. ഇതു വിദാഹത്തെ ഉണ്ടാക്കുന്നതും മലമൂത്രങ്ങളെ ഇളക്കിക്കളയുന്നതും ഒരേസമയത്തു മൂന്നുദോഷങ്ങളേയുമുണ്ടാക്കുന്നതുമാകുന്നു. 60

പശുവിൻതൈർ സ്നിഗ്ധമാകുന്നു. അതു പാകത്തിൽ മധുരമാണ്. ദീപനശക്തിയേയും ബലത്തേയും വർദ്ധിപ്പിക്കും. വാതത്തെ ശമിപ്പിക്കും. രുചിയെ ഉണ്ടാക്കും. പരിശുദ്ധിയുണ്ടാക്കുന്നതുമാണ്. ()

ആട്ടിൻതൈർ ലഘുവാണ്. കഫത്തേയും പിത്തത്തേയും കളയും. വാതത്തേയും ക്ഷയത്തേയും ശമിപ്പിക്കും. അർശ്സ്സ്, ശ്വാസം, കാസം എന്നിവയിൽ ഹിതവും ദീപനമുണ്ടാക്കുന്നതുമാകുന്നു. 62

എരുമത്തൈർ പാകത്തിൽ മധുരവും ശുക്ലത്തെ വർദ്ധിപ്പിക്കുന്ന

വലാസവർദ്ധനം സ്നിഗ്ധം വിശേഷാദ്ദധി മാംഹിഷമ്. 63
വിപാകേ കടു സക്ഷാരം ഗുരു ഭേദ്യൗഷ്ണികം ദധി
വാതമശ്മാംസി കൃഷ്ണാനി കൃമീൻ ഹന്ത്യുദരാണി ച. 64
കോപനം കഫവാതാനാം ദുർന്നാമ്നാഞ്ചാവികം ദധി
രസേ പാകേ ച മധുരമത്യഭിഷ്യന്ദി ദോഷളമ്. 65
ദീപനീയമചക്ഷുഷ്യം ബാഡവം ദധി വാതളമ്
രൂക്ഷമുഷ്ണം കഷായഞ്ച കഫമൂത്രാപഹഞ്ച തൽ. 66
സ്നിഗ്ധം വിപാകേ മധുരം ബല്യം സന്തർപ്പണം ഗുരു
ചക്ഷുഷ്യമഗ്ര്യം ദോഷഘ്നം ദധി നാഗ്ര്യാ ഗുണോത്തരമ്. 67
ലഘു പാകേ വലാസഘ്നം വീര്യോഷ്ണം പക്തിനാശനമ്

തും വാതത്തെയും പിത്തത്തെയും നന്നാക്കുന്നതും വിശേഷിച്ചും കഫത്തെ വർദ്ധിപ്പിക്കുന്നതുമാകുന്നു. ഇതു വിശേഷിച്ചു സ്നിഗ്ധതയുള്ള വസ്തുവാകുന്നു. 63

ഒട്ടകത്തെർ പാകത്തിൽ ഏതുരസമുള്ളതും അല്പം ക്ഷാരസ്വഭാവത്തോടുകൂടിയതും വേഗം ദഹിക്കാത്തതും വയറിളക്കുന്നതുമാകുന്നു. അതു വാതം, അർശ്സ്സ്, കൃഷ്ണങ്ങൾ, കൃമികൾ, മഹോദരങ്ങൾ എന്നിവയെ നശിപ്പിക്കും. 64

ആവിയാട്ടിൻതെർ കഫത്തെയും വാതത്തെയും കോപിപ്പിക്കും. അർശ്സ്സുകളെ വർദ്ധിപ്പിക്കയും ചെയ്യും. അതു രസത്തിലും പാകത്തിലും മധുരവും ഘിറാറവും കഫസ്രവണത്തെ ഉണ്ടാക്കുന്നതും ദോഷങ്ങളെയുണ്ടാക്കിത്തീർക്കുന്നതുമാകുന്നു. 65

കുതിരത്തെർ ദീപനമുണ്ടാക്കും; കണ്ണിന്നു നന്നല്ല; വാതത്തെ വർദ്ധിപ്പിക്കും; അതു രൂക്ഷവും ഉഷ്ണവും ചവർപ്പുരസമുള്ളതും കഫത്തെയും മൂത്രത്തെയും കുറക്കുന്നതുമാകുന്നു. 66

മുലപ്പാൽകൊണ്ടുണ്ടാക്കുന്ന തെർ സ്നിഗ്ധമാകുന്നു; പാകത്തിൽ മധുരമാണ്; ബലവും തൃപ്തിയുമുണ്ടാക്കും; ഗുരുവാകുന്നു; കണ്ണിന്നു നല്ലതായ വസ്തുക്കളിൽ ഇതു ശ്രേഷ്ഠമാകുന്നു; ദോഷങ്ങളെ കളയും; തെരുകളിൽ വെച്ചു വളരെ ഗുണമുള്ളതും ശ്രേഷ്ഠവുമാകുന്നു. 67

ആനത്തെർ വേഗം ദഹിക്കുന്നതും ഉഷ്ണവീര്യമുള്ളതും കഫത്തെ

കഷായാനുരസം നാഗ്യാ ദധി വച്ഛ്വാവിവർദ്ധനമ്. 68
ദധീന്യുക്താനി യാനീഹ ഗവ്യാദീനി പൃഥക് പൃഥക്
വിദ്ധ്യേതേഷു സർവ്വേഷു ഗവ്യമേവ ഗുണാധികമ്. 69
വാതഘ്നാ കഫകൃൽ സ്നിഗ്ധം ബൃംഹണം ന ച പിത്തകൃൽ
കൃശ്യാദ്ഭക്തേതാഭിലാഷഞ്ച ദധി യൽ സുപരിസ്രുതമ്. 70
ശൃതാൽ ക്ഷീരാത്തു യജ്ജാതം ഗുണവദ്ദധി തൽ സ്മൃതമ്
വാതപിത്തഹരം രുച്യം ധാതുഗ്നിബലവർദ്ധനമ്. 71
ദ്ധ്യുഃ സരോ ഗുരുർവ്വഷ്യോ വിഷ്ടംഭീ വാതളമ്
ദീപനീയം ലഘുതരം സകഷായം രുചിപ്രദമ്. 73

കളയുന്നതും ആകുന്നു. അതു ഹേനഃക്കേടുണ്ടാക്കും; സേവിച്ചാൽ ഒടുക്കം അല്പം ഒരു ചവർപ്പുരസം തോന്നുന്നതാണ്; മലത്തെ വർദ്ധിപ്പിക്കയും ചെയ്യും. 68

ഇവിടെ വെവ്വേറെയായി പറഞ്ഞിട്ടുള്ള ഓരോജാതി ഔതൽകളിലും വെച്ചു ഗുണംകൊണ്ടു ശ്രേഷ്ഠമായിട്ടുള്ളതു് പശുവിൻപാലെന്നാറിയേണ്ടതാണു്. 69

നല്ല വൃത്തിയുള്ള ഒരു ശീലയിലൊഴിച്ചു് അരിച്ചെടുക്കുന്ന തൈർ ആഹാരത്തിനു രുചിയുണ്ടാക്കുന്നതാണു്. അതു വാതത്തെ നശിപ്പിക്കും; കഫത്തെ ഉണ്ടാക്കും; സ്നിഗ്ധതയുള്ളതാണു്; തടിപ്പിക്കും; പിത്തകരമല്ല. 70

കാച്ചിയപാലിൽ നിന്നുണ്ടാക്കുന്ന തൈരിനു ഗുണമധികമാകുന്നു. അതു വാതപിത്തങ്ങളെ കളയും; രുചിയെ ഉണ്ടാക്കും; ധാതുക്കളേയും ജഠരാഗ്നിയേയും ബലത്തേയും വർദ്ധിപ്പിക്കയും ചെയ്യും. 71

തൈരിന്റെ പാട ഗുരുത്വമുള്ളതും മൃഷ്ടാവും ശുക്ലത്തെ വർദ്ധിപ്പിക്കുന്നതും വായുവിനെ നശിപ്പിക്കുന്നതും അഗ്നിമാന്ദ്യമുണ്ടാക്കിത്തീർക്കുന്നതും കഫത്തെ വർദ്ധിപ്പിക്കുന്നതുമാകുന്നു. 72

പാടയെടുത്തിട്ടുള്ള തൈർ ശ്രുക്ഷവും മലമൂത്രങ്ങളെ തടുത്തുനിർത്തുന്നതും വിഷ്ടംഭത്തെ ഉണ്ടാക്കുന്നതും വാതത്തെ വർദ്ധിപ്പിക്കുന്നതും

ശരദ്ഗ്രീഷ്മവസന്തേഷു പ്രായശോ ദധി ഗർഹിതമ്
ഹേമന്തേ ശിശിരേ ചൈവ വർഷാസു ദധി ശസ്യതേ. 74
തൃഷ്ണാക്ലമഹരം മസ്തു ലഘു സ്രോതോവിശോധനമ്
അമ്ലം കഷായം മധുരമവൃഷ്യം കഫവാതനുൽ
പ്രാഗ്ഭാഗം പ്രീണനഞ്ച ഭിനത്ത്യാശു മലഞ്ച തൽ
ബലമാവഹതേ ചാപി ഭക്തച്ഛന്ദം കരോതി ച. 75
സാദ്ധ്വല്പമത്യല്പകമന്ദജാതം
തഥാ ശൃതക്ഷീരഭവം സരഞ്ച;
അസാരമേവം ദധി സപ്തധാസ്മിൻ
വർഗ്യേ സ്മൃതാ മസ്തുഗുണാസ്തഥൈവ. 76
ഇതി ദധിവർഗ്ഗഃ.

അതിവേഗത്തിൽ ദഹിക്കുന്നതും ദീപനശക്തിയെ ഉണ്ടാക്കുന്നതും കുറഞ്ഞൊന്നു ചവർപ്പുരസത്തോടുകൂടിയതും രുചിയുണ്ടാക്കുന്നതും ആകുന്നു. 73

ശരൽക്കാലത്തും ഗ്രീഷ്മകാലത്തും വസന്തകാലത്തും മിക്കവാറും തൈർ ഉപയോഗിച്ചുകൂടാത്തതാണ്. ഹേമന്തകാലത്തും ശിശിരകാലത്തും വർഷാകാലത്തും തൈർ ഉപയോഗിക്കുന്നതു നന്ന്. 74

തൈർവെള്ളം (മസ്തു) ലഘുവാകുന്നു. വെള്ളംദാഹത്തേയും തളർച്ചയേയും തീർക്കും. സ്രോതസ്സുകളെ ശുദ്ധിവരുത്തും. അതു പുളിരസവും ചവർപ്പുരസവും മധുരരസവും ഉള്ളതും കഫവാതങ്ങളെ കളയുന്നതുമാകുന്നു. ശുക്ലത്തെ വർദ്ധിപ്പിക്കയില്ല. മനസ്സിന് ആഹ്ലാദത്തെയും പ്രീതിയേയുമുണ്ടാക്കും. അത് ഉടനെ മലത്തെ ഇളക്കിക്കളയും. ബലമുണ്ടാക്കും. ആഹാരത്തിനു രുചിയുണ്ടാക്കുകയും ചെയ്യും. 75

ഈ ദധിവർഗ്ഗത്തിൽ മധുരമായ തൈർ, പുളിപ്പുള്ള തൈർ, അധികം പുളിപ്പുള്ള തൈർ, മന്ദജാതം, കാച്ചിയപാലിൽ നിന്നുണ്ടാക്കുന്ന തൈർ, തൈരിന്റെ പാട, പാട നീക്കിയ തൈർ എന്നിങ്ങിനെ ഏഴുതരം തൈരിന്റെ ഗുണങ്ങളേയും അപ്രകാരംതന്നെ തൈർവെള്ളത്തിന്റെ *ഗുണത്തേയും വിവരിച്ചുകഴിഞ്ഞു. 76
ഇങ്ങിനെ ദധിവർഗ്ഗം.

* തൈർവെള്ളവും മേൽപ്രകാരം ഏഴുവിധത്തിലാണെന്നറിയണം.

(ഗ). അഥ തക്രവർഗ്ഗഃ—തക്രം മധുരമ്ലം കഷായാനുരസമുഷ്ണ വീര്യം ലഘു രൂക്ഷമഗ്നിദീപനം ഗരശോഫാതിസാരഗ്രഹണീപാണ്ഡുരോഗാർശഃപ്ലീഹഗുല്മാരോചകവിഷമജ്വരനുത്തൃഷ്ണാച്ഛർദ്ദിപ്രസേകശൂലമേഹശുഷ്കാനിലഹരം മധുരവിപാകം പൂത്യം മൂത്രകൃച്ഛ്രസ്നേഹവ്യാപൽപ്രശമനമവൃഷ്യഞ്ച. 77

(ച). മന്ഥനാദിപൃഥക്കൃതസ്നേഹമേവോദകന്തു യൽ
വാതിസാരുദ്രവം തക്രം സ്വാദച്ഛം തുവരം രസേ.
യത്തു സസ്നേഹമജലം മഥിതം ഘോലമുച്യതേ
തക്രം നൈവ ക്ഷുതേ ദദ്യാന്നോഷ്ണകാലേ ന ദുഷ്ടയേ.

ഇനിതക്രവർഗ്ഗം—മോര് മധുരരസവും പുളിരസവുമുള്ളതാണ്. അതു സേവിച്ചാൽ അവസാനം ഒരു ചവർപ്പുരസം തോന്നുകയും ചെയ്യും. അതു ഉഷ്ണവീര്യമാകുന്നു. ലഘുവും രൂക്ഷവും അഗ്നിക്കു ദീപനശക്തിയുണ്ടാക്കുന്നതും ആകുന്നു. കൂടവിഷം, വീക്കം, അതിസാരം, ഗ്രഹണി, പാണ്ഡുരോഗം, അർശ്സ്സ്, പ്ലീഹ, ഗുല്മം, അരോചകം, വിഷമജ്വരം, വെള്ളംകോരൽ, ഛർദ്ദി, വായിൽനിന്നു വെള്ളംവരവു്, ശൂലം, മേദസ്സ്, കഫം, വാതം ഇവയെ നശിപ്പിക്കും. പാകത്തിൽ മധുരമാകുന്നു. പൂതിയെത്തിനു സന്തോഷമുണ്ടാക്കുന്നതാണ്. മൂത്രകൃച്ഛ്രത്തേയും സ്നേഹസേവയിൽ പിഴക്കുകനിമിത്തമുണ്ടാകുന്ന ഉപദ്രവങ്ങളേയും ശമിപ്പിക്കും. തുക്കുത്തെ വർദ്ധിപ്പിക്കയില്ല. 77

"തൈരിനു സമം വെള്ളം കലർന്നു് അതിനെ പാത്രത്തിലാക്കി കടഞ്ഞു വെണ്ണ വേർപെടുത്തിയെടുത്താൽ അതിനെയാണു് മോരു് എന്നു പറയേണ്ടതു്. അതിനു് അധികം കൊഴുപ്പും അധികം നേമ്മയും ഉണ്ടായിരിക്കയില്ല. അതിന്റെ രസം മധുരവും പുളിയും ചവർപ്പുമായിരിക്കും.

തൈരിൽ ഒട്ടും വെള്ളം ചേർക്കാതേയും വെണ്ണ വേർപെടുത്തിയെടുക്കാതേയും കടകോൽകൊണ്ടു നല്ലവണ്ണം കലക്കിയുണ്ടാക്കുന്ന മോരിനെ *ഘോലമെന്നു പറയുന്നു.

മുറിയേറിട്ടുള്ളവരും ബലമില്ലാത്തവരും മൂർച്ഛ, ഭ്രമം, പുളിച്ചുനീർ,

* ഇതിനു തൈരിനു പറഞ്ഞ ഗുണംതന്നെ.

ന മൂർച്ഛാഭ്രമദാഹേഷു ന രോഗേ രക്തപൈത്തികേ
ശീതകാലേഗ്നിമാന്ദ്യേ ച കഫോത്ഥേഷ്വാമയേഷു ച.
മാർഗ്ഗാവരോധേ ദുഷ്ടേ ച വായൌ തക്രം പ്രശസ്യതേ. 78
(ഗ). തൽ പുനർമ്മധുരം ശ്ലേഷ്മപ്രകോപണം പിത്തപ്രശമനം
ഞ്ച, അമ്ലം വാതഘ്നം പിത്തകരഞ്ച. 79
(പ). വാതേമ്ലം സൈന്ധവോപേതം സ്വാദു പിത്തേ സശർക്കരം
പിബേൽ തക്രം കഫേ ചാപി വ്യോഷക്ഷാരസമായുതം. 80
ഗ്രാഹിണീ വാതളാ രൂക്ഷാ ദുർജ്ജരാ തക്രകൂർച്ചികാ
തക്രാല്ലഘുതരോ മണ്ഡഃ കൂർച്ചികാദ്ധിതക്രജഃ.

രക്തപിത്തം ഈ രോഗങ്ങളുള്ളവരും തക്രം ഉപയോഗിച്ചുകൂടാ. ഉഷ്ണകാലങ്ങളിലും തക്രം ഉപയോഗിക്കുന്നതു ദോഷമാണ്".

തണുപ്പുകാലങ്ങളിലും അഗ്നിമാന്ദ്യമുള്ള സമയത്തും കഫജന്യമായ വല്ല രോഗവുമുള്ളപ്പോഴും മലമൂത്രാദികൾക്കു വല്ലവിധവും തടസ്ഥം നേരിട്ടിട്ടുണ്ടെങ്കിൽ അപ്പോഴും വയറ്റിൽ വായു ദുഷിച്ചിരിക്കുമ്പോഴും തക്രം ഉപയോഗിക്കുന്നതു വളരെ വിശേഷമാകുന്നു". 78

മധുരരസമുള്ളതായ തക്രം കഫത്തെ കോപിപ്പിക്കയും പിത്തത്തെ ശമിപ്പിക്കയും ചെയ്യും. പുളിരസമുള്ള തക്രം വാതത്തെ കളകയും പിത്തത്തെ ഉണ്ടാക്കയും ചെയ്യും. 79

"പുളിരസമുള്ള മോരിൽ ഇന്തുപ്പുകൂട്ടി കുടിക്കുന്നതു വാതത്തിനും മധുരമുള്ള മോരിൽ പഞ്ചസാരചേർത്തു കുടിക്കുന്നതു പിത്തത്തിനും ചുക്ക്, മുളക്, തിപ്പലി, ചവക്കാരം ഇവ പൊടിച്ചുകൂട്ടി മോരു കുടിക്കുന്നതു കഫത്തിനും നല്ലതാകുന്നു. 80

§തക്രകൂർച്ചിക, വേഗത്തിൽ ദഹിക്കാത്ത സാധനമാകുന്നു. ഇതു രൂക്ഷമായും വാതത്തെ ഉണ്ടാക്കുന്നതായും മലത്തെ തടഞ്ഞുനിർത്തുന്നതായും ഇരിക്കുന്നു.

മേൽപറഞ്ഞതക്രകൂർച്ചികയുടേയും ദധികൂർച്ചികയുടേയും* തെളിവെള്ളം മോരിനേക്കാൾ ലഘുവായിട്ടുള്ളതാണ്.

§ തക്രകൂർച്ചിക=കാച്ചിയ പാലിൽ മോരൊഴിച്ചു കഠിക്കിയുണ്ടാക്കുന്നതു്.
* തൈരും പാലും കൂട്ടിത്തിളപ്പിച്ചു കടകിയുണ്ടാക്കുന്നതു ദധികൂർച്ചികയും മോരും പാലും കൂട്ടികടകിയുണ്ടാക്കുന്നതു തക്രകൂർച്ചികയുമാകുന്നു.

ഗുരുഃ കിലാടോന്നിലഘാ പുംസ്ത്വനിഷ്പ്രഭഃ സ്മൃതഃ
മധുരൌ ബൃംഹണൌ വൃഷ്യൌ തദ്വൽ പീയൂഷമോരടൌ. 81

(ഗ). നവനീതം പുനഃ സദ്യസ്കം ലഘു സുകുമാരം മധുരം കഷായമീഷദമ്ലം ശീതളം മേധ്യം ദീപനം ഹൃദ്യം സംഗ്രാഹി പിത്താനിലഹരം വൃഷ്യമഗ്നിദാഹി ക്ഷയകാസശ്വാസവ്രണാർശോഽർദ്ദിതാപഹം ഗുരു കഫമേദോവിവർദ്ധനം ബലകരം ബൃംഹണം ശോഷഘ്നം വിശേഷതോ ബാലാനാം പ്രശസ്യതേ. ക്ഷീരാത്പുനർനവനീതമുൽകൃഷ്ടസ്നേഹം മാധു

*കിലാടം ഗുരുത്വമുള്ളതും വാതത്തെ ശമിപ്പിക്കുന്നതും സ്ത്രീസേവയിൽ ശക്തിയേയും ഓക്കത്തെയും ഉണ്ടാക്കുന്നതും ആകുന്നു.

$പീയൂഷത്തിന്റേയും മോരടത്തിന്റേയും ഗുണം കിലാടത്തിനു പറഞ്ഞതുപോലെത്തന്നെ. പീയൂഷവും മോരടവും മധുരരസമുള്ളവയും തടിപ്പിക്കുന്നവയും ശുക്ലത്തെ വർദ്ധിപ്പിക്കുന്നവയുമാകുന്നു". 81

ഏറ്റവും പുതിയ വെണ്ണ ലഘുവാകുന്നു. വെണ്ണ സാധാരണയായി മൃദുത്വമുണ്ടാക്കുന്നതായും മധുരമായും ഇരിക്കുന്നു. അതിനു ചവപ്പുരസവും കുറെ ഒരു പുളിരസവുമുണ്ട്; ശീതവീര്യമാണ്; ബുദ്ധിയെ ഉണ്ടാക്കും; ദീപനശക്തിയേയും ഹൃദയത്തിനു പ്രിയത്തേയുമുണ്ടാക്കും; മലബന്ധമുണ്ടാക്കുകയും പിത്തദോഷത്തെയും വാതദോഷത്തെയും നശിപ്പിക്കുകയും ചെയ്യും. ശുക്ലത്തെ വർദ്ധിപ്പിക്കും; ഉൾപുഴുക്കളുണ്ടാക്കുകയില്ല; ക്ഷയം, കാസം, ശ്വാസം, അർശ്സ്സ്, വ്രണം, അർദ്ദിതം എന്നീ രോഗങ്ങളെ ശമിപ്പിക്കയും ചെയ്യും. അതു ഗുരുവായിരിക്കും. അതു കഫത്തേയും മേദസ്സിനേയും വർദ്ധിപ്പിക്കയും ബലമുണ്ടാക്കുകയും തടിപ്പിക്കുകയും ശോഷത്തെ കളയുകയുംചെയ്യും. കുട്ടികൾക്കു ഇതു വിശേഷിച്ചും നല്ലതാകുന്നു.

പാലിൽനിന്നു കടഞ്ഞെടുക്കുന്ന വെണ്ണക്കു തൈരിൽനിന്നെടുക്കുന്ന വെണ്ണയേക്കാൾ സ്നിഗ്ദ്ധതയും മധുരവും തണുപ്പും അധികമുണ്ടായി

* പാലും അധികം മോരും കൂട്ടിക്കുറുക്കി പാലിന്റെ അംശം കുറുകിയാൽ വാങ്ങി തെളിയൂറിക്കളഞ്ഞാൽ ശേഷിച്ച പിണ്ഡത്തിനു 'കിലാട്' എന്നു പേർ. ഇതിനെ 'ക്ഷീരകൂർച്ചിക' യെന്നും പറയപ്പെടുന്നു.

$ പശു പ്രസവിച്ചു ഏഴു ദിവസത്തിനുള്ളിൽ കറക്കുന്ന പാൽ 'പീയൂഷം'; അതിനു ശേഷം പാൽ നല്ലവണ്ണം തെളിയുംമുമ്പെ കറന്നെടുക്കുന്നു 'മോരടം'.

യ്യുഷ്ണമതിശീതം സൌകുമാര്യകരം ചക്ഷുഷ്യം സംഗ്രാഹി രക്തപിത്തനേത്രരോഗഹരം പ്രസാദനഞ്ച. 82

സന്താനികാ പുനർവ്വാതഘ്നീ തർപ്പണീ ബല്യാ വൃഷ്യാ സ്നിഗ്ദ്ധാ രുച്യാ മധുരാ മധുരവിപാകാ രക്തപിത്തപ്രസാദനീ ഗുർവ്വീ ച. 83

(പ). വികല്പ ഏഷ ദധ്യാദിഃ ശ്രേഷ്ഠോ ഗവ്യാഭിവർണ്ണിതഃ
വികല്പാനവശിഷ്ടാംസ്തു ക്ഷീരവീര്യാൽ സമാദിശേൽ. 84

ഇതി തക്രവർഗ്ഗഃ.

(ഗ). അഥ ഘൃതവർഗ്ഗഃ — ഘൃതന്തു സൌമ്യം ശീതവീര്യം മൃദു മധുരമല്പാഭിഷ്യന്ദി സ്നേഹനമുദാവർത്താപസ്മാരശൂലജ്വരാനാഹ

രിക്കും. അതു ദേഹത്തിന്നു മാർദ്ദവമുണ്ടാക്കിത്തീർക്കും. കണ്ണിന്നു നന്നു മല്പമന്ദമുണ്ടാക്കും. രക്തപിത്തത്തെയും നേത്രരോഗത്തെയുംകളയും. രക്തത്തെയും പിത്തത്തെയും കണ്ണിനേയും *തെളിയിക്കും. 83

പാലിന്റെ പാടവാതത്തെക്കളയും. തൃപ്തിയെ ഉണ്ടാക്കുന്ന വസ്തുവാണു്. അതു മധുരവും സ്നിഗ്ദ്ധവും പാകത്തിൽ മധുരവും ഗുരുതപ്പമുള്ളതുമാണു്. ബലത്തെയും ശുക്ലത്തെയും നാവിന്നു രുചിയേയും ഉണ്ടാക്കും. രക്തത്തെയും പിത്തത്തെയും തെളിയിക്കയും ചെയ്യും. 83

"ആദ്യം പറഞ്ഞിട്ടുള്ള ക്ഷീരവർഗ്ഗത്തിൽ ഏല്ലാറ്റിലും വെച്ചു പശുവിൻപാലിന്നു പ്രാധാന്യമുള്ളതുകൊണ്ടു് ഇവിടെ ഗുണവിവരണം ചെയ്യിട്ടുള്ളതൊക്കയും പശുവിന്റെ പാലിൽനിന്നുണ്ടാക്കുന്ന തൈർ മോർ മുതലായവയെ പറ്റിയാണെന്നു അറിഞ്ഞുകൊള്ളണം. ആട്ടിന്റെയും മറ്റും പാലുകൊണ്ടുണ്ടാക്കുന്ന മോർ മുതലായതുകൾക്കു് അതാതു പാലിന്നു പറഞ്ഞിട്ടുള്ള ഗുണങ്ങൾ തന്നെയാണുള്ളതെന്നും മനസ്സിലാക്കേണ്ടതാണു്. 84

ഇങ്ങിനെ തക്രവർഗ്ഗം.

—*—

ഇനി ഘൃതവർഗ്ഗം — ഘൃതം (നെയ്യു്) സൌമ്യവർഗ്ഗത്തിൽപ്പെട്ടതാണു് ശീതവീര്യമാകുന്നു. അതു മൃദുവാകുന്നു. മധുരരസത്തോടുകൂടിയതാണു്. അഭിഷ്യന്ദമുണ്ടാക്കുകയില്ല. ദേഹത്തിൽ സ്നേഹശക്തിയെ (മെഴുക്കു്) വർദ്ധിപ്പിക്കും. അതു ഉദാവർത്തം, ഉന്മാദം, അപസ്മാരം, ശൂലം, ജ്വരം (ജീർണ്ണജ്വരം), വയറുവീർപ്പു്, വാതം, പിത്തം എന്നിവ

---

* വർണ്ണം മാത്രം തെളിയിക്കുമെന്നു ചിലർ വിചാരിക്കുന്നു.

വാതപിത്തപ്രശമനമഗ്നിദീപനം സ്മൃതിമതിമേധാകാന്തിസ്വരലാവണ്യ
സൌകുമാര്യൌജസ്സുജോബലകരമായുഷ്യം വൃഷ്യം മേധ്യം വയഃസ്ഥാ
പനം ഗുരു ചക്ഷുഷ്യം ശ്ലേഷ്മാഭിവർദ്ധനം പാഷ്മാലക്ഷ്മീപ്രശമനം വി
ഷഹരം രക്ഷോഘ്നമുത്തമം. 85

(ച). വിപാകേ മധുരം ശീതം വാതപിത്തവിഷാപഹമ്
ചക്ഷുഷ്യമഗ്ര്യം ബല്യഞ്ച ഗവ്യം സർപ്പിർഗുണോത്തരമ്. 86
ആജം ഘൃതം ദീപനീയം ചക്ഷുഷ്യം ബലവർദ്ധനമ്
കാസേ ശ്വാസേ ക്ഷയേ ചാംഗി പഥ്യം പാകേ ച തദ്ഘൃതം. 87
മധുരം രക്തപിത്തഘ്നം ഗുരു പാകേ കഫാവഹമ്
വാതപിത്തപ്രശമനം സുശീതം മാഹിഷം ഘൃതമ്. 88

ക്കയ ശമിപ്പിക്കും. ജഠരാഗ്നിക്കു *ദീപനശക്തിയുണ്ടാക്കുകയും ചെയ്യും. ഓർമ്മശക്തി, ബുദ്ധി, ധാരണശക്തി, ദേഹകാന്തി, സ്വരമാർദ്ദവം, സൌന്ദര്യം, അംഗങ്ങൾക്കു മൃദുത്വം, ഓജസ്സ്, തേജസ്സ്, ബലം എന്നിവ കയ ഉണ്ടാക്കും. ആയുസ്സിനേയും ശുക്ലത്തയും വർദ്ധിപ്പിക്കും. പുരിഗുരുത്വമാകുന്നു. യൌവനത്തെ നിലനിർത്തും. വേഗം ദഹിക്കയില്ല. കണ്ണിന്നു നന്ന്. കഫത്തെ വർദ്ധിപ്പിക്കും. പാപത്തേയും അലക്ഷ്മിയേയും നശിപ്പിക്കും. വിഷത്തയും ഭൂതപിശാചാദിബാധകളേയും ശമിപ്പിക്കയും ചെയ്യും. 85

"മേൽപറഞ്ഞതു നെയ്യിന്നുള്ള സാധാരണഗുണങ്ങളെയാണ്. പശുവിൻനെയ്യു മറ്റനെയ്യുകളിൽവെച്ച് അധികം ഗുണമുള്ളതാകുന്നു. അതു പാകത്തിൽ മധുരവും ശീതവീര്യവും ആകുന്നു. വാതം, പിത്തം, വിഷം ഇവയെക്കളയും. അതു മറ്റുള്ളവയേക്കാൾ അധികം കണ്ണിന്നു ഗുണത്തേയും ദേഹബലത്തേയും വർദ്ധിപ്പിക്കുന്നതാണ്. 86

ആട്ടിൻനെയ്യു ദീപനശക്തിയേയും ദേഹബലത്തേയും നേത്രശക്തിയേയും വർദ്ധിപ്പിക്കും. അതു കാസരോഗത്തിലും ശ്വാസരോഗത്തിലും ക്ഷയരോഗത്തിലും നല്ലതാണ്. പാകത്തിൽ ലംഘനംചെയ്തിട്ടുള്ളതാണ്. 87

എരുമനെയ്യു മധുരരസമുള്ളതാണ്. രക്തപിത്തത്തെ ശമിപ്പിക്കും. പാകത്തിങ്കൽ ഗുരുവാണ്. കഫത്തെ ഉണ്ടാക്കും. വാതപിത്തങ്ങളെ ശമിപ്പിക്കും. വളരെയും ശീതവീര്യമാകുന്നു. 88

---

* വായുദോഷംകൊണ്ടുള്ള അഗ്നിമാന്ദ്യം കളയും. മറ്റുള്ള അഗ്നിമാന്ദ്യങ്ങൾക്കു നന്നല്ല.

ഔഷ്ണ്യം കടുരസം പാകേ ശോഫക്രിമിവിഷാപഹമ്
ദീപനം കഫവാതഘ്നം കുഷ്ഠഗ്ലപ്ലോദരാപഹമ്. 89
പാകേ ലഘ്വവികം സർപ്പിർന്ന ച പിത്തപ്രകോപണമ്
കഫേനിലേ യോനിദോഷേ ശോഷേകന്വേ ച തദ്ധിതമ്. 90
പാകേ ലഘ്വുഷ്ണവീര്യഞ്ച കഷായം കഫനാശനമ്
ദീപനം ബദ്ധമൂത്രഞ്ച വിദ്യാദ്ഗൈകശഫം ഘൃതമ്. 91
ചക്ഷുഷ്യമഗ്ര്യം സ്ത്രീണാന്തു സർപ്പിഃ സ്യാദമൃതോപമമ്
വൃദ്ധിം കരോതി ദേഹാഗ്ന്യോർഘൃതപാകം വിഷാപഹമ്. 92
കഷായം ബദ്ധവിൺമൂത്രം തിക്തമഗ്നികരം ലഘു
ഹന്തി കാരേണവം സർപ്പിഃ കഫകുഷ്ഠവിഷക്രിമീൻ. 93

ഒട്ടകത്തിന്റെ നെയ്യു പാകത്തിൽ ഏതുരസത്തോടുകൂടിയിരിക്കും. അതു വീക്കം, കൃമി, വിഷം ഇവയെ കളയും. ദീപനമുണ്ടാക്കും. കഫവാതങ്ങളെ ശമിപ്പിക്കും. കുഷ്ഠം, ഗ്രന്ഥി, മഹോദരം ഇന്നീരോഗങ്ങളെ നശിപ്പിക്കയും ചെയ്യും.. 89

ആവിയാട്ടിൻനെയ്യു പാകത്തിൽ ലഘുവാകുന്നു. അതു പിത്തത്തെ കോപിപ്പിക്കയില്ല. കഫത്തിങ്കലും വാതത്തിങ്കലും യോനിരോഗത്തിലും നന്നു്. ദേഹം മെലിഞ്ഞവർക്കും ദേഹത്തിൽ വിറയലുള്ളവർക്കും ഈ നെയ്യു ഗുണമുണ്ടാക്കുന്നതാണു്. 90

ഒറ്റക്കുളമ്പുള്ള ജന്തുക്കളുടെ (കുതിര മുതലായവയുടെ) നെയ്യു പാകത്തിൽ ലഘുവും ഉഷ്ണവീര്യവും ചവർപ്പുരസമുള്ളതും ആകുന്നു. ദീപനമുണ്ടാക്കും. കഫത്തെ നശിപ്പിക്കും. മൂത്രത്തെ ബന്ധിക്കുകയും ചെയ്യും. 91

മുലപ്പാലിൽനിന്നെടുക്കുന്ന നെയ്യു കണ്ണിനു വളരെ നല്ലതാകുന്നു. അതു് അമൃതിനു തുല്യമാണു്: ദേഹത്തിനേയും ജഠരാഗ്നിയേയും വളർത്തും. പാകത്തിങ്കൽ ലഘുവാകുന്നു. വിഷത്തെ കളകയുംചെയ്യും.92

ആനയുടെ ചവർപ്പുരസവും കയ്പുരസവുമുള്ളതും മലമൂത്രങ്ങളെ ബന്ധിക്കുന്നതും ആകുന്നു. അതു വേഗം ദഹിക്കുന്നതും ദഹനശക്തിയെ വർദ്ധിപ്പിക്കുന്നതുമാണു്. കഫം, കുഷ്ഠം, വിഷം, കൃമി എന്നിവയെ ശമിപ്പിക്കയും ചെയ്യും". 93

(ഗ) ക്ഷീരംഘൃതം പുനഃ സംഗ്രാഹി രക്തപിത്തഭ്രമമൂർച്ഛാപ്രശമനം നേത്രരോഗഹിതഞ്ച. 94

സർപ്പിർമ്മണ്ഡസ്തു മധുരഃ സരോ യോനിശ്രോത്രാക്ഷിശിരസാം ശൂലഘ്നോ വസ്തിനസ്യാക്ഷിപ്രപൂരണേഷൂപദിശ്യതേ. 95

സർപ്പിഃ പുരാണം സ്വരം കടുവിപാകം ത്രിദോഷാപഹം മൂർച്ഛാമേദോന്മാദോരജ്വരഗരശോഫാപസ്മാരയോനിശ്രോത്രാക്ഷിശിരഃശൂലഘ്നം ദീപനം വസ്തിനസ്യാക്ഷിപൂരണേഷൂപദിശ്യതേ. 96

ഭവന്തി ചാത്ര—(പ)

പുരാണം തിമിരശ്വാസപീനസജ്വരകാസനുൽ
മൂർച്ഛാകൃച്ഛ്രവിഷോന്മാദഗ്രഹാപസ്മാരനാശനമ്. 97
പക്വകാശശതഞ്ചൈവ വത്സരാനുഷിതം ഘൃതമ്

പാൽ കടഞ്ഞ വെണ്ണയുരുക്കിയുണ്ടാക്കുന്ന നെയ്യ് മലബന്ധമുണ്ടാക്കുകയും രക്തപിത്തം, ഭ്രമം, മൂർച്ഛ ഇവയെ ശമിപ്പിക്കുകയും ചെയ്യും. നേത്രരോഗങ്ങൾക്കു നല്ലതാകുന്നു. 94

നെയ്യിന്റെ തെളി മധുരവും വിരേചനമുണ്ടാക്കുന്നതുമാകുന്നു. യോനിപ്രദേശത്തിലും ചെവിയിലും കണ്ണിലും ശിരസ്സിലുമുണ്ടാകുന്ന വേദനയെ തീർക്കും. അതു വസ്തിചെയ്യാനും നസ്യം ചെയ്യാനും കണ്ണിൽ നിത്തുവാനും ഉപയോഗമുള്ളതാണ്. 95

പഴയ (പതിനഞ്ചിലധികം കൊല്ലം പഴകിയ) നെയ്യു വിരേചനമുണ്ടാക്കും. പാകത്തിൽ ഏറുവാകുന്നു. മൂന്നു ദോഷങ്ങളേയും ശമിപ്പിക്കും. മോഹാലസ്യം, മേദസ്സിന്റെ ദോഷം, ഉന്മാദം, മഹോദരം, ജ്വരം, കൂട്ടുവിഷം, വിക്കം, അപസ്മാരം, യോനിയിലും ചെവിയിലും കണ്ണിലും തലയിലുമുള്ള വേദന ഇവയെ കളയും. ദീപനമുണ്ടാക്കും. ഇതും വസ്തിചെയ്യാനും നസ്യം ചെയ്യാനും കണ്ണിൽ നിത്താനും ഉപയോഗിക്കുന്നതു നന്നു്. 96

"പഴയനെയ്യു തിമിരം, ശ്വാസം, കാസം, പീനസം, ജ്വരം, മൂർച്ഛ, കൃഛ്രം, വിഷം, ഉന്മാദം, ഗ്രഹപീഡ, അപസ്മാരം എന്നിവയെ ശമിപ്പിക്കും. 97

നൂറിപ്പതിനൊന്നു കൊല്ലം പഴകിയ നെയ്യിനു "കുംഭസർപ്പി

രക്ഷോഘ്നം കുംഭസപ്പിഃ സ്യാൽ പരതസ്തു മഹാഘൃതമ്.
പേയം മഹാഘൃതം ഭ്രൗതൈഃ കഫഘ്നം പവനാധികൈഃ
ബലൃം പവിത്രം മേധ്യഞ്ച വിശേഷാൽ തിമിരാപഹമ്
സർവ്വഭ്രതഹരഞ്ചൈവ ഘൃതമേതൽ പ്രശസ്യതേ. 98

ഇതി ഘൃതവർഗ്ഗഃ.

—*—

(ഗ). അഥ തൈലവർഗ്ഗഃ— തൊതലന്താഗ്നേയമുഷ്ണം തീക്ഷ്ണം മധുരം മധുരവിപാകം ബൃംഹണം പ്രീണനം വ്യവായി സൂക്ഷ്മം വിശദം ഗുരു സരം വികാസി വൃഷ്യം ത്വക്പ്രസാദനം മേധ്യമാർത്തവമാംസസ്ഥൈര്യവർണ്ണബലകരം ചക്ഷുഷ്യം ബദ്ധമൂത്രം. ലേഖനം തിക്തകഷായാനുരസം പാചനമനിലവലാസക്ഷയകരം കൃമിഘ്നമശീതപിത്തജ്വര

സ്സ്” എന്നു പേരാകുന്നു. ഇതു ഭ്രതപ്രേതപിശാചാദിബാധകൾക്കു വളരെ വിശേഷമാണ്.

അതിലുമധികം കൊല്ലം പഴക്കം ചെന്നിട്ടുള്ള നെയ്യിനെ “മഹാഘൃത”മെന്നു പേർ പറയുന്നു. വാതത്തിന്റെ ദോഷമധികമുള്ളവർ ഇതിനെ സേവിക്കേണ്ടതാണ്. ഇതു കഫത്തെ നശിപ്പിക്കയും ചെയ്യും. ബലത്തേയും ബുദ്ധിയേയും ഇതു വർദ്ധിപ്പിക്കും. വളരെ പരിശുദ്ധമായിട്ടുള്ളതും വിശേഷിച്ചു തിമിരത്തെ കളയുന്നതും എല്ലാ ഭ്രതബാധകളേയും ശമിപ്പിക്കുന്നതുമാകുന്നു. ഈ നെയ്യ് എറ്റവും വിശേഷപ്പെട്ട ഒന്നാണ്”. 98

ഇങ്ങിനെ ഘൃതവർഗ്ഗം.

—*—

ഇനി തൈലവർഗ്ഗം— *തൈലം ആഗ്നേയവർഗ്ഗത്തിൽ ചേർന്നതാകുന്നു. അതു ഉഷ്ണമായും തീക്ഷ്ണമായും ഇരിക്കുന്ന ഒരു വസ്തുവാകുന്നു. രസത്തിങ്കലും വിപാകത്തിങ്കലും മധുരമാകുന്നു. ദോഷത്തെ തടിപ്പിക്കും. പ്രീതിയെ ഉണ്ടാക്കും. ദേഹത്തിലുള്ള സൂക്ഷ്മഭാഗങ്ങളിലെല്ലാം വ്യാപിക്കാനുള്ള ശക്തി അതിനുണ്ട്. സൂക്ഷ്മസ്രോതസ്സുകളുള്ളതാകുന്നു. വിശദ (തെളിമയുള്ളത്)വും ഗുരുവും വിരേചനശക്തിയുള്ളതും അസ്ഥിസന്ധികളിൽ വ്യാപിച്ചു അവയെ എളുപ്പത്തിൽ വ്യാപരിപ്പിക്കുന്നതിനു കഴിവുള്ളതും ശുക്ലത്തെ വർദ്ധിപ്പിക്കുന്നതും ത്വക്കിനു പ്രസാദമുണ്ടാക്കുന്നതുമാകുന്നു. അതു ധാരണശക്തിയേയും അംഗങ്ങൾക്കു മൃദുത്വത്തേയും

---

* “തിലാദ്യസ്നിഗ്ധവസ്തൂനാം സ്നേഹസ്സൂക്ഷ്മമുദാഹൃതഃ”.

നം യോനിശിരഃകർണ്ണശൂലപ്രശമനം ഗർഭാശയശോധനഞ്ച. തത്ര ഛിന്നഭിന്നവിഭ്രഷ്ടപരിച്യുതമഥിതക്ഷതപിച്ഛിതഭഗ്നസ്ഫുടിതക്ഷാരാഗ്നിദഗ്ധവിശ്ലിഷ്ടദാരിതാഭിഘതദുർഭഗാമൃഗവ്യാളവിഷ്ടപ്രഭൃതിഷു, പരിഷേകാഭ്യംഗാവഗാഹേഷു ച തിലതൈലം പ്രശസ്യതേ.

(ച). തദ്വത്സ്നിഷു ച പാനേ ച നസ്യേ കർണ്ണാക്ഷിപൂരണേ

മാംസത്തിന്ന് ഊപ്പിനേയും ബലത്തെയും വർണ്ണപ്രസാദത്തെയുമുണ്ടാക്കും. കണ്ണിന്ന നല്ലതാണ്. മൂത്രത്തെ തടസ്ഥപ്പെടുത്തുകയും മേദസ്സിനെ ദ്രവിപ്പിച്ചുകളകയും ചെയ്യും. തൈലം സേവിച്ചാൽ ഒടുക്കം ഒരു ചവർപ്പുരസവും കയ്പുരസവും തോന്നും. അതിന്ന പാകംചെയ്യാനുള്ള ശക്തി(പഴക്കിക്ക മുതലായതു്)യുണ്ട്. വാതത്തെയും അതോടുകൂടിയ കഫത്തെയും ക്ഷയിപ്പിക്കും. കൃമികളെ നശിപ്പിക്കും. *ശീതപിത്തമെന്ന വ്യാധിയെ ഉണ്ടാകാതെയാക്കും. യോനി, ശിരസ്സ്, കണ്ണ് എന്നീ പ്രദേശങ്ങളിലുള്ള വേദനയെ ശമിപ്പിക്കും. ഗർഭാശയത്തെ ശുദ്ധിവരുത്തുകയും ചെയ്യും.

അംഗങ്ങൾ വേർപെട്ടുപോവുക, പിളരുക, തുളയുക, പൊടിയുക, സ്ഥാനത്തുനിന്ന കീഴ്പോട്ട തൊറുക, നുറുങ്ങുക (മഥിതം), വ്രണപ്പെടുക, കന്നുക (പിച്ഛിത), ഒടിയുക, ചിതറുക (സ്ഫുടിത), ക്ഷാരംകൊണ്ടോ അഗ്നികൊണ്ടോ പൊള്ളുക, സന്ധികളും മാറും തെറ്റുക, കീറുക, ചതയുക, ക്രമക്കേടായ വിധം അംഗങ്ങൾ ഒടിയുക, മൃഗങ്ങളോ നരി മുതലായതുകളോ കടിച്ചു മുറിയാവുക എന്നിങ്ങിനെയുള്ള ഉപദ്രവങ്ങളുണ്ടായാൽ എള്ളിന്റെ എണ്ണകൊണ്ട് ധാരചെയ്യുകയും അതുമേൽ തേച്ചു കുളിക്കുകയും മറ്റും ചെയ്യുന്നത് വളരെ ഗുണമുണ്ടാകുന്നതാണ്.

"എള്ളെണ്ണ വസ്തിചെയ്യാനും അകത്തു സേവിക്കാനും നസ്യം ചെയ്യാനും കാതിലും കണ്ണിലും നിറ്റുവാനും ഉപയോഗിക്കുന്നതുകൊ

---

* മൂലം "അശിതപിത്തജനനം" എന്നാണ്. ശീതശബ്ദത്തിന്ന് തന്മാത്രകരണം എന്നർത്ഥമാകുന്നു; അല്പമായ തന്മാത്രകരണത്തെയും (മെലിച്ചിൽ) പിത്തത്തെയും ഉണ്ടാക്കുന്നതു് എന്നു താൽപര്യവുമാകുന്നു; എന്ന ദല്ലനുമതം. "അശിതം പിത്തജനനം" എന്ന രണ്ടായി ഖണ്ഡിച്ചും പാഠമുണ്ട്. അതു പൂർവ്വാചാര്യസമ്മതമല്ല. തജ്ജന്മയിൽ ഭാഷ്യപക്ഷമെടുത്തിരിക്കുന്നു.

അന്നപാനവിധൌ ചാപി പ്രയോജ്യം വാതശാന്തയേ. 99

(ഗ). ഏരണ്ഡതൈലം മധുരമുഷ്ണം തീക്ഷ്ണം ദീപനം കടുകഷായാനുരസം സൂക്ഷ്മം സ്രോതോവിശോധനം തച്യം വൃഷ്യം മധുരവിപാകം വയഃസ്ഥാപനം യോനിശുക്ലവിശോധനമാരോഗ്യമേധാകാന്തിസ്മൃതിബലകരം വാതകഫഹരമധോഭാഗദോഷഹരഞ്ച. 100

നിംബാതസീകുസുംഭമൂലകജീമൂതകവൃക്ഷകകൃതവേധനാക്കുംഭില്ലകഹസ്തികർണ്ണപൃഥ്വീകാപിലുകരഞ്ജംഗ്രന്ഥീശിഗ്രുസഷ്പസുവർച്ചലാവിഡംഗജ്യോതിഷ്മതീഫലതൈലാനി തീക്ഷ്ണാനി ഉഷ്ണാന്യുഷ്ണവീര്യാണി കടൂനി കടുവിപാകാനി സരാണ്യനിലകഫക്രിമികുഷ്ഠപ്രമേഹശിരോരോഗഹരാണി ചേതി. 101

ണ്ടും അന്നത്തിൽ ചേർത്തിട്ടോ പാനീയങ്ങളിൽ കലർന്നോ സേവിക്കുന്നതുകൊണ്ടും വാതം ശമിക്കും". 99

ആവണക്കെണ്ണ മധുരരസമാകുന്നു. അതു സേവിച്ചതിനുശേഷം ഒരു ചവർപ്പുരസവും എരുവുരസവും തോന്നും. അത് ഉഷ്ണവും തീക്ഷ്ണവും ദീപനശക്തിയുണ്ടാക്കുന്നതും ചെറിയ സ്രോതസ്സുകളിൽ വ്യാപിക്കുന്നതും സ്രോതസ്സുകളെ ശുദ്ധിവരുത്തുന്നതും ത്വക്കിനു ഗുണമുണ്ടാക്കുന്നതും ശുക്ലം വർദ്ധിപ്പിക്കുന്നതും പാകത്തിൽ മധുരമായിരിക്കുന്നതും യൌവനത്തെ നിലനിർത്തുന്നതും യോനിയേയും ശുക്ലത്തേയും ശുദ്ധിവരുത്തുന്നതും ദേഹത്തിനു് ആരോഗ്യത്തേയും ബുദ്ധിക്കു ധാരണശക്തിയേയും ദേഹത്തിനു പ്രീതിയേയും ഓമ്മശക്തിയേയും അംഗങ്ങൾക്കു ബലത്തേയും ഉണ്ടാക്കുന്നതും ആകുന്നു. അതു വാതത്തേയും കഫത്തേയും കളയും. ദേഹത്തിന്റെ അധോഭാഗത്തിലുള്ള ദോഷങ്ങളെ (വിരേചനം ചെയ്യും) ഇളക്കിക്കളയുന്നതുമാകുന്നു. 100

വേപ്പിൻകുരു, ആശാരിക്കുരു, കുയുമ്പിൻകുരു (കുസുംഭ), മുള്ളങ്കി, ദേവതാളിയരി, കുടകപ്പാലരി, വൃത്തൽപിരത്തിൻകുരു, ഏരുക്കിൻകുരു, കുമ്പിപ്പാലക്കുരു, പ്ലാശിൻകുരു, കരഞ്ചിരകം, ഉകക്കുരു, ഉങ്ങിൻകുരു, ഓടക്കുരു, മുരിങ്ങക്കുരു, കടുക്, തൊഴുകണ്ണിക്കുരു, വിഴാലരി, ചെറുപുന്നയരി ഏന്നീ പദാർത്ഥങ്ങളിൽനിന്നെടുക്കുന്ന എണ്ണകൾ തീക്ഷ്ണങ്ങളും ലഘുക്കളും ഉഷ്ണവീര്യങ്ങളും രസത്തിലും പാകത്തിലും ഏരുവോടുകൂടിയവയും വിരേചനശക്തിയുള്ളവയും വാതം, കഫം, കൃമി, കുഷ്ഠം, പ്രമേഹം, ശിരോരോഗം എന്നിവയെ നശിപ്പിക്കുന്നവയും ആകുന്നു. 101

(ച). വാതഘ്നം മധുരം തേഷു ക്ഷൌമം തൈലം ബലാവഹമ്
കടുപാകമചക്ഷുഷ്യം സ്നിഗ്ധോഷ്ണം ഗുരു പിത്തളമ്. 102
കൃമിഘ്നം സാഷ്ടപം തൈലം കണ്ഡൂകുഷ്ഠാപഹം ലഘു
കഫമേദോനിലഹരം ലേഖനം കടു ദീപനമ്. 103
കൃമിഘ്നമിംഗുദീതൈലമീഷത്തിക്തം തഥാ ലഘു
കുഷ്ഠാമയക്രിമിഹരം ദുഷ്ടിശുക്ലബലാപഹമ്. 104
വിപാകേ കടുകം തൈലം കൌസുംഭം സർഷ്വദോഷകൃൽ
രക്തപിത്തകരം തീക്ഷ്ണമചക്ഷുഷ്യം വിദാഹി ച. 105

(ഗ). കിരാതതിക്തകാതിമുക്തകവിഭീതകനാരികേളകോലാക്ഷോ ഡജീവന്തീപ്രിയാളകമ്പില്ലോരസുഷ്യവല്ലിത്രപുസൈവ്വാരുകകക്കാരുക്ഷു – ഷ്മാണ്ഡപ്രഭൃതീനാം തൈലാനി മധുരാണി മധുരവിപാകാനി വാ

"അവയിൽവെച്ച് അഗശിയുടെ എണ്ണ വാതത്തെ കളയും. മധുരമാണ്. ദേഹബലത്തെ ഉണ്ടാക്കും. പാകത്തിൽ എരുവുരസമുള്ളതും കണ്ണിനു നന്നല്ലാത്തതും സ്നിഗ്ധവും ഉഷ്ണവുമായിരിക്കുന്നതും ഗുരുതപമുള്ളതും പിത്തത്തെ വർദ്ധിപ്പിക്കുന്നതും ആകുന്നു. 102

കടുകെണ്ണ കൃമികളെ നശിപ്പിക്കും; ചൊറി, കുഷ്ഠം, കഫം, മേദസ്സ്, വാതം എന്നിവയെ കളയും; ദോഷങ്ങളെ ദ്രവിപ്പിച്ചകളകയും ചെയ്യും. അതു ലഘുവും എരുവുരസമുള്ളതും ദീപനമുണ്ടാക്കുന്നതുമാകുന്നു. 103

ഓടതൈത്തലം കൃമികളെ കളയുന്നതും അല്പമായ കയ്പുരസമുള്ളതും ലഘുവായിട്ടുള്ളതുമാകുന്നു. അതു കുഷ്ഠരോഗം, കൃമി എന്നിവയെ നശിപ്പിക്കും. കണ്ണിനു കാഴ്ച കുറയ്ക്കും. ശുക്ലത്തെയും ദേഹബലത്തെയും ക്ഷയിപ്പിക്കയും ചെയ്യും. 104

കുയുമ്പുതൈത്തലം പാകത്തിൽ കടുരസമാകുന്നു. അതു് എല്ലാ ദോഷത്തെയുമുണ്ടാക്കും. രക്തപിത്തത്തെയുണ്ടാക്കും. കണ്ണിനു നല്ലതല്ല. അതു വിദാഹത്തെ ഉണ്ടാക്കുന്നതും തീക്ഷ്ണവുമാകുന്നു". 105

നിലവേപ്പ്, പനച്ചി, താന്നി, നാളികേരം, ലതക്കരു, മലയുകു, മഞ്ഞപ്പൂവുള്ള അടപതിയൻ, മുരിങ്ങ, മലയകത്തി, കുഡുംബിനി (സൂഴ്വള്ളി), കക്കരി, വെള്ളരി, ചെറിയ കുമ്പളം, വലിയ കുമ്പളം ഇവയുടെ വിത്തിൽനിന്നെടുക്കുന്ന എണ്ണകൾ രസത്തിലും വിപാകത്തിലും

തപിത്തപ്രശമനാനി ശീതവീര്യാണ്യഭിഷ്യന്ദീനി സ്വഷ്ടവിണ്മൂത്രാണ്യഗ്നിസാദനാനി ചേതി. 106

മധൂകകാഷ്ഠാശ്മപലാശതൈലാനി മധുരകഷായാണി കഫപിത്തപ്രശമനാനി. 107

തുവരകഭല്ലാതകതൈലേ ഉഷ്ണേ മധുരകഷായേ തിക്താനുരസേ വാതകഫകൃമിമേദോമേഹക്രിമിഹരേ ഉഭയതോഭാഗദോഷഹരേ ച. 108

സരളദേവദാരുഗണ്ഡീരീശിംശപാഗരുസാരസ്നേഫാസ്ഥികൃതകട്ടകഷായാ ദുഷ്ടവ്രണശോധനാഃ കൃമികഫകൃഷ്ണാനിലഹരാശ്ച. 109

തുംബീകോശാമ്രാതന്തീദ്രവന്തീശ്യാമാസപ്തലാനീലികാകംപില്ലക -

വീര്യത്തിലും മധുരമായിട്ടുള്ളവയാണ്. വാതത്തേയും പിത്തത്തേയും ശമിപ്പിക്കുന്നവയും ശീതവീര്യങ്ങളും കഫസ്രവണത്തെ ഉണ്ടാക്കുന്നവയും മലമൂത്രങ്ങളെ കളയുന്നവയും അഗ്നിമാന്ദ്യമുണ്ടാക്കുന്നവയും ആകുന്നു. ()

ഇരിപ്പക്കുരു, കുമിഴിൻകായ, പ്ലാശിൻകുരു എന്നിവയിൽനിന്നെടുക്കുന്ന എണ്ണകളുടെ രസം മധുരവും ചവർപ്പുമാകുന്നു. അവ കഫത്തേയും പിത്തത്തേയും ശമിപ്പിക്കുകയും ചെയ്യും. 107

*നീരെട്ടിയെണ്ണ(തുവരകതൈലം)യും ചേരെണ്ണയും ഉഷ്ണവീര്യങ്ങളാകുന്നു. അവയുടെ രസം മധുരവും ചവർപ്പുമാകുന്നു. സേവിച്ചാൽ ഒടുവിൽ കയ്പു തോന്നും. വാതം, കഫം, കൃമി, മേദസ്സ്, പ്രമേഹം, കൃമി ഇവയെ നശിപ്പിക്കും, മേൽപോട്ടും കീഴ്പോട്ടും ദോഷങ്ങളെ ഇളക്കിക്കളകയും ചെയ്യും. 108

ചരളം, ദേവതാരം, ചതുരക്കള്ളി, ഇരുവുള്, അകിൽ ഇവയുടെ കാതലുകളിൽ നിന്നെടുക്കുന്ന എണ്ണകൾ കയ്പ്, എരുവ്, ചവർപ്പ് എന്നീരസങ്ങളോട് കൂടിയവയും ദുഷിച്ചിട്ടുള്ള വ്രണത്തെ ശുദ്ധിവരുത്തുന്നവയും കൃമി, കഫം, കൃഷ്ണം, വായു എന്നിവയെ നശിപ്പിക്കുന്നവയും ആകുന്നു. 109

ചുരവിത്ത് (തുംബീ), കുരുട്ടുമാങ്ങയണ്ടി, നാകരാന്തി, വലിയ ഒന്തി, മറിക്കുന്നി, ചമ്മലന്ത, അമരി, കന്മദിപ്പാല, കീരിവള്ളി എന്നിവ

---

* "പരൈരുസ്യ കേസരാകാരൈഃ കള്ളായസദൃശൈഃ ഫലൈഃ വൃക്ഷസ്യവർഗ്കോന്നാമ പ്രശ്നിമാണ്ണവരീരജഃ". (ഭല്ലനൻ)

ശംഖിനിസ്നേഹാസ്രുക്തകടുകഷായാ അധോഭാഗരോഷഹരാശ്ച ദ്വിക-
ഫകൃഷ്ണാനിലഹരാ ദുഷ്ടവ്രണവിശോധനാശ്ച. 110

യവതിക്താതൈലം സർവ്വദോഷപ്രശമനമിഷ്ടത്തിക്തമാരുതനാശനം
ലേഖനം മേധ്യം പഥ്യം രസായനഞ്ച. 111

ഫ്ളൈകെഷ്ടികാതൈലം മധുരതിക്തശീതം പിത്തഹരമനിലപ്രകോപ-
പണം ശ്ലേഷ്മാഭിവർദ്ധനമ്. 112

സഹകാരതൈലമീഷത്തിക്തമനിഗന്ധി വാതകഫഹരം ത്വ
ക്ഷും മധുരകഷായം രസവന്നാതിപിത്തകരഞ്ച. 113

(പ). ഫലോദ്ഭവാനി തൈലാനി യാന്യന്യാനി കാനിചിൽ

യുടെ കുരുക്കളിൽ നിന്നെടുക്കുന്ന എണ്ണകൾക്കു രസം കൂടും ചവർപ്പും എരുവുമാകുന്നു. അവ ദോഷങ്ങളെ കൂട്ടിയിളക്കിക്കളയുന്നവയാകുന്നു. കൃമിയേയും കഫദുഷ്ടതയും കുഷ്ഠത്തയും വാതത്തേയും കളയും. ദുഷിച്ചിട്ടുള്ള വ്രണങ്ങളെ ശുദ്ധിവരുത്തുകയും ചെയ്യും. 110

കീരിവള്ളിയെണ്ണ എല്ലാദോഷങ്ങളേയും ശമിപ്പിക്കുന്നും കാഞ്ഞാനം കയ്പുരസമുള്ളതും ജാഠരാഗ്നിദീപനമുണ്ടാക്കുന്നതും ദോഷങ്ങളെ ദ്രവിപ്പിച്ചകളയുന്നതും ബുദ്ധിയെ വർദ്ധിപ്പിക്കുന്നതും മേഹത്തിനു ഹിതമായിട്ടുള്ളതും ജരയുണ്ടാകാതെ രക്ഷിക്കുന്നതുമായ ശക്തിയുള്ളതും ആകുന്നു. 111

കറുത്ത തിരുകാൽപ്പച്ചക്കാന്നക്കുരുവിൻതൈലം മധുരവും വിശാലവും ശീതവീര്യവും പിത്തത്തെക്കളയുന്നതും വായുവിനെ കോപിപ്പിക്കുന്നതും കഫത്തെ വർദ്ധിപ്പിക്കുന്നതും ആകുന്നു. 112

പഴമാങ്ങയണ്ടിയിൽ നിന്നെടുക്കുന്നതായ *സഹകാരതൈലമെന്നു് അല്പം കയ്പുരസമുള്ളതും ഏറ്റവും സുഗന്ധമുള്ളതും രൂക്ഷമായിട്ടുള്ളതും വാതരേതയും കഫദുഷ്ടതയും കളയുന്നതും മധുരവും ചവർപ്പുമുള്ളതാകുന്നു. അതു നാവിനു സ്വാദുണ്ടാക്കുന്നതാണു്. പിത്തത്തെ വർദ്ധിപ്പിക്കുന്നതല്ല. 113

"ഇവിടെ തൈലവർഗ്ഗത്തിൽ അനേകം കായകളിൽ നിന്നെടുക്കുന്ന എണ്ണകളുടെ ഗുണങ്ങളേയും രോഗങ്ങളിൽ അവയ്ക്കുള്ള വിലയിരുത്തലും

---

* മാങ്ങാമുത്താൽ അതിന്റെ ഞെട്ടി പൊട്ടിക്കുമ്പോൾ പുറപ്പെടുന്ന "പാൽ" എന്ന വസ്തുവാണു് 'സഹകാരതൈല'മെന്നു ചില അദ്ധ്യാപകന്മാർ പറഞ്ഞിരിക്കുന്നു.

ഗ്രഹണാൻ കർമ്മ ച വിജ്ഞായ ഫലവൽ താനി നിർദ്ദിശേൽ.
യാവന്തഃ സ്ഥാവരാഃ സ്നേഹാഃ സമാസാൽ പരികീർത്തിതാഃ
സർവ്വേ തൈലഗുണാ ജ്ഞേയാഃ സർവ്വേ ചാനിലനാശനാഃ. 114
സർവ്വേഭ്യസ്തു വിഹ തൈലേഭ്യസ്തിലതൈലം പ്രശസ്യതേ
നിഷ്ഠ്യൂതസ്നിഗ്ധഗുണതശ്ചാപ്യ തൈലതമിതരേഷ്വപി. 115

(ഗ). ഗ്രാമ്യാനൂപൌദകാനാഞ്ച വസാമേദോമജ്ജാനോ ഗ്രഹണമ-

യും പറഞ്ഞിട്ടുണ്ടല്ലോ. ഇനിയിവിടെ പ്രത്യേകം വിവരിച്ചു പറഞ്ഞിട്ടില്ലാത്ത തൈലങ്ങളുടെ ഗുണങ്ങളിന്നിനവിധമാണെന്നുള്ള കാര്യം അതാതു തൈലങ്ങളുണ്ടാക്കാനെടുക്കുന്ന കായകളുടെ ഗുണങ്ങൾക്കനുസരിച്ചറിയേണ്ടതാണു്.

ചുരുക്കത്തിൽ ഇവിടെ പറഞ്ഞിട്ടുള്ള സ്ഥാവരങ്ങളായ ഔഷധങ്ങളിൽനിന്നുണ്ടാകുന്ന എല്ലാഎണ്ണകളിലും എള്ളെണ്ണക്കു പറഞ്ഞിട്ടുള്ള ഗുണങ്ങൾ തന്നെയാണുള്ളതു്. അവയെല്ലാം വാതത്തെ കളയുന്നവയുമാകുന്നു. 114

എണ്ണകളിൽവെച്ചു് എള്ളെണ്ണയാണു് മുഖ്യമായിട്ടുള്ളതു്. എന്തുകൊണ്ടെന്നാൽ, തൈലമെന്നുള്ള വാക്കുതന്നെ എള്ളെണ്ണക്കു മാത്രമാണു് യോജിച്ചിരിക്കുന്നതു് (തിലത്തിൽനിന്നുണ്ടായതു തൈലം എന്ന വിഗ്രഹപ്രകാരം). മറവള്ള എരണ്ഡതൈലം മുതലായതിനേയും തൈലമെന്ന പേർ പറയാറുണ്ടു്. എന്നാൽ അതു സാധാരണ അങ്ങിനെ പറഞ്ഞുവന്നതുകൊണ്ടാണെന്നെ ഉള്ളു. എള്ളെണ്ണയുടെ സ്നിഗ്ധത്വം മുതലായ ചില ഗുണങ്ങൾ മറവള്ള തൈലങ്ങളിലും ഉണ്ടായിക്കാണുന്നതുകൊണ്ടും മേൽപ്പറഞ്ഞപ്രകാരം തൈലസംജ്ഞയുണ്ടായിട്ടുള്ളതാകുന്നു." 115

(ജന്തുക്കളുടെ മാംസങ്ങളിൽനിന്നു പൊളിച്ചെടുക്കുകയും ഊറിയെടുക്കുകയും ചെയ്യുന്ന നെയ്യുകൾക്കു സ്നിഗ്ധത്വം മുതലായ ഗുണങ്ങളുള്ളതുകൊണ്ടു തൈലവർഗ്ഗത്തിൽ ചേർത്തു പറയുന്നതിനു വിരോധമില്ല.), *ഗ്രാമ്യങ്ങളും(പന്നി, ഒട്ടകം മുതലായതു്) ആനൂപങ്ങളും(പോത്തുമുതലാ

---

* ഗ്രാമ്യാനൂപൌദകങ്ങൾ മുതലായവ മേലിൽ മാംസവർഗ്ഗത്തിൽ പറയപ്പെട്ടവ.

ധുരാ വാതഘ്നാഃ ജാംഗലൈകശഫക്രവ്യാദാദീനാം ലഘുശീതകഷായാ രക്തപിത്തഘ്നാഃ, പ്രതുദവിഷ്കിരാണാം ശ്ലേഷ്മഘ്നാഃ. 116

തത്ര പ്ലവതൈതലവസാമേദോമജ്ജാനോ യഥോത്തരം ഗുരുവിപാകാ വാതഹരാശ്ച. 117

ഇതി തൈലവർഗ്ഗഃ.

അഥ മധുവർഗ്ഗഃ—മധു തു മധുരം കഷായാനുരസം രൂക്ഷംശീതമഗ്നി

യവ) ഔദകങ്ങളും (മത്സ്യംമുതലായവ) ആയ ജന്തുക്കളുടെ *വസയും മജ്ജയും മേദസ്സും ഗുരുവായും ഉഷ്ണമായും മധുരരസമായും ഇരിക്കുന്നവയാണ്. അവ വാതത്തെ ശമിപ്പിക്കും. ജാംഗലങ്ങളായ മാൻ മുതലായ ജന്തുക്കളുടേയും ഏകശഫങ്ങളായ കുതിര മുതലായ ജന്തുക്കളുടേയും ക്രവ്യാദങ്ങളായ നരി മുതലായവയുടേയും വസ, മജ്ജ, മേദസ്സ് എന്നിവയുടെ രസം ചവർപ്പാകുന്നു. അവ വേഗം ദഹിക്കുന്നവയും ശീതവീര്യമുള്ളവയും രക്തപിത്തത്തെ കളയുന്നവയും ആകുന്നു. മാടപ്രാവു മുതലായ പ്രതുദജന്തുക്കളുടേയും ചീവൽപക്ഷി മുതലായ വിഷ്കിരപ്രാണികളുടേയും വസ, മജ്ജ, മേദസ്സ് എന്നിവ കഫത്തെ നശിപ്പിക്കുന്നവയാകുന്നു. 116

മേൽപ്പറഞ്ഞവയിൽ വെച്ചു തൈലം നെയ്യിനേക്കാളും വസ തൈലത്തേക്കാളും മേദസ്സു വസയേക്കാളും മജ്ജ മേദസ്സിനേക്കാളും വിപാകകാലത്തിങ്കൽ ഗുരുത്വം കൂടിയതുകളായിരിക്കുന്നവയാകുന്നു. അതു പ്രകാരംതന്നെ മേൽപ്പറഞ്ഞ ക്രമത്തിൽ തൈലാദികൾക്കു വാതത്തെ നശിപ്പിക്കാനുള്ള ശക്തി കൂടികൂടിയിരിക്കയും ചെയ്യും. 117

ഇങ്ങിനെ തൈലവർഗ്ഗം.

ഇനി മധുവർഗ്ഗം— തേൻ മധുരമാകുന്നു. ഒടുക്കം അതിന്നു കഷായിച്ചൊരു ചവർപ്പുരസം കാണും. അതു $ രൂക്ഷവും ശീതവീര്യവും ദീപ

---

* അസ്ഥിയുടെ അകത്തുള്ള നെയ്യു് മജ്ജ; മാംസം പുഴുങ്ങിയെടുക്കുന്ന നെയ്യു് വസ; ഇതുരണ്ടും സ്നേഹവർഗ്ഗമാകയാൽ തൈലവർഗ്ഗത്തിൽ ചേർത്തിരിക്കുന്നു. മേദസ്സു് മാംസം പൊളിച്ചെടുക്കുന്ന നെയ്യു് തന്നെ.

$ രൂക്ഷതാപാ മുതലായി ഇവിടെ പറയപ്പെട്ടുന്ന ഗുണങ്ങൾ പഴയ തേനിനുള്ളതുകൊണ്ടു്, പുതിയതിന്നു് ഈ ഗുണങ്ങൾ ശരിയായിരിക്കയില്ല.

ദീപനം വർണ്ണ്യം ബല്യം ലഘു സുകുമാരം ലേഖനം ഹൃദ്യം സന്ധാനം ശോധനം രോപണം വാജീകരണം സംഗ്രാഹി ചക്ഷുഷ്യപ്രസാദനം സൂക്ഷ്മമാർഗ്ഗാനുസാരിപിത്തശ്ലേഷ്മമേഹഹിക്കാശ്വാസകാസാരുചിസ്വരഭേദിത്വ ണ്ണാക്രിമിവിഷപ്രശമനം മ്ലാദി ത്രിദോഷപ്രശമനമിച്ച. തത്തുല്യലഘുതാൽ കഫഘ്നം പൈച്ഛില്യാന്മാധുര്യാൽ കഷായഭാവാച്ച വാതപിത്തഘ്നമ് 118

(പ). പൌത്തികം ഭ്രാമരം ക്ഷൌദ്രം മാക്ഷികം ഛാത്രമേവ ച
ആർഘ്യമൌദ്ദാലകം ഭാളമിത്യഷ്ടൌ മധുജാതയഃ. 119

നമുണ്ടാക്കുന്നതും ആകുന്നു; വർണ്ണത്തിന്നു തെളിവും ദേഹബലവുമുണ്ടാക്കും; വേഗം ഉഹിക്കും; ദൃഢതയുണ്ടാക്കും; ദോഷങ്ങളെ ദ്രവിപ്പിക്കും (ലേഖനം); ഹൃദയത്തിന്നു പ്രീതിയെ ഉണ്ടാക്കും; മുറി കൂട്ടും; വ്രണങ്ങളേയും മാറാം ശുദ്ധിവരുത്തും; വ്രണങ്ങളെ ഒണക്കും; സ്ത്രീസേവയിൽ ശക്തിയെ ഉണ്ടാക്കും; മലബന്ധമുണ്ടാക്കും; കണ്ണിന്നു തെളിവുണ്ടാക്കും; ദേഹത്തിലുള്ള സൂക്ഷ്മമാർഗ്ഗങ്ങളിൽ കൂടി വ്യാപിക്കും; പിത്തംകൊണ്ടും കഫംകൊണ്ടുമുള്ള പ്രമേഹം, ഏക്കിളി, ശ്വാസം, കാസം, അതിസാരം, ഛർദ്ദി, വെള്ളംദാഹം, കൃമി, വിഷം എന്നിവയെ ശമിപ്പിക്കും, മനസ്സിന്നു സന്തോഷത്തെ ഉണ്ടാക്കുകയും ചെയ്യും. തേൻ ലഘുവാകയാൽ കഫത്തെ നശിപ്പിക്കും. അതിന്നു വഴുപ്പ് എന്നുള്ള ഗുണമുള്ളതുകൊണ്ടും മധുരരസമുള്ളതുകൊണ്ടും ചവർപ്പുരസം കൂടി അല്പം ഉള്ളതുകൊണ്ടും അതു വാതത്തേയും പിത്തത്തേയും കളയും. ഇങ്ങിനെ മൂന്നു ദോഷങ്ങളേയും ശമിപ്പിക്കാനുള്ള ശക്തി തേന്നുണ്ട്. 118

"പൌത്തികം, ഭ്രാമരം, ക്ഷൌദ്രം, മാക്ഷികം, ഛാത്രം, ആർഘ്യം, ഔദ്ദാലകം, ഭാളം എന്നിങ്ങിനെ തേൻ എട്ടുപ്രകാരത്തിലുണ്ട്*. ഇതിൽ പ്പറഞ്ഞ തേനുകളിൽ പൌത്തികം അധികം രൂക്ഷവും ഉഷ്ണവുമാണ്. പുത്തികകളെന്നു പേർ പറയുന്ന ഒരു ഈച്ചകൾ വൃക്ഷാദികളിൽ നിന്നു തേൻ എടുക്കുമ്പോൾ അവയിലുള്ളതോ അവയുടെ വായിൽ വന്നുചേരുന്ന

* മഞ്ഞനിറമുള്ള വലിയ ഈച്ചകൾക്കു പുത്രികകളെന്നു പേർ. അവയിൽ നിന്നെടുക്കുന്ന തേൻ പൌത്തികം; വണ്ടുകളുടേതുപോലെ വലിപ്പമുള്ള ഈച്ചകളിൽ നിന്നെടുക്കുന്ന തേൻ ഭ്രാമരം; വണ്ടുകളുടെ തേൻ തന്നെയാണിതെന്നും പക്ഷമുണ്ട്. മഞ്ഞനിറത്തിലുള്ള ചെറിയ ഈച്ചകൾക്കു ക്ഷുദ്രങ്ങളെന്നു പേർ. അവയിൽ നിന്നുണ്ടാകുന്ന തേൻ ക്ഷൌദ്രം; തവിട്ടനിറമുള്ള വലിയ ഈച്ചകളെയാണ് മക്ഷികകളെന്നു പറയുന്നതു്. അവയുടെ തേൻ മാക്ഷികം; ഒരു കൂട (ഛത്രം) യുടെ ആകൃതിയിലായി വീട്ടിൽ പറക്കുന്ന ഒരുതരം ഈച്ചകളുണ്ടു്; അവയുടെ തേനിന്നു ഛാത്രമെന്നു പേർ.

വിശേഷാൽ പൌത്തികം തേഷു രൂക്ഷോഷ്ണം സവിഷാനുപയാൽ
വാതാസൃക്പിത്തകൃൽഛേദി വിദാഹി മദകൃന്മധു. 120
പൈച്ഛില്യാൽ സ്വാദുഭ്രമരാ ഗുരുസംജ്ഞിതമ്. 121
ക്ഷൌദ്രം വിശേഷാതോ ജ്ഞേയം ശീതളം ലഘു ലേഖനമ്. 122
തസ്മാല്ലഘുതരം രൂക്ഷം മാക്ഷികം പ്രവരം സ്മൃതമ്
ശ്വാസാദിഷു ച രോഗേഷു പ്രശസ്തം തദ്വിശേഷതഃ. 123

തോ ആയ വിഷാംശത്തെ വേർപെടുത്തുക പതിവില്ലാത്തതുകൊണ്ട് ആ തേൻ അതിരൂക്ഷോഷ്ണമായിരിക്കുന്നു. അതു വാതത്തേയും രക്തപിത്തത്തേയും വർദ്ധിപ്പിക്കും. മേദസ്സിനേയും ദേഹത്തിലുണ്ടാകുന്ന വീക്കത്തേയും മറ്റും ചേരിപ്പാനുള്ള ശക്തി ഇതിനുണ്ട്. വിദാഹമുണ്ടാക്കും. ഇതു ലഹരി ഉണ്ടാക്കുകയും ചെയ്യും. 119—120

ഭ്രാമരം വഴുവുള്ളതും അധികം മധുരവുമാകയാൽ വളരെ ഗുരുത്വമുള്ളതാണെന്നു പറയപ്പെട്ടുന്നു. 121

ക്ഷൌദ്രം വിശേഷിച്ചും ശീതമാണു്. അതു ലഘുവും ലേഖനവുമാകുന്നു. 122

മാക്ഷികം ക്ഷൌദ്രത്തേക്കാളും ലഘുവാണു്. രൂക്ഷവുമാകുന്നു. ഇതു ക്ഷൌദ്രത്തേക്കാളും ശ്രേഷ്ഠമാണു്. വിശേഷിച്ചു ശ്വാസം മുതലായ രോഗങ്ങളിൽ ഈ തേൻ ഉപയോഗിക്കാൻ നന്നു്. 123

കുടപോലെ വട്ടത്തിൽ അട്ടിയുണ്ടാക്കി തേൻ ശേഖരിക്കുന്ന ഈച്ചകളുടെ തേനിനാണു ക്ഷൌദ്രമെന്നു പേരുള്ളതെന്നും, മിക്കതും പുറമണ്ണുകളിൽ അട്ടിയുണ്ടാക്കി തേൻ ശേഖരിക്കുന്നവയും കുത്തുകൊണ്ടാൽ കുടിയവയും മഞ്ഞനിറമുള്ളവയും വണ്ടിന്റെ സ്വഭാവത്തോടുകൂടിയവയുമായ ചില ഈച്ചകൾ ഉണ്ടു്. ഇവയ്ക്കു ഭ്രമരങ്ങളെന്നു പേർ. ഇവയുടെ തേൻ ഭ്രാമര്യം. ഇതു മാളുപ്രദേശത്തിലാണുണ്ടാവുക. വെള്ളത്തിരിക്കും. ഈ തേൻ ചൂടുള്ള സാധനത്തോടു ചേർത്തുപയോഗിക്കുന്നതിനു വിരോധമില്ല. "മധു തുല്യം ഭ്രമര്യാഖ്യം തന്മൃത്സ്നാഗ്ര്യാൽ" എന്നു പ്രമാണമുണ്ടു്. തവിട്ടുനിറത്തിലുള്ള വലിയ ഈച്ചകളാണു് ഉദ്ദാലകങ്ങളും. ഇവയും മിക്കതും പുറങ്കളിൽ തേൻ ശേഖരിക്കുന്നു. ഈ തേനിനു കൌദ്ദാലകമെന്നു പേർ. തേരുള്ള ചില സസ്യങ്ങളുടെയും മറ്റും ഇലകളിൽ പറ്റിയ തേനിനെയാണിവിടെ മാളമെന്നു പറഞ്ഞതു്. തവിട്ടുനിറമുള്ള വലിയ ഈച്ചകൾ വൃക്ഷങ്ങളുടെ പൊത്തുകളിൽ ശേഖരിക്കുന്ന തേനാണു് മാളമെന്നു ചിലരഭിപ്രായപ്പെടുന്നു. അഷ്ടാംഗം പറഞ്ഞ ഔത്തികമെന്നതു തേൻ വലിയ കൊള്ളക്കളുടെ മാതിരിയിലുള്ള കറുത്ത ഈച്ചകളുടെ തേനാണെന്നു ചിലർക്കഭിപ്രായമുണ്ടു്. ചിലർ എണ്ണയുടെ നിറമുള്ളതു മാക്ഷികം; നെയ്യിന്റെ നിറമുള്ളതു ഔത്തികം; തവിട്ടുനിറമുള്ളതു ക്ഷൌദ്രം; വെളുത്തതു് ഭ്രാമര്യം; എന്നിങ്ങിനെ വിഭാഗിക്കുന്നു.

സപ്രാദുപാകം ഗുരു ഹിമം പിച്ഛിലം രക്തപിത്തജിൽ
ശ്വിത്രപ്രമേഹക്രിമിഹരം വിദ്യാൽമധുരാത്രം ഗുണോത്തരമ്. 124
ആക്ഷ്യം മധുപതിചക്ഷുഷ്യം കഫപിത്തഹരം പരമ്
കഷായം കടു പാകേ ച ബല്യം തിക്തമവാതകൃൽ. 125
ഔദ്ദാലകം രുചികരം സപ്ഷ്യം കൃമിവിഷാപഹമ്
കഷായമുഷ്ണമമ്ലഞ്ച പിത്തകൃൽ കടുപാകി ച. 126
ഛർദ്ദിമേഹഗ്രഹമനം മധു ക്ഷൗദ്രം ഭളോദ്ഭവമ്. 127
ബ്രുംഹണീയം മധു നവം നാതിശ്ലേഷ്മഹരം സരമ്. 128
മേദഃസ്ഥൗല്യാപഹം ഗ്രാഹി പുരാണമതിലേഖനമ്. 129

ക്ഷൗദ്രമെന്നുള്ള തേൻ പാകത്തിൽ മധുരമാകുന്നു. ഗുരുത്വമുണ്ട്; ശീതവീര്യമാണ്; വഴപ്പുള്ളതുമാകുന്നു. ഇതു രക്തപിത്തത്തെക്കളയും; ശ്വിത്രം, പ്രമേഹം, കൃമി, ഏ,ന്നിവയെ ശമിപ്പിക്കും; ഇതു വളരെ ഗുണമുള്ളതേനാകുന്നു. 124

ആക്ഷ്യം കണ്ണിന്നു വളരെ വിശേഷമാണ്; കഫത്തേയും പിത്തത്തേയും കളയുന്നതിൽ ശ്രേഷ്ഠമാകുന്നു; ചവർപ്പുരസത്തോടും പാകത്തിൽ ഏതുരുരസത്തോടും കൂടിയിരിക്കും; അതു ബലമുണ്ടാക്കും; വാതത്തെ ഉണ്ടാക്കുകയില്ല; അതിന്നു കൈപ്പുരസവും കൂടി ഉണ്ടായിക്കാണും. 125

ഔദ്ദാലകം രുചിയുണ്ടാക്കുന്നതും സ്വരം നന്നാക്കുന്നതും കൃമിയേയും വിഷത്തേയും കളയുന്നതും ആകുന്നു. ഇതിന്റെ രസം ചവർപ്പും പുളിപ്പുമാകുന്നു. പാകത്തിൽ ഏതുവാണ്. പിത്തത്തെ ഉണ്ടാക്കും. ഉഷ്ണവീര്യമാകുന്നു. 126

ഭോള്മെന്നു പ്രസിദ്ധമായ തേൻ ശ്രേഷ്ഠമാണ്. ഛർദ്ദിയേയും പ്രമേഹത്തേയും നശിപ്പിക്കും. 127

പുതിയ തേൻ തടിപ്പിക്കും. കുറഞ്ഞൊന്നു കഫത്തെ കളയുന്നതാണ്. വിരേചനശക്തിയും അതിന്നുണ്ട്. 128

പഴകിയ തേൻ മലബന്ധമുണ്ടാക്കും. ദോഷാദികളെ നല്ലവണ്ണം ദ്രവിപ്പിച്ചുകളയും. മേദസ്സിനെ കുറക്കും. ദേഹം മെലിയിക്കയും ചെയ്യും. 129

ദോഷത്രയഹരം പകപ്രമാമമല്ലം ത്രിദോഷകൃൽ. 130

തദ്വൈകുണ്ഠം വിവിധൈർഗ്ഗുണൈർന്നിഹന്യാദാമയാൻ ഖഗ്രഹൻ
നാനാദ്രവ്യാത്മകത്വാച്ച യോഗവാഹി പരം മധു. 131

(ഗ). തത്തു നാനാവിധാനാം രസഗ്രഹണവീര്യ്യവിപാകവിരുദ്ധാനാം പുഷ്പാണാം രസസംഭവത്വാൽ സവിഷമക്ഷികാസംഭവത്വാച്ച നഷ്ടോപചാരമ്. 132

'*പകപ്രമധു' (മൂപ്പെത്തിയ തേൻ) മൂന്നുദോഷങ്ങളേയും കളയും. 'ആമമധു' (ഇളന്തേൻ) മേൽപ്രകാരമല്ല; അതു മൂന്നുദോഷങ്ങളേയുമുണ്ടാക്കും; പുളിരസവുമാകുന്നു. 130

തേൻ അതാതുരോഗങ്ങൾക്കു പറഞ്ഞ മരുന്നുകളോടു് യോജിപ്പിച്ചുപയോഗിച്ചാൽ വളരെ രോഗങ്ങളെ കളയുന്ന ഒരു പദാർത്ഥമാകുന്നു. തേനിൽ ഒരൗഷധത്തിന്റെ മാത്രം ഗുണമല്ല ഉള്ളതു്; പല ഔഷധികളിൽ നിന്നും മറവം ചിട്ടുണ്ടാകുന്ന പല സാരാംശങ്ങളും കൂടിയ ദ്രവ്യമാണു് അതു്. അതുകൊണ്ടു് യോഗവാഹി (ഏതിനോടുചേർന്നുവോ അതിന്റെകായ്മ ചെയ്യുന്നതു്.) കളായ മറ്റെല്ലാമരുന്നുകളെക്കാളും തേൻ വിശേഷപ്പെട്ട വസ്തുവാണെന്നു പറയപ്പെടുന്നു". ()

ഏതെങ്കിലുമൊരു പുഷ്പത്തിങ്കൽനിന്നു മാത്രമുണ്ടാകുന്നതല്ല തേൻ; ഏറ്റുമാത്രമല്ല, തേനീച്ചകൾ പലവിധം പുഷ്പങ്ങളിടേയും മറവം രസത്തിൽ നിന്നാണു് തേൻ സമ്പാദിക്കുന്നതു്. ആ പുഷ്പങ്ങളും ചെടികളും രസംകൊണ്ടും ഗുണംകൊണ്ടും വീര്യ്യംകൊണ്ടും വിപാകംകൊണ്ടും പരസ്പരവിരുദ്ധങ്ങളായിരിപ്പാനിടയുണ്ടു്. പിന്നെ തേനീച്ചകൾതന്നെ വിഷമുള്ള പ്രാണികളാണു്. ഈ വക കാരണങ്ങളെക്കൊണ്ടു നോക്കുമ്പോൾ തേനിനെ മൂടുള്ള വസ്തുക്കളോടു ചേർത്തിയൊ മൂടിപിടിപ്പിച്ചോ മറോ ഉപയോഗിപ്പാൻ പാടുള്ളതല്ലെന്നു വരുന്നു. അതുകൊണ്ടാണു് തേൻ മൂടുതട്ടിയാൽ വിഷമാണെന്നു പറയുന്നതു്. ()

---

* തിയ്യിൽ ചെല്ലു പാകംചെയ്യുന്നു, എന്നു പകപ്രത്തിനു മിലരർത്ഥം വിചാരിക്കുന്നു. അഗ്നിസംയോഗം തേനിനു ദോഷമാകയാൽ ആ അർത്ഥം ഗ്രാഹ്യമല്ല. കാലപ്പഴക്കത്തിൽ മധുരവും അല്പം മദ്യഗുണം ഉള്ളതായിത്തീരുന്നു പകപ്രം; പുളിച്ചതു് അമ്ലം; എന്നാണു് ഭോജ്യമതം.

(പ). ഉഷ്ണെവിരുദ്ധ്യതേ സർവ്വം വിഷാനപ്രയതയാ മധു.
ഉഷ്ണാത്തമുഷ്ണെരുഷ്ണേ വാ തന്നിഹന്തി യഥാ വിഷമ്. 133

തത്സൌകുമാര്യാച്ച തഥൈവ ശൈത്യാ-
ന്നാനൌഷധീനാം രസസംഭവാച്ച;
ഉഷ്ണെവിരുധ്യേത വിശേഷതശ്ച
തഥാന്തരീക്ഷേണ ജലേന ചാപി. 134

ഉഷ്ണേന മധു സംയുക്തം വമനേഷ്വവചാരിതമ്
അപാകാദനവസ്ഥാനാന്ന വിരുദ്ധ്യേത പൂർവ്വവൽ. 135
മധ്വാമാൽ പരതസ്ത്വന്യദാമം കഷ്ടം ന വിദ്യതേ

"വിഷസംബന്ധമുള്ളതായി വിചാരിക്കപ്പെടേണ്ടതാകയാൽ തേൻ ഉഷ്ണങ്ങളോട് ചേർന്നാൽ വിരുദ്ധമായിത്തീരും. ദേഹം ചൂടുപിടിച്ചിരിക്കുമ്പോഴും ഉഷ്ണകാലത്തും ഉഷ്ണദേശത്തും അതുപയോഗിക്കരുത്. അതിനെത്തന്നെ ചൂടുപിടിപ്പിച്ചു കഴിക്കുന്നതും നന്നല്ല. അങ്ങിനെ ചെയ്താൽ അതു വിഷംപോലെ മനുഷ്യനെ നശിപ്പിക്കും. തേൻ മൃദുത്വമുള്ളതും ശീതവീര്യവുമായിരിക്കുന്നു; പരസ്പരവിരുദ്ധങ്ങളായ പല ഔഷധികളുടേയും രസത്തിൽ നിന്നുണ്ടാകുന്നതാണ്; ഈ സംഗതികളെക്കൊണ്ടാണ് ചൂട് അതിനു വിരോധമാണെന്നു പറയുന്നത്. അന്തരിക്ഷജലത്തോടുചേർത്തും തേൻ ഉപയോഗിക്കരുത്. 133—134

ഛർദ്ദിപ്പിക്കാൻ കൊടുക്കുന്ന മരുന്നുകളിൽ തേനിനു ചൂട വിരോധമില്ല. എന്തുകൊണ്ടെന്നാൽ, "ഛർദ്ദിക്കാനുള്ള മരുന്ന് അകത്തു ചെന്നാൽ ദേഹിക്കാനിടവരികയില്ല; അധികനേരം അവിടെ നിലനില്ക്കുകയുമില്ല. അതുകൊണ്ട് അതിന്ന് വല്ല വിഷാംശവുമുണ്ടെങ്കിലും ദേഹത്തിൽ *വ്യാപിക്കയില്ല. 135

ഏതു പദാർത്ഥവും ദഹിക്കാതെ അകത്തു കിടന്നാൽ ഉപദ്രവങ്ങളുണ്ടാകും. എന്നാൽ തേനാണ് അങ്ങിനെ കിടക്കുന്നതെങ്കിൽ അതുപോലെ കഷ്ടമായി വേറെ ഒന്നുമില്ല. എന്തുകൊണ്ടെന്നാൽ, ദഹി

---

* ഛർദ്ദിക്കാനുള്ള മരുന്നിൽ ചൂടോടെ തേൻ ചേർന്നാലെങ്കിലും അതു പുറത്തു വരാതെ ഉള്ളിൽ കിടന്നാൽ ദോഷമാണെന്നുള്ള ഭയത്താൽ വൃദ്ധവൈദ്യന്മാർ അങ്ങിനെ ഉപയോഗിക്കാറില്ല.

വിരുദ്ധോപക്രമത്വാൽ തൽ സ്വീ ഹന്തി യഥാ വിഷമ്. 136

ഇതി മധുവർഗ്ഗഃ.

(ഗ). അഥ ഇക്ഷുവർഗ്ഗഃ—ഇക്ഷവോ മധുരാ മധുരവിപാകാ ഗുരവഃ ശീതാഃ സ്നിഗ്ധാ ബല്യാ വൃഷ്യാ മൂത്രളാ രക്തപിത്തപ്രശമനാഃ കൃമികഫകരാശ്ചേതി. തേ ചാനേകവിധാഃ. തദ്യഥാ.— 137

(ഘ). പൌണ്ഡ്രകോ ഭീരുകശ്ചൈവ വംശകഃ ശതപോരകഃ
കാന്താരസൂചപത്രൌ ച കാശേക്ഷുഃ സൂചിപത്രകഃ
നൈപാലോ ദീർഘപത്രശ്ച നീലപോരോഡ്ര കോശകൌ
ഇത്യേതാ ജാതയഃ സ്ഥൌല്യാദ്ഗുണാൻ വക്ഷ്യാമൃതഃ പരമ്. ()

ക്കാത്ത സാധനങ്ങളെ ഹേിപ്പിക്കാനുള്ള +ചികിത്സയൊന്നും തേനിന്റെ കാര്യത്തിൽ ഫലിക്കയില്ല. അതുകൊണ്ട് അത് വിഷംപോലെ അകത്തു കിടന്ന് മനുഷ്യനെ നശിപ്പിക്കയെ ഉള്ളു. 136

ഇങ്ങിനെ മധുവർഗ്ഗം.

ഇനി ഇക്ഷുവർഗ്ഗം— കരിമ്പുകൾ രസത്തിലും വിപാകത്തിലും മധുരങ്ങളാണ്. അവയ്ക്ക് ഗുരുത്വവും ശൈത്യവും സ്നിഗ്ധതയുമുണ്ട്. അവ ബലത്തെയും ശുക്ലത്തെയും മൂത്രത്തെയും വർദ്ധിപ്പിക്കും. രക്തപിത്തത്തെ ശമിപ്പിക്കും. കൃമികളേയും കഫത്തേയും ഉണ്ടാക്കുകയും ചെയ്യും. കരിമ്പുകളനേകവിധത്തിലുണ്ടെങ്കിലും, 137

"പൌണ്ഡ്രകം, ഭീരുകം, വംശകം, ശതപോരകം, കാന്താരം, താപസേക്ഷു, കാശേക്ഷു, സൂചിപത്രകം, നൈപാലം, ദീർഘപത്രം, നീലപോരം, *കോശകൌൽ എന്നിങ്ങിനെ ചൂരുക്കത്തിൽ പറഞ്ഞുണ്ട ജാതികളെയാണ്. ആചാര്യന്മാർ പറയുന്നത്. ഇവയുടെ ഗുണങ്ങളെ ചുരുക്കത്തിൽ പറയാം.— 138

+ അമദോഷത്തിൽ ഉഷ്ണൌഷധസേവ വേണം. ഉഷ്ണം തന്നെ നന്നല്ല. അതാണ് മധുപാനം വളരെ കഷ്ടമാണെന്നു വന്നതു്.

* കരിമ്പിന്റെ ഈ ജാതിഭേദങ്ങളും അപ്രസിദ്ധങ്ങളാകയാൽ പ്രത്യേകം ലക്ഷണനിർവ്വചനം ചെയ്യാൻ ഇവിടെ ഒരുങ്ങുന്നില്ല.

സുശീതോ മധുരഃ സ്നിഗ്ധോ ബൃംഹണഃ ശ്ലേഷ്മളഃ സരഃ
ഗംവിദാഹി ഗുരുർവ്വിഷ്യഃ പൌണ്ഡ്രുകോ ഭീരുകസ്തഥാ.
തുല്യാം തുല്യഗുണഃ കിഞ്ചിൽ സക്ഷാരോ വംശകോ മതഃ
വംശവച്ഛ്വേതപോരസ്തു കിഞ്ചിദുഷ്ണഃ സ വാതഹാ.
കാന്താരതാപസാവിക്ഷൂ വംശകാനുഗുണൌ മതൌ
ഛിന്നവംഗുണാസ്തു കാഷ്ഠേക്ഷുഃ സ തു വാതപ്രകോപണഃ.
സൂചീപത്രോ നീലപോരോ നൈപാലോ ഭീഷ്മപത്രകഃ
വാതളാഃ കഫപിത്തഘ്നാഃ സകഷായാ വിദാഹിനഃ
കോശകാരോ ഗുരുഃ ശീതോ രക്തപിത്തക്ഷയാപഹഃ. 139

ആദ്യം പറഞ്ഞ പൌണ്ഡ്രകവും ഭീരുകവും വളരെ ശീതമായും മധുരമായും സ്നിഗ്ധമായും തടിപ്പിക്കുന്നതായും കഫമുണ്ടാക്കുന്നതായും വിരേചനശക്തിയുള്ളതായും ഇരിക്കുന്നതാണ്. അവ ഉരുപ്പുഴുക്കുണ്ടാക്കുകയില്ല; ഗുരുത്വമുള്ളവയാണ്; ശുക്ലത്തെ വർദ്ധിപ്പിക്കയും ചെയ്യും.

വംശകമെന്നുള്ള ജാതി കരിമ്പ് മേൽപറഞ്ഞവയെപ്പോലുള്ള ഗുണങ്ങളോടുകൂടിയതാണ്. എന്നാൽ ഇതിനു കുറഞ്ഞൊന്നു ക്ഷാരസ്വഭാവം കൂടിയുണ്ട്.

ശതപോരകം വംശകംപോലെ തന്നെ. എന്നാൽ കുറെ ഉഷ്ണമാണ്. ഇതു വാതത്തെക്കളകയും ചെയ്യും.

കാന്താരേക്ഷുവും താപസേക്ഷുവും വംശകംപോലെത്തന്നെയാകുന്നു.

കാഷ്ഠേക്ഷുവിനേറയും ഗുണം അതുതന്നെ. എങ്കിലും ഇതു വാതത്തെ കോപിപ്പിക്കുന്നതാണ്.

സൂചിപത്രം, നൈപാലം, ഭീഷ്മപത്രകം, നീലപോരം, എന്നീ നാലുവിധം കരിമ്പും വാതത്തെ ഉണ്ടാക്കുകയും കഫത്തേയും പിത്തത്തേയും കളകയും ഉരുപ്പുഴുക്കുണ്ടാക്കുകയും ചെയ്യും. ചവച്ചുരസമുള്ളവയാണ്.

കോശകരിൽ എന്നുള്ള കരിമ്പ് ഗുരുവാണ്; ശീതവീര്യമാണ്; രക്തപിത്തത്തേയും ക്ഷയത്തേയും കളയും. 139

അതിവ മധുരോ മൂലേ മധ്യേ മധുര ഏവ തു
അഗ്രേഷ്വക്ഷിഷു വിജ്ഞേയ ഇക്ഷൂണാം ലവണോ രസഃ. 140
അവിദാഹീ കഫകരോ വാതപിത്തനിവാരണഃ
വക്ത്രപ്രഹ്ലാദനോ വൃഷ്യോ ദന്തനിഷ്പീഡിതോ രസഃ. 141
ഗുരുർവിദാഹീ വിഷ്ടംഭീ യാന്ത്രികസ്തു പ്രകീർത്തിതഃ. 142
പക്വോ ഗുരുഃ സരഃ സ്നിഗ്ധഃ സ തീക്ഷ്ണഃ കഫവാതനുൽ. 143
(ഗ). ഫാണിതം ഗുരു മധുരമഭിഷ്യന്ദി ബൃംഹണമവൃഷ്യം ത്രിദോഷകൃച്ച. 144

കരിമ്പിന്റെ കടയ്ക്കൽ അധികം മധുരരസവും നടുവിൽ മധുരരസവും തലപ്പുകളിലും കണുകളിലും ലവണരസവുമാണുള്ളതു്. 140

പല്ലുകൊണ്ടു ചവച്ചിറക്കുന്ന കരിമ്പിൻചാറിന്നു് വായക്കു സുഖമുണ്ടാക്കുവാനുള്ള ശക്തിയുണ്ടു്. അതു വിദാഹത്തെ *ഉണ്ടാക്കുകയില്ല. ശുക്ലത്തെയും കഫത്തെയും ഉണ്ടാക്കും. വാതത്തെയും പിത്തത്തെയും നശിപ്പിക്കയും ചെയ്യും. 141

യന്ത്രത്തിലിട്ടു പിഴിഞ്ഞെടുക്കുന്ന കരിമ്പിൻചാറു് ഗുരുവാകുന്നു. അതു വിദാഹത്തെയും വിഷ്ടംഭത്തെയും ഉണ്ടാക്കും+. 142

അടുപ്പിൽവെച്ചു തിളപ്പിച്ചിട്ടുള്ള കരിമ്പിൻനീർ ഗുരുവാകുന്നു. അതിന്നു വിരേചനശക്തിയും സ്നിഗ്ധതയുമുണ്ടു്. അതു് തീക്ഷ്ണസ്വഭാവമുള്ളതുമാണു്. കഫവാതങ്ങളെ കളകയും ചെയ്യും." 143

¶ഫാണിതം ഗുരുവും മധുരവും കഫസ്രവണമുണ്ടാക്കുന്നതും തടിപ്പിക്കുന്നതും ശുക്ലത്തെ വർദ്ധിപ്പിക്കാത്തതും മൂന്നു ദോഷങ്ങളേയും ഉണ്ടാക്കുന്നതും ആകുന്നു‖. 144

---

* ബാഹ്യവായുസ്പർശമില്ലായ്മയാലാകുന്ന ഇതിന്നു് ഈ ഗുണമുണ്ടാകുന്നതു്.

+ ഇങ്ങിനെയുള്ള കരിമ്പിൻചാറിൽ ബാഹ്യവായുവും വെയിലും മഴയും ഏല്പാനിടവരുന്നതുകൊണ്ടാണു് ഇതു ഗുരുവായും മറുമിരിക്കുന്നതു്.

¶ കരിമ്പിന്റെ ചാറിനെ കുറുക്കിയുണ്ടാക്കുന്ന ശർക്കരയ്ക്കു ഫാണിതമെന്നപേർ.

‖ "ത്രിദോഷഹൃൽ" എന്നാണു് ചിലരുടെ പാഠം. ആ പക്ഷത്തിൽ മൂന്നു ദോഷങ്ങളേയും കളയുന്നതെന്നു വരുന്നു.

ഗ്രഡഃ സക്ഷാരമധുരോ നാതിശീതഃ സ്നിഗ്ധോ മൂത്രരക്തശോധനോ നാതി പിത്തജിദ്വാതശ്ലേഷ്മാ മേദഃകഫകരോ ബല്യോ വൃഷ്യശ്ച.()

(പ). പിത്തശ്ലേഷ്മാ മധുരഃ ശ്വേതോ വാതശ്ലേഷ്മാസൃക്പ്രസാദനഃ

സ പുരാണോധികഗുണോ ഗ്രഡഃ പഥ്യതമഃ സ്മൃതഃ. 146

(ഗ). മത്സ്യണ്ഡികാഖണ്ഡശർക്കരാവിമലജാതാ ഉത്തരോത്തരം ശീതാഃ സ്നിഗ്ധാ ഗുരുതരാ മധുരതരാ വൃഷ്യാ രക്തപിത്തപ്രസാദനാ സൃഷ്ണാപ്രശമനാശ്ച. 147

(പ). യഥാ യഥൈഷാം വൈമല്യം മധുരത്വം തഥാ തഥാ

വെല്ലം മധുരരസമാണ്. കുറെ ക്ഷാരസ്വഭാവമുണ്ട്. അതിശീതമല്ല. അതു സ്നിഗ്ധവും മൂത്രത്തെയും രക്തദോഷത്തെയും ശുദ്ധിവരുത്തുന്നതും ആകുന്നു. പിത്തത്തെ അധികമായി ശമിപ്പിക്കയില്ല. വാതത്തെ കളയും. മേദസ്സിനേയും കഫത്തേയും ഉണ്ടാക്കും. ബലത്തേയും ശുക്ലത്തേയും ഇതുണ്ടാക്കുന്നതുമാകുന്നു. 145

"ശുദ്ധിയുള്ള വെളുത്ത വെല്ലം മധുരവും പിത്തശമനവുമാണ്. അതു വാതത്തെക്കളകയും രക്തത്തെ തെളിയിക്കയും ചെയ്യും. പഴയ വെല്ലം അധികഗുണമുള്ളതും ദോഷത്തിന്ന് ഏറ്റവും ഹിതമായിട്ടുള്ളതുമാണെന്നു പറയപ്പെട്ടുന്നു." 146

*മീൻകണ്ണിശ്ശർക്കര, കല്ലുണ്ടം, പഞ്ചസാര ഇവയെല്ലാം കരിമ്പിൻനീരുകൊണ്ടുണ്ടാക്കുന്നവയാണെങ്കിലും. വെല്ലത്തേക്കാൾ മീൻകണ്ണിശ്ശർക്കരക്കും അതിനേക്കാൾ കല്ലുണ്ടത്തിന്നും അതിനേക്കാൾ പഞ്ചസാരയ്ക്കും അധികം ശുദ്ധിയും ശൈത്യവും സ്നിഗ്ധതയും ഗുരുത്വവും മധുരവും കൂടിക്കൂടിയിരിക്കും. ശുക്ലത്തെയുണ്ടാക്കുക, രക്തത്തെയും പിത്തത്തെയും തെളിയിക്കുക, വെള്ളംദോഹമില്ലാതാക്കുക എന്നീ സംഗതികളിലും വെല്ലം മുതലായവയിൽ ആദ്യത്തേതിനേക്കാൾ പിന്നെത്തേതിന്ന് ക്രമേണ സാമർത്ഥ്യം കൂടുന്നതാണ്. 147

"വെല്ലം മുതലായവയിൽ ഏതുത്തോളം ശുദ്ധി (ചളിയില്ലാതിരിക്കൽ)യുണ്ടാകുന്നുവോ അതുത്തോളം അതിന്ന് മാധുര്യവുംകൂടിയിരിക്കും. ഇപ്രകാരം ശുദ്ധിയുള്ളതിന്റെ അവസ്ഥക്കനുസരിച്ചു സ്നിഗ്ധതയും ഗു

---

* കരിമ്പിൻപാകു നല്ലവണ്ണം ശുദ്ധിചെയ്യുണ്ടാക്കുന്നതും കുറഞ്ഞൊന്നു ദ്രവശുഷ്കമായിരിക്കുന്നതുമായ കൽക്കണ്ടമാണു് മീൻകണ്ണിശ്ശർക്കര.

സ്നേഹഗൌരവശൈത്യാനി സരത്വഞ്ച തഥാ തഥാ. 148
യോ യോ മത്സ്യണ്ഡികാഖണ്ഡശർക്കരാണാം സ്വഭാവികോ ഗുണഃ
തേന തേനൈവ നിർദ്ദിശ്യസ്തേഷാം വിസ്രാവണേ ഗുണഃ. 149
സാരസ്ഥിതാ സുവിമലാ നിഃക്ഷാരാ ച യഥാ യഥാ
തഥാ തഥാ ഗുണവതീ വിജ്ഞേയാ ശർക്കരാ ബുധൈഃ. 150
(ഗ). മധുശർക്കരാ പുനഃ ഛർദ്ദിതീസാരഹരീ ത്രുക്ഷാ ഛേദനീ പ്ലാ
ദ്ലാദനീ കഷായമധുരാ മധുരവിപാകാ ച. 151
യവാസശർക്കരാ മധുരകഷായാ തിക്താനുരസാ ശ്ലേഷ്മഹരീ സരാ
ചേതി. 152

രുത്വവും ശൈത്യവും വിരേചനശക്തിയും അധികമായിരിക്കയും ചെയ്യും. 148

മിങ്കണ്ണിശ്ശർക്കര, കല്ലുണ്ടം, പഞ്ചസാര എന്നിവയ്ക്ക സ്വന്തമായി ഏതൊരു ഗുണമുണ്ടോ അതാതുഗുണം തന്നെയാണ് ആ വസ്തുക്കളുടെ *വിസ്രാവണദ്രവ്യത്തിനുമുള്ളത്. 149

പഞ്ചസാരയിൽ അതിന്റെ സാരാംശം മാത്രമായി ചളിയൊട്ടുമില്ലാതാവുക, അതിന്റെ ക്ഷാരാംശം കുറഞ്ഞിരിക്കുക, എന്നീ സംഗതികൾ ഏത്രത്തോളം അധികമധികമായിട്ടുണ്ടാകുന്നുവോ അത്രത്തോളം പഞ്ചസാര ഗുണമുള്ളതായിരിക്കുമെന്നു അറിഞ്ഞുകൊള്ളണം". ()

തേൻ കട്ടിയായാൽ അതിനെ ശർക്കരാസദൃശമാകയാൽ മധുശർക്കരയെന്നു പറയുന്നു. അതു ഛർദ്ദിയേയും അതിസാരത്തേയും കളയും. ത്രുക്ഷതയുള്ളതാണ്. മേദസ്സിനേയും മറ്റും ഛേദനം ചെയ്യാനുള്ള ശക്തി അതിനുണ്ട്. അതു സന്തോഷമുണ്ടാക്കുന്നതും രസത്തിൽ ചവർപ്പും മധുരവും, പാകത്തിൽ മധുരമാകുന്നു. 151

കൊടിത്തുവ്വരി കഷായം വെച്ചതിലുണ്ടാക്കുന്നതായ യവാസശർക്കരയ്ക്കു മധുരരസവും ചവർപ്പുരസവുമുണ്ട്. ഒട്ടുക്കും കൈപ്പുരസം തോന്നുകയും ചെയ്യും. അതു കഫത്തെ കളയും. വിരേചനശക്തിയുള്ളതുമാകുന്നു. 152

* വെല്ലം മുതലായതിനെ ശുദ്ധിവരുത്തുമ്പോൾ അശുദ്ധമായ മലിനാംശം വേർപെട്ടുപോകുമല്ലൊ. ഈ അംശമാണിവിടെ വിസ്രാവണമെന്നു പറഞ്ഞതു.

(പ). യാവത്യഃ ശക്കരാഃ പ്രോക്താഃ സർവാ ഭാഹപ്രണാശനാഃ
രക്തപിത്തപ്രശമനാഃ ഛർദ്ദിമൂർച്ഛാതൃഷാപഹാഃ. 153
ത്രുക്ഷം മധുകപുഷ്പാത്ഥം ഫാണിതം വാതപിത്തകൃൽ
കഫഘ്നം മധുരം പാടക കഷായം വസ്തിശുദ്ധികൃൽ. 154

ഇതിക്ഷുവർഗ്ഗഃ.

അഥ മദ്യവർഗ്ഗഃ—

സർവ്വം പിത്തകരം മദ്യമമ്ലം ദീപനരോചനമ്
ഭേദനം കഫവാതഘ്നം പൂതി വസ്തിവിശോധനമ്.
പാകേ ലഘു വിദാഹ്യുഷ്ണം തീക്ഷ്ണമിന്ദ്രിയബോധനമ്
വികാസി സൂക്ഷ്മവിണ്മൂത്രം ശുണ തന്വ്യ വിശേഷണമ്. 155
മാർദ്വീകമവിദാഹിത്വാന്മധുരാനുരസം തസ്മൂഢാ

"മുകളിൽ പറഞ്ഞിട്ടുള്ള എല്ലാ ശർക്കരകളും ചുട്ടനീറലിനെ നശിപ്പിക്കുന്നവയാണ്. അവ രക്തപിത്തത്തെ ശമിപ്പിക്കയും ഛർദ്ദി, മോഹാലസ്യം, വെള്ളംഭാഹം എന്നിവയെ നശിപ്പിക്കയും ചെയ്യും. ()

ഇരിപ്പപ്പൂവിൽനിന്നു തേനെടുത്തു് അതിനെ കൂടക്കിയുണ്ടാക്കുന്ന ഫാണിതം (പാവു്) വാതപിത്തങ്ങളെയുണ്ടാക്കും. അതു രസത്തിൽ മധുരവും പാകത്തിൽ ചവർപ്പുമാകുന്നു. കഫത്തെ കളയും; വസ്തിയെ ദുഷിപ്പിക്കയും ചെയ്യും". 154

ഇങ്ങിനെ ഇക്ഷുവർഗ്ഗം.

ഇനി മദ്യവർഗ്ഗം—എല്ലാതരം മദ്യവും പിത്തത്തെ ഉണ്ടാക്കുന്നതും പുളിരസമുള്ളതും ദീപനത്തേയും രുചിയേയും ഉണ്ടാക്കുന്നതും മൃദുവായ വിരേചനമുണ്ടാക്കുന്നതും കഫവാതങ്ങളെ കളയുന്നതും ഹൃദയത്തിനു സന്തോഷമുണ്ടാക്കുന്നതും വസ്തിയെ ശുദ്ധി ചെയ്യുന്നതും ആകുന്നു. വിട്ടു മദ്യവും പാകത്തിൽ ലഘുവാണു്; വിദാഹമുണ്ടാക്കും; ഉഷ്ണവും തീക്ഷ്ണവുമാകുന്നു; ഇന്ദ്രിയങ്ങൾക്കു് ഒരുണർച്ചയുണ്ടാക്കും; സന്ധികൾക്കു് അയവു വരുത്തും; മലമൂത്രങ്ങളെ കളകയും ചെയ്യും. ഇനി ഓരോ ജാതിമദ്യങ്ങളുടെ പ്രത്യേകസ്വഭാവങ്ങളെ പറയാം, കേട്ടുകൊൾക: 155

മുന്തിരിങ്ങയിൽനിന്നുണ്ടാക്കുന്ന മദ്യം വിദാഹമുണ്ടാക്കാത്തതാകയാലും മധുരരസമുള്ള വസ്തുവിൽനിന്നുണ്ടാകുന്നതാകയാലും രക്തപി

രക്തപിത്തപി സതതം ബൃംഹണെന്ദ്രപ്രതിഷ്ഠിയ്യതേ
മധുരം തദ്ധി രൂക്ഷഞ്ച കഷായാനുരസം ലഘു
ലഘുപാകി സരം ശോഷവിഷമജ്വരനാശനമ്. 156
മാദ്വീകാല്പാന്തരം കിഞ്ചിൽ ഖാർജ്ജൂരം വാതകോപനമ്
തദേവ വിശദം രുച്യം കഫഘ്നം കൃമനം ലഘു.
കഷായമധുരം ഹൃദ്യം സുഗന്ധീന്ദ്രിയബോധനമ്. 157
കാസാർശോഗ്രഹണീദോഷമൂത്രാഘാതാനിലാപഹാ
സൂന്യരക്തക്ഷയഹിതാ സുരാ ബ്യം ഛർണദീപനീ. 158
കാസാർശോഗ്രഹണീശ്വാസപ്രതിശ്യായ വിനാശനി
ശ്വേതാ മൂത്രകഫസ്നന്യരക്തമാംസകരീ സുരാ. 159
ഹൃദ്രോഗകഫപുൽകൃക്ഷിതോദശൂലപ്രമർദ്ദിനീ

ത്തമെന്നുള്ള രോഗത്തിൽകൂടി അറിവുള്ള വൈദ്യന്മാർ എടുപ്പാഴും അതിനെ ഉപയോഗിക്കാതിരിക്കുന്നില്ല. ഇതു മധുരരസമാണെല്ലൊ. എന്നാൽ ഇതിന്നു രൂക്ഷതയും ലഘുത്വവുമുണ്ട്. സേവിച്ചാൽ ഒട്ടക്കം കുറെ ഒരു ചവർപ്പുരസം തോന്നുകയും ചെയ്യും. പാകത്തിൽ ലഘുവാണ്. വിരേചനമുണ്ടാക്കും. ഇതു ശോഷം, വിഷമജ്വരം എന്നിവയെ നശിപ്പിക്കയും ചെയ്യും. 156

ഈന്തപ്പഴത്തിൽനിന്നെടുക്കുന്ന മദ്യത്തിന്നു മുന്തിരിങ്ങമദ്യത്തിൽനിന്നു അല്പമാത്രമായ വ്യത്യാസമേ ഉള്ളൂ. ഇതു വാതത്തെ കോപിപ്പിക്കും; നിർമ്മലമായിരിക്കും; രുചിയുണ്ടാക്കും; കഫത്തെ കളയും; മെലിയിക്കും; വേഗം ദഹിക്കും; അതിന്റെ രസം ചവർപ്പും മധുരവുമാണ്; ഹൃദയത്തിനു സന്തോഷത്തെ ഉണ്ടാക്കും; സുഗന്ധമുള്ളതാണ്; ഇന്ദ്രിയങ്ങൾക്കു് ഉണർച്ചയുണ്ടാക്കുകയും ചെയ്യും. 157

*ചുകന്ന കള്ള് കാസം, അർശ്സ്സ്, ഗ്രഹണിരോഗം, മൂത്രകൃച്ഛ്രം, വായുരോഗം ഇവയെ കളയും; മുലപ്പാലുണ്ടാകാനും രക്തം ഉണ്ടാകാനും നല്ലതാണ്; ദോഷത്തെ തടിപ്പിക്കയും ദീപനമുണ്ടാക്കുകയും ചെയ്യും. 158

$ വെളുത്ത കള്ള് കാസം, അർശ്സ്സ്, ഗ്രഹണി, ശ്വാസം, പീന

---

* സുരാ=അരിയരച്ചു കലക്കി മന്ത്രങ്ങളും ചേർത്തു പുളിപ്പിച്ചുണ്ടാക്കുന്നതു്.

$ വെളുത്ത തവിഴാമവേരു് മുതലായതും ശാലിയരിയരച്ചതും മാവും കൂട്ടിപ്പുളിപ്പിച്ചെടുക്കുന്നതു്.

പ്രസന്നാ കഫവാതാശ്രോവിബന്ധാനാഹനാശനീ. 160
പിത്തളാല്പകഫാ രൂക്ഷാ യവൈവ്വാതപ്രകോപനീ. 161
വിഷ്ടംഭിനീ സുരാ ഗ്രഹ്വീ ശ്ലേഷ്മളാ തു മധൂലികാ. 162
രൂക്ഷാ നാതികഫാ വൃഷ്യാ പാചനീ ചാക്ഷികീ സ്മൃതാ. 163
ത്രിദോഷാ ഭേദ്യവൃഷ്യാശ്ച കോഹലാ വാതനപ്രിയഃ. 164
ഗ്രാഹ്യുഷ്ണാ ജഗലാ പക്വാ രൂക്ഷസ്തൂ കഫശോഫഹൃൽ

സം എന്നീ രോഗങ്ങളെക്കളയും. മൂത്രത്തെയും കഫത്തെയും മലപ്പാലി നേയും രക്തത്തെയും മാംസത്തെയും ഉണ്ടാക്കും. 159

‖ കള്ളിന്റെ തെളി ചർദ്ദി, അരോചകം, ഹൃദയത്തിലും വയറ ത്തും കുത്തലും വേദനയും, തരിപ്പ്, മലമൂത്രാദികളുടെ ബന്ധം, വയറു വീർപ്പ്, എന്നിവയെ ശമിപ്പിക്കും. കഫത്തിന്റെയും വാതത്തിന്റെയും കോപത്തെ തീർക്കും. 160

യവങ്ങളെക്കൊണ്ടുണ്ടാക്കുന്ന കള്ള് പിത്തത്തെയുണ്ടാക്കും. കു ഞ്ഞോന്നു കഫത്തെയുമുണ്ടാക്കും. വാതത്തെ കോപിപ്പിക്കയും ചെയ്യും. ഇതു രൂക്ഷവും ഗുരുവുമാകുന്നു. വിഷ്ടംഭമുണ്ടാക്കുകയും ചെയ്യും. 161

ഒരുതരം ചെമ്മരോതമ്പുകൊണ്ടുണ്ടാക്കുന്നതായ ¶മധൂലികയെന്നു കള്ള് കഫത്തെ വർദ്ധിപ്പിക്കുന്നതാകുന്നു. 162

താന്നിമരത്തിന്റെ*തൊലി ചേർത്തിയുണ്ടാക്കുന്ന കള്ള് രൂക്ഷമാ കുന്നു. ദാഹനമുണ്ടാക്കും. അധികം കഫത്തെ വർദ്ധിപ്പിക്കയില്ല. ശുക്ല ത്തെ വർദ്ധിപ്പിക്കയും ചെയ്യും. 163

യവത്തിന്റെ മലപ്പൊടി കൂട്ടിയുണ്ടാക്കുന്ന കള്ള് മൂന്നുദോഷങ്ങ ളേയുമുണ്ടാക്കും. അപ്പമായ മലശോധനയുണ്ടാക്കും. ശുക്ലത്തെ വർദ്ധി പ്പിക്കയില്ല. അതു വായുക്ഷോഭത്തെയുണ്ടാക്കുന്നതാണു്. 164

കള്ളിന്റെ അടിയിലെ ഊറൽ മലബന്ധമുണ്ടാക്കും; ഉഷ്ണമാണു്; ദാഹനമുണ്ടാക്കും; രൂക്ഷമാകുന്നു; കിള്ളംഭാഹാരത്തെയും കഫത്തേയും വീ ക്കത്തെയും കളകയും ചെയ്യും. ഹൃദയത്തിനു പ്രിയമുണ്ടാക്കും; ഗ്രഹ

‖ പ്രസന്നയെന്നതു് ഒരു പ്രത്യേകതരം മദ്യമാണെന്നും പക്ഷമുണ്ടു്.
¶ ഇരിപ്പപ്പൂകൊണ്ടുണ്ടാക്കുന്ന മദ്യമെന്നും പക്ഷാന്തരമുണ്ടു്.
* താന്നിക്കായകൊണ്ടുണ്ടാക്കുന്നതെന്നു ഭാഷ്യമതം.

ഹൃദ്യഃ പ്രവാഹികാടോപദുർന്നാമാനിലശോഷഹൃൽ. 165
വക്രസോ ഹൃതസാരത്വാദ്വിഷ്ടംഭീ വാതകോപനഃ
ദീപനഃ സൃഷ്ടവിണ്മൂത്രോ വിശദോല്ലേഖനോ ഗുരുഃ. 166
കഷായോ മധുരഃ സീധുർഗൗഡഃ പാചനദീപനഃ. 167
ശാക്കരോ മധുരോ രുച്യോ ദീപനോ വസ്തിശോധനഃ
വാതശ്ലേഷ്മാ മധുരഃ പാകേ ഹൃദ്യ ഇന്ദ്രിയബോധനഃ. 168
തദ്വൽ പകരസഃ സീധുർമൂലവല്ലകരഃ സരഃ
ശോഫശ്ലേഷ്മാ ദീപനോ ഹൃദ്യോ രുച്യഃ ശ്ലേഷ്മാശ്മരീഹിതഃ. ()
കൽനഃ ശീതരസികഃ ശ്വയഥുഗരനാശനഃ

ണിരോഗം, വയറുവീർപ്പ്, അർശ്ശസ്സ്, വായു, ശോഷം എന്നിവയെ ശമിപ്പിക്കയും ചെയ്യും. 165

കള്ളിൽ ഇട്ടുവെച്ചിട്ടുള്ളതായ ഔഷധം അതികലുള്ള സഞ്ചാരം വർ പോയ്പോകനിമിത്തം വിഷ്ടംഭമുണ്ടാക്കുന്നതായും വാതത്തെ കോപിപ്പിക്കുന്നതായും ഇരിക്കുന്നു. അതു ദീപനമുണ്ടാക്കും; മലമൂത്രങ്ങളെ ഇളക്കിക്കളയും; അതിന്നു ഗുരുത്വമുണ്ട്; അതു നിർമ്മലമായ വസ്തുവാക്കുന്നു; അല്പമായ ലഘുതയുണ്ടാക്കുന്നതുമാണ്. 166

തിളപ്പിച്ച കരിമ്പിൻനീരും താതിരിപ്പൂവും മറവും കൂട്ടിയുണ്ടാക്കുന്നതായ ഗൌഡസീധു (മദ്യം) മധുരവും ചവർപ്പുമായിരിക്കും. ദഹനത്തെയും രുചിയേയുമുണ്ടാക്കും. 167

പഞ്ചസാരചേർത്തുണ്ടാക്കുന്ന മദ്യം മധുരമാകുന്നു. രുചിയെ ഉണ്ടാക്കും. അതു ദീപനത്തെയും വസ്തിശുദ്ധിയേയും വരുത്തും. വാതത്തെ ശമിപ്പിക്കും. പാകത്തിൽ മധുരമാണ്. ഹൃദ്യപ്രീതിയേയും ഇന്ദ്രിയങ്ങൾക്കുണർച്ചയേയും ഉണ്ടാക്കും. 168

കരിമ്പിൻനീർ കുറുക്കിയെടുത്തതു കൂട്ടിയുണ്ടാക്കുന്ന മദ്യം(പകരസം)ത്തിനു പഞ്ചസാരമദ്യത്തിന്റെ ഗുണംതന്നെയാണുള്ളത്. ഇതു ബലമുണ്ടാക്കും. നിറംനന്നാക്കും. വിരേചനത്തെയുണ്ടാക്കും. വീക്കത്തെ കളയും. ദീപനത്തെയും രുചിയേയുമുണ്ടാക്കും. ഹൃദയത്തിനു സന്തോഷം തോന്നിക്കും. കഫത്തെകൊണ്ടുള്ള അർശ്ശസ്സുകൾക്കു നന്ന്. 169

വേവിക്കാത്ത കരിമ്പിൻനീരുചേർത്തുണ്ടാക്കുന്നതായ ശീതരസകം എന്ന മദ്യവിശേഷം ദോഷത്തെ ലിയിക്കും; അതു വീക്കത്തെയും

വണ്ണ്കുഷ്ഠരണഃ സപ്രയ്യോ വിബന്ധഘ്നോ ഗ്നിസാം ഹിതഃ. 170
ആക്ഷികഃ പാണ്ഡുരോഗഘ്നോ വ്രണ്യഃ സംഗ്രാഹകോ ലഘുഃ
കഷായമധുരഃ സീധുഃ പിത്തഘ്നോ സൃക്പ്രസാദനഃ. 171
ജാംബവോ ബദ്ധനിഷ്യന്ദസ്ത്വവരോ വാതകോപനഃ. 172
തീക്ഷ്ണഃ സുരാസവോ ഹൃദ്യോ മൂത്രളഃ കഫവാതനുൽ
മുഖപ്രിയഃ സ്ഥിരമദോ വിജ്ഞേയോനിലനാശനഃ. 173
ലഘുർമ്മധ്വാസവഃ ശ്രേഷ്ഠീ മേഹകുഷ്ഠവിഷാപഹഃ
തിക്തഃ കഷായഃ ശോഫഘ്നഃ സ്നിഗ്ദ്ധഃ സാദ്ദരവാതകൃൽ. 174

ഒഹാദരത്തേയും കളയും; നിറം നന്നാക്കും; ദഹനമുണ്ടാക്കും; ഒച്ചന നാക്കും; മലമൂത്രാദികളുടെ തടസ്ഥം തീക്കും; അശ്മസ്സകഠിക്കു നന്നു്. ()

താന്നിക്കുകഷായവും വെല്ലവും താതിരിപ്പൂവും മറവും കൂട്ടിയുണ്ടാക്കുന്ന മദ്യം (ആക്ഷികസീധു) ലഘുവാണു്. മലമൂത്രാദികളെ തടഞ്ഞുനിത്തും. പാണ്ഡുരോഗത്തെ കളയും. വ്രണത്തിനു നന്നു്. ചവർപ്പുരസവും മധുരരസവുമുള്ളതാണു്. പിത്തത്തെ നശിപ്പിക്കും. രക്തം തെളിയിക്കയും ചെയ്യും. 171

ഞാവൽപഴത്തിന്റെ ചാറും കൊത്തമ്പാലരികഷായവും വെല്ലവും താതിരിപ്പൂവും കൂട്ടിച്ചേത്തുണ്ടാക്കുന്നതായ മദ്യം (ജാംബവസീധു) ചവർപ്പുരസമാകുന്നു. മൂത്രത്തെ തടഞ്ഞുനിത്തും. അതു വാതത്തെ കോപിപ്പിക്കയും ചെയ്യും. 172

*സുരാസവം ഹൃദയത്തിനു പ്രിയമുണ്ടാക്കുന്നതും തീക്ഷ്ണമായിരിക്കുന്നതും മൂത്രത്തെ ഉണ്ടാക്കുന്നതും കഫസംബന്ധമായ വാതത്തേയും കേവലവാതത്തേയും ശമിപ്പിക്കുന്നതും ആകുന്നു. അതു നാവിനു സ്വാദുണ്ടാക്കുന്നതും സേവിച്ചാൽ അധികനേരത്തേക്കു ലഹരിയുണ്ടാക്കിത്തീർക്കുന്നതുമാകുന്നു. 173

മധ്വാസവം (തേൻകൊണ്ടുണ്ടാക്കിയ മദ്യം) ലഘുവായിട്ടുള്ളതാണു്. കഫത്തേയും മറവും ഛേദനംചെയ്യാനുള്ള ശക്തിയുള്ളതും പ്രമേഹത്തേയും കുഷ്ഠത്തേയും വിഷത്തേയും നശിപ്പിക്കുന്നതുമാകുന്നു. ഇതു കയ്പുരസവും ചവർപ്പുരസവും മധുരരസവുമുള്ളതാണു്. തീക്ഷ്ണമാകുന്നു. വാതത്തെ ഉണ്ടാക്കുകയില്ല. 174

* വെള്ളത്തിനുപകരം കള്ളുചേത്തു വാറ്റിയെടുക്കുന്ന ആസവം.

തിക്തസ്തു കഷായോ മദ്യകൃദ്ദീപനഃ കഫഗ്ലപ്മഹൃൽ
കൃമിമേദോനിലഹരോ മൈരേയോ മധുരോ ഗുരുഃ. 175
ബല്യഃ പിത്തഹരോ വൃഷ്യോ മൃദ്വീകേക്ഷുരസാസവഃ. 176
സീധുർമ്മധൂകപുഷ്പാത്മാ വിദാഹ്യഗ്നിബലപ്രദഃ
ശുക്രകൃത് കഷായഃ കഫപിത്താതിപിത്തപ്രകോപണഃ. 177
നിർദ്ദിഷ്ടശുദ്ധസത്ത്വാന്യാൻ കന്ദമൂലഫലാസവാൻ.
നാ ചം മദ്യമഭിഷ്യന്ദി ഗുരു വാതാദികോപനമ്

§മൈരേയം തീക്ഷ്ണമാകുന്നു. ചവർപ്പുരസമുള്ളതും ലഹരിയുണ്ടാക്കുന്നതും അർശ്ശസ്സിനേയും കഫത്തേയും ഗുല്മത്തേയും കളയുന്നതുമാകുന്നു. കൃമിയേയും മേദസ്സിനേയും വായുവിനേയും നശിപ്പിക്കും. ഇതു മധുരരസമുള്ളതും വേഗം ദഹിക്കാത്തതുമാകുന്നു. 175

മുന്തിരിങ്ങക്ഷായംകൊണ്ടും കരിമ്പിൻനീരുകൊണ്ടും കൂടി ഉണ്ടാക്കുന്ന ആസവം ബലമുണ്ടാക്കും. നിറം നന്നാക്കും. പിത്തത്തെ കളകയും ചെയ്യും. 176

ഇരിപ്പപ്പൂകൊണ്ടുണ്ടാക്കുന്ന ആസവം വിദാഹമുണ്ടാക്കുന്നതും അഗ്നിബലമുണ്ടാക്കുന്നതും ആകുന്നു. ശുക്രമാണ്. ചവർപ്പുരസമുള്ളതുമാണ്. കഫത്തെ കളകയും വാതത്തേയും പിത്തത്തേയും കോപിപ്പിക്കയും ചെയ്യും. 177

മുകളിൽ പറഞ്ഞിട്ടുള്ളതുകൂടാതെ മറവ പലല കിഴങ്ങുകളെക്കൊണ്ടും വേരുകളെക്കൊണ്ടും കായകളെക്കൊണ്ടും തോലുകളെക്കൊണ്ടും ഇലകളെക്കൊണ്ടും മറ്റും ആസവങ്ങളുണ്ടാക്കാം. എന്നാൽ ഇവയ്ക്കുള്ള ഗുണങ്ങളും, ആ പദാർത്ഥങ്ങളുടെ രസങ്ങൾക്കും ഗുണങ്ങൾക്കും അനുസരിച്ചിരിക്കുമെന്നറിയേണ്ടതാണ്. 178

*പുതിയമദ്യം കഫസ്രാവണമുണ്ടാക്കുന്നതാണ്. ഗുരുത്വമുള്ളതാകുന്നു. വാതം മുതലായ ദോഷങ്ങളെ കോപിപ്പിക്കും. അതിന്റെ ഗന്ധം മനസ്സിനു പ്രിയമുണ്ടാക്കാത്തതാകുന്നു. അതിനു ദുസ്സാദുണ്ടായി

§ അരിയരച്ചുകൊണ്ടുണ്ടാക്കുന്ന കള്ളും, തേനും, മെല്ലും കൊണ്ടുണ്ടാക്കുന്ന ആസവ (Spirit)വും, കൂട്ടിയുണ്ടാക്കുന്ന ഒരു ജാതി മദ്യം.

* ഒരു കൊല്ലം പഴക്കം വരാത്തതെന്നു ചിലരഭിപ്രായപ്പെടുന്നു. ശരിയായ രസമുണ്ടുവിച്ചു തെളിഞ്ഞിരിക്കുന്നതിനു മുമ്പുള്ള സ്ഥിതിയിലാണ് പുതിയമദ്യമെന്നു പറയേണ്ടതെന്നും പക്ഷം.

അനിഷ്ടഗന്ധം വിരസമഹൃദ്യഞ്ച വിദ്ധാഹി ച. 179
സുഗന്ധി ദീപനം ഹൃദ്യം രോചിഷ്ണു കൃമിനാശനമ്
സ്രുടസ്രോതസ്കരം ജീർണ്ണം ലഘു വാതകഫാപഹമ്. 180
അരിഷ്ടോ ദ്രവ്യസംയോഗസംസ്കാരാധിക്യകോ ഗുണൈഃ
ബഹുദോഷാഹരശ്ചൈവ ദോഷാണാം ശമനശ്ച സഃ.
ദീപനഃ കഫവാതഘ്നഃ സരഃ പിത്തവിരോധനഃ
ശൂലാഗ്നിമാനോദരപ്ലീഹജ്വരാജീർണ്ണാർശസാം ഹിതഃ. 181
പിപ്പല്യാദികൃതോ ഗുല്മകഫരോഗഹരഃ സ്മൃതഃ 182
ചികിത്സിതേഷു വക്ഷ്യന്തേരിഷ്ടാ രോഗഹരാഃ പൃഥക്. 183
അരിഷ്ടാസവസീധൂനാം ഗുണാൻ കർമ്മാണി ചാദിശേൽ

രിക്കും. ആകപ്പാടെ ഹൃദയത്തിന്നു പിടിക്കാത്തതായിരിക്കും. വിദാഹത്തെ ഉണ്ടാക്കുകയും ചെയ്യും. 179

പഴയമദ്യം ലഘുവാകുന്നു. അതു സുഗന്ധമുള്ളതും ദീപനമുണ്ടാക്കുന്നതും ഹൃദയത്തിന്നു പ്രിയമുണ്ടാക്കുന്നതും രുചിയുണ്ടാക്കുന്നതും കൃമികളെ കളയുന്നതും സ്രോതസ്സുകളെ ശുദ്ധിവരുത്തുന്നതും വാതത്തേയും കഫത്തേയും കളയുന്നതുമാകുന്നു. 180

അനേകദ്രവ്യങ്ങളുടെ സംയോഗമുള്ളതുകൊണ്ടും സംസ്കാരവിശേഷംകൊണ്ടും അരിഷ്ടത്തിന്നു് മറ്റുള്ള ആസവാദികളെക്കാൾ അധികം ഗുണങ്ങളുണ്ടു്. അതു് അനേകം രോഗങ്ങളെ നശിപ്പിക്കയും ദോഷങ്ങളെ ശമിപ്പിക്കയും ചെയ്യും. ദീപനമുണ്ടാക്കും. കഫത്തേയും വാതത്തേയും കളയും. വിരേചനമുണ്ടാക്കും. പിത്തത്തിന്നു *ശത്രുവാണു്. ശൂലം, വയറുവീർപ്പു്, മഹോദരം, പ്ലീഹ, ജ്വരം, അർശ്ശസ്സു്, അജീർണ്ണം എന്നീ രോഗങ്ങൾക്കു നല്ലതാണു്. 181

തിപ്പലിമുതലായ (പിപ്പല്യാദിഗണം)മരുന്നുകളെക്കൊണ്ടു കഷായംവെച്ചു് അരിഷ്ടമുണ്ടാക്കിയാൽ അതു കഫരോഗത്തിന്നു നല്ലതാണു്; ഗുല്മത്തേയും ശമിപ്പിക്കും. 182

ചികിത്സിതസ്ഥാനത്തിൽ ഓരോ രോഗങ്ങൾക്കും പാഠിയ അരിഷ്ടങ്ങളെ വെവ്വേറെയായി പറവാൻ പോകുന്നതുമുണ്ടു്. 183

ആസവാരിഷ്ടങ്ങളിലും സീധുക്കളിലും ചേരുന്ന മരുന്നുകളേതെല്ലാമാണെന്നും അവയെ പാകം ചെയ്യുന്നതെങ്ങിനെയാണെന്നും മന

---

* 'പിത്തവിരോധനഃ' എന്നും പാഠമുണ്ടു്. ആ പക്ഷത്തിൽ, അല്പം പിത്തഹരമെന്നു സാരം.

ബുദ്ധ്യാ യഥാസ്വം സംസ്കാരമവേക്ഷ്യ കുശലോ ഭിഷക്. 184
സാന്ദ്രം വിദാഹി ദുർഗ്ഗന്ധം വിരസം കൃമിളം ഗുരു
അചൂദ്യം തരുണം തീക്ഷ്ണമുഷ്ണം ദുർഭാജനസ്ഥിതമ്
അല്പൌഷധം പര്യുഷിതമത്യച്ഛം പിച്ഛിലഞ്ച യൽ
തദ്വിജ്ജ്യം സർവ്വദാ മദ്യം കിഞ്ചിച്ഛ്രേഷ്ഠന്തു യദ്ഭവേൽ. 185
തത്ര യൽ സ്നേഹസംഭാരം തരുണം പിച്ഛിലം ഗുരു
കഫപ്രകോപി തന്മദ്യം ദുർജ്ജരഞ്ച വിശേഷതഃ. 186

സ്സിലാക്കിയ ബുദ്ധിമാനായ വൈദ്യന്ന് ഏതുതരം ആസവാരിഷ്ടങ്ങളുടെ ഗുണങ്ങളേയും ഫലങ്ങളേയും നിർണ്ണയിക്കാൻ പ്രയാസമൊന്നുമില്ല. 184

മദ്യം, കൊഴത്തതായിരിക്കുക, അകുത്തക്കു കഴിച്ചാൽ വിദാഹത്തെ ഉണ്ടാക്കുക, ദുർഗ്ഗന്ധത്തോടുകൂടിയിരിക്കുക, വീര്യമായ സ്വാദുള്ളതായിരിക്കുക, കുമിച്ചിരിക്കുക, വേഗത്തിൽ ദഹിക്കാത്തതായിരിക്കുക, മനസ്സിന്നു പിടുത്തമില്ലാത്തതായിരിക്കുക, പുത്തനായിരിക്കുക, തീക്ഷ്ണ(അതിവേഗത്തിൽ വ്യാപിക്കുന്നതു്)മായിരിക്കുക, തൊട്ടാൽ ചൂടുള്ളതായിരിക്കുക, നന്നല്ലാത്ത *പാത്രത്തിൽ വെച്ചതായിരിക്കുക, വേണ്ടേടത്തോളം മരുന്നുകൾ (താതിരിപ്പൂ മുതലായവ) മുഴുവനും കൂട്ടിയുണ്ടാക്കാത്തതായിരിക്കുക, മദ്യമുണ്ടാക്കാനായി ഉപയോഗിച്ചിട്ടുള്ള പാത്രത്തിൽ നിന്നെടുത്തു മറ്റൊരു പാത്രത്തിലാക്കി അടച്ചു ബന്ധവസ്സ് ചെയ്യാതെ ഒരു രാത്രി മുഴുവൻ വെച്ചതായിരിക്കുക, വെറും വെള്ളംപോലെ അത്യധികം നേർമ്മയുള്ളതായും അല്ലെങ്കിൽ അധികം വഴുവഴുപ്പുള്ളതായും ഇരിക്കുക, ഇങ്ങിനെയുള്ള ലക്ഷണങ്ങളോടുകൂടിയതായിരുന്നാൽ, ഒരിക്കലും ഉപയോഗിപ്പാൻ പാടുള്ളതല്ല. പാത്രത്തിന്നടിയിൽ ഊറിനിൽക്കുന്ന സ്വഭാവമുള്ള മദ്യവും മേൽപ്രകാരം തന്നെ ഒരിക്കലും ഉപയോഗിക്കാൻ കൊള്ളാത്ത വസ്തുവത്രെ. 185

വേണ്ടേടത്തോളം മരുന്നുകൾ കൂട്ടാതെ ഉണ്ടാക്കിയതും വഴുവഴുപ്പും ഘനവുമുള്ളതും പുതുതായിട്ടുള്ളതുമായ മദ്യം വിശേഷിച്ചും വേഗത്തിൽ ദഹിക്കാത്തതും കഫകോപമുണ്ടാക്കുന്നതുമാണ്. 186

---

* നല്ല കുപ്പികളിലോ മൺപാത്രത്തിലോ ആണ് ആസവം സൂക്ഷിക്കാൻ നല്ലതു്. അങ്ങിനെയല്ലാത്ത പാത്രങ്ങളും ചളി മുതലായതു പിരണ്ടിരിക്കുന്ന പാത്രങ്ങളും പാടില്ലെന്നിയിടെ തൽപര്യമാകുന്നു.

പിത്തപ്രകോപി ബഹളം തീക്ഷ്ണമുഷ്ണം വിദാഹി ച. 187
അപ്യുദ്ര്യം ഫേനിലം പൂതി കൃമിളം വിരസം ഗുരു. 188
തഥാ പര്യുഷിതഞ്ചാപി വിദ്യാന്നിലകോപനമ്. 189
സർവ്വദോഷൈരുപേതന്തു സർവ്വദോഷപ്രകോപണമ്. 190
ചിരസ്ഥിതം ജാതരസം ദീപനം കഫവാതജിൽ. 191
രുച്യം പ്രസന്നം സുരഭി മദ്യം സേവ്യം മഹോവഹമ്. 192
തസ്യാനേകപ്രകാരസ്യ മദ്യസ്യ രസവീര്യതഃ

പുതിയതായ മദ്യം കൊഴത്തതായും തീക്ഷ്ണമായും ഉഷ്ണമായും വിദാഹത്തെ ഉണ്ടാക്കുന്നതായും ഇരിക്കുന്നുവോ ആ മദ്യം പിത്തത്തെ കോപിപ്പിക്കുന്നതാണു്. 187

മനസ്സിനു് അപ്രിയമുണ്ടാക്കുന്നതും *നുരയും പതയുമുള്ളതും ദുർഗ്ഗന്ധമുള്ളതും പുഴുത്തിട്ടുള്ളതും ദുസ്വാദുള്ളതും ഗുരുത്വമുള്ളതും പാത്രം മാറി തുറന്നുവെച്ചിരുന്ന പഴകിയതും ആയ മദ്യം വാതകോപത്തെയുണ്ടാക്കുന്നതാണു്. 188–189.

മേൽപറഞ്ഞ ദോഷങ്ങളെല്ലാം തികഞ്ഞിട്ടുണ്ടെങ്കിൽ ആ മദ്യം ദേഹത്തിലുള്ള എല്ലാദോഷങ്ങളേയും കോപിപ്പിക്കുന്നതാണു്. 190

വളരെക്കാലം ഇരുന്നിട്ടുള്ളതും ശരിയായ സ്വാദു പുറപ്പെട്ടിട്ടുള്ളതും ദീപനമുണ്ടാക്കുന്നതും വായുവിനേയും കഫത്തേയും ശമിപ്പിക്കുന്നതും രുചിയെ ഉണ്ടാക്കുന്നതും തെളിഞ്ഞിരിക്കുന്നതും നല്ല ഗന്ധത്തോടുകൂടിയതും ആനന്ദ(സന്തോഷകരമായ ലഹരി)മുണ്ടാക്കുന്നതുമായ മദ്യം എപ്പോഴും സേവിപ്പാൻ നല്ലതാകുന്നു. 191–192

മുന്തിരിങ്ങ മുതലായ അനേകപദാർത്ഥങ്ങൾ ചേർത്തുണ്ടാക്കുന്നതായ ആ മദ്യം രസങ്ങളുടെ(ലവണത്തൊഴിച്ചു്)യും വീര്യങ്ങ(ഉഷ്ണം, രൂക്ഷം

* "ഫേനില"മെന്ന മൂലത്തിനു് 'അപ്പും' എന്ന ഭല്ലനമിശ്രൻ അർത്ഥം പറഞ്ഞിട്ടുണ്ടു്. ഫേനിലാദ്യം മദ്യദോഷങ്ങളുടെ കൂട്ടത്തിൽ മുമ്പു പരിഗണനം ചെയ്യിട്ടില്ലാത്തതുകൊണ്ടും അത്യുച്ചമെന്ന ദോഷം പറഞ്ഞിട്ടുള്ളതുകൊണ്ടുമായിരിക്കാം അദ്ദേഹം ഇവിടെ ഇങ്ങിനെ എഴുതിയതു്. "പര്യുഷിതം ചാപി" എന്ന ഭിക്കിലെ ചകാരംകൊണ്ടു് അത്യുച്ചതകൂടി പറഞ്ഞതായി വിചാരിക്കണമെന്നും ഫേനിലത്തിനു് നുരയുള്ളതു് എന്ന അർത്ഥംതന്നെ ഗ്രാഹ്യമാണെന്നുമാണു് ചിലരുടെ പക്ഷം. സാന്ദ്രത്വം പിച്ചിലത്വം മുതലായ മുൻപറഞ്ഞ ദോഷങ്ങളുടെ കൂട്ടത്തിൽ ഫേനിലത്വംകൂടിയുണ്ടാകാവുന്നതു തന്നെയെന്നാണവരുടെ അശയം.

സൌക്ഷ്ംയാദൌണ്ണ്യാച്ച തൈക്ഷ്ണ്യാച്ച വികാസിതാച്ച വഹ്നിനാ
സമേത്യ ഹൃദയം പ്രാപ്യ ധമനീസ്രുഡ്ഭിരാഗതമ്
വിക്ഷിപ്യേന്ദ്രിയചേതാംസി വീര്യ്യം മദയതേ ചിരാൽ. 193
ചിരേണ ശ്ലേഷ്മികേ പുംസി പാനതോ ജായതേ മദഃ
അചിരാദ്വാതികേ ദുഷ്ടേ പൈത്തികേ ശീഘ്രമേവ തു. 194
സാത്വികേ ശൌചദാക്ഷിണ്യഹർഷ്മണ്ഡനലാലസഃ
ഗീതാധ്യയനസൌഭാഗ്യസുരതോത്സാഹകൃന്മദഃ
രാജസേ ദുഃഖശീലത്വമാത്മത്യാഗം സസാഹസമ്

മുതലായതു്)ള്ളടേയും ഭേദങ്ങൾക്കനുസരിച്ചു് പല വിധത്തിലായിരിക്കുന്നതാണെല്ലൊ. അങ്ങിനെയുള്ള അതിന്റെ വീര്യ്യം (ശക്തി) ജഠരാഗ്നിയോടുകൂടിച്ചേർന്നു ധമനികളിൽകൂടി മേൽപ്പെട്ടുകൊണ്ടു വ്യാപിച്ചിട്ടു് ഹൃദയത്തിൽ ചെന്നുചേരുന്നു. മദ്യം വീര്യ്യവും നേർമ്മയുള്ള(സൂക്ഷ്മ)തുകയാലും ഉഷ്ണസ്വഭാവമാകയാലും തീക്ഷ്ണ(കായ്മ്യം സാധിക്കുന്നതിനുള്ള വേഗതയുള്ളതു്)മാകയാലും സന്ധിബന്ധങ്ങളെ വേർപെടുത്തുന്ന ശക്തിയുള്ള(*വികാസി)തുകയാലും അതു ഹൃദയത്തിൽനിന്നു സകല ഇന്ദ്രിയങ്ങളിലും (കണ്ണു മുതലായവ) മനസ്സിലും വ്യാപിച്ചു് അവയെ ക്ഷോഭിപ്പിക്കയും അങ്ങിനെ വേഗത്തിൽ ലഹരിയുണ്ടാക്കുകയും ചെയ്യുന്നു. 193

മദ്യപാനം ചെയ്യുൽ കഫപ്രകൃതിയായ പുരുഷനു് കാലതാമസംകൊണ്ടേ ലഹരിയുണ്ടാകയുള്ളൂ. വാതപ്രകൃതിയാണെങ്കിൽ അധികം താമസം കൂടാതെ ലഹരി പിടിക്കും. പിത്തപ്രകൃതിക്കാരനു് അതിവേഗത്തിൽ ലഹരിയുണ്ടാകുന്നതാണു്. 194

സത്വഗുണമുള്ളവനാണെങ്കിൽ മദ്യപാനത്തിന്റെ ലഹരിനിമിത്തം അവൻ ശുചിയായി വസ്ത്രധാരണം മുതലായതു് ചെയ്യുന്നതിലും മറവുള്ളവരുടെ അഭിപ്രായത്തെ അനുസരിക്കുന്നതിലും ഏതുവിധത്തിലും സന്തോഷിക്കുന്നതിലും ആഭരണങ്ങളണിയുന്നതിലും പാട്ടു പാടുക, പഠിക്കുക, ദേഹത്തെ ഭംഗിയാക്കുക, സ്ത്രീസേവചെയ്യാനുത്സാഹിക്കുക, ഏന്നി സംഗതികളിലും അധികം ആഗ്രഹമുള്ളവനായിത്തീരുന്നതാണു്.

---

* വികാസി=പാകം വരുന്നതിനു മുമ്പായിത്തന്നെ തന്റെ കായ്മ്യം പ്രവർത്തിക്കുന്നതു്. (ഭോഷ്യം)

കലഹം സാനുബന്ധന്തു കരോതി പുരുഷേ മദഃ
അശൌചനിദ്രാമാത്സര്യാഗമ്യാഗമനലോലതാഃ
അസത്യഭാഷണഞ്ചാപി കുര്യാദ്ധി താമസേ മദേ. 195
രക്തപിത്തകരം ശുക്തം ഛേദി ഭുക്തവിപാചനമ്
വൈസ്യം ജരണം ശ്ലേഷ്മപാണ്ഡുക്രിമിഹരം ലഘു
തീക്ഷ്ണോഷ്ണം മൂത്രളം വൃദ്ധ്യം കഫഘ്നം കടുപാകി ച. 196
തദ്വൽ തോസുതം സർവ്വം രോചനഞ്ച വിശേഷതഃ. 197
ഔഡ്ഡാനി രസയുക്താനി മധുശുക്താനി യാനി ച

രാജസഗ്രഹണമുള്ളവൻ ലഹരിനിമിത്തം ദുഃഖിച്ചുകൊണ്ടിരിക്കും; വല്ല സാഹസങ്ങളും ചെയ്വാൻ തുടങ്ങും; തനിക്കുതന്നെ നാശം വരുത്തുക പ്രവൃത്തികൾ (ആത്മഹത്യ) ആരംഭിക്കും; വിടാതെ കലഹിച്ചുകൊണ്ടിരിക്കയും ചെയ്യും.

തമോഗ്രഹണമുള്ളവർക്കാണ് ലഹരി പിടിക്കുന്നതെങ്കിൽ അവർ തീരെ ശുചിയില്ലാത്തവിധം പ്രവർത്തിക്കും; ഓങ്ങും; മാറുള്ളവരോടു മത്സരിക്കാൻ തുടങ്ങും; തനിക്കു പ്രവേശിപ്പാൻ അർഹതയില്ലാത്ത സ്ത്രീകളിൽ പ്രവേശിക്കാനാഗ്രഹിക്കും; അസത്യം പറകയും ചെയ്യും. 195

*ശുക്തം രക്തപിത്തത്തെയുണ്ടാക്കും. കഫത്തെയും മാംസഗ്രന്ഥികളേയും മാറും ഛേദനം ചെയ്യും. ആഹാരത്തെ ദഹിപ്പിക്കും. കഫകോപത്താലുണ്ടായ പാണ്ഡുരോഗത്തെയും കൃമിയേയും കളയും. സാരത്തെ ചീത്തയാക്കും. ദഹിക്കാതെ വയറ്റിൽ കിടക്കുന്ന ആമദോഷത്തെ ദഹിപ്പിക്കും. ലഘുവാകുന്നു. അതു തീക്ഷ്ണസ്വഭാവവും ഉഷ്ണവീര്യമുള്ളതാണ്. മൂത്രത്തെ വർദ്ധിപ്പിക്കും. വൃദ്ധയത്തിനു പ്രിയമുണ്ടാക്കും, കഫത്തെ നശിപ്പിക്കും. പാകത്തിങ്കൽ എരുവുരസമാകുന്നു. 196

ശുക്തത്തിൽ ഇട്ടുവെച്ചിരുന്നിട്ടുള്ള കിഴങ്ങ്, കായ മുതലായ പദാർത്ഥങ്ങൾക്കെല്ലാം ശുക്തത്തിന്റെ ഗുണങ്ങൾ തന്നെയാണ്. വിശേഷിച്ച് അവയ്ക്കു രുചിയുണ്ടാക്കാനുള്ള ശക്തിയുണ്ട്. 197

വെല്ലംകൊണ്ടുണ്ടാക്കുന്ന ശുക്തം (വെല്ലം പാവുകാച്ചിയതും എണ്ണയും കിഴങ്ങും കായും ഇലയും കൂട്ടിയുണ്ടാക്കുന്നതു്), കരിമ്പിൻനീരു

---

* തേൻ, വെല്ലം, അരിക്കാടി, തൈരിന്റെ തെളി ഇവ നല്ല പാത്രത്തിൽ കലർന്ന നല്ലിൽ മൂന്നു ദിവസം കഴിച്ചിട്ട് പിഴിഞ്ഞ എടുക്കുന്നതു് ശുക്തമാകുന്നു. ഇതു് ഇന്നു കവുടിയുത്തിലുണ്ടാക്കുന്നുണ്ടു്.

ഖഥാപൂപ്പം ഗുരുതരാണ്യഭിഷ്യന്ദകരാണി ച. 198
തുഷാംബു ദീപനം പൂത്യം പുൽപാണ്ഡുക്രിമിരോഗനുൽ
ഗ്രഹണ്യർശോവികാരഘ്നം ഭേദി സൌവീരകം തഥാ. 199
ധാന്യാമ്ലം ധാന്യയോനിത്വാദ്ദീപനം ദാഹനാശനമ്
സ്രംശാൽ പാനാൽ തു പവനകഫഘ്നാഹരം ലഘു.
തൈക്ഷ്ണ്യാച്ച നിഹ്രരേദ്ധാത്തു കഫം ഗണ്ഡൂഷധാരണാൽ
മുഖവൈരസ്യദൌർഗ്ഗന്ധ്യമലശോഷ്ക്ലമാപഹമ്.
ദീപനം ജരണം ഭേദി ഹിതമാസ്ഥാപനേഷു ച

കൊണ്ടു(ഗുഡശുക്തംപോലെ)ണ്ടാക്കുന്ന ശുക്തം, തേൻ ചേർത്തുണ്ടാക്കുന്ന ശുക്തം (തേനും ചെറുനാരങ്ങച്ചാറും കാട്ടതിപ്പലിവേങ്ങം മറവും കൂട്ടിയുണ്ടാക്കി ഒരു മാസം വെച്ചുടക്കുന്നതു') ഇവയിൽ മുമ്പേ മുമ്പേ പറഞ്ഞതിനു ഗുരുത്വവും കഫസ്രാവണശക്തിയും അധികമധികമായിരിക്കുന്നതാണ്. 198

*തുഷാംബുവും സൌവീരകവും ദീപനമുണ്ടാക്കും. പൂതിയത്തിനു പ്രിയമായിരിക്കും. പുഴുദോഷം, പാണ്ഡുരോഗം, കൃമിരോഗം, ഗ്രഹണി, അർശ്സ് എന്നിവയെ കളയും. അല്പമായി വിരേചനമുണ്ടാക്കുകയും ചെയ്യും. 199

ധാന്യാമ്ലം ധാന്യങ്ങളെക്കൊണ്ടുണ്ടാക്കുന്നതാകയാൽ ദീപനമുണ്ടാക്കുന്ന വസ്തുവായിരിക്കുന്നു. അതു ദേഹത്തിൽ തേച്ചാൽ ചൂടുനീരിനെ ശമിപ്പിക്കും. അകത്തേക്കു സേവിച്ചാൽ വാതത്തേയും കഫത്തേയും തന്നിമിത്തമായ വെള്ളംകോച്ചലിനേയും ശമിപ്പിക്കും. ലഘുവാകുന്നു. ധാന്യാമ്ലംകൊണ്ടു ഗണ്ഡൂഷം (കവിൾകൊള്ളൽ) ചെയ്യുന്നതു തീക്ഷ്ണവസ്തുവാകകൊണ്ടു വേഗത്തിൽ കഫത്തെ നശിപ്പിക്കും. വായിനുള്ള അരോചകത്തേയും ദുർഗ്ഗന്ധത്തേയും അഴലിനേയും വരാതാക്കു

---

* "തുഷോദകം യഥൈവോക്തമസ്സുതുഷൈശ്ശൂകലീകൃതൈരേ" എന്ന വചനപ്രകാരം ഉമി കളയാത്ത പച്ചയവം പൊടിച്ചതു കുട്ടിയുണ്ടാക്കുന്നതു തുഷോദകമാണെന്നു വന്നു. സൌവീരകമെന്നതു പച്ചയവമോ വേവിച്ച യവമോ ഉമികളഞ്ഞു കുട്ടിയുണ്ടാക്കുന്നതാകുന്നു. ഗോതമ്പുകൊണ്ടും ഇങ്ങിനെ സൌവീരകമുണ്ടാക്കാം. ("സൌവീരകം യവൈരേതൈർമ്മ പകൈഷ്പ്പാ നാസ്സൂതൈഷ്ടു കൃതം। ഗോധൂമൈരപി സൌവീരമാഹുരാചാര്യകോവിദാഃ")

സമുദ്രമാശ്രിതാനഞ്ച ജനാനാം സാത്മ്യമുച്യതേ. 200

ഇതി മദ്യവർഗ്ഗഃ.

—— * ——

(ഗ) അഥ മൂത്രവർഗ്ഗഃ—ഗോമഹിഷ്യാജാവിഗജഹയഖരോഷ്ട്രാണാം മൂത്രാണി തീക്ഷ്ണാനി കടൂന്യുഷ്ണാനിതിക്താനി ലവണാനുരസാനി ലഘൂനി ശോധനാനി കഫവാതകൃമിമേദോവിഷഗുല്മശ്ലീപദകുഷ്ഠശോഫാരോ-ചകപാണ്ഡുരോഗഹരാണി ഹൃദ്യാനി ദീപനാനി ച സാമാന്യതഃ. 201

ഭവന്തി ചാത്ര—(പ)

തൽ സർവ്വം കടു തീക്ഷ്ണോഷ്ണം ലവണാനുരസം ലഘു
ശോധനം കഫവാതഘ്നം കൃമിമേദോവിഷാപഹം.

യേയും കളയും. ക്ഷീണം തിക്കും *ദീപനമുണ്ടാക്കും ആമദോഷാതെത്തുടർപ്പിക്കും. ശോധനയുണ്ടാക്കും. കഷായവസ്തിചെയ്യാൻ നല്ലതുമാകുന്നു. സമുദ്രത്തിനു സമീപം താമസിക്കുന്ന ജനങ്ങൾക്കു ധാന്യാമ്ലം വളരെ ഹിതമായിട്ടുള്ളതാകുന്നു". 200

ഇതി മദ്യവർഗ്ഗഃ.

—— * ——

ഇനി മൂത്രവർഗ്ഗം—പശു, എരുമ, ആട്, ആവിയാട്, ആന, കുതിര, കഴുത, ഒട്ടകം എന്നീ ജന്തുക്കളുടെ മൂത്രങ്ങളെല്ലാം തീക്ഷ്ണസ്വഭാവമുള്ളവയാണ്. അവയുടെ വീര്യം ഉഷ്ണവും രസം എരുവും കയ്പുമാകുന്നു. സേവിച്ചാൽ ഒട്ടകം ഒരു ലവണരസവും അവയ്ക്കുണ്ടായിക്കാണും. വേഗം ദഹിക്കും. ശോധനവർഗ്ഗത്തും. കഫം, വാതം, കൃമി, മേദസ്സ്, വിഷം, ഗുല്മം, അർശസ്സ്, മഹോദരം, കുഷ്ഠം, ശോഫം, അരോചകം, പാണ്ഡുരോഗം എന്നിവയെ ശമിപ്പിക്കും. ഹൃദയത്തിനു പ്രിയമുണ്ടാക്കും. ദീപനവുമാണ്. ഈ പറഞ്ഞിട്ടുള്ളതു മൂത്രങ്ങളുടെ സാമാന്യമായ ഗുണങ്ങളാകുന്നു. 201

"മൂത്രമെല്ലാം രസത്തിൽ എരുവും വീര്യത്തിൽ ഉഷ്ണവും ആകുന്നു. തിക്തമാകും ലഘുവായും ഇരിക്കും. അനുരസമായിട്ട് (ഒട്ടകം നാവിനു

---

* സാധാരണയായി വിരേചനാഭിക്രിയകൊണ്ടു ജഠരാഗ്നി ബലം കുറയും (സ്നേഹവീര്യസ്യ വാന്തസ്യ വിരിക്തസ്യ സ്രുതാസൃജഃ । നിരൂഢസ്യ ച കായാഗ്നിർമ്മന്ദോ ഭവതി ദേഹിനഃ). പുനരാൽ ധാന്യാമ്ലംകൊണ്ടു വിരേചനാഭിക്രിയ ചെയ്യാൽ അഗ്നിബലമുണ്ടാകുന്നതുകൊണ്ടാണ് ഇവിടെ സൂചിപ്പിക്കപ്പെട്ടിരിക്കുന്നു.

അശ്മാജരഹ്ലുഷ്ണാ ശോഫാരോചകനാശനമ്
പാണ്ഡുരോഗഹരം ഭേദി ഹൃദ്യം ദീപനപാചനമ്. 202
ഗോമൂത്രം കടുതിക്ഷ്ണോഷ്ണം സക്ഷാരത്വാന്ന വാതളമ്
ലഘ്വഗ്നിദീപനം മേധ്യം പിത്തളം കഫവാതജിൽ.

തോന്നുന്ന രസം) ലവണരസവും അതിന്നുണ്ട്. രക്തത്തേയും മറ്റും ശുദ്ധിവരുത്തും; കഫവാതങ്ങളെ കളയും; കൃമി, മേദസ്സിന്റെ ദോഷം, വിഷം എന്നിവയെ കളയും; അശ്മരിയേയും മഹോദരത്തേയും ഗുല്മത്തേയും തിക്കും; വീക്കത്തേയും അരോചകത്തേയും നശിപ്പിക്കും; പാണ്ഡുരോഗത്തെ കളയും; മലശോധനയുണ്ടാക്കും; ദീപനമുണ്ടാക്കും; ആമദോഷത്തെ പാകം വരുത്തും; ഹൃദയത്തിന്നു *ഹിതമായിരിക്കയും ചെയ്യും+. 202

പശുവിന്റെ മൂത്രം എരുവുരസമുള്ളതാകുന്നു. തീക്ഷ്ണവും ഉഷ്ണവുമാണ്. ക്ഷാരസ്വഭാവം കൂടിയുള്ളതുകൊണ്ട് അതു വാതത്തെ വർദ്ധിപ്പിക്കയില്ല. ലഘുവാകുന്നു. അഗ്നിദീപനമുണ്ടാക്കും. പരിശുദ്ധമായ വസ്തുവാകുന്നു. പിത്തത്തെ ഉണ്ടാക്കും. കഫത്തേയും വാതത്തേയും കളയും. ശൂലം, ഗുല്മം, മഹോദരം, വയറുവീർപ്പ് എന്നിവയിൽ നന്ന്. വയറിളക്കാനും കഷായവസ്തിചെയ്യാനും മാനം നല്ലതാകുന്നു. ഈ മാതിരി മൂ

* "ഹൃദ്യം" എന്ന മൂലശബ്ദത്തിന്റെ പദത്തിന്നു ഹൃദയപ്രിയമുണ്ടാക്കുന്നതു് എന്നു പരിഭാഷപ്പെടുത്തുകയാണു ചെയ്തിട്ടുള്ളതു്. കയ്പുരസവും തീക്ഷ്ണതയും മറ്റുമുള്ള പദാർത്ഥങ്ങൾ കൂടി ഹൃദ്യങ്ങളാണെന്നു വരുമ്പോൾ ഗോമൂത്രംകൂടിക്കുന്നതു മനസ്സിനു സന്തോഷകരമായിക്കാണുന്നില്ല, എന്നിങ്ങനെ സംശയമുണ്ടാകുന്നു. മനസ്സിനെ വഹിക്കുന്ന തലച്ചോറിന്നും സ്മൃതിയുമായിട്ടുള്ള ബന്ധത്തിന്നും രക്തസഞ്ചാരത്തിന്നുപകരിക്കുന്ന മാംസമയമായ ഹൃദയകോശത്തിന്നും ചിലപ്പോൾ ശ്വാസകോശം ഹൃദയം എന്ന രണ്ടും കൂടിക്കിടക്കുന്ന ഒരു അവയവത്തിന്നു പൊതുവിലും ഹൃദയശബ്ദംകൊണ്ടു ശാസ്ത്രങ്ങളിൽ വ്യവഹാരം കാണുന്നു. (ഈ സംഗതിയെ മേലിൽ വിസ്തരിക്കാം). അപ്പോൾ ഹൃദ്യമെന്നതിന്നു സന്തോഷമുണ്ടാക്കുന്നതെന്നും ഹൃദയമെന്ന അംഗത്തിന്റെ വ്യാപാരത്തിന്നും മറ്റും ഗുണമുണ്ടാക്കുന്നതെന്നും രുചിയുണ്ടാക്കുന്നതെന്നും മറ്റും അർത്ഥമായി. ഈ അർത്ഥങ്ങളെ തരംപോലെ കൊടുക്കിലും അറിയേണ്ടതാണു്. മൂത്രത്തിന്റെ പ്രകൃതത്തിൽ ഹൃദ്യമെന്നതിന്നു് ഹൃദയോത്തേജനം (Cardial-Stimulant) എന്നർത്ഥമാക്കിയാൽ ഉചിതമായിരിക്കുമെന്നു തോന്നുന്നു.

+ പശു, എരുമ, ആട്, അറിയാട് എന്നീ ജന്തുക്കളിൽ സ്ത്രീജാതിയുടേയും അന്യ, കുതിര, കഴുത, കുട്ടകാ, മാനു എന്നിവയിൽ പുരുഷജാതിയുടേയും മൂത്രം മതിയെന്നു് എടുത്തുകൊണ്ടിട്ടുണ്ടു്.

ശൂലഗ്ലൗദരാനാഹവിരേകാസ്ഥാപനാലിഷു
മൂത്രപ്രയോഗസാധ്യേഷു ഗവ്യം മൂത്രം പ്രയോജയേൽ. 203
ദുർനാമോദരശൂലേഷു കൃഷ്ണമേഹാവിശുദ്ധിഷു
ആനാഹശോഫഗുല്മേഷു പാണ്ഡുരോഗേ ച മാഹിഷമ്. 204
കാസശ്വാസാപഹം ശോഷകാമലാപാണ്ഡുരോഗനുൽ
കടുതിക്തോനുദിതം ഛാഗമീഷന്മാരുതകോപനമ്. 205
കാസപ്ലീഹോദരശ്വാസശോഷവച്ഛ്വാഗ്രഹേ ഹിതമ്
സക്ഷാരം തിക്തകടുകമുഷ്ണം വാതഘ്നമാവികമ്. 206
സതിക്തം ലവണം ഭേദി വാതഘ്നം പിത്തകോപനമ്
തീക്ഷ്ണം ക്ഷാരേ കിലാസേ ച നാഗം മൂത്രം പ്രയോജയേൽ. 207
ദീപനം കടുതിക്ഷ്ണോഷ്ണം വാതശ്ലേഷ്മാവികാരനുൽ

ത്രംകൊണ്ടുള്ള പ്രയോഗം ആവശ്യമായിരിക്കുന്ന രോഗങ്ങളിൽ ചാട്ടുവിന്റെ മൂത്രമാണ് ഉപയോഗിക്കേണ്ടത്. 203

അർശ്സ്, ഗുല്മം, മഹോദരം, ശൂലം, കൃഛ്രം, പ്രമേഹം, വമനവിരേചനാദികൾകൊണ്ടു വയറു വേണ്ടപോലെ ശുദ്ധിവരാതെയുണ്ടാകുന്ന ഉപദ്രവങ്ങൾ, വയറുവീർപ്പ്, വീക്കം, പാണ്ഡുരോഗം എന്നിവയിൽ എരുമയുടെ മൂത്രത്തെയാണ് ഉപയോഗിക്കേണ്ടത്. 204

ആട്ടിൻമൂത്രം കാസം, ശ്വാസം, ശോഷം, കാമില, പാണ്ഡുരോഗം എന്നിവയെ നശിപ്പിക്കും. എരുവുരസവും കയ്പുരസവുമുള്ളതാകുന്നു. കുറഞ്ഞൊന്നു വാതത്തെ കോപിപ്പിക്കയും ചെയ്യും. 205

ആവിയാട്ടിൻമൂത്രം ക്ഷാരസ്വഭാവമുള്ളതും ഉഷ്ണവീര്യവും കയ്പ്, എരുവുമായ രസമുള്ളതുമാകുന്നു. ഇതു വാതത്തെക്കളയും. കാസം, പ്ലീഹരോഗം, മഹോദരം, ശ്വാസം, ശോഷം, മലബന്ധം എന്നീരോഗങ്ങൾക്കു നല്ലതുമാകുന്നു. 206

ആനമൂത്രം കയ്പുരസവും ഉപ്പുരസവുമുള്ളതാകുന്നു. വാതത്തെ നശിപ്പിക്കും. പിത്തകോപമുണ്ടാക്കും. തീക്ഷ്ണമാകുന്നു. ക്ഷാരയോഗങ്ങൾ ഉണ്ടാക്കേണ്ടുന്ന അവസരത്തിൽ ഉപയോഗിക്കാവുന്നതാണ്. വെള്ളക്കുഷ്ഠത്തിലും ഇതുപയോഗിക്കുന്നതു നന്ന്. വയറിളക്കുന്നതിനുള്ള ശക്തിയും ഇതിനുണ്ട്. 207

കുതിരമൂത്രം ദീപനമുണ്ടാക്കുന്നതും എരുവുരസവും തിക്തഗുണ

ആശ്വപം കഫഹരം മൂത്രം കൃമിദുഷ്ടേ ശസ്യതേ. 208
ഗരശോഫോവികാരഘ്നം തീക്ഷ്ണം ഗ്രഹണിരോഗനുൽ
ദീപനം ഗാദ്ഭം മൂത്രം കൃമിവാതകഫാപഹമ്. 209
ശോഫകുഷ്ഠോദരോന്മാദമാരുതക്രിമിനാശനമ്
അശ്വോഷ്ട്രം കാരഭം മൂത്രം മാനുഷന്തു വിഷാപഹമ്. 210
ദ്രവദ്രവ്യാണി സർവ്വാണി സമാസാൽ കീർത്തിതാനി തു
കാലദേശവിഭാഗജ്ഞോ നൃപതേർന്നാതുമർഹതി. 211

ഇതി സുശ്രുതസംഹിതായാം സൂത്രസ്ഥാനേ ദ്രവദ്രവ്യവിധിർന്നാമ
പഞ്ചചത്വാരിംശോധ്യായഃ.

വും ഉഷ്ണവീര്യവുമുള്ളതുമാകുന്നു. വാതത്തേയും ഉന്മാദം മുതലായ മനോരോഗങ്ങളേയും കളയും. കഫത്തെ നശിപ്പിക്കും. കൃമികളെ കളയും. ദുഷ്ടവ്രണം എന്ന കുഷ്ഠരോഗ(തഴതണ)ത്തിനു് വിശേഷമാകുന്നു. 208

കഴുതമൂത്രം കൂട്ടുവിഷത്തേയും മനോരോഗങ്ങളേയും കളയും. തീക്ഷ്ണമാകുന്നു. ഗ്രഹണീരോഗത്തെ നശിപ്പിക്കും. ദീപനമുണ്ടാക്കും. കൃമികളേയും വാതരോഗത്തേയും കഫരോഗത്തേയും നശിപ്പിക്കും. 209

ഒട്ടകത്തിന്റെ മൂത്രം ശോഫം, കുഷ്ഠം, മഹോദരം, ഉന്മാദം, വാതം, കൃമി ഇവയെ നശിപ്പിക്കും. ആൾട്ടിനും നന്നു*

മനുഷ്യമൂത്രമാകട്ടെ വിഷത്തെ കളയുന്ന വസ്തുവാകുന്നു. 210

ഇങ്ങിനെ ദ്രവദ്രവ്യങ്ങളെയെല്ലാം ചുരുക്കത്തിൽ വിവരിച്ചുകഴിഞ്ഞു. ഈ ദ്രവ്യങ്ങളെ വൈദ്യൻ രാജാക്കന്മാർക്കും മറ്റും ഉപയോഗിക്കുന്നസമയത്തു കാലസ്ഥിതിയേയും ദേശഭേദത്തേയും നല്ലവണ്ണം നോക്കി ആലോചിച്ചിട്ടു വേണം പ്രവൃത്തിക്കാൻ. 211

ഇങ്ങിനെ സുശ്രുതസംഹിതയിൽ സൂത്രസ്ഥാനത്തിൽ ദ്രവദ്രവ്യവിധി എന്ന നാല്പത്തഞ്ചാമദ്ധ്യായം കഴിഞ്ഞു.

---

* "മാനുഷം തു വിഷാപഹം" എന്നതിലെ വിഷാപഹശബ്ദത്തെ കാരഭമെന്നതിനേയും വിശേഷണമാക്കി, ഒട്ടകത്തിന്റെ മൂത്രവും വിഷഹരമാണെന്നു ചിലർ വ്യാഖ്യാനിക്കുന്നു.

ഷട്ചത്വാരിംശോദ്ധ്യായഃ.

അഥാതോന്നപാനവിധിമധ്യായം വ്യാഖ്യാസ്യാമഃ. 1

ധന്വന്തരിമഭിവാദ്യ സുശ്രുത ഉവാച. പ്രാഗഭിഹിതം പ്രാണിനാം പുനർമ്മൂലമാഹാരോ ബലവർണ്ണൌജസാഞ്ച. സ ഷട്സു രസേഷ്വായത്തഃ. രസാഃ പുനർദ്രവ്യാശ്രയിണഃ ദ്രവ്യരസഗുണവീര്യ്യവിപാകനിമിത്തേ ച ക്ഷയവൃദ്ധീ ദോഷധാതൂനാം സാമ്യഞ്ച. ബ്രഹ്മാദേരപി ച ലോകസ്യാഹാരഃ സ്ഥിത്യുൽപത്തിവിനാശഹേതുഃ, ആഹാരാദേവാ ഭിവൃദ്ധിർബ്ബലമാരോഗ്യം വർണ്ണേന്ദ്രിയപ്രസാദശ്ച, തഥാഹാരവൈഷമ്യാദേവാസ്വാസ്ഥ്യമ്. 2

നാൽപ്പത്താറാമദ്ധ്യായം.

ഇനി അന്നപാനവിധി എന്ന അദ്ധ്യായത്തെ പറയാം.— 1

സുശ്രുതൻ ധന്വന്തരിയെ വന്ദിച്ചുകൊണ്ടു പറഞ്ഞു.—പ്രാണികൾക്കെല്ലാം ആശ്രയമായിട്ടുള്ളതും ബലത്തേയും വർണ്ണത്തേയും ഓജസ്സിനേയും ഉണ്ടാക്കുന്നതും അന്നമാണെന്നും, അന്നം ആറുരസങ്ങളെ ആശ്രയിച്ചിരിക്കുന്നു എന്നും ആ രസങ്ങൾ ദ്രവ്യങ്ങളെ ആശ്രയിച്ചിരിക്കുന്നു എന്നും ദോഷങ്ങൾക്കും ധാതുക്കൾക്കും ക്ഷയവും വൃദ്ധിയും സമാവസ്ഥയും ഉണ്ടാകുന്നതു ദ്രവ്യങ്ങളുടെ സ്വഭാവവും രസവും വീര്യ്യവും വിപാകവും നിമിത്തമാണെന്നും *ബ്രഹ്മാവുമുതല്ക്കുള്ള സകലപ്രാണികൾക്കും ജനിക്കുക, ജീവിച്ചിരിക്കുക, മരിക്കുക എന്നീ അവസ്ഥകളുടെ കാരണമായിട്ടുള്ളതു് ആഹാരമാണെന്നും പ്രാണികൾക്കു് വളർച്ചയും ബലവും രോഗമില്ലാത്ത സ്വസ്ഥാവസ്ഥയും വർണ്ണങ്ങൾക്കു തെളിവും ഇന്ദ്രിയങ്ങൾക്കു് അതാതുപ്രവൃത്തികളെടുക്കുന്നതിനുള്ള സാമർത്ഥ്യവുമുണ്ടാകുന്നതു് ആഹാരംനിമിത്തം തന്നെയാകുന്നു എന്നും ആഹാരത്തിൽ വല്ല വൈഷമ്യവുമുണ്ടാകുമ്പോഴാണു് രോഗങ്ങളുണ്ടാകുന്നതു് എന്നും ഇവിടുന്നു മുമ്പുതന്നെ പഠഞ്ഞിട്ടുണ്ടല്ലൊ. 2

* ബ്രഹ്മാവു മുതലായവക്കു ആഹാരമില്ലെന്നും ധ്യാനമാണു് അവക്കാഹാരമെന്നും പറയുന്ന ശാസ്ത്രത്തിനു് "സർവേ തേ ധ്യാനാഹാരാഃ" (പതഞ്ജലിഃ), ഇവിടെ പറയുന്ന സംഗതി വിരുദ്ധമാണെന്നു തോന്നാം. യോഗാഭ്യാസംകൊണ്ടു് അവശ്യം അമൃതാഹാരം ചെയ്യുന്നുണ്ടല്ലൊ എന്നു സമാധാനമുണ്ടു്.

തസ്യാശിതപീതലീഢഖാദിതസ്യ നാനാദ്രവ്യാത്മകസ്യാനേകവിധവികല്പസ്യാനേകവിധപ്രഭാവസ്യ പൃഥക് പൃഥക് ദ്രവ്യരസഗുണവീര്യ്യ വിപാകപ്രഭാവകർമ്മാണീച്ഛാമി ജ്ഞാതും, ന ഹ്യനവബുധസ്യ ഭിഷജഃ സ്വസ്ഥാതുരവൃത്തിം രോഗനിഗ്രഹണഞ്ച കർത്തും സമർത്ഥാഃ. 3

ആഹാരമൂലാശ്ച സർവ്വപ്രാണിനോ യസ്മാൽ തസ്മാദന്നപാനവിധിമുപദിശതു മേ ഭഗവാനിത്യുക്തഃ പ്രോവാച ഭഗവാൻ ധന്വന്തരിഃ, അഥ ഖലു വത്സ! സുശ്രുത! യഥാപ്രശ്നമുച്യമാനമുപധാരയസ്വ. 4

തത്ര ലോഹിതകശാലി, കളമ, കർദ്ദമക, പാണ്ഡുക, സുഗന്ധക, ശക-

അശിതം (ഉണ്ണുന്നതു്), പീതം (കുടിക്കുന്നതു്), *ഖാദിതം (കടിച്ചു തിന്നുന്നതു്), ലീഢം (നക്കിത്തിന്നുന്നതു്) എന്നിങ്ങനെ ചതുർവ്വിധമായും പലവിധം ദ്രവ്യങ്ങളുടെ സംയോഗത്താട്ട കൂടിയതായും പല സമ്പ്രദായത്തിൽ ഉണ്ടാക്കപ്പെട്ടതായും പലവിധം പ്രഭാവ(ശക്തി)ത്തോടുകൂടിയതായും ഇരിക്കുന്ന ആഹാരത്തിനുള്ള ദ്രവ്യങ്ങളേയും അവയുടെ രസങ്ങളേയും ഗുണങ്ങളേയും വീര്യ്യങ്ങളേയും വിപാകങ്ങളേയും പ്രഭാവങ്ങളേയും പ്രവൃത്തികളേയും സംബന്ധിച്ചു് വിവരിച്ചറിവാൻ ഞാൻ ആഗ്രഹിക്കുന്നു.

ആ വക സംഗതികളെ വ്യക്തമായി മനസ്സിലാക്കാത്ത വൈദ്യന്മാർ, രോഗമില്ലാത്തവരെ ആ നിലയിൽതന്നെ രക്ഷിക്കുന്നതിനും രോഗികളെ രോഗത്തിൽനിന്നു വേർപെടുത്തുന്നതിനും സമർത്ഥന്മാരായിത്തീരുന്നതല്ല. 3

'ആഹാരം എല്ലാ പ്രാണികളുടേയും ഉൽപത്തിഹേതുവായിരിക്കകൊണ്ടു് അന്നപാനങ്ങളുടെ പ്രകാരങ്ങളെപ്പറ്റി ഇവിടുന്നു് എനിക്കുപദേശിച്ചുതരണം' എന്നിങ്ങനെ സുശ്രുതന്റെ വാക്കുകളെ കേട്ടതിന്നു ശേഷം ധന്വന്തരി ഭഗവാൻ പറഞ്ഞു:— അല്ലയോ വത്സ! സുശ്രുത! നിന്റെ ചോദ്യത്തിന്നനുസരിച്ചു് ഞാൻ ഇവിടെ പറവാൻ പോകുന്ന സംഗതികളെ ധരിച്ചുകൊൾക. 4

§ലോഹിതകം, കളമം, കർദ്ദമകം, പാണ്ഡുകം, സുഗന്ധകം, ശകു

---

* ചൂഷ്യം (ഉറിഞ്ചുക), ഖാദിതത്തിലന്തർഭൂതമാണെന്നും "സൂന്യം ഖാദതി ബാലകഃ" എന്നു പ്രയോഗമുണ്ടെന്നും ഭാഷ്യകാരൻ പറയുന്നു.

§ ഈ ധാന്യങ്ങൾക്കു മലയാളത്തിലും ഇതുവരെ ഒന്നും ശരിയായി കണ്ടുകിട്ടീട്ടി

നാഹൃതം, പുഷ്പാണ്ഡകം, പുണ്ഡരീകം, മഹാശാലി, ശീതഭീരുകം, ലോഭ്രപുഷ്പകം, ദീർഘശൂകം, കാഞ്ചനകം, മഹിഷമസ്തകം, ഹായനകം, ദൃഷ്കം, മഹാദൃഷ്കം മുതലായ ഇങ്ങിനെ അനേകവിധം ശാലികളുണ്ട്.

"ഈ ശാലികളെല്ലാം മധുരരസങ്ങളും ശീതവീര്യങ്ങളും പാകത്തിൽ ലഘുക്കളും ബലമുണ്ടാക്കുന്നവയും പിത്തത്തെ കളയുന്നവയുമാകുന്നു. കുറഞ്ഞൊരു വായുവിനേയും കഫത്തേയും ഉണ്ടാക്കും. സ്നിഗ്ധങ്ങളാണ്. മലബന്ധമുണ്ടാക്കുകയും മലത്തെ കുറയ്ക്കുകയും ചെയ്യും. 6

മേൽപറഞ്ഞ ശാലികളിൽവെച്ച് ലോഹിതകശാലി (രക്തശാലി) ശ്രേഷ്ഠമാകുന്നു. അതു ദോഷങ്ങളെ ശമിപ്പിക്കുന്നതും ശുക്ലത്തേയും മൂത്രത്തേയും ഉണ്ടാക്കുന്നതുമാകുന്നു. കണ്ണിനും സ്വരത്തിനും നല്ലതാണ്. നിറം നന്നാക്കും. ബലമുണ്ടാക്കും. പുഷ്ടിയെത്തിന് സന്തോഷമുണ്ടാക്കും. ക്ഷീണം തീക്കും. വ്രണങ്ങൾക്കു നന്ന്. ജ്വരത്തെ ശമിപ്പിക്കും. സർവ്വദോഷങ്ങളേയും വിഷത്തേയും തീക്കും.

മറ്റുള്ള ശാലികളൊക്കെ രക്തശാലിയുടെ ഗുണങ്ങളിൽനിന്നു കുറച്ചൊക്കെ ഭേദപ്പെട്ടിരിക്കുന്ന ഗുണങ്ങളോടുകൂടിയവയാണ്. ആദ്യമാദ്യം പറഞ്ഞ ശാലികളേക്കാൾ ഒടുവിലൊടുവിൽ പറഞ്ഞവ ഗുണംകൊണ്ടു താണതരമാകുന്നു. 7

ല്ല. ഉള്ളിടം ചില വാക്കുകളുള്ളതു സ്വരോപഗ്രഹണത്തിനുപകരിക്കുന്നവയല്ലാത്തതിനാൽ ഇവിടെ എഴുതുന്നില്ല.

(ഗ). ഷഷ്ടികകാംഗുകമുകുന്ദകപീതകപ്രമോദകകാകലകാ
സനപുഷ്പകമഹാഷഷ്ടികചൂർണ്ണകകുരുവകകേകാരകപ്രഭൃതയഃ ഷ
ഷ്ടികാഃ. 8

(പ). രസേ പാകേ ച മധുരാഃ ശമനാ വാതപിത്തയോഃ
ശാലീനാഞ്ച ഗുണൈസ്തുല്യാ ബൃംഹണാഃ കഫശുക്ലദാഃ. 9
ഷഷ്ടികഃ പ്രവരസ്തേഷാം കഷായാനുരസോ ലഘുഃ
മൃദുഃ സ്നിഗ്ധസ്ത്രിദോഷഘ്നഃ സ്ഥൈര്യകൃദ് ബലവർദ്ധനഃ.
വിപാകേ മധുരോ ഗ്രാഹീ തുല്യോ ലോഹിതശാലിഭിഃ
ശേഷാസ്തു വല്ലാന്തരഗുണാഃ ഷഷ്ടികാഃ ക്രമശോ ഗുണൈഃ. 10

(ഗ). കുണ്ഡവ്രീഹി, ശാലാമുഖ, ജതുമുഖ, നന്ദീമുഖ, ലാബുകക്ഷക,

---

*ഷഷ്ടികം, കാംഗുകം, മുകുന്ദകം, പീതകം, പ്രമോദകം, കാകല കം, അസനപുഷ്പകം, മഹാഷഷ്ടികം, ചൂർണ്ണകം, കുരുവകം, കേദാരകം മുതലായി ഇങ്ങിനെ അനേകം ഷഷ്ടികധാന്യങ്ങളുണ്ട്. 8

ഈ ഷഷ്ടികങ്ങളെല്ലാം രസത്തിലും പാകത്തിലും മധുരരസങ്ങ ളാകുന്നു. അവ വാതപിത്തങ്ങളെ ശമിപ്പിക്കും. ശാലികളുടെ ഗുണ ങ്ങൾ ഇവക്കുമുണ്ട്. ദേഹം തടിപ്പിക്കുയും കഫത്തെയും ശുക്ലത്തെയും വർദ്ധിപ്പിക്കയും ചെയ്യുന്നവയാകുന്നു. 9

അവയിൽവെച്ചു ഷഷ്ടികം (വെളുത്തനവര) വളരെ ശ്രേഷ്ഠമാ ണ്. ഇതു ചവച്ചാൽ ഒടുക്കം ഒരു ചവർപ്പുതോന്നും. വേഗം ദഹിക്കും. മൃദുതപശക്തിയുള്ളതാണ്. സ്നിഗ്ധമാകുന്നു. മൂന്നു ദോഷങ്ങളേയും കള യും. അംഗങ്ങൾക്ക് ഊറ്റം ബലവുമുണ്ടാക്കും. പാകത്തിൽ മധുരമാകു ന്നു. മലബന്ധമുണ്ടാക്കും. രക്തശാലിയുടെ ഗുണങ്ങൾ ഇതിനുമുണ്ട്. ഇതുകൂടാതെയുള്ള ഷഷ്ടികങ്ങൾക്കു (കറുത്ത നവരകൾക്ക്) ഷഷ്ടികത്തി നുള്ള മേൽപറഞ്ഞ ഗുണങ്ങൾതന്നെ; എന്നാൽ കുറച്ചുകുറെച്ചാക്കെ ഭേദഗതികൾ ഉണ്ടായിരിക്കുന്നതാണ്. ആദ്യമാദ്യം പറഞ്ഞ ഷഷ്ടിക ങ്ങൾ പിന്നെപ്പിന്നെ പറഞ്ഞ ഷഷ്ടികങ്ങളെക്കാൾ ഗുണംകൊണ്ടു കു ഴ്ങ്ങിയുള്ളവയാകുന്നു. 10

കുണ്ഡവ്രീഹി (കരുന്നെല്ല്), ശാലാമുഖം, ജതുമുഖം (ചുഴക്കണ്ണി

---

* ഷഷ്ടികം വ്രീഹിവർഗ്ഗത്തിലുൾപ്പെട്ടതുതന്നെ. എന്നാൽ വ്രീഹികളെക്കാൾ മൂപ്പുകു ട്ടാ. ഷഷ്ടികങ്ങൾക്കു മൂപ്പു കുറയുമെന്നൊരു വ്യവസ്ഥാസമുണ്ട്.

തരികകുക്കുടാണ്ഡകപാരാവതകപാടലപ്രഭൃതയോവ്രീഹയഃ 11

(പ). കഷായമധുരാഃ പാകേ മധുരാ വിപ്പതോ ഹിമാഃ
അല്പാഭിഷ്യന്ദിനസ്നുല്യാഃ ഷഷ്ടികൈകൻവൃദ്ധവച്ച്സഃ.
കൃഷ്ണവ്രീഹിർവ്വരസ്തേഷാം കഷായാന്തരസോ ലഘുഃ
തസ്മാദല്പാന്തരഗുണാഃ ക്രമശോ വ്രീഹയോപരേ. 12
ദശ്ധായാമവരനൗ ജാതാഃ ശാലയോ ലഘുപാകിനഃ
കഷായാ ബദ്ധവിണ്മൂത്രാ രൂക്ഷാഃ ശ്ലേഷ്മാപകർഷണാഃ. 13
സ്ഥലജാഃ കഥഞ്ചിത്തുല്യാഃ കഷായാഃ കടുകാസ്തായാഃ

നെല്ല്"), നന്ദീമുഖം, ലാബാക്ഷകം (ഉള്ളിമുകത്തിനെല്ല്"), തരിതകം, കുക്കുടാണ്ഡകം (കോഴിക്കുട്ടൻനെല്ല്"), പാരാവതകം (പ്രാപ്പുറത്തിനെല്ല്"), പാടലം (പാതിരിപ്പൂ നിറത്തിലുള്ള നെല്ല്") മുതലായി ഇങ്ങിനെ അനേകം വ്രീഹികളുണ്ട്*. 11

* വ്രീഹികൾ രസത്തിൽ ചവർപ്പും മധുരവും വിപാകത്തിൽ §മധുരവുമാകുന്നു. ഉഷ്ണവീര്യങ്ങളാണ്. അല്പമായി കഫസ്രാവണമുണ്ടാക്കും. മലബന്ധവുണ്ടാക്കും. വ്രീഹികളുടെ സാമാന്യമായ ഗുണം ഷഷ്ടികങ്ങൾക്കുള്ളതുപോലെത്തന്നെയാകുന്നു.

വ്രീഹികളിൽവെച്ച് കൃഷ്ണവ്രീഹിയാണ് മുഖ്യം. അതു ലഘുവാണ്. അതിനു്, സേവിച്ചുകഴിഞ്ഞാൽ ഒടുക്കം ഒരു ചവർപ്പുരസം കാണും. മാറുള്ള വ്രീഹികളൊക്കെ ഇതിൽനിന്നു് അല്പാല്പം വ്യത്യാസപ്പെട്ട ഗുണങ്ങളോടുകൂടിയിരിക്കും. ഒടുവിലൊടുവിൽ പറഞ്ഞവ ആദ്യത്തെക്കാൾ താണതരമായിരിക്കയും ചെയ്യും. 12

വയ്ക്കോലും മറ്റും ഇട്ടു തീക്കത്തിച്ചു് വെന്ത ഭൂമിയിൽ കൃഷിചെയ്തുണ്ടാക്കിട്ടുള്ള ശാലികൾക്കു ലഘുത്വമുണ്ട്. അവയുടെ രസം ചവർപ്പാണ്. അവ രൂക്ഷങ്ങളും മലമൂത്രങ്ങളെ തടഞ്ഞുനിർത്തുന്നവയും കഫത്തെ കുറയ്ക്കുന്നവയും ആയിരിക്കും. 13

പറമ്പിലുണ്ടായിട്ടുള്ള (ജാംഗലഭൂമിയിലെന്നർത്ഥം) ശാലികൾ ചവർപ്പുരസവും എരിവുരസവുമുള്ളവയും കഫത്തെയും പിത്തത്തെയും നശ

---

* ഉമികളഞ്ഞാൽ അരി വെളുത്തിരിക്കാത്ത വ്രീഹിയാകുന്നു.

§ പാദക മധുരാ എന്നു പരയ്ക്കേടവും പാകത്തിൽ പുളിരസമെന്നർത്ഥവും ഭല്ലനവ്യാഖ്യാനത്തിൽ കാണുന്നു. കഷായമധുരമായ ദ്രവ്യം അമ്ലവിപാകമാകുന്നതെങ്ങിനെന്നു് ഇവിടെ സുശ്രുതാചാര്യൻ അമ്ലവിപാകം സമ്മതിക്കുന്നതുമില്ലെല്ലോ.

കിഞ്ചിൽ സതിക്തമധുരഃ പവനാനലവർദ്ധനഃ. 14
കൈടാരാ മധുരാ വൃഷ്യാ ബല്യാഃ പിത്തനിബർഹണാഃ
ഈഷൽകഷായാല്പമലാ ഗുരവഃ കഫശുക്രളാഃ 15
രോപ്യാതിരോപ്യാ ലഘവഃ ശീഘ്രപാകാ ഗുണോത്തരാഃ
അദാഹിനോ ദോഷഹരാ ബല്യാ മൂത്രവിവർദ്ധനാഃ. 16
ശാലയഃ ഷഷ്ടികാ ത്രുധ്യാ യേ ത്രുക്ഷാസ്തേ ബഹുവച്ചസഃ
തിക്താഃ കഷായാഃ പിത്തഘ്നാ ലഘുപാകാഃ കഫാവഹാഃ. 17
വിസ്തരേണായമുദ്ദിഷ്ടഃ ശാലിവർഗ്ഗോ ഹിതാഹിതഃ
തതഃ കുധാന്യമുദ്ഗാദിമാഷാദീനാഞ്ച വക്ഷ്യതേ. 18

ഇതി ശാലിവർഗ്ഗഃ.

ശിപ്പിക്കുന്നവയും കാഞ്ഞോന്നു കയ്പും മധുരവുമുള്ളവയും വായുവിനേയും ജാരാഗ്നിയേയും അല്പം വർദ്ധിപ്പിക്കുന്നവയും ആകുന്നു. 14

കണ്ടങ്ങളിൽ (ആന്തപ്രദേശത്തിലെന്നർത്ഥം) ഉണ്ടായിട്ടുള്ള ശാലികൾ മധുരങ്ങളാണ്. അവയ്ക്ക് അല്പമായി ചവർപ്പുരസമുണ്ട്. അവ ഗുരുത്വമുള്ളവയും ശുക്ലകൃത്തയും ബലകൃത്തയും കഫകൃത്തയും വർദ്ധിപ്പിക്കുന്നവയും ആകുന്നു. അവ ശുക്ലത്തിന്നു ശുദ്ധിയുണ്ടാക്കും. മലത്തെ കാക്കും. പിത്തത്തെ നശിപ്പിക്കയും ചെയ്യും. 15

ഒരിക്കൽ ഞാറുപാകി നട്ടുണ്ടാക്കിയ ശാലി (ഷഷ്ടികം) കളും ഒന്നിലധികം പ്രാവശ്യം പറിച്ചുനട്ടുണ്ടാക്കിയ (അതിഷഷ്ടികം) ശാലികളും ലഘുത്വമുള്ളവയാണ്. അതിവേഗത്തിൽ ദഹിക്കും. ഗുണമധികമുള്ളവയാകുന്നു. വിദാഹത്തെ ഉണ്ടാക്കുന്നവയല്ല. ദോഷങ്ങളെ കളയുന്നവയാണ്. ബലമുണ്ടാക്കും. മൂത്രത്തെ വർദ്ധിപ്പിക്കയും ചെയ്യും. 16

മുളച്ചു പൊങ്ങിയതിന്നുശേഷം തലയരിഞ്ഞുകളഞ്ഞാൽ രണ്ടാമത് അവച്ചുവന്നിട്ടുണ്ടായ ശാലികൾ രൂക്ഷത്വമുള്ളവയാണ്. അവ മലബന്ധമുണ്ടാക്കും. അവ കയ്പുരസവും ചവർപ്പുരസവുമുള്ളവയാണ്. വേഗം ദഹിക്കും. പിത്തത്തെ കളകയും കഫത്തെ ഉണ്ടാക്കുകയും ചെയ്യും.

ചില ദോഷങ്ങളും ചില ഗുണങ്ങളുമുള്ളവയായ ശാലി മുതലായ ധാന്യങ്ങളെപ്പറ്റി ഇങ്ങിനെ വിസ്തരിച്ചു പറഞ്ഞുകഴിഞ്ഞു. അപ്രകാരംതന്നെ ഇനിമേൽ കുധാന്യങ്ങളെപ്പറ്റിയും, ചെറുപയറു മുതലായ ധാന്യങ്ങളെപ്പറ്റിയും ഉഴുന്നു മുതലായ ധാന്യങ്ങളെപ്പറ്റിയും മറ്റും പറവാൻ പോകുന്നു". 18

ഇങ്ങിന്ന ശാലിവർഗ്ഗം.

(ഗ). അഥ കുധാന്യവർഗ്ഗഃ — കോദ്രൂഷകഃ,ശ്യാമാകഃ,നീവാരഃ, ശാന്തനഃ,വരകോദ്ദാലകഃ,പ്രിയംഗുഃ,മധൂലികാ,നാന്ദീമുഖീ,കുരുവിന്ദഃ,ഗവേധുകഃ,വരകഃ,തോദപണ്ഡ്നീമുകുന്ദകഃ,വേണുയവഃ,പ്രഭൃതയഃ കുധാന്യവിശേഷാഃ. 19

(പ). ഉഷ്ണാഃ കഷായമധുരാ രൂക്ഷാഃ കടുവിപാകിനഃ
ശ്ലേഷ്മഘ്നാ ബദ്ധനിഷ്യന്ദാ വാതപിത്തപ്രകോപണാഃ. 20
കഷായമധുരാസ്തേഷാം ശീതപിത്താപഹാഃ സ്മൃതാഃ
കോദ്രവശ്ച സനീവാരഃ ശ്യാമാകശ്ച സശാന്തനഃ. 21
കൃഷ്ണാ രക്താശ്ച പീതാശ്ച ശ്വേതാശ്ചൈവ പ്രിയംഗവഃ
യഥോത്തരം പ്രധാനാഃ സ്യുഃ രൂക്ഷാഃ കഫഹരാഃ സ്മൃതാഃ. 22

ഇനി കുധാന്യവർഗ്ഗം— വരകു്, ചാമ, വരിനെല്ലു്, ശാന്തനു, അല്പം ചുകന്ന ചോളം (വരകം), കാട്ടുവരകു്(ഉദ്ദാലകം), തിന (പ്രിയംഗു), മധൂലികാ (ചെറിയകോതമ്പു്), പാൽകോതമ്പു് (നാന്ദിമുഖി), കുരാൽനെല്ലു് (കുരുവിന്ദകം), കാട്ടുകോതമ്പു് (ഗവേധുകം), വരുകം, തോദപണ്ണി, മുകുന്ദകം, മുളനെല്ലു് മുതലായി ഇങ്ങിനെ അനേകം *കുധാന്യങ്ങളുണ്ടു്. 19

ഈ കുധാന്യങ്ങളും ഉഷ്ണവീര്യങ്ങളാണു്. അവയുടെ രസം ചവർപ്പും മധുരവുമാകുന്നു. പാകത്തിൽ എരുവാണു്. രൂക്ഷങ്ങളാകുന്നു. കഫത്തെക്കളയും. മൂത്രത്തെ തടഞ്ഞുനിർത്തും. വാതത്തേയും പിത്തത്തേയും കോപിപ്പിക്കും. 20

അവയിൽവെച്ചു വരകും വരിനെല്ലും ചാമയും ശാന്തനുവും ചവർപ്പുരസവും മധുരരസവുമുള്ളവയും ശീതപിത്തമെന്ന രോഗത്തെ കളയുന്നവയുമാകുന്നു. 21

കറുത്തും ചുകന്നും മഞ്ഞളിച്ചും വെളുത്തും ഇങ്ങിനെ നാലുജാതിനകളുണ്ടു്. ഇവയിൽ കറുത്തതിൽവെച്ചു് ചുകന്നതും അതിനെക്കാൾ മഞ്ഞളിച്ചതും അതിൽ വെച്ചു വെളുത്തതും പ്രധാനമായിട്ടുള്ളതാണു്. ഇവ രൂക്ഷങ്ങളാകുന്നു. കഫത്തെ നശിപ്പിക്കയും ചെയ്യും. 22

---

* മറ്റു ധാന്യങ്ങളെക്കാൾ വരകു മുതലായവ ഭോഷ്യമുള്ളവയാകകൊണ്ടാണു് അവയെ കുധാന്യങ്ങളെന്നു പറയുന്നതു്. മ്ലേച്ഛജാതിക്കാരുപയോഗിക്കുന്നതുകൊണ്ടാണു് [illegible] പറയുന്നതെന്നും വിചാരിക്കാം.

മധൂലി മധുരാ ശീതാ സ്നിഗ്ധാ നാന്ദീമുഖീ തഥാ
വിശോഷ്ടീ തത്ര ഭ്രയിഷ്ഠം വരുകഃ സമുകുന്ദകഃ. 23
രൂക്ഷാ വേണുയവാ ജ്ഞേയാ വിഷ്ടംഭ്യഷ്ണാഃ കടൂപാകിനഃ
ബദ്ധമൂത്രാഃ കഫഹരാഃ കഷായാ വാതകോപനാഃ. 24
(ഗ). മുദ്ഗ, വനമുദ്ഗ, കളായ, മകുഷ്ഠ, മസൂര, മംഗല്യ, ചണക, സതീ-
ന, ത്രിപുടക, ഹരേണുപാ, ഢകീ, പ്രഭൃതയോ വൈദളാഃ. 25
(ച). കഷായമധുരാശ്ശീതാഃ കടൂപാകാ മരുൽകരാഃ
ബദ്ധമൂത്രപുരീഷാശ്ച പിത്തശ്ലേഷ്മഹരാസ്സ്മൃതാ. 26

പൊതിയ കോതമ്പും മധുരരസമുള്ളതും ശീതവീര്യവുമാകുന്നു. അതിനു സ്നിഗ്ധതയുമുണ്ട്. 'നാന്ദീമുഖി' എന്ന ധാന്യത്തിന്റെ ഗുണവും ഇപ്രകാരം തന്നെ.

വരുകവും മുകുന്ദവും ഹേമന്തിലുള്ള ദ്രവാംശത്തെ വലിയ്ക്കുന്ന ശക്തിയുള്ളവയാകുന്നു. 23

മുതിരയ്ക്കു രൂക്ഷതയും ഉഷ്ണവീര്യവും പാകത്തിൽ എരിവുരസവുമുണ്ട്. അതു മൂത്രത്തെ തടഞ്ഞുനിർത്തും; കഫത്തെ കളകയും ചെയ്യും. അതു ചവർപ്പുരസമുള്ളതും വാതത്തെ കോപിപ്പിക്കുന്നതും ആകുന്നു." ()

പൊരപയർ, കാട്ടുപൊരപയർ (വനമുദ്ഗം), കാട്ടുകടല (കളായ), മങ്കുട്ടപ്പയർ (മകുഷ്ഠം), കറുത്ത ചണംപയർ (മംഗല്യം), കടല (*ചണകം), വട്ടക്കടല (സതീനം), മൂന്നുപരുപ്പുള്ള കടല (ത്രിപുടകം), ഹരേണു (ഖ്യാതവും ചെറിയകടല), തുവര (ആഢകീ) മുതലായി ഇങ്ങിനെ വൈദളങ്ങൾ(പരുപ്പുജാതികൾ)എന്നു പേരുള്ള അനേകം ധാന്യങ്ങളുണ്ട്. 25

"ഇവ ചവർപ്പുരസവും മധുരരസവുമുള്ളവയാകുന്നു. ഇവയുടെ വീര്യം ശീതമാകുന്നു. പാകത്തിൽ എരുവുരസമായിരിക്കും; വാതത്തെ വർദ്ധിപ്പിക്കും; മലമൂത്രങ്ങളെ തടസ്ഥപ്പെടുത്തും; പിത്തത്തേയും കഫത്തേയും കളകയും ചെയ്യും. 26

* ചണകം=ചണംപയർ; എന്നു പ്രസിദ്ധമായ ഒരർത്ഥമുണ്ട് അതു സാമാന്യചണകവാചിയാണ്. വിശേഷിച്ച് ചണകശബ്ദത്തിന്നു കടലയെന്നർത്ഥം വംഗദേശങ്ങളിലും മറ്റും പ്രസിദ്ധമാകുന്നു. ഇവിടെ മസൂരാദിശബ്ദങ്ങളും ചണകവിശേഷങ്ങളെ കാണിക്കുന്നതുകളായി വേറെ പറഞ്ഞുകാണുന്നതുകൊണ്ട് കടലയെന്നർത്ഥം സ്വീകരിച്ചിരിക്കുന്നു. ദേശഭേദങ്ങൾക്കനുസരിച്ച് ഈ സംജ്ഞകളുടെ വ്യവഹാരങ്ങൾക്കു വ്യവസ്ഥയില്ലായ്കയാണിരിക്കുന്നതും.

വാതപ്രധാനം വാതശ്ലേഷ്മപ്രധാനം പിത്തപ്രധാനം
പ്രധാനാ ഹരിതാദ്യാ വ്യാ മുദ്ഗസമാഃ സ്മൃതാഃ. 27
വിപാകേ മധുരാഃ പ്രോക്താ മ്സൂരാ ബദ്ധ പച്ചസഃ
മുകുഷ്ഠകാഃ കൃമികരാഃ കളായാഃ പ്രചുരാനിലാഃ. 28
ആഢകീ കഫപിത്തഘ്നീ നാതി വാതപ്രകോപണീ. 29
വാതളാഃ ശീതമധുരാഃ സകഷായാ വിരൂക്ഷണാഃ
കഫശോണിതപിത്തഘ്ന്യശ്ചണകാഃ പുംസ്ത്വനാശനാഃ. 30
ഹരേണവഃ സതീനാശ്ച വിജ്ഞേയാ ബദ്ധവച്ചസഃ. 31
ജഘ്നേ മുദ്ഗമസൂരാഭ്യാമന്യേ തദ്വജ്ജനകാരകാഃ. 32

അവയിൽ വെച്ച് ചെറുപയറ് അധികമായി വാതത്തെ വർദ്ധിപ്പിക്കുന്നതല്ല. കണ്ണിന്നു തെളിവുണ്ടാക്കും. ചെറുപയറുകൾ പലമാതിരിയിലുണ്ട്. അവയിൽ വെച്ചു പച്ചനിറമുള്ള ജാതിക്കു പ്രാധാന്യം കൂടും. കാട്ടുചെറുപയറിന്റെയും ഗുണം സാധാരണ ചെറുപയറിന്നുള്ളപോലെ തന്നെ. 27

കറുത്ത ചണംപയറുകൾ മലബന്ധമുണ്ടാക്കും. അവ പാകത്തിൽ മധുരരസമുള്ളവയാകുന്നു. മങ്ങട്ടപ്പയറുകൾ കൃമികളെയുണ്ടാക്കും. മലങ്കടലകൾ വാതത്തെ വർദ്ധിപ്പിക്കും. തുവര കഫത്തേയും പിത്തത്തേയും കളയും. അധികമായി വാതകോപമുണ്ടാക്കുകയില്ല. ()

കടലകൾ വാതത്തെ വർദ്ധിപ്പിക്കും. മധുരരസങ്ങളാണ്. ശീതവീര്യങ്ങളാകുന്നു. അവയ്ക്കു ചവർപ്പുരസവും ഉണ്ട്. അവ രൂക്ഷതയുണ്ടാക്കും. കഫരക്തത്തേയും രക്തത്തേയും പിത്തത്തേയും കളയും. സ്ത്രീസേവയിലുള്ള ശക്തിയെ ക്ഷയിപ്പിക്കയും ചെയ്യും. 30

ഹരേണുക്കളും (ഏറ്റവും ചെറിയ കടല) സതീനങ്ങളും (വട്ടക്കടല) മലബന്ധമുണ്ടാക്കുമെന്നറിയണം. മേൽപ്പറഞ്ഞ വൈദളവർഗ്ഗത്തിൽ ചെറുപയറും കറുത്ത ചണംപയറും ഒഴിച്ചു ബാക്കിയുള്ളവയെല്ലാം വയറുവീർപ്പിനെയുണ്ടാക്കുന്നവയാകുന്നു*. 31—32

---

* ചെറുപയറും കറുത്ത ചണംപയറും വൈദളവർഗ്ഗത്തിൽ, വയറുവീർപ്പുണ്ടാക്കുന്ന കാര്യത്തിൽ, മറ്റുള്ളവയേക്കാളും ഭേദമുണ്ടെന്നേ ഇതിൽ നിന്നു ഗ്രഹിക്കേണ്ടതുള്ളൂ.

മാഷോ ഗുരുഃ സ്നിഗ്ധപുരീഷമൂത്രഃ
സ്നിഗ്ധോഷ്ണവൃഷ്യോ മധുരോ വിലഘ്നഃ,
സന്തർപ്പണഃ സ്നിഗ്ധകരോ വിശേഷാൽ
ബലപ്രദഃ ശുക്രകഫാവഹശ്ച.
കഷായഭാവാന്ന പുരീഷഭേദീ
ന മൂത്രളോ നൈവ കഫസ്യ കർത്താ;
സ്വാദുഃപാകേ മധുരോലസാന്ദ്രഃ
സന്തർപ്പണഃ സ്നിഗ്ധരുചിപ്രദശ്ച. 33
മാഷൈഃ സമാനം ഫലമാഢ്യഗുച്ഛ-
മുക്തഞ്ച കാകാണ്ഡഫലം തഥൈവ. 34
ആരണ്യമാഷാ ഗുണതഃ പ്രദിഷ്ടാ
രൂക്ഷാഃ കഷായാ അവിദാഹിനശ്ച. 35
ഉഷ്ണഃ കുലത്ഥോ രസതഃ കഷായഃ
കടുർവ്വിപാകേ കഫമാരുതഘ്നഃ;

ഉഴുന്ന് ഗുരുവാകുന്നു. അതു മലമൂത്രങ്ങളെ ഇളക്കും. സ്നിഗ്ധവും ഉഷ്ണവുമാകുന്നു. ശുക്ലത്തെ വർദ്ധിപ്പിക്കും. മധുരരസമാണ്. വായുവിനെ കളയും. തൃപ്തിയുണ്ടാക്കും. മുലപ്പാലിനെ വർദ്ധിപ്പിക്കയും ചെയ്യും. ഉഴുന്നിന്ന് ബലത്തേയും ശുക്ലത്തേയും കഫത്തേയും വർദ്ധിപ്പിക്കുവാനുള്ള ശക്തി പ്രത്യേകമായിട്ടുണ്ട്.

അലസാന്ദ്രം (രാജമാഷം, വലിയ ഉഴുന്ന്) ചവർപ്പുരസമുള്ളതാകയാൽ മലത്തെ ഇളക്കുകയില്ല; മൂത്രത്തെ വർദ്ധിപ്പിക്കയില്ല; കഫത്തെ ഉണ്ടാക്കുകയുമില്ല. അതിന്റെ രസവും വിപാകവും മധുരമാകുന്നു. അതു തൃപ്തിയേയും മുലപ്പാലിനേയും രുചിയേയും ഉണ്ടാക്കുകയും ചെയ്യും. 33

നാഡീവ്രണക്ഷതവിന്നും ചണ്ടിപ്പയറിന്നും ഉള്ള ഗുണം ഉഴുന്നിന്റെ ഗുണംപോലെ തന്നെയാകുന്നു. കാട്ടുഴുന്നുകൊണ്ട് ഉഴുന്നുവർഗ്ഗത്തിൽ വെച്ചു രൂക്ഷതയും ചവർപ്പുരസവും ഉള്ളവയും വിദാഹത്തെ ഉണ്ടാക്കാത്തവയുമാകുന്നു. 34—35

മുതിര ഉഷ്ണവീര്യവും ചവർപ്പുരസവും പാകത്തിൽ എരിവുരസവും ഉള്ളതാണ്. കഫത്തേയും വാതത്തേയും കളയും. ശുക്രാശ്മരി എന്നു

ശുക്ലാശ്മരീഹ്ലുനിഷൂദനശ്ച
സംഗ്രാഹകഃ പീനസകാസഹാരീ. 36

ആനാഹമേദോഗ്രഹകീലഹിക്കാ-
ശ്വാസാപഹഃ ശോണിതപിത്തകൃച്ഛ്രാ;
കഫസ്യ ഹന്താ നയനാമയഘ്നോ
വിശേഷതോ വന്യകുലത്ഥ ഉക്തഃ. 37

ഈഷൽകഷായോ മധുരഃ സതിക്തഃ
സംഗ്രാഹകഃ പിത്തകരസ്തഥോഷ്ണഃ;
തിലോ വിപാകേ മധുരോ ബിലിഷ്ടഃ
സ്നിഗ്ധോ വ്രണാലേപന ഏവ പത്ഥ്യഃ.
ഒന്ത്യാഗ്നിമേധാജനനോല്പമൂത്ര-
സൃഷ്ടപുരീഷഃ കഫശുക്രകൃച്ച. 38
തിലേഷു സർവ്വേഷ്വസിതഃ പ്രധാനോ

രോഗത്തെയും ഹൃല്ലത്തെയും നശിപ്പിക്കും. മലമൂത്രാദികളെ തടയും. പീനസത്തെയും കാസത്തെയും കളകയും ചെയ്യും. വയറുവീർപ്പിനേയും മേദോദോഷത്തെയും അർശ്ശസ്സിനേയും ഹൃല്ലത്തെയും ഏക്കിളിനേയും ശ്വാസത്തെയും കളയും. രക്തപിത്തത്തെ ഉണ്ടാക്കും. കാട്ടുമുതിര (കരിങ്കൊള്ള) കഫത്തെ കളയും; കണ്ണിൽ ഭീനം തീക്ഷ്ണതരമായ ഇതിന്നു പ്രത്യേകശക്തിയുണ്ട്. 36—37

എള്ള് കുറഞ്ഞൊന്നു് ചവർപ്പുരസവും മുഖ്യമായി മധുരരസവുമുള്ളതാണു്. ഇതിന്നു കുറെ കയ്പുരസവുമുണ്ടു്. മലമൂത്രാദികളെ തടുക്കും. പിത്തത്തെയുണ്ടാക്കും. ഉഷ്ണമാകുന്നു. പാകത്തിൽ മധുരമായിരിക്കും. ബലത്തെയുണ്ടാക്കും. സ്നിഗ്ധമാകുന്നു. വ്രണങ്ങളിൽ ലേപനം ചെയ്യാൻമാത്രം നല്ലതുമാകുന്നു. പല്ലിന്നുനന്നു്. ജഠരാഗ്നിയേയും ബുദ്ധിക്കു ഗ്രഹണശക്തിയേയും വർദ്ധിപ്പിക്കും. മൂത്രത്തെ കുറക്കും. തടകിന്ന ഗുണമുണ്ടാക്കും. തലമുടിയുണ്ടാവാൻ നന്നു്. വായുവിനെ കളയും. ഗുരുത്വമുള്ളതുമാകുന്നു. 38

എല്ലാ എള്ളുകളിലും വെച്ചു് കറുത്ത എള്ളാകുന്നു മുഖ്യം. വെള്ള

മധ്യഃ സിതോ ഹീനതരാസ്ഥാന്യേ. 39
യവഃ കഷായോ മധുരോ ഹിമശ്ച
കടുർവ്വിപാകേ കഫപിത്തഹാരീ;
വ്രണേഷു പഥ്യസ്ഥിലവച്ച നിത്യം
പ്രഭഞ്ജനമൂത്രാ ബഹുവാതവച്ചഃ.
ഗോധൂമനിഷ്പാവസപരവർണ്ണകുച്ച
സ പിച്ഛിലഃ സ്ഥൂലവിലേഖനശ്ച;
മേദോമരുത്പ്രദ് ഹരണോതിരൂക്ഷഃ
പ്രസാദനഃ ശോണിതപിത്തയോശ്ച. 40
ഏഭിർഗ്ഗുണൈർഹീനതരാംസ്തു കിഞ്ചി-
ദ്വിദ്യാദ്യവേഭ്യോതിയവാനവിശേഷാൽ. 41

ത്ത എള്ളിന്റെ ഗുണം മധ്യമമാണ്. മറ്റുള്ള ഏതുജാതി എള്ളും (മഞ്ഞയും പച്ചയും ചുകന്നതും) താണതരങ്ങളാകുന്നു. 39

യവം ചവർപ്പുരസവും മധുരരസവുമാകുന്നു. ശീതവീര്യമാണ്. പാകത്തിൽ ഏറുവാകുന്നു. കഫത്തെയും പിത്തത്തെയും നശിപ്പിക്കും. എള്ളിനെപ്പോലെത്തന്നെ ഏതുവിധവ്രണങ്ങളിലും ഏതവസ്ഥയിലും ഏതുപ്രായം *ഉപയോഗിപ്പാൻ കൊള്ളാം. മൂത്രത്തെ അല്പമാക്കിത്തീർക്കും. അധോവായുവിനേയും മലത്തെയും വർദ്ധിപ്പിക്കും. ദേഹത്തിന്നാപ്പുണ്ടാക്കും. ദഹനശക്തിവരുത്തും. ബുദ്ധിക്കു ഗ്രഹണശക്തിവർദ്ധിപ്പിക്കും. ഒച്ച നന്നാക്കും. നിറം വെടിപ്പാക്കും. അതു വഴപ്പുള്ള വസ്തുവാകുന്നു. ദേഹത്തിന്റെ സ്ഥൂലതയെ കുറയ്ക്കും. മേദസ്സിനേയും വാതത്തെയും വെള്ളംദാഹത്തെയും നശിപ്പിക്കും. ഏറ്റവും രൂക്ഷഗുണമുള്ളതുമാകുന്നു. രക്തത്തെയും പിത്തത്തേയും തെളിയിക്കുകയും ചെയ്യും. 40

ഓങ്കില്ലാതെ (വാലില്ലാതെ) കറുത്തും ചുകന്നുമിരിക്കുന്നവയായ "§അതിയവങ്ങൾ" ക്കു സാധാരണ യവത്തിനു പറഞ്ഞ ഗുണങ്ങളിൽ കുറെ ചുരുക്കമായിട്ടുണ്ടായിരിക്കുന്നതാണ്. 41

* എള്ളിനെപ്പോലെ ലേപനം ചെയ്യുന്നതിന്നു മാത്രമല്ല, അകത്തു കഴിക്കാനും നല്ലതാണെന്നു പക്ഷാന്തരം.

§ "അന്യായവ"മെന്നും പാഠമുണ്ട്.

ഗോധൂമ ഉക്താ മധുരോ ഗുരുശ്ച
ബല്യഃ സ്ഥിരഃ ശുക്രരുചിപ്രദശ്ച;
സ്നിഗ്ധോതിശീതോനിലപിത്തഹന്താ
സന്ധാനകൃൽ ശ്ലേഷ്മകരഃ സരശ്ച. 42
രൂക്ഷഃ കഷായോ വിഷദോഽഥ ശുക്ല-
വലാസൃഗ്ദൃഷ്ടിക്ഷയകൃച്ഛിമ്പീ;
കടുർവ്വിപാകേ മധുരസ്തു ശിംബഃ
പ്രഭിന്നവിണ്മാരുതപിത്തളശ്ച. 43
സിതാസിതാഃ പീതകരക്തവർണ്ണാ
ഭവന്തി യേനേകവിധാസ്തു ശിംബ്യാഃ;
യഥോദിതാനേന ഗുണൻ പ്രധാനാ
ജ്ഞേയാഃ കടുഷ്ണാ രസപാകയോശ്ച. 44
സഹാദ്വയം മൂലകജാശ്ച ശിംബഃ
കുശിംബിവല്ലീപ്രഭവാസ്തു ശിംബ്യാഃ;

ഗോതമ്പ് മധുരരസമാകുന്നു. ഗുരുവാണ്. ബലമുണ്ടാക്കും. ശുക്ലാർത്തവവും രുചിയെയും വർദ്ധിപ്പിക്കും. അംഗങ്ങൾക്ക് ഉറപ്പുണ്ടാക്കിയൌവനം നിലനിർത്തും. ഏറ്റവും സ്നിഗ്ധവും ഏറ്റവും ശീതവീര്യവുമാകുന്നു. വാതത്തെയും പിത്തത്തെയും കളയും. വ്രണങ്ങളുടെ മുറിവായ കൂട്ടിച്ചേർക്കുവാനുള്ള ശക്തിയുണ്ട്. *കഫത്തെയുണ്ടാക്കും. മലശോധനയുണ്ടാക്കുകയും ചെയ്യും. 42

ശിംബം (പയറുമുതലായവയുടെ കായ—തൊണ്ടോടുകൂടിയിരിക്കുന്ന പ്രായത്തിലുപയോഗിക്കാവുള്ള പച്ചപ്പയറു മുതലായവ) രൂക്ഷമാകുന്നു. ചവർപ്പുരസമാണ്. വിഷം, ശോഫം, ശുക്ലം, കഫം, ദൃഷ്ടി എന്നിവയെ ക്ഷയിപ്പിക്കും. വിദാഹമുണ്ടാക്കും. മധുരരസമുള്ളതാകുന്നു. പാകത്തിൽ എരുവാണ്. അതു് അധോവായുവിനേയും മലത്തെയും ഇളക്കും. പിത്തത്തെ വർദ്ധിപ്പിക്കയും ചെയ്യും. 43

ശിംബുകളിൽ വെള്ളത്തും കറുത്തും മഞ്ഞളിച്ചും ചുവകനും ഇങ്ങിനെ അനേകവിധത്തിലുണ്ട്. അവയിൽ ആദ്യമാദ്യം പറഞ്ഞതിനു് ഗുണങ്ങളിൽ പ്രാധാന്യം കൂടുതലായിരിക്കും. രസത്തിലും പാകത്തിലും തരമ എരുവായും ഉഷ്ണവീര്യമായും ഇരിക്കും. 44

കാട്ടുഴുന്നിന്റേയും കാട്ടുപയറിന്റേയും ഇളയ ശിംബിയും മുള്ളങ്കി

---

* കഫപ്രകോപമുണ്ടാക്കിഞ്ഞിക്കുന്നതു. പുതിയ ജാതി ഗോതമ്പാണ്. പഴയ ഗോതമ്പ് കഫമുണ്ടാക്കാത്തതും വസന്തകാലത്തുപോലും ഉപയോഗിക്കാവുന്നതുമത്രെ.

ജ്ഞേയാ വിപാകേ മധുരാ രസേ ച
ബലപ്രദഃ പിത്തനിബർഹണാശ്ച. 45
വിദാഹവന്തശ്ച ഭൃശം ച രൂക്ഷാ
വിഷ്ടഭ്യ ജീർണ്ണന്ത്യനിലപ്രദോശ്ച;
രുചിപ്രദോഽതശ്ചവ സൂദജ്ജരാശ്ച
സർവ്വേ സൂതാ വൈദളികാസു ശിംബാഃ. 46
കടുർവ്വിപാകേ കടുകഃ കഫഘ്നോ
വിദാഹിഭാവാദഹിതഃ കുസുംഭഃ. 47
ഉഷ്ണോതസീ സാരുരസാനിലഘ്നീ
പിത്താൽബണാ സ്യാൽ കടുകാ വിപാകേ. 48
പാകേ രസേ ചാപി കടുഃ പ്രദിഷ്ടഃ
സിദ്ധാർത്ഥകഃ ശോണിതപിത്തകോപീ;
തീക്ഷ്ണോഷ്ണരൂക്ഷഃ കഫമാരുതഘ്നഃ
സ്രോതോഗണശ്ചാസിതസർഷപോപി. 49

യുടെ ശിംബവും നാഷ്ടാരണയുടെ ശിംബിയും രസത്തിലും പാകത്തിലും മധുരങ്ങളാകുന്നു. അവ ബലമുണ്ടാക്കും. പിത്തത്തെ കളകയും ചെയ്യും.

വൈദളങ്ങളായ മുതിര മുതലായവയുടെ പച്ചക്കായകളും എല്ലാം വിദാഹമുണ്ടാക്കും. എല്ലാവും രൂക്ഷങ്ങളാകുന്നു. അധികമായാൽ വയറിൽ ശബ്ദവും മാറുമുണ്ടാക്കീട്ടു ദഹിക്കയുള്ളൂ. വായുവിനെ ഉണ്ടാക്കും. ദഹിക്കാൻ വളരെ പ്രയാസമുണ്ടു്. രുചിയുണ്ടാക്കുകയും ചെയ്യും. 46

കുസുമ്പിൻകുരു രസത്തിലും പാകത്തിലും എരിവാണു്. കഫത്തെ കളയും. അതു വിദാഹമുണ്ടാക്കുന്നതാകയാൽ ദേഹത്തിനു നന്നല്ലാത്തതാകുന്നു. 47

അഗശിക്കുരു (അതസീ) ഉഷ്ണമാകുന്നു. മധുരരസമാണു. വാതത്തെക്കളയും. പിത്തത്തെ വർദ്ധിപ്പിക്കും. പാകത്തിൽ എരുവുരസമാകുന്നു. ()

വെളുത്ത കടുകു് രസത്തിലും പാകത്തിലും എരുവാകുന്നു. രക്തത്തേയും പിത്തത്തേയും കോപിപ്പിക്കും. അതു തീക്ഷ്ണമായും ഉഷ്ണമായും രൂക്ഷമായും ഇരിക്കുന്നതാകുന്നു. കഫത്തേയും വായുവിനേയും നശിപ്പിക്കുകയും ചെയ്യും. *കറുത്ത കടുകിന്റെ ഗുണം വെളുത്ത കടുകിന്റെ ഗുണംപോലെത്തന്നെയാകുന്നു. 49

---

* ചിലർ ചുകന്ന കടുകിനെ പറയുന്നതും ഇതിനെന്നാണു്.

അനാത്മവം വ്യാധിഹതമപഥ്യാഗതമേവ ച
അഭ്രമിജം നവഞ്ചാപി ന ധാന്യം ഗുണവൽ സ്മൃതമ്. 50
നവം ധാന്യമഭിഷ്യന്ദി ലഘു സംവത്സരാഷിതമ്
വിദാഹി ഗുരു വിഷ്ടംഭി വിരൂഢം ദുഷ്ടി ദൂഷണമ്. 51
ശാല്യാദേഃ സപ്തപാനസ്യ വിവിധസ്യാസ്യ ഭാഗശഃ
കാലപ്രമാണസംസ്കാരമാത്രാഃ സാപരികീർത്തിതാഃ. 52

ഇതി ധാന്യവർഗ്ഗഃ.

ഓരോ ധാന്യങ്ങളും അതാതിനു വിളയുവാൻ പറഞ്ഞിരിയ കാലത്തല്ലാതെ വേറെയുള്ള കാലങ്ങളിൽ വിളഞ്ഞിട്ടുണ്ടെങ്കിൽ അവയ്ക്കു ഗുണമുണ്ടാകയില്ല. അപ്രകാരംതന്നെ ധാന്യങ്ങൾ വ്യാധികൾ (പുഴുക്കേടുമുതലായതു്) പിടിച്ചിട്ടുള്ളവയായോ നല്ലവണ്ണം മൂപ്പുതികഞ്ഞിട്ടില്ലാതെയോ അതാതു ധാന്യങ്ങൾക്കുചിതമായ ഭൂമിയിലല്ലാതെ മുളച്ചിട്ടുള്ളവയായോ ഇരിക്കുന്നുവെങ്കിൽ അവയ്ക്കു ഗുണമുണ്ടാകുന്നതല്ല. ധാന്യങ്ങളെ കൊയ്തിട്ടുത്ത ഉടനെ ഉപയോഗിക്കുന്നതായാലും ഗുണം കുറയുന്നതാണു്. 50

കൊയ്തു ഉടനെയുള്ള പുതിയ ധാന്യം ഉപയോഗിച്ചാൽ അതുനിമിത്തം ദേഹത്തിൽ കഫസ്രവണമുണ്ടാകും. ഒരു* കൊല്ലം പഴകിയതാണെങ്കിൽ പിന്നെ അതിന്റെ ഗുരുത്വംതീർന്നു ലഘുവായിത്തീരുകയും ചെയ്യും.

വിരൂഢധാന്യം (മുളവന്ന ധാന്യം) വിദാഹമുണ്ടാക്കും. ഗുരുവാണു്, വിഷ്ടംഭത്തേയും കണ്ണിനു കാഴ്ചക്കുറവിനേയും ഉണ്ടാക്കുകയും ചെയ്യും. (†)

ശാലിമുതൽ കടുക വരെയുള്ള പലവിധധാന്യങ്ങൾ ഇവിടെ വിവരിച്ചു. ഇവ ഇന്നിന്ന കാലങ്ങളിലാണുണ്ടാകുന്നതെന്നും ഇന്നവിധത്തിലാണു് പാകംചെയ്യേണ്ടതെന്നും ഇത്ര മാത്രയിൽ ഉപയോഗിക്കേണ്ടതാണെന്നും ലോകത്തിൽ പ്രസിദ്ധമാകുന്നു." (ആവക സംഗതികൾകൂടി അറിഞ്ഞുപയോഗിക്കണമെന്നു താൽപര്യം.‡) 52

ഇങ്ങിനെ ധാന്യവർഗ്ഗം.

* ഒരുകൊല്ലം പഴകിയതെന്നു പ്രത്യേകം ഇവിടെ പറഞ്ഞിട്ടുള്ളതുകൊണ്ടു് ഒരു കൊല്ലത്തിൽനിന്നധികം പഴകിയാൽപിന്നെ ഗുണം കുറഞ്ഞുപോകുമെന്നു സൂചിപ്പിക്കപ്പെട്ടിരിക്കുന്നു. "വർഷോഷിതം സർവ്വധാന്യം പരിത്യജതി ഗൌരവം। ന തു ത്യജതി തദ്ഭാവം ക്രമശോ വിജഹാതി തൽ." (ഒരുകൊല്ലം കഴിഞ്ഞാൽ ധാന്യത്തിനു ഗുരുത്വം കുറയും. വീര്യം പോകയുമില്ല. പിന്നെ പഴകുന്തോറും വീര്യം കുറയുന്നു) എന്നു പ്രമാണവുമുണ്ടു്. പിന്നെ പക്ഷത്തിൽ ഉഴുന്നു് കടല മുതലായതിനു് പുത്തനായിരിക്കുമ്പോൾ ഗുണം കൂടുമെന്നും കാണുന്നു.

† ധാന്യങ്ങൾ പുതുതായാൽ ഗുരുവാണെന്നും പഴകിയാൽ ലഘുവായിരിക്കുമെന്നു

(ഗ). അത ഊർദ്ധ്വം മാംസവർഗ്ഗാനുപദേക്ഷ്യാമഃ. തദ്യഥാ—ജലേശയാ ആനൂപാ ഗ്രാമ്യാഃ ക്രവ്യാദ്ഭുജ ഏണികശഫാ ജാംഗലാശ്ചേതി ഷണ്ണാംസവർഗ്ഗാഃ. തേഷാം വർഗ്ഗാണാമുത്തരോത്തരം പ്രധാനതമാഃ. തേ പുനർദ്വിവിധാ ജാംഗലാ ആനൂപാശ്ചേതി. തത്ര ജാംഗലവർഗ്ഗോഷ്ടവിധഃ. തദ്യഥാ—ജംഘാലാ വിഷ്കിരാഃ പ്രതുദാ ഗുഹാശയാഃ പ്രസഹാഃ പർണ്ണമൃഗാ വിലേശയാ ഗ്രാമ്യാശ്ചേതി. തേഷാം ജംഘാലവിഷ്കിരൌ പ്ര

ഇനി മാംസവർഗ്ഗത്തെപ്പറഞ്ഞു പറയാം:— ജലേശയങ്ങൾ (വെള്ളത്തിൽ കിടക്കുന്ന മത്സ്യം മുതലായവ) ആനൂപങ്ങൾ (ചതുപ്പുഭൂമിയിൽ വളരുന്ന പോത്തു മുതലായവ) ഗ്രാമ്യങ്ങൾ (നാട്ടിൽ വളരുന്ന ആടു മുതലായവ) ക്രവ്യാദ്ഭുക്കുകൾ (പച്ചമാംസം തിന്നു വളരുന്ന കഴു മുതലായവ) ഏകശഫങ്ങൾ (ഒറ്റക്കുളമ്പുള്ള കുതിര മുതലായവ) ജാംഗലങ്ങൾ (ജാംഗലഭൂമിയിൽ വളരുന്ന മാൻ മുതലായവ) എന്നിങ്ങിനെ മാംസവർഗ്ഗങ്ങളെ ആറുകൂട്ടമായി ഭാഗിച്ചിരിക്കുന്നു. ഇവയിൽ ഒടുവിൽ ഒടുവിൽ പറഞ്ഞതിന്നു പ്രാധാന്യം കൂടും.

മേൽപറഞ്ഞ ജന്തുക്കളെ പിന്നെയും ജാംഗലങ്ങൾ(കാട്ടിലും മറ്റും വളരുന്നവ)ളെന്നും ആനൂപങ്ങൾ(ചതുപ്പിലും വെള്ളവും ധാരാളമുള്ള ഭൂമിയിൽ വളരുന്നവ)ളെന്നും രണ്ടായി ഭാഗിച്ചിരിക്കുന്നു. അതിൽതന്നെ ജാംഗലമെന്നുള്ള ജാതി എട്ടുപ്രകാരത്തിലുണ്ട്. (1) ജംഘാലങ്ങൾ. (2) വിഷ്കിരങ്ങൾ. (3) പ്രതുദങ്ങൾ. (4) ഗുഹാശയങ്ങൾ. (5) പ്രസഹങ്ങൾ. (6) പർണ്ണമൃഗങ്ങൾ. (7) വിലേശയങ്ങൾ. (8) ഗ്രാമ്യങ്ങൾ. എന്നിങ്ങിനെയാകുന്നു ആ എട്ടുകൂട്ടം. അവയിൽവെച്ചു് ഏറ്റവും പ്രധാനമായിട്ടുള്ളതു് ജംഘാലങ്ങളും വിഷ്കിരങ്ങളുമാകുന്നു.

ഏണം (കറുത്ത മാൻ), ഹരിണം (ചുകന്ന മാൻ), ഋശ്യം (നീലനിറത്തിൽ അണ്ഡമുള്ള മാൻ), കുരംഗം (കലമാൻ, കുരാൽമാൻ), കരാളം (കസ്തൂരിമൃഗം), കുതമാലം (കൂട്ടമായി നടക്കുന്ന ഒരുജാതി മാൻ), ശരഭം (പുഷ്ഠഭാഗത്തു നാലു കാലുകൂടിയുള്ളതുകൊണ്ടു് എട്ടു കാലുള്ള

പറഞ്ഞിട്ടുണ്ടു്. ഗ്രീഹി ഗുരുവായാലും ലഘുവാക്കിയാൽ അതു ലഘുവാകുമെന്നും അഗ്നിബലത്തിന്നനുസരിച്ചാണു് മാത്രനിശ്ചയിക്കേണ്ടതെന്നും ശാസ്ത്രങ്ങളിൽ പറഞ്ഞിരിക്കുന്നു. അതുകൊണ്ടു് കാലപ്രമാണവും സംസ്കാരവും മാത്രയും സംപരിഗ്രഹിതമായി (പറയപ്പെട്ടിട്ടുണ്ടു്) എന്നാണു് ''കാലപ്രമാ.....ത്തിതഃ'' എന്നു മൂലവാക്യത്തിന്നു സാധാരണ അർത്ഥം തോന്നുന്നതു്. ഈ അർത്ഥം യുക്തവുതന്നെ. തജ്ജ്ഞമതിൽ ഭാഷ്യമതം പുഷ്ടത്തിരിക്കുന്നു.

ധാനതശ്ചൈവ, ഏണ, ഹരിണ, ഋഷ്യ, കുരംഗ, കരാള, കൃതമാല, ശരഭ, ശംഷ്ട്രാ, പൃഷത, ചാരുഷ്ക്ക, മൃഗമാതൃകാ, പ്രഭൃതയോ ജംഘാലാ മൃഗാഃ കഷായാ മധുരാ ലഘവോ വാതപിത്തഹരാസ്സന്നിക്ഷ്ണാ ഹൃദ്യാഃ വസ്തിശോധനാശ്ച. 53

(പ). കഷായോ മധുരോ ഹൃദ്യഃ പിത്താസൃക്കഫരോഗഹാ
സംഗ്രാഹി രോചകോ ബല്യസ്സൈഷാമേണോ ജ്വരാപഹഃ. 54

മധുരോ മധുരഃ പാകേ ദോഷഘ്നോനലദീപനഃ
ശീതളോ ബദ്ധവിണ്മൂത്രഃ സുഗന്ധിഃഹരിണോ ലഘുഃ. 55

ഏണഃ കൃഷ്ണസ്യയോജ്ഞേയോ ഹരിണസ്ത്വാമ്ര ഉച്യതേ
ന കൃഷ്ണോ ന ച താമ്രശ്ച കുരംഗഃ സോഭിധീയതേ. 56

തെന്നു പറയപ്പെടുന്ന വലിയ കൊമ്പുള്ള ഒരു ജാതി മാൻ), ശരഭം ഷ്ട്രാ (നാലു ദംഷ്ട്രയുള്ളതും ദുഷ്ടനുമായ മാൻ), പൃഷതം (പുള്ളിമാൻ), ചാരുഷ്ക്കം (ദേഹം ഭംഗിയുള്ളതും ചെറിയതുമായ മാൻ), മൃഗമാതൃക (ചെറിയ ദേഹവും വലിയ വയറുമുള്ള പെൺമാൻ) മുതലായി ഇങ്ങിനെ അനേകം മൃഗങ്ങൾക്കു ജംഘാലങ്ങൾ (വേഗത്തിലോടാൻ ശക്തിയുള്ള വണ്ണക്കാലോടുകൂടിയവ) എന്നാണ് പേർ. ഇവറ്റിന്റെ മാംസം ചവർപ്പുരസവും മധുരരസവുമുള്ളതാണ്. ഇവ ലഘുക്കളും തിക്ഷ്ണങ്ങളുമാകുന്നു. വാതത്തേയും പിത്തത്തേയും കളയും. ഹൃദയത്തിനു പ്രിയമുണ്ടാക്കും. വസ്തിശുദ്ധിയെ ഉണ്ടാക്കുകയും ചെയ്യും. 53

"അവയിൽവെച്ച് ഏണ(കൃഷ്ണമൃഗം)മാംസം ചവർപ്പുരസവും മധുരരസവുമുള്ളതാണ്. അതു ഹൃദയത്തിനു പ്രിയമുണ്ടാക്കും. പിത്തരോഗം, രക്തദോഷം, കഫരോഗം എന്നിവയെ തീർക്കും. മലമൂത്രാദികളെ തടഞ്ഞുനിർത്തും. രുചിയുണ്ടാക്കും. ദേഹബലം വരുത്തും. ജ്വരത്തെ കളകയും ചെയ്യും. 54

ഹരിണത്തിന്റെ മാംസം രസത്തിലും പാകത്തിലും മധുരമാകുന്നു; എല്ലാദോഷങ്ങളേയും കളയും; അഗ്നിക്കു ദീപനം വരുത്തും; ശീതവീര്യമാകുന്നു; മലമൂത്രങ്ങളെ ബന്ധിക്കും; സുഗന്ധമുള്ളതും ലഘുവുമാകുന്നു. 55

മേൽപറഞ്ഞവയിൽ ഏണമെന്നതു കറുത്ത മാനിന്റെ പേരാകുന്നു. ചുകന്ന മാനിനെയാണ് ഹരിണമെന്നു പറയുന്നതു്. അത്ര കറുത്തതും അത്ര ചുകന്നതുമല്ലാത്ത മാനിനെ കുരംഗമെന്നു പറയും. 56

ശീതാസൃക്പിത്തശമനീ വിജ്ഞേയാ മൃഗമാതൃകാ
സന്നിപാതക്ഷയശ്വാസകാസഹിക്കാരുചിപ്രണുൽ. 57

(ഗ). ലാബ, തിത്തിരി, കപിഞ്ജല, വർത്തീര, വർത്തികാ, വർത്തക, നപ്തൃകാ, വാതീക, ചകോര, കലവിംഗ, മയൂര, ക്രകരോ, പചക്ര, കുക്കുട, സാരങ്ഗ, ശതപത്രക, കുതിത്തിരി, കുരുബാഹ്വക, യവലക, പ്രഭൃതയസ്ത്രൈഹലാ
വിഷ്കിരാ ലഘവഃ ശീതമധുരാഃ കഷായാ ദോഷശമനാശ്ച. 58

(ഘ). സംഗ്രാഹി ദീപനശ്ചൈവ കഷായമധുരോ ലഘുഃ

മൃഗമാതൃകാ എന്ന ജാതിമാനിന്റെ മാംസം ശീതവീര്യമാകുന്നു. രക്തപിത്തത്തെ ശമിപ്പിക്കും. സന്നിപാതജ്വരാർശ്, ക്ഷയം, ശ്വാസം, കാസം, എക്കിൾ, അരുചി എന്നിവയെ നശിപ്പിക്കുകയും ചെയ്യും".()

ചീവൽപക്ഷി (ലാബം), തിത്തിരിപ്പുള്ള് (തിത്തിരി), *പിതാരിപ്പുള്ള് (കപിഞ്ജലം), വലിയ കാടയടിയാൻ (വർത്തീര), കാടയടിയാൻ (വർത്തികാ), കാടപ്പക്ഷി (വർത്തക), മൂളിപ്പക്ഷി (നപ്തൃകാ='ഹും' എന്നു ശബ്ദിക്കുന്നതും വയറു വെളുത്തതും ചെറിയതുമായ പക്ഷി), വാതീകപ്പക്ഷി (പെരുകുരിൽ, കൂട്ടംകൂട്ടമായി നടക്കുന്നത്), പെരുമ്പാത്ത് (ചകോരം), കറുത്ത കുരിൽ (കലവിങ്കം), മയിൽ, ഇരുവാൽചാത്തൻ (ക്രകരം), ചക്രവാകം, തേറാപ്പട്ട (ഉപചക്രം), കോഴി, വേഴാമ്പൽ (സാരംഗം), കട്ടോടച്ചാത്തൻ), മരംകൊത്തി (ശതപത്രകം), വെള്ളത്തിത്തിരിപ്പക്ഷി (കുതിത്തിരി), കുരുകുരുപ്പക്ഷി (കുരുബാഹ്വകം), യവലകപ്പക്ഷി മുതലായി ഇങ്ങിനെ അനേകം പക്ഷികൾക്കുകൂടിയുള്ള പേർ വിഷ്കിരങ്ങളെന്നാകുന്നു. ഇതുകൾക്കു $ത്ര്യാഹലങ്ങളെന്നും പറയാം.

ഈ വിഷ്കിരവർഗ്ഗത്തിലുൾപ്പെട്ട ജന്തുക്കളുടെ മാംസം ലഘുവായും ശീതവീര്യമായും മധുരം, ചവർപ്പ് എന്നീ രസങ്ങളുള്ളതായുമിരിക്കുന്നു. ഇവ ദോഷശമകാപങ്ങളെ തീർക്കുന്നവയുമാകുന്നു. 58

അഗ്നിയിൽവെച്ചു ചീവൽപക്ഷിയുടെ മാംസം മലമൂത്രാദികളെ

---

* കപിതാരിപ്പുള്ള് എന്നു പഠഞ്ഞുവരുന്നതും ഈ പക്ഷിയെത്തന്നെ.

$ പികിരണം (കൊത്തിച്ചിതറി) ചെയ്തുകൊണ്ടു ഭക്ഷണം കഴിക്കുന്നവ, വിഷ്കിരങ്ങാം. "ത്രിഭിഃ അശ്നന്തി" (രണ്ടു കാലും കൊക്കും എന്നീ മൂന്നു സാധനംകൊണ്ടു് ആഹാരം കൊത്തിക്കൂട്ടഞ്ഞു തിന്നുന്നവ). ത്ര്യാഹലങ്ങാം=മൂന്നനഖങ്ങളെക്കൊണ്ടു ഭൂമിയെ ഖരയ്ക്കുന്നവ, എന്നാണു് ത്ര്യാഹലപദവ്യുൽപത്തിയെന്നു ഭാഷ്യമതം.

ലാഘവഃ കടുവിപാകശ്ച സന്നിപാതേ ച പൂജിതഃ. 59

ഈഷദ്ഗുരുഷ്ണമധുരാ വൃഷ്യാ മേധാഗ്നിവർദ്ധനഃ
തിത്തിരിഃ സർവ്വദോഷഘ്നോ ഗ്രാഹീ വർണ്ണപ്രസാദനഃ
ഹിക്കാശ്വാസാനിലഹരോ വിശേഷാദ്ഗൗരതിത്തിരിഃ
രക്തപിത്തഹരഃ ശീതോ ലഘുശ്ചാപി കപിഞ്ജലഃ
കഫോത്തോഷു ച രോഗേഷു മന്ദവാതേ ച ശസ്യതേ. 60

വാതപിത്തഹരാ വൃഷ്യാ മേധാഗ്നിബലവർദ്ധനാഃ
ലഘവഃ ക്രകരാ ഹൃദ്യാസൂഥാ തൈത്തിരോപചക്രകാഃ. 61

നിത്തുന്നതും ദീപനശക്തിയുണ്ടാക്കുന്നതും ലഘുവുമാകുന്നു. ഇതിന്റെ രസം ചവർപ്പും മധുരവുമാകുന്നു. പാകത്തിൽ എരുവുരസമായിരിക്കും. മൂന്നു ദോഷങ്ങളും ചേർന്നുണ്ടാകുന്ന (സന്നിപാത)രോഗങ്ങളിൽ വിശേഷപ്പെട്ടതാകുന്നു. 59

കറുത്ത തിത്തിരിയുടെ മാംസം അല്പം ഗുരുവായും അല്പം ഉഷ്ണമായും അല്പം മധുരരസമായുമിരിക്കുന്നു. അത് ശുക്ലത്തേയും ജഠരാഗ്നിയേയും വർദ്ധിപ്പിക്കും. ബുദ്ധിക്കുള്ള ഗ്രഹണശക്തിയെ വളർത്തും. അത് എല്ലാദോഷങ്ങളേയും കളയും. മലമൂത്രാദികളെ പിടിച്ചുനിർത്തും. നിറം നന്നാക്കുകയും ചെയ്യും.

മഞ്ഞനിറത്തിലുള്ള തിത്തിരിപ്പുള്ളിന്റെ മാംസത്തിന്നും മുൻപറഞ്ഞ ഗുണമുണ്ട്. വിശേഷിച്ച് എക്കിട്ടത്തേയും ശ്വാസത്തേയും വായുദോഷത്തേയും കളയുന്നതാകുന്നു.

പിതാരിപ്പുള്ളിന്റെ മാംസം ശീതവീര്യമായും ലഘുവായും ഭവിക്കുന്നു. ഇത് രക്തപിത്തത്തെ കളകയും ചെയ്യും. ഇത് കഫംകൊണ്ടുണ്ടാകുന്ന രോഗങ്ങളിലും അല്പമായി വാതകോപമുള്ള രോഗങ്ങളിലും വിശേഷമാകുന്നു. 60

ഇരുവാൽചാത്തൻ എന്ന ജാതിയിൽപെട്ട പക്ഷികളുടെ മാംസങ്ങൾ ലഘുക്കളാകുന്നു. വാതപിത്തങ്ങളെ കളയും. ശുക്ലം വർദ്ധിപ്പിക്കും. ബുദ്ധിക്കു ഗ്രഹണശക്തിയേയും ജഠരാഗ്നിയേയും ദേഹബലത്തേയും വർദ്ധിപ്പിക്കും. ഇവ ഹൃദയപ്രിയമുണ്ടാക്കുന്നവയുമാകുന്നു. മരംകൊത്തിപ്പക്ഷികളുടെ മാംസങ്ങൾക്ക് ഇരുവാൽചാത്തനു പറഞ്ഞ ഗുണങ്ങൾതന്നെയാണുള്ളത്. 61

കഷായം സ്വാദുലവണസ്സു ച്യുതം കേശ്യോ രുചിപ്രദം
മയൂരം സ്വരമേധാഗ്നിദൃക്ശ്രോത്രേന്ദ്രിയദാഢ്യകൃൽ. 62

സ്നിഗ്ധോഷ്ണോനിലഹാ വൃഷ്യം സേചനസ്വരബലാവഹം
ബൃംഹണം കുക്കുടോ വന്യസ്സുദുഷ്പാച്യോ ഗുരുസ്സു സം
വാതരോഗക്ഷയവമീവിഷമജ്വരനാശനം. 63

(ഗ). കപോതപാരാവതഭൃംഗരാജപരഭൃതകോയഷ്ടികകുലിംഗ, ഗൃഹകുലിംഗഗോക്ഷോഡകഡിംഡിമാണകശതപത്രകമാതൃനന്ദക, ഭേരുണ്ഡശുകശാരികാവൽഗുലീഗിരിശാലാഹപദൃഷ്കസുഗൃഹീഖ

മയിൽമാംസം രസത്തിൽ ചവപ്പും മധുരവും ഉപ്പുമായിരിക്കുന്നു. ഇതു രുചിക്കിന്നു ഗുണമുണ്ടാക്കും. തലമുടിക്കും നന്നു്. രുചിയുണ്ടാക്കും സ്വരത്തെയും ബുദ്ധിക്കു ഗ്രഹണശക്തിയേയും ദഹനശക്തിയേയും കണ്ണിനു ദർശനശക്തിയേയും ചെവിക്കു കേൾക്കാനുള്ള ശക്തിയേയും ഉണ്ടാക്കുന്നതാണു്. 62

കാട്ടുകോഴിയുടെ മാംസം സ്നിഗ്ധവും ഉഷ്ണവുമാണു്. വായുവിനെ കളയും. ശുക്ലത്തെ ഉണ്ടാക്കും. അതു വിയപ്പുണ്ടാക്കുന്നതാകുന്നു. ഒച്ചയെ നന്നാക്കും. ബലമുണ്ടാക്കും. ദേഹം തടിപ്പിക്കയും ചെയ്യും.

നാട്ടുകോഴിയുടെ മാംസം കാട്ടുകോഴിമാംസത്തോടു ഗുണംകൊണ്ടു തുല്യമാകുന്നു. എന്നാൽ ഇതു് അതിനേക്കാൾ ഗുരുത്വമുള്ളതാണെന്നൊരു ഭേദമുണ്ടു്. എന്നുമാത്രമല്ല, ഇതു വാതരോഗത്തെയും ക്ഷയത്തെയും ചർദ്ദിയേയും വിഷമജ്വരത്തെയും ശമിപ്പിക്കുന്നതുമാണു്." 63

കപോതം (കാട്ടുമാടപ്രാവു്), പാരാവതം (നാട്ടുമാടപ്രാവു്), ഭൃംഗരാജൻ (കുട്ടുമച്ചാത്തൻ), പരഭൃതം (കുയിൽ), കോയഷ്ടികം (നിർക്കോഴി, ചെമ്പോത്തുകാലി), കുലിംഗം (കാട്ടുകുരിൽ), ഗൃഹകുലിംഗം (നാട്ടുകുരിൽ), ഗോക്ഷോഡകം (കാക്കത്തമ്പുരാൻ), ഡിംഡിമാണകം (ഡിംഡിമംപോലെ ശബ്ദിക്കുന്ന ഒരുതരം പക്ഷി), ശതപത്രകം (പെരുന്തത്ത), മാതൃനന്ദകം (പുത്തരഞ്ജകമെന്നു പര്യായം), ഭേരുണ്ഡശുകം (പുത്രശുകമെന്നുപര്യായം), ശുകം (കിളി), ശാരിക (പെങ്കിളി), വൽഗുലി (മലംപുള്ളു്), ഗിരിശാലാഹപം (കണ്ണൻപീച്ചി), ദൃഷ്കം (ഒരുതരം പക്ഷി), സുഗൃഹീ (കുളക്കോ

ഞ്ജരീടകഹാരീതദാത്യൂഹപ്രഭൃതയഃ പ്രതുദാഃ. 64

(പ). കഷായമധുരാ ത്രുക്ഷാഃ ഫലാഹാരാ മരുൽകരാഃ
പിത്തശ്ലേഷ്മഹരാഃ ശീതാ ബദ്ധമൂത്രാല്പവച്ചസഃ. 65
സവ്വദോഷകരസ്ത്വേഷാം ഭേദോശീ മലദൂഷകഃ. 66
കഷായസപാദുലവണാ ഗുരുഃ കാണകപോതകഃ. 67
രക്തപിത്തപ്രശമനഃ കഷായവിശദോപി ച
വിപാകേ മധുരശ്ചാപി ഗുരുഃ പാരാവതഃ സ്മൃതഃ. 63
കുലിംഗോ മധുരഃ സ്നിഗ്ധഃ കഫശുക്രവിവർദ്ധനഃ

ഴി), ഞ്ജരീടം (കരിങ്കുരിൽ), ഹാരീതകം (ചൂളപ്രാവ്), ദാത്യൂഹം (നത്ത്) മുതലായ *പക്ഷികൾക്കു + പ്രതുദങ്ങളെന്നു പേരാകുന്നു. 64

"പ്രതുദവർഗ്ഗത്തിൽപെട്ട പക്ഷികളുടെ മാംസത്തിനു ചവർപ്പുരസവും മധുരരസവും ഉണ്ടു്. അതു രൂക്ഷമായിരിക്കും. ഈ ജാതിയിലുള്ള പക്ഷികൾക്കു വൃക്ഷാദികളുടെ കായകളാണു് ഭക്ഷണം. ഇവയുടെ മാംസം വാതഘ്നതയുണ്ടാക്കും. പിത്തത്തേയും കഫത്തേയും കളയും. ശീതവീര്യങ്ങളാണു്. മൂത്രത്തെ തടയും. മലത്തെ കുറക്കുകയും ചെയ്യും. 65

അവയിൽവെച്ചു ഭേദോശി എന്ന പക്ഷിയുടെ മാംസം എല്ലാദോഷങ്ങളേയുമുണ്ടാക്കുന്നതാണു്; മലത്തെ ദുഷിപ്പിക്കുകയും ചെയ്യും. 66

കാണകപോതപക്ഷി (കാട്ടിലുള്ള കുരുട്ടുപ്രാവു്)യുടെ മാംസം ചവർപ്പു്, മധുരം, ഉപ്പു എന്നീരസങ്ങളോടുകൂടിയതാകുന്നു. ഗുരുവായിരിക്കും. ഭേദാശിപക്ഷിയുടെ മാംസത്തിനു പറഞ്ഞ ദോഷങ്ങളും ഇതിനുമുണ്ടെന്നറിയണം. 67

കാട്ടുമാടപ്രാവിന്റെ മാംസം രക്തപിത്തത്തെ ശമിപ്പിക്കും. അതു ചവർപ്പുരസമുള്ളതും നിർമ്മലസ്വഭാവമുള്ളതുമാകുന്നു. പാകത്തിങ്കൽ മധുരമാകുന്നു. ഗുരുവുമാണു്. 68

കുലിംഗപ്പക്ഷിയുടെ മാംസം മധുരരസവും സ്നിഗ്ധവുമാകുന്നു. അതു കഫത്തേയും ശുക്ലത്തേയും വർദ്ധിപ്പിക്കുകയും ചെയ്യും.

---

* ഈ പക്ഷികളിൽ ചിലതിനുമാത്രമെ ഭാഷാ കാണുന്നുള്ളു. അവയിൽതന്നെ കണ്ടു മനസ്സിലാക്കാൻ തരമില്ലാത്തവയുമുണ്ടു്. ഇതു ദേശകാലഭാഷാഭേദംനിമിത്തം വന്നുകൂടിയ ദുർഭാഷമാകുന്നു. വ്യുത്പന്നരായ സഹൃദയന്മാരെല്ലാം ഈ കാര്യത്തിൽ കണ്ണോടിച്ചുനോക്കിയിക്കാണുമെന്നു.

+ പ്രതോലനം ചെയ്തു (കുത്തി) തിന്നുന്നതുകൊണ്ടു, പ്രതുദങ്ങൾ.

രക്തപിത്തഹരോ വേശ്മകഫലിംഗസൂചിശ്ലൂക്ഷ്ണകൃച്ഛ്രഃ. 69

(ഗ). സിംഹ,വ്യാഘ്ര,വൃക,തരക്ഷ്വൃക്ഷ,ടിപി,മാർജ്ജാര,ശ്വാ
ഖ,ശൃഗാലൈവ്വാരുക,പ്രഭൃതയോ ഗ്രഹാശയാഃ. 70

(ഘ). മധുരാ ഗുരവഃ സ്നിഗ്ധാ ബല്യാ മാരുതനാശനാഃ
ഉണ്ണവീര്യാ ഹിതാ നിത്യം നേത്രഗ്രഹ്യവികാരിണാം. 71

(ങ). കാക,കങ്ക,കുരര,ചാഷ,ഭാസ,ശശഘാതി,ലൂക,ചില്ലി,ശ്യേ
ന,ഗൃധ്ര,പ്രഭൃതയഃ പ്രസഹാഃ. 72

(ച). ഏഭിഃ സിംഹാദിഭിസ്തുല്യാ സമാനാ വായസാദയഃ
രസവീര്യവിപാകേഷു വിശേഷാച്ചോഷ്ണിണോ ഹിതാഃ. 73

ഗ്രഹകുലിംഗപ്പക്ഷിയുടെ മാംസം രക്തപിത്തത്തെ കളയുന്നതും ബീജവും ശുക്ലത്തെ വർദ്ധിപ്പിക്കുന്നതുമാകുന്നു". 69

സിംഹം, വ്യാഘ്രം, ചെന്നായ, ചെറുപുലി (തരക്ഷു), കരടിപ്പുലി (ഋക്ഷ), പുള്ളിപ്പുലി (ടീപി), കാട്ടുപൂച്ച, കുറുക്കൻ, മുതൈവ്വാരുകം, (മാനിനെ കൊന്നുതിന്നുന്നതും കുറുക്കനെപ്പോലിരിക്കുന്നതുമായ ഒരു ജാതി പുലി) ഇവതുടങ്ങിയ ജന്തുക്കൾ ഗ്രഹാശയ(മലയുടെ ഗ്രഹകളിൽ കിടന്നു വളരുന്നവ)ങ്ങളാകുന്നു. 70

"ഈ ഗ്രഹാശയവർഗ്ഗത്തിലുൾപ്പെട്ട ജന്തുക്കളുടെ മാംസം മധുരവും ഗുരുവും സ്നിഗ്ധവുമാകുന്നു. ബലമുണ്ടാക്കും. വായുവിനെ നശിപ്പിക്കുകയും ചെയ്യും. ഇത് ഉണ്ണവീര്യമാകുന്നു. നേത്രരോഗമോ ഗ്രഹ്യരോഗമോ ഉള്ളവർക്ക് വിട്ടുമാറാതെ ഉപയോഗിപ്പാൻ നല്ലതുമാകുന്നു." 71

കാക്ക, കങ്കപ്പക്ഷി (പെരുംപരുന്ത്), കട്ടകൊത്തിപ്പക്ഷി (കുരരം), കാട്ടുകാക്ക (ചാഷം), കുരുള് (ഭാസം, കുടുമയും ചിറകും വെളുത്ത ഒരു ജാതി കഴു), മുയലുമുക്കി (ശശഘാതി), ഊമൻ, അളിക്കൺകുരുവി (ചില്ലി), പരുന്ത് (ശ്യേന), ഗൃധ്രം (ശവം തിന്നുന്ന കഴു) മുതലായ പക്ഷികൾ * പ്രസഹങ്ങളാകുന്നു. 72

"പ്രസഹവർഗ്ഗത്തിൽ ചേർന്ന ഈ പക്ഷികളുടെ മാംസങ്ങൾ സിംഹം മുതലായവയുടെ മാംസംപോലെത്തന്നെയുള്ള രസവീര്യവിപാകങ്ങളോടുകൂടിയവയാകുന്നു. ഇവ രാജയക്ഷ്മാവു മുതലായ ക്ഷയരോഗമുള്ളവർക്ക് പ്രത്യേകിച്ചും നല്ലതുകളാകുന്നു". 73

---

* കൊന്നിവലിച്ച് (പ്രസഹ്യ) ശവം തിന്നുന്നവ, പ്രസഹങ്ങൾ.

(ഗ). മർഗ്ഗ, മൂഷിക, വൃക്ഷശായികാ, വകുശ, പൃതിഘ്രാസ, വാനര, പ്രഭേദയഃ പണ്ണ്മൃഗാഃ. 74

(പ). മധുരാ ഗുരവോ വൃഷ്യാശ്ചക്ഷുഷ്യാഃ ശോഷിണോ ഹിതാഃ
സൂഷ്മമൂത്രപുരീഷാശ്ച കാസശ്വാസനാശനാഃ. 75

(ഗ). ശാവി, ശല്യക, ഗോധാ, ശശ, വൃഷദംശ, ലോപാക, ലോമശകണ്ണ, കദളീമൃഗ, പ്രിയകാജഗര, സപ്പ, മൂഷിക, നകുല, മഹാബഭ്രുപ്രഭൃതയോ വിലേശയാഃ. 76

(പ). വമ്പ്രാമൂത്രം സംഹതം കുഷ്ഠരോഗേ
വീര്യേ ചോഷ്ണേ പൂർവ്വവൽ സാദ്ധ്യപാകാ;

മരപ്പാമ്പ് (മർഗ്ഗ), മരയെലി (മൂഷിക), മരപ്പട്ടി (വൃക്ഷശായിക), പശുവിൻവാലുപോലുള്ള വാലോടുകൂടിയ ഒരു ജാതി കുരങ്ങ് (അവകുശം), വെരിങ് (പൃതിഘ്രാസം, മെരുങ്), കുരങ്ങ് മുതലായ ജന്തുക്കൾ * പണ്ണ്മൃഗങ്ങളാകുന്നു. 74

പണ്ണ്മൃഗവർഗ്ഗത്തിലുള്ള ജന്തുക്കളുടെ മാംസങ്ങൾ മധുരരസമുള്ളവയും ഗുരുത്വമുള്ളവയുമാകുന്നു. അവ ശുക്ലം വർദ്ധിപ്പിക്കും. കണ്ണിന്നു നന്ന്. ക്ഷയരോഗികൾക്കുപയോഗിക്കാൻ കൊള്ളാം. മലമൂത്രങ്ങളെ പുറത്താക്കുകയും. കാസം, അർശ്ശസ്സ്, ശ്വാസം എന്നീരോഗങ്ങളെ ശമിപ്പിക്കുകയും ചെയ്യും". 75

മുള്ളൻപന്നി, മരക്കീരി (ശല്യകം), ഉടുമ്പ്, മുയൽ, നാട്ടുപൂച്ച (വൃഷദംശ), പെരുങ്കുറുക്കൻ (ലോപാക), പോക്കാൻ (ലോമശകണ്ണ), കദളീമൃഗം (വുള്ളിയും പിരടിയിൽ ചാരനിറവുമുള്ള മാൻ), പ്രിയകം (ചുകപ്പും കറുപ്പും രോമമുള്ള മാൻ), മലമ്പാമ്പ് (അജഗരം), സപ്പ്, എലി, കീരി, വൻകീരി (മഹാബഭ്രു) മുതലായ ജന്തുക്കൾ വിലേശയങ്ങൾ (പൊത്തിൽ കിടക്കുന്നവ) ആകുന്നു. 76

"ഇവയുടെ മാംസം മലമൂത്രങ്ങളെ കട്ടിപിടിപ്പിക്കും. ഉഷ്ണവീര്യങ്ങളും പാകത്തിങ്കൽ മധുരങ്ങളുമാകുന്നു. വാതത്തെക്കളയും. കഫത്തെയും പിത്തത്തെയുമുണ്ടാക്കും. സ്നിഗ്ധങ്ങളാകുന്നു. ശ്വാസത്തെയും കാസ

---

* പണ്ണ്=ഇല. അതിൽ അനേകമിച്ചു കണ്ടെപിടിക്കേണ്ടവ; മരത്തിലിരിക്കുന്നവ എന്നർത്ഥം.

വാതം ഹന്യാദ് ശ്ലേഷ്മപിത്തേ ച കഫ്യേ
സ്നിഗ്ധാ കാസശ്വാസകാർശ്യാപഹാശ്വ. 77
കഷായമധുരസ്നിഗ്ധാം ശശേ പിത്തകഫാപഹേ
നാതിശീതളവീര്യാ ച വാതസാധാരണാ മതേ. 78
ഗോധാ വിപാകേ മധുരാ കഷായകടുകാ സ്മൃതാ
വാതപിത്തപ്രശമനീ ബൃംഹണീ ബലവർദ്ധനീ. 79
ശല്യകേ സ്വാദുപിത്തഘ്നോ ലഘുഃ ശീതോ വിഷാപഹഃ. 80
പ്രിയകോ മാരുതേ ചാഥ്യാ ജുഗരസ്യാപ്രശസ്യതേ ഹിതേ. 81
ദ്രുന്നമാനിലദോഷഘ്നാഃ കൃമിദൃഷ്ടിവിഷാപഹാഃ
ചക്ഷുഷ്യാ മധുരാഃ പാകേ സപ്താ മേധാഗ്നിവർദ്ധനാഃ. 82
ദ്വീകരാ ദീപകാശ്ച തേഷ്വൂകുതാഃ കടുപാകിനഃ

ത്തെയും ക്ഷയത്തെയും കളകയും ചെയ്യും. ഇവയ്ക്കു മുമ്പാഞ്ഞ പക്ഷിമൃഗങ്ങളുടെ മിക്കവാണങ്ങളുമുണ്ട്. 77

അവയിൽചെച്ച മുയലിന്റെ മാംസം ചവർപ്പും മധുരവുമാകുന്നു. അതു പിത്തത്തെയും കഫത്തെയും കളയും. അധികം ശീതവീര്യമല്ലാത്തതുകൊണ്ട് വാതത്തെ കോപിപ്പിക്കയും ശമിപ്പിക്കയും ചെയ്യാത്ത ഒരു പദാർത്ഥമാണെന്നു പറയപ്പെടുന്നു. 78

ഉടുമ്പിന്റെമാംസം പാകത്തിങ്കൽ മധുരവും രസത്തിൽ ചവർപ്പും എരുവുമാകുന്നു. വാതപിത്തങ്ങളെ ശമിപ്പിക്കും. ദേഹത്തെത്തടിപ്പിക്കും. ബലത്തെ വർദ്ധിപ്പിക്കയും ചെയ്യും. 79

മരക്കീരിയുടെ മാംസം മധുരമാണ്. പിത്തത്തെ കളയും. ലഘുവും ശീതവീര്യവുമാണ്. വിഷത്തെ തീർക്കയും ചെയ്യും 80

പ്രിയകമൃഗമാംസം വാതത്തിനു നന്നു. മലമ്പാമ്പിൻ മാംസം അർശ്ശസ്സിനുപയോഗിപ്പാൻ കൊള്ളാം. 81

സപ്പുങ്ങളുടെ മാംസങ്ങൾ കണ്ണിനു നന്നു. പാകത്തിങ്കൽ മധുരരസമാകുന്നു. അവ ബുദ്ധിയേ ഗ്രഹണശക്തിയേയും ജഠരാഗ്നിശക്തിയേയും വർദ്ധിപ്പിക്കും. അർശ്ശസ്സിനെ ശമിപ്പിക്കും. വായുദോഷങ്ങളെ തീർക്കും. കൃമികളെ കളയും.* ദൃഷ്ടീവിഷദോഷങ്ങളെ നശിപ്പിക്കയും ചെയ്യും. 82

ദ്വീകരങ്ങ(സപ്പുങ്ങളുടെ ജാതിഭേദം)ളുടെ മാംസവും ദീപകങ്ങ(മേൽ വരയുള്ള സപ്പുങ്ങൾ)ളുടെ മാംസവും പാകത്തിൽ എരുവുരസവു

---

* ദൃഷ്ടീവിഷം=സ്ഥാവരവിഷവിജ്ഞാനീയത്തിൽ പറവാൻപോകുന്ന വിഷഭേദം

ധരാശ്വാതിചക്ഷുഷ്യാഃ സൃഷ്ടവിണ്മൂത്രമാരുതാഃ. 83

(ഗ). അശ്വാശ്വതരഗോഖരോഷ്ട്രമഹിഷപുച്ഛകപ്രഭൃതയോ ഗ്രാമ്യാഃ. 84

(ഘ) ഗ്രാമ്യാ വാതഹരാഃ സ്നേഹ്യ ബൃംഹണാഃ കഫപിത്തളാഃ
മധുരാ രസപാകാഭ്യാം ദീപനാ ബലവർദ്ധനാഃ. 85

നാതിശീതാ ഗുരുഃ സ്നിഗ്ധാ മന്ദപിത്തകഫഃ സൃതാ
ചരഗ്രഹണഭഗ്നാന്ത്രീ തേഷാം പീനസനാശനഃ. 86

ബൃംഹണം മാംസമൗരഭ്രം പിത്തശ്ലേഷ്മാവഹം ഗുരു. 87

മേദഃപുഷ്ടിബലാർദ്ധവം വൃഷ്യമൗരഭ്രസദൃശം ഗുണൈഃ. 88

ശ്വാസകാസപ്രതിശ്യായവിഷമജ്വരനാശനമ്"

ള്ളവയാകുന്നു. രസത്തിൽ മധുരങ്ങളാണ്. കണ്ണിന്ന് അധികം നല്ലതാണ്. മലം, മൂത്രം, അധോവായു ഇവയെ ഇളക്കിക്കളകയും ചെയ്യും." 83.

കുതിര, കോവർകഴുത (പെൺകുതിരയിൽ കഴുതയുണ്ടായ സന്താനം), പന്നി, കുഴുത, ഒട്ടകം, കോലാട്ട് (ബസ്സ്), കുറിയാട്ട് (ഉരഭ്രം), വാൽ, തടിച്ച ആട്ട് (മേദഃപുഷ്ടക) മുതലായവ ഗ്രാമ്യങ്ങൾ (നാട്ടിൽ വളരുന്നവക) ആകുന്നു. 84

"ഗ്രാമ്യവർഗ്ഗത്തിലുള്ള ജന്തുക്കളുടെ മാംസങ്ങളെല്ലാം വാതത്തെ കളയുന്നവയാകുന്നു. അവ തടിപ്പിക്കും. കഫപിത്തങ്ങളെ ഉണ്ടാക്കും. രസത്തിലും പാകത്തിലും മധുരങ്ങളാണ്. ദീപനമുണ്ടാക്കും. ബലത്തെ വർദ്ധിപ്പിക്കയും ചെയ്യും. 85

ആവയിൽവെച്ച് കോലാട്ടിൻമാംസം അധികം ശീതവീര്യമല്ല; ഗുരുവാകുന്നു. സ്നിഗ്ധതയുള്ളതാണ്. പിത്തത്തെയും കഫത്തെയും കൂടുകയും. കഫസ്രവണമുണ്ടാക്കുകയില്ല. പീനസത്തെ നശിപ്പിക്കയും, ചെയ്യും. 86.

കുറിയാട്ടിൻമാംസം ശ്വാസത്തെ തടപ്പിക്കും. പിത്തത്തെയും കഫത്തെയുമുണ്ടാക്കും. ഗുരുവാകുന്നു. വാൽതടിച്ച ജാതി ആട്ടിന്റെ മാംസം തൂക്കം വർദ്ധിപ്പിക്കും. അതു കുറിയാട്ടിൻമാംസത്തിന്റെ ഗുണങ്ങളോടുകൂടിയതുമാകുന്നു. 87-88.

പന്നിയിൻമാംസം ശ്വാസം, കാസം, പീനസം, വിഷമജ്വരം എ

ശ്രമാത്യഗ്നിഹിതം ഗവ്യം പവിത്രമനിലാപഹമ്. 89
ഔരഭ്ര പൽ സലവണം മാംസമേകശഫാഢ്യവമ്. 90
അപ്പാഭിഷ്യന്ദ്യയം വഗ്ഗ്യാ ജാംഗലഃ സമുദാഹൃതഃ. 91
ദ്വിര ജനാന്തനിലയാ ദ്വിര പാനിയഗോചരാഃ
യേ മൃഗാശ്ച വിഹംഗാശ്ച തേപ്പാഭിഷ്യന്ദിനോ മതാഃ. 92
അതീവാസന്ന നിലയാഃ സമീപോദകഗോചരാഃ
യേ മൃഗാശ്ച വിഹംഗാശ്ച മഹാഭിഷ്യന്ദിനസ്തു തേ. 93
(ഗ). ആനൂപവഗ്ഗശ്ച പഞ്ചവിധഃ. തദ്യഥാ—കൂലചരാഃ പ്ല

നിവയെ ശമിപ്പിക്കും. ക്ഷീണം തീക്കും. ആത്യഗ്നിക്കാക്കു നല്ലതാണ്. പരിശുദ്ധിയുള്ളതാകുന്നു. വാതവിനെ ശമിപ്പിക്കയും ചെയ്യും. 89

ഓറക്കുളമ്പുള്ള കുതിര, കഴുത, കോവർകുഴുത എന്നീ ജന്തുക്കളുടെ മാംസം കുറിയാട്ടിൻ മാംസത്തോടു ഗുണംകൊണ്ടു തുല്യമായിരിക്കും. എന്നാൽ ഇതിന്നു അല്പമായ ഉപ്പുരസം കൂടിയുണ്ടു്. 90

മേൽപറയപ്പെട്ട മാംസങ്ങളെല്ലാം ജാംഗലവഗ്ഗത്തിൽപ്പെട്ടവയാകുന്നു. ഇവയെല്ലാം അധികമായി അഭിഷ്യന്ദത്തെ (കഫസ്രവണത്തെ) ഉണ്ടാക്കുന്നവയല്ല. 91

ജനങ്ങൾ താമസിക്കുന്ന ഗ്രാമാദികളിൽനിന്നു ദൂരത്തായി സഞ്ചരിച്ചു വളരുന്നവയും അതുപോലെ കുളം, പുഴ, മുതലായ ജലാശയങ്ങളിൽനിന്നു ദൂരത്തായി സഞ്ചരിച്ചു വളരുന്നവയുമായ മൃഗങ്ങളുടേയും പക്ഷികളുടേയുംമേറെ മാംസം അധികം അഭിഷ്യന്ദമുണ്ടാക്കാത്ത കൂട്ടത്തിലാകുന്നു*. ജനവാസമുള്ള സ്ഥലങ്ങളുടെയും ജലാശയങ്ങളുടേയും അധികം അടുത്തായി വളരുന്ന മൃഗങ്ങളുടേയും പക്ഷികളുടേയും മാംസങ്ങൾ അധികമായി അഭിഷ്യന്ദമുണ്ടാക്കുന്ന+ കൂട്ടത്തിലാകുന്നു." 92-93

ഇങ്ങിനെ ജാംഗലമാംസവഗ്ഗം.

ആനൂപദേശത്തിൽ സഞ്ചരിക്കുന്ന ജന്തുക്കളുടെ വഗ്ഗം ആദ്യമായി.

---

* ഈ വിധത്തിലല്ലാതെ ജീവിക്കുന്ന ജാംഗലജന്തുക്കളുടെ മാംസം അഭിഷ്യന്ദമുണ്ടാക്കുന്നവയായും വരാമെന്നിവിടെ സൂചിപ്പിക്കപ്പെട്ടുന്നു.

+ ആനൂപവഗ്ഗത്തിൽപ്പെട്ട ജന്തുക്കളും ജാംഗലജന്തുക്കളെക്കാളുള്ള ദിനചര്യയിൽ കഴിച്ചുകൂട്ടുന്നപക്ഷം അവയുടെ മാംസവും അഭിഷ്യന്ദകരമായിത്തീരുന്നു എന്നു ഗ്രഹിക്കേണ്ടതാകുന്നു.

വാഃ കോശസ്ഥാഃ പാദിനോ മത്സ്യാശ്ചേതി. തത്ര ഗജ, ഗവയ, മഹിഷ, രുരു, ചമര, സൃമര, തരക്ഷിത, വരാഹ, ഖഡ്ഗി, ഗോകർണ്ണ, കാലപുച്ഛ - കോ, ഗ്രന്ഥ്യക, ചാരണ്യഗവയ, പ്രഭൃതയഃ കൂലചരാഃ പശവഃ. 94

(ച). വാതപിത്തഹരാ വൃഷ്യാ മധുരാ രസപാകയോഃ
ശീതളാ ബലിനഃ സ്നിഗ്ധാ മൂത്രളാഃ കഫവർദ്ധനാഃ. 95
വിശദക്ഷണോ ലേഖനശ്ച വിഷ്ടംഭ്യഗ്നേഃ പിത്തദൂഷണാഃ
സാധാരണാ വണസ്യാഃ ശ്ലക്ഷ്ണാം ഗജഃ ശ്ലേഷ്മാനിലാപഹഃ. 96
ഗവയസ്യ തു മാംസം ഹി സ്നിഗ്ധം മധുരകാസജിൽ
വിപാകേ മധുരഞ്ചാപി വ്യവായസ്യ തു വർദ്ധനമ്. 97

ധമാകുന്നു: 1. കൂലചരങ്ങൾ, 2. പ്ലവങ്ങൾ, 3. കോശസ്ഥങ്ങൾ, 4. പാദികൾ, 5. മത്സ്യങ്ങൾ.

അവയിൽവെച്ച് ആന, ആയ്മാൻ, പോത്ത്, ശരൽകാലത്തു കൊമ്പു കഴിക്കുന്നതും അധികം കൊമ്പുള്ളതും കറുപ്പും ചാരനിറവുമുള്ളത്തുമായ മാൻ (രുരു), ചമരിമാൻ, പെരുങ്കവർമാൻ, ചെങ്കവരിമാൻ, പന്നി, വാൾമാൻ (ഖഡ്ഗീ, ഖണ്ഡാമൃഗം), പെരുഞ്ചെവിമാൻ, കരുവാൽമാൻ (കാളപുച്ഛകം), നീപ്പുച്ച (ഉദ്ദം), കടമാൻ, കാട്ടായ്മാൻ (അരണ്യഗവയം) മുതലായ ജന്തുക്കൾ ജലാശയങ്ങളുടെ തീരപ്രദേശത്തിൽ സഞ്ചരിച്ചു വളരുന്നവയാകയാൽ കൂലചരങ്ങളാകുന്നു. 94

"ഈ കൂലചരങ്ങളായ ആനുപജന്തുക്കളുടെ മാംസം വാതത്തെയും പിത്തത്തെയും കളയും; തൃപ്തിയുണ്ടാക്കും; രസത്തിലും പാകത്തിലും മധുരങ്ങളാണ്; ശീതവിശദങ്ങളും (ചിലതു ഉഷ്ണവുമുണ്ട്) സ്നിഗ്ധങ്ങളുമായിരിക്കും; ബലമുണ്ടാക്കും; മൂത്രത്തെയും കഫത്തെയും വർദ്ധിപ്പിക്കയും ചെയ്യും. 95

ആനയുടെ മാംസം അധികം രൂക്ഷതയുണ്ടാക്കും; മേദസ്സു മുതലായതിനെ ഉരുകിക്കളയുന്ന ശക്തിയുള്ളതാണ്; ഉഷ്ണവിശദമാകുന്നു; പിത്തത്തെ ദൂഷിപ്പിക്കും; മധുരവും ഉപ്പും പുളിപ്പുമായ രസങ്ങളോടുകൂടിയിരിക്കും; കഫത്തോടു ചേർന്നിരിക്കുന്ന വായുവിനെ ശമിപ്പിക്കയും ചെയ്യും. 96

ആയ്മാനിന്റെ മാംസം സ്നിഗ്ധമാണ്; രസത്തിലും പാകത്തിലും മധുരമായിരിക്കും; കാസത്തെക്കളയും; സ്ത്രീസേവാശക്തിയെ വർദ്ധിപ്പിക്കയും ചെയ്യും. 97

സ്നിഗ്ധാഷ്ണമധുരോ വൃഷ്യോ മഹിഷസൂപ്പണോ ഗുരുഃ
നിദ്രാവൃംസ്ഫ-ബലസ്ഥൗല്യവഹ്നോ മാംസഭാഢ്യകൃൽ. 98
ശശമാംസം സമധുരം കഷായാനുരസം സ്മൃതമ്
വാതപിത്തോപശമനം ഗുരു ശുക്ലപ്രവർദ്ധനമ്. 99
തഥാ ചമരമാംസന്തു സ്നിഗ്ധം മധുരകാസജിൽ
വിപാകേ മധുരഞ്ചാപി വാതപിത്തപ്രണാശനമ്. 100
സ്യമരസ്യ തു മാംസഞ്ച കഷായാനുരസം സ്മൃതമ്
വാതപിത്തോപശമനം ഗുരു ശുക്ലവിവർദ്ധനമ്. 101
സേവനം ബൃംഹണം വൃഷ്യം ശീതളം തർപ്പണം ഗുരു
സ്നിഗ്ധം ശ്രമാനിലഹരം വാരാഹം ബലവർദ്ധനമ്. 102

പോത്തിന്റെ മാംസം സ്നിഗ്ധവും ഉഷ്ണവീര്യവും മധുരരസവുമാകുന്നു. അതു ശുക്ലത്തെ വർദ്ധിപ്പിക്കും; തൃപ്തിയുണ്ടാക്കും; ഗുരുത്വമുള്ളതാണ്; ഉറക്കവും ദേഹബലവും മുലപ്പാലും വർദ്ധിപ്പിക്കും; സ്ത്രീസേവാശക്തിയുണ്ടാക്കും; മാംസത്തിനുറപ്പുണ്ടാക്കുകയും ചെയ്യും. 98

മുയലിന്റെ മാംസം മധുരരസമാണ്. അതു തിന്നാൽ ഒട്ടുക്കം ഒരു ചവർപ്പുരസം തോന്നുകയും ചെയ്യും. അതു വാതത്തേയും പിത്തത്തേയും ശമിപ്പിക്കും; ഗുരുവാണ്; ശുക്ലത്തെ വർദ്ധിപ്പിക്കുകയും ചെയ്യും.

ചമരിമാനിന്റെ മാംസം സ്നിഗ്ധവും മധുരവുമാണ്; കാസത്തെ ശമിപ്പിക്കും; ഇതു പാകത്തിങ്കലും മധുരമാകുന്നു; വാതപിത്തങ്ങളെ നശിപ്പിക്കയും ചെയ്യും. 100

പെരുംകവരിമാനിന്റെ മാംസത്തിന്നു് അനുരസം (സേവിച്ചാൽ ഒട്ടുക്കം തോന്നുന്ന രസം) ചവർപ്പാകുന്നു. അതു ഗുരുവും വാതപിത്തങ്ങളെ ശമിപ്പിക്കുന്നതുമാകുന്നു. ശുക്ലത്തെ വർദ്ധിപ്പിക്കയും ചെയ്യും. 101

പന്നിമാംസം ദേഹത്തിൽ വിയർപ്പുണ്ടാക്കുകയും ശുക്ലത്തെ വർദ്ധിപ്പിക്കുകയും തൃപ്തിയുണ്ടാക്കയും ചെയ്യുന്നതാണു്. അതു ദേഹം തടിപ്പിക്കും. ഗുരുത്വമുള്ളതാണു്. വീര്യത്തിൽ അതു ശീതമാകുന്നു. അതു സ്നിഗ്ധവുമാണു്. ക്ഷീണം തീർക്കും. വായുകോപത്തെ നശിപ്പിക്കും. ദേഹത്തിന്നു ബലമുണ്ടാക്കുകയും ചെയ്യും. 102

കഫഘ്നം ഖഡ്ഗിപിശിതം കഷായമനിലാപഹമ്
പിത്ത്യം പവിത്രമായുഷ്യം ബദ്ധമൂത്രം വിരൂക്ഷണമ്. 103
ഗോകർണ്ണമാംസം മധുരം സ്നിഗ്ധം മൃദ്വ കഫാവഹമ്
വിപാകേ മധുരഞ്ചാപി രക്തപിത്തവിനാശനമ്. 104

(ഗ). ഹംസ, സാരസ, ക്രൌഞ്ച, ചക്രവാക, കുരര, കാദംബ, കാരണ്ഡവ, ജീവഞ്ജീവക, വലാകാ, പുണ്ഡരീക, പ്ലവ, ശരാരീമുഖ, നന്ദീമുഖ, മദ്ഗു, ക്രോശ, കാപാക്ഷ, മല്ലികാക്ഷ, ശുക്ലാക്ഷ, പുഷ്കരശായികാ, കോനാലകാം, ബുകകുടികാ, മേഘലാരാവ, ശ്വേതചരണ, പ്രഭൃതയഃ പ്ലവാഃ സംഘാതചാരിണഃ. 105

വാർമാനിന്റെ മാംസം കഫത്തെ കളയും. അതിന്റെ രസം ചവർപ്പാണ്. അതു വായുദോഷം തീർക്കും. അതിനെക്കൊണ്ടു നിർവേദ്യം വെച്ചു പൂജിക്കുന്നതു ചിത്തക്കേടുകളെ സന്തോഷകരമാണ്. അതു ശുദ്ധിയുള്ള പദാർത്ഥമാകുന്നു. ആയുസ്സിനു നന്ന്. മൂത്രത്തെ ബന്ധിപ്പിക്കും. ദേഹത്തിൽ രൂക്ഷതയുണ്ടാക്കുകയും ചെയ്യും. 103

പെരുഞ്ചെവിമാനിന്റെ മാംസം രസത്തിലും പാകത്തിലും മധുരമാണ്. സ്നിഗ്ധവും മൃദുത്വമുള്ളതുമാകുന്നു. അതു കഫത്തെ ഉണ്ടാക്കും. രക്തപിത്തരോഗത്തെ ശമിപ്പിക്കയും ചെയ്യും." 104

ഹംസം (അരയന്നം), സാരസം (വണ്ടാരംകോഴി), ക്രൌഞ്ചം (അന്നിൽപക്ഷി), ചക്രവാകപ്പക്ഷി, കുരരം (കുട്ടകൊത്തി), കാദംബം (കാരന്നം), കാരണ്ഡവം (ചൊറിയ വെള്ളത്ത അരയന്നം), ജീവംജീവകം (വട്ടച്ചാവൽ), ബകം (കൊക്ക്), വലാക (വെള്ളിപക്ഷി), പുണ്ഡരീകം (താമരക്കണ്ണൻപക്ഷി), പ്ലവം (കാരണ്ഡത്തിൽ ഒരു ജാതി), ശരാരീമുഖം (താറാവിനുമുഖമുള്ള അരയന്നം), നന്ദിമുഖം (പാത്ത), മദ്ഗു (നീർക്കാക്ക), ക്രോശം (നീർപൊന്മ), കാപാക്ഷം (ബഹുഡീപക്ഷി), മല്ലികാക്ഷം (കൊക്കും കാലും അല്പം വെളുത്ത അരയന്നം), ശുക്ലാക്ഷം (അതിൽതന്നെ വേറൊരു ജാതി), പുഷ്കരശായികാ (താമരക്കിളി), കോനാളകം (നിക്കരുവി), അംബുകുക്കുടിക (കറുത്ത നീർക്കോഴി), മേഘലാരാവം (കുട്ടോടച്ചാത്തൻ, വേഴാമ്പൽ), ശ്വേതചരണം (വലിയ വെള്ളിപ്പക്ഷി) മുതലായ പക്ഷികൾ, പ്ലവങ്ങൾ (വെള്ളത്തിൽ നീന്തിക്കടക്കുന്ന സ്വഭാവമുള്ളവ) എന്നു പേരുള്ളവയാണ്. ഇവ കൂട്ടംകൂട്ടമായിട്ടു സഞ്ചരിക്കയുള്ളൂ. 105

(ച). രക്തപിത്തഹരാഃ ശീതാഃ സ്നിഗ്ധാ വൃഷ്യാ മരുജ്ജിതഃ
സ്വഷ്ടമൂത്രപുരീഷാശ്ച മധുരാ രസപാകയോഃ. 106
ഗുരുഷ്ണമധുരഃ സ്നിഗ്ധഃ സ്വരവർണ്ണബലപ്രദഃ
ബൃംഹണഃ ശുക്ലകൃത്സ്വാദ്വീ മാംസോ മാരുതനാശനഃ. 107
(ഗ). ശംഖ,ശംഖനഖ,ശുക്തി,ശംബൂക,ഭല്ലൂകപ്രഭൃതയഃ കോശസ്ഥാഃ. 108
കുമ്പ,കുംഭീര,കക്കടക,കൃഷ്ണകക്കടക,ശിശുമാരപ്രഭൃതയഃ പാദിനഃ.()
(ച). ശംഖക്കുമ്പാദയഃ സ്വാദുരസപാകാ മരുന്നഃ
ശീതാഃ സ്നിഗ്ധാ ഹിതാഃ പിത്തേ വാത്സ്യാഃ ശ്ലേഷ്മവർദ്ധനാഃ. ()

"പ്ലവവർഗ്ഗത്തിൽ ചേർന്ന പക്ഷികളുടെ മാംസം രസത്തിലും പാകത്തിലും മധുരമണ്. രക്തപിത്തത്തെ കളയും. മിക്കതും ശീതവീര്യമാകുന്നു. സ്നിഗ്ധങ്ങളും ശുക്ലത്തെ വർദ്ധിപ്പിക്കുന്നവയുമാണ്. അവ വാതത്തെക്കളയും. മലമൂത്രങ്ങളെ ഇളക്കിക്കളകയും ചെയ്യും. 106

ആ കൂട്ടത്തിൽ അരയന്നത്തിൻ മാംസം ഗുരുവും ഉഷ്ണവീര്യവും മധുരവുമാകുന്നു. സ്നിഗ്ധതയുള്ളതാണ്. സ്വരത്തേയും വർണ്ണത്തേയും നന്നാക്കും. ബലമുണ്ടാക്കും. ദേഹം തടിപ്പിക്കും. ശുക്ലം വർദ്ധിപ്പിക്കും. വാതത്തെ ശമിപ്പിക്കയും ചെയ്യും." 107

ശംഖ്, നാകുണം (ശംഖനഖം), മുത്തുശ്ശിപ്പി, കക്ക (ശംബൂകം, ഇത്തിൾ), കുവിടി(ഭല്ലൂകം) മുതലായ ജന്തുക്കൾ *കോശസ്ഥങ്ങളെന്നു പേർ. 108

ആമ, മുതല, ഞെണ്ടു്, കരുഞെണ്ടു്, പിങ്കണ്ണി, മുതലായ ജന്തുക്കൾ പാദികളെന്നു പേർ (പാദം=കാൽ, വിശേഷമായിട്ടുള്ള പാദമുള്ളവ-പാദികൾ.) 109

+"മേൽപ്പറഞ്ഞ കോശസ്ഥങ്ങളും പാദികളുമായ രണ്ടുകൂട്ടം ജന്തുക്കളുടെയും മാംസം രസത്തിലും പാകത്തിലും മധുരങ്ങളാണ്. സ്നിഗ്ധങ്ങളും ശീതവീര്യങ്ങളുമാകുന്നു. പിത്തത്തെശ്ശമിപ്പിക്കും. വാതത്തെ കളയും. +ശുക്ലമുണ്ടാക്കും. കഫത്തെ വർദ്ധിപ്പിക്കയും ചെയ്യും. 110

---

* കോശം=ഓറ. അതിനകത്തു ദേഹമിരിക്കുന്ന ജന്തുക്കൾ കോശസ്ഥങ്ങൾ.

+ "വാത്സ്യാഃ" എന്നാണു മൂലം. അതിനു് യഥാശ്രുതരീതിയിൽ, മലമുണ്ടാക്കു

കൃഷ്ണകർക്കടകസ്നിഗ്ധാം ബല്യാം കോഷ്ണാനിലാപഹാം
ശുക്ലാം സന്ധാനകൃൽ സ്നിഗ്ധവിണ്മൂത്രോനിലപിത്തഹാ. 111

(ഗ). മത്സ്യാസ്തു ദ്വിവിധാ നാദേയാഃ സാമുദ്രാശ്ച. തത്ര രോഹിത,പാഠീന,പാടലാ,രാജീവ,വമ്മി,ഗോമത്സ്യ,കൃഷ്ണമത്സ്യ,വാഹ്ലഞ്ജാര,മുരള,സഹസ്രദംഷ്ട്ര,പ്രഭൃതയോ നാദേയാഃ. 112

(ച). നാദേയാ മധുരാ മത്സ്യാ ഗുരവോ മാരുതാപഹാഃ
രക്തപിത്തകരാശ്ചാന്യേ വൃഷ്യാഃ സ്നിഗ്ധാബലവച്ച്സഃ. 113
കഷായാനുരസസ്നിഗ്ധാം ശുഷ്കശൈവാലഭോജനാഃ
രോഹിതോ മാരുതഹരോ നാത്യർത്ഥം പിത്തകോപനഃ. 114
പാഠീനഃ ശ്ലേഷ്മളോ വൃഷ്യോ നിദ്രാളുഃ പിശിതാശനഃ

അവയിൽവെച്ചു കരുഞ്ഞെണ്ടിന്റെ മാംസം ബലമുണ്ടാക്കും. അല്പമായ ഉഷ്ണവീര്യമുള്ളതാണ്. വാതത്തെ കളകയും ചെയ്യും.

വെളുത്തഞെണ്ടിന്റെ മാംസം വ്രണങ്ങളുടെ മുറിവായ കൂട്ടുന്നതിനു ശക്തിയുള്ളതും മലമൂത്രങ്ങളെ ഇളക്കിക്കളയുന്നതും വാതത്തെയും പിത്തത്തേയും നശിപ്പിക്കുന്നതും ആകുന്നു" 111

മത്സ്യങ്ങൾ നദിയിലുള്ളവയും സമുദ്രത്തിലുള്ളവയുമായി രണ്ടുതരത്തിലുണ്ട്. രോഹിതം (ചെങ്കവരിമീൻ), പാഠീനം (പല്ലുകളുള്ളതും ചെല്ലക്കയില്ലാത്തതുമായ മീൻ), പാടലാ (ചുകന്നമത്സ്യം), രാജീവം (വരിമീൻ), വമ്മി (ആരൽമീൻ), ഗോമത്സ്യം (കാഴ്ചമീൻ), കൃഷ്ണമത്സ്യം കരുമീൻ), വാഹ്ലഞ്ജാരമത്സ്യം, മുരളമത്സ്യം, സഹസ്രദംഷ്ട്രം (വലിയചാഠീനം) മുതലായ മത്സ്യങ്ങൾ നദീമത്സ്യങ്ങളാകുന്നു. 112

നദീമത്സ്യങ്ങൾ മധുരരസമുള്ളവയും ഗുരുത്വവും ഉഷ്ണവീര്യവുമുള്ളവയുമാകുന്നു, വാതത്തെ കളയും. രക്തപിത്തത്തെ ഉണ്ടാക്കും. സ്നിഗ്ധങ്ങളാകുന്നു. മലത്തെ കുറക്കയും ശുക്ലത്തെ വർദ്ധിപ്പിക്കയും ചെയ്യും. 113

അവയിൽവെച്ച് രോഹിതമത്സ്യം പുല്ലുകളും ചണ്ടികളും തിന്നു വളരുന്ന ജാതിയാകുന്നു. അതിന്റെ രസവീര്യരസം അനുരസമാകുന്നു. അതു വാതത്തെക്കളയും. പിത്തത്തെ അധികം കോപിപ്പിക്കയുമില്ല. () പാഠീനമത്സ്യം കഫമുണ്ടാക്കും. ശുക്ലം വർദ്ധിപ്പിക്കും. രക്തത്തേയും

ന്നതു്, ഏന്നു ചിലർ തർജ്ജമചെയ്തിരിക്കുന്നു. വച്ച്സ്യ്=തേജസ്യ് (ശുക്ലം); അതിന്നനല്ലതു് ഏന്നാണു് ഇവിടെ ഉചിതം. "കൃമ്മേ വാതഹരോ വൃഷ്യഃ" ഏന്ന പ്രമാണവുമുണ്ടു്.

ദൃഷ്ടഃയദ്ധ്രുതപിത്തന്തു കഷ്ടഃരാഗം കരോത്യസൌ. 115
മുരളോ ബ്രാഹ്മണാ വൃഷ്യഃ സ്നഗ്ദ്ധഃശ്ലേഷ്മകരസ്സ്മൃതാ. 116
സരസ്സുടാകസംഭൂതാഃ സ്നിഗ്ധാഃ സാദ്ദുരസാഃ സ്മൃതാഃ. 117
മഹാഹ്രദേഷു ബലിനഃ സപഃല്പംഭസ്യബലാഃ സ്മൃതാഃ. 118
(ഗ). തിമി, തിമിംഗല, കുലിശ, പാകമത്സ്യ, നിരാളക, നന്ദിവാരള-
ക, മകര, ഗഗ്ഗുരക, പന്നുക, മഹാമീന, രാജിവ, പ്രഭൃതയഃ സാമുദ്രാഃ. 119
(ഘ). സാമുദ്രാ ഗുരവഃ സ്നിഗ്ധാ മധുരാ നാതിപിത്തളാഃ
ഉഷ്ണാ വാതഹരാ വൃഷ്യാ വച്ച്യസ്യാഃ ശ്ലേഷ്മവർദ്ധനാഃ. 120

പിത്തത്തെയും ദൃഷ്ടിപ്പിക്കും. കൃഷ്ണരാഗമുണ്ടാക്കുകയും ചെയ്യും. ഈ മത്സ്യം എപ്പോഴും*ഉറങ്ങുന്നതും മാംസം തിന്നു വളരുന്നതുമാകുന്നു. ()

മുരളമത്സ്യം ദേഹം തടിപ്പിക്കും. ശുക്ലംവർദ്ധിപ്പിക്കും. മലപ്പാലിനേയും കഫത്തെയും ഉണ്ടാക്കുകയും ചെയ്യും. 116

സരസ്സുകളിലും തടാകങ്ങളിലുമുണ്ടാകുന്ന മത്സ്യങ്ങൾ മധുരരസവും സ്നിഗ്ധതയും ഉള്ളവയാകുന്നു. വലിയ ആഴമുള്ള കയങ്ങളിൽ കിടക്കുന്ന മത്സ്യങ്ങൾ ബലമുണ്ടാക്കുന്നവയും ആഴംചുരുങ്ങി വെള്ളം കുറഞ്ഞിരിക്കുന്ന ചെറിയ കയങ്ങളിൽ കിടക്കുന്ന മത്സ്യങ്ങൾ ബലം കുറക്കുന്നവയുമാകുന്നു." 117-118

തിമി (ചെറിയ തിമിംഗലം), തിമിംഗലം(വലിയ തിമിംഗലം), കുലിശം(വാഠമത്സ്യം), പാകമത്സ്യം (ഈമൻമീൻ), നിരാളകമത്സ്യം (നീരാളി?), നന്ദിവാരളകമത്സ്യം, മകരമത്സ്യം, ഗഗ്ഗുരമത്സ്യം, പന്നുകമത്സ്യം (രണ്ടുപുത്തും മുള്ളുള്ള വട്ടത്തിലിരിക്കുന്ന മീൻ, മുള്ളൻ), മഹാമീനം, രാജീവമത്സ്യം (അധികം നീളമുള്ളവക) മുതലായവ സമുദ്രത്തിലുള്ളവയാകുന്നു. 119

"ഇവ ഗുരുതപമുള്ളവയാണ്. സ്നിഗ്ധങ്ങളും മധുരങ്ങളുമാകുന്നു. അധികം പിത്തത്തെ വർദ്ധിപ്പിക്കയില്ല. ഉഷ്ണവീര്യങ്ങളാണ്. വാതത്തെക്കളയും. ശുക്ലത്തെ വർദ്ധിപ്പിക്കും. മലശോധനയുണ്ടാക്കും. കഫത്തെ വർദ്ധിപ്പിക്കയും ചെയ്യും. സമുദ്രത്തിലുള്ള മത്സ്യങ്ങൾ, മാംസം (ജ

* പഠീനം–സ്രാവ് എന്ന പ്രസിദ്ധമായ മത്സ്യമാണെന്നു ചിലർ പറയുന്നു. ഈ ഇനദീമത്സ്യവർഗ്ഗത്തിൽപ്പെട്ടതോ എന്നു സംശയമാണ്. ഇതിന്നു ഉറക്കമധികമാണെന്നു പറഞ്ഞതുകൊണ്ട് ഇതു തിന്നുന്നവർക്കും ഉറക്കംഅധികമുണ്ടാകുമെന്നു ഗ്രഹിക്കണം.

ബലാവഹാ വിശേഷേണ മാംസാശിത്വാൽ സമുദ്രജാഃ 121
തേഭ്യശ്ചാപ്യനിലഘ്നത്വാച്ചൗണ്ഡ്യകൗപ്യൗ ഗ്രണോത്തരൗ. 122
സ്നിഗ്ധത്വാൽ സ്വാദുപാകത്വാൽ താഭ്യാം വാപ്യാ ഗ്രണോത്തരാഃ ()

നാദേയാ ഗ്രരവോ മധ്യേ യസ്മാൽ പുച്ഛാസ്യചാരിണഃ
സരസ്യകാകജ്ഞാനാന്തു വിശേഷേണ ശിരോ ലഘു. 124
അർദ്ധരഗോചരാ യസ്മാൽ തസ്മാദ്ഗുൽസോഽപാനജ്ഞാഃ
കിഞ്ചിന്മുകത്വാ ശിരോദേശമത്യർത്ഥം ഗ്രരവസ്തു തേ. 125
അധസ്ഥാദ്ഗ്രരവോ ജ്ഞേയാ മത്സ്യാഃ സരസിജാഃ സ്മൃതാഃ

ലജന്തുക്കളുടെ) തിന്നു വളരുന്നവയാകയാൽ വിശേഷിച്ചും ഭേഹബല മുണ്ടാക്കുന്നവയാകുന്നു. 121

പൊട്ടക്കിണറിലും കെട്ടിയ കിണറിലും ഉള്ള മത്സ്യങ്ങൾ വാതത്തെക്കളയുന്നവയാകുന്നു; ഇതു നിമിത്തം ഇവയ്ക്കു നദീമത്സ്യങ്ങളേക്കാളും സമുദ്രമത്സ്യങ്ങളേക്കാളും ഗുണമധികമുണ്ടെന്നു വരുന്നു. 122

വാപിയിലെ മത്സ്യങ്ങൾ സ്നിഗ്ധങ്ങളും പാകത്തിൽ മധുരങ്ങളുമായിരിക്കകൊണ്ടു് ഇവ മേൽപ്പറഞ്ഞ രണ്ടുകൂട്ടം മത്സ്യങ്ങളേക്കാൾ ഗുണമുള്ളവയാണു്. 123

നദീമത്സ്യങ്ങൾ വാലും തലയും ഇളക്കി സഞ്ചരിക്കുന്നവയാകയാൽ അവയുടെ നടുക്കഷണത്തിനു *ഗുരുത്വം കൂടും. സരസ്സിലും തടാകത്തിലുമുള്ള മത്സ്യങ്ങളുടെ തലക്കഷണം വിശേഷിച്ചും ലഘുവായിരിക്കും. 124

മലയിൽ നിന്നും മറ്റും കീഴ്പ്പോട്ടൊഴുകുന്നവയായ വെള്ളത്തിലും നന്നെ പെരുതായ ക്ഴികളിലുമുള്ള മത്സ്യങ്ങൾ അധികദൂരം സഞ്ചരിക്കാതെ അല്പമായ സ്ഥലത്തുതന്നെ കിടന്നു ജീവിക്കുന്നവയാകയാൽ അവയുടെ തലയിൽ നിന്നു കുറച്ചു താഴത്തെ സ്ഥലം മുതല്ക്കുള്ള കീഴ്ഭാഗമെല്ലാം അത്യന്തം ഗുരുത്വമുള്ളതായിരിക്കുന്നതാണു്. 125

വലിയ കുളങ്ങളിലുള്ള മത്സ്യങ്ങളുടെ അധോഭാഗം ഗുരുവും ഊർദ്ധ്വഭാഗം (നെഞ്ഞിനു മുകളിലെത്തല) ലഘുവുമാകുന്നു. കാരണം,

* മധ്യഭാഗം അധികം ഇളക്കാത്തതുകൊണ്ടു് അവിടത്തെ ശ്ലേഷ്മാംശം കൂടിയിരിക്കുകയാലാണു് ഗുരുത്വമധികമാകുന്നതു്.

ഉരോവിചരണാത്തേഷാം പൂർവ്വമംഗം ലഘു സ്മൃതമ്. 126

(ഗ). ഇത്യാനൂപാ മഹാഭിഷ്യന്ദിമാംസവർഗ്ഗോ വ്യാഖ്യാതഃ. ()

തത്ര ശുഷ്കചൂതിവ്യാധിതവിഷസർപ്പാഹതദിശ്യവിദ്ധജീർണ്ണകൃശ – ബാലാനാമസാത്മ്യചാരിണാഞ്ച മാംസാന്യഭക്ഷ്യാണി യസ്മാദേഷിഗത വ്യാപന്നാപഹതപരിണതാല്പാസംപൂർണ്ണവിഷ്മൃതപാദ്യാഷകരാണി ഭവന്തി. 128

(പ). അരോചകം പ്രതിശ്യായം ഗുരു ശുഷ്കം പ്രകീർത്തിതമ്

അതുകൊം സഞ്ചരിക്കുന്നതു നെഞ്ഞത്തു് അധികം ശക്തിയുപയോഗിച്ചംകൊണ്ടാണു്". 126

ഇങ്ങിനെ അത്യന്തം അഭിഷ്യന്ദമുണ്ടാക്കുന്നവയായ ആനൂപമാംസങ്ങളുടെ വർഗ്ഗം പറഞ്ഞുകഴിഞ്ഞു. 127

ഉണങ്ങിയ മാംസവും ദുർഗ്ഗന്ധമുള്ള മാംസവും വ്യാധികൊണ്ടോ വിഷംകൊണ്ടോ സർപ്പം കടിച്ചിട്ടോ വിഷം തേച്ചിട്ടുള്ള ആയുധം ഏറിട്ടോ മരിച്ചിട്ടുള്ള ജന്തുക്കളുടേയും അധികം വയസ്സായിട്ടോ നന്നെ മെലിഞ്ഞിട്ടോ നന്നെ ചെറുപ്രായത്തിലോ മരിച്ച ജന്തുക്കളുടേയും അതാതുകൊംകൂടിതമല്ലാത്ത ആഹാരം തിന്നുകയും ഉചിതമല്ലാത്ത ദേശങ്ങളിൽ സഞ്ചരിക്കയും ചെയ്യുവളർന്ന ജന്തുക്കളുടേയും മാംസങ്ങളും ഉപയോഗിപ്പാൻ നന്നല്ലാത്തതുകളാകുന്നു. എന്തുകൊണ്ടെന്നാൽ ഉണങ്ങിയാൽ അതിന്റെ വീര്യം മുഴുവൻ പോയിരിക്കും. വ്യാധികൊണ്ടോ വിഷംകൊണ്ടോ ചത്ത ജന്തുവിന്റെ മാംസത്തിൽ വളരെ ദോഷങ്ങളും വിഷവുമുണ്ടായിരിക്കും. വിഷശസ്ത്രങ്ങളേറുകൊണ്ടു മരിച്ച ജന്തുവിന്റെ മാംസം മുറിപ്പെട്ട ദുഷിച്ചിരിക്കും. വയസ്സായി മരിച്ചതിന്റെ മാംസം നന്നെ ജീർണ്ണിച്ചിരിക്കയാൽ കേടുതട്ടിയിരിക്കും. നന്നെ പ്രായം കുറഞ്ഞ ജന്തുവിന്റെ മാംസത്തിന്നു വീര്യം കുറഞ്ഞിരിക്കും; ഗുണം തികഞ്ഞിരിക്കയില്ല. അതുകൊണ്ടു മേൽപ്പറഞ്ഞ വിധത്തിലുള്ള മാംസങ്ങൾ ദേഹത്തിന്നു ദോഷമുള്ളവയായിരിക്കയെ ഉള്ളൂ. 128

"ഉണങ്ങിയ മാംസം ഗുരുവാകുന്നു. അതു പീനസത്തെയും അരോചകത്തെയും ഉണ്ടാക്കും. വിഷംകൊണ്ടോ വ്യാധികൊണ്ടോ മരിച്ചതിന്റെ മാംസം മരണമുണ്ടാക്കും. പ്രായം തികയാത്ത ജന്തുവിന്റെ മാംസം കൃത്തിയുണ്ടാക്കും. വയസ്സായ ജന്തുവിന്റെ മാംസം കാസത്തെ

വിഷവ്യാധിഹതം മൃത്യും ബാലം ഛർദ്ദിഞ്ച കോപയേൽ. 129

കാസശ്വാസകരം വൃദ്ധം ത്രിദോഷം വ്യാധിദൂഷിതമ്

ക്ലിന്നമൂൽക്ലേശജനനം കൃശം വാതപ്രകോപണമ്

(ഗ). ഏഭ്യോന്യേഷാമുപാദേയം മാംസമിതി. 130

സ്ത്രിയശ്ചതുഷ്പാദേഷു, പുമാംസോ വിഹംഗേഷു, മഹാശരീരേഷ്വല്പശരീരാഃ, അല്പശരീരേഷു മഹാശരീരാഃ പ്രധാനതമാഃ, ഏവമേകജാതീയാനാം മഹാശരീരേഭ്യഃ കൃശശരീരാഃ പ്രധാനതമാഃ. 131

സ്ഥാനാദികൃതം മാംസസ്യ ഗുരുലാഘവമുപദേക്ഷ്യാമഃ. തദ്യഥാ—രക്താദിഷു ശുക്രാന്തേഷു ധാതുഷ്വുത്തരോത്തരാ ഗുരുതരാസ്യുഥാ

യും ശ്വാസത്തെയുമുണ്ടാക്കും. വ്യാധികൊണ്ടു മരിച്ചതിന്റെ മാംസം മൂന്നുദോഷങ്ങളേയുമുണ്ടാക്കും. അളിഞ്ഞു നാറിയ മാംസം ഉൽക്ലേശ(ഓക്കാന)ത്തെ ഉണ്ടാക്കും. മെലിഞ്ഞ ജന്തുവിന്റെ മാംസം വാതത്തെ കോപിപ്പിക്കും". അതുകൊണ്ടു മേൽപ്പറഞ്ഞ ദോഷങ്ങളൊന്നുമില്ലാത്ത മാംസം ഉപയോഗിക്കുന്നതിന്നു വിരോധമില്ല. 130

നാൽക്കാലികളിൽ സ്ത്രീജാതിയാണ് പ്രധാനം. പക്ഷികളിൽ പുരുഷജാതിയാണ് പ്രധാനം. ശരീരം വലുതായിരിക്കുന്ന പോത്തു മുതലായ ജന്തുക്കളും ശരീരം ചെറുതായ തുരു മുതലായ ജന്തുക്കളും ഒരു വർഗ്ഗത്തിൽത്തന്നെ പറയപ്പെട്ടിട്ടുണ്ടല്ലൊ, അവയിൽ മുഖ്യമായിട്ടുള്ളതു ചെറിയ ശരീരമുള്ള ജന്തുവിന്റെ (തുരുമുതലായതിന്റെ) മാംസമാണ്. ഇതുപോലെത്തന്നെ ചെറിയ ശരീരമുള്ള ജന്തുക്കളുടെ വർഗ്ഗത്തിൽ ചേർത്തിപ്പറഞ്ഞിട്ടുള്ള വലിയ ശരീരമുള്ള ജന്തുക്കളുടെ മാംസം പ്രധാനമായിരിക്കും*. ചെറിയ ദേഹമുള്ള ഒരു ജാതിയിൽത്തന്നെ ഏറ്റവും ചെറിയ ദേഹമുള്ള ജന്തുവിന്റെ മാംസത്തിന്നു പ്രാധാന്യം കൂടുന്നതാണ്. 131

ഇനി ജന്തുവിന്റെ അവയവങ്ങളുടെ ഭേദം നിമിത്തം മാംസത്തിനുണ്ടാകുന്ന ഗുരുത്വവും ലഘുത്വവും പറയാം:—

ജന്തുക്കളുടെ രക്തം മുതൽ ശുക്ലംവരെയുള്ള ധാതുക്കളിൽ ഒടുവി

---

* ദേഹത്തിന്നു വലിപ്പം സാധാരണയുണ്ടാകാവുന്ന പോത്തു് മുതലായ ജന്തുക്കളിൽ, കൂട്ടത്തിൽ ചെറിയ ദേഹമുള്ളവയും പ്രകൃത്യാ ചെറുതായ മുയൽമുതലായവയിൽ, കൂട്ടത്തിൽ വലിപ്പം കൂടിയ വകയുമാണു് നല്ലതെന്നും വ്യാഖ്യാനം കാണുന്നുണ്ടു്.

സകഥിസ്കന്ധഃക്രോഡശിരഃപാദകരകടീപൃഷ്ഠചർമ്മകാലേയകയകൃലന്ത്രാ-
ണി. 132

(പ). ശിരഃസ്കന്ധം കടീ പൃഷ്ഠം സകഥിനീ ചാത്മപക്ഷയോഃ
ഗുരുപൂർവ്വം വിജാനീയാദ്ധാതവസ്തു യഥോത്തരമ്. 133
സർവ്വസ്യ പ്രാണിനോ ദേഹേ മദ്ധ്യം ഗുരുരുദാഹൃതം
പൂർവ്വഭാഗോ ഗുരുഃ പുംസാമധോഭാഗസ്തു യോഷിതാമ്. 134

ലൊടുവിലുള്ളതിനു ഗുരുതരം കൂടുന്നതാണ്. നാൽക്കാലികളുടെ മുടകം, ചുമലുകം, നെഞ്ഞ്, തല, കാലുകം, കൈകം, അരക്കെട്ട്, പൃഷ്ഠഭാഗം, തൊല്, വൃഷണം, *യകൃത്ത്, കുടലുകം ഇന്നിവയിൽ മുമ്പേ മുമ്പേ പറഞ്ഞവയേക്കാൾ പിന്നെപ്പിന്നെ പറഞ്ഞ അവയവങ്ങളിലെ മാംസത്തിനു ഗുരുതരം കൂടിയിരിക്കും. 132

"ചുമലിലെ മാംസത്തേക്കാൾ തലയിലെ മാംസം ഗുരുവാകുന്നു. അരക്കെട്ടിലെ മാംസത്തേക്കാൾ ചുമലിലെ മാംസം ഗുരുവാകുന്നു. പൃഷ്ഠഭാഗത്തിലെ മാംസത്തേക്കാൾ അരക്കെട്ടിലേതു ഗുരുവാണ്. ഇങ്ങിനെതന്നെ കാലുകളുടെ മേലെത്തുത്തല താഴെത്തുത്തലയേക്കാൾ ഗുരുവാകുന്നു. രസംമുതൽ ശുക്ലംവരെയുള്ള ധാതുക്കളിൽ മുമ്പേ മുമ്പേയുള്ള ധാതുവിനേക്കാൾ അതാതിനു ശേഷമുള്ള ധാതുവിനു ഗുരുതരം അധികമാണ്. എല്ലാ പ്രാണികളുടേയും ദേഹത്തിന്റെ നടുക്കുഷ്ണം (മദ്ധ്യകായം) ഗുരുവാകുന്നു. പുരുഷജാതികളുടെ പൂർവ്വഭാഗവും (തല, കൈ മുതലായതു) സ്ത്രീജാതികളുടെ അധോഭാഗ(കാൽ മുതലായതു)വും ഗുരുവായിരിക്കും. പക്ഷികളുടെ നെഞ്ഞത്തും കഴുത്തിലുമുള്ള

---

* 'യകൃൽ' എന്ന പദംകൊണ്ടു പ്ലീഹയുംകൂടി ഗ്രഹിക്കപ്പെട്ടിരിക്കുന്നു.

§ "സകഥിനീ ചാത്മപക്ഷയോഃ" എന്നിവിടെ പ്രഥമതിയ മൂലപാഠമല്ലെന്നും അൻസരിച്ചാണു". "സകഥിനി ചാത്മപക്ഷയോഃ" എന്നാണു ഭാഷ്യപാഠം. അതുകൊണ്ടു ഈ പദ്യം പക്ഷികളെ സംബന്ധിച്ചിരിക്കുന്നതാണെന്നു നിശ്ചയിക്കുന്നു. സ്ത്രീപുരുഷജാതി രണ്ടു പക്ഷികളെ കാണിക്കാനാണു "ആത്മപക്ഷയോഃ" എന്നു ദ്വിവചനം. ഈ പക്ഷത്തിൽ "മുമലിലെ മാംസത്തേക്കാൾ..... ഇത്യാദിശ്ലോകാർത്ഥം പക്ഷികളുടെ അംഗങ്ങളെ പറിയാമെന്നു ഗ്രഹിക്കേണ്ടിയിരിക്കുന്നു. എന്നാൽ ഒട്ടുള്ളു പറയുന്നതു പക്ഷികളെ മാത്രം സംബന്ധിച്ചല്ല; അതിനുമേൽ "ഉരോഗ്രീവം വിഹംഗാനാം" എന്നുള്ള ഭാഗംകൊണ്ടു പക്ഷികളുടെ കാര്യം പറയുന്നതുമുണ്ട്. ഇതു നോക്കുമ്പോൾ 'ആത്മപക്ഷയോഃ' എന്നാക്കി അർത്ഥത്തിനു ക്ലേശിക്കുന്നതെന്തിനെന്നറിയുന്നില്ല. ഭാഷ്യപക്ഷം മറ്റൊരു അജ്ഞമകാരണം സ്വീകരിച്ചു കാണുന്നതുമില്ല.

ഉരഃശ്രീവം വിഹംഗാനാം വിശേഷേണ ഗുരു സ്മൃതമ്
പക്ഷ്മോരുക്ഷേപപാൽ സമോദ്ദിഷ്ടോ മധ്യഭാഗസ്തു പക്ഷിണാമ്. ()
അതീവ രൂക്ഷം മാംസന്തു വിഹംഗാനാം ഫലാശിനാമ്
ബൃംഹണം മാംസമത്യർത്ഥം ഖഗാനാം വിഷ്കിരാശിനാമ്. 136
മത്സ്യാശിനാം പിത്തകരം വാതഘ്നം ധാന്യചാരിണാമ്. 137
ജലേശയാനൂപജാ ഗ്രാമ്യാഃ ക്രവ്യാദൈകശഫാസ്ഥിരാ
പ്രസഹ്യാ ഖിലവാസാശ്ച യേ ച ജംഘാലസംജ്ഞിതാഃ
പ്രതുദാ വിഷ്കിരാശ്ചൈവ ലഘ്വ്യഃ സ്യുഃപ്രാഗുദാഹൃതാഃ
അല്പാഭിഷ്യന്ദിനശ്ചൈവ യഥാപൂർവ്വമതോന്യഥാ. 138
(ഗ). പ്രമാണാധികാസ്തു സപ്രജാതൗ ചാല്പസാരാ ഗുരവശ്ച. സർവ്വപ്രാണിനാം സർവ്വശരീരേഷു യേ പ്രധാനതമാ ഭവന്തി യകൃൽപ്രദേശേ

മാംസം വിശേഷിച്ചും ഗുരുവാകുന്നു. അവയുടെ മദ്ധ്യഭാഗം ചെറുകിന്റെ അടിക്കൊണ്ടു് എപ്പോഴും ഇളകിക്കൊണ്ടിരിക്കുന്നതാകയാൽ മറ്റുള്ള ഭാഗങ്ങളെപ്പോലെ അധികം ഗുരുത്വമോ അധികം ലഘുത്വമോ കൂടാതെ സമമായിരിക്കുന്നതത്രെ. 133—135

കായകഠിനം ജീവിക്കുന്ന പക്ഷികളുടെ മാംസം അധികം രൂക്ഷമാകുന്നു. മാംസരിനു വളർന്ന പക്ഷികളുടെ മാംസമാകട്ടെ ദേഹത്തെ അത്യന്തം തടിപ്പിക്കുന്നതായിരിക്കും. മത്സ്യംതിന്നുപജീവിക്കുന്ന പക്ഷികളുടെ മാംസം പിത്തത്തെയുണ്ടാക്കും. ധാന്യംതിന്നു ജീവിക്കുന്നവയുടെ മാംസം വാതത്തെക്കളയും. 136-137

മുകളിൽ വിവരിച്ചിട്ടുള്ള ജലേശയം, ആനൂപം, ഗ്രാമ്യം, ക്രവ്യാദം, ഏകശഫം, പ്രസഹം, വിലേശയം, ജംഘാലം, പ്രതുദം, വിഷ്കിരം എന്നീ മാംസവർഗ്ഗങ്ങളിൽ ഒടുവിലൊടുവിൽ പറയപ്പെട്ടതു ആദ്യമാദ്യം പറഞ്ഞതിനെക്കാൾ ലഘുവായും അഭിഷ്യന്ദശക്തി കുറഞ്ഞും ഇരിക്കുന്നതാണു്. നേരെമറിച്ചു് മുമ്പേ മുമ്പേ പറയപ്പെട്ട വർഗ്ഗങ്ങൾക്കു ഗുരുത്വവും അഭിഷ്യന്ദശക്തിയും കൂടുതലായിരിക്കയും ചെയ്യും." 138

ഒരുവർഗ്ഗത്തിൽപ്പെട്ട ജന്തുക്കളിൽതന്നെ ചിലതു സാധാരണയിലധികം വലിപ്പമുള്ളതായിക്കാണും. അങ്ങിനെ കാണുന്ന ജന്തുവിന്റെ മാംസം ഗുണം കുറഞ്ഞതും ഗുരുത്വം കൂടിയതുമായിരിക്കും. ഏതു പ്രാണികളുടേയും ഏറ്റവും പ്രധാനമായ ഭാഗം യകൃത്തിന്റെ സമീപപ്രദേശ

വത്തിനസ്ഥാനാദ്ദേതി. പ്രധാനചാഭാവേ മധ്യമവയസ്സം സത്ത്വസ്ഥമക്ലിഷ്ടമുപാദേയം മാംസമിതി. 139

ഭവതി ചാത്ര—(പ).

വയഃശരീരാവയവാഃ സ്വഭാവോ ധാതവഃ ക്രിയാഃ
ലിംഗാ പ്രമാണം സംസ്ഥാരോ മാത്രാ ചാസ്മിൻ പരീക്ഷിതാഃ. 140

ഇതി മാംസവർഗ്ഗഃ.

(ഗ). അത ഊർദ്ധ്വം ഫലവർഗ്ഗാനു പദേക്ഷ്യാമഃ. തദ്യഥാ—ഭാഡിമാമലകഖർജ്ജൂരകോലകർക്കന്ധുസൌവീരശിംബിതികാഫലകപിത്ഥമാ

ശ(പിത്താശയത്തിൻെറ മുഴിച്ചെടുത്തത്)മാകുന്നു. അതുകൊണ്ട് ആ ഭാഗത്തുള്ള മാംസത്തെയാണുപയോഗിക്കേണ്ടതു്. പ്രധാനാവയവങ്ങൾ കിട്ടാതായാൽ നല്ല നടുപ്രായത്തിലെത്തീട്ടുള്ളതും വ്യാധിമുതലായ ദോഷങ്ങളൊന്നുമില്ലാത്തതും ആയ പ്രാണിയെ കൊന്ന ഉടനെ തന്നെ പുതുതായ മാംസം എടുത്തുപയോഗിക്കുന്നതുകൊണ്ടു വിരോധമൊന്നുമില്ല. ()

"മാംസത്തിൻെറ ഗുണം തീച്ചയാക്കേണ്ടതിന്നു് ആ ജന്തു ഏതു പ്രായമുള്ളതാണെന്നും ആഹാരമെന്താണെന്നും അതിൻെറ ഏതംഗത്തിൽനിന്നും ഏതു ധാതുവിൽനിന്നുമാണു് മാംസം എടുത്തിട്ടുള്ളതെന്നും ആ ജന്തുവിൻെറ സ്വഭാവമെങ്ങിനെയാണെന്നും അതിൻെറ പ്രവൃത്തികളെങ്ങിനെയെല്ലാമാണെന്നും സ്ത്രീയോ പുരുഷനോ ഏന്നും ദേഹം ചെറിയതോ വലിയതോ ഏന്നും മാംസം പാകംചെയ്തിട്ടുള്ളതെങ്ങിനെയാണെന്നും ഏതുമാത്രമാണു് സേവിക്കേണ്ടതെന്നും മറ്റും ആലോചിച്ചു പരീക്ഷിച്ചറിയേണ്ടതാകുന്നു*". 140

ഇങ്ങിനെ മാംസവർഗ്ഗം കഴിഞ്ഞു.

ഇനി ഫലവർഗ്ഗം പറവാൻപോകുന്നു:—താളിമാതളങ്ങ, നെല്ലിക്ക, വലിയ ലന്തപ്പഴം, ഇടത്തരംലന്തക്കായ, ചെറുതരംലന്തക്കായ (ചെറുനെല്ലിക്കാവലിപ്പമുള്ള ഒരു തരം ലന്തക്കായ), സൌവീരം (പച്ചയായാലും പഴുത്താലും മധുരിക്കുന്ന ഒരു തരം ലന്തക്കായ), ശിംബിതികാഫലം (അധികം മധുരവും വലിപ്പവുമുള്ള ഒരു തരം ലന്തക്കായ), വിളാരങ്ങ, മാതളനാരങ്ങ, മാങ്ങ,

* ഈ ശ്ലോകത്തിനു് "ജന്തുക്കളുടെ പ്രായം മുതലായതുകൊണ്ടുള്ള ഗുണദോഷനിരൂപണം ഈ വർഗ്ഗത്തിൽ വിവരിച്ചിട്ടിരിക്കുന്നു" എന്നു മാത്രമേ ഡല്ഹണൻ വ്യാഖ്യാനിച്ചിട്ടുള്ളൂ.

ത്തളംഗാ,മ്ലാ,മ്ലാതക,കമരട്ട,പ്രിയാള,ലകുച,ദേവ്യ,പാരാവത,ദേവത്രഫ-
ല,പ്രാചീനാമലക,തിന്തിഡിക,നീപ,ഭകാശാമ്ലാ,മ്ലികാ,നാരംഗ,ജംബീ
ര,പ്രഭൃതീനി. 141

(പ). അമ്ലാനി രസതഃ പാകേ ഗുരൂണ്യുഷ്ണാനി വിഷ്ടഭഃ
പിത്തളാന്യനിലഘ്നാനി കഫോൽക്ലേശകരാണി ച. 142
കഷായാനുരസം തേഷാം ഭാഡിമം നാതിപിത്തളമ്
ദീപനീയം രുചികരം ഹൃദ്യം വച്ച്വാവിബന്ധനമ്
ദ്വിവിധം തത്തു വിജ്ഞേയം മധുരഞ്ചാമ്ലമേവ ച
ത്രിദോഷഘ്നഞ്ച മധുരമമ്ലം വാതകഫാപഹമ്. 143
അമ്ലം സമധുരം തിക്തം കഷായം കടുകം സരമ്
ചക്ഷുഷ്യം സർവ്വദോഷഘ്നം വൃഷ്യമാമലകീഫലമ്

അമ്പഴങ്ങ, പെരുംക്കുവിൻകായ, മുരളിൻപഴം, അയനിച്ചക്ക, ഭവ്യ
ക്കായ (ഭവ്യം=ആരൻപുളിയെന്നും പക്ഷം), *പാരാവതക്കായ (A Pine
Apple, കൈതച്ചക്ക), മൂരൽപഴം, നീർനെല്ലിക്ക (പ്രാചീനാമലകം),
മരപ്പുളിക്കായ, കടമ്പിൻപഴം, കുരുട്ടുമാങ്ങ, കോൽപ്പുളിക്കായ (പിണർ
ന്പുളിക്കായ), മധുരനാരങ്ങ (Orange), പെരുനാരങ്ങ മുതലായവ ഫ
ലവർഗ്ഗത്തിൽ പെട്ടവയാകുന്നു. 141

"മേൽപറഞ്ഞ ഫലങ്ങളെല്ലാം പുളിരസങ്ങളാകുന്നു. പാകത്തിൽ
ഗുരുക്കളും ഉഷ്ണവീര്യമുള്ളവയുമാണ്. ഇവ പിത്തത്തെയുണ്ടാക്കും. വാത
ത്തെക്കളയും. കഫത്തെ ഇളക്കിത്തീർക്കുകയും ചെയ്യും. 142

അവയിൽവെച്ച് താമിരാതെങ്ങിന്റെ അനുരസം ചവർപ്പാകുന്നു.
ഇത് പിത്തത്തെ അധികമുണ്ടാക്കുകയില്ല. ദീപനത്തെയും രുചിയേയും
മനസ്സന്തോഷത്തെയും മലബന്ധത്തെയും ഉണ്ടാക്കും. ഇതുതന്നെ പു
ളിപ്പുള്ളതും മധുരമുള്ളതുമായി രണ്ടുവകയുണ്ട്. മധുരമുള്ളജാതി മൂന്നു
ദോഷങ്ങളേയും കളയും. പുളിപ്പുള്ളത് വാതത്തെയും കഫത്തെയും നശി
പ്പിക്കും. 143

നെല്ലിക്ക പുളിപ്പ്, മധുരം, കയ്പ്, ചവർപ്പ് എരിവ് ഈ രസങ്ങ
ളോടുകൂടിയതാകുന്നു. ഇത് വിരേചനമുണ്ടാക്കും. കണ്ണിനു നന്ന്. എ
ല്ലാദോഷങ്ങളേയും കളയും. ശുക്ലമുണ്ടാക്കുകയും ചെയ്യും. അതു പുളിര
സമുള്ളതാകയാൽ വാതത്തെയും മധുരവും ശീതവീര്യവുമുള്ളതുകൊണ്ട്

---

* പാരാവതം=പെരുനാരങ്ങ എന്നു ഷഷ്ഠാംഗഹൃദയഭാഷാവ്യാഖ്യാനം.

ഹന്തി വാതം തല്ലേതുപാൽ പിത്തം മാധുര്യശൈത്യതഃ
കഫം രൂക്ഷകഷായത്വാൽ ഫലേഭ്യോഭ്യധികഞ്ച തൽ. 144
കക്കന്ധുകോലബദരമാമം പിത്തകഫാവഹമ്
പക്വം പിത്താനിലഹരം സ്നിഗ്ധം സമധുരം സരമ്
പുരാതനം തൃട്ശമനം ശ്രമഘ്നം ദീപനം ലഘു. 145
സൌവീരം ബദരം സ്നിഗ്ധം മധുരം വാതപിത്തജിൽ. 146
കഷായം സ്വാദു സംഗ്രാഹി ശീതം ശിംബിതികാഫലമ്. 147
ആമം കപിത്ഥമസ്വാദ്യം കഫഘ്നം ഗ്രാഹി വാതളമ്
കഫാനിലഹരം പക്വം മധുരാമ്ലരസം ഗുരു. 148
ശ്വാസകാസാരുചിഹരം തൃഷ്ണാഘ്നം കണ്ഠശോധനമ്

പിത്തത്തേയും, രൂക്ഷതയും ചവർപ്പുമുള്ളതുകൊണ്ട് കഫത്തേയും ശമിപ്പിക്കുന്നതാണ്. നെല്ലിക്ക മാറുള്ള ഫലങ്ങളിൽവെച്ച് വിശേഷപ്പെട്ടതാകുന്നു. 144

ചെറിയ ലന്തക്കായും ഇടത്തരം ലന്തക്കായും വലിയ ലന്തക്കായും, പച്ചയായിരിക്കുമ്പോൾ പിത്തത്തേയും കഫത്തേയും ഉണ്ടാക്കും. പഴത്താൽ പിത്തത്തോടുകൂടിയ വാതത്തെക്കളയും. രുപ്പോൾ അതു മധുരരസവും സ്നിഗ്ധതയും വിരേചനശക്തിയുമുള്ളതായിരിക്കയും ചെയ്യും. *പഴയ ലന്തക്കായ വെള്ളംപോഹത്തേയും ക്ഷീണത്തേയും തീർക്കും. ദീപനമുണ്ടാക്കും. ലഘുവാകുന്നു. 145

സൌവീരത്തിൻകായ ഗുണംകൊണ്ട് സാധാരണ ലന്തക്കായ (ബദരം)പോലെത്തന്നെ. അതു സ്നിഗ്ധവും മധുരവും വാതപിത്തങ്ങളെ കളയുന്നതുമാകുന്നു. 146

ശിംബിതികാഫലം ചവർപ്പും മധുരവുമുള്ളതാണ്. മലമൂത്രാദികളെത്തടയും. ശീതവീര്യമാകുന്നു. 147

വിളാരങ്ങ പച്ചയായാൽ ഒച്ചയെച്ചീത്തയാക്കും. കഫത്തെ നശിപ്പിക്കും. മലമൂത്രാദികളെ തടുക്കും. വാതത്തെ വർദ്ധിപ്പിക്കും. പഴത്താൽ കഫവാതങ്ങളെ ശമിപ്പിക്കും. അതിന്റെ രസം മധുരവും പുളിപ്പുമാകുന്നു. അതു ഗുരുവായിരിക്കയും ചെയ്യും. 148

മാതളനാരങ്ങ ലഘുവാകുന്നു. അതിന്റെ രസം പുളിയാണ്.

* പഴയ ലന്തയെപ്പറ്റിയ പാഠം ചില അമ്മായ്മാർ സ്വീകരിച്ചിട്ടില്ല.

ലഘ്വാമ്ലം ദീപനം പുഷ്യം മാതുളുംഗമുദാഹൃതമ്
തച്ചക്തികൃദ്ദുർജ്ജരാ തസ്യ വാതക്രിമികഫാപഹാ
സ്വാദു ശീതം ഗുരു സ്നിഗ്ധം മാംസം മാരുതപിത്തജിൽ
മേധ്യം ശൂലാനിലച്ഛർദ്ദികഫാരോചകനാശനമ്
ദീപനം ലഘു സംഗ്രാഹി ഗുല്മാശോഘ്നന്തു കേസരമ്
ശൂലാജീർണ്ണവിബന്ധേഷു മന്ദാഗ്നൗ കഫമാരുതേ
ഗുരുതൈവ ച വിശ്ലേഷ്യണ രസസ്തസ്യോപദിശ്യതേ. 149
പിത്താനിലകരം ബാലം പിത്തഘ്നം ബീജകേസരമ്. 150
പുഷ്യം വർണ്ണകരം രുച്യം രക്തമാംസബലപ്രദമ്
കഷായാമ്ലരസം സ്വാദു വാതഘ്നം ബൃംഹണം ഗുരു

ദീപനമുണ്ടാക്കും. മനഃസന്തോഷം വരുത്തും. അതു ശ്വാസം, കാസം, അരോചകം, വെള്ളംമോഹം ഇവയെ കളയും. കണ്ണിനു ശുദ്ധി വരുത്തുകയും ചെയ്യും. മാതളനാരങ്ങയുടെ തോടിന്റെ രസം കഴിക്കുന്നു. അതു വേഗം ദഹിക്കയില്ല. വാതം, കഫം, കൃമി ഇവയെ അതു നശിപ്പിക്കും. തോലിനടുത്തായി അതിനുള്ളിൽ കാണുന്ന കുഴമ്പിന്റെ രസം മധുരമാകുന്നു. അതു ശീതവീര്യവും ഗുരുവും സ്നിഗ്ധവുമാണ്. വാതപിത്തങ്ങളെക്കളയും. മാതളനാരങ്ങയല്ലി (കുരുക്കളെ മൂടിക്കിടക്കുന്ന കുടലു്) ബുദ്ധിക്കും നല്ലതാണ്. വയറുവേദന, വാതരോഗം, ഛർദ്ദി, കഫരോഗം, അരോചകം എന്നിവയെ നശിപ്പിക്കും. ദീപനമുണ്ടാക്കും. ലഘുവാണ്. മലമൂത്രാദികളെത്തടയും. ഗ്രഹണിയെയും അർശ്ശസ്സിനെയും ശമിപ്പിക്കയും ചെയ്യും. മാതളനാരങ്ങച്ചാറ് വയറിൽ വേദന, അജീർണ്ണം, മലബന്ധം, അഗ്നിമാന്ദ്യം, കഫവായുജന്യങ്ങളായ രോഗങ്ങൾ, അരോചകം ഈ വകയുള്ളവയ്ക്കുപയോഗിപ്പാൻ വിശേഷിച്ചും നന്നു്. മൂക്കാത്ത മാതളനാരങ്ങ പിത്തത്തെയും വാതത്തെയും ഉണ്ടാക്കും. മൂത്തു് അല്ലിവെച്ചിട്ടുള്ള അതു് പിത്തത്തെ വർദ്ധിപ്പിക്കും. 149–150

പഴത്ത മാങ്ങ ഹൃദയപ്രിയമുണ്ടാക്കുന്നതും നിറം നന്നാക്കുന്നതും രുചിവരുത്തുന്നതും ആകുന്നു. അതു ദോഷത്തിൽ രക്തവും മാംസവും ബലവുമുണ്ടാക്കും. അതിന്റെ രസം മധുരമാണ്. അമ്ലരസം ചവർപ്പുമാകുന്നു. അതു വാതത്തെക്കളയും. ദേഹം തടിപ്പിക്കും. ഗുരുവാ

പിത്താവിരോധി സംപക്വമാമ്ലം ശുക്ലവിവർദ്ധനമ്. 151
ബൃംഹണം മധുരം ബല്യം ഗുരു വിഷ്ടഭ്യ ജീർയ്യതി
ആമ്രാതകഫലം വൃഷ്യം സസ്നേഹം ശ്ലേഷ്മവർദ്ധനമ്. 152
അമ്ലം തൃഷ്ണാപഹം രുച്യം പിത്തകൃൽ കരവർദ്ധകമ്. 153
വാതപിത്തഹരം വൃഷ്യം പ്രിയാലം ഗുരു ശീതളമ്. 154
ത്രിദോഷവിഷ്ടാഭകരം ലകുചം ശുക്ലനാശനം. 155
ഫല്ഗ്വം സപാടു കഷായാമ്ലം ഭവ്യമാസ്യവിശോധനമ്
പിത്തശ്ലേഷ്മഹരം ഗ്രാഹി ഗുരു വിഷ്ടംഭി ശീതളമ്. 156
പാരാവതം സമധുരം രുച്യമത്യഗ്നിവാതനുൽ. 157
ഗരദോഷാഹരം നീപം പ്രാചീനാമലകം തഥാ. 158

ണ്ട്. പിത്തത്തെ കുറഞ്ഞാന്നു ശമിപ്പിക്കും. ശുക്ലത്തെ വർദ്ധിപ്പിക്കുയും ചെയ്യും. 151

അമ്പാഴങ്ങ ദേഹം തടിപ്പിക്കും. മധുരമാണ്ട്. ബലമുണ്ടാക്കും. ഗുരുത്വമുള്ളതും വിഷ്ടംഭമുണ്ടാക്കുന്നതുമാകുന്നു. അതു ശുക്ലം, കഫം ഇവയെ വർദ്ധിപ്പിക്കും. അതു സ്നിഗ്ധതയുള്ള ഒരു സാധനവുമാകുന്നു. 152

പെരുംകുവിൻ കായ പുളിരസമാണ്ട്. വെള്ളംദോഷം തീർക്കും. രുചിയുണ്ടാക്കും. പിത്തമുണ്ടാക്കുകയും ചെയ്യും. 153

മുരളിൻകായ വാതപിത്തങ്ങളെക്കളയും. ശുക്ലത്തെ വർദ്ധിപ്പിക്കും. ഗുരുവും ശീതവീര്യവുമാകുന്നു. 154

അയിനിച്ചക്ക മൂന്നു ദോഷങ്ങളേയും ഉണ്ടാക്കും. അതു വിഷ്ടംഭമുണ്ടാക്കുന്നതും ശുക്ലക്ഷയം വരുത്തുന്നതുമാകുന്നു. 155

ഭവ്യം ഫല്ഗുവാണ്ട്. അതിന്നു മധുരവും ചവർപ്പും പുളിപ്പുമുണ്ട്. അതു വായിന്നകത്തുള്ള മാലിന്യം കളയും. പിത്തം, കഫം ഇവയെ നശിപ്പിക്കും. മലബന്ധവും വിഷ്ടംഭവുമുണ്ടാക്കും. ഗുരുവും ശീതവീര്യവുമാകുന്നു. 156

പാരാവതം (കൈതച്ചക്ക) മധുരമാകുന്നു. അതു രുചിയുണ്ടാക്കും. അത്യഗ്നിയേയും വാതത്തെയും കളയും. 157

കടമ്പിൻകായും നീർനെല്ലിക്കയും കൈവിഷത്തിന്റെ ദോഷത്തെ നശിപ്പിക്കും. 158

വാതാപഹം തിന്തിഡീകമാമം പിത്തവലാസകൃൽ
ഗ്രാഹ്യഗ്നിം ദീപനം രുച്യം സംപാകം കഫവാതനുൽ. 159
തസ്മാദല്പാന്തരഗുണം കോശാമ്രഫലമുച്യതേ. 160
അമ്ലികായാഃ ഫലം പാകം തദ്വദ്ഭേദി തു കേവലം. 161
അമ്ലം സമധുരം ഹൃദ്യം വിശദം ഭക്തരോചനമ്
വാതഘ്നം ദുർജ്ജരം പ്രോക്തം നാരങ്ഗസ്യ ഫലം ഗുരു. 162
തൃഷ്ണാശൂലകഫോൽക്ലേശച്ഛർദ്ദിശ്വാസനിവാരണമ്
വാതശ്ലേഷ്മവിബന്ധഘ്നാ ജംബീരം ഗുരു പിത്തകൃൽ. 163
ഐരാവതം ദന്തശഠമമ്ലം ശോണിതപിത്തകൃൽ. 164

മരപ്പുളിയുടെ പച്ചക്കായ വാതത്തെ നശിപ്പിക്കും. പിത്തത്തെയും കഫത്തെയും ഉണ്ടാക്കും. അതിന്റെ പഴം മലമൂത്രാദിബന്ധമുണ്ടാക്കും. അത് ഉഷ്ണവീര്യമുള്ളതും രുചിയും ദീപനവുമുണ്ടാക്കുന്നതുമാകുന്നു. കഫത്തെയും വാതത്തെയും അതു നശിപ്പിക്കയും ചെയ്യും. 159

കുരുട്ടുമാങ്ങയുടെ ഗുണം ഏതാണ്ടു മേൽപറഞ്ഞതിനു സമമായിരിക്കും. കോൽപുളിയുടെ പഴവും അതുപോലെത്തന്നെയാണ്. എങ്കിലും അതിനു ശോധനയുണ്ടാക്കാനുള്ള ശക്തി വിശേഷാൽ ഉണ്ട്. ()

മധുരനാരങ്ങ പുളിപ്പും മധുരവുമുള്ളതാണ്. അതു ഹൃദയപ്രിയമുണ്ടാക്കും. നാവിനു ശുദ്ധിയും അന്നത്തിനു രുചിയുമുണ്ടാക്കും. അതു വാതത്തെ കളയുന്നതും ദഹിക്കാൻ പ്രയാസമുള്ളതും ദഹനസമയത്തു് ഉപദ്രവമുണ്ടാക്കുന്നതും ആകുന്നു. 162

ചെറുനാരങ്ങ വെള്ളംദാഹം, വയറുവേദന, വായിൽ വെള്ളം വരവ്, ഛർദ്ദി, ഏമ്പക്കം എന്നിവയെ നശിപ്പിക്കുന്നതാണ്. അതു വാതത്തെയും കഫത്തെയും കളയും. പിത്തമുണ്ടാക്കും. മലബന്ധം തീർക്കും. ഗുരുവാകുന്നു. 163

ഐരാവത(വലിയ നാരങ്ങ)മെന്നും ദന്തശഠ(വടുകപ്പുളിനാരങ്ങ?)മെന്നും പറയുന്നതു നാരങ്ങയിൽതന്നെയുള്ള രണ്ടു വകഭേദത്തിനുള്ള പേരാകുന്നു. ഇതു രണ്ടും പുളിരസമുള്ളവയും രക്തപിത്തമുണ്ടാക്കുന്നവയുമാകുന്നു". 164

(ഗ). ക്ഷീരവൃക്ഷഫല,ജാംബവ,രാജാദന,തോദന,തിന്ദുക,ബദര
ള,ധനപനാ,ശ്ലേഷ്മാന്തകാ,ശപകർണ്ണ,ഫല്ല,പത്രൂഷക,ഗാംഗേരുകീ,പുഷ്കരവ-
ർത്തി,വിലപ,ബിംബീപ്രഭൃതീനി. 165

(ഘ). ഫലാന്യേതാനി ശീതാനി കഫപിത്തഹരാണി ച
സംഗ്രാഹകാണി ശുക്ഷാണി കഷായമധുരാണി ച. 166

ക്ഷീരവൃക്ഷഫലം തേഷാം ഗുരു വിഷ്ടംഭി ശീതളമ്
കഷായം മധുരം സാമ്ലാ നാതിമാരുതകോപനമ്. 167

ആത്യർത്ഥം വാതളം ഗ്രാഹി ജാംബവം കഫപിത്തജിൽ. 168

സ്നിഗ്ധം സപാടു കഷായഞ്ച രാജാദനഫലം ഗുരു. 169

കഷായം മധുരം ശുക്ഷം തോദനം കഫവാതജിൽ

---

*നാൽപാമരം, ഞാവൽ, പഴമുൺപാല, രാവണപ്പുളി (ℓതോദനം), പനച്ചി, ഇലഞ്ഞി, ധനപനം, മുളംപ്ലാശ്, പെരുമരുത്, കാട്ടത്തി (ഫല്ല, പേയത്തിയെന്നും), ചിറവീന്തൽ, വലിയ ഊരകം, പുഷ്കരവത്തി (താമരക്കരു?), കൂവളം, കോവ, ഏനം തുടങ്ങിയവയുടെ കായകൾ "മലമൂത്രാദികളെ തടുക്കുന്നവയും ശീതവീര്യങ്ങളും ശുക്ഷങ്ങളുമാകുന്നു. ഇവയുടെ രസം ചവർപ്പും മധുരവുമാകുന്നു. ഇവ കഫത്തേയും പിത്തത്തേയും നശിപ്പിക്കും. 166

അവയിൽവെച്ചു നാൽപാമരങ്ങളുടെ കായ ഗുരുവും വിഷ്ടംഭമുണ്ടാക്കുന്നതും ശീതവീര്യവുമാകുന്നു. അവയുടെ രസം ചവർപ്പും മധുരവും പുളിയുമാണ്. അവ വാതത്തെ അധികം കോപിപ്പിക്കയില്ല. 167

ഞാവളിൻ കായ ഏറ്റവും വാതത്തെ വർദ്ധിപ്പിക്കും. കഫത്തേയും പിത്തത്തേയും കളയും. മലമൂത്രാദികളെ ബന്ധിക്കയും ചെയ്യും. 168

പഴമുൺപാലയുടെ കായ സ്നിഗ്ധവും ഗുരുവുമാകുന്നു. അതിന്റെ രസം മധുരവും ചവർപ്പുമാണ്. 169

രാവണപ്പുളിക്കായ ചവർപ്പുള്ളതും മധുരവും ശുക്ഷവുമാകുന്നു. അതു കഫത്തേയും വാതത്തേയും കളയും. അതിൽ പുളിരസമായ മറെറാ

---

* "ക്ഷീരവൃക്ഷ"മെന്നാണ് മൂലം. ക്ഷീരവും കൂട്ടി അഞ്ചെണ്ണമാണ് ക്ഷീരവൃക്ഷമെന്നും ക്ഷീരസ്ഥാനത്തു് അമ്ലരസകമായൊട്ടക്കറയുള്ളതെന്നും ഭാഷ്യകാരൻ സ്ഥാപിക്കുന്നു. പാലുള്ള മറെറ വൃക്ഷങ്ങളേയും ക്ഷീരവൃക്ഷപദംകൊണ്ടു ഗ്രഹിക്കാമെന്നു വേറെ ചില അദ്ധ്യായ്യന്മാർ പറഞ്ഞിട്ടുമുണ്ടു്.

ℓ കാശ്മീരദേശപ്രസിദ്ധമായ ഒരുതരം പുളിയെന്നും പക്ഷം.

അശ്ലോഷ്ണം ലഘു സംഗ്രാഹി സ്നിഗ്ധം പിത്താഗ്നിവർദ്ധനമ്. 170
ആമം കഷായം സംഗ്രാഹി തിന്ദുകം വാതകോപനമ്
വിപാകേ ഗുരു സംപക്വം മധുരം കഫപിത്തജിൽ. 171
മധുരഞ്ച കഷായഞ്ച സ്നിഗ്ധം സംഗ്രാഹി ബാകുളമ്
സ്ഥിരീകരണ്യ ഉന്താനാം വിശദം ഫലമുച്യതേ. 172
കഷായഞ്ച ഹിമം സാദു ധാന്യനം കഫവാതജിൽ. 173
തദ്വദ് ഗാംഗേരുകം വിദ്യാദശ്മന്തകഫലാനി ച. 174
വിഷ്ടംഭി മധുരം സ്നിഗ്ധം ഫൽഗുജം തർപ്പണം ഗുരു. 175
അത്യുത്തമീഷന്മധുരം കഷായാനുരസം ലഘു
വാതഘ്നം പിത്തജനനമാമം വിദ്യാൽ പത്രുഷകമ്

രു ജാതിയുണ്ട്. അതു് ഉഷ്ണവീര്യവും സ്നിഗ്ധവും മലമൂത്രാദികളെ തടുക്കുന്നതും പിത്തത്തെയും അഗ്നിയേയും വർദ്ധിപ്പിക്കുന്നതും വേഗം ദഹിക്കുന്നതുമാകുന്നു. 170

പനച്ചിയുടെ പച്ചക്കായ ചവർപ്പുരസമുള്ളതും മലമൂത്രാദികളെ തടുക്കുന്നതും വാതത്തെ കോപിപ്പിക്കുന്നതും ആകുന്നു. അതിന്റെ പഴം പാകത്തിൽ ഗുരുവും രസത്തിൽ മധുരവും കഫത്തെയും പിത്തത്തെയും കളയുന്നതുമാകുന്നു. 171

ഏലഞ്ഞിയുടെ കായ മധുരവും ചവർപ്പുമുള്ളതാകുന്നു. അതു മലമൂത്രാദികളെ ബന്ധിക്കും. സ്നിഗ്ധവും പല്ലുകൾക്കുറപ്പുണ്ടാക്കുന്നതും നിർമ്മലവുമാകുന്നു. 172

ധന്വനത്തിന്റെ കായ ചവർപ്പും മധുരവുമുള്ളതാണ്. അതു ശീതവീര്യവും കഫവാതങ്ങളെ ജയിക്കുന്നതുമാകുന്നു. 173

വലിയ ഊരകത്തിന്റെയും മുള്ളംപ്ലാശിന്റെയും കായ്കൾക്കുള്ള ഗുണങ്ങൾ ധന്വനത്തിനുള്ളപോലെത്തന്നെ. 174

കാട്ടത്തിയുടെ കായ വിഷ്ടംഭമുണ്ടാക്കും. മധുരവും സ്നിഗ്ധവുമാണ്. വേഗം ദഹിക്കയില്ല. തൃപ്തിയുണ്ടാക്കും. 175

ചിറ്റീന്തലിന്റെ പച്ചക്കായ അധികം പുളിപ്പും അല്പം മധുരവും ഉള്ളതാകുന്നു. അനുരസമായിട്ടു ചവർപ്പും കൂടി അതിനുണ്ട്. അതു കഫവും വാതത്തെ നശിപ്പിക്കുന്നതും പിത്തമുണ്ടാക്കുന്നതുമാകുന്നു. അതുതന്നെ പഴത്താൽ മധുരവും വാതപിത്തങ്ങളെക്കളയുന്നതും ശീത

തദേവ പക്വം മധുരം വാതപിത്ത നിബർഹണമ്
വിപാകേ മധുരം രൂക്ഷം രക്തപിത്തപ്രസാദനമ്. 176
പൌഷ്കരം സ്വാദുവിഷ്ടംഭി ബല്യം കഫകരം ഗുരു. 177
കഫാന്നിലഹരം തിക്ഷ്ണം സ്നിഗ്ധം സംഗ്രാഹി ദീപനമ്
കടുതിക്തകഷായേയാഷ്ണം ബാലം വിലപമുദാഹൃതമ്.
തദേവ വിദ്യാൽ സംപക്വം മധുരാനുരസം ഗുരു
വിദാഹി വിഷ്ടംഭ കരം ദോഷകൃൽ പൂതിമാരുതമ്. 178

വീയ്യവും പാകത്തിൽ മധുരവും രക്തപിത്തങ്ങളെ തെളിയിക്കുന്നതുമായിരിക്കും. 176

പുഷ്കരവൎത്തി മധുരവും ഗുരുവും വിഷ്ടംഭമുണ്ടാക്കുന്നതും ആകുന്നു. അതു ബലവും കഫവുമുണ്ടാക്കും. 177

ഇളയ കൂവളക്കായ കഫത്തേയും വാതത്തേയും കളയും. തീക്ഷ്ണമാകുന്നു. അതു ദഹനശക്തിയുണ്ടാക്കുന്നതും മലമൂത്രാദികളെ തടുക്കുന്നതും സ്നിഗ്ധവും ഉഷ്ണവീയ്യവുമാകുന്നു. അതിന്റെ രസം ഏറ്റവും കയ്പും ചവർപ്പുമാണ്. അതുതന്നെ പഴത്താൽ ദഹിക്കാൻ പ്രയാസമുള്ളതായും മധുരമായ അനുരസത്തോടുകൂടിയതായും ഇരിക്കും. അതു വിദാഹത്തേയും വിഷ്ടംഭത്തേയും ദോഷങ്ങളെ ഉണ്ടാക്കുന്നതും ദുർഗ്ഗന്ധമുള്ള അധോവായുവിനെ * പുറപ്പെടുവിക്കുന്നതും ആകുന്നു. 178

* "പൂതിഗാത്രതം" എന്നാണ് മൂലം. ഇവിടെ പൂതിശബ്ദത്തിന്നു് സുഗന്ധമുള്ളതെന്നർത്ഥമാണെന്നും പൂതിയായ മാംസത്തോടുകൂടിയതെന്നു വിഗ്രഹിക്കുമ്പോൾ സുഗന്ധമുള്ള വായുവോടുകൂടിയതെന്നർത്ഥം വരുന്നതാണെന്നും വിലപ്പുഴം നല്ല സുഗന്ധമുള്ളതെന്നർത്ഥമാണെന്നും പൂതിശബ്ദത്തിന്നു ദുർഗ്ഗന്ധപരത്വം കല്പിച്ചു് തഞ്ജമയിൽ കാണുന്നതുചിതം വ്യാഖ്യാനിക്കുന്നതു് ഗയദാസാചാര്യൻ മുതലായ പ്രാമാണികന്മാർക്കു സമ്മതമല്ലെന്നും മല്ലനമിശ്രൻ വിവരിച്ചിട്ടുണ്ടു്. തഞ്ജമയിൽ ഭാഷ്യപക്ഷം സ്വീകരിച്ചിരിക്കുന്നു. ബംകാളിതഞ്ജമയും കുഞ്ജലാലന്റെ ഇംഗ്ലീഷുതഞ്ജമയും ഇങ്ങിനെതന്നെ. നവീനമായ മറ്റൊരു ഇംഗ്ലീഷുതഞ്ജമയിൽ മല്ലനപക്ഷമാണെടുത്തിരിക്കുന്നു. വിലപ്പുഴം ഭക്ഷണയോഗ്യമായ ഒന്നാണെങ്കിലും ദുർഗ്ഗന്ധമുള്ളതെന്നു പറവാൻ പാടില്ല. അതിന്നു സുഗന്ധമുള്ളതു ശരിതന്നെ. ഈ അനുഭവംകൊണ്ടായിരിക്കാം പൂതിശബ്ദത്തിന്നു സുഗന്ധിയെന്നു് അർത്ഥം പറയുന്നതും. എന്നാൽ ഗുരുവായും വിദാഹിയായും വിഷ്ടംഭിയായും ഇരിക്കുന്ന ഒരു ദ്രവ്യം കോഷ്ഠത്തിൽ ദുർഗ്ഗന്ധമുള്ള വായുവിനെ ജനിപ്പിക്കാതിരിക്കയില്ലെല്ലോ. ഈ സുഗമമായ അർത്ഥത്തെ വിട്ടു് പൂതിശബ്ദത്തിന്നു് അതു സാധാരണമല്ലാത്ത അർത്ഥം കല്പിച്ചിട്ടു ഫലമൊന്നുമുണ്ടെന്നു തോന്നുന്നില്ല.

ബിംബീഫലം സാരകണ്ണം സുനന്യകുൽ കഫപിത്തജിൽ
നൃഡ'ദാമഭജ്വരപിത്താസൃക്കാസശ്വാസക്ഷയാപഹമ്. 179
(ഗ). താലനാരികേളപനസമോചപ്രഭൃതീനി. 180
(പ). സ്വാദുപാകരസാന്യാഹുർവ്വാതപിത്തഹരാണി ച
ബലപ്രദാനി സ്നിഗ്ധാനി ബൃംഹണാനി ഹിമാനി ച. 181
ഫലം സ്വാദുരസം തേഷാം താലജം ഗുരു പിത്തജിൽ
തദ്ബീജംസ്വാദുപാകഞ്ച മൂത്രളം വാതപിത്തജിൽ. 182
നാരികേളം ഗുരു സ്നിഗ്ധം പിത്തഘ്നം സ്വാദു ശീതളമ്
ബലമാംസപ്രദം ഹൃദ്യം ബൃംഹണം വസ്തിശോധനമ്. 183
പനസം സകഷായന്തു സ്നിഗ്ധം സ്വാദുരസം ഗുരു. 184
മൌഫം സ്വാദുരസം പ്രോക്തം കഷായം നാതിശീതളമ്

കോവക്ക, പെരുമരുതിൻ(കുതിരച്ചെവിമരുതിൻ)കായ ഇവ രണ്ടും മുലപ്പാലുണ്ടാക്കുന്നതും കഫപിത്തങ്ങളെ ജയിക്കുന്നതും ആകുന്നു. അവ ചുട്ടനീറൽ, വെള്ളംദാഹം, ജ്വരം, രക്തപിത്തം, കാസം, ശ്വാസം, ക്ഷയം എന്നീരോഗങ്ങളെ ശമിപ്പിക്കയും ചെയ്യും". 179

കരിമ്പനത്തേങ്ങ, തേങ്ങ, ചക്ക, വാഴക്ക എന്നു തുടങ്ങിയ ഫലങ്ങൾ "രസത്തിലും പാകത്തിലും മധുരങ്ങളും വാതപിത്തങ്ങളെക്കളയുന്നവയും ബലമുണ്ടാക്കുന്നവയും തടിപ്പിക്കുന്നവയും സ്നിഗ്ധങ്ങളും ശീതവീര്യങ്ങളുമാകുന്നു. 180—181

അവയിൽവെച്ച് കരിമ്പനനുത്തങ്ങ മധുരമുള്ളതും ദഹിക്കാൻ പ്രയാസമുള്ളതും പിത്തത്തെ ജയിക്കുന്നതുമാകുന്നു. പനങ്കുരുണ്ടിയുടെ അകത്തെ കഴമ്പ് പാകത്തിൽ മധുരമാകുന്നു. അതു മൂത്രത്തെ വർദ്ധിപ്പിക്കും. വാതപിത്തങ്ങളെ ജയിക്കയും ചെയ്യും. 182

തേങ്ങ ഗുരുവും സ്നിഗ്ധവും മധുരരസവും ശീതവീര്യവുമാകുന്നു. അതു പിത്തത്തെ നശിപ്പിക്കും. ബലത്തെയും മാംസത്തെയും ഉണ്ടാക്കും. തടിപ്പിക്കും. വസ്തിയെ ശുദ്ധിവരുത്തും. ഹൃദ്യപ്രിയമായിരിക്കുകയും ചെയ്യും. 183

ചക്ക മധുരരസമുള്ളതും അല്പം ചവർപ്പുരസത്തോടു കൂടിയതും സ്നിഗ്ധവും ദഹിക്കാൻ പ്രയാസമുള്ളതുമാകുന്നു. 184

വാഴക്കയുടെ രസം ചവർപ്പും മധുരവുമാണ്. അത് അധികം ശീ

രക്തപിത്തഹരം വൃഷ്യം രുച്യം ശ്ലേഷ്മകരം ഗുരു. 185
(ഗ). ദ്രാക്ഷാകാശ്മര്യഖർജ്ജൂരമധൂകവൃക്ഷപ്രഭേദിനി. 186
(ച). രക്തപിത്തഹരാണ്യാഹുർഗ്ഗുണൈർമധുരാണി ച. 187
തേഷാം ദ്രാക്ഷാ സരാ സ്വാദ്വീ മധുരാ സ്നിഗ്ധശീതളാ
രക്തപിത്തജ്വരശ്വാസതൃഷ്ണാദാഹക്ഷയാപഹാ. 188
ഹൃദ്യാ മൂത്രവിബന്ധഘ്നീ പിത്താസൃഗ്വാതനാശനീ
കേശ്യാ രസായനാ മേധ്യാ കാശ്മര്യം ഫലമുച്യതേ. 189
ക്ഷതക്ഷയാപഹം ഹൃദ്യം ശീതളം തർപ്പണം ഗുരു
രസേ പാകേ ച മധുരം ഖാർജ്ജൂരം രക്തപിത്തജിൽ. 190

തളമായിട്ടുള്ളതല്ല. വേഗം ദഹിക്കാത്തതും കഫമുണ്ടാക്കുന്നതും രക്തപിത്തത്തെ നശിപ്പിക്കുന്നതുമാകുന്നു. ശുക്ലത്തെ വർദ്ധിപ്പിക്കുകയും രുചിയുണ്ടാക്കുകയും ചെയ്യും". 185

മുന്തിരിങ്ങ, കുമിഴിൻകായ, ഈന്തപ്പഴം*ഇരിപ്പപ്പൂ മുതലായവ "മധുരമുള്ളവയും വേഗത്തിൽ ദഹിക്കാത്തവയും രക്തപിത്തത്തെ നശിപ്പിക്കുന്നവയുമാകുന്നു. 186-187

൨ അവയിൽവെച്ച് മുന്തിരിങ്ങ മലമൂത്രാദികളെ ഇളക്കിക്കളയുന്നതും മധുരരസവും ശീതവീര്യവും സ്നിഗ്ധതയുമുള്ളതാകുന്നു. അതു സ്വരം നന്നാക്കും. രക്തപിത്തം, ജ്വരം, ശ്വാസം, ദാഹം, ചുട്ടനീറൽ, ക്ഷയം എന്നീ രോഗങ്ങളെ നശിപ്പിക്കയും ചെയ്യും. 188

൩ കുമിഴിൻകായ ഹൃദയപ്രിയമുണ്ടാക്കുന്നതും മൂത്രത്തിന്റെ തടസ്ഥം തീർക്കുന്നതും രക്തപിത്തരോഗം, വാതരോഗം എന്നിവയെ കളയുന്നതും തലമുടി വളർത്തുന്നതും ജരയെ നശിപ്പിക്കുന്നതും ബുദ്ധിക്കു നല്ലതും ആകുന്നു. 189

൪ ഈന്തക്കായ രസത്തിലും പാകത്തിലും മധുരമാകുന്നു. ഹൃദയപ്രിയത്തെയും തൃപ്തിയേയും ഉണ്ടാക്കും. വേഗം ദഹിക്കാത്തതും ശീതവീര്യവുമാണ്. അതു് ഉരഃക്ഷതം, ക്ഷയം, രക്തപിത്തം എന്നീ രോഗങ്ങളെ നശിപ്പിക്കും. 190

---

* ഇരിപ്പപ്പൂവിന്നും കായിന്നും ഗുണം ഒരുപോലെയാകയാൽ പൂവിനെ ഫലവർഗ്ഗത്തിൽ ചേർത്താണ്. അല്പമായ ഭേദമുള്ളതിനെ മുകളിൽ വിവരിക്കയും ചെയ്യും. ഇങ്ങിനെ മറ്റു ദിക്കുകളിലും വിചാരിച്ചുകൊള്ളണം.

ബൃംഹണീയമഹൃദ്യഞ്ച മധുകകുസുമം ഗുരു
വാതപിത്തോപശമനം ഫലം തസ്യാപദിശ്യതേ. 191
(ഗ). വാതാമാക്ഷോഡാഭിഷുകനിചുളപിചുനികോചകോരുമാ-
ണപ്രഭൃതീനി. 192
(ഘ). പിത്തശ്ലേഷ്മഹരാണ്യാഹുഃ സ്നിഗ്ധോഷ്ണാനി ഗുരുണി ച
ബൃംഹണാന്യനിലഘ്നാനി ബല്യാനി മധുരാണി ച. 193
കഷായം കഫപിത്തഘ്നം കിഞ്ചിത്തിക്തം രുചിപ്രദം
ഹൃദ്യം സുഗന്ധി വിശദം ലവലീഫലമുച്യതേ. 194
വാസ്തീരം ശീതപാക്യഞ്ച സാരുഷ്കരനിബന്ധനം
വിഷ്ടംഭി ദുർജ്ജരം രൂക്ഷം ശീതഞ്ച വാതകോപനം
വിപാകേ മധുരഞ്ചാപി രക്തപിത്തപ്രണാശനം. 195

ഇരിപ്പപ്പൂവു് ഹൃദയപ്രിയമുണ്ടാക്കുന്ന വസ്തുവല്ല. വേഗം ദഹിക്കയില്ല. മേഹത്തെത്തടിപ്പിക്കും. ഇരിപ്പക്കായ, വാതപിത്തങ്ങളെ ശമിപ്പിക്കും."

191

ബാഗംകൊട്ട, മലയുകയുടെ കായ (അക്ഷോഡം), മരവെട്ടിക്കായ (അഭിഷുകം), നിക്കടമ്പിൻകായ (നിചുളം), കുരുപ്പുരുത്തിക്കായ (പിചു), അഴിഞ്ഞിലിൻകായ (നികോചം), മരവാഴക്ക (ഔദുമ്പരം) ഇവ തുടങ്ങിയ കായകൾ "പിത്തകഫങ്ങളെ കളയും. സ്നിഗ്ധങ്ങളും വേഗം ദഹിക്കാത്തവയും ഉണ്ണുവീര്യങ്ങളും തടിപ്പിക്കുന്നവയും വാതത്തെ നശിപ്പിക്കുന്നവയും ബലമുണ്ടാക്കുന്നവയും മധുരരസമുള്ളവയും ആകുന്നു. ()

*ലവലിയുടെ കായ ചവർപ്പുരസമുള്ളതും കുറഞ്ഞൊന്നു കസ്തൂരിസത്തോടുകൂടിയതും ആകുന്നു. ഇതു കഫത്തേയും പിത്തത്തേയും കളയും. രുചിയുണ്ടാക്കും. ഹൃദയത്തിനു പ്രിയമുണ്ടാക്കും. സുഗന്ധമുള്ളതും നിമ്ന്നലവുമാകുന്നു.

194

തൊഴുകണ്ണിപ്പുഴവും കുറുന്തോട്ടിയരിയും (ശീതപാക്യം) ചേർന്നു പഴുപ്പും രൂക്ഷമായും ശീതവീര്യമായും ഇരിക്കുന്നു. ഇവ വിഷ്ടംഭത്തെയുണ്ടാക്കും. ദഹിക്കാൻ പ്രയാസമുള്ളവയാണു. വാതത്തെ കോപിപ്പിക്കും. പാകത്തിൽ മധുരമായിരിക്കും. രക്തപിത്തത്തെ നശിപ്പിക്കയും ചെയ്യും.

195

---

* "ഫലനഹരിതാംശ്ചാഃ സ്നിഗ്ധാ പ്രപുന്നാടസദൃക്ഫലാ । സുഗന്ധിമൂലാ ലവലീ പാണ്ഡുകോമളവല്ക്കലാ" എന്നു ഭല്ലനവ്യാഖ്യാനത്തിൽ ലവലിയെപ്പറ്റി വിവരിച്ചിട്ടുണ്ടു്. ഇതു നെല്ലിക്കയുടെ കൂട്ടത്തിൽപ്പെട്ട ഒന്നാണെന്നു നിഘണ്ടുകാരൻ പറയുന്നു.

ശീതം കഷായം മധുരം ടംകം മാരുതകൃദ്ഗുരു. 196
സ്നിഗ്ധശ്ചോഷ്ണം തിക്തമധുരം വാതശ്ലേഷ്മഹല്ലാസമേട്ഗുദമ്. 197
ശമീഫലം ഗുരു സാദു ത്രുക്ഷ്ണോഷ്ണം കേശനാശനമ്. 198
ഗുരു ശ്ലേഷ്മാതകഫലം കഫകൃന്മധുരം ഹിമമ്. 199
കരീരാക്ഷികപീലൂനി തൃണശൂന്യഫലാനി ച
സാദുതിക്തകടൂഷ്ണാനി കഫവാതഹരാണി ച. 200
തിക്താ പിത്തകരം തേഷാം സരം കടുവിപാകി ച
തിക്ഷ്ണോഷ്ണം കടുകം പീലു സസ്നേഹം കഫവാതജിത്. 201
ആരുഷ്കരം തൌവരകം കഷായം കടുപാകി ച

ടങ്കം (കാശ്മീരദേശത്തിലുള്ള വലിയ ഞെട്ടികുഴിയൻ മാങ്ങ) മധുരവും ചവപ്പും ശീതവീര്യവുമുള്ളതാണ്. അതു വേഗം ദഹിക്കയില്ല. വാതത്തെ ഉണ്ടാക്കുകയും ചെയ്യും. 196

ഓടപ്പഴം സ്നിഗ്ധവും ഉഷ്ണവുമാകുന്നു. അതിന്റെ രസം കയ്പും ചവപ്പുമാണ്. അതു വാതശ്ലേഷ്മങ്ങളെയും കഫത്തെയും ശമിപ്പിക്കും. 197

വന്നിപ്പഴം ഗുരുത്വമുള്ളതും മധുരരസമുള്ളതും തുക്ഷവും ഉഷ്ണവീര്യവും രോമം കൊഴിയിക്കുന്നതും ആകുന്നു. 198

നറുവരിയുടെ പഴം വേഗം ദഹിക്കയില്ല. കഫമുണ്ടാക്കും. മധുരവും ശീതവീര്യവുമാകുന്നു. 199

കറിമുള്ളി (കരീരം) തൊട്ടാർ (*ആക്ഷികം), ഉക (പീലു), വള്ളിമുല്ല (+തൃണശൂന്യം) ഇവയുടെ കായകൾ മധുരരസവും കയ്പുരസവും എരിവുരസവുമുള്ളവയും ഉഷ്ണവീര്യങ്ങളും കഫവാതങ്ങളെ നശിപ്പിക്കുന്നവയും ആകുന്നു. 200

അവയിൽ ഉകയുടെ കായ രസത്തിൽ കയ്പും പാകത്തിൽ എരിവുമുള്ളതാകുന്നു. അതു പിത്തത്തെ ഉണ്ടാക്കുകയും കഫവാതങ്ങളെ ശമിപ്പിക്കുകയും ചെയ്യും. അതിനു മലത്തെ ഇളക്കിക്കളയാനുള്ള ശക്തിയുണ്ട്. അതു തീക്ഷ്ണവും ഉഷ്ണവും സ്നിഗ്ധവുമാകുന്നു. 201

ചേരിൻകൊട്ടയും നീരെട്ടിക്കുരുവും (തൌവരകം) ചവപ്പുരസവും പാകത്തിൽ എരിവുരസവുമുള്ളതാകുന്നു. അതുകളുടെ വീര്യം ഉഷ്ണമാകു

---

* രുദ്രാക്ഷമെന്നും പക്ഷം.

† കേതകീഫലമെന്നും പക്ഷമുണ്ട്.

ഉഷ്ണം കൃമിജ്വരാനാഹമേഹോദാവർത്തനാശനമ്. 202
കഷ്ടഗ്ലോദരാശോഘ്നാ കടുപാകി തഥൈവ ച
കരഞ്ജകിംശുകാരിഷ്ടഫലം ജന്തുപ്രമേഹനൽ. 203
രൂക്ഷോഷ്ണം കടുകം പാകേ ലഘു വാതകഫാപഹമ്
തിക്തമീഷദ്വിഷഹിതം വിഡംഗം കൃമിനാശനമ്. 204
വ്രണ്യമുഷ്ണം സരം മേധ്യം ദോഷഘ്നം ശോഫകുഷ്ഠനൽ
കഷായം ദീപനഞ്ചാമ്ലം ചക്ഷുഷ്യഞ്ചാഭയാഫലം. 205
ഭേദനം ലഘു രൂക്ഷോഷ്ണമസ്രപ്യം കൃമിനാശനമ്
ചക്ഷുഷ്യം സ്വാദുപാക്യക്ഷം കഷായം കഫപിത്തജിൽ. 206
കഫപിത്തഹരം രൂക്ഷം വക്ത്രോക്ലേദമലാപഹമ്
കഷായമീഷന്മധുരം കിഞ്ചിൽ പൂഗഫലം സരമ്. 207

ന്നു. കൃമി, ജ്വരം, വയറുവിപ്പ്, പ്രമേഹം, ഉദാവർത്തം (Illiac Passion) എന്നീ രോഗങ്ങളെ നശിപ്പിക്കയും ചെയ്യും. 202

ഇഞ്ചിൻകുരു, പ്ലാശിൻകുരു, വേപ്പിൻകുരു എന്നിവ പാകത്തിൽ എരുവാകുന്നു. ഇവ കൃഷ്ണം, ഗ്രഹ്യം, മഹോദരം, അർശ്ശസ്സ്, കൃമി, പ്രമേഹം എന്നീ രോഗങ്ങളെ നശിപ്പിക്കും. 203

വിഴാലരി കുറഞ്ഞൊന്നു കയ്പുരസമുള്ളതും പാകത്തിൽ എരുവുള്ളതുമാകുന്നു. അതു രൂക്ഷവും ലഘുവും ഉഷ്ണവുമാകുന്നു. വാതത്തേയും കഫത്തേയും കൃമികളേയും നശിപ്പിക്കും. വിഷത്തിനു നല്ലതാകുന്നു. 204

കടുക്ക ചവർപ്പും പുളിപ്പും ഉഷ്ണവീര്യവുമുള്ളതാകുന്നു. മലമിളക്കും. വ്രണങ്ങൾക്കു നന്നു്. ബുദ്ധിയെ വർദ്ധിപ്പിക്കും. ദോഷങ്ങളെ ശമിപ്പിക്കും. വീക്കത്തേയും കുഷ്ഠരോഗത്തേയും നശിപ്പിക്കും. കണ്ണിനു നല്ലതാകുന്നു. ദാഹനമുണ്ടാക്കുകയും ചെയ്യും. 205

താന്നിക്ക വിരേചനം വരുത്തും. ലഘുവും രൂക്ഷവും ഉഷ്ണവുമാകുന്നു. കൃമികളെ നശിപ്പിക്കും. ഒച്ചയടപ്പിനെ ഉണ്ടാക്കും. കണ്ണിനു നന്നു്. കഫപിത്തങ്ങളെ ജയിക്കും. ചവർപ്പുരസവും പാകത്തിൽ മധുരവുമാകുന്നു. 206

അടയ്ക്ക കഫത്തേയും പിത്തത്തേയും കളയും. രൂക്ഷമാണു്. വായിലുള്ള നീലവിനേയും ചളിയേയും കളയും. ചവർപ്പും അല്പം മധുരവുമുള്ളതാകുന്നു. അതിനു മലത്തെ ഇളക്കിക്കളയുവാൻ ശക്തിയുണ്ടു്. 207

ജാതീകോശീരകർപ്പൂരം ജാതികട്ടകയോഃ ഫലമ്
കങ്കോലകാ ലവംഗാഖ്യ രികേരം കട്ട കഫാപഹമ്
ലഘു തിക്ഷ്ണോപഹം വക്ത്രക്ലേദദൌർഗ്ഗന്ധ്യനാശനമ്. 208
സതിക്തഃ സുരഭിഃ ശീതഃ കർപ്പൂരോ ലഘു ലേഖനഃ
തിക്തായം മുഖരോഷേ ച വൈരസ്യേ ചാപി പൂജിതഃ. 209
ലതാകസ്തൂരികാ തദ്വച്ഛീതാ വസ്തിവിശോധനീ. 210
പ്രിയാളമജ്ജാ മധുരോ വൃഷ്യഃ പിത്താനിലാപഹഃ. 211
വൈഭീതകോ മദകരഃ കഫമാരുതനാശനഃ. 212
കഷായോ മധുരോ മജ്ജാ കോലാനാം പിത്തനാശനഃ
തിക്താച്ഛട്ട്യനിലഘ്നശ്ച തദ്വച്ചാമലകസ്യ ച. 213
ബീജപൂരകശംപാകമജ്ജാ കോശാമ്രസംഭവഃ

ജാതിപത്രി, കർപ്പൂരം, ജാതിക്കായ, ചെറിയ തക്കോലം, വലിയ തക്കോലം, ലവംഗപ്പൂ എന്നിവ കഫത്തിനും പിത്തത്തിനും ഉള്ളിലെ ക്ലേദത്തെ നശിപ്പിക്കുന്നവയുമാകുന്നു. വെള്ളംഓഹം, വായനാറ്റം, വായിലെ നലവ് എന്നിവയെ നശിപ്പിക്കയും ചെയ്യും. 208

കർപ്പൂരം അല്പം കയ്പുരസവും ശീതവീര്യവും സുഗന്ധവുമുള്ളതും ലഘുവുമാകുന്നു. അതിന്നു ലേഖനശക്തിയുണ്ട്.. വെള്ളംഓഹത്തിലും വായ്വരൾച്ചയിലും നാവിന്നു സ്വാദറിയാൻ വയ്യാത്ത അവസ്ഥയിലും (അരുചി) ഇതിനെ ഉപയോഗിക്കുന്നതു നല്ലതാണ്. 209

ലതാകസ്തൂരിക എന്നു പറയുന്ന ദ്രവ്യം ഉണ്ടാക്കുന്നതു കർപ്പൂരംപോലെയുള്ളതുതന്നെ. അതു ശീതവീര്യവും വസ്തിയെ ശുദ്ധിചെയ്യുന്നതും ആകുന്നു. 210

മുരളിൻചുഴത്തിന്റെ ഉള്ളിലെ കഴമ്പു് മധുരവും ശുക്ലത്തെ വർദ്ധിപ്പിക്കുന്നതും പിത്തത്തേയും വാതത്തേയും നശിപ്പിക്കുന്നതും ആകുന്നു. ()

താന്നിക്കായിന്റെ മജ്ജ ലഹരി ഉണ്ടാക്കുന്നതും കഫത്തേയും വാതത്തേയും നശിപ്പിക്കുന്നതും ആകുന്നു. 212

ലന്തപ്പഴങ്ങളുടെ മജ്ജകഠം ചവർപ്പും മധുരവുമുള്ളതാകുന്നു. അവ പിത്തത്തെ നശിപ്പിക്കും. ദാഹത്തേയും ഛർദ്ദിയേയും വാതത്തേയും ശമിപ്പിക്കയും ചെയ്യും.

നെല്ലിക്കയുടെ മജ്ജയും മേൽപ്രകാരമുള്ളതാകുന്നു. 213

മാതളനാരങ്ങയുടേയും വൻകൊന്നയുടേയും കുരുട്ടുമാങ്ങയുടേയും മ

സചാദുപാകോഗ്നിബലകൃൽ സ്നിഗ്ധഃ പിത്താനിലാപഹഃ. 214
യസ്യ യസ്യ ഫലസ്യോക്തം വീര്യം ഭവതി യാദൃശമ്
തസ്യ തസ്യൈവ വീര്യേണ മജ്ജാനമപി നിർദ്ദിശേൽ. 215
ഫലേഷു പരിപക്വം യദ്ഗുണവൽ തദുദാഹൃതമ്
വിലംബാന്യത്രു വിജ്ഞേയമപക്വം തദ്ധി ഗുണോത്തരമ്
ഗ്രാഹ്യഗ്നിം ദീപനം തദ്ധി കഷായം കടു തിക്തകമ്. 216
വ്യാധിതം കൃമിജുഷ്ടഞ്ച പാകാതീതമകാലജമ്
വർജ്ജനീയം ഫലം സർവ്വമപഥ്യാഗതമേവ ച. 217

ഇതി ഫലവർഗ്ഗഃ.

(ഗ). ശാകാന്യത ഊർദ്ധ്വം വക്ഷ്യാമഃ.— 218

ജ്ജകം പാകത്തിൽ മധുരമുള്ളവയും അഗ്നിബലം വർദ്ധിപ്പിക്കുന്നവയും സ്നിഗ്ധങ്ങളും വാതപിത്തങ്ങളെ നശിപ്പിക്കുന്നവയും ആകുന്നു. 214

ഇവിടെ ഏതേതുകായകൾക്ക് ഏതേതു വീര്യമുണ്ടെന്ന് പറഞ്ഞിട്ടുണ്ടോ അതാതുകായകളുടെ മജ്ജകൾക്കും ആ വീര്യംതന്നെയാണുള്ളതെന്നു നിശ്ചയിക്കണം. 215

മൂത്തുപഴുത്തിട്ടുള്ള കായകൾഒണ് ഗുണങ്ങൾ തികഞ്ഞിരിക്കുക. ഏന്നാൽ കുവളക്കായിന്റെ കായ്യും ഇങ്ങിനെയല്ല; അതു പച്ചയായിരുന്നാലാണ് അധികം ഗുണം. പച്ചക്കുവളക്കായ ചവർപ്പും ഏരുവും കയ്പുമുള്ളതും ദീപനമുണ്ടാക്കുന്നതും മലത്തെ ബന്ധിപ്പിക്കുന്നതും ഉഷ്ണവീര്യവുമാകുന്നു. 216

സസ്യങ്ങൾക്കു സാധാരണ ഉണ്ടാകാവുള്ള വ്യാധികൾ വല്ലതും വന്നുകൂടുകനിമിത്തം കായിന്നു കേടുതട്ടിയിരിക്കുക, കായ പുഴുത്തിന്നിരിക്കുക, പഴുപ്പു കവിഞ്ഞുപായിരിക്കുക, ശരിയല്ലാത്തക്കാലത്തുണ്ടായതായിരിക്കുക, മൂപ്പുതികയാത്തതായിരിക്കുക ഇങ്ങിനെയുള്ള ദോഷങ്ങൾ കണ്ടാൽ ഏതുകായയായാലും ഉപയോഗിപ്പാനെടുത്തുകൂടാത്തതാണ്. 217

ഇങ്ങിനെ ഫലവർഗ്ഗം കഴിഞ്ഞു.

ഇനിമേൽ *ശാകവർഗ്ഗം പറവാൻ പോകുന്നു.— 218

* പടോലാമുതലായതിന്റെ ഇലയും മുള മുതലായതിന്റെ ആണ്ടാനും മുള്ളങ്കി മുതലായതിന്റെ കിഴങ്ങും പാട മുതലായതിന്റെ കുഴത്തും കവളം മുതലായതിന്റെ കായും

തത്ര പുഷ്പഫലാല.ബൂകാലിന്ദകപ്രഭൃതീനി. 219

(ച). പിത്തശ്ലേഷ്മനിലം കൃമിസൂഥാ മാന്ദകഫാനി ച
സൂക്ഷ്മസൂത്രപുരീഷാണി സ.ാദുപാകരസാനി ച. 220

പിത്തശ്ലേഷ്മ, രതിക്ലേശ്മാണം ബാലം മധ്യം കഫാപഹമ്
പക.ം ലഘ്വുഷ്ണ, സക്ഷാരം ദീപനം വസ്തിശോധനമ്
സപ്തദോഷഹരം പ്രോക്തം പഥ്യം.മേതോവികാരിണാമ്. 221

ദൃഷ്ടിശുക്ലക്ഷയകരം കാലിന്ദം കഫവാതകൃൽ. 222

അലാബൂഭിന്നവിട്കാ തു രൂക്ഷാ ഗുരുതിശീതളാ. 223

തിക്തരലാബൂരഫുട്യാ തു വാമനീ വാതപിത്തജിൽ. 224

(ഗ). തുപൈസ,വ്വാരു, കക്കൊരുക, ശീർണ്ണവൃന്തപ്രഭൃതീനി. ()

കുമ്പളങ്ങ, പൂരങ്ങ, തണ്ണിമത്തങ്ങ മുതലായ ശാകങ്ങൾ "പിത്തത്തെ നശിപ്പിക്കുന്നവയും വാതത്തെ ഉണ്ടാക്കുന്നവയും കഫത്തെ അല്പം വർദ്ധിപ്പിക്കുന്നവയും മലമൂത്രങ്ങളെ ഇളക്കിക്കളയുന്നവയും രസത്തിലും പാകത്തിലും മധുരങ്ങളുമാകുന്നു. 219-220

അവയിൽവെച്ച് ഇളയ കുമ്പളങ്ങ പിത്തത്തെക്കളയും. വിശേഷിച്ചു മൂപ്പെത്തിയതു കഫത്തെക്കളയും. മൂത്തുപഴത്താൽ അതു ലഘുവാകുന്നു. ഉഷ്ണവീര്യമായും ഇരിക്കും. അതിങ്കൽ ക്ഷാരസ്വഭാവമുണ്ടായിരിക്കും. അതു ദീപനവും വസ്തിശുദ്ധിയുമുണ്ടാക്കും. സപ്തദോഷങ്ങളേയും നശിപ്പിക്കും. പുദയത്തിനു പ്രിയമുണ്ടാക്കും. മനസ്സിനു വല്ല കേടും (ഉന്മാദമോ മറ്റോ) പാറീട്ടുള്ളവക്ക് അതു നല്ല സാധനമാകുന്നു. 221

തണ്ണിമത്തങ്ങ കണ്ണിന്റെ ദർശനശക്തിയേയും ശുക്ലത്തെയും ക്ഷയിപ്പിക്കും. കഠിനവാതങ്ങളെ ഉണ്ടാക്കുകയും ചെയ്യും. 222

പൂരങ്ങ മലത്തെ ഇളക്കും. അതിനു രൂക്ഷതയും ഗുരുത്വവും അത്യന്തം ശീതവീര്യവുമുണ്ട്. 223

കയ്പൻപൂരങ്ങ പുദയത്തിനു അപ്രിയവും ചർദ്ദിയുമുണ്ടാക്കും. വാതപിത്തങ്ങളെക്കളകയും ചെയ്യും." 224

പച്ചനിറമുള്ള കക്കരിക്ക, വെള്ളരിക്ക, ചെറിയ കുമ്പളങ്ങ, ചെ

വാഴ മുതലായതിന്റെ തണ്ടും കരിമ്പന മുതലായതിന്റെ കുമ്പും തെങ്ങിമാതളം മുതലായതിന്റെ തൊണ്ടും മലയകത്തി മുതലായതിന്റെ പൂവും വെള്ളാട്ടുകൻ മുതലായ കിഴങ്ങുകളും ഇങ്ങിനെ പത്തു പ്രകാരത്തിലാണു ശാകങ്ങളും "മൂലപത്രകശീര ഗ്രന്ഥിക.ണ്ഡപുഷ്പിശുദ്ധകാ.തകി പുഷ്പാ കവകാ ചൈവ ശാകാ ദശവിധാ സ്മൃതാഃ."

(ഛ). ഉരുവിഷ്ടംഭിശീതാനി സപാദ്ധ്മി കഫകൃന്തി ച
സ്വിഷ്ടമൂത്രപുരീഷാണി സക്ഷാരമധുരാണി ച. 226
ബാലം സുനീലം ത്രുസം തേഷാം പിത്തഹരം സ്മൃതമ്
തൽ പാണ്ഡുകഫകൃജ്ജീർണ്ണമല്പം വാതകഫാപഹമ്. 227
വെളുത്തുകം സകൽക്കാരു സന്വകപം കഫവാതകൃൽ
സക്ഷാരം മധുരം രുച്യം ദീപനം നാതിപിത്തലമ്. 228
സക്ഷാരം മധുരഞ്ചൈവ ശീഘ്രവ്വന്തം കഫാപഹമ്
ഭേദനം ദീപനം പൂത്യ്രമനാഹഹൃദിലനല്ലഘു. 129
(ഗ). പിപ്പലീ,മരിച,ശൃംഗവേരാർദ്രക,ഹിംഗ്രു,ജീരക,കുസുംബു

ള്ളത്ത മെറിയ കക്കരിക്ക (വെള്ളരിക്കയെന്നും പക്ഷം). മുതലായവ "വേഗം ദഹിക്കാത്തവയും വിഷ്ടംഭമുണ്ടാക്കുന്നവയും ആകുന്നു. അവ നാവിന്നു രുചിക്കുന്നവയും കഫമുണ്ടാക്കുന്നവയും മലമൂത്രങ്ങളെ ഇളക്കിക്കളയുന്നവയും ക്ഷാരസ്വഭാവമുള്ളവയും മധുരരസവും ശീതവീര്യവുമുള്ളവയും ആകുന്നു. 225—226

അവയിൽ ഇളയതും നീലനിറത്തിലുമിരിക്കുന്ന കക്കരിക്ക പിത്തത്തെ നശിപ്പിക്കും. അല്പം മൂപ്പായി വെളുത്ത നിറം വന്നാൽ കഫമുണ്ടാക്കും. പഴുത്താൽ അല്പം പുളിരസമുള്ളതായും വാതകഫങ്ങളെ നശിപ്പിക്കുന്നതായും ഇരിക്കും. 227

പഴുത്ത വെള്ളരിക്കയും പഴുത്ത മെറകുമ്പുളങ്ങയും കഫവാതങ്ങളെ ഉണ്ടാക്കും. അവ അല്പം ക്ഷാരസ്വഭാവമുള്ളവയും മധുരമുള്ളവയും രുചിയുണ്ടാക്കുന്നവയും ദീപനമുണ്ടാക്കുന്നവയും അധികം പിത്തത്തെ വർദ്ധിപ്പിക്കാത്തവയും ആകുന്നു. 228

വെളുത്ത മെറിയ കക്കരിക്ക കുറഞ്ഞൊന്നു ക്ഷാരസ്വഭാവമുള്ളതും മധുരരസത്തോടുകൂടിയതും കഫപിത്തങ്ങളെ ശമിപ്പിക്കുന്നതുമാകുന്നു. അതു (മൂത്തതാൽ) മലത്തെ ഇളക്കും, ദീപനമുണ്ടാക്കും. പുഷ്ടിയാകുന്നു. അതു (പഴുത്താൽ) വയറുവീർപ്പിടുന്നയും അഷ്ഠീലാ എന്ന മൂത്രാഘാതവ്യാധിയേയും തിക്കും. ലഘുവാകുന്നു". 229

*തിപ്പലി, കുരുമുളകു്, ചുക്കു്, ഇഞ്ചി, കായം, ജീരകം, കൊത്ത

---

* ഈ വർഗ്ഗത്തിൽ വരുന്ന തിപ്പലി മുതലായവയിൽ ചിലതു കൂട്ടാനും ചേർത്

രു, ജംബീരക, സുമുഖ, സുരസാ, ജ്ജക, ഭൃസ്യണ, സുഗന്ധക, കാസമർദ്ദക, കാലമാല, കുഠേരക, ക്ഷവക, ഖരപുഷ്പ, ശിഗ്രു, മധുശിഗ്രു, ഫണിജ്ജക, സഷ്പ, രാജികാ, കുലാഹല, വേണു, ഗണ്ഡീര, തിലപർണ്ണികാ, വഷ്പാഭ്ര, ചിത്രക, മൂലക, പോതികാ, ലശുന, പലാണ്ഡു, കളായ, പ്രഭൃതീനി. 230

(പ). കട്വന്യുഷ്ണാനി രുച്യാനി വാതശ്ലേഷ്മഹരാണി ച
കൃതാന്നനഷ്ടപായുജ്യന്തേ സംസ്കാരാത്മനേകധാ. 231
തേഷാം ഗ്രവ്യീ സപാദുശീതാ പിപ്പല്യാദ്യാ കഫാവഹാ

ന്വാലരി, *ജംബീരകം (കാട്ടുചെറുനാരങ്ങയുടെ വകഭേദം), കാട്ടുതുളസി (സുമുഖം), സാധാരണ തുളസി (സുരസം), വെളുത്ത തുളസി (ആജ്ജകം), പൂതണക്കു് (ഭൃസ്യണം), ചുവന്ന തുളസി (സുഗന്ധകം), പൊന്നാവരം (കാസമർദ്ദം), കറുത്ത ചെറുതുളസി (കാലമാലം), വെളുത്ത ചെറുതുളസി (കുഠേരകം), ചെരുപ്പടി (ക്ഷവകം), കറുത്ത കാട്ടുതുളസി (ഖരപുഷ്പം), മുരിങ്ങ, പുനർമ്മുരിങ്ങ, ഫണിജ്ജകം, കർപ്പൂരത്തുളസി, വെൺകടുകു്, കരിങ്കടുകു്, ശ്രാവണി (കുലാഹലം), മൊളത്തുമ്പു, ഗണ്ഡീരം (ചതുപ്പുഭൂമിയിലുണ്ടാകുന്ന കയ്പുള്ള ഒരുജാതി ശാകം), വേലിപ്പരുത്തി (§തിലപർണ്ണികാ), വെളുത്ത തവിഴാമ, വെളുത്ത ആവണക്കു്, ഇളയ മുള്ളങ്കി (മൂലകപോതികാ), വെള്ളുള്ളി, വലിയ വെള്ളുള്ളി, മലങ്കടല മുതലായവയും ശാകങ്ങളത്രെ. 230

"ഈ ശാകങ്ങൾ എരുവുരസവും ഉഷ്ണവീര്യവുമുള്ളവയാകുന്നു. ഇവ രുചിയുണ്ടാക്കുകയും വാതകഫങ്ങളെ കളകയും ചെയ്യും. പലവിധത്തിലായി ഇവയെ കറികളിൽ അരച്ചുകൂട്ടുകയും വറുത്തിട്ടുകയും വേവിച്ചു ചേർത്തുകയും മാറും ചെയ്യാറുണ്ടു്. 231

അവയിൽ വെച്ചു് ഇളയ പച്ചത്തിപ്പലി വേഗം ദഹിക്കാത്തതും മധുരരസവും ശീതവീര്യവുമുള്ളതും കഫമുണ്ടാക്കുന്നതും ആകുന്നു.

വെറുതെ നട്ടുകുന്നതും വിലയു് അവയിൽ വറുത്തിടുക മുതലായ അവശ്യങ്ങൾക്കുപയോഗിക്കുന്നതും വിലയു മരുന്നിനുമാത്രം ഏടുക്കുന്നതും വിലയു സാധാരണ ആഹാരത്തിനുപയോഗമുള്ളതും ഉൾപ്പെട്ടിരിക്കുന്നു.

* ചെറുനാരങ്ങയുടെ ഗന്ധമുള്ളതും പുളിപ്പുള്ളതുമായ ഒരുതരം ശാകമാണെന്നും പക്ഷമുണ്ടു്.

§ രക്തചന്ദനമെന്നു ഭാഷ്യമതം. അടവിക്കച്ചോലയെന്നും പക്ഷം.

ശ്ലക്ഷ്ണാ കഫാനിലഘ്നീ സാ വൃഷ്യാ പിത്തവിരോധിനീ. 232
സ്വാദുപാക്യാർദ്രമരിചം ഗുരു ശ്ലേഷ്മപ്രസേകി ച
കട്വല്പം ലഘു തൽ ശ്ലക്ഷ്ണമവൃഷ്യം കഫവാതജിൽ. 233
നാത്യുഷ്ണാ നാതിശീതാഞ്ച വീര്യതോ മരിചം സിതമ്.
ഗുണവന്മരിചേഭ്യശ്ച ചക്ഷുഷ്യാഞ്ച വിശേഷതഃ. 234
നാഗരം കഫവാതഘ്നം വിപാകേ മധുരം കടു
വൃഷ്യാഗ്നിം രോചനം ഹൃദ്യം സസ്നേഹം ലഘു ദീപനമ്. 235
കഫാനിലഹരം സ്വര്യം വിബന്ധാനാഹശൂലനുൽ
കട്വല്പം രോചനം ഹൃദ്യം വൃഷ്യമെഷ്വവാർദ്രകം സൃതമ്. 236
ലഘ്വുഷ്ണം പാചനം ഹിംഗു ദീപനം കഫവാതജിൽ

ഉണങ്ങിയ തിപ്പലി കഫത്തേയും വാതത്തേയും ശമിപ്പിക്കും. പിത്തത്തിനു വിരോധിയല്ല. ശുക്ലത്തെ വർദ്ധിപ്പിക്കയും ചെയ്യും. 232

പച്ചക്കുരുമുളകു് പാകത്തിൽ മധുരരസമായിരിക്കും. അതു ഗുരുത്വമുള്ളതും വായിൽ കഫത്തെ ഇളക്കിവിടുന്നതുമാകുന്നു.

ഉണങ്ങിയ കുരുമുളകു് എരിരസവും ഉഷ്ണവീര്യവുമുള്ളതും വേഗം ദഹിക്കുന്നതുമാകുന്നു. ശുക്ലത്തെ വർദ്ധിപ്പിക്കയില്ല. കഫവാതങ്ങളെ ജയിക്കയും ചെയ്യും. 233

വെളുത്ത കുരുമുളകു് അത്യുഷ്ണവും അതിശീതവുമല്ല. മറ്റുള്ള കുരുമുളകുകളിൽ വെച്ചു് ഇതിനു ഗുണം കൂടിയിരിക്കും. വിശേഷിച്ചു് ഇതു കണ്ണിനു നല്ലതാകുന്നു. 234

ചുക്കു് എരിവുരസവും പാകത്തിൽ മധുരവുമാണു്. കഫവാതങ്ങളെ കളയും. ശുക്ലത്തെ വർദ്ധിപ്പിക്കും. ഉഷ്ണവീര്യമാകുന്നു. രുചിയും ദീപനവുമുണ്ടാക്കും. അതു വേഗം ദഹിക്കുന്നതും ഹൃദയപ്രിയമുണ്ടാക്കുന്നതും സ്നിഗ്ധതയുള്ളതും ആകുന്നു. 235

ഇഞ്ചി കഫത്തേയും വാതത്തേയും കളയും; സ്വരം നന്നാക്കും; മലമൂത്രാദിബന്ധം, വയറുവീർപ്പു്, വയറിൽ വേദന എന്നിവയെ കളയും; അതു് എരിവുരസമുള്ളതും ഉഷ്ണവീര്യവുമാകുന്നു; രുചിയും ഹൃദയപ്രിയവും വരുത്തും; ശുക്ലത്തെ വർദ്ധിപ്പിക്കയും ചെയ്യും. 236

കായം വേഗം ദഹിക്കുന്നതും ഉഷ്ണവീര്യവും അന്നത്തെ പചിപ്പിക്കുന്നതും ദീപനമുണ്ടാക്കുന്നതും കഫവാതങ്ങളെ ജയിക്കുന്നതും ആകു

കടു സ്നിഗ്ധം സരം തീക്ഷ്ണം ശൂലാജീർണ്ണവിബന്ധനൽ. 237
തിക്തോഷ്ണം കടുകം പാകേ രുച്യം പിത്താഗ്നിവർദ്ധനമ്
കടു ശ്ലേഷ്മാനിലഹരം ഗന്ധാഢ്യം ജീരകദ്വയമ്. 238
കാരവീ കരവീ തദ്വദ്വിജ്ഞേയാ സോപകുഞ്ചികാ
ഭക്ഷ്യവ്യഞ്ജനഭോജ്യേഷു വിവിധേഷ്വവചാരിതാ. 239
ആർദ്രാ കുസുംഭരീ കുഷ്ഠാൽ സാദ്വനസൗഗന്ധ്യഹൃദ്യതാമ്
സാ ശുഷ്കാ മധുരാ പാകേ സ്നിഗ്ധാ ത്രുഡ്ദാഹനാശനീ
ദോഷഘ്നീ കടുകാ കിഞ്ചിത്തിക്താ സ്രോതോവിശോധനീ. 240

ന്നു. അതു് ഏറ്റവുരസവും സ്നിഗ്ധതയുമുള്ള വസ്തുവാണു്. അതിന്നു വിരേചനശക്തിയുണ്ടു്. അതു തീക്ഷ്ണവും വയറുവേദന, അജീർണ്ണം, മലമൂത്രാദിബന്ധം ഇന്നിവയെ നശിപ്പിക്കുന്നതും ആകുന്നു. 237

വെളുത്ത ജീരകവും കരിഞ്ചീരകവും രസത്തിലും പാകത്തിലും ഏറ്റവായിരിക്കും. അവ തീക്ഷ്ണങ്ങളും ഉഷ്ണവീര്യങ്ങളും രുചിയുണ്ടാക്കുന്നവയും പിത്തത്തെയും ജഠരാഗ്നിയെയും വർദ്ധിപ്പിക്കുന്നവയും കഫവാതങ്ങളെ നശിപ്പിക്കുന്നവയും നല്ല ഗന്ധമുള്ളവയും ആകുന്നു. 238

പെരിയ ജീരകം, പെരിയ കരിഞ്ചീരകം, കറുത്ത പെരുഞ്ചീരകം (ഉപകുഞ്ചിക) ഇന്നിവയും മേൽപ്പറഞ്ഞ ജീരകങ്ങൾക്കുള്ള ഗുണങ്ങളോടുകൂടിയിരിക്കുന്നവയാകുന്നു.

ഈ ജീരകങ്ങൾ പലമാതിരി ഭക്ഷ്യങ്ങളിലും കറികളിലും അന്നത്തിലും ചേർത്തുപയോഗിക്കുവാൻ നന്നു്. 239

പച്ചക്കൊത്തമ്പാല ആഹാരത്തിന്നു നല്ല രുചിയും സുഗന്ധവും ഹൃദയത്തിന്നു പ്രിയവുമുണ്ടാക്കും *.

ഉണങ്ങിയ കൊത്തമ്പാലരി രസത്തിങ്കൽ കുറഞ്ഞൊന്നു കുഴും ഏറ്റവുമുള്ളതായും പാകത്തിൽ മധുരമായും ഇരിക്കും. അതു സ്നിഗ്ധവും ദാഹത്തെയും ചൂടുനീറലിനേയും ശമിപ്പിക്കുന്നതും ദോഷകോപങ്ങളെ ശമിപ്പിക്കുന്നതും സ്രോതസ്സുകൾക്കു ശുദ്ധിയുണ്ടാക്കുന്നതും ആകുന്നു. ()

---

* മേൽപറഞ്ഞ ജീരകങ്ങളഞ്ചിനും ഈ ഗുണമുണ്ടെന്നു ഗ്രഹിക്കേണ്ടതാകുന്നു. ഭക്ഷ്യവ്യഞ്ജനഭോജ്യേഷു..... എന്ന ശ്ലോകാർദ്ധം പച്ചക്കൊത്തംപാലയുടെ ഗുണത്തെക്കാണിക്കാനുള്ളതാണെന്നും പക്ഷമുണ്ടു്. തജ്ജ്ഞന്മാരിൽ അധികം വ്യാഖ്യാതാക്കന്മാരുടെ പക്ഷമനുസരിച്ചു് ആ ഗുണങ്ങളെ ജീരകങ്ങൾക്കു നിയോജിപ്പിച്ചെഴുതിയിരിക്കുന്നു.

ജംബീരഃ പാചനസ്തീക്ഷ്ണഃ കൃമിവാതകഫാപഹഃ
സുരഭിർദ്ദീപനോ രുച്യോ മുഖവൈശദ്യകാരകഃ
കഫാനിലവിഷശ്വാസകാസഹൃദ്ഗന്ധ്യനാശനഃ. 241
പിത്തകൃൽ പാർശ്വശൂലഘ്നഃ സുരസഃ സമുദാഹൃതഃ
തദ്വത്തു സുമുഖോ ജ്ഞേയോ വിശേഷാദ്ഗരനാശനഃ. 242
കഫഘ്നാ ലഘവോ രൂക്ഷാഃ സ്നിഗ്ധോഷ്ണാഃ പിത്തവർദ്ധനാഃ
കടുപാകരസാശ്ചൈവ സുരസാജ്ഞകഭൃങ്ഗണാഃ. 243
മധുരഃ കഫവാതഘ്നഃ പാചനഃ കണ്ഠശോധനഃ
വിശേഷതഃ പിത്താഹരഃ സതിക്തഃ കാസമർദ്ദകഃ. 244
കടുഃ സക്ഷാരമധുരഃ ശിഗ്രുസ്തിക്തോഷ്ണ പിത്തളഃ
മധുശിഗ്രുഃ സരസ്തിക്തഃ ശോഫഘ്നോ ദീപനഃ കടുഃ. 245

ജംബീരകം അന്നത്തെ പചിപ്പിക്കുന്നതും തീക്ഷ്ണവും കൃമിയേയും വാതകഫങ്ങളേയും നശിപ്പിക്കുന്നതും സുഗന്ധമുള്ളതും ദീപനമുണ്ടാക്കുന്നതും രുചിയേയും നാവിന്നു ശുദ്ധിയേയും ഉണ്ടാക്കുന്നതും കഫം, വാതം, വിഷം, വായുമുട്ടൽ, ചുമ, വായനാറ്റം എന്നിവയെ നശിപ്പിക്കുന്നതും ആകുന്നു. 241

സാധാരണ തുളസി പിത്തത്തെ ഉണ്ടാക്കും. പാർശ്വഭാഗങ്ങളിലുണ്ടാകുന്ന വേദനയെ ശമിപ്പിക്കയും ചെയ്യും.

കാട്ടുതുളസിയുടെ ഗുണവും മേൽപ്രകാരംതന്നെ. വിശേഷിച്ചു കൂട്ടുവിഷത്തെ കളയാനുള്ള ശക്തി അതിനുണ്ട്. 242

സാധാരണ തുളസിയും വെള്ളത്ത ചെറുതുളസിയും പൂതണക്കും കഫത്തെക്കളയും. വേഗത്തിൽ ഛർദ്ദിക്കയും പിത്തത്തെ വർദ്ധിപ്പിക്കയും ചെയ്യും. അതുകൊണ്ടു രൂക്ഷതയും അല്പം സ്നിഗ്ധതയും ഉഷ്ണവീര്യവും ഉണ്ട്. രസത്തിലും പാകത്തിലും അവയ്ക്കു കുറെ കുരസവുമുണ്ടായിരിക്കും.

പൊന്നാവരം മധുരവും അല്പം കയ്പുമുള്ളതാകുന്നു. അതു കഫവാതങ്ങളെ കളയും. അന്നത്തെ പചിപ്പിക്കും. കണ്ഠശുദ്ധിയുണ്ടാക്കും. വിശേഷിച്ചും പിത്തത്തെ നശിപ്പിക്കയും ചെയ്യും. 244

മുരിങ്ങയുടെ രസം കുറെ മധുരവും കയ്പുമാകുന്നു. അതിന്നു് അല്പം ക്ഷാരസ്വഭാവവുമുണ്ട്. അതു പിത്തത്തെ വർദ്ധിപ്പിക്കും.

പുനർമ്മുരിങ്ങ (ഇലയും തണ്ടും ചുകന്ന ചെറിയ മുരിങ്ങ) വിരേചനമുണ്ടാക്കുന്നതും കയ്പുരസമുള്ളതും കുറെ കുരസമുള്ളതും ദീപനമുണ്ടാക്കുന്നതും ശോഫത്തെ കളയുന്നതും ആകുന്നു. 245

വിദാഹി ബദ്ധവിണ്മൂത്രം രൂക്ഷം തീക്ഷ്ണോഷ്ണമേവ ച
ത്രിദോഷാ സാഷ്പം ശാകം ഗാണ്ഡീരം വേഗനാമ ച. 246
ചിത്രകസ്ഥിലപർണ്ണീ ച കഫഃശോഫഹരേ ലഘൂ. 247
വഷ്പാഭേ കഫവാതഘ്നീ ഹിതാ ശോഫോദരാർശസാമ്. 248
കടുതിക്തരസാ പൂത്യാ രോചനീ വഹ്നിദീപനീ
സർവ്വദോഷഹരാ ലഘ്വീ കണ്ഡ്യാ മൂലകപോതികാ. 249
മഹതീ തദ്വത് വിഷ്ടംഭി തീക്ഷ്ണമാമാ ത്രിദോഷകൃൽ
തദ്വേ സ്നിഗ്ധാസ്വാദ്വന്ത്യ പിത്തനുൽ കഫവാതജിൽ. 250
ത്രിദോഷശമനാ ശുഷ്കം വിഷ്ടദോഷഹരം ലഘു. 251
വിഷ്ടംഭി വാതളം ശാകം ശുഷ്കമന്യത്ര മൂലകാൽ. 252

കടുകച്ചീരയില(സാഷ്പശാകം), ഗണ്ഡീരശാകം, *വേഗം' എന്ന പേരുള്ള ഒരുജാതി ശാകം ഇവ മൂന്നുക്കൂട്ടവും വിദാഹത്തെ ഉണ്ടാക്കും. മലമൂത്രങ്ങളെ തടയും. രൂക്ഷവും തീക്ഷ്ണവും ഉഷ്ണവുമാകുന്നു. മൂന്നു ദോഷങ്ങളേയും ഉണ്ടാക്കുകയും ചെയ്യും. 246

ആവണക്കും വെലിപ്പരുത്തിയും കഫത്തേയും ശോഫത്തേയും നശിപ്പിക്കും. വേഗം ദഹിക്കയും ചെയ്യും. 247

വെള്ളത്തവിഴാമ കഫവാതങ്ങളെക്കുറയ്ക്കും. ശോഫം, മഹോദരം, അർശ്സ് എന്നീ രോഗങ്ങളിൽ നന്നു്. 248

ഇളയമുള്ളങ്കിയുടെ രസം എപ്പോഴും കയ്പുമാകുന്നു. അതു പൂതിയ പ്രിയത്തേയും രുചിയേയും ജാരാഗ്നിദീപനത്തേയും ഉണ്ടാക്കും. സ്വരത്തിന്നു നന്നു്. വേഗം ദഹിക്കും. സർവ്വദോഷങ്ങളേയും നശിപ്പിക്കയും ചെയ്യും. 'വലിയ മുള്ളങ്കി' രൂക്ഷവും തീക്ഷ്ണവും വഷ്ടംഭമുണ്ടാക്കുന്നതും ആകുന്നു. 'പച്ചമുള്ളങ്കി' മൂന്നു ദോഷങ്ങളേയുമുണ്ടാക്കും. എണ്ണയൊന്നെയ്യോ കൂട്ടിപ്പാകം ചെയ്യുൽ അതൊന്നു ത്രിദോഷങ്ങളെ നശിപ്പിക്കും. ഉണങ്ങിയ മുള്ളങ്കി മൂന്നു ദോഷങ്ങളേയും ശമിപ്പിക്കും. വിഷദോഷം തീക്കും. വേഗം ദഹിക്കയും ചെയ്യും. 249–251

ഉണങ്ങിയ ശാകങ്ങളൊക്കെയും വാതത്തെ വർദ്ധിപ്പിക്കും. വിഷ്ടംഭമുണ്ടാക്കും. എന്നാൽ ഉണങ്ങിയ മുള്ളങ്കി മാത്രം ഈ വിധത്തിലിരിക്കുന്നതല്ല. 252

---

* വേഗം=മഹാകാലീഫലം. "വേഗോ ജീവപ്രവാഹേ ച മഹാകാലംഫലേപി ച" എന്നു മേദിനി. മഹാകാലം=കാഞ്ഞിരം എന്നു ഭാഷയുണ്ടു്. പ്രകൃതത്തിൽ വേഗപദത്തിനു് കാഞ്ഞിരമെന്നർത്ഥം പറയാമോ എന്നു സംശയമാണു്.

പുഷ്പന്തു പത്രഞ്ച ഫലം തഥൈവ
യഥോത്തരം തേ ഗുരവഃ പ്രദിഷ്ടാഃ
തേഷ്വന്തു പുഷ്പം കഫപിത്തഹന്തു
ഫലം നിഹന്യാൽ കഫമാരുതൌ ച. 253
സ്നിഗ്ധാഷ്ണതിക്ഷ്ണാഃ കടുപിച്ഛിലാശ്ച
ഗുരുഃ സരഃ സാദ്രരസശ്ച ബല്യഃ
വൃഷ്യശ്ച മേധാസ്വരവർണ്ണചക്ഷു-
ർഗ്ദോസ്ഥിസന്ധാനകരോ രസോനഃ.
പ്ലീഹോഗജീർണ്ണജ്വരകുക്ഷിശൂല-
വിബന്ധഹൃല്ലുരുചികാസശോഫാൻ
ദുർന്നാമകുഷ്ഠാനലസാദജന്തു-
സമീരണശ്വാസകഫാംശ്ച ഹന്തി. 254

മുള്ളങ്കികഠം ഇളയതും മൂത്തതും പാകം വന്നതും തൈലാദികഠം ചേർത്തു പാകം ചെയ്യുന്നതും ഉണങ്ങിയതും ഇങ്ങിനെ അനേകം തരത്തിലുണ്ട്. അവയ്ക്കു പ്രത്യേകം ഗുണഭേദങ്ങളുമുണ്ട്. അവയുടെ പുവ്വ് കായ മുതലായവയ്ക്കും അതാതു ജാതിക്കു പറഞ്ഞ ഗുണങ്ങഠം തന്നെയാണുള്ളതു്. എന്നാൽ തന്നെയല്ല, മുള്ളങ്കിയുടെ പുവ്വിനെക്കാഠം ഇലയ്ക്കും അതിനെക്കാഠം കായക്കും *ഗുരുത്വം കൂടിയിരിക്കുന്നതുമാണ്.

അവയിൽവെച്ചു മുള്ളങ്കിപ്പുവ് കഫത്തേയും പിത്തത്തേയും നശിപ്പിക്കും; കായ, കഫത്തേയും വാതത്തേയും കളയും. 253

വെള്ളുള്ളി സ്നിഗ്ധവും തീക്ഷ്ണവുമാകുന്നു. അതിന്റെ വീര്യം ഉഷ്ണവും രസം എരിവും മധുരവും ആകുന്നു. അതിന്നു വഴുപ്പും ഗുരുത്വവും വിരേചനശക്തിയും ബലഗതയും ശുക്ലഗതയും വർദ്ധിപ്പിക്കുന്ന ശക്തിയുമുണ്ട്. ബുദ്ധി, സ്വരം, വർണ്ണം എന്നിവയെ അതു നന്നാക്കും. കണ്ണിന്നു ദർശനശക്തിയുണ്ടാക്കുകയും ഒടിഞ്ഞിട്ടുള്ള എല്ലിനെ കൂട്ടിനേരെയാക്കുകയും ചെയ്യുന്നതിൽ അതിന്നു ശക്തിയുണ്ട്. അതു പ്ലീഹരോഗം, ജീർണ്ണജ്വരം, വയറുവേദന, മലമൂത്രാദിബന്ധം, ഹൃല്ലസം, അരോചകം, ചുമ, വീക്കം, അർശ്ശസ്സ്, കുഷ്ഠം, അഗ്നിമാന്ദ്യം, കൃമി, വാതം, ക്ഷീണം, കഫം എന്നീ രോഗങ്ങളെ നശിപ്പിക്കയും ചെയ്യും. 254

* ചിലർ ലഘുതരം എന്നു പഠിക്കുന്നു. ശാകങ്ങളിൽ കായിനെക്കാൾ പുഷ്പാദികൾക്കു ലഘുതരമെന്നുള്ള സാമാന്യനിയമപ്രകാരം ഇവിടെ ഭാഷ്യകാരൻ പേർത്തുപ്രകാരം ഗുരുതരമാം സ്വീകരിച്ചിരിക്കുന്നു.

നാതൃഷ്ണ്ണചിഭ്യാനിലഹാ കടുശ്ച
തിക്ഷ്ണ, ഗുരുന്നാതികഫാവഹശ്ച
ബലാവഹഃ പിത്തകരോഥ കിഞ്ചിൽ
പലാണ്ഡുരഗ്നിഞ്ച വിവർദ്ധയച്ച. 255
സ്നിഗ്ധശ്ചാ രുചിഷ്യഃ സ്ഥിരധാതുകർത്താ
ബല്യോഥ മേധാകഫപുഷ്ടിദശ്ച
സ ചാദ്ധ്രുരുഃ ശോണിതപിത്തശസ്യഃ
സപിച്ഛിലഃ ക്ഷീരപലാണ്ഡുരുക്തഃ. 256
കളായശാകം പിത്തഘ്നം കഫഘ്നം വാതളം ഗുരു
കഷായാനുരസം തെഷ്വവ വിപാകേ മധുരഞ്ച തൽ. 257
(ഗ). ചുച്ചുയൂഥികാതരുണീജീവന്തീബിംബിതിക്കാനന്ദീഭല്ലാതക-
ച്ഛഗലാന്ത്രീവൃക്ഷാദനീഫഞ്ജീശാല്മലീശേലുവനസ്പതിപ്രസവശണക-
ബ്ദാരകോവിദാരപ്രഭൃതീനി. 258

വചിയ ഉള്ളി അത്യുഷ്ണമല്ല. വാതത്തെക്കളയും. എരുവു രസമുള്ളതാണ്. തീക്ഷ്ണവും വേഗം ദഹിക്കാത്തതുമാകുന്നു. അത്യന്തം കഫമുണ്ടാക്കുകയില്ല. കുറഞ്ഞാന്നു പിത്തമുണ്ടാക്കും. അഗ്നിയേയും ദേഹബലത്തേയും വർദ്ധിപ്പിക്കയും ചെയ്യും. 255

*പാലുള്ളി (ക്ഷീരപലാണ്ഡു) സ്നിഗ്ധവും രുചിയുണ്ടാക്കുന്നതും ധാതുക്കൾക്ക് ഉറപ്പു്, ദേഹബലം, പുഷ്ടി, കഫം, ബുദ്ധി എന്നിവയെ ഉണ്ടാക്കുന്നതും രക്തപിത്തത്തിന്നു നല്ലതും ആകുന്നു. അതിന്നു ഗുരുത്വവും വഴുപ്പു, മധുരരസവുമുണ്ടു്. 256

കുളായശാകം (മലങ്കടല) പിത്തത്തേയും കഫത്തേയും നശിപ്പിക്കും. വാതത്തെ ഉണ്ടാക്കും. ഗുരുത്വമുള്ളതാണ്. അതിന്നു അനുരസമായിട്ടു ചവർപ്പും പാകത്തിൽ മധുരരസവുമുണ്ടായിരിക്കും". 257

നീച്ചിര (ചുച്ചു), വെള്ളച്ചെമന്തി (യൂഥികാ), മുൾച്ചെമന്തി (തരുണീ) അടപതിയൻ (ജീവന്തി) ബിംബിതികാ, പടുകരണ (നന്ദി, കുളിച്ചേ്വന്നും ഭാഷയുണ്ടു്), ചേരു്, മറിക്കുന്നി (ഛഗലാന്ത്രി), ഇത്തിക്കണ്ണി (വൃക്ഷാദനീ), പെരുതേക്കു് (ഫാഞ്ജീ), പൂള, നറുവരി, ആത്തി മുതലായ അഞ്ചു പാൽവൃക്ഷത്തിൻ തളിരുകൾ (വനസ്പതിപ്രസവാഃ), ച

---

* ഉള്ളു് പിടിഞ്ഞാൽ പുഴുപോലെ വെളുത്തു് കൊഴുത്ത ഒരു വെള്ളം പുറപ്പെടുന്നതു മധുരമുള്ളതുകൊണ്ടു കരുതരാം വെള്ളുള്ളിയെന്നു.

(ഛ). കഷായസ്വാദുതിക്താനി രക്തപിത്തഹരാണി ച
കഫഘ്നാന്യനിലം കുഷ്ഠി സംഗ്രാഹീണി ലഘൂനി ച. 259
ലഘു പാകേ ച ജന്തുഘ്നം പിച്ഛിലോ വ്രണിനാം ഹിതം
കഷായമധുരാ ഗ്രാഹീ ചുച്ചുസ്തൃഷ്ണാം ത്രിദോഷഹാ. 260
ചക്ഷുഷ്യാ സർവ്വദോഷഘ്നീ ജീവന്തീ സമുദാഹൃതാ
വൃക്ഷാദനീ വാതഹരാ ഖണ്ഡീ തച്ഛ്രേഷ്ഠലാ മതാ. 261
ക്ഷീരവൃക്ഷാൽപലാദീനാം കഷായം പല്ലവാ: സ്മൃതാ:
ശീതാ: സംഗ്രാഹിണ: ശസ്യാ രക്തപിത്താതിസാരിണാമ്. ()

(ഗ). പുനർന്നവാവരുണതക്കോലുകവ്യകവൃക്ഷാദനീവില്വശാക-
പ്രഭേദീനി. 263

ണം (ശണം), വെള്ളത്ത നറുവരി (കുപ്പുദാരം), മലയകത്തി മുതലായ പദാർത്ഥങ്ങളുടെ ഇലകളും മാവും ശാകങ്ങളാണ്. "ഇവ ചവർപ്പും മധുരവും കയ്പുമുള്ള പദാർത്ഥങ്ങളാകുന്നു. ഇവ കഫത്തെക്കളയും. വാതത്തെ ഉണ്ടാക്കും. മലമൂത്രാദികളെത്തടയും. വേഗം ദഹിക്കും. രക്തപിത്തത്തെ ശമിപ്പിക്കയും ചെയ്യും. 258-259

അവയിൽ വെച്ചു നിർച്ചീര പാകത്തിൽ ലഘുവാകുന്നു. അതു കൃമികളെ നശിപ്പിക്കും. വഴുവഴുപ്പുള്ളതും വ്രണമുള്ളവക്കു നല്ലതുമാകുന്നു. അതിന്റെ രസം ചവർപ്പും മധുരവുമാണ്. മലാദികളെ ബന്ധിക്കും. മൂന്നു ദോഷങ്ങളേയും ശമിപ്പിക്കാനുള്ള ശക്തിയുമതിനുണ്ട്. 260

അടപതിയൻ കണ്ണിനു നല്ലതും എല്ലാദോഷങ്ങളേയും കളയുന്നതും ആകുന്നു "ഇത്തക്കണ്ണി" വാതത്തെ ശമിപ്പിക്കുന്ന വസ്തുവാകുന്നു. "ചെറുതേക്കിന്റെ ശാകം" അല്പം ദോഷലമുണ്ടാക്കുന്നതാകുന്നു. 261

ക്ഷീരവൃക്ഷങ്ങളുടെയും ഉല്പലം മുതലായവയുടെയും തളിരുകൾ ചവർപ്പുരസമുള്ളവയാണ്. അവ ശീതവീര്യങ്ങളും മലാദികളെ തടുത്തുനിർത്തുന്നവയും ആകുന്നു. രക്തപിത്തവും അതിസാരവുമുള്ളവക്ക് അവ നല്ലതാകുന്നു." 262

ചുവന്ന തവിഴാമ, നീർമാതളം, തക്കാരിച്ചുഴതിന, വെള്ളത്ത ആവണക്ക്, ചിറാമുത് കുവളം മുതലായവയും ശാകങ്ങൾതന്നെ. "ഇവ ഉഷ്ണവീര്യങ്ങളും മധുരവും കയ്പുമുള്ളവയും വാതത്തെ ശമിപ്പിക്കുന്നവയുമാ

(പ). ഉഷ്ണാനി സപാദ്രികാണി വാതപ്രശമനാനി ച
തേഷു പൌനർന്നവം ശാകം വിശേഷാച്ഛോഫനാശനം. 264
(ഗ). തണ്ഡുലീയകാപോദകാശപാലീചില്ലീപാലക്യാവാസ്തുക
പ്രഭൃതീനി. 265
(പ). സുഷ്ടമൂത്രപുരീഷാണി സക്ഷാരമധുരാണി ച
മന്ദവാതകഫാന്യാഹ്രു രക്തപിത്താഹരാണി ച. 266
മധുരാ രസപാകാഭ്യാം രക്തപിത്തമപോഹതി
തേഷാം ശീതതമാ രൂക്ഷാ സുണ്ഡുലീയാ വിഷാപഹാ. 267
സപാദപാകരസാ വൃഷ്യാ വാതപിത്തമദാപഹാ
ഉപോദകാ സരാ സ്നിഗ്ധാ ബല്യാ ശ്ലേഷ്മകരീ ഹിമാ. 268
കടുവ്വിപാകേ കൃമിഹാ മേധാഗ്നിബലവർദ്ധനാ
സക്ഷാരാ സർവ്വദോഷഘ്നീ വാസ്തുകാ രോചകാ സരാ. 269

കുന്നു. അവയിൽവെച്ചു "തവിഴാമയിച" വിശേഷിച്ചും വീക്കത്തെ നശിപ്പിക്കുന്നതാകുന്നു." 263-264

ചെറുചീര (തണ്ഡുലീയകം), വലിയ വശളച്ചീര (ഉദപാദകാ), വലിയ ഇലയുള്ള ഉപ്പുവ (അശപർണ്ണികാ), പൊടുങ്കീര (ചില്ലീ), ചെഞ്ചീര (പാലക്യാ), വസ്തുച്ചീര (വാസ്തുകാ) മുതലായ ശാകങ്ങൾ "ക്ഷാരരസപ്രഭാവമുള്ളവയും മധുരരസങ്ങളും മലമൂത്രങ്ങളെ ഇളക്കിക്കളയുന്നവയുമാകുന്നു. അവ വാതത്തെയും കഫദോഷത്തെയും കൂടാതെതന്നെ വർദ്ധിപ്പിക്കയും രക്തപിത്തത്തെക്കളകയും ചെയ്യും. 265-266

അവയിൽവെച്ചു ചെറുചീര രസത്തിലും പാകത്തിലും മധുരമാകുന്നു. അതു രക്തപിത്തത്തെയും ലഘുദോഷത്തെയും ശമിപ്പിക്കും. തൃക്ഷവും അത്യന്തം ശീതവീര്യവും വിഷത്തെക്കളയുന്നതുമാകുന്നു. 267

വലിയ വശളച്ചീര പാകത്തിൽ മധുരരസവും സ്നിഗ്ധതയുള്ളതുമാണ്. അതു മലത്തെ ഇളക്കിക്കളയും. ശീതവീര്യമാകുന്നു. ശുക്ലത്തെ വർദ്ധിപ്പിക്കും. വാതം, പിത്തം, ലഘുദോഷം എന്നിവയെ ശമിപ്പിക്കും. ബലത്തെയും കഫത്തെയും വർദ്ധിപ്പിക്കയും ചെയ്യും. 268

വസ്തുച്ചീര പാകത്തിൽ ഏതുരസമാണ്. അതു കൃമികളെ നശിപ്പിക്കും. ബുദ്ധിയേയും ജഠരാഗ്നിയേയും മേധാബലത്തേയും വർദ്ധിപ്പിക്കും. ക്ഷാരസപ്രഭാവമുള്ളതും വിരേചനശക്തിയുള്ളതും രുചിയുണ്ടാക്കുന്നതും സർവ്വദോഷങ്ങളേയും നശിപ്പിക്കുന്നതുമാകുന്നു. 269

ചില്ലീ വാസ്തുകവൽ ജ്ഞേയാ പാലങ്ക്യാ തണ്ഡുലീയവൽ.
വാതകൃദ്ബഹുവിണ്മൂത്രാ രൂക്ഷാ പിത്തകഫേ ഹിതാ. 270
ശാകമാശബലം രൂക്ഷം ബഹുവിണ്മൂത്രമാരുതം. 271

(ഗ). മണ്ഡൂകപർണ്ണീസുവർച്ചലാസുനിഷണ്ണകസുവർച്ചലാബ്രഹ്മസുവർച്ചലാപിപ്പലീഹ്രസ്വചിത്രകാജിഹ്മാകാകമാചീപ്രപുന്നാഡ്യാവല്ഗുജസതീനബ്ജഹതീചണ്ഡകാരികാഫലപടോലവാർത്താകകാരവേല്ലകകടുകാകേ-ബൂകോദുമ്പരകപർപ്പടകകിരാതതിക്തകകേരാടകാരിഷ്ടകോശാതകീവേത്രകരീരാടരൂഷകാക്ഷീപുഷ്പ്രഭൃതീനി. 272

(ഘ) രക്തപിത്തഹരാണ്യാഹുർഹൃദ്യാനി സുലഘൂനി ച

പെരുഞ്ചീരയുടെ ഗുണം വസ്തുച്ചീരയുടെ ഗുണംപോലെയും "ചെഞ്ചീര"യുടെ ഗുണം ചെറുചീരയുടേതുപോലെയും ഇരിക്കുന്നതാണു്. എന്നാൽ "ചെഞ്ചീര" വാതത്തെ ഉണ്ടാക്കും. മലമൂത്രങ്ങളെ തടസ്ഥപ്പെടുത്തും. അതു പിത്തത്തിലും കഫത്തിലും നല്ലതായും രൂക്ഷമായുമിരിക്കുന്നു. 270

വലിയ ഉലുവയുടെ ഇല രൂക്ഷമായും മലമൂത്രങ്ങളേയും അധോവായുവിനേയും തടസ്ഥപ്പെടുത്തുന്നതായും ഇരിക്കുന്നതാണു്. 271

മുത്തിരം, ചമ്മലത്തു, നിരാരൽ, തൊഴുകണ്ണി (സുവർച്ചലാ), ചെറിയ തൊഴുകണ്ണി, *തിപ്പലി, ചെറിയ ചിറാമുട്ടി, കൊഴുപ്പ, കുരുന്തോളി, തകരം, കാർകോലരി, ചെറുകടല, ചെറുവഴുതിനിങ്ങ, കണ്ടങ്കത്തിരിക്കൊത്ത, പടവലം, വലിയ തക്കാരിവഴുതിന, കുപ്പുക്ക, കാട്ടുചൊറുന്നാവരം (കടുകികാ), കേമുകം (കേബുകം), ചുവന്ന ആവണക്കു്, പപ്പടകപ്പുല്ലു്, നിലവേപ്പു് (കിരാതതിക്തകം), കുരുട്ടുപാവൽ (കർക്കോടകം), വേപ്പു്, ചുട്ടൽപീരം, ചൂരൽതല (വേത്രകരീരം), ആടലോടകം, $കുഡുംബിനീ (അക്കുപുഷ്പീ) ഇവ തുടങ്ങിയ പദാർത്ഥങ്ങളും ശാകവർഗ്ഗങ്ങളാകുന്നു. 272

"ഇവ രക്തപിത്തത്തെ കളയുന്നവയും ഹൃദയത്തിനു പ്രിയമു

---

*. ഇവിടെ പത്രങ്ങളാണു് പഠയപ്പെട്ടുന്നതു്. മുമ്പെ തിപ്പലിയുടെ കായും മിരുമുതിന്റെ വള്ളിയുമാണു് പഠയപ്പെട്ടതെന്നറിയണം.

$ നിലമ്പാലയ്യെന്നും ഭാഷയുണ്ടു്. തമിഴിൽ "വലിയ അമ്മാൻപച്ചരിശി" എന്നു പറയും.

കുഷ്ഠമേഹജ്വരശ്വാസകാസാരുചിഹരാണി ച. 273
കഷായാ തു ഹിതാ പിത്തേ സ്വാദുപാകരസാ ഹിമാ
ലഘ്വീ മണ്ഡൂകപർണ്ണീ തു തദ്വദ്രോഹിണികാ മതാ. 274
അവിദാഹീ ത്രിദോഷഘ്നഃ സംഗ്രാഹീ സുനിഷണ്ണകഃ. 275
അവല്ഗുജഃ കടുഃ പാകേ തിക്തഃ പിത്തകഫാപഹഃ. 276
ഈഷത്തിക്തം ത്രിദോഷഘ്നം ശാകം കട്വി സതീനജമ്. 277
നാതൃഷ്ണശീതം കുഷ്ഠഘ്നം കാകമാച്യാസ്തു തദ്വിധമ്. 278
കണ്ഡൂകുഷ്ഠക്രിമിഘ്നാനി കഫവാതഹരാണി ച
ഫലാനി ബൃഹതീനാന്തു കടുതിക്തലഘൂനി ച. 279

ണ്ടാക്കുന്നവയും വിദാഹവും ലഘുത്വമുള്ളവയുമാകുന്നു. കുഷ്ഠം, പ്രമേഹം, ജ്വരം, വിളർപ്പ്, ചുമ, അരോചകം എന്നീ രോഗങ്ങളെ ശമിപ്പിക്കുകയും ചെയ്യും. 273

മുത്തിരിങ്ങ ചവർപ്പുരസമുള്ളതും ശീതവീര്യവുമാകുന്നു. അതു പാകത്തിൽ മധുരരസവും പിത്തത്തിനു നല്ലതും വേഗം ദഹിക്കുന്നതും ആകുന്നു. "കെഴപ്പ്"യുടെ ഗുണവും ഇപ്രകാരംതന്നെയാണ്. 274

നിരാരൽ ദഹനസമയത്തു വിദാഹമുണ്ടാക്കുന്ന വസ്തുവല്ല; അതു മൂന്നു ദോഷങ്ങളേയും ശമിപ്പിക്കും; മലമൂത്രാദികളെ തടുത്തുനിർത്തുകയും ചെയ്യും. 275

കാർപോകിൽ പാകത്തിൽ എരുരസമുള്ളതാണ്. അതിൻറെ രസം കഫത്തേയും പിത്തത്തേയും നശിപ്പിക്കയും ചെയ്യും. 276

പെരുകടലയിലെ എരുവുരസവും കുറഞ്ഞൊന്നു കയ്പുമുള്ളതാണ്; അതു മൂന്നു ദോഷങ്ങളേയും കളയുന്നതുമാകുന്നു. 277

കരന്താളിയുടെ ഇല അധികം ഉണ്ണുവും അധികം ശീതവുമല്ല. മുഞ്ഞാഞ്ഞ കടലയിലുംപാലെ ഇതും ത്രിദോഷങ്ങളെ ശമിപ്പിക്കുന്ന വസ്തുവാണ്. ഇതു കുഷ്ഠരോഗത്തെ നശിപ്പിക്കയും ചെയ്യും. 278

പെരുവഴുതിനിങ്ങയുടെ രസം എരുവും കയ്പുമാകുന്നു. അവ വേഗം ദഹിക്കും. പൊറി, കുഷ്ഠം, കൃമി, കഫം, വാതം എന്നിവയെ അതുകൾ ശമിപ്പിക്കയും ചെയ്യും. 279

കഫപിത്തഹരം വ്രണ്യമുഷ്ണം തിക്തമവാതളം
പടോലം കടുകം പാകേ വൃഷ്യം രോചനദീപനമ്. 280
കഫവാതഹരം തിക്തം രോചനം കടുകം ലഘു
വാത്താകം ദീപനം പ്രോക്തം ഭീണ്ടം സക്ഷാരപിത്തളമ്. 281
തദ്വൽ കക്കോടകം പ്രോക്തം കാരവല്ലകമേവ ച. 282
അടരൂഷകവേത്രാഗ്രഗ്രുഡുചീനിംബപർപ്പടാഃ
കിരാതതിക്തസഹിതാസ്സിക്താഃ പിത്തകഫാപഹാഃ. 283
കഫാപഹം ശാകമുക്തം വത്തുണാപ്രപുനാഡയഃ
രൂക്ഷം ലഘു ച ശീതഞ്ച വാതപിത്തപ്രകോപണമ്. 284
ദീപനം കാളശാകന്തു ഗരദോഷാഹരം കടു. 285
കൌസുംഭം മധുരം രൂക്ഷമുഷ്ണം ശ്ലേഷ്മഹരം ലഘു. 286

പടവലത്തിന്നിലയും കായും കഫപിത്തങ്ങളെ കളയും. വ്രണത്തിന്നു നന്നു്. വാതത്തെ ഉണ്ടാക്കുകയില്ല. അതു ശുക്ലത്തെയും രുചിയേയും ദീപനശക്തിയേയും ഉണ്ടാക്കും. രസത്തിങ്കൽ കയ്പും പാകത്തിൽ എരിവുമായിരിക്കും. ഇളക്കവീര്യവുമാകുന്നു. 280

വലിയ തക്കാരിവഴുതിനിങ്ങ കയ്പും എരിവുമുള്ളതാണു്. കഫവാതങ്ങളെ കളയും. വേഗം ദഹിക്കും. രുചിയും ദീപനശക്തിയുമുണ്ടാക്കും. അതു പഴത്താൽ ക്ഷാരസ്വഭാവമുള്ളതായും പിത്തത്തെ വർദ്ധിപ്പിക്കുന്നതായും ഇരിക്കും, "കുരുട്ടുപ്പാവ"ലിന്നും കയ്പുക്കയ്ക്കുമുള്ള ഗുണങ്ങളും ഈ വലിയ തക്കാരിവഴുതിനങ്ങയ്ക്കു പറഞ്ഞപ്രകാരമിരിക്കുന്നവയാകുന്നു. ( )

ആടലോടകം, മൂരൽതല, ചെറിയ പാവാമുത്തു്, തവള, പർപ്പടകപ്പുല്ലു്, നിലവേപ്പു്, എന്നീ ശാകങ്ങളും കഫരസമുള്ളവയും പിത്തത്തെയും കഫത്തെയും നശിപ്പിക്കുന്നവയുമാകുന്നു. 283

നീർമാതളത്തിന്റെയും തകരയുടേയും ശാകം കഫത്തെ നശിപ്പിക്കും. അതു രൂക്ഷവും ലഘുവും ശീതവീര്യവും വാതപിത്തങ്ങളെ കോപിപ്പിക്കുന്നതുമാകുന്നു. 284

കരുവേപ്പില ദീപനമുണ്ടാക്കും. കൂട്ടവിഷത്തിന്റെ ദോഷത്തെ അതു ശമിപ്പിക്കും. അതിന്റെ രസം എരിവാകുന്നു. 285

കുയമ്പിന്റെ ശാകം (കൌസുംഭം) മധുരരസവും രൂക്ഷവും ലഘുവും ഉഷ്ണവീര്യവും കഫത്തെ നശിപ്പിക്കുന്നതുമാകുന്നു. 286

വാതഘ്നം നാളികാശാകം പിത്തഘ്നം മധുരഞ്ച തൽ. 287
ഗ്രഹണ്യർശോവികാരഘ്നീ സാമ്ലാ വാതകഫേ ഹിതാ
ഉഷ്ണാ കഷായമധുരാ ചാഗ്നിദീപനീ. 288
(ഗ). ലോണികാജാതൂകപർണ്ണികാപത്തൂരജീവകസുവർച്ചലാകുരുവ
കകാകിഞ്ജകുന്തളികാകുരണ്ടികാപ്രഭൃതീനി. 289
(ഘ). സ്വാദുപാകരസാഃ ശീതാഃ കഫഘ്നാ നാതിപിത്തളാഃ
ലവണാനുരസാ രൂക്ഷാഃ സക്ഷാരാ വാതളാഃ സരാഃ. 290
സ്വാദുതിക്താ കുന്തളികാ സകഷായാ കുരണ്ടികാ. 291
സംഗ്രാഹി ശീതളഞ്ചാപി ലഘു ദോഷാവിരോധി ച

തണ്ടൻചീര (നാളികാശാകം, ചെറുവള്ളയെന്നും) വാതത്തെ ഉണ്ടാക്കുന്നതും പിത്തത്തെക്കളയുന്നതും മധുരരസമുള്ളതുമാകുന്നു. 287

പുളിയാരൽ പുളിരസമുള്ളതാണ്. അതു ഗ്രഹണി, അർശ്ശസ്സ് എന്നീരോഗങ്ങളെ ശമിപ്പിക്കും. വാതത്തിങ്കലും കഫത്തിങ്കലും നല്ലതാണ്. അതിനു ചവർപ്പും മധുരവും കൂടിയുണ്ട്. ഉഷ്ണവീര്യമുള്ളതും ജഠരാഗ്നിക്കു ദീപനശക്തിയുണ്ടാക്കുന്നതും ആകുന്നു". 288

ചെറുഗോളിച്ചീര (ലോണികാ, ഉപ്പുകുറിയെന്നും), വെള്ളത്തമ്പില (ജാതുകം), കിണികിണിപ്പാല (പർണ്ണികാ), മീനങ്ങാണി (പത്തൂരം), ജീവകം, തൊഴുകണ്ണി (*സുവർച്ചലാ), ചെങ്കുറുഞ്ഞി (കുരുവക) ചെറുതുളസി, മുടിയൻചീര (കുന്തളികാ), മഞ്ഞപ്പൂവുള്ള് മുൾക്കുറുഞ്ഞി (കുരണ്ടികാ) മുതലായ ശാകങ്ങൾ "പാകത്തിൽ മധുരരസമുള്ളവയാകുന്നു. അവ ശീതവീര്യവും രൂക്ഷതയും ക്ഷാരസ്വഭാവവുമുള്ളവയാകുന്നു. അവയ്ക്ക് ഉപ്പുരസം അനുരസമായിക്കാണും. അവ കഫത്തെ നശിപ്പിക്കുന്നവയും വാതത്തെ വർദ്ധിപ്പിക്കുന്നവയും അധികമായി പിത്തത്തെ വർദ്ധിപ്പിക്കാത്തവയും വിഷ്ടംഭനശക്തിയുണ്ടാക്കുന്നവയും ആകുന്നു. 289—290

അവയിൽവെച്ചു മുടിയൻചീര കഫം മധുരവുമുള്ളതാണ്. മഞ്ഞപ്പൂവുള്ള മുൾക്കുറുഞ്ഞിക്ക് അല്പം ചവർപ്പുരസവുമുണ്ട്. 291

വലിയ കരിങ്കടുകം (രാജക്ഷവം) ചെറുകടുകും (ശടീശാകം) മലമൂത്രാദികളെ തടഞ്ഞുനിർത്തുന്നവയും ശീതവീര്യമുള്ളവയും വേഗം ദ

---

* ഇവിടെ, സുവർച്ചലാ=ബ്രഹ്മിയെന്നും പ്രകൃതമുണ്ട്.

രാജക്ഷവകശാകന്തു ശടീശാകന്തു തദ്വിധമ്. : 292
സ്വാദുപാകരസം ശാകം ദുർജ്ജരം ഹരിമന്ഥജമ്. 293
ഭേദനം മധുരം ശ്രക്ഷ്ണം കളായമതിവാതളമ്
സ്രംസനം കടുകം പാകേ ലഘു വാതകഫാപഹമ്. 294
ശോഷിഷ്ണുമുഷ്ണവീര്യന്തു പത്രം പൂതീകരഞ്ജജമ്. 295
താംബൂലപത്രം തീക്ഷ്ണോഷ്ണം കടു പിത്തപ്രകോപണമ്
സുഗന്ധി വിശദം തിക്തം സ്വാദ്വം വാതകഫാപഹമ്.

ഹിക്കുന്നവയും ദോഷങ്ങൾക്കൊന്നിനും വർദ്ധനമോ കോപമോ ഉണ്ടാക്കാത്തവയും+ ആയിരിക്കുന്നു. 292

സാധാരണ കടലയിലെ പാകത്തിലും രസത്തിലും മധുരമുള്ളതും വേഗം ദഹിക്കാത്തതും ആകുന്നു. 293

മൂന്നു പരുപ്പുകളുള്ള മലംകടലയുടെ ഇല വിരേചനമുണ്ടാക്കുന്നു. മധുരരസമാകുന്നു. അതിന്നു ശ്രക്ഷ്ണതയുണ്ട്. അതു അത്യന്തം വാതത്തെ വർദ്ധിപ്പിക്കുകയും ചെയ്യും. അതിന്നു ഭേദനത്തിൽ ഉപരിഭാഗത്തു നില്ക്കുന്ന ദോഷങ്ങളെ ഇളക്കി കീഴ്പ്പോട്ടു തള്ളാനുള്ള ശക്തിയുണ്ട്. അതു പാകത്തിൽ ഏതുരസമുള്ളതാണു്. വേഗം ദഹിക്കും. വാതസഹിതമായ കഫത്തേയും കളയും. 294

ആവലിന്നില ശോഷത്തെ കളയും; ഉഷ്ണവീര്യവുമാകുന്നു. 295

വെറ്റില (താംബൂലപത്രം) തീക്ഷ്ണവും ഉഷ്ണവീര്യവുമാണു്. അതിന്റെ രസം ഏതുവാണു്. പിത്തത്തെ കോപിപ്പിക്കും. കയ്പുരസവും അതിന്നുണ്ടു്. അതു നിർമ്മലസ്വഭാവമുള്ളതും നല്ല വാസനയുള്ളതുമാണു്. സ്വരത്തെ നന്നാക്കുകയും വാതത്തേയും കഫത്തേയും നശിപ്പിക്കുകയും ചെയ്യും. ദോഷങ്ങളെ മുകളിൽനിന്നിളക്കി കീഴ്പ്പോട്ടു തള്ളുന്ന ശക്തിയതിന്നുണ്ടു്. പാകത്തിൽ അതിന്റെ രസം ഏതുവാണു്. അതിങ്കൽ ചവപ്പുരസവുമുണ്ടു്. അതു ദീപനശക്തിയുണ്ടാക്കും. വായിന്നകത്തുള്ള— പൊറിമ്പിൽ, ചളിപിരണ്ടിരിക്കൽ, നല്ലഞ്ഞിരിക്കൽ, ദുർഗ്ഗ

+ "ദോഷാവിരോധി" എന്ന മൂലത്തിലെ പാഠമനുസരിച്ചുണ്ടു് ഈ തർജ്ജമ. ഭാഷ്യകാരൻ "ദോഷവിരോധി എന്ന പാഠം എടുക്കണമെന്നു പറയുന്നു. തർജ്ജമയിൽ പ്രാചീനപാഠം സ്വീകരിച്ചതാകുന്നു.

സ്രംസനം കട്ടകം പാകേ കഷായം വഹ്നിദീപനമ്
വക്ത്രകണ്ഡൂമലക്ലേദദൗർഗ്ഗന്ധ്യാദിവിശോധനമ്. 296

(ഗ). കോവിദാരശണശാല്മലീപുഷ്പാണി മധുരാണി മധുരവിപാകാനി രക്തപിത്തഹരാണി ച. വൃഷ്യാഗസ്ത്യയോഃ പുഷ്പാണി തിക്താനി കടുവിപാകാനി ക്ഷയകാസാപഹാനി. മധുശിഗ്രുകരീരകസുമാനി കടുവിപാകാനി വാതഹരാണി സൂഷ്മമൂത്രപുരീഷാണി ച. 297

(ച). ആഗസ്ത്യം നാതിശീതോഷ്ണം നക്തമന്ധ്യാനാം പ്രശസ്യതേ. 298
രക്തവൃക്ഷസ്യ നിംബസ്യ മുഷ്കകാർക്കാസനസ്യ ച
കഫപിത്തഹരം പുഷ്പം കൃഷ്ണഘ്നം കുടജസ്യ ച. 299

സ്ഥമുണ്ടായിരിക്കൽ മുതലായ കേടുകളെയെല്ലാം കളഞ്ഞു ശുദ്ധിവരുത്താനുള്ള ശക്തിയുമതിനുണ്ട്. 296

ഇങ്ങിനെ ശാകവർഗ്ഗം കഴിഞ്ഞു.

ഇനി പുഷ്പശാകങ്ങൾ—മലയകത്തി, ചണ, പൂള എന്നിവയുടെ പൂക്കൾ രസത്തിലും പാകത്തിലും മധുരങ്ങളാകുന്നു. അവ രക്തപിത്തത്തെക്കളയും.

ആടലോടകത്തിന്റേയും അകത്തിയുടേയും പൂക്കൾ രസത്തിൽ കയ്പും പാകത്തിൽ എരുവുമുള്ളവയാണ്. ക്ഷയത്തേയും കാസത്തേയും അത്തുകൾ നശിപ്പിക്കും.

പുനമ്മുരിങ്ങപ്പൂവും *കരീരത്തിന്റെ പൂവും പാകത്തിൽ എരുവുരസമുള്ളവയും വാതത്തെ നശിപ്പിക്കുന്നവയും മലമൂത്രങ്ങളെ പുറത്തുകളയുന്നവയുമാകുന്നു. 297

"അകത്തിപ്പൂ അധികം ശീതവും ഉഷ്ണവുമല്ല. രാത്രി കണ്ണുകാണായ്മ (മാലക്കണ്ണ്) എന്ന രോഗമുള്ളവർക്ക് അതു വിശേഷമാകുന്നു. 298

ഉച്ചമലരിയുടേയും, വേപ്പിന്റേയും മുരിങ്ങാശിന്റേയും, എരുക്കിന്റേയും വേങ്ങയുടേയും പൂക്കൾ കഫത്തേയും പിത്തത്തേയും നശിപ്പിക്കും. കൃമിരോഗത്തെ ശമിപ്പിക്കയും ചെയ്യും. കുടകപ്പാലപ്പൂവിന്റേയും ഗുണം ഇപ്രകാരംതന്നെയാകുന്നു. 299

---

* കരീരമെന്നതു മരുദേശങ്ങളിലുണ്ടാകുന്നതും മുള്ളുകളധികമുള്ളതും ഇലയില്ലാത്തതും ഒരുവിധം ചുകന്ന പൂവുള്ളതുമായ ഒരു വൃക്ഷമാകുന്നു. ഇതിന്നു കരിമുള്ളിയെന്നു ഭാഷ കാണുന്നുണ്ട്. "മധുശിഗ്രുകരീരകസുമാനി" എന്ന് മൂലം. 'പുനമ്മുരിങ്ങയുടെ മുള്ളുകായും പൂവും' എന്നും ചിലരത്ഥം പറഞ്ഞിരിക്കുന്നു.

സതിക്തം മധുരം ശീതം പദ്മം പിത്തകഫാപഹം. 300
മധുരം പിച്ഛിലം സ്നിഗ്ധം കുമുദം വ്ലാദി ശീതളം. 301
തസ്മാദല്പാന്തരഗ്രഹണേ വിദ്യാൽ കുവലയോൽപലേ. 302
സിന്ധുവാരം വിജാനീയാദ്ധിതം പിത്തവിനാശനം. 303
മാലതീമല്ലികേ തിക്തേ സൌരഭ്യാൽ പിത്തനാശനേ. 304
സുഗന്ധി വിശദം പുഷ്പ്യം ബകുളം പാടലാനി ച. 305
ശ്ലേഷ്മപിത്തവിഷാപ്നന്തു നാഗം തദ്വച്ച കുങ്കുമം. 306
ചമ്പകം രക്തപിത്താപ്നം ശീതോഷ്ണം കഫനാശനം. 307
കിംശുകം കഫപിത്താപ്നം തദ്വദേവ കുരണ്ടകം. 308

താമരപ്പൂവിന്റെ രസം കഷ്ടം മധുരവുമാകുന്നു. അതു ശീതവീര്യമാണു്. പിത്തകഫങ്ങളെ ശമിപ്പിക്കയും ചെയ്യും. 300

വെളുത്ത ആമ്പൽപ്പൂവു് മധുരരസമാകുന്നു. അതു സ്നിഗ്ധതയും വഴുപ്പുമുള്ള വസ്തുവാണു്. മനസ്സിനു് ആഹ്ലാദമുണ്ടാക്കാനുള്ള ശക്തിയുമുണ്ടു്. അതിന്റെ വീര്യം ശീതമാകുന്നു. 301

വെളുത്തതും ചുകന്നതും കറുത്തതുമായ മൂന്നുകൂട്ടം ഉല്പലങ്ങളുടെയും മേൽപറഞ്ഞ വെളുത്ത ആമ്പൽപ്പൂവിൽനിന്നു കുറഞ്ഞൊന്നു വ്യത്യാസപ്പെട്ട ഗുണത്തോടുകൂടിയിരിക്കുന്നതാണു്. 302

കുരുനൊച്ചിപ്പൂവു് പഥ്യമായവസ്തുവാകുന്നു. അതു പിത്തത്തെ ശമിപ്പിക്കും. പിച്ചകപ്പൂവും മുല്ലപ്പൂവും കഷ്ടരസമുള്ളതാകുന്നു. അവ സൌരഭ്യംകൊണ്ടു പിത്തത്തെ നശിപ്പിക്കുന്നവയാണു്. 303—304

ഇലഞ്ഞിപ്പൂ സുഗന്ധമുള്ളതും നിർമ്മലസ്വഭാവമുള്ളതും ഹൃദയത്തിനു പ്രിയമുണ്ടാക്കുന്നതും ആകുന്നു. പാതിരിപ്പൂവിന്റെ ഗുണം ഇലഞ്ഞിപ്പൂവിന്റെ ഗുണംപോലെതന്നെയാണു്. 305

നാകപ്പൂവും കുങ്കുമപ്പൂവും കഫത്തെയും പിത്തത്തെയും വിഷത്തെയും നശിപ്പിക്കും. 306

ചമ്പകപ്പൂ രക്തപിത്തത്തെ ശമിപ്പിക്കും. ശീതോഷ്ണവീര്യമാകുന്നു. കഫത്തെ നശിപ്പിക്കയും ചെയ്യും. "പ്ലാശിൻപൂ" കഫപിത്തങ്ങളെക്കളയും. "മഞ്ഞപ്പൂവുള്ള മുൾക്കുറഞ്ഞി"യുടെ പൂവും പ്ലാശിൻപൂപോലെതന്നെയാണു്. 307—308

യഥാ വൃക്ഷം വിജാനീയാൽ പുഷ്പം വൃക്ഷാചിതം തഥാ. 309
മധുശിഗ്രുകരീരാണി കടുശ്ലേഷ്മഹരാണി ച. 310
(ഗ). ക്ഷവകകുലേചരവംശകരീരപ്രഭൃതീനി കഫഹരാണി സൃഷ്ടമൂത്രപുരീഷാണി ച. 311
(പ). ക്ഷവകം കുമിളം തേഷു സ്വാദുപാകം സപിച്ഛിലമ്
വിഷ്യന്ദി വാതളം നാതിപിത്തശ്ലേഷ്മകരഞ്ച തൽ. 312
വേണോഃ കരീരാഃ കഫളാ മധുരാ രസപാകതഃ
വിദാഹിനോ വാതകരാഃ സകഷായാ വിശുക്ഷണാഃ. 313
(ഗ). ഉദ്ദിദാനി പലാലേക്ഷുകരീഷുവണക്ഷിതിജാനി. 314

ഓരൊ വൃക്ഷങ്ങൾക്കുമുള്ള ഗുണങ്ങൾതന്നെ അതാതിന്റെ പുഷ്പങ്ങൾക്കുമുണ്ടായിരിക്കുമെന്നറിയേണ്ടതാണ്. വൃക്ഷത്തിലുള്ള മുള്ള്, ഉഴി (വേട്)മുതലായവയുടെ ഗുണവും ആവൃക്ഷത്തിന്റെതുപോലെതന്നെ.()

പുനർന്നവയുടെ ഇളയകായകൾ ഏതുരസമുള്ളവയും കഫത്തെക്കളയുന്നവയുമാകുന്നു." 310

ചെരുപ്പടി (*ക്ഷവകം), കുലേചരം, മുളയുടെ ആണ്ടാൻ മുതലായവ കഫത്തെ നശിപ്പിക്കുന്നവയും മലമൂത്രങ്ങളെ കളയുന്നവയുമാകുന്നു. 311

"അവയിൽ ക്ഷവകമെന്നതു കൃമിയുണ്ടാക്കുന്നതും പാകത്തിൽ മധുരമായിരിക്കുന്നതും വഴുവഴുപ്പുള്ളതും കഫസ്രവണമുണ്ടാക്കുന്നതും വാതത്തെ വർദ്ധിപ്പിക്കുന്നതും അധികമായി പിത്തകഫങ്ങളെ ഉണ്ടാക്കാത്തതും ആകുന്നു. 312

മുളയുടെ ആണ്ടാൻ കഫത്തെ വർദ്ധിപ്പിക്കും. രസത്തിലും പാകത്തിലും മധുരമാണ്. വിദാഹമുണ്ടാക്കുകയും വാതത്തെ ഉണ്ടാക്കുകയും ദേഹത്തിൽ വാഡ്ചൃയുണ്ടാക്കുകയും ചെയ്യും. അതിനു അല്പം ചവർപ്പു രസവും കൂടിയുണ്ടായിരിക്കുന്നതാണ്." 313

ക്ഷുദ്രകം (ഉത്തിടങ്ങം) വയ്യോലിൽനിന്നും കരിമ്പിൽനിന്നും പാണകത്തിൽനിന്നും മുളയിൽനിന്നും മണ്ണിൽനിന്നും ഉണ്ടാകുന്നുണ്ട്. ആ കൂട്ടത്തിൽ "വയ്യോൽക്ഷുദ്രം" രസത്തിലും പാകത്തിലും മധുരമാ

* ഒല്ലനൻ ഇതിനു ചക്രകമെന്നർത്ഥം പറയുന്നു. അതിനു തകരയെന്ന ഭാഷയുമുണ്ട്. ഭാഷ്യകാരൻ ക്ഷവകത്തിനു കടുകിൻപൂവ് എന്നർത്ഥം കാണിക്കുന്നു.

തത്ര പലാലജാതം മധുരം മധുരവിപാകം ശ്ലക്ഷ്ണം ദോഷപ്രശമനഞ്ച. 315

ഇക്ഷുജം മധുരം കഷായാനുരസം കടുകാ ശീതളഞ്ച. 316

തദ്വദേവോല്ലാ കാരിഷ്ടം കഷായം വാതകോപനഞ്ച. 317

വേണുജാതം കഷായം വാതകോപനഞ്ച. 318

ഭൂമിജം ഗുരു നാതിവാതളം ഭൂമിതശ്ചാസ്യാനുരസഃ. 319

പിണ്യാകതിലകല്ക്കസ്ഫുണ്ണികാശ്ലക്ഷ്ണശാകാനി · സർവ്വദോഷപ്രകോപണാനി. 320

(പ). വിഷ്ടംഭിനഃ സൂതാസ്സുവ്വേ വടകാ വാതകോപനാഃ. 321

സിണ്ഡാകീ വാതളാ സാന്ദ്രാ രുചിഷ്ണാനലദീപനീ. 322

ണ്ട്. ആയതു ശ്ലക്ഷ്ണമായും ദോഷങ്ങളെ ശമിപ്പിക്കുന്നതായും ഇരിക്കുന്നു. "കരിമ്പിൽനിന്നുണ്ടാകുന്ന ക്ഷൂൻ" മധുരവും ഗുരുവുമുള്ളതാകുന്നു. അതിനു അനുരസമായിട്ട് ചവർപ്പും കൂടിയുണ്ട്. ശീതവീര്യവുമാകുന്നു. "ചാണകത്തിൽനിന്നുണ്ടാകുന്ന ക്ഷുനി"ന്റെ ഗുണം കരിമ്പിൻക്ഷുനിനുള്ളപോലെത്തന്നെയാകുന്നു. എന്നാൽ ഇതു ഉഷ്ണവീര്യവും ചവർപ്പുരസവുമുള്ളതും വാതത്തെ കോപിപ്പിക്കുന്നതുമാണ്. "മുളംക്ഷുൻ" ചവർപ്പുരസമുള്ളതും വാതകോപമുണ്ടാക്കുന്നതുമാകുന്നു. "മണ്ണിൽനിന്നുണ്ടാകുന്ന ക്ഷുൻ" വേഗം ദഹിക്കയില്ല. അപ്പും വാതത്തെ ഉണ്ടാക്കും. അതിന്റെ രസവും അനുരസവും മണ്ണിന്റെ രസത്തിനനുസരിച്ച് വ്യത്യാസപ്പെട്ടതുകൊണ്ടിരിക്കുന്നതുമാകുന്നു. 314-319

*പിണ്ണാക്ക്, എള്ളരച്ചതുകൊണ്ടുണ്ടാക്കിയ ഒരുതരം ഭക്ഷ്യം (തിലകല്ക്കസ്ഫുണ്ണികാ), സസ്യങ്ങളുടെ ഇലകളും മറവും അരച്ചുണക്കിയുണ്ടാക്കുന്ന കറി വടകങ്ങൾ (ശ്ലക്ഷ്ണശാകങ്ങൾ) എന്നിവ എല്ലാദോഷങ്ങളേയും കോപിപ്പിക്കുന്നവയാകുന്നു. 320

"†വടകങ്ങളെല്ലാം വിഷ്ടംഭമുണ്ടാക്കുന്നവയും വാതത്തെ കോപിപ്പിക്കുന്നവയുമാകുന്നു. †സിണ്ഡാകി വാതത്തെ വർദ്ധിപ്പിക്കും. സാദ്രുണ്ടാക്കും അഗ്നിക്കു ദീപനശക്തിയുണ്ടാക്കുകയും ചെയ്യും. 321-322

---

* ഗോതമ്പ്, കടുക് മുതലായ വസ്തുക്കളിൽനിന്നു എണ്ണ പിഴിഞ്ഞു കഴിഞ്ഞാൽ ബാക്കിയായി കിട്ടുന്ന കട്ടയാണ് പിണ്യാകം (പിണ്ണാക്ക്).

† കുമ്പളങ്ങ, മുള്ളങ്കി, പൊന്നാവരം, അരിമാവ്, പെരുപയറ് മുതലായവകൊണ്ടുണ്ടാക്കുന്ന വടകം.

† മുള്ളങ്കിമുതലയവയുടെ ഇലകളെ കുറഞ്ഞൊന്നു വേവിച്ചു ചതച്ചു സുഗന്ധമു

വിഡ്ഭേദി ഗുരു രൂക്ഷഞ്ച പ്രായോ വിഷ്ടംഭി ദുർജ്ജരമ്
സകഷായഞ്ച സർവ്വം ഹി സ്വാദു ശാകമുദാഹൃതമ്. 323
കക്കശം പരിജീർണ്ണഞ്ച കൃമിജുഷ്ടമദേശജമ്
വർജ്ജയേൽ പത്രശാകം തൽ യദകാലവിരോഹി ച. 324
(ഗ). കന്ദാനാത ഉദ്ദിശ്യ വക്ഷ്യാമഃ. 325
വിദാരീകന്ദശതാവരീവിസമൃണാളശൃംഗാടകകശേരുകപി-
ണ്ഡാലുകമധുപാലുകാഹസ്ത്യാലുകകാണ്ഡാലുകശംഖാളുകരുക്മതാളുകേന്ദീവ-
രോൽപലകന്ദപ്രഭൃതീനി. 326
(ഘ). രക്തപിത്തഹരാണ്യാഹുഃ ശീതാനി മധുരാണി ച

നാവിനു സ്വാദുണ്ടാക്കുന്ന ശാകങ്ങൾ (ഇലക്കറികൾ) മിക്കതും വിഷ്ടംഭമുണ്ടാക്കും. ദഹിക്കാൻ പ്രയാസമായിരിക്കും. രൂക്ഷത്വവും ഗുരുത്വവും മലത്തെ ഇളക്കുന്ന ശക്തിയുമുള്ളവയാണ്. അല്പമൊരു ചവർപ്പുരസം അവയിലുണ്ടായിരിക്കയും ചെയ്യും. 323

തൊട്ടാൽപോൾ പരുപരുത്തിരിക്കുന്നവയും പുഴുക്കം ചെന്നവയും പുഴുക്കളെ മറ്റാ പറ്റിയിരിക്കുന്നവയും നല്ല രീതിയിലുണ്ടാകാത്തവയും ശരിയായ കാലത്തല്ലാതെ മുളച്ചുണ്ടായവയും ആയ സസ്യങ്ങളുടെ ഇലകളെ ഉപയോഗിച്ചുകൂടാത്തതാകുന്നു." 324

ഇങ്ങിനെ പുഷ്പശാകവർഗ്ഗം കഴിഞ്ഞു.

ഇനി കന്ദശാകങ്ങളെ പറയാൻ പോകുന്നു.— മുതുക്കിൻകിഴങ്ങ്, ശതാവരിക്കിഴങ്ങ്, ചെറിയ(ഇളയ) താമരവളയം, വലിയ(തണ്ടുവണ്ണമുള്ള) താമരവളയം, *വൻകൊട്ടക്കിഴങ്ങ് നിമ്മുത്തങ്ങ, പിണ്ടാരൻ ചേമ്പ്, വണ്ണംകുറഞ്ഞതും രോമങ്ങളധികമുള്ളതുമായ വാകചേമ്പ്, വെട്ടുചേമ്പ്, കണ്ണൻചേമ്പ്, വെള്ളവാകചേമ്പ്, ചുവന്ന വാകചേമ്പ്, നിലത്താമരക്കിഴങ്ങ്, കരിങ്കുവളക്കിഴങ്ങ് മുതലായ കിഴങ്ങുകളും "മധുരരു

ള്ളവയും എരുവുരസമുള്ളവയുമായ ദ്രവ്യങ്ങളും ചേർത്തുണ്ടാക്കിത്തീർത്തിട്ടുള്ള ഒരുവക ഭക്ഷ്യവിശേഷത്തിന്റെ സിണ്ഡാകിയെന്നാണ് പേർ.

* "ശൃംഗാടക"മെന്ന മൂലത്തിനും വൻകൊട്ടയുടെ ഫലം എന്നു തന്നെയാണർത്ഥം. ഇതിനെ കന്ദവർഗ്ഗത്തിൽ പറഞ്ഞതു മറ്റുള്ള കിഴങ്ങുകളെപ്പോലെ മുളക്കാത്ത കൊണ്ടും ഉണങ്ങിയതുകൊണ്ടും ഉപയോഗിക്കുന്നതാകകൊണ്ടും ഫലസാദൃശ്യമുള്ളതുകൊണ്ടുമാണെന്നു തോന്നുന്നു.

ഗുരുണി ബൃഹത്ശുക്രാനി സുന്യവൃദ്ധികരാണി ച 327
മധുരോ ബൃംഹണോ വൃഷ്യഃ ശീതഃ സപ്രസ്യോതിമൂത്രളഃ
വിദാരികന്ദോ ബല്യസ്തു പിത്തവാതഹരസ്തു സഃ. 328
വാതപിത്തഹരാ വൃഷ്യാ സ്വാദുതിക്താ ശതാവരീ
മഹതീ ചൈവ ഹൃദ്യാ ച മേധാഗ്നിബലവർദ്ധനീ
ഗ്രഹണ്യർശോവികാരഘ്നീ വൃഷ്യാ ശീതാ രസായനീ
കഫപിത്തഹരാ സ്നിഗ്ധാസ്വാസ്യാ ക്ഷീവാങ്കുരാഃ സ്മൃതാഃ. 329
അവിദാഹി ബിസം പ്രോക്തം രക്തപിത്തപ്രസാദനമ്
വിഷ്ടംഭി ഗുരുരം രൂക്ഷം വിരസം മാരുതാപഹമ്. 330
ഗുരു വിഷ്ടംഭി ശീതൗ ച പശ്ചാഗാടകകശേരുകൗ. 331

സവും ശീതവിര്യവുമുള്ളവയാകുന്നു. ഇവ രക്തപിത്തത്തെ കളയും. ശുക്ലത്തേയും മുലപ്പാലിനേയും വർദ്ധിപ്പിക്കയും ചെയ്യും. വേഗം ദഹിക്കുന്നവയുമാകുന്നു. 325-327

മുതുക്കിൻകിഴങ്ങ് മധുരരസവും ശീതവിര്യവുമാകുന്നു. അതു ദോഷത്തെ തടിപ്പിക്കും. ശുക്ലം വർദ്ധിപ്പിക്കും. അധികമായി മൂത്രമുണ്ടാക്കും. സപ്തധാതുക്കൾക്കു നല്ലതാണ്. ബലം വർദ്ധിപ്പിക്കും. പിത്തത്തേയും വാതത്തേയും നശിപ്പിക്കയും ചെയ്യും. 328

ശതാവരിക്കിഴങ്ങ് വാതത്തേയും പിത്തത്തേയും കളയും. ശുക്ലം വർദ്ധിപ്പിക്കും. അതിന്റെ രസം മധുരവും കയ്പുമാകുന്നു. "വലിയ ശതാവരിക്കിഴങ്ങ്" ഹൃദയപ്രിയമുണ്ടാക്കും; ബുദ്ധിയേയും ജഠരാഗ്നിയേയും ദേഹബലത്തേയും വർദ്ധിപ്പിക്കും; ഗ്രഹണിരോഗം, അർശോരോഗം എന്നിവയെ ശമിപ്പിക്കും; ശുക്ലം വർദ്ധിപ്പിക്കും; ജ്വരദോഷത്തെ നശിപ്പിക്കും; ശീതവിര്യമാകുന്നു. "വലിയ ശതാവരിയുടെ മുളകൾ" (അങ്കുരങ്ങൾ) കഫപിത്തങ്ങളെ കളയും; കയ്പുരസമുള്ളവയായിരിക്കയും ചെയ്യും. 329

ചെറിയ താമരവളയം വിദാഹമുണ്ടാക്കാത്ത വസ്തുവാണു. രക്തപിത്തങ്ങളെ തെളിയിക്കും. അതു വിഷ്ടംഭമുണ്ടാക്കുന്നതും ദഹനസമയത്തു സുഖക്കേടുണ്ടാക്കുന്നതും രൂക്ഷതയുള്ളതും വ്യക്തമായ ഒരു രസവുമില്ലാത്തതും വായുവിനെ ഉണ്ടാക്കുന്നതുമാകുന്നു. 330

വൻകൊട്ടക്കിഴങ്ങും നീർമുത്തങ്ങയും ഗുരുത്വമുള്ളവയും വിഷ്ടംഭമുണ്ടാക്കുന്നവയും ശീതവിര്യങ്ങളുമാകുന്നു. 331

പിണ്ഡാലുകം കഫകരം ഗുരു വാതപ്രകോപണമ്. 332

കുമുദോൽപലപദ്മാനാം കന്ദാ മാരുതകോപനാഃ
കഷായാഃ പിത്തശമനാ വിപാകേ മധുരാ ഹിമാഃ. 333

സുരേന്ദ്രകന്ദഃ ശ്ലേഷ്മഘ്നാ വിപാകേ കടു പിത്തകൃൽ. 334

വേണ്വോഷ്ഠ കരീരാ ഗുരവഃ കഫമാരുതകോപനാഃ. 335

(ഗ). സ്ഥൂലസൂരണമാണകപ്രഭൃതയഃ കന്ദാ ഈഷൽകഷായാഃ കടുകാ രൂക്ഷാ വിഷ്ടംഭിനോ ഗുരവഃ കഫവാതളാഃ പിത്തഹരാശ്ച. 336

(ഘ). മാണകം സ്വാദു ശീതഞ്ച ഗുരു ചാപി പ്രകീർത്തിതമ്. 337

സ്ഥൂലകന്ദാസ്തു നാത്യുഷ്ണാഃ സൂരണോ ഗ്രഹകിലാഹാ. 338

പിണ്ടാരൻചേമ്പ് കഫമുണ്ടാക്കും. വേഗം ദഹിക്കയില്ല. വാതത്തെ കോപിപ്പിക്കും. 332

വെളുത്ത ആമ്പലിന്റേയും കറുത്ത ആമ്പലിന്റേയും താമരയുടേയും കിഴങ്ങുകൾ വാതത്തെ കോപിപ്പിക്കും. അവയുടെ രസം ചവർപ്പാകുന്നു. പാകത്തിൽ മധുരമായിരിക്കും. ശീതവിഷ്ടങ്ങളും പിത്തത്തെ ശമിപ്പിക്കുന്നവയുമാകുന്നു. 333

ചുകന്ന കണ്ണൻചേമ്പ് (§ സുരേന്ദ്രകന്ദം) കഫത്തെ നശിപ്പിക്കും. പാകത്തിൽ ഹിതവുമാകുന്നു. പിത്തത്തെ ഉണ്ടാക്കുകയും ചെയ്യും. 334

മുളയുടെ ആണ്ടാൻകിഴങ്ങു(വേണുകരീരം)കൾ ഗുരുത്വമുള്ളവയും കഫത്തേയും വാതത്തേയും കോപിപ്പിക്കുന്നവയുമാകുന്നു." 335

വലിയ ചേന (*സ്ഥൂലകന്ദം), ചെറിയ ചേന (സൂരണം), കൂവ്വ ചേമ്പ് (മാണക) ഇവ തുടങ്ങിയ കിഴങ്ങുകൾ ഹിതവും രുചിയുള്ളവയുമാകുന്നു. ഇവ ഞെരാന്നു ചവർപ്പുരസവും രൂക്ഷതയും ഗുരുത്വവുമുള്ളവയാകുന്നു. ഇവ വിഷ്ടംഭത്തെ ഉണ്ടാക്കും. കഫത്തേയും വാതത്തേയും വർദ്ധിപ്പിക്കും. പിത്തത്തെ ശമിപ്പിക്കയും ചെയ്യും. 336

കൂവ്വച്ചേമ്പിൻകിഴങ്ങ് മധുരരസവും ശീതവിഷ്ടവും ഗുരുത്വവുമുള്ളതാകുന്നു. "വലിയ ചേന" അധികം ഉഷ്ണമല്ല. ചെറിയ ചേനക്കിഴങ്ങ് അർശ്ശസ്സിനെ ശമിപ്പിക്കും. 337-338

---

§ സുരേന്ദ്രകന്ദം=രക്തകന്ദമെന്നു ഭല്ലനും വന്യാലുകമെന്നു ചക്രവർത്തിയും പറയുന്നു. ഔഷധനിഘണ്ടുവിൽ രക്തകന്ദത്തിനു ചുകന്നകണ്ണൻചേമ്പെന്നും സുരേന്ദ്രത്തിനു ചേനയെന്നും അർത്ഥം കാണുന്നു.

* സ്ഥൂലകന്ദം=ഗ്രാമകന്ദമെന്നു ഭല്ലനൻ. ഇതു കാച്ചിൽകിഴങ്ങാണെന്നു വേറെ ചിലർ.

വാരാഹകന്ദേ ശ്ലേഷ്മാണ്ഡേ കട്ടകോ രസപാകയോഃ
മേഹകുഷ്ഠക്രിമിഹരോ ബല്യോ വൃഷ്യോ രസായനഃ. 339
(ഗ). താലനാരികേളഖർജ്ജൂരപ്രഭൃതീനാം മസ്തകമജ്ജാനഃ. 340
(ഘ). സാദ്വമ്ലപാകരസാനാഹ്യ രക്തപിത്താഹരാംസ്ത്വചാ
ശുക്ലളാനനിലഘ്നാംശ്ച കഫവൃദ്ധികരാനപി. 341
ബാലം ഹ്യനാർത്തവം ജീർണ്ണം വ്യാധിതം കൃമിഭക്ഷിതം
കന്ദം വിവർജ്ജയേൽ സർവ്വാ യോ വാ സമ്യങ്ന രോഹതി. 342
പുഷ്പം പത്രം ഫലം നാളം കന്ദാശ്ച ഗുരവഃ ക്രമാൽ. 343
ഇതി കന്ദാന്തഃ ശാകവർഗ്ഗഃ.

(ഗ). അഥ ലവണവർഗ്ഗഃ—സൈന്ധവസാമുദ്രവിഡൗദ്ഭൗഔഷരപാംസുല

* പന്നിക്കിഴങ്ങ് (*വരാഹകന്ദം) കഫത്തെക്കളയും. രസത്തിലും പാകത്തിലും മധുരമാകുന്നു. പ്രമേഹം, കുഷ്ഠം, കൃമി, എന്നിവരോഗങ്ങളെ നശിപ്പിക്കും. ബലത്തെയും ശുക്ലത്തെയും വർദ്ധിപ്പിക്കും. ജരാദോഷത്തെ തീക്ഷ്ണമാക്കുകയും ചെയ്യും." 339

കരിമ്പന, തെങ്ങ്, ഈത്തപ്പന ഇവ തുടങ്ങിയ മരങ്ങളുടെ തലക്കൽനിന്നെടുക്കുന്നുള്ള കുമ്പുകൾ "രസത്തിലും പാകത്തിലും മധുരങ്ങളാകുന്നു. അവ രക്തപിത്തത്തെ നശിപ്പിക്കും. ശുക്ലത്തെയും കഫത്തെയും വർദ്ധിപ്പിക്കും. വാതത്തെ ശമിപ്പിക്കുകയും ചെയ്യും. 340-341

മൂപ്പു നന്നെ കുറഞ്ഞവയും സസ്യവ്യാധികൾ പിടിച്ചു കേടുവന്നവയും ജീർണ്ണിച്ചവയും അകാലത്തിലുണ്ടായവയും പുഴുത്തുതുടച്ചവയും വേണ്ടപോലെ വളർന്നു വലുതാകാത്തവയുമായ ഏതു കിഴങ്ങുകളേയും ഉപയോഗിപ്പാൻ പാടില്ലാത്തതാണ്. 342

പുഷ്പത്തെക്കാൾ ഇലക്കും അതിനെക്കാൾ കായിനും അതിനെക്കാൾ തണ്ടിനും അതിനെക്കാൾ കിഴങ്ങിനും ഗുരുത്വം കൂടിയിരിക്കുന്നതാകുന്നു." (ഇങ്ങിനെ കന്ദശാകങ്ങൾ) 343
ശാകവർഗ്ഗം കഴിഞ്ഞു.

ഇനി ലവണങ്ങളെ പറവാൻ പോകുന്നു.—ഇന്തുപ്പ് (സൈന്ധവം), കടലുപ്പ് (||സാമുദ്രം, കരിയുപ്പ്-Salt), വിളയുപ്പ് (വിഡം—പ്പ

* തമിഴിൽ മരുതംകിഴങ്ങെന്നു പറയുന്നു. ഇതിൻപകരം മക്കിലിയച്ചേമ്പ് ഉപയോഗിക്കാറുണ്ട്.
|| സാമുദ്രം=മരക്കല ഉപ്പ് (അസ്ഥ്യാഗ്നേയഭാവപ്രകാശം)

രോമകൌട്ടിപ്രഭൃതീനി ലവണാനി യഥോത്തരമുഷ്ണാനി വാതഹരാണി കഫപിത്തകരാണി യഥാപൂർവ്വം സ്നിഗ്ധാനി സ്വാദൂനി സൂക്ഷ്മമൂത്രപുരീഷാണി ചേതി. 344

(പ), ചക്ഷുഷ്യം സൈന്ധവം പൂർവ്യം രുച്യം ലഘ്വഗ്നിദീപനമ്
സ്നിഗ്ധം സ്വാദുരം വൃഷ്യം ശീതം ദോഷാഘ്നമുത്തമമ്. 345
സാമുദ്രം മധുരം പാകേ നാത്യുഷ്ണമവിദാഹി ച
ഭേദനം സ്നിഗ്ധമിഷച്ച ശ്ലേഷ്മഘ്നം നാതിപിത്തളമ്. 346
സക്ഷാരം ദീപനം രൂക്ഷം ശ്ലേഷ്മഹൃദ്രോഗനാശനമ്
രോചനം തീക്ഷ്ണമുഷ്ണഞ്ച വിഡ്ഡം വാതാനുലോമനമ്. 347

സാരിണിയിൽനിന്നുണ്ടാക്കുന്ന ഒരുതരം), ഇവച്ചിലുപ്പ് (സൌവർച്ചലം-Sodium Cloride, Sochal Salt) മേരുപ്പ് (രോമകം-ശാകംഭരീദേശത്തിലുണ്ടാകുന്നത്, 'രുമാ' എന്ന ലവണഖനിയിൽനിന്നെടുക്കുന്നത് എന്നും പക്ഷം), പൊടിയുപ്പ് (ഔദ്ഭിദം-പടന്നയുപ്പ്, ആട്ടുപ്പ്, Fossil Salt) ഇവ തുടങ്ങിയുള്ള ഉപ്പുകളിൽ ഇന്തുപ്പിനെക്കാൾ കടലുപ്പും അതിനെക്കാൾ വിളയുപ്പും ഇങ്ങിനെ മേൽപ്പെട്ടമേൽപ്പെട്ട പഥ്യപ്പെട്ടിട്ടുള്ളവ ക്രമത്തിൽ അധികമധികം ഉഷ്ണവീര്യവും വാതത്തെ നശിപ്പിക്കാനുള്ള ശക്തിയും കഫപിത്തങ്ങളെ ഉണ്ടാക്കുന്ന സ്വഭാവവും ഉള്ളവയാകുന്നു. അപ്രകാരംതന്നെ പൊടിയുപ്പുമുതൽ കീഴ്പ്പെട്ടകീഴ്പ്പെട്ട പഥ്യങ്ങളിലുള്ളവ ക്രമത്തിൽ സ്നിഗ്ധതയും മധുരരസവും മലമൂത്രങ്ങളെ ഇളക്കിക്കളയാനുള്ള സാമർത്ഥ്യവും അധികമധികമുള്ളവയാകുന്നു. 344

തുവയിൽവെച്ച് ഇന്തുപ്പു കണ്ണിനു നല്ലതും പൂദയത്തിനു പ്രിയമുണ്ടാക്കുന്നതും രുചിയുണ്ടാക്കുന്നതും വേഗം ഭേദിക്കുന്നതും ജഠരാഗ്നിയെ ദീപനശക്തിയെ കൊടുക്കുന്നതും സ്നിഗ്ധതയും മധുരരസവുമുള്ളതും ശ്ലേഷ്മത്തെ വർദ്ധിപ്പിക്കുന്നതും ശീതവീര്യമുള്ളതും ദോഷങ്ങളെ നശിപ്പിക്കുന്നതും ആകുന്നു. ആയ ലവണങ്ങളിൽവെച്ച് ഉത്തമമായിട്ടുള്ളതാണ്,

കടലുപ്പു പാകത്തിൽ മധുരവും അത്യുഷ്ണമല്ലാത്തതുമാകുന്നു. അതു വിദാഹത്തെ ഉണ്ടാക്കുകയില്ല. വയറിളക്കും, കൂടുതലായാൽ സ്നിഗ്ധമാകുന്നു. വയറിൽവേദനയെ കുളയും. അധികമായി പിത്തത്തെ വർദ്ധിപ്പിക്കയില്ല. 346

വിടുയുപ്പ് കൂടുതലായാൽ ക്ഷാരസ്വഭാവമുള്ളതാണ്, അതു ദീപനത്തെയും രുചിയേയും ഉണ്ടാക്കും. വയറിൽവേദനയേയും ഹൃദ്രോഗത്തെയും നശിപ്പിക്കും. സ്വാദുള്ള വസ്തുവാണ്. ഉഷ്ണവീര്യവും തീക്ഷ്ണസ്വ

ലഘു സൌവർച്ചലം പാകേ വീര്യോഷ്ണം വിശദം കടു
ഗുല്മശൂലവിബന്ധഘ്നം ഹൃദ്യം സുരഭി രോചനമ്. 348
രോമകം തീക്ഷ്ണമത്യുഷ്ണം വ്യവായി കടുപാകി ച
വാതഘ്നം ലഘു വിഷ്യന്ദി സൂക്ഷ്മം വിശ്ലേദി മൂത്രളമ്. 349
ലഘു തീക്ഷ്ണോഷ്ണമുൽക്ലേദി സൂക്ഷ്മം വാതാനുലോമനമ്
സതിക്തം കടു സക്ഷാരം വിദ്യാല്ലവണമൌദ്ഭിദമ്. 350
കഫവാതക്രിമിഹരം ലേഖനം പിത്തകോപനമ്
ദീപനം പാചനം ഭേദി ലവണം ഗുഡികാഹ്വയമ്. 351

ഭാവവും രൂക്ഷതയും അതിനുണ്ട്. വായുവിന്റെ ഗതിയെ നേരെയാക്കാനും അതിനു ശക്തിയുണ്ട്. 347

തുവച്ചിലുപ്പ് വേഗം ഛേദിക്കും. അതിന് എരുവുരസമുണ്ട്. ഉഷ്ണമാകുന്നു. അതു നിർമ്മലസ്വഭാവമുള്ളതും ഹൃദയപ്രിയമുണ്ടാക്കുന്നതും സുഗന്ധമുള്ളതും രുചിയുണ്ടാക്കുന്നതും ഗുല്മം, ശൂലം, മലമൂത്രാദിബന്ധം എന്നിവയെ നശിപ്പിക്കുന്നതുമാകുന്നു. 348

മേരുപ്പ് തീക്ഷ്ണവും അത്യുഷ്ണവുമാകുന്നു. അതു വേഗത്തിൽ ദേഹമെങ്ങും വ്യാപിക്കുന്ന സ്വഭാവമുള്ളതാണ്. പാകത്തിൽ അതിന്റെ രസം എരുവാണ്. വേഗം ഛേദിക്കും. വാതത്തെ നശിപ്പിക്കും. കഫസ്രവണമുണ്ടാക്കും. സൂക്ഷ്മസ്വഭാവമുള്ളതും മലത്തെ ഇളക്കുന്നതും മൂത്രം വർദ്ധിപ്പിക്കുന്നതും ആകുന്നു. 349

ഔപാടിയുപ്പ് വേഗം ഛേദിക്കും. അതിന്റെ രസം കയ്പും എരുവുമാണ്. അതിനു അല്പം ക്ഷാരസ്വഭാവമുണ്ട്. അതു തീക്ഷ്ണവു ഉഷ്ണവീര്യവുമാകുന്നു. അംഗങ്ങൾക്കുള്ളിൽ ഒരുജാതി നനവുണ്ടാക്കുന്ന സ്വഭാവം (ഉൽക്ലേദി) അതിനുണ്ട്. അതു് അതിസൂക്ഷ്മങ്ങളായ നാഡികളിൽക്കൂടി കടന്നുചെല്ലും. വായുഗതിയെ നേരെയാക്കുകയും ചെയ്യും. 350

*ഗുഡികാലവണം (മരക്കലഉപ്പ്) വാതകഫങ്ങളുടെ കോപത്തെ ശമിപ്പിക്കും. കൃമികളെ നശിപ്പിക്കും. സ്രോതസ്സുകളിൽ ലയിച്ചിരിക്കുന്ന കഫാദികളെ ഉരസിക്കളയും. പിത്തത്തെ കോപിപ്പിക്കും. ദീപനശക്തിയുണ്ടാക്കും. മലത്തെ ഇളക്കും. അന്നാദികളെ പാകംവരുത്തുകയും ചെയ്യും. 351

---

* ദ്രോണികാലവണം=അതായതു് തോണിയുടെ അടിയിൽ പറ്റിയ ഉപ്പെടുത്തുണ്ടാക്കുന്ന ഉപ്പു എന്നു മഹൌഷധിനിഘണ്ടു ശങ്കിക്കുന്നു.

ഔഷസ്സൂതം വാലുകേലം ശൈലമൂലാകരോദ്ഭവമ്
ലവണം കടുകം ഭേദി വിഹിതം കടു ചോച്യതേ. 352

(ഗ) യവക്ഷാരസപ്തജ്ജികാക്ഷാരോഷക്ഷാരപാകിമടങ്കണക്ഷാരാഃ.

(പ). ഗുല്മാശോഗ്രഹണീദോഷശർക്കരാശ്മരിനാശനാഃ
ക്ഷാരാസ്തു പാചനാഃ സർവ്വേ രക്തപിത്തകരാഃ സ്മൃതാഃ. 354

ക്ഷേതയോർ വഹ്നിസമൌ ക്ഷാരൌ സപ്തജ്ജികായാവൂകജൌ
ശ്ലേഷ്മശ്ലീപദവിബന്ധാശോഗുല്മപ്ലീഹവിനാശനൌ. 355

ഉഷ്ണാനിലഘ്നൌ പ്രകൃതീ ഔഷക്ഷാരോ ബലാപഹഃ. 356

ഉവരുപ്പ് (ഔഷസ്സൂതലവണം), വാലുകേലം (മണൽഭൂമിയിൽ നിന്നെടുക്കുന്ന ഒരുജാതി ഉപ്പ്) ശൈലമൂലാകരോത്ഭവം (മലമൂട്ടിൽനിന്നുണ്ടാകുന്ന ഒരുജാതി ഉപ്പ്) ഇവ എരുവുരസമുള്ളവയും സൂക്ഷ്മാവയവങ്ങളെ ഛേദനം ചെയ്തു കളയുന്ന സ്വഭാവമുള്ളവയും ആകുന്നു. ഇവയ്ക്കു കടുലവണങ്ങൾ (എരുവുള്ള ഉപ്പുകൾ) എന്നു *പേർ പായയുപ്പ് ടുന്നതുമുണ്ട്". 352

ക്ഷാരങ്ങൾ—പവക്കാരം, (Carbonate of Potash, Nitron of Potash) കുവച്ചിലക്കാരം (Carbonate of Soda, Nitron) ഉവർമണ്ണിൽ നിന്നെടുക്കുന്ന ക്ഷാരം, മരുന്നുകൾകൊണ്ടുണ്ടാക്കുന്ന ക്ഷാരം, പൊങ്കാരം (Borax) ഇവ ക്ഷാരങ്ങളാകുന്നു. 353

"ഇവ ഗുല്മം, അർശ്സ്സ്, ഗ്രഹണി, മൂത്രത്തിൽ ശർക്കര(കരട്)യുണ്ടാവുക, കല്ലടപ്പ്' എന്നീ രോഗങ്ങളെ നശിപ്പിക്കും. എല്ലാ ക്ഷാരങ്ങളും ആഹാരത്തെ പാകം വരുത്തുന്നവയും ക്രമമില്ലാതെ ഉപയോഗിച്ചാൽ രക്തപിത്തത്തെ ഉണ്ടാക്കുന്നവയുമാകുന്നു. 354

കുവച്ചിലക്കാരവും പവക്കാരവും അഗ്നിക്കു തുല്യങ്ങളാണെന്നറിയണം. അവ ശ്ലേഷ്മത്തെയും കഫത്തെയും ക്ഷയിപ്പിക്കും. മലമൂത്രാദികളുടെ ബന്ധത്തെയും അർശ്സ്സിനേയും ഗുല്മത്തെയും പ്ലീഹരോഗത്തെയും നശിപ്പിക്കയും ചെയ്യും. 355

ഉവർ മണ്ണിൽനിന്ന് ഒരുതരം ക്ഷാരം എടുക്കുന്നു (ഔഷക്ഷാരം—

---

* "കടുചർമ്മണാമെന്നതു പോല്ല; പാകത്തിൽ കടുരസമുള്ളതാണു് ഈ ലവണമെന്ന താൽപര്യത്തെയാണു് മൂലത്തിലെ ഈ വാക്യം കാണിക്കുന്നതു്" എന്നും വ്യാഖ്യാനമുണ്ടു്.

മേദോഽസ്ഥ്യ പാകിമ ക്ഷാരോ മൂത്രവസ്തിവിശോധന. 357
വിത്രുക്ഷണോനിലകര ശ്ലേഷ്മഘ്നഃ പിത്ത ദൂഷണ
അഗ്നിദീപ്തികരസ്തീക്ഷ്ണഷ്ടങ്കണക്ഷാര ഉച്യതേ. 358
സുവർണ്ണം സ്വാദു ഹൃദ്യഞ്ച ബൃംഹണീയം രസായനമ്
ദോഷത്രയഘ്നം ശീതഞ്ച ചക്ഷുഷ്യം വിഷസൂദനമ്. 359
ത്രപ്വാമ്ലം സരം ശീതം സ്നിഗ്ധം പിത്തവാതഹരമ്. 360
താമ്രം കഷായം മധുരം ലേഖനം ശീതളം സ്മൃമ്. 361
തിക്തം കാംസ്യം ലേഖനഞ്ച ചക്ഷുഷ്യം കഫവാതജിൽ. 362

ചാരമണ്ണ്?). ഇത് ഉഷ്ണവീര്യവും ബലത്തെ നശിപ്പിക്കുന്നതും വാതത്തെ നശിപ്പിക്കുന്നതും അവയവങ്ങൾക്കുള്ളിൽ ഒരു ജാതി സ്വലവുണ്ടാക്കിത്തീർക്കുന്നതുമാകുന്നു. 356

മരുന്നുകൾകൊണ്ടു വിധിപ്രകാരം പാകം ചെയ്യപ്പെടുന്നതായ ക്ഷാരം മേദസ്സിനെ ക്ഷയിപ്പിക്കുന്നതും മൂത്രത്തിനും വസ്തിക്കും ശുദ്ധിയുണ്ടാക്കുന്നതുമാകുന്നു. 357

പൊങ്കാരം ദേഹത്തിനു വർണ്ണപ്രസാദമുണ്ടാക്കും. വാതത്തെ വർദ്ധിപ്പിക്കും. കഫത്തെ നശിപ്പിക്കും. പിത്തത്തെ ദൂഷിപ്പിക്കും. അഗ്നിബലമുണ്ടാക്കും. തീക്ഷ്ണമായുമിരിക്കുന്നു. 358

ലോഹങ്ങൾ—സ്വർണ്ണം മധുരരസമുള്ളതാണ്. അതു പ്രായത്തിനു പ്രിയമുണ്ടാക്കും. ദേഹം തടിപ്പിക്കും. ജരാവ്യാധിയെ നശിപ്പിക്കും. മൂന്നു ദോഷങ്ങളേയും നശിപ്പിക്കും. ശീതവീര്യമാണ്. കണ്ണിനു നന്ന്. വിഷങ്ങളെയെല്ലാം നശിപ്പിക്കയും ചെയ്യും. 359

വെള്ളിയുടെ രസം പുളിപ്പും വീര്യം ശീതവുമാണ്. അതു മലത്തെ ഇളക്കും സ്നിഗ്ധതയുള്ളതും പിത്തത്തെയും വാതത്തെയും നശിപ്പിക്കുന്നതും ആകുന്നു. 360

ചെമ്പ് ചവർപ്പും മധുരവുമുള്ളതാണ്. അതിന്റെ വീര്യം ശീതമാകുന്നു. അതു വിരേചനമുണ്ടാക്കും. വ്രണത്തിലുള്ള കഫാംശങ്ങളെ ഉരസിക്കളയുന്ന സ്വഭാവവും അതിനുണ്ട്. 361

വെള്ളോടിന്റെ (കാംസ്യം— Indian Bell-metal) രസം കയ്പാണ്. അതു കണ്ണിനു നല്ലതാണ്. കഫത്തേയും വാതത്തേയും ജയിക്കും. മേദസ്സു മുതലായതിനെ ഉരസിക്കളയാനുള്ള ശക്തി അതിനുണ്ട്. 362

വാതക്ലേഷ്മഹരം ലോഹം തൃഷ്ണാപിത്തകഫപ്രണുൽ. 363
കടുക്രിമിഘ്നം ലവണം ത്രിദോഷഘ്നം വിലേഖനം. 364
മുക്താവിദ്രുമവജ്രേന്ദ്രനീലസ്ഫടികാദയഃ
ചക്ഷുഷ്യാ മണയഃ ശീതാ ലേഖനാ വിഷസൂദനാഃ
പവിത്രാ ധാരണീയാശ്ച പാപ്മാലക്ഷ്മീമലാപഹാഃ. 365

ഇതി ലവണാദിവർഗ്ഗഃ.

ധാന്യഷു മാംസേഷു ഫലേഷു ചൈവ
ശാകേഷു ചാനുക്തമിഹാപ്രമേയാൽ;

ഇതുമ്പു് ശീതവിയ്യുമാകുന്നു. അതു വാതത്തെ ഉണ്ടാക്കും. വെള്ളംദോഷം, പിത്തം, കഫം എന്നിവയെ നശിപ്പിക്കയുംചെയ്യും. 363

വെളുത്തീയവും (Zinc, വംഗം) കറുത്തീയവും (Lead) എരുവുരസവും ഉപ്പുരസവുമുള്ളവയാണു്. അവ വ്രണത്തിലും മറവുമുള്ളകഫാദികളെ ഉരസിക്കളയും. കൃമികളെ നശിപ്പിക്കയും ചെയ്യും. 364

രത്നങ്ങൾ—മുത്തു് (മുക്താ, Pearl) പവിഴം (വിദ്രുമം, Coral), വൈരം (*വജ്രം, Diamond), ഇന്ദ്രനീലം (ഇന്ദ്രം, Sapphire), വൈഡൂര്യം (Lapislazuli), സ്ഫടികം (Crystal) എന്നിവ തുടങ്ങിയ രത്നങ്ങൾ കണ്ണിനു ഹിതമുണ്ടാക്കുന്നവയാണു്. ഇവ ശീതവീര്യമുള്ളവയും കഫാദികളെ ഉരസിക്കളയുന്നവയും വിഷത്തെ നശിപ്പിക്കുന്നവയും ആകുന്നു. ഈ രത്നങ്ങളെ ദേഹത്തിൽ ധരിക്കുന്നതു ദേഹശുദ്ധികരമായി നല്ലതാണു്. ധരിച്ചാൽ പാപം, അലക്ഷ്മി, അശുചി എന്നിവയെ അതുകൾ നശിപ്പിക്കയുംചെയ്യും. § 365

ഇങ്ങിനെ ലവണാദിവർഗ്ഗം.

ധാന്യവർഗ്ഗം, മാംസവർഗ്ഗം, ഫലവർഗ്ഗം, ശാകവർഗ്ഗം എന്നിങ്ങിനെ ഈ അധ്യായത്തിലുള്ള വർഗ്ഗങ്ങളിൽ എല്ലാറ്റിനേയും പ്രത്യേകം വിവ

---

* ഭാഷ്യകാരൻ "വജ്രേന്ദ്രം" എന്നു സമസ്തപദമാക്കി അതിനു മെന്നർത്ഥം പറയുന്നു.

§ ലോഹങ്ങളേയും രത്നങ്ങളേയും ഇവിടെ ലവണവർഗ്ഗത്തിൽ ചേർത്തതു വ ലവണങ്ങളെപ്പോലെ ഭൂമിയിൽനിന്നുണ്ടാകുന്നവയാകകൊണ്ടാണു്.

ആസ്വാദതോ ഭ്രേത്രൂണ്ണൈശ്ച മത്വാ
തദാദിശേൽ ദ്രവ്യമനല്പബുദ്ധിഃ. 365

ഷഷ്ടികാ യവഗോധൂമാ ലോഹിതാ യേ ച ശാലയഃ
മുദ്ഗാഢകീമസൂരാശ്ച ധാന്യേഷു പ്രവരാഃ സ്മൃതാഃ. 367
ലാവതിത്തിരിസാരംഗ കുരംഗൈണകപിഞ്ജലാഃ
മയൂരവർത്തികുർമ്മാശ്ച ശ്രേഷ്ഠാ മാംസഗണേഷ്വഹ. 368
ഭാഡിമാമലകം ദ്രാക്ഷാ ഖർജ്ജൂരം സപാത്രുഷകമ്
രാജാദനം മാതുളുംഗം ഫലവർഗ്ഗേ പ്രശസ്യതേ. 369
സതീനോ വാസ്തുകശുചിചില്ലീമൂലകപോതികാഃ
മണ്ഡൂകപർണ്ണീ ജീവന്തീ ശാകവർഗ്ഗേ പ്രശസ്യതേ. 370

രിച്ചു പറവാൻ കഴിഞ്ഞിട്ടില്ല. കാരണം, ധാന്യാദികൾ ഇത്രയാണെന്നു് ഒരു കണക്കു തീച്ചപ്പെടുത്താനും മറവും ആക്കും സാധിക്കുന്നതല്ല. അങ്ങിനെ ഇവിടെ പറഞ്ഞിട്ടില്ലാത്ത ധാന്യാദികളുടെ രസങ്ങളെങ്ങിനെയിരിക്കുന്നുവെന്നും പഞ്ചഭൂതങ്ങളിൽ വെച്ചു് ഏതു ഭൂതത്തിന്റെ അംശമാണു് അവയിൽ അധികം ചേർന്നിരിക്കുന്നതെന്നും പരീക്ഷിച്ചറിഞ്ഞു് അവയുടെ ഗുണം ഇന്നിന്നവിധത്തിലായിരിക്കുമെന്നു് നല്ല ബുദ്ധിയുള്ളവൻ തീച്ചപ്പെടുത്തിക്കൊള്ളേണ്ടതാകുന്നു. 366

ഷഷ്ടികങ്ങൾ (നവരവർഗ്ഗം), യവം, ഗോതമ്പു്, രക്തശാലികൾ, ചെറുപയറു്, തുവര, കുത്ത ചണംപയറു് എന്നീ ധാന്യങ്ങൾ ധാന്യങ്ങളുടെ കൂട്ടത്തിൽ ശ്രേഷ്ഠങ്ങളാകുന്നു. 367

ചീവൽപക്ഷി, തിത്തിരിപ്പുള്ളു്, പുള്ളിമാൻ, കുരാൽമാൻ, കൃഷ്ണമൃഗം, കപിഞ്ജരിപ്പുള്ളു്, മയിൽ, ആരൽമീൻ, ആമ എന്നിവയുടെ മാംസങ്ങൾ മാംസവർഗ്ഗത്തിൽ ശ്രേഷ്ഠങ്ങളാകുന്നു. 368

താളിമാതളം, നെല്ലി, മുന്തിരിങ്ങ, ഈന്തു, പത്രുഷകം (ചിറ്റിഞ്ഞിൽ), പഴമുൺപാല, മാതളനാരകം എന്നിവയുടെ കായകൾ ഫലവർഗ്ഗത്തിൽ വെച്ചു് ശ്രേഷ്ഠങ്ങളത്രേ. 369

ചെറുകടല, വസ്തുക്കീര, നീർച്ചീര, പെരുങ്ങീര, ഇളയമുള്ളങ്കി, [illegible]പതിയൻ എന്നിവയുടെ ഇലകളാണു് ശാകവർഗ്ഗത്തിൽ 370

ഗവ്യം ക്ഷീരം ഘൃതം ശ്രേഷ്ഠം തൈലസന്ധവം ലവണേഷു ച
ധാത്രീ ഭാഡിമമമ്ലേഷു പിപ്പലീ നാഗരം കടൌ. 371
തിക്തേ പടോലവാത്താകേ മധുരേ ഘൃതമുച്യതേ
ക്ഷൌദ്രം പൂഗഫലം ശ്രേഷ്ഠം കഷായേ സപനൃഷകമ്. 372
ശക്കരേക്ഷുവികാരേഷു പാനേ മധ്വാസവൌ രഥാ
പരിസംവത്സരം ധാന്യം മാംസം വയസി മദ്യമേ
അപദൂഷിതമന്നന്തു സംസ്കൃതം മാത്രയാ ശുഭമ്. 373
ഫലം പക്വാഗതം ശാകമശുഷ്കം തരുണം നവമ്. 374
അതഃ പരം പ്രവക്ഷ്യാമി കൃതാന്നഗുണവിസ്തരമ്. 375
ലാജമണ്ഡോ വിശുദ്ധാനാം പഠ്യതേ പാചനീപനഃ

പാലും നെയ്യും പശുവിൻറേതാണ് നല്ലത്. ലവണങ്ങളിൽ നല്ലത് ഇന്തുപ്പാകുന്നു. നെല്ലിക്കയും താളിമാതളങ്ങയും പുളിരസമുള്ള വസ്തുക്കളിൽ വെച്ചു നല്ലതാണ്. എരുവുരസമുള്ളവയിൽ വെച്ചു തിപ്പലിയും ചുക്കുമാണ് നല്ലത്. കയ്പുള്ള വസ്തുക്കളിൽ വെച്ച് പേപ്പടവലവും തക്കാരിവഴതിനയുമാണ് വിശേഷം. മധുരവർഗ്ഗത്തിൽ നെയ്യിനും തേനിനുമാണ് ശ്രേഷ്ഠതയുള്ളത്. അടക്കയും പത്രുഷകത്തിൻറെ കായുമാണ് ചവർപ്പുരസമുള്ള വസ്തുക്കളിൽ വെച്ചു മുഖ്യമായിട്ടുള്ളത്. കരിമ്പുകൊണ്ടുണ്ടാക്കുന്ന അനേകം വസ്തുക്കളിലുള്ളതിൽ പഞ്ചസാര ശ്രേഷ്ഠമാകുന്നു. കുടിക്കാനുള്ള പാനദ്രവ്യങ്ങളിൽ വെച്ചു മുന്തിരിങ്ങകൊണ്ടുണ്ടാക്കുന്ന മദ്യവും അതുകൊണ്ടുതന്നെ ഉണ്ടാക്കുന്ന ആസവവും (മധ്വാസവൌ) പ്രധാനമായിട്ടുള്ളവയാണ്. ഒരു കൊല്ലം പഴകിയ ധാന്യവും നടുപ്രായത്തിലുള്ള ജന്തുക്കളുടെ മാംസവും അന്നാന്നുണ്ടാക്കിയതും നെയ്യു മുതലായതുകൂട്ടി സംസ്കരിച്ചതും മിതവും ഹിതവുമായിട്ടുള്ളതുമായ അന്നവും നല്ലവണ്ണം പഴുത്ത കായും ഉണങ്ങാത്തതും പുതിയതും ഇളംപ്രായത്തിലുള്ളതുമായ ശാകവും ശ്രേഷ്ഠങ്ങളായിരിക്കുന്നവയത്രേ. ()

ഇനിമേൽ കൃതാന്നങ്ങളുടെ (പാകം ചെയ്തിട്ടുള്ള പലവിധം ആഹാരദ്രവ്യങ്ങളുടെ) ഗുണങ്ങളെ വിസ്തരിച്ചുപറവാൻ തുടങ്ങുന്നു. 375

മലരുകൊണ്ടുണ്ടാക്കിയതും തിപ്പലിയും ചുക്കുംകൂട്ടി സംസ്കരിച്ചതുമായ കഞ്ഞി (*ലാജമണ്ഡം) വമനവിരേചനാദിശോധനക്രിയ ചെയ്യു

* ഷഡംഗൌഷധങ്ങളും മറ്റും ചേർത്തിടിച്ചു് അരിച്ച വെള്ളം പ്രയോഗിക്കുകിവന്നാൽ ഒരിടങ്ങഴി വെള്ളത്തിൽ ഔഷധങ്ങളും മറ്റും മൂന്നു കഴഞ്ചുവീതം

വാതാനുലോമനോ ഹൃദ്യഃ പിപ്പലീനാഗരായുതഃ. 376
സ്നേഹാഗ്നിജനനീ ലഘ്വീ ദീപനീ വസ്തിശോധനീ
ക്ഷുത്തൃട്ശ്രമഗ്ലാനിഹരീ പേയാ വാതാനുലോമനീ. 377
വിലേപീ തർപ്പണീ ഹൃദ്യാ ഗ്രാഹിണീ ബലവർദ്ധനീ
പഥ്യാ സ്നേഹരസാ ലഘ്വീ ദീപനീ ക്ഷുത്തൃഷ്ണാപഹാ
വസ്തിസംശോധനീ വൃഷ്യാ ജരാതീസാരയോഹിതാ. 378
ശാകമാംസഫലൈർയുക്താ യവാഗ്നസ്യാശ്ച ദുർജ്ജരാഃ. 379

തിന്നു ശേഷം രോഗികൾക്കുപയോഗിപ്പിക്കാൻ നല്ലതാണ്. അതു് ആമദോഷം മുതലായതിനെ പചിപ്പിക്കും. ഹൃദയത്തിന്നു പ്രിയമുണ്ടാക്കും. വായുവിന്റെ ഗതിയെ ക്രമപ്പെടുത്തുകയും ചെയ്യും. 376

പേയാ— ദേഹത്തിൽ വിയർപ്പും ദീപനശക്തിയുമുണ്ടാക്കും. വേഗം ദഹിക്കും. ജഠരാഗ്നിബലം വർദ്ധിപ്പിക്കും. വസ്തിയെ ശുദ്ധിചെയ്യും. വിശപ്പും ദാഹവും തളർച്ചയും തീർക്കും. വായുവിന്റെ ഗതിയെ നേരെയാക്കുന്നതുമാണ്. 377

വിലേപി— തൃപ്തിയേയും ഹൃദ്യപ്രിയത്വത്തേയും ഉണ്ടാക്കും. മലമൂത്രാദികളെ തടുക്കും. ബലം വർദ്ധിപ്പിക്കും. പഥ്യമായിട്ടുള്ളതാണ്. അതു രുചികരമാകുന്നു. വേഗം ദഹിക്കും. ദീപനമുണ്ടാക്കും. വിശപ്പും ദാഹവും തീർക്കും. വസ്തിയെ ശുദ്ധിചെയ്യും. ശുക്ലം വർദ്ധിപ്പിക്കും. ജരാതിക്കലും അതിസാരത്തിക്കലും ഉപയോഗിപ്പാൻ നല്ലതുമാകുന്നു. 378

മുകളിൽ പറഞ്ഞിട്ടുള്ള മണ്ഡം, പേയ മുതലായ കഞ്ഞികളും (*യവാ

ഇതു ചതച്ചിട്ടു കുക്കി പകുതിയായാൽ കുടിക്കാനും അതിൽ അരിയും മറ്റും ഇട്ടു കഞ്ഞിവെക്കാനും എടുക്കാം. (“യദുക്തം ശുതശീതാസു ഷഡംഗാദി പ്രയുജ്യതേ। കഷ്മീ(ര്യം തദ്ഭോ ദ്രവ്യം സാധയേൽ പ്രസ്ഥികേ ഷസി। അർദ്ധശുതം പ്രയോക്തവ്യം പാനേ പേയാദി സംവിധൌ”.) തിപ്പലിയും ചുക്കും കൂടി കനലുകൊഴഞ്ഞെടുത്തു് ഒരിഞ്ചെടി വെള്ളത്തിലരച്ചുകലക്കി അരിച്ചു് അതിൽ കഞ്ഞിവെച്ചു കുടിക്കാം; തിപ്പലിയുടേയും മറ്റും സ്ഥാനത്തു് ഉചിതംപോലെ മറ്റു മരുന്നുകളുമാവാം. അതു് ഒരു പലംവരെ അരച്ചുകുട്ടുകയും ചെയ്യാം. (“കഷ്ടാർദ്ധം വാ കണാർദ്ധേന കല്കം ദ്രവ്യസ്യ വാ പലം। വിന്യസേ ച്ഛീതവീര്യാ വാരിപ്രസ്ഥേന വാ പരം”) ഈ പറഞ്ഞിട്ടുള്ള ക്രമത്തെ അനുസരിച്ചാണിവിടെ മലം, കഞ്ഞിയുണ്ടാക്കേണ്ടതു്.

* യവാഗൂ=കഞ്ഞി, പേയാദികളിൽനിന്നു വ്യത്യാസപ്പെട്ട ഒരു പ്രത്യേകതരം കഞ്ഞിയാണിതെന്നു ചിലർ പ്രായപ്പെട്ടിട്ടുണ്ടു്. എന്നാൽ ചരകശാർങ്ഗധരാദികളുടേയും

സിതൈകപുഷ്പിരഹിതോ മണ്ഡഃ പേയാ സികഥസമന്വിതാ
യവാഗ്വാഖ്യാ സികഥാ സ്യാദ്വിലേപീ വിരളദ്രവാ. 380
വിഷ്ടംഭി പായസോ ബല്യോ മേദഃകഫകരോ ഗുരുഃ. 381
കഫപിത്തകരീ ബല്യാ കൃസരാനിലനാശനീ. 382
ധൌതസ്തു വിമലഃ ശുഭ്രോ മനോജ്ഞഃ സുരഭിഃ സരഃ
സചിന്നഃ സുപ്രസൂതസ്ഥക്ലിന്നോ വിശദഃസ്വാദനോ ലഘുഃ. 383
അധൌതോപ്രസൂതോസചിന്നഃ ശീതശ്ചാപ്യാദനോ ഗുരുഃ. 384
ലഘുഃ സുഗന്ധഃ കഥിതാ വിജ്ഞേയാ ഭക്ഷ്യതണ്ഡുലാഃ. 385

ഗുക്കൾ) ശാകങ്ങളോടൊ മാംസത്തോടൊ കായകളോടൊ കൂട്ടിച്ചേ
ത്താൽ ദഹിക്കാൻ വിഷമങ്ങളായിരിക്കുന്നതുമാണ്. 379

കഞ്ഞിയുടെ മേലെത്തെത്തെളിഞ്ഞ മണ്ഡമെന്നും വറോട്ടുകൂടിയ കഞ്ഞിക്ക പേയയെന്നും വെള്ളം കുറഞ്ഞും വറവധികമായും ഇരിക്കുന്ന കൊഴുത്ത കഞ്ഞി (പേയ)ക്ക വിലേപിയെന്നും പേരാകുന്നു. 380

പാൽ പായസം— വിഷ്ടംഭത്തെ ഉണ്ടാക്കുന്നതും ബലത്തെ വർദ്ധിപ്പിക്കുന്നതും മേദസ്സിനേയും കഫത്തേയുമുണ്ടാക്കുന്നതും ഗുരുത്വമുള്ളതുമാകുന്നു. 381

*കൃസരാ— കഫത്തേയും പിത്തത്തേയും ഉണ്ടാക്കും. ദേഹത്തിന്ന ബലമുണ്ടാക്കുകയും വാതത്തെ നശിപ്പിക്കയും ചെയ്യും. 382

നല്ലവണ്ണം വെളുത്തതും നല്ല വാസനയുള്ളതും വെടിപ്പായി കുത്തിക്കഴുകി ശുദ്ധിവരുത്തിയ അരികൊണ്ടുണ്ടാക്കിയതും ഭംഗിയുള്ളതും കരുപോലെ വേവിച്ചുണ്ടാക്കിയതും വെടിപ്പായി വാർത്തു കഞ്ഞികെട്ടാതെ നോക്കിയെടുത്തതും ആയ ചോറ് പൂടാറാതിരിക്കുമ്പോൾകഴിച്ചാൽ അതു വേഗം ദഹിക്കും. നേരെ മറിച്ച് കുഴച്ചി ശുദ്ധമാക്കാതെയും കരുപോലെ വേവിക്കാതെയും നല്ലവണ്ണം വാക്കാതെയും ഉണ്ടാക്കിയതും പൂടാറിയതുമായ അന്നം കഴിച്ചാൽ അതു വേഗം ദഹിക്കുന്നതല്ല. ()

അല്പം വറുത്ത അരികൊണ്ടുണ്ടാക്കിയ ചോറ് ലഘുവാകുന്നു. അതു സുഗന്ധമുള്ളതും കഫത്തെക്കളയുന്നതുമാകുന്നു. നെയ്യു മുതലായ

ല്ലനമിശ്രർ, ഭാഷ്യകാരർ മുതലായവരുടേയും പക്ഷം പേയ തന്നെയാണ് യവാഗൂ എന്നാകുന്നു.

* അരിയും എള്ളുമുള്ളും കൂട്ടി വെച്ച കഞ്ഞി.

സ്നേഹൈർമ്മാംസൈർ ഫലൈർ കന്ദൈർവ്വൈള്ളോഭൈർല്ലശുന സംയുതാർ
ഗുരവോ ബൃംഹണാ ബല്യാ യേ ച ക്ഷീരോപസാധിതാർ. 386
സുസ്നിഗ്ധോ നിസ്തുഷോ ഭൃഷ്ട ഈഷൽസ്തൂപോ ലഘുർഹിതർ. 387
സ്നിഗ്ധം നിപീഡിതം ശാകം ഹിതം സ്യാൽ സ്നേഹസംസ്കൃതമ്
അസ്നിഗ്ധം സ്നേഹരഹിതമപീഡിതമതോന്യഥാ. 388
മാംസം സ്വഭാവതോ വൃഷ്യം സ്നേഹനം ബലവർദ്ധനമ്
സ്നേഹഗൗരവധാന്യാമ്ലഫലാമ്ലകടുകൈർ സഹ
സിദ്ധം മാംസം ഹിതം ബല്യം രോചനം ബൃംഹണം ഗുരു. 389

സ്നേഹങ്ങളോ മാംസമോ കായ്കളോ കിഴങ്ങുകളോ പുളിരസമുള്ള വസ്തുക്കളോ പരുപ്പുകളോ കൂട്ടിക്കലർത്തുവെച്ചുണ്ടാക്കുന്ന ചോറ് വേഗം ദഹിക്കയില്ല. ദേഹത്തെ തടിപ്പിക്കയും ബലമുണ്ടാക്കുകയും ചെയ്യും. പാൽ ചേർത്തി ഉണ്ടാക്കുന്ന ചോറും (പാൽചോറ്) മേൽപറഞ്ഞ ഗുണങ്ങളോടുകൂടിത്തന്നെ ഇരിക്കും. 385—386

തൊണ്ടുകളഞ്ഞു കുറഞ്ഞോന്നു വറുത്തു പാകംപോലെ വേവിച്ചുണ്ടാക്കുന്ന സൂപം (പരുപ്പുകൂട്ടാൻ) വേഗം ദഹിക്കും. ദേഹത്തിനു ഹിതമായിട്ടുള്ളതുമാകുന്നു. 387

ശാകങ്ങളെ വേണ്ടപോലെ വേവിച്ച് അമർത്തി വെള്ളം ഊറിക്കളഞ്ഞതിന്നുശേഷം നെയ്യും എണ്ണയും മറ്റും കൂട്ടി മെഴുക്കു പിരട്ടീട്ടുപയോഗിക്കേണ്ടതു്. ഇങ്ങിനെയായാൽ അതു ദേഹത്തിനു ഹിതമായിരിക്കും. നേരെമറിച്ചു്, വേണ്ടപോലെ വേവിക്കാതെയോ പിഴിഞ്ഞൂറി വെള്ളം കളയാതെയോ മെഴുക്കു പിരട്ടാതെയോ ശാകങ്ങളുണ്ടാക്കിക്കഴിച്ചാൽ അതു ദേഹത്തിനു അഹിതമായിട്ടെ ഇരിക്കയുള്ളു. 388

മാംസം സ്വതേതന്നെ ദേഹത്തിനു ബലവും സ്നിഗ്ധതയുമുണ്ടാക്കുകയും ശുക്ലത്തെ വർദ്ധിപ്പിക്കുകയും ചെയ്യുന്ന ഒരു വസ്തുവാണു്. മാംസത്തെ നെയ്യു്, തൈരു്, മോരു്, ധാന്യങ്ങൾ കൊണ്ടുണ്ടാക്കുന്ന കാടി, പുളിരസമുള്ള കായകൾ (താളിമാതളം മുതലായവ), എരുവുരസമുള്ള പദാർത്ഥങ്ങൾ (കുരുമുളകു മുതലായതു്) എന്നിവകൾ കൂട്ടിച്ചുർത്തു പാകം ചെയ്തുണ്ടാക്കിയാൽ അതു ദേഹത്തിനു ഹിതമായിട്ടുള്ളതും ബലത്തെയും രുചിയേയും ഉണ്ടാക്കുന്നതും ദേഹം തടിപ്പിക്കുന്നതും ഗുരുത്വമുള്ളതും ആയിരിക്കുന്നതാണു്. 389

തദേവ ഗൗരസാദാനം സുരഭിദ്രവ്യസംസ്കൃതം
വിദ്യാൽ പിത്തകഫോദ്രേകി ബലമാംസാഗ്നിവർദ്ധനം. 390
പരിശുഷ്കം സ്ഥിരം സ്നിഗ്ധം ഹർഷണം പ്രീണനം ഗുരു
രോചനം ബലമേധാഗ്നിമാംസൗജഃശുക്ലവർദ്ധനം. 391
തദേവോല്ലുപ്തപിഷ്ടതപാദുല്ലുപ്തമിതി പാചകാഃ. 392
പരിശുഷ്കഗുണൈർയുക്തം വഹ്നൗ പക്വമതോ ലഘു

മാംസത്തിൽ സുഗന്ധമുള്ളതുകളായ (ഏലത്തരി, കുരുമുളക്, കായം) വസ്തുക്കളെ വേവ് ഏറ്റാണ്ടാകുന്ന സമയത്തു വറുത്തുപൊടിച്ചിട്ടു സംസ്കരിച്ച് ഉപയോഗിക്കുന്ന സമയത്തു തൈരോ മോരോ ചേർത്തിയുപയോഗിച്ചാൽ അതു പിത്തത്തേയും കഫത്തേയും വർദ്ധിപ്പിക്കും. ദേഹത്തിന്നു ബലത്തേയും തടിയേയും ജഠരാഗ്നിയേയും വർദ്ധിപ്പിക്കയും ചെയ്യും. 390

*പരിശുഷ്കമാംസം അംഗങ്ങൾക്കുറപ്പുണ്ടാക്കും. ഇതിന്നു സ്നിഗ്ധതയും ഗുരുത്വവുമുണ്ട്. ഇതു പ്രീതിയേയും ആഹ്ലാദത്തേയും ഉണ്ടാക്കും. ആഹാരത്തിൽ രുചിയും ദേഹബലവും ബുദ്ധിക്കു ധാരണശക്തിയും ജഠരാഗ്നിക്കു ബലവും ഉണ്ടാക്കും. ഇതു ദേഹത്തെ തടിപ്പിക്കും ഓജസ്സിനേയും ശുക്ലത്തേയും വർദ്ധിപ്പിക്കയും ചെയ്യും. 391

മാംസത്തെ നന്നായി പൊടിപൊടിയാക്കി കൊത്തിത്തറിച്ച് അരച്ച് വടപാലെയോ മറ്റോ ഉണ്ടാക്കീട്ടാണ് മേൽപറഞ്ഞവിധം പാകംചെയ്യുന്നതെങ്കിൽ അതിന്നു 'ഉല്ലുപ്തമാംസ'മെന്നാണ് വെപ്പുകാർ പറയുന്ന പേർ. അതിന്നു മേൽപറഞ്ഞ പരിശുഷ്കമാംസത്തിന്നു പറഞ്ഞ ഗുണങ്ങൾ തന്നെയാണുള്ളതെങ്കിലും ഈ ഉല്ലുപ്തമാംസം പാകം ചെയ്യുന്നതു വറുക്കേണ്ടതിന്നു പകരം കനലിൽ ചുട്ടിട്ടായതുകൊണ്ടു് ഇതു പരിശുഷ്കത്തെക്കാൾ വേഗം ദഹിക്കുന്നതാണെന്നു് ഒരു ഭേദം മാത്രമുണ്ടു്.

---

* മാംസത്തെ തിളച്ച വെള്ളം കുറെക്കുറെയായി തളിച്ചുകൊണ്ടു നെയ്യിൽ വേവിച്ചു ജീരകം മുതലായ പദാർത്ഥങ്ങളെ വറുത്തുപൊടിച്ചു് അതിന്മേൽ വിതറി അതിനെയും ഈ പൊടിയും ഇതിന്മേൽ നല്ലവണ്ണം പിടിക്കത്തക്കവണ്ണം വെടിപ്പായി വറുത്തെടുത്താൽ അതിന്നു 'പരിശുഷ്കമാംസ'മെന്നു പേരാകുന്നു.

തദേവ ശൂലികാപ്രോതമംഗാരേ പരിപാചിതമ്
ജ്ഞേയം ഗുരുതരം കിഞ്ചിൽ പ്രദിഗ്ധം ഗുരു പാകതഃ. 393
ഉല്ലുപ്തം ഭജ്ജിതം പിഷ്ടം പ്രതപ്തം കന്ദുപാചിതമ്
പരിശുഷ്കം പ്രദിഗ്ധഞ്ച ശൂല്യം യച്ചാന്യദീദൃശമ്
സാംസ്വം യൽ തൈലസിദ്ധന്തു വീര്യ്യോഷ്ണം പിത്തകൃദ്ഗുരു. 394
ലഘ്വഗ്നിദീപനം ഹൃദ്യം രുച്യം ദൃഷ്ടിപ്രസാദനമ്

നല്ല മാംസത്തെ ഇരുമ്പുശൂലത്തിൽ കോർത്തു കനലിൽവെച്ചു ചുട്ടെടുത്താൽ അതു് ഉല്ലുപ്തത്തേക്കാൾ കുറെ അധികം ഗുരുത്വമുള്ളതായിരിക്കുന്നതാണു്. നെയ്യു മുതലായതു പുരട്ടി മേൽപ്രകാരം പാകം ചെയ്യുന്ന മാംസത്തിനു 'പ്രദിഗ്ധ'മെന്നു പേരാകുന്നു. 392-393

ഉല്ലുപ്തം (കൊത്തിത്തരിച്ചുണ്ടാക്കുന്നതു്), *ഭജ്ജിതം, പിഷ്ടം, പ്രതപ്തം, കന്ദുപാചിതം, പരിശുഷ്കം, പ്രദിഗ്ധം (ഇതു രണ്ടും മുമ്പറഞ്ഞ പോലെയുണ്ടാക്കുന്നതു തന്നെ$), ശൂല്യം എന്നിവിധമുള്ള മാംസങ്ങളും ഇതുപോലെ പാകംചെയ്യുന്ന മറ്റു മാംസങ്ങളും എണ്ണ കൂട്ടി പാകം ചെയ്യുന്നതായാൽ ഉണ്ണുവിഭവങ്ങളായിരിക്കുന്നതാകുന്നു. അവ പിത്തത്തെ ഉണ്ടാക്കും. വേഗം ദഹിക്കയുമില്ല. നെയ്യുകൂട്ടി പാകംചെയ്തായിരുന്നാൽ വേഗം ദഹിക്കുന്നതായും അഗ്നിക്കു ദീപനശക്തിയേയും ഹൃദയത്തിനു പ്രിയത്തെയും രുചിയേയും ഉണ്ടാക്കുന്നതായും കണ്ണിനു തെളിവുണ്ടാക്കുന്നതായും ഇരിക്കുന്നതാണു്. അതിന്റെ വീര്യ്യം

* ഭജ്ജിതം=നെയ്യിൽ വറുത്തു് പിന്നെ അരച്ചു് കുറുമാതിരി പാകംചെയ്യുന്നതു്. പിഷ്ടം=മാംസം അരച്ചു് മൈദ, താളിമാതളങ്ങരസവും മാറും കൂട്ടി സുഗന്ധമുണ്ടാക്കി അതുകൊണ്ടുണ്ടാക്കുന്ന പലഹാരം. പ്രതപ്തം=അയമോദകം, കടലുപ്പു്, കുരുമുളക് ഇവയും നെയ്യും കൂട്ടി തീക്കനലിലോ മറ്റോ വെച്ചു വേവിച്ചുണ്ടാക്കുന്നതു്. കന്ദുപാചിതം=ഏലത്തരി, ലവംഗപ്പട്ട മുതലായ സുഗന്ധസാധനങ്ങളും കൂടുകം അരച്ചതു പുരട്ടി ചൂളയിൽ (കന്തു)വെച്ചു വേവിച്ചു തേനിന്റെ നിറമായാൽ വാങ്ങിയതു്. ശൂല്യം=കായം കലക്കിയ വെള്ളത്തിൽ കഴുകിയ മാംസക്കഷണത്തെ പുകയില്ലാത്ത തീമേൽ വെച്ചു് ശൂലംകൊണ്ടു തിരുമ്പി മൂടുവെള്ളം തളിച്ചുകൊണ്ടു് വേവിച്ചെടുക്കുന്നതു്.

$ ഉല്ലുപ്താദികൾ ശൂലത്തിൽ കോർത്തു പാകംചെയ്യാവുന്നവയാകയാൽ അവയെ ശൂല്യങ്ങളെന്നു ഒരു ഭരമായി പറയണമെന്നുള്ളതു് അലായ്പക്ഷമാണു്.

അനഷ്ണ്വയിഷ്ണം പിത്തഘ്നം മധുനാജ്ഞം ഘൃതസാധിതമ്. 395
പ്രീണനം പ്രാണജനനം ശ്വാസകാസക്ഷയാപഹം
വാതപിത്തശ്രമഹരം ഹൃദ്യം മാംസരസം സ്മൃതം
സ്മൃത്യോജഃസ്വരഹീനാനാം ജ്വരക്ഷീണക്ഷതോരസാമ്
ഭഗ്നവിശ്ലിഷ്ടസന്ധീനാം കൃശാനാമല്പരേതസാമ്
ആപ്യായനം സംഹനനം ശുക്രൌജോബലവർദ്ധനം
സദാഗ്നിമയുതോ വൃഷ്യം സംസ്കൃതാ ദോഷനാശനം. 396
യന്മാംസമുഭ്യതരസം ന തൽ പുഷ്ടിബലാവഹമ്

ഉഷ്ണമായിരിക്കയില്ല. അതു പിത്തത്തെ നശിപ്പിക്കും. മനസ്സിനു പ്രീ
തിയമായിരിക്കയും ചെയ്യും. 394-395

മാംസരസം (മാംസം വേവിച്ചെടുക്കുന്നതും കൊഴുപ്പില്ലാത്തതുമാ
യ സൂപ്പു) പ്രീതിയും ബലവുമുണ്ടാക്കുന്നതും ശ്വാസം, കാസം, ക്ഷയം
എന്നീ രോഗങ്ങളെ ശമിപ്പിക്കുന്നതും വാതത്തെയും പിത്തത്തെയും ദേ
ഹത്തിന്റെ ക്ഷീണത്തെയും നശിപ്പിക്കുന്നതും ഹൃദയപ്രിയമായിട്ടുള്ളതു
മാകുന്നു. അതു് ഓമ്മശക്തി, ഓജസ്സു്, സ്വരം എന്നിവ ക്ഷയിച്ചിട്ടു
ള്ളവക്കും ജ്വരം പിടിച്ചു ക്ഷീണിച്ചിട്ടുള്ളവക്കും ഉരുക്ഷതമെന്ന വ്യാധി
യുള്ളവക്കും വീണിട്ടോ മറ്റോ എല്ലു മുതലായതു് ഒടിഞ്ഞുപോകയോ
സന്ധി വേർപെടുകയോ ചെയ്തിട്ടുള്ളവക്കും ദേഹം മെലിഞ്ഞിട്ടുള്ളവ
ക്കും ശുക്ലം കുറഞ്ഞവക്കും എന്നാറവും നല്ല സാധനമാകുന്നു. എന്തുകൊ
ണ്ടെന്നാൽ അംഗങ്ങൾക്കുള്ള കേടുകൾ തീർത്തു സ്വസ്ഥമാക്കുന്നതിനും
സന്ധികളെ കൂട്ടിച്ചേർത്തുന്നതിനും ശുക്ലത്തെയും ഓജസ്സിനെയും ബല
ത്തെയും ഉണ്ടാക്കാനും ഉള്ള ശക്തി ആ മാംസരസത്തിനുണ്ടു്.

ആ മാംസരസത്തെ താളിമാതളങ്ങച്ചാറോടു കൂട്ടിച്ചേർത്തു പാകം
ചെയ്തു മുളകു് മുതലായതു ചേർത്തു സംസ്കരിച്ചാൽ അതു [illegible]
നശിപ്പിക്കയും ശുക്ലത്തെ വർദ്ധിപ്പിക്കയും ചെയ്യുന്നതാണു്.

മാംസം വേവിച്ചു് അതിലുള്ള സത്തു വേറെ എടുത്തതിനു ശേ
ഷം ബാക്കിയുള്ള ആ ചണ്ടിയെ ഉപയോഗിച്ചാൽ അതു ദേഹത്തിനു
പുഷ്ടിയും ബലവുമുണ്ടാക്കുകയില്ല. അതു ദഹിക്കാൻ വളരെ വിഷമ

വിഷ്ടംഭി ദുർജ്ജരം രൂക്ഷം വിരസം മാരുതാവഹം. 397
ദീപ്താഗ്നീനാം സദാ പഥ്യഃ ഖാനിഷ്ണ്വസ്യ പരം ഹൃതഃ. 398
മാംസം നിരസ്ഥി സുസ്വിന്നം പുനർദ്ദൃഷദി ചൂർണ്ണിതമ്
പിപ്പലീശുണ്ഠിമരിചഹൃഡസർപ്പിഃസമന്വിതമ്
ഘൃതകുഡ്യപാചയേൽ സമ്യഗ്വേശവാര ഇതി സ്മൃതഃ
വേശവാരോ ഹൃതഃ സ്നിഗ്ധോ ബല്യോ വാതരുജാപഹഃ. 399
പ്രീണനഃ സർവ്വധാതൂനാം വിശേഷാന്മുഖശോഷിണാമ്
ക്ഷുത്തൃഷ്ണാപഹരഃ ശ്രേഷ്ഠഃ സൌവീരഃ സപാടുശീതളഃ. 400

മാണ്. വിഷ്ടംഭമുണ്ടാക്കും. രൂക്ഷതയും വാതത്തെ വർദ്ധിപ്പിക്കാനുള്ള ശക്തിയും അതിനുണ്ട്. നാവിനു രസമുണ്ടാക്കുകയുമില്ല. 397

ഖാനിഷ്ണമാംസം (മുമ്പു പറഞ്ഞ പരിശുഷ്കമാംസം തന്നെ അരച്ചു് വേവിച്ചുണ്ടാക്കുന്നതു്) ഏറ്റവും ഹൃതപ്രമുള്ളതാണ്. അതു നല്ല വണ്ണം ദഹനശക്തിയുള്ളവർക്കു് ഏടുപ്പാഴം ഉപയോഗിക്കാൻ നല്ലതായിരിക്കും. 398

മാംസം കൊണ്ടുവന്നു് എല്ലു മുഴുവനും കളഞ്ഞു് കുറഞ്ഞാനുപേക്ഷിച്ചു് കല്ലിരലിൽ ഇട്ടു വെടുപ്പായി ഇടിച്ചെടുത്തു തിപ്പലി, ചുക്കു്, കുരുമുളകു് ഇവ വറുത്തുപൊടിച്ചതും വെണ്ണും പൊടിച്ചതും വിതറി അതിനെ നെയ്യുകൂട്ടിക്കുഴച്ചു നല്ലവണ്ണം വേവിക്കണം. ഇങ്ങിനെ ഉണ്ടാകുന്ന മാംസത്തിനു "വേസവാരം" എന്നു പേരാകുന്നു. ഇതു ഹൃതപ്രമുള്ളതാണ്. ബലമുണ്ടാക്കും. സ്നിഗ്ധമായിട്ടുള്ളതാകുന്നു. വാതരോഗത്തെ നശിപ്പിക്കയും ചെയ്യും. 399

*സൌവീരം എന്നു പറയപ്പെടുന്ന മാംസക്കറി എല്ലാ ധാതുക്കളേയും സുഖപ്പെടുത്തും. ഇതു വായ്വറ്റിച്ചയുള്ളവർക്കു നല്ലതാണ്. വിശപ്പും ദാഹവും തീർക്കും. സപാടുണ്ടാക്കുന്നതും ശീതവീര്യവും ശ്രേഷ്ഠമായിട്ടുള്ളതുമാകുന്നു. 400

---

*ഭോജ്യകാരന്റെ പാഠം "സൌരാവ"മെന്നാണ്. ഇതിനു ചക്രപാണിദത്തനും ഒച്ച നന്നാകുന്നതെന്നേ പറയുന്നുള്ളു. തൽപക്ഷത്തിൽ, "ശ്രേഷ്ഠമായിട്ടുള്ളതുമാകുന്നു" എന്നതുവരെയുള്ള ഭാഗം വേശവാരലക്ഷണംതന്നെ. ഭല്ലനാചാര്യൻ സൌവീരമെന്നു പാഠക്രമവും മാംസരസത്തിന്റെ മേലെഴുത്തെഴുതിയാണ് അതിനെ പഠനകയും ചെയ്യുന്നു.

കഫഘ്നോ ദീപനോ ഹൃദ്യഃ ശുഷ്കാണാം വ്രണിനാമപി
ജ്ഞേയഃ പഥ്യതമശ്ചാപി മുദ്ഗയൂഷഃ കൃതോകൃതഃ. 401

സ തു ഭാഡിമമുദ്ഗികായുക്തഃ സ്യാദ്രാഗഷാഡവഃ
രുചിഷ്ണ്യോ ലഘുപാകശ്ച ദോഷാണാമവിരോധകൃൽ. 402

മസൂരമുദ്ഗഗോധൂമകുലത്ഥലവണൈഃ കൃതഃ
കഫപിത്താവിരോധീ സ്യാദ്വാതവ്യാധൌ ച ശസ്യതേ. 403

മുദ്ഗികാഭാഡികൈർയുക്തഃ സ ഏവോക്തോനിലാർദ്ദിതേ
രോചനോ ദീപനോ ഹൃദ്യോ ലഘുപാകൃപദിശ്യതേ. 404

പടോലനിംബയൂഷൌ തു കഫമേദോവിശോഷിണൌ

ചെറുപയറുകൊണ്ടുണ്ടാക്കുന്ന യൂഷം (ചാറ്) കഫരോഗത്തെയും ദീപനമുണ്ടാക്കും. ഹൃദയപ്രിയമായിരിക്കും. വമനവിരേചനങ്ങൾ ചെയ്യുന്ന ശോധനവരുത്തിട്ടുള്ളവർക്കും വ്രണമുള്ളവർക്കും ഏറ്റവും പഥ്യമായിട്ടുള്ളതാണ്. ഈ ഗുണം *കൃതമായ യൂഷത്തിനും അകൃതമായ യൂഷത്തിനും സമമാകുന്നു. 401

ചെറുപയറിന്റെ യൂഷത്തിൽതന്നെ മുന്തിരിങ്ങയും താളിമാതളങ്ങയുടെ രസവും കൂട്ടിയാൽ അതിന്ന് 'രാഗഷാഡവ'മെന്ന പേരാകുന്നു. ഇതു രുചിണ്ടാക്കുന്നതും വേഗം ദഹിക്കുന്നതും മൂന്നു ദോഷങ്ങൾക്കും ക്രമക്കേടുണ്ടാക്കാത്തതുമാകുന്നു. 402

ഛണം പയർ, ചെറുപയർ, ഗോതമ്പ്, മുതിര എന്നിവയിൽ ഉപ്പും കൂട്ടിയുണ്ടാക്കിയതായ യൂഷം കഫത്തിനും പിത്തത്തിനും ഒരു ക്രമക്കേടുമുണ്ടാക്കുകയില്ല. വാതവ്യാധിക്കു വളരെ വിശേഷപ്പെട്ടതുമാണ്. ഈ യൂഷംതന്നെ മുന്തിരിങ്ങയും താളിമാതളങ്ങച്ചാറും കൂട്ടിയുണ്ടാക്കിയാൽ വാതരോഗത്തിനു വളരെ നന്ന്. ഏതുതന്നെയല്ല, രുചിയും ദീപനശക്തിയും ഹൃദയപ്രിയവുമുണ്ടാക്കും. വേഗം ദഹിക്കയും ചെയ്യും. 403—404

പേപ്പട്ടവലം ചേത്തിട്ടോ വേപ്പിന്നില ചേത്തിട്ടും ഉണ്ടാക്കുന്ന ചെറുപയറിന്റേയും മറ്റും യൂഷം കഫത്തെയും മേദസ്സിനെയും [illegible] യിപ്പിക്കും. പിത്തത്തെക്കളയും. ദീപനമുണ്ടാക്കും. ഹൃദ്യ[illegible]

* മുളകും ഉപ്പും നെയ്യും കൂട്ടിയുള്ള കൃതം; കൂട്ടാത്തതു് അകൃതം.

പിത്തശ്ലേഷ്മജ്വരാപഹം. 405
ശ്വാസകാസപ്രതിശ്യായപ്രസേകാരോചകജ്വരാൻ
ഹന്തി മൂലകയൂഷസ്തു കഫമേദോഗളാമയാൻ. 406
കുലത്ഥയൂഷോനിലഹാ ശ്വാസപീനസനാശനഃ
തൃനീപ്രതൃനികാസാശ്രോഗ്രഹ്ല്യോദാവർത്തനാശനഃ
ദാഡിമാമലകൈർയ്യൂഷോ വൃദ്ധ്യഗ്നിസംശമനോ ലഘുഃ
പ്രാണാഗ്നിജനനോ മൂർച്ഛാമേദോഽഗ്നിപിത്തവാതജിൽ. 407
മുദ്ഗാമലകയൂഷസ്തു ഗ്രാഹി പിത്തകഫേ ഹിതഃ. 408
യവകോലകുലത്ഥാനാം യൂഷഃ കണ്ഠ്യോഽനിലാപഹഃ. 409

രിക്കും. കൃമി, കഫം, ജ്വരം എന്നീ രോഗങ്ങളെ ശമിപ്പിക്കയും ചെയ്യും. 405

മുളളങ്കി ചേർത്തുണ്ടാക്കുന്ന യൂഷം ശ്വാസം, കാസം, പീനസം, വായിൽനിന്നു വെള്ളം വരവു്, അരോചകം, ജ്വരം എന്നീരോഗങ്ങളേയും കഫത്തേയും മേദസ്സിനേയും കണ്ഠരോഗങ്ങളേയും നശിപ്പിക്കുന്നതാണു്. 406

മുതിരകൊണ്ടുണ്ടാക്കുന്ന യൂഷം വാതത്തെ നശിപ്പിക്കും. അതു വൃക്കത്തേയും പീനസത്തേയും ശമിപ്പിക്കും. തൃനി, പ്രതൃനി (ഇതു രണ്ടും ഗ്രല്ലഭേദമാകുന്നു), കാസം, അർശ്സ്സു്, ഗ്രല്ല, ഉദാവർത്തം എന്നി രോഗങ്ങളേയും നശിപ്പിക്കുന്നതാകുന്നു.

മുതിരപ്പുരുപ്പിൽ നെല്ലിക്കച്ചാറും താളിമാതളനീരും പിഴിഞ്ഞു ചാറും കൂട്ടിയുണ്ടാക്കിയ യൂഷം പൂർവ്വപ്രിയമുണ്ടാക്കുന്നതും ദോഷങ്ങളെ ശമിപ്പിക്കുന്നതും വേഗം ദഹിക്കുന്നതും ദേഹത്തിനു ശക്തിയും ദഹനശക്തിയും ഉണ്ടാക്കുന്നതും മൂർച്ഛയേയും മേദസ്സിനേയും നശിപ്പിക്കുന്നതും പിത്തത്തേയും വാതത്തേയും ജയിക്കുന്നതും ആകുന്നു. 407

ചെറുപയറിൻപരിപ്പും നെല്ലിക്കച്ചാറും കൂട്ടിയുണ്ടാക്കുന്ന യൂഷം മലമൂത്രാദികളെ തടഞ്ഞുനിർത്തുന്നതും പിത്തത്തിങ്കലും കഫത്തിലും നല്ലതുമാകുന്നു. 408

യവം, ലന്തപ്പഴം, മുതിരപ്പുരുപ്പു് എന്നിവകൊണ്ടുണ്ടാക്കുന്ന യൂഷം സ്വരം നന്നാക്കുന്നതും വാതത്തെ നശിപ്പിക്കുന്നതും ആകുന്നു. 409

സർവ്വധാന്യകൃതസൂപഃ ദ്ബൃംഹണഃ പ്രാണവർദ്ധനഃ. 410
ഖള്കാംബള്കൌ ഹൃദ്യൌ തഥാ വാതകഫേ ഹിതൌ. 411
ബല്യഃ കഫാനിലൌ ഹന്തി ദാഡിമാമ്ലോഗ്നിദീപനഃ. 412
ദധ്യമ്ലഃ കഫകൃദ് ബല്യഃ സ്നിഗ്ധോ വാതഹരോ ഗുരുഃ 413
തക്രാമ്ലഃ പിത്തകൃൽ പ്രോക്തോ വിഷ്യരക്തപ്രദൂഷണഃ. 414
ഖള്യഃ ഖള്യവാഗ_ശ്ച ഷാഡവാഃ പാനകാനി ച

(ശമീധാന്യങ്ങളിൽ കോളിൽ വിളയുന്നവയും ചെറുപയർ മുതലായി ദേഹത്തിന്ന് അഹിതങ്ങളല്ലാത്തവയുമായ) എല്ലാ ധാന്യങ്ങളെക്കൊണ്ടും ഉണ്ടാക്കുന്ന യൂഷം ദേഹത്തെ തടിപ്പിക്കുന്നതും ബലമുണ്ടാക്കുന്നതും ആകുന്നു. 410

* ഖള്മെന്നും കാംബലികമെന്നും പറയപ്പെട്ടുന്ന രണ്ടുജാതി യൂഷങ്ങളും ഹൃദ്യപ്രിയമുണ്ടാക്കും. വാതത്തിലും കഫത്തിലും നല്ലതാണ്. 411

താളിമാതളങ്ങരസംകൊണ്ടു പുളിപ്പുണ്ടാക്കിയതായ യൂഷം ബലമുണ്ടാക്കുന്നതും കഫവാതങ്ങളെ നശിപ്പിക്കുന്നതും ദീപനമുണ്ടാക്കുന്നതുമാകുന്നു. തൈരുകൂട്ടി പുളിപ്പുണ്ടാക്കിയതായ യൂഷം കഫത്തെ ഉണ്ടാക്കും. അതു സ്നിഗ്ധവും ബലമുണ്ടാക്കുന്നതും ഗുരുത്വമുള്ളതും വാതത്തെ നശിപ്പിക്കുന്നതും ആകുന്നു. മോരു ചേർത്തു പുളിപ്പുണ്ടാക്കിയതായ യൂഷം പിത്തത്തെയുണ്ടാക്കും. രക്തത്തെ ദൂഷിപ്പിക്കും. ദേഹത്തിൽ എങ്ങാനും ലയിച്ചുകിടക്കുന്ന വിഷത്തെ ഇളക്കിത്തീർത്തുപദ്രവമുണ്ടാക്കുകയും ചെയ്യും. 412—414

മുമ്പെ പറഞ്ഞിട്ടുള്ള ഖള്ങ്ങളും ഖള്യവാഗു (മുക്കുടിക്കുള്ള മരുന്നുകളും കൂട്ടി പാകംചെയ്ത കഞ്ഞി)കളും + ഷാഡവങ്ങളും ||പാനകങ്ങ

---

* വിളാരങ്ങ, പുളിയാരൽ, അയമോദകം, കൊടിവേലി, കുരുമുളക് ഇവയരച്ചു തിളപ്പിച്ച യൂഷം ഖളം. മുക്കുടിയെന്ന ഭാഷ കാണുന്നു.

+ ഷാഡവം=ലന്തപ്പഴം, മുതിര മുതലായതു ചേർത്തി നല്ലവണ്ണം പുളിപ്പും മധുരവും അല്പം ചവർപ്പും ഉപ്പും എരിവുമുണ്ടാക്കീട്ടുള്ള കൂട്ടാൻ.

|| പാനകം=പുളിയും മുന്തിരിങ്ങയും ശർക്കരയും മറ്റും കൂട്ടിത്തിളപ്പിച്ചും തിളപ്പിക്കാതെയും കുടിക്കാനുപയോഗിക്കുന്ന സാധാരണ പാനകംതന്നെ.

ഏവമാദീനി ചാന്യാനി ക്രിയന്തേ വൈദ്യവാക്യതഃ. 415
അസ്നേഹലവണം സർവ്വമകൃതം കടുകൈർവ്വിനാ
വിജ്ഞേയം ലവണസ്നേഹകടുകൈഃ സംയുതം കൃതമ്. 416
അഥ ഗോരസധാന്യാമ്ലഫലാമ്ലൈരനിരുഞ്ച യൽ
യത്രോത്തരം ലഘു ഹിതം സംസ്കൃതാസംസ്കൃതം രസമ്.. 417
ഉധിമസ്നേഹസിദ്ധസ്യ യൂഷ്യാ കാംബളികാ സ്മൃതാ.
തിലപിണ്യാകവികൃതാ ശുഷ്കശാകം വിരൂഢകമ് 418

ളും ഈ കൂട്ടത്തിൽ വൈദ്യന്റെ ഉപദേശത്തെ അനുസരിച്ച് വേറെയും പലവിധം വ്യഞ്ജനങ്ങളുമുണ്ടാക്കാവുന്നതാണ്. 415

എണ്ണ, നെയ് മുതലായ സ്നേഹദ്രവ്യങ്ങളും മുളകുവർഗ്ഗങ്ങളും ഉപ്പും കൂട്ടാത്ത യൂഷമെല്ലാം അകൃതമെന്ന പേരോടുകൂടിയതാകുന്നു. എണ്ണ, നെയ് മുതലായതും ഉപ്പും മുളകും കൂട്ടിയതിനാകട്ടെ കൃത(സംസ്കൃത)മെന്ന പേർ പറയപ്പെടുന്നു. 416

ഗോരസങ്ങൾ (തൈരുമുതലായത്) ചേർത്തുണ്ടാക്കിയതായ യൂഷത്തെക്കാൾ കൂടി ചേർത്തിയുണ്ടാക്കിയതിനും അതിനെക്കാൾ പുളിപ്പുള്ള താളിമാതളങ്ങ മുതലായതു ചേർത്തുണ്ടാക്കിയതിനും ലഘുത്വവും ദേഹത്തിന്നു സ്വാസ്ഥ്യമുണ്ടാക്കാനുള്ള ശക്തിയും കൂടിയിരിക്കുന്നതാണ്. ഇപ്രകാരം കൃതമായ യൂഷത്തിനെക്കാൾ കൃതമല്ലാത്ത യൂഷം ലഘുവും ദേഹത്തിന്നു ഹിതവുമായിരിക്കുന്നതാണ്. ഗോരസാദികൾ ചേർത്തുണ്ടാക്കുന്ന മാംസരസത്തിന്റെ കാര്യത്തിലും മേൽപറഞ്ഞപ്രകാരം തന്നെയാണ് ഗുണഭേദങ്ങളുണ്ടാകുന്നത്. കൃതമായിരിക്കുന്ന മാംസരസത്തെക്കാൾ കൃതമല്ലാത്തതിന്നും ലഘുത്വവും ഗുണവും കൂടിയിരിക്കുമെന്നും ഗ്രഹിക്കണം. 417

കാംബെളികയൂഷമെന്ന മുമ്പെ പറഞ്ഞിട്ടുണ്ടല്ലൊ; അത് തൈർവെള്ളം, താളിമാതളങ്ങയുടെ ചാറ് ഇവ കൂട്ടിയുണ്ടാക്കുന്ന യൂഷമാകുന്നു. 418

എള്ളുണ്ടയും എള്ളിൻപിണ്ണാക്കും ചേർത്തിയുണ്ടാക്കുന്ന വ്യഞ്ജനങ്ങളും ഉണങ്ങിയ ശാകങ്ങളെക്കൊണ്ടും മുളവന്ന ഉടനെ ഉള്ള ശാകങ്ങളെ (ചെറുപയറും മറ്റും) കൊണ്ടും ഉണ്ടാക്കുന്നവ്യഞ്ജനങ്ങളും*സിണ്ഡാകി

* അടുപ്പിൽവെച്ച പാകംചെയ്യുണ്ടാക്കുന്ന ഒരു പ്രത്യേകതരം വ്യഞ്ജനമാണിവിടെപ്പറഞ്ഞ "സിണ്ഡാകി"; ശാകവർഗ്ഗത്തിൽ പറഞ്ഞ ജാതിയല്ല. (ഭാഷ്യം).

സിണ്ഡാകീ ച ഗ്രുണി സ്മൃ കഫപിത്തകരാണി ച. 419
തദ്വച്ച വടകാന്യാഹ്വഹിതാഹീനി ഗ്രുണി ച. 420
ലഘവോബ്ലംഹണാ വൃഷ്യാ ഹൃദ്യാ രോചനദീപനാ
തൃഷ്ണാമൂർച്ഛാഭ്രമക്ഷീണ രാഗഷാഡവാ. 421
രസാളാ ബ്രംഹണീ ബല്യാ സ്നിഗ്ധാ വൃഷ്യാ ച രോചനീ. 422
സുസ്നേഹം ഗുഡസംയുക്തം ഹൃദ്യം ദധ്യനിലാപഹം. 423

യെന്ന പായപ്പെട്ടന്ന വ്യഞ്ജനവും (ശാകവർഗ്ഗത്തിൽ പാഞ്ഞത്) വേഗം ദഹിക്കാത്തവയാണ്. അവ കഫത്തെയും പിത്തത്തെയും ഉണ്ടാക്കുകയും ചെയ്യും.

419

വടകങ്ങളും സിണ്ഡാകിയെപ്പോലെതന്നെ. അവ വേഗം ദഹിക്കാത്തവയാണെന്നതിനെയല്ല, വാതത്തെ ഉണ്ടാക്കുന്നവയുമാകുന്നു. 420

*രാഗഷാഡവങ്ങളെന്ന പായപ്പെട്ടന്ന വ്യഞ്ജനങ്ങളും വേഗം ദഹിക്കുന്നവയും ദേഹം തടിപ്പിക്കുന്നവയും തൃപ്തിയുണ്ടാക്കുന്നവയും ഹൃദ്യത്തിനു പ്രിയത്തെയും രുചിയെയും ദീപനത്തെയുമുണ്ടാക്കുന്നവയുമാകുന്നു. അവ വെള്ളാടാഹം, മൂർച്ഛ, ക്ഷീണം, ഭ്രമം, മരട്ടി എന്നീ രോഗങ്ങളെ കളയുന്നവയുമാകുന്നു. 421

+രസാളയെന്ന പായപ്പെട്ടന്ന വ്യഞ്ജനം ദേഹം തടിപ്പിക്കും. ബലമുണ്ടാക്കും. സ്നിഗ്ധതയുള്ളതാണ്. അതു തൃപ്തിയെയും രുചിയെയുമുണ്ടാക്കും. 422

തൈരിൽ വെല്ലംകൂട്ടി അതു ഭക്ഷിച്ചാൽ ദേഹത്തിൽ സ്നിഗ്ധതയുണ്ടാക്കും. പുഷ്ടിയത്തിനു പ്രിയമായിരിക്കും. വാതത്തെ നശിപ്പിക്കയും ചെയ്യും.

---

* രാഗഷാഡവങ്ങൾ പലമാതിരിയിലുണ്ട്. രത്നാകരത്തിലാകട്ടെ "അമ്ലമാത്രം തച്ചാ ഹീനം ദഗ്ദ്ധസ്നിഗ്ധം ഖണ്ഡിതം തനുഃ। ഭൃഷ്ടമാജ്യേ മനാഗസ്മാ ഖണ്ഡചൂർണേ യുക്തിതഃ. സുപകവാ സമുത്തീർണ്ണ മരിചൈലേന്ദുവാസിതം സ്ഥാപിതം സ്നിഗ്ധമൃൽപാത്രേ രാഗഷാഡവ സംജ്ഞിതം." എന്നാണ് കാണുന്നത്.

+ "അദ്ധ്യർദ്ധകസ്സുഖിരപക്ഷിതസ്യ ദദ്ധ്നഃ ഖണ്ഡസ്യ ഷോഡശപലാനി ശിഗ്രുടസ്യ। സർപ്പിഃ പലാ മധു പലം മരിചാ ദ്വികർഷം ശുണ്ഠ്യാഃ പലാർദ്ധമപി ചാർദ്ധപലാ വിധസ്യ। സൂക്ഷ്മേ പടേ സുവിമലേ മൃദുപാണിനൃഷ്ടാ കർപ്പൂരധൂളിസുരഭീകൃതപാത്രസംസ്ഥാ। ഏഷാ വൃഷ്യകരേതി സരസാ രസാളാ ന്യാസപാർദ്ധിതാ ഭഗവതാ മധുസൂദനേന" ॥ (തൈര്, കല്ലുണ്ടം, നെയ്യ്, പഴുത്ത തൈര്, തേൻ, കുരുമുളക്, ചുക്ക്, വെള്ളുള്ളി, പച്ച ഏലയ്ക്ക എന്നിവ ഇവകൊണ്ടുണ്ടാക്കുന്ന ഒരുതരം കൂട്ടാനെന്നു സാരം).

സക്തവഃ സപ്പിഷാഭ്യക്താഃ ശീതവാരിപരിപ്ലുതാഃ
നാതിദ്രവാ നാതിസാന്ദ്രാ മന്ഥ ഇത്യുപദിശ്യതേ. 424
മന്ഥഃ സദ്യോബലകരഃ പിപാസാശ്രമനാശനഃ. 425
സാമ്ലഃസ്നേഹദ്രവോ മൂത്രകൃച്ഛ്രോദാവർത്തനാശനഃ
ശക്രേക്ഷുരസദ്രാക്ഷായുക്തഃ പിത്തവികാരനുൽ. 426
ദ്രാക്ഷാമധുകസംയുക്തഃ കഫരോഗനിബർഹണഃ. 427
വർത്തുലയവണാപഹതോ മലദോഷാനുലോമനഃ. 428
ഗൌഡമമ്ലമനമ്ലം വാ പാനകം ഗുരു മൂത്രളം. 429
തദേവ ഖണ്ഡമൃദ്വീകാശർക്കരാസഹിതം പുനഃ

മലയ്പ്പാടിയിൽ നെയ്യു പുരട്ടി തണുത്തവെള്ളത്തിൽ കലക്കണം. അതു് അധികം കൊഴുപ്പുണ്ടാകയോ അധികം നേർത്തിരിക്കയോ അരുതു്. ഈ ദ്രവ്യത്തിന്നാണു് മന്ഥമെന്നു പേർ പറയുന്നതു്. മന്ഥം തല്ക്കാലത്തിൽ ദേഹബലമുണ്ടാക്കുന്ന വസ്തുവാണു്. വെള്ളംദാഹത്തെയും ക്ഷീണത്തെയും അതു തീർക്കും. താളിമാതളംപഴച്ചാറുകൂട്ടി പുളിരസമുണ്ടാക്കി നെയ്യും വെല്ലവും ചേർത്താൽ മേൽപറഞ്ഞ മന്ഥം മൂത്രകൃച്ഛ്രമെന്ന രോഗത്തെയും ഉദാവർത്തത്തെയും നശിപ്പിക്കും. പഞ്ചസാരയും കരിമ്പിൻചാറും മുന്തിരിങ്ങയും കൂട്ടിയ മന്ഥം പിത്തരോഗങ്ങളെ കളയും. മുന്തിരിങ്ങയും ഇരിപ്പപ്പൂവും കൂട്ടിയ മന്ഥം കഫരോഗത്തെ നശിപ്പിക്കുന്നതാണു്. മേൽപറയപ്പെട്ട പുളിയും, സ്നേഹദ്രവ്യവും, പഞ്ചസാരയും, മുന്തിരിങ്ങയും എന്ന മൂന്നുകൂട്ടവും, ചേർത്തിയ മന്ഥമാകട്ടെ, മലങ്ങളേയും, വാതാദിദോഷങ്ങളേയും അതാതിന്റെ ശരിയായ മാർഗ്ഗത്തിലാക്കി നേരെയാക്കുന്നതാണു്. 424-423

പാനകങ്ങൾ—വെല്ലം കലക്കിയുണ്ടാക്കിയ പാനകം. പെരുനാരങ്ങച്ചാറുകൂട്ടി അധികം പുളിരസമുണ്ടാക്കിയാലും കുറഞ്ഞൊന്നു പുളിരസം വരുത്തിയാലും ഗുരുത്വമുള്ളതായും മൂത്രത്തെ വർദ്ധിപ്പിക്കുന്നതായും ഇരിക്കുന്നതാണു്. 429

കൽക്കണ്ടം, മുന്തിരിങ്ങ, പഞ്ചസാര എന്നിവ കൂട്ടി പെരുനാരങ്ങച്ചാറും, ഒഴിച്ചുണ്ടാക്കിയ പാനകത്തിൽ കുരുമുളകു മുതലായ തീക്ഷ്ണദ്രവ്യങ്ങൾപൊടിച്ചിട്ടു കർപ്പൂരം പൊടിച്ചതും ചേർത്തി വാസന പിടിപ്പിച്ചു

സാമ്ലാ സതിക്ഷ്ണം സാഹിമം പാനകം സ്യാന്നിരത്യയമ്. 430
മാദ്ദ്വികന്തു ശ്രമഹരം മൂർച്ഛാദാഹതൃഷാപഹമ്. 431
പത്രൃഷ്കകാണാം കോലാനാം പൂദ്യം വിഷ്ടംഭി പാനകമ് 432
ദ്രവ്യസംയോഗസംസ്കാരം ജ്ഞാത്വാ മാത്രാശ്ച സർവ്വശഃ
പാനകാനാം യഥായോഗം ഗുരുലാഘവമാദിശേൽ. 433

ഇതി കൃതാന്നവർഗ്ഗഃ.

വക്ഷ്യാമ്യതഃ പരം ഭക്ഷ്യാൻ രസവീര്യ്യവിപാകതഃ. 434
ഭക്ഷ്യാഃ ക്ഷീരകൃതാ ബല്യാ വൃഷ്യാ പൂദ്യാഃ സുഗന്ധിനഃ
അദാഹിനഃ പുഷ്ടികരാ ദീപനാഃ പിത്തനാശനാഃ. 435

ഉപയോഗിച്ചാൽ ആക്കം എപ്പോഴും അതു ദേഹത്തിന്നു നല്ലതായിരിക്കുന്നതാണ്. 430

മുന്തിരിങ്ങയുടെ രസംകൊണ്ടുണ്ടാക്കിയ പാനകം ക്ഷീണത്തേയും മൂർച്ഛയേയും ദേഹത്തിൽ പുട്ടനീറലിനേയും വെള്ളംദാഹത്തേയും കളയുന്നതാണ്. 431

ചിറ്റീതലിൻപഴം, ലന്തപ്പഴം എന്നിവ ചേർത്തുണ്ടാക്കുന്ന പാനകം പുദയപ്രിയമുണ്ടാക്കുന്നതും വിഷ്ടംഭമുണ്ടാക്കുന്നതും ആകുന്നു. 432

പാനകത്തിൽ ചേർത്തുന്ന ദ്രവ്യങ്ങളേതെല്ലാമെന്നും അതു് എത്ര മാത്രം ചേർത്തുനാണെന്നും അവയെ പാകം ചെയ്യുന്നതെങ്ങിനെയാണെന്നും അറിഞ്ഞിട്ടു് അതാതിന്റെ അവസ്ഥക്കനുസരിച്ചു് ഏതു പാനകത്തിന്മേലായും ഗുരുത്വവും ലഘുത്വവും നിർണ്ണയിക്കേണ്ടതാകുന്നു. ()

ഇങ്ങിനെ കൃതാന്നവർഗ്ഗം കഴിഞ്ഞു.

പലഹാരവർഗ്ഗം.—ഇനിമേൽ ഭക്ഷ്യങ്ങൾ(പലഹാരങ്ങൾ, മിഠായികൾ)ളുടെ രസം, വീര്യം, വിപാകം എന്നിവയെ അനുസരിച്ചു് അതുകളിലുണ്ടാകുന്ന ഗുണഭേദങ്ങളെ പറവാൻ തുടങ്ങുന്നു:— 434

പാലിൽ ഉണ്ടാക്കുന്ന പലഹാരങ്ങൾ (പാലിൽ ഗോതമ്പുമാവും പഞ്ചസാരയും ചേർത്തിയുണ്ടാക്കുന്നതു്) പുദയപ്രിയമുണ്ടാക്കുന്നവയും സുഗന്ധമുള്ളവയും ബലത്തയും ശുക്ലത്തേയും വർദ്ധിപ്പിക്കുന്നവയും കഫത്തെ അധികമായി ഉണ്ടാക്കുന്നവയും ദേഹപുഷ്ടിയുണ്ടാക്കുന്നവയും ദീപനമുണ്ടാക്കുന്നവയും പിത്തത്തെ നശിപ്പിക്കുന്നവയും ആകുന്നു

തേഷാം പ്രാണകരാ പ്യുക്ത്യാ ഘൃതപൂരാഃ കഫാവഹാഃ
വാതപിത്തഹരാ വൃഷ്യാ ഗുരവോ രക്തമാംസളാഃ. 436
വ്യാഹന്യാ ഔഗുഡികാ ഭക്ഷ്യാ ഗുരുവാനിലനാശനാഃ
ആഭാഹിനഃ പിത്തഹരാഃ ശുക്ലളാഃ കഫവർദ്ധനാഃ. 437
മധുമസ്തകസംയാവാഃ പൂപാ ഹ്യേതേ വിശേഷിതാഃ

ക്ഷീരഭക്ഷ്യങ്ങളിൽവെച്ച *ഘൃതപൂരങ്ങൾ പുഷ്ടിയുപ്രിയമുണ്ടാക്കുന്നവയും കഫത്തേയും ദേഹശക്തിയേയും ഉണ്ടാക്കുന്നവയും വാതപിത്തങ്ങളെ നശിപ്പിക്കുന്നവയും ശുക്ലത്തെ വർദ്ധിപ്പിക്കുന്നവയും ദഹിക്കാൻ പ്രയാസമുള്ളവയും രക്തത്തേയും മാംസത്തേയും വർദ്ധിപ്പിക്കുന്നവയുമാകുന്നു. 436

മാപ്പൊടിയിൽ വെല്ലംകൂട്ടിയുണ്ടാക്കുന്ന പലഹാരങ്ങൾ (അടയും മറ്റും) ദേഹത്തിന്നു പുഷ്ടിയുണ്ടാക്കുന്നവയും വേഗം ദഹിക്കാത്തവയും വാതത്തെ നശിപ്പിക്കുന്നവയുമാകുന്നു. അവ കുറെ വിദാഹമുണ്ടാക്കും; പിത്തത്തെ കളയും; ശുക്ലത്തെയും കഫത്തേയും വർദ്ധിപ്പിക്കയും ചെയ്യും. 437

||മധുമസ്തകങ്ങൾ, §സംയാവങ്ങൾ എന്നി പലഹാരങ്ങൾ വിശേഷിച്ചും ഗുരുതപമുള്ളവയാണ്, ഇവ ദേഹം തടിപ്പിക്കയുംചെയ്യും. xമോദക

* ഘൃതപൂരം=പത്തുവിൻപാലും നാളികേരം ചുരണ്ടിയതും വെല്ലവുംകൂട്ടി ഗോതമ്പുപൊടി നല്ല വണ്ണം കുഴച്ചു വടകങ്ങളുണ്ടാക്കി നെയ്യിൽ മൂപ്പിച്ച പലഹാരം (“ഘൃതപൂരാംസ്തു ക്ഷീരനാരികേളഗുഡാദിഭിഃ। അഥവാഹ്യ ഘൃതേ പക്വാ ഘൃതപൂരോഽഭിധീയതേ.”)

|| “മധുതൈലഘൃതൈസ്തുല്യൈർമധ്യേ വേഷ്ടിതാഃ സമിതാശ്ചാഃ യാഃ। മധുമസ്തകമുദ്ദിഷ്ടം തസ്യാഖ്യാ പരിമാജ്ജനം” (ഗോതമ്പുമാവു് വളച്ചു ചുറ്റി നെയ്യിലോ എണ്ണയിലോ മൂപ്പിച്ചെടുത്തു് അതുമ്മേൽ തേനിലിട്ടു് ഉണ്ടാക്കുന്ന പലഹാരത്തിനു് മധുമസ്തകമെന്നു പേർ. തേൻകുഴൽ മുതലായതു് ഈ വർഗ്ഗത്തിൽപ്പെട്ടതെന്നു തോന്നുന്നു. ഇതിനു പരിമാജ്ജനമെന്നും പേരുണ്ടു്.)

§ “സംയാവാസ്തു ഘൃതപക്വാഃ ഗുഡഗോധൂമപാകജാഃ” (ഗോതമ്പുപൊടി വെല്ലവുംപാലുംകൂട്ടി നല്ലവണ്ണം കുഴച്ചുരുട്ടി കൽക്കണ്ടപാവുകാച്ചിയതും നെയ്യും കലർന്നതിലിട്ടു് വേവിച്ചെടുത്തു് പുതിയ ചൺപാത്രത്തിലാക്കി കല്ക്കണ്ടവും പച്ചരിയും കരുമുളകും മുകളിൽ പൊടിച്ചു വിതറിവെക്കുക; ഇതു സംയാവമാകുന്നു)

x നെയ്യും പഞ്ചസാരയും കൂട്ടിയുണ്ടാക്കുന്ന ലാഡുക്കളും—കൊഴുക്കട്ടകളും.

ഗുരവോ ബൃംഹണാശ്ചൈവ മോദകാസ്തു സുതർജ്ജരാഃ 438
രോചനാ ദീപനഃ സപ്തഃ പിത്തശ്ലേഷ്മ പവനാപഹഃ
ഗുരുർമ്മൂഷ്ടതമശ്ചൈവ സട്ടകഃ പ്രാണവർദ്ധനഃ. 439
പൂർത്യഃ സുഗന്ധിർമ്മധുരഃ സ്നിഗ്ദ്ധഃ കഫകരോ ഗുരുഃ
വാതാപഹസ്തുപ്തികരോ ബല്യാ വിഷ്യന്ദനഃ സൂതഃ. 440
ബൃംഹണാ വാതപിത്തഘ്നാ ഭക്ഷ്യാ ബല്യാ സ്വസാമിതാഃ

ങ്ങൾ എന്ന ജാതി പലഹാരങ്ങൾ എല്ലാവരും ഭക്ഷിക്കാൻ വിശ്വാസമുള്ളവ 438
യാകുന്നു.

ഗുസട്ടകങ്ങൾ എന്നു പറയപ്പെടുന്ന പലഹാരങ്ങൾ രുചിയുണ്ടാ
ക്കും. സ്വരം നന്നാക്കും. ദീപനംചെയ്യും. പിത്തശ്ലേഷ്മങ്ങളെയും വാത
ത്തെ നശിപ്പിക്കും. ഗുരുത്വമുള്ളവയും തിന്നാൽ സ്വാദു നല്ലവണ്ണമുള്ള
വയും ബലം വർദ്ധിപ്പിക്കുന്നവയുമാകുന്നു*. 439

ഗുവിഷ്യന്ദമെന്നു പറയപ്പെടുന്ന ഭക്ഷ്യം ശ്രേഷ്ഠപ്രിയമായിരിക്കും.
സുഗന്ധവും മധുരവുമുള്ളതാണ്. അതു സ്നിഗ്ദ്ധവും കഫമുണ്ടാക്കുന്നതും
വേഗം ദഹിക്കാത്തതുമാകുന്നു. അതു വാതശ്ലേഷ്മങ്ങളെയും. തൃപ്തിയുണ്ടാ
ക്കും. ബലം വർദ്ധിപ്പിക്കയും ചെയ്യും. 440

ഗോതമ്പുപൊടികൊണ്ടുണ്ടാക്കുന്ന മിക്ക(സാമിത)ഭക്ഷ്യങ്ങളും ശ്ലേ
ഷ്മം തടിപ്പിക്കും. വാതപിത്തങ്ങളെ കളയും. ബലത്തെ വർദ്ധിപ്പിക്കുന്ന
വയുമാണ്.

---

* "ലവംഗവ്യോഷഖണ്ഡസ്യ ഘൃനിർഭൃഷ്ടസ്യ ഗാളിതാ, പക്വാ ഭക്ഷ്യരസാഢ്യാ
കൃതാ ചന്ദ്രാ സ്സ്നാവ പൂർണ്ണിതാ, സട്ടകാ സൂചഭോജ്യാഖ്യാ നളാദിഭിരുദാഹൃതാ" (ലവംഗവ്യ
ട്ടി, വ്യഷ്, ശുദ്ധി, തിപ്പലി, കല്ലുപ്പ് ഇവ പൊടിച്ചു തെരിലിട്ട് ഉരുട്ടിച്ചെടുത്തരിച്ചു് താ
ളിനാളത്തിലുരുവിൽ തിളപ്പിച്ചു് അറിയാൽ അല്പം പച്ചക്കർപ്പൂരം പൊടിച്ചിട്ടു് ഉ
പയോഗിക്കണം. ഇതു സൂചഭോജ്യമെന്ന പേരുള്ള സട്ടകമാകുന്നു. ഇനിയും പലവിധ
ത്തിൽ സട്ടകങ്ങളുണ്ടു")

* ചിലടത്തെ പക്ഷത്തിൽ ഇതു കടുഹരമാണെന്നുമുണ്ടു്.

§ "അമൃതഗാധൂമപൂർണ്ണാഖ്യ സ്ത്രീകഫീരസമന്വിതാ, നാതിസാന്ദ്രാ നാതിതനു
വിഷ്യന്ദാ നാമ നാമതഃ" (ഗോതമ്പുപൊടിയിൽ പാലും നെയ്യും കൂട്ടിക്കുഴച്ചു് അല്പം പ
ഞ്ചസാരകൂട്ടി അധികം കൊഴുത്തതും നേർത്ത കട്ടിയും അല്ലാത്ത വിധം ഉരുട്ടി ഉപയോഗി
ക്കുന്നതു് 'വിഷ്യന്ദ്' ആകുന്നു.)

പ്രത്യാഢ പഥ്യതമാഃസൂഷ്മാം ലഘവീ ഫേനകാഭയാ. 441

മുദ്ഗാദിവേശവാരാണാം പൂർണ്ണാ വിഷ്ടംഭിനോ മതാ.

വേശവാനരേ സപിശിതൈഃ സാപൂർണ്ണാ ഗുരുബൃംഹണാ. ().

പാലലാഢ ശ്ലേഷ്മജനനാഃ ശഷ്കുല്യഃ കഫപിത്തളാഃ. 443

വിഷ്ടംഭ്യഭിഷ്യന്ദിന്യഃ കഫപിത്തപ്രകോപണ്യഃ

വിദാഹിന്യോ നാതിബലാ ഗുരവശ്ച വിശേഷതഃ. 444

---

*ഫേനകമെന്ന പറയുന്ന പലഹാരം തേലായതു തേൽപറഞ്ഞ സാമിതപദാർത്ഥങ്ങൾ പൊട്ടുതാണു്. എങ്കിലും അവ വേഗത്തിൽ ഉറച്ചിരിക്കും. വൃദുവുമായിരിക്കും. പിന്നാവും പഥ്യമായിട്ടുള്ളവയുമാകുന്നു.

മേൽ പറഞ്ഞ ശോതനുപലഹാരങ്ങൾക്കുള്ളിൽ പെരുപയറു മുതലായതു കൊണ്ടുണ്ടാക്കുന്ന വേശവാരം നിറച്ചുണ്ടാക്കുന്നതായാൽ അവ വിഷ്ടംഭമുണ്ടാക്കുന്നവയായിരിക്കും. മാംസരസത്തോടു കൂട്ടിയുണ്ടാക്കുന്ന വേശവാരം ഉള്ളിൽ നിറച്ചിട്ടുള്ള പലഹാരങ്ങൾ ഗുരുതരമുള്ളവയും ദേഹം തടിപ്പിക്കുന്നവയുമാകുന്നു. 442

പാലലങ്ങളെന്നു പറയപ്പെടുന്ന *ഭക്ഷ്യങ്ങൾ കഫത്തെ ഉണ്ടാക്കുന്നവയാകുന്നു. ×ശഷ്കുലികൾ കഫത്തേയും പിത്തത്തേയുമുണ്ടാക്കുന്നു. അരിമാവുകൊണ്ടുണ്ടാക്കുന്ന പലഹാരങ്ങൾ ഉഷ്ണവീര്യങ്ങളാണു്. കഫത്തേയും പിത്തത്തേയും കോപിപ്പിക്കും. വിദാഹത്തെ ഉണ്ടാക്കും. കുറഞ്ഞോന്നു ദേഹബലമുണ്ടാക്കും. വിശേഷിച്ചും ഗുരുവായിരിക്കയും ചെയ്യും. 443-444

---

†"വൈദ്യൈ പിഷ്ടമയാ ശുക്ലാം സമിതാം നാതിശർക്കരാം. നിർമ്മ യ പൂപികാം സംസ്കൃ ക്തിരപാകം വൃതേ പചേൽ. പിഷ്ടകം ഫേനകം രാമ ഫേനവൽ ശർക്കരാന്വിതം" (ശുദ്ധമായ കോതമ്പുമാവു് അല്പം ശർക്കരകൂട്ടിക്കുഴച്ചു് അപ്പമുണ്ടാക്കി നെയ്യിൽ പൊരിച്ചെടുക്കുന്ന വെളുത്ത പലഹാരത്തിനു ഫേനകമെന്നു പേർ.).

‡ പെരുപയറു മുതലായതു വേവിച്ചു വെല്ലം കൂട്ടിയരച്ചു മുളകും തിപ്പലിയും നെയ്യും കൂട്ടിയുണ്ടാക്കുന്നതിനും വേശവാരമെന്നു പേരുണ്ടു്.

* ധാന്യങ്ങളുടെ പൊടിയും മുതിരപൊടിയും വെല്ലവും കൂട്ടിയുണ്ടാക്കുന്ന ഒരു മാതിരി പലഹാരം.

× മലയാളത്തിലെ "മുക്കാ"നു് ഇതെന്നു ചിലർ പറയുന്നു. ജിലേപിയെന്ന പദാർത്ഥമായിരിക്കുമെന്നു തോന്നുന്നു. ബാകാളികും ഇതിനെ ലൂപിയെന്നും കച്ചൂരിയെന്നും തർജ്ജമചെയ്യുന്നു.

നൈവേദ്യാ ലാലയേ വാ ഭക്ഷ്യാ കഷ്ടായാഃ സൂക്ഷ്മമാരുതാഃ
വിഷ്ടംഭിനഃ പിത്തസമാഃ ശ്ലേഷ്മഘ്ന്യാ ഭിന്നവച്ഛസഃ. 445
ബല്യാ വൃഷ്യാസ്തു ഗുരവോ വിജ്ഞേയാ മാഷസാധിതാഃ. 446
കൃച്ഛ്രികാ വികൃതാ ഭക്ഷ്യാ ഗുരവോ നാതിപിത്തളാഃ. 447
വിഷ്ടഭകൃതാ ഭക്ഷ്യാ ഗുരവോ നിലപിത്തളാഃ
വിദാഹോരക്ലേശജനനാ രൂക്ഷാ ദൃഷ്ടിപ്രസാദനാഃ. 448
ഘൃത്യാഃ സുഗന്ധിനോ വൃഷ്യാ ലാലയോ ഹൃതപാചിതാഃ
വാതപിത്തഹരാ ബല്യാ വർണ്ണദൃഷ്ടിപ്രസാദനാഃ. 449
വിദാഹിനശ്ചസ്നുലകൃതാ ഗുരവഃ കടുപാകിനഃ

നൈവേദ്യങ്ങളായ ഭക്ഷ്യങ്ങൾ (ചെറുപയർ, കടല മുതലായ പരു പ്പുകൊണ്ടുണ്ടാക്കുന്ന പലഹാരങ്ങൾ) വേഗം ദഹിക്കും. അവയുടെ രസം ചവർപ്പാകുന്നു. വായുവിനെ ശമിപ്പിക്കും. വിഷ്ടംഭമുണ്ടാക്കും. പിത്തത്തെ വർദ്ധിപ്പിക്കും (ഇതു എണ്ണയിലുണ്ടാക്കിയതിനെ മാത്രം സംബന്ധിക്കുന്നു). കഫത്തെ നശിപ്പിക്കും. മലത്തെ ഇളക്കുകയും ചെയ്യും. ()

ഉഴുന്നുപലഹാരങ്ങൾ ബലമുണ്ടാക്കും. ശുക്ലം വർദ്ധിപ്പിക്കും. വേഗം ദഹിക്കയില്ല. പാല് പെരുന്നിക്കട്ടപിടിച്ച് കുറുക്കിക്കൊഴുപ്പിച്ചതുകൊണ്ടുണ്ടാക്കുന്ന പലഹാരങ്ങൾ ഗുരുത്വമുള്ളവയും അധികം പിത്തമുണ്ടാക്കാത്തവയും ആകുന്നു. 446-447

മുളച്ചുവരുന്ന അവസരത്തിൽ ആ ധാന്യങ്ങളെക്കൊണ്ടുണ്ടാക്കുന്ന പലഹാരങ്ങൾ വേഗം ദഹിക്കയില്ല. വാതത്തേയും പിത്തത്തേയും വർദ്ധിപ്പിക്കും. വിദാഹത്തേയും ഉൽക്ലേശ(മനംപിരട്ടൽ, മലംപോണമെന്നുതോന്നൽ)ത്തേയുമുണ്ടാക്കും. അവയ്ക്കു രൂക്ഷസ്വഭാവമാണുള്ളത്. അവ കണ്ണിനു കേടുണ്ടാക്കുകയും ചെയ്യും. 448

നെയ്യിലുണ്ടാക്കുന്ന പലഹാരങ്ങൾ ഹൃദ്യപ്രിയങ്ങളാകുന്നു. അവ സുഗന്ധമുള്ളവയും ശുക്ലത്തെ വർദ്ധിപ്പിക്കുന്നവയും വേഗം ദഹിക്കുന്നവയും വാതപിത്തങ്ങളെ കളയുന്നവയും ബലമുണ്ടാക്കുന്നവയും വർണ്ണത്തേയും കണ്ണിനേയും തെളിയിക്കുന്നവയുമാകുന്നു. 449

എണ്ണയിലുണ്ടാക്കുന്ന പലഹാരങ്ങൾ വിദാഹമുണ്ടാക്കും. വേഗം ദഹിക്കയില്ല. പാകത്തിൽ എരുവുള്ളവയായിരിക്കും. ഉഷ്ണവീര്യങ്ങളും

ഉഷ്ണാ മാരുതദൃഷ്ടിഘ്നാഃ പിത്തളാസൃക്പ്രദൂഷണാഃ. 450
ഫലമാംസേക്ഷുവികൃതിരിലമാഷോപസംസൃതാഃ
ഭക്ഷ്യാ ബല്യാസ്തു ഗുരവോ ബൃംഹണാ ഹൃദയപ്രിയാഃ. 451
കപാലാംഗാരപക്വാസ്തു ലഘവോ വാതകോപനാഃ
സുപക്വാസ്തുനവത്വാപി ഭൃയിഷ്ഠം ലഘവോ മതാഃ. 452
സകിലാടാദയോ ഭക്ഷ്യാ ഗുരവഃ കഫവർദ്ധനാഃ. 453
കുല്മാഷാ വാതളാ രൂക്ഷാ ഗുരവോ ഭിന്നവർച്ചസഃ. 454
ഉദാവർത്തഹരോ പാട്യഃ കാസപീനസമേഹനുത്. 455

ണ്ട്, വാതത്തെ നശിപ്പിക്കും. പിത്തത്തെ ഉണ്ടാക്കും. രക്തത്തിനും ദൃഷ്ടിക്കും കേടുണ്ടാക്കുകയും ചെയ്യും. 450

കായകനുകൊണ്ടും മാംസംകൊണ്ടും കരിമ്പിൻനീരുകൊണ്ടുണ്ടാക്കുന്ന പഞ്ചസാര മുതലായതുകൊണ്ടും എള്ളുകൊണ്ടും ഉഴുന്നുകൊണ്ടും ഉണ്ടാക്കുന്ന പലഹാരങ്ങൾ ബലത്തെ വർദ്ധിപ്പിക്കയും ദേഹം തടിപ്പിക്കയും ഹൃദയപ്രിയമുണ്ടാക്കുകയും ചെയ്യും. രണ്ടു ദിവസം കഴിഞ്ഞുവയുമാകുന്നു. 451

മണ്ണുകൊണ്ടുള്ള പാത്രങ്ങളുടെ ഓട്ടിൽ ഇട്ടുവേവിച്ചുണ്ടാക്കുന്നവയും കനലിന്മേൽവെച്ചു ചുട്ടെടുക്കുന്നവയുമായ പലഹാരങ്ങൾ വേഗം ദഹിക്കുന്നവയും വാതത്തെ കോപിപ്പിക്കുന്നവയും ആകുന്നു.

നല്ലവണ്ണം വെന്തിട്ടുള്ളതും ഘനം കുറഞ്ഞിരിക്കുന്നവയുമായ പലഹാരങ്ങൾ അതിവേഗത്തിൽ ദഹിക്കുന്നവയാകുന്നു. 452

*കിലാടം മുതലായതു ചേർത്തുണ്ടാക്കുന്ന ഭക്ഷ്യങ്ങൾ വേഗം ദഹിക്കാത്തവയും കഫം വർദ്ധിപ്പിക്കുന്നവയുമാകുന്നു. 453

†കുല്മാഷങ്ങൾകൊണ്ടുണ്ടാക്കിയ ഭക്ഷ്യങ്ങൾ വാതത്തെ വർദ്ധിപ്പിക്കും, ഗുരുക്കളും രൂക്ഷങ്ങളുമാകുന്നു, മലത്തെ ഇളക്കിക്കളകയും ചെയ്യും.

വൻതരത്തയവംകൊണ്ടുണ്ടാക്കിയ ഭക്ഷ്യങ്ങൾ (പാട്യങ്ങൾ) ഉദാവർത്തത്തെ ശമിപ്പിക്കും. കാസം, പീനസം, പ്രമേഹം എന്നീ രോഗങ്ങ

---

* "നഷ്ടദുഷ്ടാസൃ പകസ്യ പിണ്ഡാ ശ്ലോകസ്തു കിലാടകഃ." (പെരുന്നിയപാഷ്യം കൂടുകിക്കുട്ടിയാക്കിയതു കിലാടം)

† "അർദ്ധസിദ്ധസ്യ ഗോധൂമാ അന്നേ ച ഘനകാദയഃ കുല്മാഷാ ഇതി കഥ്യന്തേ." (മേളനത്തോ കടലുയാ മുതലാ പാകതിവേയിച്ചുടുത്താൽ അതു കുല്മാഷം)

ധാനാലുംബാസ്യ ലഘവഃ കഫമേദോവിശോഷണാഃ. 456
സക്തവോ ബൃംഹണാ വൃഷ്യാസ്സുഷ്ണാപിത്തകഫാപഹാഃ
പീതാഃ സദ്യോ ബലകരാ ഭേദിനഃ പവനാപഹാഃ. 457
ഗുഡ്വീ പിണ്ഡീ ഖരാത്യുത്ഥം ലഘ്വീ സൈവ വിപര്യ്യയാൽ
സകൃന്നാമാശു ജീര്യ്യേത മൃദ്വതാദവലേഹികാ. 458
ലാജാഃ ഛർദ്ദ്യതിസാരഘ്നാ ദീപനാഃ കഫനാശനാഃ. 459
ബല്യാഃ കഷ്ടായമധുരാ ലഘവസ്സുമലാപഹാഃ. 460
തുട് ഛർദ്ദിദാഹഘർമ്മാത്തിനുദസ്സുസക്തവോ മതാഃ

ളെ നശിപ്പിക്കയും ചെയ്യും. വറുത്ത യവവും (ഊമൻമലർ, ധാനാ), വറുത്ത ചെറുപയറ്, കടല* മുതലായതും (ഉലുംബം) വേഗം ദഹിക്കുന്നവയും കഫത്തെയും മേദസ്സിനെയും കുറയ്ക്കുന്നവയുമാകുന്നു. ()

യവം വറുത്തു പൊടിച്ചു വെള്ളത്തിൽ കലക്കിയതു (സക്തു=യവമലർപ്പൊടി) ദേഹം തടിപ്പിക്കും. ശുക്ലം വർദ്ധിപ്പിക്കും. വെള്ളംദാഹത്തെയും പിത്തത്തെയും കഫത്തെയും നശിപ്പിക്കും. അതു കുടിച്ച ഉടനെ തല്ക്കാലം ദേഹത്തിനു ബലമുണ്ടാക്കും. മലശോധന വരുത്തും. വായുവിനെ നശിപ്പിക്കയും ചെയ്യും. 457

ആ മലർപ്പൊടിതന്നെ കുഴച്ചു് അതികഠിനമായി ഉരുട്ടിയ ഉരുള (പിണ്ഡീ) വേഗം ദഹിക്കയില്ല. വെള്ളം കൂട്ടിക്കലക്കി മൃദുവാക്കി ഉരുട്ടിയാൽ അതുതന്നെ ലഘുവായിത്തീരുകയും ചെയ്യും. യവമലർപ്പൊടിയെ ചാലിച്ചു നക്കുന്നതിനുള്ള പാകത്തിലാക്കിയാൽ അതു (അവലേഹിക) മൃദുവാകയാൽ വേഗത്തിൽ ദഹിക്കുന്നതായിരിക്കും. 458

നെല്ലിൻമലർ ഛർദ്ദി, അതിസാരം, എന്നിവയെ നശിപ്പിക്കും. ദീപനമുണ്ടാക്കും. കഫത്തെ നശിപ്പിക്കും. ബലമുണ്ടാക്കും. അതിന്റെ രസം ചവർപ്പും മധുരവുമാകുന്നു. വേഗം ദഹിക്കും. വെള്ളംദാഹത്തെ ശമിപ്പിക്കും. മലത്തെ കുറയ്ക്കുകയും ചെയ്യും. 459—460

നെല്ലിന്റെ മലർ പൊടിച്ചതു് വെള്ളം ദാഹം, ഛർദ്ദി, ചുട്ടുനീറൽ, ദേഹത്തിൽ അതിയായ വിയർപ്പു്, അംഗങ്ങൾക്കു വേദന എ

---

* ചെറുപയറ്, കടല മുതലായതിന്റെ കോച്ചിൽ വരുന്നതു് ഉലുംബമെന്നു പേരോടുകൂടിയതാകുന്നു എന്നും വ്യാഖ്യാനമുണ്ടു്.

രക്തപിത്തഹരാശ്ചൈവ ദാഹജ്വരവിനാശനാഃ. 461
പൃഥുകാഗുരവഃ സ്നിഗ്ധാ ബൃംഹണാഃ കഫവർദ്ധനാഃ
ബല്യാഃ സക്ഷീരഭാവാൽ തു വാതഘ്ന്യോ ഭിന്നവർച്ചസഃ. 462
സുദുജ്ജരഃ സ്വാദുരസോ ബൃംഹണസ്സുണ്ഡുലോ നവഃ. 463
സന്ധാനകൃന്മേഹഹരഃ പുരാണസ്സുണ്ഡുലഃ സ്മൃതഃ. 464
യദാ കാരണമാസാദ്യ ഭോക്തൃണാം ഛർദ്ദതോപി വാ
ഭക്ഷ്യാദയഃ പ്രകുപ്യന്തി സ്യുസ്തദാ സുനിപുണോ ഭിഷക്.
ദ്രവ്യസംയോഗസംസ്കാരവികാരാൻ സമവേക്ഷ്യ തു
അനേകദ്രവ്യയോനിത്വാച്ഛാസ്ത്രതസ്താൻ വിനിർദ്ദിശേൽ. 465

ഇതി ഭക്ഷ്യവർഗ്ഗഃ.

ന്നീ രോഗങ്ങളെ ശമിപ്പിക്കും. അവ രക്തപിത്തത്തെ നശിപ്പിക്കയും ദാഹജ്വരത്തെ ശമിപ്പിക്കയും ചെയ്യും. 461

അവിലുകൾ വേഗം ദഹിക്കയില്ല. സ്നിഗ്ധതയുള്ളവയാകുന്നു. അവ ദേഹത്തെ തടിപ്പിക്കും. കഫത്തെ വർദ്ധിപ്പിക്കയും ചെയ്യും. അവിൽ പാലിലിട്ടു സേവിച്ചാൽ അതു ദേഹത്തിന്നു ബലം വരുത്തുകയും വാതത്തെ നശിപ്പിക്കയും മലത്തെ ഇളക്കുകയും ചെയ്യുന്നതാണു്. 462

പുതിയ നെല്ലിന്നരി ദഹിക്കാൻ വിഷമമുള്ളതാണു്. അതിന്റെ രസം മധുരമാകുന്നു. അതു ദേഹത്തെ തടിപ്പിക്കയും ചെയ്യും. പഴയ നെല്ലിന്നരി ദേഹത്തിലുണ്ടാകുന്ന മുറിവുകളെ തമ്മിൽ കൂട്ടാനുള്ള ശക്തിയുള്ളതും പ്രമേഹത്തെ നശിപ്പിക്കുന്നതുമാകുന്നു. 463—464

നാം നിത്യം കഴിക്കുന്ന ആഹാരങ്ങളിൽ അനേകം വിധത്തിലുള്ള പദാർത്ഥങ്ങൾ കലർന്നിരിക്കുന്നതുകൊണ്ടു വൈദ്യൻ ചികിത്സാവേളകളിൽ രോഗികളാവശ്യപ്പെടുന്ന ആഹാരങ്ങളുടെ സ്വരൂപങ്ങളേയും അവക്കു കൊടുക്കുന്ന അന്നങ്ങളിൽ ചേരുന്ന ദ്രവ്യങ്ങളുടേയും ആ ദ്രവ്യങ്ങളിൽ ചെയ്യുന്ന സംസ്കാരത്തിന്റേയും രോഗത്തിങ്കലുള്ള ദോഷകോപങ്ങളുടെയും സ്വഭാവത്തെ നല്ലവണ്ണം ആലോചിച്ചിട്ടു് ശാസ്ത്രപ്രകാരം അവക്കു പഥ്യമായ അന്നത്തെ നിശ്ചയിച്ചുകൊടുക്കേണ്ടതാകുന്നു. 465

ഇങ്ങിനെ പലഹാരവർഗ്ഗം കഴിഞ്ഞു.

(ഗ). അതഃ സർവ്വാന്നപാനാന്നവിധമക്ഷ്യാമഃ. 466

(ഘ). അമ്ലേന കേചിദ്രിഹതാ മനുഷ്യാ
മാധുര്യയോഗേ പ്രണയീഭവന്തി;
തഥാമ്ലയോഗേ മധുരേണ തൃപ്താ-
സ്സ്നിഗ്ധാ യഥേഷ്ടം പ്രവദന്തി പഥ്യം. 467
ശീതോഷ്ണതായാസവമദ്യയൂഷ-
ഫലാമ്ലധാന്യാമ്ലപയോരസാനാം;
യസ്യാന്നപാനസ്യ ഹിതം ഭവേദ്യ-
ത്തസ്മൈ പ്രദേയന്തിഹ മാത്രയാ തൽ. 468
വ്യാധിഞ്ച കാലഞ്ച വിഭാവ്യ ധീരൈ-
ർദ്രവ്യാണി ഭോജ്യാനി ച താനി താനി. 469
സർവ്വാന്നപാനേഷു വരം വദന്തി

ഇനി എല്ലാവിധം അന്നപാനങ്ങളേയും പറയാം.— 466

പുളിരസമുള്ള പദാർത്ഥങ്ങൾ തിന്നു ചെടിച്ചിട്ടു് (തൃപ്തിയായിട്ടു്) ചിലർ മധുരരസമായ വല്ലതും കിട്ടിയാൽ കൊള്ളാമെന്നാഗ്രഹിക്കുന്നു. അപ്രകാരം തന്നെ മധുരത്തിൽ ചെടിപ്പു വന്നിട്ടുള്ള ചിലർ പുളി വേണമെന്നു് ആഗ്രഹിക്കുന്നു. ഈ രണ്ടു കൂട്ടർക്കും അവരവരുടെ ഇഷ്ടമുള്ള അതാതു രസങ്ങളെ ഉപയോഗിക്കാൻ കൊടുക്കുന്നതു നല്ലതായിരിക്കും.

തണുത്തവെള്ളം, ചൂടുവെള്ളം, ആസവം(Wine), മദ്യം (Spirit), യൂഷം, മാംസരസം പുളിപ്പുള്ള കായകറി, കാടി, പാൽ എന്നിവയാണു് ഭക്ഷണത്തിനു മേലെ കുടിക്കാനുള്ള വസ്തുക്കൾ(അന്നപാനങ്ങൾ). ഈ കൂട്ടത്തിൽ ഏതൊരു വസ്തു ഏതൊരുത്തനു നല്ലതായിരിക്കുന്നുവൊ അതിനെ അവനു അന്നപാനത്തിനു കൊടുക്കണം. എന്നാൽ അവന്റെ വ്യാധിയും കാലവും അവൻ കഴിച്ചിട്ടുള്ള ഭക്ഷണത്തിന്റെ സ്വഭാവവും നല്ലവണ്ണം ആലോചിച്ചറിഞ്ഞു് അതാതിനു പഠിയപ്പിധത്തിലും കണക്കുപോലെയും മാത്രമെ അങ്ങിനെ കൊടുക്കാൻ പാടുള്ളൂ. 468—469

ആകാശത്തിൽനിന്നു വീഴുന്നസമയം ശുചിയായ ഒരു പാത്രത്തിൽ പിടിച്ചു ശുദ്ധമായി സൂക്ഷിച്ചിട്ടുള്ള ആ ദിവ്യജലം മറ്റുള്ള അ

മേധ്യം യദംഭഃ ശുചിഭാജനസ്ഥമ്;
ലോകസ്യ ജന്മപ്രഭൃതി പ്രശസ്തം
തോയാത്മകാഃ സർവ്വരസാശ്ച ദൃഷ്ടാഃ. 470
സംക്ഷേപ ഏഷോഭിഹിതോന്നപാനേ-
ഷ്വതഃപരം വിസ്തരതോ വിധാസ്യേ. 471
ഉഷ്ണോദകാന്നപാനന്തു സ്നേഹാനാമഥ ശസ്യതേ
ജ്ഞതേ ഭല്ലാതകസ്നേഹാൽ സ്നേഹാൽ തൈവരകാൽ തഥാ. 472
അന്നപാനം വദന്ത്യേകേ തൈലേ യൂഷാമ്ലകാഞ്ജികേ. 473
ശീതോദകം മാക്ഷികസ്യ പിഷ്ടാന്നസ്യ ച സർവ്വശഃ
ദധിപായസമദ്യാത്തിവിഷജുഷ്ടേ തഥൈവ ച. 474

ന്നപാനങ്ങളിലൊക്കയിലും വെച്ചു ശ്രേഷ്ഠമായിട്ടുള്ളതാണെന്നു പറയപ്പെടുന്നു. എന്തുകൊണ്ടെന്നാൽ, ജലം ലോകത്തിൽ ആക്കം ജനനം മുതൽക്കെ ഉപയോഗിച്ചു പിടിത്തം വന്നിട്ടുള്ളതാണ്. എന്നുമാത്രമല്ല, മധുരം മുതലായ എല്ലാ രസങ്ങളും ജലസപ്തരൂപങ്ങളായിട്ടാണെല്ലൊ ഇരിക്കുന്നത്. 470

അന്നപാനക്രമങ്ങളെപ്പറ്റി ഇപ്പോൾ പറഞ്ഞത് ഒരു സംക്ഷേപം മാത്രമാണ്. ഇനി മേൽ വിസ്തരിച്ചുപറവാൻ തുടങ്ങുന്നു.—471

ചേരെണ്ണയും മരവെട്ടി*എണ്ണയും ഒഴിച്ചു ബാക്കി എള്ളെണ്ണയും എരു നെയ്യും എന്നുമാത്രമല്ല, എരു മെഴുക്കുള്ള പദാർത്ഥവും അകത്തെക്കു കഴിച്ചാൽ മേലെ അന്നപാനം ചെയ്യേണ്ടതിന്നു തിളച്ചവെള്ളം നല്ലതാകുന്നു. 472

ഭക്ഷണത്തോടുകൂടി അധികം എണ്ണ ചെലുത്തീട്ടുണ്ടെങ്കിൽ ശീതകാലത്തു പുളിച്ച കാടിയും ഉഷ്ണകാലത്തു യൂഷവും അന്നപാനം ചെയ്യുന്നതു നല്ലതാണെന്നു ചിലരഭിപ്രായപ്പെടുന്നു. 473

തേൻ കഴിച്ചാലും അരിമാവുകൊണ്ടുണ്ടാക്കിയ ഭക്ഷ്യങ്ങളെന്തു തിന്നാലും, തൈർ, പാൽപായസം എന്നിവ സേവിച്ചാലും, വിഷം നിമിത്തം മോഹാലസ്യം ആരംഭിച്ചവർക്കും, മദ്യം സേവിച്ചതിനാൽ രോഗം പിടിപെട്ടിട്ടുള്ളവർക്കും അന്നപാനം ചെയ്യാൻ തണുത്ത വെള്ളമാണ് നല്ലത്. 474

---

* ചേരൊണ്ണയും മരവെട്ടിഎണ്ണയുമുള്ള അന്നപാനം അശ്ശ്മികൃത്സിതത്തിൽ പ്രസ്താവിച്ചുകാണുന്നുണ്ട്.

കേചിൽ പിഷ്ടമയസ്യാഹുരനുപാനം സുഖോദകമ്. 475
പയോ മാംസരസോ വാപി ശാലിമുദ്ഗാദിഭോജിനാമ്
യുദ്ധാധ്വപാതപസന്താപവിഷമദ്യൃതുജാസു ച. 476
മാഷാദേരനുപാനന്തു ധാന്യാമ്ലം ദധി മസ്തു വാ. 477
മദ്യം മദ്യോചിതാനാന്തു സർവ്വമാംസേഷു പൂജിതമ്. 478
അമദ്യപാനാമുദകം ഫലാമ്ലം വാ പ്രശസ്യതേ. 479
ക്ഷീരം ഘൃമ്മാധ്വഭാഷ്യസ്ത്രീക്ഷീണാനാമമൃതോപമമ്. 480
സുരാ കൃശാനാം സ്ഥൂലാനാമനുപാനം മധൂദകമ്. 481

അരിമാവുകൊണ്ടുള്ള ഭക്ഷണദ്രവ്യങ്ങൾക്കു് ഇളംചൂടാറ്റുകുടിയ്ക്കുവാൻ വെള്ളമാണു് തക്കതായ അനുപാനമെന്നു ചിലർ പറയുന്നു. 475

ശാലിയരി ഊണു കഴിഞ്ഞാലും പെരുപയറു വേവിച്ചതു കഴിച്ചവക്കും മേലെ അനുപാനത്തിനു പാലോ മാംസരസമോ ആണു് നല്ലതു്.

യുദ്ധം ചെയ്കയാലോ ദീർഘയാത്ര ചെയ്കയാലോ വെയിൽ കൊള്ളുകയാലോ തിയ്യിനടുത്തിരിക്കയാലോ ക്ഷീണിച്ചു വശായിട്ടുള്ള ജനങ്ങൾക്കും അപ്രകാരം തന്നെ വിഷത്തിന്റെ ശക്തികൊണ്ടും മദ്യം കുഴിച്ചു് അധികം ലാഹരിപിടിക്കുകൊണ്ടും അപകടത്തിലായിട്ടുള്ളവക്കും മേൽപറഞ്ഞ വിധം പാലോ മാംസരസമോ അനുപാനം ചെയ്യുന്നതു നല്ലതാണു്. 476

ഉഴുന്നു മുതലായതു സേവിച്ചാൽ അതിനനുപാനമായിട്ടു കുടിക്കേണ്ടതു് കാടിയോ തൈർവെള്ളമോ ആകുന്നു. 477

പിത്തമാംസം കഴിച്ചാലും മദ്യം ശീലിച്ചവക്കു് അതുതന്നെ നല്ലൊരനുപാനമായിരിക്കുന്നതാണു്. മദ്യം ശീലിച്ചിട്ടില്ലാത്തവക്കു മാംസം കഴിച്ചതിനു മേലെ വെറും തണുത്ത വെള്ളവും പുളിരസമുള്ള താളിമാതളങ്ങ മുതലായതിന്റെ രസവും മദ്യത്തിനു പകരം അനുപാനത്തിനെടുക്കാവുന്നതാണു്. 478-479

വെയിൽകൊണ്ടും വഴി നടക്കുകൊണ്ടും അധികം സംസാരിക്കുകൊണ്ടും സ്ത്രീസേവകൊണ്ടും ക്ഷീണിച്ചിട്ടുള്ളവക്കു പാൽ അനുപാനം ചെയ്യുന്നതു് അമൃതിനു തുല്യമായിരിക്കും. 480

മെലിഞ്ഞവക്കു കള്ളും തടിച്ചവക്കു തേനും വെള്ളവും കലർന്നതും

നിരാമയാണാം ചിരന്തു ഭക്തമദ്യേ പ്രകീർത്തിതമ്. 482

സ്നിഗ്ധോഷ്ണം മാരുതേ പഥ്യം കഫേ രൂക്ഷോഷ്ണമിഷ്യതേ
അന്നപാനം ഹിതഞ്ചാപി പിത്തേ മധുരശീതളമ്. 483

ഹിതം ശോണിതപിത്തിഭ്യഃ ക്ഷീരമിക്ഷുരസസ്സുധാ. 484

അക്കശേലുശിരിഷ്ടാണാമാസവാസ്തു വിഷാർത്തിഷു. 485

അതഃ പരന്തു വർഗ്ഗാണാമന്നപാനം പൃഥക് പൃഥക്
പ്രവക്ഷ്യാമ്യനുപൂർവ്വേണ സർവ്വേഷാമേവ മേ ശൃണു. 486

(ഗ). തത്ര പൂർവ്വസസ്യജാതീനാം ബദരാമ്ലം വൈദളാനാം ധാ

ന്നപാനം ചെയ്യുന്നതു നന്നു്. രോഗമൊന്നുമില്ലാത്ത സ്വസ്ഥശരീരക്കാർക്കു ഭക്ഷണം പകുതി കഴിഞ്ഞ സമയത്തു പലവിധത്തിലുള്ള (ഹിതങ്ങളായ) അന്നപാനങ്ങളുപയോഗിക്കാവുന്നതാണു്. 481-482

വാതത്തിങ്കൽ സ്നിഗ്ധമായും ഉഷ്ണമായും ഇരിക്കുന്നതും കഫത്തിങ്കൽ രൂക്ഷവും ഉഷ്ണവുമായിരിക്കുന്നതും പിത്തത്തിങ്കൽ മധുരവും ശീതവുമായിരിക്കുന്നതും ആയ അന്നപാനം നല്ലതാകുന്നു. 483

രക്തപിത്തമുള്ളവർക്കു പാലോ കരിമ്പിൻനീരോ അന്നപാനം ചെയ്യുന്നതു നന്നു്. 484

എരുക്കു്, നറുവരി (ശേലു), നെന്മനിവാക എന്നിവകൊണ്ടുണ്ടാക്കിയ ആസവങ്ങളും വിഷത്തിന്റെ ഉപദ്രവമുള്ളവർക്കു് അന്നപാനത്തിനു നല്ലതാണു്. 485

ഇനിമേൽ മുമ്പേപറഞ്ഞിട്ടുള്ള ദ്രവ്യങ്ങളുടെ ഓരോ വർഗ്ഗങ്ങൾക്കും ഇന്നിന്ന സാധനങ്ങൾ അന്നപാനത്തിനെടുക്കാമെന്നുള്ളതിനെപ്പറ്റി ക്രമത്തിൽ വിസ്തരിച്ചു വെവ്വേറെ പറവാൻ പോകുന്നു, കേട്ടുകൊണ്ടാലും"?. 486

മുമ്പു *ശാലിവർഗ്ഗത്തിൽ പറഞ്ഞിട്ടുള്ള ധാന്യജാതികളിലേതെങ്കിലും ഭക്ഷിച്ചാൽ അതിനു ലഘുത്വപുഴംകൊണ്ടുണ്ടാകുന്ന കാടി അന്ന

---

* ശാലിവർഗ്ഗമെന്നിവിടെ പറഞ്ഞതു ശുക്ലധാന്യം, കൃഷ്ണധാന്യം, ശമീധാന്യം എന്ന മൂന്നു ജാതി ധാന്യങ്ങളേയും സംബന്ധിക്കുന്ന എന്നു ദല്ലനമിശ്രനും, കൃഷ്ണധാന്യം ഒഴിച്ചു ബാക്കിയുള്ള ധാന്യങ്ങളെ സംബന്ധിക്കുന്നതാണെന്നു മൂലത്തിലെ "പൂർവ്വസസ്യജാതീനാം" എന്നതിലുള്ള പൂർവ്വപദംകൊണ്ടു് ഊഹിക്കേണ്ടതാണെന്നു ഓഷ്യകാരനും പറയുന്നു.

ന്യാമ്മ്. ജംഘ്ലാലാനാം ധന്വജാനാഞ്ച പിപ്പല്യാസവഃ. വിഷ്കിരാ
ണാം കോലബദരാസവഃ. പ്രതുദാനാം ക്ഷീരവൃക്ഷാസവഃ. ഗ്രഹാശ
യാനാം ഖജ്ജൂരനാരികേളാസവഃ. പ്രസഹാനാമശ്വഗന്ധാസവഃ. പ
ണ്ണമൃഗാണാം കുഷ്ണഗന്ധാസവഃ. വിലേശയാനാം ഫലസാരാസവഃ.
ഖിലകശഫാനാം ത്രിഫലാസവഃ. അനേകശഫാനാം ഖദിരാസവഃ. കു
ലചരാണാം ശൃംഗാടകകശേരുകാസവഃ. കോശവാസിനാം പാദിനാ
ഞ്ച സഖിവ. പ്ലവാനാമിക്ഷുരസാസവഃ. നാടയാനാം മൃണാളാസ
വഃ. സാമുദ്രാണാം മാതുളുംഗാസവഃ. ശുക്ലാനാം ഫലാനാം പദ്മോല്പല

പാനം ചെയ്യാം. പരുപ്പുവർഗ്ഗങ്ങൾക്കു ധാന്യങ്ങൾകൊണ്ടുണ്ടാക്കുന്ന
സാധാരണ കാടി അനുപാനമാകുന്നു. ജംഘ്ലാലങ്ങളെന്നും ധന്വജങ്ങ
ൾ(ജാംഗലദേശത്തിലുള്ള മൃഗങ്ങൾ)ളെന്നും പേരുള്ള രണ്ടുകൂട്ടം മാംസവ
ർഗ്ഗങ്ങൾക്കും തിപ്പലികൊണ്ടുണ്ടാക്കുന്ന ആസവം അനുപാനം ചെയ്യാം.
വിഷ്കിരവർഗ്ഗത്തിൽപെട്ട പ്രാണികളുടെ മാംസങ്ങൾക്കു, കോലമെന്നും
ഖദിരമെന്നുമുള്ള രണ്ടുകൂട്ടംചന്ദനപ്പഴങ്ങൾകൊണ്ടുമുണ്ടാക്കുന്ന ആസവം
അനുപാനം ചെയ്യാം. പ്രതുദവർഗ്ഗത്തിൽചേർന്ന ജന്തുക്കളുടെ മാംസ
ത്തിനു നാൽപാമരംകൊണ്ടുണ്ടാക്കുന്ന ആസവവും ഗ്രഹാശയവർഗ്ഗ
ത്തിൽപെട്ടവയുടെ മാംസത്തിനു് ഈന്തപ്പഴംകൊണ്ടോ നാളികേരം
കൊണ്ടോ ഉണ്ടാക്കിയ ആസവവും പ്രസഹവർഗ്ഗങ്ങൾക്കു് അമുക്കുരം
കൊണ്ടുള്ള ആസവവും പണ്ണമൃഗങ്ങളുടെ മാംസത്തിനു പുനർന്നവം
കൊണ്ടുണ്ടാക്കിയ ആസവവും വിലേശയങ്ങളുടെ മാംസത്തിനു താളി
മാതളമ്പഴം മുതലായതും സാലസാരം മുതലായതും ഇട്ടു വെച്ചുണ്ടാക്കു
ന്ന ആസവവും ഒറ്റക്കുളമ്പുള്ള ജന്തുക്കളുടെ മാംസത്തിനു ത്രിഫല
കൊണ്ടുണ്ടാക്കുന്ന ആസവവും പിരട്ടകളുമുള്ള ജന്തുക്കളുടെ മാംസ
ത്തിനു കരിങ്ങാലിക്കാതൽകൊണ്ടുണ്ടാക്കുന്ന ആസവവും കരയിൽ
സഞ്ചരിക്കുന്ന (കുലചരങ്ങൾ) ജന്തുക്കളുടെ മാംസത്തിനു വൻകൊട്ട
കൊണ്ടോ നീർമുത്തങ്ങകൊണ്ടോ ഉണ്ടാക്കിയ ആസവവും കോശസ്ഥ
ങ്ങൾക്കും പാദികൾക്കും മേൽപറഞ്ഞ വൻകൊട്ട മുതലായതിന്റെ ആ
സവവും പ്ലവവർഗ്ഗത്തിലെ ജന്തുക്കളുടെ മാംസത്തിനു കരിമ്പിൻനീർ
കൊണ്ടുണ്ടാക്കുന്ന ആസവവും നാടേയങ്ങളായ ജന്തുക്കളുടെ മാംസത്തി

കന്ദാസവഃ. കഷായാണാം ദാഡിമവേത്രാസവഃ. മധുരാണാം ത്രികട്ട കയുക്തഃ കന്ദാസവഃ. താലഫലാദീനാം ധാന്യാമ്ലമ്. കട്ടകാനാം ദ്രുവ്വാ നലവേത്രാസവഃ. പിപ്പല്യാദീനാം ശടംഷ്ഠാവസുകാസവഃ. ക്ഷുദ്രാ ണ്ഡാദീനാം ദാവ്വികരീരാസവഃ. മൂഷ്കപ്രഭൃതീനാം ലോധ്രാസവഃ. ജീ വന്ത്യാദീനാം ത്രിഫലാസവഃ. കുസുംഭശാകസ്യ സ ഏവ. മണ്ഡൂകപ ണ്ണ്യാദീനാം മഹാപഞ്ചമൂലാസവഃ. താലമ്സുകാദീനാമമ്ലഫലാസവഃ. ഔദ്ദാലകാദീനാം സുരാസവ,ആരനാളഞ്ച. തോയം വാ സവ്വത്രേതി.

ന്ന താമരവള്ളയംകൊണ്ടുണ്ടാക്കുന്ന ആസവവും സമുദ്രത്തിൽ സഞ്ചരി ക്കുന്ന ജന്തുക്കളുടെ മാംസത്തിന്ന മാതളനാരങ്ങകൊണ്ടുണ്ടാക്കുന്ന ആ സവവും അന്നപാനത്തിന്ന വിശേഷമാകുന്നു.

പുളിപ്പുള്ള കായകഫം ഭക്ഷിച്ചാൽ അതിന്നന്നപാനം താമരക്കിഴ ങ്ങുകൊണ്ടോ കരിങ്കുവള്ളക്കിഴങ്ങുകൊണ്ടോ ഉണ്ടാക്കുന്ന ആസവവും ചവപ്പുരസമുള്ള കായകഫം ഒരു താളിമാതളങ്ങകൊണ്ടോ ചൂരൽതലകൊ ണ്ടോ ഉണ്ടാക്കുന്ന ആസവവും മധുരരസങ്ങളായ ഫലങ്ങൾക്കു കീഴങ്ങു കഫംകൊണ്ടുണ്ടാക്കുന്നതും ചുക്കും മുളകും തിപ്പലിയും ചേത്തീട്ടുള്ളതുമാ യ ആസവവും കരിമ്പനത്തേങ്ങ മുതലായതിന്ന കാടിയും എരുരസമു ള്ള ഫലങ്ങൾക്കു കറുകനാക്ക്, വേഴൽഞ്ഞുമ്പ്, ചൂരൽതല എന്നിവ കൊണ്ടുണ്ടാക്കുന്ന ആസവവും തിപ്പലി മുതലായതുകഫം ഭക്ഷിച്ചാൽ ഞെരിഞ്ഞിൽ,കൊക്കരമന്താരം എന്നിവകൊണ്ടുണ്ടാക്കിയ ആസവവും കുമ്പളങ്ങ മുതലായതുകഫക്കു മരമഞ്ഞൾകൊണ്ടും കരീരംകൊണ്ടും ഉ ണ്ടാക്കുന്ന ആസവവും നീർച്ചീര മുതലായതുകഫക്കു പാടച്ചോറികൊ ണ്ടുണ്ടാക്കുന്ന ആസവവും അടപതിയൻ മുതലായവയ്ക്കു ത്രിഫലാസവ വും കുയമ്പിലക്കൊടിക്കു (കുസുംഭശാകം) ത്രിഫലാസവവും മുത്തിൾ മുത ലായവയ്ക്കു വലിയ പഞ്ചമൂലംകൊണ്ടുണ്ടാക്കുന്ന ആസവവും താലമസൂ കം (കരിമ്പനയുടെ കുരലിൽനിന്നെടുക്കുന്ന ചൂമ്പ്) മുതലായതുകഫക്കു പുളിപ്പുള്ള കായകളേകൊണ്ടുണ്ടാക്കുന്ന ആസവവും ഇന്തുപ്പുമുതലായ തിന്ന പുളിപ്പിച്ച കഞ്ഞി(ആരനാളം)യും കള്ളുകൊണ്ടുണ്ടാക്കുന്ന ആ സവവും അന്നപാനം ചെയ്യുന്നതു നല്ലതാകുന്നു. ഏതു സാധനത്തി ന്നും ശുദ്ധജലം അന്നപാനം ചെയ്യാൻ വിരോധമില്ലാത്തതാണു്. 487

ഭവന്തി ചാത്ര—(ച)

സർവ്വേഷാമന്നപാനാനാം മാഹേന്ദ്രം തോയമുത്തമമ്
സാത്മ്യം യസ്യ യ യൽ തോയം തൽ തസ്മൈ ഹിതമുച്യതേ. ()
ഉഷ്ണം വാതേ കഫേ തോയം പിത്തേ രക്തേ ച ശീതളമ്. 489
ദോഷവദ്ഗ്രഹേ വാ ഭുക്തമതിമാത്രമഥാപി വാ.
യത്രോക്തേനാന്നപാനേന സുഖമന്നം പ്രജീര്യ്യതി. 490
രോചനം ബൃംഹണം വൃഷ്യം ദോഷസംഘാതഭേദനമ്
തർപ്പണം മാർദ്ദവകരം ശ്രമക്ലമഹരം സുഖമ്
ദീപനം ദോഷശമനം പിപാസാച്ഛേദനം പരമ്
ബല്യം വർണ്ണകരം സമ്യഗന്നപാനം സദോച്യതേ. 491
തദാദൌ കൾയേൽ പീതം സ്ഥാപയേന്മധ്യസേവിതമ്

"എല്ലാ അന്നപാനങ്ങളിലും വെച്ചു ശുദ്ധമായ മഴവെള്ളം ഉത്തമമാകുന്നു. എന്നാൽ ഏതൊരുവൻ ഏതു മാതിരി വെള്ളമാണു് സാധാരണ പതിവായി അന്നപാനം ചെയ്യുന്നതു്, അവന്നു് ആ വെള്ളം ഹിതമായിത്തന്നെ ഇരിക്കുന്നതാണു്. വാതംകൊണ്ടും കഫംകൊണ്ടും ഉണ്ടാകുന്ന രോഗങ്ങളിൽ ചൂടുവെള്ളവും പിത്തംകൊണ്ടും രക്തംകൊണ്ടുമുണ്ടാകുന്ന രോഗങ്ങളിൽ തണുത്തവെള്ളവും അന്നപാനം ചെയ്യേണ്ടതാണു്. 488—489

ഭക്ഷണസാധനങ്ങളിൽ വല്ല കേടുമുണ്ടായിരുന്നാൽ അതും, പേരിക്കായ്മവന്നുപായാൽ ആ ദോഷവും, കുറെ കണക്കിലധികം കഴിച്ചുപോയാൽ അതുകൊണ്ടുള്ള വൈഷമ്യവും, മേൽപറഞ്ഞ ക്രമത്തിന്നനുസരിച്ചുള്ള അന്നപാനം കഴിച്ചിരുന്നാൽ തീർന്നുപോകയും സുഖമായിരിക്കയും ചെയ്യും. 490

അന്നപാനം വേണ്ടതുപോലെ ചെയ്യുകൊണ്ടാൽ രുചിയുണ്ടാകും; ദേഹംതടിക്കും; ശുക്ലം വർദ്ധിക്കും; ദോഷങ്ങൾ ഒന്നിച്ചുകൂടിയതു വേർപെട്ടുപോകും; അവയവങ്ങൾക്കു മൃദുത്വമുണ്ടാകും; ക്ഷീണവും തളർച്ചയും ശമിക്കും; തൃപ്തിയുണ്ടാകും; ദേഹസുഖമുണ്ടാകും; ദീപനമുണ്ടാകും; ദോഷങ്ങൾ ശമിക്കും; വെള്ളംദാഹം തീരും; ബലമുണ്ടാകും; നിറം നന്നായിത്തീരുകയും ചെയ്യും. 491

ഭക്ഷണത്തിന്നാദിയിൽ വെള്ളം കുടിച്ചാൽ ദേഹം മെലിയും. ഇ

പശ്ചാൽ പീതം ബൃംഹയതി തസ്മാദ്വീക്ഷ്യ പ്രയോജയേൽ.492
സ്രവിരതാം ഗ്രഥിതാനിനമന്നമദ്രവപായിനാം
അവ്യാബാധജനനമനുപാനമതഃ പിബേൽ. 493
ന പിബേച്ഛ്വാസകാസാർത്തോ രോഗേ ചാപ്യൂർദ്ധ്വജത്രുഗേ
ക്ഷതോരസ്കഃ പ്രസേകീ ച യസ്യ ചോപഹതഃ സ്വരഃ. 494
പീതപ്രാഗ്ഭക്തപ്രാഗ്ഭുക്തസ്നേഹസ്വപ്നാൻ ന ശീലയേൽ.495
പ്രവിഷ്യാമാശയം തദ്ധി തസ്യ കണ്ഠോരസി സ്ഥിതം
സ്യന്ദാഗ്നിസാദച്ഛർദ്യാദീനാമയാൻ ജനയേദ്ധ്രുവം. 496
ഗുരുലാഘവചിന്തേയം സ്വഭാവം നാതിവർത്തതേ

യില്ലായാൽ ദേഹം മെലികയും തടിക്കയുമില്ല. കട്ടക്കം കൂടിച്ചാൽ ദേഹം തടിക്കും. അതുകൊണ്ടു ഈ കൂട്ടത്തിൽ മിതവസ്ഥയാണ് ആവശ്യം നോക്കി വേണ്ടുപോലെ അനുപാനം ചെയ്യേണ്ടതാണ്.492

ജലത്രുപമായ വല്ലതും അനുപാനം ചെയ്യിട്ടില്ലാത്തപക്ഷം അകത്തു കഴിച്ചിട്ടുള്ള അന്നം ഒച്ച കട്ടിപിടിച്ചു അലിയാതെ കിടക്കും. അതു നിമിത്തം ദേഹത്തിന്ന് ഉപദ്രവമുണ്ടാകും. അതുകൊണ്ട് എന്തുസാധനം ഭക്ഷിച്ചാലും അനുപാനം ചെയ്യേണ്ടതാണ്. 493

ശ്വാസം, കാസം, കഴുത്തിന്ന് മേല്പോട്ടുള്ള രോഗങ്ങൾ, ഉരഃക്ഷതം, വായിൽ വെള്ളംവരവ് എന്നീ ഉപദ്രവങ്ങളുള്ളവരും ഒച്ചയടച്ചിട്ടുള്ളവരും അനുപാനം ചെയ്യാതിരിക്കേണ്ടതാണ്. 494

അനുപാനം ചെയ്തു ഉടനെതന്നെ വഴിനടക്കുകയോ അധികം സംസാരിക്കുകയോ പാടുകയോ കിടന്നുറങ്ങുകയോ ചെയ്യരുത്. അങ്ങിനെ ചെയ്താൽ കുടിച്ചിട്ടുള്ള ആ വെള്ളം ആമാശയത്തിൽ ശരിയായി ചേരാതെ അവിടെ വാതാദിദോഷങ്ങളെ ഉദ്ഭാവിപ്പിക്കുന്നു, കണ്ഠപ്രദേശത്തും നെഞ്ഞത്തും വ്യാപിച്ച് വായിൽ നിന്നു വെള്ളംവരവു് (അഭിഷ്യന്ദമെന്ന നേത്രരോഗമെന്നും പക്ഷം), അഗ്നിമാന്ദ്യം, ഛർദ്ദി മുതലായ പല രോഗങ്ങളേയും ഉണ്ടാക്കിത്തീർക്കും. 495—496

നാം കഴിക്കുന്ന ഭക്ഷണസാധനങ്ങളിൽ ഇന്നതു ഗുരുവാണെന്നും ഇന്നതു ലഘുവാണെന്നുമുള്ള വ്യവസ്ഥ ആ സാധനത്തിന്റെ *പ്രകൃ

* ജാംഗലമാംസം ലഘുവായതെങ്ങിനെയെന്നു ധരിച്ചാൽ അതു അതിന്റെ സ്വഭാവമെന്നേ പറവാനുള്ളൂ.

തഥാ സംസ്കാരമാത്രാം ന കാലാംശ്ചാപ്യുത്തരോത്തരമ്. 497
മന്ദകമ്മാനലാരോഗ്യാഃ സുകുമാരാഃ സുഖോചിതാഃ
ജന്തവോ യേ തു തേഷാം ഹി ചിന്തേയം പരികീത്തിതാ
ബലിനഃ ക്ഷുരഭക്ഷ്യാ യേ യേ ച ദീപ്താഗ്നയോ നരാഃ
കമ്മനിത്യാശ്ച യേ തേഷാം നാവശ്യം പരികീത്ത്യതേ. 498

ഇതി സ്വാനുപാനവർഗ്ഗഃ.

ന്തി അങ്ങിനയാണെന്നുള്ള നിശ്ചയത്തിനുമലല്ലാതെ മറൊന്നിനേയും ആശ്രയിച്ചിരിക്കുന്നതല്ല. എന്നാൽ സാധനങ്ങളെ പാകംചെയ്യുന്നപ്രകാരഭേദങ്ങളെക്കൊണ്ടു അവയുടെ പ്രകൃതിയെ ജയിച്ച് *ഗുരുവിനെ ലഘുവും ലഘുവിനെ ഗുരുവുമാക്കിത്തീർക്കാൻ സാധിക്കുന്നതാണ്. അപ്രകാരംതന്നെ കഴിക്കുന്ന അളവു പ്രമാണിച്ചും ഗുരുലഘുക്കളാക്കുക +വ്യത്യാസംവരും. എന്നതന്നെയല്ല നാം ഭക്ഷിക്കുന്ന കാലത്തിന്റെ ||അവസ്ഥ, മേൽപറഞ്ഞ പ്രകൃതി മുതലായവയിൽനിന്നുകൂവിഞ്ഞും സാധനങ്ങളുടെ ഗുരുലഘുതങ്ങളെ വ്യത്യാസപ്പെടുത്തുകയുന്നതാണ്. 497

പ്രവൃത്തി വേണ്ടേടത്തോളം എടുക്കാതിരിക്കുന്നവരും ജഠരാഗ്നിക്കു ബലം കുറഞ്ഞവരും ദേഹത്തിൽ വല്ല രോഗമുള്ളവരും മൃദുശരീരക്കാരും സുഖമായിരുന്നു പരിചയിച്ചിട്ടുള്ളവരും ആയ ജനങ്ങളെ സംബന്ധിച്ചുമാത്രമാണ് ഭക്ഷണസാധനങ്ങളിൽ ഇന്നതു ഗുരുവാണെന്നും ഇന്നതു ലഘുവാണെന്നും ഉള്ള നിരൂപണം ആവശ്യമായിരിക്കുന്നത്. ദേഹബലമുള്ളവരും കഠിനവസ്തുക്കളെ ഭക്ഷിച്ച ശീലമുള്ളവരും ജഠരാഗ്നിക്കു നല്ല ബലമുള്ളവരും എപ്പോഴും പ്രവൃത്തിയെടുത്തുകൊണ്ടിരിക്കുന്നവരും ശ്രേയ ജനങ്ങൾക്കു മേൽപ്രകാരം ഭക്ഷണസാധനങ്ങൾ വേഗം ദഹിക്കുന്നതൊ അല്ലായ്മയൊ എന്നുള്ള നിരൂപണം അത്യാവശ്യമായിട്ടുള്ളതല്ല. 498

ഇങ്ങിനെ സ്വാനുപാനവർഗ്ഗം കഴിഞ്ഞു.

---

* ഗ്രീഹി ഗുരുവാണ്; അതു വഴത്താൽ ലഘുവായി.

+ ദ്രവ്യം ഏതായിരുന്നാലും എങ്ങിനെ പാകം ചെയ്തിരുന്നാലും നാം അതിനെ അകത്തു കഴിക്കുന്ന അളവു കുറഞ്ഞാൽ ലഘുത്വവും അധികരിച്ചാൽ ഗുരുത്വവും ഉണ്ടാകുമെന്നർത്ഥം.

|| പുനെല്ലിന്നരി ഗുരുവാകുന്നു. കാലപ്പഴക്കംകൊണ്ടു അതു ലഘുവായിത്തീരുന്നു.

അഥാഹാരവിധിം വത്സ! വിസ്തരേണാഖിലം ശൃണു.. 499
ആപ്ലാനചിതമസംകീർണ്ണം ശുചി കാര്യം മഹാനസമ്. 500
തത്രാപ്തൈർഗുണസമ്പന്നമന്നം ഭക്ഷ്യം സുസംസ്കൃതമ്
ശുചൌ ദേശേ സുസം ഹൃഷ്ടം സമുപസ്ഥാപയേദ്ഭിഷക്. 501
വിഷഘ്നൈർഗ്ഗരഗന്ധൈശ്ച സ്പൃഷ്ടം പ്രോക്ഷിതം വ്യജനോദ്ധതൈശ്ച
സിദ്ധൈർമ്മന്ത്രൈരാഹൃതവിഷം സിദ്ധമന്നം നിവേദയേൽ. 502
വക്ഷ്യാമ്യതഃ പരം കൃത്സ്നമാഹാരസ്യോപകല്പനാമ്
ഹൃതം കാഷ്ണ്യായസേ ദേയം പേയാ ദേയാ തു രാജതേ.

അല്ലയോ വത്സ! ഇനിയിവിടെ ആഹാരം കഴിക്കേണ്ട ക്രമത്തെ ഞാൻ വിസ്തരിച്ചു പറവാൻ തുടങ്ങുന്നു; കേട്ടുകൊണ്ടാലും. 499

അടുക്കള എപ്പോഴും ശുചിയായും ശുഭ്രമായും വെച്ചുകൊണ്ടിരിക്കണം. അവിടെ ജനങ്ങളുടെ തിരക്കുണ്ടായിരിക്കരുതു്. വിശ്വസ്തന്മാരല്ലാതെ അതിന്നകത്തു കടത്തരുതു്. 500

അങ്ങിനെയുള്ള അടുക്കളയിൽവെച്ചു് വിശ്വസ്തന്മാരായ പാചകന്മാരെക്കൊണ്ടു പാകംചെയ്യിച്ചിട്ടുള്ളതും രസം, ഗന്ധം, വർണ്ണം മുതലായി അതാതു സാധനങ്ങൾക്കുണ്ടാകേണ്ടുന്ന ശരിയായ ഗുണങ്ങളുണ്ടാക്കിത്തീർത്തിട്ടുള്ളതും ആയ അന്നത്തെ വൈദ്യൻ ശുചിയായ ഒരുദ്ദിക്കൽ വേറെ ആരും കാണാൻ പാടില്ലാത്ത വിധത്തിൽ വെച്ചു് വിഷദ്രവ്യങ്ങളുടെ സംയോഗം നിമിത്തം അന്നത്തിന്നു കേടുണ്ടാകാതിരിക്കാനായി അതിന്നുള്ള മരുന്നുകളെ വേണ്ടപോലെ അതിൽ ചേർത്തുകയും പുണ്യാഹജലമൊ വിഷഹരമായ ഔഷധം ചേർത്ത ജലമൊ വിശറിയിൽ തളിച്ചു് അതുകൊണ്ടു മൃദുവായി വീശി ചൂടു കുറെ ആറി വിഷഹരങ്ങളായ മന്ത്രങ്ങ(അഥർവ്വണമന്ത്രങ്ങ)ളെ അതിന്മേൽ ജപിച്ചു സിദ്ധിവരുത്തുകയും ചെയ്തതിന്നുശേഷം അതിനെ (രാജാവിനായിട്ടാണ്ടു) വിളമ്പിക്കൊടുപ്പിക്കണം. 501—502

ഇനിമേൽ ആഹാരദ്രവ്യങ്ങൾ വിളമ്പിക്കൊടുക്കേണ്ടുന്ന പ്രകാരങ്ങളെ മുഴുവനും പറവാൻ തുടങ്ങുന്നു.—

നെയ്യു വിളമ്പേണ്ടതു് കാരിരിമ്പുകൊണ്ടുണ്ടാക്കിയ പാത്രത്തിലാണം. കഞ്ഞി, വെള്ളിപ്പാത്രത്തിൽ വിളമ്പണം. ഏതുവിധം പഴവും ഏതുവിധം പലഹാരങ്ങളും (ലാഡുമുതലായതു്) വിളമ്പേണ്ടതു് ഏല

ഫലാനി സവ്വ്യഞ്ജനാംശ്ച പ്രദ്യാച്ചൈവേഷ്വിഹ ച
പരിശുഷ്കപ്രദിഗ്ധാനി സൌവർച്ചലപ്രകല്പയേൽ.
പ്രദ്രവാണി രസാംശ്ചൈവ രാജയത്പൂപഹാരയേൽ
കട്ടരാണി ഖളാംശ്ചൈവ സവ്വാൻ ശൈലേഷു ദാപയേൽ.
ദദ്യാൽ താമ്രമയേ പാത്രേ സുശീതം സുശ്രുതം പയഃ
പാനീയം പാനകം മദ്യം മൻമഥേഷു പ്രദാപയേൽ.
കാചസ്ഥടികപാത്രേഷു ശീതളേഷു ശുഭേഷു ച
ദദ്യാച്ചൈവേക്ഷുചിത്രേഷു രാഗഷാഡവസട്ടകാൻ.
പൂരസ്ഥാദിമലേ പാത്രേ സുവിസ്തീർണ്ണേ മനോരമേ
സൂദഃ സൂപൌദനം ദദ്യാൽ പ്രദേഹാംശ്ച സുസംസ്കൃതാൻ.
ഫലാനി സവ്വ്യഞ്ജനാംശ്ച പരിശുഷ്കാണി യാനി ച
താനി ദക്ഷിണപാർശ്വേ ച ഭുഞ്ജാനസ്യോപകല്പയേൽ.

കളിലാണ്. പരിശുഷ്കമാംസമെന്നും പ്രദിഗ്ധമാംസമെന്നും മുമ്പെ പറഞ്ഞിട്ടുള്ള മാംസങ്ങളെ സ്വർണ്ണപ്പാത്രത്തിൽ വിളമ്പണം. വെള്ളമധികമുള്ള ആഹാരദ്രവ്യങ്ങളേയും മാംസരസങ്ങളേയും വെള്ളിപ്പാത്രത്തിൽ വിളമ്പേണ്ടതാണ്. മോരും മുമ്പെ പറഞ്ഞിട്ടുള്ള ഖളങ്ങളും വിളമ്പേണ്ടതു കൽച്ചട്ടികളിലാകുന്നു. പാലുകറക്കി ആറിയതിനെ ചെമ്പുപാത്രത്തിൽ വിളമ്പിക്കൊടുക്കണം. കുടിക്കാനുള്ള വെള്ളവും പാനകവും മദ്യവും കൊടുക്കേണ്ടതു മൺപാത്രത്തിലാക്കീട്ടാകുന്നു. രാഗഷാഡവമെന്നും സട്ടകമെന്നും മുമ്പെ പറഞ്ഞിട്ടുള്ള ആഹാരദ്രവ്യങ്ങളെ ഗ്ലാസ്സു(കാച)കൊണ്ടുണ്ടാക്കിയതോ സ്ഫടികംകൊണ്ടുണ്ടാക്കിയതോ ആയ ശുദ്ധമായ തണുത്ത പാത്രത്തിലും വിളമ്പണം. ആ പാത്രത്തിൽ വൈഡൂര്യരത്നംപതിച്ചു ഭംഗിയുണ്ടാക്കീട്ടുണ്ടായിരിക്കയും വേണം.

വെപ്പുകാരൻ വിശാലമായും ഭംഗിയായുംഇരിക്കുന്ന പാത്രത്തെനല്ലവണ്ണംകഴുകി വെടുപ്പുവരുത്തി അതിൽ പരുപ്പുകൊണ്ടുണ്ടാക്കിയ കൂട്ടാനും മോരും വെടിപ്പായുണ്ടാക്കിയ തൊട്ടുനക്കാനുള്ള സമ്മന്തികളും (പ്രദേഹാൻ)വിളമ്പിയതിന്നുശേഷം ആ പാത്രത്തെ(രാജാവിന്റെ)മുൻഭാഗത്തു കൊണ്ടുപോയി വെച്ചുകൊടുക്കണം. പഴങ്ങളേയും ഏതുവിധംപലഹാരങ്ങളേയും വെള്ളമില്ലാതെ ലേഹ്യമുള്ളതായിരിക്കുന്ന വ്യഞ്ജനവു

പ്രദ്രവാണി രസാംശ്ചൈവ പാനീയം പാനകം പയഃ
ഖളാൻ യൂഷാംശ്ച പേയാംശ്ച സവ്യഞ്ജനാൻ പ്രദാപയേൽ.
സർവ്വാൻ ഗുഡവികാരാംശ്ച രാഗഷാഡവസക്തികാൻ
പുരസ്താൽ സ്ഥാപയേൽ പ്രാജ്ഞോ ദ്വയോരപി ച മധ്യതഃ. ()
ഏവം വിജ്ഞായ മതിമാൻ ഭോജനസ്യോപകല്പനാം
ഭോക്താരം വിജനേ രമ്യേ നിസ്സംബാധേ ശുഭേ ശുചൌ.
സുഗന്ധിപുഷ്പുരഭിതേ സമേ ദേശേ ച ഭോജയേൽ. 504
വിശിഷ്ടമിഷ്ടസംസ്കാരൈഃ പഞ്ചഭ്യോരിഷ്ടേ രസാദിഭിഃ
മനോജ്ഞം ശുചി നാത്യുഷ്ണം പ്രത്യഗ്രമശനം ഹിതം. 505
പൂർവ്വം മധുരമശ്നീയാന്മധ്യേ ലവണൌ രസൌ
പശ്ചാച്ചോഷ്ണാൻ രസാൻ വൈദ്യോ ഭോജനേഷ്വവചാരയേൽ

ങ്ങളേയും ഭക്ഷണത്തിന്നിരിക്കുന്ന രാജാവിന്റെ വലത്തുഭാഗത്തു വെച്ചു കൊടുക്കണം. വെള്ളമധികമായിട്ടുള്ള ഭക്ഷണസാധനങ്ങളേയും മാംസരസങ്ങളേയും കൂടിക്കാനുള്ള വെള്ളത്തേയും പാനകത്തേയും പാലിനേയും ഖളങ്ങളേയും മറ്റുള്ള യൂഷങ്ങളേയും കൂടിക്കാനുപയോഗമുള്ള മറ്റു പാത്രങ്ങളേയും. ഇടത്തുഭാഗത്തു വിളമ്പിവെച്ചു കൊടുക്കേണ്ടതാണ്. ഈ രണ്ടു കൂട്ടത്തിന്റെയും നടുക്കു മുൻഭാഗത്തായിട്ടു രാഗഷാഡവം, സക്തികം, വെല്ലംകൊണ്ടുണ്ടാക്കിയ ആഹാരദ്രവ്യങ്ങൾ എന്നിവയെ വെച്ചുകൊടുക്കണം. 503

ഇങ്ങിനെ ആഹാരദ്രവ്യങ്ങളെ ഭക്ഷണത്തിന്നൊരുക്കിക്കൊടുക്കേണ്ടുന്ന കാര്യത്തിൽ വകതിരിവുള്ള ബുദ്ധിമാനായ വൈദ്യൻ ജനബാധയില്ലാത്തതും മനോഹരവും മറ്റൊരുപ്രകാരത്തിലുള്ള ബാധയുമില്ലാത്തതും വൃത്തിയുള്ളതും തച്ഛാസ്ത്രപ്രകാരമുള്ള വാസ്തുദോഷങ്ങളൊന്നുമില്ലാത്തതും കുന്നും കുഴിയുമില്ലാതെ സമഭൂമിയായിട്ടുള്ളതും സുഗന്ധമുള്ള പൂക്കളെക്കൊണ്ടു വിതാനിച്ചിട്ടുള്ളതുമായ ഒരു മുറിയിൽവെച്ചു ദോഷത്തിന്നു നല്ലതുകളും മനസ്സിന്നു പിടിത്തമുള്ളതുകളുമായി സ്വാദും വർണ്ണവും ഗന്ധവുമുള്ളതായി ഇഷ്ടത്തിന്നനുസരിച്ചു വേണ്ടുപോലെ പാകം ചെയ്തിട്ടുള്ളതായി മനോഹരമായി ശുചിയായി അധികം ചൂടില്ലാത്തതായി വെച്ചിട്ടു അധികം സമയം കഴിഞ്ഞിട്ടില്ലാത്തതായി ഹിതമായിരിക്കുന്ന അന്നത്തെ (രാജാവിനെക്കൊണ്ടു) ഊണുകഴിപ്പിക്കണം. ()

ഭക്ഷണംകഴിക്കുന്ന കാര്യത്തിൽ അനേപക്ഷിപ്പാൻ നിശ്ചയിക്കു

ആദൌ ഫലാനിഭുഞ്ജീത ഭാഡിമാദീനി ബുദ്ധിമാൻ
തതഃ പേയാംസ്തതോ ഭോജ്യാൻ ഭക്ഷ്യാംശ്ചിത്രാംസ്തതഃ പരമ്. (1)
ഫലാനാം പൂർവ്വം സമശ്നീയാൽ കേചിദാഹുർവിപര്യയമ്. 507
ആദാവന്തേ ച മധ്യേ ച ഭോജനസ്യ തു ശസ്യതേ
നിരത്യയം ദോഷഹരം ഫലേഷ്വാമലകം സ്മൃതം 508
മൃണാളബിസശാലൂകകന്ദക്ഷുപ്രഭൃതീനി ച
പൂർവ്വം യോജ്യാനി ഭിഷജാ ന തു ഭുക്തേ കഥഞ്ചന. 509
സുഖമുച്ചൈഃ സമാസീനഃ സമഭോഹാന്നതൽപരഃ

പ്പെട്ട വൈദ്യൻ രാജാവിനെക്കൊണ്ടു ആദ്യം *മധുരരസമുള്ള ആഹാരദ്രവ്യത്തെയും ഭക്ഷണമധ്യത്തിൽ പുളിരസവും ഉപ്പുരസവുമുള്ള ദ്രവ്യത്തെയും ഭക്ഷണാവസാനത്തിൽ ബാക്കി രസങ്ങളുള്ള വസ്തുക്കളേയും കഴിപ്പിക്കേണ്ടതാണ്. ആദ്യം താളിമാതളങ്ങ മുതലായ പഴങ്ങളെയാണ് ഭക്ഷിക്കേണ്ടതു്. അതിന്നുശേഷം കുടിക്കാനുള്ള ദ്രവ്യങ്ങളെ ഉപയോഗിക്കാം. പിന്നെയാണ് ചോറും കൂട്ടാനും പലഹാരവുമൊക്കെ ഭ 506
ക്ഷിക്കേണ്ടതു്.

ഭക്ഷണത്തിനൊടുവിൽ കട്ടിയുള്ള ഭക്ഷണദ്രവ്യങ്ങളെയാണ് കഴിക്കേണ്ടതു്. ചിലരുടെ പക്ഷം ഇതിന്നു നേരെ മറിച്ചായും കാണുന്നുണ്ടു്. 507

നെല്ലിക്ക മാറ്റ കായകളിൽവെച്ചു ദോഷത്തിങ്കൽ ദോഷങ്ങളെയെല്ലാം ശമിപ്പിക്കുന്നതും ഒരു കേടുമുണ്ടാക്കിത്തീർക്കാത്തതുമാകകൊണ്ടു് ആഹാരംകഴിക്കുന്നതിന്നുമുമ്പും മധ്യത്തിലും ഒടുക്കവും അതുപയോഗിക്കുന്നതു വിശേഷമായിരിക്കുന്നതാണ്. 508

താമരവളയം, വലിയ താമരവളയം, ആമ്പൽക്കിഴങ്ങു്, കരിമ്പു് മുതലായവയെ ആഹാരം കഴിക്കാൻ തുടങ്ങുമുമ്പെ ഭക്ഷിപ്പിക്കണം. ഇവയെ ഊണിന്നുശേഷം ഒരുവിധത്തിലും ഉപയോഗിപ്പിക്കരുതു്. 509

ആയുർവ്വേദതത്വമറിയുന്നവൻ അല്പം ഉയരമുള്ള സ്ഥലത്തിരുന്നു

---

* ഒന്നാമതു മധുരരസം കഴിച്ചാൽ അതു് അമാശയത്തിലെ വായുവിനെ ശമിപ്പിക്കും. മധ്യത്തിൽ ഉപ്പും പുളിയും കഴിച്ചാൽ അതു ജാഠരാഗ്നിബലം വർദ്ധിപ്പിക്കും. ഒടുക്കം ബാക്കി എരുവും കയ്പും രസവിച്ചാൽ അതു കഫത്തെ ശമിപ്പിക്കയും ചെയ്യും.

കാലേ സാത്മ്യം ലഘു സ്നിഗ്ധം ക്ഷിപ്രമുഷ്ണം ദ്രവോത്തരമ്
ബുഭുക്ഷിതോന്നമശ്നീയാന്മാത്രാവദ്വിദിതാഗമഃ. 510
കാലേ ഭുക്തം പ്രീണയതി സാത്മ്യമന്നം ന ബാധതേ
ലഘു ശീഘ്രം വ്രജേൽ പാകം സ്നിഗ്ധോഷ്ണം ബലവഹ്നിദമ്
ക്ഷിപ്രം ഭുക്തം സമം പാകം യാത്യദോഷം ദ്രവോത്തരമ്

ദേഹത്തെ ഞളിക്കയൊ വളക്കയൊ ചെയ്യാതെ സമമായിവെച്ച് അ ന്നത്തിങ്കൽതന്നെ ശ്രദ്ധവെച്ചുകൊണ്ടു ശരിയായ സമയത്തു പാകംവരു ന്നുള്ള വെശപ്പുള്ളപ്പോൾ താൻ പതിവായി ശീലിച്ചുവരുന്നപ്രകാരത്തി ലുള്ളതും വേഗം ദഹിക്കുന്നതും സ്നിഗ്ധതയുള്ളതും ചൂടുള്ളതും പ്രധാന മായി ദ്രവദ്രവ്യത്തോടു കൂടിയതും *പരിമിതമായിട്ടുള്ളതും ആയ അന്ന ത്തെ വളരെ വേഗത്തിലും വളരെ പതുക്കയുമല്ലാതെ ഉണ്ണുകഴി ക്കണം. 510

ശരിയായ സമയത്തു ആഹാരംകഴിക്കുന്നതുകൊണ്ട് മനസ്സിന്നു പ്രീതിയുണ്ടാകും. പതിവുപ്രകാരം തനിക്കു പിടിച്ചതുള്ള അന്നം ഭക്ഷി ച്ചാൽ ദേഹത്തിൽ ഉപദ്രവമൊന്നുമുണ്ടാകയില്ല. ആഹാരം ലഘുവാ യിരിക്കുന്നതുകൊണ്ടു വേഗത്തിൽ ദഹനമുണ്ടാകും. സ്നിഗ്ധതയും ചൂടുമു ണ്ടായിരുന്നാൽ അതുകൊണ്ടു ദേഹത്തിന്നു ബലവും ജഠരാഗ്നിക്കു ശ ക്തിയുമുണ്ടാകും. അതിവേഗത്തിലും നന്നെ പതുക്കയുമല്ലാതെ ഭ ക്ഷിക്കുന്നതായാൽ ആ അന്നം ദോഷമൊന്നുംകൂടാതെ സമമായി പാകം

* പരിമിതം=കണക്കുപോലുള്ളതു്. പരിമിതാഹാരം കഴിച്ചാലുണ്ടാകുന്ന ലക്ഷ ണം.—വയറുനിറഞ്ഞു ബുദ്ധിമുട്ടതോന്നരുതു്. രണ്ടു പാർശ്വങ്ങളിലും വേദനയുണ്ടാവരു തു്. ഹൃദയത്തിന്നു് ഉണർച്ചവരണം. വയറിൽ കനമുണ്ടാകണം. കണ്ണുമുതലായ ഇന്ദ്രി യങ്ങൾക്കു തെളിവുണ്ടാകണം. വെശപ്പും ദാഹവും ശമിക്കണം. ശ്വാസം കഴിക്കുക, ചിരിക്കുക, സംസാരിക്കുക ഇതിന്നൊന്നും തരക്കേടുതോന്നരുതു്. ഇതൊക്കയാണു് പ രിമിതാഹാരലക്ഷണം. പകൽ ഇങ്ങിനെ കഴിച്ച ആഹാരം വൈകുന്നേരത്തേക്കു ദഹി ക്കയും ചെയ്യും. (അപീഡനം ഭവേൽ കുക്ഷൌ പാർശ്വയോരവിപാടനം। അന്നേന ഹൃ ദയോദ്ബോധഃ ജഠരസ്യ തു ഗൌരവം ॥ പ്രീണനംചക്ഷുരാദീനാം ശമനം ക്ഷുൽപിപാ സയോഃ। ഉച്ഛ്വാസശ്വാസഹാസ്യാദിക്രിയാസു സുഖവർത്തനം। സുഖേന പരിണാമഃ സ്യാദന്നേ ഭുക്തേ ദിവാ നിശി.) ഈ ലക്ഷണങ്ങൾക്കു വിപരീതമായാൽ ആ ആഹാരം കുണുക്കിൽ കവിഞ്ഞിരിക്കുന്നു എന്നൂഹിക്കണം.

സുഖം ജീര്യതി മാത്രാവദ്ധാതുസാമ്യം കരോതി ച 511
അതിവായതയാമാസു ക്ഷപാ യേഷ്വൃതുഷു സ്മൃതാഃ
തേഷു തൽപ്രത്യനീകാഢ്യം ഭുഞ്ജീത പ്രാതരേവ തു. 512
യേഷു ചാപി ഭവേയുശ്ച ദിവസാ ഭൃശമായതാഃ
തേഷു തൽകാലവിഹിതമപരാഹ്ണേ പ്രശസ്യതേ. 513
രജന്യോ ദിവസാശ്ചൈവ യേഷു ചാപി സമാഃ സ്മൃതാഃ
കൃത്വാ സമമഹോരാത്രം തേഷു ഭുഞ്ജീത ഭോജനമ്. 514

നാപ്രാപ്താതീതകാലം വാ ഹീനാധികമഥാപി വാ

വരുന്നതാണ്. ദ്രവദ്രവ്യം പ്രധാനമായി ചേർന്നിട്ടുള്ള ഭക്ഷണംനിമിത്തം സുഖമായി ദഹനമുണ്ടാകും. പരിമിതമായിരുന്നാൽ ആ അന്നം രസാദിധാതുക്കൾക്കും മലങ്ങൾക്കും ദോഷങ്ങൾക്കും സമാവസ്ഥയെ ഉണ്ടാക്കിത്തീർക്കും. 511

ഏതൊരു ഋതുക്കളിൽ രാത്രി അധികമായിരിക്കുന്നുവോ ആ കാലങ്ങളിൽ (ഹേമന്തശിശിരങ്ങളിൽ) കോപിക്കുന്ന ദോഷങ്ങളുടെ പരിഹാരത്തിനുപയുക്തങ്ങളായ പടോൽഗങ്ങളോടുകൂടിയ അന്നത്തെ പ്രാതഃകാലത്തുതന്നെ ഭക്ഷിക്കേണ്ടതാണ്. പകൽനേരം അധികമുള്ള ഋതുക്കളിൽ (ഗ്രീഷ്മത്തിലും പ്രാവൃട്ടിലും) ആ ഋതുക്കൾക്കു പറഞ്ഞവിധത്തിലുള്ള ആഹാരം വൈകുന്നേരത്താണ് കഴിക്കേണ്ടതു്. രാത്രിയും പകലും സമമായ §ഋതുക്കളിൽ (ശരത്തിലും വസന്തത്തിലും) രാത്രിയുടേയും പകലിന്റേയും മധ്യകാലത്തിലാണ് *ഊണുകഴിക്കേണ്ടതു്. 512-514

ഭക്ഷണംകഴിക്കേണ്ടുന്ന കാലമാകുന്നതിനുമുമ്പോ ആ കാലം കഴിഞ്ഞിട്ടോ കഴിക്കാവുള്ള അളവിൽനിന്നു കുറച്ചോ അതിൽനിന്നു അധികരിച്ചോ ഭക്ഷിക്കരുതു്. കാലമാകുമ്പോൾ ദേഹം ലഘുവായിത്തീർന്നിരി

---

§ രാത്രിയും പകലും സമമായ കാലം ഒരു വർഷത്തിൽ രണ്ടുദിവസമോ മറ്റോ ഉണ്ടു്. ഇവിടെ സാമാന്യം സമമായകാലം എന്നാണു് താൽപര്യം. അതുകൊണ്ടാണു് ശരത്തും വസന്തവും എന്നെഴുതിയതു്.

* ഈ നിയമം ഒരു ദിവസം ഒരിക്കൽമാത്രം ഉണ്ണുന്നവർക്കാണു്. രണ്ടുനേരമുണ്ണുന്നവർ രാവിലെ ഒന്നരയാമമായാൽ ലഘുവായി ആഹാരം കഴിക്കയും വൈകുന്നേരം മൂന്നാംയാമത്തിന്റേയും നാലാംയാമത്തിന്റേയും ഇടയിൽ ഉണ്ണുകയും വേണം. എന്നു പക്ഷിശികാകാരൻ പറയുന്നു. രാത്രിയും പകലും മൂന്നാംയാമത്തിന്റേയും നാലാംയാമത്തിന്റേയും ഇടക്കായി. രണ്ടുപ്രാവശ്യമാണു് നല്ലകനത്ത ആഹാരമായതുകൊണ്ടു പക്ഷം.

അപ്രാപ്തകാലേ ഭുഞ്ജാനഃ ശരീരേ ഹ്യസ്യ നാശനം. 514
താംസ്താൻ വ്യാധീനവാപ്നോതി മരണം വാ നിയച്ഛതി.
അതീതകാലേ ഭുഞ്ജാനോ വായുനോപഹതേനലേ
കുക്ഷാവപി പച്യതേ ഭുക്തം ദ്വിതീയഞ്ച ന കാംക്ഷതി.
ഹീനമാത്രമസന്തോഷം കരോതി ച ബലക്ഷയമ്
ആലസ്യഗൗരവാടോപസാദാംശ്ച കുരുതേധികമ്. 515
തസ്മാൽ സുസംസ്കൃതം യുക്ത്യാ ദോഷൈരതൈർവിവർജ്ജിതമ്
യഥോക്തഗുണസംപന്നമുപസേവേത ഭോജനമ്
വിജ്ഞ്യേ കാലദോഷാദീൻ കാലയോരുഭയോരപി. 516
അശൗചമുഷ്ടമുച്ഛിഷ്ടം പാഷാണതൃണലോഷ്ടവൽ

ക്കയില്ല. ആ സമയം ഭക്ഷണംകഴിച്ചാൽ പലവിധം രോഗങ്ങളെ അനുഭവിക്കേണ്ടിവരും. മരണംകൂടി അതുനിമിത്തം സംഭവിക്കും.

കാലംകഴിഞ്ഞിട്ട പിന്നെയാണ് ഊണുകഴിക്കുന്നതെങ്കിൽ ആ സമയത്തു് അവന്റെ ജഠരാഗ്നി വായുവിനാൽ ക്ഷോഭിപ്പിക്കപ്പെട്ടിരിക്കുക നിമിത്തം അന്നംദഹിക്കാൻ വളരെ പ്രയാസം വേണ്ടിവരും. രണ്ടാമതുണ്ണാനുള്ള സമയത്തേക്കു് ആഹാരം വേണമെന്നുള്ള തോന്നലുണ്ടാകാതെ പോകയും ചെയ്യും.

വേണ്ടുന്നേടത്തോളം അളവിൽ അകത്തേക്കു് അന്നം കഴിച്ചിട്ടില്ലാത്തപ്പക്ഷം മനസ്സിനു സന്തോഷമുണ്ടാകുന്നതിനു ബലക്ഷയവുമുണ്ടാകും. വേണ്ടതിലധികമളവിൽ കഴിച്ചുപോയാൽ അതുനിമിത്തം ദേഹത്തിനു് ആലസ്യം, ഘനം, വയറുവീർപ്പു്, വയറിനുള്ളിൽ ശബ്ദം, ദേഹത്തിനു തളർച്ച എന്നിവയുണ്ടാകും. 515

അതുകൊണ്ടു മേൽപറഞ്ഞ ദോഷങ്ങളൊന്നുംകൂടാതെ വേണ്ടപോലെ സംസ്കരിച്ചുണ്ടാക്കിയതായി മുകളിൽപറഞ്ഞിട്ടുള്ള ഗുണങ്ങളോടുകൂടിയതായിരിക്കുന്ന അന്നത്തെ കാലത്തിന്റെ സ്ഥിതികളേയും വാതാദിദോഷങ്ങളേയും വകതിരിച്ചറിഞ്ഞിട്ട പ്രാതഃകാലത്തും വൈകുന്നേരത്തും ഭക്ഷണംകഴിക്കേണ്ടതാണു്. 516

അശുചിയായിരിക്കുന്നതും വിഷാദികളെക്കൊണ്ടു ദുഷിച്ചതും ഉച്ഛിഷ്ടമായിട്ടുള്ളതും കല്ലു്, പുല്ലു്, മണ്ണു് എന്നിവയോടുകൂടിയവയും മനസ്സിനു പ്രിയമില്ലാത്തതും പഴകിയതും സ്വാദില്ലാത്തതും ദുർഗ്ഗന്ധമുള്ളതു

നാഗ്ര്യാതപൌ ന പ്ലവനം ന യാനം നാപി വാഹനമ്. 526
ന ചൈകരസസേവായാം പ്രസജ്ജേത കദാചന
ശാകാവരാന്നഭ്രയിഷുമദ്യ ച സമാചരേൽ
ഏകൈകശഃ സമസ്യാൻ വാ നാപ്യഗ്ന്യീയാദ്രസാൻ സദാ
പ്രാഗ്ഭുക്തേ തപവിവിക്തേഗ്നൌ ദ്വിരന്നം ന സമാചരേൽ.
പൂർവ്വഭുക്തേ വിദഗ്ദ്ധസ്യ ഭുജ്ജാനോ ഹന്തി പാവകമ്

ന്നാലും ഊണിന്നുശേഷം ഉടനെത്തന്നെ കലശലായി പൊട്ടിച്ചിരി ച്ചാലും ഫലം മേൽപ്രകാരം തന്നെ.

ഊണിന്നുശേഷം അധികനേരം കിടക്കുകയൊ വെറുതെ ഇരിക്കുകയൊ ചെയ്യരുത്. ഊണുകഴിക്കുമ്പോൾ അതിമാത്രമായി വെള്ളം കുടിക്കരുത് (*ദ്രുവോത്തരം). ഊണിന്നുശേഷം തിന്നിന്നരികത്തു പോകയൊ വെയിൽ കൊള്ളുകയൊ പാടുകയൊ അധികം നടക്കുകയൊ വാഹനങ്ങളിൽ കേറി യാത്രചെയ്കയൊ അരുത്. മധുരം മുതലായ രസങ്ങളിൽ ഒന്നിനെത്തന്നെ ഭക്ഷണകാലത്തു് അധികമായി ഉപയോഗിക്കരുത്. അപ്രകാരംതന്നെ അധികം ഇലക്കറി കൂട്ടി ഉണ്ണരുത്. ഊണിന്നുള്ള അരി താണതരം ജാതിയിൽ പെട്ടതാകരുത്. പുളിരസമുള്ള വസ്തുക്കളെ അധികം കൂട്ടിഉണ്ണുകയും അരുത്.

രസങ്ങളെ ഒറ്റയായി ഏഴുപ്രാവശ്യം ഉപയോഗിക്കുന്നതു നന്നല്ല. മേച്ചു നോക്കാതെ ഏതു രസങ്ങളേയും തമ്മിൽ കൂട്ടി ഏഴുപ്രാവശ്യം അങ്ങിനെ ഉപയോഗിക്കുന്നതും നന്നല്ലാത്തതാണു്.

ഒരിക്കൽ ഉണ്ടാൽ ആ അന്നം മുഴുവൻ ദഹിച്ചുവെന്നു വരുന്നതിന്നു മുമ്പെ രണ്ടാംപ്രാവശ്യം ഭക്ഷണം കഴിക്കരുതു്. ആദ്യത്തെ അ

---

* ദ്രുവോത്തരമെന്നതിനു് ഇവിടെ, അതിമാത്രമായ വെള്ളം കുടിക്കൽ എന്നാണു് താൽപര്യം. യുക്തിക്കനുസരിച്ച വിധം ദ്രവദ്രവ്യം ഭോജനത്തിനു് ഹിതമല്ലെന്നു മുമ്പെ പറഞ്ഞിട്ടുണ്ടല്ലൊ. "ദ്രുവോത്തരം അപി ന ഇച്ഛന്തി" എന്നനുപയിച്ചു് വെള്ളം കുടിച്ചാൽ അതിന്നുദോഷവും മേൽപ്പറഞ്ഞപ്രകാരം ഭക്ഷണാനന്തരം ചെയ്യേണ്ടുന്ന വിധികളെ(രാജാവിനെപ്പോലെ ഇരിക്കയും മറ്റും) അനുഷ്ഠിക്കേണ്ടതാണെന്നും തിന്നിന്നരികത്തു പോകയും മറ്റുമശുഭത്തിന്നും ഭാഷ്യത്തിൽ വിവരിച്ചിരിക്കുന്നു.

ദ്വിഷ്ടം വ്യുഷിതമസ്വാദു പൂതി ചാന്നം വിവർജ്ജയേൽ.
ചിരസിദ്ധം സ്ഥിരം ശീതമന്നമുഷ്ണീകൃതം പുനഃ
അശാന്തമുപഭുഞ്ജ്യ തഥാ സ്വാദു ന ലക്ഷ്യതേ. 517
യത്രൽ സ്വാദുതരം തത്തദ്വിദധ്യാദുത്തരോത്തരമ്. 518
പ്രക്ഷാളയേദ്ഭിരാസ്യം ഭുഞ്ജാനസ്യ മുഹുർമ്മുഹുഃ
വിഗുണ്യ രസനേ തസ്മൈ രോചതേന്നമപൂർവ്വവൽ. 519
സ്വാദുനാ തസ്യ രസനം പ്രഥമേനാപി തർപ്പിതമ്
ന തഥാ ഖാദയേദന്യൽ തസ്മാൽ പ്രക്ഷാള്യമന്തരാ. 520

മായ അന്നത്തെ ഭക്ഷണത്തിന്നുപയോഗിക്കാൻ പാടുള്ളതല്ല.

വെച്ചുണ്ടാക്കീട്ട് അധികനേരംകഴിഞ്ഞതും ആറിയതും കട്ടപിടിച്ചതും രണ്ടാമത് ഒന്നുകൂടി ചൂടുപിടിപ്പിച്ചതും വാത്ത് കഞ്ഞിമുഴുവൻ പോകാത്തതും അടിയിൽപിടിച്ചു കരിഞ്ഞുവശായതും സ്വാദില്ലാത്തതുമായ അന്നവും ഉപയോഗിപ്പാൻ പാടില്ലാത്തതാണ്. 517

വിളമ്പിക്കൊടുക്കുന്ന ആൾ വേണ്ടപോലെ സംസ്കരിച്ചു സ്വാദു പിടിപ്പിച്ചിട്ടുള്ള അന്നത്തെ ആദ്യം വിളമ്പിക്കൊടുക്കണം. അതിലധികം സ്വാദുള്ളതിനെ അതിന്നുശേഷം കൊടുക്കണം. ഇങ്ങിനെ സ്വാദധികമധികമുള്ള പദാർത്ഥങ്ങളെ ഒന്നുകഴിഞ്ഞാൽ മറ്റൊന്നായി കൊടുക്കേണ്ടതാണ്. (അതുകൂടാതെ എല്ലാറ്റിലുംവെച്ചധികം നല്ലതിനെ ആദ്യമേ കൊടുക്കരുതെന്നു സാരം). 518

ഊണുകഴിക്കുന്നസമയത്തു് ഇടയ്ക്കിടയ്ക്കു വെള്ളംകൊണ്ടു കുലുക്കുഴിയുന്നതു (വായകഴുകുന്നതു) ആവശ്യമാണ്. അങ്ങിനെ ചെയ്യുൽ അവന്റെ നാവിന്നു ശുദ്ധിവരികയും അതുനിമിത്തം ഒന്നുകഴിഞ്ഞു മറ്റൊന്നു ഭക്ഷിക്കുന്നസമയങ്ങളിൽ ആ വസ്തുക്കളിൽ പുതുതായി സ്വാദു ജനിക്കയും ചെയ്യുന്നതാണ്. ആദ്യംതന്നെ രുചിയുള്ള സാധനം കഴിക്കയാൽ നാവിന്നു തൃപ്തിവന്നിരിക്കാവുന്നതുകൊണ്ടു പിന്നെ അങ്ങോട്ടുള്ള സാധനങ്ങളിൽ രുചികുറഞ്ഞു എന്നു വരാവുന്നതാകയാലും ഇങ്ങിനെ വെള്ളംകൊണ്ടു കുലുക്കുഴിയുന്നതു ഗുണമായിട്ടുള്ളതാകുന്നു. 519

സ്വാദുള്ളതായ അന്നം മനസ്സിന്നു സുഖത്തെയും ദേഹത്തിന്നു ബലത്തെയും പുഷ്ടിയേയും ഉത്സാഹത്തെയും സന്തോഷത്തെയും സുഖത്തെയും ഉണ്ടാക്കിത്തീർക്കും. സ്വാദില്ലാത്ത അന്നമാകട്ടേ മേൽപറഞ്ഞ

സൌമനസ്യം ബലം പുഷ്ടിമുത്സാഹം ഹർഷണം സുഖം
സാദു സഞ്ജനയത്യന്നമസാദു ച വിപര്യയം. 521
ഭുക്തപാ ച യൽ പ്രാർത്ഥയതേ ഭൂയസ്തൽ സാദുഭോജനം. 522
അശിതശ്ചോദകം യുക്ത്യാ ഭുഞ്ജാനശ്ചാന്തരാ പിബേൽ. 523
ഒന്താന്തരഗതഞ്ചാന്നം ശോധനേനാഹരേച്ച തൈഃ
കൃമിഭിശ്ചാവൃതം തജ്ഞി മുഖസ്യാനിഷ്ടഗന്ധതാമ്. 524
ജീർണ്ണേന്ന വർദ്ധതേ വായുർവ്വിദഗ്ധേ പിത്തമേവ തു
ഭുക്തമാത്രേ കഫശ്ചാപി തസ്മാദ്ഭുക്തേ ഹരേൽ കഫമ്.
ധൂമനാപോഹ്യ ഹൃദ്രോഗാൻ കഷായകടുതിക്തകൈഃ
വൃശ്ചികക്കോലകർപ്പൂരലവംഗസുമനഃഫലൈഃ.

തിന്നു വിപരീതങ്ങളായ ഫലങ്ങളെ (മനസ്സിന്നു വെറുപ്പും മറവും) ഉണ്ടാക്കിത്തീർക്കുന്നതായിരിക്കും. 520-521

ഭിഷഗ്വരനാൽത്ത ഒരിക്കൽ ഭക്ഷിച്ചതിന്നുശേഷം പിന്നേയും അതിനെത്തന്നെ ഭുജിക്കാനുള്ള ആഗ്രഹം ജനിക്കുന്നുവോ ആ അന്നത്തെയാണ് സാദുള്ളതെന്നു പറയേണ്ടതു്. ഊണുകഴിഞ്ഞതിന്നുശേഷം ദേഹത്തിന്നു ഹിതമായ ഒരളവിൽ വെള്ളംകുടിക്കണം. ഊണിന്റെ മധ്യത്തിലും ഇങ്ങിനെ പാനംചെയ്യുന്നതു നല്ലതുതന്നെ. 522-523

ഊണിന്നുശേഷം പല്ലുകളുടെ ഇടിയിൽ പെട്ടുകിടക്കുന്ന ഭക്ഷണസാധനങ്ങളെ പുല്ലു മുതലായതുകൊണ്ടു പല്ലിടുക്കുത്തിപ്പുതുക്കെ പുറത്തേക്കു കളയണം. അങ്ങിനെ ചെയ്തില്ലെങ്കിൽ അതുനിമിത്തം വായ്നാറ്റമുണ്ടാകുന്നതാണു്. 524

അന്നം ദഹിച്ചാൽ വായു വർദ്ധിക്കും. പകുതികണ്ടു ദഹിച്ചാൽ ആ സമയത്താണ് പിത്തം വർദ്ധിക്കുന്നതു്. ഊണുകഴിഞ്ഞ ഉടനെ അതായതു ദഹനം തുടങ്ങുന്നസമയത്തു കഫം വർദ്ധിക്കും. അതുകൊണ്ടു് ഊണുകഴിഞ്ഞ ഉടനെ കഫത്തിന്റെ വർദ്ധനയെ തടുക്കാനുള്ള ഉപായങ്ങളെ ശീലിക്കണം.

കഫത്തെ കളയുന്നതിന്നു് ഊണുകഴിഞ്ഞ ഉടനെ പുകവലിക്കുന്നതു നന്നു്. ചവർപ്പും എരിവും കയ്പുമുള്ളതുകളായ കായകളോ അടയ്ക്ക, തക്കോലം, കർപ്പൂരം, കരാമ്പു, ജാതിക്ക എന്നിവയോടും എരിവും കയ്പും ചവർപ്പുമുള്ളവയും വായിലെ പുളികളഞ്ഞു വെടിപ്പുവരുത്തുന്നവയും സു

കടുതിക്തകഷായമെവ്വാ മുഖവൈശദ്യകാരകൈഃ
താംബൂലപത്രസഹിതൈഃ സുഗന്ധൈഃ വിചക്ഷണഃ.525
ഭുക്ത്വാ രാജവദാസീത യാവദന്നക്ലമോ ഗതഃ
തതഃ പദശതം ഗത്വാ വാമപാർശ്വേന സംവിശേൽ.
ശബ്ദസ്പർശാൻ ഗന്ധാൻ സ്വാംശ്ച മനസഃ പ്രിയാൻ
ഭുക്തവാനുപസേവേത തേനാന്നം സാധു തിഷ്ഠതി.
ശബ്ദസ്പർശസ്വാംശ്ചാപി ജുഗുപ്സിതാഃ
അശുചിന്നം തഥാ ഭുക്തമതിഹാസ്യഞ്ച വാമയേൽ.
ശയനഞ്ചാസനം വാപി നേച്ഛേച്ചാപി ദ്രവോത്തരമ്

ഗന്ധമുള്ളവയുമായ സാധനങ്ങളോടുംകൂടി വൊറിലമുകക്കുന്നതും ആ കായ്ത്തിന്നു നല്ലതാകുന്നു. 525

ഊണു കഴിഞ്ഞാൽ ഒരു ചിന്തയും കൂടാതെ തന്നെത്താൻ രാജാവിനെപ്പോലെ * വിചാരിച്ച് ഊണിന്റെ ക്ഷീണം തീർന്ന സമയം വരെ സുഖമായിരിക്കണം. പിന്നെ നൂറടി നടക്കണം. അതിന്നുശേഷം എടത്തുഭാഗം വെരിഞ്ഞു കിടക്കുകയും വേണം.

ഊണുകഴിഞ്ഞാൽ പിന്നെ മനസ്സിന്നു പ്രിയമുള്ള ശബ്ദം കേൾക്കുക, പ്രിയവസ്തുക്കളെ കാണുക, ഇഷ്ടമുള്ള ഗന്ധത്തെ വാസിക്കുക, ഇഷ്ടമുള്ള വസ്തുക്കളെ തിന്നുക, ഇഷ്ടമുള്ളവയെ തൊടുക ഇന്നിവയാണ് ചെയ്യേണ്ടതു്. ഇങ്ങിനെയായാൽ അവന്നു് അന്നം വേണ്ടുപോലെ ദഹിക്കാനിടവരും.

നേരെമറിച്ച് അപ്രിയങ്ങളായ വസ്തുക്കളുടെ ശബ്ദം കേൾക്കയോ അവയെ കാണുകയൊ തിന്നുകയൊ വാസിക്കുകയൊ തൊടുകയൊ ചെയ്താൽ വേണ്ടപോലെ ദഹിക്കയില്ല; എന്നുമാത്രമല്ല, ഉണ്ട തുമുഴുവൻ ഛർദ്ദിക്കയും ചെയ്യും. ഉണ്ണുന്ന അന്നം അശുചിയായിരു

---

* രാജാവിനെപ്പോലെ ഇരിക്കണമെന്നതിന്നു് "ദ്രോസനത്തിലിരിക്കണ"മെന്നു ഭാഷ്യകാരൻ അർത്ഥം പറയുന്നു. രണ്ടു കാലിന്മേലും മടമ്പു വ്യക്തമായിരിക്കത്തക്കവണ്ണം രണ്ടു പാർശ്വങ്ങളിലേക്കും മടക്കിവെച്ച് നാം സാധാരണ ഇരിക്കാറുണ്ടല്ലൊ. അതു് ഒരുവക ദ്രോസനംതന്നെ. തഞ്ജമയിൽ സ്വീകരിച്ച അർത്ഥത്തിൽ നിന്നു മാനസികമായ വ്യായാമ (കായ്വിചാര)മെന്നും കൂടാതെയിരിക്കണമെന്നു വരുന്നു. മനോവാഹികളായ സ്നായുക്കൾക്കു ഹൃദയാവയവങ്ങളോടു കായ്മയ സംബന്ധമുണ്ടല്ലൊ.

മാത്രാഹ്രസ്വം പരിഹരേദാഹാരം ദ്രവ്യതശ്ച യഃ.
പിഷ്ടാന്നം നൈവ ഭുഞ്ജീത മാത്രയാ വാ ബുഭുക്ഷിതഃ
ദിഗ്ധഹ്രണഞ്ച പിബേത്തോയം സുഖം സമ്യക് പ്രജിഘ്യതി. 527
പേയലേഹ്യാദ്യഭക്ഷ്യാണാം ഗുരു വിദ്യാദ്യഥോത്തരമ്. 528
ഗുരുണാമല്പസൌഹിത്യം ലഘൂനാം തൃപ്തിരിഷ്യതേ. 529
ദ്രവോത്തരോ ദ്രവശ്ചാപി ന മാത്രാ ഗുരുരിഷ്യതേ
ദ്രവാഢ്യമപി ക്ഷുണ്ണ സമ്യഗേവോപപദ്യതേ.

ന്നം ദഹിച്ചുകൊണ്ടിരിക്കുന്ന സമയത്തിൽ പിന്നെയും മേലെ ഭക്ഷിച്ചാൽ അത് ജഠരാഗ്നിയെ നശിപ്പിക്കും.

ദഹനക്കുറവുള്ള സമയത്ത് ഗുരുത്വമുള്ള വസ്തുക്കളെ ഭക്ഷിക്കരുത്. ലഘുത്വമുള്ള വസ്തുക്കളേയും അധികമായി ഉപയോഗിച്ചുകൂടാ. അരിമാവുകൊണ്ടുണ്ടാക്കിയ ഭക്ഷണസാധനം (അപ്പം മുതലായത്) ഒരിക്കലും തിന്നരുത്. എന്നാൽ വിശപ്പുള്ള സമയത്ത് കുറച്ചുമാത്രം കുഴിക്കുന്നതിന്ന വിരോധമില്ല. അങ്ങിനെ കുഴിക്കേണ്ടിവന്നാൽ അതിലിരട്ടി വെള്ളം മേലെ കുടിക്കയും വേണം. അങ്ങിനെയായാൽ സുഖമായി ദഹനമുണ്ടാകുന്നതാണ്. 526—527

പേയം (കുടിക്കാനുള്ളത്—വെള്ളംമുതലായത്), ലേഹ്യം (നക്കാനുള്ള, തേൻ മുതലായത്) ആദ്യം (ഉണ്ണാനുള്ളത്, ചോറുമുതലായത്), ഭക്ഷ്യം (കടിച്ചുതിന്നേണ്ടത്, പലഹാരം മുതലായത്) എന്നിവ നാലുകൂട്ടം ഭക്ഷണദ്രവ്യങ്ങളുള്ളതിൽ പേയത്തേക്കാൾ ലേഹ്യവും അതിനെക്കാൾ ആദ്യവും അതിനെക്കാൾ ഭക്ഷ്യവും ഗുരുത്വം കൂടിയതായിരിക്കും. 528

ഗുരുത്വമുള്ള ഭക്ഷണദ്രവ്യങ്ങളെ അകത്തേക്കു ചെലുത്തുന്ന സമയത്ത് പകുതി കണ്ടു തൃപ്തിവന്നാൽ പിന്നെ നിത്തണം. ലഘുത്വമുള്ള ഭക്ഷണങ്ങളെയാകട്ടെ സാമാന്യം തൃപ്തിയാകുന്നതുവരെ കഴിക്കുന്നതിന്ന വിരോധമില്ല. 529

ദ്രവ(പാലും മറ്റും)മധികമുള്ള ഭക്ഷണസാധനങ്ങളേയും ദ്രവദ്രവ്യത്തേയും അധികം അളവിൽ അകത്തേക്കു ചെലുത്തരുത്. ഒണങ്ങിവരണ്ട പദാർത്ഥമാണെങ്കിൽ അതിനെ അധികം ദ്രവദ്രവ്യത്തോടുകൂ

വിശുഷ്കമന്നമഭ്യസ്യം ന പാകം സാധു ഗച്ഛതി.
പിണ്ഡികൃതമസംക്ലിന്നം വിദാഹമുപഗച്ഛതി. 530
സ്രോതസ്യന്നവഹേ പിത്തം പക്വേ വാ യസ്യ തിഷ്ഠതി
വിദാഹി ഭുക്തമന്യദ്വാ തസ്യാപ്യന്നം വിദഹ്യതേ. 531
ശുഷ്കം വിരുദ്ധം വിഷ്ടംഭി വഹ്നിവ്യാപദമാവഹേൽ
ആമം വിദഗ്ധം വിഷ്ട്യുഗ്രം കഫപിത്താനിലൈസ്ത്രിഭിഃ

ടി ഉപയോഗിക്കുന്നതുകൊണ്ടു വിരോധമില്ല. അങ്ങിനെ ചെയ്യില്ലെങ്കിൽ വരണ്ടിരിക്കുന്ന ഭക്ഷണസാധനങ്ങൾ കഴിച്ചാൽ അതു വേണ്ട പോലെ പാകം വരാതെ അകത്തു കിടക്കുകയേ ഉള്ളൂ. അതു് അലിയാതെ അവിടത്തന്നെ കട്ടിയായി കിടന്നു വിദാഹത്തെ ഉണ്ടാക്കിത്തീർക്കയും ചെയ്യും. 530

അന്നത്തെ വഹിക്കുന്നതായ സ്രോതസ്സിങ്ക (ആമാശയത്തിൽ) ലൊ അന്നത്തെ പചിപ്പിക്കുന്നതായ സ്രോതസ്സിങ്ക(ഗ്രഹണീസ്ഥാനത്തിൽ)ലൊ പിത്തം കെട്ടിനിൽക്കുന്നുണ്ടെങ്കിൽ അങ്ങിനെയുള്ളവന്നു് സ്വതെ വിദാഹമുണ്ടാക്കിത്തീർക്കാൻ കഴിവുള്ള അന്നം മാത്രമല്ല, അങ്ങിനെയല്ലാത്ത അന്നം കൂടി വിദാഹത്തെ ഉണ്ടാക്കിത്തീർക്കുന്നതാണു്. 531

വരണ്ടിരിക്കുന്ന അന്നവും തമ്മിൽ ചേരാത്ത വസ്തുക്കളെ ചേർത്തിട്ടുള്ള വിരുദ്ധാന്നവും (പാലും മത്സ്യവും കലർന്നതുമുതലായതു്) വിഷ്ടംഭത്തെ ഉണ്ടാക്കിത്തീർക്കുന്നതായ അന്നവും അകത്തേക്കു ചെന്നാൽ ജാഠരാഗ്നിക്കു കേടുണ്ടാക്കിത്തീർക്കും.

ഇങ്ങിനെ ജാഠരാഗ്നിയുടെ കേടുനിമിത്തമുണ്ടാകുന്ന അജീർണ്ണം വാതാദികളെക്കൊണ്ടു മൂന്നുപ്രകാരത്തിലാണു്. അതിൽ കഫംകൊണ്ടു *ആമാജീർണ്ണവും പിത്തംകൊണ്ടു §വിദഗ്ധാജീർണ്ണവും വാതംകൊണ്ടു †വിഷ്ട്യുഗ്രാജീർണ്ണവും ഉണ്ടാകുന്നു.

* അന്നം ദഹിക്കാതെ കഫമിശ്രമായി കട്ടിയിൽ അകത്തു കിടക്കുന്നതു്. (Mucous-indigestion of Chyme).

§ ആമാശയത്തിൽ പുളിപ്പുള്ള ഒരു വെള്ളമുണ്ടായി അതോടുചേർന്നു് അന്നം ദഹിക്കാതെ അകത്തു കിടക്കുന്നതു് (Acid indigestion).

† മലാശയം വാണ്ടു പുറത്തു പോകാതെ കെട്ടിനിൽക്കുക നിമിത്തം അന്നം ദഹിക്കാതെ കിടക്കുക.

അജിർണ്ണം കേചിദിച്ഛന്തി ചതുർത്ഥം രസശേഷതഃ. 532
അത്യംബുപാനാദതിഷ്മാശനാദ വാ
സന്ധാരണാത്സപ്ലവിപര്യയാച്ച;
കാലേപി സാത്മ്യം ലഘു ചാപി ഭുക്തം
നാന്നം ന പാകം ഭജതേ നരസ്യ. 533
ഈർഷ്യാഭയക്രോധപരിക്ഷതേന
ലുബ്ധേന രുഗ്ദൈന്യനിപീഡിതേന;
പ്രദ്വേഷിയുക്തേന ച സേവ്യമാന-
മന്നം ന സമ്യക് പരിണാമമേതി. 534
മാധുര്യമന്നം ഗതമാമസംജ്ഞം
വിദഗ്ധസംജ്ഞം ഗതമമ്ലഭാവം;

ചില ആചാര്യന്മാരുടെ പക്ഷത്തിൽ *രസശേഷമെന്നു പേരായി വേറെ നാലാമതു് ഒരജീർണ്ണം കൂടിയുണ്ടെന്നു കാണുന്നു. 532

സാധാരണ ശരിയായിട്ടുള്ള സമയത്താണു് ഭക്ഷണം കഴിച്ചിട്ടുള്ളതു്; അതുതന്നെ ലഘുപദാർത്ഥവുമാണു്; ആ അന്നം താൻ പണ്ടു ശീലിച്ചു പിടിത്തം കണ്ടിട്ടുള്ളതുമാണു്; ഏതൊക്കെയായിരുന്നാലും ഭക്ഷണസമയത്തു് അധികമായി വെള്ളം കുടിക്കയോ ക്രമക്കേടായി മേലെക്കുമേലെയോ മറോ ഭക്ഷണം കഴിക്കയോ മലമൂത്രാദികളുടെ വേഗത്തെ തടുത്തുനിർത്തുകയോ രാത്രിയിൽ ഉറങ്ങാതിരിക്കുകയും പകലുറങ്ങുകയും ചെയ്കയോ ചെയ്താൽ അങ്ങിനെയുള്ളവർക്കു മേൽപ്പറഞ്ഞ നല്ല ഭക്ഷണസാധനം തന്നെ ദഹിക്കാതെ വന്നു പോകുന്നതാണു്. 533.

ഈർഷ്യ (അന്യന്റെ നന്മ കണ്ടിട്ടുള്ള സഹിച്ചുകൂടായ്മ), ഭയം, ക്രോധം, അത്യാഗ്രഹം, രോഗംകൊണ്ടുള്ള വേദന, ഉപജീവനത്തിന്നു നിവൃത്തിയില്ലാത്തതുകൊണ്ടുള്ള ദുഃഖം, മറ്റാരാളോടുള്ള ദ്വേഷം ഇവ നിങ്ങിനെ മനസ്സിന്നു ക്ഷോഭമുണ്ടാക്കിത്തീർക്കുന്ന സംഗതികൾ ഊണു കഴിക്കുന്ന സമയത്തും മറ്റും ഒരാൾക്കുണ്ടെങ്കിൽ അയാൾ ഭക്ഷിക്കുന്ന അന്നം വേണ്ടപോലെ ദഹിച്ചു എന്നു വരുന്നതല്ല. 534

ആമാശയത്തിൽ കിടക്കുന്ന അന്നം മധുരമായിത്തീർന്നിരിക്കുന്നതു്

---

* അന്നരസം രക്തമായി പരിണമിക്കാതെ കുടലിൽ തങ്ങിക്കിടക്കുന്നതു് (Indigestion of Muassimilated chyle).

കിഞ്ചിദുപക്വം ഭൃശതോദശൂലം
വിഷ്ടബ്ധ്മാഖ്യമവിദഗ്ധവാതമ്. 535
ഉദ്ഗാരശുദ്ധാവപി ഭക്തകാംക്ഷാ
ന ജായതേ ഹൃദ്ഗുതാ ച യസ്യ;
രസാവശേഷേണ തു സപ്രസേകം
ചതുർത്ഥമേതൽ പ്രവദന്ത്യജീർണ്ണമ്. 536
മൂർച്ഛാ പ്രലാപോ വമഥുഃ പ്രസേകഃ സദനം ഭ്രമഃ
ഉപദ്രവാ ഭവന്ത്യേതേ മരണം വാപ്യജീർണ്ണതഃ. 537
തത്രാമേ ലംഘനം കാര്യ്യം വിദഗ്ധേ വമനം ഹിതമ്

നെയാണ് ആമാജീർണ്ണമെന്നു പറയുന്നതു്. വിദഗ്ധാജീർണ്ണത്തിങ്കൽ അന്നം വയറ്റിൽ കിടന്നു പുളിച്ചുപോകയാണു്. ഏതാനും അംശം പാകംവരികയും ഏതാനും പാകംവരാതേയും കുടലിൽ അതിയായ കൃത്തിനോവും വേദനയും അധോവായു പുറത്തേക്കു പോകാതെ കുടലിനകത്തു തന്നെ സ്തംഭനമുണ്ടാകയും ഏന്നിങ്ങിനെയൊക്കെയുണ്ടാൽ അതാണ് വിഷ്ടബ്ധാജീർണ്ണത്തിന്നുള്ള ലക്ഷണം. 535

വയറ്റിൽ നിന്നു വായിൽക്കൂടി പുറത്തുവരുന്ന ഏമ്പക്കത്തിന്നു ഒരു കേട്ടമില്ലാതെ ശുദ്ധിയുണ്ടായിരുന്നാലും ആഹാരം വേണമെന്നുള്ള തോന്നൽ ഉണ്ടാകയില്ല; ഹൃദയത്തിൽ ഒരു കനം തോന്നുകയും വായിൽ നിന്നു വെള്ളം വരികയും ചെയ്യും; ഈ ലക്ഷണം രസശേഷമെന്നു പറഞ്ഞിട്ടുള്ള നാലാമതായ അജീർണ്ണമാണെന്നു പറയുന്നു. 536

അജീർണ്ണം മൂത്താൽ മോഹാലസ്യം, സംബന്ധമില്ലാതെ വല്ലതും പറയുക, ഛർദ്ദി, വായിൽനിന്നു വെള്ളം വരവു്, തളച്ച, പുഴൽച്ച എന്നിങ്ങിനെയുള്ള ഉപദ്രവങ്ങളുണ്ടാകും. മരണംകൂടി അജീർണ്ണംനിമിത്തമുണ്ടാകുന്നതാണ്. 537.

മേൽപ്പറഞ്ഞവയിൽ ആമാജീർണ്ണത്തിന്നു ലംഘനമാണ് (ആഹാരം കഴിക്കാതിരിക്കൽ) ചെയ്യേണ്ടതു്. വിദഗ്ധാജീർണ്ണമുണ്ടായാൽ ഛർദ്ദിപ്പിക്കണം. വിഷ്ടബ്ധത്തിന്നു വിയർപ്പിക്കൽ (Fomentation) വിശേഷമാണ്. രസശേഷത്തിന്നു *കിടന്നുറങ്ങുകയാണ് ചികിത്സാ. എന്നാൽ

* ഈ ഭാഗത്തിന്നു ചിലരും ഉറക്കം കൂടി ചികിത്സയാണെന്നു, ആഹാരം കഴിക്കാതെ ഇപ്പറഞ്ഞതുപോലെ ഉറങ്ങണമെന്നാണ് സിദ്ധാന്തം.

വിഷ്ടബ്ധേ സേപദനം പഥ്യം രസശേഷേ ശയീത ച. 538
വാമഭയദാശ്രുതം തസ്മാദുഷ്ണേന ലവണാംബുനാ
കാംക്ഷ്യജ്ഞാനശനം താവദ്യാവന്ന പ്രകൃതിം ഭജേൽ. 539
ലഘു കായമതശ്ചിനം ലംഘനൈഃ സമുപാചരേൽ
യാവന്ന പ്രകൃതിസ്ഥഃ സ്യാദ്ദോഷതഃ പ്രാണതസ്ഥാ. 540
ഹിതാഹിതോപസംയുക്തമന്നം സമശനം സ്മൃതമ്
ബഹ്വ സ്വോകമകാലേ വാ വിജ്ഞേയം വിഷമാശനമ്.
സാജീർണ്ണേ ഭുജ്യതേ യത്തു തദധ്യശനമുച്യതേ
ത്രയമേതന്നിഹന്ത്യാശു ബഹ്വൻ വ്യാധീൻ കരോതി വാ.541

വിയപ്പിക്കയും ദഹനത്തിന്നു മരുന്നു കഴിക്കയും ഇതിങ്കലും ചെയ്യേണ്ടതാണ്. 538

അജീർണ്ണമുള്ളവനെ തിളച്ചവെള്ളത്തിൽ ഇന്തുപ്പുകലക്കിക്കുടിപ്പിച്ചു വേഗത്തിൽ ഛർദ്ദിപ്പിക്കണം. ഏത്രനേരം വരെ അവന്നു സ്വസ്ഥതയുണ്ടാകുന്നില്ലയോ അത്രനേരം പിന്നെ പട്ടിണിയിടണം. പിന്നെ ദേഹത്തിന്നു ഘനക്കുറവും മാറ്റം കണ്ടുതുടങ്ങിയാൽ വേഗം ദഹിക്കുന്നതായ വല്ല നല്ല ആഹാരവും കൊടുക്കണം. വാതാദിദോഷങ്ങൾ വേണ്ടതുപോലെ ആയിത്തീരുകയും ദേഹത്തിന്നു ഘനം കുറഞ്ഞു ശക്തിവെക്കയും ചെയ്യുന്ന സമയംവരെ ലംഘനം ചെയ്യുകയല്ലാതെ വേറെന്നും *ചെയ്യരുതു്. 539—540

നല്ലതും ചീത്തയുമായ പദാർത്ഥങ്ങളെ ഇടകലന്നു ഭക്ഷിക്കുന്നതായാൽ അതിന്നു സമശനമെന്നു പേരുണ്ടു്. അധികമായൊ ചുരുക്കമായൊ വേണ്ടസമയത്തല്ലാതെയൊ ഭക്ഷിക്കുന്നതു വിഷമാശനം. ആദ്യത്തെ ഊണു ദഹിച്ചിട്ടില്ലാത്ത സമയത്തു പിന്നേയും ഭക്ഷിക്കുന്നതു് അധ്യശനം.

ഈ പറഞ്ഞിട്ടുള്ള സമശനം, വിഷമാശനം, അധ്യശനം എന്ന മൂന്നുകൂട്ടവും ദേഹത്തിന്നു അനേക വ്യാധികളെ ഉണ്ടാക്കിത്തീർക്കുന്നവയാണു്. ഇവ നിമിത്തം ഉടനെ മരിക്കുകകൂടി ചെയ്യു എന്നു വരാം. 541

* ആദ്യംമുതലായ അജീർണ്ണങ്ങൾക്കു് ഇവിടെ പറഞ്ഞ വമനം, സേപദനം, ലംഘനം മുതലായ ചികിത്സകളും അതാതവസ്ഥാഭേദങ്ങളും നോക്കി മാറ്റിയും മറിച്ചും ചെയ്യാമെന്നറിയണം.

അന്നം വിദഗ്ദ്ധം ഹി നരസ്യ ശീഘ്രം
ശീതാംബുനാ വൈ പരിപാകമേതി;
തദ്ധ്യസ്യ ശൈത്യേന നിഹന്തി പിത്ത-
മാക്ലേദീഭാവാച്ച നയത്യധസ്താൽ. 542

വിദഹ്യതേ യസ്യ തു ഭുക്തമാത്രം
ഉഹ്യേത ഹൃൽകണ്ഠഗളജ്ഞ യസ്യ;
ദ്രാക്ഷാദ്വയം മാക്ഷികസംപ്രയുക്താം
ലീഢ്വാദ്വയം വാ സസുഖം ലഭേത. 543

ഭവേദജീർണ്ണം പ്രതി യസ്യ ശങ്കാ
സ്നിഗ്ധസ്യ ജന്തോർബ്ബലിനോന്നകാലേ
പ്രാതഃ സശുണ്ഠീമഭയാമശങ്കാ
ഭുഞ്ജീത സംപ്രാശ്യ ഹിതം ഹിതാത്മാ. 544

വിദഗ്ദ്ധാജീർണ്ണമുള്ളപ്പോൾ തണുത്തവെള്ളം കുടിച്ചാൽ അതുകൊണ്ടു ആ ദഹിക്കാത്ത അന്നത്തിനു *പാകമുണ്ടാകും. തണുത്തതാകയാൽ ഈ വെള്ളം പിത്തത്തെ ശമിപ്പിക്കും. ദഹിക്കാത്ത അന്നത്തെ അലിയിച്ചു കീഴ്പ്പോട്ടു തള്ളുകയും ചെയ്യും. 542

അന്നം അകത്തു ചെല്ലുമ്പോഴുള്ള ആമാശയത്തിലും കഴത്തിലും തൊണ്ടയിലും ഹൃദയത്തിലും വിട്ടൊഴിയാതെ നിൽക്കുന്നുവോ അവൻ മുന്തിരിങ്ങയും കട്ടക്കയും തേനിൽ കുഴച്ചു സേവിക്കയോ അതല്ലെങ്കിൽ കട്ടക്ക മാത്രം തേനിൽ കുഴച്ചു (പ്രാതഃകാലത്തു) സേവിക്കയോ ചെയ്യാൽ മേൽപ്പറഞ്ഞ ഉപദ്രവം ശമിച്ചു സുഖത്തെ പ്രാപിക്കും. 543

ദേഹത്തിനു സ്നിഗ്ദ്ധതയും ബലവുമുള്ളവനായിരുന്നാലും ചിലപ്പോൾ തലേദിവസത്തെ ആഹാരം പിറ്റെ ദിവസം രാവിലെ ആഹാരം കഴിക്കാറാകുമ്പോഴേക്കു നല്ലവണ്ണം ദഹിച്ചിട്ടില്ലെന്നു തോന്നും. ആ സമയത്തിൽ അവൻ ആഹാരത്തിനു മുമ്പായി ചുക്കും കട്ടക്കയും പൊടിച്ചു സേവിക്കയും അതിനുശേഷം ഹിതമായ അന്നത്തെ കഴിക്കയും ചെയ്യുന്നതാണ്. 544

---

* അജീർണ്ണത്തിൽ ജലപാനം അഗ്നിമാന്ദ്യമുണ്ടാക്കുകയില്ലെന്നു പറഞ്ഞാൽ ജലം അന്നത്തെ കുടലിൽ കീഴ്പ്പോട്ടു തള്ളുമെന്നുള്ള അഭിപ്രായത്താലാണ് ഇവിടെ ജലപാനം വിധിച്ചിരിക്കുന്നതു്. വിദാഹത്തിൽ ഈ ജലം ശൈത്യം നിമിത്തം അകലത്തുള്ള പുഴുകളിനെ ഇളക്കും ചെയ്യും. പ്രബലമായ അജീർണ്ണത്തിൽ ഇതത്ര ഫലിച്ചില്ലെന്നും വരും.

* ഇതിൽ പറഞ്ഞിട്ടുള്ളതു് രസശേഷാജീർണ്ണത്തെ സംബന്ധിച്ചതാകുന്നു.

സ്വല്പം യദാ ദോഷവിബദ്ധമാമം
ലീനം ന തേജഃപഥമാവൃണോതി;
ഭവത്യജീർണ്ണേപി തദാ ബുഭുക്ഷാ
സാ മന്ദബുദ്ധിം വിഷവച്ചനിഹന്തി. 545

അത ഊർദ്ധ്വം പ്രവക്ഷ്യാമി ഗുണാനാം കർമ്മവിസ്തരം
കർമ്മഭിസ്തു ചനമീയന്തേ നാനാദ്രവ്യാശ്രയാ ഗുണാഃ. 546

സ്നിഗ്ദ്ധഃ സ്നിഗ്ദ്ധപ്രതീകാശഃ ശീതോ മൂർച്ഛാതൃട്സേചദാഹജിൽ
ഉഷ്ണസ്തദ്വിപരീതഃ സ്യാൽ പാചനശ്ച വിശേഷതഃ.

ദുഷിച്ചിരിക്കുന്ന വാതാദിദോഷങ്ങളെക്കൊണ്ടു നിറഞ്ഞിരിക്കുന്ന ആമദോഷം അല്പമാകയാൽ ആമാശയത്തിന്റെ ഭാഗങ്ങളിൽ പറ്റിക്കിടന്ന് ദേഹനത്തിനുള്ള തേജസ്സിന്റെ *വഴിയെ തീരെ മുഴുവനും അടയ്ക്കാതെയിരുന്നു എന്നു വരാം. ഇങ്ങിനെയുള്ള നിലയിൽ സാധാരണയായി ദേഹനമുണ്ടെന്നും ആഹാരം കഴിക്കുന്നതിനു വിരോധമില്ലെന്നും തോന്നിപ്പോകും. അപ്പോൾ കായ്മത്തിന്റെ സൂക്ഷ്മം മനസ്സിലാക്കാൻ തക്ക വിവരമില്ലാത്തവൻ പിന്നേയും ആഹാരം കഴിക്കയും അതിനാൽ വിഷത്താലെന്നപോലെ വേഗത്തിൽ അവൻ മരിക്കയും ചെയ്യും. 545

ഇനിമേൽ ഓരോ ദ്രവ്യങ്ങളിലും ഇരിക്കുന്ന ശൈത്യം മുതലായ ഗുണങ്ങൾ ദേഹത്തിൽ എന്തൊരു പ്രകാരത്തിലുള്ള വ്യാപാരത്തെയാണ് ചെയ്യുന്നത് എന്നുള്ള കായ്മത്തെപ്പറ്റി വിസ്തരിച്ചു പറവാൻ തുടങ്ങുന്നു. ദേഹത്തിൽ അതാതു ദ്രവ്യങ്ങൾ എന്തെല്ലാം വ്യാപാരങ്ങളെ ചെയ്യുന്നുവോ ആ വ്യാപാരങ്ങളെ നോക്കീട്ടാണ് അതാതു ദ്രവ്യങ്ങളിലിരിക്കുന്ന ശൈത്യം മുതലായ ഗുണങ്ങളെ നാം ഊഹിച്ചറിയുന്നത്. 546

ആ ഗുണങ്ങളിൽ ശീതമെന്നുള്ള ഗുണം ഒരു ദ്രവ്യത്തിലുണ്ടെങ്കിൽ ആ ദ്രവ്യം മനസ്സിന്നു സന്തോഷത്തേയും ദേഹത്തിൽ (രക്തസഞ്ചാരം മുതലായതിന്ന്) സ്നിഗ്ദ്ധാവസ്ഥയേയും ഉണ്ടാക്കുന്നതും മോഹാലസ്യം, വെള്ളംദാഹം, വിയർപ്പ്, ചുട്ടനീറൽ എന്നിവയെ നശിപ്പിക്കുന്നതുമായി കാണാം.

---

* പിത്തജലംമുതലായ ദേഹനവ്യാപാരോപയോഗികളായ ദ്രവ്യങ്ങൾ കുടലിന്റെ ഭിത്തിവഴിയായും മറ്റും ആന്നത്തിലേക്കു വന്നുചേരുന്ന മാർഗ്ഗത്തെ, ആ ഭിത്തിയിൽ പറ്റിക്കിടക്കുന്ന അമം, അവരണംചെയ്യുന്നു എന്നു സാരം.

സ്നേഹമാർദ്ദവകൃൽ സ്നിഗ്ധോ ബലാവർണ്ണകരസ്മൃതാ
രൂക്ഷസ്തദ്വിപരീതഃ സ്യാദ്വിശേഷാൽ സ്തംഭനോ ഖരഃ.
പിച്ഛിലോ ജീവനോ ബല്യഃ സന്ധാനഃ ശ്ലേഷ്മളോ ഗുരുഃ
വിശദോ വിപരീതോസ്മാൽ ക്ലേദോപശോഷണരോപണഃ.
താപപാകകരസ്തീക്ഷ്ണഃ സ്രാവണോ മൃദുരന്യഥാ
സാദോപലേപബലകൃദ്ഗുരുസ്സൂപ്ഷ്ണബൃംഹണഃ
ലഘുസ്തദ്വിപരീതഃ സ്യാല്ലേഖനോ രോപണസ്മൃതാ. 547

ഉഷ്ണമെന്നുള്ള ഗുണം ശീതത്തിന്നു വിപരീതലക്ഷണമുള്ളതായിരിക്കും. അതു വിശേഷിച്ചു വേവിക്കുന്ന സ്വഭാവമുള്ളതുമാണ്.

സ്നിഗ്ധം (Oleaginousness) ദേഹത്തിൽ മെഴുക്കും മൃദുത്വവും ഉണ്ടാക്കുന്നതും ദേഹബലത്തെയും വർണ്ണത്തെയും ഉണ്ടാക്കുന്നതുമാണ്.

രൂക്ഷം (Parchedness) സ്നിഗ്ധത്തിന്നു വിപരീതമായ ഒരു ഗുണമാകുന്നു. അതു വിശേഷിച്ചും സ്തംഭനമുണ്ടാക്കുകയും ദേഹത്തിൽ പരുപരുപ്പിനെ ഉണ്ടാക്കുകയും ചെയ്യും.

പിച്ഛിലം (Sliminess) ജീവനശക്തിയെ നിലനിർത്തുന്നതും (Vitalising) ബലമുണ്ടാക്കുന്നതും മുറിക്കൂട്ടുന്നതും കഫമുണ്ടാക്കുന്നതും വേഗം ദഹിക്കാത്തതുമായ ഒരു ഗുണമാകുന്നു.

വിശദമെന്നുള്ള ഗുണം പിച്ഛിലത്തിന്നു വിപരീതമായ ഗുണമാണ്. അതു് അവയവങ്ങളിലുള്ള നലവിനെ നശിപ്പിക്കയും വ്രണങ്ങളെ ഒണക്കുകയും ചെയ്യും.

തീക്ഷ്ണം (Keenness or Sharpness) ചുട്ടനീറലിനേയും വേവിനേയും ഉണ്ടാക്കും. വ്രണാദികളിൽ സ്രാവ(ഒലിക്കൽ)ത്തെ ഉണ്ടാക്കും.

മൃദു എന്ന ഗുണം തീക്ഷ്ണഗുണത്തിന്നു വിപരീതമായ ലക്ഷണത്തോടുകൂടിയിരിക്കും.

ഗുരു എന്നുള്ള ഗുണം ദേഹത്തിന്നു ക്ഷീണത്തെയുണ്ടാക്കും; മലത്തെ വർദ്ധിപ്പിക്കും (ഉപചയം); ബലമുണ്ടാക്കും; മനസ്സിന്നു തൃപ്തിയേയും ദേഹപുഷ്ടിയേയും ഉണ്ടാക്കുകയും ചെയ്യും.

ലഘു എന്ന ഗുണം ഗുരുവിന്നു വിപരീതമായ ഒന്നാകുന്നു. അതു ലേഖനം ചെയ്യുന്ന സ്വഭാവമുള്ളതാണ് (Liquefacient). വ്രണാദികളെ ഒണക്കുകയും ചെയ്യും. 547

സ ഭൂമിപാലായ വിധാതുമൌഷധം
മഹാത്മനാഞ്ചാഹ്രതി സൂരിസത്തമഃ. 553

ഇതി സുശ്രുതസംഹിതായാം സൂത്രസ്ഥാനേന്നപാനവിധിന്നാമ
ഷട്ചത്വാരിംശോധ്യായഃ.

ഇതി സുശ്രുതാചാര്യവിരചിതേ ആയുർവ്വേദശാസ്ത്രേ സുശ്രുതസംഹിതായാം
സൂത്രസ്ഥാനം സമാപ്തം.

ശുഭം.

ആഹാരവിധിയേയും മറവും വിടാതൊരുത്തൻ പ്രയത്നപ്പെട്ടും പഠിക്കുന്നവോ വിദ്വാന്മാരിൽ വെച്ചു ശ്രേഷ്ഠനായിരിക്കുന്ന അവൻ രാജാക്കന്മാർക്കും അതുപോലുള്ള മഹാന്മാർക്കും ചികിത്സചെയ്യുന്നതിന്നു സമർത്ഥനായിത്തീരുന്നതാണ്. 553

ഇങ്ങിനെ സുശ്രുതസംഹിതയിൽ സൂത്രസ്ഥാനത്തിൽ അന്നപാനവിധിയെന്ന
നാല്പത്താറാമദ്ധ്യായം കഴിഞ്ഞു.

ഇങ്ങിനെ സുശ്രുതാചാര്യൻ ഉണ്ടാക്കിയ സുശ്രുതസംഹിതയിൽ
സൂത്രസ്ഥാനം കഴിഞ്ഞു.

ശ്രീനീലകണ്ഠഗുരവേ പദാരവിന്ദനിഷ്യന്ദമന്ദലഹരിശിശിരീകൃതേന;
നാരായണേന മൃദുകേരളദേശഭാഷാഗദ്യാത്മനാ വ്യരചി സുശ്രുതസൂക്തഭാഗഃ॥

ശുഭം.

























ആഭ്യന്തരവൈദ്യശാസ്ത്രത്തിലെ ഏതാനും ചില യന്ത്രങ്ങൾ

15



16

17



18



19

20



21



22

23

24



25



26



27



28

III

ആയുർവേദശാസ്ത്രത്തിലെ ഏതാനും ചില ശസ്ത്രങ്ങൾ

1

2

3

4



5

7



6



8

I. അഭ്യുദ്ധാരം. 2. അടിമുഖം. 3. ആരാ. 4. ബഡിശം. 5. ദന്തശങ്കു. 6. ഏഷണി. 7. കരപത്രം. 8. കത്തരി.

ആയുർവേദശാസ്ത്രത്തിലെ എതാനും ചില ശസ്ത്രങ്ങൾ



9



10



11



12

13

14



15



16

17

18



19



20

9. കഠാരി, 10. കുശപത്രം. 11. മണ്ഡലാഗ്രം: 12. മുദ്രികാശസ്ത്രം. 13 നഖശസ്ത്രം. 14 ശരാരിമുഖം. 15. സൂചി. 16 ത്രികൂർച്ചകം. 17. ഉല്പലപത്രകം. 18. വൃദ്ധിപത്രം. 19. പ്രീഹ്മുഖം. 20. വേതസപത്രം.

ശുദ്ധപത്രം I.

ഭാഗം	വരി	അബദ്ധം	സുബദ്ധം
10	26	വയ്യു	വസ്തു
11	15	ബലം	+ബലം
14	22	വിപാകം എന്നിവ	വിപാകം പ്രഭാവം എന്നിവ
16	6	ത്രിഥി	തിഥി
19	10	വ്യധാസു	വ്യഥാസു
ടി	11	നാവഗ്വേഷു	നാഹഗ്വേഷു
21	8	ലോപൊ	ലേപൊ
29	31	ധിതാ	ധികെങ്കതാ
33	27	ബ്രഹ്മണം	ബ്രാഹ്മണം
34	6	വ്യഞ്ജന	വ്യജന
36	21	അകത്തു	അകത്തു
38	11	ബ്രാഹ്മ്യാ	ബ്രഹ്മാ
43	1	നിത്രേഷ.	നിത്രേഷഃ.
43	2	കാഷ്ഠാഃ	കാഷ്ഠാ
ടി	ടി	കലാഃ	കലാ
44	13	ഉത്തരായനം	ഉത്തരായണം
ടി	19	ടി	ടി
ടി	20	ടി	ടി
50	2	ധൂമകുലാ	ധൂമാകുലാ
52	1	ശ്ചന്നോൽ	ശ്ചന്നോൽ
53	9	മാകരണൊ	മാഹരണൊ
55	11	പറന്ന	പറയുന്ന
ടി	31	യെന്നൊരു	യെന്നൊരു
58	29	ന്നപയോ	ന്നുപയോ
60	4	ശ്ലല്യനാ	ശ്ലല്യാനാ
65	32	നൈരി	നൈലെത്തി
71	4	വേശേന	വേഷേണ
ടി	11	സമത്തു	സമയത്തു
73	19	ലായും	ലാക്കിയും
ടി	26	മ്പെന്നിട്ട	മെന്നിട്ടു

ഭാഗം	വരി	അബദ്ധം	സുബദ്ധം
74	31	ചികിത്സ	ചികിത്സി
75	17	തിന്നിം	തിന്നാ
77	13	വ്യംഗ	വ്യംഗം
83	12	യോജയേൽ	യോജിതേ
91	4	തുല്യവീര്യമുള്ളതെ	തുല്യവീര്യമുള്ള ഉതെ
97	33	താണും.	താണും.
ടി	34	തില്ല	ഇല്ല
98	7	ശ്ചുട്ടി	ശുട്ടി
99	1	ശംഖു	ശംഖ
100	19	താള	താളി
101	2	വൃഥ്വോ	വൃഥ്വാ
103	4	ശീതാദി	ശീതളി
105	2	ഗാത്രിവൃശ്ചം	ഗാത്രിവീശ്ചം
106	31	വനസ്സി	വയസ്സി
108	11	ധത്ര	ധാത്ര
ടി	19	രക്തപ്രായം	രക്തവും
ടി	33	അശനപു'	അത്തു് അപ്പും
109	18	ശമ്പ്രതാ	ശമ്പ്രതി
110	21	ശാന്ത്രം	പ്രഭ
ടി	ടി	പ്രഭ	ശമ്പ്രം
ടി	26	മാണും?	താണും.
113	23	ചൈട്ടത്ത	ചൈട്ടത്തു
118	5	ശ്രുതേ	സ്രുതേ
123	29	കാരങ്ങ	കാരണങ്ങ
123	28	ജലത്തിൻറ	ജലത്തിൻറെയും
127	2	മേധ്യാരൈനാ	മേദ്യാരൈനാ
135	10	ക്കിത്തു	ക്കിത്തീ
138	9	ബ്രാഹ്മണ	ബ്രഹ്മണ
139	5	ദോഷത്വ	ദോഷവും പ്ര
ടി	32	അത്തിപ്പു	അത്രയും
140	6	പ്രമാദം	പുരുഷം
141	23	ങ്ങുന	ങ്ങുന്നതു്
143	8	വദ്നാത്ഥ	വദ്നാത്മം
ടി	24	അപ്പോഴ	അപ്പോക്കോ

ഭാഗം	വരി	അബദ്ധം	സുബദ്ധം
145	5	വ്യാഖ്യ്രതാഃ	വ്യാഖ്യാതാഃ
151	6	ശ്ലീഷ്ട	ശ്ലിഷ്ട
ടി	13	ചികണം	ചിനക്കണം
156	24	മുക്ക്	മുക്ക്
160	2	മഹല്യാ	ലംഘല്യാ
164	4	നാഹശ്ച	നാഹശ്ച
170	21	കവിളിലും	...
172	5	സോച്ഛ്വാസഃ	സോച്ഛ്വാസഃ
179	8	ഭംശം	ഭ്രശം
182	6	സമ്യക്	സമ്യങ്
184	10	ക്ഷരത്രു	ച്ഛത്രു
187	8	സാമ്യാൽ	സാത്മ്യാൽ
ടി	23	മിത്രു	മിശ്രു
200	27	മനിൺ	മനിൻ
202	26	മുണ്ടക്കി	മുണ്ഡാക്കി
204	22	മല്ലനം	മുദ്ഗണം
210	19	(ക്ലുദകം)	(ക്ലേദകം)
220	1	വക്ഷ്യമഃ	വക്ഷ്യാമഃ
ടി	9	ധ്യാദിൻ	ധ്യാദീൻ
221	15	Synptonis	Symptoms
225	3	ക്ഷിന്നാസു	ച്ഛിന്നാസു
ടി	10	സ്ഥിന്യ	സ്ഥന്യ
230	3	ക്ഷേദന	ച്ഛേദന
ടി	18	പൊളിയുന്ന	പൊഴുന്ന
231	23	ളെല്ലു	ളെല്ലാമു
233	12	ശ്ലോദ്ധ	ച്ലോദ്ധ
235	23	Parphimosis	Paraphimosis
241	23	ളായുണ്ട	ളാല്വുണ്ട
250	8	സവ്വജാൻ	സവ്വജാൽ
253	16	സൌഷരം	സൌഷിരം
264	24	വൈശോഷിക	വൈശേഷിക
281	9	(വട്ടക്കണ്ണി)	(വളഞ്ഞകണ്ണി)
286	15	വയെങ്കിലും	വയല്ലെങ്കിലും
294	8	മുതയാതു്	മുതലായതു്

പേജം	വരി	അബദ്ധം	സുബദ്ധം
297	10	കാണുന്നതു	കാണുന്നതും
298	1	മൂഴുശീതൊ	മൂഴുശ്ശീതൊ
299	14	ഴൊക്കയും	ഴൊക്കയുൊ
303	4	കാദ്രീനാം	കാദ്രിനാം
304	27	ആശകാത്തിൽ	ആകാശത്തിൽ
305	4	സുപ്ര്യാ	സപ്ര്യാ
308	28	ദിവ്യസൃഷ്ടി	ദിവ്യദൃഷ്ടി
312	6	ഭ്രതാനാം	ഭ്രതാനാം
315	9	സശഃക്ഷി	സശ്ചക്ഷി
316	2	ക്ഷിദ്ധതെ	ച്ചക്ഷിദ്ധതെ
325	1	ഭക്ഷിതഃ	ഭിക്ഷിതഃ.
329	25	മൂലത്തിൽ	എന്ന മൂലത്തിൽ
331	26	യോഗം	രോഗം
337	19	നശക്തി	ശക്തി
338	6	പദാ	പാദാ
ടി	20	നാലു	കാലു
342	2	മേഢ്രു	മേഢ്രം
344	8	ബിഭ്രന്തം	വിഭ്രാന്തം
345	8	വൃശ്ര	വൃശ്ര
348	3	ശ്രോണി.	ശ്രോണിഃ.
350	3	ശുക്ലേണ	ശുക്ലേന
359	9	ബഃമ	ബലമേ
365	19	തിപ്പലി	അമരിവേർമേൽതൊലി
367	19	കാരീയം	അന്നഭേദി
469	7	ക്ഷീരീ	ക്ഷീരി
370	9	രോവണ	രോപണ
ടി	19	ച്ചെവിഹരുതു	ച്ചെവിഹരുതു്
371	25	മെന്നാണു്	മെന്നുമാണു്
381	17	കൊക്കരുന്താരം	താർതാവൽ
ടി	25	ടി	ടി
387	9	പ്രിശമ	പ്രശമ
ടി	26	(മാഞ്ചിഎന്നുംപക്ഷം),രാമച്ചം,	രാമച്ചം (മാഞ്ചിഎന്നും പക്ഷം)
395	3	രദിനാം	രാദിനാം
ടി	12	പേത്ര	വേത്ര

ഭാഗം	വരി	അശുദ്ധം	സുശുദ്ധം
395	23	പേത്ര	പേത്ര
396	11	തേചൊ	തചൊ
397	18	കൊക്കുപന്താരം	താർതാവൽ
ടി	19	കൊഴകണ്ണാ	ആത്തിഞ്ചിപ്പഴി
400	23	രണ്ടുപലവും	മൂന്നകഴഞ്ചും
ടി	24	ടി	ടി.
403	5	കരണ	കാരണ
414	25	നീരധിക	രസഗുണവുംനീരുമധിക
415	5	കരമതി	കരമിതി
413	13	ത്തളംതയിരി	ത്തളം ശബ്ദഗുണമധികമുള്ളതും അ.
417	2	യദാ	യഥാ [യിരി]
424	3	ശ്ലോഷ്ണ്ണഃ	ശ്ലക്ഷ്ണഃ
433	15	കൊഴപ്പ	മുഞ്ഞിം
ടി	ടി	കാടത്തുമ്പ്	ചൂരൽത്തുമ്പ്
435	15	മലങ്കാരക്ക	മലങ്കാരപ്പൂവ്
440	27	വെള്ളിൽ	വെള്ളത്തിൽ
442	22	പാവൽകായ	പാവലില
447	30	ഭാ...രപക്ഷാ	ദല്ലനപക്ഷം
461	21	മൂത്രത്തിൽഭാവന	മൂത്രത്തിലും കള്ളിപ്പാലിലും ഭാവന.
464	3	തമശ്ച	തമഞ്ച
466	16	മഴത്തുള്ളി	മഞ്ഞുത്തുള്ളി
470	24	ചെയ്യ്, വെള്ള	ചെയ്യ്,പിന്നെ വെള്ള
473	2	പ്രഭോഃ	പ്രഭവാഃ
ടി	5	പാരിപാത്ര	പാരിയാത്ര
ടി	19	ടി	ടി
476	11	വേവേഗം	വേഗം
480	30	വയറിക്കാ	വയറിളക്കാ
533	2	കേകാദാരക	കേദാരക
540	9	ബിലിഞ്ഞു	ബദ്ധിഞ്ഞു
547	8	മാസം	മാംസം
550	5	ലവണാ	ലവണോ
577	17	മുള്ളുതാ	മുള്ളുതുമാ
596	6	അടശ്രുഷ	അടശ്രുഷ
ടി	8	വരുണാപ്ര	വരുണപ്ര

ഭാഗം	വരി	അശുദ്ധം	സുശുദ്ധം
612	6	ഗണേഷ്ടഥ	ഗണേഷ്ടിഹ
624	24	യൂഷ്ടമെന്നു	യൂഷ്ടമെന്നൊന്നു
631	1	ഭക്ഷ്യാ	ഭക്ഷ്യാഃ
51	16	പിടിച്ചു്	പിടിപ്പിച്ചു്
632	8	ഹരോ പാട്ട്യഃ	ഹരാഃ പാട്ട്യഃ
641	1	ചാത്രാ	ചാത്ര
642	8	കാസാത്ത്വി	കാസാത്ത്വാ
644	7	കല്പനാമ്	കല്പനമ്
51	13	രല്ലാതെ	രെയല്ലാതെ
648	21	പാശ്ങ്ങ	പാശ്ചാങ്ങ
652	18	ഇടിയിൽ	ഇടയിൽ
657	30	Muassimilated	Unassimilated
660	31	അകലത്തു	അകത്തു
662	9	പായ്മ്മാർ	പായ്മ്മാരാൽ

ശ്ലോകം II.

(1) ഭാഗം 69. വരി 7. "ശാല്മലീഫലകെ" ഇതിലെ ഫലകശബ്ദത്തിന്റെ കായ എന്നാണു് തർജ്ജമ. സാധാരണ ഫലകമെന്നതിന്നു് പലകയെന്നാണു് പ്രസിദ്ധമായ അർത്ഥം. പൂളപ്പൂക്കയിൽനിന്നും പാശം കലിപ്പുകൊണ്ടിരിക്കും. അതു പലരിക്കിൽകൂടി കലിയരുന്നതിനെ നിർത്തൽ ചെയ്യുവാൻ അതിന്മേൽ മെഴുക തേച്ചു് ഒരു ഭാഗത്തു കൂടി ശസ്ത്രം കൊണ്ടു ഛേദിച്ചു് അ പാശത്തെ പുറത്തെടുത്തു് വിസ്രാവണക്രമം ശീലിക്കണം എന്നാണു് ഈ പക്ഷം. പൂളക്കായയെന്നുള്ള പക്ഷത്തിൽ, ഫലശബ്ദത്തിൽ വെച്ചിട്ടുള്ള 'ക' പ്രത്യയം ഇളയതു് എന്ന താല്പര്യത്തെ കാണിക്കുന്നു എന്നും അതിന്റെ തൊണ്ടിനൊരപ്പവലുപ്പമാണു് മെഴുകുയേച്ചുനനെന്നും അതിനകത്തുള്ള പദാർത്ഥത്തെ വിസ്രാവ്യമാം ചെയ്തു ശീലിക്കാനെന്നുമാണു് വേറൊരു അഭിപ്രായം. ആദ്യം പറഞ്ഞ പക്ഷത്തോടു് അധികം ശരിപറയേണ്ടുന്നു കാണുന്നു.

(2) ഭാ. 81. വ. 10. "കടുക്കാ" ഇതിനെപ്പറ്റി ശ്ലോകത്തിൽ 'അദ്ധ്യസുധാപാഷാണം' (വായിക്കത്തെ കല്ലായക്കല്ലു്)എന്നെഴുതിക്കാണുന്നു. നവീനന്മാർ 'ചാക്കു്' (Chuke) എന്നു വസ്തുവാണിതെന്നഭിപ്രായപ്പെടുന്നു.

(3) ഭാ. 83. വ. 7. "അഥ ചേൽ സ്ഥിരമൂലതയാൽ ക്ഷാരശ്ചാം ന ശീര്യ്യതേ" എന്ന വാക്യത്തിനു് തരാശം കൊ ഒട്ടിസ്ഥാനമുള്ളതായിരുന്നാൽ ക്ഷാരംകൊണ്ടു വെന്ത സ്ഥലത്തുള്ള മുറിവിൽ വേഗം ശമിക്കയില്ല; ആ ഘട്ടത്തിൽ' എന്നിങ്ങനെയാണു് തർജ്ജമ. ഇതിലെ ക്ഷാരദഗ്ധശബ്ദത്തിന്നു് ക്ഷാരരോഹം എന്ന അർത്ഥമികച്ചാണു് വിവക്ഷയെന്നുള്ള മലയാള പക്ഷം അനുസരിച്ചാണു് അങ്ങിനെ തർജ്ജമയെയുള്ളു. 'ക്ഷാരംവെച്ചു് പൊള്ളിച്ചുകൊണ്ടു് പഴുത്തുതഞ്ഞു പൊങ്കാതെപ്പുഷ്ടം ആ ഘട്ടത്തിൽ' എന്നിങ്ങിനെയാണു് തർജ്ജമ ചെയ്യണമെന്നു് ചില പണ്ഡിതന്മാർ ഉപദേശിക്കുന്നു. ഈ പക്ഷം യുക്തതരമാണെന്നു തോന്നുന്നു.

(4) ഭാ. 105. വ. 10. "സഞ്ചരിക്കുന്നു" എന്നതിന്നുശേഷം അച്ചടിയിൽ വിട്ടുപോയതായി താഴെ എടുത്തുന്ന വാചകം കൂടി ചേർത്തി വായിക്കേണ്ടതാണു്. 'ഇവ പത്തുണ്ണം ഗ്രമപ്പെട്ടു പത്തുണ്ണം കീഴ്പ്പെട്ടും നാലുണ്ണം വിലങ്ങത്തിലും വ്യാപിച്ചിരിക്കുന്നവയാകുന്നു'.

(5) ഭാ. 142. വ. 4. "വിദ്ധാസു സിരാസു കാലികാമമ്മരികാലോഹിതികാ സൂപദ്രവാ ഭവന്തി" ഈ വാക്യത്തിലെ കാലികാദിശബ്ദങ്ങൾ സിരാവിശേഷങ്ങളാകുന്നു എന്നു് സ്പഷ്ടമാണല്ലോ. തർജ്ജമയിൽ 'കാതിലുള്ള സിരകൾ മുറിഞ്ഞാൽ കാലികാ, മമ്മരികാ, ലോഹിതികാ എന്ന മൂന്നുവിധം ഉപദ്രവങ്ങളുണ്ടാകും' എന്നും എഴുതിട്ടുണ്ടു്. ഇതു നവീനനായ ഒരു ഇംഗ്ലീഷുതർജ്ജമകാരന്റെ പക്ഷമാകുന്നു. കാലികാദിസംജ്ഞയുള്ള സിരകളുടെ വേധത്താൽ വരുന്ന വ്യാധികൾക്കും ഈ പേർ തന്നെ കൊടുക്കുന്നതും യുക്ത

മായിരിക്കുമെന്നാണു് അദ്ദേഹത്തിന്റെ ഹൃദയം. വംശടാദികളും സിരകളുടെ വിശേഷണമായി മാത്രമുള്ള യഥാശ്രുതാർത്ഥത്തെ ചെളിപ്പെടുത്തീട്ടുണ്ടു്. ഗുണയാലും കാലികാദികളും സിരാസംജ്ഞകളല്ലാതെ വരുവാൻ പാടുള്ളതല്ലെന്നു് പ്രത്യേകം ഗ്രഹിക്കേണ്ടിയിരിക്കുന്നു.

(6) ഭാ. 189. വ. 19. ബ്രഹ്മി "ഇതു "മണ്ഡൂകപർണ്ണി"യുടെ തർജ്ജമയാണു്. സാധാരണ മണ്ഡൂകപർണ്ണീശബ്ദത്തിനു് മുതലിര എന്നാണു് പ്രസിദ്ധമായ അർത്ഥം. ഔഷധിവിശേഷകാരൻ അതിനു ബ്രഹ്മിയെന്ന അർത്ഥം എഴുതീട്ടുള്ളു. മുത്തിരിതന്നെ എടുക്കേണ്ടതാണെന്നു തീർക്കുന്നതിനുള്ള ഹേതുക്കളും പക്ഷം. അതുകൊണ്ടു് അങ്ങിനെ തിരുത്തി വായിക്കണമെന്നു കരുതുന്നു. ഇനിയും പല ദിക്കിൽ ഇങ്ങിനെ എഴുതിയിട്ടുണ്ടു്.

(7) ഭാ. 200. വ. 6. "വാ ഗന്ധിഗന്ധനയോഃ". ഗന്ധനശബ്ദത്തിനു് "വൃസിക്കുക" എന്നു തർജ്ജമചെയ്തു് 'ഗന്ധനാപാദനാർത്ഥസ്യ വാധാതോഃ' ഇത്യാദിഭട്ടിവചനവും ഇംഗ്ലീഷു ബംഗാളി തർജ്ജമകളും അനുസരിച്ചാണു്. ഗന്ധനശബ്ദത്തിനു് സൂചനമെന്നാണു് വൈയാകരണസമ്മതമായ അർത്ഥം. പ്രാണേന്ദ്രിയാനുകൂലമായ പദാർത്ഥവിശേഷത്തെ സൂചിപ്പിക്കുന്ന എന്നർത്ഥമാണു് അഭിപ്രായത്തിനധികമായിരിക്കാം ഇവരിങ്ങിനെ വ്യാഖ്യാനിച്ചതു്. എന്നാൽ ധാതുപാഠത്തിലെ ഗന്ധനശബ്ദത്തിനു് സൂചനാർത്ഥമെ ഉള്ളൂ.

(8) ഭാ. 295. വ. 5. "ഭിക്ഷു ശാന്തഃസു വക്ഷ്യാമഃ, ഭാ. 296. വ. 3. "പുരതോ ദിക്ഷു ദീപ്തഃസു" ഈ രണ്ടിടത്തിലും ഉള്ള ശാന്തശബ്ദത്തിനും ദീപ്തശബ്ദത്തിനും പൂർവ്വവ്യാഖ്യാതാക്കന്മാരെ അനുസരിച്ചെഴുതിയതായ തർജ്ജമ അത്ര പോരിയതല്ല. "അതശ്ച സ്സോപായാദ്രശ്മഃ ക്രമാദഷ്ടാസു ദിക്ഷുപചി। ചതുർഭിർയ്യുതാഃ സപ്തസപ്തനാഡീർദ്വിവാദിശം। മുക്തപ്രാപ്തൈഷ്ണ്യസൂര്യാസു ചക്രേ ദിക്ഷു തഥാധിപഃ। തംഗതിർദീപ്തം ധൂമിന്യ സ്സാധ്വ ശാന്തോസു തോവരാഃ॥" എന്ന വചനപ്രകാരം സൂര്യൻ ഉദയസമയം മുതൽ പ്രതിദിനാഴിക കാരോദിക്കിലും അതായി കരഗ്രഹാരാത്രംകൊണ്ടു് എട്ടു ദിക്കുകളിലും സഞ്ചരിക്കുന്നു; ഒരു ചുറ്റത്തിൽ എഴുദിക്കിനെ വിട്ടു് സൂര്യൻ കടന്നുപോവാത്ത ആ ദിക്കിനു് അംഗാരിണിയെന്നും സൂര്യൻ വിട്ടുകൂടാത്ത ദിക്കിനു് ദീപ്തയെന്നും ഉടനെ എഴുതാൻ പോകുന്ന ദിക്കിനു് ധൂമിനിയെന്നും പേരാകുന്നു, ഈ ശ്ലോകത്തെഴുതിച്ചു് ബാക്കിയുള്ള അതതു ദിക്കുകളേയും "ശാന്തകം" എന്ന പേര പറയുന്നു, എന്നിങ്ങിനെ അർത്ഥം സിദ്ധിക്കുന്നു. പ്രകൃതത്തിൽ "ഭിക്ഷു ശാന്തഃസു വക്ഷ്യാമഃ" എന്നേടത്തു സൂര്യൻ നിൽക്കുന്നതുംസൂര്യന്റെ ഇതരപുരത്തുള്ളതും ആയ ശാന്തദിക്കുകളെ ഒഴിച്ചു ബാക്കി ദിക്കുകളിലിരുന്നു ശബ്ദിക്കുന്ന പക്ഷികളെ എന്നും "ഭിക്ഷു ദീപ്തഃസു വക്ഷ്യാമഃ" എന്നേടത്തു സൂര്യൻ നിൽക്കുന്ന ദിക്കിലിരുന്നു ശബ്ദിക്കുന്നതും ആയ പക്ഷികളെ എന്നും താല്പര്യം ഗ്രഹിക്കേണ്ടതാകുന്നു.

23984

സുശ്രുതസംഹിതാ: സൂത്രസ്ഥാനം, വാല്യം 1

p01 വിഷയാനുക്രമണികാ

p1 അദ്ധ്യായം 1: ആയുർവ്വേദോല്പത്തി

p15 അദ്ധ്യായം 2: ശിഷ്യോപനയനീയം

p20 അദ്ധ്യായം 3: അധ്യയനസംപ്രദാനീയം

p30 അദ്ധ്യായം 4: പ്രഭാഷണീയം

p33 അദ്ധ്യായം 5: അഗ്രോപഹരണീയം

p42 അദ്ധ്യായം 6: ഋതുചര്യം

p53 അദ്ധ്യായം 7: യന്ത്രവിധി

p61 അദ്ധ്യായം 8: ശസ്ത്രാവചാരണീയം

p68 അദ്ധ്യായം 9: യോഗ്യാസൂത്രീയം

p70 അദ്ധ്യായം 10: വിശിഖാനുപ്രവേശനീയം

p75 അദ്ധ്യായം 11: ക്ഷാരപാകവിധി

p86 അദ്ധ്യായം 12: അഗ്നികർമ്മവിധി

p96 അദ്ധ്യായം 13: ജലൗകാവചാരണീയം

p104 അദ്ധ്യായം 14: ശോണിതവർണ്ണനീയം

p120 അദ്ധ്യായം 15: ദോഷധാതുമലക്ഷയവൃദ്ധിവിജ്ഞാനീയം

p141 അദ്ധ്യായം 16: കർണ്ണവ്യധബന്ധവിധി

p157 അദ്ധ്യായം 17: ആമപക്വൈഷണീയം

p164 അദ്ധ്യായം 18: വ്രണാലേപനബന്ധവിധി

p178 അദ്ധ്യായം 19: വ്രണിതോപാസനീയം

p187 അദ്ധ്യായം 20: ഹിതാഹിതീയം

p224 അദ്ധ്യായം 22: വ്രണാസ്രാവ വിജ്ഞാനീയം

p232 അദ്ധ്യായം 23: കൃത്യാകൃത്യവിധി

p241 അദ്ധ്യായം 24: വ്യാധിസമുദ്ദേശീയം

p250 അദ്ധ്യായം 25: അഷ്ടവിധശസ്ത്രകർമ്മണ്യം

p262 അദ്ധ്യായം 26: പ്രനഷ്ടശല്യ വിജ്ഞാനീയം

p271 അദ്ധ്യായം 27: ശല്യാപനയനീയം

p282 അദ്ധ്യായം 28: വിപരീതാവിപരീതവ്രണ വിജ്ഞാനീയം

p307 അദ്ധ്യായം 30: പഞ്ചേന്ദ്രിയാർത്ഥ വിപ്രതിപത്തി

p313 അദ്ധ്യായം 31: ഛായാവിപ്രതിപത്തി

p328 അദ്ധ്യായം 33: അവാരണീയം

p334 അദ്ധ്യായം 34: യുക്തസേനീയം

p341 അദ്ധ്യായം 35: ആതുരോപക്രമണീയം

p364 അദ്ധ്യായം 36: മിശ്രകം

p372 അദ്ധ്യായം 37: ഭൂമിപ്രവിഭാഗ വിജ്ഞാനീയം

p379 അദ്ധ്യായം 38: ദ്രവ്യസംഗ്രഹണീയം

p394 അദ്ധ്യായം 39: സംശോധനസംശമനീയം

p401 അദ്ധ്യായം 40: ദ്രവ്യരസഗുണവീര്യവിപാക വിജ്ഞാനീയം

p421 അദ്ധ്യായം 42: രസവിശേഷവിജ്ഞാനീയം

p463 അദ്ധ്യായം 45: ദ്രവദ്രവ്യവിധി

p530 അദ്ധ്യായം 46: അന്നപാനവിധി